# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

2021 ജൂൺ 10, വ്യാഴം

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

30/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | പ്രൊഫ. ആർ. ബിന്ദു |
| മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| വ്യവസായവും നിയമവും വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 85

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 1419-ാം നമ്പർ
ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ...350

**III അടിയന്തരപ്രമേയം**

വിദൂര വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അംഗീകാരം

– ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
(അവതരണാനുമതി നിഷേധിച്ചു) ...350

**IV ശ്രദ്ധ ക്ഷണിക്കൽ**

1. മോട്ടോർ വാഹനത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി
   – ശ്രീ. കെ. ബാബു (നെന്മാറ) ...365
2. പി.എസ്.സി.-യുടെ പ്രവർത്തനം ത്വരിതപ്പെടുത്തൽ
   – ശ്രീ. പി. സി. വിഷ്ണുനാഥ് ...369

**V അറിയിപ്പ്** ...372

**VI സബ്മിഷൻ**

1. അഗ്നിസുരക്ഷാ നിലയത്തിന് പുതിയ കെട്ടിടം
   – ഡോ. എം. കെ. മുനീർ ...372
2. കായലുകളിൽ എക്കൽ അടിയുന്നതുമൂലമുള്ള പ്രശ്നങ്ങൾ
   – ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ...373
3. പുതിയ കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കൽ
   – ശ്രീ. എം. എസ്. അരുൺ കുമാർ ...373

പേജ്

4. കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം

— ശ്രീ. ഷാഫി പറമ്പിൽ ...375

5. കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ

— ശ്രീ. ടി. വി. ഇബ്രാഹിം ...376

6. കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം

— ശ്രീ. തോമസ് കെ. തോമസ് ...378

7. മീനച്ചിലാർ കരകവിയുന്നതുമൂലമുള്ള പ്രശ്നങ്ങൾ

— ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ...379

8. കാട്ടുപന്നിയെ വെർമിൻ ആയി പ്രഖ്യാപിക്കൽ

— ശ്രീ. ലിന്റോ ജോസഫ് ...381

9. ലയൺ സഫാരി പാർക്ക്

— ശ്രീ. സി. കെ. ഹരീന്ദ്രൻ ...382

10. വികസന പ്രവർത്തനങ്ങൾ

— ശ്രീ. സണ്ണി ജോസഫ് ...383

11. മലബാർ ദേവസ്വം പരിഷ്കരണ നിയമം

— ശ്രീ. ടി. ഐ. മധുസൂദനൻ ...385

12. എം.ഇ.എസ്. കോളേജ്-പയ്യനടം-മൈലാമ്പാടം റോഡ് നിർമ്മാണം

— ശ്രീ. എൻ. ഷംസുദ്ദീൻ ...386

13. കയറുൽപ്പന്നങ്ങളുടെ സംഭരണം

— ശ്രീ. രമേശ് ചെന്നിത്തല ...388

14. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധന

— ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ...391

15. കശുവണ്ടി തൊഴിലാളികളുടെ പ്രശ്നങ്ങൾ

— ശ്രീ. പി. എസ്. സുപാൽ ...392

*പേജ്*

16. പുതിയ കെട്ടിടങ്ങളിലേക്കുള്ള മാറ്റം

– ശ്രീ. എ. കെ. എം. അഷ്റഫ് ...394

17. മത്സ്യബന്ധന യാനങ്ങൾക്കാവശ്യമായ മണ്ണെണ്ണ

– ശ്രീ. പി. പി. ചിത്തരഞ്ജൻ ...396

18. കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ റോഡ് നിർമ്മാണം

– ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്) ...397

19. തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് പുനരുദ്ധാരണം

– ശ്രീ. മാത്യു ടി. തോമസ് ...398

20. പെരിയാറിന് കുറുകെ സമാന്തരപാലം

– ശ്രീ. റോജി എം. ജോൺ ...399

21. വൈന്തോട് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പുനർനിർമ്മാണം

– ശ്രീ. വി. ആർ. സുനിൽ കുമാർ ...400

22. മുതിയം പാലം നിർമ്മാണം

– ശ്രീ. പി. അബ്ദുൽ ഹമീദ് ...401

23. കരുവഞ്ചാൽ പാലം നിർമ്മാണം

– ശ്രീ. സജീവ് ജോസഫ് ...402

24. അപ്രോച്ച് റോഡ് നിർമ്മാണം

– ശ്രീ. കുറുക്കോളി മൊയ്തീൻ ...403

25. കിടങ്ങറ ചർച്ച് പാലം പുനർനിർമ്മാണം

– ശ്രീ. ജോബ് മൈക്കിൾ ...405

പേജ്

26. കീഴില്ലം-പാണിയേലിപ്പോര് റോഡ് നിർമ്മാണം

– ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ...405

27. പുലാമന്തോൾ-മേലാറ്റൂർ റോഡ് നിർമ്മാണം

– ശ്രീ. നജീബ് കാന്തപുരം ...407

28. മൂന്നാറിന് പ്രത്യേക പാക്കേജ്

– ശ്രീ. എ. രാജ ...408

29. യാത്രാക്ലേശം

– ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ ...409

30. ജീവനക്കാരെ തിരിച്ചെത്തിക്കൽ

– ശ്രീമതി ഒ. എസ്. അംബിക ...411

31. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

– ശ്രീ. പി. ടി. തോമസ് ...412

32. ഒ. പി. വിഭാഗത്തിന്റെ പ്രവർത്തനം

– ശ്രീ. യു. എ. ലത്തീഫ് ...413

33. വടകര ജില്ലാ ആശുപത്രിയുടെ വികസനം

– ശ്രീമതി കെ. കെ. രമ ...414

34. ആശാവർക്കർമാരുടെ ഓണറേറിയം

– ഡോ. മാത്യു കുഴൽനാടൻ ...415

35. സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തൽ

– ശ്രീ. സി. എച്ച്. കുഞ്ഞമ്പു ...417

**VII മേശപ്പുറത്തുവച്ച കടലാസുകൾ**

ചട്ടം 166(1), ചട്ടം 47(2), ചട്ടം 236 (5), ചട്ടം 236(6) എന്നിവ
പ്രകാരമുള്ള കടലാസ്സുകൾ ...418

*പേജ്*

**VIII ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന**

2020-ലെ കേരള പോലീസ് ചട്ടങ്ങൾക്കുള്ള ഭേദഗതി

– ശ്രീ. എൻ. ഷംസുദ്ദീൻ ...439

**IX ക്രമപ്രശ്നം**

(1) വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം

– ശ്രീ. എൻ. ഷംസുദ്ദീൻ ...442

(2) വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുന്നത് സംബന്ധിച്ച്

– ശ്രീ. പി. സി. വിഷ്ണുനാഥ് ...443

(3) ധനകാര്യ ബില്ലിന്റെ അവതരണം

– ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ...445

(4) നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചത് സംബന്ധിച്ച്

– ശ്രീ. മഞ്ഞളാംകുഴി അലി ...447

(5) ആക്ടിന് വിരുദ്ധമായ വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്

– ഡോ. മാത്യു കുഴൽനാടൻ ...448

**റൂളിംഗ്** ...449

**X ധനകാര്യം**

വോട്ട് ഓൺ അക്കൗണ്ട്-ചർച്ചയും വോട്ടെടുപ്പും ...454

**റൂളിംഗ് (തുടർച്ച)** ...451

*പേജ്*

**XI നിയമനിർമ്മാണകാര്യം**

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണം ...547

(i) 2021-ലെ കേരള ധനകാര്യ ബിൽ ...547

(ii) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ...547

(2) 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ...547

**XII അവകാശലംഘന പ്രശ്നം** ...573

**XIII പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നതു സംബന്ധിച്ച്

– മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...573

**XIV അവലോകനം** ...573

**അനുബന്ധം** ...578

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2021 ജൂൺ 10 വ്യാഴം*

| വാല്യം 184] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 12 |
|---|---|---|

നിയമസഭ 2021 ജൂൺ മാസം 10-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യോത്തരവേള. ചോദ്യം നമ്പർ *91 ചോദ്യം നമ്പർ *116-ഉം ആയി ക്ലബ്ബ് ചെയ്യുന്നതിന് ഡോ. എം. കെ. മുനീർ, *108-ാം നമ്പർ ചോദ്യവുമായി ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. തോമസ് കെ. തോമസ് എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യം നമ്പർ *91 ചോദ്യം നമ്പർ *116-മായി ക്ലബ്ബ് ചെയ്യുന്നു. *108 സമാനമല്ലാത്തതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ചോദ്യം നമ്പർ *91-നും *116-നും ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

## ടൂറിസം മേഖലയുടെ പുനരുജ്ജീവനം

1 (*91) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ശശി:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. സി. സി. മുകുന്ദൻ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖല പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ:

(ബി) പ്രസ്തുത മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ട് പ്രതിസന്ധിയിലായ തൊഴിലാളികൾക്ക് അടിയന്തര സഹായം നല്കുമോ; വിശദീകരിക്കുമോ:

(സി) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന റിസോർട്ടുകൾ, റസ്റ്റോറന്റുകൾ, പുരവഞ്ചികൾ തുടങ്ങിയവ പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക ധനസഹായം അനുവദിക്കുമോ; വിശദീകരിക്കുമോ?

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) കോവിഡ്-19 മഹാമാരിയുടെ ഒന്നാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്നതിനുവേണ്ടി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കിവരുന്നു. വിനോദ സഞ്ചാര മേഖലയിലെ സ്ഥാപനങ്ങൾക്ക് വൈദ്യുതി ഫിക്സഡ് ചാർജിൽ മൂന്നുമാസം ഇളവ് നൽകുകയും ഹോംസ്റ്റേകൾക്ക് റസിഡൻഷ്യൽ കാറ്റഗറിയിലാക്കി കെട്ടിട നികുതിയിൽ ഇളവ് നൽകുകയും ഡി.ടി.പി.സി.-ക്ക് പാട്ടത്തുക അടയ്ക്കേണ്ട സ്ഥാപനങ്ങൾക്ക് അടഞ്ഞുകിടന്ന കാലയളവിൽ പാട്ടത്തുക ഒഴിവാക്കി നൽകുകയും ചെയ്തു. രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയെ പുനരുജ്ജീവിപ്പി ക്കുന്നതിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കുവാൻ 2021-22-ലെ പുതുക്കിയ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാക്കേജ് തയ്യാറായി വരുന്നുണ്ട്. കേരളത്തിലേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി പ്രത്യേക വിപണന പ്രചാരണ പരിപാടികളും നടത്തുന്നതാണ്.

(ബി) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വരുമാനരഹിതരായ സർക്കാർ അംഗീകൃത ടൂറിസ്റ്റ് ഗൈഡുമാർക്ക് ഒറ്റത്തവണ ഗ്രാന്റായി പതിനായിരം രൂപ നൽകിയിട്ടുണ്ട്. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് കേരള ബാങ്ക് വഴി മുപ്പതിനായിരം രൂപ വരെയുള്ള ലോൺ അനുവദിക്കുന്നതിനായുള്ള "ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം" നടപ്പാക്കിയിട്ടുണ്ട്.

(സി) കോവിഡ് നിമിത്തം പ്രതിസന്ധിയിലായ റിസോർട്ടുകൾ, റസ്റ്റോറന്റുകൾ, പുരവഞ്ചികൾ എന്നിവയുൾപ്പെടെയുള്ള യൂണിറ്റുകൾക്ക് ആശ്വാസമേകുന്നതിനായി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കിവരുന്നു.

2 (*116) ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോവിഡുമൂലം സമ്പൂർണ്ണ അടച്ചുപൂട്ടലിലേയ്ക്ക് നീങ്ങിയ ടൂറിസം മേഖലയുടെ പുനരുദ്ധാരണത്തിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന തൊഴിലാളികൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഇവർക്കായി പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കും സാമ്പത്തിക പിന്തുണ നൽകുന്നതിനുവേണ്ടി ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പാക്കിവരുന്നു. ഹോംസ്റ്റേകളെ കൊമേഴ്സ്യൽ കാറ്റഗറിയിൽനിന്നും റസിഡൻഷ്യൽ കാറ്റഗറിയിലേയ്ക്ക് മാറ്റി. വിനോദസഞ്ചാര മേഖലയിലെ സ്ഥാപനങ്ങൾക്ക് വൈദ്യുതി ഫിക്സഡ് ചാർജ് മൂന്നുമാസത്തേയ്ക്ക് ഇളവ് നൽകുകയും ബാക്കി തുക അടയ്ക്കുന്നതിന് സാവകാശം നൽകുകയും ചെയ്തു. ഡി.ടി.പി.സി.-യുടെ സ്ഥാപനങ്ങൾ പാട്ടത്തിന് എടുത്തവർക്ക് അടഞ്ഞുകിടന്ന കാലയളവിൽ പാട്ടത്തുക ഒഴിവാക്കി നൽകി. സ്തംഭനാവസ്ഥയിൽനിന്നും ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ടൂറിസം വകുപ്പ് പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കോവിഡ്-19 മഹാമാരിക്ക് ശേഷമുള്ള ടൂറിസം മേഖലയുടെ ഉണർവിന് ഈ ക്യാമ്പയിനുകൾ സഹായകരമായി

മാറും. 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ടൂറിസം മേഖലയുടെ പുനരുദ്ധാരണ പാക്കേജിനായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാക്കേജ് തയ്യാറായി വരുന്നു. കെ.എഫ്.സി. മുഖേന വായ്പാ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ടൂറിസം മാർക്കറ്റിംഗിനായി 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വരുമാനരഹിതരായ സർക്കാർ അംഗീകൃത ടൂറിസ്റ്റ് ഗൈഡുമാർക്ക് ഒറ്റത്തവണ ഗ്രാന്റായി പതിനായിരം രൂപ നൽകിയിട്ടുണ്ട്. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് കേരള ബാങ്ക് വഴി മുപ്പതിനായിരം രൂപ വരെയുള്ള ലോൺ അനുവദിക്കുന്നതിനായുള്ള "ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം" നടപ്പാക്കിയിട്ടുണ്ട്.

(സി) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സിൽ പ്രധാന പങ്ക് വഹിക്കുന്ന ഒന്നാണ് വിനോദസഞ്ചാരം. കോവിഡ്-19 മഹാമാരിയെത്തുടർന്ന് ആഭ്യന്തര, വിദേശ ടൂറിസത്തിൽനിന്നുള്ള വരുമാനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇത്തരമൊരു ഘട്ടത്തിനുശേഷം വിനോദസഞ്ചാര മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും കോവിഡിന്റെ രണ്ടാം തരംഗത്തിനുശേഷം ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുംവേണ്ടിയുള്ള പ്രത്യേക തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്ന് അറിയാം. അഴീക്കോട് മുനയ്ക്കൽ, മുസിരിസ്, ഡോൾഫിൻ ബീച്ച് മുതലായ പ്രാദേശികമായും മണ്ഡലാടിസ്ഥാനത്തിലുമുള്ള വിവിധ പദ്ധതികൾ നേരിട്ട് മോണിറ്ററിംഗ് നടത്തി ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാർ ശ്രദ്ധിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഈ സർക്കാർ ചുമതല ഏറ്റെടുത്ത അന്നുതന്നെ കോവിഡ്-19 രണ്ടാം തരംഗം കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം ചെയ്യേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യാൻ ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കാൻ തീരുമാനിച്ചിരുന്നു. അതിന്റെ ഭാഗമായി കോവിഡ്-19 രണ്ടാം തരംഗത്തിന്റെ പ്രതിസന്ധി കഴിയുന്ന തൊട്ടടുത്ത ദിവസം മുതൽ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് വളരെ വിശദമായ പരിശോധനയും പദ്ധതികളും ആലോചിച്ചിട്ടുണ്ട്. മേയ് 27-ാം തീയതി ടൂറിസം മേഖലയിലെ 18 സംഘടനകളുമായി കൂടിയാലോചന നടത്തി അഭിപ്രായ രൂപീകരണം നടത്തിയിട്ടുണ്ട്. വ്യത്യസ്ത മേഖലകളിലുള്ളവരുടെ ഓൺലൈൻ യോഗങ്ങൾ പ്രത്യേകം പ്രത്യേകം വിളിച്ചുചേർത്ത് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ടൂറിസം വകുപ്പിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ അവരുമായി കമ്മ്യൂണിക്കേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന

ജീവനക്കാരെയും സംരംഭകരെയും തയ്യാറെടുപ്പിക്കുന്നതിനായി ഉത്തേജക പാക്കേജിന് രൂപം നൽകുന്നുണ്ട്. പരിസ്ഥിതിയിലൂന്നിയ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ വേഗത്തിലാക്കുന്നുണ്ട്. കൂടുതൽ ശക്തവും നൂതനവുമായ പ്രചരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കും.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ആഭ്യന്തര ടൂറിസത്തെ പ്രൊമോട്ട് ചെയ്യുന്ന പ്രവർത്തനങ്ങളാണ് പ്രധാനമായും ആലോചിക്കേണ്ടത്. വിദേശ വിനോദ സഞ്ചാരികളുടെ വരവ് കുറേക്കൂടി വൈകുമെന്ന് നമുക്കറിയാം. അതുകൊണ്ട് തദ്ദേശീയ വിനോദസഞ്ചാരികളെ കേന്ദ്രീകരിച്ചാകും പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നത്. കേരളീയരെയാകെ സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുവാൻ പ്രേരിപ്പിക്കുന്ന രീതിയിലുള്ള മാർക്കറ്റിംഗ് കാര്യങ്ങളുൾപ്പെടെ ആലോചിക്കും. ആഭ്യന്തര ടൂറിസത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ടായിരിക്കും ഇടപെടുക. നിലവിലുള്ള ഡെസ്റ്റിനേഷനുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന പ്രവർത്തനംപോലെത്തന്നെ പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തുന്ന പ്രവർത്തനമായിരിക്കും ഉണ്ടാകുക. കേരളത്തിലെ ഓരോ പഞ്ചായത്തിലും ഒരു ഡെസ്റ്റിനേഷൻ എന്ന നിലയിലുള്ള കാഴ്ചപ്പാടോടുകൂടി ഇടപെടും. ഒരു ഡെസ്റ്റിനേഷൻ എന്നുപറയുമ്പോൾ പ്രകൃതിദത്തമായ മനോഹരമായ സ്ഥലങ്ങൾ മാത്രമല്ല, കേരളത്തിന് ഒട്ടേറെ ചരിത്ര പ്രാധാന്യമുള്ളതും വൈവിധ്യമാർന്നതുമായ മേഖലകളുമുണ്ട്. ഇങ്ങനെയുള്ള ഡെസ്റ്റിനേഷനുകളെ കണ്ടെത്തി, പുതിയ ഡെസ്റ്റിനേഷനുകളെ ഉയർത്തി, ഡെസ്റ്റിനേഷനുകൾ തമ്മിലുള്ള കണക്റ്റിവിറ്റി ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനത്തിന് ടൂറിസം വകുപ്പ് നേതൃത്വം നൽകും. അതുപോലെതന്നെ, പല കാരണങ്ങളാൽ പ്രാധാന്യം ലഭിക്കാതെപോയ ഇടങ്ങളെ അതേ അർത്ഥത്തിൽ കണ്ട് ഡെസ്റ്റിനേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കും. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉയർത്തിയ മുസിരിസ്, ആലപ്പുഴ ഹെറിറ്റേജ് പദ്ധതികളുൾപ്പെടെയുള്ള ഹെറിറ്റേജ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്ന പ്രവർത്തനങ്ങൾക്ക് ടൂറിസം വകുപ്പ് നേതൃത്വം നൽകും.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, നമ്മുടെ വിനോദസഞ്ചാര മേഖല ഇനിയും ഏറെ മുന്നോട്ടുപോകുന്നതിനുവേണ്ടിയുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതിൽ വളരെയധികം സന്തോഷമുണ്ട്. കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രൊഫഷണലൈസ് ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്. രണ്ടാം തരംഗത്തിനുശേഷം ടൂറിസ്റ്റുകൾ വിവിധ കേന്ദ്രങ്ങളിലെത്തുമ്പോൾ കോവിഡ് പകരുമെന്ന ആശങ്കയും ഉത്കണ്ഠയും പരിഹരിക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് പ്രധാനപ്പെട്ട വിഷയംതന്നെയാണ്. കോവിഡ്-19 ഏറ്റവുമധികം ബാധിച്ചത് ടൂറിസം മേഖലയെയാണ്. കോവിഡിന്റെ രണ്ടാം തരംഗത്തിനുശേഷം ടൂറിസ്റ്റുകൾ വിവിധ കേന്ദ്രങ്ങളിലെത്തുമ്പോൾ കോവിഡ് പകരുമെന്ന ആശങ്ക പലരിലുമുണ്ടാകാം. അത്തരം ആശങ്ക പരിഹരിക്കാൻ സർക്കാർ ചില നടപടികൾ ആലോചിച്ചിട്ടുണ്ട്. ടൂറിസം രംഗത്തെ പ്രവർത്തകരെ മുന്നണിപ്പോരാളികളായി കണക്കാക്കി മുൻഗണനാക്രമത്തിൽ വാക്സിനേഷൻ നൽകൽ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഹോട്ടൽ, റിസോർട്ട്, റസ്റ്റോറന്റ് ജീവനക്കാർക്ക് വാക്സിനേഷൻ നൽകിത്തുടങ്ങിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ഗൈഡുമാർ, കച്ചവട സ്ഥാപനങ്ങളിലെ ജീവനക്കാർ, ഓട്ടോ-ടാക്സി ഡ്രൈവർമാർ മുതലായവർക്ക് സാർവ്വത്രികമായ വാക്സിനേഷൻ ലഭ്യമാക്കുന്നകാര്യം പരിശോധിച്ചുവരുന്നുണ്ട്. പ്രസിദ്ധമായ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ ജൂലൈ 15-നുമുൻപ് 100 ശതമാനം വാക്സിനേറ്റഡ് ഏരിയ ആക്കി മാറ്റാനുള്ള ശ്രമം ആരോഗ്യ വകുപ്പിന്റെ പിന്തുണയോടെ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

ശ്രീ. വി. ശശി: സർ, കഴിഞ്ഞ സർക്കാർ വലിയ നേട്ടങ്ങൾ കൈവരിച്ച ഒരു മേഖലയാണ് ടൂറിസം വ്യവസായ മേഖല. ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തെയും ടൂറിസം പ്രവർത്തനങ്ങളിലൂടെ കൈവരിച്ച സാമ്പത്തിക നേട്ടങ്ങളെയും സംബന്ധിച്ച വിലയിരുത്തൽ സർക്കാർ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കൈവരിക്കാൻ സാധിച്ച നേട്ടങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ? കോവിഡ്-19 കാരണം വിദേശ ടൂറിസ്റ്റുകളുടെ വരവ് ഗണ്യമായി കുറഞ്ഞതിന്റെ ഫലമായി ആ ഇനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ വലിയതോതിലുള്ള ഇടിവുണ്ടായിട്ടുണ്ട്. വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള ആസൂത്രണം കോവിഡ്-19 കാലത്ത് പല രാജ്യങ്ങളും നടത്തി വരുന്നുണ്ട്. കോവിഡ്-19 കഴിഞ്ഞാൽ അന്താരാഷ്ട്ര നിലവാരത്തിൽത്തന്നെ വിദേശ ടൂറിസ്റ്റുകളെ സംസ്ഥാനത്തേയ്ക്ക് എത്തിക്കുന്നതിനും അവരെ ആകർഷിക്കുന്നതിനുംവേണ്ടി എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, മുൻവർഷത്തെ അപേക്ഷിച്ച്, 2020-ൽ മുപ്പത്തിമൂവായിരത്തി അറുന്നൂറ്റി എഴുപത്തിയഞ്ച് കോടി രൂപയുടെ വരുമാന നഷ്ടമാണ് കേരളത്തിൽ ഏറ്റവുമധികം പ്രതിസന്ധി നേരിടുന്ന ടൂറിസം വ്യവസായ മേഖലയ്ക്കുണ്ടായിരിക്കുന്നത്. വിദേശ ടൂറിസ്റ്റുകളുടെ വരവ് ഉടനെതന്നെ നമുക്ക് പ്രതീക്ഷിക്കാവുന്നതല്ല. അതിനാൽ ആഭ്യന്തര, തദ്ദേശീയ വിനോദ സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2019-ൽ പതിനൊന്ന് ലക്ഷത്തി എൺപത്തിയൊൻപതിനായിരം വിദേശ സഞ്ചാരികളായിരുന്നു സംസ്ഥാനത്തേയ്ക്കുവന്നത്. ഇപ്പോഴത്തെ അവസ്ഥ കണക്കുകൾ കൊണ്ടു പറയേണ്ടതില്ല,

എല്ലാവർക്കും അറിയാവുന്നതാണ്. ടൂറിസം വകുപ്പ് ടാർജറ്റ് ചെയ്യുന്ന 2025 ആകുമ്പോൾ, ഇരുപത് ലക്ഷം വിദേശസഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളാണ് വകുപ്പ് ആസൂത്രണം ചെയ്യുന്നത്. ഒന്ന്, നമ്മുടെ സംസ്ഥാനത്തിന് പുറത്തുനിന്നുമുള്ള സംസ്ഥാനങ്ങളിൽനിന്നും ആളുകൾ വരിക; രണ്ട്, ഒരു ജില്ലയിൽ നിന്നും മറ്റ് ജില്ലകളിലേയ്ക്ക് പോകുക. ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്ന ട്രെൻഡ് തൊട്ടടുത്ത ജില്ലകളിലേയ്ക്ക് ടൂർ പോകുന്നതാണ്. ഇതിനെ നന്നായി പ്രോത്സാഹിപ്പിക്കുന്ന രീതിയിലേയ്ക്ക് ഡെസ്റ്റിനേഷനും ഡെസ്റ്റിനേഷന്റെ വർദ്ധനവും കണക്റ്റിവിറ്റിയുമൊക്കെ ആകർഷകമാക്കേണ്ടതുണ്ട്. ഒരു കോടി എൺപത്തിമൂന്ന് ലക്ഷം ആഭ്യന്തര ടൂറിസ്റ്റുകളാണ് 2019-ൽ നമ്മുടെ സംസ്ഥാനത്ത് വന്നിട്ടുള്ളത്. 2025 ടാർജറ്റ് ചെയ്യുന്നത് ഇതിന്റെ ഇരട്ടിയാണ്, അതായത്, മൂന്നുകോടി അറുപത്തിയഞ്ച് ലക്ഷം. അതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയാണ് വകുപ്പ് മുന്നോട്ടുപോകുന്നത്. ദേശീയമായും അന്തർദ്ദേശീയമായും മാർക്കറ്റിംഗ് വിപുലീകരിക്കുക എന്നതാണ് പ്രധാനമായും വേണ്ടത്. അതിനായി ഒരു പൊതുപ്രചരണത്തോടൊപ്പം ടാർജറ്റ് ഓഡിയൻസ് ലക്ഷ്യമിട്ട് ബന്ധപ്പെട്ട രാജ്യങ്ങളിൽ വിശേഷാൽ പ്രചരണ പ്രവർത്തനം സംഘടിപ്പിക്കും.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കോവിഡ്-19 മൂലം പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയിൽ ആദ്യഘട്ടത്തിൽ സ്വീകരിച്ചിട്ടുള്ള പാക്കേജ് സംബന്ധിച്ച് വളരെ വിശദമായി അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. അതുപോലെ രണ്ടാം തരംഗത്തിന്റെ ഭാഗമായി ഉണ്ടാകാനിടയുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി 2021-22 ബഡ്ജറ്റിൽ മുപ്പതുകോടി രൂപ നീക്കിവച്ചതിനെക്കുറിച്ചും അതുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ പോകുന്ന സപ്പോർട്ട് സ്കീമിനെക്കുറിച്ചും സൂചിപ്പിക്കുകയുണ്ടായി. വിവിധ തലങ്ങളിലാണ് വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ തൊഴിൽ നഷ്ടപ്പെടുന്നതും ജീവിതത്തിനുതന്നെ പ്രയാസമുണ്ടാക്കുന്നതുമായ കാര്യങ്ങളുണ്ടാകുന്നത്. ടൂറിസ്റ്റ് ബസ്സുകൾ, മറ്റ് ചെറു വാഹനങ്ങൾ എന്നിവയുടെ ഉടമകളും അതിലെ തൊഴിലാളികളും ഉൾപ്പെടെയുള്ള വലിയൊരു വിഭാഗത്തിനുകൂടി ഈ സന്ദർഭത്തിൽ യാതൊരുവിധ വരുമാനവും ഇല്ലാത്തവിധം പ്രയാസമനുഭവപ്പെടുന്നു എന്ന് നമുക്കറിയാം. അതുകൊണ്ട്, രണ്ടാം തരംഗത്തിന്റെ ഭാഗമായി വരുന്ന മുപ്പതുകോടി രൂപയുടെ പാക്കേജ് നടപ്പാക്കുമ്പോൾ ഈ മേഖലയിലെ വിഷയങ്ങൾകൂടി ശ്രദ്ധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വളരെ പ്രധാനപ്പെട്ട വിഷയം തന്നെയാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത്. കോവിഡ്-19 ഒന്നാം തരംഗത്തിനുശേഷം ടൂറിസം രംഗത്ത് തൊഴിലെടുക്കുന്നവർ വലിയ പ്രയാസം അനുഭവിക്കുന്നുണ്ട്. കോവിഡ്-19 ഒന്നാം തരംഗത്തിനുശേഷം ടൂറിസം രംഗത്ത്

തൊഴിലെടുക്കുന്നവർക്കായി കേരള ബാങ്കുവഴി ചീഫ് മിനിസ്റ്റേഴ്സ് ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം നടപ്പാക്കിയിട്ടുണ്ട്. 2021-22-ലെ പുതുക്കിയ ബഡ്ജറ്റിൽ വിഭാവന ചെയ്തിട്ടുള്ള ടൂറിസം പാക്കേജിൽ, ടൂറിസം രംഗത്തെ വാഹന ഉടമകളെയും ജീവനക്കാരെയും എങ്ങനെ ഉൾപ്പെടുത്താനാകുമെന്ന് പരിശോധിക്കും. നേരത്തെ ചീഫ് മിനിസ്റ്റേഴ്സ് ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം വഴി നടപ്പിലാക്കിയിട്ടുള്ള പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചില ബാങ്ക് മാനേജ്മെന്റുകളുമായി ചർച്ച നടത്തുവാനും ആലോചിച്ചിട്ടുണ്ട്.

ശ്രീ. സി. സി. മുകുന്ദൻ: സർ, കോവിഡാനന്തരം ടൂറിസം മേഖലയിൽ ജനപങ്കാളിത്തമുറപ്പാക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കുറെയേറെ കാര്യങ്ങൾ നേരത്തെ പറഞ്ഞതാണ്. ഇതിൽ പ്രധാനമായും നമുക്ക് ഫോക്കസ് ചെയ്യാൻ പറ്റുന്ന ഒന്ന് റെസ്പോൺസിബിൾ ടൂറിസമാണ്. Responsible tourism is the decentralization of tourism. ലോകത്തിന്റെ റെസ്പോൺസിബിൾ ടൂറിസം ഭൂപടത്തിൽ കേരളം ഇപ്പോൾ വലിയ സ്ഥാനം പിടിച്ചുപറ്റിയിട്ടുണ്ട്. ചില അവാർഡുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. റെസ്പോൺസിബിൾ ടൂറിസത്തിന്റെ സാധ്യത ഇനിയുമേറെയാണ്. ടൂറിസം മേഖല നേരിടുന്ന പ്രധാന പ്രശ്നം ശുചിത്വമാണ്. ടൂറിസത്തിന്റെ വികാസവും മുന്നോട്ടുള്ള കുതിപ്പും ഒരു പ്രദേശത്തെ ഒരു പൗരന്റെ ദൈനംദിന ജീവിതത്തിന്റെ അഭിവൃദ്ധിയുമായി ബന്ധപ്പെടുത്തുവാൻ സാധിച്ചാൽ, ശുചിത്വം തീർച്ചയായും ഒരു വ്യക്തിപരമായ ഉത്തരവാദിത്വമായി ഓരോ പൗരനും ഏറ്റെടുക്കും. ഉത്തരവാദിത്ത ടൂറിസത്തിന്റെ സാധ്യതയുടെ ഭാഗമായി ഒരു പ്രദേശത്ത് നിരവധി സാധ്യതകളുണ്ട്. വിവിധ കഴിവുകളുള്ള പ്രതിഭകളുണ്ട്, വിവിധ ഭക്ഷണ രീതികളുണ്ട്. ഇവയെല്ലാം കോർത്തിണക്കിക്കൊണ്ട് ഉത്തരവാദിത്ത ടൂറിസത്തിൽ സംസ്ഥാനത്തിന്റെ സാധ്യതകളെ അതേ അർത്ഥത്തിൽ കണ്ടുകൊണ്ട് ഇടപെടാനാണ് ടൂറിസം വകുപ്പ് ആലോചിച്ചിട്ടുള്ളത്. ഗ്രാമീണ ടൂറിസം പദ്ധതികൾവഴി മികച്ച ജനപങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ ആലോചിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഉത്തരവാദിത്ത ടൂറിസം മേഖലയിൽ കൂടുതൽ പദ്ധതികൾ നടപ്പിലാക്കും. തദ്ദേശവാസികൾക്ക് അവരുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും ടൂറിസം പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കുകവഴി തൊഴിലവസരങ്ങളും വരുമാന സ്രോതസ്സും ഉറപ്പാക്കുക എന്ന ലക്ഷ്യംകൂടി സർക്കാരിനുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ വിനോദ സഞ്ചാരികൾക്ക് കേരളത്തിന്റെ തനതു ജീവിതരീതിയും ഭക്ഷ്യവിഭവങ്ങളും ആസ്വദിക്കാനുള്ള അവസരമുണ്ടാകും. കോവിഡ് പ്രതിസന്ധി ഏറ്റവും കൂടുതൽ ബാധിച്ചത് ടൂറിസം മേഖലയെയാണെങ്കിൽക്കൂടി ഇതേ അർത്ഥത്തിൽ നിലവിലുള്ള സാഹചര്യത്തെ കണ്ടുകൊണ്ട്, ഈ പ്രതിസന്ധിയെ മറിച്ചുകടക്കുന്നതിനുള്ള എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തിക്കൊണ്ട് ടൂറിസം വകുപ്പ് മുന്നോട്ടുപോകും.

ശ്രീ. പി. അബ്ദുൽ ഹമീദ് : സർ, ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ കണ്ടെത്തി ടൂറിസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുമെന്ന് അങ്ങ് മറുപടിയിൽ പറയുകയുണ്ടായി. എന്റെ നിയോജകമണ്ഡലമായ വള്ളിക്കുന്ന് ടൂറിസത്തിന് നല്ല സാധ്യതയുള്ള സ്ഥലമാണ്. നദികളും കായലുകളും ബീച്ചുകളും കണ്ടൽക്കാടുകളും പക്ഷി സങ്കേതങ്ങളുമൊക്കെയുള്ള നിയമസഭാമണ്ഡലമാണ്. അങ്ങയുടെ മണ്ഡലമായ ബേപ്പൂർ, അതിർത്തി പങ്കിടുന്ന മണ്ഡലമാണ്. ബേപ്പൂർ, ചാലിയം, കോട്ടക്കടവ്, കടലുണ്ടിക്കടവ്, കമ്മ്യൂണിറ്റി റിസർവ് ഇങ്ങനെയുള്ള ടൂറിസത്തിന്റെ എല്ലാ സാധ്യതകളും നിറഞ്ഞുനിൽക്കുന്ന ഈ രണ്ട് മണ്ഡലങ്ങളേയും ബന്ധപ്പെടുത്തി ഒരു ടൂറിസം പദ്ധതി നടപ്പിലാക്കുമോയെന്നുള്ളതാണ് എന്റെ ചോദ്യം. അതോടൊപ്പംതന്നെ കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ നിലവിലുള്ള പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി പരിശീലനം നൽകിയ സംരംഭകർക്ക് കോവിഡാനന്തരം സംരംഭങ്ങൾ തുടങ്ങാൻ ആവശ്യമായ പ്രത്യേക സഹായ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട വള്ളിക്കുന്ന് അംഗം പറഞ്ഞിട്ടുള്ള ബേപ്പൂർ, വള്ളിക്കുന്ന് മണ്ഡലങ്ങളെ കണക്ക് ചെയ്തുകൊണ്ടുള്ള ടൂറിസത്തിന് അനന്തസാധ്യതയുണ്ട്. അതിന്റെ തൊട്ടടുത്ത മറ്റ് മണ്ഡലങ്ങൾ കൂടിയുണ്ട്. അങ്ങനെ സാധ്യതയുള്ള എല്ലാ മണ്ഡലങ്ങളേയും കോർത്തിണക്കി മുന്നോട്ടുകൊണ്ടുപോകുന്ന രീതി തീർച്ചയായും ആവിഷ്കരിക്കും. റെസ്പോൺസിബിൾ ടൂറിസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നേരത്തെ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. ബഷീറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, സ്വാതന്ത്ര്യസമരത്തിന്റെ നായകത്വം വഹിച്ച വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി ബ്രിട്ടീഷ് പട്ടാളത്തിന്റെ വെടിയേറ്റ് മരിച്ച ചരിത്ര പ്രാധാന്യമുള്ള സ്ഥലമാണ് മലപ്പുറം കോട്ടക്കുന്ന്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായി മാറിയിട്ടുള്ള മലപ്പുറം കോട്ടക്കുന്ന് സന്ദർശിക്കുന്നതിനായി വിദേശികളുൾപ്പെടെ ധാരാളം ടൂറിസ്റ്റുകൾ വരുന്നുണ്ട്. ജില്ലാ ആസ്ഥാന നഗരിയിൽ സ്ഥിതിചെയ്യുന്ന മലപ്പുറം കോട്ടക്കുന്നിൽ കൂടുതൽ വികസനം നടപ്പിലാക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. മലപ്പുറത്ത് മിനി ഊട്ടി എന്നറിയപ്പെടുന്ന പ്രകൃതി രമണീയമായ സ്ഥലത്ത് നിരവധി ആളുകൾ ദിവസേന വന്നുകൊണ്ടിരിക്കുന്നു. പരിസര പ്രദേശങ്ങളൊക്കെ സ്വകാര്യസ്ഥലമാണ്. ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കുകയാണെങ്കിൽ, ആ സ്വകാര്യ സ്ഥലങ്ങൾ വിട്ടുകിട്ടാൻ നമ്മളെല്ലാവരും ചേർന്ന് ശ്രമം നടത്തിയാൽ നല്ല ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മിനി ഊട്ടിയെ വികസിപ്പിച്ചെടുക്കാൻ കഴിയും. അതിനുവേണ്ടിയുള്ള പദ്ധതികൾകൂടി ആവിഷ്കരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ഒരേ സമയം ഒരു ചോദ്യം മാത്രം.

ശ്രീ. പി. ഉബൈദുള്ള: സർ, ഇത് കണക്ട് ചെയ്ത ചോദ്യമാണ്, മലപ്പുറം ജില്ലയിൽ എല്ലാ മതവിഭാഗങ്ങളുടെയും ധാരാളം തീർത്ഥാടന കേന്ദ്രങ്ങളുണ്ട്. ആ തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് പിൽഗ്രിം ടൂറിസത്തിന് വലിയ സാധ്യതയുണ്ട്, അതുകൂടി പരിശോധിക്കാൻ മന്ത്രി തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇവിടെ ചൂണ്ടിക്കാണിച്ചത് തീർച്ചയായും സർക്കാരിന്റെ പരിഗണനയിലുണ്ടാകേണ്ട വിഷയം തന്നെയാണ്. ചരിത്രവും സംസ്കാരവും ടൂറിസത്തിന്റെ ഭാഗമാകണമെന്ന നയവും നിലപാടുമാണ് എൽ.ഡി.എഫ്. സർക്കാരിനുള്ളത്. ടൂറിസം കേന്ദ്രങ്ങൾ എന്നത് കേവലം ആസ്വാദന കേന്ദ്രങ്ങളെന്നല്ല, ചരിത്രപരവും സാംസ്കാരികവുമായ അറിവ് പ്രദാനം ചെയ്യുന്ന കേന്ദ്രങ്ങൾകൂടി ആകണമെന്ന നിലപാടാണ് ടൂറിസം വകുപ്പിനും സർക്കാരിനുമുള്ളത്. ഇവിടെ സൂചിപ്പിച്ച മലപ്പുറം കോട്ടക്കുന്ന് ഒട്ടേറെ ചരിത്ര പ്രാധാന്യമുള്ള ഇടം തന്നെയാണ്. കേരളത്തിൽ ഇത്തരത്തിൽ ചരിത്ര പ്രാധാന്യമുള്ള വിവിധ ഇടങ്ങളുണ്ട്, മലപ്പുറം ജില്ലയിൽത്തന്നെ തിരൂർ വാഗൺ ട്രാജഡി എന്ന് നമ്മൾ വിശേഷിപ്പിക്കുന്ന ഇടമുണ്ട്. വാഗൺ ട്രാജഡിയല്ല, യഥാർത്ഥത്തിൽ ട്രാജഡിയെന്ന് പറഞ്ഞാൽ ദുരന്തമാണ്, ദുരന്തം അറിയാതെ സംഭവിക്കുന്നതാണ്. വാഗൺ മസാക്കറാണ്, കൂട്ടക്കൊലയാണ്. അറിഞ്ഞുകൊണ്ട് സംഭവിച്ചതാണ്. ചരിത്ര പ്രാധാന്യത്തിനനുസരിച്ച് ടൂറിസം വകുപ്പിന്റെ നല്ല നിലയിലുള്ള ഇടപെടൽ അവിടെയുണ്ടാകേണ്ടതുണ്ട്. മലപ്പുറം ജില്ലയിലും കേരളത്തിന്റെ വിവിധ ഇടങ്ങളിലും ഇത്തരം സാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകും. പിൽഗ്രിം ടൂറിസം സർക്കാരിന്റെ ആലോചനയിലുള്ള വിഷയംതന്നെയാണ്.

ഡോ. എം. കെ. മുനീർ: സർ, ഇവിടെ സൂചിപ്പിച്ച റെസ്പോൺസിബിൾ ടൂറിസം പരീക്ഷിച്ച ആദ്യത്തെ ടൂറിസ്റ്റ് സ്പോട്ട് കുമരകമാണ്, രണ്ടാമത് കോവളമാണ്. കുടുംബശ്രീ ഉൽപ്പാദിപ്പിക്കുന്ന വിളകൾ അവിടെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നൽകിക്കൊണ്ട്, അവർക്ക് ഒരു ഉപജീവനമാർഗ്ഗംകൂടി ഉണ്ടാക്കിക്കൊടുത്തത് ഒരു ലോക മാതൃകയാണ്. ഇത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും അങ്ങനെ മുന്നണി പോരാളികളായി വരുന്ന കുടുംബശ്രീ പ്രവർത്തകരെ കോവിഡ് വാക്സിനേഷൻ ചെയ്യുന്നതിന് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യണം. എന്റെ നിയോജകമണ്ഡലത്തിൽ ഏറ്റവും സാധ്യതയുള്ള ഒന്നാണ് ഫാം ടൂറിസം. റെസ്പോൺസിബിൾ ടൂറിസത്തെ ഫാം ടൂറിസവുമായി കോർത്തിണക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. അതിനുള്ള സാധ്യതകളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, നമ്മുടെ ആഭ്യന്തര വരുമാനത്തിന്റെ 11 ശതമാനം വരുന്നത് ടൂറിസം മേഖലയിൽനിന്നാണ്. നിലവിലുള്ള കോവിഡിന്റെ പ്രത്യേക പശ്ചാത്തലത്തിൽ ടൂറിസത്തിന്റെ സാധ്യതകളിൽ ഒന്നാണ് ഉത്തരവാദിത്ത ടൂറിസം അഥവാ റെസ്പോൺസിബിൾ ടൂറിസം. റെസ്പോൺസിബിൾ ടൂറിസത്തെ ഫാം ടൂറിസവുമായി കണക്ട് ചെയ്യേണ്ടത് സംബന്ധിച്ച് തീർച്ചയായും ആലോചിക്കാം. അതുപോലെതന്നെ റെസ്പോൺസിബിൾ ടൂറിസവുമായി കണക്ട് ചെയ്യേണ്ട മേഖല കളെയൊക്കെ കണക്ട് ചെയ്യുന്നത് തീർച്ചയായും ആലോചിക്കാവുന്ന കാര്യമാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, സ്വാതന്ത്ര്യസമര സേനാനികളുടെ സ്മാരകങ്ങളും നമ്മുടെ ചരിത്രപാരമ്പര്യവും ടൂറിസ്റ്റുകളെ ബോദ്ധ്യപ്പെടുത്താൻ കഴിയുന്ന തരത്തിലാക്കണം. വാഗൺ ട്രാജഡി സംഭവത്തെക്കുറിച്ച് മന്ത്രി ഇവിടെ പറഞ്ഞു. സാഹിത്യകാരൻമാരുടെ കേന്ദ്രവുമായി ബന്ധപ്പെടുത്തി ബഡ്ജറ്റിൽ മലബാർ ലിറ്റററി സർക്യൂട്ടിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഇതുകൂടി ഉൾപ്പെടുത്തി എങ്ങനെ വിപുലപ്പെടുത്തി നടത്താമെന്നാണ് ഉദ്ദേശിക്കുന്നത്? അതുപോലെ മന്ത്രിയുടെ മണ്ഡലംപോലെതന്നെ ഒരു തീരദേശ മണ്ഡലമാണ് തിരൂർ. കടൽക്ഷോഭത്തിൽ ടൂറിസ്റ്റുകളെ ഏറെ ആകർഷിക്കുന്ന കടൽത്തീരം ആകെ തകർന്നു. അതിന്റെ പുനരുദ്ധാരണത്തിനുള്ള സംവിധാനങ്ങൾ ഉടനെ ചെയ്യുമോയെന്നുകൂടി അറിയാൻ താൽപ്പര്യമുണ്ട്.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം പരിഗണിക്കപ്പെടേണ്ടത് തന്നെയാണ്. മലപ്പുറം ജില്ലയിലെ നിരവധി സമരകേന്ദ്രങ്ങളെ സംബന്ധിച്ച് ഇവിടെ പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. വർത്തമാനകാലത്ത് പലരീതിയിൽ വിവാദങ്ങളായിരുന്നു, അത് പ്രത്യേക വർഗ്ഗീയ സമരങ്ങളുടെ കേന്ദ്രമാണെന്ന് പ്രചരിപ്പിച്ചിരുന്നു. അതിനെ കോർത്തിണക്കി ഒരു കാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അത് ഏതെങ്കിലുമൊരു പ്രത്യേക ലഹളയല്ല, അതൊരു കർഷക സമരമാണെന്ന് പറഞ്ഞ് ആ സമരത്തിൽ പങ്കെടുത്തവർക്ക് പെൻഷൻ പ്രഖ്യാപിച്ച മഹാനായ ഇ.എം.എസ്.-ന്റെ പേര് ഞാനിവിടെ പ്രത്യേകം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. മലപ്പുറം ജില്ലയിൽ ഉൾപ്പെടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉജ്ജ്വലമായ കൊളോണിയൽ വിരുദ്ധപോരാട്ടത്തിൽ വലിയ സ്ഥാനം വഹിച്ച ഇടങ്ങളെ അതേ അർത്ഥത്തിൽ കണ്ടുകൊണ്ട് പ്രോത്സാഹിപ്പിക്കാൻ ടൂറിസം വകുപ്പ് തയ്യാറാകും.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, നിലവിലെ കോവിഡ് സാഹചര്യത്തിൽ ടൂറിസം മേഖലയുടെ തിരിച്ചടിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ആഭ്യന്തര ടൂറിസ്റ്റുകളെ കൊണ്ടുവരാനുള്ള പദ്ധതികൾക്കാണ് ഗവൺമെന്റ് ഊന്നൽ

നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. ടൂർ ഓപ്പറേറ്റർമാരെ സംരക്ഷിക്കാൻ എന്തെങ്കിലും പാക്കേജ് തയ്യാറാക്കുമോ? പിൽഗ്രിം ടൂറിസത്തിന്റെ അനന്തസാധ്യതകളെ എങ്ങനെയെല്ലാം ഉപയോഗപ്പെടുത്താൻ സാധിക്കും; അതിന് കണക്ടിവിറ്റി ഉണ്ടാക്കിക്കൊണ്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇവിടെ നേരത്തെ സൂചിപ്പിച്ച പ്രധാന പ്രശ്നമാണ് ടൂർ ഓപ്പറേറ്റർമാരുടേത്. ടൂറിസവുമായി ബന്ധപ്പെട്ട് നിലകൊള്ളുന്ന ഹൗസ്ബോട്ട് ജീവനക്കാർ, ഗൈഡുകൾ, ടൂർ ഓപ്പറേറ്റർമാർ തുടങ്ങിയവരുടെ പ്രശ്നങ്ങൾ അതേ അർത്ഥത്തിൽത്തന്നെ ഗവൺമെന്റ് നേരത്തേയും കണ്ടിട്ടുണ്ട്, ഇനി കാണുകയും ചെയ്യും. പിൽഗ്രിം ടൂറിസത്തിന്റെ എല്ലാ സാധ്യതകളേയും ഉപയോഗപ്പെടുത്തുന്ന രീതിയിലുള്ള ഇടപെടൽ തീർച്ചയായും വകുപ്പിന്റെ ഭാഗത്തു നിന്നുമുണ്ടാകും.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നമ്മുടെ സമ്പദ്‍വ്യവസ്ഥയെ വലിയതോതിൽ താങ്ങിനിർത്തുന്ന മേഖലയാണ് ടൂറിസം മേഖല. കോവിഡ് നിയന്ത്രണത്തിനായുള്ള ലോക്ഡൗൺ ആ മേഖലയെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. പ്രത്യേകിച്ച് ഹൗസ് ബോട്ട് ഇൻഡസ്ട്രി വലിയ പ്രതിസന്ധിയിലാണ്. അങ്ങ് വളരെ ഉത്തരവാദിത്വത്തോടുകൂടി നിരവധി പദ്ധതികൾ ഇവിടെ പ്രഖ്യാപിക്കുകയുണ്ടായി. ആലപ്പുഴയിലും കൊല്ലത്തുമുള്ള ഹൗസ് ബോട്ടുകളിലെ ജീവനക്കാർ വളരെ സാധാരണക്കാരാണ്. അവർക്ക് പ്രത്യേകമായി ആശ്വാസ സഹായം ആ മേഖലയുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും. ഹൗസ്ബോട്ട് ജീവനക്കാരും അതുമായി ബന്ധപ്പെട്ടവരുടെ പ്രശ്നങ്ങളും ഒരു പ്രധാന വിഷയമാണെന്ന് ഞാൻ നേരത്തെ പറഞ്ഞതാണ്. അവരുമായി പ്രത്യേകം ചർച്ച നടത്തിയിരുന്നു. അവരെ നല്ല നിലയിൽ പരിഗണിക്കുന്ന കാര്യങ്ങൾ ആലോചിച്ചു വരികയാണ്.

ശ്രീ. തോമസ് കെ. തോമസ്: സർ, കായൽ ടൂറിസവും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയമാണ് പ്രധാനമായിട്ടുള്ളത്. കുട്ടനാടിനെ സംബന്ധിച്ച് ആയിരക്കണക്കിന് കൊച്ചുകുടുംബങ്ങളുടെ ജീവിതമാർഗ്ഗമാണ് ഹോംസ്റ്റേ. അവർ ലോണെടുത്താണ് ഹോംസ്റ്റേ ആരംഭിച്ചിരിക്കുന്നത്. അവരുടെയൊക്കെ ജീവിതം വളരെ പരിതാപകരമാണ്. ഇപ്പോഴത്തെ സാഹചര്യത്തിൽ ഒരു മനുഷ്യൻപോലും കുട്ടനാട്ടിലോ ആലപ്പുഴ പ്രദേശത്തോ വരുന്നില്ല. നൂറിലധികം ആളുകൾ ഒറ്റത്തവണയിരുന്ന് മത്സരിക്കുന്ന ഏകമത്സരം ലോകത്തുണ്ടെങ്കിൽ അത് ചുണ്ടൻ വള്ളംകളി മാത്രമാണ്. എന്നാൽ ചുണ്ടൻവള്ളങ്ങൾ മെയിന്റെയിൻ ചെയ്യുന്നത് വളരെ

ബുദ്ധിമുട്ടുള്ള കാര്യമാണ്. അവരുടെ ഒരു മീറ്റിംഗ് ഇക്കഴിഞ്ഞ ദിവസങ്ങളിൽ നടത്തിയിരുന്നു. അവരുടെ കാര്യം അനുഭാവപൂർവ്വം പരിഗണിക്കണം. ഒരു ചുണ്ടൻവള്ളം ഒരാൾ ഏറ്റെടുക്കുമ്പോൾ അല്ലെങ്കിൽ ക്ലബ്ബിന് കൊടുക്കുമ്പോൾ അതിന്റെകൂടെ 10-30 ലക്ഷം രൂപ കൊടുത്താൽ മാത്രമേ അത് കൊണ്ടുപോവുകയുള്ളൂ. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ അത് മെയിന്റെയിൻ ചെയ്ത് നിർത്തുന്നത് വളരെ പ്രയാസമുള്ള കാര്യമാണ്. അക്കാര്യത്തിനുംകൂടി അടിയന്തരമായ പരിഹാരം കാണണം.

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും ഇവിടെ പറഞ്ഞിട്ടുള്ള വിഷയം സർക്കാരിന്റെ ശ്രദ്ധയിലുള്ളതാണ്. അവരുടെ പ്രത്യേക യോഗം ഓൺലൈനിൽ വിളിച്ചുചേർത്തിരുന്നു. സാധാരണ നൽകുന്നതുപോലെ മെയിന്റനൻസ് ഗ്രാന്റ് നൽകുന്ന കാര്യം ആലോചനയിലുണ്ട്. അത് ചർച്ച ചെയ്യപ്പെടേണ്ടതാണ്. കായലുകളുടെ ക്യാരിയിംഗ് കപ്പാസിറ്റി വിലയിരുത്തി, ഹൗസ്ബോട്ടുകളുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്. മാലിന്യങ്ങൾ കായലിൽ തള്ളാതിരിക്കാനുള്ള വ്യവസ്ഥ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഹൗസ്ബോട്ട് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഡസ്റ്റേജുകൾ സ്ഥാപിക്കുന്നതും ആലോചനയിലുണ്ട്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി ഒരു ജില്ലയിൽനിന്നും മറ്റ് ജില്ലകളിലേയ്ക്കും ഒരു സംസ്ഥാനത്തുനിന്നും മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും ടൂറിസ്റ്റുകളെ എത്തിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച കാര്യം ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞിരുന്നു. ടൂറിസം സാധ്യതയുള്ള ജില്ലയാണ് വയനാട്. മാത്രമല്ല, അങ്ങ് ജില്ലയുടെ ചുമതലയുള്ള മന്ത്രിയുമാണ്. വയനാട് ജില്ലയിൽ ടൂറിസവുമായി ബന്ധപ്പെട്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ സന്നദ്ധമാകുമോ? ഏതാണ്ട് ലക്കിടി മുതൽ മുത്തങ്ങ വരെയുള്ള പ്രദേശങ്ങൾ ടൂറിസത്തിന് സാധ്യതയുള്ള മേഖലയാണ്. ആഭ്യന്തര ടൂറിസവും ഉത്തരവാദിത്ത ടൂറിസവും കൂട്ടിയോജിപ്പിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം കഴിഞ്ഞ ബഡ്ജറ്റിൽ ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിച്ച വയനാട്ടിലെ മിനി എയർ സ്ട്രിപ്പ് പോലുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ടൂറിസം മേഖലയിലെ പ്രധാനപ്പെട്ട കേന്ദ്രമാണ് വയനാട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം പ്രസക്തവും ചർച്ച ചെയ്യപ്പെടേണ്ടതുമാണ്. ഇക്കാര്യം ആലോചിക്കുന്നതിനായി കൽപ്പറ്റ, മാനന്തവാടി, സുൽത്താൻബത്തേരി മണ്ഡലങ്ങളിലെ നിയമസഭാംഗങ്ങളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർക്കുന്നതാണ്.

ശ്രീ. വി. ജോയി: സർ, ടൂറിസം ഭൂപടത്തിൽ വളരെ ശ്രദ്ധയേറിയ ഒരു സ്ഥലമാണ് വർക്കല. ഡെസ്റ്റിനേഷൻ ബേസ്ചെയ്ത് ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികാസത്തെക്കുറിച്ച് ചർച്ചചെയ്യുന്നതിന് സമയം കണ്ടെത്തി കാര്യങ്ങൾ ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതാണ് ട്രാവൻകൂർ ഹെറിറ്റേജ് പ്രോഗ്രാം. നമ്മുടെ രാജ്യത്തിന്റെ അല്ലെങ്കിൽ നാടിന്റെ ചരിത്രംകൂടി പഠിച്ചുകൊണ്ടുള്ള ഹെറിറ്റേജ് പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, വർക്കല ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ്. തലസ്ഥാന ജില്ലയിൽ ഇന്റർനാഷണൽ ഡെസ്റ്റിനേഷനെന്ന് വിശേഷിപ്പിക്കാവുന്ന കോവളവും അതുപോലെ പരിഗണിക്കേണ്ടതാണ്. അതേ അർത്ഥത്തിൽ ഡെസ്റ്റിനേഷനുകളെ സംബന്ധിച്ച യോഗം നമുക്ക് പ്രത്യേകം വിളിച്ചു ചേർക്കണം. നേരത്തെ ഹെറിറ്റേജുകളുടെ കാര്യം പറഞ്ഞപ്പോൾ ആലപ്പുഴയും മുസിരിസും മാത്രമാണ് പറഞ്ഞത്. അതിൽ തലശ്ശേരിയും ട്രാവൻകൂറുംകൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. ട്രാവൻകൂറിന്റെ ആദ്യഘട്ടം ഏറെക്കുറെ പൂർത്തീകരിച്ചിട്ടുണ്ട്. തലശ്ശേരിയിലെ ഹെറിറ്റേജ് പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തീകരിക്കും. ആലപ്പുഴ, മുസിരിസ്, ട്രാവൻകൂർ, തലശ്ശേരി എന്നീ നാല് ഹെറിറ്റേജ് പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, അതിരപ്പിള്ളിപോലെ വനമേഖലയുമായി അടുത്തുകിടക്കുന്ന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് ഫോറസ്റ്റ് ഉദ്യോഗസ്ഥർ തടസ്സം സൃഷ്ടിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാര്യം ബഹുമാനപ്പെട്ട അംഗം നേരത്തെ സൂചിപ്പിച്ചിരുന്നു. ഞങ്ങൾ അതിനെക്കുറിച്ച് ഒരു ചർച്ച നടത്തിയിരുന്നു. ഇതുമായി ബന്ധപ്പെട്ട് വനം വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രത്യേക യോഗം വിളിച്ച് ഈ പ്രശ്നം പരിഹരിക്കാനുള്ള നിലപാടുകൾ കൈക്കൊള്ളുന്നത് ആലോചനയിലുണ്ട്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ടൂറിസം പുനരുജ്ജീവന പരിപാടികൾ മന്ത്രി ഇവിടെ പ്രഖ്യാപിച്ചത് സ്വാഗതാർഹവും പ്രതീക്ഷാ നിർഭരവുമാണ്. ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ലക്ഷദ്വീപുമായി ബന്ധപ്പെട്ട പ്രമേയം അവതരിപ്പിച്ചപ്പോൾ കണ്ണൂരിലെ അറയ്ക്കൽ രാജകുടുംബത്തിന്റെ ചരിത്ര പശ്ചാത്തലം രേഖപ്പെടുത്തിയതാണ്. അത്രയേറെ ചരിത്ര പ്രാധാന്യവും ഭരണപരമായും സാംസ്കാരികമായും ബന്ധമുള്ളവരുമാണ് കണ്ണൂരിലെ അറയ്ക്കൽ രാജകുടുംബം. പുനരുജ്ജീവന പരിപാടിയുടെ ഭാഗമായി ഈ കേന്ദ്രത്തെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ബൃഹത്തായ പരിപാടിക്ക് രൂപം കൊടുക്കുവാൻ അങ്ങ് സന്നദ്ധമാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ സഭയിൽ ഏറെ അനുഭവ സമ്പത്തുള്ള ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച വിഷയം വളരെ പ്രസക്തമാണ്. അതിന്റെ പ്രാധാന്യം അതേ അർത്ഥത്തിൽത്തന്നെ ടൂറിസം വകുപ്പ് കാണുന്നുണ്ട്. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടുന്ന നിലയുണ്ടാകും.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, മന്ത്രിയായതിനുശേഷം നടന്ന ഒരു ഫോൺ-ഇൻ-പ്രോഗ്രാമിൽ അങ്ങ് പറഞ്ഞത്, 'എല്ലാ പഞ്ചായത്തുകളിലും ഒരു ടൂറിസം കേന്ദ്രം തുടങ്ങാൻ പോകുന്നു' എന്നാണ്. അതൊരു വലിയ കാര്യം തന്നെയാണ്. ഇപ്പോൾ നിരവധി ടൂറിസം കേന്ദ്രങ്ങൾ നിലവിലുണ്ട്. കേരളത്തിലെ ഏറ്റവും പ്രശസ്തമായ ഇക്കോ ടൂറിസം കേന്ദ്രമാണ് പെരുമ്പാവൂരിലെ പാണിയേലിപോര്. പക്ഷേ ഈ ടൂറിസം സെന്ററിലേയ്ക്ക് എത്തുവാൻ മികച്ച റോഡുകളില്ലെന്നുള്ളത് അപര്യാപ്തതയാണ്. നിലവിലുള്ള ടൂറിസം കേന്ദ്രങ്ങളിൽ മികവിനുവേണ്ടി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; അങ്ങ് പ്രഖ്യാപിച്ചതുപോലെ എല്ലാ പഞ്ചായത്തുകളിലും ടൂറിസം കേന്ദ്രം സാധ്യമാക്കാൻ വേണ്ട നടപടി കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇന്നത്തെ സാഹചര്യത്തിൽ ഡെസ്റ്റിനേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുകയെന്നത് പ്രധാനമാണ്. കേരളത്തിൽ ഇപ്പോൾ അറിയപ്പെടുന്ന ഡെസ്റ്റിനേഷനുകളുണ്ട്. പല കാരണങ്ങളാൽ അറിയപ്പെടാതെപോയ ഡെസ്റ്റിനേഷനുകളുമുണ്ട്. ഡെസ്റ്റിനേഷന്റെ കൺസെപ്റ്റ് ചർച്ച ചെയ്യപ്പെടേണ്ടതാണ്. അങ്ങനെ ചർച്ച ചെയ്യപ്പെടുമ്പോൾ കേരളത്തിന്റെ ഓരോ പ്രദേശങ്ങളിലും ഒരു ഡെസ്റ്റിനേഷൻ തീർച്ചയായും സാധ്യമാകാവുന്നതാണ്. തദ്ദേശസ്വയംഭരണം, ടൂറിസം വകുപ്പുകളോട് ഇതിനെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങയുടെ മണ്ഡലത്തിലെ ടൂറിസം സ്പോട്ടിന്റെ വിഷയം ഉൾപ്പെടെ പ്രത്യേകം പരിശോധിക്കാം.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പാവപ്പെട്ടവരുടെ ഊട്ടി എന്നറിയപ്പെടുന്ന നെല്ലിയാമ്പതിയിൽ പച്ചപ്പിന്റെ സൗന്ദര്യം ആസ്വദിക്കാനെത്തുന്ന ടൂറിസ്റ്റുകൾക്ക് താമസിക്കാനുള്ള സൗകര്യവും സ്വാദിഷ്ടമായ ഭക്ഷണവും കുട്ടികൾക്ക് ആഹ്ലാദകരമായി ഉല്ലസിക്കാൻ കഴിയുന്ന തരത്തിൽ അൻപത് കോടി രൂപയുടെ ടൂറിസം പദ്ധതിയാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അംഗീകരിച്ചത്. ആയതിൽ അഞ്ച് കോടി പതിമൂന്ന് ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഇക്കോഫ്രണ്ട്ലി ആണെങ്കിലും പലപ്പോഴും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലും മറ്റ് ഡിപ്പാർട്ടുമെന്റുകളിലുമുണ്ടാകുന്ന പ്രശ്നങ്ങൾ ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാക്കുന്നു. അതിനാൽ ടൂറിസം വകുപ്പ് നേതൃത്വം കൊടുത്ത് സംസ്ഥാന-ജില്ലാതലത്തിൽ സമിതികൾ രൂപീകരിച്ച് പ്രശ്നപരിഹാരത്തിനുള്ള സാധ്യത ഉപയോഗപ്പെടുത്താൻ കഴിയുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഈ സർക്കാരിന്റെ കാലത്തുള്ള ടൂറിസം മേഖലയിലെ ഓൺ ഗോയിംഗ് പദ്ധതികളുടെ നിലവിലെ സ്റ്റാറ്റസ് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് നിലപാടുകൾ കൈക്കൊണ്ട് മുന്നോട്ടുപോകും.

ശ്രീ. സണ്ണി ജോസഫ്: സർ, പ്രകൃതിഭംഗി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ഇക്കോ ടൂറിസത്തിനാണ് ഏറ്റവുമധികം വികസന സാധ്യതയുള്ളത്. കണ്ണൂരിന്റെ മലയോര മേഖലയായ ആറളം, ബാരാപോൾ പദ്ധതി പ്രദേശം, പഴശ്ശി പ്രോജക്ട് പ്രദേശം, കൊട്ടിയൂർ ഇതിനെയെല്ലാം കേന്ദ്രീകരിച്ചുകൊണ്ടുള്ള ഇക്കോടൂറിസം പദ്ധതിക്ക് പ്രത്യേക പരിഗണന നൽകുമോ; അത് ഗവൺമെന്റിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കോ ടൂറിസത്തെ അതിന്റേതായ പ്രാധാന്യത്തോടുകൂടി ഈ സർക്കാർ കാണുന്നുണ്ട്. ഇക്കോ ടൂറിസം സ്പോട്ടുകൾ എങ്ങനെ വികസിപ്പിച്ചെടുക്കാം എന്നത് സംബന്ധിച്ച് അതാത് കേന്ദ്രങ്ങളിൽ പ്രത്യേകം ചർച്ചചെയ്ത് ആലോചിക്കാവുന്നതാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ബേക്കൽകോട്ട പ്രധാനപ്പെട്ട ഇന്റർനാഷണൽ ടൂറിസ്റ്റ് സ്പോട്ടാണ്. ഇപ്പോൾ അതിന്റെ ഭരണച്ചുമതല ബി.ആർ.ഡി.സി. (ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ)-ക്കാണ്. ബി.ആർ.ഡി.സി.-യെ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ഇത് ബേക്കൽ ഇന്റർനാഷണൽ ടൂറിസ്റ്റ് കേന്ദ്രവും മറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ച് വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതി തയ്യാറാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബേക്കൽകോട്ട വടക്കേ മലബാറിലെ മാത്രമല്ല, കേരളത്തിലെതന്നെ പ്രധാന കേന്ദ്രമാണ്. അതുമായി ബന്ധപ്പെട്ട് ഇപ്പോഴുള്ള ചില വിഷയങ്ങൾ ബഹുമാനപ്പെട്ട അംഗവുമായി ചർച്ച ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ നേരിട്ടുവന്ന് യോഗം വിളിച്ചുചേർക്കുന്നത് ആലോചനയിലാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *92, ചോദ്യം നമ്പർ *98-മായി ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. എൻ. ഷംസുദ്ദീൻ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

## തുറമുഖങ്ങളുടെ വികസനം

3 (*92) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൻകിട തുറമുഖങ്ങളുടെ വികസനത്തിനായി മുൻ സർക്കാർ നടത്തിവന്നിരുന്ന ഇടപെടലുകളും പ്രവർത്തനങ്ങളും പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) വിഴിഞ്ഞം തുറമുഖത്ത് അന്താരാഷ്ട്ര കപ്പലുകൾക്ക് ക്രൂ ചേഞ്ച് നടപ്പിലാക്കുന്നതിനുവേണ്ടി മാരിടൈം ബോർഡ് വഴി നടപ്പിലാക്കിയിട്ടുള്ള പശ്ചാത്തല സാങ്കേതിക സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഫലമായി 2020-21 വർഷത്തിൽ മാത്രം വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചേഞ്ചിനുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയ അന്താരാഷ്ട്ര കപ്പലുകൾ എത്രയെന്നും അതുവഴി എത്ര തുക വകുപ്പിന് സമാഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) വിവിധ ചെറുകിട തുറമുഖങ്ങളുടെ നിലവിലെ പ്രവർത്തന പുരോഗതി വെളിപ്പെടുത്താമോ?

തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, (എ) സംസ്ഥാനത്തെ മേജർ പോർട്ട് (കൊച്ചി)-ന്റെ ഭരണം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. Non Major Ports (ചെറുകിട തുറമുഖം)-ന്റെ ഭരണ നിർവ്വഹണമാണ് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ളത്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ചാനൽ, ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് 105 മീറ്റർ നീളത്തിൽ മൾട്ടി പർപ്പസ് ബർത്ത് നിർമ്മിച്ചു. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ്/റെയിൽ കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിന് TEFR തയ്യാറാക്കുന്നതിന് Indian Port Rail Corporation Ltd (IPRCL) എന്ന കേന്ദ്ര ഏജൻസിയെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. വിഴിഞ്ഞത്ത്

രാജ്യാന്തര നിലവാരത്തിലുള്ള ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ നിർമ്മാണം പുരോഗമിക്കുന്നു. പാറ ലഭിക്കാനുള്ള ക്ഷാമമാണ് നിർമ്മാണത്തിനുള്ള പ്രധാന തടസ്സം. ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. കോവിഡ് മഹാമാരിയും പ്രവർത്തനത്തെ തടസ്സപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ, അഴീക്കലിൽ ആധുനിക നിലവാരത്തിലുള്ള അന്താരാഷ്ട്ര തുറമുഖം നിർമ്മിക്കുന്നതിന് ഒരു കമ്പനി രൂപീകരിച്ച് സാങ്കേതിക സാധ്യതാപഠനം നടത്തിവരുന്നു.

(ബി) 2020 ജൂലൈ 15-നാണ് വിഴിഞ്ഞത്ത് ക്രൂ ചേഞ്ച് ആരംഭിച്ചത്. തുടക്കത്തിൽ മത്സ്യബന്ധന യാനങ്ങൾ ഉപയോഗിച്ചായിരുന്നു കപ്പലിൽനിന്നും കരയിലേയ്ക്ക് ജീവനക്കാരെയും ക്രൂവിനേയും കൊണ്ടുവന്നിരുന്നത്. ഇതിലേയ്ക്കായി 3.2 കോടി രൂപ ചെലവിൽ കേരള മാരിടൈം ബോർഡ് ഒരു ടഗ്ഗ് വാങ്ങി ഉപയോഗിച്ചുവരുന്നു. 27 ലക്ഷം രൂപ ചെലവിൽ ഒരു ഫെസിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ വാർഫിന്റെ സുരക്ഷ ശക്തമാക്കുന്നതിലേയ്ക്കായി സെക്യൂരിറ്റി ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്.

(സി) 2020-21 കാലയളവിൽ വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചേഞ്ചിനായി 192 കപ്പലുകൾ എത്തിയിട്ടുണ്ട്. ഇതിൽനിന്നായി 2,12,75,919 രൂപ (രണ്ടു കോടി പന്ത്രണ്ട് ലക്ഷത്തി എഴുപത്തയ്യായിരത്തി തൊള്ളായിരത്തി പത്തൊമ്പത് രൂപ മാത്രം) സർക്കാരിന് വരുമാനമായി ലഭിച്ചു.

(ഡി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലം തുറമുഖത്ത് 105 മീറ്റർ നീളത്തിൽ മൾട്ടി പർപ്പസ് ബർത്ത് നിർമ്മിച്ചു. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഇത് സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധപ്പെടുത്തി തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് NATPAC നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇൻസെന്റീവ് സ്കീം അനുവദിച്ചിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് ഒരു പുതിയ വാർഫ് നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനം ചെന്നൈ IIT പൂർത്തിയാക്കിയിട്ടുണ്ട്. അതിനുള്ള DPR തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

4 (*98) ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. എ. കെ. എം. അഷ്റഫ്
ഡോ. എം. കെ. മുനീർ
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം കരാർ കാലയളവിൽ പൂർത്തിയാക്കാത്തതിന്റെ കാരണം സർക്കാർ തേടിയിട്ടുണ്ടോ;

(ബി) തുറമുഖ നിർമ്മാണം പൂർത്തിയാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, (എ & ബി) 2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ സമയബന്ധിതമായി തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് കഴിയാതെവന്ന സാഹചര്യത്തിൽ തുറമുഖത്തിന്റെ പ്രധാന ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. പുലിമുട്ടിന്റെ നിർമ്മാണം പൂർത്തിയാക്കാതെ ഡ്രഡ്ജിംഗ്, കണ്ടെയ്നർ ബർത്ത്, യാർഡ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയില്ല. കോവിഡ്-19 മഹാമാരിയെത്തുടർന്നുള്ള ലോക്ഡൗൺ നിയന്ത്രണങ്ങൾമൂലം പരിമിതമായ രീതിയിൽ മാത്രമേ ഇപ്പോൾ നിർമ്മാണം സാധ്യമാകുന്നുള്ളൂ. ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (NGT) 21-7-2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതിയ ക്വാറികൾ ആരംഭിക്കുന്നതിനും സാധിക്കാത്ത സാഹചര്യമാണുള്ളത്. ഈ പ്രശ്നങ്ങൾ പരിഹരിച്ച് ആവശ്യമായ പാറ ലഭ്യമാക്കുന്നതിന് വിവിധ തലങ്ങളിലുള്ള ചർച്ചകളിലൂടെ സർക്കാർ ശ്രമിച്ചുവരുന്നു.

(സി) ബഹുമാനപ്പെട്ട മുഖ്യമന്ത്രി, തുറമുഖ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറി എന്നിവർ വിഴിഞ്ഞം പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിവിധ സെക്രട്ടറിമാർ അംഗങ്ങളായ Project Implementation Committee-യും Empowered Committee-യും നിലവിലുണ്ട്.

സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്ടുകളെ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അഡീഷണൽ ചീഫ് സെക്രട്ടറി (Special Projects- Infrastructure) പദ്ധതിയുടെ പുരോഗതി ഓരോ മാസവും അവലോകനം ചെയ്തുവരുന്നു. ഇതു കൂടാതെ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് IAS കേഡറിലുള്ള ഒരു Special Project Director-നെയും നിയമിച്ചിട്ടുണ്ട്. പാറ ലഭിക്കുന്നതിനുള്ള പ്രയാസമാണ് നിർമ്മാണത്തെ തടസ്സപ്പെടുത്തുന്നത്. അത് പരിഹരിക്കുവാൻ വിവിധതലങ്ങളിൽ ചർച്ചകൾ നടത്തിവരികയാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ നാല് വൻകിട തുറമുഖങ്ങളും പതിനേഴോളം ചെറുകിട തുറമുഖങ്ങളുമുള്ള നമ്മുടെ സംസ്ഥാനത്ത് ഈ മേഖലയിലെ പുരോഗതിയെ മുൻനിർത്തി ശ്രദ്ധേയമായിട്ടുള്ള ഇടപെടലുകളാണ് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്ര ഗവൺമെന്റാണെങ്കിൽ ഇതരമേഖലകളിലെന്നപോലെ തുറമുഖ മേഖലയിലും ചെറുകിട തുറമുഖങ്ങളെ വിഴുങ്ങാനുള്ള നീക്കം ശക്തമാക്കുകയാണ്. മേജർ തുറമുഖങ്ങളുടെ ട്രസ്റ്റുകൾക്ക് പകരം അവയെ കമ്പനിയാക്കാനും സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള ചെറുകിട തുറമുഖങ്ങളെ ഏറ്റെടുക്കാനുമാണ് കേന്ദ്രം ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. നേരത്തെ തയ്യാറാക്കിയിട്ടുള്ള 'മേജർ പോർട്ട് അതോറിറ്റി ബില്ലി'നോടൊപ്പം ചെറുകിട പോർട്ടുകളെ കേന്ദ്രത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കുന്ന നിയമവുംകൂടി പാസ്സാക്കിയെടുക്കാനുള്ള ശ്രമമാണ് നരേന്ദ്ര മോദി സർക്കാരിന്റേത്. മേജർ തുറമുഖങ്ങളുടെ പോർട്ട് ട്രസ്റ്റുകൾ പിരിച്ചുവിടാനുള്ള അതോറിറ്റിയുടെ നീക്കം വമ്പിച്ച തൊഴിൽ സാധ്യതകൾകൂടി നിലനിൽക്കുന്ന കൊച്ചിയുൾപ്പെടെയുള്ള തുറമുഖങ്ങളുടെ കാര്യത്തിൽ ഉത്കണ്ഠയുളവാക്കുന്നതാണ്. കേരളത്തിലെ ചെറുകിട ഇടത്തരം തുറമുഖങ്ങളുടെയും മത്സ്യബന്ധന തുറമുഖങ്ങളുടെയും വികാസത്തിനായി ആവിഷ്കരിച്ച ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ കീഴിൽ കഴിഞ്ഞ നാല് വർഷക്കാലത്തിനിടയിൽ നിരവധി വികസന പ്രവർത്തനങ്ങളും പ്രധാന പദ്ധതികളുമാണ് വിഭാവന ചെയ്തിരുന്നത്. ഇതിൽ എത്രത്തോളം പദ്ധതികൾക്ക് പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന്റെ ഭാഗമായി ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ചാനൽ, ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ അഴീക്കലിൽ ആധുനിക നിലവാരത്തിലുള്ള അന്താരാഷ്ട്ര തുറമുഖം നിർമ്മിക്കുന്നതിന് ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് സാങ്കേതിക സാധ്യതാ പഠനം, വിശദമായ പദ്ധതി രേഖ, പാരിസ്ഥിതിക പഠനം എന്നിവ പൂർത്തിയാക്കുന്നതിന്

ടെക്നിക്കൽ കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ട്. അവർ ഇതിനാവശ്യമായ പഠനങ്ങൾ നടത്തിവരികയാണ്. ഈ വർഷം അവസാനത്തോടെ ആവശ്യമായ അനുമതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൊല്ലം തുറമുഖത്ത് 105 മീറ്റർ നീളത്തിൽ മൾട്ടി പർപ്പസ് ബർത്ത് നിർമ്മിച്ചു. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഇത് സർക്കാർതലത്തിൽ പരിശോധിച്ചുവരികയാണ്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ്/റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതിന് Techno Economic Feasibility Report (TEFR), Detailed Project Report (DPR) തയ്യാറാക്കുന്നതിന് ഇന്ത്യൻ പോർട്ട് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് (IPRCL) എന്ന കേന്ദ്ര ഏജൻസിയെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്തുനിന്ന് ലക്ഷദ്വീപിലേയ്ക്കും തിരിച്ചും ചരക്കുനീക്കം നടന്നുവരുന്നു. സംസ്ഥാനത്തെ അഴീക്കൽ, ബേപ്പൂർ, കൊല്ലം വിഴിഞ്ഞം തുടങ്ങിയ നാല് തുറമുഖങ്ങളിൽ തീരദേശ ചരക്ക് ഗതാഗതത്തിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ തുറമുഖങ്ങളിൽ റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീനുകൾ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് ഒരു മണൽ ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ മാരിടൈം ബോർഡിനെ ചുമതല പ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ ഭൂമി ഉപയോഗപ്പെടുത്തി തുറമുഖ വികസനം, ടൂറിസം, തുറമുഖാധിഷ്ഠിത വ്യവസായ വികസനം തുടങ്ങിയ മേഖലകളിൽ സ്വന്തമായോ പി.പി.പി. വ്യവസ്ഥയിലോ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കാൻ കേരള മാരിടൈം ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്. തീരദേശ ചരക്ക് ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂർ തയ്യാറാക്കി കപ്പൽ വഴിയുള്ള ചരക്ക് നീക്കം ആദായകരമാക്കാനും നിലവിലുള്ള ഇൻസെന്റീവ് സ്കീം പരിഷ്കരിച്ച് ആകർഷകമാക്കാനുമുള്ള പ്രൊപ്പോസൽ സമർപ്പിക്കാനും മാരിടൈം ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു പുതിയ തുറമുഖം നിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി Malabar International Port & SEZ Ltd. എന്ന കമ്പനി രൂപീകരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് M/s. Howe Engineering Projects India Pvt. Ltd എന്ന കമ്പനിയെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. അവർ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് (feasibility report) സർക്കാർ അംഗീകരിക്കുകയും ജിയോ ടെക്നിക്കൽ സ്റ്റഡീസ് നടത്തുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പഠനങ്ങൾ നടന്നുവരുന്നു. വിഴിഞ്ഞം തുറമുഖം അന്താരാഷ്ട്ര കപ്പൽ ചാനലിന് വളരെ അടുത്തായതുകൊണ്ട് ക്രൂ ചേഞ്ച് നടത്തുന്നതിനും വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും

ശ്രമിക്കുന്നുണ്ട്. ക്രൂ ചേഞ്ചിംഗിന് ആവശ്യമായ ടഗ്ഗുകൾ, താത്ക്കാലിക വിശ്രമ കേന്ദ്രം തുടങ്ങിയ സൗകര്യങ്ങൾ കേരള മാരിടൈം ബോർഡ് വിഴിഞ്ഞം തുറമുഖത്ത് ഒരുക്കിയിട്ടുണ്ട്. 2020 ജൂലൈ 15-നാണ് വിഴിഞ്ഞത്ത് ക്രൂ ചേഞ്ച് പ്രവൃത്തി ആരംഭിച്ചത്. കേരള മാരിടൈം ബോർഡിന്റെ ഉടമസ്ഥതയിലുള്ള 'ധ്വനി' എന്ന ടഗ്ഗ് ഉപയോഗിച്ചാണ് ക്രൂ ചേഞ്ച് നടത്തുന്നത്. 27 ലക്ഷം രൂപ ചെലവിൽ ഒരു ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ വാർഫിന്റെ സുരക്ഷ ശക്തമാക്കുന്നതിനായി സെക്യൂരിറ്റി ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. 2020-21 കാലയളവിൽ വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചേഞ്ചിനുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി 192 കപ്പലുകൾ തുറമുഖത്ത് എത്തി. ഇതിൽനിന്നായി രണ്ട് കോടി പന്ത്രണ്ട് ലക്ഷത്തി എഴുപത്തയ്യായിരത്തി തൊള്ളായിരത്തി പത്തൊൻപത് രൂപ സർക്കാരിന് വരുമാനമായി ലഭിച്ചു.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച മലബാറിലെ വികസനം മുൻനിർത്തിയുള്ള അഴീക്കൽ പോർട്ട് ലിമിറ്റഡിന്റെ പേരിൽ വിഭാവന ചെയ്ത കമ്പനിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും അത് എന്ന് പ്രവൃത്തിപഥത്തിൽ കൊണ്ടുവരാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: സർ, അതുസംബന്ധമായ റിപ്പോർട്ടുകൾ വരുന്നതിനനുസരിച്ച് വളരെ നേരത്തെ തന്നെ ചെയ്യണമെന്നാണ് ആഗ്രഹിക്കുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലെ വിവിധ തുറമുഖങ്ങളുടെ വികസനത്തിലും നിർമ്മാണത്തിലും വകുപ്പ് കൈവരിച്ച നേട്ടങ്ങൾ അഭിമാനകരമാണ്. കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളുടെ സമഗ്ര വികസനം ലക്ഷ്യംവച്ചുകൊണ്ട് ഒന്നാം പിണറായി ഗവൺമെന്റ് രൂപം നൽകിയ കേരള മാരിടൈം ബോർഡ് നടത്തിയ പരിശ്രമങ്ങൾ വളരെ ശ്രദ്ധേയമാണ്. ആ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. നമ്മുടെ സംസ്ഥാനത്തിന്റെയും തലസ്ഥാന ജില്ലയുടെയും ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് വിഴിഞ്ഞം തുറമുഖ പദ്ധതി. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കാൻ കമ്പനിക്ക് സാധിക്കാത്തതുമൂലം പുലിമുട്ട് നിർമ്മാണം വൈകുന്നു. പദ്ധതിയുടെ മറ്റുപ്രധാന ഘടകങ്ങളായ ഡ്രെഡ്ജിംഗ്, കടൽ നികത്തൽ, ബർത്ത് നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾക്ക് കാര്യമായ പുരോഗതി കൈവരിക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഏറെ പ്രയാസം അനുഭവിക്കുന്നതും ഉത്കണ്ഠാകുലരാകുന്നതും മത്സ്യത്തൊഴിലാളികളാണ്. മത്സ്യ തൊഴിലാളി കുടുംബങ്ങളെ വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കുന്നതിനായി

കുടിയൊഴിപ്പിക്കേണ്ടിവന്നിട്ടുണ്ടോ എന്നുള്ളതാണ് ഒരു ചോദ്യം; ഇതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധി നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്; ഇതിനായി എത്ര രൂപയാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്; ഇതുവരെ സർക്കാർ എത്ര രൂപ ചെലവഴിച്ചു; കാലവർഷം ആരംഭിക്കുമെന്ന് അറിയിപ്പ് ലഭിച്ച സാഹചര്യത്തിൽ പുലിമുട്ട് ഉൾപ്പെടെയുള്ള തുറമുഖ നിർമ്മാണ പ്രവൃത്തികൾക്ക് നാശനഷ്ടങ്ങളുണ്ടാകാതിരിക്കാൻ സാധ്യമായ മുൻകരുതലുകളെടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, 2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ സമയബന്ധിതമായി ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് കഴിയാതെവന്ന സാഹചര്യത്തിൽ തുറമുഖത്തിന്റെ പ്രധാന ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. പുലിമുട്ടിന്റെ നിർമ്മാണം പൂർത്തിയാക്കാതെ ഡ്രെഡ്ജിംഗ്, കണ്ടെയ്നർ ബർത്ത്, യാർഡ് എന്നിവയുടെ നിർമ്മാണം നടത്തുവാൻ കഴിയില്ല. കോവിഡ്-19 മഹാമാരിയെത്തുടർന്നുള്ള ലോക്ഡൗൺ നിയന്ത്രണങ്ങൾമൂലം പരിമിതമായ രീതിയിൽ മാത്രമേ ഇപ്പോൾ നിർമ്മാണം സാധ്യമാകുന്നുള്ളൂ. ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (NGT) 21-7-2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതിയ ക്വാറികൾ ആരംഭിക്കാനും സാധിക്കാത്ത സാഹചര്യമാണുള്ളത്. ഈ പ്രശ്നങ്ങൾ പരിഹരിച്ച് ആവശ്യമായ പാറ ലഭ്യമാക്കുന്നതിന് വിവിധ തലങ്ങളിലുള്ള ചർച്ചകളിലൂടെ സർക്കാർ ശ്രമിച്ചുവരുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖനിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നിർമ്മാണ പ്രവൃത്തി | നിർമ്മാണ പുരോഗതി/സ്ഥിതി |
|---|---|---|
| (1) | (2) | (3) |
| 1 | പുലിമുട്ട് | 810 മീറ്റർ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| | | അക്രോപോഡ് നിർമ്മാണം 10358 എണ്ണം പൂർത്തിയായിട്ടുണ്ട്. (50% പുരോഗതി) |

| (1) | (2) | (3) |
|---|---|---|
| 2 | ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 33% പൂർത്തിയായിട്ടുണ്ട്. |
| 3 | കണ്ടെയ്നർ ബർത്ത് | പൈലിംഗ്, ബീമുകൾ, സ്ലാബുകൾ എന്നിവയുടെ പ്രീകാസ്റ്റിംഗ് പണികൾ 100% പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | കണ്ടെയ്നർ യാർഡ് | യാർഡിനാവശ്യമായ പേവർ ബ്ലോക്കുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. |
| 5 | തുറമുഖത്തിനായുള്ള യന്ത്രോപകരണങ്ങൾ (ക്രെയിനുകൾ, ടഗ് ബോട്ടുകൾ തുടങ്ങിയവ) | കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിനുള്ള 8 ക്രെയിനുകളുടെ നിർമ്മാണത്തിനുള്ള കരാർ നൽകിയിട്ടുണ്ട്. നിർമ്മാണം പുരോഗമിക്കുകയാണ്. |
| | | 4 ടഗ് ബോട്ടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. |
| | | യാർഡ് ക്രെയിനുകളുടെ നിർമ്മാണത്തിനുള്ള കരാർ നൽകിയിട്ടുണ്ട്. |

പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള Project Implementation Committee (PIC), Empowered Committee (EC) തുടങ്ങിയ രണ്ട് കമ്മിറ്റികളും നിലവിലുണ്ട്. സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്ടുകളെ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള Additional Chief Secretary (Special Projects - Infrastructure) പദ്ധതിയുടെ പുരോഗതി ഓരോ മാസവും അവലോകനം ചെയ്തുവരുന്നു. ഇതുകൂടാതെ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് IAS കേഡറിലുള്ള ഒരു Special Project Director-നെയും നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണപുരോഗതി യഥാസമയം വിലയിരുത്തുന്നതിനായി കരാറിൽ നിഷ്കർഷിച്ചിട്ടുള്ളപ്രകാരം ഇൻഡിപെന്റന്റ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്.

പുനരധിവാസം: വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട ജീവനോപാധി പുനരധിവാസ പ്രവർത്തനങ്ങൾക്കായുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവരുടെ പുനരധിവാസത്തിനുമായി വിശദമായ പാക്കേജ് തയ്യാറാക്കുന്നതിന് തിരുവനന്തപുരം ജില്ലാ റവന്യൂ ഡിവിഷൻ ഓഫീസർ ചെയർമാനായും ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ദക്ഷിണ മേഖല) കൺവീനറായും സയന്റിസ്റ്റ് ആൻഡ് സയന്റിസ്റ്റ് ഇൻ ചാർജ്ജ്, സി.എം.എഫ്.ആർ.ഐ.; വിഴിഞ്ഞം ഡെപ്യൂട്ടി ഡയറക്ടർ, തുറമുഖ വകുപ്പ്; ജനറൽ മാനേജർ, മത്സ്യഫെഡ് എന്നിവർ അംഗങ്ങളുമായി ഒരു ഉപജീവനാഘാത നിർണ്ണയ സമിതിയും (Livelihood Impact Appraisal Committee - LIAC) ടി സമിതി തയ്യാറാക്കിയ റിപ്പോർട്ടിന്മേലുള്ള അപ്പീൽ അപേക്ഷകൾ പരിശോധിച്ച് തിരുവനന്തപുരം ജില്ലാ കളക്ടർ ചെയർമാനായും ഫിഷറീസ് ഡയറക്ടർ കൺവീനറായും പോർട്ട്സ് ഡയറക്ടർ, മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്; ഡയറക്ടർ, കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവർ അംഗങ്ങളുമായി മറ്റൊരു അപ്പീൽ സമിതിയും രൂപീകരിച്ചിരുന്നു. ടി അപ്പീൽ സമിതി ആവശ്യാനുസരണം യോഗം ചേർന്ന് ഉപജീവനാഘാതവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനമെടുത്തുവരുന്നു.

പദ്ധതി ബാധിതപ്രദേശങ്ങളിൽ ജീവനോപാധി നഷ്ടപരിഹാരമായി 94.14 കോടി രൂപ ഇതിനകംതന്നെ വിതരണം ചെയ്തുകഴിഞ്ഞു. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു :

- ചിപ്പി/ലോബ്സ്റ്റർ വിഭാഗത്തിൽ 262 പേർക്ക് 12.35 കോടി രൂപ വിതരണം ചെയ്തു.
- കരമടി മത്സ്യബന്ധന വിഭാഗത്തിൽ 900 പേർക്ക് 52.61 കോടി രൂപ വിതരണം ചെയ്തു.
- നിർമ്മാണ കാലയളവിൽ പദ്ധതി പ്രദേശം ചുറ്റി പോകേണ്ടതിനാൽ 1221 മത്സ്യത്തൊഴിലാളികൾക്ക് 23.02 കോടി രൂപയുടെ മണ്ണെണ്ണ വിതരണം ചെയ്യുന്നതിനായി മത്സ്യഫെഡിന് നൽകിയിട്ടുണ്ട്.
- റിസോർട്ട് തൊഴിലാളികളായ 211 പേർക്ക് 6.08 കോടി രൂപ വിതരണം ചെയ്തു.
- നാല് സ്വയം സഹായ സംഘങ്ങളിലെ 33 പേർക്ക് 0.08 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

നാളിതുവരെ ആകെ 2627 പദ്ധതി ബാധിതർക്ക് 94.14 കോടി രൂപ വിതരണം ചെയ്യുകയുണ്ടായി. ജീവനോപാധി നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ തീരുമാനമെടുത്തുകഴിഞ്ഞു. ശേഷിക്കുന്ന അപ്പീൽ അപേക്ഷകൾ പരിശോധിക്കുന്നതിനായി ഫിഷറീസ് വകുപ്പിനുകീഴിലുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ളവ പരിഹരിക്കുന്നതിന് IAS കേഡറിലുള്ള ഒരു Special Project Director-നെയും നിയമിച്ചിട്ടുണ്ട്.

ശ്രീ. എം. നൗഷാദ്: സർ, തുറമുഖങ്ങളുടെ വികസനകാര്യത്തിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ശ്രദ്ധേയമായ പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. അതിന്റെ ഭാഗമായി കൊല്ലം തുറമുഖവും വികസനകാര്യത്തിൽ വലിയ മുന്നേറ്റം നടത്തി. അവിടെ ഇൻഫ്രാസ്ട്രക്ചർ എല്ലാം പൂർത്തിയായി. ഇവിടെ സൂചിപ്പിച്ചതു പോലെ 105 മീറ്റർ നീളമുള്ള മൾട്ടി പർപ്പസ് ബർത്ത് ഉൾപ്പെടെ പൂർത്തീകരിച്ച് സജ്ജമാക്കിയിട്ടുണ്ട്. പക്ഷേ ആ തുറമുഖത്തിന്റെ വികസനത്തിന് ഇപ്പോൾ തടസ്സമായി നിൽക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം എമിഗ്രേഷൻ ക്ലിയറൻസിനുള്ള സംവിധാനമില്ല എന്നുള്ളതാണ്. അതിനുള്ള അനുമതി കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടില്ല. അത് ലഭ്യമാക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റ് കുറെയധികം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഈ വിഷയം വന്നിട്ടുണ്ടോ; എമിഗ്രേഷൻ ക്ലിയറൻസ് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള അടിയന്തര ഇടപെടൽ നടത്തുമോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, എമിഗ്രേഷൻ ക്ലിയറൻസുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൊല്ലത്തും ബേപ്പൂരും അഴീക്കലും ഉണ്ടായിട്ടുണ്ട്. അതുസംബന്ധമായി വളരെ പെട്ടെന്നുതന്നെ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഏജൻസികളുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളിൽ ഇത്തവണയുണ്ടായ രൂക്ഷമായ കടലാക്രമണത്തിന് കാരണം വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിലെ അശാസ്ത്രീയതയാണെന്ന് ചില വിദഗ്ദ്ധ സമിതികളുടെ റിപ്പോർട്ടുണ്ടെന്ന് പറഞ്ഞ് ഇന്ന് ചില വാർത്താചാനലുകളിൽ റിപ്പോർട്ട് കാണുന്നുണ്ട്. ഇത് സാധൂകരിക്കുന്നതാണ് ശംഖുമുഖം തീരത്തും മറ്റുമുണ്ടായ രൂക്ഷമായ കടലാക്രമണവും റോഡുകളുൾപ്പെടെ കടലെടുത്തിട്ടുള്ള സംഭവങ്ങളും. ഈ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നമ്മുടെ സ്വപ്നപദ്ധതിയായ വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാകേണ്ടത് 2019 ഡിസംബറിലായിരുന്നു. ഇപ്പോൾ രണ്ടുവർഷത്തോളമാകാൻ പോകുകയാണ്. ഇതിൽ പറയുന്നത് കരാർപ്രകാരം മൂന്നുമാസം പിഴയില്ലാതെയും തുടർന്ന് പിഴയോടുകൂടിയും പദ്ധതി പൂർത്തീകരിക്കാൻ അദാനി പോർട്ട് കമ്പനിക്ക് കഴിയുമെന്നാണ്. അദാനി കമ്പനിയിൽനിന്ന് വല്ല പിഴയും ഈടാക്കിയിട്ടുണ്ടോ, സർക്കാർ ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, വ്യക്തമായും കോൺട്രാക്ട് അനുസരിച്ചുള്ള കാര്യങ്ങളുമായി മുമ്പോട്ടുപോകും. വിശദമായ പഠനത്തിനുശേഷം പറയാം.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സാക്ഷരതാ പദ്ധതികൾ

5(*93) ശ്രീമതി കാനത്തിൽ ജമീല :

ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. പി. വി. ശ്രീനിജിൻ:

ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള സാക്ഷരതാ നിരക്ക് എത്രയാണെന്ന് അറിയിക്കാമോ?

2011-ലെ സെൻസസ് പ്രകാരം 93.91 ശതമാനമാണ് കേരളത്തിന്റെ സാക്ഷരതാ നിരക്ക്. നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ റിപ്പോർട്ട് പ്രകാരം സാക്ഷരതാ നിരക്ക് 93.91 ശതമാനത്തിൽനിന്നും 96.2 ശതമാനമായി വർദ്ധിച്ചിട്ടുണ്ട്.

(ബി) സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിന്റെ ഭാഗമായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടപ്പിലാക്കിവരുന്ന സാക്ഷരതാ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടികജാതി, പട്ടികവർഗ്ഗ, തീരദേശ മേഖലകൾക്ക് മുൻഗണന നൽകി ആവിഷ്കരിച്ചിട്ടുള്ള സാക്ഷരതാ പരിപാടികളുടെ വിശദാംശങ്ങൾ നൽകുമോ?

(ബി-ഡി) സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്കുപ്രകാരം കേരളത്തിൽ ഇപ്പോഴും 18 ലക്ഷത്തോളം നിരക്ഷരരുണ്ട്. ഇതിൽ കൂടുതലും ആദിവാസി, തീരദേശ മേഖലകളിലുള്ളവരാണ്. കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി കേരളത്തിലെ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗം, തീരദേശം, ഭാഷാ ന്യൂനപക്ഷ മേഖലകളിൽ പ്രത്യേകം ഊന്നൽ നൽകിക്കൊണ്ട് താഴെപ്പറയും പ്രകാരം പ്രത്യേക സാക്ഷരതാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

1. 'അക്ഷരലക്ഷം' സാക്ഷരതാ പദ്ധതി
2. 'സമഗ്ര'പദ്ധതി (ആദിവാസി മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതി)
3. 'നവചേതന' പദ്ധതി (പട്ടികജാതി മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതി)
4. വയനാട് പ്രത്യേക ആദിവാസി സാക്ഷരതാ പദ്ധതി.
5. അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി.
6. 2000 കോളനികളിലെ പ്രത്യേക സാക്ഷരതാ പരിപാടി (പട്ടികജാതി - പട്ടികവർഗ്ഗ, തീരദേശ മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതി)
7. 'അക്ഷരശ്രീ' സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി.
8. 'അക്ഷര സാഗരം' പദ്ധതി (തീരദേശ മേഖലകളിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രത്യേക സാക്ഷരതാ പദ്ധതി)
9. 'ചങ്ങാതി' പദ്ധതി (ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനുള്ള പ്രത്യേക സാക്ഷരതാ പദ്ധതി)
10. 'ആദിശ്രീ' പദ്ധതി (കണ്ണൂർ ജില്ലയിലെ ആറളം ഫാം ആദിവാസികൾക്കായുള്ള പ്രത്യേക സാക്ഷരതാ പദ്ധതി)
11. 'ജയിൽജ്യോതി' പദ്ധതി (നിരക്ഷരരായ ജയിൽ അന്തേവാസികൾക്കുള്ള പ്രത്യേക സാക്ഷരതാ പദ്ധതി)
12. പരിസ്ഥിതി സാക്ഷരതാ പദ്ധതി.
13. ഭരണഘടന സാക്ഷരതാ പദ്ധതി.

മേൽപ്പറഞ്ഞ പദ്ധതികളിൽ 'അക്ഷരലക്ഷം' എന്ന പദ്ധതി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. മറ്റ് പദ്ധതികൾ തുടർപദ്ധതികളാണ്. ഈ പദ്ധതികളിലൂടെ സാക്ഷരത കൈവരിച്ചവർക്ക് സാക്ഷരതാ മിഷൻ നടപ്പിലാക്കിവരുന്ന തുടർവിദ്യാഭ്യാസ പരിപാടിയായ തുല്യതാ വിദ്യാഭ്യാസവും നൽകിവരുന്നു.

## ഓൺലൈൻ വിദ്യാഭ്യാസം

6(*94) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. വാഴൂർ സോമൻ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷക്കാലം വിക്ടേഴ്സ് ചാനൽ മുഖേന നടന്ന വിദ്യാഭ്യാസ പരിപാടി എത്രത്തോളം ഫലപ്രദമായിരുന്നെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തലത്തിലുള്ള വിലയിരുത്തലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉണ്ട്; കോവിഡ് 19 കാലഘട്ടത്തിൽ നടന്ന ഡിജിറ്റൽ ക്ലാസ്സുകളുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി.-യും തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ സൈക്കോളജിക്കൽ റിസോഴ്സ് സെന്ററും ചേർന്ന് ഒരു പഠനം നടത്തിയിട്ടുണ്ട്. ഈ പഠനത്തിൽ ഡിജിറ്റൽ ക്ലാസ്സുകളുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ട്. കോവിഡ്-19 കാലഘട്ടം കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ അക്കാദമികവും മനോസാമൂഹികവുമായ അവസ്ഥ എന്ന പഠനമാണ് നടത്തിയത്. കോവിഡ്-19 സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കിയ പ്രത്യാഘാതങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ പഠനം വിഭാവനം ചെയ്യപ്പെട്ടത്. കോവിഡ് കാലത്ത് സ്കൂൾ വിദ്യാർത്ഥികളുടെയും കുടുംബാംഗങ്ങളുടെയും വിദ്യാഭ്യാസപരവും സാമൂഹികവും മാനസികാരോഗ്യ സംബന്ധിയുമായ അവസ്ഥകളാണ് പഠനത്തിന്റെ വിഷയം. കോവിഡ് മഹാമാരി സൃഷ്ടിക്കുന്ന വിദ്യാഭ്യാസപരവും മാനസികപരവുമായ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനുതകുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുക എന്നതാണ് പഠനത്തിന്റെ ഉദ്ദേശ്യം. കോവിഡ്-19-ന്റെ ഭീഷണി ഒഴിയാതെ നിൽക്കുന്ന നിലവിലെ സാഹചര്യത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസരംഗം കൈക്കൊള്ളേണ്ട നടപടികളും മുൻകരുതലുകളും കൈക്കൊള്ളാൻ ഈ ഗവേഷണത്തിന്റെ കണ്ടെത്തലുകൾ സഹായകമാകും. കേരളത്തിലെ 14 ജില്ലകളിൽനിന്നായി 85 സ്കൂളുകളിലെ 2829 കുട്ടികളുടെ വിവരങ്ങൾ ശേഖരിച്ചാണ് പഠനം നടത്തിയിട്ടുള്ളത്. കൂടാതെ 2466 രക്ഷിതാക്കൾ 412 അദ്ധ്യാപകർ, 176 സ്കൂൾ കൗൺസിലർമാർ, 53 സൗഹൃദ ക്ലബ് കോ-ഓർഡിനേറ്റർമാർ എന്നിവരിൽനിന്നും ഇതുസംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ട്. പരിശീലനം നേടിയ 42 ഫീൽഡ് ഇൻവെസ്റ്റിഗേറ്റർമാരെ ഉപയോഗപ്പെടുത്തിയാണ് വിവരശേഖരണം നടത്തിയത്. പ്രധാന ഗവേഷണ ഫലങ്ങൾ ചുവടെ ചേർക്കുന്നു :

1. വിക്ടേഴ്സ് ക്ലാസ്സുകളിലെ പങ്കാളിത്തം - എൽ.പി./യു.പി. വിദ്യാർത്ഥികൾ 97.38 ശതമാനം

2. ഹൈസ്കൂൾ/ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികളുടെ പങ്കാളിത്തം - 94.18 ശതമാനം

3. സ്വന്തം വീട്ടിലിരുന്ന് ക്ലാസ്സിൽ പങ്കെടുക്കുന്നവർ - 96.68 ശതമാനം

4. ക്ലാസ്സുകളിൽ പങ്കെടുക്കാൻ ബന്ധുവീടുകളെ ആശ്രയിക്കുന്നവർ - 2.23 ശതമാനം

5. പഠനകേന്ദ്രങ്ങളെ ആശ്രയിക്കുന്നവർ - 1 ശതമാനത്തിൽ താഴെ

6. സ്മാർട്ട് ഫോണിന്റെ ലഭ്യതക്കുറവുമൂലം ക്ലാസ്സുകൾ നഷ്ടമാകുന്നതിന്റെ തോത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ഇതര വിഭാഗങ്ങളെ അപേക്ഷിച്ച് കൂടുതലാണ്.

7. അദ്ധ്യാപകർ ഫോളോ അപ് ക്ലാസുകൾ എടുക്കുന്നതായി 95.62 ശതമാനം ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർത്ഥികൾ റിപ്പോർട്ട് ചെയ്യുന്നു. പ്രൈമറി ക്ലാസുകളിൽ ഇത് 89.4 ശതമാനമാണ്.

8. വിദ്യാർത്ഥികളുടെ മാനസികാരോഗ്യം സംബന്ധിച്ച ഫലത്തിൽ 23.44 ശതമാനം പേർക്ക് വിഷാദത്തിന്റെയും ഉത്കണ്ഠയുടെയും നേരിയ പ്രവണതയുള്ളതായി കാണുന്നു.

വിക്ടേഴ്സ് ചാനൽ മുഖേന സംപ്രേഷണം ചെയ്ത വിദ്യാഭ്യാസ പരിപാടികൾ ഓരോ ഘട്ടത്തിലും കൃത്യമായ വിലയിരുത്തലും അവലോകനവും നടത്തുകയും ലഭിക്കുന്ന റിപ്പോർട്ടുകളുടേയും ഫീഡ് ബാക്കിന്റേയും അടിസ്ഥാനത്തിൽ ക്ലാസ്സുകളും പരിപാടികളും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ അതത് കാലയളവിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഓരോ ക്ലാസ്സിലേയും കുട്ടികൾ ആർജ്ജിക്കേണ്ട ഭാഷാപരവും ഗണിതപരവുമായ അറിവുകൾ വിലയിരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ഡിജിറ്റൽ ക്ലാസ്സുകളിലൂടേയും അദ്ധ്യാപകർ നൽകിയ തുടർ പ്രവർത്തനങ്ങളിലൂടേയും കുട്ടികൾ ആർജ്ജിച്ച ഭാഷാപരവും ഗണിതപരവുമായ അറിവുകൾ വിലയിരുത്തിയിട്ടുണ്ട്. ഒന്ന് മുതൽ ഒൻപത് വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി പഠനനേട്ടങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തന കാർഡുകൾ തയ്യാറാക്കി പ്രിന്റ് ചെയ്ത് അദ്ധ്യാപകരുടെ സഹായത്തോടെ കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ

10, 12 ക്ലാസ്സുകൾക്കാവശ്യമായ പ്രവർത്തന കാർഡുകൾ ഓൺലൈനായി നൽകിയിട്ടുണ്ട്. ഈ പ്രവർത്തന കാർഡുകളും ഡിജിറ്റൽ ക്ലാസ്സുകളുടെ അടിസ്ഥാനത്തിൽ കുട്ടികൾ തയ്യാറാക്കിയ ഉൽപ്പന്നങ്ങളും വിലയിരുത്തി ആർജ്ജിക്കേണ്ട ശേഷികൾ വിലയിരുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസം കൂടുതൽ ഫലപ്രദമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

മുൻവർഷത്തെ അനുഭവങ്ങൾകൂടി പരിഗണിച്ചുകൊണ്ട് ഡിജിറ്റൽ വിദ്യാഭ്യാസവും ഓൺലൈൻ പഠനവും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കൈറ്റ് ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം ' ഫസ്റ്റ്ബെൽ' ഡിജിറ്റൽ ക്ലാസ്സുകൾ നടപ്പിലാക്കിയതിന്റെ അനുഭവംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ വർഷത്തെ ഡിജിറ്റൽ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തെപ്പോലെ ഈ വർഷവും ജൂൺ മാസം വിക്ടേഴ്സ് ചാനൽ മുഖേനയുള്ള ഡിജിറ്റൽ ക്ലാസ്സുകളുടെ സംപ്രേഷണമാണ് ഇപ്പോൾ നടത്തുന്നത്. അതത് അദ്ധ്യാപകർതന്നെ അവരവരുടെ വിദ്യാർത്ഥികളുമായി ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് (ഇന്റർനെറ്റ് സംവിധാനത്തിലൂടെ) നേരിട്ട് ആശയവിനിമയം നടത്തുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അതിനുമുമ്പ് ക്ലാസ് അദ്ധ്യാപകർ കുട്ടികളുമായി സംവദിച്ച് അവർക്കുള്ള സൗകര്യങ്ങൾ വിലയിരുത്തുന്നതിനും ആ ഘട്ടത്തിൽ സ്വന്തമായി ഇന്റർനെറ്റ് സൗകര്യമില്ലാത്ത കുട്ടികൾക്ക് സ്കൂളുകൾ ഉൾപ്പെടെയുള്ള പൊതു കേന്ദ്രങ്ങളിൽ അവസരം ഒരുക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ഘട്ടംഘട്ടമായാണ് ക്ലാസ്സുകൾ ഓൺലൈൻ രൂപത്തിലേയ്ക്കുകൂടി മാറുന്നത്. അതിനുമുമ്പ് കുട്ടികൾക്ക് സ്വന്തമായോ പൊതുവായ സംവിധാനങ്ങളോ ലഭ്യമാണെന്ന് ഉറപ്പാക്കും. ഓരോ ടീച്ചറിനും കുട്ടിക്കും പൊതു പ്ലാറ്റ്ഫോമിൽ സവിശേഷമായ ലോഗിൻ സംവിധാനത്തോടെ ഓൺലൈൻ ക്ലാസ്സുകൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഓൺലൈൻ ക്ലാസ്സുകൾ ശരിയായ അർത്ഥത്തിൽ പ്രാവർത്തികമാക്കുന്നതിനുമുമ്പ് വിദ്യാശ്രീ പദ്ധതിയിലൂടെയോ സാധ്യമായ മറ്റ് പദ്ധതികളിലൂടെയോ കുട്ടികൾക്ക് ലാപ്ടോപ് ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതാണ്. പ്രത്യേക സ്കീമിൽ ഇന്റർനെറ്റ് സൗകര്യം ഒരുക്കുന്നതിന് സേവന ദാതാക്കളുമായി ആലോചിച്ച് ക്രമീകരണം ഒരുക്കും. ഓൺലൈൻ ക്ലാസ്സുകൾ വ്യാപകമാക്കുന്നതിനുമുമ്പ് പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ക്ലാസ്സുകളിൽ നടപ്പിലാക്കി അവയുടെ ഫീഡ്ബാക്കിന് അനുസരിച്ചായിരിക്കും മറ്റ് ക്ലാസ്സുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ക്രമീകരണമൊരുക്കുന്നത്.

## വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ

7(*95) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയുടെ ആഘാതം കേരളത്തെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

രാജ്യത്ത് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ, അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ ഏറെയുള്ള കേരളത്തെയും വളരെയധികം ബാധിച്ചിട്ടുണ്ട്. കേരളത്തിൽ രണ്ട് കാലഘട്ടങ്ങളിലായുണ്ടായ പ്രളയം, കോവിഡ് മഹാമാരി എന്നിവ കാരണം സംഘടിത, അസംഘടിത മേഖലകളിൽ ധാരാളം തൊഴിൽനഷ്ടമുണ്ടായി. കൂടാതെ മറുനാട്ടിലും വിദേശരാജ്യങ്ങളിലും പണിയെടുത്തിരുന്ന ലക്ഷക്കണക്കിന് മലയാളികൾക്ക് കോവിഡ്-19 മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെടുകയും സ്വന്തം നാട്ടിലേയ്ക്ക് വരേണ്ട സാഹചര്യമുണ്ടാവുകയും ചെയ്തു. കോവിഡ് വ്യാപനം രൂക്ഷമാകുന്നതിന് തൊട്ടുമുൻപ് 2020 മാർച്ച് മാസം കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 34.24 ലക്ഷം ഉദ്യോഗാർത്ഥികളാണ് പേര് രജിസ്റ്റർ ചെയ്തിരുന്നത്. എന്നാൽ കോവിഡ് മഹാമാരി വന്നതിനുശേഷം 2021 മേയ് 31-ലെ കണക്കനുസരിച്ച് രജിസ്റ്റർ ചെയ്തവരുടെ എണ്ണം 37.71 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ കണക്കിന്റെ അടിസ്ഥാനത്തിൽ 2020 മാർച്ച് മാസത്തിൽ കേരളത്തിന്റെ ജനസംഖ്യയുടെ 10 ശതമാനമായിരുന്നു തൊഴിലില്ലായ്മ നിരക്ക്. എന്നാൽ കോവിഡ് മഹാമാരി വന്നതിനുശേഷമുള്ള 2020 മെയ് മാസത്തെ കണക്കനുസരിച്ച് പ്രസ്തുത തൊഴിലില്ലായ്മ നിരക്ക് 11 ശതമാനമായി വർദ്ധിച്ചിട്ടുള്ളതായി കാണുന്നു. ടി കണക്കുകളിൽനിന്നും രാജ്യത്തെ തൊഴിലില്ലായ്മയുടെ ആഘാതം കേരളത്തെയും ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്.

(ബി) കേരളത്തിലെ തൊഴിലില്ലായ്മയുടെ നിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോ; കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ തൊഴിലില്ലായ്മ അതിരൂക്ഷമായിട്ടുണ്ടോ; വിശദീകരിക്കുമോ?

കേരളത്തിലെ തൊഴിലില്ലായ്മയുടെ നിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ രൂക്ഷമാണെന്ന് കാണുന്നു. 2020 മാർച്ച് മാസത്തിൽ കേരളത്തിലെ ജനസംഖ്യയുടെ

10 ശതമാനമായിരുന്നു തൊഴിലില്ലായ്മ നിരക്ക്. എന്നാൽ കോവിഡ് മഹാമാരി രൂക്ഷമായതിനുശേഷമുള്ള 2021 മെയ് മാസത്തെ കണക്കുപ്രകാരം പ്രസ്തുത തൊഴിലില്ലായ്മ നിരക്ക് 11 ശതമാനമായി വർദ്ധിച്ചിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു. കേന്ദ്ര സർക്കാരിന് കീഴിലുള്ള Statistics & Programme Implementation മന്ത്രാലയത്തിന്റെ Periodic Labour Force Survey (PLFS) പ്രകാരം കോവിഡ് വ്യാപനം രൂക്ഷമാകുന്നതിനുമുൻപ് രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 9.1 ശതമാനവും കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 16.3 ശതമാനവുമായിരുന്നു. മഹാമാരി രൂക്ഷമായതിനുശേഷമുള്ള 2020 ജൂൺ മാസത്തെ കണക്കനുസരിച്ച് രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് 20.8 ശതമാനമായും കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 27.3 ശതമാനമായും ഉയർന്നതായി കാണുന്നു.

(സി) പ്രവാസികൾ വൻതോതിൽ തിരിച്ചുവരുന്നതുമൂലമുണ്ടാകുന്ന പ്രതിസന്ധി ഉൾപ്പെടെ പരിഹരിക്കുന്നതിന് പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുമോ; വിശദീകരിക്കുമോ?

കോവിഡ് ബാധയെത്തുടർന്ന് സംസ്ഥാനത്ത് തിരിച്ചെത്തിയ പ്രവാസികൾക്കായി പ്രത്യേക പാക്കേജ് ആവിഷ്കരിച്ചുവരുന്നു. കോവിഡ് 19-ന്റെ വ്യാപനത്തിൽ തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനും കേരളത്തിന്റെ സമഗ്ര വികസനത്തിനുമായി ക്രിയാത്മക നിർദ്ദേശങ്ങൾ പൊതുജനങ്ങളിൽനിന്നും തേടുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റി പൊതുജനങ്ങളിൽനിന്നും ലഭ്യമായ ആശയങ്ങളും പദ്ധതികളും പരിശോധിച്ചു വരുന്നു. തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളെയും തൊഴിൽ നൽകാൻ സന്നദ്ധരായ തൊഴിൽദാതാക്കളെയും പരസ്പരം ബന്ധിപ്പിക്കുന്നതിന് 'നോർക്ക' സ്കിൽ റിപ്പോസിറ്ററി പോർട്ടൽ ആരംഭിച്ചു. തൊഴിൽസാധ്യത ലഭ്യമാക്കാൻ ശ്രമിക്കുന്നതിനോടൊപ്പം നൈപുണ്യം മെച്ചപ്പെടുത്തി വിദേശത്ത് ലഭ്യമായ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിലും ശ്രദ്ധ ചെലുത്തുന്നു. കോവിഡ് ബാധമൂലം പ്രതിസന്ധി നേരിടുന്ന പ്രവാസി സമൂഹത്തിനെ സഹായിക്കുവാൻ നിലവിൽ ഇടക്കാല സമാശ്വാസ പദ്ധതിയായി 2020-21 സാമ്പത്തിക വർഷത്തിൽ 5000 രൂപ വീതം ധനസഹായം നൽകിയിരുന്നു. ഈ പദ്ധതിയിലേയ്ക്ക് അപേക്ഷിച്ച പ്രവാസികളിൽ നാളിതുവരെ 1,28,799 പ്രവാസികൾക്കായി ആകെ 63.3 കോടി രൂപ നൽകിയിട്ടുണ്ട്. ഇതുകൂടാതെ കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും പ്രവാസി ക്ഷേമനിധി ബോർഡിന്റെ അംഗത്വമുള്ളവർക്ക് പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10,000 രൂപവീതം ധനസഹായം അനുവദിച്ചിരുന്നു. പ്രസ്തുത ധനസഹായം നോർക്ക റൂട്ട്സ് മുഖേന 141 പേർക്കായി ആകെ 14.10 ലക്ഷം രൂപയും പ്രവാസി ക്ഷേമനിധി ബോർഡ് മുഖേന 490 പേർക്കായി ആകെ 49 ലക്ഷം രൂപയും നാളിതുവരെയായി നൽകിയിട്ടുണ്ട്.

ഇതുകൂടാതെ പ്രവാസികാര്യ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന പ്രവാസി സമാശ്വാസ പുനരുദ്ധാരണ പദ്ധതികളുടെ ഭാഗമായി താഴെ കാണുന്ന വാർഷിക പദ്ധതികൾ, പദ്ധതി വിഹിതങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് നടപ്പിലാക്കിവരുന്നു :

1. <u>സാന്ത്വന</u>:-

   തിരിച്ചുവരുന്ന പ്രവാസികൾക്കുവേണ്ടി നോർക്ക റൂട്ട്സ് നടപ്പിലാക്കിവരുന്ന സമാശ്വാസ പദ്ധതിയായ സാന്ത്വന പദ്ധതിയിൽ 2020-21 സാമ്പത്തിക വർഷത്തിലെ പദ്ധതി അടങ്കൽ തുകയായ 27 കോടി രൂപയിൽനിന്ന് നടപ്പു സാമ്പത്തിക വർഷത്തിൽ 30 കോടി രൂപയായി വർദ്ധിപ്പിച്ചു.

2. തിരിച്ചുവരുന്ന പ്രവാസികളുടെ സമഗ്ര പുനരധിവാസ പദ്ധതിയായ Norka Department Project for Return Emigrants (NDPREM) പദ്ധതിയുടെ പദ്ധതി വിഹിതം 2020-21 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള 18 കോടി രൂപയിൽനിന്ന് 24.4 കോടി രൂപയായി വർദ്ധിപ്പിച്ചു.

3. ഇതുകൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധിവാസ-പുനർ സംയോജന മേഖലയിൽ നടപ്പിലാക്കുന്ന നൂതന പദ്ധതിക്ക് മാത്രമായി 50 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

ഒഡെപെക് മുഖേനയുള്ള വിദേശ നിയമനത്തിന് വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികൾക്ക് മുൻഗണന നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇവർക്കായി പ്രത്യേക രജിസ്ട്രേഷൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ഒഡെപെക്കിന്റെ വിദേശ നിയമനങ്ങളിൽ ഭൂരിഭാഗവും നഴ്സുമാരുടെ ഒഴിവുകളിലേയ്ക്കാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരേണ്ട സാഹചര്യം ഈ വിഭാഗത്തിനുണ്ടായിട്ടില്ല. നിലവിൽ ഒഡെപെക് നടത്തിവരുന്നതും ഭാവിയിൽ ഉണ്ടാകുന്നതുമായ വിദേശ നിയമനങ്ങൾക്ക്, തൊഴിലുടമ ആവശ്യപ്പെടുന്ന യോഗ്യതകൾക്കനുസരിച്ച് വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികൾക്ക് മുൻഗണന നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പിൽ രൂപീകൃതമായിട്ടുള്ള എംപ്ലോയബിലിറ്റി സെന്ററുകളിൽ പ്രവാസികളായ തൊഴിലന്വേഷകർ ഉൾപ്പെടെയുള്ള ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലേതുൾപ്പെടെയുള്ള തൊഴിലവസരങ്ങൾക്കായി രജിസ്റ്റർ ചെയ്യാവുന്നതും അവരുടെ നൈപുണ്യങ്ങൾ വികസിപ്പിച്ച് അഭിരുചിക്കനുസൃതമായ തൊഴിലവസരങ്ങൾ പ്രാപ്തമാക്കുന്നതിന് തൊഴിൽ മേളകൾ ഉൾപ്പെടെ സംഘടിപ്പിച്ച് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതുമാണ്. കൂടാതെ വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ സ്വയംതൊഴിൽ പദ്ധതികളിലേയ്ക്ക് യോഗ്യരായ പ്രവാസികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

## തീരദേശ ഹൈവേ നിർമ്മാണം

8(*96) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന തീരദേശ ഹൈവേകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

സംസ്ഥാനത്തെ 9 ജില്ലകളിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15. കി.മീ. പ്രവൃത്തിയുടെ 46 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെതന്നെ താനൂർ-മുഹിയുദ്ദീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെയുള്ള 3.85 കി.മീ. പ്രവൃത്തിയുടെ 5 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) അടിക്കടിയുണ്ടാകുന്ന കടൽക്ഷോഭം ചെറുക്കാൻ കഴിയുന്ന സാങ്കേതിക വിദ്യയാണോ തീരദേശ ഹൈവേ നിർമ്മാണത്തിന് അവലംബിച്ചിരിക്കുന്നത്; വിശദമാക്കാമോ?

നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന തീരദേശ ഹൈവേയുടെ ഭാഗങ്ങളിൽ കടൽക്ഷോഭം ബാധിക്കുന്നില്ല. കടൽതീരത്തിന് അടുത്തുകൂടി കടന്നുപോകുന്ന ഇടങ്ങളിൽ കടൽക്ഷോഭം ചെറുക്കാനുള്ള സാങ്കേതികവിദ്യ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(സി) തീരദേശ ഹൈവേയുടെ ഭാഗമായി നിർമ്മാണത്തിലിരുന്ന ഏതെങ്കിലും റോഡുകൾ ഇതിനോടകം കടൽക്ഷോഭം കാരണം തകർന്നിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(ഡി) ഇതിനകം കിഫ്ബിയിൽ സമർപ്പിച്ച എത്ര റീച്ചുകൾക്ക് അംഗീകാരം ലഭിച്ചു; ഇതിൽ എത്ര കിലോമീറ്റർ റോഡിന്റെ പണി പൂർത്തിയായി; വിശദാംശം വെളിപ്പെടുത്താമോ?

ചുവടെപ്പറയുന്ന നാല് റീച്ചുകൾക്ക് സാമ്പത്തികാംഗീകാരം ലഭിച്ചു.

1. പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കി.മി. - 52.78 കോടി രൂപ

2. താനൂർ-മുഹിയുദ്ദീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെയുള്ള 3.85 കി.മി. - 26 കോടി രൂപ

3. കോഴിക്കോട് ജില്ലയിലെ കൊടിക്കൽ- കൊള്ളവി പാലം വരെയുള്ള 7.8 കി.മീ. - 64.4 കോടി രൂപ

4. കണ്ണൂർ ജില്ലയിലെ പാലക്കോട് മുതൽ കുന്നരുസിറ്റി വരെയുള്ള പാത- 4.6 കി.മീ. - 34.71 കോടി രൂപ

മേൽ സൂചിപ്പിച്ച 1, 2 റീച്ചുകളുടെ പ്രവൃത്തികൾ നിർമ്മാണ ഘട്ടത്തിലാണ്. 2, 3 റീച്ചുകളുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**വിഴിഞ്ഞം തുറമുഖ നിർമ്മാണം**

9(*97) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, തുറമുഖ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറി എന്നിവർ വിഴിഞ്ഞം പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ വിവിധ സെക്രട്ടറിമാർ അംഗങ്ങളായ പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും എംപവേർഡ് കമ്മിറ്റിയും നിലവിലുണ്ട്. സർക്കാരിന്റെ സ്പെഷ്യൽ പ്രോജക്ടുകളെ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള Additional Chief Secretary (Special Projects - Infrastructure) പദ്ധതിയുടെ പുരോഗതി ഓരോ മാസവും അവലോകനം ചെയ്തുവരുന്നു. ഇതുകൂടാതെ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നതിന് ഐ.എ.എസ്. കേഡറിലുള്ള ഒരു സ്പെഷ്യൽ പ്രോജക്ട് ഡയറക്ടറെയും നിയമിച്ചിട്ടുണ്ട്.

(ബി) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുവാനും പ്രസ്തുത തുറമുഖ നിർമ്മാണംമൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ഉപജീവനാഘാത നിർണ്ണയ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുത്തവരുടെ പുനരധിവാസം സർക്കാർ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണംമൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനായി ആർ.ഡി.ഒ. ചെയർമാനായ ഒരു ഉപജീവനാഘാത നിർണ്ണയസമിതി (Livelihood Impact Appraisal Committee- LIAC)-യും ഇതിന്മേലുള്ള അപ്പീലുകൾ പരിശോധിച്ച് സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായ അപ്പീൽ സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഇവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2627 ഗുണഭോക്താക്കൾക്ക് 94.14 കോടി രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. ചിപ്പി/ലോബ്സ്റ്റർ, കരമടി വിഭാഗങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കാണ് സഹായം അനുവദിച്ചിട്ടുള്ളത്. ഇതിൻമേലുള്ള ഏതാനും അപ്പീൽ അപേക്ഷകളാണ് ഇനി തീർപ്പാക്കാനുള്ളത്. ഇത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിനുകീഴിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനെ (PIU) ചുമതലപ്പെടുത്തിയിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന്, ഐ.എ.എസ്. കേഡറിലുള്ള സ്പെഷ്യൽ പ്രോജക്ട് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ, ഒരു മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(സി) സമീപകാലത്തുണ്ടായ രൂക്ഷമായ കടലാക്രമണം വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

2021 മേയ് 13-ന് കേരള തീരത്ത് ആഞ്ഞടിച്ച ടൗട്ടേ ചുഴലിക്കാറ്റ് മൂലമുണ്ടായ കടൽക്ഷോഭം വിഴിഞ്ഞം തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണത്തെ ബാധിച്ചിട്ടുണ്ടെന്നും പുലിമുട്ടിന്റെ Core Layer, താൽക്കാലിക സംരക്ഷണ ആവരണം തുടങ്ങിയവയ്ക്കായി നിക്ഷേപിച്ച വിവിധ വലിപ്പത്തിലുള്ള പാറകൾക്ക് സ്ഥാനഭ്രംശം സംഭവിച്ചിട്ടുണ്ടെന്നും തുറമുഖ നിർമ്മാണ കമ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുലിമുട്ടിന് സംഭവിച്ച കേടുപാടുകളുടെ യഥാർത്ഥ തോത് മനസ്സിലാക്കുന്നതിനുള്ള നടപടികൾ കരാർ കമ്പനി നടത്തിവരികയാണ്.

## വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുവാൻ നടപടി

10(*99) ശ്രീമതി ശാന്തകുമാരി കെ. :
ശ്രീ. പി. വി. അൻവർ:
ശ്രീ. എ. രാജ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച ഗ്രീൻ കാർപ്പറ്റ് പദ്ധതി കൂടുതൽ ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ?

തെരഞ്ഞെടുക്കപ്പെടുന്ന പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ഗ്രീൻ കാർപ്പറ്റ് പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിവരുന്ന ടൂറിസം പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കുമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന ടൂറിസം പദ്ധതികൾ താഴെ പറയുന്നു.

Setting up of three star beach resort at Muzhappilangad - ഈ പദ്ധതിക്ക് 45.60 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 39.42 കോടി രൂപയാണ് ഈ പദ്ധതിക്ക് ആദ്യഗഡുവായി കിഫ്ബി അനുവദിച്ചത്. മുഴപ്പിലങ്ങാട് ഡ്രൈവ് ഇൻ ബീച്ചുമായി ബന്ധപ്പെട്ട് 36 റൂമുകളുള്ള ലോകോത്തര റിസോർട്ടാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. കെട്ടിട നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. 'CRZ' ക്ലിയറൻസ് ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

ചെത്തി ബീച്ച് വികസനം - ഈ പദ്ധതിക്ക് 49.99 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 21.356 കോടി രൂപയാണ് ഈ പദ്ധതിക്ക് കിഫ്ബി അനുവദിച്ചത്. പദ്ധതി ടെണ്ടർ ചെയ്തു.

ആലപ്പുഴ ഹെറിറ്റേജ് പദ്ധതി - ഈ പദ്ധതിക്ക് 122.28 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 5 ഘട്ടങ്ങളായാണ് പദ്ധതി നടപ്പാക്കുന്നത്. ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ ഒന്നാം ഘട്ട പദ്ധതിക്ക് 17.19 കോടി രൂപയാണ് കിഫ്ബി ആദ്യഘട്ടമായി അനുവദിച്ചത്. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പ്രധാനമായും 13 ഘടകങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്.

പൂർത്തീകരിച്ചവ-ലിവിംഗ് കയർ മ്യൂസിയം (4 ഘടകങ്ങൾ), കൺസർവേഷൻ ഓഫ് സൗക്കർ മസ്ജിദ്

പുരോഗമിച്ചുകൊണ്ടിരിക്കുന്നവ - കൺസർവേഷൻ ഓഫ് മക്ക മസ്ജിദിന്റെ പ്രവൃത്തി 95% പൂർത്തീകരിച്ചു.

ടെണ്ടർ നടപടി - ശിവപാർവ്വതി ക്ഷേത്രം, ബാലകൃഷ്ണ ക്ഷേത്രം, ഹനുമാൻ ക്ഷേത്രം എന്നീ പദ്ധതികൾ ടെൻഡർ ചെയ്തു.

NOC ലഭിക്കാനുള്ളത്- നോർട്ടൺ ബംഗ്ലാവ്, എസ്.ഡി.വി. സ്കൂൾ, വില്യംഗുഡ് ഏക്കർ മ്യൂസിയം എന്നീ ഘടകങ്ങൾക്ക് ബന്ധപ്പെട്ട ഉടമകളിൽ നിന്നും NOC ലഭിച്ചിട്ടില്ല.

ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി 15.86 കോടി രൂപ കിഫ്ബി അനുവദിച്ചു. രണ്ടാം ഘട്ടത്തിൽ ആകെ 7 ഘടകങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്.

പൂർത്തീകരിച്ചവ - പോർട്ട് മ്യൂസിയം

ടെൻഡർ നടപടി - മാരിറ്റൈം സിഗ്നലിംഗ് മ്യൂസിയം എൻട്രൻസ് ബിൾഡിംഗ് പ്രീസ്റ്റ് ഹൗസ് ഗുജറാത്തി ഹെറിറ്റേജ് സെന്റർ

NOC ലഭിക്കാനുള്ളത് - ഗുജറാത്തി സ്കൂൾ കെ.സി. കരുണാകരൻ മ്യൂസിയം ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിനായി 13.39 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ ആകെ 5 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഘടകങ്ങൾ - ബീച്ച് സൈഡ് വികസനം – ആദ്യ സർവ്വേ പൂർത്തീകരിച്ചു. യാൺ മ്യൂസിയം (കയർഫെഡ്) – 80% പൂർത്തീകരിച്ചു. കൺസർവേഷൻ ഓഫ് ലിയോ സ്കൂൾ - 40% പൂർത്തീകരിച്ചു. ലെറ്റർ ഓഫ് അവാർഡ് നൽകേണ്ടവ - ഗാന്ധി മ്യൂസിയം (കയർഫെഡ്- മധുര കമ്പനി) മ്യൂസിയം ഓഫ് ലേബർ മൂവ്മെന്റ്. ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ നാലാം ഘട്ടത്തിനായി 15.26 കോടി രൂപ കിഫ്ബി അനുവദിച്ചു. സൂക്ഷ്മ പരിശോധനയ്ക്കായി എസ്റ്റിമേറ്റ് ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റിക്കുമുമ്പാകെ സമർപ്പിച്ചിരിക്കുകയാണ്. ആലപ്പുഴ ഹെറിറ്റേജ് പദ്ധതിയുടെ അഞ്ചാം ഘട്ടം കനാൽ വികസനത്തിനായി 14.38 കോടി രൂപ കിഫ്ബി അനുവദിച്ചു. പദ്ധതി ടെണ്ടർ ചെയ്തു.

റെജുവിനേഷൻ ഓഫ് ആക്കുളം ലേയ്ക്ക് & ഇറ്റ്സ് വാട്ടർഷെഡ് റീ ബിൾഡിംഗ് കേരള- ദി സസ്റ്റെയിനബിൾ വേ- ഈ പദ്ധതിക്ക് 185.23 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനത്തിനായി 64.13 കോടി രൂപ കിഫ്ബി അനുവദിച്ചു. DBOT

മാതൃകയിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ടെണ്ടർ ചെയ്യുകയും മൂന്ന് ഏജൻസികൾ ടെണ്ടറിൽ പങ്കെടുക്കുകയുമുണ്ടായി. ടെക്നിക്കൽ ഇവാല്യുവേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോംപ്രിഹെൻസീവ് ഡെവലപ്മെന്റ് ഓഫ് മുഴപ്പിലങ്ങാട് & ധർമ്മടം ഇൻ കണ്ണൂർ ഡിസ്ട്രിക് - ഈ പദ്ധതിക്കായി 233.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി 4 ക്യാരക്ടർ ഏരിയകളായി തരംതിരിച്ചാണ് നടപ്പാക്കുന്നത്. ഇതിൽ ഒന്നാം ക്യാരക്ടർ ഏരിയയ്ക്കുവേണ്ടി 52.541 കോടി രൂപ കിഫ്ബി അനുവദിച്ചു. സമുദ്ര പ്രതിരോധ മതിലിന്റെ ഘടനാപരമായ രൂപകല്പന, ഇ.ഐ.എ. പഠനം, മണ്ണ് പര്യവേക്ഷണം, അവശിഷ്ട പഠനം തുടങ്ങിയവ അന്തിമഘട്ടത്തിലാണ്.

തലശ്ശേരി ഹെറിറ്റേജ് പ്രോജക്ട് - ഈ പദ്ധതിക്കായി 145.541 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 40.95 കോടി രൂപ കിഫ്ബി അനുവദിച്ചു. ഈ പദ്ധതിയിൽ 14 ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

എഗ്രിമെന്റ് ചെയ്ത പ്രവൃത്തികൾ - ജഗന്നാഥ ക്ഷേത്രം പിൻഡാലി കളരി ഹൗസ് കൊട്ടിയൂർ ശിവ ക്ഷേത്രം – ടൂറിസ്റ്റ് അമിനിറ്റി സെന്റർ, ഇല്ലിക്കുന്ന് ചർച്ച്, ആണ്ടല്ലൂർ കാവ്.

സെലക്ഷൻ നോട്ടീസ് ഇഷ്യൂ ചെയ്തത് - ലോകനാർക്കാവ് ക്ഷേത്രം മാക്റേരി സുബ്രഹ്മണ്യസ്വാമി ക്ഷേത്രം.

ടെണ്ടർ ചെയ്ത പ്രവൃത്തികൾ - ഓടത്തിൽ മോസ്ക് & പാരീസ് ഹോട്ടൽ സ്ട്രീറ്റ് മുൻസിപ്പൽ സ്റ്റേഡിയം (THP ഓഫീസ്), തിരുവങ്ങാട് രാമസ്വാമി ക്ഷേത്രം, പഴശ്ശി പാലസ് (കോട്ടയം മലബാർ), കൊട്ടിയൂർ ശിവ ക്ഷേത്രം – സ്ട്രീറ്റ് സ്കേപ്പ്, തലശ്ശേരി മഹാദേവ ക്ഷേത്രം, തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രം, കക്കുളങ്ങര മോസ്ക്. ഈ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 37.212 കോടി രൂപ കിഫ്ബി അനുവദിച്ചു. പദ്ധതിയിൽ 14 ഘടകങ്ങളാണുള്ളത്.

ടെണ്ടർ പൂർത്തിയായവ - കതിരൂർ സൂര്യനാരായണ ക്ഷേത്രം, പനമരം ശ്രീതച്ചോളി മാണിക്കോത്ത് ക്ഷേത്രം, വടകര താഴെ അങ്ങാട് ശ്രീപെരളശ്ശേരി ക്ഷേത്രം.

ടെണ്ടർ ചെയ്യേണ്ട ഘടകങ്ങൾ - പഴശ്ശി കോവിലകം (മട്ടന്നൂർ) – (NOC ലഭ്യമാകണം), പുരളിമല ക്ഷേത്രം (മാലൂർ പുരളിമല ചിത്രപീഠം മുത്തപ്പൻ മഠപ്പുര), ശ്രീമൃദംഗ ശൈലേശ്വരി ക്ഷേത്രം, തുടിക്കലം ശിവക്ഷേത്രം, വള്ളിയൂർക്കാവ് സ്ട്രീറ്റ്സ്കേപ്പ്, വള്ളിയൂർക്കാവ് കൺവെൻഷൻ സെന്റർ, പഴശ്ശിരാജ സ്മൃതി മണ്ഡപം, ശ്രീ ചിറയ്ക്കകാവ് ഭഗവതി ക്ഷേത്രം, ശ്രീഊർപഴശ്ശിക്കാവ് ക്ഷേത്രം അറയ്ക്കൽക്കെട്ട് - (NOC ലഭ്യമാകണം).

(സി) യുവാക്കളായ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ സാഹസിക ടൂറിസത്തിന്റെ സാധ്യതയും പ്രാധാന്യവും തിരിച്ചറിഞ്ഞ് അതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികളാണ് സർക്കാർ കൈക്കൊള്ളുന്നത്. ഇതിനായി ടൂറിസം വകുപ്പിന്റെ കീഴിൽ ഒരു അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. സാഹസിക ടൂറിസം ആക്ടിവിറ്റികളിൽ പങ്കെടുക്കുന്നവർ കൂടുതലും യുവാക്കളായതിനാൽ അവരെ ആകർഷിക്കുന്ന രീതിയിലുള്ള നൂതന ആക്ടിവിറ്റികൾക്കാണ് മുൻഗണന നൽകുന്നത്. സ്വകാര്യ സംരംഭകരെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് പാരാസെയിലിംഗ്, പാരാഗ്ലൈഡിങ്, സ്കൂബ ഡൈവിങ് തുടങ്ങിയവ പ്രോത്സാഹിപ്പിച്ചുവരുന്നു. കോവളം, വർക്കല, ചെറായി, കാപ്പാട് തുടങ്ങിയ തീരദേശ മേഖലകളിൽ സാഹസിക ബീച്ച് ടൂറിസം ആക്ടിവിറ്റികൾ നടക്കുന്നുണ്ട്. വൈറ്റ് വാട്ടർ കയാക്കിങ്ങിന് സാധ്യതയുള്ള കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിൽ വൈറ്റ് വാട്ടർ കയാക്കിങ് മത്സരങ്ങൾ വർഷംതോറും നടന്നു വരുന്നു. ഇന്റർനാഷണൽ വൈറ്റ് വാട്ടർ കയാക്കിങ്ങിൽ യുവാക്കൾക്ക് പരിശീലനം നൽകുന്നതിനും ഈ ആക്ടിവിറ്റിയെ കൂടുതൽ ജനകീയവത്കരിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമായി 99.14 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വൈറ്റ് വാട്ടർ കയാക്കിംഗിന്റെ ഭാഗമായ തുഷാരഗിരിയിലെ വിവിധ പ്രദേശങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൗണ്ടൻ സൈക്ലിംഗ് ചെറുപ്പക്കാരെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന ഒരു സാഹസിക വിനോദ ആക്ടിവിറ്റിയാണ്. കേരളത്തിലെ മൗണ്ടൻ സൈക്ലിംഗിന്റെ അനന്തസാധ്യതകളെ ആഗോള തലത്തിൽ പ്രചരിപ്പിക്കുന്നതിനും ടൂറിസ്റ്റുകളെ ഈ ആക്ടിവിറ്റിയിലേയ്ക്ക് ആകർഷി ക്കുന്നതിനുംവേണ്ടി വർഷംതോറും ഇന്റർനാഷണൽ മൗണ്ടൻ ബൈക്കിംഗ് മത്സരം നടത്താറുണ്ട്. 'MTB Kerala' എന്ന പേരിൽ അറിയപ്പെടുന്ന ഈ മത്സരം സൈക്ലിംഗിന്റെ അന്താരാഷ്ട്ര സംഘടനയായ 'UCI' (യൂണിയൻ സൈക്കിളിംഗ് ഇന്റർനാഷണൽ)-യുടെ അംഗീകാരം ലഭിച്ച ഇന്ത്യയിലെ ഏക മൗണ്ടൻ സൈക്ലിങ് മത്സരമാണ്. സാഹസിക ടൂറിസം മേഖലയിൽ ചെറുപ്പക്കാരെ കൂടുതൽ ആകർഷിക്കുന്നതിനായി ഈ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വം ഉറപ്പുവരുത്തേ ണ്ടതുണ്ട്. ഈ മേഖലയിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി കേരളത്തിൽ ഏറ്റവും പ്രചാരത്തിലുള്ള സാഹസിക ടൂറിസം ആക്ടിവിറ്റികൾക്കായി " Adventure Tourism Safety Guidelines" വിനോദ സഞ്ചാര വകുപ്പ് ആവിഷ്കരിച്ചു. ഇതിനുപുറമെ സാഹസിക ടൂറിസം ഓപ്പറേറ്റേഴ്സിനായി ഒരു രജിസ്ട്രേഷൻ

സമ്പ്രദായവും ആവിഷ്കരിച്ചിട്ടുണ്ട്. സാഹസിക ടൂറിസം മേഖലയിലേയ്ക്ക് ചെറുപ്പക്കാരെ ആകർഷിക്കുന്നതിനായി അവർക്ക് വിദഗ്ധ പരിശീലനം നൽകേണ്ടതുണ്ട്. ഈ ലക്ഷ്യം മുന്നിൽക്കണ്ട് ഒരു " Adventure Tourism Academy" ആരംഭിക്കുന്നതിനുള്ള വിഷയം വിനോദസഞ്ചാര വകുപ്പ് പരിശോധിച്ചുവരുന്നു. കൂടാതെ, കേരളത്തിൽ സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) താഴെപ്പറയുന്ന ഹ്രസ്വകാല ഡിപ്ലോമ പ്രോഗ്രാം നടത്തുന്നതാണ്.

1. ഡിപ്ലോമ പ്രോഗ്രാം ഇൻ അഡ്വഞ്ചർ ടൂറിസം മാനേജ്മെന്റ് (6 മാസം)
2. സ്പെഷ്യാലിറ്റി സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഫ്ലോറാ & ഫോണാ
3. സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ സേഫ്റ്റി റിസ്ക് മാനേജ്മെന്റ്, ഫസ്റ്റ് എയ്ഡ് വൈൽഡർനെസ് ഫോറസ്റ്റ് റെസ്പോൺസ് (2 ആഴ്ച)
4. സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഇൻട്രൊഡക്ഷൻ ടു അഡ്വഞ്ചർ ടൂറിസം (2 ആഴ്ച)
5. സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ റിസ്ക് മാനേജ്മെന്റ്, ലയബിലിറ്റി & എൺവയോൺമെന്റ് ഇംപാക്ട് (2 ആഴ്ച).

ഇവ കൂടാതെ, വിവിധ പരിശീലന പരിപാടികളും സാഹസിക ടൂറിസവുമായി ബന്ധപ്പെട്ട് കിറ്റ്സ് ആസൂത്രണം ചെയ്തിട്ടുണ്ട്.

**വിനോദസഞ്ചാര മേഖലയുടെ വികസനം**

11(*100) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>:
<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി കെ.റ്റി.ഡി.സി. മുഖേന നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി കെ.ടി.ഡി.സി. മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ താഴെ വിവരിക്കുന്നു.

1. മാസ്കറ്റ് ഹോട്ടലിന്റെ 36 മുറികൾ നവീകരിക്കുകയും സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭിക്കുകയും ചെയ്തു.
2. ചൈത്രം ഹോട്ടലിന്റെ മുറികളും ലോബിയും മൊത്തമായി നവീകരിച്ചു.
3. വാട്ടർസ്കേപ്പ്സ് കുമരകത്തിന്റെ നവീകരണം 12.65 കോടി രൂപ മുടക്കി പൂർത്തിയാക്കി.
4. തേക്കടിയിൽ 120 പേരെ വീതം കയറ്റാവുന്ന രണ്ട് ബോട്ടുകൾ സർവ്വീസ് ആരംഭിച്ചു.
5. പൊന്മുടിയിൽ 320 ലക്ഷം രൂപയ്ക്ക് 15 കോട്ടേജുകൾ കമ്മിഷൻ ചെയ്തു.
6. കണ്ണൂരിലെ ടാമറിന്റ് ഈസി ഹോട്ടൽ 292 ലക്ഷം രൂപ മുടക്കി നവീകരിച്ചു.
7. മാസ്കറ്റ് ഹോട്ടലിന്റെ നവീകരണത്തിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അതിന്റെ പണി ആരംഭിക്കുകയും ചെയ്തു.
8. ആലപ്പുഴയിൽ 2 കോടി രൂപ മുതൽമുടക്കിൽ ടാമറിന്റ് ഈസി ഹോട്ടൽ നവീകരിച്ചു.
9. വേളിയിൽ പുതിയ ബോട്ടുകൾ വാങ്ങുകയും കമ്മീഷൻ ചെയ്യുകയും ചെയ്തു.
10. വേളിയിൽ ഫ്ലോട്ടിംഗ് റസ്റ്റാറന്റ് 70 ലക്ഷം രൂപ മുടക്കി നവീകരിച്ചു.
11. ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിൻപ്രകാരം അടച്ചുപൂട്ടിയ ബിയർ പാർലറുകൾക്ക് പകരം പുതിയ ബിയർ പാർലറുകൾ തുറന്നു.
12. കണ്ണൂരിലെ മുഴപ്പിലങ്ങാടിലും കോഴിക്കോട് ബീച്ചിലും സ്റ്റാർ ഹോട്ടലുകൾ തുടങ്ങാൻ തടസ്സമായിരുന്ന ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കി. ഉടനെതന്നെ സ്റ്റാർ ഹോട്ടലുകളുടെ പണി ആരംഭിക്കുന്നതാണ്. ഇതിന് കിഫ്ബിയിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
13. കെ.ടി.ഡി.സി.-യുടെ ചിരകാല ആവശ്യമായ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചു.
14. കെ.ടി.ഡി.സി.-യിലെ ഉദ്യോഗസ്ഥർക്ക് സമ്പൂർണ്ണമായ ട്രെയിനിംഗ് നൽകാനുള്ള നടപടികൾ ആരംഭിച്ചു.
15. 792 ലക്ഷം രൂപ മുടക്കി മൂന്നാറിലെ ടീ കൗണ്ടി റിസോർട്ട് നവീകരണം നടന്നുവരികയാണ്.

16. കൊല്ലത്തെ ടാമറിന്റ് ഈസി ഹോട്ടൽ 2.9 കോടി രൂപയ്ക്ക് നവീകരിക്കാൻ ഭരണാനുമതി നൽകി. പണി പുരോഗമിച്ചുവരുന്നു.

17. പീരുമേട് ടാമറിന്റ് ഈസി ഹോട്ടൽ 1.9 കോടി രൂപയ്ക്ക് നവീകരിക്കാൻ ഭരണാനുമതി നൽകി. പണി പുരോഗമിച്ചുവരുന്നു.

18. കന്യാകുമാരിയിൽ ഒരു സ്റ്റാർ ഹോട്ടലിന്റെ പണി പുരോഗമിക്കുന്നു.

19. കെ.ടി.ഡി.സി. ഹോട്ടലുകളുടെ വിപണനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനുമായി ചാനൽ മാനേജർ സോഫ്റ്റ്വെയർ ഏർപ്പെടുത്തി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇതുമൂലം നിരവധി അന്താരാഷ്ട്ര ഓൺലൈൻ ട്രാവൽ ഏജൻസികളുമായി മികച്ച ബന്ധം സ്ഥാപിക്കുന്നതിനും വ്യാപാര സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.

20. സാങ്കേതികവിദ്യയുടെ വളർച്ചയെത്തുടർന്ന് ഹോട്ടൽ ബിസിനസ്സിൽ ഓൺലൈൻ ട്രാവൽ ഏജൻസികളുടെ പങ്ക് വളരെ വലുതാണ്. ഇത്തരം മികച്ച സാധ്യതകൾ പ്രയോജനപ്പെടുത്താനായി പുതിയ ഓൺലൈൻ ട്രാവൽ ഏജൻസികളുമായി ബിസിനസ്സ് ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്.

21. കെ.ടി.ഡി.സി. ഹോട്ടലുകളുടെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനും പ്രചരണത്തിനുമായി സോഷ്യൽ മീഡിയയെ അനുയോജ്യമായ രീതിയിൽ ഉപയോഗപ്പെടുത്താൻ നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ബി) വിദേശ വിനോദസഞ്ചാരികളെ സംസ്ഥാനത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും കെ.ടി.ഡി.സി. പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; അറിയിക്കുമോ?

1. വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിലേയ്ക്കായി കേരളത്തിലെ വിവിധ തരത്തിലുള്ള ടൂറിസം ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനായി ടൂർ പാക്കേജുകൾ തയ്യാറാക്കിയിട്ടുണ്ട്.

2. ആയുർവേദ പാക്കേജുകൾ തയ്യാറാക്കിയിട്ടുണ്ട്.

3. വിദേശ ഓൺലൈൻ ട്രാവൽ ഏജൻസികളായ ബുക്കിംഗ്.കോം, അഗോഡ, എക്സ്പീഡിയ തുടങ്ങിയവയുമായി ബിസിനസ്സ് ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. തൽസമയ ബുക്കിംഗ് പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി ഒരു ചാനൽ മാനേജർ സോഫ്റ്റ്വെയർ സംവിധാനം ഒരുക്കിയിട്ടുണ്ട്.

4. വിദേശികൾക്ക് ഉതകുന്ന രീതിയിൽ മൂന്നാറിലെ ടീ കൗണ്ടി, ആലപ്പുഴയിലെ റിപ്പിൾ ലാൻഡ്, തിരുവനന്തപുരത്തെ മാസ്കറ്റ് ഹോട്ടൽ, ചൈത്രം ഹോട്ടൽ എന്നീ ഹോട്ടലുകൾ നവീകരിച്ചിട്ടുണ്ട്. കൂടാതെ പീരുമേട്ടിലെ ടാമറിന്റ് ഹോട്ടൽ, കൊല്ലത്തെ ടാമറിന്റ് ഹോട്ടൽ എന്നിവയുടെ നവീകരണങ്ങളും നടന്നുവരികയാണ്.

5. കോവിഡ് രണ്ടാംഘട്ടം തീരുന്നമുറയ്ക്ക് ട്രാവൽ മീറ്റുകളിലും മറ്റ് എക്സിബിഷനുകളിലും പങ്കെടുക്കാനും പദ്ധതിയുണ്ട്.

6. കോവിഡ് രണ്ടാംഘട്ടം തീരുന്നമുറയ്ക്ക് വിദേശ ടൂറിസ്റ്റുകളെ കൊണ്ടുവരുന്ന ഏജൻസികളുമായി ബിസിനസ്സ് ക്രമീകരണം ഉണ്ടാക്കുന്നതാണ്.

7. കെ.ടി.ഡി.സി.-യുടെ വെബ്സൈറ്റ് ഇംഗ്ലീഷിന് പുറമെ അറബി, ഫ്രഞ്ച്, സ്പാനിഷ് എന്നീ ഭാഷകളിലുംകൂടി രൂപീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തിന്റെ ടൂറിസം ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് കെ.ടി.ഡി.സി. എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

വിദേശ വിനോദ സഞ്ചാരികളെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കൂടുതലായി ആകർഷിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും കെ.ടി.ഡി.സി. താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വിദേശ ഓൺലൈൻ ട്രാവൽ ഏജൻസികളായ ബുക്കിംഗ്.കോം., അഗോഡ, എക്സ് പീഡിയ എന്നിവയിലൂടെയെല്ലാം പ്രചാരണവും വിൽപ്പനയും നടത്തുന്നുണ്ട്. ഓൺലൈൻ ട്രാവൽ ഏജൻസികളുടെ ബുക്കിംഗ് തൽസമയം എടുക്കുന്നതിന് ചാനൽ മാനേജർ സോഫ്റ്റ്വെയർ സംവിധാനം ഏർപ്പെടുത്തി. നമ്മുടെ രാജ്യത്തിനകത്തും വിദേശത്തും നടത്തുന്ന പ്രമുഖ ടൂറിസം മേളകളിൽ കെ.ടി.ഡി.സി. പങ്കെടുക്കാറുണ്ട്. ഇതുവഴി മികച്ച ടൂർ ഓപ്പറേറ്റർമാർ/ട്രാവൽ ഏജൻസികൾ/ കോർപ്പറേറ്റുകൾ/ സാധ്യതയുള്ള സഞ്ചാരികൾ തുടങ്ങിയവരുമായി നേരിട്ട് പ്രചാരണം നടത്തുവാനും അതുവഴി വിദേശത്ത് കെ.ടി.ഡി.സി.-യുടെ പേര് വ്യാപിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

## ടൂറിസം മേഖലയിലെ കോഴ്സുകൾ

12(*101) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലെ മാനവവിഭവശേഷി വികസിപ്പിക്കുന്നതിനായി മുൻസർക്കാർ നടത്തിവന്നിരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലെ മാനവവിഭവശേഷി വികസിപ്പിക്കുന്നതിനായി മുൻസർക്കാർ വിനോദസഞ്ചാര വകുപ്പിനുകീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്), ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് (എഫ്.സി.ഐ.), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം.) തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. ആയവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

കിറ്റ്സിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുവാൻ തീരുമാനിച്ചു. ആയതിന്റെ ഭാഗമായി പഠന പരിശീലന പരിപാടികളോടൊപ്പം ഗവേഷണവും കൺസൾട്ടൻസിയും ശക്തിപ്പെടുത്തുവാനും ടൂറിസം തൊഴിൽ മേഖല ലക്ഷ്യമിട്ട് ഹ്രസ്വകാല ഡിപ്ലോമ പ്രോഗ്രാമുകൾ ആരംഭിക്കുവാനും തീരുമാനിച്ചു. ഇതിൻപ്രകാരം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിലെ മാനവവിഭവശേഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി കിറ്റ്സ് നടത്തിവരുന്ന പദ്ധതികൾ ഇവയാണ്.

(i) കേരള യൂണിവേഴ്സിറ്റിയുടേയും ആൾ ഇന്ത്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവത്സര എം.ബി.എ. കോഴ്സ്, കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരത്തോടെ നടത്തുന്ന ബി.കോം/ബി.ബി.എ. കോഴ്സുകൾ, അയാട്ട കോഴ്സുകൾ, ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻ, ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻസ് ഇൻ ടൂറിസം എന്നീ ഹ്രസ്വകാല ഡിപ്ലോമ പ്രോഗ്രാമുകൾ, പരിശീലന പരിപാടികൾ തുടങ്ങിയവ.

(ii) സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വിവിധ പരിശീലന പരിപാടികളും പ്രോജക്ടുകളും കിറ്റ്സിന്റെ റെഗുലർ കോഴ്സുകൾക്കു പുറമേ കിറ്റ്സ് നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാരിന്റെ Hunar Se Rozgar Tak പദ്ധതിയുടെ ഭാഗമായി കിറ്റ്സ് നടത്തിവരുന്ന Food Production, Food and Beverage Service, House-Keeping, Multi-Cuisine Cook, Front Office Associate എന്നീ പദ്ധതികളിലും Tourism Awareness Programme, Entrepreneurship Programme, Destinations Based Skill Development Programme എന്നീ പരിശീലന പദ്ധതികൾ വിജയകരമായി പൂർത്തിയാക്കിയവർക്ക് ടൂറിസം മേഖലയിൽ നേരിട്ടോ അല്ലെങ്കിൽ സ്വയം സംരംഭകരായോ പ്രവർത്തിക്കുവാനുള്ള അവസരം ലഭിച്ചിട്ടുണ്ട്.

(iii) ഗൈഡുകളുടെ ദൗർലഭ്യം കണക്കിലെടുത്ത് വിനോദസഞ്ചാര വകുപ്പിന്റെ സഹായത്തോടുകൂടി സംസ്ഥാനതല/പ്രാദേശികതല ഗൈഡ് പരിശീലനം, കിറ്റ്സ്, 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി നടത്തുകയുണ്ടായി. ഈ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ 49 സംസ്ഥാനതല ഗൈഡുകൾക്കും 114 പ്രാദേശികതല ഗൈഡുകൾക്കും വിനോദസഞ്ചാര വകുപ്പിന്റെ ലൈസൻസ് ലഭ്യമായിട്ടുണ്ട്.

(iv) വിനോദസഞ്ചാര മേഖലയിൽ സേവനമനുഷ്ഠിക്കുന്ന വിനോദസഞ്ചാര വകുപ്പ് തെരഞ്ഞെടുത്ത 50 ഇൻഫർമേഷൻ അസിസ്റ്റന്റ് ട്രെയിനിമാർക്ക് 2019 ജൂലൈ മാസം 5 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനം നൽകുകയുണ്ടായി.

(v) സംസ്ഥാന സർക്കാരിന്റെ പബ്ലിക് റിലേഷൻസ് വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന ഡ്രൈവർമാർക്ക് പെരുമാറ്റ രീതി, ഓഫീസിലെ ജോലി സംസ്കാരം, ആശയവിനിമയ രീതികൾ, വ്യക്തികളുമായുള്ള ഇടപെടൽ, വാഹന പരിപാലനം, റോഡ് സുരക്ഷ, ട്രാഫിക് നിയമം എന്നിവയെക്കുറിച്ച് ഒരു പരിശീലന പദ്ധതി ഫെബ്രുവരി 2021-ൽ നടത്തുകയുണ്ടായി.

(vi) കേരളത്തിൽ സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കിറ്റ്സ് 2 ആഴ്ച മുതൽ 7 ആഴ്ച വരെ ദൈർഘ്യമുള്ള ഹ്രസ്വകാല ഡിപ്ലോമ പ്രോഗ്രാം നടത്തുവാൻ ഉദ്ദേശിക്കുന്നു. വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള ഗവൺമെന്റ് ഗസ്റ്റ് ഹൗസ്, യാത്രി നിവാസ് തുടങ്ങിയവയിൽ വിവിധ തസ്തികകളിൽ ജോലി

ചെയ്തുവന്ന ജീവനക്കാർക്ക് മാനവവിഭവ ശേഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് വഴി പരിശീലനം നൽകി. വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 13 ശാഖകളിൽ നടത്തുന്ന വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകൾവഴി വർഷാവർഷം 1600-ൽപ്പരം വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകി ഹോസ്പിറ്റാലിറ്റി മേഖലകളിൽ ജോലിക്ക് പ്രാപ്തരാക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകൾക്ക് കെട്ടിടം പണി പൂർത്തീകരിക്കുന്നമുറയ്ക്ക് കോഴ്സുകളുടെയും നിലവിലുള്ള സീറ്റുകളുടെയും എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുവാൻ സാധിക്കുന്നതാണ്. കൂടാതെ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (എസ്.ഐ.എച്ച്.എം.) Bsc Hospitality and Hotel Administration Degree Course, കൂടാതെ വിവിധ ഡിപ്ലോമ കോഴ്സുകളും നടത്തിവരുന്നു.

(ബി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) വഴി നടത്തിവരുന്ന കോഴ്സുകളെ സംബന്ധിച്ചും അതുവഴിയുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്നും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കിറ്റ്സ് നടത്തുന്ന കോഴ്സുകൾകൊണ്ട് ഒട്ടനവധി വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. കിറ്റ്സ് നടത്തിവരുന്ന കോഴ്സുകൾ താഴെ പറയുന്നവയാണ് :

1. എം.ബി.എ. (ട്രാവൽ & ടൂറിസം)

2. ബി.ബി.എ (ടൂറിസം മാനേജ്മെന്റ്)

3. ബി.കോം (ട്രാവൽ & ടൂറിസം)

കേരള സർവ്വകലാശാലയുടേയും എ.ഐ.സി.റ്റി.ഇ-യുടേയും അംഗീകാരത്തോടെ നടത്തുന്ന രണ്ടുവർഷത്തെ കോഴ്സാണ് എം.ബി.എ. കേരള സർവ്വകലാശാലയുടെ അംഗീകാരത്തോടെ നടത്തുന്ന മൂന്നുവർഷത്തെ ഡിഗ്രി കോഴ്സുകളാണ് ബി.ബി.എ., ബി.കോം. എന്നിവ. കിറ്റ്സ് അയാട്ടയുടെ (International Air Transport Association - IATA) ഓതറൈസ്ഡ് ട്രെയിനിംഗ് സെന്ററാണ്. താഴെ പറയുന്ന അയാട്ട കോഴ്സുകൾ കിറ്റ്സ് നടത്തി വരുന്നു :

1. ഫൗണ്ടേഷൻ ഇൻ ട്രാവൽ ആൻഡ് ടൂറിസം വിത് അമേഡിയസ്

2. എയർപോർട്ട് ഓപ്പറേഷൻസ്

ഇവ കൂടാതെ ഹ്രസ്വകാല ഡിപ്ലോമ പ്രോഗ്രാമായ ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻസ്, ഡിപ്ലോമ ഇൻ ലോജിസ്റ്റിക് മാനേജ്മെന്റ്, പി.ജി. ഡിപ്ലോമ ഇൻ ടൂറിസം & ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ പ്രോഗ്രാമുകൾ കിറ്റ്സ് നടത്തിവരുന്നു. ഹ്രസ്വകാല ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻസ് ഇൻ ടൂറിസം എന്ന പ്രോഗ്രാമിന് ഡിഗ്രിയാണ് അടിസ്ഥാന യോഗ്യത. ഡിപ്ലോമ കോഴ്സുകളായ ലോജിസ്റ്റിക് മാനേജ്മെന്റ് എയർപോർട്ട് ഓപ്പറേഷൻസ് എന്നീ കോഴ്സുകൾക്ക് +2 ആണ് അടിസ്ഥാന യോഗ്യത. ഫ്രഞ്ച്, ജർമൻ എന്നീ വിദേശ ഭാഷകളും പഠിക്കുവാനുള്ള അവസരം എം.ബി.എ. കോഴ്സുകളിലൂടെ ലഭിക്കുന്നുണ്ട്. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എം.ബി.എ., ബി.ബി.എ. വിദ്യാർത്ഥികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചിട്ടുണ്ട്. കൂടാതെ 2018, 2019 വർഷങ്ങളിലെ കിറ്റ്സിലെ ബി.ബി.എ. കോഴ്സിലെ വിദ്യാർത്ഥികൾ കേരള യൂണിവേഴ്സിറ്റിയുടെ ഒന്നാം റാങ്ക് കരസ്ഥമാക്കിയിട്ടുണ്ട്. സ്കിൽ ഡിപ്ലോമ പ്രോഗ്രാം പാസ്സായ വിദ്യാർത്ഥികൾക്കും വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭ്യമായിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പഠനത്തിന്റെ ഭാഗമായി ടൂറിസം രംഗത്തെ മികച്ച സ്ഥാപനങ്ങളിൽ പരിശീലനവും നൽകിവരുന്നു. ഇതുകൂടാതെ കേരള ടൂറിസം നടത്തിവരുന്ന പരിപാടികളിൽ കിറ്റ്സിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ ഇവന്റ് മാനേജ്മെന്റിനായി പങ്കെടുപ്പിക്കാറുണ്ട്. ഓൾ ഇന്ത്യാ ടൂറിസം മിനിസ്റ്റേഴ്സ് കോൺക്ലേവിലും ദക്ഷിണേന്ത്യയിലെ ദേവസ്വം വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിലും ലോക കേരള സഭാ സമ്മേളനത്തിലും ടൂറിസം സെക്രട്ടറിമാരുടെ സമ്മേളനത്തിലും കിറ്റ്സിലെ വിദ്യാർത്ഥികൾ ആതിഥേയത്വം വഹിച്ചിട്ടുണ്ട്.

(സി) കിറ്റ്സിന്റെ കോഴ്സുകളിൽ കൂടുതൽപേർക്ക് പ്രവേശനം ലഭിക്കുന്നതിനു വേണ്ടി ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത സ്ഥാപനങ്ങൾവഴി ഓഫ് ക്യാമ്പസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കിറ്റ്സിലെ റെഗുലർ കോഴ്സുകൾക്കുപുറമേ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം കിറ്റ്സിന് സ്റ്റഡി സെന്ററുകളില്ലാത്ത ജില്ലകളിൽ ഓതറൈസ്ഡ് ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നൂതന മോഡൽ കിറ്റ്സിന്റെ 50-ാം എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരത്തോടെ ഫെബ്രുവരി 2021 മുതൽ നടപ്പിലാക്കിവരുന്നു. കൊല്ലത്ത് പ്രവർത്തിക്കുന്ന TKM ഗ്രൂപ്പിന്റെ ഭാഗമായ TKM International Centre for Training and Placement ആണ് ആദ്യത്തെ ഓതറൈസ്ഡ് ട്രെയിനിംഗ് സെന്റർ. ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത സ്ഥാപനങ്ങൾവഴി ഓഫ് ക്യാമ്പസുകൾകൂടി ആരംഭിക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

(ഡി) കൂടുതൽ യുവജനങ്ങൾക്ക് അവസരമൊരുക്കുന്നതിനായി പ്രസ്തുത മേഖലകളുമായി ബന്ധപ്പെട്ട് സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഡിപ്ലോമ-ഡിഗ്രി കോഴ്സുകൾ എന്നിവ ആരംഭിക്കുന്നതിനാവശ്യമായ നിയമനിർമ്മാണമടക്കമുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വെളിപ്പെടുത്താമോ?

നിലവിലുള്ള റെഗുലർ കോഴ്സുകൾക്കുപുറമേ, കോവിഡ് പശ്ചാത്തലത്തിൽ കിറ്റ്സ് പുതിയ ഓൺലൈൻ ഹ്രസ്വകാല ഡിപ്ലോമ പ്രോഗ്രാമുകളും ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നിവിടങ്ങളിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുവാനുള്ള സാധ്യത പരിശോധിക്കുന്നതാണ്. ട്രാവൽ & ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് സർട്ടിഫിക്കറ്റ് കോഴ്സുകൾ, ഡിപ്ലോമ-ഡിഗ്രി കോഴ്സുകൾ എന്നിവ ആരംഭിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ഓൺലൈൻ ക്ലാസ്സുകൾ

13(*102) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗവ്യാപനംമൂലം സ്കൂളുകളിൽ നേരിട്ടെത്തിയുള്ള പഠനം സാധിക്കാതിരിക്കുന്ന സാഹചര്യത്തിൽ ഓൺലൈൻ ക്ലാസ്സുകൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

കഴിഞ്ഞ വർഷം 'ഫസ്റ്റ്ബെൽ' ഡിജിറ്റൽ ക്ലാസ്സുകൾ നടപ്പിലാക്കിയതിന്റെ അനുഭവംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ വർഷത്തെ ഡിജിറ്റൽ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തെപ്പോലെ ഈവർഷവും ജൂൺ മാസം വിക്ടേഴ്സ് ചാനൽ മുഖേനയുള്ള ഡിജിറ്റൽ ക്ലാസ്സുകളുടെ സംപ്രേഷണമാണ് ഇപ്പോൾ നടത്തുന്നത്. അതത് അദ്ധ്യാപകർതന്നെ അവരവരുടെ വിദ്യാർത്ഥികളുമായി ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് (ഇന്റർനെറ്റ് സംവിധാനത്തിലൂടെ) നേരിട്ട് ആശയവിനിമയം നടത്തുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അതിനുമുമ്പ് ക്ലാസ്സദ്ധ്യാപകർ കുട്ടികളുമായി സംവദിച്ച് അവർക്കുള്ള സൗകര്യങ്ങൾ വിലയിരുത്തുന്നതിനും ആ ഘട്ടത്തിൽ സ്വന്തമായി ഇന്റർനെറ്റ് സൗകര്യമില്ലാത്ത കുട്ടികൾക്ക് സ്കൂളുകൾ ഉൾപ്പെടെയുള്ള പൊതു

കേന്ദ്രങ്ങളിൽ അവസരം ഒരുക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ഘട്ടംഘട്ടമായാണ് ക്ലാസ്സുകൾ ഓൺലൈൻ രൂപത്തിലേയ്ക്കുകൂടി മാറുന്നത്. അതിനുമുമ്പ് കുട്ടികൾക്ക് സ്വന്തമായോ പൊതുവായ സംവിധാനങ്ങളോ ലഭ്യമാണെന്ന് ഉറപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓരോ ടീച്ചറിനും കുട്ടിക്കും പൊതു പ്ലാറ്റ്ഫോമിൽ സവിശേഷമായ ലോഗിൻ സംവിധാനത്തോടെ ഓൺലൈൻ ക്ലാസ്സുകൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഓൺലൈൻ ക്ലാസ്സുകൾ ശരിയായ അർത്ഥത്തിൽ പ്രാവർത്തികമാക്കുന്നതിനുമുൻപ് വിദ്യാശ്രീ പദ്ധതിയിലൂടെയോ സാധ്യമായ മറ്റ് പദ്ധതികളിലൂടെയോ കുട്ടികൾക്ക് ലാപ്ടോപ്പ് ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും പ്രത്യേക സ്കീമിൽ ഇന്റർനെറ്റ് സൗകര്യം ഒരുക്കുന്നതിനും സേവന ദാതാക്കളുമായി ആലോചിച്ച് ക്രമീകരണം ഒരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓൺലൈൻ ക്ലാസ്സുകൾ വ്യാപകമാക്കുന്നതിനുമുൻപ് പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ക്ലാസ്സുകളിൽ നടപ്പിലാക്കി അവയുടെ ഫീഡ്ബാക്കിന് അനുസരിച്ചായിരിക്കും മറ്റു ക്ലാസ്സുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ക്രമീകരണമൊരുക്കുന്നത്.

(ബി) ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തി സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് പരമാവധി സഹായം ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിയ ഫസ്റ്റ് ബെൽ പദ്ധതിയുടെ വിശദാംശം നൽകുമോ?

കുട്ടികളുടെ പഠനവിടവ് കഴിയുന്നത്ര നികത്താൻ പര്യാപ്തമാകുന്ന തരത്തിലാണ് ഡിജിറ്റൽ ക്ലാസ്സുകളും ഓൺലൈൻ ക്ലാസ്സുകളും ക്രമീകരിച്ചിരിക്കുന്നത്. ക്ലാസ്സുകൾക്ക് അദ്ധ്യാപകരുടെ തുടർപിന്തുണയും വിലയിരുത്തലും ഉണ്ടാകും. അക്കാദമിക-സാങ്കേതിക-നിർവഹണ-മോണിറ്ററിംഗ് മേഖലകളിൽ കൃത്യമായ ആസൂത്രണത്തോടെയാണ് ക്ലാസ്സുകൾ ക്രമീകരിക്കുന്നത്. കഴിഞ്ഞ വർഷത്തെ ക്ലാസ്സിൽ പഠിക്കേണ്ടതും ഈ വർഷത്തെ ക്ലാസ്സിൽ തുടർഭാഗങ്ങൾ വരുന്നതുമായ പാഠഭാഗങ്ങളുടെ അവലോകനമാണ് ജൂൺമാസത്തിൽ നടത്തുന്നത്. ഓരോ ടേമിലും പൂർത്തീകരിക്കേണ്ട ഭാഗങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് കൃത്യമായ ആസൂത്രണത്തോടെ അതിനനുസൃതമായി ടൈംടേബിൾ തയ്യാറാക്കി ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്നതാണ്. ഓരോ ക്ലാസ്സിനുശേഷവും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കുമുള്ള നിർദ്ദേശങ്ങൾ നൽകുന്നതിന് അവസരമൊരുക്കും. കുട്ടിയുടെ തുടർപ്രവർത്തനങ്ങളും മൂല്യനിർണ്ണയ രീതിയും ഡിജിറ്റൽ ക്ലാസ്സുകൾക്കപ്പുറം കുട്ടിക്ക് പ്രവർത്തനാധിഷ്ഠിതമായി മുന്നോട്ടുപോകാൻ കഴിയുന്നവിധത്തിൽ ക്രമീകരിക്കും. ഒരു വർഷത്തിലധികം സ്കൂളിലെത്താത്ത കുട്ടിക്ക് മാനസിക സമ്മർദ്ദങ്ങൾ ഒഴിവാക്കുന്ന തരത്തിലുള്ള സെഷനുകളും

വിദഗ്ധരുടെ ക്ലാസ്സുകളും ആദ്യഘട്ടത്തിൽ പൊതുവായി നൽകും. കുട്ടിയുടെ മാനസികാരോഗ്യം പരിഗണിച്ച് കലാ-കായിക വിദ്യാഭ്യാസം, പ്രവൃത്തി പരിചയം, ലൈഫ് സ്കിൽ തുടങ്ങിയവയ്ക്കും പ്രാധാന്യം നൽകിയുള്ള ക്ലാസ്സുകൾ ക്രമീകരിക്കും. ക്ലാസ്സ് മുറികളിൽ സാധാരണ നടത്തുന്ന പഠന പ്രവർത്തനങ്ങൾക്കുപരി കുട്ടിക്ക് അനായാസേന പിന്തുടരാൻ കഴിയുന്ന വിധത്തിൽ ക്ലാസ്സുകൾ കൂടുതൽ ആകർഷക മാക്കുകയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഓഗ്മെന്റഡ് റിയാലിറ്റി തുടങ്ങിയ സംവിധാനങ്ങൾ ക്ലാസ്സുകൾ മെച്ചമാക്കുന്നതിലും മോണിറ്റർ ചെയ്യുന്നതിലും പ്രയോജനപ്പെടുത്തും. പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള എംപവേർഡ് കമ്മിറ്റി രണ്ടാഴ്ചയിലൊരിക്കൽ യോഗം ചേർന്ന് വിലയിരുത്തുന്നതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മേൽനോട്ടത്തിൽ ശക്തമായ മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ കുട്ടികൾക്കും ക്ലാസ്സുകൾ കാണാനുള്ള സംവിധാനമുണ്ടെന്ന് ഉറപ്പുവരുത്തും. ക്ലാസ്സുകൾ വീക്ഷിക്കുന്ന കുട്ടികളുടെ വിശദാംശങ്ങൾ സ്കൂൾ-സബ് ജില്ലാ-ജില്ലാ-സംസ്ഥാനതലത്തിൽ ശേഖരിച്ച് തുടർപ്രവർത്തനങ്ങൾക്ക് ക്രമീകരണം ഒരുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഡിജിറ്റൽ, ഓൺലൈൻ പഠനത്തിന്റെ സാങ്കേതിക കാര്യങ്ങൾ കൈറ്റും അക്കാദമിക കാര്യങ്ങൾ എസ്.സി.ഇ.ആർ.ടി.-യും ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ എസ്.എസ്.കെ.-യുമാണ് ഒരുക്കുന്നത്. പ്രത്യേക പരിഗണന അർഹിക്കുന്ന മേഖലകൾ, കുട്ടികൾ എന്നിവർക്കായി പ്രത്യേക മോണിറ്ററിംഗ് സംവിധാനവും ഇവിടങ്ങളിൽ സത്വര പരിഹാരവും ഉണ്ടാകുന്നതാണ്.

(സി) ഇനി ഏതെല്ലാം പരീക്ഷകളാണ് സ്കൂളുകളിൽവച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്നും അതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തൊ ക്കെയാണെന്നും അറിയിക്കാമോ?

ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി ഒന്നാംവർഷ പരീക്ഷകൾ അടുത്ത സെപ്റ്റംബർ മാസത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ടൈംടേബിളും ഫോക്കസ് ഏരിയയും നിലവിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2020-21 അദ്ധ്യയന വർഷത്തെ എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾ നടത്തിയ അതേ മാതൃകയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

## ടൂറിസം വ്യവസായം ശക്തിപ്പെടുത്തുവാൻ പദ്ധതി

14(*103) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) പ്രതികൂലമായ സാഹചര്യങ്ങളെ അതിജീവിച്ചുകൊണ്ട് വിനോദസഞ്ചാര മേഖലയിൽ മുൻസർക്കാരിന്റെ കാലത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിനോദസഞ്ചാര മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനോടൊപ്പം സാംസ്കാരിക വിനിമയംവഴി ലോകശ്രദ്ധ നേടാനും കേരളത്തിന്റെ യശസ്സ് വർദ്ധിപ്പിക്കുന്നതിനും മേല്പറഞ്ഞ കാലയളവിൽ കഴിഞ്ഞിട്ടുണ്ടോ?

(എ & ബി) ഉണ്ട്. വിനോദസഞ്ചാര വികസനത്തിന് പ്രകൃതി ദുരന്തങ്ങളും നിപ, കൊറോണ തുടങ്ങിയ പകർച്ചവ്യാധികളും സൃഷ്ടിച്ച പ്രതിബന്ധം മറികടക്കാൻ വകുപ്പിന്റെ കാര്യക്ഷമമായ ഇടപെടൽകൊണ്ട് സാധിച്ചിട്ടുണ്ട്. അന്താരാഷ്ട്രതലത്തിലും ദേശീയതലത്തിലും ടൂറിസം വകുപ്പ് മാർക്കറ്റിംഗ് ക്യാമ്പയിനുകളിലൂടെയും ട്രേഡ് മീറ്റുകളിലൂടെയും ട്രേഡ് ഫെയറുകളിലൂടെയും നടത്തിയ ഇടപെടലുകൾ കേരള ടൂറിസത്തിന്റെ ബ്രാൻഡ് വാല്യൂ ഉയർത്തുന്നതിനും തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. 2019-ൽ കേരളത്തിലെത്തിയ ടൂറിസ്റ്റുകളുടെ എണ്ണത്തിലുള്ള വർദ്ധനവും നവമാധ്യമങ്ങളിൽ കേരള ടൂറിസത്തെ പിന്തുടരുകയും സെർച്ച് ചെയ്യുകയും ചെയ്യുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവും കേരള ടൂറിസത്തിന് ലഭിച്ച ദേശീയ-അന്താരാഷ്ട്ര അവാർഡുകളും ഇതിനുള്ള തെളിവുകളാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ്, നിശാഗന്ധി ഉത്സവം തുടങ്ങിയ വിവിധ സാംസ്കാരിക പരിപാടികളിലൂടെ ലോകശ്രദ്ധ നേടുന്നതിനും കേരള ടൂറിസത്തിന് സാധിച്ചിട്ടുണ്ട്.

(സി) പ്രസ്തുത മേഖലയിലെ വൈവിധ്യമാർന്ന ഉത്പന്നങ്ങൾ, ലോകപ്രശസ്ത ബ്രാൻഡുകൾ, പ്രാദേശിക സംരംഭങ്ങളുടെ സാന്നിധ്യം എന്നിവ ഉറപ്പിക്കുകവഴി വികസനത്തിന്റെ വിവിധ മേഖലകളുമായി യോജിച്ചുകൊണ്ട് സംസ്ഥാനത്തെ ടൂറിസം വ്യവസായം ശക്തിപ്പെടുത്തുന്നതിനുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

കേരളത്തിന്റെ വൈവിധ്യമാർന്ന കരകൗശല ഉത്പന്നങ്ങൾ ലോകത്തിനു മുൻപിൽ പ്രദർശിപ്പിക്കുന്നതിനുവേണ്ടി ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്, വെള്ളാർ ക്രാഫ്റ്റ് വില്ലേജ് എന്നിവ കേരള ടൂറിസത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. കേരള ടൂറിസത്തെ ലോകത്തിന് മുൻപിൽ പ്രസിദ്ധമാക്കിയ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലൂടെ പ്രാദേശിക സംരംഭങ്ങളെയും പ്രദേശവാസികളെയും ടൂറിസത്തിന്റെ ഗുണഭോക്താക്കളാക്കാൻ സാധിച്ചിട്ടുണ്ട്. മേൽപദ്ധതികളുടെ വിപുലീകരണത്തിലൂടെയും തുടർച്ചയിലൂടെയും ടൂറിസം മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആവിഷ്കരിച്ചുവരുന്നു.

## ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധി

15(*104) ശ്രീ. എച്ച്. സലാം:
ശ്രീ. വി. ജോയി:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിട്ട മഹാപ്രളയവും ഇപ്പോഴും നേരിട്ടുകൊണ്ടിരിക്കുന്ന കോവിഡ് മഹാമാരിയും വിനോദസഞ്ചാര മേഖലയെ എപ്രകാരമെല്ലാം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനം നേരിട്ട മഹാപ്രളയവും കോവിഡ് മഹാമാരിയും വിനോദസഞ്ചാര മേഖലയെ ഏറെ പ്രതികൂലമായിത്തന്നെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ഏറെ വിദേശനാണ്യം നേടിത്തരുന്ന ടൂറിസം വ്യവസായം കഴിഞ്ഞ രണ്ട് വർഷത്തിലേറെയായി ഏറെ പ്രതിസന്ധികളിലൂടെയാണ് കടന്നുപോകുന്നത്. വിനോദസഞ്ചാര വിപണന രംഗത്തെ സ്ഥാപനങ്ങളെല്ലാം ഏതാണ്ട് അടഞ്ഞുകിടക്കുകയാണ്. ഹൗസ് ബോട്ട് മേഖല സഞ്ചാരികളില്ലാത്തതുമൂലം ഏറെ പ്രതിസന്ധിയിലാണ്. ഹോട്ടൽ, റസ്റ്റോറന്റ്, ഹോംസ്റ്റേകൾ, സർവ്വീസ്ഡ് വില്ലകൾ, ആയുർവ്വേദ കേന്ദ്രങ്ങൾ എന്നിവയും വൻനഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിയിരിക്കുന്നു. ഈ മേഖലയിലെ വരുമാന നഷ്ടംമൂലം തൊഴിലാളികൾ ഏറെ ബുദ്ധിമുട്ടിലാണ്. അന്തർദേശീയ സഞ്ചാരികളുടെ വരവ് നിലച്ചതുമൂലം ടൂർ കമ്പനികളും ഏറെ നഷ്ടം സഹിക്കുന്നു. പ്രളയം സൃഷ്ടിച്ച ആഘാതത്തിൽനിന്നും 2019-20 വർഷത്തിൽ മെച്ചപ്പെട്ടുവന്ന സംസ്ഥാനത്തെ ടൂറിസംരംഗം കോവിഡ് മഹാമാരിയെ തുടർന്ന് വൻ പ്രതിസന്ധിയിലായിരിക്കുന്നു. ഈ രംഗത്തെ നിക്ഷേപകരെയും തൊഴിലാളികളെയും ഏറെ ആശങ്കയിലാഴ്ത്തുന്ന രീതിയിലാണ് കോവിഡ് രണ്ടാം തരംഗം കടന്നുപോയിക്കൊണ്ടിരിക്കുന്നത്.

(ബി) ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ വിപുലമായ ഇടപെടൽ നടത്തിക്കഴിഞ്ഞു. 2020-ൽ ആരംഭിച്ച കോവിഡ് ഒന്നാം തരംഗത്തെ തുടർന്ന് ഏറെക്കുറെ നിശ്ചലമായ വിനോദസഞ്ചാര രംഗത്തിന് ഉണർവേകാൻ സർക്കാരിന് കഴിഞ്ഞു. കോവിഡ് ഒന്നാം തരംഗം കുറഞ്ഞപ്പോൾ 2020 ഒക്ടോബറോടെ സംസ്ഥാനത്തെ ബീച്ച്, കായൽ, ഹിൽ സ്റ്റേഷൻ, പാർക്കുകൾ, ഹൗസ്ബോട്ടുകൾ ഉൾപ്പെടെയുള്ളവ തുറന്നു നൽകിയിരുന്നു. സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴി ടൂറിസം രംഗത്തെ നിക്ഷേപകർക്കും കേരള ബാങ്ക് വഴി തൊഴിലാളികൾക്കും മുഖ്യമന്ത്രിയുടെ വായ്പാ പദ്ധതി ഏർപ്പെടുത്തി. മാത്രമല്ല, ഹൗസ്ബോട്ട് ഉടമകൾ, ടൂറിസം ഗൈഡുമാർ എന്നിവർക്ക് ലഭ്യമാക്കിയ ഒറ്റത്തവണ സമാശ്വാസ ധനസഹായ പദ്ധതിയും നിരവധി പേർക്ക് പ്രയോജനപ്പെട്ടിരുന്നു. ഇതിനുപുറമെ ടൂറിസം രംഗത്തെ വിവിധ സംരംഭങ്ങളായ ഹോംസ്റ്റേ, സർവ്വീസ്ഡ് വില്ല, ആയുർവ്വേദ സെന്റർ, റസ്റ്റോറന്റുകൾ, ടൂർ ഓപ്പറേറ്റേഴ്സ് എന്നിവ ഉൾപ്പെടെയുള്ള യൂണിറ്റുകൾക്ക് അവയുടെ ക്ലാസിഫിക്കേഷൻ കാലാവധി തീരുന്നമുറയ്ക്ക് 2020 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. ഇതിനുപുറമെ ഹോംസ്റ്റേ സംരംഭകരെ കൊമേഴ്സ്യൽ കാറ്റഗറിയിൽനിന്ന് മാറ്റി റെസിഡൻഷ്യൽ കാറ്റഗറിയിൽ ഉൾപ്പെടുത്തി. വിനോദസഞ്ചാര മേഖലയിലെ സ്ഥാപനങ്ങൾക്ക് വൈദ്യുതി ഫിക്സഡ് ചാർജ് മൂന്ന് മാസത്തേയ്ക്ക് ഇളവ് നൽകുകയും ബാക്കി തുക അടയ്ക്കുന്നതിന് സാവകാശം നൽകുകയും ചെയ്തു. ഡി.ടി.പി.സി.-യുടെ സ്ഥാപനങ്ങൾ പാട്ടത്തിനെടുത്തവർക്ക് അടഞ്ഞുകിടന്ന കാലയളവിൽ പാട്ടത്തുക ഒഴിവാക്കി നൽകി. ഒന്നാം തരംഗം ഉണ്ടാക്കിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്ന തിനായി സർക്കാർ നടപ്പാക്കിയ സ്കീമുകളുടെ ചുവടുപിടിച്ച് തുടർന്നും ഇത്തരം പാക്കേജുകൾ നടപ്പാക്കി പ്രതിസന്ധി പരിഹരിക്കാനാകുമെന്ന് കരുതുന്നു. ടൂറിസം മേഖലയിലെ ജീവനക്കാരെ കോവിഡ് മുന്നണിപ്പോരാളികളായി കണക്കാക്കി മുൻഗണനാക്രമത്തിൽ അവർക്ക് വാക്സിനേഷൻ ലഭ്യമാക്കുവാൻ സർക്കാർ തീരുമാ നിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഹോട്ടൽ, റിസോർട്ട്, റസ്റ്റോറന്റ് ജീവനക്കാർക്ക് ഇതിനോടകം വാക്സിനേഷൻ നൽകി തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ ഉണ്ടായിട്ടുള്ള ദുർഘട സാഹചര്യം എങ്ങനെ മറികടക്കും എന്നതിനെക്കുറിച്ചാലോചിക്കുവാനായി ടൂറിസം രംഗത്തെ 18 സംഘടനകളുമായി 2021 മെയ് മാസം 27-ന് സർക്കാർ ചർച്ച നടത്തിയിരുന്നു. ടൂറിസം രംഗത്തെ സംരംഭകർക്കും തൊഴിലാളികൾക്കുമായി ക്ഷേമപദ്ധതികൾ നടപ്പാക്കാൻ 2020-21-ലെ പുതുക്കിയ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനായുള്ള പാക്കേജ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

ടൂറിസം സംരംഭകർക്ക് പലിശയിളവോടെ കെ.എഫ്.സി. വഴി വായ്പ ലഭ്യമാക്കുവാനായി നടപടി സ്വീകരിക്കുന്നു. കോവിഡാനന്തരം ടൂറിസം പ്രചാരണത്തിനായി 50 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്.

(സി) ടൂറിസം കേന്ദ്രങ്ങളിൽ വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ശുചിത്വം ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ വകുപ്പ് കൈക്കൊണ്ടുവരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് ഇക്കോ പ്രിസർവ് എന്ന സർക്കാരിതര സംഘടന മുഖേനയും കേരളത്തിലെ മറ്റു പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മാലിന്യ നീക്കത്തിനായി കുടുംബശ്രീ മിഷൻ മുഖേന 'ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ' പദ്ധതിയും ഇടുക്കി ജില്ലയിൽ എക്സ് സർവ്വീസ്മെൻ ട്രസ്റ്റ് മുഖേനയും വകുപ്പ് നേരിട്ടുതന്നെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മാലിന്യം നീക്കി ശുചിയായി സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. തെരഞ്ഞെടുക്കപ്പെട്ട 79 ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച നൂതന പദ്ധതിയാണ് "വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് അറ്റ് 79 ഡെസ്റ്റിനേഷൻ (2019-20)" . ഉത്തരവാദിത്ത ടൂറിസം മിഷന്റെ പാരിസ്ഥിതിക ഉത്തരവാദിത്തത്തിന്റെ ഭാഗമായി കെ.ടി.എം. ഫൗണ്ടേഷനുമായി ചേർന്ന് 'ക്ലീൻ കേരള ഇനീഷ്യേറ്റീവ്' പദ്ധതി നടപ്പിലാക്കിവരുന്നു.

## സ്കൂൾ പ്രവേശനം

16(*105) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>:
<u>ശ്രീ. കെ. ഡി. പ്രസേനൻ</u>:
<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>:
<u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ ഒന്ന് മുതൽ ഒൻപതാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളുടെ സ്ഥാനക്കയറ്റ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 2020-21 അദ്ധ്യയന വർഷത്തെ 1 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വർഷാന്ത്യ വിലയിരുത്തലും ക്ലാസ്സ് പ്രൊമോഷനും നടത്തുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 18-5-2021-ലെ ക്യൂ.ഐ.പി./ 9141/2020/ ഡി.ജി.ഇ.

നമ്പർ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ട്. 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് വിദ്യാഭ്യാസാവകാശ നിയമ പ്രകാരവും 9-ാം ക്ലാസ്സിലെ കുട്ടികൾക്ക് നിലവിലെ അസാധാരണ സാഹചര്യങ്ങൾ പരിഗണിച്ചും തൊട്ടടുത്ത ക്ലാസ്സിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുകയുണ്ടായി. നിരന്തര വിലയിരുത്തലും വർക്ക് ഷീറ്റുകൾ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങളും ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.

(ബി) കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഒന്നാം ക്ലാസ്സിലേയ്ക്കുള്ള പ്രവേശനം ഓൺലൈനായി ആരംഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സമ്പൂർണ്ണ പോർട്ടൽവഴി ഇതിനകം എത്ര കുട്ടികൾ ഒന്നാം ക്ലാസ്സിലേയ്ക്ക് പ്രവേശനം നേടിയിട്ടുണ്ടെന്ന് അറിയിക്കാമോ?

4-6-2021-ലെ കണക്കുകൾ പ്രകാരം 2,09,781 കുട്ടികൾ 1-ാം ക്ലാസ്സിൽ പ്രവേശനം നേടിയതായി സമ്പൂർണ്ണ പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിൽ നേരിട്ടെത്തിയും ഫോൺ മുഖാന്തിരവും ഇ-മെയിൽ വഴിയും ഇതിനേക്കാൾ കൂടുതൽ അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. അഡ്മിഷൻ നടപടികൾ തുടരുന്നതിനാൽ അന്തിമ കണക്ക് ലഭ്യമാകാനിരിക്കുന്നതേയുള്ളൂ.

## ഭവനനിർമ്മാണ മേഖലയിലെ പ്രവർത്തനങ്ങൾ

17(*106) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ടവരുടെ ഭവനസ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് അവരെ സഹായിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാൻ ഭവനനിർമ്മാണ ബോർഡിന് സാധിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പാവപ്പെട്ടവരുടെ ഭവന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് അവരെ സഹായിക്കുന്നതിനായി ഗൃഹശ്രീ ഭവന പദ്ധതി, ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കായി 2020-21 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് ജില്ലയിലെ മുക്കം (36 യൂണിറ്റ്), കണ്ണൂർ ജില്ലയിലെ പട്ടുവം (36 യൂണിറ്റ്), വയനാട് ജില്ലയിലെ തുക്കൈപ്പറ്റ (18 വീട്) എന്നിവിടങ്ങളിൽ കെട്ടിട സമുച്ചയ നിർമ്മാണ പദ്ധതി, ഇന്നൊവേറ്റീവ് ഭവന പദ്ധതി, സാഫല്യം ഭവന പദ്ധതി, സൗഹൃദം വായ്പാ പദ്ധതി മുതലായവ ബോർഡ് നടപ്പിലാക്കിവരുന്നു. ഇതിൽ സൗഹൃദം വായ്പാ പദ്ധതി പ്രാരംഭഘട്ടത്തിലാണ്.

(ബി) നിലവിൽ ഭവനനിർമ്മാണ ബോർഡ് ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; ഇതിന് ആവശ്യമായ സാമ്പത്തിക സഹായം സർക്കാരിൽനിന്നും ലഭിക്കുന്നുണ്ടോ; ആയതിനായി 2021-22 ബഡ്ജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്?

നിലവിൽ ഭവന നിർമ്മാണ ബോർഡ് സർക്കാർ ജീവനക്കാർക്കായുള്ള വാടക വീട് പദ്ധതി, മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കുമായി ആശ്വാസ് വാടക വീട് പദ്ധതി, ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കായുള്ള ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി, ഇടത്തരവരുമാന വിഭാഗക്കാർക്കുവേണ്ടി പാരസ്പര്യം പദ്ധതികൾ, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ, കിഫ്ബി പദ്ധതികൾ (ഹോസ്പിറ്റൽ, റവന്യൂ ടവർ), സൗഹൃദം വായ്പ്പാ പദ്ധതി എന്നിവ കൂടാതെ വിവിധ വകുപ്പുകൾക്കായി കൺസൾട്ടൻസി വർക്കുകളും ബോർഡ് ഏറ്റെടുത്ത് നടത്തുന്നു. പ്ലാൻ പദ്ധതികൾക്കായി സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പത്തനംതിട്ട ജില്ലയിലെ റാന്നിയിൽ 3 നിലകളിലായി 81 കിടക്കകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മാണ പദ്ധതി, ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കായി കൊല്ലം ജില്ലയിലെ കരീപ്രയിലും (36 ഫ്ലാറ്റുകൾ), ഇടുക്കി ജില്ലയിലെ പീരുമേട്ടും കെട്ടിട സമുച്ചയ നിർമ്മാണ പദ്ധതി (36 ഫ്ലാറ്റുകൾ), ഗൃഹശ്രീ ഭവന പദ്ധതി (1000 വീടുകൾ), കണ്ണൂർ മെഡിക്കൽ കോളേജിന് സമീപം നടപ്പിലാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതി (3 നിലകളുള്ള 106 പേർക്ക് താമസ സൗകര്യമുള്ള കെട്ടിടം), ട്രെയിനിംഗ് പ്ലാൻ എന്നീ പദ്ധതികൾക്കായി ബഡ്ജറ്റിൽ 4350 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കുന്നതും പാരിസ്ഥിതിക സൗഹൃദപരവും ചെലവ് കുറഞ്ഞതുമായ വീടുകൾ ജനകീയമാക്കുന്നതിന് ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുന്നതിന് ബോർഡ് ഇന്ത്യൻ കോഡുകൾ അനുശാസിക്കുന്ന എർത്ത് ക്വാക്ക് വിൻഡ് അനാലിസിസിന് വിധേയമായിട്ടുള്ള കെട്ടിടമാണ് രൂപകൽപ്പന ചെയ്യുന്നത്. ദുർബ്ബല വിഭാഗക്കാർക്കായി കോഴിക്കോട് ജില്ലയിലെ മുക്കം (36 യൂണിറ്റ്), കണ്ണൂർ ജില്ലയിലെ പട്ടുവം (36 യൂണിറ്റ്) എന്നിവിടങ്ങളിലും പ്രവാസികൾക്കായി കോഴിക്കോട് ജില്ലയിൽ മെഡിക്കൽ കോളേജ് ഭവന പദ്ധതിയിൽ 72 ഫ്ലാറ്റുകളടങ്ങുന്ന കെട്ടിടസമുച്ചയവും പാരിസ്ഥിതിക

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സൗഹൃദപരവും ചെലവ് കുറഞ്ഞതുമായ രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്ലാസ്റ്ററിംഗ് ഒഴിവാക്കി ഹോളോ ക്ലേ ബ്ലോക്കുകളാൽ മണലിന്റെയും കമ്പിയുടെയും ഉപയോഗം പരമാവധി കുറയ്ക്കുന്ന നിർമ്മാണ രീതിയാണ് ടി പദ്ധതികളിൽ അവലംബിച്ചിട്ടുള്ളത്.

(ഡി) പുതിയ ഹൗസിംഗ് പോളിസി കൊണ്ടുവരുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

പാർപ്പിട നയം 2011 18-11-2011-ലെ സ.ഉ.(സാധാ) നമ്പർ 35/2011/ഭവനം, പ്രകാരം അംഗീകരിച്ചിരുന്നു. പ്രസ്തുത നയം കാലാകാലങ്ങളിലെ മാറ്റങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിലേയ്ക്കായി 22-11-2018-ലെ സ.ഉ.(സാധാ)നമ്പർ 43/2018/ഭവനം, തീയതി പ്രകാരം ഭവന വകുപ്പ് ജോയിന്റ് സെക്രട്ടറി കൺവീനറായി ഒരു എട്ടംഗ സബ്കമ്മിറ്റിയും 22-11-2018-ലെ സ.ഉ.(സാധാ)നമ്പർ44/2018/ഭവനം പ്രകാരം ഭവന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചെയർമാനായും ഹൗസിംഗ് കമ്മീഷണറെ കൺവീനറായും നിയമിച്ച് ഒരു എട്ടംഗ കമ്മിറ്റിയും രൂപീകരിച്ചിരുന്നു. പാർപ്പിട നയം പരിഷ്കരിക്കുന്നതിനുവേണ്ടി യോഗങ്ങളും ചർച്ചകളും സംഘടിപ്പിച്ചിരുന്നു. തുടർന്ന് ഹൗസിംഗ് കമ്മീഷണർ പാർപ്പിട നയത്തിന്റെ കരട് ലഭ്യമാക്കുകയും ആയത് ഫൈനലൈസ് ചെയ്യുന്നതിനുമുമ്പ് പ്ലാനിംഗ് ബോർഡിന്റെ അഭിപ്രായങ്ങൾകൂടി പാർപ്പിട നയത്തിൽ ഉൾപ്പെടുത്തുവാൻ ഹൗസിംഗ് കമ്മീഷണർ അഭ്യർത്ഥിച്ചതിൻപ്രകാരം തെരഞ്ഞെടുക്കപ്പെട്ട വിദഗ്ധരുടെ ഒരു വെബിനാർ സംഘടിപ്പിച്ച് ആവശ്യമായ അഭിപ്രായങ്ങൾ രണ്ടാഴ്ചയ്ക്കകം ലഭ്യമാക്കി പുതുക്കിയ പാർപ്പിട നയം രൂപീകരിക്കണമെന്ന് പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാനോട് അഭ്യർത്ഥിച്ചിരുന്നു. പ്ലാനിംഗ് ബോർഡിൽനിന്നും മറുപടി ലഭിച്ചിട്ടില്ലാത്തതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി അറിയിക്കുവാൻ ഹൗസിംഗ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### വയനാട് തുരങ്കപാത

18(*107) ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടിനെയും വയനാടിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് തുരങ്കപാത നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പാത എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നറിയിക്കാമോ?

(ബി & സി) തുരങ്കപാതയുടെ നിർമ്മാണത്തിനായി 658 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്. ഡി.പി.ആർ. അംഗീകാരം, കേന്ദ്ര സർക്കാർ അംഗീകാരം എന്നിവ ലഭ്യമാക്കി ഉദ്ദേശം മൂന്ന് വർഷംകൊണ്ട് പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ടൂറിസം രംഗത്തെ സാദ്ധ്യതകൾ

19(*108) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് സംസ്ഥാനത്തിന്റെ അനന്തസാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിദേശനാണ്യം നേടുന്നതിനും അടുത്ത അഞ്ചുവർഷത്തേയ്ക്ക് സമഗ്രമായ ഒരു കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ടൂറിസം രംഗത്ത് സംസ്ഥാനത്തിന്റെ അനന്തസാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിദേശനാണ്യം നേടുന്നതിനുമുള്ള സമഗ്രമായ കർമ്മ പദ്ധതിയുടെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം പദ്ധതി എല്ലാ മേഖലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കോവിഡിനുശേഷം കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി വിവിധ പ്രചാരണ പരിപാടികളും ആവിഷ്കരിച്ചുവരുന്നു.

(ബി) കടൽ, കായൽ, ഹിൽ ടൂറിസം വികസിപ്പിക്കുന്നതിനായി ഈ മേഖലയിലെ നടത്തിപ്പുകാരെയും വിദഗ്ദ്ധരെയും ഉൾപ്പെടുത്തി അന്തർദേശീയ സെമിനാർ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; അങ്ങനെ എടുക്കുന്ന തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

കടൽ, കായൽ, ഹിൽ ടൂറിസം വികസിപ്പിക്കുന്നതിനായി ഈ മേഖലയിലെ നടത്തിപ്പുകാരെയും വിദഗ്ദ്ധരെയും ഉൾപ്പെടുത്തി അന്തർദേശീയ സെമിനാർ സംഘടിപ്പിക്കുന്നതിന് ആലോചിച്ചിട്ടില്ല. എന്നാൽ കടൽ, കായൽ, ഹിൽ ടൂറിസം എന്നിവ വികസിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

## മരാമത്ത് റോഡുകൾക്കുണ്ടായ കേടുപാടുകൾ

20(*109) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ന്യൂനമർദ്ദത്തെത്തുടർന്ന് സംസ്ഥാനത്തുണ്ടായ കനത്ത മഴയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകൾക്കുണ്ടായ കേടുപാടുകൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ന്യൂനമർദ്ദത്തെത്തുടർന്ന് സംസ്ഥാനത്തുണ്ടായ കനത്ത മഴയിൽ റോഡുകൾക്കുണ്ടായ കേടുപാടുകൾ സംബന്ധിച്ച് പരിശോധന നടത്തിയിരുന്നു. റോഡുകൾക്ക് ഉപരിതലത്തിന് തകർച്ച സംഭവിച്ചിട്ടുണ്ട്. കൂടാതെ സംരക്ഷണ ഭിത്തികൾക്കും ഓടകൾക്കും നാശനഷ്ടം സംഭവിച്ചിരിക്കുന്നു. കടൽക്ഷോഭത്തെ തുടർന്ന് കടൽഭിത്തി തകർന്നതിനാൽ റോഡുകൾ പുനർനിർമ്മിക്കേണ്ടതുണ്ട്. ന്യൂനമർദ്ദത്തെത്തുടർന്ന് തകർച്ച സംഭവിച്ച റോഡുകളുടെ പുനർനിർമ്മാണത്തിനായി ഏകദേശം 52 കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു.

(ബി) കനത്ത മഴയെ അതിജീവിക്കുന്ന രീതിയിൽ റോഡ് നിർമ്മാണം നടത്തുന്നതിനുള്ള സാങ്കേതികവിദ്യ ഉപയോഗിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

കനത്ത മഴയെ അതിജീവിക്കുന്ന രീതിയിൽ റോഡ് നിർമ്മാണം നടത്തുന്നതിനുള്ള സാങ്കേതികവിദ്യകൾ അവലംബിച്ചുവരുന്നുണ്ട്. ദീർഘകാലം നിൽക്കുന്ന ബി.എം. & ബി.സി. റോഡുകൾ നിർമ്മിച്ചുവരുന്നു. ഡിസൈൻ ചെയ്ത റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലങ്ങൾക്ക് അനുയോജ്യമായ വൈറ്റ് ടോപ്പിംഗ് നിർമ്മാണ രീതി നടപ്പിലാക്കിവരുന്നു. കൂടാതെ നിലവിലുള്ള റോഡ് വെട്ടിയെടുത്ത് സിമന്റും പ്രത്യേക തരം പൾവറൈസും ചേർത്ത് കുഴച്ച് ഈ ഭാഗത്തുതന്നെ ഇടുകയും ചെയ്യുന്ന ഫുൾഡെപ്ത് റിക്ലമേഷൻ ടെക്നോളജി പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. മഴ കൂടുതലായി ലഭിക്കുന്ന സമയത്ത് റോഡിലുണ്ടാകുന്ന വെള്ളക്കെട്ടുകൾമൂലം റോഡ് തകരുന്ന സ്ഥിതി നിലവിലുണ്ട്. റോഡ് നിരപ്പിനേക്കാൾ ഉയർന്ന ഭാഗങ്ങളിൽ നിന്നും ഒഴുകി വന്നുണ്ടാകുന്ന വെള്ളക്കെട്ടുമൂലവും കാനകളിൽ മണ്ണും മാലിന്യങ്ങളും

അടിഞ്ഞു കൂടിയും റോഡിൽ വെള്ളക്കെട്ടുണ്ടാകുന്നതും റോഡിന്റെ തകർച്ചയ്ക്ക് കാരണമാകുന്നു. ഇത് പരിഹരിക്കുന്നതിനായി ഇപ്പോഴുള്ള പ്രവൃത്തികളിൽ കാന, കലുങ്ക് എന്നിവയുടെ നിർമ്മാണംകൂടി ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റുകൾ സമർപ്പിക്കാറുള്ളത്. നിരത്ത് പരിപാലനത്തിനും പുനരുദ്ധാരണത്തിനുമായി റോഡിന്റെ അടിസ്ഥാന വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്ത് ഐ-റോഡ്സ്, എച്ച്.ഡി.എം.-4 എന്നീ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് നൂതന സാങ്കേതികവിദ്യകൾ ഉൾപ്പെടുത്തി ഏറ്റവും കാര്യക്ഷമമായ രീതിയിൽ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള റോഡ് മെയിന്റനൻസ് ആൻഡ് മാനേജ്മെന്റ് സിസ്റ്റം നടപ്പിൽവരുത്തുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭഘട്ടം പൂർത്തിയായിവരുന്നു.

## തൊഴിൽ നഷ്ടപ്പെട്ടവർക്ക് തൊഴിലവസരം

21(*110) ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) തിരിച്ചെത്തുന്ന പ്രവാസികളുടെ വിദേശ പ്രവൃത്തിപരിചയം ഉപയോഗപ്പെടുത്തി പുതിയ തൊഴിലവസരങ്ങൾ അന്വേഷിക്കാൻ സർക്കാർ എന്തെങ്കിലും സഹായം ലഭ്യമാക്കുന്നുണ്ടോ?

നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ നൈപുണ്യശേഷി വികസിപ്പിച്ച് അവർക്ക് സ്വദേശ-വിദേശ തൊഴിൽ കമ്പോളങ്ങളിൽ തൊഴിൽ നേടുന്നതിന് ആവശ്യമായ upskilling, reskilling പദ്ധതികൾ 2020-21 സാമ്പത്തിക വർഷത്തിൽ തന്നെ സംസ്ഥാന സർക്കാരിന്റെ കീഴിലെ നൈപുണ്യ വികസന ഏജൻസികളായ ASAP, KASE, ICT അക്കാദമി ഓഫ് കേരള തുടങ്ങിയ സ്ഥാപനങ്ങൾ വഴി പ്രവാസികാര്യ വകുപ്പ് നടപ്പാക്കിവരുന്നു. തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയ വിദഗ്ദ്ധ, അവിദഗ്ദ്ധ പ്രവാസികളെയും തൊഴിൽ അന്വേഷകരെയും ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള തൊഴിൽദാതാക്കളുമായി പരസ്പരം ബന്ധിപ്പിക്കുന്നതിലേക്കായി നോർക്ക സ്കിൽ റിപ്പോസിറ്ററി പോർട്ടൽ രൂപീകരിക്കുകയും പ്രവർത്തനം

ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾവഴി പ്രവാസികളുടെ പുനരധിവാസം നടപ്പിലാക്കുന്നതിലേയ്ക്കായി startup mission, meat product of India എന്നിവരുമായി സഹകരിച്ച് നിലവിലുള്ള പുനരധിവാസ പദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) കൂടുതൽ വിപുലീകരിക്കുകയും ചെയ്തു. ഒഡെപെക് മുഖേനയുള്ള വിദേശ നിയമനത്തിന് വിദേശത്തുനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന തൊഴിൽ ദാതാക്കൾ ആവശ്യപ്പെടുന്ന യോഗ്യതയും പരിചയ സമ്പത്തുമുള്ള പ്രവാസികൾക്ക് മുൻഗണന നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇവർക്കായി പ്രത്യേക രജിസ്ട്രേഷൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞു. കോവിഡ്-19 മഹാമാരിയുടെ ഭാഗമായി അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ലോക്ഡൗൺ, വിദേശ വിമാനയാത്രകൾക്കുള്ള വിലക്ക് എന്നിവ മാറുന്നമുറയ്ക്ക് വിദേശതൊഴിൽ ദാതാക്കളുമായി കൂടിക്കാഴ്ചകൾ നടത്തി ഒഡെപെക് മുഖേനയുള്ള വിദേശ റിക്രൂട്ട്മെന്റ് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കൂടുതൽ മേഖലകളിലേയ്ക്ക് റിക്രൂട്ട്മെന്റ് വ്യാപിപ്പിക്കുന്നതിനും ശ്രമം നടത്തിവരികയാണ്. കൂടാതെ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ സ്വയം തൊഴിൽ പദ്ധതികളും പ്രയോജനപ്പെടുത്താവുന്നതാണ്.

(സി) മടങ്ങിവരുന്ന പ്രവാസികളുടെ പട്ടിക തയ്യാറാക്കി അവർക്ക് നൈപുണ്യ പരിശീലനം നൽകി വീണ്ടും വിദേശത്ത് പോകാനുള്ള സഹായം ലഭ്യമാക്കാനുള്ള നടപടികൾ തൊഴിൽ വകുപ്പ് ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കോവിഡ് വ്യാപനത്തെത്തുടർന്ന് വിദേശത്തെ ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികൾക്ക് പരിശീലനം നൽകി തിരികെ നാട്ടിലോ, വിദേശത്തോ ജോലി നേടുന്നതിന് സഹായിക്കുന്ന പ്രവാസി പുനരധിവാസ പദ്ധതി നോർക്ക റൂട്ട്സും സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസും (KASE) സംയുക്തമായി നടപ്പിലാക്കിവരുന്നു. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ മികവിന്റെ കേന്ദ്രമായ അങ്കമാലിയിലുള്ള എസ്പോയർ (Espoir) അക്കാദമി മുഖാന്തിരം 92 പേർക്ക് മൂന്ന് കോഴ്സുകളിലായി 40 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനം ലഭ്യമാക്കി. ഓയിൽ ആന്റ് റിഗ് മേഖലയിലെ ഇൻഡസ്ട്രിയൽ ഇലക്ട്രീഷ്യൻ, പൈപ്പ് ഫാബ്രിക്കേറ്റർ/ഫിറ്റർ, ടിഗ് ആൻഡ് ആർക് വെൽഡിംഗ് എന്നീ കോഴ്സുകളിലാണ് പരിശീലനം നൽകിയത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഓയിൽ & ഗ്യാസ് മേഖലയിൽ ഇന്ത്യയിലും വിദേശത്തുമുള്ള തൊഴിലവസരങ്ങൾ നേടിയെടുക്കുവാൻ സഹായിക്കുന്ന തരത്തിലാണ് പരിശീലനം ലഭ്യമാക്കിയിട്ടുള്ളത്.

## ടൗട്ടെ ചുഴലിക്കാറ്റിനെത്തുടർന്നുള്ള നാശനഷ്ടം

22(*111) ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ് :
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) ടൗട്ടെ ചുഴലിക്കാറ്റിനെത്തുടർന്ന് സംസ്ഥാനത്തുണ്ടായ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിലയിരുത്തിയിട്ടുണ്ട്. ടൗട്ടെ ചുഴലിക്കാറ്റിനെത്തുടർന്ന് സംസ്ഥാനത്ത് 11 പേർക്ക് ജീവൻ നഷ്ടമാകുകയും 22 പേർക്ക് സാരമായ പരിക്കേൽക്കുകയും ചെയ്തു. 24433 ഹെക്ടർ പ്രദേശത്ത് കൃഷിനാശം കണക്കാക്കിയിട്ടുണ്ട്. 4392 വളർത്തു മൃഗങ്ങൾ നഷ്ടമായി. 29 മത്സ്യബന്ധന ബോട്ടുകൾ പൂർണ്ണമായും 96 മത്സ്യബന്ധന ബോട്ടുകൾ ഭാഗികമായും നശിച്ചു. 235 മത്സ്യബന്ധന വലകൾ പൂർണ്ണമായും 47 എണ്ണത്തിന് ഭാഗികമായും കേടുപാടുകൾ സംഭവിച്ചു. 261 വീടുകൾ പൂർണ്ണമായും 4776 വീടുകൾ ഭാഗികമായും തകർന്നു. റോഡ്, വൈദ്യുതി പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ, കുടിവെള്ള ശൃംഖല തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ 9,306.41 ലക്ഷം രൂപയുടെ നാശനഷ്ടവും കണക്കാക്കിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരമായി എന്തെല്ലാം സഹായങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

20-5-2015-ലെ സ.ഉ.(കൈ)നമ്പർ 194/2015/ഡിഎംഡി ഉത്തരവിലെ മാർഗ്ഗ നിർദ്ദേശപ്രകാരം ടൗട്ടെ ചുഴലിക്കാറ്റിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും 4 ലക്ഷം രൂപ വീതവും ഗുരുതരമായി പരിക്കേറ്റവർക്ക് അർഹത പരിശോധിച്ച് അനുവദനീയമായ തുകയും അനുവദിക്കാൻ 21-5-2021-ലെ സ.ഉ(സാധാ)നമ്പർ431/2021/ഡിഎംഡി ഉത്തരവുപ്രകാരം എല്ലാ ജില്ലാ കളക്ടർമാർക്കും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, ചുഴലിക്കാറ്റിനെത്തു ടർന്നുണ്ടായ പ്രകൃതിക്ഷോഭത്തിൽ വീടുകൾക്കും കൃഷിക്കുമുണ്ടായ നാശനഷ്ടം 20-5-2015-ലെ മേൽഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കണക്കാക്കി ആയത് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 3-6-2021-ലെ സ.ഉ(സാധാ) നമ്പർ 454/2021/ഡിഎംഡി പ്രകാരം ടൗട്ടെ ചുഴലിക്കാറ്റിനെത്തുടർന്ന് മത്സ്യബന്ധന ത്തിനുപോകാൻ സാധ്യമല്ലാത്തതിനാലും ജീവനോപാധി നഷ്ടപ്പെട്ടതിനാലും രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അനുബന്ധ മത്സ്യത്തൊഴിലാളി

കുടുംബങ്ങൾക്കും ആശ്വാസ ധനസഹായമായി ആകെ 18,36,48,000 രൂപ (പതിനെട്ട് കോടി മുപ്പത്തിയാറ് ലക്ഷത്തി നാൽപ്പത്തെണ്ണായിരം രൂപ മാത്രം) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ ലോക്ഡൗണും ചുഴലിക്കാറ്റും കാരണം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യാൻ 20-5-2021-ലെ സ.ഉ(സാധാ)നമ്പർ 429/2021/ഡി.എം.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്.

**പുതിയ കാലം പുതിയ നിർമ്മാണം**

23(*112) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സനീഷ്കുമാർ ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) പുതിയ കാലം പുതിയ നിർമ്മാണം എന്ന നയം മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചതുവഴി പൊതുമരാമത്ത് വകുപ്പ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെയാണ്?

പുതിയ കാലം പുതിയ നിർമ്മാണം എന്ന നയം സ്വീകരിച്ചതുവഴി നിർമ്മാണ പ്രവർത്തനങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) 50 ശതമാനം റോഡുകൾ പ്ലാസ്റ്റിക് മാലിന്യ ചീളുകൾ ഉപയോഗിച്ചു കൊണ്ടുള്ള ബിറ്റുമിനസ് മെക്കാഡവും ബിറ്റുമിനസ് കോൺക്രീറ്റ് പണികളും വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇതുമൂലം ഉണ്ടായ ഗുണപരമായ മാറ്റങ്ങൾ എന്തൊക്കെയാണ്?

ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, റോഡ് നിർമ്മാണത്തിന് വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുതായി ബി.സി. ഉപരിതലം നിർമ്മിക്കുന്ന എല്ലാ പ്രവൃത്തികളിലും 50% നീളമെങ്കിലും പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്നതിലൂടെ പരിസ്ഥിതിക്ക് ഹാനികരമായ പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനോടൊപ്പം ഈടുറ്റ റോഡുകളുടെ നിർമ്മാണം നടപ്പിലാക്കുവാനും സാധിക്കും. ദേശീയപാതാ വിഭാഗത്തിൽ 2018-19

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക വർഷം സി.ആർ.എഫ്. പദ്ധതിയിൽ അംഗീകാരം ലഭിച്ച 56 പ്രവൃത്തികൾക്ക് ബിറ്റുമിനസ് കോൺക്രീറ്റിൽ പൊടിച്ച പ്ലാസ്റ്റിക് ഉൾപ്പെടുത്തി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ പൂർത്തീകരിച്ച് വരികയാണ്.

(സി) ലൈറ്റ് ടോപ്പിംഗ് ഓഫ് കോൺക്രീറ്റ് ടെക്നോളജി ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; നിലവിൽ എത്ര കിലോമീറ്റർ റോഡുകളിൽ ഈ സാങ്കേതിക വിദ്യ ഉപയോഗിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ദീർഘകാലം ഈടുനിൽക്കുന്നതും പരിപാലനചെലവ് കുറഞ്ഞതുമായ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, ഗതാഗത തിരക്കുള്ള നഗരപാതകൾ തുടങ്ങിയ സ്ഥലങ്ങളിൽ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ആലപ്പുഴ നഗര റോഡുകളുടെ വികസന പദ്ധതിയിൽ 12 ഇടനാഴികളിലായി 12.17 കി.മീ. നീളത്തിൽ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 3.5 കി.മീ. വൈറ്റ് ടോപ്പിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും മറ്റ് പ്രവൃത്തികൾ പുരോഗതിയിലുമാണ്.

## അനധികൃത കയ്യേറ്റം ഒഴിപ്പിക്കൽ

24(*113) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം പൂർണ്ണമായും ഒഴിപ്പിക്കുന്നതിനും അത് ഭൂമിയില്ലാത്തവർക്ക് പതിച്ച് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ടോ?

കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരം സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം പൂർണ്ണമായും ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അപ്രകാരം ഒഴിപ്പിച്ചെടുക്കുന്ന ഭൂമിയിൽ പതിവിന് യോഗ്യമായുള്ള ഭൂമി 1960-ലെ കേരള ഭൂമി പതിവ് നിയമത്തിനുകീഴിലുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായും പതിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) അനധികൃത കയ്യേറ്റം സമയബന്ധിതമായി കണ്ടുപിടിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം സമയബന്ധിതമായി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റം തടയുന്നതിന് 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിലെയും 1958- ലെ കേരള ഭൂമി സംരക്ഷണ ചട്ടത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പ്രസ്തുത കയ്യേറ്റങ്ങൾ കണ്ടെത്തി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-9-2018-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3778/18/റവ. പ്രകാരം ജില്ലാതലത്തിലും താലൂക്കതലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുള്ളതും ഈ ടീം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ പൊതുഅവധി ദിവസങ്ങൾ ഉൾപ്പെടെ സ്ഥലപരിശോധനകൾ നടത്തി കയ്യേറ്റം കണ്ടെത്തുന്നപക്ഷം അത്തരം കയ്യേറ്റങ്ങൾ സമയബന്ധിതമായിത്തന്നെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം ടി സർക്കാർ ഉത്തരവിൻ പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുന്നതിലേയ്ക്കായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ രൂപീകരിച്ചിട്ടുള്ള മോണിറ്ററിംഗ് സെൽവഴിയും തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ

25(*114) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>:

<u>ഡോ. കെ. ടി. ജലീൽ</u>:

<u>ശ്രീ. കെ. വി. സുമേഷ്</u>:

<u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് മുൻസർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം സംസ്ഥാനതല കർമ്മസേനാ യോഗത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ മിഷൻ യോഗങ്ങളിലും വിലയിരുത്തലുകൾ നടത്തിയിട്ടുണ്ട്. അതിൻപ്രകാരം പൊതു വിദ്യാഭ്യാസ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

അടിസ്ഥാന സൗകര്യവികസനം-സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി സംസ്ഥാനത്തെ 141 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും 59 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104 കോടിയും പ്ലാൻ ഫണ്ടിലൂടെ 1100-ഓളം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനത്തിനും നടപടി സ്വീകരിച്ചു. കൂടാതെ സമഗ്ര ശിക്ഷാ കേരളം ഫണ്ട്, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, പൂർവ്വ വിദ്യാർത്ഥി ഫണ്ട് തുടങ്ങിയവ ഭൗതിക സൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്തി. 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 108 സ്കൂൾ കെട്ടിടങ്ങളും 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 77 സ്കൂൾ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉത്ഘാടനം ചെയ്തു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

സാങ്കേതികവിദ്യ-ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണ ഉറപ്പാക്കാൻ സെക്കണ്ടറി, ഹയർ സെക്കണ്ടറിയിലെ എല്ലാ ക്ലാസ്സ് മുറിയും സാങ്കേതികവിദ്യാ സൗഹൃദമാക്കി. മുഴുവൻ പ്രൈമറി വിദ്യാലയങ്ങളിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചു. 4752 സ്കൂളുകളിൽ ഐ.ടി. അടിസ്ഥാന സൗകര്യം, 14000 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ്, 45,000 ക്ലാസ്സ് മുറികൾ ഹൈടെക്കായി മാറി. പ്രൈമറി സ്കൂളുകളിൽ പ്രൈമറി ഹൈടെക് ലാബ് പദ്ധതി നടപ്പാക്കി. 1 മുതൽ 12 വരെയുള്ള ക്ലാസ്സുകൾക്കായി 1,19,054 ലാപ്ടോപ്, 69,943 പ്രൊജക്ടർ, 4,578 ഡി.എസ്.എൽ.ആർ. ക്യാമറ, 4545 ടി.വി, 4611 മൾട്ടി ഫങ്ഷൻ പ്രിന്റർ, 23098 സ്ക്രീൻ, 4720 വെബ് ക്യാമറ, 1,00,472 യു.എസ്.ബി. സ്പീക്കർ, 43250 മൗണ്ടിങ് കിറ്റ് തുടങ്ങിയ ഐ.ടി. ഉപകരണങ്ങൾ വിന്യസിച്ചു. സാങ്കേതികവിദ്യയിൽ അദ്ധ്യാപകർക്കും കുട്ടികൾക്കുമുണ്ടായ മുൻപരിചയം ലോക്ഡൗൺ കാലത്ത് വലിയ തോതിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞു. സാങ്കേതികവിദ്യ ഫലപ്രദമായി ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്താൻ സമഗ്ര പോർട്ടൽ തയ്യാറാക്കി. ഡിജിറ്റൽ ക്ലാസ്സുകൾ മഹാമാരിക്കാലത്ത് കുട്ടികളെ എങ്ങനെ അഭിമുഖീകരിക്കുമെന്ന് ലോകം ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ കേരളത്തിന്റേതായ അനന്യ മാതൃക വികസിപ്പിച്ചു. കുട്ടികളെ കർമ്മോത്സുകരാക്കാനും പഠന പാതയിൽ നിലനിർത്താനും ജൂൺ 1 മുതൽ തന്നെ 'ഫസ്റ്റ് ബെൽ' ഡിജിറ്റൽ ക്ലാസ്സുകൾ വിക്ടേഴ്സ് ചാനലിലൂടെ ആരംഭിച്ചു. ഡിജിറ്റൽ സൗകര്യമില്ലാത്ത കുട്ടികൾക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കണം എന്ന സർക്കാരിന്റെ അഭ്യർത്ഥന കേരളീയ സമൂഹം നെഞ്ചിലേറ്റി നടപ്പാക്കി. കോടിക്കണക്കിന് രൂപ മൂല്യമുള്ള പതിനായിരത്തിലേറെ ഡിജിറ്റൽ ഉപകരണങ്ങൾ സാമൂഹികമായി സ്വരൂപിച്ച് മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ ക്ലാസ്സുകൾ

വീക്ഷിക്കാനുള്ള സൗകര്യമൊരുക്കി. ഭിന്നശേഷിയുള്ള കുട്ടികൾക്ക് യൂട്യൂബിലൂടെ വൈറ്റ് ബോർഡ് ക്ലാസ്സുകൾ ഒരുക്കി. കന്നട, തമിഴ് മാധ്യമം കുട്ടികൾക്കും ക്ലാസ്സുകൾ ഒരുക്കി. വൊക്കേഷണൽ വിഷയങ്ങൾക്കും ഡിജിറ്റൽ ക്ലാസ്സുകൾ ഉറപ്പാക്കി.

അക്കാദമികം - സ്കൂളിന്റെ സമഗ്രവികസനത്തെ ലക്ഷ്യമാക്കി അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഗുണത ഉറപ്പാക്കാൻ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തി. ഭാഷാ വികാസത്തിനായി പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, ശാസ്ത്രം, കലാകായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങൾ നടത്തി. വിവിധ ഏജൻസികൾ നടത്തുന്ന പഠന പിന്തുണ പ്രവർത്തനങ്ങൾക്കായി 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോറം രൂപപ്പെടുത്തി. കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികളെ ഫലപ്രദമായി ചെറുക്കുന്നതിനുള്ള അറിവും കഴിവും മനോഭാവവും വികസിപ്പിക്കുന്നതോടൊപ്പം അതത് ക്ലാസ്സുകളിൽ കുട്ടികൾ ആർജ്ജിക്കേണ്ട പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ നേടുക എന്നത് ലക്ഷ്യമായി നിശ്ചയിച്ചു. അക്കാദമിക വർഷാരംഭത്തിനുമുൻപ് അക്കാദമിക കലണ്ടർ തയ്യാറാക്കി. ശാസ്ത്ര മേഖലയിൽ ജനകീയ ഗണിതോത്സവം, ശാസ്ത്രപഥം എന്നീ പദ്ധതികൾ. സെക്കണ്ടറിതലത്തിലെ ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് ഗവേഷണാടിസ്ഥാനത്തിൽ 'റെലീഷ് ഇംഗ്ലീഷ്' എന്ന പദ്ധതി, ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ കാര്യത്തിൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇ-ക്യൂബ് പദ്ധതി എന്നിവ നടപ്പിലാക്കി. ഹയർ സെക്കണ്ടറി വിഭാഗം അദ്ധ്യാപകർക്കായി 10 ദിവസം നീണ്ടുനിന്ന റെസിഡൻഷ്യൽ അദ്ധ്യാപക പരിവർത്തന പദ്ധതി നടപ്പിലാക്കി. കുട്ടികളിലെ വ്യത്യസ്തങ്ങളായ പ്രതിഭകളെ കണ്ടെത്താനും അവ പരിപോഷിപ്പിക്കാനുംവേണ്ടി 'ടാലന്റ് ലാബ്', വിദ്യാലയങ്ങളിൽ കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ 'സർഗ്ഗവിദ്യാലയ' പദ്ധതി, ദൃശ്യ പരിമിതിയുള്ള കുട്ടികൾക്കായി ഓഡിയോ പാഠങ്ങൾ, കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിങ് പദ്ധതി' എന്നിവ ആവിഷ്കരിക്കുകയും അതിനായി 'സഹിതം' ഡിജിറ്റൽ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തു. ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേകം കരിക്കുലം, കൈപ്പുസ്തകം എന്നിവ വികസിപ്പിച്ച്. അദ്ധ്യാപകർക്ക് പരിശീലനം നൽകി.

സാമൂഹികം - സമൂഹത്തിലെ പ്രതിഭകളെ കുട്ടികൾക്ക് പരിചയപ്പെടുത്തി. അതിനായി ഏറെ ശ്രദ്ധിക്കപ്പെട്ട 'വിദ്യാലയം പ്രതിഭകളിലേയ്ക്ക്' എന്ന പ്രവർത്തനം വിപുലമായി നടത്തി. രക്ഷകർത്തൃ ബോധവൽക്കരണത്തിനായി എസ്.സി.ഇ.ആർ.ടി.

'നന്മ പൂക്കുന്ന നാളേയ്ക്ക്' എന്ന പുസ്തകം തയ്യാറാക്കി പരിശീലനം നൽകി. വിദ്യാഭ്യാസ രംഗത്തുണ്ടായ മുന്നേറ്റം വിദ്യാലയങ്ങളിൽ മാത്രമല്ല സമൂഹത്തിലാകെ പ്രസരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളുടെ എല്ലാവിധ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങളിലും സമൂഹപിന്തുണയും പങ്കാളിത്തവും ഉറപ്പാക്കി. ഭരണനിർവ്വഹണം മെച്ചപ്പെടുത്താനായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റുകൾ എന്നിവ ഏകോപിപ്പിച്ച് എല്ലാ ഡയറക്ടറേറ്റുകളേയും പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ പരിധിയിൽ കൊണ്ടുവന്നു. എയ്ഡഡ് മേഖലയിലെ അദ്ധ്യാപക, അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനാംഗീകാരവും തസ്തിക നിർണ്ണയവും കൂടുതൽ സുതാര്യമാക്കി. ഇതിനായി സമന്വയ പോർട്ടൽ വികസിപ്പിച്ചു. ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ നിയമനം സമയബന്ധിതമായി നടപ്പാക്കി. മാനദണ്ഡം പാലിച്ച് ഓൺലൈൻ സ്ഥലംമാറ്റം സ്കൂൾ വർഷാരംഭത്തിന് മുമ്പുതന്നെ പൂർത്തീകരിക്കുന്ന അവസ്ഥ സംജാതമാക്കാനും കഴിഞ്ഞു.

പൊതുമികവ് - നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങളെ ജനകീയ പങ്കാളിത്തത്തോടെ സംരക്ഷിക്കുകയും ഏറ്റവും മികച്ച വിദ്യാലയങ്ങളായി മാറ്റിയെടുക്കുകയും ചെയ്യുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിനെ ജനകീയമാക്കി. പൊതുവിദ്യാലയങ്ങളിലുണ്ടായ ഉണർവ്വും അതുണ്ടാക്കിയ അന്തരീക്ഷവും അൺ എയ്ഡഡ് വിദ്യാലയങ്ങളിൽനിന്നും മറ്റ് സ്വകാര്യ വിദ്യാലയങ്ങളിൽനിന്നും കുട്ടികൾ പൊതുവിദ്യാലയങ്ങളിൽ ചേരുന്നതിന് പ്രേരകമായി. 2017-18 മുതൽ 2020-21 വരെ നാല് അക്കാദമിക വർഷങ്ങളിലായി 6.8 ലക്ഷം കുട്ടികൾ അധികമായി പൊതുവിദ്യാലയങ്ങളിലെത്തി. അക്കാദമിക രംഗത്തെ മുന്നേറ്റത്തിന്റെ അംഗീകാരമാണ് നീതി ആയോഗ് നടത്തിയ ഗുണനിലവാര പഠനത്തിൽ (SEQI) ലഭിച്ച ഒന്നാം സ്ഥാനം. ഇന്ത്യയിലെ പ്രഥമ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി കേരളം മാറി. ഇതിന്റെ പ്രഖ്യാപനം 2020 ഒക്ടോബർ 12-ന് നടന്നു. സർക്കാർ യു.പി. സ്കൂളുകളിൽ 2685 കലാകായിക പ്രവൃത്തിപരിചയ അദ്ധ്യാപകരെ സമഗ്രശിക്ഷാ കേരളംവഴി നിയമിച്ചു. ഭിന്നശേഷിയുള്ള കുട്ടികളുടെ സേവനത്തിനായി 2160 റിസോഴ്സ് അദ്ധ്യാപകരെ (സ്പെഷ്യൽ എഡ്യൂക്കേറ്റേർസ്) നിയമിച്ചു. ഉച്ചഭക്ഷണം പാകം ചെയ്യാൻ എല്ലാ വിദ്യാലയങ്ങൾക്കും എൽ.പി.ജി. സൗകര്യം ഒരുക്കുകയും പാചകക്കൂലിയും പാചക ചെലവിനുള്ള തുക വർദ്ധിപ്പിക്കുകയും ചെയ്തു. ഉച്ചഭക്ഷണ ഗുണമേന്മ, ഭക്ഷ്യ വസ്തുക്കളുടേയും കുടിവെള്ളത്തിന്റേയും ലബോറട്ടറി പരിശോധന എന്നിവ ഉറപ്പാക്കി. 1 മുതൽ 8 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും എ.പി.എൽ./ബി.പി.എൽ. ഭേദമന്യേ സൗജന്യ യൂണിഫോം നൽകി. പാഠപുസ്തക വിതരണം സമയബന്ധിതമാക്കി. ആഗോള താപനം, കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ പശ്ചാത്തലത്തിൽ

ജൈവവൈവിധ്യ സംരക്ഷണം, കൃഷി, പരിസ്ഥിതി എന്നിവയെല്ലാം ഉദ്ഗ്രഥിച്ചു കൊണ്ട് 'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കി. എല്ലാ വിദ്യാലയങ്ങളിലും ജൈവവൈവിധ്യ ഉദ്യാനം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ സമഗ്രമാറ്റം, എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും എൻ.എസ്.ക്യു.എഫ്. (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്) എന്നിവയും നടപ്പിലാക്കി.

(ബി) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും വിദ്യാർത്ഥികളുടെ പ്രവേശനത്തിലുണ്ടായ വർദ്ധനവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2016-17 മുതൽ 2020-2021 വരെയുള്ള ഓരോ അദ്ധ്യയന വർഷത്തിലും സംസ്ഥാനത്തെ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലുമുള്ള പൊതു വിദ്യാലയങ്ങളിൽ പുതുതായി പ്രവേശനം നേടിയ കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| വർഷം | പുതുതായി ചേർന്ന കുട്ടികളുടെ എണ്ണം |
|---|---|
| 2016-17 | 111351 |
| 2017-18 | 156565 |
| 2018-19 | 184728 |
| 2019-20 | 163558 |
| 2020-21 | 174871(provisional) |
| ആകെ | 791073 |

2016-17 മുതൽ 2020-21 വരെയുള്ള ഓരോ അദ്ധ്യയന വർഷവും നിലവിലുള്ള കുട്ടികൾക്കുപുറമെ പുതുതായി ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവുണ്ടായി. കഴിഞ്ഞ കാൽനൂറ്റാണ്ടുകളായി ഓരോ അദ്ധ്യയന വർഷത്തേയും ആകെ കുട്ടികളുടെ എണ്ണം, തൊട്ടു മുൻവർഷത്തെ ആകെ കുട്ടികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ക്രമമായി കുറഞ്ഞു വന്നിരുന്നു. എന്നാൽ ഏറ്റവും അധികം കുട്ടികൾ പുതുതായി വന്നുചേർന്ന 2018-19 അദ്ധ്യയന വർഷം (1,84,728 കുട്ടികൾ), മുൻവർഷത്തെ അപേക്ഷിച്ച് ആകെ കുട്ടികളുടെ എണ്ണത്തിലും

വർദ്ധന രേഖപ്പെടുത്തി. ഈ വർദ്ധനവ് കേരള വിദ്യാഭ്യാസ ചരിത്രത്തിൽ ഒരു വഴിത്തിരിവാണ്. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ, 2020-21 അദ്ധ്യയന വർഷം സ്കൂളുകൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ 6-ാം പ്രവൃത്തിദിനം അടിസ്ഥാനപ്പെടുത്തിയുള്ള വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി അംഗീകരിച്ചിട്ടില്ല. എന്നിരുന്നാലും 1,74,871 കുട്ടികൾ ഈ അദ്ധ്യയന വർഷത്തിലും പുതുതായി ചേർന്നതായി നിലവിലെ സ്ഥിരീകരിക്കാത്ത കണക്കുകൾ വ്യക്തമാക്കുന്നു. ഈ കണക്കുകൾകൂടി ചേർന്നാൽ 2016-17 മുതൽ 2020-21 വരെയുള്ള അദ്ധ്യയന വർഷ കാലയളവിൽ ആകെ 7,91,073 കുട്ടികൾ പുതുതായി വന്നുചേർന്നതായി കണക്കാക്കിയിരിക്കുന്നു.

(സി) കോവിഡ്-19 പകർച്ചവ്യാധിയുടെ ആശങ്കയും പ്രതിസന്ധിയും നില നിൽക്കുന്ന സാഹചര്യത്തിൽ അതിനെ മറികടക്കുന്നതിനായി ആരംഭിച്ച ഓൺലൈൻ ക്ലാസ്സുകളുടെ പുരോഗതി വ്യക്തമാക്കുമോ?

2020-21 അദ്ധ്യയന വർഷക്കാലം ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ എല്ലാ വിഷയങ്ങൾക്കും ഡിജിറ്റൽ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. 2021-22 വർഷക്കാലം ജൂൺ 1 മുതൽ തന്നെ ഡിജിറ്റൽ ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം "ഫസ്റ്റ്ബെൽ" ഡിജിറ്റൽ ക്ലാസ്സുകൾ നടപ്പിലാക്കിയതിന്റെ അനുഭവംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ വർഷത്തെ ഡിജിറ്റൽ ക്ലാസ്സുകൾ ക്രമീകരിച്ചി രിക്കുന്നത്. കഴിഞ്ഞ വർഷത്തെപ്പോലെ ഈ വർഷവും ജൂൺ മാസം വിക്ടേഴ്സ് ചാനൽ മുഖേനയുള്ള ഡിജിറ്റൽ ക്ലാസ്സുകളുടെ സംപ്രേഷണമാണ് ഇപ്പോൾ നടത്തുന്നത്. അതത് അദ്ധ്യാപകർതന്നെ അവരവരുടെ വിദ്യാർത്ഥികളെ ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് (ഇന്റർനെറ്റ് സംവിധാനത്തിലൂടെ) നേരിട്ട് വിനിമയം ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അതിനുമുമ്പ് ക്ലാസ്സദ്ധ്യാപകർ കുട്ടികളുമായി സംവദിച്ച് അവർക്കുള്ള സൗകര്യങ്ങൾ വിലയിരുത്തുന്നതിനും ആ ഘട്ടത്തിൽ സ്വന്തമായി ഇന്റർനെറ്റ് സൗകര്യമില്ലാത്ത കുട്ടികൾക്ക് സ്കൂളുകൾ ഉൾപ്പെടെയുള്ള പൊതുകേന്ദ്രങ്ങളിൽ അവസരം ഒരുക്കുന്നതി നുമാണ് ലക്ഷ്യമിടുന്നത്. ഘട്ടംഘട്ടമായാണ് ക്ലാസ്സുകൾ ഓൺലൈൻ രൂപത്തി ലേയ്ക്കുകൂടി മാറുന്നത്. അതിനുമുമ്പ് കുട്ടികൾക്ക് സ്വന്തമായോ പൊതുവായി സംവിധാനങ്ങളോ ലഭ്യമാണെന്ന് ഉറപ്പാക്കും. ഓരോ ടീച്ചറിനും കുട്ടിക്കും പൊതു പ്ലാറ്റ്ഫോമിൽ സവിശേഷമായ ലോഗിൻ സംവിധാനത്തോടെ ഓൺലൈൻ ക്ലാസ്സുകൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഓൺലൈൻ ക്ലാസ്സുകൾ ശരിയായ അർത്ഥത്തിൽ പ്രാവർത്തികമാക്കുന്നതിനുമുൻപ് വിദ്യാശ്രീ പദ്ധതിയിലൂടെയോ സാധ്യമായ മറ്റ് പദ്ധതികളിലൂടെയോ കുട്ടികൾക്ക് ലാപ്ടോപ്പ് ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും പ്രത്യേക സ്കീമിൽ ഇന്റർനെറ്റ് സൗകര്യമൊ

രുക്കുന്നതിനും സേവന ദാതാക്കളുമായി ആലോചിച്ച് ക്രമീകരണമൊരുക്കും. ഓൺലൈൻ ക്ലാസ്സുകൾ വ്യാപകമാക്കുന്നതിനുമുൻപ് പൈലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ക്ലാസ്സുകളിൽ നടപ്പിലാക്കി അവയുടെ ഫീഡ്ബാക്കിന് അനുസരിച്ചായിരിക്കും മറ്റു ക്ലാസ്സുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ക്രമീകരണമൊരുക്കുന്നത്.

(ഡി) പ്രസ്തുത സാഹചര്യം നിലനിൽക്കുന്നതിനാൽ നടപ്പുവർഷവും ഓൺലൈൻ ക്ലാസ്സുകൾ തുടരുന്നതിനും കൂടുതൽ കാര്യക്ഷമവും ആകർഷകവുമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

കോവിഡ് ഭീഷണി തുടരുന്ന സാഹചര്യത്തിൽ ഈ അക്കാദമിക വർഷാരംഭത്തിലും സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ ആദ്യഘട്ടത്തിൽ വിക്ടേഴ്സ് ചാനൽ വഴിയുള്ള ഡിജിറ്റൽ ക്ലാസ്സുകൾ പുത്തൻ സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ ആകർഷകമാക്കി നൽകാനാണ് ഉദ്ദേശിക്കുന്നത്. കോവിഡ്-19 ലോക്ഡൗൺ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്നുപ്രവർത്തിക്കുന്നതിന് അനുകൂല സാഹചര്യമില്ലാത്തതിനാലായിരുന്നു 29-5-2020-ലെ സ.ഉ. (സാധാ) നമ്പർ 1756/2020/പൊ.വി.വ. ഉത്തരവ് പ്രകാരം "ഫസ്റ്റ്ബെൽ" എന്ന പേരിൽ ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക ക്ലാസ്സുകൾ ആരംഭിച്ചത്. കഴിഞ്ഞ വർഷത്തെ അനുഭവംകൂടി കണക്കിലെടുത്തുകൊണ്ടാണ് ഈ വർഷത്തെ ഡിജിറ്റൽ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തെപ്പോലെ ഈ വർഷവും ജൂൺ മാസം വിക്ടേഴ്സ് മുഖേനയുള്ള ഡിജിറ്റൽ ക്ലാസ്സുകളുടെ സംപ്രേഷണമാണ് ഇപ്പോൾ നടത്തുന്നത്. അതത് അദ്ധ്യാപകർതന്നെ അവരവരുടെ വിദ്യാർത്ഥികളെ ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് (ഇന്റർനെറ്റ് സംവിധാനത്തിലൂടെ) നേരിട്ട് വിനിമയം ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അതിനുമുമ്പ് ക്ലാസ്സദ്ധ്യാപകർ കുട്ടികളുമായി സംവദിച്ച് അവർക്കുള്ള സൗകര്യങ്ങൾ വിലയിരുത്തുന്നതിനും ആ ഘട്ടത്തിൽ സ്വന്തമായി ഇന്റർനെറ്റ് സൗകര്യം ഇല്ലാത്ത കുട്ടികൾക്ക് സ്കൂളുകൾ ഉൾപ്പെടെയുള്ള പൊതു കേന്ദ്രങ്ങളിൽ അവസരം ഒരുക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ഘട്ടംഘട്ടമായാണ് ക്ലാസ്സുകൾ ഓൺലൈൻ രൂപത്തിലേയ്ക്കുകൂടി മാറുന്നത്. അതിനുമുമ്പ് കുട്ടികൾക്ക് സ്വന്തമായോ പൊതുവായി സംവിധാനങ്ങളോ ലഭ്യമാണെന്ന് ഉറപ്പാക്കും. ഓൺലൈൻ വിദ്യാഭ്യാസ സമ്പ്രദായം നടത്തുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പരമാവധി പരിഹരിച്ച് സർക്കാർ ഇത് നടപ്പാക്കും. സംസ്ഥാനത്തെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമാക്കും. സ്കൂൾ വിദ്യാഭ്യാസം മൗലീക അവകാശമായ നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും തുല്യമായ രീതിയിൽ നൽകുക

എന്നത് സർക്കാരിന്റെ കടമയാണ്. ഡിജിറ്റൽ അന്തരം (digital divide) വിദ്യാർത്ഥികൾക്കിടയിൽ ഇല്ലാതാക്കാൻ സർക്കാർ പരമാവധി ക്രമീകരണങ്ങൾ ഒരുക്കും. പൊതുവിദ്യാലയങ്ങളിലെ എല്ലാ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനത്തിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും ഒരുക്കിക്കൊണ്ട് ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ ന്യൂനതകൾ പരിഹരിച്ചുകൊണ്ടായിരിക്കും ഇത് നടപ്പിലാക്കുന്നത്.

**പഠന നിലവാരം ഉയർത്താൻ നടപടി**

26(*115) ശ്രീ. റോജി എം. ജോൺ:

ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതി മുഖേന വിദ്യാലയങ്ങളിൽ ഇതിനകം എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കാൻ സാധിച്ചത്; വിശദാംശം നൽകുമോ?

ആധുനിക വിദ്യാഭ്യാസ കാഴ്ചപ്പാടിനനുസൃതമായി സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലും കാതലായ മാറ്റങ്ങൾ വരുത്തുന്നതിന് കഴിഞ്ഞ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. തെരഞ്ഞെടുത്ത സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കെത്തിക്കുന്നതിനും ഡിജിറ്റൽ വിടവില്ലാതെ എല്ലാ വിഭാഗം സ്കൂൾ കുട്ടികൾക്കും ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനും ' ഹൈടെക് സ്കൂൾ', 'ഹൈടെക് ലാബ്' പദ്ധതികളും കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും നടപ്പിലാക്കി. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള ഹൈടെക് സ്കൂൾ പദ്ധതിയിൽ 8 മുതൽ 12 വരെ ക്ലാസ്സുകളുള്ള സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും ഹൈടെക് ലാബ് പദ്ധതിയനുസരിച്ച് ഒന്നു മുതൽ ഏഴു വരെ ക്ലാസ്സുകളിലേയ്ക്ക് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഐ.ടി. സംവിധാനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുകയും ചെയ്തു. സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഓരോ മണ്ഡലത്തിലേയും തെരഞ്ഞെടുത്ത ഓരോ സർക്കാർ സ്കൂളിലും 5 കോടി രൂപ വീതം ചെലവഴിച്ചുള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത്. 4752 സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും 11257 സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതിയും ഉൾപ്പെടെ സംസ്ഥാനത്തെ 16009 സ്കൂളുകളിൽ 119051 ലാപ്ടോപ്പ്, 69955 പ്രൊജക്റ്റർ, 43250 പ്രൊജക്റ്റർ മൗണ്ടിംഗ് കിറ്റ്, 23098 സ്ക്രീൻ, 4545 നാല്പത്തിമൂന്ന് ഇഞ്ച് ഫുൾ എച്ച്.ഡി. എൽ.ഇ.ഡി. ടെലിവിഷൻ, 4609 മൾട്ടിഫങ്ഷൻ പ്രിന്റർ, 4578 ഡി.എസ്.എൽ.ആർ.ക്യാമറ, 4720 ഫുൾ എച്ച്.ഡി. വെബ്ക്യാം, 100439

യു.എസ്.ബി. സ്പീക്കർ എന്നിവയാണ് വിതരണം ചെയ്തത്. തെരഞ്ഞെടുത്ത വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയനുസരിച്ച് 5 കോടി രൂപവീതം 141 വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ സ്കൂളിനും 3 കോടി രൂപവീതം 379 സ്കൂളുകളിലും 1 കോടി രൂപ വീതം 446 സ്കൂളുകളിലും ചെലവഴിച്ച് പ്രവൃത്തികൾ നടപ്പിലാക്കിയിരുന്നു. സംസ്ഥാനത്തെ 1 മുതൽ 12 വരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കി. രാജ്യത്ത് ആദ്യമായാണ് ഇത്തരം ബൃഹത്തായ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് ശൃംഖല വിദ്യാഭ്യാസ മേഖലയിൽ രൂപീകരിച്ചിട്ടുള്ളത്.

(ബി) ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയതിലൂടെ കുട്ടികളുടെ പഠന നിലവാരത്തിലുണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ വിലയിരുത്തുമോ?

ഉണ്ട്: പൊതുവിദ്യാഭ്യാസ മേഖലയിൽ സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി കഴിഞ്ഞ 5 അക്കാദമിക വർഷങ്ങളിലും ലക്ഷക്കണക്കിന് കുട്ടികൾ പൊതുവിദ്യാലയങ്ങളിലേയ്ക്ക് പുതുതായി എത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി കുട്ടികളുടെ പഠന നിലവാരത്തിലും ഗ്രഹണപാഠവത്തിലും കൃത്യമായ മെച്ചമുണ്ടായിട്ടുണ്ട്. പൊതു പരീക്ഷകളിലെ വിജയ ശതമാനം ഇത് വ്യക്തമാക്കുന്നു. കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നടപ്പിലാക്കുന്ന 'ഫസ്റ്റ്ബെൽ' ക്ലാസ്സുകൾ സമാനതകളില്ലാത്ത ഡിജിറ്റൽ പഠന സൗകര്യങ്ങളാണ് സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികൾക്ക് കോവിഡ്-19 കാലത്ത് ഒരുക്കിയത്. കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിന്റെ പ്രവർത്തനങ്ങൾ, അക്ഷരവൃക്ഷം, ഫസ്റ്റ്ബെൽ, ഓൺലൈൻ അദ്ധ്യാപക പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായ കുറിപ്പ് കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ Remote Learning Initiatives across India എന്നതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച് Intel-ന്റെ സഹായത്തോടെ അമേരിക്കയിലെ ഒഹായോ (OHIO) യൂണിവേഴ്സിറ്റിയും കേരള യൂണിവേഴ്സിറ്റിയും സംയുക്തമായി നടത്തിയ പഠനത്തിൽ പദ്ധതി നടപ്പിലാക്കിയത് കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകമായെന്നും 92 ശതമാനം അദ്ധ്യാപകരും ഹൈടെക് സംവിധാനങ്ങൾ പഠന പ്രവർത്തനങ്ങളിൽ ഉപയോഗിക്കുന്നുണ്ടെന്നും കണ്ടെത്തി യിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നീതി ആയോഗ് HRD Section-ന്റെ Best Practices-ൽ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) കോവിഡ് കാലത്തെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. കോവിഡ് കാലയളവിൽ സ്കൂൾ എഡ്യൂക്കേഷൻ മേഖലയിൽ കൈറ്റ് നടപ്പിലാക്കുന്ന ' ഫസ്റ്റ്ബെൽ' പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് UNICEF-ന്റെ ഔദ്യോഗിക വെബ്സൈറ്റിൽ 2020 ആഗസ്റ്റ് 18-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) അടിസ്ഥാന സൗകര്യ വികസനത്തിനൊപ്പം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരംകൂടി ഉയർത്താൻ എന്തെല്ലാം പദ്ധതികൾ മുൻസർക്കാർ നടപ്പിലാക്കിയിരുന്നു; വിശദമാക്കാമോ?

സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനവും ഐ.ടി. അടിസ്ഥാന സൗകര്യ ലഭ്യതയും ഉറപ്പുവരുത്തുന്നതിനോടൊപ്പം ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസ്സുകളിലെ പാഠഭാഗങ്ങൾക്ക് അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങളും കൈറ്റ്, എസ്.സി.ഇ.ആർ.ടി.-യുടെ സഹായത്തോടെ സജ്ജമാക്കി ' സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ മുഖേന എല്ലാ അദ്ധ്യാപകർക്കും പ്രയോജനപ്പെടുന്നതരത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ക്ലാസ്സ്മുറികളിലെ ഹൈടെക് ഉപകരണങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പാഠവിനിമയം നടത്തുന്നതിന് ഡിജിറ്റൽ വിഭവങ്ങൾ അനിവാര്യമാണ്. പാഠഭാഗങ്ങൾക്കനുസൃതമായി അദ്ധ്യാപകർക്ക് ആവശ്യമായ ഡിജിറ്റൽ വിഭവങ്ങൾ സമഗ്ര പോർട്ടലിലൂടെ ലഭ്യമാക്കിയതിനോടൊപ്പം ഈ വിഭവങ്ങൾ സ്വയം നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക പരിശീലനം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. ഇമേജ് എഡിറ്റിംഗ്, ഓഡിയോ-വീഡിയോ റെക്കോർഡിംഗ് & എഡിറ്റിംഗ്, ഇന്ററാക്ടീവ് വിഭവങ്ങളുടെ നിർമ്മാണം എന്നീ മേഖലകളിൽ അദ്ധ്യാപകർക്ക് കൈറ്റ് പരിശീലനം നൽകിയിട്ടുണ്ട്. ക്ലാസ്സ്മുറികൾ ഹൈടെക്കായതിനൊപ്പം പരമ്പരാഗത അദ്ധ്യാപന രീതിയിലും മാറ്റം വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. പാഠാസൂത്രണങ്ങളും സൂക്ഷ്മാസൂത്രണങ്ങളും സാങ്കേതികവിദ്യാ സൗഹൃദമായി സമർപ്പിക്കുന്നതിനും അവ പരിശോധിക്കുന്നതിനും ഓരോ ക്ലാസ്സ്മുറിയിലും വിഭവങ്ങൾ ഉപയോഗിച്ച് പഠനപ്രവർത്തനങ്ങൾ നടത്തിയശേഷം റിഫ്ലക്ഷൻ നോട്ട് ഉൾപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങളും സമഗ്ര വിഭവ പോർട്ടലിൽ നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി യോജിച്ച് ഹയർസെക്കണ്ടറി അദ്ധ്യാപകർക്കുവേണ്ടി ഏർപ്പെടുത്തിയ പ്രത്യേക പരിശീലനപരിപാടി, വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തി ഡയറ്റ് അദ്ധ്യാപകർക്ക് നൽകിയ പരിശീലനം, തുടക്കക്കാരായ പ്രൈമറി അദ്ധ്യാപകർക്ക് നൽകിയ ഏഴുദിന പരിശീലനം, സ്കൂൾ അടിസ്ഥാനമാക്കി നൽകിയ പരിശീലനം എന്നിവയിലൂടെ വ്യത്യസ്ത രീതിയിൽ അദ്ധ്യാപകരെ ശാക്തീകരിച്ചു. ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ സഹായത്തോടെ പുതുതായി ചേർന്നവർക്ക് കൈറ്റ് നൽകിയ പരിശീലനവും 14 ജില്ലകളിലും ഡയറ്റുകളുടെ സഹായത്തോടെ എസ്.സി.ഇ.ആർ.ടി. നൽകിയ പരിശീലനവും അദ്ധ്യാപകരെ കൂടുതൽ ശാക്തീകരിച്ചു. ഉല്ലാസഗണിതം, ഗണിതവിജയം, ഹലോ ഇംഗ്ലീഷ്, എന്റെ മലയാളം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി.

(ഡി) കോവിഡ് പ്രതിസന്ധിമൂലം ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്ന ഈ സാഹചര്യത്തിൽ പഠനത്തിന്റെ ഗുണനിലവാരം ഉയർത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

കോവിഡ്-19 ലോക്ഡൗൺ പ്രതിസന്ധികൾകാരണം സ്കൂളുകൾ തുറന്നു പ്രവർത്തിക്കാൻ കഴിയാതിരുന്നപ്പോഴാണ് ' ഫസ്റ്റ്ബെൽ' എന്ന പേരിൽ ഡിജിറ്റൽ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ക്ലാസ്സുകൾ 2020-21-ൽ ആരംഭിച്ചത്. ഇത് ക്ലാസ്സ് മുറിയിൽ നടക്കേണ്ട പഠന പ്രവർത്തനങ്ങൾക്ക് പകരമല്ല. മുൻകൂട്ടി പ്രഖ്യാപിക്കുന്ന സമയങ്ങളിലാണ് ഓരോ ക്ലാസ്സിലേയ്ക്കുമുള്ള സംപ്രേഷണം കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ നടത്തിയിരുന്നത്. സംപ്രേഷണം ചെയ്യുന്ന പാഠഭാഗങ്ങൾ തത്സമയം വീക്ഷിക്കുന്നതിന് അവസരം ലഭിക്കാത്ത കുട്ടികൾക്കുവേണ്ടി പുനഃസം പ്രേഷണവും കൈറ്റ് വിക്ടേഴ്സിന്റെ വെബിലും മൊബൈൽ ആപ്പിലും സോഷ്യൽ മീഡിയ പേജുകളിലും മറ്റും ലഭ്യമാക്കിയിരുന്നു. വീട്ടിൽ ടി.വി., ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളില്ലാത്ത കുട്ടികൾക്ക് ക്ലാസ്സ് കാണുന്നതിനായി അടുത്ത് താമസിക്കുന്ന സഹപാഠിയുടെയോ അയൽ വീടുകളിലേയോ ഗ്രന്ഥശാലകൾ/ അക്ഷയ കേന്ദ്രങ്ങൾ, ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകൾക്ക് ലഭ്യമാക്കിയ ലാപ് ടോപ്, ഇന്റർനെറ്റ് സൗകര്യം, തൊട്ടടുത്ത സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്തൽ തുടങ്ങി സാധ്യമായ എല്ലാ ക്രമീകരണങ്ങളും ഒരുക്കിയിരുന്നു. സ്കൂളിൽ ലഭ്യമായ ഉപകരണങ്ങളും സൗകര്യങ്ങളും പ്രയോജന പ്പെടുത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ കുട്ടികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിലാണ് ' ഫസ്റ്റ്ബെൽ' ക്രമീകരിച്ചത്. ഏതെങ്കിലും കുട്ടികൾക്കോ പ്രദേശത്തോ ക്ലാസ്സുകൾ കാണുന്നതിന് പ്രയാസം നേരിട്ടാൽ പ്രഥമാധ്യാപകർ പി.ടി.എ.-യുടേയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടേയും കുടുംബശ്രീ യൂണിറ്റുകളുടേയും സഹായം പ്രയോജനപ്പെടുത്തുന്നതിനും നിർദേശം നൽകിയിരുന്നു. സംസ്ഥാന സിലബസ് പിൻതുടരുന്ന ഒരു കുട്ടിക്കുപോലും (വീട്ടിൽ ടി.വി.-യും സ്മാർട്ട് ഫോണും ഇന്റർനെറ്റും ഒന്നുമില്ലാത്ത) ക്ലാസ്സുകൾ കാണാൻ സാധിക്കാത്ത സാഹചര്യം പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഫസ്റ്റ്ബെൽ പദ്ധതിയുടെ കാര്യത്തിൽ സ്വീകരിച്ചിരുന്നു. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പഠനപരിപാടി ' ഫസ്റ്റ് ബെൽ' എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ സാഹചര്യങ്ങളുടെ അനുഭവംകൂടി കണക്കിലെടുത്തു കൊണ്ടാണ് ഈ വർഷത്തെ ഡിജിറ്റൽ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തെപ്പോലെ ഈവർഷവും ജൂൺ മാസം വിക്ടേഴ്സ് മുഖേനയുള്ള ഡിജിറ്റൽ

ക്ലാസ്സുകളുടെ സംപ്രേഷണമാണ് ഇപ്പോൾ നടത്തുന്നത്. അതത് അദ്ധ്യാപകർതന്നെ അവരവരുടെ വിദ്യാർത്ഥികളുമായി ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് (ഇന്റർനെറ്റ് സംവിധാനത്തിലൂടെ) നേരിട്ട് ആശയ വിനിമയം നടത്തുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അതിനുമുമ്പ് ക്ലാസ്സദ്ധ്യാപകർ കുട്ടികളുമായി സംവദിച്ച് അവർക്കുള്ള സൗകര്യങ്ങൾ വിലയിരുത്തണമെന്നും ആ ഘട്ടത്തിൽ സ്വന്തമായി ഇന്റർനെറ്റ് സൗകര്യം ഇല്ലാത്ത കുട്ടികൾക്ക് സ്കൂളുകൾ ഉൾപ്പെടെയുള്ള പൊതുകേന്ദ്രങ്ങളിൽ അവസരം ഒരുക്കുകയുമാണ് ലക്ഷ്യമിടുന്നത്. ഘട്ടംഘട്ടമായാണ് ക്ലാസ്സുകൾ ഓൺലൈൻ രൂപത്തിലേയ്ക്കുകൂടി മാറുന്നത്. അതിനുമുമ്പ് കുട്ടികൾക്ക് സ്വന്തമായോ പൊതുവായ സംവിധാനങ്ങളോ ലഭ്യമാണെന്ന് ഉറപ്പാക്കും.

### പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

27(*117) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. പ്രഭാകരൻ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ മുന്നേറ്റം ഉണ്ടാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പഠനപിന്തുണ ആവശ്യമുള്ള കുട്ടികളെ അതത് മേഖലകളിൽ കൂടുതൽ മികവിലേയ്ക്ക് എത്തിക്കുന്നതിനുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം, കലാ-കായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങൾ നടത്തി. വിവിധ ഏജൻസികൾ നടത്തുന്ന പഠന പിന്തുണ പ്രവർത്തനങ്ങൾക്കായി 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോം വികസിപ്പിച്ചു. ശാസ്ത്രമേഖലയിൽ ജനകീയ ഗണിതോത്സവം, ശാസ്ത്രപഥം എന്നീ പദ്ധതികൾ. സെക്കണ്ടറി തലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുന്നതിന് ലക്ഷ്യമിട്ട് ഗവേഷണാടിസ്ഥാനത്തിൽ 'റെലീഷ് ഇംഗ്ലീഷ് എന്ന പദ്ധതി', ഇംഗ്ലീഷ് ഭാഷാ

പഠനത്തിന്റെ കാര്യത്തിൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ-ക്യൂബ് (E3) പദ്ധതി എന്നിവ ഈ രംഗത്ത് നടത്തിയ വൈവിധ്യമാർന്ന പദ്ധതികളിൽ പ്രധാനപ്പെട്ടവയാണ്. എസ്.സി.ഇ.ആർ.ടി-യുടെ ആഭിമുഖ്യത്തിൽ സംസ്കൃതമാധുരി, അഹ്ലൻ അറബിക്, പ്യാരി ഉറുദു എന്നീ ഭാഷാപഠന പരിപോഷണ പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) പൊതുവിദ്യാലയങ്ങളും പൊതുസമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. ജില്ലാതല റിവ്യൂ മീറ്റിംഗിലും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ നടക്കുന്ന മീറ്റിംഗുകളിലും ഇതുസംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ആരംഭഘട്ടത്തിൽ നടന്ന വിദ്യാലയ വികസന സെമിനാറുകളിൽ വലിയ ജനകീയ പങ്കാളിത്തമുണ്ടായി. ജനപ്രതിനിധികൾ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, വിദ്യാഭ്യാസതൽപ്പരർ എന്നിവരെല്ലാം വലിയതോതിൽ പങ്കെടുത്തും കുട്ടികളുടെ പഠന നേട്ടങ്ങൾ സമൂഹവുമായി പങ്കുവയ്ക്കാൻ ആവിഷ്കരിച്ച പഠനോത്സവങ്ങളും വലിയ തോതിൽ ജനപങ്കാളിത്ത മുള്ളതായിരുന്നു. വിദ്യാലയം പ്രതിഭകളിലേയ്ക്ക് എന്ന പദ്ധതിയും ക്രിയാത്മകമായ ജനപങ്കാളിത്തത്തിന് ഉദാഹരണമാണ്. ഭൗതിക സൗകര്യം ഒരുക്കുന്നതിലും സാങ്കേതികവിദ്യാ ഉപകരണങ്ങൾ ക്ലാസ്സ് മുറികളിൽ സ്ഥാപിക്കുന്നതിനനുഗുണമായ തരത്തിൽ ക്ലാസ്സ് മുറികളെ സജ്ജമാക്കുന്നതിനും സാമ്പത്തികമായി സ്കൂളുകളെ സഹായിക്കുന്നതിന് സമൂഹം സജ്ജമായി. പൊതുവിദ്യാലയവും പൊതുസമൂഹവും തമ്മിലുള്ള ബന്ധം ദൃഢപ്പെടുത്തി എന്നതിന് ഏറ്റവും നല്ല തെളിവാണ് കഴിഞ്ഞ നാല് അക്കാദമിക വർഷമായി പൊതുവിദ്യാലയങ്ങളിൽ അധികമായി എത്തിച്ചേർന്ന 6.8 ലക്ഷം കുട്ടികൾ.

## മലയോര ഹൈവേയുടെ നിർമ്മാണം

28(*118) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന മലയോര ഹൈവേയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

മലയോര ഹൈവേ പ്രവൃത്തികൾ നിർമ്മാണഘട്ടത്തിലാണ്. പുരോഗതിയുടെ വിശദാംശം അനുബന്ധം I ആയി ഉൾക്കൊള്ളിച്ചിരിക്കുന്നു*.

(ബി) മലയോര ഹൈവേയുടെ ഭാഗമായി എത്ര ശതമാനം സ്ഥലമെടുപ്പ് പൂർത്തിയാക്കാൻ നാളിതുവരെ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

മലയോര ഹൈവേയ്ക്ക് ഫ്രീ സറണ്ടറായിട്ടാണ് സ്ഥലം ഏറ്റെടുക്കുന്നത്. അതുകൊണ്ട് കൃത്യമായ കണക്ക് ലഭ്യമല്ല.

(സി) ഇതിനകം കിഫ്ബിയിൽ സമർപ്പിച്ച എത്ര റീച്ചുകൾക്ക് അംഗീകാരം ലഭിച്ചു; ഇതിൽ എത്ര കിലോമീറ്റർ റോഡിന്റെ പണി പൂർത്തിയായി; വിശദാംശം നൽകാമോ?

21 റീച്ചുകൾക്ക് അംഗീകാരം ലഭിച്ചു. 92.18 കി.മീ. റോഡിന്റെ പണി പൂർത്തിയായിട്ടുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധം I & II ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) മലയോര ഹൈവേയുടെ വനമേഖലകളിലൂടെ കടന്നുപോകുന്ന ഭാഗത്തെ വനഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

വനഭൂമി വിട്ടുകിട്ടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വിശദമായ വിവരങ്ങൾ അനുബന്ധം III ആയി ഉള്ളടക്കം ചെയ്യുന്നു.*

### സ്മാർട്ട് വില്ലേജ് ഓഫീസുകൾ

29(*119) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീമതി ദെലീമ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിലെ നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കേണ്ടിവരുന്ന വില്ലേജ് ഓഫീസുകളിലെ നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട്(SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽനിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സംസ്ഥാനത്ത് ഇതുവരെ പ്ലാൻസ്കീം മുഖേന 220 വില്ലേജ് ഓഫീസുകൾക്കും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 255 വില്ലേജ് ഓഫീസുകൾക്കുമാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്. പ്ലാൻ സ്കീമിൽ ഉൾപ്പെട്ട 126 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിച്ചുവരുന്നു. മറ്റ് വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ വിവിധഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

2. ഇ-ഡിസ്ട്രിക്ട് വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെതന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

3. ആർ.ആർ. ഓൺലൈൻ റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ്തലംവരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസ്സിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

4. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation), ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

5. ഇ-പെയ്മെന്റ് സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻവഴി ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസിൽ നേരിട്ടെത്തുന്നതിന് പകരം ഓൺലൈൻ സംവിധാനം ഏർപ്പാടാക്കിയിട്ടുണ്ട്.

6. ഇ-പോസ് ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുകയെന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇ-പോസ് വഴി സ്വീകരിക്കുന്ന തുക ഉടനടിതന്നെ സർക്കാർ ഖജനാവിലേയ്ക്ക് എത്തുന്നു എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം. ഈ സേവനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നിലവിൽ ഓൺലൈനായി നൽകാവുന്ന എല്ലാ സേവനങ്ങളും ഓൺ ലൈനായിത്തന്നെ നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 50 സ്മാർട്ട് വില്ലേജ് ഓഫീസുകളിലെ മുഴുവൻ സേവനങ്ങളും സ്മാർട്ട് ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. എല്ലാ റവന്യൂ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് പരിഗണനയിലാണ്.

(ബി) നിലവിൽ എത്ര വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുണ്ടെന്ന് അറിയിക്കുമോ?

പ്ലാൻ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനമൊട്ടാകെ 220 വില്ലേജ് ഓഫീസുകളെയാണ് നാളിതുവരെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി പുനർ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുള്ളത്. ആയവയിൽ 126 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുള്ളതും ബാക്കിയുള്ളവയുടെ നിർമ്മാണം ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളതുമാണ്. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിക്കുന്നതിനായി 255 വില്ലേജ് ഓഫീസുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതുമാണ്. ടി വില്ലേജ് ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സി) വില്ലേജ് ഓഫീസുകളിൽനിന്നും ജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച ഇ-ഡിസ്ട്രിക്ട് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഇ-ഡിസ്ട്രിക്ട് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കും.

**പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം**

30(*120) ശ്രീ. എം. എം. മണി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. ടി. എ. റഹീം:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മുൻസർക്കാർ ആവിഷ്കരിച്ച പുതിയ കാലം പുതിയ നിർമ്മാണം എന്ന നയത്തിന്റെ ഭാഗമായി മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധനയ്ക്കായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ടോ?

(എ&ബി) പൊതുമരാമത്ത് പ്രവൃത്തികൾ ഓരോ ഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത മാനദണ്ഡങ്ങൾ പാലിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിവരുന്നത്. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷത്തിനുമുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും 1st tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന്

സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. 2nd tier ഗുണനിലവാര പരിശോധനയ്ക്ക് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും പ്രവൃത്തിയുടെ മെറ്റീരിയൽസിന്റെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും ചെയ്തുവരുന്നു. കൂടാതെ ഗുണനിലവാര പരിശോധനകളുടെ ഫലം പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സാങ്കേതിക രംഗത്തെ നവീനതകൾ അറിയുന്നതിനും ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി പരിശീലന പരിപാടികളും ശിൽപശാലകളും സംഘടിപ്പിച്ചുവരുന്നു. പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെയും നാല് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും ഉൾപ്പെടുത്തി ശക്തിപ്പെടുത്തിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ വലിയ പദ്ധതികൾ എഞ്ചിനീയറിംഗ് പ്രൊക്യൂവർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ അവ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്ത് ഗുണനിലവാരത്തോടുകൂടി പുനർനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സി) കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതും ദീർഘകാലം ഈടുനിൽക്കുന്നതുമായ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യ റോഡ് നിർമ്മാണത്തിന് വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുമോ; വ്യക്തമാക്കാമോ?

ദീർഘകാലം ഈടുനിൽക്കുന്നതും പരിപാലന ചെലവ് കുറഞ്ഞതുമായ വൈറ്റ് ടോപ്പിംഗ് സാങ്കേതിക വിദ്യ, വെള്ളക്കെട്ടുള്ള പ്രദേശങ്ങൾ, ഗതാഗത തിരക്കുള്ള നഗരപാതകൾ തുടങ്ങിയ സ്ഥലങ്ങളിൽ അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വൈറ്റ് ടോപ്പിംഗ് രീതിയിലുള്ള റോഡ് പ്രവൃത്തികൾ 15 മുതൽ 20 വർഷംവരെ

ഈടുനിൽക്കുന്നവയാണ്. ഇന്ത്യൻ റോഡ്സ് കോൺഗ്രസ് IRC SP: 76-2015 പ്രകാരം വൈറ്റ് ടോപ്പിംഗ് നിർമ്മാണ പ്രവർത്തനത്തിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ആലപ്പുഴ നഗര റോഡുകളുടെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വൈറ്റ് ടോപ്പിംഗ് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ 12 ഇടനാഴികളിലായി 12.17 കി.മീ. നീളത്തിൽ വൈറ്റ് ടോപ്പിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 3.5 കി.മീ. വൈറ്റ് ടോപ്പിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും പ്രവൃത്തികൾ പുരോഗതിയിലുമാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തിരൂർ നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

1 (750) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ പാലങ്ങൾ വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ താഴെപ്പാലം പാരലൽ ബ്രിഡ്ജിന്റെ പ്രവൃത്തിയാണുള്ളത്. 14-7-2009-ൽ 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച തിരൂർ താഴെപ്പാലം പാലത്തിന് ആദ്യം നിർദ്ദേശിച്ച ഭാഗത്ത് സ്ഥലം ലഭ്യമാകാത്തതിനെ തുടർന്നാണ് ഇപ്പോഴത്തെ ഭാഗത്ത് സമാന്തര പാലമായി വിഭാവനം ചെയ്യുതും 25-3-2017-ന് അപ്രോച്ച് റോഡില്ലാതെ പാലം നിർമ്മാണം മാത്രം പൂർത്തീകരിക്കുകയും ചെയ്തത്. അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുത്ത് പ്രസ്തുത പ്രവൃത്തിയിൽ തിരൂർ ഭാഗത്തേയ്ക്കുള്ള സംരക്ഷണ ഭിത്തി പൂർണ്ണമായും എർത്ത് ഫില്ലിംഗ് ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. താനൂർ ഭാഗത്തേയ്ക്കുള്ള സംരക്ഷണ ഭിത്തിയും രണ്ടു ഭാഗത്തേയ്ക്കുള്ള അനുബന്ധ റോഡുകളും റോഡ് സേഫ്റ്റി പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്. നിരത്ത്, കെട്ടിടവിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം- I ആയി ചേർക്കുന്നു*.

(ബി) ഭരണാനുമതിക്കായി സമർപ്പിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും അറിയിക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാലം വിഭാഗത്തിനുകീഴിൽ മുൻവർഷങ്ങളിൽ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ച പ്രവൃത്തികൾക്ക് നിലവിൽ ആവശ്യമായ തുക ചുവടെ ചേർക്കുന്നു :

1. തിരൂർ ടൗൺ പാരലൽ ആർ.ഒ.ബി- 3.30 കോടി രൂപ

2. തിരൂർ പൊൻമുണ്ടം ആർ.ഒ.ബി.-24 കോടി രൂപ.

നിരത്തു വിഭാഗത്തിനുകീഴിൽ ബഡ്ജറ്റ് പ്രവൃത്തി 2021-22 (20% ബഡ്ജറ്റ് പ്രൊവിഷൻ) ബി.പി അങ്ങാടി-മാങ്ങാട്ടിരി-വെട്ടം റോഡിൽ കി.മീ 5/700 മുതൽ 8/320 വരെ ഇംപ്രൂവ്മെന്റ് & എ.എം.പി, ബിഎം & എ.എം.പി & ബി.സി പ്രവൃത്തി- തിരൂർ എൽ.എ.സി. മലപ്പുറം - 200 ലക്ഷം രൂപ സമർപ്പിച്ചിട്ടുണ്ട്.

(സി) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിലെ പ്രവൃത്തികളിൽ പൂർത്തിയാകാത്തവയുടെ വിവരം ലഭ്യമാക്കുമോ?

ആസ്തി വികസന ഫണ്ടിലെ പ്രവൃത്തികളുടെ വിവരം അനുബന്ധം-II ആയി ചേർക്കുന്നു*.

**മലമ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

2 (751) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ മലമ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ മലമ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിനുകീഴിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ ശാസ്താനഗർ കനാൽ പാലം നിർമ്മാണം (75 ലക്ഷം രൂപ), എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ മലമ്പുഴ കനാൽ പാലം (74 ലക്ഷം രൂപ) (കണക്കുവളപ്പ്-കണ്ണംകുടം) നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. ബഡ്ജറ്റിൽ ഉൾപ്പെടുത്തി 5 കോടി രൂപ വകയിരുത്തി പ്രവർത്തനമാരംഭിച്ച കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ കൊടുമ്പ് നടപ്പാലം നിർമ്മാണപ്രവൃത്തി പുരോഗമിച്ചുവരുന്നു. മലമ്പുഴ ഗ്രാമപഞ്ചായത്തിലെ മായപ്പാറ പാലം നിർമ്മാണവും അനുബന്ധ റോഡും പ്രവൃത്തിക്ക് 150 ലക്ഷം രൂപയുടെ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ദേശീയപാത വിഭാഗത്തിനുകീഴിൽ കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പാലക്കാട് ജില്ലയിലെ നാട്ടുകാൽ മുതൽ താണാവ് വരെയുള്ള ഭാഗം പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരി പാതയായി വികസിപ്പിക്കുന്ന പ്രവൃത്തി പുരോഗതിയിലാണ്. പ്രസ്തുത പ്രവൃത്തി ഒറ്റപ്പാലം, മണ്ണാർക്കാട്, കോങ്ങാട്, മലമ്പുഴ എന്നീ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്നു. നിരത്ത്, കെട്ടിട വിഭാഗങ്ങളുടെ കീഴിലെ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ മലമ്പുഴ മണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിനുകീഴിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ ശാസ്താനഗർ കനാൽ പാലം നിർമ്മാണം (75 ലക്ഷം രൂപ), എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ മലമ്പുഴ കനാൽ പാലം (74 ലക്ഷം രൂപ) (കണക്കുവളപ്പ്-കണ്ണംകുളം) നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. ബഡ്ജറ്റിൽ ഉൾപ്പെടുത്തി 5 കോടി രൂപ വകയിരുത്തി പ്രവർത്തനമാരംഭിച്ച കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ കൊടുമ്പ് നടപ്പാലം നിർമ്മാണപ്രവൃത്തി പുരോഗമിച്ചുവരുന്നു. മലമ്പുഴ ഗ്രാമപഞ്ചായത്തിലെ മായപ്പാറ പാലം നിർമ്മാണവും അനുബന്ധ റോഡും പ്രവൃത്തിക്ക് 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ദേശീയപാത വിഭാഗത്തിനുകീഴിൽ കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പാലക്കാട് ജില്ലയിലെ നാട്ടുകാൽ മുതൽ താണാവ് വരെയുള്ള ഭാഗം പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരി പാതയായി വികസിപ്പിക്കുന്ന പ്രവൃത്തി പുരോഗതിയിലാണ്. പ്രസ്തുത പ്രവൃത്തി ഒറ്റപ്പാലം, മണ്ണാർക്കാട്, കോങ്ങാട്, മലമ്പുഴ എന്നീ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്നു. നിരത്ത്, കെട്ടിട വിഭാഗങ്ങളുടെ കീഴിലെ പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### പരാതികളിന്മേൽ സ്വീകരിച്ച നടപടി

3 (752) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ബി3/276/2019/പൊ.മ.വ. ഫയലിൽ ഉദ്യോഗാർത്ഥികളിൽനിന്നും ഏതെങ്കിലും വിധത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിലെ താഴ്ന്നവിഭാഗം ജീവനക്കാർക്ക് മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിലേയ്ക്ക് നിയമനം ലഭ്യമാകുന്നതിനുതകുന്ന വിധത്തിൽ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്ന വിഷയത്തിന്മേൽ ഈ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതകൾ നേടിയ ഉദ്യോഗാർത്ഥികളിൽനിന്ന് പരാതികൾ ലഭ്യമായിട്ടുണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പൊതുമരാമത്ത് വകുപ്പിലെ പി.ഡബ്ല്യൂ.ഡി-ബി3/50/2021-പി.ഡബ്ല്യൂ.ഡി. ഫയലിൽ 3-5-2021-ന് ഉദ്യോഗാർത്ഥികളുമായി നടത്തിയ ഹിയറിംഗ് യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മിനിട്ട്സ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത ഹിയറിംഗിനുശേഷം ഈ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും ഉണ്ടായിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഇക്കാര്യത്തിൽ മറ്റ് തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

(ഡി) ബി3/50/2021-പി.ഡബ്ല്യൂ.ഡി. ഫയലിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ?

പൊ.മ.വ-ബി3/50/2021-പൊ.മ.വ. ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

### ടെണ്ടറില്ലാതെ നിർമ്മാണ ചുമതല

4 (753) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർക്കാരിന്റെ വിവിധ വകുപ്പുകളുടെ കീഴിലുള്ള നിർമ്മാണപ്രവൃത്തികളുടെ നിർമ്മാണച്ചുമതലകൾ ടെണ്ടറില്ലാതെ നൽകിയിട്ടുള്ളത് ഏതൊക്കെ ഏജൻസികൾക്കാണെന്ന് വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ കോഴിക്കോട് ജില്ലയിൽ വി.വി.ഐ.പി. വിസിറ്റുമായി ബന്ധപ്പെട്ട് രണ്ടു പ്രവൃത്തികളും ഒരു എൽ.എ.സി.എ.ഡി.എസ്. പ്രവൃത്തിയും ടെണ്ടറില്ലാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. മൂന്നു പ്രവൃത്തികളുടെ ആകെ തുക 1,75,70,126 രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. വി.വി.ഐ.പി. വിസിറ്റ് 2016 (24-9-2016 & 25-9-2016) വിവിധ റോഡുകളിൽ ഇരുവശവും ബാരിക്കേഡ് നിർമ്മാണം - 19,90,570 രൂപ

2. എൽ.എ.സി-എ.ഡി.എസ്- കക്കോടി പഞ്ചായത്തിലെ ഫ്ലഡ് ബാങ്ക് റോഡ് അഭിവൃദ്ധിപ്പെടുത്തൽ- 1,49,60,168 രൂപ

3. വി.ഐ.പി. വിസിറ്റ്-കുഞ്ഞിപ്പള്ളി-മുക്കാളി റോഡിൽ കി.മീ 0/000 മുതൽ 1/200 (കി.മീ 98/000 മുതൽ 99/700) റെക്ടിഫിക്കേഷൻ - 6,19,388 രൂപ കെട്ടിട വിഭാഗത്തിനുകീഴിലുള്ള നിർമ്മാണ പ്രവൃത്തികളുടെ നിർമ്മാണ ചുമതലകൾ സർക്കാർ ഉത്തരവുപ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം സാങ്കേതികാനുമതി നൽകി ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിനും ടെണ്ടറില്ലാതെ നൽകിയിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 53,59,11,513 രൂപയുടെ ജോലികൾ ഏൽപ്പിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ ടെണ്ടറില്ലാതെ ULCCS എന്ന ഏജൻസിക്ക് 2,75,81,716 രൂപയ്ക്ക് നിർമ്മാണ ചുമതല നൽകിയിട്ടുണ്ട്. കിഫ്ബി-റിക്ക് ലിമിറ്റഡ്- കോഴിക്കോട്-ബാലുശ്ശേരി റോഡിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നത് (Ch. 000 മുതൽ Ch.20/320) കോൺട്രാക്ട് തുക– 12,68,461 രൂപ.

(ബി) ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടെണ്ടറില്ലാതെ എത്ര തുകയുടെ ജോലികൾ ഏൽപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ കോഴിക്കോട് ജില്ലയിൽ വി.വി.ഐ.പി. വിസിറ്റുമായി ബന്ധപ്പെട്ട് രണ്ട് പ്രവൃത്തികളും ഒരു എൽ.എ.സി.എ.ഡി.എസ്. പ്രവൃത്തിയും ടെണ്ടറില്ലാതെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. മൂന്ന് പ്രവൃത്തികളുടെ ആകെ തുക 1,75,70,126 രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. വി.വി.ഐ.പി. വിസിറ്റ് 2016 (24.09.2016 & 25.09.2016) വിവിധ റോഡുകളിൽ ഇരുവശവും ബാരിക്കേഡ് നിർമ്മാണം - 19,90,570 രൂപ

2. എൽ.എ.സി.-എ.ഡി.എസ്.- കക്കോടി പഞ്ചായത്തിലെ ഫ്ലഡ് ബാങ്ക് റോഡ് അഭിവൃദ്ധിപ്പെടുത്തൽ- 1,49,60,168 രൂപ

3. വി.ഐ.പി. വിസിറ്റ്-കുഞ്ഞിപ്പള്ളി-മുക്കാളി റോഡിൽ കി.മീ 0/000 മുതൽ 1/200 (കി.മീ 98/000 മുതൽ 99/700) റെക്ടിഫിക്കേഷൻ - 6,19,388 രൂപ കെട്ടിട വിഭാഗത്തിനുകീഴിലുള്ള നിർമ്മാണ പ്രവൃത്തികളുടെ നിർമ്മാണ ചുമതലകൾ സർക്കാർ ഉത്തരവുപ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം സാങ്കേതികാനുമതി നൽകി ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിനും ടെണ്ടറില്ലാതെ നൽകിയിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് 53,59,11,513 രൂപയുടെ ജോലികൾ ഏൽപ്പിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ ടെണ്ടറില്ലാതെ ULCCS എന്ന ഏജൻസിക്ക് 2,75,81,716 രൂപയ്ക്ക് നിർമ്മാണ ചുമതല നൽകിയിട്ടുണ്ട്. കിഫ്ബി-റിക്ക് ലിമിറ്റഡ്-കോഴിക്കോട്-ബാലുശ്ശേരി റോഡിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നത് (Ch. 000 മുതൽ Ch.20/320) കോൺട്രാക്ട് തുക – 12,68,461 രൂപ.

(സി) ടെണ്ടറില്ലാതെ സർക്കാർ നിർമ്മാണ പ്രവൃത്തികൾ വിവിധ ഏജൻസികൾക്ക് നൽകുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഏതെങ്കിലും കേസ്സുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ വിഷയത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ടെണ്ടറില്ലാതെ സർക്കാർ നിർമ്മാണ പ്രവൃത്തികൾ വിവിധ ഏജൻസികൾക്ക് നൽകുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ്സുകളൊന്നും നിലവിലില്ല.

### കിടങ്ങൂർ-കാവാലിപ്പുഴ ഉൾക്കപാലം

5 (754) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽ മീനച്ചിലാറിന് കുറുകെ കിടങ്ങൂർ-കാവാലിപ്പുഴ ഉൾക്കപാലത്തിന് 40 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതിന് ആവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

മീനച്ചിലാറിന് കുറുകെ കിടങ്ങൂർ-കാവാലിപ്പുഴ ഇക്കുപാലം നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി) ഈ പദ്ധതിക്ക് പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (കെൽ) പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകിയിട്ടുണ്ടോ; ആയത് സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മീനച്ചിലാറിന് കുറുകെ കിടങ്ങൂർ-കാവാലിപ്പുഴ ഇക്കുപാലം നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് വ്യക്തമാക്കുമോ; പൊതുമരാമത്ത് വകുപ്പിൽ ഏത് സെക്ഷനാണ് ഇത് കൈകാര്യം ചെയ്യുന്നത്; ആയതിന്റെ ഫയൽ നമ്പരും കമ്പ്യൂട്ടർ തപാൽ നമ്പരും അറിയിക്കാമോ ?

മീനച്ചിലാറിന് കുറുകെ കിടങ്ങൂർ-കാവാലിപ്പുഴ ഇക്കുപാലം നിർമ്മാണം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല.

## കേരള പുനർനിർമ്മാണ പദ്ധതി

6 (755) ഡോ. മാത്യു കുഴൽനാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പദ്ധതിപ്രകാരം പൊതുമരാമത്ത് വകുപ്പിനു കീഴിൽ നിലവിൽ ഏതെല്ലാം പ്രവൃത്തികളാണ് നടക്കുന്നത്; വിശദമാക്കുമോ?

കേരള പുനർനിർമ്മാണ പദ്ധതിപ്രകാരം പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ: (1) ആലപ്പുഴ ജില്ലയിലെ ശാർങ്ങകാവ് പാലത്തിന്റെ പുനർനിർമ്മാണത്തിനായി 12.5 കോടി രൂപയുടെയും 2) പത്തനംതിട്ട ജില്ലയിലെ ഐരാവൺ പാലത്തിന്റെ നിർമ്മാണത്തിനായി 12.25 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. 3) എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് പുതിയ two lane പാലത്തിന്റെ നിർമ്മാണത്തിനായി 30 കോടി രൂപയ്ക്ക് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ആയിട്ടില്ല. കേരള പുനർ നിർമ്മാണ പദ്ധതിപ്രകാരം കെ.എസ്.ടി.പി. നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*. മേൽപ്രവൃത്തികളുടെ ആകെ എസ്റ്റിമേറ്റ് തുക 3686.39 കോടി രൂപയാണ്. പ്രവൃത്തികളൊന്നും നിലവിൽ പൂർത്തീകരിച്ചിട്ടില്ല.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ പദ്ധതികളുടെ ആകെ എസ്റ്റിമേറ്റ് തുക എത്രയാണ്; ഈ പ്രവൃത്തികളിൽ ഇതിനകം എത്ര പണികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കാമോ?

കേരള പുനർനിർമ്മാണ പദ്ധതിപ്രകാരം പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ താഴെപ്പറയുന്നു.

1. ആലപ്പുഴ ജില്ലയിലെ ശാർങ്ങകാവ് പാലത്തിന്റെ പുനർനിർമ്മാണത്തിനായി 12.5 കോടി രൂപയുടെയും

2. പത്തനംതിട്ട ജില്ലയിലെ ഐരാവൺ പാലത്തിന്റെ നിർമ്മാണത്തിനായി 12.25 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

3. എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്ത് പുതിയ two lane പാലത്തിന്റെ നിർമ്മാണത്തിനായി 30 കോടി രൂപക്ക് ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ആയിട്ടില്ല.

കേരള പുനർ നിർമ്മാണ പദ്ധതിപ്രകാരം കെ.എസ്.ടി.പി. നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*. മേൽപ്രവൃത്തികളുടെ ആകെ എസ്റ്റിമേറ്റ് തുക 3686.39 കോടി രൂപയാണ്. പ്രവൃത്തികളൊന്നും നിലവിൽ പൂർത്തീകരിച്ചിട്ടില്ല.

## സബ്ട്രഷറിക്ക് പുതിയ കെട്ടിടം

7 (756) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണ്?

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനുകീഴിൽ വടകര സബ്ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടില്ല. വടകര സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വടകര വില്ലേജിൽ റീ സർവ്വേ നമ്പർ 69/3-എ-1-ൽപ്പെട്ട 9.8 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ട്രഷറി വകുപ്പിന് ഉപയോഗാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് അവിടെ ട്രഷറിക്കാവശ്യമായ എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ട്രഷറി വകുപ്പിന്റെ നിർമ്മാണ നിർവ്വഹണ ഏജൻസിയായ

*നിയമസഭാ വെബ്സൈറ്റിൽ ലഭ്യമാണ്.

ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ നിലവിൽ പുതിയ നിർമ്മാണ പ്രവൃത്തികളൊന്നുംതന്നെ ഇൻകെൽ ലിമിറ്റഡിന് നൽകേണ്ടതില്ലെന്നും പുതിയ നിർവ്വഹണ ഏജൻസിയെ ടെണ്ടർ നടപടികളിലൂടെ കണ്ടെത്തണമെന്നും ട്രഷറി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയത് എന്നാണ്; ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഭരണാനുമതി നൽകിയിട്ടില്ല.

(സി) പദ്ധതിക്കായുള്ള സ്ഥലമേറ്റെടുപ്പ് പൂർത്തിയായോ?

വടകര സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വടകര വില്ലേജിൽ റീ സർവ്വേ നമ്പർ 69/3-എ-1-ൽപ്പെട്ട 9.8 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ട്രഷറി വകുപ്പിന് ഉപയോഗാനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ?

പുതിയ കെട്ടിടവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലായതിനാൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് ഈ അവസരത്തിൽ പറയുക പ്രായോഗികമല്ല.

**വടകര മണ്ഡലത്തിലെ പ്രവൃത്തികൾ**

8 (757) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്?

വടകര നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചിട്ടില്ലാത്തതുമായ നിരത്ത് വിഭാഗത്തിന് കീഴിലുള്ള പ്രവൃത്തികൾ: 1) വെള്ളിക്കുളങ്ങര-ഒഞ്ചിയം കണ്ണൂക്കര മാടാക്കര റോഡ് കി.മീ 1/500 മുതൽ 6/000 വരെ പുനരുദ്ധാരണ പ്രവൃത്തി 2) മലോൽമുക്ക് - അക്ലോത്ത് നട വൈക്കിലശ്ശേരി റോഡ് കി.മീ 2/200 മുതൽ 5/427 വരെ പ്രവൃത്തി അഭിവൃദ്ധി പ്പെടുത്തൽ. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വടകര വില്ല്യാപ്പള്ളി ചേലക്കാട് റോഡ്, മുട്ടൻക്കൽ-പക്രാന്തലം റോഡ് എന്നീ രണ്ട് പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമായത്. കെട്ടിടവിഭാഗത്തിനു കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി ലഭിച്ചതും ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്?

പ്രവൃത്തികൾ ഒന്നുംതന്നെയില്ല.

(സി) മുൻകാലങ്ങളിൽ തുടങ്ങിവച്ചതും പൂർത്തിയാക്കാനാകാതെ ഉപേക്ഷിക്കുകയോ നിർത്തിവയ്ക്കുകയോ ചെയ്തിട്ടുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്?

കെട്ടിടവിഭാഗത്തിന് കീഴിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജ് വടകര ലേഡീസ് ഹോസ്റ്റൽ നിർമ്മാണം- വെള്ളപ്പൊക്ക ഭീഷണിയുള്ള സ്ഥലമായതിനാലും പരിസരവാസികളുടെ എതിർപ്പുമൂലവും ഉപേക്ഷിച്ചു.

(ഡി) നിലവിലെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ളതും ടോക്കൺ പ്രൊവിഷൻ വച്ചിട്ടുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാം?

കെട്ടിട വിഭാഗത്തിന് കീഴിൽ 20% തുക വകയിരുത്തി ഇടപ്പള്ളി ഗവൺമെന്റ് കോളേജ് സയൻസ് ബ്ലോക്ക് നിർമ്മാണത്തിനായി 1000 ലക്ഷം രൂപ, വടകര മടപ്പള്ളി സ്കൂളിന് സ്പോർട്സ് കോംപ്ലക്സ് കം ക്ലാസ്സ് റൂം നിർമ്മിക്കുന്നതിന് ടോക്കണിൽ 700 ലക്ഷം രൂപ.

(ഇ) നിലവിൽ പദ്ധതി സമർപ്പിച്ചിട്ടുള്ളതും ഭരണാനുമതി ലഭിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാം?

നിരത്ത് വിഭാഗത്തിന്കീഴിൽ NABARD RIDF XXVI (2020-21) സ്കീമിൽ ഉൾപ്പെടുത്തി തുരിത്ത്മുക്ക് കാഞ്ഞിരക്കടവ് റോഡ് കി.മീ 0/000 മുതൽ 3/200 വരെ പ്രവൃത്തി അഭിവൃദ്ധിപ്പെടുത്തൽ. പാലം വിഭാഗത്തിനുകീഴിൽ കണ്ണൂക്കര റെയിൽവേ ക്രോസ്സിന് ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കെട്ടിടവിഭാഗത്തിന് കീഴിൽ: 1. മടപ്പള്ളി കോളേജിൽ സെമിനാർ കോംപ്ലക്സ് നിർമ്മാണം 2. കുടുംബകോടതി, വടകര-258 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും 820 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിക്കുള്ള നടപടികളെടുത്തുവരുന്നു.

(എഫ്) മണ്ഡലത്തിൽ പുതുതായി അടിയന്തര പ്രാധാന്യത്തോടെ ചെയ്യേണ്ടതായ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

നിരത്ത് വിഭാഗത്തിന് കീഴിൽ കുട്ടങ്ങാരം മലോൽമുക്ക് അക്ലോത്ത് നട വൈക്കിലശ്ശേരി റോഡ് കി.മീ 0/000 മുതൽ 2/200 വരെ പ്രവൃത്തി അഭിവൃദ്ധിപ്പെടുത്തൽ- ആവശ്യമായ തുക 4.00 കോടി രൂപ. നിലവിൽ നാഷണൽ ഹൈവേയുടെ അധികാര പരിധിയിലുള്ള റോഡ് ഇപ്പോൾ ഡിഫക്ട് ലയബിലിറ്റി പീരീയിഡിലാണ്. അതിനുശേഷം എൻ.എച്ച്.എ.ഐ-യ്ക്ക് കൈമാറുന്നതാണ്.

കെട്ടിടവിഭാഗത്തിന് കീഴിൽ വടകര കോടതി കോംപ്ലക്സ് റിപ്പയറിനുള്ള പെയിന്റിംഗ് പ്രവൃത്തി, മടപ്പള്ളി കോളേജിൽ വിവിധോദ്ദേശ്യ ഇൻഡോർ സ്റ്റേഡിയം ബാക്കി പ്രവൃത്തികൾ എന്നിവ അടിയന്തര പ്രാധാന്യത്തോടെ ചെയ്യേണ്ടതായുണ്ട്.

## പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് മൊബൈൽ ആപ്പ്

9 (758) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് എന്ന മൊബൈൽ ആപ്പ് നിർമ്മിക്കാനുള്ള കരാർ ഏത് കമ്പനിക്കാണ് നൽകിയിരുന്നതെന്ന് അറിയിക്കുമോ?

'Hubspire' എന്ന സ്ഥാപനം അവരുടെ 'Corporate Social Responsibility' (CSR) ഫണ്ടുപയോഗിച്ചാണ് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചത്. ഇത് ഗ്ലോബൽ ടെണ്ടർ ആയിരുന്നില്ല. ഈ സംരംഭത്തിനുവേണ്ടി സർക്കാരിന്റെ ഒരു ഫണ്ടും ഉപയോഗിച്ചിരുന്നില്ല. സ്ഥാപനംതന്നെ അവരുടെ സി.എസ്.ആർ. ഫണ്ടുവഴി സ്പോൺസർ ചെയ്തതിനാൽ സർക്കാരുമായി യാതൊരു കരാറിലും ഏർപ്പെട്ടിരുന്നില്ല. ഈ ആപ്പ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമല്ലെന്ന പരാതികളുണ്ടായിരുന്നു.

(ബി) പ്രസ്തുത കരാർ നൽകിയത് ഗ്ലോബൽ ടെണ്ടർ വഴിയാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ വിശദാംശങ്ങൾ നൽകുമോ?

'Hubspire' എന്ന സ്ഥാപനം അവരുടെ 'Corporate Social Responsibility' (CSR) ഫണ്ടുപയോഗിച്ചാണ് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന പി.ഡബ്ല്യു.ഡി. ഫിക്സിറ്റ് എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചത്. ഇത് ഗ്ലോബൽ ടെണ്ടർ ആയിരുന്നില്ല. ഈ സംരംഭത്തിനുവേണ്ടി സർക്കാരിന്റെ ഒരു ഫണ്ടും ഉപയോഗിച്ചിരുന്നില്ല. സ്ഥാപനംതന്നെ അവരുടെ CSR ഫണ്ടുവഴി സ്പോൺസർ ചെയ്തതിനാൽ സർക്കാരുമായി യാതൊരു കരാറിലും ഏർപ്പെട്ടിരുന്നില്ല. ഈ ആപ്പ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമല്ലെന്ന പരാതികളുണ്ടായിരുന്നു.

(സി) പ്രസ്തുത മൊബൈൽ ആപ്പ് പ്രവർത്തനക്ഷമമല്ലെന്ന് കണ്ടെത്തിയിരുന്നോ; ഇങ്ങനെ സംഭവിച്ചാൽ ആയത് പ്രവർത്തനക്ഷമമാക്കുന്നതിനായി കരാർ പ്രകാരം ഏതൊക്കെ വ്യവസ്ഥകളാണുള്ളതെന്ന് വ്യക്തമാക്കാമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഈ കമ്പനി തുക സർക്കാരിനെ തിരിച്ചേൽപ്പിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

'Hubspire' എന്ന സ്ഥാപനം അവരുടെ 'Corporate Social Responsibility' (CSR) ഫണ്ടുപയോഗിച്ചാണ് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന പി.ഡബ്ല്യൂ.ഡി ഫിക്സിറ്റ് എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചത്. ഇത് ഗ്ലോബൽ ടെണ്ടർ ആയിരുന്നില്ല. ഈ സംരംഭത്തിനുവേണ്ടി സർക്കാരിന്റെ ഒരു ഫണ്ടും ഉപയോഗി ച്ചിരുന്നില്ല. സ്ഥാപനംതന്നെ അവരുടെ CSR ഫണ്ടുവഴി സ്പോൺസർ ചെയ്തതിനാൽ സർക്കാരുമായി യാതൊരു കരാറിലും ഏർപ്പെട്ടിരുന്നില്ല. ഈ ആപ്പ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമല്ലെന്ന പരാതികളുണ്ടായിരുന്നു.

**വടകര ജില്ലാ ആശുപത്രിക്ക് പുതിയ കെട്ടിടം**

10 (759) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ജില്ലാ ആശുപത്രിക്കായി പുതിയ കെട്ടിടം പണിയുന്ന പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണ്?

വടകര ജില്ലാ ആശുപത്രിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. എല്ലാ നിലകളുടെയും സ്ട്രക്ചറൽ, മേസൻറി, പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു. സിവിൽ പ്രവൃത്തികളുടെ 60% ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. നവംബർ അവസാനവാരം പൂർത്തീകരിക്കും.

(ബി) പ്രസ്തുത പ്രവൃത്തിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ?

15-2-2016 ലെ സ.ഉ.(സാധാ)നമ്പർ489/2016/ ആ.കു.വ പ്രകാരം വടകര ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണ പ്രവൃത്തിക്കായി 1370 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നബാർഡ് ധനസഹായ ത്തോടെയാണ് നടപ്പിലാക്കുന്നത്. 1370 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ 205.50 ലക്ഷം രൂപ കേരള സർക്കാരിന്റെ വിഹിതമാണ്.

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഭരണാനുമതി ലഭിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

15-2-2016 ലെ സ.ഉ.(സാധാ)നമ്പർ489/2016/ആ.കു.വ. പ്രകാരം വടകര ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണ പ്രവൃത്തിക്കായി 1370 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നബാർഡ് ധനസഹായ ത്തോടെയാണ് നടപ്പിലാക്കുന്നത്. 1370 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ 205.50 ലക്ഷം രൂപ കേരള സർക്കാരിന്റെ വിഹിതമാണ്.

(ഡി) പദ്ധതിക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

15-2-2016 ലെ സ.ഉ.(സാധാ)നമ്പർ 489/2016/ ആ.കു.വ. പ്രകാരം വടകര ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണ പ്രവൃത്തിക്കായി 1370 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നബാർഡ് ധനസഹായ ത്തോടെയാണ് നടപ്പിലാക്കുന്നത്. 1370 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ 205.50 ലക്ഷം രൂപ കേരള സർക്കാരിന്റെ വിഹിതമാണ്.

## കുറ്റിപ്പുറം ടി.എച്ച്.എസ്.എസ്. -ന്റെ പുതിയ ബ്ലോക്ക് നിർമ്മാണം

11 (760) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ടി.എച്ച്.എസ്.എസ്.-ന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിനു വേണ്ടി 3 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കുറ്റിപ്പുറം ടി.എച്ച്.എസ്.എസ്.-ന്റെ പുതിയ ബ്ലോക്ക് നിർമ്മാണത്തിനു വേണ്ടി അനുവദിച്ച തുകയുടെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കുന്ന ഘട്ടത്തിലാണ്.

(ബി) ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല, ഡിസൈൻ ലഭിക്കുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതാണ്.

(സി) ഇൻവെസ്റ്റിഗേഷൻ, ഭരണാനുമതി എന്നിവയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു. ഡിസൈൻ തയ്യാറാക്കുന്ന നടപടികളിലാണ്.

(ഡി) പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഡിസൈൻ ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്ററിന്റെ വികസനം

12 (761) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്റർ വികസന പ്രവൃത്തിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

Improvements to Pavaratty Centre, construction of drain and signal system in Thriprayar-Kanjani-Chavakkad road എന്ന പ്രവൃത്തിക്ക് 12-12-2019-ലെ സ.ഉ. (സാധാ) നമ്പർ 1460/2019/പൊ.മ.വ. പ്രകാരം 250 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ?

(സി) വളരെയേറെ ഗതാഗതക്കുരുക്കനുഭവപ്പെടുന്ന സെന്ററിന്റെ വികസനം അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) 12-3-2020-ന് ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ പാവറട്ടി പഞ്ചായത്ത് സാംസ്കാരിക നിലയത്തിൽ കൂടിയ യോഗത്തിൽ പ്രസ്തുത പ്രവൃത്തി നടപ്പാക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്തു. പുറമ്പോക്ക് ഭൂമിയുണ്ടെങ്കിൽ കണ്ടെത്തുന്നതിനായി പുളിഞ്ചേരിപ്പടി മുതൽ കാശ്മീർ റോഡ് വരെയും പാവറട്ടി കൾച്ചറൽ ഓഡിറ്റോറിയം മുതൽ കോൺവെന്റ് സ്കൂൾ വരെയും സർവ്വേ നടത്തി അതിർത്തി നിർണ്ണയിക്കണമെന്നും ഇതിന്റെ സർവ്വേ സ്കെച്ച് ലഭിച്ചതിനുശേഷം വിശദമായ സാങ്കേതികാനുമതി എസ്റ്റിമേറ്റ് സമർപ്പിക്കണമെന്നും യോഗത്തിൽ തീരുമാനിച്ചു. സർവ്വേ നടത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനും സ്ഥലമേറ്റെടുത്ത് പുതിയ അലൈൻമെന്റ് ഡ്രോയിംഗ് തയ്യാറാക്കുന്നതിനുമുള്ള പ്രവൃത്തിക്ക് 1,28,000 രൂപയുടെ പാർട്ട് സാങ്കേതികാനുമതി നൽകിയിരുന്നു. അതിൻപ്രകാരം 3 ടെണ്ടറുകളും ഇ-ക്വട്ടേഷനും ചാവക്കാട് സബ് ഡിവിഷനിൽനിന്ന് നടത്തിയിരുന്നു. എന്നാൽ ആരുംതന്നെ സർവ്വേ പ്രവൃത്തി ഏറ്റെടുത്തിട്ടില്ല. അതിനാൽ മാന്വൽ ക്വട്ടേഷൻ വഴി ഉടൻ സർവ്വേ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ വികസനം

13 (762) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന്റെ കാലതാമസം എന്തെന്ന് വിശദമാക്കാമോ, ഇതുമായി ബന്ധപ്പെട്ട് കരാറുകാരന്റെ പേരിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന്റെ നിർമ്മാണ പ്രവൃത്തിക്കായി 2020 നവംബർ മാസം കരാറുകാരന് സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുള്ളതാണ്. ടി നിർമ്മാണ പ്രവൃത്തി അടിയന്തരമായി തുടങ്ങണമെന്നാവശ്യപ്പെട്ട് കരാറുകാരന് നിരവധി തവണ നിർദ്ദേശവും കത്തും നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലയിലുണ്ടായിട്ടുള്ള അമിതമായ വർദ്ധനവുകാരണം നിർമ്മാണ പ്രവൃത്തികൾ തുടങ്ങാൻ ബുദ്ധിമുട്ടുള്ളതായി കരാറുകാരൻ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി എത്രയും വേഗത്തിൽ നടത്തുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നെയ്യാറ്റിൻകര പി.ഡബ്ല്യു.ഡി. റസ്റ്റ്ഹൗസിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര പൊതുമരാമത്ത് വകുപ്പ് റസ്റ്റ്ഹൗസിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ നിലവിൽ പൂർത്തിയായിട്ടുള്ളതും ടി കെട്ടിടത്തിന്റെ ഫിനിഷിംഗ് വർക്കുകൾക്കായി ഭരണാനുമതി 9-2-2021-ൽ പുറപ്പെടുവിക്കുകയും തുടർന്ന് നിയമസഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം മാറിയതിനുശേഷം 25-5-2021-ൽ ടെണ്ടർ നടപടി പൂർത്തിയാക്കുകയും കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. കാലതാമസം കൂടാതെ റസ്റ്റ്ഹൗസിന്റെ പണി പൂർത്തീകരിക്കാവുന്നതാണ് .

(സി) നെയ്യാറ്റിൻകര ട്രാഫിക് പോലീസ് സ്റ്റേഷന്റെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കുന്നതിന്റെ കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര ട്രാഫിക് പോലീസ് സ്റ്റേഷന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി 3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഭരണാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കൊവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ തുടങ്ങാൻ സാധിച്ചിട്ടില്ല.

(ഡി) നെയ്യാറ്റിൻകര കുടുംബകോടതിയുടെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ?

ബഹുമാനപ്പെട്ട തിരുവനന്തപുരം ജില്ലാ ജഡ്ജിയുടെ ആവശ്യപ്രകാരം നെയ്യാറ്റിൻകര കുടുംബകോടതി തുടങ്ങുന്നതിനുള്ള 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയത് ഉടൻതന്നെ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

## കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ നടപടി

14 (763) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി തവണ നിർമ്മാണ കാലാവധി നീട്ടിനൽകിയിട്ടും മതിയായ കാരണങ്ങളില്ലാതെ കരാറുകാർ പ്രവൃത്തി പൂർത്തിയാക്കാത്ത വിഷയം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിരവധി തവണ നിർമ്മാണ കാലാവധി നീട്ടിനൽകിയിട്ടും വ്യക്തമായ കാരണങ്ങളില്ലാതെ പ്രവൃത്തി അനന്തമായി നീണ്ടുപോകുന്ന കരാറുകാർക്കെതിരെ SBD/Revised Manual 2012 പ്രകാരം കർശന നടപടികൾ സ്വീകരിക്കും. കരാറുകാരന്റെ പിഴവുകൊണ്ടാണ് പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ടി വരുന്നതെങ്കിൽ SBD/Revised Manual 2012-ൽ നിഷ്കർഷിക്കുംവിധം കരാറുകാര നിൽനിന്നും ഫൈൻ ഈടാക്കുന്നു. ഏതെങ്കിലും പ്രവൃത്തി വ്യക്തമായ കാരണ ങ്ങളില്ലാതെ നിർത്തിവച്ചാൽ Revised Manual 2012 പ്രകാരം കരാറുകാരനെ Risk & Cost-ൽ terminate ചെയ്യുകയും പ്രവൃത്തി ഈ കരാറുകാരന്റെ നഷ്ടോത്തരവാ ദിത്വത്തിൽ പുനർക്രമീകരിക്കുകയും ചെയ്യുന്നു. തുടർച്ചയായി വീഴ്ച വരുത്തുന്ന കരാറുകാരെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

## പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

15 (764) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ നിരത്ത്, കെട്ടിടം, ബ്രിഡ്ജസ് എന്നീ വിഭാഗങ്ങൾ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ടെന്നും ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സം എന്തെങ്കിലുമുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് ഓരോ പ്രവൃത്തിയും തിരിച്ച് വ്യക്തമാക്കാമോ;

(ഇ) എല്ലാ പ്രവൃത്തികളും അടിയന്തരമായി പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

(എ-ഇ) കുന്നത്തുനാട് മണ്ഡലത്തിൽ എറണാകുളം പാലങ്ങൾ വിഭാഗത്തിന് കീഴിൽ രണ്ട് പ്രവൃത്തികളാണുള്ളത്.

1. കുന്നത്തുനാട്, തൃക്കാക്കര നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് കടമ്പ്രയാറിന് കുറുകെയുള്ള മഞ്ചേരിക്കുഴി പാലം നിർമ്മാണം - ഈ പ്രവൃത്തിയുടെ ഭാഗമായി പാലം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പാലത്തിന്റെ കുന്നത്തുനാട് ഭാഗത്തെ അപ്രോച്ച് റോഡിന്റെ മെറ്റലിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. തൃക്കാക്കര ഭാഗത്തെ അപ്രോച്ച്റോഡ് നിർമ്മാണം പുരോഗമിക്കുകയാണ്. നിലവിൽ പാലവും അപ്രോച്ച് റോഡും നിർമ്മിക്കുവാൻ തടസ്സങ്ങളില്ല. എന്നിരുന്നാലും പാലം നിർമ്മാണത്തോടുകൂടി തൃക്കാക്കര ഭാഗത്തുള്ള സ്ഥലമുടമകൾക്ക് അവരുടെ സ്ഥലത്തേയ്ക്ക് നിലവിലുണ്ടായിരുന്ന ഗതാഗത മാർഗ്ഗം നഷ്ടപ്പെട്ടിട്ടുണ്ട്. ഇവർക്ക് സർവീസ് റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി പുതുക്കിയ ഭരണാനുമതി 5-2-2021-ലെ സ.ഉ(സാധാ) നമ്പർ 142/2021/പൊ.മ.വ പ്രകാരം നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. 25-9-2021-നുള്ളിൽ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുക്കത്തക്ക വിധത്തിൽ നിർമ്മാണം പുരോഗമിക്കുന്നുണ്ട്.

2. കുന്നത്തുനാട്-പിറവം മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് മൂവാറ്റുപുഴയാറിന് കുറുകെയുള്ള കോരൻകടവ് പാലത്തിന്റെ നിർമ്മാണം-ശേഷിക്കുന്ന പ്രവൃത്തി-കോരൻകടവ് പാലത്തിന്റെ പുഴയിലുള്ള 5 തൂണുകളുടെയും ഐക്കരനാട് ഭാഗത്തെ അബട്ട്മെന്റ് ഫൗണ്ടേഷൻ പ്രവൃത്തികളും 2012-ൽ പൂർത്തിയാക്കുകയും

കരാറുകാരന് തുക നൽകിയതുമാണ്. നിർമ്മാണ പ്രവൃത്തികൾ നിശ്ചലാവസ്ഥയിലായതിനെ തുടർന്ന് കരാർ റദ്ദാക്കുകയും ശേഷിക്കുന്ന പ്രവൃത്തികൾക്ക് 7-6-2019-ലെ GO.(Rt) No.717/2019/PWD പ്രകാരം 1430 ലക്ഷം രൂപയ്ക്ക് ഭരണാനുമതിയും 1073.09 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകി. പ്രവൃത്തി 22-2-2020-ൽ ആരംഭിച്ചു. നിലവിൽ പാലത്തിന്റെ കറുകപ്പള്ളി പാലത്തെ ഫൗണ്ടേഷന്റെയും അബട്ട്മെന്റിന്റെയും പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. രാമമംഗലം ഭാഗത്തെ വെൽഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിക്കുന്നു. 6 സ്ലാബുകളിൽ ഒരു സ്ലാബിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാമത്തെ സ്ലാബിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഈ പാലത്തിന് ഐക്കരനാട് സൗത്ത് വില്ലേജിൽനിന്നും രാമമംഗലം വില്ലേജിൽനിന്നും ഏകദേശം 68 സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി 80,69,192 രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്. നിലവിൽ രാമമംഗലം ഭാഗത്തെ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഐക്കരനാട് സൗത്ത് വില്ലേജിലെ ഭൂവുടമകളിൽ 9 ഭൂവുടമകളുടെ സ്ഥലമേറ്റെടുക്കൽ നടപടി പൂർത്തിയാക്കി സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. തണ്ണീർത്തടങ്ങൾ ഉൾപ്പെട്ടുവരുന്ന സ്ഥലത്തിന്റെ പരിവർത്തന അനുമതി ലഭിക്കുന്നതിനായി കൃഷി വകുപ്പിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചപ്പോൾ പാലത്തിന്റെ നിർമ്മാണം പൂർത്തിയായ ശേഷം പരിഗണിക്കാമെന്ന് 27-11-2014-ലെ GO(Rt) No. 2104/2014/Agri പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കല്ലിട്ട് അതിർത്തി നിർണ്ണയിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഉൾപ്പെട്ടുവരുന്ന ഐക്കരനാട് സൗത്ത് വില്ലേജിലെ സർവ്വേ നമ്പർ 309/30-ൽപ്പെട്ട വസ്തു ഏറ്റെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായാൽ മാത്രമേ കറുകപ്പള്ളി ഭാഗത്ത് അപ്രോച്ച് റോഡ്, പൈപ്പ് കൾവെർട്ട് ബോക്സ് നിർമ്മാണങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ കൊവിഡ് പാൻഡെമിക് കാരണം സർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗൺമൂലവും ശക്തിയായി പെയ്യുന്ന മഴ കാരണവും പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിലാണ്. ഭൂമി ഏറ്റെടുക്കൽ

നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് മാത്രമേ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. കെട്ടിട വിഭാഗത്തിന് കീഴിൽ കോലഞ്ചേരി മിനി സിവിൽ സ്റ്റേഷൻ ട്രഷറിയുടെയും നോർത്ത് വാഴക്കുളം യു.പി സ്കൂളിന്റെയും നിർമ്മാണ പ്രവൃത്തികളാണ് നടന്നുകൊണ്ടിരിക്കുന്നത്. കോലഞ്ചേരി മിനി സിവിൽ സ്റ്റേഷൻ നവീകരണം അവസാന ഘട്ടത്തിലാണ് രണ്ടാഴ്ച്ചയ്ക്കകം പൂർത്തീകരിക്കാൻ കഴിയും. നോർത്ത് വാഴക്കുളം യു.പി സ്കൂൾ-Structure work-കൾ പൂർത്തീകരിക്കുകയും പ്ലാസ്റ്ററിംഗ് ഉൾപ്പെടെയുള്ള Masonry പ്രവൃത്തികൾ നടന്നുവരികയുമാണ്. മൂന്നുമാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിരത്ത് വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ബസ് ബേ/ബസ് ടെർമിനൽ നിർമ്മാണം

16 (765) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വലിയപാലത്തോടുചേർന്നുള്ള ബസ്ബേ/ബസ് ടെർമിനൽ നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ?

ടി പ്രവൃത്തിയുടെ മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ബി) ഈ പദ്ധതിക്ക് എത്ര തുകയുടെ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം ആണ് വകുപ്പ് തയ്യാറാക്കിയിട്ടുള്ളതെന്നും ഇതിന്റെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്നും അറിയിക്കാമോ?

ബസ്ബേയുടെ ഡിസൈൻ ലഭിക്കുന്നമുറയ്ക്ക് മാത്രമേ ഡി.പി.ആർ. തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ചുമതല പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർക്കാണ്.

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഈ ഫയൽ ഇപ്പോൾ ഏത് ഉദ്യോഗസ്ഥന്റെ പരിഗണനയിലാണുള്ളതെന്നും ആയതിന്റെ ഫയൽ നമ്പരും തപാൽ കമ്പ്യൂട്ടർ നമ്പരും അറിയിക്കുമോ?

ലഭ്യമായിട്ടില്ല. ഡിസൈൻ ലഭിക്കുന്നമുറയ്ക്ക് മാത്രമേ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി PRICE ഫയൽ രൂപീകരിക്കുവാൻ കഴിയുകയുള്ളൂ.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഈ പദ്ധതിക്ക് പ്രൈസ് ഐ.ഡി. നമ്പർ 2018/2238 പ്രകാരം സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് റോഡ് വിഭാഗം ചീഫ് എഞ്ചിനീയർ 3-8-2018-ലെ 2073/2018 പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുശേഷം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ?

PRICE ID RD/2018/2238 എന്നത് ബസ്ബേയുടെ മണ്ണ് പരിശോധനയുടെ എസ്റ്റിമേറ്റാണ്. ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ 3-8-2018-ലെ കത്ത് സർക്കാരിൽ ലഭ്യമായിട്ടില്ല.

## പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി

17 (766) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ബജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ പേര്, തുക, ഭരണാനുമതി ഉത്തരവ്, നിലവിലെ പുരോഗതി എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് കണക്കാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ നിരത്തുകൾ, പാലം, കെട്ടിടം വിഭാഗങ്ങൾക്ക കീഴിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ബജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി

18 (767) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് (2016-21) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം പ്രവൃത്തികളാണ് നൽകിയത്; ദേശീയപാത, ബിൽഡിംഗ്സ്, റോഡുകളും പാലങ്ങളും എന്നീ ഓരോ വിഭാഗത്തിനും നൽകിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക ഉൾപ്പെടെ വിശദമാക്കുമോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്ര പ്രവൃത്തികൾ ഇതിനകം പൂർത്തിയാക്കി; പൂർത്തിയാക്കിയ പ്രവൃത്തികൾക്കായി പ്രസ്തുത സൊസൈറ്റിക്ക് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എന്ത് തുക നൽകി?

(എ & ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് പുതുതായി എന്തെങ്കിലും പ്രവർത്തികൾ ഏല്പിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് തുക എത്രയാണ്?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് modification of existing Rest room for Security Guards, Drivers, Gunman, Ladies Servant/Attendents etc at Cliff House, Thiruvananthapuram എന്ന പ്രവൃത്തി നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക Rs. 9800000 (തൊണ്ണൂറ്റിയെട്ട് ലക്ഷം രൂപ).

## തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണം

19 (768) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 ബജറ്റുകളിൽ യഥാക്രമം 30 കോടി രൂപയും 37 കോടി രൂപയും അനുവദിച്ചിട്ടുള്ളതും കിഫ്ബിയിൽ ഉൾപ്പെടുത്തിയതുമായ തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

തങ്കളം-കാക്കനാട് റോഡ് നാലുവരിപ്പാത നിർമ്മാണത്തിൽ കിഫ്ബി പദ്ധതിയിലുൾപ്പെട്ട കോതമംഗലം മണ്ഡലത്തിലെ മാന്നാറി മൈക്രോസ്റ്റേഷൻ മുതൽ തങ്കളം വരെയുള്ള (20/000 മുതൽ 27/300 കി.മീ.) റോഡിന്റെ 25/900 മുതൽ 27/300 (തങ്കളം ജംഗ്ഷൻ) വരെ പൂർത്തീകരിച്ചതൊഴികെ ബാക്കി ഭാഗങ്ങളിലെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.

(ബി) 255 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചുവെങ്കിലും ആയതിന് അംഗീകാരം ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

---

*നിയമസഭാ വെബ്സൈറ്റിൽ ലഭ്യമാണ്.

മേൽ പ്രവൃത്തിക്കായി 225 കോടി രൂപയ്ക്ക് കിഫ്ബിയിൽ സമർപ്പിച്ച ഡി.പി.ആർ. പ്രാഥമിക സാങ്കേതിക അവലോകന റിപ്പോർട്ടിന്മേൽ മറുപടി റിപ്പോർട്ട്, റിവൈസ്ഡ് ഡി.പി.ആർ. സഹിതം സാമ്പത്തിക അനുമതിക്കായി കിഫ്ബിക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി 12-2-2021-ൽ പുതുക്കി നൽകിയിട്ടുണ്ട്.

(ഡി) ഭരണാനുമതി പുതുക്കി നൽകി പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രവൃത്തി ആരംഭിക്കുന്നതിനായി റിവൈസ്ഡ് ഡി.പി.ആർ.-ന് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതുൾപ്പെടെയുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ റോഡ് പ്രവൃത്തി**

20 (769) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചന്നപ്പുര-പരിയാരം മെഡിക്കൽ കോളേജ് - ശ്രീസ്ഥ - വെള്ളിക്കീൽ - ഒഴക്രോം - കണ്ണപ്പുരം റോഡ്, തളിപ്പറമ്പ് - പട്ടുവം - ചെറുകുന്ന് റോഡ്, കുപ്പം - ചുടല - പാണപ്പുഴ - ഏര്യം റോഡ്, ഏഴിലോട് - ഏഴിമല റെയിൽവെസ്റ്റേഷൻ - പുതിയപുഴക്കര എന്നീ റോഡ് പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ചന്ദപ്പുര - പരിയാരം മെഡിക്കൽ കോളേജ് - ശ്രീസ്ഥ- വെള്ളീക്കീൽ - ഒഴക്രോം - കണ്ണപുരം റോഡ് പ്രവൃത്തി 70 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ബിറ്റുമിൻ കോൺക്രീറ്റ് റോഡ് സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെ ബാക്കിയുള്ള പ്രവൃത്തികൾ കോവിഡ്-19 അടച്ചുപൂട്ടലും മഴക്കാലവും കഴിയുന്നതോടെ 2021 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ റോഡ് സുഗമമായ ഗതാഗത സൗകര്യത്തോടുകൂടിയാണ് സ്ഥിതിചെയ്യുന്നത്. തളിപ്പറമ്പ് - പട്ടുവം - ചെറുകുന്ന് റോഡ് പ്രവൃത്തി 90 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. റോഡ് സുരക്ഷ പ്രവൃത്തികൾകൂടി പൂർത്തിയാക്കി 2021 ഒക്ടോബർ

മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കുപ്പം - ചുടല - പാണപ്പുഴ - ഏര്യം റോഡ് പ്രവൃത്തിയിൽ ചുടല ജംഗ്ഷൻ മുതൽ മാതമംഗലം വരെ 9.75 കി.മീ വരെയുള്ള ഒരു ഭാഗവും പാണപ്പുഴ മുതൽ ഏര്യം വരെ 9.50 കി.മീ നീളത്തിൽ മറ്റൊരു ഭാഗവുമാണുള്ളത്. ആദ്യത്തെ ഭാഗത്ത് 7 കിലോമീറ്ററും രണ്ടാമത്തെ ഭാഗത്ത് 2 കിലോമീറ്ററും ഡി.ബി.എം. പൂർത്തിയായിട്ടുണ്ട്. രണ്ടാമത്തെ ഭാഗത്ത് 5 കിലോമീറ്ററിൽ സബ് ബേസ് ജി.എസ്.ബി. പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ആകെ നിർമ്മിക്കേണ്ട 44 കൾവേർട്ടുകളിൽ 28 എണ്ണം പൂർത്തിയായിട്ടുണ്ട്. 9 എണ്ണം പകുതി ഭാഗം പൂർത്തിയായിട്ടുണ്ട്. 2021 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുന്നക്കടവ് - പുതിയ പുഴക്കര ഏഴിമല റെയിൽവെ സ്റ്റേഷൻ - ഏഴിലോട് റോഡിന്റെ വികസന പ്രവർത്തനം കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കിവരുന്നു. ഏഴിലോട് മുതൽ (കി.മീ 0/000) ഏഴിമല റെയിൽവേ ഗേറ്റ് വരെ (കി.മീ. 3/330) കിഫ്ബി നിഷ്കർഷിക്കുന്ന 10 മീറ്റർ വീതി ലഭ്യമാണ്. ഏഴിമല റയിൽവേ ഗേറ്റ് മുതൽ (കി.മീ. 3/300) മുതൽ കാരന്തോട് വരെ (5/675 കി.മീ.) കിഫ്ബി നിഷ്കർഷിച്ചിരിക്കുന്ന വീതി ലഭ്യമല്ലാത്തതിനാലും സ്ഥലം ഇതുവരെ സൗജന്യമായി വിട്ടുകിട്ടാത്തതിനാലും പ്രസ്തുത ഭാഗം പ്രവൃത്തി നടപടികൾ ആരംഭിച്ചിട്ടില്ല. കി.മീ 0/220 മുതൽ 1/980 വരെ ബിറ്റുമിനസ് മെക്കാഡം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കി.മീ. 5/675 (കാരന്തോട്) മുതൽ കി.മീ. 9/200 (പുന്നക്കടവ്) വരെ നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ ഭാഗമായതിനാൽ ഉപരിതല ടാറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ഏഴിലോട് മുതൽ ഏഴിമല റെയിൽവേ ഗേറ്റ് വരെ ആവശ്യമായ വീതിയിൽ സ്ഥലം ലഭ്യമായിട്ടും കോൺട്രാക്ടറുടെ ഭാഗത്തുനിന്നും പ്രസ്തുത ഭാഗം പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാത്തതിനാലും കിഫ്ബി നേരത്തെ ചൂണ്ടിക്കാട്ടിയ പോരായ്മകൾ പരിഹരിക്കുന്നതിനായും പ്രവൃത്തി താൽക്കാലികമായി നിർത്തിവയ്ക്കുന്നതിനും കി.മീ 0/000 മുതൽ 3/750 വരെയുള്ള ഭാഗം പ്രവൃത്തി പൂർത്തീകരിച്ച് കരാറുടമ്പടി foreclose ചെയ്യുന്നതിനും കിഫ്ബി ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ ഏഴിമല റെയിൽവേ ഗേറ്റിനും കാരന്തോടിനുമിടയിലുള്ള പ്രവൃത്തി നടപ്പിലാക്കുന്നതിന് കിഫ്ബി നിഷ്കർഷിക്കുന്ന സാങ്കേതികവശങ്ങൾ നിറവേറ്റിയതിനുശേഷം പുതിയൊരു കരാറുടമ്പടിയിലൂടെ നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

## പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ റോഡ് നവീകരണം

21 (770) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി-ചൊവ്വ റോഡിലെ ഉള്ളിയേരി വരെയുള്ള ആദ്യഘട്ട നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ റോഡിന്റെ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിനായി ആദ്യഘട്ടത്തിൽ എത്ര കോടി രൂപയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഈ പദ്ധതിയുടെ ആദ്യഘട്ടത്തിനായി കിഫ്ബിയിൽനിന്ന് 82.36 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.

(സി) പ്രസ്തുത റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## റോഡ് ഏറ്റെടുക്കൽ

22 (771) ഡോ. എൻ. ജയരാജ്:

ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. അല്ലാതുള്ള 8 മീറ്റർ റോഡുകൾ പുനരുദ്ധരിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് ഫണ്ട് അപര്യാപ്തമായ സാഹചര്യത്തിൽ, അത്തരം റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതില്ലെന്ന സർക്കാർ നിർദ്ദേശം നിലവിലുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിക്കുന്നതാണ്.

## മേപ്പയ്യൂർ-നെല്യാടി-കൊല്ലം റോഡ്

23 (772) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ മേപ്പയ്യൂർ-നെല്യാടി-കൊല്ലം റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കുമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തിയ കൊല്ലം - നെല്ല്യാടി - മേപ്പയ്യൂർ റോഡിന് 38.96 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. 9.6 കി.മീ നീളം വരുന്ന പ്രസ്തുത റോഡ് കോഴിക്കോട് - കണ്ണൂർ നാഷണൽ ഹൈവേയിലെ കൊല്ലത്തുനിന്ന് ആരംഭിച്ച് മേപ്പയ്യൂർ ടൗണിൽ അവസാനിക്കുന്നു. 10 മീറ്റർ ROW-യിലാണ് വീതി കൂട്ടി വികസിപ്പിക്കുന്നത്. 5.5 മീറ്റർ ക്യാരേജ്‌വേയോടുകൂടി ഇരുവശത്തും 1 മീറ്റർ ഷോൾഡറും ഡ്രെയിനേജും കൂടിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പഴയ കൾവർട്ടുകൾ പുതുക്കിപ്പണിഞ്ഞ് വളവുകൾ നിവർത്തുന്നതും പ്രസ്തുത പ്രവൃത്തിയിൽ ഉൾപ്പെടുന്നു.

(ബി) പ്രസ്തുത റോഡിന്റെ നിലവിലെ അലൈൻമെന്റിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണെന്ന് വ്യക്തമാക്കുമോ?

ഇല്ല.

(സി) ഈ പ്രവൃത്തിക്ക് അക്വിസിഷൻ ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. റോഡിന്റെ വളവുകൾ നിവർത്തുന്ന ഭാഗത്തും വീതി വളരെ കുറഞ്ഞ ഭാഗത്തും അക്വിസിഷൻ ആവശ്യമായി വരുന്നതാണ്. നാല് വില്ലേജുകളിലായി ഏകദേശം 13269 സ്ക്വ.മീറ്റർ സ്ഥലം ഏറ്റെടുക്കേണ്ടതായി വരുന്നുണ്ട്.

(ഡി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുമരാമത്ത് റോഡുകളുടെ കയ്യേറ്റം

24 (773) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല സ്ഥലത്തും പൊതുമരാമത്ത് റോഡുകൾക്കിരുവശവും സാധന സാമഗ്രികൾ കൂട്ടിയിട്ടിട്ടുള്ളതിനാൽ ഗതാഗതത്തിന് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

റോഡിനിരുവശവും സാധന സാമഗ്രികൾ കൂട്ടിയിട്ടിട്ടുള്ളതിനാൽ ചില റോഡുകളിൽ ഗതാഗതത്തിന് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം സാധന സാമഗ്രികൾ നീക്കംചെയ്യാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

എല്ലാ റോഡുകളും ചുമതലയുള്ള എഞ്ചിനീയർമാർ പതിവായി പരിശോധി ക്കാറുള്ളതും ഗതാഗതത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന വസ്തുക്കൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ നീക്കം ചെയ്യുന്നതിന് നടപടി എടുക്കാറുള്ളതുമാണ്. ഇവ നീക്കം ചെയ്യുന്നതിന് നോട്ടീസ് നൽകുകയും ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(സി) നോട്ടീസ് നൽകിയിട്ടും ഇത്തരത്തിൽ വീണ്ടും സാധന സാമഗ്രികൾ കൊണ്ടിടുന്നവർക്കെതിരെ പിഴ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം പിഴ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

(ഡി) പൊതുമരാമത്ത് റോഡുകളുടെ കയ്യേറ്റം ചെറുക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെടുന്നമുറയ്ക്ക് നോട്ടീസ് നൽകുകയും ആയത് ഒഴിപ്പിക്കുന്നതിന് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് നിഷ്കർഷിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള റോഡുകൾ

25 (774) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ പ്രഖ്യാപിച്ച കണ്ണൂർ വിമാനത്താവളത്തിലേയ്ക്കുള്ള പ്രധാന റോഡുകളുടെ നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(ബി) ഈ റോഡുകളുടെ അലൈൻമെന്റ് പൂർണ്ണമായും നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത റോഡുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

(എ & ബി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള അനുബന്ധ റോഡുകളായി വികസിപ്പിക്കാവുന്ന 6 റോഡുകൾ കണ്ടെത്തുകയും അവ നാലുവരി പ്പാതയായി വികസിപ്പിക്കുന്ന രീതിയിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിന് 30-12-2017-ലെ സ.ഉ(കൈ) നമ്പർ 74/2017/ പൊ.മ.വ പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. പ്രസ്തുത റോഡുകളിൽ ക്രമ നമ്പർ 1 മുതൽ 3 വരെയുള്ള റോഡുകളുടെ അലൈൻമെന്റ് തത്വത്തിൽ അംഗീകരിച്ചാണ് ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ളത്. കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുന്നമുറയ്ക്ക് ഈ അലൈൻമെന്റിൽ പ്രവൃത്തി ഏറ്റെടുക്കുന്നതാണ്. ക്രമ നമ്പർ 6-ലെ റോഡിന്റെ അലൈൻമെന്റ് കിഫ്ബി അംഗീകരിച്ചിട്ടുള്ളതാണ്.

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പൂർത്തീകരണം ത്വരിതഗതിയി ലാക്കാനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ഫണ്ടുപയോഗിച്ച് വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ള അനുബന്ധത്തിലെ ക്രമ നമ്പർ 1, 2, 3, 6 എന്നിവയിലെ റോഡ് പ്രവൃത്തികളിൽ ഇനി ഡി.പി.ആർ. സമർപ്പിക്കാൻ ബാക്കിയുള്ള റോഡുകളുടെ ഡി.പി.ആർ. വേഗത്തിൽ പൂർത്തിയാക്കി കിഫ്ബിയിൽ സമർപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിക്കുന്നമുറയ്ക്ക് സ്ഥലമേറ്റെടുക്കൽ പ്രവൃത്തികൾ ത്വരിതപ്പെടുത്താനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

**റോഡ് നിർമ്മാണ പ്രവൃത്തികൾ**

26 (775) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടുപയോഗിച്ച് നവീകരിക്കുന്ന തരൂർ മണ്ഡലത്തിലെ കഴനി-പഴമ്പാലക്കോട് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തി ലാണെന്ന് അറിയിക്കുമോ;

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) ഇതുവരെ പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ & ബി) തരൂർ മണ്ഡലത്തിലെ കഴനി - പഴമ്പാലക്കോട് റോഡിന് കിഫ്ബിയിൽനിന്നും 16-3-2018-ലെ ഉത്തരവുപ്രകാരം 32.89 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് 10-4-2018-ലെ 24-ാം ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയ എസ്റ്റിമേറ്റ് പുനർ സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 12 മീറ്റർ RoW-യിലേയ്ക്ക് വികസിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. ലാന്റ് അക്വിസിഷനുവേണ്ടി 60 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ സ്ഥലമേറ്റെടുക്കുന്നതിന് തടസ്സം നേരിടുന്ന സാഹചര്യത്തിൽ ആവശ്യമായ RoW ലഭ്യമല്ലാത്തതിനാൽ ലഭ്യമായുള്ള വീതിയിൽ നിർമ്മാണം നടത്തുന്നത് പരിഗണിക്കണമെന്ന നിർദ്ദേശം കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അലൈൻമെന്റ് അന്തിമമായി തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

(സി) ഈ പ്രവൃത്തി ടെണ്ടർ ചെയ്ത് പണികൾ ആരംഭിക്കുവാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്ന് അറിയിക്കാമോ?

പ്രവൃത്തിയുടെ അലൈൻമെന്റിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പുതുക്കിയ അലൈൻമെന്റും ഡിസൈനും അനുസരിച്ചുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ സമർപ്പിച്ച് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതിനും തുടർന്ന് ടെണ്ടർ നടപടികൾ കൈക്കൊള്ളേണ്ടതുമായ നടപടിക്രമങ്ങളാണ് അവശേഷിക്കുന്നത്.

**പുന്നാവൂർ പാലം നിർമ്മാണം**

27 (776) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിൽ പോങ്ങുംമൂട് പുന്നാവൂർ പാലം നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പോങ്ങുംമൂട്-പുന്നാവൂർ പാലം നിർമ്മാണത്തിനായി 29-12-2020-ന് ആദ്യ ടെണ്ടർ നടത്തിയെങ്കിലും കരാറുകാർ പ്രതികരിക്കാതിരുന്നതിനെത്തുടർന്ന് 22-1-2021-ന് വീണ്ടും ടെണ്ടർ ചെയ്തു. ഒറ്റയാൾമാത്രം പങ്കെടുത്ത ബിഡിൽ ക്വാട്ടഡ് തുക നിയമപ്രകാരം അനുവദിക്കുന്നതിനേക്കാൾ ഉയർന്ന നിരക്കിലായിരുന്നതിനാൽ പരമാവധി അനുവദിക്കാവുന്ന തുകയായ DsoR+10%-ന് നിജപ്പെടുത്തി 3-6-2021-ന് ടെണ്ടർ അനുമതി നൽകി. കരാറുകാരൻ ഈ തുക അംഗീകരിക്കുന്നപക്ഷം ഉടൻ എഗ്രിമെന്റുവച്ച് പണി ആരംഭിക്കാനാവും.

(ബി) പാലം നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

പാലം നിർമ്മാണം എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോന്നി മണ്ഡലത്തിലെ റോഡ് നിർമ്മാണം**

28 (777) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിലെ നബാർഡ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള മുറിഞ്ഞകൽ-അതിരുങ്കൽ - പുന്നമൂട് - കൂടൽ - രാജഗിരി റോഡ് നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

മുറിഞ്ഞകൽ-അതിരുങ്കൽ-പുന്നമൂട്-കൂടൽ-രാജഗിരി റോഡ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്.

**റോഡുകളുടെ നവീകരണം**

29 (778) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടും പ്രവൃത്തി പൂർത്തീകരിക്കാത്ത റോഡുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## തീരദേശ റോഡുകളും അനുബന്ധ നിർമ്മാണങ്ങളും തകർന്നത് സംബന്ധിച്ച്

30 (779) ശ്രീ. പി. ടി. തോമസ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൗട്ടെ ചുഴലിക്കാറ്റിനെത്തുടർന്നുണ്ടായ മഴയും കാറ്റും കടലേറ്റവും കാരണം തീരദേശ റോഡുകളും അനുബന്ധ നിർമ്മാണങ്ങളും തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോടിക്കണക്കിന് രൂപ മുടക്കി പണിത തീരദേശ റോഡുകളും നടപ്പാതകളും അനുബന്ധ നിർമ്മാണങ്ങളും കടൽക്ഷോഭംമൂലം തകരുന്നത് അശാസ്ത്രീയ നിർമ്മാണങ്ങളുടെ ഫലമായാണെന്ന് കരുതുന്നുണ്ടോ?

വിശദമായ പഠനങ്ങൾ നടത്തി തീരദേശ റോഡ് നിർമ്മാണം നടത്തുമ്പോഴും അനിയന്ത്രിതമായ സാഹചര്യങ്ങൾമൂലം റോഡുകൾ തകരാറിലാകാൻ സാധ്യതയുണ്ട്.

(സി) ടൗട്ടെ ചുഴലിക്കാറ്റിനെത്തുടർന്ന് തീരദേശത്തെ നിർമ്മാണങ്ങൾക്കുണ്ടായ കേടുപാടുകൾ പരിഹരിക്കുമ്പോൾ കൂടുതൽ പഠനങ്ങൾ നടത്തി ശാസ്ത്രീയമായ നിർമ്മാണരീതി അവലംബിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

തീരദേശ റോഡുകൾ ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് നിർമ്മിക്കുന്നത്.

## പേരാമ്പ്ര ബൈപ്പാസിന്റെ നിർമ്മാണം

31 (780) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബൈപ്പാസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ?

പേരാമ്പ്ര ബൈപ്പാസിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി പൂർണ്ണമായും RFCTLARR ACT 2013 പ്രകാരവും അനുരഞ്ജന വ്യവസ്ഥ പ്രകാരം ആധാരങ്ങൾ രജിസ്റ്റർ ചെയ്തും കൈവശക്കാരിൽനിന്നും ഏറ്റെടുക്കുകയുണ്ടായി. പ്രവൃത്തി ടെണ്ടർ ചെയ്യുകയും 4-6-2021-ന് letter of acceptance നൽകുകയുമുണ്ടായി.

(ബി) ഭൂമി ഏറ്റെടുക്കലിനും റോഡ് നിർമ്മാണത്തിനുമായി എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും സ്ഥല ഉടമകൾക്ക് എത്ര തുക നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കുമോ?

ഭൂമിയേറ്റെടുക്കലിന് 27.60 കോടി രൂപ ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് കൈമാറുകയും എല്ലാ ഭൂവുടമകൾക്കും പൂർണ്ണമായി നഷ്ടപരിഹാരം നൽകുകയുമുണ്ടായി. ഇനി ആർക്കുംതന്നെ ബാക്കി തുക നൽകാനില്ല. റോഡ് നിർമ്മിക്കുന്നതിനായി 19.69 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ബൈപ്പാസ് നിർമ്മാണത്തിന് ഇനി എന്തൊക്കെ നടപടി പൂർത്തിയാക്കാനുണ്ടെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ?

Letter of acceptance നൽകിയതിനാൽ നിർമ്മാണ പ്രവൃത്തി 2021 ജൂൺ അവസാനം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കോതമംഗലം-പെരുമ്പൻകുത്ത് രാജപാതയുടെ പുനർനിർമ്മാണം**

32 (781) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം-പെരുമ്പൻകുത്ത് രാജപാതയുടെ (പഴയ മൂന്നാർ റോഡ്) പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോതമംഗലത്തുനിന്നും പെരുമ്പൻകുത്ത് വരെ 40 കി.മീ. റോഡ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ്. പൂയംകുട്ടി മുതൽ 10 കി.മീ റോഡ് വനം വകുപ്പ് അടച്ചിരിക്കുന്നതിനാൽ ഗതാഗതയോഗ്യമല്ല. തട്ടേക്കാടുമുതൽ കുട്ടമ്പുഴ വരെയുള്ള ഭാഗം കിഫ്ബിയിൽ ഉൾപ്പെടുത്തി നവീകരിച്ചുവരുന്നു. ആദ്യഭാഗത്ത് ബി.സി. ഓവർലേ ചെയ്യുന്നതിന് വർക്ക് അറേഞ്ച് ചെയ്തിരുന്നുവെങ്കിലും കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനാൽ പണികൾ തുടങ്ങാൻ കഴിഞ്ഞില്ല. അതിനാൽ കരാറുകാരനെ ഒഴിവാക്കുന്ന നടപടികൾ നടന്നുവരുന്നു. പൂയംകുട്ടി മുതൽ പെരുമ്പൻകുത്ത് വരെയുള്ള വനത്തിലൂടെയുള്ള റോഡ് കയറ്റിറക്കങ്ങളില്ലാതെ മൂന്നാറിലേയ്ക്ക് യാത്ര ചെയ്യാനുള്ള ദൂരക്കുറവുള്ള റോഡായിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് സ്ഥാപിച്ച ഈ രാജപാതയിൽ പെരുമ്പൻകുത്തിലും പൂയംകുട്ടിയുടെയും ഇടയിൽ മലയിടിഞ്ഞതോടെയാണ് വനം വകുപ്പ് റോഡ് അടച്ചത്. ടി റോഡിലൂടെ ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ അനുവദിക്കണമെന്ന് വനം വകുപ്പിന്റെ കോടനാട്, കോതമംഗലം, മൂന്നാർ ഡിവിഷൻ ഓഫീസുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ മറുപടി ലഭിച്ചാൽ സർവ്വേ നടത്തി, എസ്റ്റിമേറ്റ് എടുത്ത്, ഡി.പി.ആർ. തയ്യാറാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാനാകും. പെരുമ്പൻകുത്ത് മുതൽ മൂന്നാർ വരെയുള്ള ഇടുക്കി ജില്ലയിലെ ഭാഗം നിലവിൽ പൊതുമരാമത്തു വകുപ്പിന് കീഴിലുള്ളതല്ല.

(ബി) സഞ്ചാരയോഗ്യമല്ലാതായി തീർന്ന പ്രസ്തുത റോഡിന്റെ പുനർനിർമ്മാണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) കോതമംഗലത്തുനിന്നും എളുപ്പത്തിൽ മൂന്നാറിൽ എത്തിച്ചേരുവാൻ കഴിയുന്നതും ഏകദേശം 20 കി.മീ. ദൂരം കുറവായതുമായ പ്രസ്തുത റോഡ് പുനർ നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) പെരുമ്പൻകുത്ത് വരെയുള്ള വനത്തിലൂടെയുള്ള റോഡ് കയറ്റിറക്കങ്ങളില്ലാതെ മൂന്നാറിലേയ്ക്ക് യാത്ര ചെയ്യാനുള്ള ദൂരക്കുറവുള്ള റോഡായിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് സ്ഥാപിച്ച ഈ രാജപാതയിൽ പെരുമ്പൻകുത്തിലും പൂയംകുട്ടിയുടെയും ഇടയിൽ മലയിടിഞ്ഞതോടെയാണ് വനം വകുപ്പ് റോഡ് അടച്ചത്. ടി റോഡിലൂടെ ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ അനുവദിക്കണമെന്ന് വനം വകുപ്പിന്റെ കോടനാട്, കോതമംഗലം, മൂന്നാർ ഡിവിഷൻ ഓഫീസുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ മറുപടി ലഭിച്ചാൽ സർവ്വേ നടത്തി, എസ്റ്റിമേറ്റ് എടുത്ത്, ഡി.പി.ആർ. തയ്യാറാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാനാകും. പെരുമ്പൻകുത്ത് മുതൽ മൂന്നാർ വരെയുള്ള ഇടുക്കി ജില്ലയിലെ ഭാഗം നിലവിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതല്ല.

## കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തി

33 (782) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലേയ്ക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഗതാഗത മാർഗ്ഗമായ കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തിക്ക് സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്?

പ്രസ്തുത റോഡിന് 10-7-2019-ലെ സ.ഉ(സാധാ) നമ്പർ 942/2017/പൊ.മ.വ പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതിയും 1-12-2020-ലെ കിഫ്ബി ഉത്തരവുപ്രകാരം ലാൻഡ് അക്വിസിഷനുവേണ്ടി 10 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത തുക അനുവദിച്ചതിനുശേഷം റോഡ് വിപുലീകരണത്തിനായി യാതൊരു പ്രവൃത്തിയും നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. പ്രവൃത്തിയുടെ അംഗീകരിച്ച അലൈൻമെന്റ് പ്രകാരം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് കരാർ നൽകിയെങ്കിലും സ്ഥലം ഉടമകളുടെ എതിർപ്പുകാരണം ടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അതിർത്തി കല്ലുകൾ പൂർണ്ണമായി സ്ഥാപിച്ചതിനുശേഷം ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) മേൽ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) ദീർഘകാലമായി അറ്റകുറ്റപ്പണികൾപോലും നടത്താത്ത റോഡിന്റെ ശോച്യാവസ്ഥ പരിഗണിച്ച് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(ഡി&ഇ) നിലവിൽ ലഭ്യമായ ലാൻഡ് അക്വിസിഷനുള്ള അനുമതി കൂടാതെ പ്രവൃത്തിക്കുള്ള സാമ്പത്തികാനുമതികൂടി കിഫ്ബിയിൽനിന്നും ലഭ്യമാകേണ്ടതുണ്ട്. ലാൻഡ് അക്വിസിഷനുള്ള നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തിക്കുള്ള സാമ്പത്തി കാനുമതി ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്.

## ആലപ്പുഴ-ചങ്ങനാശ്ശേരി സെമി എലിവേറ്റഡ് റോഡ്

34 (783) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി സെമി എലിവേറ്റഡ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് പ്രവൃത്തി 30-12-2020-ന് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇ.പി.സി. മാതൃകയിലാണ് നടപ്പിലാക്കുന്നത്. അതോറിറ്റി എഞ്ചിനീയർ അംഗീകാരം നൽകിയ ഭാഗങ്ങളിൽ പ്രവൃത്തികൾ നടന്നുവരികയാണ്. നിലവിൽ പുരോഗമിച്ചുവരുന്ന പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. ഓടകളുടെ നിർമ്മാണം
2. പ്രീകാസ്റ്റ് കലുങ്കുകളുടെ നിർമ്മാണം
3. ചെറിയ പാലങ്ങളുടെ പ്രവൃത്തികൾ തുടങ്ങുന്നതിനായി electrical and water utility shifting പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് പ്രസ്തുത പ്രോജക്ടിന് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ആലപ്പുഴ-ചങ്ങനാശ്ശേരി സെമി എലിവേറ്റഡ് റോഡിന്റെ ഭരണാനുമതി 671.66 കോടി രൂപയാണ്.

(സി) പ്രസ്തുത പ്രോജക്ടിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയെയാണ് നിർമ്മാണ പ്രവൃത്തികൾ ഏല്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് M/s. ULCCS - EVRASCON (JV) എന്ന കമ്പനിയെയാണ് നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിച്ചിരിക്കുന്നത്.

(ഡി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തി പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നു.

### റോഡുകളുടെ പുനഃനിർമ്മാണം

35 (784) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൗട്ടെ ചുഴലിക്കാറ്റുമൂലം മരാമത്ത് റോഡുകൾക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇങ്ങനെ തകർന്ന റോഡുകളുടെ പുനഃനിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പുനഃനിർമ്മാണം വേഗത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

(എ - സി) ടൗട്ടെ ചുഴലിക്കാറ്റുമൂലം പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകൾക്കുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.* തകർന്ന റോഡുകൾ പുനർനിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റോഡുകളെപ്പറ്റി പരാതി അറിയിക്കാൻ മൊബൈൽ ആപ്പ്

36 (785) ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാൻ മൊബൈൽ ആപ്പ് ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് പരിപാലിച്ചുവരുന്ന റോഡ് ആസ്തികളുടെ ശാസ്ത്രീയമായ പരിപാലനത്തിനും കാര്യക്ഷമമായ ധനവിനിയോഗത്തിനും സഹായിക്കുന്ന റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (RMMS) വകുപ്പിൽ ഇപ്പോൾ നടപ്പാക്കിവരികയാണ്. ഈ RMMS പദ്ധതിയിൽ റോഡ് സംബന്ധമായ ആസ്തികളുടെ ഡിജിറ്റൈസേഷനും വിവരങ്ങൾ ശേഖരിച്ചു വിശകലനം ചെയ്യുന്നതിനും റോഡ് പരിപാലനത്തിനായുള്ള വർക്കുകളുടെ ആസൂത്രണം ചെയ്യുന്നതിനുമുള്ള സോഫ്റ്റ്‌വെയറുകൾ, റോഡ് ആസ്തികളുടെ നിലവിലെ നിജസ്ഥിതി വിവരങ്ങൾ ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ ചെയ്തു ശേഖരിക്കൽ, റോഡ് ആസ്തികളുടെ ഉപഭോക്താക്കൾക്ക് അവരുടെ പരാതികൾ മൊബൈൽ ഉപയോഗിച്ചു സമർപ്പിക്കുന്നതിനുള്ള മൊബൈൽ ആപ്പ്, ഉദ്യോഗസ്ഥർക്ക് റോഡ് ആസ്തികളുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള മൊബൈൽ ആപ്പ് എന്നിവ ഉൾപ്പെടുന്നു. റോഡുകളെപ്പറ്റി പരാതി അറിയിക്കുന്നതിനായുള്ള മൊബൈൽ ആപ്പ് ഇപ്പോൾ തയ്യാറാക്കി പൊതുജനങ്ങൾക്കായി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത മൊബൈൽ ആപ്പ് ഏതുകമ്പനിയാണ് നിർമ്മിക്കുന്നതെന്നും എത്ര തുകയ്ക്കാണ് നിർമ്മിക്കുന്നതെന്നും അറിയിക്കാമോ?

റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിനായുള്ള വിവിധ സോഫ്റ്റ്‌വെയറുകളും മൊബൈൽ ആപ്പുകളും മറ്റു അനുബന്ധ സാങ്കേതിക കാര്യങ്ങളും ചെയ്യുന്നതിനായി TRL UK-യും Experion Global എന്ന സോഫ്റ്റ്‌വെയർ കമ്പനിയുമായുള്ള സംയുക്ത സംരംഭവുമായി 4.5 കോടി രൂപയുടെ കരാർ കെ.എസ്.ടി.പി. പദ്ധതിയിൽ ഏർപ്പെട്ടിട്ടുണ്ട്.

(സി) ടെണ്ടർ നടപടികളിലൂടെയാണോ ഈ മൊബൈൽ ആപ്പ് നിർമ്മിക്കുന്ന കമ്പനിയെ തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ?

അന്താരാഷ്ട്ര ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ് ഈ സംരംഭത്തെ തെരഞ്ഞെടുത്തത്.

(ഡി) രണ്ട് വർഷങ്ങൾക്കുമുമ്പ് സമാനമായ ആവശ്യത്തിന് മൊബൈൽ ആപ്പ് നിർമ്മിച്ചിരുന്നോ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ഇപ്പോഴുള്ള മൊബൈൽ ആപ്പ്, റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായാണ് നിലവിൽവരുന്നത്. രണ്ടുവർഷം മുമ്പ് Hubspire' എന്ന സ്ഥാപനം അവരുടെ 'Corporate Social Responsibility'(CSR) ഫണ്ടുപയോഗിച്ച് റോഡുകളെപ്പറ്റിയുള്ള പരാതി അറിയിക്കുന്നതിന് ഒരു മൊബൈൽ ആപ്പ് - "പി.ഡബ്ല്യു.ഡി. ഫിക്സിറ്റ്" 2018 മേയ് മാസം തയ്യാറാക്കിയിരുന്നു. പൊതുമരാമത്ത് റോഡുകളെപ്പറ്റിയുള്ള പരാതികൾ ജിയോ ടാഗ് ചെയ്ത ഫോട്ടോകൾ ഉൾപ്പെടെ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം മാത്രമാണ് ഈ ആപ്പിൽ ലഭ്യമാക്കിയിരുന്നത്. ആപ്പിന്റെ പ്രവർത്തനങ്ങളും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ചെലവും സെർവർ മുതലായവയുടെ ചെലവും വഹിക്കുവാൻ ആപ്പിന്റെ ഡെവലപ്പറായ കമ്പനി തയ്യാറാകാത്തതുകാരണം 2019 ജൂലൈ മാസത്തിനുശേഷം ആപ്പിന്റെ പ്രവർത്തനം നിലച്ചു.

(ഇ) പി.ഡബ്ല്യൂ.ഡി. ഫിക്സിറ്റ് ആപ്പ് നിർമ്മിക്കാനായി ഏതുകമ്പനിയെയാണ് ചുമതലപ്പെടുത്തിയത്; എത്ര തുകയ്ക്കാണ് ആപ്പ് നിർമ്മിച്ചതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗത്തിനുകീഴിലുള്ള തൃശ്ശൂർ ഇലക്ട്രോണിക്സ് ഡിവിഷനും Hubspire എന്ന കമ്പനിയും ചേർന്നാണ് പി.ഡബ്യൂ.ഡി. ഫിക്സിറ്റ് എന്ന ആപ്പ് സൗജന്യമായി നടപ്പാക്കിയത്.

**ഭാരത്മാല പദ്ധതി**

37 (786) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത്മാല പദ്ധതി പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന മലപ്പുറം-മൈസൂർ പാത അലൈൻമെന്റ് മാറ്റുവാൻ ദേശീയപാത അതോറിറ്റിക്ക് പുതിയ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ട്രാഫിക് സർവ്വേ നടത്തിയ ഏജൻസി സമർപ്പിച്ച നിർദ്ദേശത്തിൽ മലപ്പുറത്തെ ഒഴിവാക്കുന്ന നടപടി പുനഃപരിശോധിക്കുമോ;

(സി) മലപ്പുറം ജില്ലയുടെ വികസന കുതിപ്പിനു അടിവരയിടുന്ന നിർദ്ദിഷ്ട മലപ്പുറം - മൈസൂർ - ബാംഗ്ലൂർ ഗ്രീൻഫീൽഡ് പാത അലൈൻമെന്റ് മാറ്റാതെ നടപ്പിലാക്കികിട്ടാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

(എ-സി) ഭാരത്മാല പദ്ധതി പ്രകാരം വിഭാവനം ചെയ്തിരിക്കുന്ന മലപ്പുറം-മൈസൂർ പാതയുടെ അന്തിമ അലൈൻമെന്റ് ദേശീയപാത അതോറിറ്റി ഇതുവരെ സ്ഥിരീകരിച്ചിട്ടില്ല. അലൈൻമെന്റ് സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും പൊതുമരാമത്ത് വകുപ്പിൽനിന്ന് ദേശീയപാത അതോറിറ്റിക്ക് നൽകിയിട്ടില്ല.

### റോഡുകളുടെ അറ്റകുറ്റപ്പണി

38 (787) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷമുണ്ടായ കനത്ത മഴയിലും കടൽക്ഷോഭത്തിലും എത്ര കിലോമീറ്റർ പി.ഡബ്ല്യൂ.ഡി. റോഡുകൾ തകർന്നിട്ടുണ്ട്?

ഈ വർഷമുണ്ടായ കനത്ത മഴയിലും കടൽക്ഷോഭത്തിലും നിരത്ത് വിഭാഗത്തിനുകീഴിലുള്ള 246 കി.മീ റോഡുകൾക്ക് നാശനഷ്ടമുണ്ടായിട്ടുണ്ട്.

(ബി) പ്രസ്തുത റോഡുകൾ സമയബന്ധിതമായി അറ്റകുറ്റപ്പണി ചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ?

ഇത്തരത്തിൽ തകർന്ന റോഡുകൾ അടിയന്തരമായി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

### ചവറ മണ്ഡലത്തിലെ റോഡ് നിർമ്മാണം

39 (788) ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ മണ്ഡലത്തിൽ ഫണ്ട് അനുവദിച്ചിട്ടും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത എത്ര പി.ഡബ്ല്യൂ.ഡി. റോഡുകളുണ്ടെന്നറിയിക്കുമോ; ഓരോ റോഡിനും അനുവദിച്ചിരിക്കുന്ന തുക എത്രയെന്ന് വെളിപ്പെടുത്താമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

### ഇരിക്കൂർ മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം

40 (789) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ഇരിക്കൂർ മണ്ഡലത്തിലെ റോഡുകളുടെ പേര് വിവരം അറിയിക്കാമോ ;

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ ഓരോ റോഡിന്റെയും പ്രവൃത്തി ഏതേത് ഘട്ടങ്ങളിൽ എത്തിയെന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത റോഡുകളുടെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) കേന്ദ്ര റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ഇരിക്കൂർ മണ്ഡലത്തിലെ റോഡുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**പുതുതായി നിർമ്മിച്ച റോഡുകൾ**

41 (790) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ എത്ര കിലോമീറ്റർ റോഡുകൾ പുതുതായി നിർമ്മിച്ചു എന്ന വിവരം ലഭ്യമാക്കാമോ?

പൊതുമരാമത്ത് നിരത്തുകൾ വിഭാഗത്തിനുകീഴിൽ 2011-2016 കാലയളവിൽ 51 കി.മീ. റോഡുകൾ പുതുതായി നിർമ്മിക്കുകയും 7780 കി.മീ. റോഡുകളിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തു. റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള ലിമിറ്റഡ് 29.57 കി.മീ. റോഡുകൾ പുതുതായി നിർമ്മിച്ചു.

(ബി) 2016-2021 കാലയളവിൽ എത്ര കിലോമീറ്റർ റോഡുകൾ പുതുതായി നിർമ്മിച്ചു എന്ന വിവരം ലഭ്യമാക്കാമോ?

2016-2021 കാലയളവിൽ നിരത്ത് വിഭാഗത്തിനുകീഴിൽ 64 കി. മീ. റോഡുകൾ പുതുതായി നിർമ്മിക്കുകയും 12115 കി.മീ. റോഡുകളിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തു. ദേശീയ പാത 85-ൽ 42 കി.മീ.-ഉം ദേശീയ പാത 966-ൽ 47 കി.മീ.-ഉം പേവ്ഡ് ഷോൾഡറോടുകൂടിയുള്ള രണ്ടു വരിപ്പാത നിർമ്മാണം കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭ്യമാക്കി പ്രവൃത്തി പുരോഗമിച്ചു വരുന്നു. റിക്ക് ലിമിറ്റഡിന്റെ കീഴിൽ 83 കി.മീ. റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## ഓർക്കാട്ടേരി-കാർത്തികപ്പള്ളി റോഡിന്റെ പ്രവൃത്തി

42 (791) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ ഓർക്കാട്ടേരി-കാർത്തികപള്ളി റോഡിന്റെ പ്രവൃത്തി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

പ്രവൃത്തിയുടെ 95% പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയത്; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

28-3-2018-ലെ സ.ഉ(കൈ) നം.9/2018/പൊ.മ.വ പ്രകാരം 3.5 കോടി രൂപയ്ക്കാണ് പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയത്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(സി) പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് പ്രതിബന്ധങ്ങളെന്തെങ്കിലും നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

ഇല്ല.

(ഡി) പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ?

30-6-2021-നുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ഭാരത് മാലാ പദ്ധതി

43 (792) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ഭാരത് മാലാ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട്-പാലക്കാട് നാലുവരി ഗ്രീൻഫീൽഡ് പാതയുടെ അലൈൻമെന്റ് തയ്യാറാക്കിയത് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അലൈൻ മെന്റിൽ പാത കടന്നുപോകുന്ന പ്രദേശങ്ങളുടെ വിശദവിവരം നൽകുമോ?

കോഴിക്കോട്-പാലക്കാട് നാലുവരി ഗ്രീൻഫീൽഡ് പാതയുടെ അലൈൻമെന്റിന് സംസ്ഥാന സർക്കാരിന്റെ അംഗീകാരം നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. പാത കടന്നുപോകുന്ന പ്രദേശങ്ങളുടെ വിശദവിവരം ദേശീയപാത അതോറിറ്റി 3(എ) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നമുറയ്ക്ക് മാത്രമേ ലഭ്യമാകൂ.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പാത മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽക്കൂടി എത്ര കിലോമീറ്ററാണ് കടന്നുപോകുന്നതെന്നും പാത ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്നും ഇതിനായി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട്-പാലക്കാട് നാലുവരി ഗ്രീൻഫീൽഡ് പാത മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ മണ്ണാർക്കാട് -I, മണ്ണാർക്കാട് -II, കുമാരംപുത്തൂർ, പയ്യനാടം, കൊട്ടോപാടം-I, കൊട്ടോപാടം-II, കൊട്ടോപാടം-III, അളനല്ലൂർ-I, അളനല്ലൂർ-II, അളനല്ലൂർ-III എന്നീ വില്ലേജുകളിലൂടെ ഏകദേശം 23.24 കിലോമീറ്റർ ദൂരം കടന്നുപോകുന്നു. ഓരോ വില്ലേജിലും എത്ര സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നതിന്റെ വിശദാംശം വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കി 3(എ) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നമുറയ്ക്ക് മാത്രമേ ലഭ്യമാകൂ.

## സംസ്ഥാന ബജറ്റിൽ അനുവദിച്ചിട്ടുള്ള നിള ഹോസ്പിറ്റൽ ഐ. പി. ടി. റോഡ് സ്റ്റാറ്റസ്

44 (793) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചതും കിഫ്ബിവഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ നിള ഹോസ്പിറ്റൽ ഐ.പി.ടി. റോഡ് പുനർനിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ;

(ബി) പ്രസ്തുത റോഡ് ഭാഗികമായി തകർന്നിട്ടുള്ള അവസ്ഥയിൽ എത്രയും പെട്ടെന്നുതന്നെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) പട്ടാമ്പി മണ്ഡലത്തിലെ നിള ഹോസ്പിറ്റൽ - ഷൊർണ്ണൂർ ഐ.പി.ടി. റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയിൽ അനുമതിക്കായി സമർപ്പിച്ചു. കിഫ്ബിയിൽനിന്ന് നിർദ്ദേശിച്ചിട്ടുള്ള ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് പ്രകാരമുള്ള വ്യതിയാനങ്ങൾ വരുത്തി വീണ്ടും കിഫ്ബിയിൽ സമർപ്പിക്കുന്നതും കിഫ്ബിയിൽനിന്നും അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

## റോഡ് മെയിന്റനൻസ് ആൻഡ് മാനേജ്മെന്റ് സിസ്റ്റം

45 (794) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ അടിസ്ഥാന വിവരങ്ങളുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായി റോഡ് മെയിന്റനൻസ് ആൻഡ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ അടിസ്ഥാന വിവരങ്ങളുടെ ഡിജിറ്റലൈസേഷന്റെ ഭാഗമായി റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം (ആർ.എം.എം.എസ്) നടപ്പിലാക്കി വരികയാണ്. 7000 കി. മീ വരുന്ന കോർ റോഡ് നെറ്റ്‌വർക്കിൽനിന്നും 4000 കി.മീ വരുന്ന സംസ്ഥാന പാതയിലാണ് ആദ്യം ആർ.എം.എം.എസ്. നടപ്പിൽ വരുത്തുന്നത്. ഇതിനുവേണ്ടി സാങ്കേതിക സഹായം നൽകുന്നതിനായി ഡൽഹി ആസ്ഥാനമായുള്ള സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ (സി.ആർ.ആർ.ഐ.) സർക്കാർ നോഡൽ ഏജൻസിയായി കരാർ ചെയ്യപ്പെട്ടിട്ടുണ്ടായിരുന്നു. റോഡുകളുടെ അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുന്നതിനായുള്ള നെറ്റ്‌വർക്ക് സർവ്വേ, ഫാളിംഗ് വെയിറ്റ് ഡിഫ്ലക്ടോമീറ്റർ സർവ്വേ എന്നിവ നടത്തിക്കഴിഞ്ഞു. ട്രാഫിക് സർവ്വേ, ടെസ്റ്റ് പിറ്റ് സർവ്വേ, കോർ കട്ടിംഗ് ആക്സിയൽ ലോഡ് സർവ്വേ എന്നിവ അന്തിമ ഘട്ടത്തിലാണ്. വിവിധ സർവ്വേകളിൽനിന്നും ലഭ്യമാകുന്ന വിവരങ്ങൾ ഐ-റോഡ്സ്, എച്ച്.ഡി.എം.4 എന്നീ സോഫ്റ്റ്‌വെയറുകളുടെ സഹായത്തോടെ ഡിജിറ്റലൈസ് ചെയ്യുന്നതാണ്.

(ബി) ഏത് ഏജൻസിക്കാണ് പ്രസ്തുത പ്രവൃത്തികളുടെ കരാർ നൽകിയിട്ടുള്ളത്; അതിനായി പ്രസ്തുത ഏജൻസിക്ക് എന്ത് തുക നൽകി; അറിയിക്കുമോ;

സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CRRI), M/s TRL Professional & Software Services (India) LLP in JV with Experion Technologies (India) Pvt. Ltd. എന്നീ ഏജൻസികൾക്കാണ് കരാർ നൽകിയിട്ടുള്ളത്. ഈ പ്രവൃത്തിക്കുവേണ്ടി മേൽപ്പറഞ്ഞ ഏജൻസികൾക്ക് 4.13 കോടി രൂപയാണ് ഇതുവരെ നൽകിയിട്ടുള്ളത്.

(സി) സംസ്ഥാന പാതകൾ അല്ലാതെയുള്ള പ്രധാനപ്പെട്ട പി.ഡബ്ല്യൂ.ഡി. റോഡുകളെ ഉൾപ്പെടുത്തി ഒരു കോർ റോഡ് നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതാണെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എത്ര കിലോമീറ്റർ റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കോർ റോഡ് നെറ്റ്‌വർക്കിൽ 7000 കി.മീ. പൊതുമരാമത്ത് വകുപ്പ് റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 4000 കി.മീ. നിലവിലുള്ള സംസ്ഥാന പാതകളും ശേഷിക്കുന്ന 3000 കി.മീ പ്രധാന ജില്ലാ റോഡുകളുമാണ്.

## കുട്ടനാട്ടിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പുരോഗതി

46 (795) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കുട്ടനാട്ടിൽ നടപ്പാക്കിവരുന്ന വിവിധ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ഭരണാനുമതി ലഭിച്ചത്, ടെക്നിക്കൽ അനുമതി ലഭിച്ചത്, ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിൽക്കുന്നത് തുടങ്ങിയ കുട്ടനാട്ടിലെ വർക്കുകളുടെ നിലവിലെ സ്ഥിതി ഓരോ വർക്കും ഇനം തിരിച്ച് വ്യക്തമാക്കുമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പ് കെ.എസ്.ടി.പി. വിഭാഗത്തിനുകീഴിൽ ആലപ്പുഴ - ചങ്ങനാശ്ശേരി, വിയപുരം - എടത്വാ എന്നീ റോഡ് നിർമ്മാണ പ്രവൃത്തി കളാണ് നടന്നുവരുന്നത്. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ് നിർമ്മാണത്തിന്റെ ആദ്യഘട്ടം പുരോഗമിക്കുകയാണ്. 27-10-2020-ന് 649.76 കോടി രൂപയ്ക്ക് കരാർ ഒപ്പുവച്ച് പ്രവൃത്തി 31-12-2020-ന് ആരംഭിച്ചു. വിയപുരം-എടത്വാ റോഡ് നിർമ്മാണ പ്രവൃത്തി 3-3-2021-ന് 108.88 കോടി രൂപയ്ക്ക് കരാർ ഒപ്പുവച്ച് പ്രാരംഭ നടപടികൾ നടന്നുവരുന്നു. നിരത്ത്, പാലം വിഭാഗങ്ങളുടെയും കിഫ്ബിയുടെ കീഴിലുള്ള പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി) കുട്ടനാട്ടിന്റെ ഭൂമിശാസ്ത്രപരമായ പരാധീനതകൾ കണക്കിലെടുത്ത് ഇവിടെ അനുവദിക്കുന്ന വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

കുട്ടനാട്ടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് മണ്ണ് പരിശോധനയ്ക്കുശേഷമാണ് പാലങ്ങളുടെ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നത്. അപ്രോച്ച് റോഡ് കയർ ഭൂവസ്ത്രം ഉപയോഗിച്ചാണ് നിർമ്മിച്ചുവരുന്നത്. അപ്രോച്ച് റോഡ് താഴ്ന്നുപോകുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് എംബാങ്ക്മെന്റ് ഫില്ലിംഗ് നടത്തി റോഡ് നിർമ്മിക്കുന്നതിനുപകരം ലാൻഡ് സ്പാനുകൾ നൽകുന്നതിൽ ശ്രദ്ധിക്കാറുണ്ട്. കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങളും മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും അപഗ്രഥന യോഗങ്ങളും നടന്നുവരുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഓാറോടംപാലം - മാനത്ത്മംഗലം ബൈപ്പാസ് റോഡ് നിർമ്മാണം

47 (796) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഓരോടം പാലം - മാനത്ത് മംഗലം നിർദ്ദിഷ്ട ബൈപ്പാസ് റോഡുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികളാണ് ഇതിനോടകം പൂർത്തീകരിച്ചത് ;

(ബി) ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; വ്യക്തമാക്കുമോ?

(എ & ബി) ഭൂമി ഏറ്റെടുക്കുന്നതിനായി അതിർത്തിക്കല്ല് സ്ഥാപിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി അർത്ഥന നൽകിയിട്ടുണ്ട്. റെയിൽവേ മേൽപ്പാലത്തിന്റെ പി&ഇ (പ്ലാൻ & എസ്റ്റിമേറ്റ്) ചാർജ്ജിനത്തിൽ 16,23,800 രൂപ സതേൺ റെയിൽവേയ്ക്ക് നൽകിയിട്ടുണ്ട്. റെയിൽവേ മേൽപ്പാലത്തിന്റെ ഡിസൈൻ റെയിൽവേയിൽനിന്ന് ലഭിക്കേണ്ടതുണ്ട്.

(സി) പ്രസ്തുത ബൈപ്പാസ് റോഡ് നിർമ്മാണത്തിനുള്ള തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടോ?

(ഡി) ഇല്ലെങ്കിൽ ഈ പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ തുക ഏത് രീതിയിൽ വകയിരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

(സി&ഡി) ഇല്ല. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## റോഡ് നിർമ്മാണത്തിന് നൂതന സാങ്കേതികവിദ്യ

48 (797) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് നിർമ്മാണത്തിന് നൂതന സാങ്കേതികവിദ്യകളും കാലാവസ്ഥ പ്രതിരോധ സാങ്കേതികവിദ്യകളും സ്വീകരിക്കുമെന്ന് പ്രഖ്യാപിക്കുമ്പോഴും മഴയിലും കടൽക്ഷോഭത്തിലും സംസ്ഥാനത്തെ റോഡുകൾ തകർന്ന് ഉപയോഗശൂന്യമാകുന്ന സ്ഥിതിവിശേഷമുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന കാലവർഷം കണക്കിലെടുത്ത് കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കുന്ന രീതിയിലുള്ള റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം നിലവിലുള്ള എല്ലാ റോഡുകളും പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി സ്വീകരിച്ചുവരുന്നു. അതിവർഷംമൂലമുണ്ടാകുന്ന കനത്ത വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് വെള്ളം ഒഴുക്കിവിടേണ്ട സംവിധാനം ലഭ്യമല്ലാത്ത അവസ്ഥയും റോഡുകളുടെ നാശത്തിന് കാരണമാകുന്നു. കൂടാതെ കടൽഭിത്തിയുടെ തകർച്ചയും കടൽക്ഷോഭവുംമൂലം റോഡുകൾ ഒലിച്ചുപോകുന്നുണ്ട്. ഇത് തടയുന്നതിനായി കടലാക്രമണം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എല്ലാ വർഷവും അറ്റകുറ്റപ്പണികൾ നടത്തിയശേഷവും കാലവർഷത്തിൽ സാരമായ കേടുപാടുകൾ സംഭവിക്കുന്ന റോഡുകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഇതിന്റെ കാരണം കണ്ടെത്തി നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

കാലവർഷത്തിൽ സാരമായ കേടുപാടുകൾ സംഭവിക്കുന്ന റോഡുകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. കേടുപാടുകൾ ഒഴിവാക്കുന്നതിനായി നൂതന സാങ്കേതികവിദ്യകൾ ഉൾക്കൊള്ളിച്ച് റോഡുകൾ പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാലവർഷത്തിനുമുൻപേ റോഡുകളിലെ കുഴികൾ അടയ്ക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കാലവർഷത്തിനുമുൻപേ റോഡിലെ കുഴികൾ അടയ്ക്കുന്നതിനും ഓടകൾ, കലുങ്കുകൾ എന്നിവ വൃത്തിയാക്കുന്നതിനും ആവശ്യമായ പ്രീ-മൺസൂൺ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മഞ്ചേരി-നെല്ലിപ്പറമ്പ് റോഡ് നവീകരണം

49 (798) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മഞ്ചേരി ടൗണിലെ നിലമ്പൂർ റോഡിലുള്ള ഗതാഗതക്കുരുക്ക് പരിഹരിക്കുവാനും ടൗൺ മുതൽ നെല്ലിപ്പറമ്പ് വരെയുള്ള റോഡ് വീതികൂട്ടി നവീകരിക്കുവാനും അടിയന്തര നടപടി സ്വീകരിക്കുമോ?

മഞ്ചേരി ടൗണിൽ ജസീല ജംഗ്ഷൻ മുതൽ നെല്ലിപ്പറമ്പ് വരെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിനായി DFIP നാടുകാണി പരപ്പനങ്ങാടി റോഡ് പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുണ്ട്. മഞ്ചേരി സെൻട്രൽ ജംഗ്ഷൻ മുതൽ ജസീല

ജംഗ്ഷൻവരെ വീതി കൂട്ടുന്നതിനും ബി.എം & ബി.സി. ചെയ്യുന്നതിനും 2021-22 ബഡ്ജറ്റിൽ 100-രൂപ ടോക്കൺ പ്രൊവിഷനുണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

## കോരങ്കടവ് പാലത്തിന് അപ്രോച്ച് റോഡ് നിർമ്മാണം

50 (799) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് - പിറവം മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോരൻ കടവ് പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

കുന്നത്തുനാട്-പിറവം മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോരങ്കടവ് പാലത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) അപ്രോച്ച് റോഡ് നിർമ്മാണം വൈകുന്നതിന്റെ കാരണം അറിയിക്കുമോ;

(സി) അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കുന്നത്തുനാട് മണ്ഡലത്തിൽ ആവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള കുന്നത്ത് നാട് മണ്ഡലത്തിലെ സ്ഥലമേറ്റെടുപ്പ് നടപടി വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി-ഡി) ഈ പാലത്തിന് ഐക്കരനാട് സൗത്ത് വില്ലേജിൽനിന്നും രാമമംഗലം വില്ലേജിൽനിന്നും ഏകദേശം 68 സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി 80,69,192 രൂപ റവന്യൂ വകുപ്പിന് കൈമാറി യിട്ടുള്ളതാണ്. നിലവിൽ രാമമംഗലം ഭാഗത്തെ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഐക്കരനാട് സൗത്ത് വില്ലേജിലെ 12 ഭൂവുടമകളിൽ 9 ഭൂവുടമകളുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി സ്ഥലം പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടുണ്ട്. തണ്ണീർത്തടത്തിൽ ഉൾപ്പെട്ടുവരുന്ന സ്ഥലങ്ങൾ കൃഷി വകുപ്പിന്റെ അനുമതി ലഭിച്ചതിനുശേഷം മാത്രമേ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ പാലത്തിന്റെ അപ്രോച്ച്

റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കല്ലിട്ട് അതിർത്തി നിർണ്ണയിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഉൾപ്പെട്ടുവരുന്ന ഐക്കരനാട് സൗത്ത് വില്ലേജിലെ സർവ്വേ നമ്പർ 309/30-ൽപ്പെട്ട വസ്തു ഏറ്റെടുക്കുന്നതിന് 12-5-2021-ലെ G.O(Rt)No. 1651/2021/ RD പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതിന്മേൽ ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം സമർപ്പിച്ച് സ്ഥലം ഏറ്റെടുക്കൽ പ്രക്രിയ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ മാത്രമേ കുറുകപ്പള്ളി ഭാഗത്ത് അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ രാമമംഗലം ഭാഗത്തെ വെൽ ഫൗണ്ടേഷൻ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അത് പൂർത്തിയായാൽ മാത്രമേ രാമമംഗലം ഭാഗത്തെ അപ്രോച്ച് റോഡിന്റെ നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

## കക്കയം ഡാം സൈറ്റ് റോഡ് നവീകരണം

51 (800) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം ഡാം സൈറ്റിലേയ്ക്ക് എത്തിച്ചേരാനുള്ള പ്രധാന റോഡായ എകരൂൽ കക്കയം ഡാം സൈറ്റ് റോഡിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കക്കയം ഡാം സൈറ്റ് റോഡ് നവീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പ്രസ്തുത റോഡ് 31/700 കിലോമീറ്ററാണുള്ളത്. താഴെപ്പറയുന്ന പ്രവൃത്തികൾ പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തിക്കുവേണ്ടി ഉൾപ്പെടുത്തിയിട്ടുണ്ട്.

1. കി.മീ 0/000 മുതൽ 6/400 വരെയുള്ള ഭാഗത്തിന്റെ നവീകരണ പ്രവൃത്തിക്ക് 10 കോടി രൂപയുടെ അടങ്കൽ തുകയോടുകൂടി 2 കോടി രൂപ 2021-22 വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2. കി.മീ 6/400 മുതൽ 13/400 വരെയുള്ള ഭാഗത്തിന്റെ നവീകരണ പ്രവൃത്തിക്കുവേണ്ടി മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. പ്രളയത്തിൽ തകർന്ന ഭാഗങ്ങളിൽ പാർശ്വഭിത്തി നിർമ്മിക്കാൻ വേണ്ടി കി.മീ 27/800, 28/800, 29/500 എന്നിവിടങ്ങളിൽ 1 കോടി, 80 ലക്ഷം, 50 ലക്ഷം രൂപ ക്രമത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

4. കി.മീ 21/600-ൽ പ്രളയത്തിൽ തകർന്നുപോയ കലുങ്കിന്റെ പുനർനിർമ്മാണത്തിനായി ഒരു കോടിരൂപയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

(സി) റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ എകരൂൽ കക്കയം ഡാം സൈറ്റ് റോഡ് പരിഗണിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത റോഡിന്റെ കി.മീ 19/000 മുതൽ 31/700 വരെ റീബീൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്താൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിക്കുകയുണ്ടായില്ല.

## കയപ്പനച്ചി - കുന്നംചിറ -ചുണ്ടയിൽ - പുതിയങ്ങാടി റോഡിന്റെ പേരിലുള്ള ഭേദഗതി

52 (801) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കിഫ്ബി മുഖേന പ്രഖ്യപിക്കപ്പെട്ട കായപ്പനച്ചി-കുന്നംചിറ-ചുണ്ടയിൽ-പുതിയങ്ങാടി റോഡിന്റെ പേരിലുള്ള ഭേദഗതി വരുത്തുവാൻ നാളിതുവരെ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

കായപ്പനച്ചി-കുന്നംചിറ-ചൂണ്ടയിൽ-പുതിയങ്ങാടി റോഡിന്റെ പേരിൽ ഭേദഗതി വരുത്തി കായപ്പനച്ചി കുന്നംചിറ മീശമുക്ക് പുതിയങ്ങാടി (എടച്ചേരി) എന്നാക്കി മാറ്റുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) മേൽ പ്രവൃത്തിയുടെ തൽസ്ഥിതി വിശദമാക്കാമോ?

പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2018-ൽ ഇൻവെസ്റ്റിഗേഷൻ സർവ്വേ ആരംഭിച്ചെങ്കിലും ചൂണ്ടയിൽ മുതൽ പുതിയങ്ങാടി വരെയുള്ള ഭാഗത്ത് പുനരുദ്ധാരണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കാത്തതിനാൽ ഇൻവെസ്റ്റിഗേഷൻ സർവ്വേ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.

(സി) പ്രവൃത്തിയുടെ പേരിൽ ചുണ്ടയിൽ ഭാഗം ഒഴിവാക്കി പുതിയങ്ങാടിയുടെ 150 മീറ്റർ അകലെ ഉള്ളതായ ഏടച്ചേരി എന്നാക്കിയുള്ള ഭേദഗതി വരുത്തുവാൻ ഉടൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ് .

## കണിയാമ്പുഴ റോഡ്

53 (802) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെ വൈറ്റില മൊബിലിറ്റി ഹബ്ബിന് മുൻപിലൂടെ തൃപ്പൂണിത്തുറ നഗരത്തിലെ ഏരൂരുമായി ബന്ധിപ്പിക്കുന്ന കണിയാമ്പുഴ റോഡ്, സീപോർട്ട് എയർപോർട്ട് റോഡിൽനിന്നും വളരെ എളുപ്പം വൈറ്റിലയിൽ എത്തിച്ചേരാവുന്ന റോഡാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റോഡ് വീതി കൂട്ടി ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് കിറ്റ്കോ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഇല്ല.

(സി) നഗരത്തിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുവാനുള്ള റോഡ് എന്ന നിലയിൽ ഭൂമി ഏറ്റെടുത്ത് പ്രസ്തുത റോഡിന്റെ വീതി കൂട്ടി നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

റോഡ് പുനരുദ്ധാരണത്തിനായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കൽ കൂടി ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## മരാമത്ത് പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി

54 (803) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്തു പണികളിൽ പരമ്പരാഗത നിർമ്മാണരീതികളിൽനിന്ന് വ്യതിചലിച്ച് പ്രകൃതി സൗഹൃദവും നവീന സാങ്കേതികവിദ്യയും ഉൾപ്പെടുത്തിയുള്ള നിർമ്മാണരീതികൾ നടപ്പിലാക്കിയ കഴിഞ്ഞ സർക്കാരിന്റെ വികസന കാഴ്ചപ്പാട് പിന്തുടരുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാർ പ്രകൃതി സൗഹൃദവും നവീന സാങ്കേതിക വിദ്യയുമായ ഡിസൈൻ ഉൾപ്പെടുത്തി അവലംബിച്ച 'പുതിയ കാലം പുതിയ നിർമ്മാണം' എന്ന ആശയത്തിന്റെ തുടർച്ചയായി കെട്ടിടങ്ങൾ 'സ്റ്റീൽ സ്ട്രക്ച്ചർ' ആയും പാലങ്ങൾ 'പ്രീകാസ്റ്റ്' സാങ്കേതികവിദ്യയും 6 നിരത്തുകളിൽ വൈറ്റ് ടോപ്പിംഗ് സാങ്കേതികവിദ്യയും ബി.എം & ബി.സി.-യും ഉപയോഗിച്ച് ഡിസൈൻ ചെയ്യുന്നതിനും പ്രവൃത്തികൾ നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) കനത്ത മഴയിലും പ്രകൃതിക്ഷോഭത്തിലും തകരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്?

കനത്ത മഴയിലും പ്രകൃതിക്ഷോഭത്തിലും തകരുന്ന റോഡുകൾ അടിയന്തരമായി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഫീൽഡ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഇവയുടെ പുനർനിർമ്മാണ പ്രവൃത്തികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാതകളിലുണ്ടാകുന്ന നാശനഷ്ടം കേന്ദ്ര സർക്കാരിനെ യഥാസമയം അറിയിക്കുകയും ordinary repair-ലും Flood Damage repair-ലും ലഭിക്കുന്ന തുക ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ യഥാസമയം നടപ്പിലാക്കാറുണ്ട്.

(സി) നബാർഡ് ധനസഹായത്തോടെയും കിഫ്ബി വഴിയും റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തിയും നടന്നുവരുന്ന റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ കാലതാമസം കൂടാതെ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനുവേണ്ടി പ്രവൃത്തികൾ അടിയന്തരമായി ക്രമീകരിക്കുകയും അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ, സമയപരിധി എന്നിവ പ്രകാരം പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്യുന്നു. നടന്നുവരുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി, അവലോകന യോഗം നടത്തി പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

## കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പി.എച്ച്. സെന്റർ-മുക്കില പീഠിക റോഡ്

55 (804) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പി.എച്ച്. സെന്റർ-മുക്കിലപീഠിക റോഡിന് സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

(എ&ബി) പ്രസ്തുത പ്രവൃത്തിയുടെ ചെയിനേജ് മാറ്റമുള്ളതിനാൽ നോമൺ ക്ലേച്ചർ മാറ്റുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(സി) പി.എച്ച്. സെന്റർ - മുക്കിലപീഠിക റോഡിന്റെ രണ്ടാം റീച്ചിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; സെക്കന്റ് റീച്ച് പ്രവൃത്തി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ആയത് സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## കുറ്റ്യാടി ബൈപ്പാസ് നിർമ്മാണം

56 (805) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ടൗണിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട കുറ്റ്യാടി ബൈപ്പാസ് പ്രവൃത്തിക്ക് ഇതിനകം എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

37.96 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ?

അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന ജോലി നടന്നുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(ഡി) പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(സി & ഡി) അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന ജോലി ഏതാനും ഉടമകൾ തടസ്സപ്പെടുത്തുകയുണ്ടായി. കൂടാതെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ടി നടപടിക്കെതിരെ മൂന്ന് ഭൂവുടമകൾ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുമുണ്ട്. ടി പ്രശ്നം പരിഹരിക്കുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിന് അപ്രോച്ച്റോഡ് നിർമ്മാണം**

57 (806) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പുതുക്കിയ ഭരണാനുമതി ലഭ്യമായ ശേഷം പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള (ആർ.ബി.ഡി.സി.കെ.) സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

(എ&ബി) മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി 1-10-2020-ലെ സ.ഉ. (സാധാ) നമ്പർ 800/2020/പൊ.മ.വ. പ്രകാരം 19.16 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് എറണാകുളം ജില്ലയിലെ മുളന്തുരുത്തി റെയിൽവേ മേൽപ്പാലവും കോട്ടയം ജില്ലയിലെ കാരിത്താസ് റെയിൽവേ മേൽപ്പാല നിർമ്മാണവും ഉൾപ്പെടുത്തി 22-12-2020-ൽ 25,31,90,737 രൂപയ്ക്ക് ടെണ്ടർ ചെയ്യുകയും ഏറ്റവും കുറഞ്ഞ വാഗ്ദാനം ചെയ്ത തുക (Rs.37,74,84,552) എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ കൂടുതൽ ആയതിനാൽ, കരാറുകാരനുമായി നെഗോസിയേഷൻ നടത്തുകയും തുക 34,25,86,622 രൂപയായി കുറയ്ക്കുകയും ചെയ്തു. ഈ തുക എസ്റ്റിമേറ്റ് തുകയേക്കാൾ 35.20% കൂടുതലും LMR (ലോക്കൽ മാർക്കറ്റ് റേറ്റ്) തുകയേക്കാൾ 18.41% കൂടുതലുമായതിനാൽ ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം സർക്കാരിന്റെ പരിശോധനയിലാണ്.

**കൊല്ലം ജില്ലയിലെ ദേശീയപാത വികസനം**

58 (807) <u>ശ്രീ. എം. നൗഷാദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ?

കൊല്ലം ജില്ലയിലെ ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര ഉപരിതല ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും അംഗീകാരം ലഭിച്ച് പുരോഗമിച്ചു കൊണ്ടിരിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ജില്ലയിലെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ചതും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതുമായ പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ; പദ്ധതി നിർവ്വഹണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

കൊല്ലം-തിരുമംഗലം ദേശീയപാതയിൽ (എൻ.എച്ച്-744) കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻവരെ 3 കി.മീ നാലുവരിപ്പാതയാക്കുന്നതിനും കുണ്ടറ പള്ളിമുക്ക് ജംഗ്ഷനിൽ ആർ.ഒ.ബി.-യും ഫ്ലൈഓവറും നിർമ്മിക്കുന്നതിനും 27-5-2020-ലെ സ.ഉ.(സാധാ)നമ്പർ 480/2020/പൊ.മ.വ. പ്രകാരം 447.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് വരെയുള്ള നാലുവരിപ്പാതയുടെ ഡ്രാഫ്റ്റ് അലൈൻമെന്റ് പൊതുമരാമത്ത് Project Preparation Unit തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു.

(സി) ജില്ലയിലെ ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കേന്ദ്രാനുമതി ലഭിക്കാനുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ദേശീയപാത 183-ൽ കൊല്ലം ഹൈസ്കൂൾ ജംഗ്ഷൻ (0/000) മുതൽ ആഞ്ഞിലിമൂട് (കി.മീ.62/100) വരെ Two Lane with paved shoulder ആക്കുന്നതിലേയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനായി 150.33 കോടി രൂപയുടെ എസ്റ്റിമേറ്റിനും ദേശീയപാത 183-എ-യിൽ ഭരണിക്കാവ് (0/000)മുതൽ മുണ്ടക്കയം വരെ (കി.മീ. 116/800) Two Lane with paved shoulder ആക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 911.80 കോടി രൂപയുടെ എസ്റ്റിമേറ്റിനും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽനിന്നും ഭരണാനുമതി ലഭിക്കേണ്ടതുണ്ട്.

(ഡി) എൻ.എച്ച് 744 കൊല്ലം-തിരുമംഗലം ദേശീയപാതയുടെ ചിന്നക്കട-കുണ്ടറ ഭാഗത്തിന്റെ വീതി കൂട്ടുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കൊല്ലം-തിരുമംഗലം ദേശീയപാതയിൽ (എൻ.എച്ച്-744) കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻവരെ 3 കി.മീ നാലുവരിപ്പാതയാക്കുന്നതിനും കുണ്ടറ പള്ളിമുക്ക് ജംഗ്ഷനിൽ ആർ.ഒ.ബി.-യും ഫ്ലൈഓവറും നിർമ്മിക്കുന്നതിനും

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

27-5-2020-ലെ സ.ഉ.(സാധാ)നമ്പർ 480/2020/പൊ.മ.വ. പ്രകാരം 447.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് വരെയുള്ള നാലുവരിപ്പാതയുടെ ഡ്രാഫ്റ്റ് അലൈൻമെന്റ് പൊതുമരാമത്ത് Project Preparation Unit തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു.

### തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നിർമ്മാണപ്രവൃത്തികൾ

59 (808) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ സംസ്ഥാന ബഡ്ജറ്റിൽ നൂറ് കോടി രൂപ അനുവദിച്ചിട്ടുള്ള പതിനാറുങ്ങൽ പൂക്കിപ്പറമ്പ് ബൈപ്പാസ് പ്രവൃത്തിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനും ഭരണാനുമതി ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10-7-2017-ലെ സർക്കാർ ഉത്തരവ് GO.(Rt)No. 942/2017/PWD പ്രകാരം 100 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ബൈപ്പാസ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കുമോ?

പ്രസ്തുത പ്രവൃത്തിക്കായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് അലൈൻമെന്റ് പ്ലാൻ തയ്യാറാക്കിവരുന്നു. നിർദ്ദിഷ്ട അലൈൻമെന്റിൽ പല ഭാഗത്തും ജനങ്ങൾ എതിർത്തതുമൂലം ബൗണ്ടറി സ്റ്റോൺ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

### വളക്കൈ - കൊയ്യം റോഡ്

60 (809) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ വളക്കൈ-കൊയ്യം റോഡ്, 2021-22 വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ കരുവഞ്ചാൽ പാലം എന്നിവയുടെ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലെത്തിയെന്ന് വെളിപ്പെടുത്താമോ?

വളക്കൈ-കൊയ്യം-വേളം-മയ്യിൽ റോഡ് പ്രവൃത്തിയുടെ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാർ നൽകിയ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പുതുക്കി സമർപ്പിക്കാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2021-22 ബഡ്ജറ്റിൽ കരുവഞ്ചാൽ പാലത്തിന് 600 ലക്ഷം രൂപയുടെ അടങ്കൽ തുകയ്ക്കായി 120 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. 2019-ലെ ഏറ്റവും ഉയർന്ന ജലനിരപ്പിനനുസരിച്ച് പൊതുമരാമത്ത് വകുപ്പ് രൂപകൽപ്പന വിഭാഗം പുതുക്കി നൽകുന്ന രൂപരേഖ ലഭ്യമാകുന്നതിനനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഇവയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഭരണാനുമതിയാകുന്നമുറയ്ക്ക് മറ്റ് നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

**ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള മലയോര ഹൈവേ**

61 (810) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എഫ്.ഐ. (ഡിസ്ട്രിക് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ) പദ്ധതിയിൽ ഉൾപ്പെടുത്തി ഉദ്ഘാടനം നിർവ്വഹിച്ച ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള മലയോര ഹൈവേയിൽ എസ്റ്റിമേറ്റ് പ്രകാരം ഇനി പ്രവൃത്തികളേതെങ്കിലും അവശേഷിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള അഡീഷണൽ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

(ബി) ഇതിൽ അവശേഷിക്കുന്ന പുറഞ്ഞാൺ മുതൽ പയ്യാവൂർ ടൗൺ വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി മലയോരഹൈവേ നിലവാരത്തിൽ നവീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

നിലവിൽ ഡി.എൽ.പി.-യിൽ ഉൾപ്പെടുത്തി (7 മീറ്റർ ക്യാരേജ് വേ ബി.എം. & ബി.സി. ചെയ്ത് നവീകരിച്ച) പുറഞ്ഞാൺ മുതൽ പയ്യാവൂർ ടൗൺ വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി മലയോര ഹൈവേ നിലവാരത്തിൽ നവീകരിക്കുവാനുള്ള നടപടികൾ പരിശോധിക്കുന്നതാണ്.

(സി) കഴിഞ്ഞ പ്രളയകാലത്ത് മലയോര ഹൈവേയിൽ മൂണ്ടാന്നൂർ തോണിക്കടവ് ഭാഗത്ത് മണ്ണിടിഞ്ഞ് റോഡ് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നവീകരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് പരിശോധനാ ഘട്ടത്തിലാണ്.

## വടകര - വില്യാപ്പള്ളി - ചേലക്കാട് റോഡ് നവീകരണം

62 (811) <u>ശ്രീ. കെ. പി. കുഞ്ഞഹമ്മദ് കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര - വില്യാപ്പള്ളി - ചേലക്കാട് റോഡ് നിർമ്മാണത്തിനായി എത്ര തുക ഇതിനകം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തിയ വടകര - വില്യാപ്പള്ളി - ചേലക്കാട് റോഡ് പ്രവൃത്തിക്ക് 58.29 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്.

(ബി) ഈ റോഡിന്റെ പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) നിലവിൽ ഈ പ്രവൃത്തി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്നും എന്താണ് തടസ്സമെന്നും വ്യക്തമാക്കുമോ ?

നിലവിൽ സൗജന്യമായി സ്ഥലം ഏറ്റെടുക്കുന്നതിനാണ് പ്രസ്തുത പ്രവൃത്തി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ വടകര ടൗൺ, വില്ല്യാപ്പള്ളി, തണ്ണീർപ്പന്തൽ എന്നിവിടങ്ങളിലെ വ്യാപാരസ്ഥാപനങ്ങൾ പൊളിച്ചുമാറ്റുകയും കുനിങ്ങാട് 90 ഡിഗ്രി വളവ് നിവർത്തുകയും ചെയ്യുന്നതിന് അധിക സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ആയതിനാൽ ജനപ്രതിനിധികളും നാട്ടുകാരുമായി ചർച്ച നടത്തി പ്രശ്നങ്ങൾ പരിഹരിക്കേണ്ടതുണ്ട്.

(ഡി) എന്നത്തേയ്ക്ക് ഈ റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

സ്ഥലം സൗജന്യമായി ഏറ്റെടുക്കുന്നത് പൂർത്തീകരിച്ച് സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ കഴിയും.

## വയനാട് ജില്ലയിലെ റോഡുകളുടെ നവീകരണം

63 (812) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി മുൻ സർക്കാർ വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് വെളിപ്പെടുത്താമോ?

പ്രോഗ്രസ്സ് റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) കൽപ്പറ്റ ബൈപ്പാസ് റോഡ് നവീകരണത്തിനും യാത്രാക്ലേശം പരിഹരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കൽപ്പറ്റ ബൈപ്പാസ് റോഡ് (കി.മീ. 0/000 മുതൽ 3/800 വരെ) - നിലവിൽ 7 മീറ്റർ വീതിയുള്ള റോഡ് നാലുവരിപ്പാതയാക്കുന്നതിനാണ് എസ്റ്റിമേറ്റ് വിഭാവനം ചെയ്യുന്നത്. 30 മീറ്റർ വീതിയിൽ വളരെ മുൻപ് സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. സംരക്ഷണഭിത്തി നിർമ്മാണവും കലുങ്കുകളുടെ വീതി കൂട്ടലും പുരോഗമിക്കുന്നു. വീതി കൂട്ടുന്നതിന് കിലോമീറ്റർ 3/000 മുതൽ 3/800 വരെയുള്ള ഭാഗത്തെ പാറ നീക്കം ചെയ്യേണ്ടതുണ്ട്. കൺട്രോൾഡ് ബ്ലാസ്റ്റിംഗ് നടത്തി പാറ നീക്കം ചെയ്യുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

(സി) നിലവിൽ നവീകരണ പ്രവൃത്തിയിലുള്ള വയനാട് ജില്ലയിലെ മുഴുവൻ റോഡുകളുടെയും പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ നടന്നുവരുന്ന റോഡ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## പിറവം മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ

64 (813) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.)-ന്റെ ഭാഗമായി പിറവം നിയോജകമണ്ഡലത്തിൽ അനുവദിച്ച റോഡ് പുനർനിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി രണ്ട് റോഡ് നിർമ്മാണ പ്രവൃത്തികളാണ് പിറവം മണ്ഡലത്തിൽ നടപ്പാക്കിവരുന്നത്. ആയവയുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു :

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|
| കുമരകം - നെടുമ്പാശ്ശേരി റോഡ് | 7-6-2021-ന് കരാർ ഉടമ്പടി ഒപ്പുവച്ചു. |
| ആരക്കുന്നം - ആമ്പല്ലൂർ റോഡ് | Bid Evaluation report ജർമ്മൻ ബാങ്കിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു.അംഗീകാരം ലഭിക്കുന്നമുറയ്ക്ക് സ്റ്റിയറിംഗ് കമ്മിറ്റിയുടെ അനുമതിയോടെ കരാർ ഒപ്പുവയ്ക്കുന്നതാണ്. |

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടികൾ കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## പൊതുമരാമത്ത് റോഡുകളുടെ കണക്ടിവിറ്റി

65 (814 ) ശ്രീ. ജോബ് മൈക്കിൾ:

ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകൾ തമ്മിലുള്ള കണക്ടിവിറ്റി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് റോഡുകൾ തമ്മിലുള്ള കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച് വിശദമായ രൂപരേഖ തയ്യാറാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പൊതുമരാമത്ത് റോഡുകൾ തമ്മിലുള്ള കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മരട് നഗരസഭയിലെ ചന്തപ്പാലത്തിന് വീതി കൂട്ടാൻ നടപടി

66 (815) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരട് നഗരസഭയിലെ പഴയ പി.ഡബ്ല്യു.ഡി. റോഡിലുള്ള ചന്തപ്പാലം പഴയ കാലത്തെ പരിമിതമായ ആവശ്യത്തിനുവേണ്ടി നിർമ്മിച്ച നാല് മീറ്റർ പാലമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വർദ്ധിച്ചുവരുന്ന വാഹനപെരുപ്പംമൂലം പാലത്തിൽ ഗതാഗതക്കുരുക്കുണ്ടാകുന്നതിനാൽ ഇവിടെ അടിയന്തരമായി ഏഴര മീറ്റർ വീതിയിൽ പാലം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

മരട് നഗരസഭയിലെ നെട്ടൂർ ചന്തപ്പാലം പുനർനിർമ്മാണത്തിനായി 2020-2021 ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുണ്ട്. പുതിയ പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി, ഡിസൈൻ തയ്യാറാക്കിവരുന്നു. ഡിസൈൻ ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നെട്ടൂർ - പനങ്ങാട് റോഡിൽ മാടവന മുതൽ നെട്ടൂർ വടക്കേ അറ്റം വരെയുള്ള പി.ഡബ്ല്യു.ഡി. റോഡ് പലഭാഗത്തും സ്വകാര്യ വ്യക്തികൾ കയ്യേറി നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ടി റോഡ് കയ്യേറി നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട്. ടി റോഡിൽ താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തിയതനുസരിച്ച് 14-ഉം 46-ഉം കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിരുന്നു.

(ഡി) ഈ സ്വകാര്യ കയ്യേറ്റങ്ങൾ ഒഴിവാക്കി റോഡിന് വീതി കൂട്ടാൻ നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഇത്തരത്തിലുള്ള കയ്യേറ്റം സംബന്ധിച്ച് ഏതെങ്കിലും കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കോടതി ഉത്തരവുകൾ നിലവിലുണ്ട്. കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകിയതനുസരിച്ച് (14 + 46 = 60) 60-ൽ 45 പേരെ ഒഴിപ്പിക്കുകയോ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവരിൽ 7 പേർ പ്രസ്തുത നോട്ടീസിനെതിരെ കോടതിയെ സമീപിച്ചിരിക്കുകയും 8 പേർ സാവകാശം ചോദിച്ചിരിക്കുകയുമാണ്. ലോക്ക്ഡൗൺ കഴിയുന്നതനുസരിച്ച് കോടതി ഉത്തരവുപ്രകാരം മേൽ കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുവാൻ കഴിയും.

(എഫ്) ഈ റോഡ് കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾക്കുപുറമെ ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

നിലവിൽ കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ കോടതി ഉത്തരവനുസരിച്ച് മാത്രമേ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ.

## ഇരിക്കൂർ മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

67 (816) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിച്ചിരിക്കുന്ന പാലങ്ങളുടെ പേര് വിവരം വെളിപ്പെടുത്താമോ?

1. അലക്സ് നഗർ - കാഞ്ഞിലേരി പാലം 2. ആലക്കോട് പാലം

(ബി) ഓരോ പാലത്തിന്റെയും പ്രവൃത്തി ഏത് ഘട്ടങ്ങളിലാണെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

അലക്സ് നഗർ-കാഞ്ഞിലേരി പാലം

ഈ പാലത്തിന്റെ രണ്ട് അബട്ട്മെന്റുകളുടേയും നാല് പിയറുകളുടേയും ഒരു പിയർ ക്യാപിന്റേയും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അഞ്ച് സ്പാനുകളിലെ ആദ്യത്തെ സ്പാനിന്റെ ഗർഡറിന്റെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്.

ആലക്കോട് പാലം

ആലക്കോട് പാലത്തിന്റെ ആകെയുള്ള രണ്ട് വെൽ ഫൗണ്ടേഷനുകളിൽ ഒരെണ്ണത്തിന്റെ പ്രവൃത്തി പൂർത്തിയായിവരുന്നു.

(സി) ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാത്ത പാലങ്ങളുണ്ടെങ്കിൽ അവയുടെ പേര് വിവരം അറിയിക്കാമോ?

1. അട്ടൂർക്കടവ് പാലം
2. നുച്ചിയാട് പുഴയ്ക്ക് കുറുകെയുള്ള പാലം - മലയോര ഹൈവേയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) എസ്റ്റിമേറ്റ് സമർപ്പിച്ചതും എന്നാൽ നിലവിൽ ഭരണാനുമതി നൽകാത്തതുമായ പാലങ്ങളേതെല്ലാമാണെന്നും അവയ്ക്ക് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ എന്നും വെളിപ്പെടുത്താമോ?

1. കരുവഞ്ചാൽ പാലം - (2021-2022) ബഡ്ജറ്റിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
2. വട്ട്യാംതോട് പാലം - എസ്റ്റിമേറ്റ് ഭരണാനുമതിക്കുള്ള നടപടി പുരോഗമിക്കുന്നു.

**ചമ്പക്കുളം-നെടുമുടി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോതറത്തോട് പാലം**

68 (817) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കുട്ടനാട് നിയോജകമണ്ഡലത്തിൽ ചമ്പക്കുളം-നെടുമുടി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കോതറത്തോട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥതലത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ തലത്തിൽ ഏതൊക്കെ തലങ്ങളിലാണ് കാലതാമസം നേരിട്ടതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന്റെ പ്രവൃത്തികൾ എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയും; സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

(എ-സി) കോതറത്തോട് പാലം നിർമ്മാണത്തിനുവേണ്ടി പൊതുമരാമത്ത് പാലം വിഭാഗം സർവ്വേയും മണ്ണുപരിശോധനയും നടത്തി ഡിസൈൻ പൂർത്തീകരിക്കുകയും അനുപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന്മേൽ 29-11-2019-ൽ 22.85 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. അതിനുശേഷം 14-8-2020-ൽ 124 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് ഉത്തരവ് നൽകുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്നതിനും 6(1) നോട്ടിഫിക്കേഷൻ ലഭിക്കുന്നതിനുംവേണ്ടിയുള്ള അപേക്ഷ ആലപ്പുഴ ജില്ലാ കളക്ടർ സ്വീകരിക്കുന്നുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായാലുടൻതന്നെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

**കിഫ്ബി പ്രവൃത്തികൾക്കുള്ള തടസ്സം**

69 (818) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കിഫ്ബി പ്രവൃത്തികളായ മുള്ളറവിള-ആയയിൽ പാലം, കന്നിപ്പുറം പാലം എന്നിവയുടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ ഇനി പൂർത്തീകരിക്കേണ്ട നടപടികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ആയയിൽ-മുള്ളറവിള പാലം നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ആയത് പൂർത്തീകരിക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനായി 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായ തിനുശേഷം സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കന്നിപ്പുറം പാലം നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ആയത് പൂർത്തീകരിക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയായ 5,08,26,880 രൂപ (അഞ്ച് കോടി എട്ട് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി എൺപത് രൂപ) കിഫ്ബിയിൽനിന്നും അനുവദിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനായി 18(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയായതിനുശേഷം നിർമ്മാണം ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ പാലം പുനർനിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര തുകയ്ക്കുള്ള ഡി.പി.ആർ. ആണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ?

കുളത്തൂർ പഞ്ചായത്തിലെ പൊഴിയൂർ പാലം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി പ്രാരംഭ പ്രവൃത്തിയായ മണ്ണ് പരിശോധന, Site Survey എന്നിവയ്ക്കുള്ള ഭരണാനുമതി നൽകി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### കുട്ടമ്പുഴ പഞ്ചായത്തിൽ ബ്ലാവനയിൽ പാലം നിർമ്മാണം

70 (819) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ ബ്ലാവനയിൽ പാലം പണിയുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച ഹൈക്കോടതി വിധിയിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

(എ&ബി) ബ്ലാവന കല്ലേലിമേട് എന്നിവ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് പുതിയ പാലം നിർമ്മിക്കുന്നതിന് കേന്ദ്ര വന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രാനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ മിനിസ്ട്രി ഓഫ് എൻവയോൺമെന്റ്

ആൻഡ് ഫോറസ്റ്റിന്റെ വെബ്സൈറ്റിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 9-11-2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5-12-2020 തീയതിയിൽ സമർപ്പിച്ചിരുന്നു. ബന്ധപ്പെട്ട അതോറിറ്റി പ്രസ്തുത അപേക്ഷ സൂക്ഷ്മപരിശോധന നടത്തുകയും ചില തിരുത്തലുകൾ ആവശ്യപ്പെടുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി പ്രസ്തുത അപേക്ഷ 5-2-2021 തീയതിയിൽ പുനഃസമർപ്പിച്ചു. തുടർന്ന് ചില അധികവിവരങ്ങൾ തേടി അപേക്ഷ വീണ്ടും മടക്കി അയച്ചിട്ടുണ്ട്. ആയതിന് മറുപടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത പാലം നിർമ്മാണത്തിനായി മണ്ണ് പരിശോധന നടത്തുന്നതിനുള്ള പ്രവൃത്തിക്കാവശ്യമായ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) നിരവധി ആദിവാസി കോളനികളും കർഷകരും വസിക്കുന്ന പ്രസ്തുത സ്ഥലത്തേയ്ക്ക് നിലവിൽ കടത്ത് കടന്ന് മാത്രമേ പോകുവാൻ കഴിയൂ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്ര വന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രാനുമതി ലഭ്യമായാൽ മാത്രമേ പുതിയ പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രദേശവാസികളുടെ ചിരകാല ആഗ്രഹവും അവർക്ക് ആശ്രയവുമായി മാറുന്ന പ്രസ്തുത പാലം നിർമ്മാണം സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി വേഗത്തിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

കേന്ദ്ര വന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രാനുമതി ലഭ്യമായാൽ മാത്രമേ പുതിയ പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുമ്മല്ലൂർ - പള്ളിക്കമണ്ണടി പാലങ്ങൾ

71 (820) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ല്യൂ.ഡി. റോഡ്സ് & ബ്രിഡ്ജസ് വിഭാഗത്തിന്റെ നിർമ്മാണച്ചുമതലയിൽപ്പെട്ടതും കിഫ്ബി 15.70 കോടി രൂപയുടെ പുതുക്കിയ തത്ത്വത്തിൽ ഭരണാനുമതി നൽകി [6-11-2020-ലെ നമ്പർ 924/2020/പൊ.മ.വ. (ഡി)] ഉത്തരവായിട്ടുള്ളതുമായ ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ കുമ്മല്ലൂർ-പള്ളിക്കമണ്ണടി പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ?

കുമ്മല്ലൂർ പാലം

കുമ്മല്ലൂർ പാലത്തിന്റെ രൂപകല്പന തീർച്ചപ്പെടുത്തുന്നതിന് ഫീസിബിലിറ്റി പരിശോധിക്കുന്നതിന് അഡീഷണൽ ഇൻവെസ്റ്റിഗേഷനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പള്ളിക്കാമണ്ണടി പാലം

പള്ളിക്കാമണ്ണടി പാലത്തിന്റെ രൂപകൽപ്പന ആയിട്ടുണ്ട്. ഇത്തിക്കര റോഡിലേയ്ക്ക് ചേരുന്ന പാലത്തിന്റെ അപ്രോച്ച് റോഡ് നിലവിലുള്ള വയലിന്റെ വശത്തു കൂടിയാണ് കടന്നുപോകുന്നത്. ആയതിനാൽ റോഡ്, സംരക്ഷണഭിത്തി, കൾവർട്ട് എന്നിവയുടെ ഡിസൈൻ ആവശ്യത്തിലേയ്ക്കായും കൂടുതൽ വിവരങ്ങൾ ലഭ്യമാകുന്നതിനുംവേണ്ടി ടി ഭാഗങ്ങളിൽ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ വർക്ക് ചെയ്യുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

## ചേർപ്പുങ്കൽ പാലം നിർമ്മാണം

72 (821) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പുങ്കൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിപ്പോകാനിടയായ സാങ്കേതിക പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ചേർപ്പുങ്കൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടത് പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ അംഗീകരിച്ചശേഷം സ്പാനിന്റെ ക്വാണ്ടിറ്റി നിർണ്ണയിച്ചതിലെ അപാകത പരിഹരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്ത് മാർഗ്ഗനിർദ്ദേശമാണ് നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

സ്പാനിന്റെ ക്വാണ്ടിറ്റി പരിഷ്കരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി 4-1-2021, 22-01-2021 എന്നീ തീയതികളിൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ എഗ്രീഡ് അളവുകളേക്കാൾ 25 ശതമാനം അധികരിച്ച ഇനങ്ങൾക്ക് കരാറുകാരന്റെ ക്വാട്ടഡ് നിരക്ക് (എഗ്രീഡ് നിരക്ക്) ലോക്കൽ മാർക്കറ്റ് നിരക്കിനേക്കാൾ അധികമായതിനാൽ കരാറുകാരന്റെ അപേക്ഷ നിരസിക്കുകയുണ്ടായി.

(സി) ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട കോടതി ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ ഉത്തരവിൻ പ്രകാരമുള്ള നിർദ്ദേശങ്ങളും പരിശോധനകളും സർക്കാർ നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഈ പ്രവൃത്തിയുടെ കരാറുകാരൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No. 8492/2021(M) നമ്പർ ഹർജിയിലെ വിധിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരനെ 15-6-2021 തീയതി നേരിട്ട് കേൾക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**കുഞ്ഞിത്തോട്ടം പാലം പ്രവൃത്തിയുടെ ഭരണാനുമതി**

73 (822) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ കുഞ്ഞിത്തോട്ടം പാലം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) മേൽ പ്രവൃത്തിക്ക് ഭരണാനുമതി നൽകാനാവശ്യമായ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) 2-3-2021-ലെ സ.ഉ(സാധാ)നമ്പർ 1972/21/ധന ഭേദഗതി ഉത്തരവുപ്രകാരം കുഞ്ഞിത്തോട്ടം പാലം എന്ന പദ്ധതിക്ക് 20% പ്രൊവിഷൻ വകയിരുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**വെഞ്ഞാറമൂട് മേൽപ്പാലം പദ്ധതി**

74 (823) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിലെ വെഞ്ഞാറമൂട് ജംഗ്ഷനിലെ ഗതാഗതം സുഗമമാക്കുന്നതിനായി അനുവദിച്ച 'വെഞ്ഞാറമൂട് മേൽപ്പാലം' പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വെഞ്ഞാറമൂട് മേൽപ്പാലം പദ്ധതി രണ്ടുതവണ ടെണ്ടർ ചെയ്തു. കരാറുകാരൻ ക്വാട്ട് ചെയ്ത തുക ടെണ്ടർ കമ്മിറ്റിക്ക് അംഗീകരിക്കാവുന്ന തുകയേക്കാൾ കൂടുതലായതിനാൽ സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ടി പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചശേഷം റിവൈസ് ചെയ്ത്, റീ ടെണ്ടർ ചെയ്ത് പ്രൊപ്പോസൽ സമർപ്പിക്കാൻ പ്രോജക്ട് ഡയറക്ടർ, കേരള റോഡ് ഫണ്ട് ബോർഡിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും പുതിയ പ്രൊപ്പോസൽ ലഭിച്ചിരുന്നില്ല. സ്ഥലത്തിന്റെ നിലവിലെ സ്ഥിതിയനുസരിച്ചും കിഫ്ബിയുടെ നിലവിലെ മാനദണ്ഡങ്ങൾ പ്രകാരവും മേൽപ്പാലം പ്രവൃത്തി പുതുക്കി ഡിസൈൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പെരുമ്പ പുതിയ പാലത്തിന്റെ എസ്റ്റിമേറ്റ്

75 (824) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ പുതിയ ബസ്സ്റ്റാന്റിനെയും നാഷണൽ ഹൈവേയേയും ബന്ധിപ്പിക്കുന്ന പെരുമ്പ പുതിയ പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. പെരുമ്പ പുതിയ പാലത്തിനായുള്ള 80 കോടി രൂപയുടെ എസ്റ്റിമേറ്റ് കിഫ്ബിയിൽ ഉൾപ്പെടുത്തിയെങ്കിലും ഭരണാനുമതി നൽകിയിട്ടില്ല.

(സി) മേൽ പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ഭരണാനുമതിക്കുള്ള പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

## മുക്കത്ത് കടവിലെ നടപ്പാലം നിർമ്മാണം

76 (825) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ മുക്കത്ത് കടവിൽ നടപ്പാലം നിർമ്മിക്കുന്നതിന് ലഭ്യമാക്കിയ ഭരണാനുമതി തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

കുന്ദമംഗലം മണ്ഡലത്തിലെ മുക്കത്ത് കടവ് നടപ്പാലം നിർമ്മിക്കുന്നതിന് 63 ലക്ഷം രൂപയ്ക്ക് 24-8-2019-ലെ സ.ഉ.(സാധാ) നമ്പർ 1044/2019/PWD നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പാലം നിർമ്മാണത്തിന്റെ കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ?

(ബി & സി)പാലത്തിന്റെ അപ്രോച്ച് റോഡിന് പഴയ അലൈൻമെന്റ് പ്രകാരം സ്ഥലം ലഭ്യമാകാത്തതിനാൽ അലൈൻമെന്റിൽ മാറ്റം വരുത്തുകയും അതനുസരിച്ച് പുതുക്കിയ അലൈൻമെന്റിൽ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അഡീഷണൽ ഇൻവെസ്റ്റിഗേഷൻ ടെണ്ടർ നടപടി പുരോഗമിക്കുന്നു.

## മാനന്തവാടി മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

77 (826) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്നതും ധനകാര്യ വകുപ്പ് ബജറ്റിൽ അനുമതി നൽകിയിട്ടുള്ളതുമായ പാലങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മാനന്തവാടി നിയോജകമണ്ഡലത്തിൽ മുൻ വർഷങ്ങളിലെ ബഡ്ജറ്റിൽ അനുമതി നൽകി നിർമ്മാണം നടന്ന് വരുന്ന പാലങ്ങൾ

1. പുലിക്കാട്ട് കടവ് പാലം - 1263 ലക്ഷം

2. പൊള്ളമ്പാറ പാലം അപ്രോച്ച് റോഡ് പുനർനിർമ്മാണം - 240 ലക്ഷം

(ബി) മാനന്തവാടി വള്ളിയൂർക്കാവ് പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

മാനന്തവാടി വള്ളിയൂർക്കാവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചു.

## ആലപ്പാട്-വെള്ളനാതുരത്ത്-പദ്മനാഭൻ ജെട്ടി പാലം

78 (827) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ആലപ്പാട്-വെള്ളനാതുരത്ത്-പദ്മനാഭൻ ജെട്ടി പാലത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ബി) ടി പ്രദേശത്തെ ജനങ്ങളുടെ ദീർഘകാലത്തെ ആവശ്യമായിരുന്ന പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പ്രസ്തുത പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ ഏകദേശം 20 കോടി രൂപ ആവശ്യമായിവരും. സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ തയ്യാറാക്കി, ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## വെങ്ങര റെയിൽവെ ഓവർ ബ്രിഡ്ജ്

79 (828) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയുടെ അംഗീകാരം ലഭിച്ച കണ്ണൂർ ജില്ലയിലെ വെങ്ങര റെയിൽവേ ഓവർ ബ്രിഡ്ജ് പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ?

പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും റെയിൽവേ ലൈനിന് മുകളിൽ വരുന്ന ഭാഗത്തിന്റെ അലൈൻമെന്റ് റെയിൽവേ അംഗീകരിച്ച് നൽകിയാൽ മാത്രമേ പ്രവൃത്തി തുടങ്ങാനാവശ്യമായ പൂർണ്ണ ഡിസൈൻ ഡ്രായിംഗ് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ നിന്നും ലഭ്യമാവുകയുള്ളൂ. ഇത് ലഭ്യമായാൽ മാത്രമേ പ്രവൃത്തി തുടങ്ങാൻ സാധിക്കുകയുള്ളൂ.

## തൃപ്പൂണിത്തുറ നഗരവും കൊച്ചി നഗരസഭയുമായി ബന്ധിപ്പിക്കുന്ന ഇരുമ്പുപാലം

80 (829) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നഗരത്തെ കൊച്ചി നഗരസഭയുമായി ബന്ധിപ്പിക്കുന്ന ഇരുമ്പുപാലം അടച്ചിട്ട് രണ്ട് വർഷമായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പാലം അറ്റകുറ്റപ്പണികൾ ചെയ്ത് സഞ്ചാര യോഗ്യമാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; ഈ പാലം അറ്റകുറ്റപ്പണികൾ ചെയ്ത് സഞ്ചാരയോഗ്യമാക്കാൻ സാധിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

നടത്തിയിട്ടുണ്ട്. വർഷങ്ങൾ പഴക്കമുള്ള ഇരുമ്പുപാലത്തിന്റെ പല ഭാഗങ്ങൾക്കും കാലപ്പഴക്കംമൂലം സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പാലത്തിന്റെ ജോയിന്റുകളും സ്റ്റീൽബീമുകളും മറ്റുഭാഗങ്ങളും അപകടകരമാംവിധം തുരുമ്പെടുക്കുകയും വിള്ളൽ വീഴുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ ഫൗണ്ടേഷന് ചരിവ് സംഭവിക്കുകയും തന്മൂലം പാലത്തിന്റെ ഘടനയിൽ മാറ്റം വരികയും ചെയ്തിട്ടുണ്ട്. കൂടാതെ പാലത്തിന്റെ നടപ്പാതയിൽ സ്റ്റീൽ പ്ലേറ്റുകൾ തുരുമ്പെടുത്ത് ദ്രവിച്ച നിലയിലുമാണ്. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ 2018-ൽ പാലം പരിശോധിക്കുകയും പാലത്തിൽ കൂടി ഇരുചക്രം ഒഴികെയുള്ള വാഹന ഗതാഗതം നിരോധിക്കുവാൻ ഉത്തരവ് നൽകുകയും ചെയ്തു. തുടർന്ന് പാലത്തിന്റെ അപകടാവസ്ഥ എറണാകുളം പാലം വിഭാഗം ജില്ലാ ഭരണ കൂടത്തിന് റിപ്പോർട്ട് ചെയ്യുകയും, ജില്ലാ കളക്ടറുടെ

അനുമതിയോടുകൂടി 4-3-2019 മുതൽ പാലത്തിൽ കൂടിയുള്ള ഇരുചക്രം ഒഴികെയുള്ള വാഹന ഗതാഗതം നിരോധിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ പാലം സാധാരണ രീതിയിൽ ചെറിയ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതത്തിന് തുറന്ന് കൊടുക്കാൻ സാധിക്കുന്നതല്ല.

(സി) ഇല്ലെങ്കിൽ ഇവിടെ പുതിയ പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയ പാലത്തിന്റെ നിർമ്മാണത്തിന് ആവശ്യമായി വരുന്ന ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉണ്ട്. പ്രസ്തുത പാലം പുനർ നിർമ്മിക്കുന്നതിനായി 29 കോടി രൂപയുടെ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**തിരൂർ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം**

81 (830) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ താഴെപ്പാലം പാരലൽ ബ്രിഡ്ജിന്റെ പ്രവൃത്തി 2017 മാർച്ചിൽ പൂർത്തീകരിച്ചുവെങ്കിലും അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാകാത്തതുമൂലം പാലം ഗതാഗതയോഗ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത അപ്രോച്ച് റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കി ഉടനെ ഗതാഗത യോഗ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും എപ്പോൾ പണി പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ?

നിലവിലുള്ള കരാറുകാരനെ റിസ്ക് & കോസ്റ്റിൽ നിയമാനുസൃതം ഒഴിവാക്കി, ബാലൻസ് എസ്റ്റിമേറ്റ് സമർപ്പിച്ച്, അനുമതി ലഭ്യമാക്കി, ടെണ്ടർ നടപടികൾ പൂർത്തീകരിച്ച്, സമീപ റോഡിന്റെ പണി പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുക്കുന്നതിന് ആറ് മാസത്തോളം സമയംവേണ്ടി വരുമെന്ന് കണക്കാക്കുന്നു.

(സി) തിരൂർ ടൗണിൽ റെയിൽവേ ഓവർബ്രിഡ്ജ് (ആർ.ഒ.ബി.) നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമായിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ആർ.ഒ.ബി.-ക്ക് അനുമതി നൽകി പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

തിരൂർ ടൗണിൽ തിരൂർ-മലപ്പുറം സംസ്ഥാനപാതയിൽ നിലവിലുള്ള റെയിൽവേ ഓവർ ബ്രിഡ്ജിന് സമാന്തരമായി നിർമ്മിച്ച ROB-യുടെ റെയിൽവേ ലൈനിന് മുകളിലുള്ള ഭാഗം 2018-ൽ ഇന്ത്യൻ റെയിൽവേയുടെ ഫണ്ടും കേരള സംസ്ഥാന ഫണ്ടും ഉപയോഗിച്ച് പൂർത്തീകരിച്ചു. തുടർന്ന് ഇതിന്റെ അപ്രോച്ച്

റോഡ് നിർമ്മാണത്തിന് 2018-19, 2019-20, 2020-21 വർഷങ്ങളിൽ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. എന്നാൽ മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞിരുന്നില്ല. നടപ്പുവർഷത്തെ ബഡ്ജറ്റിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മതിയായ ബഡ്ജറ്റ് വിഹിതം ഉള്ളതിനാൽ ഏകദേശം 3.3 കോടി രൂപ ആവശ്യമായ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

(ഡി) തിരൂർ പൊൻമുണ്ടം ആർ.ഒ.ബി.-യുടെ ഭരണാനുമതി നൽകുന്ന നടപടി ഏത് ഘട്ടത്തിലാണെന്നും ആർ.ഒ.ബി.-യുടെ പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും അറിയിക്കുമോ ?

തിരൂർ പൊന്മുണ്ടം ബൈപ്പാസിൽ വിഭാവനം ചെയ്ത പൊന്മുണ്ടം ROB-യുടെ റെയിൽവേ ലൈനിന് മുകളിലുള്ള ഭാഗം 2018-ൽ ഇന്ത്യൻ റെയിൽവേയുടെ ഫണ്ടും കേരള സംസ്ഥാന ഫണ്ടും ഉപയോഗിച്ച് പൂർത്തീകരിച്ചതാണ്. തുടർന്ന് ഇതിന്റെ അപ്രോച്ച് റോഡ് ലാൻഡ് സ്പാൻ മാതൃകയിൽ നിർമ്മിക്കുന്നതിന് 2018-19, 2019-20, 2020-21 വർഷങ്ങളിൽ മതിയായ ബഡ്ജറ്റ് വിഹിതം ഇല്ലാത്തതിനാൽ ഭരണാനുമതി നൽകാൻ കഴിഞ്ഞിരുന്നില്ല. 24 കോടി രൂപയുടെ പ്രസ്തുത പ്രൊപ്പോസൽ 2021-22-ലെ നബാർഡ് Tranche-XXVII-ൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

### മുളപ്പുറം കടവ് പാലം നിർമ്മാണം

82 (831) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മുളപ്പുറം കടവിൽ ചാലിയാറിന് കുറുകെ പാലം നിർമ്മിക്കുന്നതിന് ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ-സി) ഉണ്ട്. Investigation work for the construction of the Vellayikkode Mulappuram bridge across Chaliyar in Malappuram District എന്ന പദ്ധതി കരാർ ഏറ്റെടുത്ത്, 18-10-2012-ൽ എഗ്രിമെന്റ് വയ്ക്കുകയും 17-1-2013-ൽ ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ ബഡ്ജറ്റ് വിഹിതം ഇല്ലാതിരുന്നതിനാൽ പാലം നിർമ്മാണത്തിന്റെ ഭരണാനുമതിക്കായി തുടർനടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല.

## പുതുതായി നിർമ്മിച്ച പാലങ്ങൾ

83 (832) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16-ലെ സർക്കാരിന്റെ കാലയളവിൽ എത്ര പാലങ്ങൾ പുതുതായി നിർമ്മിച്ചു എന്ന വിവരം ലഭ്യമാക്കാമോ?

2011-16-ലെ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിൽ 20 പാലങ്ങളും പാലങ്ങൾ വിഭാഗത്തിനു കീഴിൽ 130 പാലങ്ങളും റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ കീഴിൽ 19 പാലങ്ങളും ഉൾപ്പെടെ ആകെ 169 പാലങ്ങൾ പുതുതായി നിർമ്മിച്ചിട്ടുണ്ട്.

(ബി) 2016-21-ലെ സർക്കാരിന്റെ കാലയളവിൽ എത്ര പാലങ്ങൾ പുതുതായി നിർമ്മിച്ചു എന്ന വിവരം ലഭ്യമാക്കാമോ?

2016-21-ലെ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിൽ 9 പാലങ്ങളും പാലങ്ങൾ വിഭാഗത്തിനു കീഴിൽ 128 പാലങ്ങളും റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിന്റെ കീഴിൽ 6 പാലങ്ങളും ഉൾപ്പെടെ ആകെ 143 പാലങ്ങൾ പുതുതായി നിർമ്മിച്ചിട്ടുണ്ട്.

## രാമന്തളി - രണ്ട് തെങ്ങ്- പാണ്ഡ്യാലക്കടവ്, അഴീത്തല പാലങ്ങളുടെ നിർമ്മാണം

84 (833) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിൽ തീരദേശ ഹൈവേയുടെ ഭാഗമായ രാമന്തളി - രണ്ട്തെങ്ങ്- പാണ്ഡ്യാലക്കടവ്, അഴീത്തല പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണോദ്ഘാടനം എന്ന് നടത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ മണ്ഡലത്തിൽ തീരദേശ ഹൈവേയുടെ ഭാഗമായ രണ്ട്തെങ്ങ്- പാണ്ഡ്യാലക്കടവ്, അഴീത്തല എന്നീ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനും ഡി.പി.ആർ.-ഉം തയ്യാറാക്കി ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കി ടെണ്ടർ നടത്തുന്നമുറയ്ക്ക് നിർമ്മാണോദ്ഘാടനം നടത്താൻ കഴിയും.

(ബി) പി.ഡബ്ല്യു.ഡി.-നാഷണൽ ഹൈവേ വിഭാഗം നേരത്തേതന്നെ ഇൻവെസ്റ്റിഗേഷൻ ഉൾപ്പെടെ പൂർത്തീകരിച്ചിട്ടും പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുവാൻ കാലതാമസം വരുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

വലിയപറമ്പ ഇടയിലക്കാട് പാലം റോഡ് ജംഗ്ഷൻ മുതൽ അഴീത്തല വരെ 17 കി.മീ. ദൂരത്തിൽ നിലവിലുള്ള അലൈൻമെന്റിൽനിന്നും മാറി കടലിനോട് ചേർന്ന് പുതിയ അലൈൻമെന്റ് പ്രൊപ്പോസൽ നിലവിലുണ്ട്. ആയതിന്റെ പരിശോധന പൂർത്തീകരിക്കേണ്ടതുണ്ട്. അതിനാലാണ് ഡി.പി.ആർ. തയ്യാറാക്കുന്നതിൽ കാലതാമസം നേരിട്ടത്.

## പാലം നിർമ്മാണം

85 (834) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി മണ്ഡലത്തിലെ എടപ്പറ്റയും തുവ്വൂർ പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന ഓലിപ്പുഴയ്ക്ക് കുറുകയുള്ള ചെറയക്കോട് പാലത്തിന്റെ നിർമ്മാണ നടപടികൾ എന്തായി എന്ന് അറിയിക്കാമോ?

മഞ്ചേരി മണ്ഡലത്തിലെ എടപ്പറ്റ, തുവ്വൂർ എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെറയക്കോട് പാലം നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തീകരിച്ചിരുന്നെങ്കിലും പ്രളയാനന്തരം പാലങ്ങളുടെ ഡിസൈനിൽ കാതലായ മാറ്റങ്ങൾ വരുത്തിയതിനാൽ അധിക ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടത്തേണ്ടതുണ്ട്. പ്രസ്തുത പാലം (അടങ്കൽ തുക 800 ലക്ഷം രൂപ) നിർമ്മാണത്തിനായി 2020-21 ബഡ്ജറ്റിൽ 160 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഡിസൈൻ പൂർത്തിയാക്കി സമീപ റോഡിനുള്ള സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയും.

## കായംകുളം മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങൾ

86 (835) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം, കായംകുളം തിരുവല്ല റോഡിലെ കാക്കനാട് റെയിൽവേ മേൽപ്പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ആലപ്പുഴ ജില്ലയിലെ കായംകുളം നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട കൃഷ്ണപുരം വില്ലേജിൽ മാമ്പ്രക്കുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10-7-2017-ലെ സ.ഉ (ആർ ടി) നമ്പർ 942/2017/പൊമവ പ്രകാരം ഭരണാനുമതി നൽകുകയും റോഡ്സ് ആൻഡ്

ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (ആർ.ബി.ഡി.സി.കെ.) എസ്.പി.വി ആയി നിയമിക്കുകയും ചെയ്തു. ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി 31.21 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയുമുണ്ടായി. കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട ടി റെയിൽവേ മേൽപ്പാലം പദ്ധതിക്കായി 1.084 ഹെക്ടർ (2.678 ഏക്കർ) സ്ഥലമേറ്റെടുക്കുന്നതിന് ആലപ്പുഴ ജില്ലാകളക്ടർക്ക് 24-12-2018-ൽ അഭ്യർത്ഥന നൽകുകയും സ്ഥലമേറ്റെടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ എൽ.എ. കിഫ്ബി കായംകുളത്തിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടി ഇപ്പോൾ സാമൂഹിക ആഘാത പഠനം പൂർത്തിയാക്കി 11(1) നോട്ടിഫിക്കേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ഏറ്റെടുപ്പിന്റെ പ്രാരംഭചെലവുകൾക്കായി കിഫ്ബിയിൽ നിന്ന് 23,42,795 രൂപ 3-11-2019-ൽ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ GAD റെയിൽവേയിൽ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേയുടെ അംഗീകാരം ലഭിക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ആർ.ബി.ഡി.സി.കെ.-യെ ഏൽപ്പിക്കുകയും ചെയ്യുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയും. ആലപ്പുഴ ജില്ലയിലെ കായംകുളം നിയമസഭാ മണ്ഡലത്തിൽപ്പെട്ട കാക്കനാട് റെയിൽവേ മേൽപ്പാലത്തിന് 27-4-2018-ലെ സ. ഉ. (സാധാ) 780/2018/ പൊമവ പ്രകാരം ഭരണാനുമതി നൽകുകയും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ എസ്.പി.വി.- ആയി നിയമിക്കുകയും ചെയ്തു. ടി ROB-യുടെ GAD 9-10-2019-ന് റെയിൽവേ അംഗീകരിക്കുകയുണ്ടായി. സർവ്വീസ് റോഡുകൾ ഉൾപ്പെടെയുള്ള ROB-യുടെ നിർമ്മാണത്തിനായി 29.74 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് 30-3-2019-ന് അഭ്യർത്ഥന നൽകുകയുണ്ടായി. ഏറ്റെടുക്കേണ്ട ഭൂമിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 30-10-2020-ന് ആരംഭിക്കുകയുണ്ടായി. കോവിഡ്-19-നെ തുടർന്നുള്ള ലോക്ഡൗൺ കാരണം അതിർത്തിക്കല്ലുകൾ സ്ഥാപിക്കുവാൻ കഴിയാതെ വരികയുണ്ടായി. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായതിനുശേഷം മാത്രമേ ടി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

## പാറപ്പുറം - വല്ലംകടവ് പാലത്തിന് ഭൂമി ഏറ്റെടുക്കൽ

87 (836) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജക മണ്ഡലത്തിലെ പാറപ്പുറം - വല്ലംകടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം കൊടുക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലെ സി2/138/2020 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) എന്നത്തേയ്ക്ക് നഷ്ടപരിഹാരം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) എറണാകുളം ജില്ലയിലെ പാറപ്പുറം - വല്ലംകടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കലിനായി സർക്കാർ അനുവദിച്ചിരുന്ന 3,50,00,000 രൂപയിൽ നീക്കിയിരിപ്പായി ഉണ്ടായിരുന്ന 64,98,772 രൂപ തിരികെ തഹസീൽദാരുടെ ടി.എസ്.ബി. അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനുവേണ്ടിയാണ് പൊതുമരാത്ത് (സി) വകുപ്പിൽ സി2/138/2020-PWD എന്ന ഫയൽ ആരംഭിച്ചത്. ടി ഫയൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരുന്നു. എന്നാൽ പുതിയ സാമ്പത്തിക വർഷത്തിൽ ഫയൽ വീണ്ടും സമർപ്പിക്കുക എന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഫയൽ തിരികെ നൽകിയിരുന്നു. ടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സാമ്പത്തിക വർഷത്തിൽ (2021-2022) ടി ഫയലിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ധനകാര്യ വകുപ്പിലേയ്ക്ക് വീണ്ടും അയച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിലെ നടപടിക്രമം പൂർത്തിയായാലുടൻ സർക്കാർ തിരികെയെടുത്ത തുക സ്പെഷ്യൽ തഹസീൽദാരുടെ ടി.എസ്.ബി അക്കൗണ്ടിൽ തിരികെ ലഭ്യമാകുന്നതാണ്.

## ആലത്തൂർ മണ്ഡലത്തിലെ എസ്.എൽ.ടി.എഫ്. പ്രവൃത്തികൾ

88 (837) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2020 വരെ ആലത്തൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച എസ്.എൽ.ടി.എഫ്. (സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ്) പ്രവൃത്തികളുടെ വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

## മലപ്പുറം ഫ്ലൈ ഓവർ പദ്ധതി

89 (838) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഫ്ലൈ ഓവർ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

മലപ്പുറം ജില്ലയിലെ മലപ്പുറം നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെട്ട മലപ്പുറം പോലീസ് സ്റ്റേഷൻ - കിഴക്കേത്തല ഫ്ലൈ ഓവർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10-7-2017-ലെ ജി.ഒ.924/2017/പി.ഡബ്ല്യൂ.ഡി. പ്രകാരം ഭരണാനുമതി നൽകുകയും റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ആർ.ബി.ഡി.സി.കെ.) എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം കിഫ്ബി 89.92 കോടി രൂപയ്ക്ക് അംഗീകാരം നൽകുകയുമുണ്ടായി. പദ്ധതി കേന്ദ്ര ഉപരിതല വകുപ്പിന്റെ അധീനതയിൽ ഉൾപ്പെട്ട പ്രദേശമായതിനാൽ പ്രസ്തുത വകുപ്പിന്റെ എൻ.ഒ.സി. ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എൻ.ഒ.സി. ലഭിക്കുന്നമുറയ്ക്ക് പദ്ധതിക്കാവശ്യമായ ഭൂമിയേറ്റെടുക്കൽ നടപടി ആരംഭിക്കുന്നതാണ്.

(ബി) കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ?

പാലക്കാട് കേന്ദ്ര ഉപരിതല വകുപ്പ് പ്രോജക്ട് ഡയറക്ടറോട് പ്രസ്തുത പദ്ധതിക്ക് എൻ.ഒ.സി. ആവശ്യപ്പെട്ടുകൊണ്ട് ആർ.ബി.ഡി.സി.കെ. അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും ലഭ്യമായിട്ടില്ല.

(സി) സാങ്കേതിക നടപടികൾ പൂർത്തിയാക്കി ഫ്ലൈ ഓവർ പദ്ധതി ഉടൻ യാഥാർത്ഥ്യമാക്കുമോ?

കേന്ദ്ര ഉപരിതല വകുപ്പിൽനിന്ന് എൻ.ഒ.സി. ലഭിക്കുന്നമുറയ്ക്ക് പ്രസ്തുത പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്ന നടപടികൾ ആരംഭിക്കുന്നതും ആയത് പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

## മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

90 (839) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

മലയോര ഹൈവേ പ്രവൃത്തികൾ നിർമ്മാണഘട്ടത്തിലാണ്. പുരോഗതിയുടെ വിശദാംശം ഇതിനോടൊപ്പം (അനുബന്ധം I) ഉൾക്കൊള്ളിച്ചിരിക്കുന്നു *.

(ബി) ഹൈവേ കടന്ന് പോകുന്ന വനമേഖലയിൽ വനം വകുപ്പുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി മന്ത്രിതലത്തിൽ ചർച്ചകൾ നടത്തി പരിഹാരം കാണുമോ ?

മന്ത്രിതലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. വനംവകുപ്പുമായി ചേർന്നിട്ടുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു.

(സി) പ്രസ്തുത ഹൈവേയ്ക്ക് ആകെ എത്ര റീച്ചുകളാണുള്ളത്; അതിൽ എത്രയെണ്ണത്തിന് ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ഹൈവേയുടെ ആകെ നീളം 1251 കി.മീ. ആണ്. ഇതിൽ 549.41 കി.മീ. വരുന്ന 21 റീച്ചുകൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം I-ൽ കാണാവുന്നതാണ്*.

(ഡി) നിലവിൽ എത്ര റീച്ചുകളുടെ നിർമ്മാണപ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും അതിൽ എത്ര കിലോമീറ്റർ റോഡിന്റെ നിർമ്മാണം ഇതിനകം പൂർത്തിയാക്കിയെന്നും അറിയിക്കാമോ?

283.14 കി.മീ. വരുന്ന 14 റീച്ചുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. അതിൽ 92.18 കി.മീ. വരുന്ന 3 റീച്ചുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തിയായി. വിശദമായ ലിസ്റ്റ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു. *

### തീരദേശ ഹൈവേ

91 (840) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തീരദേശ ഹൈവേയുടെ അലൈൻമെന്റ് ഏതുപ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേയുടെ അലൈൻമെന്റ് ചുവടെ ചേർക്കുന്നു :

രണ്ട് തെങ്ങ് പാലം - വലിയപറമ്പ - അഴീത്തലപാലം - നീലേശ്വരം - അഴിത്തല - കാഞ്ഞങ്ങാട് കടപ്പുറം - നോർത്ത് കോട്ടച്ചേരി - പാലക്കുന്ന് - ഉദുമ പഞ്ചായത്ത് ഓഫീസ് - ഉദുമ കടപ്പുറം - നൂമ്പിൽ (ഉദുമ) പാലം - ചെമ്പരിക്ക ബീച്ച് - കീഴൂർ ബീച്ച് - കാസർഗോഡ് തുറമുഖം - കാസർഗോഡ് ലൈറ്റ് ഹൗസ് - സി.പി.സി.ആർ.ഐ. - പന്നിക്കുന്ന് - ആരിക്കാടി - ഷിറിയ പാലം - ഉപ്പള - ഉപ്പള ഗേറ്റ് - ഹൊസബെട്ട് പാലം - കണ്ണ്വതീർത്ഥ ബീച്ച് - തുമിനാട് - ദേശീയപാത കുഞ്ചത്തൂർ. ഇതിൽ വലിയപറമ്പ പാലം റോഡ് ജംഗ്ഷൻ മുതൽ അഴിത്തല വരെ 17 കി.മീ. നീളത്തിൽ ജനവാസ കേന്ദ്രത്തിൽ നിന്നും മാറി കടലിനോട് ചേർന്ന് പോകുന്ന ഒരു ഗ്രീൻ ഫീൽഡ് അലൈൻമെന്റും പരിഗണനയിലുണ്ട്.

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ പാലം വേണ്ടിവരുമെന്നും ഇതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരദേശ ഹൈവേയിൽ ചുവടെ ചേർക്കുന്ന പാലങ്ങൾ ഉൾപ്പെട്ടു വരുന്നു :

1. രണ്ട് തെങ്ങ് പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.
2. അഴിത്തല പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.
3. ഉദുമ (നുമ്പിൽ പാലം) - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.
4. കാസർഗോഡ് പാലം - ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി അവസാനഘട്ടത്തിലാണ്.
5. ഷിറിയ പാലം - ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചിട്ടുണ്ട്.
6. ഹൊസബട്ട പാലം - പ്രവൃത്തി ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടത്തി വരുന്നു.

(സി) എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നും ഇതിന്റെ നടപടികൾ ഏതുവരെയായിയെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

തീരദേശ ഹൈവേയുടെ ചില സ്ഥലങ്ങളിൽ അലൈൻമെന്റ് അന്തിമമായി അംഗീകരിക്കാത്തതിനാൽ സ്ഥലമെടുപ്പ് സംബന്ധിച്ച് കണക്കെടുപ്പ് പൂർത്തീകരിച്ചിട്ടില്ല.

**പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ പ്രവർത്തനക്ഷമത**

92 (841) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും കാലതാമസം ഇല്ലാതാക്കുന്നതിനും നിലവാരം ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി ഗുണനിലവാര പരിശോധന വിവിധതലങ്ങളിൽ നടത്തുകയും ഇതിനുള്ള കർശന നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു. ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തരമാണ് ഗുണനിലവാര പരിശോധന നടത്തുന്നത്. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം ത്രിതല ഗുണനിലവാര പരിശോധനകൾ നടത്തി വരുന്നു. എസ്റ്റിമേറ്റ് തുക 15 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിന് 1st tier ഗുണനിലവാര പരിശോധനാ റിപ്പോർട്ട് നിർബന്ധമാക്കിയിട്ടുണ്ട്. ഒപ്പം വകുപ്പുതലത്തിൽ ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തരം IInd tier ഗുണനിലവാര പരിശോധനകളും നടത്തി വരുന്നുണ്ട്. IInd tier പരിശോധനാഫലം തൃപ്തികരമല്ലാതെ വരുന്നപക്ഷം അത് പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തെ അറിയിക്കുകയും ആയതിന്മേൽ തുടർനടപടികൾ വിജിലൻസ് വിഭാഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശിക്കുകയും ചെയ്യുന്നു.

(ബി) പി.ഡബ്ല്യൂ.ഡി.-ക്കുകീഴിലുള്ള മരാമത്ത് പ്രവൃത്തികൾ ഒരു സ്വതന്ത്ര ഏജൻസി മുഖേന ക്വാളിറ്റി ആഡിറ്റിംഗ് നടത്തുന്നുണ്ടോ; എങ്കിൽ ഏത് ഏജൻസി യെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളിൽ ക്വാളിറ്റി ആഡിറ്റിംഗിനായി ഒരു സ്വതന്ത്ര ഏജൻസിയേയും നിയോഗിച്ചിട്ടില്ല.

(സി) പി.ഡബ്ല്യൂ.ഡി.-യുടെ ഉടമസ്ഥതയിലുള്ള എല്ലാ റോഡുകളുടെയും വിശദാംശം കാണിക്കുന്ന ബോർഡുകൾ പ്രസ്തുത റോഡുകളിൽ സ്ഥാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിലും നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള പ്രധാന റോഡുകളിലും വിശദാംശം കാണിക്കുന്ന ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. മറ്റ് റോഡുകളിൽ സ്ഥാപിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) പി.ഡബ്ല്യൂ.ഡി. പ്രവൃത്തികൾക്ക് ഏർപ്പെടുത്തിയ സോഷ്യൽ ആഡിറ്റിംഗ് സംവിധാനം ഫലപ്രദമാണോ; അത് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കു മോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ കാര്യക്ഷമതയ്ക്കായി ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി

93 (842) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സർക്കാർതലത്തിലും ഉദ്യോഗസ്ഥ തലങ്ങളിലും അവലോകന യോഗങ്ങൾ നടത്തുകയും പ്രവൃത്തി തടസ്സരഹിതമായി പുരോഗമിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കരാറുകാരന്റെ പിഴവുകൊണ്ടാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകേണ്ടിവരുന്നതെങ്കിൽ സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിൽ നിഷ്കർഷിക്കുംവിധം നിശ്ചിത തുക ഫൈൻ ഈടാക്കാറുണ്ട്.

ഏതെങ്കിലും പ്രവൃത്തി വ്യക്തമായ കാരണങ്ങളില്ലാതെ നിർത്തി വച്ചാൽ Revised PWD Manual 2012 പ്രകാരം കരാറുകാരനെ Risk & Cost-ൽ Terminate ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മ, കാര്യക്ഷമത, സുതാര്യത, ആധുനികവൽക്കരണം തുടങ്ങിയവ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കി അതുവഴി ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനും വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി പ്രവൃത്തികൾ വിലയിരുത്തുന്നതിനായി ജില്ലാതലത്തിൽ ബന്ധപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാനായി ജില്ലാ പഞ്ചായത്ത്/മുൻസിപ്പാലിറ്റി പ്രതിനിധികൾ, വിരമിച്ച എഞ്ചിനീയർമാർ എന്നിവരെ ഉൾപ്പെടുത്തി സമിതികളും രൂപവത്കരിച്ചിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികളിലെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഗുണനിലവാര പരിശോധന വിവിധതലങ്ങളിൽ നടത്തുകയും ഇതിനുള്ള കർശന നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യുന്നു. ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തരമാണ് ഗുണനിലവാര പരിശോധന നടത്തുന്നത്. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം ത്രിതല ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നു. എസ്റ്റിമേറ്റ് തുക 15 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിന് 1st tier ഗുണനിലവാര പരിശോധനാ റിപ്പോർട്ട് നിർബന്ധമാക്കിയിട്ടുണ്ട്. ഒപ്പം വകുപ്പുതല ജില്ലാതല ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖാന്തരമാണ് IInd tier ഗുണനിലവാര പരിശോധനകൾ നടത്തിവരുന്നത്. IInd tier പരിശോധന ഫലം തൃപ്തികരമല്ലാതെ വരുന്നപക്ഷം അത് പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തെ അറിയിക്കുകയും ആയതിനുവേണ്ടി തുടർനടപടികൾ വിജിലൻസ് വിഭാഗം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു. എല്ലാ പ്രവൃത്തികളും സുതാര്യമാക്കുന്നതിലേയ്ക്കായി പ്രൈസ് സോഫ്റ്റ്‌വെയർ പുതിയ അപ്ഡേഷൻ നിലവിൽ വന്നു. പുതിയ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണരീതികൾ എന്നിവ വഴി പൊതുമരാമത്ത് വകുപ്പിൽ ആധുനികവൽകരണം നടപ്പിലാക്കിവരുന്നുണ്ട്.

(സി) പൊതുമരാമത്ത് പ്രവൃത്തികളിൽ കാലാനുസൃതമായ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

എല്ലാ പൊതുമരാമത്ത് റോഡുകളും ഘട്ടംഘട്ടമായി ബി.എം.& ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തിവരുന്നു. വൈറ്റ് ടോപ്പിംഗ്, ഫുൾ ഡെപ്ത് റിക്ലമേഷൻ, കയർ ഭൂവസ്ത്രം തുടങ്ങിയ സാങ്കേതികവിദ്യകളും നടപ്പിലാക്കിയിട്ടുണ്ട്. ടാറിംഗിലെ

നൂതന സാങ്കേതികവിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ദേശീയപാത വിഭാഗത്തിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതികവിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കുംവിധം ദേശീയപാതാ വിഭാഗത്തിൽ കരാറുകൾ ഇ.പി.സി. വ്യവസ്ഥയിലും നടപ്പിലാക്കി വരുന്നുണ്ട്. അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാര പരിശോധന നടത്തുന്ന പൊതുമരാമത്ത് വകുപ്പിന് കീഴിലെ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ലാബ് അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. പ്രൈസ് സോഫ്റ്റ്‌വെയറിന്റെ പുതിയ അപ്ഡേഷൻ നിലവിൽവന്നു. നിർമ്മാണ പ്രവൃത്തികളിൽ ആധുനിക രീതിയിലുള്ള രൂപകൽപ്പനകളും അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണവും നടന്നുവരുന്നു.

## ഭൂമികയ്യേറ്റം

94 (843) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കാരോട് പഞ്ചായത്തിലെ കുന്നിയോട് വാർഡിൽ പഴയ ഉച്ചക്കട-ഊരമ്പ് റോഡിൽ മുല്ലശ്ശേരി കൈത്തറി സഹകരണ സംഘത്തിന് സമീപം പി.ഡബ്ല്യൂ.ഡി. റോഡിന്റെ പുറമ്പോക്ക് ഭാഗം സ്വകാര്യ വ്യക്തികൾ ഭൂമികയ്യേറ്റം നടത്തി കെട്ടിട നിർമ്മാണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പരാതിയിന്മേൽ നിർമ്മാണ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

(എ & ബി) ഉണ്ട്. പരാതി ലഭിച്ചതുപ്രകാരം സ്ഥല പരിശോധനയിൽ റോഡ് പുറമ്പോക്കിലാണ് നിർമ്മാണം നടത്തുന്നതെന്ന് പ്രാഥമിക നിഗമനമുണ്ട്. ആയതിനാൽ പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന് കാരോട് ഗ്രാമപഞ്ചായത്തിൽനിന്ന് നിർമ്മാണാനുമതി നൽകിയിട്ടുണ്ടോയെന്നും അല്ലാത്തപക്ഷം പ്രസ്തുത പ്രവൃത്തി നിർത്തി വയ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് 6-5-2021-ൽ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ റോഡ് പുറമ്പോക്കിലാണോ പ്രസ്തുത നിർമ്മാണപ്രവൃത്തി നടക്കുന്നതെന്ന് അളന്ന് തിട്ടപ്പെടുത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് നെയ്യാറ്റിൻകര തഹസിൽദാർക്ക് 5-5-2021-ൽ കത്ത് നൽകിയിട്ടുണ്ട്. നോട്ടീസ് നൽകിയതിനു ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടില്ല.

(സി) കയ്യേറിയ ഭാഗത്ത് പി.ഡബ്ല്യൂ.ഡി. റോഡ് വിഭാഗത്തിന് എത്ര ഭൂമിയാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഈ ഭാഗത്ത് 10 മീറ്റർ മുതൽ 12 മീറ്റർ വരെ വീതിയുണ്ട്. റോഡ് പുറമ്പോക്കുകൂടി അളന്ന് തിട്ടപ്പെടുത്തിയാൽ മാത്രമേ പൊതുമരാമത്ത് വകുപ്പിന് ഈ ഭാഗത്ത് എത്ര ഭൂമിയുണ്ടെന്ന് കൃത്യമായി അറിയാൻ സാധിക്കൂ.

(ഡി) പി.ഡബ്ല്യൂ.ഡി. റോഡ് വിഭാഗത്തിന്റെ ഭൂമി കയ്യേറിയവരുടെ പേരിൽ നിയമനടപടി സ്വീകരിക്കുവാൻ നടപടി എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

റോഡ് പുറമ്പോക്കുകൂടി അളന്ന് തിട്ടപ്പെടുത്തിയതിനുശേഷം മാത്രമേ ഭൂമി കയ്യേറിയവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**സംസ്ഥാനത്തെ ദേശീയപാതകളുടെ പുനരുദ്ധാരണം**

95 (844) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ പുനരുദ്ധാരണവും അറ്റകുറ്റപ്പണികൾ നടത്തുന്നതുംസംബന്ധിച്ച് കേന്ദ്രസർക്കാരിൽനിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പണികൾ ദേശീയപാത അതോറിറ്റി നേരിട്ട് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ & ബി) ഭാരത സർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ നമ്പർ SO 1507(E) തീയതി 12-5-2020 പ്രകാരം കേരളത്തിലെ ദേശീയപാതകളായ 66 (പഴയ 17- ഉം 47-ഉം), 85 (പഴയ 49), 744 (പഴയ 208), 966 (പഴയ 213) എന്നിവയെ 4/6 വരിപ്പാതയായി വികസിപ്പിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ട ഈ ദേശീയ പാതകളുടെ പുനരുദ്ധാരണവും അറ്റകുറ്റപ്പണികളും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഉത്തരവാദിത്വമാണ്. കൂടാതെ നിലവിലെ നാലുവരിപ്പാതയായ എൻ.എച്ച് 544 (പഴയ 47)-ന്റെ പരിപാലനവും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് നടപ്പിലാക്കുന്നത്.

## ദേശീയപാത നാലുവരിയായി വികസിപ്പിക്കുന്ന പദ്ധതി

96 (845) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാത നാലുവരിയായി വികസിപ്പിക്കുന്ന പദ്ധതിയുടെ പ്രവർത്തനം മന്ദഗതിയിലാണ് മുന്നോട്ട് നീങ്ങുന്നത് എന്നത് വസ്തുതയാണോ?

സംസ്ഥാനത്തെ ദേശീയപാത നാലുവരിയായി വികസിപ്പിക്കുന്ന പ്രവൃത്തി മന്ദഗതിയിലല്ല. ആകെയുള്ള 9 പദ്ധതികൾ അവാർഡ് ചെയ്തിട്ടുണ്ട്. ഇതിൽ 5 എണ്ണം കൺസഷൻ എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ട്. ബാക്കിയുള്ളവ പദ്ധതി ആരംഭിച്ച് പുരോഗതിയിലാണ്.

(ബി) ഇതിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ഈ പദ്ധതിയിൽ ആകെ എത്ര റീച്ചുകളാണുള്ളതെന്ന് വ്യക്തമാക്കുമോ; അതിൽ ഓരോ റീച്ചിലും എത്ര ശതമാനം ഭൂമി ഇതിനകം ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ?

ഈ പദ്ധതിയിൽ 9 റീച്ചുകളാണുള്ളത്. സ്ഥലമെടുപ്പിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാന വിഹിതമായി നൽകേണ്ട 25 ശതമാനം തുക സമയബന്ധിതമായി നൽകുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇക്കാര്യത്തിനായി ഇതിനകം എത്ര കോടി രൂപ എൻ.എച്ച്.എ.ഐ. (നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ)-ക്കും, സി.എ.എൽ.എ. (കോംപീറ്റന്റ് അതോറിറ്റി ഫോർ ലാൻഡ് അക്വിസിഷൻ)- ക്കും നൽകിയോയെന്ന് അറിയിക്കുമോ?

ഉണ്ട്. ദേശീയപാത വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിന് സംസ്ഥാന വിഹിതമായി ഇതുവരെ 4084.63 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) നേരത്തെ പ്രഖ്യാപിച്ചിരുന്നത് പോലെ 2021-ൽ ദേശീയപാത വികസനം പൂർത്തിയാക്കുവാൻ സാധ്യമല്ലാത്ത സാഹചര്യത്തിൽ ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ അത് പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

നടപടി സ്വീകരിച്ച് വരുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എൻ.എച്ച്- 66 ന്റെ വികസനം

97 (846) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്- 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ എത്ര റീച്ചുകളുടെ ടെണ്ടർ പൂർത്തിയായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

ദേശീയപാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് 4 റീച്ചുകളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ ഒരു പ്രവൃത്തി പുരോഗതിയിലാണ്. ബാക്കിയുള്ളവ കരാർ ഒപ്പുവച്ചിട്ടുണ്ട്. പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഏതൊക്കെ ഏജൻസികളാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ഏജൻസികൾ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി & സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## ആനക്കാംപൊയിൽ-കല്ലടി-മേപ്പാടി-തുരങ്കപാത സർവ്വേ നടപടികൾ

98 (847) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോടിനെയും വയനാടിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ-കല്ലടി-മേപ്പാടി തുരങ്കപാതയുടെ സർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

പ്രാഥമിക സർവ്വേ എസ്.പി.വി. ആയ കൊങ്കൺ റെയിവേ പൂർത്തിയാക്കി. ഇപ്പോൾ വനം വകുപ്പിൽനിന്നും ലഭ്യമായ വനഭൂമിയുടെ മാപ്പുകൾ സർവ്വേ സ്കെച്ചുമായി താരതമ്യം ചെയ്ത്, സർവ്വേ സ്കെച്ച്, വനഭൂമിയുടെ മാപ്പ് എന്നിവ ഒന്നിച്ചാക്കി രൂപരേഖ തയ്യാറാക്കുന്ന ഘട്ടത്തിലാണ്.

(ബി) പ്രസ്തുത പാതയ്ക്ക് ഏതൊക്കെ കേന്ദ്ര ഏജൻസി/വകുപ്പുകളുടെ അംഗീകാരമാണ് ആവശ്യമുള്ളത്; അതിൽ ഏതൊക്കെ ഏജൻസി/ വകുപ്പുകളുടെ അംഗീകാരം ഇതിനകം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

പ്രസ്തുത പദ്ധതിക്ക് വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം നേടേണ്ടതായുണ്ട്. ആയത് ലഭ്യമായിട്ടില്ല.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പ്രോജക്റ്റിന്റെ ആകെ എസ്റ്റിമേറ്റ് തുക എത്രയാണ്; കിഫ്ബിയിൽനിന്നും ഇതിനായി തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത പ്രോജക്ട് നിർമ്മാണത്തിന് 14-05-2020-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 46/2020/പൊ.മ.വ. പ്രകാരം കിഫ്ബിയിൽനിന്നും 658 കോടി രൂപ ലഭ്യമാക്കുന്നതിന് ഭരണാനുമതി നൽകി കൊങ്കൺ റെയിൽവേ കോർപ്പറേഷനെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് എസ്റ്റിമേറ്റ് പ്രക്രിയ പൂർത്തിയാക്കി വരുന്നു. ആയതിനാൽ യഥാർത്ഥ തുക കണക്കാക്കിയിട്ടില്ല.

## മാവൂർ എൻ.ഐ.ടി. കൊടുവള്ളി റോഡ് നിർമ്മാണം

99 (848) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമാക്കിയ മാവൂർ- എൻ.ഐ.ടി- കൊടുവള്ളി റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

മാവൂർ-എൻ.ഐ.ടി.-കൊടുവള്ളി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും Alignment Stone സ്ഥാപിക്കുന്നതിനുംവേണ്ടി 2020 ആഗസ്റ്റ് മാസം പ്രവൃത്തി ആരംഭിച്ചിരുന്നു. എന്നാൽ പ്രസ്തുത റോഡിൽ കിഫ്ബി നിയോഗിച്ചിട്ടുള്ള ഡിസൈൻ റിവ്യൂ കൺസൾട്ടന്റിന് റോഡിന്റെ ഡിസൈൻ അവലോകനം നടത്തുന്നതിനായി Alignment Stone സ്ഥാപിക്കുന്ന പ്രവൃത്തി കിഫ്ബിയുടെ അഭിപ്രായപ്രകാരം താൽകാലികമായി നിർത്തിവച്ചിരിക്കുന്നു.

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആയതിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഡിസൈൻ അവലോകനം പൂർത്തിയാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾ കഴിയുന്നമുറയ്ക്ക് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ തുടങ്ങാവുന്നതാണ്.

## കാസർഗോഡ് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ നടത്തിയ പ്രവൃത്തികൾ

100 (849) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര റോഡുകളുണ്ടെന്ന് അവയുടെ പേര്, ദൈർഘ്യം, വീതി, സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് തുടങ്ങിയ വിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

കാസർഗോഡ് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളുടെ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു*. ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ ദേശീയപാത 66 കി.മീ. 43/000 (മൊഗ്രാൽ പാലം) മുതൽ കി.മീ. 61/000 (തെക്കിൽ പാലം) വരെ 18 കി.മീ. നീളത്തിലും 7 മീറ്റർ വീതിയിലും മൊഗ്രാൽ പുത്തൂർ പഞ്ചായത്ത്, കാസർഗോഡ് മുനിസിപ്പാലിറ്റി, ചെങ്കള പഞ്ചായത്ത് എന്നിവിടങ്ങളിലൂടെ കടന്നുപോകുന്നു. നിലവിൽ പ്രസ്തുത റോഡ് 12-05-2020-ലെ ഇന്ത്യാ ഗവൺമെന്റ് ഗസറ്റ് നോട്ടിഫിക്കേഷൻപ്രകാരം ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യക്ക് ഏൽപ്പിച്ചിരിക്കുകയാണ്. മംഗൽപാടി, പൈവളിഗെ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന 15.60 കി.മീ. ദൈർഘ്യവും 5.5 മീറ്റർ വീതിയുമുള്ള ഉപ്പളം - കനിയാന റോഡ്, കാസർഗോഡ് മുനിസിപ്പാലിറ്റി, മധൂർ, പുതിഗെ പഞ്ചായത്ത് എന്നിവയിലൂടെ കടന്നുപോകുന്ന 9.40 കി.മീ. ദൈർഘ്യവും 7 മീറ്റർ വീതിയുമുള്ള വിദ്യാനഗർ - സീതാംഗോളി റോഡ് എന്നിവ റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡിനുകീഴിലുള്ള റോഡുകളാണ്. പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ 1-11-2017-ന് പൂർത്തീകരിച്ചു. 14 വർഷക്കാലത്തെ ഓപ്പറേഷൻ & മെയിന്റനൻസും ഉൾപ്പെടുത്തിയാണ് ടി പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ചിട്ടുള്ളത്. ഇപ്പോൾ ഈ റോഡുകൾ ഓപ്പറേഷൻ മെയിന്റനൻസ് പിരീഡിലാണ്.

(ബി) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ഈ റോഡുകളിൽ നടത്തിയ പ്രവൃത്തികൾ എന്തൊക്കെയാണെന്നും ആയതിനായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ പ്രസ്തുത റോഡുകളിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ നടത്തിയ പ്രധാനപ്പെട്ട പ്രവൃത്തികളുടെ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.* ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ നടത്തിയ പ്രവൃത്തികളുടെ വിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മണ്ഡലത്തിലെ ഏതെല്ലാം റോഡുകളും പാലങ്ങളുമാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഏത് വർഷത്തിലാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് നിയോജകമണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിവരം അനുബന്ധം IV ആയി ചേർത്തിരിക്കുന്നു*. കൂടാതെ തീരദേശ ഹൈവേയുടെ ഭാഗമായി കീഴൂർ ബീച്ചിനേയും കാസർഗോഡ് ഹാർബറിനേയും ബന്ധിപ്പിക്കുന്ന കാസർഗോഡ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി കിഫ്ബിയിലുൾപ്പെടുത്തി നടന്നുവരുന്നു.

(ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ ഈ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് നിയോജകമണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിവരം അനുബന്ധം IV ആയി ചേർത്തിരിക്കുന്നു*. കൂടാതെ തീരദേശ ഹൈവേയുടെ ഭാഗമായി കീഴൂർ ബീച്ചിനേയും കാസർഗോഡ് ഹാർബറിനേയും ബന്ധിപ്പിക്കുന്ന കാസർഗോഡ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി കിഫ്ബിയിലുൾപ്പെടുത്തി നടന്നുവരുന്നു.

(ഇ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളിലേതെങ്കിലും ഫണ്ടിന്റെ കുറവ് കാരണം മുടങ്ങികിടക്കുന്നുണ്ടോയെന്നും ഏതെങ്കിലും പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് കിട്ടിയിട്ടുണ്ടോയെന്നും എങ്കിൽ ആർ.ഇ. അനുവദിച്ച് പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

കിഫ്ബി പ്രവൃത്തികളൊന്നുംതന്നെ ഫണ്ടിന്റെ കുറവുമൂലം മുടങ്ങിയിട്ടില്ല. പ്രവൃത്തി പുരോഗമിക്കുന്ന 3 പ്രവൃത്തികൾക്കും റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ഇവ അംഗീകരിക്കുന്നതിനുവേണ്ടിയുള്ള പരിശോധനകൾ പുരോഗമിക്കുകയാണ്. പരിശോധനകൾ പൂർത്തിയാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ശ്രീകണ്ഠപുരം-ചെമ്പന്തൊട്ടി-നടുവിൽ റോഡ് ടെണ്ടർ നടപടികൾ

101 (850) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠപുരം - ചെമ്പന്തൊട്ടി - നടുവിൽ റോഡിന്റെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ?

ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ടെണ്ടർ നടപടികൾ പൂർത്തിയാക്കി റോഡിന്റെ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർമാർ ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റിയിൽ 3-2-2021-ൽ സമർപ്പിച്ചു. ടി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരമുള്ള എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മാനന്തവാടി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

102 (851) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ മാനന്തവാടി മണ്ഡലത്തിൽ പൊതുമരാമത്ത് വിഭാഗം നടപ്പാക്കുന്ന വിവിധ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഓരോ പദ്ധതിയുടെയും സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

(എ & ബി) കിഫ്ബി ഫണ്ടിലുൾപ്പെടുത്തി വയനാട് ജില്ലയിലെ മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെചേർക്കുന്നു :

1. മലയോര ഹൈവേ വാളാട് കുങ്കിച്ചിറ റോഡ് കി.മീ. 8/300 മുതൽ 19/100 വരെയും തലശ്ശേരി ബാവലി റോഡ് കി.മീ. 68/200 മുതൽ 69/780, 70/390 മുതൽ 77/790, 78/010 മുതൽ 81/100 വരെയും മാനന്തവാടി കൽപ്പറ്റ റോഡ് 0/000 മുതൽ 19/500 വരെ - ടെക്നിക്കൽ കമ്മിറ്റിയിൽ അനുമതിക്കായി വയ്ക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ അന്തിമഘട്ടത്തിലാണ്.

2. കാപ്പിസെറ്റ് പയ്യമ്പള്ളി റോഡിൽ കി.മീ. 0/000 മുതൽ 12/730 വരെയും കി.മീ. 16/730 മുതൽ 20/230 വരെയും നവീകരണവും മെച്ചപ്പെടുത്തലും - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

3. കണിയാരം ആറാട്ടുതറ റോഡിൽ കി.മീ. 0/000 മുതൽ 10/450 വരെ നവീകരണം പ്രസ്തുത റോഡിൽ ഗാബിയോൺ റീറ്റെയിനിംഗ് വാൾ വരുന്ന ഭാഗങ്ങൾ ഒഴിവാക്കി ഒരു ബദൽ പാതയുടെ സാധ്യത പരിഗണനയിലാണ്.

4. ബീനാച്ചി - പനമരം റോഡിൽ കി.മീ. 0/000 മുതൽ 22/200 വരെ നവീകരണവും മെച്ചപ്പെടുത്തലും - പ്രവൃത്തി പുരോഗമിക്കുന്നു. 40% പ്രവൃത്തി പൂർത്തിയായി.

5. മാനന്തവാടി - കൈതക്കൽ റോഡ് കി.മീ. 0/000 മുതൽ 10/415 വരെ ബി.എം. & ബി.സി. നിലവാരത്തിലാക്കുന്നത് - പ്രവൃത്തി പുരോഗമിക്കുന്നു. 55% പൂർത്തിയായി.

6. മാനന്തവാടി - പ്രകാന്തളം റോഡ് കി.മീ. 20/540 മുതൽ 25/430 വരെ ബി.എം. & ബി.സി. നിലവാരത്തിലാക്കുന്നത് - പ്രവൃത്തി പൂർത്തീകരിച്ചു.

7. തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ കാളിന്ദി നദിക്കുകുറുകെ നെട്ടര പാലത്തിന്റെ നിർമ്മാണം - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

### തൃക്കരിപ്പൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

103 (852) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലഘട്ടത്തിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി വഴിയുള്ള റോഡ്, പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിവരം ലഭ്യമാക്കാമോ?

2016-21 കാലഘട്ടത്തിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി വഴിയുള്ള റോഡ്, പാലം എന്നിവ PD, PMU, KRFB, RBDCK എന്നീ സ്ഥാപങ്ങൾ വഴി നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) കഴിഞ്ഞ സർക്കാരിന്റെ ആദ്യ ബജറ്റിൽ അനുവദിച്ച റോഡ്/പാലം പ്രവൃത്തികൾ ഇനിയും ആരംഭിക്കാത്തത് എന്തുകൊണ്ടെന്നും ഇവ എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ ആദ്യ ബജറ്റിൽ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന കിഫ്ബി പ്രവൃത്തികളിൽ ആരംഭിക്കാത്തത് രാമൻചിറ പാലവും കിൽട്ടാക്കയം പാലവുമാണ്. രാമൻചിറ പാലത്തിന് കിഫ്ബിയിൽ നിന്നും 14.72 കോടിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തിക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുമ്പോൾ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കിൽട്ടാക്കയം പാലത്തിന്റെ ഡി.പി.ആർ. പുതുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മൂന്നാംകൈ - കരിങ്ങാട് റോഡ്

104 (853) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേന പ്രഖ്യാപിച്ച മൂന്നാംകൈ-കരിങ്ങാട് റോഡ് പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) റോഡ് ഉയർച്ച താഴ്ച കൂടുതൽ ഉള്ളതിനാൽ കിഫ്ബി വഴി പ്രവൃത്തി നടത്താൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ പി.എം.ജി.എസ്.വൈ.(പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന)-ൽ ഉൾപ്പെടുത്താൻ കിഫ്ബി അവലോകന യോഗത്തിൽ എടുത്ത തീരുമാനപ്രകാരം നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

(എ&ബി) 10-7-2017-ലെ സ.ഉ(സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം മൂന്നാം കൈ - കൈവേലി റോഡ് പ്രവൃത്തിക്ക് 20 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി ലഭിച്ചു. പദ്ധതിയുടെ 31 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി 17-7-2019-ൽ സമർപ്പിച്ചിരുന്നു. കിഫ്ബിയുടെ ധനാനുമതി നൽകുന്നതിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധന റിപ്പോർട്ടും സാങ്കേതിക അവലോകന റിപ്പോർട്ടും 16-9-2019-നുതന്നെ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ടെന്നും PMGSY (പ്രധാനമന്ത്രി ഗ്രാം സാക് യോജന)-യിൽ ഉൾപ്പെടുത്തി മേൽ പദ്ധതി പ്രവൃത്തി നടത്താൻ കിഫ്ബി തീരുമാനം കൈക്കൊണ്ടിട്ടില്ലെന്നും കിഫ്ബി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റോഡിന്റെ PMGSY സ്റ്റാൻഡേർഡിൽ പുതുക്കിയ എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധന നടത്തിവരികയാണ്.

## പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതി

105 (854) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ-അമ്പലത്തറ-കാനായി-മണിയറ-മാതമംഗലം എന്ന പ്രവൃത്തിക്ക് ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ടെണ്ടറിന് അംഗീകാരം നൽകി കരാറുകാരനെ തെരഞ്ഞെടുക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്കാവശ്യമായ തുടർനടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

(എ&ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ - അമ്പലത്തറ - കാനായി - മണിയറ - മാതമംഗലം എന്ന പ്രവൃത്തി 9-2-2021-ന് ടെണ്ടർ ചെയ്യുകയുണ്ടായി. എന്നാൽ ടെണ്ടറിന്റെ സാങ്കേതിക പരിശോധനയിൽ ഒരു കരാറുകാരൻ മാത്രമേ യോഗ്യത നേടിയുള്ളൂ. ആയതിനാൽ 4-6-2021-ന് ചേർന്ന ടെക്നിക്കൽ കമ്മിറ്റി പ്രസ്തുത ടെണ്ടർ റദ്ദാക്കാനും റീ ടെണ്ടർ ചെയ്യാനും നിർദ്ദേശിച്ചു. ഇതിനുവേണ്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയപാത സ്ഥലം ഏറ്റെടുക്കൽ നഷ്ടപരിഹാരം**

106 (855) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് വരെയുള്ള ദേശീയപാത നാല് വരിയാക്കുന്നതിന്റെ ഭാഗമായി എറ്റെടുത്ത സ്ഥലങ്ങളുടെ തുക പൂർണ്ണമായും നൽകിക്കഴിഞ്ഞോ; ഇതിനുവേണ്ടി എത്ര തുകയാണ് ഇതുവരെ ചെലവഴിച്ചത്; വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് വരെയുള്ള ദേശീയപാത 4/6 വരിപ്പാതയാക്കുന്നതിന്റെ ഭാഗമായി ഏറ്റെടുത്ത സ്ഥലങ്ങളുടെ തുക നൽകിയിട്ടുണ്ട്. ഇതിനായി PD-CALA Joint Account-ൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| Sl. No. | Project Name | Amount deposited in PD-CALA Joint A/c (in Crores) |
|---|---|---|
| 1 | Thalapady-Chengala | 583.46 |
| 2 | Chengala-Nileswaram | 476.83 |
| 3 | Nileswaram-Thaliparampa | 1382.16 |
| 4 | Thaliparampa-Muzhappilangady | 993.95 |
| | TOTAL | 3436.41 |

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ; പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തിയാക്കി 4 പദ്ധതികൾ അവാർഡ് ചെയ്ത് കരാർ ഉടമ്പടി ഒപ്പുവച്ചിട്ടുണ്ട്. പ്രവൃത്തികൾ ഉടൻ ആരംഭിക്കാൻ സാധിക്കുന്നതാണ്.

**അഡ്വഞ്ചർ ആക്റ്റിവിറ്റീസ് ഇൻ കായംകുളം പദ്ധതി**

107 (856) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം സാംസ്കാരിക വിനോദ കേന്ദ്രത്തിലെ അഡ്വഞ്ചർ ആക്റ്റിവിറ്റീസ് ഇൻ കായംകുളം (ഒന്നാം ഘട്ടം) പദ്ധതി, 'വാവ്കോസ്' എന്ന ഏജൻസി മുഖേന ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ മേൽനോട്ടത്തിൽ നടപ്പാക്കുന്നതിന് 93,93,000 രൂപയുടെ അനുമതി ലഭിച്ചിരുന്നുവെങ്കിലും നാളിതുവരെ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണമെന്താണ്; പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. കോവിഡ് മഹാമാരിയെത്തുടർന്ന് കേരളത്തിലും തമിഴ്നാട്ടിലും നിലനിൽക്കുന്ന ലോക്ഡൗൺ പെരുമാറ്റച്ചട്ടങ്ങൾമൂലം പദ്ധതിക്കുവേണ്ട ഉപകരണങ്ങൾ നാളിതുവരെയും എത്തിക്കുവാൻ കരാറുകാരന് സാധിച്ചിട്ടില്ല. പ്രസ്തുത സ്റ്റീൽ ഘടകങ്ങൾ എത്തിക്കഴിഞ്ഞാലുടൻ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണം**

108 (857) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിലൊന്നായ മലമ്പുഴ ഉദ്യാനത്തിന്റെ നവീകരണത്തിന് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ;

(ബി) ഇതിന് അനുവദിച്ച തുകയും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ&ബി) മലമ്പുഴ ഉദ്യാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച പദ്ധതികൾ താഴെപ്പറയുന്നു.

പൂർത്തിയായവ-മലമ്പുഴ ഗാർഡൻ ഹൗസിന്റെ നവീകരണം.- (കെ.ടി.ഡി.സി) 1.5 കോടി റിനോവേഷൻ ഓഫ് ഗാർഡ് റൂം & ഗാർഡൻ വാൾ മലമ്പുഴ ഗസ്റ്റ് ഹൗസ് - 15 ലക്ഷം മെയിന്റനൻസ് & ബ്യൂട്ടിഫിക്കേഷൻ ഓഫ് മലമ്പുഴ ഗാർഡൻ - 99.64 ലക്ഷം മെയിന്റനൻസ് & ബ്യൂട്ടിഫിക്കേഷൻ ഓഫ് മലമ്പുഴ റോക്ക് ഗാർഡൻ- 92.37 ലക്ഷം വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് , മലമ്പുഴ- 6 ലക്ഷം ബാരിയർ ഫ്രീ ടൂറിസം പദ്ധതി- 8 ലക്ഷം. കൺസ്ട്രക്ഷൻ ഓഫ് വേൾഡ് ക്ലാസ് ടോയ്ലറ്റ് ബ്ലോക്ക്- (1.36 കോടി രൂപയുടെ പദ്ധതി) എന്ന പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ടൂറിസം പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ**

109 (858) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാരണം തകർന്ന ടൂറിസം രംഗത്തെ പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

കോവിഡ് കാരണം തകർന്ന ടൂറിസം രംഗത്തെ പുനരുജ്ജീവിപ്പിക്കാൻ സർക്കാർ ഇതിനോടകംതന്നെ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴിയുള്ള മുഖ്യമന്ത്രിയുടെ വായ്പാ പദ്ധതിയാണ് ഇതിൽ പ്രധാനം. ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രത്യേക പാക്കേജ് നടപ്പിലാക്കുവാൻ 2021-22-ലെ പുതുക്കിയ ബജറ്റിൽ 30 കോടി രൂപ വകയിരുത്തിയതിന്റെയടിസ്ഥാനത്തിൽ പാക്കേജ് തയ്യാറായി വരുന്നുണ്ട്. കേരളത്തിലേയ്ക്ക് വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി പ്രത്യേക വിപണന- പ്രചാരണ പരിപാടികളും നടത്തുന്നതാണ്.

(ബി) കേരളത്തിൽ വരുന്ന വിദേശ സഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം നാലിലൊന്നെങ്കിലും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ആഭ്യന്തര - വിദേശ സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സമൂഹ മാധ്യമങ്ങളിലൂടെയും മറ്റ് പരമ്പരാഗത മാധ്യമങ്ങളിലൂടെയും മാത്രമല്ല വിവിധ OTT ചാനലുകൾ, ഓൺലൈൻ മാധ്യമങ്ങൾ, മ്യൂസിക് സ്ട്രീമിംഗ് ചാനലുകൾ തുടങ്ങിയ നവമാധ്യമങ്ങളിലൂടെയും വിവിധ പ്രചാരണ കാമ്പയിനുകൾ നടപ്പാക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

(സി) ടൂറിസം മേഖലയിൽ മുൻ സർക്കാരിന്റെ കാലത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരവാദിത്ത ടൂറിസം പദ്ധതി വ്യാപകമായി നടപ്പാക്കിയതോടെ ടൂറിസം മേഖലയിലെ നേരിട്ടും അല്ലാതെയുമുള്ള തൊഴിലവസരങ്ങൾ വർദ്ധിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2017 ജൂൺ) ആർ. ടി. മിഷൻ രൂപീകരണത്തോടെ ഇതിന് ആക്കം കൂടി. ആർ.ടി മിഷൻ രൂപീകരണത്തിന് മുൻപും ശേഷവുമുള്ള പ്രവർത്തന നേട്ടങ്ങൾ താഴെ കൊടുത്തിരിക്കുന്നു. ആർ.ടി മിഷന് മുൻപ് (2008-2017)-9 വർഷങ്ങൾ, രജിസ്റ്റേഡ് യൂണിറ്റുകൾ-197, സ്ത്രീകൾ നയിക്കുന്ന യൂണിറ്റുകൾ-ഇല്ല, പ്രത്യക്ഷ ഗുണഭോക്താക്കൾ-843, പരോക്ഷ ഗുണഭോക്താക്കൾ-2529, അനുഭവവേദ്യ ടൂറിസം പാക്കേജുകളുടെ എണ്ണം-7, ഈ പാക്കേജുകളിൽ വന്ന ആകെ സഞ്ചാരികളുടെ എണ്ണം-4000, ആകെ ലഭിച്ച പ്രാദേശിക വരുമാനം-12 കോടി രൂപ.

ആർ.ടി മിഷൻ രൂപീകരണത്തിനുശേഷം (2017 ആഗസ്റ്റ് - 2021 മാർച്ച് )- 3.5 വർഷങ്ങൾ -രജിസ്റ്റേഡ് യൂണിറ്റുകൾ-2019, സ്ത്രീകൾ നയിക്കുന്ന യൂണിറ്റുകൾ-16013, പ്രത്യക്ഷ ഗുണഭോക്താക്കൾ-36815, പരോക്ഷ ഗുണഭോക്താക്കൾ-63915, അനുഭവവേദ്യ ടൂറിസം പാക്കേജുകളുടെ എണ്ണം-140, ഈ പാക്കേജുകളിൽ വന്ന ആകെ സഞ്ചാരികളുടെ എണ്ണം-92543, ആകെ ലഭിച്ച പ്രാദേശിക വരുമാനം-37 കോടി രൂപ.

(ഡി) രാജ്യത്തെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഒന്നാക്കി കേരളത്തെ മാറ്റാൻ ഈ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

പാരിസ്ഥിതിക സംരക്ഷണത്തിലൂന്നിയ അടിസ്ഥാനസൗകര്യ വികസനത്തിലൂടെയും നവീന പ്രചാരണ തന്ത്രങ്ങളിലൂടെയും രാജ്യത്തെ ഏറ്റവും മികച്ച ടൂറിസം ഡെസ്റ്റിനേഷനാക്കി സംസ്ഥാനത്തെ മാറ്റാനാണ് ലക്ഷ്യമിടുന്നത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമീണ ടൂറിസം സങ്കൽപ്പം വികസിപ്പിച്ച് സഞ്ചാരികൾക്ക് കേരളത്തെ കൂടുതൽ അനുഭവവേദ്യമാക്കുവാൻ ഉദ്ദേശിക്കുന്നു.

## മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതി

110 (859) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മലനാട് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ 14 ബോട്ട് ടെർമിനൽ/ജെട്ടി പദ്ധതികൾക്കായി കേരള ടൂറിസം വകുപ്പിൽ നിന്നും ആകെ 40.82 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി നിർവഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി പുരോഗതി താഴെപ്പറയും പ്രകാരമാണ് :

1. പഴയങ്ങാടി ബോട്ട് ടെർമിനൽ - ടെർമിനൽ പ്രവൃത്തി പൂർത്തീകരിച്ചു.
2. പറശ്ശിനിക്കടവ് ബോട്ട് ടെർമിനൽ - 98% പ്രവൃത്തി പൂർത്തീകരിച്ചു.
3. ധർമ്മടം ബോട്ട് ടെർമിനൽ - 78% പ്രവൃത്തി പൂർത്തീകരിച്ചു.
4. ചേരിക്കൽ ബോട്ട് ടെർമിനൽ - 82% പ്രവൃത്തി പൂർത്തീകരിച്ചു.
5. പാറപ്രം ബോട്ട് ടെർമിനൽ - 75% പ്രവൃത്തി പൂർത്തീകരിച്ചു.
6. മമ്പറം ബോട്ട് ജെട്ടി - 50% പ്രവൃത്തി പൂർത്തീകരിച്ചു.
7. പെരിങ്ങത്തൂർ ബോട്ട് ജെട്ടി - 79% പ്രവൃത്തി പൂർത്തീകരിച്ചു.
8. മോന്താൽ ബോട്ട് ജെട്ടി - 98% പ്രവൃത്തി പൂർത്തീകരിച്ചു.
9. കരിയാട് ബോട്ട് ടെർമിനൽ - 60% പ്രവൃത്തി പൂർത്തീകരിച്ചു.
10. ന്യൂ മാഹി ബോട്ട് ടെർമിനൽ - 98% പ്രവൃത്തി പൂർത്തീകരിച്ചു.
11. പാത്തിക്കൽ ബോട്ട് ജെട്ടി - 75% പ്രവൃത്തി പൂർത്തീകരിച്ചു.
12. കക്കടവ് ബോട്ട് ജെട്ടി കം വാക്ക് വേ - 80% പ്രവൃത്തി പൂർത്തീകരിച്ചു.
13. പുന്നക്കടവ് ബോട്ട് ജെട്ടി - 85% പ്രവൃത്തി പൂർത്തീകരിച്ചു.
14. കവ്വായി കാലികടപ്പുറം ബോട്ട് ടെർമിനൽ - 85% പ്രവൃത്തി പൂർത്തീകരിച്ചു.

സംസ്ഥാന പദ്ധതികൾക്കുപുറമെ കണ്ണൂർ ജില്ലയിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽനിന്നും സ്വദേശ്ദർശൻ സ്കീമിൽപ്പെടുത്തി 80.37 കോടി രൂപയുടെ മലനാട് നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതിക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി 30 ജെട്ടി/ടെർമിനലുകൾ, മറ്റ് അനുബന്ധ ഘടകങ്ങൾക്കുമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. പദ്ധതി നിർവഹണ ഏജൻസിയായി ഉൾനാടൻ ജലഗതാഗത വകുപ്പിനെയും മറ്റ് പ്രവൃത്തികൾക്കായി KEL-നെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇൻലാന്റ് നാവിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയ ജെട്ടികളുടെ പ്രവൃത്തി പുരോഗതി താഴെപ്പറയും പ്രകാരമാണ് :

1. മൈനർ ബോട്ട് ടെർമിനൽ മടക്കര - 50% പ്രവൃത്തി പൂർത്തീകരിച്ചു.
2. അഴീക്കൽ ഫെറി ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല.
3. അഴീക്കൽ ബോട്ട് പാലം ബോട്ട് ജെട്ടി - 52% പ്രവൃത്തി പൂർത്തീകരിച്ചു.
4. പാമ്പുരുത്തി ബോട്ട് ജെട്ടി (Type I) - പ്രവൃത്തി ആരംഭിച്ചിട്ടില്ല.
5. പാമ്പുരുത്തി ബോട്ട് ജെട്ടി (Type II) - പ്രവൃത്തി ആരംഭിച്ചിട്ടില്ല.
6. മുനമ്പുകടവ് ബോട്ട് ജെട്ടി (Type I) - 52% പ്രവൃത്തി പൂർത്തീകരിച്ചു.
7. മുനമ്പുകടവ് ബോട്ട് ജെട്ടി (Type II) - 52% പ്രവൃത്തി പൂർത്തീകരിച്ചു.
8. പട്ടുവം മേജർ ബോട്ട് ടെർമിനൽ - 72% പ്രവൃത്തി പൂർത്തീകരിച്ചു.
9. കുപ്പം മേജർ ബോട്ട് ടെർമിനൽ - 71% പ്രവൃത്തി പൂർത്തീകരിച്ചു.
10. നാറാത്ത് ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല.
11. വളപട്ടണം മേജർ ബോട്ട് ടെർമിനൽ - 35% പ്രവൃത്തി പൂർത്തീകരിച്ചു.
12. മുതുകട ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല.
13. പാപ്പിനിശ്ശേരി ബോട്ട് ജെട്ടി - പ്രവൃത്തി ആരംഭിച്ചിട്ടില്ല.
14. തെക്കുമ്പാട് മേജർ ബോട്ട് ടെർമിനൽ - 44% പ്രവൃത്തി പൂർത്തീകരിച്ചു.

15. പാപ്പിനിശ്ശേരി പാറക്കൽ ബോട്ട് ജെട്ടി - 50% പ്രവൃത്തി പൂർത്തീകരിച്ചു.

16. കാട്ടാമ്പള്ളിക്കടവ് ബോട്ട് ജെട്ടി - പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു.

17. താവം ബോട്ട് ജെട്ടി - 50% പ്രവൃത്തി പൂർത്തീകരിച്ചു.

18. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത് - 10% പ്രവൃത്തി പൂർത്തീകരിച്ചു.

19. മൈനർ ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത് - 60% പ്രവൃത്തി പൂർത്തീകരിച്ചു.

20. മൈനർ ബോട്ട് ടെർമിനൽ വാടിക്കൽ - 60% പ്രവൃത്തി പൂർത്തീകരിച്ചു.

21. മൈനർ ബോട്ട് ടെർമിനൽ ചെറുകുന്ന് - 50% പ്രവൃത്തി പൂർത്തീകരിച്ചു.

22. മൈനർ ബോട്ട് ടെർമിനൽ മുട്ടിൽ - പ്രാരംഭ പ്രവൃത്തി പുരോഗമിക്കുന്നു.

23&24. എ. കെ. ജി. ഐലന്റ് ബോട്ട് ജെട്ടി (2 Nos) - ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാകേണ്ടതുണ്ട്.

25&26. സി എച്ച് ഐലന്റ് ബോട്ട് ജെട്ടി (2 Nos) - ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാകേണ്ടതുണ്ട്.

27&28. കൊളച്ചേരി ഐലന്റ് ബോട്ട് ജെട്ടി (2 Nos) - ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാകേണ്ടതുണ്ട്.

29&30. ഭഗത് സിങ് ഐലന്റ് ബോട്ട് ജെട്ടി (2 Nos) - ടെക്നിക്കൽ സാംഗ്ഷൻ ലഭ്യമാകേണ്ടതുണ്ട്.

- KEL-നെ ചുമതലപ്പെടുത്തിയ പദ്ധതി പ്രവൃത്തികളിൽ മലപ്പട്ടം മുനമ്പു കടവ് പ്രദേശത്ത് വാക്ക് വേ, ഫുഡ് കോർട്ട്, ടോയ്‌ലറ്റ് ബ്ലോക്ക്, ആർട്ടിസാൻസ് ആല എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. മറ്റ് പ്രവൃത്തികൾ CRZ അനുമതിക്ക് വിധേയമായി ചെയ്യേണ്ടുന്നതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

- പദ്ധതിക്കാവശ്യമായ CRZ ക്ലിയറൻസിനുവേണ്ടി അപേക്ഷിക്കുന്നതിനായി കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനെ (KSINC) ടൂറിസം വകുപ്പ് ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ KCZMA-യിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**പ്രതിസന്ധി നേരിടുന്ന പുരവഞ്ചികൾ**

111 (860) ശ്രീ. എച്ച്. സലാം:

ശ്രീ എം. മുകേഷ്:

ശ്രീ. കെ. ജെ. മാക്സി:

ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിൽ വലിയ പങ്ക് നിർവ്വഹിക്കുന്ന ആയിരത്തിലധികംവരുന്ന പുരവഞ്ചി സംരംഭകർ കോവിഡ് സാഹചര്യത്തിൽ വലിയ പ്രതിസന്ധികളെ നേരിടേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടൂറിസം വ്യവസായ മേഖലയിൽ വൻമുതൽമുടക്കുള്ള പ്രസ്തുത സംരംഭകർ വലിയ സാമ്പത്തിക പ്രതിസന്ധിയിൽക്കൂടി കടന്നുപോകുന്ന ഈ സാഹചര്യത്തിൽ പുരവഞ്ചികൾക്ക് കേടുപാടുകൾ സംഭവിക്കുന്നതുമൂലം ഭാവിയിൽ ഈ മേഖലയിൽ ഉണ്ടാകുവാനിടയുള്ള പ്രശ്നങ്ങൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(സി) പുരവഞ്ചികൾ, ശിക്കാരബോട്ടുകൾ, സ്പെഷ്യൽ ബോട്ടുകൾ തുടങ്ങിയവയുടെ ഓപ്പറേറ്റേഴ്സിന്റേയും ജീവനക്കാരുടേയും ഉപജീവനമാർഗ്ഗത്തെ നിശ്ചലമാക്കുന്ന നിലവിലെ സാഹചര്യം കണക്കിലെടുത്ത് ആശ്വാസനടപടികൾ സ്വീകരിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

(ബി&സി) പുരവഞ്ചികൾക്ക് കേടുപാടുകൾ സംഭവിക്കുന്നതുമൂലം ഭാവിയിൽ ഈ മേഖലയിൽ ഉണ്ടാകുവാനിടയുള്ള പ്രശ്നങ്ങൾ സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. പുരവഞ്ചി മേഖലയിൽ ഉൾപ്പെടെ സർക്കാർ നൽകി വരുന്ന മുഖ്യമന്ത്രിയുടെ ലോൺ സ്കീം ഈ രംഗത്തെ മികച്ച രീതിയിൽ പരിഗണിക്കുന്നതിന്റെ ഉദാഹരണമാണ്. "ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം " വഴി ഒറ്റത്തവണ ധനസഹായ പദ്ധതിയുടെ ഭാഗമായി ആകെ 86 ലക്ഷം രൂപയുടെ ധനസഹായം ഇതേവരെ പുരവഞ്ചി ഉടമകൾക്ക് കൈമാറിക്കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ കേരള ബാങ്ക് വഴി ഈ മേഖലയിലെ ജീവനക്കാർക്കും വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## ടൂറിസവും തൊഴിലവസരങ്ങളും

112 (861) ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്?

തെരഞ്ഞെടുക്കപ്പെട്ട ഏതാനും ചില കേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാനവ്യാപകമാക്കുവാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ തീരുമാനിക്കുകയും ടൂറിസം ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ടൂറിസം വകുപ്പിലെ ഒരു പ്രത്യേക വിഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് 14 ജില്ലകളിലേയ്ക്കും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്തു. ഇനി വരുന്ന 5 വർഷക്കാലംകൊണ്ട് അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരളത്തിലെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഉത്തരവാദിത്ത ടൂറിസം പദ്ധതി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ടൂറിസത്തിലൂടെ ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

നിലവിലെ കോവിഡ് മഹാമാരിയുടെ സാഹചര്യം മാറി ടൂറിസം സാധാരണ ഗതിയിലേയ്ക്ക് വരുമ്പോൾ ആരോഗ്യം, ശുചിത്വം, പരിസ്ഥിതി സംരക്ഷണം എന്നിങ്ങനെയുള്ള കാര്യങ്ങൾ മുൻനിർത്തി പ്രാദേശിക ജനസമൂഹത്തേയും ടൂറിസം സംരംഭകരേയും ഉൾപ്പെടുത്തിക്കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും ടൂറിസത്തിലൂടെ പരിസ്ഥിതി സംരക്ഷണം എന്ന ലക്ഷ്യത്തിലൂന്നിയതുമായ വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി നടപ്പിലാക്കി പ്രാദേശിക തൊഴിലും വരുമാനവും ഉറപ്പുവരുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

## ടൂറിസം മേഖല നേരിടുന്ന കനത്ത പ്രതിസന്ധി

113 (862) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം മേഖല മഹാമാരിയും തുടർച്ചയായി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും കാരണം കനത്ത പ്രതിസന്ധി നേരിടുന്ന കാര്യം ഗൗരവമായി എടുത്തിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രതിസന്ധിയിലായ പ്രസ്തുത മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

പ്രതിസന്ധിയിലായ പ്രസ്തുത മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിന് വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ ഇടപെടൽമൂലം ഈ രംഗത്ത് വൈദ്യുതി നിരക്കിൽ ഇളവ് ലഭ്യമാക്കുവാനും കെട്ടിട നികുതി - ഭൂനികുതി ഇളവുകളുടെ സമയം ദീർഘിപ്പിച്ചു നൽകുവാനും സാധ്യമായി. സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴി ടൂറിസം രംഗത്തുള്ള നിക്ഷേപകർക്കും തൊഴിലെടുക്കുന്ന വർക്കുംവേണ്ടി ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ വായ്പാ പദ്ധതി നടപ്പിലാക്കി. മാത്രമല്ല ഹൗസ് ബോട്ട് ഉടമകൾ, ടൂറിസം ഗൈഡുമാർ എന്നിവർക്ക് ലഭ്യമാക്കിയ ഒറ്റത്തവണ ധനസമാശ്വാസ പദ്ധതിയും നടപ്പാക്കിയിരുന്നു. ഇതിനുപുറമേ വിനോദ സഞ്ചാര മേഖലയിലെ വിവിധ സർക്കാർ അംഗീകൃത/ക്ലാസിഫൈഡ് യൂണിറ്റുകളായ ആയുർവേദ സെന്റർ, ഹൗസ് ബോട്ട്, ഹോം സ്റ്റേ, സർവ്വീസ്ഡ് വില്ല, റസ്റ്റോറന്റ്സ്, ടൂർ ഓപ്പറേറ്റേഴ്സ് എന്നിവർക്ക് അവരുടെ ക്ലാസിഫിക്കേഷൻ/അംഗീകാരം തീരുന്ന മുറയ്ക്ക് 2020 ഡിസംബർ 31 വരെ നിരുപാധികം അംഗീകാരം/ക്ലാസിഫിക്കേഷൻ സർക്കാർ ദീർഘിപ്പിച്ചു നൽകിയിരുന്നു. 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ടൂറിസം മേഖലയുടെ പുനരുജ്ജീവനത്തിനായി 30 കോടി രൂപ മാറ്റിവച്ചിരുന്നു. പാക്കേജ് തയ്യാറായി വരുന്നു. 'KFC' വഴി വായ്പാ പദ്ധതി ആവിഷ്കരിച്ചു വരുന്നു. ടൂറിസം മാർക്കറ്റിംഗിനായി 50 കോടി രൂപ കൂടുതൽ വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെത്തുന്ന സഞ്ചാരികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന കുറവ് ഈ മേഖലയെ എപ്രകാരമാണ് ബാധിച്ചത്; വിശദീകരിക്കാമോ?

കോവിഡ് മഹാമാരിയെ തുടർന്ന് സംസ്ഥാനത്ത് എത്തുന്ന സഞ്ചാരികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് വിനോദ സഞ്ചാര മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഹൗസ് ബോട്ടുകളും ഹോട്ടലുകളും റസ്റ്റോറന്റുകളും ഹോംസ്റ്റേകളും ആയുർവേദ സെന്ററുകളും സഞ്ചാരികളില്ലാതെ ബുദ്ധിമുട്ടുന്നുണ്ട്. ബീച്ച്, കായൽ, ഹിൽ സ്റ്റേഷൻ എന്നിവിടങ്ങളിൽ സഞ്ചാരികൾ എത്താത്തത് ഈ മേഖലയെ ആശ്രയിച്ചുകഴിയുന്ന ചെറുതും വലുതുമായ എല്ലാ വിഭാഗങ്ങളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ഡി) ഈ വർഷം അവസാനത്തോടുകൂടി കോവിഡിന്റെ മൂന്നാം തരംഗം ഉണ്ടാകുമെന്ന മുന്നറിയിപ്പ് ഇതിനകംതന്നെ വന്ന സാഹചര്യത്തിൽ, ആയിരക്കണക്കിന് പേർക്ക് ഉപജീവനം നൽകുന്ന ടൂറിസം മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി പരിരക്ഷിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

കോവിഡ്മൂലം വിനോദ സഞ്ചാര മേഖലയ്ക്ക് സംഭവിച്ച പ്രതിസന്ധി പരിഹരിക്കുന്നതിനായി വിവിധ സമാശ്വാസ പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടൂറിസം മേഖലയ്ക്കായി ഒരു പാക്കേജ് പരിഗണനയിലുമുണ്ട്.

## വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി

114 (863) ശ്രീ. എൻ. ഷംസുദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനംമൂലം വിനോദസഞ്ചാര മേഖല വൻ പ്രതിസന്ധി യിലൂടെ കടന്നുപോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ടൂറിസം മേഖലയ്ക്കുവേണ്ടി പ്രത്യേക പാക്കേജ് ആവഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പ്രത്യേക പാക്കേജ് നടപ്പിലാക്കുവാനായി 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാക്കേജിന്റെ വിശദാംശങ്ങൾ തയ്യാറായി വരുന്നു.

(സി) പിന്നോക്കാവസ്ഥയിലുള്ള മലബാർ പ്രദേശത്തിന്റെ ടൂറിസം വികസന ത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

മലബാർ ടൂറിസം വികസനം ലക്ഷ്യംവച്ച് കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലെ പൈതൃക കേന്ദ്രങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള തലശ്ശേരി ഹെറിറ്റേജ് പദ്ധതി, ധർമ്മടം - മുഴപ്പിലങ്ങാട് ബീച്ചിന്റെ സമഗ്ര വികസനം, കണ്ണൂർ കാസർഗോഡ് ജില്ലകളിലെ നദികളിലൂടെയുള്ള നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം ഈ സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച മലബാർ ലിറ്ററി സർക്യൂട്ട് എന്ന പദ്ധതിയും നടപ്പിലാക്കുന്നതാണ്.

## അഡ്വഞ്ചർ ടൂറിസം മേഖലയിലെ പദ്ധതികൾ

115 (864) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അഡ്വഞ്ചർ ടൂറിസം മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

മുൻസർക്കാരിന്റെ കാലത്ത് അഡ്വഞ്ചർ ടൂറിസം മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. അഡ്വഞ്ചർ പാർക്ക് തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് എന്നിവിടങ്ങളിൽ ആരംഭിച്ചു.

2. സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റെഗുലേഷൻസ് & രജിസ്ട്രേഷൻ സിസ്റ്റം സാഹസിക വിനോദസഞ്ചാര മേഖലയിലെ സുരക്ഷാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ (KATPS) നേതൃത്വത്തിൽ ഒരു വിദഗ്ധ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 തരം സാഹസിക ടൂറിസം ആക്ടിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ "സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി റഗുലേഷൻസ്" പുറപ്പെടുവിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ വിനോദസഞ്ചാര വകുപ്പ് അഡ്വഞ്ചർ ടൂർ ഓപ്പറേറ്റേഴ്സിനായി ഒരു ഓൺലൈൻ രജിസ്ട്രേഷൻ സിസ്റ്റവും നടപ്പിലാക്കി.

3. അന്തർദേശീയവും ദേശീയവുമായ സാഹസിക മത്സരങ്ങൾ സംഘടിപ്പിക്കുക പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള സ്ഥാപനങ്ങൾ, ടെക്നിക്കൽ അഡ്വൈസേർസ് എന്നിവരുമായി സഹകരിച്ച് അന്തർ ദേശീയവും ദേശീയവുമായ സാഹസിക മത്സരങ്ങൾ സംഘടിപ്പിച്ച് വരുന്നു. പ്രധാനപ്പെട്ടവ താഴെപ്പറയുന്നു :

(i) ഇന്റർനാഷണൽ മൗണ്ടൈൻ ബൈക്ക് ചലഞ്ച് MTB Kerala നടത്തിവരുന്നു. 2018, MTB Kerala 5th Edition മത്സരത്തിൽ നാഷണൽ തലത്തിൽ ആദ്യമായി വനിതകളെ കൂടി ഉൾപ്പെടുത്തി. 2019 ഡിസംബറിൽ നടന്ന MTB Kerala 2019 സൈക്ലിംഗ് മത്സരം അന്തർദേശീയ സംഘടനയായ യു.സി.ഐ.-യുടെ ഭാഗമായി മാറി.

(ii) മലബാർ റിവർ ഫെസ്റ്റിവൽ അന്താരാഷ്ട്ര കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവൽ കോഴിക്കോട് ജില്ലയിലെ തുഷാര ഗിരിയിൽ ഇരുവഞ്ഞിപ്പുഴയിലും ചാലിപ്പുഴയിലും നടത്തുക യുണ്ടായി.

(iii) ചാലിയാർ ചലഞ്ച്

(iv) ആംഗ്ലിംഗ് മത്സരം

4. അഡ്വഞ്ചർ ആക്ടിവിറ്റികളുടെ മാർക്കറ്റിംഗ് കേരളത്തിലെ സാഹസിക ടൂറിസം മാർക്കറ്റ് ചെയ്യുന്നതിന്റെ ഭാഗമായി കേരള ട്രാവൽ മാർട്ട് 2018, ATOAI കൺവെൻഷൻ 2019 അറക്കുവാലി തുടങ്ങിയ ട്രാവൽ എക്സിബിഷനുകളിൽ പങ്കെടുത്തിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള അഡ്വഞ്ചർ മേഖലകളെ കോർത്തിണക്കിക്കൊണ്ടുള്ള "അഡ്വഞ്ചർ ടൂർ പാക്കേജുകൾ " KATPS സംഘടിപ്പിക്കുന്നു.

(ബി) ഈ പദ്ധതികൾക്കായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് അറിയിക്കാമോ?

അന്താരാഷ്ട്ര മത്സരങ്ങൾക്കും മറ്റു പദ്ധതികൾക്കുമായി 1,72,14,917 (ഒരു കോടി എഴുപത്തി രണ്ട് ലക്ഷത്തി പതിനാലായിരത്തി തൊള്ളായിരത്തി പതിനേഴ് രൂപ) ചെലവഴിച്ചു.

(സി) ഈ മേഖലയിൽ നടപ്പിലാക്കാനിരിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിൽ വിളപ്പിൽശാല ഗ്രാമ പഞ്ചായത്തിൽ അഡ്വഞ്ചർ ടൂറിസം അക്കാഡമി, കയാക്കിംഗിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യ വികസനം, വേളി അഡ്വഞ്ചർ പാർക്ക്, വാഗമൺ പാരാഗ്ലൈഡിംഗ് അടിസ്ഥാന സൗകര്യ വികസനം, വാഗമൺ അഡ്വഞ്ചർ പാർക്ക്, കുമരകത്ത് പാരാഗ്ലൈഡിംഗ് കോഴ്സിനുള്ള സ്ഥലം എന്നിവ ഈ മേഖലയിൽ നടപ്പിലാക്കാനിരിക്കുന്ന പദ്ധതികളാണ്.

## ചെറുവത്തൂർ - വീരമലക്കുന്ന് ടൂറിസം പദ്ധതി

116 (865) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ വീരമലക്കുന്ന് കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി ആവിഷ്കരിക്കുവാൻ നേരത്തേതന്നെ മന്ത്രിതലത്തിലും ഉദ്യോഗസ്ഥ തലത്തിലും സ്ഥലം സന്ദർശിച്ച് പരിശോധന നടത്തി പ്രോജക്ടുകൾ സമർപ്പിച്ചിട്ടും പദ്ധതി തുടങ്ങാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(എ&ബി) നിർദ്ദിഷ്ട പദ്ധതിക്കാവശ്യമായ സ്ഥലം റവന്യൂ വകുപ്പിൽനിന്നും കൈമാറ്റം ചെയ്തുകിട്ടുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ലൈറ്റ് ഹൗസ് ടൂറിസം കേന്ദ്രങ്ങൾ

117 (866) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 11 ലൈറ്റ് ഹൗസുകളെ ടൂറിസം ആകർഷണ കേന്ദ്രങ്ങളാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ലൈറ്റ് ഹൗസുകളെ ടൂറിസം ആകർഷണ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ഒന്നുംതന്നെ ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടില്ല.

(ബി) ഇതുസംബന്ധിച്ച് കേന്ദ്ര തുറമുഖ ഷിപ്പിംഗ് ജലപാത മന്ത്രാലയത്തിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

ഇല്ല.

(സി) പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണോ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; ഇതിനായി താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉദിക്കുന്നില്ല.

## വിനോദസഞ്ചാര വികസനം

118 (867) ശ്രീ. വി. ജോയി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാടിന്റെ പാരിസ്ഥിതിക സൗഹൃദവും പരമ്പരാഗത ഉത്സവങ്ങളുടെ സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിലൂടെയും കായലുകളെയും ജലമേളകളെയും ഒരു ടൂറിസം ഉത്പന്നമായി വിപണം ചെയ്യുക എന്ന ലക്ഷ്യത്തോടെയും ആവിഷ്കരിച്ച വിവിധ പദ്ധതികളുടെ ഫലമായി രാജ്യത്ത് തന്നെ ഏറ്റവും കൂടുതൽ വിദേശ വിനോദസഞ്ചാരികളെ സംസ്ഥാനത്ത് എത്തിക്കാൻ വിവിധ പദ്ധതികളിലൂടെ മുൻസർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു?

നാടിന്റെ പാരിസ്ഥിതിക സൗഹൃദവും പരമ്പരാഗത ഉത്സവങ്ങളുടെ സംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിലൂടെയും കായലുകളെയും ജലമേളകളെയും ഒരു ടൂറിസം ഉത്പന്നമായി വിപണനം ചെയ്യുക എന്ന ലക്ഷ്യത്തോടെയും സംസ്ഥാനത്ത് വിവിധ പരിപാടികൾ ആസൂത്രണം ചെയ്തിരുന്നു. വിദേശ-സ്വദേശ സഞ്ചാരികളെ

കേരളത്തിലെത്തിക്കാൻ ഉദ്ദേശിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു ഇത്. സംസ്ഥാനത്തെ വിവിധ ജലമേളകളെ സംയോജിപ്പിച്ച് 2019-ൽ നടത്തിയ കേരള ചാമ്പ്യൻസ് ബോട്ട് ലീഗ് ഇതിനുദാഹരണമാണ്. നിശാഗന്ധി ഡാൻസ് ഫെസ്റ്റിവൽ, മ്യൂസിക് ഫെസ്റ്റിവൽ, ഓണാഘോഷം എന്നിവ വഴിയും സഞ്ചാരികൾ കേരളത്തിലെത്തുകയും നമ്മുടെ പൈതൃക സമ്പത്ത് അനുഭവിച്ചറിയുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത നാടൻ കലകളുടെ സംരക്ഷണാർത്ഥം നടത്തിവരുന്ന 'ഉത്സവം' പരിപാടിയും മികച്ച രീതിയിൽ തന്നെ മുൻസർക്കാരിന്റെ കാലത്ത് നടത്തുവാനായി.

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി വിനോദ സഞ്ചാര മേഖലയിൽ കൈവരിച്ച നേട്ടങ്ങളും പുരസ്കാരങ്ങളും എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ?

വിവിധ പ്രവർത്തനങ്ങളുടെ ഫലമായി വിനോദസഞ്ചാര മേഖലയിൽ ഏറെ നേട്ടങ്ങൾ സംസ്ഥാനത്തിന് കൈവരിക്കാനായി. വിദേശ മേളകളിലെ സാന്നിദ്ധ്യവും കഴിഞ്ഞ 5 വർഷക്കാലം മികച്ച രീതിയിൽത്തന്നെ നടപ്പിലാക്കിയിരുന്നു. സംസ്ഥാനത്തിന് കഴിഞ്ഞ 5 വർഷക്കാലയളവിൽ 23 അന്തർദേശീയ അവാർഡുകളും 19 ദേശീയ അവാർഡുകളും ലഭിച്ചിട്ടുണ്ട്. പുരസ്കാരങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കോവിഡ്-19 മൂലം പ്രതിസന്ധിയിലായ ഉത്സവങ്ങളും മറ്റും കോവിഡാനന്തരം കൂടുതൽ കരുതലോടെയും ആകർഷകമായും പുനഃസംഘടിപ്പിക്കുന്നതിനായുള്ള ആസൂത്രണം ഈ സർക്കാർ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ?

കോവിഡ്-19 മൂലം പ്രതിസന്ധിയിലായ വിനോദസഞ്ചാര മേഖലയ്ക്ക് കരുത്തേകാൻ വിവിധ പരിപാടികൾ കൂടുതൽ ആകർഷകമായും കരുതലോടെയും കോവിഡാനന്തരം പുനഃസംഘടിപ്പിക്കുവാൻ നടപടിയെടുക്കുന്നതാണ്.

## ടൂറിസം മേഖലയിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ

119 (868) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ രണ്ടാം തരംഗം മൂർദ്ധന്യമായ സാഹചര്യത്തിൽ പല വിദേശ രാജ്യങ്ങളും ഇന്ത്യയിലേയ്ക്ക് സഞ്ചാര വിലക്ക് ഏർപ്പെടുത്തിയത് സംസ്ഥാനത്തെ ടൂറിസം മേഖലയെ എപ്രകാരമാണ് ബാധിച്ചതെന്ന് അറിയിക്കാമോ?

കോവിഡിന്റെ വ്യാപനംമൂലം പല വിദേശരാജ്യങ്ങളും ഇന്ത്യയിലേയ്ക്കുള്ള സഞ്ചാര വിലക്ക് ഏർപ്പെടുത്തിയതുവഴി വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സാഹചര്യത്തിൽ ആഭ്യന്തര ടൂറിസത്തിന് കൂടുതൽ പ്രാധാന്യം നൽകി പ്രസ്തുത മേഖലയെ കൈപിടിച്ചുയർത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കോവിഡ് വ്യാപനത്തിന്റെ ഫലമായി വിദേശ സഞ്ചാരികൾക്ക് പല രാജ്യങ്ങളും വിലക്കേർപ്പെടുത്തിയതിനാൽ ആഭ്യന്തര സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനായി സമൂഹമാധ്യമങ്ങളിലൂടെയും അച്ചടി മാധ്യമങ്ങളിലൂടെയും പ്രചരണ പരിപാടികൾ നടത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) രണ്ടാം കോവിഡ് തരംഗം അവസാനിക്കുമ്പോൾ ടൂറിസം മേഖലയിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് വകുപ്പ് ഇതിനകം തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

കോവിഡ് വ്യാപനം അവസാനിക്കുമ്പോൾ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ടൂറിസം മേഖലയിലെ വിദഗ്ധരുമായി കൂടിയാലോചനകൾ നടത്തി വിവിധ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

(ഡി) ടൂറിസം വഴി പ്രദേശവാസികൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് പുതുതായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ടൂറിസം വഴി തദ്ദേശീയരായവർക്ക് കൂടുതൽ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം പദ്ധതി മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി കൂടുതൽ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**ഇക്കോ ടൂറിസം പദ്ധതികൾ**

120 (869) ശ്രീ. എം. എം. മണി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

നിലവിലുള്ള ഇക്കോ ടൂറിസം പദ്ധതികൾ ശക്തിപ്പെടുത്തുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ടി മേഖലയിൽ നടത്തി വരുന്നുണ്ട്. പരിസ്ഥിതിക്ക് അനുയോജ്യമാംവിധം ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ പശ്ചാത്തല വികസന പ്രവർത്തനങ്ങൾ

നടത്തിവരുന്നു. കൂടാതെ ഓൺലൈൻ ടിക്കറ്റിംഗ് സംവിധാനംവഴി മുൻകൂട്ടി ടിക്കറ്റുകൾ ബുക്ക് ചെയ്യുന്നതിനും സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി പൊതു ജനങ്ങൾക്ക് അവരുടെ സൗകര്യമനുസരിച്ച് ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനുള്ള അവസരം കൈവന്നിട്ടുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശക വാഹകശേഷി പഠനം നടത്തിവരുന്നുണ്ട്. ആയതുപ്രകാരം പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തി ഇക്കോ ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും അതോടൊപ്പം സുരക്ഷാ പഠനം ( safety audit) നടത്തി സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ വനാശ്രിത സമൂഹത്തിന്റെ ശാക്തീകരണത്തിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമുള്ള കാര്യങ്ങൾ അതിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ വനാശ്രിത സമൂഹത്തിന്റെ ശാക്തീകരണത്തിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുമുള്ള കാര്യങ്ങൾ അതിൽ ഉൾപ്പെടുത്തിയാണ് നിലവിൽ അവ നടപ്പിലാക്കി വരുന്നത്.

(സി) ഇക്കോ ടൂറിസം മേഖലയിലെ ഗൈഡുമാരായി ആദിവാസി യുവാക്കൾക്ക് പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. അതാത് പ്രദേശങ്ങളിലെ വനാശ്രിത സമൂഹത്തിന്റെ കൂട്ടായ്മയായ വനസംരക്ഷണ സമിതികൾ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ ഉൾപ്പെടുന്ന വനം വകുപ്പിന്റെ വികസന ഏജൻസികൾ (FDA) വഴിയാണ് ഇവർക്ക് പരിശീലനം നൽകിവരുന്നത്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS) എന്നിവയുടേയും സഹകരണത്തോടെ ഭാഷാ നൈപുണ്യം, ഇക്കോ ഫ്രണ്ട്ലി പ്രോഗ്രാമുകൾ, വനമേഖലയിലെ സസ്യജന്തുജാലങ്ങളെ തിരിച്ചറിയൽ, സന്ദർശകരോടുള്ള പെരുമാറ്റത്തെ സംബന്ധിച്ച വ്യക്തിത്വ വികസന പരിശീലനം, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് മുതലായ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നു.

## കോവിഡ്മൂലം ടൂറിസം മേഖലയിലുണ്ടായ തളർച്ച

121 (870) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം സംസ്ഥാനത്തെ ടൂറിസം മേഖലയിലും അനുബന്ധ മേഖലയിലും ഉണ്ടായ തളർച്ച ഈ മേഖലകളുമായി ബന്ധപ്പെട്ട പതിനായിരങ്ങളുടെ ജീവിതം വഴിമുട്ടിച്ച എന്നതു വസ്തുതയല്ലേ?

അതെ.

(ബി) ടൂറിസം അനുബന്ധ മേഖലയിലെ ജീവനക്കാർക്കായി എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നോ; ഇല്ലെങ്കിൽ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ടൂറിസം അനുബന്ധ മേഖലയിലെ ജീവനക്കാർക്കായി കേരള ബാങ്ക് വഴി മുഖ്യമന്ത്രിയുടെ വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മാത്രമല്ല അംഗീകൃത ടൂറിസം ഗൈഡുമാർക്ക് ലഭ്യമാക്കിയ 10,000 രൂപയുടെ ഒറ്റത്തവണ ധനസമാശ്വാസ പദ്ധതിയും നടപ്പാക്കി.

(സി) ടൂറിസം മേഖലയിലെ നിക്ഷേപകർക്ക് ലഭ്യമാക്കിയ വായ്പകളുടെ തിരിച്ചടവിന് സാവകാശം നേടിക്കൊടുക്കാനും അവരുടെ സിബിൽ റേറ്റിംഗിനെ ബാധിക്കാതിരിക്കാനും സർക്കാർ മുൻകയ്യെടുക്കുമോ?

ടൂറിസം മേഖലയിലെ നിക്ഷേപകർക്ക് ലഭ്യമാക്കിയ വായ്പകളുടെ തിരിച്ചടവിന് സാവകാശം നേടിക്കൊടുക്കുവാനും അവരുടെ സിബിൽ റേറ്റിംഗിനെ ബാധിക്കാതിരിക്കാനും എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുമായി കൂടിയാലോചിക്കുന്നതാണ്.

(ഡി) ടൂറിസം മേഖലയിലെ പുതിയ സംരംഭങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ടൂറിസം മേഖലയിലെ നിലവിലുള്ള സംരംഭങ്ങൾക്ക് സംസ്ഥാനതല ബാങ്കേഴ്സ് സമിതിവഴി ഇപ്പോൾത്തന്നെ മുഖ്യമന്ത്രിയുടെ ലോൺ സ്കീം പ്രകാരം വായ്പ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ സംരംഭകർക്കായി 'KFC' വായ്പ അനുവദിക്കുന്ന കാര്യം ഉൾക്കൊള്ളിച്ചിട്ടുണ്ട്. വിശദാംശങ്ങൾ തയ്യാറാക്കുമ്പോൾ പുതിയ സംരംഭങ്ങളുടെ കാര്യം കൂടി പരിഗണിക്കുന്നതാണ്.

## മലനാട് - മലബാർ - റിവർക്രൂസ് പദ്ധതി

122 (871) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലനാട് - മലബാർ - റിവർക്രൂസ് പദ്ധതി നിലവിൽ കണ്ണൂർ - കാസർഗോഡ് ജില്ലകളിലെ പുഴകളെ മാത്രം ബന്ധിപ്പിച്ചുകൊണ്ടാണ് തയ്യാറാക്കിയിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 25 കിലോമീറ്ററോളം നീണ്ടുകിടക്കുന്ന ജൈവ വൈവിധ്യവും പ്രകൃതി രമണീയതയുംകൊണ്ട് അനുഗ്രഹീതമായ കുറ്റ്യാടി പുഴയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റ്യാടിപുഴയെ മലനാട് റിവർ ക്രൂയിസുമായി ബന്ധിപ്പിക്കാനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

(ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽപ്പെട്ട പയങ്കുറ്റിമലയിൽ വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം പ്രവൃത്തികളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ; നിലവിൽ പയങ്കുറ്റിമല ടൂറിസം ഡെസ്റ്റിനേഷനായി വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ?

"ടൂറിസം ഡെവലപ്മെന്റ് അറ്റ് പയങ്കുറ്റിമല" എന്ന പദ്ധതിക്ക് 2.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ വ്യൂ ടവർ പ്ലാറ്റ്ഫോം, കോമ്പൗണ്ട് വാൾ, റോഡ്, ലാൻഡ്സ്കേപ്പിംഗ് കഫറ്റേരിയ, ഇൻറർലോക്ക് ഫോർ ഗ്രൗണ്ട്, ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പയങ്കുറ്റിമല ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ സമർപ്പിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കോവിഡ് മഹാമാരിയും ടൂറിസവും

123 (872) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയെ എത്രത്തോളം ബാധിച്ചുവെന്നും ഇതിലൂടെ പ്രസ്തുത മേഖലയിൽ എത്ര കോടി രൂപയുടെ നഷ്ടമാണ് സംഭവിച്ചതെന്നും അറിയിക്കുമോ; ഈ പ്രത്യേക സാഹചര്യത്തിൽ പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾ എത്രയെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരി സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ ദോഷകരമായി ബാധിച്ചുതുടങ്ങിയ ഫെബ്രുവരി 2020 മുതൽ വിദേശ വിനോദ സഞ്ചാരികളുടെ വരവിലും മാർച്ച് 2020 മുതൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ

വരവിലും നെഗറ്റീവ് വളർച്ചാനിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2020 കലണ്ടർ വർഷം വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ -71.36% വളർച്ചാനിരക്കും ആഭ്യന്തര വിനോദ സഞ്ചാരികളുടെ വരവിൽ - 72.86% വളർച്ചാനിരക്കുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആകെ വിനോദ സഞ്ചാരികളുടെ വരവിൽ -72.77% വളർച്ചാനിരക്കാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2019-ലെ വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ 2020-ൽ 33674.73 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കി യിട്ടുള്ളത്. പ്രസ്തുത വരുമാന നഷ്ടത്തിന് ആനുപാതികമായ തൊഴിൽ നഷ്ടവും ടൂറിസം മേഖലയിലുണ്ടായിട്ടുണ്ട്.

(ബി) ഇതിൽനിന്നും കരകയറുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്നും ആയത് പ്രകാരം ടൂറിസ്റ്റുകളുടെ വരവിൽ ഗണ്യമായ വർദ്ധനവ് വരുത്താൻ എന്നുമുതൽ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

കോവിഡ് മഹാമാരി സൃഷ്ടിച്ച ആഘാതത്തിൽനിന്നും കരകയറുന്നതിനായും ഇത് സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ സൃഷ്ടിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി കൂടുതൽ ആഭ്യന്തര-വിദേശ സഞ്ചാരികളെ ആകർഷിക്കു ന്നതിനുതകുന്ന രീതിയിൽ വിവിധ പ്രചാരണ പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. ഇതിന്റെ ഭാഗമായി സമൂഹമാധ്യമങ്ങളിലൂടെയും അച്ചടി മാധ്യമങ്ങളിലൂടെയും വിവിധയിനം പ്രചരണ പരിപാടികൾ ആവിഷ്കരിച്ചു വരുന്നു.

(സി) മെഡിക്കൽ ടൂറിസത്തിന് സാധ്യതയുള്ള സംസ്ഥാനത്ത് മെഡിക്കൽ ടൂറിസം വികസനത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്ത മാക്കുമോ?

കോവിഡാനന്തര സാഹചര്യത്തിൽ മെഡിക്കൽ ടൂറിസത്തിന്റെ സാധ്യതകൾ പരിഗണിച്ച് ഈ രംഗത്തുള്ള വിദഗ്ദ്ധരുമായി ആലോചിച്ച് പദ്ധതികൾ നടപ്പിലാ ക്കുന്നത് പരിശോധിക്കും.

(ഡി) ഹെറിറ്റേജ് ടൂറിസവും ബിനാലെയും ഉൾപ്പെടെ പ്രധാനപ്പെട്ട സംരംഭങ്ങൾ നടക്കുന്ന കൊച്ചിയുടെ ടൂറിസം വികസനത്തിനായി ഇതര വകുപ്പുകളുമായി ചേർന്ന് നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കൊച്ചിയുടെ ടൂറിസം വികസനത്തിന് ഇതര വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ നടപ്പാക്കുന്നത് നിലവിൽ പരിഗണനയിലില്ല.

## പെപ്പർ പദ്ധതി

124 (873) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പ്രദേശത്തെ ജനങ്ങളുടെ അഭിപ്രായവും പങ്കാളിത്തവും സമന്വയിപ്പിച്ചുകൊണ്ട് ആ പ്രദേശത്തെ ടൂറിസത്തിന്റെ വികസനം സാധ്യമാക്കുന്ന പെപ്പർ പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

(എ & ബി)ആദ്യഘട്ടത്തിൽ പെപ്പർ പദ്ധതി വൈക്കം താലൂക്കിലെ 8 തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് ആരംഭിച്ചത് (വൈക്കം മുനിസിപ്പാലിറ്റി, തലയാഴം, ഉദയനാപുരം, മറവന്തുരുത്ത്, കല്ലറ, വെച്ചൂർ, ചെമ്പ്, ടി.വി.പുരം എന്നീ പഞ്ചായത്തുകൾ). തുടർന്ന് വൈക്കം താലൂക്കിലെ 9 തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കും (വെള്ളൂർ, തലയോലപ്പറമ്പ്, പെരിങ്ങാമല, കള്ളിക്കാട്, ആമ്പല്ലൂർ, കാന്തല്ലൂർ അതിരപ്പിള്ളി, പുന്നയൂർക്കുളം, കയ്യോർ ചീമേനി) പൊന്നാനി താലൂക്കിലെ പൊന്നാനി മുനിസിപ്പാലിറ്റി, നന്നംമുക്ക്, വെളിയങ്കോട്, ആലംകോട്, പെരുമ്പടപ്പ്, മാറഞ്ചേരി പഞ്ചായത്തുകൾ എന്നിവിടങ്ങളിലേയ്ക്കും പെപ്പർ പദ്ധതി വ്യാപിപ്പിച്ചു. പ്രസ്തുത പ്രദേശങ്ങളിലെല്ലാം ആദ്യഘട്ട പ്രവർത്തനങ്ങൾ (സ്പെഷ്യൽ ടൂറിസം ഗ്രാമസഭ, റിസോഴ്സ് മാപ്പിംഗ്, റിസോഴ്സ് ഡയറക്ടറി തയ്യാറാക്കൽ, സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റ്, ഇൻവെസ്റ്റേഴ്സ് മീറ്റ്) പൂർത്തിയായി. തുടർപ്രവർത്തനങ്ങൾ (വിവിധ എക്സ്പീരിയൻസ് ടൂർ പാക്കേജുകൾ തയ്യാറാക്കുകയും അവയുടെ പ്രൊമോഷനും വിവിധ പരിശീലനങ്ങൾ, യൂണിറ്റ് രൂപീകരണവും അവയെ ടൂറിസം വ്യവസായവുമായി നേരിട്ടും അല്ലാതെയും ബന്ധിപ്പിക്കലും തുടങ്ങിയവ) നടന്നുവരുന്നു. മൂന്നാം ഘട്ടത്തിൽ പുതുതായി 10 തദ്ദേശഭരണ സ്ഥാപനങ്ങളിൽ (തിരുവില്ല്വാമല, പെരുമ്പളം, ഏലപ്പാറ, വട്ടവട, കാവാലം, കുടരഞ്ഞി, ചേലേമ്പ്ര, ചാലിയാർ, തലക്കുളത്തൂർ, കുവപ്പടി) പെപ്പർ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു. എന്നാൽ കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രവർത്തനങ്ങൾ ഇടയ്ക്കുവച്ച് നിർത്തിവയ്ക്കേണ്ടിവന്നു. ഒന്നാം ഘട്ടത്തിൽ പെപ്പർ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ച വൈക്കം, രണ്ടാം ഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ച പൊന്നാനി എന്നീ പ്രദേശങ്ങൾ പെപ്പർ പദ്ധതി പ്രവർത്തനങ്ങളിലൂടെ ടൂറിസം കേന്ദ്രങ്ങളായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പെപ്പർ പദ്ധതിയുടെ ഭാഗമായി "വൈക്കം ചുമർ ചിത്ര നഗരി" എന്ന പദ്ധതി നടപ്പിലാക്കുവാനും അതിനായി ആദ്യഘട്ടത്തിൽ വൈക്കം സത്യാഗ്രഹ സ്മാരക

മതിൽ, പി,ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസ് മതിൽ എന്നിവിടങ്ങളിൽ മ്യൂറൽ ചിത്രങ്ങൾ വരയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പെപ്പർ പദ്ധതിയിലൂടെ ഉയർന്നു വന്ന പുന്നയൂർക്കുളം പഞ്ചായത്തിൽ പെപ്പർ പദ്ധതിക്കൊപ്പം കേന്ദ്ര സർക്കാരിന്റെ ശ്യാമപ്രസാദ് മുഖർജി നാഷണൽ റർബൻ മിഷൻ (SPMNRM) പദ്ധതിയുടെ ഭാഗമായ പ്രവർത്തനങ്ങളും പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. പദ്ധതി നടത്തിപ്പിനായി 50 ലക്ഷം രൂപ പഞ്ചായത്ത് ആർ.ടി. മിഷന് കൈമാറിയിട്ടുണ്ട്. പുന്നയൂർക്കുളം എക്സ്പീരിയൻഷ്യൽ ടൂറിസം പ്രൊമോട്ട് ചെയ്യുന്നതിനുള്ള പ്രൊമോഷണൽ വീഡിയോ ഇതിനോടകം തന്നെ പുറത്തിറങ്ങിയിട്ടുണ്ട്. പുന്നയൂർക്കുളത്തിനായുള്ള വെബ്സൈറ്റ് ലോഞ്ചിങ്ങിന് തയ്യാറായിട്ടുണ്ട്. പരിശീലനങ്ങൾ കോവിഡ് നിയന്ത്രണങ്ങൾ മാറിയാലുടൻ ആരംഭിക്കും.

(സി) പെപ്പർ പദ്ധതി കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

പെപ്പർ പദ്ധതി ഘട്ടംഘട്ടമായി പുതിയ സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

### വിനോദസഞ്ചാര മേഖലയിലെ പ്രത്യേക പദ്ധതികൾ

125 (874) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ . സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദ സഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കുമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അറിയിക്കുമോ?

സംസ്ഥാനത്ത് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖലയിൽ തൊഴിലെടുക്കുന്നവർക്കും സംരംഭകർക്കുമായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴി ടൂറിസം രംഗത്തുള്ള നിക്ഷേപകർക്കും കേരള ബാങ്ക് വഴി തൊഴിലെടുക്കുന്നവർക്കുംവേണ്ടി ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ വായ്പാ പദ്ധതികളാണ് ഇതിൽ പ്രധാനം. ടൂറിസം വർക്കിംഗ് ക്യാപ്പിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവ നടപ്പിലാക്കി.

(ബി) ഇതിന്റെ ഭാഗമായി നടപ്പാക്കിവരുന്ന ടൂറിസം വർക്കിംഗ് ക്യാപ്പിറ്റൽ സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിവയുടെ വിശദാംശം നൽകുമോ?

ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം-ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ/റിസോർട്ടുകൾ/ടൂർ ട്രാൻസ്പോർട്ട് ഓപ്പറേറ്റർമാർ തുടങ്ങിയ വിവിധ യൂണിറ്റുകൾക്ക് 25 ലക്ഷം രൂപ വരെ വർക്കിംഗ് ക്യാപിറ്റൽ ലോൺ ആയി അനുവദിക്കുന്നതാണ് ഈ പദ്ധതി. 34 ബാങ്കുകൾ ഉൾപ്പെടുന്ന എസ്.എൽ.ബി.സി.വഴിയാണ് പദ്ധതി ഏകോപിപ്പിച്ച് നടപ്പാക്കുന്നത്. ലോണെടുക്കുന്ന യൂണിറ്റുകൾ 42 മാസം കൊണ്ടാണ് പലിശ ഉൾപ്പെടെയുള്ള തുക തിരികെ ബാങ്കുകൾക്ക് നൽകേണ്ടത്. ഇതിൽ ആദ്യ ആറു മാസം റീപേയ്മെന്റ് ഹോളിഡേ ആണ്. തുടർന്നുള്ള ഒരു വർഷം ആകെ പലിശയുടെ പകുതി (ഏറ്റവും കൂടുതൽ 4.5 ശതമാനം) interest subvention ആയി ബാങ്ക് വഴി യൂണിറ്റുകൾക്ക് നൽകുന്നതാണ്. ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം-ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ലോൺ അനുവദിക്കുന്നതിനായുള്ള "ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീമിൽ" അപേക്ഷിക്കേണ്ടത് അതത് വ്യക്തികൾ ജോലി ചെയ്തുവരുന്ന യൂണിറ്റുകൾ വഴിയാണ്. യൂണിറ്റുകൾ സമർപ്പിക്കുന്ന ജീവനക്കാരുടെ വിശദാംശത്തിന്റെ അടിസ്ഥാനത്തിൽ കേരള ബാങ്ക് വഴിയാണ് 30,000 രൂപ വരെയുള്ള ലോൺ അനുവദിക്കുന്നത്. സ്വർണ്ണം ഈടായി സ്വീകരിച്ചുകൊണ്ടാണ് കേരള ബാങ്ക് ലോൺ അനുവദിക്കുന്നത്. ലോണെടുക്കുന്ന ജീവനക്കാർ 18 മാസം കൊണ്ടാണ് പലിശ ഉൾപ്പെടെയുള്ള തുക തിരികെ ബാങ്കുകൾക്ക് നൽകേണ്ടത്. ഇതിൽ ആദ്യ നാലു മാസം റീപേമെന്റ് ഹോളിഡേ ആണ്. ആകെ പലിശയായ 9 ശതമാനത്തിൽ 6 ശതമാനം ടൂറിസം വകുപ്പ് കേരള ബാങ്കിന് നൽകുന്നതാണ്. ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം- ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒറ്റത്തവണ ധനസഹായ പദ്ധതി ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ഒന്നു മുതൽ രണ്ടുവരെ കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് 80,000/രൂപയും മൂന്ന് മുതൽ നാലു വരെ കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് 1,00,000 രൂപയും അഞ്ചിലധികം കിടപ്പുമുറികളുള്ള ഹൗസ് ബോട്ടുകൾക്ക് 1,20,000 രൂപയും ധനസഹായം നൽകുന്നതിനാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ടൂറിസം ഗൈഡ്സ് സപ്പോർട്ട് സ്കീം-കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ വരുമാനരഹിതരായ സർക്കാർ അംഗീകൃത ടൂറിസ്റ്റ് ഗൈഡുമാർക്ക് ഒറ്റത്തവണ ഗ്രാന്റായി പതിനായിരം രൂപ നൽകിയിട്ടുണ്ട്.

(സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ലൈസൻസികൾക്ക് സ്ഥാപനങ്ങൾ അടഞ്ഞുകിടന്ന കാലത്തെ വാടക ഇളവ് അനുവദിക്കുന്നതിനും ലീസ് വ്യവസ്ഥയിൽ നൽകിയ സ്ഥാപനങ്ങൾക്ക് അവ അടച്ചിട്ട കാലം കണക്കാക്കി കരാർ കാലാവധി നീട്ടി നൽകുന്നതിനും ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

രാജ്യവ്യാപക ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും പരിഗണിച്ച് ഡി.ടി.പി.സി.-കളുടെ ലൈസൻസികൾക്കുള്ള സ്ഥാപനങ്ങൾ അടഞ്ഞുകിടന്ന കാലത്തെ വാടക ഇളവ് അനുവദിച്ചും ലീസ് വ്യവസ്ഥയിൽ നൽകിയ സ്ഥാപനങ്ങൾക്ക് അവ അടച്ചിട്ട കാലം കണക്കാക്കിയും കരാർ കാലാവധി നീട്ടി നൽകിയും ഉത്തരവായിട്ടുണ്ട്.

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

126 (875) ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. എം. വിജിൻ:
ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിലൂടെ സംസ്ഥാനത്തിന് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ?

തെരഞ്ഞെടുക്കപ്പെട്ട ഏതാനും ചില കേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുവാനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടൂറിസം വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒരു പ്രത്യേക വിഭാഗമായി "ഉത്തരവാദിത്ത ടൂറിസം മിഷൻ" രൂപീകരിച്ച് 14 ജില്ലകളിലേയ്ക്കും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ആർ.ടി. മിഷന്റെ വിവിധ പ്രവർത്തനങ്ങളിലൂടെ എല്ലാ ജില്ലകളിലും സാധാരണക്കാരായ ജനങ്ങൾക്ക് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് തൊഴിലും വരുമാനവും ലഭ്യമാക്കുവാൻ സാധിച്ചു. നിലവിൽ ആർ.ടി. മിഷന് സംസ്ഥാനവ്യാപകമായി 20019 യൂണിറ്റുകളും അതുവഴി 100790 ഗുണഭോക്താക്കളുമുണ്ട്. 2017 ആഗസ്റ്റ് മാസം മുതൽ 2021 മാർച്ച് മാസം വരെ 37 കോടി രൂപയുടെ പ്രാദേശിക വരുമാനം ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾമൂലം ലഭ്യമായിട്ടുണ്ട്. മൂന്നര വർഷക്കാലത്തെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ ദേശീയ, അന്തർദേശീയ തലത്തിൽ ശ്രദ്ധ ആകർഷിക്കുന്ന ഒന്നായി മാറിയിട്ടുണ്ട്. ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ഉത്തരവാദിത്ത ടൂറിസം മേഖലയിലെ 4 ദേശീയ പുരസ്കാരങ്ങളും 5 അന്താരാഷ്ട്ര പുരസ്കാരങ്ങളും കേരള ടൂറിസം നേടിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രായോഗിക നടപടികളിലൂടെ പ്രദേശിക സമൂഹത്തിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും 'ഗ്രാമീണ ടൂറിസം' പ്രോത്സാഹിപ്പിക്കുന്നതിനും എത്രമാത്രം കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? ഒരു കാലത്ത് സാധാരണക്കാരായ പ്രാദേശിക ജനസമൂഹത്തിന് യാതൊരു റോളും ഇല്ലാതിരുന്ന ടൂറിസം രംഗത്ത് പ്രാദേശിക സാന്നിധ്യവും പങ്കാളിത്തവും ഉറപ്പാക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. മുൻപ് തെരഞ്ഞെടുക്കപ്പെട്ട ഏതാനും ചില കേന്ദ്രങ്ങളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുവാൻ ആർ.ടി. മിഷൻ രൂപീകരണത്തോടെ സാധിച്ചു. ആർ.ടി മിഷൻ രൂപീകരണത്തിന് മുൻപും ശേഷവുമുള്ള പ്രവർത്തന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു:

(ആർ.ടി മിഷന് മുൻപ് (2008-2017) 9 വർഷങ്ങൾ) - രജിസ്റ്റേഡ് യൂണിറ്റുകൾ-197, സ്ത്രീകൾ നയിക്കുന്ന യൂണിറ്റുകൾ -ഇല്ല, പ്രത്യക്ഷ ഗുണഭോക്താക്കൾ-843, പരോക്ഷ ഗുണഭോക്താക്കൾ-2529, അനുഭവവേദ്യ ടൂറിസം പാക്കേജുകളുടെ എണ്ണം-7, ഈ പാക്കേജുകളിൽ വന്ന ആകെ സഞ്ചാരികളുടെ എണ്ണം-4000, ആകെ ലഭിച്ച പ്രാദേശിക വരുമാനം-12 കോടി രൂപ ആർ.ടി മിഷൻ രൂപീകരണത്തിനുശേഷം (2017 ആഗസ്റ്റ്-2021 മാർച്ച്) 3.5 വർഷങ്ങൾ-രജിസ്റ്റേഡ് യൂണിറ്റുകൾ-20019, സ്ത്രീകൾ നയിക്കുന്ന യൂണിറ്റുകൾ - 16013, പ്രത്യക്ഷ ഗുണഭോക്താക്കൾ-36815, പരോക്ഷ ഗുണഭോക്താക്കൾ-63915, അനുഭവവേദ്യ ടൂറിസം പാക്കേജുകളുടെ എണ്ണം- 140, ഈ പാക്കേജുകളിൽ വന്ന ആകെ സഞ്ചാരികളുടെ എണ്ണം-92543, ആകെ ലഭിച്ച പ്രാദേശിക വരുമാനം-37 കോടി രൂപ

(സി) കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ഉത്തരവാദിത്ത ടൂറിസം പദ്ധതി വ്യാപിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ?

ഉണ്ട്.

(ഡി) ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അംഗീകൃത ടൂറിസം സംഘങ്ങളേയും സ്ഥാപനങ്ങളേയും പ്രസ്തുത ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി സഹകരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽത്തന്നെ ടൂറിസം രംഗത്തും അനുബന്ധ മേഖലകളിലും പ്രവർത്തിക്കുന്ന സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളുമായും ഈ രംഗത്തെ വിവിധ സംഘടനകളുമായും അസ്സോസിയേഷനുകളുമായും സഹകരിച്ചാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തിക്കുന്നത്.

## നെയ്യാറ്റിൻകര ഈരാറ്റിൻപുറം ടൂറിസം കേന്ദ്രം

127 (876) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ഈരാറ്റിൻപുറം ടൂറിസം കേന്ദ്രത്തിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഈരാറ്റിൻപുറം ടൂറിസം പദ്ധതിയിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. ടിക്കറ്റ് കൗണ്ടർ
2. നടപ്പാത, റീടൈനിംഗ് വാൾ
3. ലാൻഡ് സ്കേപ്പിംഗ്
4. സൈൻ ബോർഡ്
5. ഇരിപ്പിടങ്ങൾ
6. ഇന്റേണൽ റോഡ്
7. കാർ പാർക്കിംഗ്, സ്നാക്ക്സ് ബാർ & ടോയ്‌ലെറ്റ്

(ബി) പ്രവൃത്തികൾക്കായി ടൂറിസം വകുപ്പ് അനുവദിച്ച ഫണ്ടനുസരിച്ച് ഇനി ഏതൊക്കെ പ്രവൃത്തികളാണ് ഇറിഗേഷൻ വിഭാഗം പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

ഈരാറ്റിൻപുറം ടൂറിസം പദ്ധതിയിൽ വിനോദസഞ്ചാര വകുപ്പ് അനുവദിച്ച പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാനുള്ള പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. വാച്ച് ടവർ
2. കണക്ടിംഗ് ബ്രിഡ്ജ്
3. റെസ്റ്റിംഗ് ഹട്ട്
4. ഇളനീർ പന്തൽ
5. ട്രീ ഹൗസ് 1
6. ട്രീ ഹൗസ് 2

7. കോറക്കിൾ ബോട്ടിംഗ്

8. സോളാർ സ്ട്രീറ്റ് ലൈറ്റ്

9. ബോള്ളാർഡ് ലൈറ്റ്

10. ബോർ വെൽ ആൻഡ് പമ്പ്

11. സ്റ്റോൺ ബെഞ്ച്

12. എർത്ത് റോഡ്

13. ബാംബൂ ഫെൻസിംഗ്.

(സി) ബാക്കിവരുന്ന പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കും എന്ന് വ്യക്തമാക്കാമോ?

പദ്ധതിയിൽ പൂർത്തിയാക്കേണ്ട ബാക്കി പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## ജി.എസ്.ടി. സംബന്ധിച്ച പരാതികൾ

128 (877) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്തെ ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകരുടെ ജി.എസ്.ടി. സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വെളിപ്പെടുത്താമോ?

നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ധനവകുപ്പുമായി സഹകരിച്ച് ഈ പരാതികൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പട്ടാമ്പിയിൽ ഭാരതപ്പുഴ കേന്ദ്രീകരിച്ച് ടൂറിസം പദ്ധതി

129 (878) ശ്രീ. മുഹമ്മദ് മുഹസിൻ : താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭാരതപ്പുഴ കേന്ദ്രീകരിച്ചുകൊണ്ട് ഒരു ടൂറിസം പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ ഭാരതപ്പുഴയുടെ മലിനീകരണത്തെ ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കുമെന്ന തിനാലും ഒരു ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള എല്ലാ സാധ്യതകളും പട്ടാമ്പിയിൽ ഉള്ളതിനാലും അത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള "മലബാർ ലിറ്ററി സർക്യൂട്ട് " പദ്ധതിയിൽ ഭാരതപ്പുഴയുടെ തീരത്തെ പ്രസക്ത ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

## നെഹ്റു പാർക്ക് നവീകരണം

130 (879) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിൽ വെങ്കിടങ്ങ് പഞ്ചായത്തിലെ നെഹ്റു പാർക്കിൽ എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിൽ വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനമാവ് നെഹ്റു പാർക്കിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന വിനോദസഞ്ചാര വകുപ്പ് 98,00,000 രൂപയുടെ ഭരണാനുമതി നൽകുകയും ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന വിവിധ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## കാസർഗോഡ് ജില്ലയുടെ വിനോദസഞ്ചാര സാധ്യതകൾ

131 (880) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിനോദസഞ്ചാരത്തിന് സാധ്യതയുള്ള പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വിനോദസഞ്ചാരത്തിന് സാധ്യതയുള്ള പ്രദേശങ്ങളിൽ കഴിഞ്ഞ 5 വർഷം നടപ്പാക്കിയ പദ്ധതികളുടേയും അവ ഉൾപ്പെടുന്ന പ്രദേശ ങ്ങളുടേയും മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ പ്രദേശങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷം നടപ്പിലാക്കിയ ടൂറിസം പദ്ധതികൾ എന്തൊക്കെയാണെന്നും ആയതിനായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വിനോദസഞ്ചാരത്തിന് സാധ്യതയുള്ള പ്രദേശങ്ങളിൽ കഴിഞ്ഞ 5 വർഷം നടപ്പാക്കിയ പദ്ധതികളുടേയും അവ ഉൾപ്പെടുന്ന പ്രദേശങ്ങളുടേയും മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഫണ്ട് തീരെ അനുവദിക്കാത്തതും എന്നാൽ വിനോദസഞ്ചാര സാധ്യതയുള്ളതുമായ ഏതെല്ലാം പ്രദേശങ്ങൾ ജില്ലയിലുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

1. കണ്വതീർഥ ബീച്ച്, മഞ്ചേശ്വരം മണ്ഡലം
2. പൊസഡിഗുംപെ ഹിൽസ് , മഞ്ചേശ്വരം മണ്ഡലം
3. തളങ്കര അഴിമുഖം , കാസർഗോഡ് മണ്ഡലം
4. കാപ്പിൽ ബീച്ച്, ഉദുമ മണ്ഡലം
5. ഒഴിഞ്ഞവളപ്പ് ബീച്ച്, കാഞ്ഞങ്ങാട് മണ്ഡലം
6. അഴിത്തല ബീച്ച്, തൃക്കരിപ്പൂർ മണ്ഡലം
7. ഒരിയര ബീച്ച്, തൃക്കരിപ്പൂർ മണ്ഡലം
8. വലിയപറമ്പ് ബീച്ച്, തൃക്കരിപ്പൂർ മണ്ഡലം.

(ഡി) കാസർഗോഡ് കസബ, ലൈറ്റ് ഹൗസ്, ബീച്ച് എന്നിവ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധ്യതയുള്ള പ്രദേശങ്ങളാണോ; എങ്കിൽ ഇവിടെ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ ആയതിനായി പഠനം നടത്തി സാധ്യതകൾ കണ്ടെത്തുമോ?

കാസർഗോഡ് കസബ ബീച്ചിൽ ഏതാണ്ട് അമ്പത്തി ഏഴ് ലക്ഷം രൂപ ചെലവഴിച്ച് ടൂറിസം വകുപ്പ് കഫറ്റേരിയ, കുട്ടികളുടെ പാർക്ക്, ടോയലറ്റ് റെയിൻ ഷെൽട്ടർ, ചുറ്റുമതിൽ തുടങ്ങിയവ നിർമ്മിച്ചിരുന്നുവെങ്കിലും പ്രദേശവാസികളുടെ എതിർപ്പ് കാരണം പ്രസ്തുത കേന്ദ്രം പ്രവർത്തനക്ഷമമാക്കാൻ സാധിച്ചില്ല. എലൈറ്റ് ഹൗസ്, ബീച്ച് എന്നിവിടങ്ങളിൽ പുതിയ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

132 (881) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ പൈതൽമല, ഏഴരക്കുണ്ട് വെള്ളച്ചാട്ടം, പാലക്കയംതട്ട്, ശശിപ്പാറ, കാഞ്ഞിരക്കൊല്ലി, അളകാപുരി വെള്ളച്ചാട്ടം എന്നിവയുടെ വികസനത്തിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പൈതൽമല വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശമാണ്. അവിടെ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. ഏഴരക്കുണ്ട് വെള്ളച്ചാട്ടം, ട്രക്കിംഗ് പാത എന്നിവയുമായി ബന്ധപ്പെട്ട രണ്ടാം ഘട്ട പദ്ധതി പ്രവൃത്തികൾ വാപ്കോസ് എന്ന ഏജൻസി മുഖാന്തിരം പുരോഗമിക്കുന്നു. പാലക്കയം തട്ടിൽ മിയാവാക്കി വനം ഒരുക്കാൻ പദ്ധതിയിട്ടിരുന്നുവെങ്കിലും പ്രസ്തുത സ്ഥലം പദ്ധതിക്ക് അനുയോജ്യ മല്ലാത്തതിനാൽ ഉപേക്ഷിക്കുകയുണ്ടായി. ശശിപ്പാറയിൽ നിലവിൽ ടൂറിസം പദ്ധതികളൊന്നും ആലോചിച്ചിട്ടില്ല. കാഞ്ഞിരക്കൊല്ലി/അളകാപുരി പ്രദേശത്ത് ഒരു ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ പദ്ധതി ആരംഭിച്ചുവെങ്കിലും പദ്ധതിയുൾപ്പെടുന്ന സ്വകാര്യ ഭൂമിയുടെ റിലിംഗ്വിഷമെന്റ് നടപടികൾ പൂർത്തീകരിക്കാത്തതിനാൽ നിർമ്മാണം പൂർത്തിയായിട്ടില്ല.

(ബി) പ്രസ്തുത കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് വിനോദസഞ്ചാര വകുപ്പിന്റെയോ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെയോ നേതൃത്വത്തിൽ ഒരു ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഇപ്പോൾ പരിഗണനയിലില്ല.

## പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപന നിലവാരം

133(882) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി ശാന്തകുമാരി കെ. :
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപന നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

അദ്ധ്യാപന നിലവാരം ഉയർത്തുന്നതിന് അദ്ധ്യാപകർക്ക് വിവിധ തലത്തിലുള്ള പരിശീലനങ്ങൾ നടത്തിവരുന്നു.

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പരിശീലന പരിപാടികളാണ് അദ്ധ്യാപകർക്കായി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

എസ്.സി.ഇ.ആർ.ടി.-യുടെ ആഭിമുഖ്യത്തിൽ 6 മാസം ദൈർഘ്യമുള്ള സമഗ്ര അദ്ധ്യാപക പരിവർത്തന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ സർട്ടിഫിക്കറ്റ് കോഴ്സിന്റെ ആദ്യ ബാച്ച് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഡിജിറ്റൽ ക്ലാസ്സുകൾ ഫലപ്രദമായി ഓൺലൈൻ സംവിധാനത്തിലൂടെ വിനിമയം ചെയ്യുന്നതിന് അദ്ധ്യാപകരെ സാങ്കേതികമായി ശാക്തീകരിക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നതാണ്. സർവീസിൽ ആദ്യമായി പ്രവേശിക്കുന്ന അദ്ധ്യാപകർക്കായി ഇൻഡക്ഷൻ പരിശീലനവും നൽകുന്നതാണ്. സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കായി പരിശീലനപരിപാടികളും നടത്തിവരുന്നു. പ്രീസ്കൂൾ അദ്ധ്യാപകർക്കായി 'പ്രശിക്ഷാ' എന്ന പേരിൽ പരിശീലനപരിപാടിയും നടപ്പിലാക്കിവരുന്നു. അദ്ധ്യാപകർക്ക് വ്യക്തിഗത ഗവേഷണം നടത്തുന്നതിനും സ്കൂൾതല അക്കാഡമിക പിൻതുണ നൽകുന്നതിനും അവസരമൊരുക്കുന്നുണ്ട്.

(സി) പഠന നിലവാരം ഉയർത്തുന്നതിൽ അദ്ധ്യാപകരും രക്ഷാകർത്താക്കളും തമ്മിലുള്ള ആശയവിനിമയം അത്യന്താപേക്ഷിതമായതിനാൽ സ്കൂളുകളിൽ അദ്ധ്യാപക-രക്ഷകർതൃ സംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അദ്ധ്യാപകരും രക്ഷകർത്താക്കളും തമ്മിലുള്ള ആശയവിനിമയം കൂടുതൽ ഫലപ്രദമാക്കുന്നതിനാവശ്യമായ പ്രവർത്തനപദ്ധതി തയ്യാറാക്കുന്നതാണ്.

## സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

134 (883) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിൽ ഏതെല്ലാം സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണമാണ് പുരോഗമിച്ചു കൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇനി എത്ര ശതമാനം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും വിശദമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ചുവടെ പറയുന്ന സ്കൂളുകളിൽ കെട്ടിട നിർമ്മാണം നടന്നു വരുന്നു. 5 കോടി കിഫ്ബി ഫണ്ട് - മുല്ലശ്ശേരി ഗവ.എച്ച്.എസ്.എസ് - പണി പൂർത്തിയായി വരുന്നു.

1 കോടി കിഫ്ബി ഫണ്ട് - പി.ജെ.എം.ജി.എച്ച്.എസ്.എസ്. കണ്ടശ്ശാൻകടവ്, ജി.എച്ച്.എസ്.എസ്. വാടാനപ്പള്ളി എന്നീ രണ്ട് സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള SPV-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ജി.യു.പി.എസ്. കേച്ചേരി, ജി.യു.പി.എസ്. അരിമ്പൂർ എന്നിവയുടെ നിർമ്മാണം 50% പൂർത്തീകരിച്ചിട്ടുണ്ട്.

## വടകര മണ്ഡലത്തിലെ സ്കൂളുകൾക്ക് ചാലഞ്ച് ഫണ്ട്

135 (884) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ വടകര നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്കായി വിതരണം ചെയ്തിട്ടുള്ള തുകയെത്ര; ഓരോ സ്കൂളിനും ലഭിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(സി) ചാലഞ്ച് ഫണ്ട് ചെലവഴിക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ?

(എ-സി) 1-3-2018-ലെ സ.ഉ.(അച്ചടി)നമ്പർ 30/2018/ധന, 15-11-2019-ലെ സ.ഉ(അച്ചടി) നമ്പർ 156/2019/ധന എന്നീ ഉത്തരവുകൾ പ്രകാരം ചലഞ്ച് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പുതുപ്പണം ചെട്ട്യാത്ത് യു.പി.സ്കൂളിന് 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

136 (885) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നാളിതുവരെയായി ചെയ്ത പ്രവൃത്തികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നാളിതുവരെയായി നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

അടിസ്ഥാന സൗകര്യവികസനം - സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 141 സ്കൂളുകൾക്ക് 5 കോടിരൂപ വീതവും 386 സ്കൂളുകൾക്ക് 3 കോടി രൂപവീതവും 446 സ്കൂളുകൾക്ക് 1 കോടി രൂപ വീതവും എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചാലഞ്ച് ഫണ്ടും 59 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ 104 കോടിയും പ്ലാൻ ഫണ്ടിലൂടെ 1100-ഓളം വിദ്യാലയങ്ങളിൽ ഭൗതികസൗകര്യ വികസനത്തിനും നടപടി സ്വീകരിച്ചു. കൂടാതെ SSK, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, പൂർവ്വ വിദ്യാർത്ഥി ഫണ്ട് തുടങ്ങിയവ ഭൗതിക സൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്തി. 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 108 സ്കൂൾ കെട്ടിടങ്ങളും 3 കോടിരൂപ കിഫ്ബി ഫണ്ടിലുൾപ്പെട്ട 77 സ്കൂൾ കെട്ടിടങ്ങളും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

സാങ്കേതികവിദ്യ - ആധുനിക സാങ്കേതികവിദ്യയുടെ പിന്തുണ ഉറപ്പാക്കാൻ സെക്കണ്ടറി, ഹയർ സെക്കണ്ടറി എല്ലാ ക്ലാസ് മുറിയും സാങ്കേതികവിദ്യാ സൗഹൃദമാക്കി. മുഴുവൻ പ്രൈമറി വിദ്യാലയങ്ങളിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചു. 4752 സ്കൂളുകളിൽ ഐ.ടി. അടിസ്ഥാന സൗകര്യം. 14,000 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ്. 45000 ക്ലാസ്സ് മുറികൾ ഹൈടെക്കായി മാറി. പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പാക്കി. 1 മുതൽ 12 വരെയുള്ള ക്ലാസുകൾക്കായി 119054 ലാപ്ടോപ്പ്, 69943 പ്രൊജക്ടർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4545 ടി.വി., 4611 മൾട്ടി ഫങ്ഷൻ പ്രിന്റർ, 23098 സ്ക്രീൻ, 4720 വെബ്ക്യാം, 100472 യു.എസ്.ബി. സ്പീക്കർ 43250 മൗണ്ടിങ് കിറ്റ് തുടങ്ങിയ ഐ.ടി ഉപകരണങ്ങൾ വിന്യസിച്ചു. സാങ്കേതികവിദ്യയിൽ അദ്ധ്യാപകർക്കും കുട്ടികൾക്കുമുണ്ടായ മുൻപരിചയം ലോക്ഡൗൺ കാലത്ത് വലിയ തോതിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞു. സാങ്കേതികവിദ്യ ഫലപ്രദമായി ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്താൻ സമഗ്രപോർട്ടൽ തയ്യാറാക്കി. ഡിജിറ്റൽ ക്ലാസുകൾ മഹാമാരി കാലത്ത് കുട്ടികളെ എങ്ങനെ അഭിമുഖീകരിക്കുമെന്ന് ലോകം ചിന്തിച്ചു കൊണ്ടിരിക്കുമ്പോൾ കേരളത്തിന്റേതായ അനന്യമാതൃക വികസിപ്പിച്ചു. കുട്ടികളെ കർമ്മോത്സുകരാക്കാനും പഠന പാതയിൽ നിലനിർത്താനും ജൂൺ 1-നുതന്നെ ഫസ്റ്റ് ബെൽ ഡിജിറ്റൽ ക്ലാസുകൾ വിക്ടേഴ്സ് ചാനലിലൂടെ ആരംഭിച്ചു. ഡിജിറ്റൽ സൗകര്യമില്ലാത്ത കുട്ടികൾക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കണം എന്ന സർക്കാരിന്റെ അഭ്യർത്ഥന കേരളീയ സമൂഹം നെഞ്ചിലേറ്റി നടപ്പാക്കി. കോടിക്കണക്കിന് രൂപ

മൂല്യമുള്ള പതിനായിരത്തിലേറെ ഡിജിറ്റൽ ഉപകരണങ്ങൾ സാമൂഹികമായി സ്വരൂപിച്ച് മുഴുവൻ കുട്ടികൾക്കും ഡിജിറ്റൽ ക്ലാസുകൾ വീക്ഷിക്കാനുള്ള സൗകര്യമൊരുക്കി. ഭിന്നശേഷിയുള്ള കുട്ടികൾക്ക് യൂട്യൂബിലൂടെ വൈറ്റ് ബോർഡ് ക്ലാസുകൾ ഒരുക്കി. കന്നട തമിഴ് മാധ്യമം കുട്ടികൾക്കും ക്ലാസുകൾ ഒരുക്കി. വൊക്കേഷണൽ വിഷയങ്ങൾക്കും ഡിജിറ്റൽ ക്ലാസ്സുകൾ ഉറപ്പാക്കി. അക്കാദമികം സ്കൂളിന്റെ സമഗ്രവികസനത്തെ കണ്ടുകൊണ്ട് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി. ഗുണത ഉറപ്പാക്കാൻ വൈവിധ്യമാർന്ന അക്കാദമിക പ്രവർത്തനങ്ങൾ നടത്തി. ഭാഷാ വികാസത്തിനായി പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി തുടങ്ങിയ പ്രവർത്തനങ്ങൾ, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം, കാലാകായികം തുടങ്ങി എല്ലാ മേഖലകളിലും സർവ്വതല സ്പർശിയായ പ്രവർത്തനങ്ങൾ നടത്തി. വിവിധ ഏജൻസികൾ നടത്തുന്ന പഠന പിന്തുണ പ്രവർത്തനങ്ങൾക്കായി 'ശ്രദ്ധ' എന്ന പൊതു പ്ലാറ്റ്ഫോം രൂപപ്പെടുത്തി. കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികളെ ഫലപ്രദമായി ചെറുക്കുന്നതിനുള്ള അറിവും കഴിവും മനോഭാവവും വികസിപ്പിക്കുന്നതോടൊപ്പം അതത് ക്ലാസ്സുകളിൽ കുട്ടികൾ ആർജ്ജിക്കേണ്ട പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ നേടുക എന്നത് ലക്ഷ്യമായി നിശ്ചയിച്ചു. അക്കാദമിക് വർഷാരംഭത്തിനുമുമ്പുതന്നെ സമഗ്ര അക്കാദമിക് കലണ്ടർ തയ്യാറാക്കി. ശാസ്ത്ര മേഖലയിൽ ജനകീയ ഗണിതോത്സവം, ശാസ്ത്രപഥം എന്നീ പദ്ധതികൾ. സെക്കണ്ടറിതലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുന്നതിന് ലക്ഷ്യമിട്ട് ഗവേഷണാടിസ്ഥാനത്തിൽ 'റെലീഷ് ഇംഗ്ലീഷ് എന്ന പദ്ധതി'. ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ കാര്യത്തിൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ ക്യൂബ് (E3) പദ്ധതി എന്നിവ നടപ്പിലാക്കി. ഹയർ സെക്കണ്ടറി വിഭാഗം അദ്ധ്യാപകർക്കായി 10 ദിവസം നീണ്ടുനിന്ന റസിഡൻഷ്യൽ അദ്ധ്യാപക പരിവർത്തന പദ്ധതി നടപ്പിലാക്കി. കുട്ടികളിലെ വ്യത്യസ്തങ്ങളായ പ്രതിഭകളെ കണ്ടെത്താനും അവ പരിപോഷിപ്പിക്കാനുംവേണ്ടി 'ടാലന്റ് ലാബ്', വിദ്യാലയങ്ങളിൽ കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ 'സർഗ്ഗവിദ്യാലയ' പദ്ധതി, ദൃശ്യ പരിമിതിയുള്ള കുട്ടികൾക്കായി ഓഡിയോ പാഠങ്ങൾ, കുട്ടികളെ അക്കാദമികമായി സഹായിക്കാനും അവർക്കുണ്ടാകുന്ന വ്യക്തിപരമായ പ്രശ്നങ്ങളടക്കം മനസ്സിലാക്കി പരിഹരിക്കാനും സഹായകമായ 'മെന്ററിങ് പദ്ധതി' എന്നിവ ആവിഷ്കരിക്കുകയും അതിനായി 'സഹിതം' ഡിജിറ്റൽ പോർട്ടൽ വികസിപ്പിക്കുകയും ചെയ്തു. ഭിന്നശേഷിയുള്ള കുട്ടികൾക്കായി പ്രത്യേകം കരിക്കുലം, കൈപ്പുസ്തകം എന്നിവ വികസിപ്പിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകി. സാമൂഹികം സമൂഹത്തിലെ പ്രതിഭകളെ കുട്ടികൾക്ക് പരിചയപ്പെടുത്തി. അതിനായി ഏറെ ശ്രദ്ധിക്കപ്പെട്ട ' വിദ്യാലയം പ്രതിഭകളിലേയ്ക്ക് ' എന്ന പ്രവർത്തനം വിപുലമായി നടത്തി. രക്ഷകർതൃ ബോധവൽക്കരണത്തിനായി എസ്.സി.ഇ.ആർ.ടി. 'നന്മ പൂക്കുന്ന നാളേയ്ക്ക് ' എന്ന പുസ്തകം തയ്യാറാക്കി പരിശീലനം നൽകി.

വിദ്യാഭ്യാസരംഗത്തുണ്ടായ മുന്നേറ്റം വിദ്യാലയങ്ങളിൽ മാത്രമല്ല സമൂഹത്തിലാകെ പ്രസരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളുടെ എല്ലാവിധ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങളിലും സമൂഹ പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കി.

ഭരണനിർവ്വഹണം - ഭരണ നിർവ്വഹണം മെച്ചപ്പെടുത്താനായി ഡി.പി.ഐ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റുകൾ എന്നിവ ഏകോപിപ്പിച്ച് എല്ലാ ഡയറക്ടറേറ്റുകളേയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിധിയിൽ കൊണ്ടുവന്നു. എയ്ഡഡ് മേഖലയിലെ അദ്ധ്യാപക, അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനാംഗീകാരവും തസ്തിക നിർണ്ണയവും കൂടുതൽ സുതാര്യമാക്കി. ഇതിനായി സമന്വയ പോർട്ടൽ വികസിപ്പിച്ചു. ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ നിയമനം സമയബന്ധിതമായി നടപ്പാക്കി. മാനദണ്ഡം പാലിച്ച് ഓൺലൈൻ സ്ഥലം മാറ്റം സ്കൂൾ വർഷാരംഭത്തിനുമുമ്പുതന്നെ പൂർത്തീകരിക്കുന്ന അവസ്ഥ സംജാതമാക്കാനും കഴിഞ്ഞു. പൊതുമികവ് നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാലയങ്ങളെ ജനകീയ പങ്കാളിത്തത്തോടെ സംരക്ഷിക്കുകയും ഏറ്റവും മികച്ച വിദ്യാലയങ്ങളായി മാറ്റിയെടുക്കുകയും ചെയ്യുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിനെ ജനകീയമാക്കി. പൊതുവിദ്യാലയങ്ങളിൽ ഉണ്ടായ ഉണർവ്വും അതുണ്ടാക്കിയ അന്തരീക്ഷവും അൺ എയ്ഡഡ് വിദ്യാലയങ്ങളിൽനിന്നും മറ്റ് സ്വകാര്യ വിദ്യാലയങ്ങളിൽനിന്നും കുട്ടികളെ മാറ്റി പൊതുവിദ്യാലയങ്ങളിൽ ചേർക്കാൻ രക്ഷിതാക്കൾക്ക് പ്രേരകമായി. 2017-18 മുതൽ 2020-21 വരെ നാല് അക്കാദമിക വർഷങ്ങളിലായി 6.8 ലക്ഷം കുട്ടികൾ അധികമായി പൊതു വിദ്യാലയങ്ങളിലെത്തി. അക്കാദമിക രംഗത്തെ മുന്നേറ്റത്തിന്റെ അംഗീകാരമാണ് നീതി ആയോഗ് നടത്തിയ ഗുണനിലവാര പഠനത്തിൽ (SEQI) നമുക്ക് ലഭിച്ച ഒന്നാം സ്ഥാനം. ഇന്ത്യയിലെ പ്രഥമ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി കേരളം മാറി. ഇതിന്റെ പ്രഖ്യാപനം 2020 ഒക്ടോബർ 12-ന് നടന്നു. സർക്കാർ യു.പി. സ്കൂളുകളിൽ 2685 കലാ-കായിക പ്രവൃത്തി പരിചയ അദ്ധ്യാപകരെ സമഗ്രശിക്ഷാ കേരളം വഴി നിയമിച്ചു. ഭിന്നശേഷിയുള്ള കുട്ടികളുടെ സേവനത്തിനായി 2160 റിസോഴ്സ് അദ്ധ്യാപകർ (സ്പെഷ്യൽ എഡ്യുക്കേറ്റേഴ്സ്) നിയമിച്ചു. ഉച്ചഭക്ഷണം പാകം ചെയ്യാൻ എല്ലാ വിദ്യാലയങ്ങൾക്കും എൽ.പി.ജി. സൗകര്യം ഒരുക്കുകയും പാചകക്കൂലിയും പാചക ചെലവിനുള്ള തുക വർദ്ധിപ്പിക്കുകയും ചെയ്തു. ഉച്ചഭക്ഷണ ഗുണമേന്മ ഉറപ്പാക്കാൻ ഭക്ഷ്യ വസ്തുക്കളുടേയും കുടിവെള്ളത്തിന്റേയും ലബോറട്ടറി പരിശോധന ഉറപ്പാക്കി. 1 മുതൽ 8 വരെ ക്ലാസ്സുകളിൽ എല്ലാ കുട്ടികൾക്കും എ.പി.എൽ./ ബി.പി.എൽ. ഭേദമന്യേ സൗജന്യ യൂണിഫോം, പാഠപുസ്തക

വിതരണം സമയബന്ധിതമാക്കി. ആഗോള താപനം, കാലാവസ്ഥാ വ്യതിയാനം എന്നിവയുടെ പശ്ചാത്തലത്തിൽ ജൈവ വൈവിധ്യ സംരക്ഷണം, കൃഷി, പരിസ്ഥിതി എന്നിവയെല്ലാം ഉദ്ഗ്രഥിച്ചുകൊണ്ട് 'ക്യാമ്പസ് ഒരു പാഠപുസ്തകം' എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കി. എല്ലാ വിദ്യാലയങ്ങളിലും ജൈവവൈവിധ്യ ഉദ്യാനം തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ സമഗ്രമാറ്റം, എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും എൻ.എസ്.ക്യു.എഫ്. (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക്) എന്നിവയും നടപ്പിലാക്കി.

(ബി) സംസ്ഥാനത്ത് സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുകയും സ്കൂളുകൾ ഹൈടെക്ക് ആക്കുകയും ചെയ്യുതിന് എത്ര തുക ചെലവഴിച്ചു; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക ഉൾപ്പെടെയുള്ള വിശദാംശം നൽകുമോ?

ഭൗതിക സൗകര്യവികസനം-ഭൗതിക സൗകര്യവികസനത്തിനായി 5 കോടി, 3 കോടി, 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി 2075.5 കോടി രൂപയുടെ നിർമ്മാണത്തിനാണ് കിഫ്ബിയിൽനിന്നും അനുമതി നൽകിയത്. സാങ്കേതികവിദ്യാ സ്കൂളുകൾ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്നതിന് 785.5 കോടി രൂപ കിഫ്ബിയിൽനിന്നും അനുമതി നൽകി. ചെലവഴിച്ച തുക - ഭൗതിക സൗകര്യ വികസനത്തിനായി 630.22 കോടി രൂപ ഇതിനോടകം ചെലവഴിച്ചു. സ്കൂളുകൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായും പ്രൈമറി സ്കൂളുകൾക്ക് ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുന്നതിനായും 604.24 കോടി രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്.

(സി) സ്കൂളുകൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി വിവിധ ഉപകരണങ്ങൾ വാങ്ങിയതിന് ചെലവഴിച്ച തുക എത്രയാണ്; ഏത് കമ്പനിയാണ് സാധനങ്ങൾ സപ്ലൈ ചെയ്തത്; ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ ഏതെല്ലാമാണ്; പൂർണ്ണ വിശദാംശം വെളിപ്പെടുത്തുമോ?

ഹൈടെക് സ്കൂളുകൾ, ഹൈടെക് ലാബ് പദ്ധതികൾക്ക് നാളിതുവരെ ചെലവഴിച്ച തുക 604.24 കോടി രൂപയാണ്. സാധനങ്ങൾ സപ്ലൈ ചെയ്ത കമ്പനികളുടെ പേര് അനുബന്ധം 1 ആയും* ടെണ്ടറിൽ പങ്കെടുത്ത കമ്പനികളുടെ പേരു വിവരം അനുബന്ധം 2 ആയും ചേർത്തിട്ടുണ്ട്.*

(ഡി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് പ്രസ്തുത പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയത്; ഓരോ പ്രവൃത്തിയുടേയും ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദാംശം നൽകുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏറനാട് മണ്ഡലത്തിലെ താഴെപ്പറയുന്ന സ്കൂളുകൾക്കാണ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയത്.

5 കോടി കിഫ്ബി പദ്ധതി - കുഴിമണ്ണ ജി.എച്ച്.എസ്.എസ്.-നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി കിഫ്ബി പദ്ധതി - കിഴപ്പറമ്പ് ജി.വി.എച്ച്.എസ്.എസ്.(എസ്.പി.വി.-കൈറ്റ്)-50% പണി പൂർത്തിയായി. ജി.എച്ച്.എസ്.എസ്. അരീക്കോട് -(എസ്.പി.വി.-കൈറ്റ്) - 58% പണി പൂർത്തിയായി. ജി.യു.പി.എസ്. പത്തപ്പിരിയം, ജി.എച്ച്.എസ്.എസ്. എരഞ്ഞിമങ്ങാട്, ജി.എച്ച്.എസ്. പേരകമണ്ണ (എസ്.പി.വി.-കില)-എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുന്നു. സീതി ഹാജി മെമ്മോറിയൽ ജി.വി.എച്ച്.എസ്.എസ്. എടവണ്ണ (എസ്.പി.വി.-കൈറ്റ്)-57% പണി പൂർത്തിയായി. ജി.എച്ച്.എസ്.എസ്. കാവനൂർ (എസ്.പി.വി.-കൈറ്റ്) - നിർമ്മാണം ആരംഭിച്ചു. 1 കോടി കിഫ്ബി പദ്ധതി - (എസ്.പി.വി. - കില) ജി.എച്ച്.എസ്. പന്നിപ്പാറ, ജി.എൽ.പി.എസ്. കിഴിച്ചേരി, ജി.യു.പി.എസ്. മൂർക്കനാട്, ജി.എം.യു.പി.എസ്. മുണ്ടമ്പ്ര, ജി.എച്ച്.എസ്. വെറ്റിലപ്പാറ, ജി.എം.യു.പി.എസ്. അരീക്കോട്, ജി.യു.പി.എസ്. ചെങ്ങറ, ജി.യു.പി.എസ്. മൈത്ര എന്നീ സ്കൂളുകളുടെ ഡി.പി.ആർ. അംഗീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചു. നിർമ്മാണം ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. എരഞ്ഞിമങ്ങാട് ജി.യു.പി.എസ്, ജി.എച്ച്.എസ്. വടശ്ശേരി- ഡി.പി.ആർ. അംഗീകരിച്ച് ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയങ്ങൾ

137 (886) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സർക്കാർ വിദ്യാലയങ്ങളുണ്ടെന്ന് അറിയിക്കാമോ?

98 സർക്കാർ വിദ്യാലയങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

(ബി) അവ ഏതെല്ലാം ജില്ലകളിലാണെന്നും അവയ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്താൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(സി) സ്ഥലം ലഭ്യമായ വിദ്യാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

(ബി&സി) എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ സർക്കാർ വിദ്യാലയങ്ങൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും മതിയായ

സ്ഥല സൗകര്യം ഇല്ലാത്തതുമായ സർക്കാർ സ്കൂളുകൾക്ക് സ്ഥലം വാങ്ങുന്നതിന് സ്കൂളിന് സമീപമുള്ള സ്ഥലം സൗജന്യമായി ലഭിക്കാനുള്ള സാധ്യത കണ്ടെത്തുകയോ, അല്ലെങ്കിൽ വ്യക്തികളിൽനിന്നും മിതമായ വിലയ്ക്ക് സ്ഥലം വാങ്ങുകയോ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സ്വകാര്യ വിദ്യാലയങ്ങളിലെ ഫീസ് നിരക്ക്**

138 (887) ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് അദ്ധ്യയന വർഷവും സ്വകാര്യ/സർക്കാർ വിദ്യാലയങ്ങളിൽ ഓൺലൈൻ ക്ലാസുകൾ മാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളൂ എങ്കിൽ സ്വകാര്യ സ്കൂളുകളുടെ ഫീസ് ഇനത്തിൽ ഇളവുകൾ അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

(ബി) സ്വകാര്യ സ്കൂളുകളുടെ ഫീസ് നിരക്കുകൾ ഓൺലൈൻ ക്ലാസുകളുടെ അടിസ്ഥാനത്തിൽ കുറയ്ക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തുമോ?

(എ&ബി) ബഹു.ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽനിന്നും 2020-2021 അക്കാദമിക് വർഷത്തിൽ അമിത ഫീസ് ഈടാക്കരുതെന്നും യഥാർത്ഥ ചെലവുകൾക്കതീതമായി കൂടുതൽ തുക പിരിക്കരുതെന്നും നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ആയത് ഉറപ്പാക്കുന്നതിനുവേണ്ടി CBSE/ICSE സ്കൂളുകൾ പരിശോധിക്കുവാനും സ്കൂളുകൾ വിദ്യാർത്ഥികൾക്ക് നൽകുന്ന സൗകര്യങ്ങൾക്കനുസൃതമായുള്ള ഫീസാണോ ഈടാക്കുന്നതെന്ന് പരിശോധിക്കുവാനും നിർദ്ദേശം നൽകിയിരുന്നു. ഈ വർഷവും ഓൺലൈൻ ക്ലാസുകൾ മാത്രം തുടരുന്നപക്ഷം ഈ വിഷയം പരിശോധിക്കുന്നതാണ്.

**ഓൺലൈൻ ക്ലാസിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കൽ**

139 (888) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്- 19-ന്റെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കാത്തതിനാൽ വയനാട് ജില്ലയിലെ ട്രൈബൽ വിദ്യാർത്ഥികൾക്കും ഗ്രാമീണ പ്രദേശങ്ങളിലെ ട്രൈബൽ ഇതര വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനത്തിനാവശ്യമായ ഇന്റർനെറ്റ് കണക്റ്റിവിറ്റി, സ്മാർട്ട്ഫോൺ, ടെലിവിഷൻ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2020-21 വർഷം സൗകര്യങ്ങൾ ലഭ്യമാക്കിയിരുന്നു. ഈ വർഷം ഇത്തരം സൗകര്യങ്ങളില്ലാത്ത കുട്ടികളെ കണ്ടെത്തി അത് പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വയനാട് ഉൾപ്പെടെയുള്ള ജില്ലകളിലെ ആദിവാസി മേഖലകളിലും മലയോര മേഖലകളിലും പ്രത്യേക പരിഗണനയും ശ്രദ്ധയും നൽകിയിട്ടുണ്ട്. ഡിജിറ്റൽ ക്ലാസ്സുകളുടെ അടിസ്ഥാന സൗകര്യം എല്ലാ കുട്ടികൾക്കും ഒരുക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തുന്നതിനുവേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ബി) വയനാട് ജില്ലയിലെ ഗ്രാമീണ പ്രദേശങ്ങളിലെ ട്രൈബൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ ലഭിക്കുന്നില്ല എന്നത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉണ്ട്. പൊതുപഠന കേന്ദ്രങ്ങൾ വിപുലപ്പെടുത്തിയും ഉപകരണങ്ങൾ ലഭ്യമാക്കിയും ഡിജിറ്റൽ വീഡിയോ ക്ലാസുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ ഗ്രാമീണ പ്രദേശങ്ങളിലെ ട്രൈബൽ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനാവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കിയിരുന്നു. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഓൺലൈൻ പഠനം വിദ്യാർത്ഥികൾക്ക് എത്രമാത്രം ഫലപ്രദമാകുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്; ഓൺലൈൻ പഠനത്തിന്റെ ഫലപ്രാപ്തിയെ സംബന്ധിച്ച് എസ്.സി.ഇ.ആർ.ടി.-യും തിരുവനന്തപുരം സർക്കാർ വനിതാ കോളജിലെ സൈക്കോളജിക്കൽ റിസോഴ്സ് സെൻററും സംയുക്തമായി പഠനം നടത്തിയിട്ടുണ്ട്. കോവിഡ്-19 സ്കൂൾ വിദ്യാഭ്യാസരംഗത്തുണ്ടാക്കിയ പ്രത്യാഘാതങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ പഠനം വിഭാവനം ചെയ്യപ്പെട്ടത്. കോവിഡ് കാലത്തെ സ്കൂൾ വിദ്യാർത്ഥികളുടെയും കുടുംബാംഗങ്ങളുടെയും വിദ്യാഭ്യാസപരവും സാമൂഹികവും മാനസികാരോഗ്യ സംബന്ധിയുമായ അവസ്ഥകളാണ് പഠനത്തിന്റെ വിഷയം. കോവിഡ് മഹാമാരി സൃഷ്ടിക്കുന്ന വിദ്യാഭ്യാസപരവും മാനസികവുമായ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് ഉതകുന്ന നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയെന്നതാണ് പഠനത്തിന്റെ ഉദ്ദേശ്യം. കോവിഡ്19-ന്റെ ഭീഷണി ഒഴിയാതെ നിൽക്കുന്ന നിലവിലെ സാഹചര്യത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസരംഗം കൈക്കൊള്ളേണ്ട നടപടികളും മുൻകരുതലുകളും കൈക്കൊള്ളാൻ ഈ ഗവേഷണത്തിന്റെ കണ്ടെത്തലുകൾ സഹായകമാകും.

### ഓൺലൈൻ പഠനം

140 (889) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരി ആരംഭിച്ചതിനുശേഷമുള്ള രണ്ടാമത്തെ അദ്ധ്യയനവർഷം ജൂണിൽ ആരംഭിക്കാനിരിക്കെ ഇപ്പോഴും ഓൺലൈൻ പഠനത്തിനുള്ള സൗകര്യമില്ലാത്ത കുട്ടികൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

2021 ജൂൺ 1-ന് കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ കഴിഞ്ഞ വർഷത്തെപ്പോലെ ഡിജിറ്റൽ ക്ലാസുകളാണ് ആരംഭിച്ചിരിക്കുന്നത്. അതത് അദ്ധ്യാപകർതന്നെ അവരവരുടെ വിദ്യാർത്ഥികളെ ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് (ഇന്റർനെറ്റ് സംവിധാനത്തിലൂടെ) നേരിട്ട് വിനിമയം ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അതിനുമുമ്പ് ഓൺലൈൻ പഠനത്തിനാവശ്യമായ ഇന്റർനെറ്റ് കണക്ടിവിറ്റി, ഉപകരണങ്ങൾ തുടങ്ങിയവയുടെ ലഭ്യത പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്. ഉപകരണങ്ങളുടേയും സൗകര്യങ്ങളുടേയും ലഭ്യത ഉറപ്പുവരുത്തിക്കൊണ്ട് ഘട്ടംഘട്ടമായാണ് ക്ലാസുകൾ ഓൺലൈൻ രൂപത്തിലേക്കുകൂടി മാറ്റുന്നത്.

### താത്കാലികാദ്ധ്യാപകരുടെ വേതനം

141 (890) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അദ്ധ്യയന വർഷം സ്കൂളുകൾ തുറന്ന് പ്രവർത്തിച്ചില്ലെങ്കിലും അക്കാലയളവിൽ താത്കാലികക്കാരായി പ്രവർത്തിച്ച അദ്ധ്യാപകർക്ക് വേതനം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വേതനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

(എ&ബി) മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ച് തുടർന്നുവരുന്ന അദ്ധ്യാപകർക്ക് കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിച്ചിട്ടില്ലാത്തതിനാൽ വേതനം ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പട്ടികയിലുൾപ്പെട്ട മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപകർക്ക്, അവർക്ക് ഏറ്റവും ഒടുവിൽ നൽകിയ വേതനത്തിന് (ആകെ ആ മാസം നൽകിയത്) തുല്യമായ തുക 2021 ജനുവരി മുതൽ സാധാരണ രീതിയിൽ സ്കൂളുകൾ പ്രവർത്തിച്ചു തുടങ്ങുന്നതുവരെ പ്രതിമാസം നൽകുന്നതിന് 26-2-2021-ലെ സ.ഉ.(സാധാ) നമ്പർ 1957/2021/പൊ.വി.വ. ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## കരട് വിദ്യാഭ്യാസ നയം

142 (891) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജൂൺ 29-ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ നയം സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ജനാധിപത്യ മതനിരപേക്ഷ വിദ്യാഭ്യാസ ഉള്ളടക്കത്തെ ബാധിക്കാൻ ഈ നയം ഇടയാക്കിയേക്കാം. വിദ്യാഭ്യാസത്തിന്റെ നിലവിലുള്ള ഘടനയിലും ഉള്ളടക്കത്തിലും മാറ്റങ്ങൾ വന്നേക്കാം.

(ബി) കരട് വിദ്യാഭ്യാസ നയത്തിലെ സംസ്ഥാനത്തിന് ദോഷകരമായ കാര്യങ്ങൾ പുനഃപരിശോധിക്കണമെന്ന ആവശ്യത്തോട് കേന്ദ്ര സർക്കാർ അനുഭാവപൂർണ്ണമായ നിലപാടാണോ സ്വീകരിച്ചത്; എങ്കിൽ കരട് നിയമത്തിലെ ഏതൊക്കെ നിബന്ധനകൾ അന്തിമ നയത്തിൽനിന്ന് ഒഴിവാക്കിയെന്ന് വെളിപ്പെടുത്തുമോ?

കേരള സർക്കാർ ഇതുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. വിദ്യാഭ്യാസ നയത്തിന്റെ ആക്ഷൻ പ്ലാൻ കേന്ദ്രസർക്കാർ തയ്യാറാക്കിയിട്ടുണ്ട്. അതിനനുസരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്താൻ കഴിയും.

(സി) പുതിയ ദേശീയ വിദ്യാഭ്യാസ നയം പരിശോധിക്കുന്നതിനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ആയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നയം പരിശോധിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ നിർദേശപ്രകാരം ദേശീയ വിദ്യാഭ്യാസ നയത്തിന്റെ നടത്തിപ്പിനും പുരോഗതി വിലയിരുത്തുന്നതിനും മോണിറ്ററിംഗിനുമായി എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ചെയർമാനും പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ കൺവീനറുമായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്.

## ഓൺലൈൻ വിദ്യാഭ്യാസ സംവിധാനം

143 (892) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ് :
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ അടച്ചുപൂട്ടി വിദ്യാഭ്യാസം ഓൺലൈൻ ആക്കിയത് കുട്ടികളുടെ പഠനത്തെ ബാധിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്; എസ്.സി.ഇ.ആർ.ടി.-യും തിരുവനന്തപുരം സർക്കാർ വനിത കോളേജിലെ സൈക്കോളജിക്കൽ റിസോഴ്സ് സെന്ററും സംയുക്തമായി കോവിഡ് കാലത്തെ സ്കൂൾ കുട്ടികളുടെ അക്കാദമിക അവസ്ഥയെയും മനോ-സാമൂഹിക അവസ്ഥയെയും സംബന്ധിച്ച് ഒരു പഠനം നടത്തിയിട്ടുണ്ട്.

(ബി) ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന മാനസിക സംഘർഷവും പിരിമുറുക്കവും ലഘൂകരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക ഇടപെടൽ സർക്കാർ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിദ്യാർത്ഥികളുടെ പഠന പ്രയാസങ്ങളും മറ്റ് ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് കൗൺസിലിംഗ് അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(ബി&സി) ഉണ്ട്; കുട്ടികളുടെ മാനസിക സമ്മർദ്ദവും പിരിമുറുക്കവും ലഘൂകരിക്കുന്നതിനനുയോജ്യമായ ക്ലാസുകൾ കൈറ്റ് വിക്ടേഴ്സ് വഴി സംപ്രേഷണം ചെയ്തു വരുന്നു. കൂടാതെ അദ്ധ്യാപകർ, ഡോക്ടർമാർ, സ്കൂൾ കൗൺസലർമാർ തുടങ്ങിയവർ കുട്ടികൾക്കാവശ്യമായ അക്കാദമികവും മാനസികവുമായ പിന്തുണ നിരന്തരമായി നൽകുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. കുട്ടികളിലുണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ ആവശ്യമുള്ള കുട്ടികൾക്ക് കൗൺസലിംഗ് നടത്തുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

(ഡി) കോവിഡ് സാഹചര്യത്തിൽ വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പഠനം കൂടുതൽ രസകരമാക്കുന്നതിനും കുട്ടികളുടെ മാനസിക ഉന്മേഷം മെച്ചപ്പെടുത്തുന്നതിനും സഹായകരമായ എന്തെങ്കിലും നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ?

2021-22 അക്കാദമിക വർഷത്തിലെ ഡിജിറ്റൽ ക്ലാസുകൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ആകർഷകവും രസകരവും ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ആഗ്മെന്റഡ് റിയാലിറ്റി, നിർമ്മിതബുദ്ധി തുടങ്ങിയ നൂതന സാങ്കേതിക വിദ്യകളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതാണ്. കൂടാതെ കുട്ടികൾക്കാവശ്യമായ മോട്ടിവേഷൻ ക്ലാസുകൾ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ സന്ദേശം

144 (893) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ സന്ദേശം ജൂൺ 1-ന് മുമ്പ് ഒന്നാം ക്ലാസ്സിൽ ചേരുന്ന എല്ലാ വിദ്യാർത്ഥികളുടെയും വീടുകളിൽ അദ്ധ്യാപകർ നേരിട്ട് എത്തിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ?

സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ സന്ദേശം ജൂൺ 1-നു മുൻപ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ബി.ആർ.സി.-കളുടെ സഹകരണത്തോടെ എല്ലാ സ്കൂളുകളിലും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പ്രഥമാധ്യാപകർ, പി.റ്റി.എ., എസ്.എം.സി., അദ്ധ്യാപകർ, സന്നദ്ധപ്രവർത്തകർ എന്നിവർ മുഖേന വാർഡ് മെമ്പർമാരുടെ സഹകരണത്തോടെ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടും മറ്റ് ജാഗ്രതാ നിർദ്ദേശങ്ങൾ അനുസരിച്ചുകൊണ്ടും കുട്ടികൾക്ക് എത്തിച്ചു കൊടുക്കണമെന്നും അറിയിച്ചുകൊണ്ട് 29-5-2021 തീയതിയായി പൊതു വിദ്യാഭ്യാസ ഡയറക്ടർ കത്ത് നൽകിയിരുന്നു.

(ബി) കോവിഡ് വ്യാപനം അതിരൂക്ഷമാവുകയും മരണനിരക്ക് ദിനംപ്രതി വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത കാര്യത്തിനുവേണ്ടി അദ്ധ്യാപകരെ നിയോഗിക്കുന്നത് അവരുടെ സുരക്ഷയെ തന്നെ ബാധിക്കുന്ന സാഹചര്യം ഉണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ബഹു. മുഖ്യമന്ത്രിയുടെ സന്ദേശം കുട്ടികളുടെ വീടുകളിൽ അദ്ധ്യാപകർ നേരിട്ട് എത്തിക്കേണ്ടതില്ലെന്നും പകരം ടെക്സ്റ്റ് ബുക്ക്, സ്കൂൾ യൂണിഫോം എന്നിവ വിതരണം ചെയ്യുന്ന അവസരത്തിലോ അല്ലെങ്കിൽ തപാൽ മാർഗ്ഗം കുട്ടികളുടെ വീടുകളിലേയ്ക്ക് അയയ്ക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് സ്കൂളുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) 2017-ൽ മുഖ്യമന്ത്രിയുടെ ക്ലീൻ കേരള പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും കത്ത് അയച്ചിരുന്നോ; പ്രസ്തുത കാര്യത്തിനായി എത്ര തുകയാണ് ചെലവഴിച്ചത്; അറിയിക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## ബാലുശ്ശേരി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

145 (894) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(സി) ഇനിയും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത സ്കൂളുകളിൽ ആയത് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

(എ-സി) ബാലുശ്ശേരി മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

5 കോടി കിഫ്ബി ഫണ്ട് - ഗവ.എച്ച്.എസ്.എസ്. നടുവണ്ണൂർ - പണി പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടി കിഫ്ബി ഫണ്ട് - ജി.എച്ച്.എസ്.എസ്. അത്തോളി - 77 % നിർമ്മാണം പൂർത്തിയായി.

ജി.എച്ച്.എസ്.എസ്. അവിടനല്ലൂർ - ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു.

ജി.എച്ച്.എസ്.എസ്. കൊക്കല്ലൂർ- 75% നിർമ്മാണം പൂർത്തിയായി.

ജി.ജി.എച്ച്.എസ്.എസ്.ബാലുശ്ശേരി-31% നിർമ്മാണം പൂർത്തിയായി.

ജി.എം.യു.പി.എസ്. പൂനൂർ - ഡി.പി.ആർ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു.

ജി.എച്ച്.എസ്.എസ് പൂനൂർ - 85% നിർമ്മാണം പൂർത്തിയായി.

1 കോടി കിഫ്ബി ഫണ്ട് - 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത ജി.വി.എച്ച്.എസ്.എസ്. ബാലുശ്ശേരി, ജി.യു.പി.എസ്. ഉണ്ണിക്കുളം, ഗവ.എച്ച്.എസ്.എസ്. ശിവപുരം, ഗവ.യു.പി.എസ്. തൃക്കുട്ടിശ്ശേരി എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എം.യു.പി.എസ്. വേളൂർ. ജി.എച്ച്.എസ്.എസ്. കായണ്ണ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു.

## തിരൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ

146 (895) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടന്നുവരുന്ന പ്രധാനപ്പെട്ട പുതിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

തിരൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ വരുന്ന സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

5 കോടി കിഫ്ബി പദ്ധതി - കൽപ്പകഞ്ചേരി ഗവൺമെന്റ് എച്ച്.എസ്.എസ്.-ന്റെ നിർമ്മാണ പ്രവർത്തനം കൈറ്റിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. നിർമ്മാണ പ്രവർത്തനം അവസാനഘട്ടത്തിലാണ്.

3 കോടി കിഫ്ബി ഫണ്ട് - ജി.ബി.എച്ച്.എസ്.എസ്. തിരൂർ, ജി.എം.യു.പി.എസ്. തിരൂർ, ജി.വി.എച്ച്.എസ്.എസ്. പറവണ്ണ, ഗവൺമെന്റ് വി.എച്ച്.എസ്.എസ്. ഫോർ ഗേൾസ് തിരൂർ, ജി.ബി.എച്ച്.എസ്.എസ്, ഏഴൂർ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ജി.എച്ച്.എസ്. ആദവനാട്, ജി.എച്ച്.എസ്.എസ്. ആദവനാട്- ഡി.പി.ആർ. തയ്യാറാക്കി വരുന്നു. ജി.എം.എച്ച്.എസ് കരിപ്പോൾ - നിർമ്മാണം നടന്നുവരുന്നു. 60 ശതമാനത്തോളം നിർമ്മാണം പൂർത്തിയായി.

1 കോടി കിഫ്ബി പദ്ധതി - ജി.എം.യു.പി.എസ്. പറവണ്ണ-സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ പരിഗണനയിലാണ്. ജി.എം.യു.പി.എസ് ബി.പി അങ്ങാടി - ഡി.പി.ആർ കിഫ്ബി അംഗീകരിച്ച് നൽകിയിട്ടുണ്ട്. പ്ലാൻ ഫണ്ടുപയോഗിച്ച് ജി.എം.യു.പി.എസ്. ബി.പി. അങ്ങാടിയിൽ നടക്കുന്ന കെട്ടിട നിർമ്മാണം അവസാനഘട്ടത്തിലാണ്.

(ബി) മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങളുടെ നിലവിലെ അവസ്ഥയെയും അക്കാദമിക നിലവാരത്തെയും സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയും പ്ലാൻ ഫണ്ടിലുൾപ്പെടുത്തിയും മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രൈമറി, ഹൈസ്കൂൾ മേഖലയിൽ കഴിഞ്ഞ വർഷം ഓൺലൈൻ ക്ലാസ്സുകൾക്ക് സംസ്ഥാനത്തിനുതന്നെ മാതൃകയായ വർക്ക് ഷീറ്റുകൾ,

ആഗ്മെന്റഡ് റിയാലിറ്റി സംവിധാനംവരെ ഉപയോഗിച്ച വീഡിയോ ക്ലിപ്പുകൾ എന്നിവ നൽകിയുള്ള പഠന പിന്തുണ ഉറപ്പാക്കി. കഴിഞ്ഞ വർഷം ഫിസിക്കൽ സയൻസ്, അറബിക് മുതലായ അദ്ധ്യാപകർ തീരെ ഇല്ലാതിരുന്ന ഹൈസ്കൂളുകളിൽ ബി.എഡ്. അദ്ധ്യാപക വിദ്യാർത്ഥികളെയും സി.ആർ.സി.സി.-മാരെയും ഓൺലൈൻ ക്ലാസിൽ വിന്യസിച്ച പഠന പിന്തുണാ സംവിധാനം ഉറപ്പാക്കിയിരുന്നു. 10-ാം തരത്തിലെ കുട്ടികൾക്ക് കഴിഞ്ഞ വർഷം സർക്കാർ മോഡൽ പരീക്ഷയ്ക്കുപുറമേ 5 സെറ്റ് പൊതുപരീക്ഷ മോഡൽ ചോദ്യപേപ്പർ എച്ച്.എം. ഫോറം ആഭിമുഖ്യത്തിൽ നടത്തി കുട്ടികളെ എസ്.എസ്.എൽ.സി.-ക്ക് ആത്മ വിശ്വാസത്തോടെ തയ്യാറെടുപ്പിച്ചു. 8-ാം ക്ലാസ്സിലെ എൻ.എം.എം.എസ്. പരീക്ഷയ്ക്ക് വിദ്യാലയങ്ങൾ തയ്യാറെടുപ്പ് നടത്തി കുട്ടികളെ പങ്കെടുപ്പിച്ച് വിജയശതമാനം ഉയർത്തി. പ്രൈമറിയിൽ എൽ.എസ്.എസ്., യു.എസ്.എസ്. പരീക്ഷകൾ കോവിഡ് സാഹചര്യത്തിൽ നടത്താൻ കഴിഞ്ഞില്ല എങ്കിലും പരിശീലനം കുട്ടികൾക്ക് അക്കാദമിക് ഉണർവ് നൽകി. അക്കാദമിക കാര്യങ്ങളിൽ കൃത്യമായ മോണിറ്ററിംഗ് നടത്തിയിട്ടുണ്ട്. വിദ്യാഭ്യാസ ജില്ലാ തലത്തിൽ എസ്.ആർ.ജി., അദ്ധ്യാപക വിഷയ ഗ്രൂപ്പുകൾ എന്നിവ പുന:സംഘടിപ്പിച്ചു സജീവമായി പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## പൊതുവിദ്യാലയങ്ങളുടെ ശോച്യാവസ്ഥ

147 (896) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) കുട്ടനാട്ടിലെ പൊതുവിദ്യാലയങ്ങളുടെ ശോച്യാവസ്ഥ പൂർണ്ണമായും പരിഹരിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കിടങ്ങറ ഗവൺമെന്റ് സ്കൂളിനെ അന്തർദേശീയ നിലവാരത്തിൽ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയതുപോലെ കുട്ടനാട്ടിലെ മറ്റ് ഹൈസ്കൂളുകളും ഹയർ സെക്കന്ററി സ്കൂളുകളും നവീകരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി കിടങ്ങറ ഗവൺമെന്റ് സ്കൂളിനെ അന്തർദേശീയ നിലവാരത്തിൽ നവീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയതുപോലെ കുട്ടനാട്ടിലെ മറ്റ് ഹൈസ്കൂളുകളും ഹയർ സെക്കണ്ടറി സ്കൂളുകളും നവീകരിക്കുന്നതിനായുള്ള പ്രൊപ്പോസലുകളും സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് കിഫ്ബി ഫണ്ട്/പ്ലാൻ ഫണ്ട്/തീരദേശ വികസന ഫണ്ട്/എസ്.എസ്.കെ. ഫണ്ട്/ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട്/എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി നടപ്പിലാക്കുവാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. കുട്ടനാട്ടിലെ വീയ്യപുരം ഗവൺമെന്റ് ഹൈസ്കൂളിന് 1 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്.

## മലമ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

148 (897) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത് എന്ന് അറിയിക്കാമോ; ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

5 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത എലപ്പുള്ളി ജി.എ.പി.എച്ച്.എസ്.എസ്.-ന്റെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത ജി.വി.എച്ച്. എസ്.എസ്. കഞ്ചിക്കോട് സ്കൂളിന്റെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. 3 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത ജി.വി.എച്ച്.എസ്.എസ്. മലമ്പുഴ സ്കൂളിന്റെ നിർമ്മാണം പുരോഗമിച്ച് വരുന്നു. 1 കോടി രൂപ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണത്തിനായി തെരഞ്ഞെടുത്ത സി.ബി.കെ.എം. ഗവ.എച്ച.എസ്.എസ്. പുതുപ്പരിയാരം, ജി.എച്ച്.എസ്. ഉമ്മിണി എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ജി.യു.പി.എസ്. എലപ്പുളിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം തുടങ്ങിയിട്ടുണ്ട്. 1.8 കോടി രൂപയുടെ പ്ലാൻ ഫണ്ടുപയോഗിച്ച് ജി.യു.പി.എസ്. അകത്തേത്തറ നിർമ്മാണ പ്രവർത്തനം 50% പൂർത്തീകരിച്ചിട്ടുണ്ട്.

## ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ കെട്ടിട നിർമ്മാണം

149 (898) ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിന് പ്ലാൻ ഫണ്ടുപയോഗിച്ച് ആരംഭിച്ച കെട്ടിടനിർമ്മാണം സംബന്ധിച്ച നിലവിലെ സാഹചര്യം വ്യക്തമാക്കാമോ?

ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ 2.85 കോടി രൂപയുടെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് കെട്ടിട നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലം സ്കൂളിന്റെ കളിസ്ഥലത്തായതിനാൽ കളിസ്ഥലം ഒഴിവാക്കി കെട്ടിട നിർമ്മാണം നടത്തുന്നതുസംബന്ധിച്ച തർക്കം പരിഹരിക്കപ്പെട്ടിട്ടില്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടില്ല.

(ബി) കരാറുകാരനെ പ്രസ്തുത പ്രവൃത്തിയിൽനിന്ന് റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ ടെണ്ടർ നടപടി കൈക്കൊള്ളുമോ; അറിയിക്കുമോ?

കരാറുകാരനെ റിലീസ് ചെയ്തിട്ടില്ല.

(സി) പ്രസ്തുത സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് മൂന്ന് കോടി രൂപയുടെ പ്രവൃത്തിക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

ചേളാരി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ മൂന്ന് കോടി രൂപയുടെ കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ടുള്ള പുതിയ കെട്ടിടം നിലവിലെ ചില കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലത്താണ് നിർമ്മിക്കേണ്ടത്. കെട്ടിടങ്ങൾ പൊളിച്ചുമാറ്റി തടസ്സരഹിത ഭൂമി നിർവഹണ ഏജൻസിക്ക് സ്കൂൾ അധികൃതർ കൈമാറുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## മാനന്തവാടി നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

150 (899) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) കിഫ്ബി ധനസഹായത്താൽ മാനന്തവാടി നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനം നടത്തുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കിഫ്ബി ധനസഹായത്താൽ മാനന്തവാടി നിയോജകമണ്ഡലത്തിൽ അടിസ്ഥാന സൗകര്യ വികസനം നടത്തുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച മാനന്തവാടി ജി.വി.എച്ച്.എസ്. സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

3 കോടിയിനത്തിൽ 5 സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

1. ജി.എം.എച്ച്.എസ്. വെള്ളമുണ്ട

2. ജി.എച്ച്.എസ്.എസ്. പനമരം

3. ജി.എച്ച്.എസ് .എസ്. കാട്ടിക്കുളം

4. ജി.എച്ച്.എസ് .എസ്. വാളാട്ട്

5. ജി.എച്ച്.എസ്.എസ് തലപ്പുഴ

1 കോടിയിനത്തിൽ 10 സ്കൂളുകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

1. ജി.എച്ച്.എസ്.എസ്. നീർവാരം

2. ജി.എച്ച്.എസ്.എസ്. ആറാട്ടുതറ

3. ജി.എച്ച്.എസ്.എസ്. കുഞ്ഞോം

4. ജി.എച്ച്.എസ്.എസ്. തരുവണ

5. ജി.എച്ച്.എസ്.എസ്. തൃശ്ശിലേരി

6. ജി.എച്ച്.എസ്. പെരിയ

7. ജി.എച്ച്.എസ്. വാരാമ്പറ്റ

8. ജി.യു.പി.എസ്. തരുവണ

9. ജി.യു.പി.എസ്. മാനന്തവാടി

10. ജി.യു.പി.എസ്. തലപ്പുഴ.

ജി.എം.എച്ച്.എസ്. വെള്ളമുണ്ട, ജി.എച്ച്.എസ്.എസ്. കാട്ടിക്കുളം എന്നീ സ്കൂളുകളുടെ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ജി.എച്ച്.എസ്. പനമരം സ്കൂളിന്റെ പ്രവർത്തനം ആരംഭഘട്ടത്തിലാണ്.

(ബി) കിഫ്ബി ധനസഹായം അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സ്കൂളുകൾ ഉണ്ടെങ്കിൽ അവയുടെ കാരണം വ്യക്തമാക്കാമോ?

ജി.യു.പി.എസ്. വാരാമ്പറ്റ-ടെണ്ടർ ചെയ്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന ഘട്ടത്തിലാണ്. ജി.യു.പി.എസ്. തലപ്പുഴ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മാനന്തവാടി നിയോജക മണ്ഡലത്തിലെ വാളാട് ഗവ:ഹയർ സെക്കണ്ടറി സ്കൂൾ, തലപ്പുഴ ഗവ:ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയിൽ കിഫ്ബിയിൽനിന്നും അനുവദിച്ച തുക ഉപയോഗിച്ചുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചോ; ഇല്ലെങ്കിൽ നിലവിലെ സ്ഥിതി അറിയിക്കാമോ?

ഇല്ല. ജി.എച്ച്.എസ്.എസ്. വാളാട്, ജി.എച്ച്.എസ്.എസ്. തലപ്പുഴ എന്നീ സ്കൂളുകളുടെ DPR കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**കിഫ്ബി ഫണ്ടുപയോഗിച്ചുള്ള നവീകരണ പ്രവർത്തനം**

151 (900) ശ്രീ. മോൻസ് ജോസഫ്: **താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) പൊതുവിദ്യാഭ്യാസ നവീകരണത്തിന്റെ ഭാഗമായി കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പെരുവ ഗവ. സ്കൂൾ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിച്ചുവെങ്കിലും ഇനിയും പൂർത്തിയാകാത്ത സാഹചര്യം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ ആദ്യം എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്ന് ഒരു കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ നൽകിയശേഷം രണ്ടാമത് എം.എൽ.എ. എ.ഡി.എഫ്.-ൽ നിന്ന് ഒരു കോടി രൂപ കൂടി നൽകിയതിന്റെ ഭാഗമായുള്ള ഡീറ്റെയിൽഡ് പ്രൊപ്പോസൽ തയ്യാറാക്കി കിഫ്ബി അംഗീകാരം വാങ്ങിയിട്ടുണ്ടോ എന്നറിയിക്കാമോ?

(എ&ബി) പെരുവ ഗവൺമെന്റ് സ്കൂളിന് കിഫ്ബി ഫണ്ടിൽ അനുവദിച്ച 5 കോടി രൂപയുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. സ്കൂളിന്റെ മാസ്റ്റർപ്ലാൻ അനുസരിച്ച് 7.75 കോടി രൂപയുടെ നിർമ്മാണങ്ങളാണ് തീരുമാനിച്ചിരുന്നത്. കിഫ്ബി ഫണ്ടായ 5 കോടി രൂപയ്ക്കുപുറമെ എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ നിന്നും 1.62 കോടി രൂപ അനുവദിച്ചതുകൂടി വിനിയോഗിച്ച് പ്രവൃത്തി നടന്നുവരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 88 ലക്ഷം രൂപ അധികമായി ആവശ്യമാണ്. പുതുക്കിയ എസ്റ്റിമേറ്റ് അനുമതിക്കായി എസ്.പി.വി. ആയ കൈറ്റ് നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത 88 ലക്ഷം രൂപ ആസ്തിവികസന ഫണ്ടിൽ നിന്നും ലഭ്യമാക്കാനും എം.എൽ.എ. കോട്ടയം ജില്ലാ കളക്ടറോട് നിർദേശിച്ചിട്ടുണ്ട്. ആവശ്യമായ അനുമതിയോടുകൂടി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത ഫണ്ട് വിനിയോഗിക്കാനാവുന്നതാണ്.

(സി) എം.എൽ.എ. എ.ഡി.എഫ്. വഴി നൽകിയ തുക വിനിയോഗിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; പദ്ധതി എത്രയും വേഗം പൂർണ്ണതോതിൽ യാഥാർത്ഥ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണത്തിന്റെ ഭാഗമായി പ്രസ്തുത സ്കൂളിലെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ബ്ലോക്കുകൾ പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

## മങ്കട മണ്ഡലത്തിലെ പ്രവൃത്തികൾ

152 (901) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബി, ബജറ്റ്, എം.എൽ.എ. ഫണ്ട് എന്നിവ വഴി നടന്നുവരുന്ന പ്രവൃത്തികൾ ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ?

മങ്കട നിയോജക മണ്ഡലത്തിലെ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

5 കോടി രൂപ കിഫ്ബി ഫണ്ട്-മക്കാരപ്പറമ്പ് ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കൈറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. 3 കോടി രൂപ കിഫ്ബി ഫണ്ട് - ജി.എച്ച്.എസ്.എസ്.പാങ്ങ് ജി.എച്ച്.എസ്.എസ്. മങ്കട, പള്ളിപ്പുറം, ജി.എച്ച്.എസ്.എസ്. മങ്കട, ജി.എച്ച്.എസ്.എസ്. കടുങ്ങാപുരം. 1 കോടി രൂപ കിഫ്ബി ഫണ്ട് - ജി.എച്ച്.എസ്. ചെറിയം മങ്കട, ജി.യു.പി.എസ്. കുട്ടിലങ്ങാടി – ഡി.പി.ആർ. അംഗീകരിച്ച് നിർമ്മാണത്തിനുള്ള തുടർ നടപടി സ്വീകരിച്ചു വരുന്നു. ജി.യു.പി.എസ്. മങ്കട പള്ളിപ്പുറം, ജി.യുപിഎസ് പാങ്ങ് - ഡി.പി.ആർ. അംഗീകരിച്ചു. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

1. എം.എൽ.എ. ഫണ്ട് മുഖേന ജി.എൽ.പി.എസ്. ചൊവ്വണയിലേയ്ക്ക് സ്കൂൾ ബസ് വാങ്ങുന്നതിനായി നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. തുക ലഭിച്ചാലുടൻ വിതരണം പൂർത്തിയാക്കുന്നതാണ്.

2. ജി.യു.പി.എസ്. പാങ്ങിൽ പ്ലാൻ ഫണ്ട് ഒരു കോടി രൂപയുടെ കെട്ടിടം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

3. ജി.യു.പി.എസ്. കുട്ടിലങ്ങാടി (എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്) മൾട്ടി പർപ്പസ് മിനി ടർഫ് നിർമ്മാണം ആരംഭിച്ചിട്ടില്ല.

4. ജി.എൽ.പി.എസ്. മങ്കട (എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്). 3 ക്ലാസ് റൂം ഉള്ള ബിൽഡിംഗ് (എം.എൽ.എ.-യുടെ 2018-19-ലെ ആസ്തി വികസന ഫണ്ട് - 35 ലക്ഷം) പണി നടന്നു വരുന്നു. ലിന്റൽ ലെവൽ വരെ പണി തീർന്നിട്ടുണ്ട്.

5. ജി.എൽ.പി.എസ്. പലകപ്പറമ്പ കെട്ടിടം (എം.എൽ.എ ഫണ്ട് - 45 ലക്ഷം രൂപ).

(ബി) ഓരോ പ്രവൃത്തിയും ഏറ്റെടുത്തിരിക്കുന്ന ഏജൻസി ഏതാണെന്നും ഓരോന്നും എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്നും അറിയിക്കുമോ;

(സി) നിലവിൽ ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

(ബി&സി) 3 കോടി രൂപയുടെ പദ്ധതികൾ INKEL എന്ന ഏജൻസിയേയും 1 കോടി രൂപയുടെ പദ്ധതികൾ KILA-യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ ഡി.പി.ആർ. അംഗീകരിച്ച് നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ജി.യു.പി.എസ്. കുട്ടിലങ്ങാടി മൾട്ടി പർപ്പസ് മിനി ടർഫ് നിർമ്മാണം-എസ്.എൽ.കെ. ഏജൻസി. ജി.എൽ.പി.എസ്. പലകപ്പറമ്പ കെട്ടിടം ആദ്യത്തെ നില മാത്രം വാർത്തു, 3 ക്ലാസ്സ് മുറികളുടെ പണി പകുതി ആയിട്ടുണ്ട്. മുകളിലത്തെ നിലയിൽ 3 ക്ലാസ് മുറികളുടെ പണി കൂടിയുണ്ട്. ജി.എൽ.പി.എസ്. മങ്കട (എം.എൽ.എ.- യുടെ ആസ്തി വികസന ഫണ്ട്) 3 ക്ലാസ്സ് റൂം ഉള്ള ബിൽഡിംഗ് പണി നടന്നു വരുന്നു. ലിന്റൽ ലെവൽ വരെ പണി തീർന്നിട്ടുണ്ട്. ജി.യു.പി.എസ്. പാങ്ങിൽ (പ്ലാൻ ഫണ്ട്) 90% പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 3 കോടി, 1 കോടി പദ്ധതികളുടെ കെട്ടിടം പണികൾ പ്രവൃത്തി ആരംഭിക്കാനുണ്ട്. ജി.യു.പി.എസ്. കുട്ടിലങ്ങാടി (എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്) - മൾട്ടി പർപ്പസ് മിനി ടർഫ് നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ഡി) മേൽപ്പറഞ്ഞ ആരംഭിച്ചതും ആരംഭിക്കാത്തതുമായ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

5 കോടി രൂപയുടെ പദ്ധതി - ജി.വി.എച്ച്.എസ്.എസ്. മക്കരപ്പറമ്പ് പൂർത്തിയായി. മറ്റ് സ്കൂളുകളിലെ കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## പ്രധാന അദ്ധ്യാപകരുടെ ഒഴിവുകൾ

153 (902) ഡോ. എൻ. ജയരാജ്:

ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവ. പ്രൈമറി സ്കൂളുകളിൽ പ്രധാന അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ടോ?

സംസ്ഥാനത്ത് 1596 പ്രൈമറി പ്രധാന അദ്ധ്യാപകരുടെ ഒഴിവുകൾ നിലവിലുണ്ട്.

(ബി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം സംബന്ധിച്ച് ബഹു. സുപ്രീംകോടതിയിൽ ഒന്നിലധികം കേസുകൾ നിലവിലുണ്ട്. പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം അനുവദിച്ചു നൽകാൻ സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവ് മരവിപ്പിച്ചുകൊണ്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) പൊതുവിദ്യാലയങ്ങളിലെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരളത്തിനനുയോജ്യമായ പുതിയ പാഠ്യപദ്ധതി രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുട്ടികളുടെ ഡിജിറ്റൽ പഠനം

154 (903) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാരണം സർക്കാർ നടപ്പിലാക്കിയ ഡിജിറ്റൽ പഠനത്തിൽ പ്രൈമറി വിഭാഗം കുട്ടികൾക്ക് വൈമുഖ്യമുള്ളതായി കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ ഈ അധ്യായന വർഷം മുതൽ ക്രിയാത്മകമായ എന്ത് നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഇല്ല. കുട്ടികളുടെ പ്രായത്തിനും പഠന നിലവാരത്തിനും അനുസൃതമായ തരത്തിലും ദൈർഘ്യത്തിലുമുള്ള ക്ലാസുകളാണ് ശാസ്ത്രീയമായിത്തന്നെ കൈറ്റ് വിക്ടേഴ്സിലൂടെ നിലവിൽ സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്നത്. ലോവർ പ്രൈമറി വിഭാഗത്തിന് 20 മുതൽ 30 മിനിറ്റുവരെ മാത്രമുള്ള ഒരു ക്ലാസാണ് ഒരു ദിവസം ക്രമീകരിച്ചിരിക്കുന്നത്. വിക്ടേഴ്സിലൂടെയുള്ള ക്ലാസുകൾ കൂടുതൽ താല്പര്യത്തോടെ വീക്ഷിക്കുന്നത് പ്രൈമറി വിഭാഗം കുട്ടികളാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) വിദൂരത്തിൽനിന്ന് സംസ്ഥാനത്തെ ഓരോ ക്ലാസ്സിലെയും കുട്ടികൾക്കായി ഒരധ്യാപകൻ ക്ലാസ്സുകൾ എടുക്കുന്ന രീതിക്ക് മാറ്റം വരുത്തുവാനും ഓരോ സ്കൂളിലെയും അദ്ധ്യാപകർ അവരവരുടെ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ക്ലാസ്സെടുക്കുന്ന സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പാക്കാനും തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ?

ഓരോ സ്കൂളിലെയും അദ്ധ്യാപകർ അവരവരുടെ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ക്ലാസ്സെടുക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇപ്പോഴത്തെ പ്രത്യേക പഠന പ്രക്രിയയിൽ സംസ്ഥാനത്തെ കുട്ടികളിൽ നാലിലൊന്നോളം പേർ വിഷാദാനുഭവമുള്ളവരാണെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ഇത്തരം കുട്ടികൾക്ക് കൗൺസിലിംഗ് സംവിധാനമേർപ്പെടുത്തുന്നതുൾപ്പെടെയുള്ള നടപടികൾക്ക് തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കാമോ?

(ഡി&ഇ) ഇല്ല. 2020 ജൂൺ 1-ന് 'ഫസ്റ്റ്ബെൽ' എന്ന പേരിൽ ഡിജിറ്റൽ ക്ലാസുകൾ ആരംഭിക്കുമ്പോൾത്തന്നെ ഇതൊരു ബദൽ ക്ലാസല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കുട്ടിയുടെ മാനസികാരോഗ്യം പരിഗണിച്ച് കലാ-കായിക വിദ്യാഭ്യാസം, പ്രവൃത്തി പരിചയം, ലൈഫ് സ്കിൽ, സൈബർ സേഫ്റ്റി തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകിയുള്ള ക്ലാസുകളും വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. കൂടാതെ 'അതിജീവനം' ,'കോവിഡ് പ്രതിരോധം' എന്നീ പേരുകളിൽ ഡോക്ടർമാർ, ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധർ എന്നിവരുമായി ലൈവ് ഫോൺ ഇൻ പ്രോഗ്രാമും വിക്ടേഴ്സിലൂടെ ക്രമീകരിച്ചിട്ടുണ്ട്.

(എഫ്) കോവിഡ് മഹാമാരിയുടെ മറവിൽ സംസ്ഥാനത്തെ പ്രൈമറി വിഭാഗങ്ങളിലെ അദ്ധ്യാപകരിൽ ഒരു നിശ്ചിത ശതമാനമെങ്കിലും യാതൊരുവിധ ജോലിയും ചെയ്യാതെ കഴിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഡിജിറ്റൽ ക്ലാസ്സുകളുടെ തുടർപഠന പ്രവർത്തനങ്ങളിൽ അധ്യാപകർ പങ്കാളികളാകുന്നുണ്ട്. കൂടാതെ ഡിജിറ്റൽ ക്ലാസ്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിലും ചെറിയൊരുവിഭാഗം അദ്ധ്യാപകർ പങ്കെടുത്തുവരുന്നുണ്ട്. ഇതിനുപുറമെ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ നിർദ്ദേശാനുസരണം കോവിഡ് ഡ്യൂട്ടിക്കായി വലിയൊരു വിഭാഗം അദ്ധ്യാപകരെ നിയോഗിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളുടെ പ്രവർത്തനം

155 (904) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) പ്രധാനാദ്ധ്യാപകരില്ലാത്തതിനാൽ സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളുടെ പ്രവർത്തനം പ്രതിസന്ധിയിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അടിയന്തരമായി പ്രസ്തുത ഒഴിവുകൾ നികത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

(എ&ബി) പ്രൈമറി പ്രധാനാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം സംബന്ധിച്ച് ബഹു. സുപ്രീംകോടതിയിൽ ഒന്നിലധികം കേസുകൾ നിലവിലുണ്ട്. പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം അനുവദിച്ച നൽകാൻ സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവ് മരവിപ്പിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടില്ല. പ്രഥമാദ്ധ്യാപകരില്ലാത്ത എല്ലാ എൽ.പി./യു.പി. സ്കൂളുകളിലും സീനിയർ അദ്ധ്യാപകർക്ക് പ്രൈമറി പ്രധാനാദ്ധ്യാപകന്റെ ചുമതല നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ പ്രധാനാദ്ധ്യാപകരില്ലാത്ത സാഹചര്യം സ്കൂളുകളിലെ അക്കാദമിക്/ അഡ്മിനിസ്ട്രേഷൻ ഉൾപ്പെടെയുള്ള ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നില്ല.

## നെൻമിനി എൽ.പി. സ്കൂൾ

156 (905) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യത്തിന് **പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

മഞ്ചേരി മണ്ഡലത്തിൽ കീഴാറ്റൂർ പഞ്ചായത്തിലെ നെൻമിനിയിലെ ജി.എം.എൽ.പി. സ്കൂൾ, യു.പി. സ്കൂളാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് സ്കൂൾ മാപ്പിംഗ് വഴി വിദ്യാഭ്യാസ വിദൂര പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് വിദ്യാഭ്യാസ വകുപ്പ് അസാധാരണ ഗസറ്റ് മുഖേന വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ മാത്രമേ സ്കൂൾ തുറക്കുന്നതിനായി കെ.ഇ.ആർ. ചട്ടങ്ങളും നിയമങ്ങളും പ്രകാരം നിർവാഹമുള്ളൂ. മഞ്ചേരി മണ്ഡലത്തിൽ കീഴാറ്റൂർ പഞ്ചായത്തിലെ നെൻമിനിയിലെ ജി.എം.എൽ.പി. സ്കൂൾ ഉൾപ്പെടുന്ന പ്രദേശം വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ലാത്തതാണ്.

## പ്രൈമറി സ്കൂളുകളിലെ പ്രധാന അദ്ധ്യാപകരുടെ ഒഴിവുകൾ

157 (906) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പ്രധാന അദ്ധ്യാപകർ ഇല്ലാത്ത എത്ര ഗവൺമെന്റ് പ്രൈമറി സ്കൂളുകളുണ്ട്; ആയതിന്റെ ജില്ല തിരിച്ചുള്ള എണ്ണം നൽകാമോ?

സംസ്ഥാനത്ത് പ്രൈമറി പ്രധാനാദ്ധ്യാപകർ ഇല്ലാത്ത 1596 സ്കൂളുകളുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 222 |
| കൊല്ലം | 173 |
| ആലപ്പുഴ | 107 |
| പത്തനംതിട്ട | 76 |
| കോട്ടയം | 72 |
| ഇടുക്കി | 31 |
| എറണാകുളം | 116 |
| തൃശ്ശൂർ | 72 |
| മലപ്പുറം | 209 |
| പാലക്കാട് | 140 |
| കോഴിക്കോട് | 151 |
| വയനാട് | 51 |
| കണ്ണൂർ | 95 |
| കാസർഗോഡ് | 81 |
| ആകെ | 1596 |

(ബി) പ്രധാന അദ്ധ്യാപകർ ഇല്ലാത്തതുമൂലം സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നതായി പരാതികൾ ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രശ്നത്തിന് അടിയന്തരമായി പരിഹാരം കാണുവാൻ ശ്രമിക്കുമോ?

പ്രൈമറി പ്രധാനാദ്ധ്യാപകർ ഇല്ലാത്ത സ്കൂളുകളിൽ പ്രധാനാദ്ധ്യാപകരുടെ ചുമതല സീനിയർ അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. അതുകൊണ്ട് പ്രധാനാദ്ധ്യാപകരുടെ അഭാവം യാതൊരു തരത്തിലും സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നില്ല.

(സി) പ്രധാന അദ്ധ്യാപക സ്ഥാനക്കയറ്റം നൽകുമ്പോളുണ്ടാകുന്ന അദ്ധ്യാപക ഒഴിവുകളിലേയ്ക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നതിനുള്ള ഉത്തരവിറക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രധാനാദ്ധ്യാപക സ്ഥാനക്കയറ്റം കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം സ്ഥാനക്കയറ്റം നടക്കുമ്പോൾ സംജാതമാകുന്ന അദ്ധ്യാപക ഒഴിവുകൾ നിയമാനുസൃതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(ഡി) 30-6-2020-ലെ ഉത്തരവ് പോലെ (ജി3/280/2020/പൊ.വി) ഈ വർഷം അദ്ധ്യാപകർ വിരമിക്കുന്നതുമൂലം ഉണ്ടായിട്ടുള്ള മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ എത്രയുംവേഗം സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ഈ വർഷം അദ്ധ്യാപകർ വിരമിക്കുന്നതുമൂലമുണ്ടായിട്ടുള്ള ഒഴിവുകൾ നിയമാനുസൃതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഹയർ സെക്കണ്ടറി ഒന്നാംവർഷ പരീക്ഷ**

158 (907) ശ്രീമതി ദലീമ: താഴെക്കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ വർഷത്തെ ഒന്നാം വർഷ ഹയർ സെക്കണ്ടറി പരീക്ഷയുടെ പാഠഭാഗങ്ങളുടെ ഫോക്കസ് ഏരിയയും പരീക്ഷയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി ആയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഈ വർഷത്തെ ഒന്നാംവർഷ ഹയർ സെക്കണ്ടറി പരീക്ഷയുടെ പാഠഭാഗങ്ങളുടെ ഫോക്കസ് ഏരിയ എസ്.സി.ഇ.ആർ.റ്റി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2021-ലെ ഒന്നാംവർഷ ഹയർ സെക്കണ്ടറി പരീക്ഷ സെപ്റ്റംബർ 6 മുതൽ സെപ്റ്റംബർ 16 വരെ നടത്തുന്നതിന് പരീക്ഷാ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പരീക്ഷ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള അനുബന്ധ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ഹയർ സെക്കണ്ടറി ലാബ് അസിസ്റ്റന്റുമാരുടെ പ്രായപരിധി

159 (908) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ലാബ് അസിസ്റ്റന്റുമാരുടെ പ്രായപരിധി സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായുള്ള സർക്കാരിലെ E3/177/2020/Edn., E3/24/21 നമ്പർ ഫയലുകളിൽ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) ആലുവ അത്താണി-മാർ അത്തനീഷ്യസ് ഹയർ സെക്കണ്ടറി സ്കൂളിലെ ലാബ് അസിസ്റ്റന്റായ ശ്രീമതി. സുനിത. ഐ എന്ന വ്യക്തിയുടെ അപേക്ഷയിൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ ACD A1/170883/എ നമ്പർ ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഹയർ സെക്കണ്ടറി ഡയറക്ടർ ഈ വിഷയത്തിൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ?

(ബി&സി) ആലുവ അത്താണി എം.എ.എം. ഹയർ സെക്കണ്ടറി സ്കൂളിലെ ലാബ് അസിസ്റ്റന്റായ ശ്രീമതി. സുനിത ഐ.-യ്ക്ക് നിയമനം നൽകുമ്പോൾ പ്രായ പരിധി അധികരിച്ചത് പിന്നീട് ശ്രദ്ധയിൽപ്പെടുകയും തുടർന്ന് ടിയാരിയുടെ നിയമനാംഗീകാരം റദ്ദ് ചെയ്ത് 26-6-2019 മുതൽ 30-11-2019 വരെ കൈപ്പറ്റിയ ശമ്പളവും കുടിശ്ശികയും തിരിച്ചടയ്ക്കാൻ ടിയാരിയോട് ആവശ്യപ്പെടാൻ പ്രിൻസിപ്പലിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇതുസംബന്ധിച്ച വിവരം എറണാകുളം മേഖലാ ഉപമേധാവി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുകയും ആയത് പരിശോധിച്ച് 3-3-2021 തീയതിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമുണ്ട്. നിയമന സമയത്ത് പ്രായപരിധി കഴിഞ്ഞിരുന്ന തിനാൽ വയസ്സിളവ് അനുവദിക്കുന്നത് സംബന്ധിച്ചതാണ് പ്രസ്തുത ഫയലിലെ വിഷയം. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു വരികയാണ്.

## പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ സ്കൂളുകൾ

160 (909) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരത്തിൽപ്പരം കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് 3 കോടി രൂപ അനുവദിച്ചിരുന്ന കിഫ്ബി പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിലെ നാല് ഹയർ സെക്കണ്ടറി സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ നടപ്പിലാക്കാൻ ആവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകുമോ എന്നറിയിക്കാമോ?

(എ&ബി) 3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിൽ ഭൗതിക സൗകര്യവികസനത്തിനായി തെരഞ്ഞെടുത്തിട്ടുള്ള സ്കൂളുകളുടെ പേരും അവിടുത്തെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു :

സി.പി.എൻ.എസ്.ജി.എച്ച്.എസ്.എസ്. മാതമംഗലം - 40 ശതമാനം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. ജി.എച്ച്.എസ്.എസ്. വയക്കര, ജി.എച്ച്.എസ്.എസ്. വെള്ളൂർ, ജി.എച്ച്.എസ്.എസ്. മതിൽ, ഷേണായി സ്മാരക ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പയ്യന്നൂർ എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സർക്കാർ വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം

161 (910) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ (2016-2021) ഓരോ വർഷവും സർക്കാർ വിദ്യാലയങ്ങളിൽ ഒന്ന് മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ എത്ര കുട്ടികൾ പഠിച്ചിരുന്നു എന്ന വിവരം ക്ലാസ്സു തിരിച്ച് ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ (2016-2021) ഓരോ അധ്യയന വർഷവും സർക്കാർ വിദ്യാലയങ്ങളിൽ ഒന്ന് മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ പഠിച്ചിരുന്ന കുട്ടികളുടെ എണ്ണം ക്ലാസ്സ് തിരിച്ച് അനുബന്ധം (1) ആയി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2011-2016 സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും സർക്കാർ വിദ്യാലയങ്ങളിൽ ഒന്ന് മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ എത്ര കുട്ടികൾ പഠിച്ചിരുന്നു എന്ന വിവരം ക്ലാസ്സ് തിരിച്ച് ലഭ്യമാക്കുമോ?

2011-2016 സർക്കാരിന്റെ കാലയളവിൽ ഓരോ അദ്ധ്യയന വർഷവും സർക്കാർ വിദ്യാലയങ്ങളിൽ ഒന്ന് മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിൽ പഠിച്ചിരുന്ന കുട്ടികളുടെ ക്ലാസ്സ് തിരിച്ചുള്ള എണ്ണം അനുബന്ധം (2) ആയി ചേർക്കുന്നു.*

**ഓൺലൈൻ പഠനം**

162 (911) ഡോ. മാത്യു കുഴൽനാടൻ: **താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് കോവിഡ് വ്യാപനം തുടരുന്ന സാഹചര്യത്തിൽ ഈ വർഷവും വിദ്യാർത്ഥികൾക്ക് കഴിഞ്ഞ വർഷത്തെപ്പോലെ വിക്ടേഴ്സ് ചാനലിൽ ഓൺലൈൻ ക്ലാസ്സുകൾ തുടരുവാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. 2021 ജൂൺ 1-ന് തന്നെ കൈറ്റ് വിക്ടേഴ്സിലൂടെ 2021-22 അധ്യയന വർഷത്തെ ഡിജിറ്റൽ ക്ലാസുകൾ സംപ്രേഷണം ആരംഭിച്ചു.

(ബി) അദ്ധ്യാപകരെ ഉപയോഗിച്ച് ഓരോ സ്കൂളിലും പ്രത്യേക ഓൺലൈൻ സംവിധാനംകൂടി ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൈറ്റ് വിക്ടേഴ്സ് വഴി ഡിജിറ്റൽ ക്ലാസുകൾ ലഭ്യമാക്കുന്നതിനോടൊപ്പം അതത് അദ്ധ്യാപകർതന്നെ അവരവരുടെ വിദ്യാർത്ഥികളെ ഓൺലൈൻ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് (ഇന്റർനെറ്റ് സംവിധാനത്തിലൂടെ) നേരിട്ട് വിനിമയം ചെയ്യുന്നതിനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഓൺലൈൻ പഠനം വിദ്യാർത്ഥികളിലും സമൂഹത്തിലും ഉണ്ടാക്കുന്ന മാനസിക ശാരീരിക പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനും അതിന് പരിഹാരം കാണുന്നതിനും വിദ്യാഭ്യാസ വകുപ്പ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ; വ്യക്തമാക്കാമോ ?

ഓൺലൈൻ പഠനം വിദ്യാർത്ഥികളിലും സമൂഹത്തിലും ഉണ്ടാക്കുന്ന മാനസിക-ശാരീരിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് എസ്.സി.ഇ.ആർ.ടി.-യും തിരുവനന്തപുരം സർക്കാർ വനിത കോളേജിലെ സൈക്കോളജിക്കൽ റിസോഴ്സ് സെന്ററും സംയുക്തമായി ഗവേഷണ പഠനം നടത്തിയിട്ടുണ്ട്. പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടിയുടെ മാനസിക ആരോഗ്യം പരിഗണിച്ച് കലാ-കായിക

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാഭ്യാസം, പ്രവൃത്തി പരിചയം, ലൈഫ് സ്കിൽ, സൈബർ സേഫ്റ്റി തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകിയുള്ള ക്ലാസുകളും വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. കൂടാതെ 'അതിജീവനം', 'കോവിഡ് പ്രതിരോധം' എന്നീ പേരുകളിൽ ഡോക്ടർമാർ, ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധർ എന്നിവരുമായി ലൈവ് ഫോൺ ഇൻ പ്രോഗ്രാമും വിക്ടേഴ്സിലൂടെ ക്രമീകരിച്ചിട്ടുണ്ട്.

## ചിറ്റാർ സ്കൂളിൽ പുതിയ കെട്ടിട നിർമ്മാണം

163 (912) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിലെ ചിറ്റാർ ഹയർ സെക്കണ്ടറി സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി ഫണ്ടിൽനിന്നും 3 കോടി രൂപ അനുവദിക്കുകയും ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും ചെയ്തിട്ട് 2 വർഷം കഴിഞ്ഞിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് എന്താണ് തടസ്സമെന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്. സ്കൂൾ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തുള്ള മരങ്ങൾ മുറിച്ച് മാറ്റാൻ കഴിഞ്ഞിട്ടില്ല. ഇതിനകം മൂന്ന് തവണ ലേലം ചെയ്തിട്ടും വനം വകുപ്പ് നിർദ്ദേശിച്ച ലേലതുകയിലേയ്ക്കെത്താൻ കഴിഞ്ഞില്ല. ലഭ്യമായ തുകയ്ക്ക് ലേലം ഉറപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ അനുമതി തേടിയിട്ടുണ്ട്. അനുമതി ലഭ്യമായാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ആലുവ ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണം

164 (913) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ജനറൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലെ 8639/20/ഡബ്ല്യൂ3 നമ്പർ ഫയലിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) ഇതുസംബന്ധിച്ച് അടിയന്തര ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ആലുവ ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടറിൽനിന്നും 8639/20/ഡബ്ല്യൂ3 നമ്പർ ഫയൽ പ്രകാരം ലഭിച്ച റിപ്പോർട്ട് പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ടെക്നിക്കൽ സ്കൂൾ നിലവിൽ പ്രവർത്തിച്ചുവരുന്ന ആലുവ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ പഴക്കംചെന്ന രണ്ട് മുറികൾ ഉൾക്കൊള്ളുന്ന ബ്ലോക്ക് പൊളിച്ച് മാറ്റുവാനുള്ള അനുമതി ഐ.എച്ച്.ആർ.ഡി.-ക്ക് നൽകികൊണ്ട് സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

## സിസ്റ്റർ ത്രേസ്യ പി.ജെ.-യുടെ അവധി അപേക്ഷ

165(914) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്.-ലെ സിസ്റ്റർ ത്രേസ്യ പി.ജെ. ശൂന്യവേതനാവധി അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ യിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കോഴിക്കോട് സെന്റ് മൈക്കിൾസ് എച്ച്.എസ്.എസ്.-ലെ സിസ്റ്റർ ത്രേസ്യ പി.ജെ.-യുടെ 20-6-2019 മുതൽ 19-6-2020 വരെയുള്ള ശൂന്യവേതനാവധി അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 9-10-2020-ലെ എസിഡിബി1/3355/2019/എച്ച്എസ്സ്ഇ നമ്പർ കത്തുപ്രകാരം 22-10-2020-ൽ പൊതു വിദ്യാഭ്യാസ (എൽ) വകുപ്പിൽ ലഭ്യമായി. ടി വകുപ്പിലെ എൽ-2/301/2020/ജി.ഇഡിഎൻ നമ്പർ ഫയലിൽ ഈ വിഷയം പരിശോധിക്കുകയും 7-1-2021-ലെ എൽ-2/301/2020/ജി. ഇഡിഎൻ നമ്പർ കത്തുപ്രകാരം കെ. എസ്. ആർ. ഭാഗം -1, ചട്ടം 113 പ്രകാരം നിശ്ചിത മാതൃകയിലുള്ള അവധി അപേക്ഷ സിസ്റ്റർ. ത്രേസ്യ പി.ജെ-യിൽനിന്നും ലഭ്യമാക്കി സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർ സെക്കണ്ടറി)-ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഫയൽ നമ്പർ L2/301/2020/GED പ്രകാരം രജിസ്റ്റർ ചെയ്ത അപേക്ഷയിൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഫയലിന്മേൽ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) 7-1-2021-ലെ എൽ-2/301/2020/ജി. ഇഡിഎൻ നമ്പർ കത്തു പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും ലഭ്യമായിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് അടിയന്തര തുടർ നടപടി സ്വീകരിച്ച് ഇക്കാര്യം തീർപ്പാക്കുന്നതാണ്.

## സ്കൂൾ കെട്ടിട നിർമ്മാണം

166 (915) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ എടരിക്കോട് ക്ലാരി ഗവ. യു.പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന് മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിനാൽ പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ എടരിക്കോട് ക്ലാരി ഗവ.യു.പി. സ്കൂൾ കെട്ടിട നിർമ്മാണം എസ്.പി.വി.-യായ കിലയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## തിരൂരങ്ങാടി ഗവൺമെന്റ് എച്ച്.എസ്.എ. ഗ്രൗണ്ട് നവീകരണം

167 (916) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തിരൂരങ്ങാടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണപ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തിരൂരങ്ങാടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണ പ്രവൃത്തി മഴക്കാലം കഴിഞ്ഞാലുടൻ പുനഃരാരംഭിക്കുന്നതാണ്.

## മോഡൽ റസിഡൻഷ്യൽ സ്കൂളിലെ പ്ലസ്ടു കോഴ്സ്

168 (917) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊടക്കാട് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽനിന്നും 10 വർഷങ്ങൾ മുമ്പെതന്നെ എസ്.എസ്.എൽ.സി. ബാച്ച് പുറത്തുവന്നെങ്കിലും തുടർപഠനത്തിന് ഇവിടെ പ്ലസ് ടു കോഴ്സ് അനുവദിക്കാത്തതിനാൽ എസ്.സി. വിഭാഗം കുട്ടികൾ ഏറെ പ്രയാസത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ പ്ലസ് ടു കോഴ്സ് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിനായി ലഭിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ പ്രസ്തുത സ്കൂളിൽ നിലവി ലുണ്ടായിരുന്നില്ല. എന്നാൽ കിഫ്ബിവഴി ലഭ്യമായ തുക വിനിയോഗിച്ച് പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സ്കൂളിൽ ഹയർ സെക്കണ്ടറി അനുവദിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

### കുണ്ടംകുഴി, ഉദുമ ഹയർ സെക്കണ്ടറി സ്കൂളുകൾ

169 (918) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട കുണ്ടംകുഴി, ഉദുമ ഹയർ സെക്കണ്ടറി സ്കൂളുകളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ നിലവിൽ ഏത് ഏജൻസിയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

(എ-സി) കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ മൂന്ന് കോടി പ്രോജക്ടിൽ ഉൾപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. ഉദുമ, ജി.എച്ച്. എസ്.എസ്. കുണ്ടംകുഴി എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് പുനഃപരിശോധിച്ച് സമർപ്പിക്കാൻ കിഫ്ബിയിൽനിന്ന് അറിയിച്ചതനുസരിച്ച് കില ഡി.പി.ആർ. പുതുക്കി കിഫ്ബിക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

### ചാത്തന്നൂർ മണ്ഡലത്തിലെ സ്കൂളുകളുടെ ഭൗതിക സൗകര്യവികസനം

170 (919) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18-ലെ ബഡ്ജറ്റിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള രണ്ടാമത്തെ സ്കീമിൽ 'കില'-യെ എസ്.പി.വി- യായി ചുമതലപ്പെടുത്തിക്കൊണ്ട് ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ തെക്കുംഭാഗം ഗവ: ഹയർ സെക്കണ്ടറി സ്കൂളിനേയും ചിറക്കര ഗവ: ഹൈസ്കൂളിനെയും ഉൾപ്പെടുത്തിക്കൊണ്ട് ചെയ്യുന്ന പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ?

1. പരവൂർ തെക്കുംഭാഗം ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡി.പി.ആർ. 'കില' തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിരുന്നതിന്മേൽ കിഫ്ബിയിൽ നിന്നും ആവശ്യപ്പെട്ടതിൻപ്രകാരം ഡി.പി.ആർ. റിവൈസ് ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. ചിറക്കര ഗവൺമെന്റ് എച്ച്.എസ്.-ൽ നടപ്പിലാക്കുന്ന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എസ്.പി.വി. ആയ 'കില' ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

**പുതുക്കോട് സർവ്വജന ഹയർ സെക്കണ്ടറി സ്കൂൾ ഏറ്റെടുക്കൽ**

171 (920) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിലെ പുതുക്കോട് സർവ്വജന ഹയർ സെക്കണ്ടറി സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്ത നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ശേഷിക്കുന്നത് എന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന സർവ്വജന ഹയർ സെക്കണ്ടറി സ്കൂൾ 17-2-2021-ലെ ജി.ഒ. (എംഎസ്.) നമ്പർ 82/2021/പൊ.വി.വ ഉത്തരവുപ്രകാരം സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചു. ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി ആവശ്യമായ രേഖകൾ പൊതു വിദ്യാഭ്യസ ഡയറക്ടർ സമർപ്പിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**നാദാപുരത്തെ സ്കൂളുകളുടെ കെട്ടിട നിർമ്മാണം**

172 (921) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം ഗവ: യു.പി.സ്കൂൾ, വെള്ളിയോട് ഗവ: ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിനായി സർക്കാർ 3 കോടി രൂപ അനുവദിച്ച പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ആരാണെന്ന് അറിയിക്കാമോ;

(സി) മേൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) മൂന്ന് കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണ ഏജൻസിയായി കിലയെ ചുമതലപ്പെടുത്തിയ നാദാപുരം ഗവ. യു.പി. സ്കൂൾ, വെള്ളിയോട് ഗവ: ഹയർ സെക്കണ്ടറി സ്കൂൾ എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്കൂളുകളിലെ അദ്ധ്യാപകക്ഷാമം**

173 (922) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം മുതൽ ഓൺലൈൻ ക്ലാസുകൾ സ്കൂൾ തലത്തിൽക്കൂടി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ സ്കൂൾതലത്തിൽ ഓൺലൈൻ ക്ലാസുകൾ ആരംഭിക്കുമ്പോൾ ക്ലാസ്സ് എടുക്കുന്നതിന് ആവശ്യമായ അദ്ധ്യാപകർ ഓരോ ക്ലാസിലുമുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

ഡിജിറ്റൽ വിദ്യാഭ്യാസവും ഓൺലൈൻ പഠനവും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കൈറ്റ് ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഒരേ സമയം കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നതോടൊപ്പം ഓൺലൈനായും പിന്നീട് കാണാൻ കഴിയുംവിധം ഓഫ്‌ലൈൻ മോഡിലും ക്ലാസുകൾ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. അദ്ധ്യാപകരും കുട്ടികളുമായി നേരിട്ട് സംവദിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനായി ഈ വർഷം ഘട്ടംഘട്ടമായി ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്.

(ബി) സർക്കാർ പ്രൈമറി സ്കൂളുകളിൽ പ്രധാനാദ്ധ്യാപകർ ഇല്ലാത്ത എത്ര സ്കൂളുകൾ ഉണ്ടെന്ന് അറിയിക്കുമോ; കുട്ടികളുടെ പ്രൊമോഷൻ നടത്തുന്നതുൾപ്പെടെയുള്ള സ്കൂളുകളിലെ ദൈനംദിന പ്രവർത്തനങ്ങളെ ഇതു ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ഈ അവസ്ഥ എത്രയും വേഗം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

പ്രൈമറി പ്രധാനാദ്ധ്യാപകർ ഇല്ലാത്ത 1596 സ്കൂളുകൾ നിലവിലുണ്ട്. എന്നാൽ ടി സ്കൂളുകളിലെ കുട്ടികളുടെ പ്രൊമോഷൻ ഉൾപ്പടെയുള്ള ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ പ്രൈമറി പ്രഥമാദ്ധ്യാപകരുടെ ചാർജ് സീനിയർ അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്.

(സി) പ്രധാനാദ്ധ്യാപക നിയമനം ഒരു വർഷമായി നടക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; കുട്ടികളുടെ വിദ്യാഭ്യാസ അവകാശം ഹനിക്കപ്പെടുന്നതിന് കാരണമാകുന്ന ഈ അവസ്ഥ അടിയന്തരപ്രാധാന്യം നൽകി പരിശോധിക്കുമോ?

പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം സംബന്ധിച്ച് ബഹു. സുപ്രീംകോടതിയിൽ ഒന്നിലധികം കേസുകൾ നിലവിലുണ്ട്. പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം അനുവദിച്ചു നൽകാൻ സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത സർക്കാർ ഉത്തരവ് മരവിപ്പിച്ചുകൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ കഴിഞ്ഞിട്ടില്ല. സ്റ്റേ ഉത്തരവ് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അദ്ധ്യാപകരുടെയും പ്രധാനാദ്ധ്യാപകരുടെയും കുറവുമൂലം സർക്കാർ പ്രൈമറി സ്കൂളുകളിൽനിന്ന് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഉണ്ടായിട്ടുണ്ടോ?

ഇല്ല.

(ഇ) കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി അദ്ധ്യാപകക്ഷാമം പരിഹരിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

അദ്ധ്യാപക ക്ഷാമം പരിഹരിക്കുന്നതിന് മറ്റ് അദ്ധ്യാപകർക്കും സി.ആർ.സി. കോ-ഓർഡിനേറ്റർമാർക്കും ഡയറ്റ് അദ്ധ്യയന വിഭാഗത്തിനും ചുമതല നൽകിക്കൊണ്ട് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

**അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക വേതനം**

174 (923) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും അർഹതയുള്ള മിനിമം വേതനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏതുഘട്ടത്തിലാണെന്നും അറിയിക്കുമോ?

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ അംഗീകാരമുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിനും അദ്ധ്യാപകർക്ക് മിനിമം വേതനമെങ്കിലും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയും ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. അൺ എയ്ഡഡ് സ്കൂളുകളിലെ അനദ്ധ്യാപകർക്ക്

നൽകേണ്ടതായ മിനിമം വേതനവും സേവന വ്യവസ്ഥകളും നിശ്ചയിച്ചുകൊണ്ട് 11-2-2021-ലെ ജി.ഒ.(പി) നമ്പർ 22/2021/എൽ.ബി.ആർ നമ്പരായി അന്തിമ വിജ്ഞാപനം (അനുബന്ധമായി ചേർത്തിട്ടുണ്ട്*) തൊഴിലും നൈപുണ്യവും വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകരെ മാനേജ്മെന്റ് അന്യായമായി പരിച്ചുവിടുന്നതും നാമമാത്രമായി ലഭിച്ചിരുന്ന ശമ്പളംതന്നെ വെട്ടിക്കുറക്കുന്നത് തടയുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

പരാതികൾ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനാംഗീകാരം

175 (924) <u>ശ്രീ. എൻ. ഷംസുദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 അദ്ധ്യയന വർഷത്തിൽ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിച്ച അദ്ധ്യാപകർക്ക് കോവിഡ് പ്രതിസന്ധിമൂലം തസ്തിക നിർണ്ണയം നടക്കാത്ത സാഹചര്യത്തിൽ നിയമനാംഗീകാരം ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർക്ക് അടിയന്തരമായി നിയമനാംഗീകാരം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

(എ&ബി) 2020-21 വർഷം സ്കൂളുകൾ തുറക്കുകയോ, റഗുലർ ക്ലാസ്സുകൾ ആരംഭിക്കുകയോ ഉണ്ടായിട്ടില്ല. ആയതിനാലാണ് 2020-21-ലെ അദ്ധ്യാപക നിയമനങ്ങൾ അംഗീകരിക്കാൻ കഴിയാത്തത്. കൂടാതെ 22-1-2021-ലെ സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 28/2021/പൊ.വി.വ ഉത്തരവുപ്രകാരം കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾമൂലം സംസ്ഥാനത്തെ സ്കൂളുകൾ 2020-21 അദ്ധ്യയന വർഷം തുറക്കാത്ത സാഹചര്യത്തിൽ 2019-20 വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2020-21 വർഷത്തേയ്ക്കുകൂടി ബാധകമാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിൽ 2020-21 വർഷമുണ്ടായ അനദ്ധ്യാപകരുടെയും പ്രഥമാദ്ധ്യാപകരുടെയും ഒഴികെയുള്ള അദ്ധ്യാപക ഒഴിവുകൾ നികത്താതെ തുടരേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അദ്ധ്യാപക നിയമനം**

176 (925) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. അഡ്വൈസ് ചെയ്ത് വകുപ്പിൽനിന്നും നിയമന ഉത്തരവ് ലഭിച്ചിട്ടും അദ്ധ്യാപകർക്ക് ജോലിയിൽ പ്രവേശിക്കാൻ കഴിയാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ തുറന്ന് റഗുലറായി ക്ലാസ്സുകൾ ആരംഭിക്കുന്നമുറയ്ക്ക് ഇവരെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതാണ്.

**അദ്ധ്യാപക നിയമനം**

177 (926) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകരെ റിട്ടയർമെന്റ് പോസ്റ്റുകളിൽ നിയമിക്കാൻ നിലവിൽ തടസ്സമുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കാത്ത സാഹചര്യത്തിൽ അദ്ധ്യാപക ഒഴിവുകളിൽ സ്കൂൾ തുറക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

(ബി) സർക്കാർ സ്കൂളുകളിൽ നിലവിലുള്ള റിട്ടയർമെന്റ് പോസ്റ്റുകളിൽ എത്ര അദ്ധ്യാപകരെ നിയമിക്കാനുണ്ടെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) എയ്ഡഡ് സ്കൂളുകളിൽ നിയമനാംഗീകാരം കാത്തുനിൽക്കുന്ന എത്ര അദ്ധ്യാപകരുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 332 |

| (1) | (2) | (3) |
|---|---|---|
| 2 | കൊല്ലം | 478 |
| 3 | പത്തനംതിട്ട | 175 |
| 4 | ആലപ്പുഴ | 258 |
| 5 | കോട്ടയം | 471 |
| 6 | ഇടുക്കി | 414 |
| 7 | എറണാകുളം | 629 |
| 8 | തൃശ്ശൂർ | 803 |
| 9 | പാലക്കാട് | 682 |
| 10 | മലപ്പുറം | 1098 |
| 11 | കോഴിക്കോട് | 1039 |
| 12 | വയനാട് | 198 |
| 13 | കണ്ണൂർ | 1238 |
| 14 | കാസർകോട് | 254 |
| | ആകെ | 8069 |

(ഡി) നിയമനാംഗീകാരം വൈകുന്നതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

2016-17 അദ്ധ്യയന വർഷം മുതലുള്ള എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിലെ നിയമനങ്ങൾ കെ.ഇ.ആർ. അദ്ധ്യായം XXI, ചട്ടം 7 (2) പ്രകാരം 1:1 (ആദ്യത്തേത് സംരക്ഷിതാദ്ധ്യാപകനും രണ്ടാമത്തേത് അതത് സ്കൂൾ മാനേജർമാർക്കും) എന്ന അനുപാതത്തിലാണ് നികത്തേണ്ടത്. പുതിയതായി തുടങ്ങിയതോ/

ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ റെഗുലർ നിയമങ്ങളിലൊന്നിൽ, കെ.ഇ.ആർ. അദ്ധ്യായം XXI, ചട്ടം 7 (3) പ്രകാരം സംരക്ഷിതാദ്ധ്യാപകരെകൊണ്ട് നികത്തേണ്ടതുമാണ്. ഇപ്രകാരമല്ലാതെ മാനേജർമാർ നടത്തിയ നിയമനങ്ങൾ അംഗീകരിച്ചിരുന്നില്ല. ഇങ്ങനെ നിയമിക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് മേൽ ചട്ടത്തിന് സർക്കാർ ഒരു താല്ക്കാലിക ഇളവ് പ്രഖ്യാപിച്ചു. 6-2-2021-ലെ സ.ഉ.(അച്ചടി) നമ്പർ 04/2021/പൊ.വി.വ.,25-2-2021-ലെ സർക്കാർ കത്ത് നമ്പർ ജെ2/87/2020/ പൊ.വി.വ. എന്നിവ പ്രകാരം 2016-17 മുതൽ 2019-20 വരെ മാനേജർമാർ നടത്തിയ നിയമനങ്ങൾ (സംരക്ഷിത അദ്ധ്യാപകരെ നിയമിക്കേണ്ടിയിരുന്നത്) മാനേജർമാർ സമർപ്പിക്കുന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഹയർ സെക്കണ്ടറി ബാച്ചുകളുടെ അംഗീകാരം

178 (927) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിച്ച സ്കൂളുകളിൽ ഇനിയും നിയമനാംഗീകാരം ലഭിക്കാത്ത സ്കൂളുകൾ ഏതൊക്കെയെന്നും ഇതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ?

സ.ഉ.(കൈ) നമ്പർ 143/2014/പൊ.വി.വ. തീയതി 31-7-2014 പ്രകാരം 2014-15 അധ്യയന വർഷം പുതിയ സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ച് ഉത്തരവായപ്പോൾ 2014-15 അദ്ധ്യയന വർഷം ഒരു ബാച്ചിൽ കുറഞ്ഞത് 40 കുട്ടികളും 2015-16 അദ്ധ്യയന വർഷം മുതൽ 50 കുട്ടികളും ഒരു ബാച്ചിൽ ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. ടി വ്യവസ്ഥ പാലിക്കപ്പെടാത്ത സ്കൂളുകളെ 21-8-2017-ലെ സ.ഉ.(കൈ) നമ്പർ 106/2017/പൊ.വി.വ നമ്പർ പ്രകാരമുള്ള തസ്തിക നിർണ്ണയത്തിൽനിന്നും ഒഴിവാക്കിയിരുന്നു. സ.ഉ.(കൈ) നമ്പർ 143/2014/ പൊ.വി.വ തീയതി 31-7-2014-ൽ നിഷ്കർഷിക്കുന്ന മാനദണ്ഡം പാലിക്കപ്പെടാതെ തസ്തിക നിർണ്ണയത്തിൽനിന്നും ഒഴിവാക്കപ്പെട്ട സ്കൂളുകളിലെ തസ്തിക സൃഷ്ടിക്കുന്നതിലേയ്ക്കായി സർക്കാർ കത്ത് നമ്പർ 610/റ്റി2/2019/പൊ.വി.വ. തീയതി 16-2-2019 പ്രകാരം തുടർച്ചയായി മൂന്ന് വർഷം (പ്ലസ് വണ്ണിലും പ്ലസ് ടുവിലും 50 കുട്ടികൾ) മതിയായ എണ്ണം വിദ്യാർത്ഥികളുള്ള ബാച്ചുകളെയാണ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കേണ്ടതെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരമുള്ള വിദ്യാർത്ഥികൾ ഇല്ലാത്ത സ്കൂളുകളെയാണ് തസ്തിക നിർണ്ണയത്തിൽനിന്നും ഒഴിവാക്കിയിരുന്നത്. ടി സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| Sl. No. | Name of School (School Code) |
|---|---|
| 1. | Devi Vilasam HSS, Kandankeri (4115) |
| 2. | St.Sebastian HSS, Purappuzha (6080) |
| 3. | Kalady Plantation HSS (7187) |
| 4. | HSS Koothattukulam (7192) |
| 5. | St.Johns HSS Pulinthanam (7208) |
| 6. | Sacred Heart HSS, Payyavoor (13156) |
| 7. | St.Joseph HSS Pullurampara (10174) |
| 8. | St.George HSS Kallanickal (6075) |
| 9. | St.Marys HSS Mariyapuram(6082) |
| 10. | St.Pauls HSS Veliyanadu (7189) |
| 11. | BEM Girls HSS Bank Road Kozhikode (10040) |

(ബി) ഇതിലുൾപ്പെട്ട പുല്ലൂരാംപാറ സെന്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂളിലെ ബാച്ചിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാർ കത്ത് നമ്പർ 610/റ്റി2/2019/പൊ.വി.വ. തീയതി 16-2-2019 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നപക്ഷം പൂല്ലൂരാംപാറ സെന്റ് ജോസഫ് ഹയർ സെക്കണ്ടറി സ്കൂളിനെ തസ്തിക നിർണ്ണയ പ്രൊപ്പോസലിൽ ഉൾപ്പെടുത്തുന്നതാണ്.

**എയ്ഡഡ് അദ്ധ്യാപകരുടെ നിയമന അംഗീകാരം**

179 (928) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1-1-2019 മുതൽ നിയമന അംഗീകാരമില്ലാത്ത എത്ര അദ്ധ്യാപകർ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ജോലി നോക്കുന്നു; ജില്ല തിരിച്ചും വിദ്യാഭ്യാസ ജില്ല തിരിച്ചും സബ്ജില്ല തിരിച്ചുമുള്ള കണക്ക് ലഭ്യമാക്കുമോ?

സർക്കാർ സ്കൂളുകളിൽ പി.എസ്.സി. മുഖേനയാണ് ഒഴിവുകൾ നികത്തുന്നത്. ആയതിനാൽ പ്രസ്തുത നിയമനങ്ങൾക്ക് നിയമനാംഗീകാരം നൽകേണ്ട ആവശ്യമില്ല. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ 1-1-2019 മുതൽ നിയമനാംഗീകാരമില്ലാതെ ജോലി നോക്കുന്ന അദ്ധ്യാപകരുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) നിയമന അംഗീകാരമില്ലാത്തവരുടെ നിയമനാംഗീകാരം സംബന്ധിച്ച് വിവിധ ഓഫീസുകളിൽ നിലവിലുള്ള ഫയലുകളുടെ എണ്ണം ലഭ്യമാക്കുമോ; അപേക്ഷകൾ എ.ഇ.ഒ./ഡി.ഇ.ഒ./ഡി.ഡി./ഡി.പി.ഐ. ഓഫീസുകളിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തുകയും അപ്രകാരം മടക്കിയതുമായ അപേക്ഷകളുടെ എണ്ണം വ്യക്തമാക്കുമോ?

14 ജില്ലകളിലായി എ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകളിൽ നിയമനാംഗീകാരം നൽകാനുള്ള ആകെ ഫയലുകളുടെ എണ്ണം 2513 (എ.ഇ.ഒ:1612,ഡി.ഇ.ഒ:901) ടി ഓഫീസുകളിൽനിന്നും മടക്കിയ ആകെ ഫയലുകളുടെ എണ്ണം 1482 (എ.ഇ.ഒ: 824, ഡി.ഇ.ഒ:658) വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓഫീസുകളിൽ നിയമനാംഗീകാര അപേക്ഷകൾ ലഭിക്കുന്നില്ല. നിയമനാംഗീകാര അപ്പീലുകൾ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകളിലും റിവിഷൻ അപ്പീലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓഫീസിലുമാണ് പരിശോധിച്ച് തീർപ്പാക്കുന്നത്.

(സി) നിയമനാംഗീകാരം നടത്തിയ അപേക്ഷകളുടെ എണ്ണം എ.ഇ.ഒ./ ഡി.ഇ.ഒ./ഡി.ഡി./ഡി.പി.ഐ. തിരിച്ച് ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓഫീസുകളിൽ നിയമനാംഗീകാര അപേക്ഷകൾ ലഭിക്കുന്നില്ല. നിയമനാംഗീകാര അപ്പീലുകൾ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകളിലും റിവിഷൻ അപ്പീലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓഫീസിലുമാണ് പരിശോധിച്ച് തീർപ്പാക്കുന്നത്. എ.ഇ.ഒ., ഡി.ഇ.ഒ തലത്തിൽ നിയമനാംഗീകാരം നൽകിയ ആകെ അപേക്ഷകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

## എയ്ഡഡ് മേഖലയിലെ അദ്ധ്യാപക നിയമനം

180 (929) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിതാദ്ധ്യാപക നിയമന വ്യവസ്ഥകൾ പാലിക്കാത്തതിനെ തുടർന്ന് അംഗീകാരം നിരസിക്കപ്പെട്ട എയ്ഡഡ് മേഖലയിലെ അദ്ധ്യാപക നിയമനങ്ങൾക്കായി 'സമന്വയ' മുഖേന സമർപ്പിച്ച അപേക്ഷകളും ഫയലുകളും തീർപ്പ് കൽപ്പിച്ച് അംഗീകാരം നൽകുവാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ കാലതാമസം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉണ്ടെങ്കിൽ നിയമനാംഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

2016-17 മുതൽ 2019-20 വരെയുള്ള കാലയളവിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കാത്തത് കാരണം നിയമനാംഗീകാരം തടസ്സപ്പെട്ടവർക്ക് സംരക്ഷിതാദ്ധ്യാപകനെ പിന്നീട് നിയമിക്കാം എന്ന സത്യപ്രസ്താവന മാനേജർമാർ സമർപ്പിക്കുന്നമുറയ്ക്ക് നിയമനാംഗീകാരം നൽകാം എന്ന് 6-2-2021-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 4/2021, 25-02-2021-ലെ സർക്കാർ കത്ത് നമ്പർ ജെ2/87/2020/ പൊ.വി.വ എന്നിവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

### ചലഞ്ച് ഫണ്ട്

181(930) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ആലത്തൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഏതെല്ലാം സ്കൂളുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സെന്റ് മേരീസ് എൽ.പി.സ്കൂൾ, മംഗലഗിരി, പാലക്കാടിന് 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടം വരെയായിയെന്ന് അറിയിക്കാമോ ?

നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

### കാസർഗോഡ് ജില്ലയിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ

182 (931) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ ഏതെങ്കിലും ഗ്രാമപഞ്ചായത്തിൽ യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിൽ മലയാളം പഠന മാധ്യമം അല്ലാത്തതായിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ജില്ലയിലെ വടക്കൻ മേഖലയായ മഞ്ചേശ്വരം, മീഞ്ച, വോർക്കാടി, പൈവളിഗെ, എൻമകജെ, കാസറഗോഡ് മുനിസിപ്പാലിറ്റി, മംഗൽപ്പാടി, പുത്തിഗെ, മധൂർ, ബദിയടുക്ക, കുമ്പള, ദേലംപാടി, കുമ്പടാജെ, എന്നീ പഞ്ചായത്തുകളിലെ ചില സ്കൂളുകളിൽ യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിൽ മലയാളം പഠന മാധ്യമം അല്ലാത്തതായുണ്ട്. വിശദാംശങ്ങൾ അനുബന്ധം* ആയി ചേർക്കുന്നു :

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എങ്കിൽ ഈ പോരായ്മ പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

എല്ലാ വിദ്യാലയങ്ങളിലും മലയാള പഠനം നിബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ കാസറഗോഡ് ജില്ലയിലെ ചില പഞ്ചായത്തുകളിലെ വിദ്യാലയങ്ങളിൽ മലയാള ഭാഷ പ്രാവീണ്യം നേടാത്ത അദ്ധ്യാപകർ ഉണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അത്തരം സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ നിലവിലുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് മേഖലയിലെ എൽ.പി, യു.പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്ഥാപനങ്ങളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് നൽകാമോ?

ലിസ്റ്റ് അനുബന്ധം II*ആയി ചേർക്കുന്നു :

(ഡി) ഈ സ്ഥാപനങ്ങളിലെ പഠന മാധ്യമം ഏതാണെന്ന് സ്കൂൾ തിരിച്ച് വ്യക്തമാക്കാമോ?

ഒന്നാം ഭാഷ, രണ്ടാം ഭാഷ, മൂന്നാം ഭാഷ എന്നിങ്ങനെ പട്ടിക അനുബന്ധം III ആയി ചേർക്കുന്നു.*

**സ്കൂളുകളുടെ നവീകരണം**

183 (932) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(സി) 2016 മുതൽ 2020 വരെ ആലത്തൂർ നിയോജകമണ്ഡലത്തിൽ നടത്തിയിട്ടുള്ള സ്കൂളുകളുടെ നവീകരണം, കെട്ടിട നിർമ്മാണം, സ്മാർട്ട് ക്ലാസ്സ് റൂമിലേയ്ക്കുള്ള ഉപകരണങ്ങൾ ഉൾപ്പെടെ വിദ്യാഭ്യാസ വകുപ്പിൽനിന്ന് അനുവദിച്ച പ്രവൃത്തികളുടെ പേര്, തുക എന്നീ വിശദാംശങ്ങൾ വർഷാടിസ്ഥാനത്തിൽ നൽകാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ സ്കൂളുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു :

5 കോടി കിഫ്ബി ഫണ്ട് - 2017-18 5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട കിഴക്കഞ്ചേരി ജി.എച്ച്.എസ്.എസ്.-ന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. 3 കോടി കിഫ്ബി ഫണ്ട് - 2017-18 ജി.എച്ച്.എസ്.എസ്. എരിമയൂർ, 3 കോടി കിഫ്ബി

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫണ്ട് - 2018-19 ആലത്തൂർ ജി.ജി.എച്ച്.എസ്.എസ് - ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 1 കോടി കിഫ്ബി ഫണ്ട് - 2018-19-1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്. മുടപ്പല്ലൂർ, ജി.എച്ച്.എസ്. കുനിശ്ശേരി, ജി.യു.പി.എസ്. പുതിയങ്കം, ജി.എച്ച്.എസ്.എസ്. തേൻകുറിശ്ശി എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച് അംഗീകാരം ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ജി.യു.പി.എസ്. പുതിയങ്കം - 2018-19 പ്ലാൻ ഫണ്ട് 1 കോടി പണി പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ്സുകൾ സ്മാർട്ട് ക്ലാസ്സ് റൂമിലേയ്ക്കുള്ള ഉപകരണങ്ങൾ കൈറ്റ് മുഖേനയാണ് സ്കൂളുകൾക്ക് നൽകിയിട്ടുള്ളത്. കൈറ്റ് എസ്.പി.വി. ആയി ആലത്തൂർ നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. കിഴക്കഞ്ചേരിയെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 5 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 60 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. മണ്ഡലത്തിലെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയ ങ്ങളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കി. കൂടാതെ സെക്കണ്ടറി, ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, പ്രൈമറി സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് ലാബ് എന്നീ പദ്ധതിയിലുൾപ്പെടുത്തി 928 ലാപ്ടോപ്പ്, 520 മൾട്ടിമീഡിയ പ്രൊജക്ടർ, 327 മൗണ്ടിംഗ് കിറ്റ്, 98 വൈറ്റ് സ്ക്രീൻ, 31 43 ഇഞ്ച് ടെലിവിഷൻ, 32 മൾട്ടി ഫങ്ഷൻ പ്രിന്റർ, 32 ഡി.എസ്.എൽ.ആർ. ക്യാമറ, 32 വെബ് ക്യാം, 766 യു.എസ്.ബി. സ്പീക്കർ തുടങ്ങിയവ ലഭ്യമാക്കി. ഇതിനായി ഏകദേശം 4.8 കോടി രൂപ ചെലവഴിച്ചു.

### എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തിക

184 (933) **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഒരു ഇംഗ്ലീഷ് അദ്ധ്യാപകൻ പോലുമില്ലാത്ത എത്ര ഗവൺമെന്റ് സ്കൂളുകളുണ്ട് എന്ന് വ്യക്തമാക്കാമോ; ഏതൊക്കെ സ്കൂളുകൾ എന്നറിയിക്കാമോ?

37 സ്കൂളുകൾ ഉണ്ട്. ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഡി.ഡി. ഓഫീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

8 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കേരള പി.എസ്.സി.-യിൽ പ്രൊവിഷണലായി റിപ്പോർട്ട് ചെയ്ത എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിലെ 31 ഒഴിവുകൾ ഫൈനൽ വേക്കൻസിയായി മാറ്റുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23-3-2020-ലെ എംഎ 619/2020-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സിന്റെ അന്തിമ വിധിക്കനുസരിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

**എറണാകുളം ജില്ലയിലെ അദ്ധ്യാപക നിയമനങ്ങൾ**

185 (934) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഗവൺമെന്റ് എൽ.പി.എസ്.ടി. തസ്തികയിൽ അദ്ധ്യാപകരുടെയും പ്രൈമറി പ്രധാന അദ്ധ്യാപകരുടെയും എത്ര ഒഴിവുകൾ ഉണ്ടെന്ന വിവരം സ്കൂൾ തിരിച്ച് അറിയിക്കുമോ?

എൽ.പി. സ്കൂൾ ടീച്ചർ 178 ഒഴിവുകൾ, പ്രധാനാദ്ധ്യാപകരുടെ 116 ഒഴിവുകൾ. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) എൽ.പി.എസ്.ടി. തസ്തികയിലുള്ള ഈ ഒഴിവുകളിൽ എപ്രകാരം നിയമനം നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

ആകെ ഒഴിവുകളുടെ 10 ശതമാനം അന്തർജില്ലാ സ്ഥലംമാറ്റത്തിനും ആകെ അനുവദിക്കപ്പെട്ട തസ്തികകളുടെ 5 ശതമാനം കണക്കാക്കി ആയതിൽ കേഡർ നില അനുസരിച്ച് തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനായും നീക്കിവക്കേണ്ടതായിട്ടുണ്ട്. പി.എസ്.സി. വഴി നിയമന ശിപാർശ ലഭിച്ച്, നിയമന ഉത്തരവ് നൽകിയവർക്കും പി.എസ്.സി. നിയമന ശിപാർശ നൽകിയവർക്കും സ്കൂളുകളിൽ റഗുലർ ക്ലാസ്സുകൾ തുടങ്ങുന്നമുറയ്ക്ക് ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 2021 കലണ്ടർ വർഷം പ്രസ്തുത തസ്തികയിൽ നിയമന ശിപാർശ ലഭിച്ചവർക്ക് നിയമന ഉത്തരവ് യഥാസമയം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

നിയമന ശിപാർശ ലഭിച്ചവർക്ക് സ്കൂളുകളിൽ റഗുലർ ക്ലാസ്സുകൾ തുടങ്ങുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സ്കൂളുകൾ തുറക്കാത്തതുമൂലം തസ്തിക നിർണ്ണയ നടപടികൾ വൈകുന്നതിനാൽ 2019-ലെ തസ്തിക നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷത്തെ മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ?

2020-21, അദ്ധ്യയന വർഷങ്ങളിൽ പി.എസ്.സി. വഴി നിയമനം നടത്തേണ്ട എല്ലാ ഒഴിവുകളും 2021-22 വർഷത്തെ റിട്ടയർമെന്റ് ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കാസർകോട് ജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപക ഒഴിവുകൾ

186 (935) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിൽ നിലവിൽ എത്ര അദ്ധ്യാപക ഒഴിവുകളാണ് ഉള്ളതെന്നറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ സർക്കാർ വിദ്യാലയങ്ങളിൽ 1-5-2021 അടിസ്ഥാനപ്പെടുത്തി എച്ച്.എസ്.റ്റി., യു.പി.എസ്.റ്റി., എൽ.പി.എസ്.റ്റി. വിഭാഗങ്ങളിലായി ആകെ 597 അദ്ധ്യാപക ഒഴിവുകളാണുള്ളത്. കാസർഗോഡ് ജില്ലയിലെ ഹയർ സെക്കണ്ടറി സർക്കാർ വിദ്യാലയങ്ങളിൽ 119 എച്ച്.എസ്.എസ്.റ്റി.-യുടേയും 81 എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) അദ്ധ്യാപകരുടേയും ഒഴിവുകൾ നിലവിലുണ്ട്.

(ബി) പ്രൈമറി, ഹൈസ്കൂൾ വിഭാഗങ്ങളിൽ ഒഴിവുള്ള തസ്തികയിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) അദ്ധ്യാപക ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(ബി &സി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്കൂൾ തുറക്കാത്തതു കാരണമാണ് നിയമനം നടക്കാത്തത്. സ്കൂളുകളിൽ റഗുലർ ക്ലാസ്സുകൾ തുടങ്ങുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

## യു.പി.എസ്.എ. തസ്തികയിൽ വിരമിക്കുന്ന അദ്ധ്യാപകരുടെ വിശദാംശങ്ങൾ

187 (936) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിൽ യു.പി.എസ്.എ. തസ്തികയിൽനിന്നും 2022 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെയുള്ള കാലയളവിൽ വിരമിക്കുന്ന അദ്ധ്യാപകരുടെ പേര് വിവരങ്ങൾ, വിരമിക്കൽ തീയതി, ഇപ്പോൾ അവർ ജോലി നോക്കുന്ന സ്ഥലം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## എൽ.പി.എസ്.ടി. തസ്തികയിലെ നിയമനം

188 (937) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഗവൺമെന്റ് സ്കൂളുകളിലെ എൽ.പി.എസ്.ടി. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; സ്കൂൾ തിരിച്ച് വിവരങ്ങൾ വിശദമാക്കാമോ?

178 ഒഴിവുകൾ . ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ ഒഴിവുകൾ എപ്രകാരം നിയമനം നടത്തുന്നതിനാണ് മാറ്റി വച്ചിരിക്കുന്നതെന്നറിയിക്കുമോ?

ആകെ ഒഴിവുകളുടെ 10 ശതമാനം അന്തർജില്ലാ സ്ഥലംമാറ്റത്തിനും ആകെ അനുവദിക്കപ്പെട്ട തസ്തികകളുടെ 5 ശതമാനം കണക്കാക്കി ആയതിൽ കേഡർ നില അനുസരിച്ച് തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനായും നീക്കിവക്കേണ്ടതായിട്ടുണ്ട്. കൂടാതെ പി.എസ്.സി. വഴി നിയമന ഉത്തരവ് നൽകിയിട്ടും ജോലിയിൽ പ്രവേശിക്കാൻ കഴിയാത്തവരുടെ 50 ഒഴിവുകളും നിയമന ശിപാർശ നൽകിയിട്ട് നിയമന ഉത്തരവുകൾ പുറപ്പെടുവിക്കാൻ കഴിയാത്ത 93 ഒഴിവുകളും 178 ഒഴിവുകളിൽ ഉൾപ്പെടുന്നുണ്ട്.

(സി)2021 കലണ്ടർ വർഷം എത്ര അദ്ധ്യാപകർ ഈ തസ്തികയിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും ഇങ്ങനെയുണ്ടായ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്നും അറിയിക്കുമോ; ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2021 അദ്ധ്യയന വർഷം ടി തസ്തികയിൽ നിന്നും 45 അദ്ധ്യാപകർ വിരമിച്ചിട്ടുണ്ട്. ടി ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട 28 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഈ തസ്തികയിൽ എത്ര അദ്ധ്യാപകർ ശൂന്യവേതന അവധിയിലും അന്യത്ര സേവനവ്യവസ്ഥയിലും ഉൾപ്പെട്ടിട്ടുണ്ടെന്നും തന്മൂലം ഈ തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അറിയിക്കുമോ; ഈ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ അന്യത്ര സേവന വ്യവസ്ഥയിലുള്ള അദ്ധ്യാപകരില്ല. ശൂന്യവേതനാവധിയിലുള്ള 5 അദ്ധ്യാപകരുടെ ഒഴിവുകളിൽ 4 ഒഴിവുകളിലേയ്ക്ക് പിഎസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്.

## അദ്ധ്യാപകരുടെ നിയമനം

189 (938) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രധാന അദ്ധ്യാപകരുടെയും മറ്റ് അദ്ധ്യാപകരുടെയും ഒഴിവുകൾ നികത്തപ്പെട്ടിട്ടില്ലെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രൈമറി പ്രഥമാധ്യാപകരുടെ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു. സുപ്രീംകോടതിയിൽ ഒന്നിലധികം കേസുകൾ നിലവിലുണ്ട്. പ്രൈമറി പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം അനുവദിച്ചു നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിനെതിരെ കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അദ്ധ്യാപക നിയമനം നടക്കാത്തതുമൂലം ഓൺലൈൻ പഠന പ്രവർത്തനങ്ങൾ മുടങ്ങുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

വിക്ടേഴ്സ് ചാനൽ വഴിയുള്ള ഡിജിറ്റൽ ക്ലാസുകൾ അദ്ധ്യാപക നിയമനം നടക്കാത്തതുമൂലം മുടങ്ങിയിട്ടില്ല. ഓൺലൈൻ ക്ലാസ്സുകൾ ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു.

(സി) പ്രധാന അദ്ധ്യാപകർ വിരമിച്ച ഒഴിവുകൾ നികത്തുവാനും ഭരണപരമായ പ്രതിസന്ധികൾ പരിഹരിക്കുവാനും നടപടി സ്വീകരിക്കുമോ?

പ്രൈമറി പ്രഥമാദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിന് തടസ്സമായി കോടതിയിൽ നിലനിൽക്കുന്ന സ്റ്റേ ഉത്തരവുകൾ അടിയന്തരമായി നീക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. പ്രഥമാദ്ധ്യാപക ഒഴിവുകൾ നിലവിലുള്ള എൽ.പി./ യു.പി. സ്കൂളുകളിൽ ഭരണപരമായ പ്രതിസന്ധികൾ ഒഴിവാക്കുന്നതിനായി സീനിയർ അദ്ധ്യാപകന് പ്രഥമാദ്ധ്യാപകന്റെ ചാർജ്ജ് നൽകിയിട്ടുണ്ട്.

**കാട്ടാക്കട ഇ.എസ്.ഐ. ഡിസ്പെൻസറി**

190 (939) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് **പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

കാട്ടാക്കട താലൂക്ക് കേന്ദ്രീകരിച്ച് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കാനാകുമോയെന്ന് അറിയിക്കുമോ?

നിലവിൽ പരിഗണനയിലില്ല. ഇ.എസ്.ഐ. കോർപ്പറേഷന്റെ മാനദണ്ഡ പ്രകാരം 2000 ഐ.പി.കൾ രജിസ്റ്റർ ചെയ്ത പ്രദേശങ്ങളിലാണ് പുതിയ ഡിസ്പെൻസറി ആരംഭിക്കുന്നത്. കൂടാതെ ഇ.എസ്.ഐ.സി. 2.0 പദ്ധതിപ്രകാരം ഒരു ഇ.എസ്.ഐ ഡിസ്പെൻസറിയുടെ 20 കിലോമീറ്റർ ചുറ്റളവുവരെ പ്രസ്തുത പദ്ധതിയുടെ പരിധിയിൽ വരുന്നതാണ്. കാട്ടാക്കടയിൽ രജിസ്റ്റർ ചെയ്ത ഐ.പി.-കളുടെ എണ്ണം 1424 ആണ്. കൂടാതെ കാട്ടാക്കടയുടെ 20 കിലോമീറ്റർ ചുറ്റളവിൽ ബാലരാമപുരം, നെയ്യാറ്റിൻകര, നെടുമങ്ങാട്, പേരൂർക്കട എന്നീ 4 ഇ.എസ്.ഐ. ഡിസ്പെൻസറികളും പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്.

**ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമി**

191 (940) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) നിർദ്ദിഷ്ട ചാത്തന്നൂർ കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാകാനുണ്ടെന്ന് വ്യക്ത മാക്കാമോ;

(ബി) പ്രസ്തുത കൺസ്ട്രക്ഷൻ അക്കാദമിയുടെ നിർമ്മാണ പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുമോ; എങ്കിൽ നിർമ്മാണോദ്ഘാടനം എപ്പോൾ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ചാത്തന്നൂരിൽ ആരംഭിക്കുന്ന നാഷണൽ കൺസ്ട്രക്ഷൻ & ഇൻഫ്രാസ്ട്രക്ചർ അക്കാദമി (NCIA) സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് സമർപ്പിച്ച പദ്ധതി രൂപരേഖയ്ക്ക് (DPR) സർക്കാർ അംഗീകാരം നൽകി ഉത്തരവായിരുന്നു. എന്നാൽ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ ടി പദ്ധതി രൂപരേഖയിൽ ചില ഭേദഗതികൾ വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ് .

## കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനും നിയന്ത്രണത്തിനുമായി സമഗ്ര നിയമനിർമ്മാണം

192 (941) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനും നിയന്ത്രണത്തിനുമായി ഒരു സമഗ്ര നിയമനിർമ്മാണം കൊണ്ടുവരും എന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിനായി ബിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

(എ&ബി) അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനും നിയന്ത്രണത്തിനുമായി ഒരു സമഗ്ര നിയമനിർമ്മാണം കൊണ്ടുവരുമെന്ന് കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം, ആരോഗ്യ പരിപാലനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ആവാസ് എന്ന പേരിൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിവന്ന സാഹചര്യത്തിൽ പ്രസ്തുത നിയമ നിർമ്മാണം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായില്ല. ആവാസ് പദ്ധതി നടപ്പാക്കിയതിനുശേഷം പ്രസ്തുത നിയമനിർമ്മാണം പരിഗണിക്കാവുന്നതാണെന്ന് കഴിഞ്ഞ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന അന്തർ സംസ്ഥാന അതിഥി തൊഴിലാളികളുടെ ക്ഷേമ രജിസ്ട്രേഷൻ കേരള ഓർഡിനൻസ് ബഹു. രാഷ്ട്രപതിയുടെ മുൻകൂർ അംഗീകാരത്തിന് വിധേയമായി പുറപ്പെടുവിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട് . ഈ ഓർഡിനൻസിൽ സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നിയമപരമായി നിർബന്ധമാക്കിയിട്ടുണ്ട്. ടി ഓർഡിനൻസ് നിയമമായി നടപ്പിലാക്കുമ്പോൾ എല്ലാ അതിഥി തൊഴിലാളികളുടേയും രജിസ്ട്രേഷൻ പ്രാവർത്തികമാകും.

## വിവിധ തൊഴിൽ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന നടപടി

193 (942) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിൽ നിയമങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ഇരുപത്തി ഒൻപത് തൊഴിൽ നിയമങ്ങൾ ഏകീകരിച്ചും പന്ത്രണ്ട് നിയമങ്ങൾ റദ്ദാക്കിയും കേന്ദ്ര സർക്കാർ കൊണ്ടുവന്ന നാല് കോഡുകൾ സംസ്ഥാനത്തെ തൊഴിലാളി താൽപ്പര്യങ്ങളെ എപ്രകാരം ബാധിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കോഡുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ചട്ടം രൂപീകരിച്ചിട്ടുണ്ടോ;

(സി)എങ്കിൽ പ്രസ്തുത ചട്ടങ്ങളിൽ തൊഴിലാളി താൽപര്യ സംരക്ഷ നിബന്ധനകൾ ഉൾക്കൊള്ളിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ-സി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 4 കോഡുകളിലും തൊഴിലാളികൾക്ക് ദോഷകരമായ വ്യവസ്ഥകൾക്ക്, സംസ്ഥാന സർക്കാർ ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ തൊഴിലാളി താല്പര്യം സംരക്ഷിക്കുന്ന വിധത്തിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കും. നിലവിൽ കോഡ് ഓൺ വേജസിന്റെ സംസ്ഥാന ചട്ടങ്ങളുടെ കരട് സർക്കാർ പരിശോധിച്ചുവരികയാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കോഡ് ഓൺ വേജസിന്റെ ചട്ടങ്ങളിൽ തൊഴിൽ മേഖലകളെ അൺസ്കിൽഡ്, സ്കിൽഡ്, സെമി-സ്കിൽഡ്, ഹൈലി സ്കിൽഡ് എന്നിങ്ങനെ 4 മേഖലയായി തരംതിരിച്ചാണ് മിനിമം വേതനം കണക്കാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കേരളത്തിലെ ഓരോ തൊഴിലിനെയും ഈ നാലുവിഭാഗത്തിൽ Map ചെയ്ത് മിനിമം വേതനം നിശ്ചയിക്കേണ്ടിവരും. കേന്ദ്ര സർക്കാരിന്റെ കോഡ് ഓൺ വേജസ് പ്രകാരം ഒരു തൊഴിലാളിയുടെ ജോലിസമയം ഒരു ദിവസം 9 മണിക്കൂർ ആയും സ്പ്രെഡ് ഓവർ 12 മണിക്കൂർ ആയും പ്രത്യേക സാഹചര്യത്തിൽ സ്പ്രെഡ് ഓവർ 16 മണിക്കൂർ ആയും വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ ഇത് 8 മണിക്കൂർ ജോലി സമയം ആയും 1 മണിക്കൂർ വിശ്രമം ഉൾപ്പെടെ സ്പ്രെഡ് ഓവർ 10.5 മണിക്കൂർ ആയും വ്യവസ്ഥ ചെയ്യണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. മറ്റ് 3 കോഡുകൾക്കുള്ള സംസ്ഥാന ചട്ടങ്ങൾ തയ്യാറാക്കി വരികയാണ്.

## തൊഴിലാളി ക്ഷേമനിധി ബോർഡുകൾ

194 (943) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ?

തൊഴിൽ വകുപ്പിനു കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്.

(ബി) മേല്പറഞ്ഞ ഓരോ ബോർഡിന്റെയും 2019-20-ലെ ഭരണചെലവ്, ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ എത്ര ലക്ഷം വീതമായിരുന്നുവെന്ന് അറിയിക്കുമോ?

തൊഴിൽ വകുപ്പിനുകീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ 2019-20-ലെ ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ഭരണചെലവ് അനുബന്ധം ആയി ചേർക്കുന്നു.*

(സി) ക്ഷേമനിധി ബോർഡുകളെല്ലാം സാമ്പത്തികമായി സ്വയം പര്യാപ്തമാണോ; അല്ലെങ്കിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്?

ക്ഷേമനിധി ബോർഡുകളെല്ലാം സാമ്പത്തികമായി സ്വയംപര്യാപ്തമല്ല. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (അൺ അറ്റാച്ച്ഡ് വിഭാഗം) എന്നീ ബോർഡുകൾ തനത് ഫണ്ട് ഉപയോഗിച്ചാണ് ആനുകൂല്യങ്ങൾ നൽകിവരുന്നത്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ഡി) ക്ഷേമനിധി ബോർഡുകളുടെ എണ്ണം കുറയ്ക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ബോർഡുകൾ സംയോജിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളെ സംയോജിപ്പിച്ച് ആകെ ക്ഷേമനിധി ബോർഡുകളുടെ എണ്ണം 11 ആയി കുറയ്ക്കുന്നതിനും അതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡുമായും കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡുമായും കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡുമായും സംയോജിപ്പിക്കുന്നതിനുമാണ് തീരുമാനിച്ചിട്ടുള്ളത്. മേൽപ്രകാരം ബോർഡുകളുടെ സംയോജനം നടപ്പിലാക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തൊഴിൽ നഷ്ടപ്പെട്ടവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് നടപടികൾ

195(944) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാലയളവിൽ തൊഴിൽ നഷ്ടപ്പെട്ടവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും പുനരധിവാസത്തിനും തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോവിഡ്-19 മഹാമാരിയുടെ ഒന്നാം ഘട്ടത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച ലോക്ഡൗൺ കാരണം പൂർണ്ണമായോ ഭാഗികമായോ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിനുകീഴിലുള്ള സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 1,000 രൂപ മുതൽ 3,000 രൂപ വരെ വിവിധ ബോർഡുകൾ വഴി സർക്കാർ ധനസഹായം (കോവിഡ് ധനസഹായം/സാമ്പത്തിക താങ്ങൽ പദ്ധതി) അനുവദിച്ച് നൽകിയിരുന്നു. പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങളിലേയും പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലേയും തൊഴിലാളികൾക്ക് സർക്കാർ 1,000 രൂപ ധനസഹായം അനുവദിച്ച് നൽകിയിരുന്നു. കൂടാതെ സാമ്പത്തിക ഭദ്രതയുള്ള 5 ക്ഷേമനിധി ബോർഡുകൾ തനത് ഫണ്ടിൽ നിന്നും 1,000 രൂപ മുതൽ 5,000 രൂപ വരെ ധനസഹായം തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിരുന്നു. കോവിഡ് വ്യാപനത്തിന്റെ രണ്ടാം ഘട്ടത്തിൽ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് സർക്കാർ 1,000 രൂപ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക

ഭദ്രതയുള്ള കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് (അൺഅറ്റാച്ച്ഡ്) എന്നീ അഞ്ച് ബോർഡുകൾ തനത് ഫണ്ടിൽ നിന്നും ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത തൊഴിലാളികൾക്ക് ധനസഹായം വിതരണം ചെയ്തുവരുന്നു. സാമ്പത്തിക ഭദ്രത കുറഞ്ഞ മറ്റു ക്ഷേമനിധി ബോർഡുകളിലേയും പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങളിലേയും പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലേയും തൊഴിലാളികൾക്കും കോവിഡ്-19 രണ്ടാംഘട്ട ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കോവിഡ് കാലത്ത് തൊഴിൽ നഷ്ടപ്പെട്ട യുവാക്കൾ ഉൾപ്പെടെയുള്ളവർക്ക് പുതിയ തൊഴിൽ മേഖലകൾ കണ്ടെത്താൻ എന്തൊക്കെ സഹായമാണ് നൽകി വരുന്നത്; വിശദാംശങ്ങൾ നൽകാമോ;

(സി) സംസ്ഥാനത്തെ തൊഴിലന്വേഷകരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് നൂതനങ്ങളായ തൊഴിലവസരങ്ങൾക്ക് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(ബി&സി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സസ്സ്മെന്റ് ടൂളുകൾ ഉപയോഗിച്ച് വിലയിരുത്തി ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം നേടുന്നതിനും മൃദു നൈപുണ്യ വികസനത്തിനുമാവശ്യമായ പരിശീലനം നൽകുകയും ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ നേടിയെടുക്കാൻ ഉദ്യോഗാർത്ഥികൾക്ക് അവസരമൊരുക്കി കൊടുക്കുകയും ചെയ്യുന്നു. നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെ ഉദ്ദേശിച്ചുകൊണ്ട് വകുപ്പ് നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും

പരിഹാരം നൽകുന്ന കേന്ദ്രങ്ങളാണിവ. ഗ്രാമീണ മേഖലയിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ തൊഴിൽ മേഖലകളിലെ നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ പ്രാപ്തരാക്കുവാൻ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന സാധിക്കുന്നു. വ്യക്തിഗത മാർഗ്ഗ നിർദ്ദേശങ്ങൾ, ഗ്രൂപ്പ് കാൺസിലിംഗ്, ഗ്രൂപ്പ് ഡിസ്കഷൻ, റെസ്യൂമെ പ്രിപ്പറേഷൻ, വിവിധ മത്സര പരീക്ഷയ്ക്കുള്ള പരിശീലന പരിപാടികൾ, പ്രീ-ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള ഗൈഡൻസ് എന്നിവയിലൂടെയെല്ലാം വ്യക്തിയുടെ പ്രൊഫഷണൽ മികവ് ഉയർത്താനാവശ്യമായ പ്രവർത്തനങ്ങൾ ഇവിടെ ലഭ്യമാണ്. വ്യക്തിയുടെ പഠന നിലവാരം, സാമ്പത്തിക സ്ഥിതി, സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലം മുതലായവ വിശദമായി പരിശോധിച്ച് കോഴ്സുകൾ, തൊഴിൽ മേഖലകൾ, പരിശീലന സംവിധാനങ്ങൾ എന്നിവയെക്കുറിച്ചെല്ലാം കൃത്യമായ നിർദേശങ്ങൾ നൽകുന്നതിന് കൗൺസലറുടെ സേവനവും ഇവിടെ ലഭ്യമാണ്. നിലവിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തൃപ്പൂണിത്തുറ, കൊട്ടാരക്കര ആസ്ഥാനമായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ഉടൻതന്നെ പ്രവർത്തനക്ഷമമാകുന്നതാണ്. ഇതിനുപുറമെ സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള മോഡൽ കരിയർ സെന്റർ സ്വകാര്യ മേഖലയിലെ തൊഴിലുകൾ നേടിയെടുക്കുന്നതിന് ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുന്നതിനാവശ്യമുള്ള സമഗ്രമായ കർമ്മപരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ഉദ്യോഗാർത്ഥികളുടെ തൊഴിൽപരമായ അഭിരുചി ശാസ്ത്രീയമായി കണ്ടെത്തി അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക, ഗ്രൂപ്പ് കാൺസിലിംഗ്, വ്യക്തിഗത മാർഗ്ഗനിർദ്ദേശങ്ങൾ, ഗ്രൂപ്പ് ഡിസ്കഷൻ, നൈപുണ്യ പരിശീലനങ്ങൾ തുടങ്ങിയ വിവിധ സേവനങ്ങൾ സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. സ്വകാര്യ മേഖലയിലെ പ്രമുഖ തൊഴിൽ ദായകരുമായി ചേർന്ന് ഉദ്യോഗദായകർക്കും ഉദ്യോഗാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന വിധത്തിൽ കൃത്യമായ ആസൂത്രണത്തോടുകൂടി മോഡൽ കരിയർ സെന്റർ നിശ്ചിത ഇടവേളകളിൽ ജോബ് ഫെയർ/പ്ലെയ്സ്മെന്റ് ഡ്രൈവ് നടത്തിവരുന്നുണ്ട്. നിലവിൽ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് മോഡൽ കരിയർ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. കണ്ണൂർ ജില്ലയിൽ മോഡൽ കരിയർ സെന്റർ ആരംഭിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോവിഡ് മൂലമുള്ള തൊഴിൽ നഷ്ടം

196 (945) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരലൽ കോളേജ് അദ്ധ്യാപകർ, അലക്ക് തൊഴിലാളികൾ, പ്രൈവറ്റ് ബസ് ജീവനക്കാർ എന്നിവർ കോവിഡ് മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട് നിത്യപട്ടിണിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില വിഭാഗക്കാർക്ക് താല്ക്കാലികമായി തൊഴിലിൽ ഏർപ്പെടാൻ പറ്റാത്ത സാഹചര്യം സംജാതമായിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് ആരും നിത്യപട്ടിണിയിലായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എങ്കിൽ ഇവരുടെ ക്ഷേമത്തിനായി സർക്കാർ ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

കോവിഡ്-19 മഹാമാരിയുടെ ഒന്നാംഘട്ടത്തിലെ ലോക്ക്ഡൗൺ കാരണം പൂർണ്ണമായോ ഭാഗികമായോ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിനുകീഴിലുള്ള സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് 1,000 രൂപ മുതൽ 3,000 രൂപ വരെ വിവിധ ബോർഡുകൾവഴി സർക്കാർ ധനസഹായം അനുവദിച്ച് നൽകിയിരുന്നു. കൂടാതെ സാമ്പത്തിക ഭദ്രതയുള്ള 5 ക്ഷേമനിധി ബോർഡുകൾ തനത് ഫണ്ടിൽനിന്നും 1,000 രൂപ മുതൽ 5,000 രൂപ വരെ ധനസഹായം തൊഴിലാളികൾക്ക് അനുവദിച്ച് നൽകിയിരുന്നു. കോവിഡ് വ്യാപനത്തിന്റെ രണ്ടാംഘട്ടത്തിൽ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളായ തൊഴിലാളികൾക്ക് സർക്കാർ 1,000 രൂപ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് (അൺഅറ്റാച്ച്ഡ്) എന്നീ അഞ്ച് ബോർഡുകൾ ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്ത തൊഴിലാളികൾക്ക് തനത് ഫണ്ടിൽനിന്നും ധനസഹായം വിതരണം ചെയ്തുവരുന്നു. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള മറ്റ് ക്ഷേമനിധി ബോർഡുകളിൽ അംഗത്വമെടുത്തിട്ടുള്ള എല്ലാ വിഭാഗം തൊഴിലാളികൾക്കും 1,000 രൂപ വീതം ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

## സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ

197 (946) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ ലോക്ഡൗൺ കാലത്ത് സംസ്ഥാനത്തെ അതിഥി തൊഴിലാളികളെ സംരക്ഷിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ?

കേരളത്തിൽ കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തിൽ അതിഥി തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് അകത്ത്/പുറത്ത് ട്രെയിനിൽ യാത്ര ചെയ്യുന്ന അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഷൊർണ്ണൂർ, പാലക്കാട്, തിരൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ റെയിൽവേ സ്റ്റേഷനുകളിൽ പ്രത്യേക രജിസ്ട്രേഷൻ കൗണ്ടർ സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള പ്രധാന റെയിൽവെ സ്റ്റേഷനുകളിൽ രജിസ്ട്രേഷൻ കൗണ്ടർ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം തൊഴിലിടങ്ങൾ അടയ്ക്കപ്പെടുന്നതിനാൽ നാട്ടിലേയ്ക്ക് മടങ്ങാനാവാതെ സംസ്ഥാനത്ത് തങ്ങുന്ന അതിഥി തൊഴിലാളികളുടെ താമസം, ഭക്ഷണം, ആരോഗ്യ സുരക്ഷ എന്നിവ ഉറപ്പാക്കുകയും ടി തൊഴിലാളികൾക്കായി ക്യാമ്പുകൾ പ്രവർത്തിക്കുകയും ചെയ്യുന്നു. ലോക്ഡൗണിൽ ടി തൊഴിലാളികൾക്ക് ഭക്ഷണം ഉറപ്പുവരുത്തുന്നതിനായി ഭക്ഷണ കിറ്റുകൾ (Dry Ration) സിവിൽ സപ്ലൈസ്‌വഴി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ ഉടനടി ടെസ്റ്റ് നടത്തി മാറ്റി പാർപ്പിക്കുന്നതിനും അവർ അധികമായുള്ള സ്ഥലങ്ങളിൽ അവർക്കായി ഡൊമിസിലിയറി കോവിഡ് കെയർ സെന്റർ (DCCC) തിരുവനന്തപുരം-1, കൊല്ലം-2, ആലപ്പുഴ-2, പാലക്കാട്-1, പ്ലാന്റേഷനുകളിൽ ഇടുക്കി-1, പാലക്കാട്-1 എന്നിങ്ങനെ ആരംഭിച്ചിട്ടുണ്ട്. ഇവർക്കായി സി.എഫ്.എൽ.റ്റി.സി.-കൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. വാക്സിൻ ലഭ്യമാകുന്നമുറയ്ക്ക് അതിഥി തൊഴിലാളികൾക്കും ആയത് ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; നിലവിൽ എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ഇൻഷ്വറൻസ് പരിരക്ഷയും ലക്ഷ്യംവച്ച് തൊഴിൽ വകുപ്പ് നടപ്പിലാക്കി വരുന്ന ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 13-1-2021 വരെ 5,09,451 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരികയാണ്. കൂടാതെ കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം നാളിതുവരെ 55520 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) അതിഥി തൊഴിലാളികൾക്ക് പ്രത്യേക പാർപ്പിട പദ്ധതി ഒരുക്കുന്നതിന് വകുപ്പ് ആവിഷ്കരിച്ച പദ്ധതി വിജയപ്രദമാണോ; കൂടുതൽ സ്ഥലത്തേയ്ക്ക് ഇത് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

അതിഥി തൊഴിലാളികളുടെ മോശപ്പെട്ട ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്തും ഈ തൊഴിലാളികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് നൽകിയ സംഭാവനകൾ കണക്കിലെടുത്തും ഇത്തരം തൊഴിലാളികൾക്ക് താങ്ങാവുന്ന നിരക്കിൽ വൃത്തിയുള്ള, സുരക്ഷിതമായ ഹോസ്റ്റൽ സൗകര്യമാണ് അപ്നാഘർ പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. ഈ ഹോസ്റ്റലുകളിൽ പങ്കുവയ്ക്കപ്പെടുന്ന കിടപ്പു മുറികളും ഒന്നിലധികം അടുക്കളകളും മെസ്സ് ഏര്യകളും കുളിമുറികളും ടോയ്ലെറ്റുകളും റിക്രിയേഷണൽ സൗകര്യങ്ങളും രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നു. ഭവനം ഫൗണ്ടേഷൻ കേരള മുഖേന ആദ്യമായി പൂർത്തിയാക്കിയ അപ്നാഘർ പ്രോജക്ട് പാലക്കാട് ജില്ലയിലെ കഞ്ചിക്കോടുള്ള കിൻഫ്രാ ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്കിൽ സ്ഥിതി ചെയ്യുന്നു. കോഴിക്കോട് ജില്ലയിലെ, കിനാലൂരിൽ, കെ.എസ്.ഐ.ഡി.സി ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ ഒരേക്കർ ഭൂമിയിൽ ഏ+2 നിലകളിലായി 520 ബെഡുകളോടുകൂടി 14.67 കോടി രൂപ നിർമ്മാണ ചെലവുള്ള ഹോസ്റ്റൽ സമുച്ചയവും എറണാകുളത്ത് കളമശേരി കിൻഫ്രാ ഹൈ-ടെക് പാർക്കിനുള്ളിൽ 990 പേർക്ക് താമസിക്കാവുന്ന ഹോസ്റ്റൽ സമുച്ചയവും നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നിർമ്മാണത്തിനായി സ്ഥലവും ഭരണാനുമതിയും പദ്ധതിക്കായുള്ള ഫണ്ടും ലഭ്യമാകുന്നമുറയ്ക്ക് എല്ലാ ജില്ലകളിലും അപ്നാഘർ പദ്ധതി നടപ്പിലാക്കുന്നതാണ്. 1971-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് കെട്ടിട ഉടമകളുടെ സഹകരണത്തോടെ അതിഥി തൊഴിലാളികൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ കൊണ്ടുവന്നിട്ടുള്ള പാർപ്പിട പദ്ധതിയാണ് "ആലയ്". ഈ പദ്ധതി പ്രകാരം 6.5 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള അടുക്കള, ബെഡ്റൂം, വരാന്ത, ശുചിമുറി എന്നിവ ഉൾപ്പെടുന്ന പാർപ്പിട സൗകര്യം അതിഥി തൊഴിലാളികൾക്ക് ഉറപ്പ് വരുത്തുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇതിനായി സർക്കാർ നിയന്ത്രണത്തിലുള്ള വെബ്പോർട്ടലിലൂടെ കെട്ടിട ഉടമസ്ഥർക്ക്

വിശദവിവരം നൽകാവുന്നതും ആയത് അതിഥി തൊഴിലാളികൾക്ക് വാടക നൽകി കരസ്ഥമാക്കാവുന്നതുമാണ്. നിലവിൽ കോട്ടയം ജില്ലയിലെ പായിപ്പാട്, എറണാകുളം ജില്ലയിലെ പെരുമ്പാവൂർ, പാലക്കാട് ജില്ലയിലെ പട്ടാമ്പി എന്നീ സ്ഥലങ്ങളിലാണ് ഈ പദ്ധതി പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്.

## മണലൂർ ഐ.ടി.ഐ.-യ്ക്ക് പുതിയ ട്രേഡ്

198 (947) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ ഐ.ടി.ഐ.-യിൽ നിലവിൽ പരിമിതമായ ട്രേഡുകളാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പുതിയ ബ്ലോക്കിന്റെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ച സാഹചര്യത്തിൽ പുതിയ ഒരു ട്രേഡുകൂടി ആരംഭിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ?

ശിപാർശ ലഭിക്കുന്നമുറയ്ക്ക് സർക്കാർ ഈ വിഷയം പരിശോധിക്കുന്നതാണ്.

## മലമ്പുഴ ഐ.ടി.ഐ.-യുടെ നവീകരണം

199 (948) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ ഐ.ടി.ഐ.-യുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; ഇതിനായി അനുവദിച്ച തുക എത്രയാണെന്നും പ്രസ്തുത പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

മലമ്പുഴ ഐ.ടി.ഐ.-യുടെ നവീകരണത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ടി ഐ.ടി.ഐ.യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന തിനായി KIIFB പദ്ധതിയുടെ ഭാഗമായി അനുവദിച്ച 12.79 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.
2. 100 ശതമാനം കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കുന്ന സ്കിൽ സ്ട്രെങ്ത്തനിംഗ് ഫോർ ഇൻഡസ്ട്രിയൽ വാല്യൂ എൻഹാൻസ്മെന്റ് (STRIVE) പദ്ധതിയുടെ കീഴിൽ അനുവദിച്ച 178.36 ലക്ഷം രൂപയിൽ നിന്നും

ആദ്യ ഗഡുവായി ലഭിച്ച 71 ലക്ഷം രൂപ ഉപയോഗിച്ച് നിലവിലുള്ള ട്രേഡുകളെ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) പ്രകാരം നവീകരിക്കുന്നതിനുള്ള ഉപകരണങ്ങളും മെഷിനറികളും സംഭരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## സ്ഥലംമാറ്റ നടപടിക്രമങ്ങൾ

200 (949) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിലെ പൊതു സ്ഥലംമാറ്റ നടപടി ക്രമങ്ങൾ ഓൺലൈൻ വഴിയാണോ നടപ്പിലാക്കുന്നത്; പൊതു സ്ഥലംമാറ്റത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ?

വ്യാവസായിക പരിശീലന വകുപ്പിൽ പൊതു സ്ഥലംമാറ്റ നടപടി ക്രമങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടില്ല. യോഗ്യതാ മാനദണ്ഡങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

(ബി) എങ്കിൽ യോഗ്യതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട കരട് സ്ഥലംമാറ്റ പട്ടിക പരിശോധിക്കുവാനും പരാതികളുണ്ടെങ്കിൽ അപ്പീൽ നൽകുവാനുള്ള അവസരവും സാവകാശവും ലഭിക്കത്തക്ക രീതിയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

25-2-2017-ലെ സ.ഉ (പി) നമ്പർ 3/2017 പി.&എ.ആർ.ഡി നമ്പരായ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് വകുപ്പിൽ സ്ഥലംമാറ്റ നടപടികൾ നടത്തുന്നത്. സ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് പരാതികളോ ആക്ഷേപങ്ങളോ ലഭിക്കുകയാണെങ്കിൽ ആയത് പരിഹരിച്ച് അനോമലി ഉത്തരവുകൾ പുറപ്പെടുവിക്കുന്നുണ്ട്. പൊതു സ്ഥലംമാറ്റ നടപടിക്രമങ്ങൾ ഓൺലൈൻവഴി നടപ്പിലാക്കുന്ന മുറയ്ക്ക് കരട് സ്ഥലംമാറ്റ പട്ടിക പരിശോധിക്കുവാനും പരാതികളുണ്ടെങ്കിൽ അപ്പീൽ നൽകുവാനുമുള്ള സൗകര്യം ഒരുക്കുന്നതാണ്.

(സി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ വകുപ്പിലെ സ്പെഷ്യൽ റൂളിൽ വ്യത്യസ്തമാണോ; എങ്കിൽ സ്പെഷ്യൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് ഈ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ?

പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വകുപ്പിലെ സ്പെഷ്യൽ റൂളിൽ പ്രതിപാദിക്കുന്നില്ല.

## ഐ.ടി.ഐ.-കളുടെ ഗ്രേഡ് ഉയർത്തുന്നതിനുള്ള നടപടികൾ

201 (950) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നാം ഗ്രേഡ് ഐ.ടി.ഐ. ഇല്ലാത്ത ഏക ജില്ലയായ വയനാട്ടിലെ ഏതെങ്കിലും ഐ.ടി.ഐ.-യെ ഒന്നാം ഗ്രേഡ് ആക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ?

വയനാട് ജില്ലയിലെ കൽപ്പറ്റ ഐ.ടി.ഐ.-യെ ഒന്നാം ഗ്രേഡായി ഉയർത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) സ്വന്തമായി ഭൂമിയോ കെട്ടിടമോ ഇല്ലാത്ത ഏതെങ്കിലും ഐ.ടി.ഐ.-കൾ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യം പരിഹരിക്കുന്ന തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്. വയനാട് ജില്ലയിൽ നെന്മേനി (വനിത) ഐ.ടി.ഐ.-ക്ക് കെട്ടിട നിർമ്മാണത്തിനായി ഭൂമി ലഭ്യമായിട്ടില്ല. നെന്മേനി ഐ.ടി.ഐ.-ക്കായി ഗ്രാമ പഞ്ചായത്ത് കണ്ടെത്തിയിരുന്ന സ്ഥലം കെട്ടിട നിർമ്മാണത്തിന് യോഗ്യമല്ലെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിരുന്നു. തുടർന്ന് നെന്മേനി പഞ്ചായത്തിൽ ചീരാൻ വില്ലേജിൽ റവന്യൂ വകുപ്പിന്റെ കീഴിൽ സ്ഥലം ലഭ്യമാണെന്ന വിവരം ഗ്രാമപഞ്ചായത്ത് തദ്ദേശ സ്വയംഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ, ടി ജില്ലയിൽ പ്രവർത്തിക്കുന്ന വെള്ളമുണ്ട ഐ.ടി.ഐ.-ക്ക് കെട്ടിട നിർമ്മാണത്തിന് 1.21 ഏക്കർ ഭൂമി ജനകീയ സമിതി വാങ്ങി നൽകിയിട്ടുണ്ട്. ആയതിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) വയനാട് ജില്ലയിലെ ഐ.ടി.ഐ.-കളിൽ ആദിവാസി/പിന്നാക്ക വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി പുതിയ കോഴ്സുകളും ബാച്ചുകളും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ശിപാർശ ലഭ്യമാവുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## പെരിങ്ങോം ഐ.ടി.ഐ. കെട്ടിടനിർമ്മാണം

202 (951) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിടത്തിന്റെ ഒന്നാം നിലയുടെ നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 55 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോ?

പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി 51.5 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽനിന്നും ട്രെയിനിംഗ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്നമുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്.

**പുഴക്കാട്ടിരി ഐ.ടി.ഐ.-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

203 (952) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കടയിലെ പുഴക്കാട്ടിരി ഐ.ടി.ഐ.-ക്ക് അനുവദിച്ച സ്ഥലത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി.- യോട് അഭിപ്രായം ആരാഞ്ഞിരുന്നോ; പ്രസ്തുത അഭിപ്രായം പരിശോധിച്ച് ഡയറക്ടർ എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(എ&ബി) പുഴക്കാട്ടിരി ഐ.ടി.ഐ.-ക്ക് അനുവദിച്ച സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി.-യോട് അഭിപ്രായം ആരാഞ്ഞിരുന്നു. ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനായി അനുവദിച്ച സ്ഥലം പാറക്കെട്ടുള്ള ചരിഞ്ഞ പ്രദേശമാകയാൽ ഫൗണ്ടേഷൻ നിർമ്മാണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും നിലവിൽ വേണ്ടതിനേക്കാൾ 50 ശതമാനം കൂടുതൽ പണം വേണ്ടി വരുമെന്ന് പൊതുമരാമത്ത് കെട്ടിട ഉപവിഭാഗം അറിയിച്ചിരുന്നു. ആയതിനാൽ പുതിയ സ്ഥലം കണ്ടെത്തുന്നതിനായി ഐ.ടി.ഐ. പ്രിൻസിപ്പാളിനെ നിയോഗിച്ചിട്ടുണ്ട്.

**ബോർഡുകളിലും കോർപ്പറേഷനുകളിലും താൽക്കാലിക നിയമനങ്ങൾ**

204 (953) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ?

31-5-2021-ലെ കണക്കുകൾപ്രകാരം സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 37,71,628 (മുപ്പത്തി ഏഴ ലക്ഷത്തി എഴുപത്തി ഒന്നായിരത്തി അറുന്നൂറ്റി ഇരുപത്തി എട്ട്) തൊഴിൽരഹിതർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2016-21-ലെ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് നിയമനം നൽകിയെന്നും അതിൽ സ്ഥിരനിയമനം എത്ര പേർക്ക് ലഭിച്ചുവെന്നും അറിയിക്കുമോ?

2016-2021-ലെ സർക്കാരിന്റെ കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 53,997 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. അതിൽ 10814 പേർക്ക് സ്ഥിര നിയമനം ലഭ്യമായിട്ടുണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് സർക്കാരിന്റെ കീഴിലെ പല ബോർഡുകളിലും കോർപ്പറേഷനുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനം നടത്തുകയും ഇപ്രകാരം നിയമിച്ചവരെ സ്ഥിരപ്പെടുത്തുവാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നിലവിലുള്ള നിയമത്തിന് വിരുദ്ധമായതിനാൽ, ഭാവിയിൽ ഇത്തരം നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ നടത്തുവാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മുൻസർക്കാരിന്റെ (2016-2021) കാലത്ത് താൽക്കാലി കമായി നിയമിച്ച ആരെയും സ്ഥിരപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ വകുപ്പുകളിലും സർക്കാരിന്റെ കീഴിലുള്ള മറ്റ് സ്ഥാപനങ്ങളിലും കരാർ നിയമനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ താൽക്കാലിക ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തേണ്ടതാണ് എന്ന് വിവിധ സർക്കാർ ഉത്തരവുകളിലൂടെ എല്ലാ വകുപ്പുകൾക്കും കാലാകാലങ്ങളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കാതെ അനധികൃതമായി ടി ഒഴിവുകളിൽ നിയമനം നടത്തിയിട്ടുള്ളപക്ഷം അപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവുകൾ അറിയിക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. സർക്കാർ/ അർദ്ധസർക്കാർ/ ബോർഡ്/ കമ്പനി/കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും കാലാകാലങ്ങളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ഓൺലൈൻ പരിശീലന ക്ലാസ്സുകൾ ആരംഭിക്കൽ

205 (954) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരിയർ ഗൈഡൻസ് സെന്റർ, കൈവല്യ സെന്റർ എന്നിവ വഴി നടത്തിയിരുന്ന പരിശീലന ക്ലാസ്സുകൾ കോവിഡ് പ്രതിസന്ധി കാരണം, നിർത്തിവച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പരിശീലന ക്ലാസ്സുകൾ ഓൺലൈൻവഴി നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കോവിഡ് പ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്, കരിയർ ഡെവലപ്മെന്റ് സെന്റർ, കൈവല്യ സെന്റർ എന്നിവ മുഖേന നടപ്പാക്കി വരുന്ന പരിശീലന ക്ലാസുകൾ ഓൺലൈനായി നിലവിൽ സംഘടിപ്പിച്ചു വരുന്നുണ്ട്.

## വെഞ്ഞാറമൂട് ഇ.എസ്.ഐ. ഡിസ്പെൻസറി

206 (955) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഇ.എസ്.ഐ. മേഖലയിൽ സംസ്ഥാനത്ത് ആരംഭിച്ച ഡിസ്പെൻസറികളുടെയും മറ്റ് വികസന പ്രവർത്തനങ്ങളുടെയും വിശദ വിവരങ്ങൾ നൽകാമോ?

മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിൽ പത്തനംതിട്ട, കട്ടപ്പന, മുക്കം എന്നീ സ്ഥലങ്ങളിൽ ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ഇടുക്കി ജില്ലയിലെ അടിമാലിയിലും (മൂന്നാർ) മലപ്പുറം ജില്ലയിലെ താഴേക്കോട്ടും ഡിസ്പെൻസറി-കം-ബ്രാഞ്ച് ഓഫീസും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇ.എസ്.ഐ. സംവിധാനം ശാക്തീകരിക്കുന്നതിനും മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വാമനപുരം മണ്ഡലത്തിലെ വെഞ്ഞാറമൂട് കേന്ദ്രീകരിച്ച് ഡിസ്പെൻസറി തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ ഉത്തരവ് (കൈ)നമ്പർ 75/2017/തൊഴിൽ തീയതി 15-9-2017 പ്രകാരം പുതുതായി 18 സ്ഥലത്ത് ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുകയും ആയതിന്റെ പ്രവർത്തനത്തിന് ഒരു ഡിസ്പെൻസറിയിൽ 9 തസ്തികകൾ വീതം ആകെ 162 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു. ആയതിൽ വെഞ്ഞാറമൂട് എന്ന സ്ഥലവും ഉൾപ്പെട്ടിരുന്നു. വെഞ്ഞാറമൂട് രണ്ട് ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഇ.എസ്.ഐ കോർപ്പറേഷൻ 7-5-2021-ൽ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

## ഭൂപതിവ് ചട്ടത്തിൽ മാറ്റങ്ങൾ

207 (956) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് **പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

1964-ലെ ഭൂപതിവ് ചട്ടത്തിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

1964-ലെ ഭൂപതിവ് ചട്ടങ്ങളിൽ ആകെ മാറ്റം വരുത്തുന്ന കാര്യം തത്കാലം പരിഗണനയിലില്ല.

## വില്ലേജ് ഓഫീസ് അനുവദിക്കൽ

208 (957) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ നിലവിൽ എത്ര ഗ്രൂപ്പ് വില്ലേജുകളാണുള്ളതെന്നറിയിക്കുമോ?

മഞ്ചേശ്വരം താലൂക്കിൽ 14 ഗ്രൂപ്പ് വില്ലേജുകളാണുള്ളത്.

(ബി) ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് ഓരോ വില്ലേജിനും പ്രത്യേകം ഓഫീസുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

സംസ്ഥാനത്ത് നിലവിലുള്ള ഗ്രൂപ്പുവില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്നകാര്യം സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ പൊതു ധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ ആയത് പരിശോധിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെയും വില്ലേജുകളുടെയും രൂപീകരണം

209 (958) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകളും വില്ലേജുകളും രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പുതിയ താലൂക്കുകളും വില്ലേജുകളും രൂപീകരിക്കുന്ന കാര്യം സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.

(ബി) താലൂക്ക് പുനഃസംഘടന സംബന്ധിച്ച പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നിയോഗിച്ച ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള ടീം സർക്കാരിന് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

താലൂക്ക് പുനഃസംഘടന സംബന്ധിച്ച പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നിയോഗിച്ച ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള ടീം അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(സി) ജനസംഖ്യാനുപാതികമായി പുതിയ താലൂക്കുകളും വില്ലേജുകളും രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മലപ്പുറം ആസ്ഥാനമായി പരിസരത്തുള്ള വില്ലേജുകളും കൂട്ടി ചേർത്ത് പുതിയ താലൂക്ക് രൂപീകരിക്കുമോ?

(സി&ഡി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വില്ലേജുകളിലെ വർദ്ധിച്ച ജനസംഖ്യയും ഭൂപ്രകൃതിയും പരിഗണിച്ച് അടിയന്തര പ്രാധാന്യം നൽകി വിഭജന നടപടികൾ തുടർന്നുവന്നിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് വില്ലേജ് വിഭജനം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനവുമായി ബന്ധപ്പെട്ട നടപടികളിൽ തീരുമാനമാകുന്നമുറയ്ക്ക് മാത്രമേ പരിശോധിക്കുകയുള്ളൂ.

## ഭൂമി പതിച്ച് കിട്ടുന്നതിന് ശ്രീ. പി. വി. തോമസിന്റെ അപേക്ഷ

210 (959) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി പതിച്ച് കിട്ടുന്നതിനുവേണ്ടി ശ്രീ. പി. വി. തോമസിന്റെ അപേക്ഷപ്രകാരം ലാൻഡ് റവന്യൂ കമ്മിഷണറേറ്റിലെ എൽ.ആർ./ജെ7/19808/17 നമ്പർ ഫയലിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂപതിവ് നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) എറണാകുളം ജില്ലയിൽ, ആലുവ താലൂക്കിൽ, മലയാറ്റൂർ വില്ലേജിൽ ബ്ലോക്ക് 23-ൽ റീ സർവ്വെ 79/1-ൽപ്പെട്ട ചിറപുറമ്പോക്ക് കയ്യേറി കഴിഞ്ഞ 45 വർഷമായി താമസിച്ചുവരുന്ന ശ്രീ. പി. വി. തൊമ്മി, ശ്രീമതി സിബി ബിജു, ശ്രീ. ജയിംസ് ജോസഫ്, ശ്രീ. ജോർജ്ജ് ജോസഫ് പള്ളിയാൻ എന്നിവർ പ്രസ്തുത ഭൂമി പതിച്ചു നൽകുന്നതിന് സമർപ്പിച്ച അപേക്ഷയിൽ, ടി അപേക്ഷകരിൽ ഒരാൾക്ക് മറ്റൊരിടത്ത് ഭൂമിയുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും മറ്റ് 3 പേർക്ക് ഭൂമിയില്ലാത്തതിനാലും ചിറപുറമ്പോക്ക് പതിവിന് വിധേയമല്ലാത്തതിനാലും ടി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പരിഹാരമാർഗ്ഗം നിർദ്ദേശിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിരുന്നു. ലാൻഡ് റവന്യൂ കമ്മീഷണർ എൽ.ആർ.ജെ7/19808/17 നമ്പർ കത്ത് പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം 14550/എ 3/2010/റവ നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു. പ്രസ്തുത വിഷയത്തിൽ അടിയന്തരമായി തീരുമാനം കൈക്കൊള്ളുന്നതാണ്.

## ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ വില്ലേജ് ആഫീസുകൾക്ക് ഐ.എസ്.ഒ. അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ

211 (960) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനസൗഹൃദസർക്കാർ ആഫീസുകൾ എന്ന ലക്ഷ്യത്തോടെ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ജനപക്ഷം ചാത്തന്നൂർ പദ്ധതി പ്രകാരം പി.ഡബ്ല്യു.ഡി. ഭൗതിക സൗകര്യ വികസന പ്രവർത്തനങ്ങൾ നിർവഹിച്ചു വരുന്ന മണ്ഡലത്തിലെ മുഴുവൻ വില്ലേജ് ആഫീസുകൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനായി വകുപ്പുതലത്തിൽ ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

ചാത്തന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട കൊല്ലം താലൂക്ക് പരിധിയിലുള്ള കോട്ടപ്പുറം, ചിറക്കര, പൂതക്കുളം എന്നീ വില്ലേജാഫീസുകൾക്കും കൊട്ടാരക്കര താലൂക്ക് പരിധിയിൽ വരുന്ന പൂയപ്പള്ളി വില്ലേജാഫീസിനും എം.എൽ.എ. ഫണ്ടുപയോഗിച്ചും ജനപങ്കാളിത്തത്തോടെയും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റം എന്ന സ്വകാര്യ കമ്പനിയുടെ ഉദ്യോഗസ്ഥർ വില്ലേജ് ഓഫീസുകൾ സന്ദർശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച പ്രൊപ്പോസൽ ജില്ലാ കളക്ടർ പരിശോധിച്ചു വരികയുമാണ്.

## പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണം

212 (961) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് **റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

പ്രകൃതിക്ഷോഭത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുവാൻ കരാറുകാരില്ലാതെ ഉപേക്ഷിക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം അന്വേഷിക്കുമോ; പ്രവൃത്തികൾ സമയബന്ധിതമായി നടക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തര സ്വഭാവത്തിലുള്ള പുനരുദ്ധാരണത്തിന് (Immediate repair/restoration) മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും ഭരണാനുമതി നല്കുന്നത്. ഇത്തരം പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഭരണാനുമതി തീയതി മുതൽ ആറ് മാസത്തിനകം കരാറിലേർപ്പെടേണ്ടതും ഭരണാനുമതി തീയതി മുതൽ ഒന്നര വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. ടി പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസോ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് പാർട്ട് ബിൽപേയ്മെന്റോ അനുവദനീയമല്ല. പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ ബിൽത്തുക അനുവദിക്കാനാകൂ. കൂടാതെ പ്രസ്തുത പ്രവൃത്തികൾ ലാഭകരമല്ല എന്ന കാഴ്ചപ്പാടും ഇടയ്ക്കിടെ നിർമ്മാണ സാമഗ്രികളുടെ വിലയിലുണ്ടാകുന്ന വർദ്ധനവും പ്രതികൂല കാലാവസ്ഥയും നിലവിൽ കോവിഡ്-19-നെത്തുടർന്നുള്ള പ്രതികൂല സാഹചര്യങ്ങളുംമൂലം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാനാകില്ലെന്ന ധാരണ മൂലമാണ് ചില കരാറുകാർ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നിന്നും പിന്മാറുന്നത്. പ്രതികൂലമായ സാഹചര്യങ്ങളിൽ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാനാകാത്ത സാഹചര്യം ജില്ലാകളക്ടർമാർ റിപ്പോർട്ട് ചെയ്യുമ്പോൾ ആയത് പരിശോധിച്ച് പ്രവൃത്തികൾക്ക് ആവശ്യമെങ്കിൽ കാലാവധി നീട്ടി നല്കാറുണ്ട്. 2019-ലെ പ്രളയം, അതേ വർഷം നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിന്

മുന്നോടിയായി നിലനിന്നിരുന്ന പെരുമാറ്റച്ചട്ടം, കോവിഡ് മഹാമാരി എന്നിവമൂലം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നിരവധി ദിവസങ്ങൾ നഷ്ടപ്പെട്ട സാഹചര്യത്തിൽ 2019 ഏപ്രിൽ 1 മുതൽ 2020 ജൂൺ 18 വരെ ഭരണാനുമതി നല്കിയിരുന്ന പ്രവൃത്തികൾക്ക് കരാറിലേർപ്പെടുന്നതിന് 2021 മാർച്ച് 31 വരെ സമയമനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിരുന്നു. ടെണ്ടർ നടത്തുമ്പോൾ കരാറുകാർ ആരും പങ്കെടുക്കാത്ത സാഹചര്യമുണ്ടായാൽ റീ ടെണ്ടർ, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നിർവ്വഹിക്കുന്ന നടപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിച്ചുവരുന്നത്. ഇത്തരം പ്രവൃത്തികൾ പ്രദേശ വാസികളായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗുണഭോക്തൃ കമ്മിറ്റികൾ വഴിയും നടപ്പാക്കാവുന്നതാണ്.

## സർക്കാർ ഭൂമിയുടെ കയ്യേറ്റം

213 (962) ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സർക്കാർ ഭൂമിയുടെ കയ്യേറ്റം പൂർണ്ണമായും തടയുന്നതിനും കയ്യേറ്റമുള്ള പക്ഷം കയ്യേറ്റക്കാരുടെ പദവി നോക്കാതെ പൂർണ്ണമായും ഭൂമി തിരിച്ച് പിടിക്കുമെന്നുമുള്ള ഗവൺമെന്റ് പ്രഖ്യാപനം പ്രാബല്യത്തിലാക്കാനാകുമെന്ന് കരുതുന്നുണ്ടോ?

സർക്കാർ ഭൂമി കയ്യേറുന്നതിനെതിരെ 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958-ലെ അനുബന്ധ ചട്ടവും 2009-ലെ ഭേദഗതി നിയമ പ്രകാരവും ഉള്ള നിയമാനുസൃത നടപടികളിലൂടെ കയ്യേറ്റ ഭൂമി ഒഴിപ്പിച്ച് വീണ്ടെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഭൂമിയുടെ കയ്യേറ്റം പൂർണ്ണമായും തടയുന്നതിനും കയ്യേറ്റക്കാരുടെ പദവി നോക്കാതെ പൂർണ്ണമായും ഭൂമി തിരിച്ചുപിടിക്കുമെന്നുള്ള ഗവൺമെന്റ് പ്രഖ്യാപനം നടപ്പിലാക്കാനാകുമെന്ന് കരുതുന്നു.

(ബി) 2016-നുമുമ്പും അതിനുശേഷവും എവിടെയെല്ലാം കയ്യേറ്റം കണ്ട് പിടിച്ചിട്ടുണ്ട്; കയ്യേറ്റം കണ്ടെത്തിയവയിൽ എവിടെയെല്ലാം ഒഴിപ്പിക്കാനായിട്ടുണ്ട്; ഒഴിപ്പിച്ചവയുടെ വിശദവിവരം വെളിപ്പെടുത്തുമോ; ഒഴിപ്പിക്കപ്പെട്ടയിടങ്ങളിലെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

2016-നുമുമ്പും അതിനുശേഷവും സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും സർക്കാർ ഭൂമികളിന്മേൽ കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. കയ്യേറ്റ ഭൂമിയുടെയും ഒഴിപ്പിച്ച ഭൂമിയുടെയും വിശദവിവരം അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു*. കയ്യേറ്റം ഒഴിപ്പിച്ച ചില കേസുകളിൽ ഭൂവുടമകൾ കോടതികളിൽ കേസ് ഫയൽ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തിട്ടുള്ളതും അത്തരം കേസുകളിൽ സർക്കാർ ഭാഗം സംരക്ഷിച്ചുകൊണ്ടുള്ള നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കയ്യേറ്റം ഒഴിപ്പിച്ച മറ്റു കേസുകളിൽ ബന്ധപ്പെട്ട ഭൂമിയിൽ സർക്കാർ വക എന്നുള്ള ബോർഡുകൾ സ്ഥാപിച്ച് തുടർന്നും കയ്യേറ്റമുണ്ടാകാതെ സംരക്ഷിച്ചുപോരുന്നു.

(സി) ഭരണസിരാകേന്ദ്രത്തിന് അരികിലായി തലസ്ഥാന നഗരിയിലെ കിഴക്കേക്കോട്ടയിലെ നോർത്ത് ബസ്സ്റ്റാന്റിന് പുറകിലായി കോട്ടമതിലിന് ചുറ്റുമുള്ള സർക്കാർ സ്ഥാപനത്തിന് അധികാരപ്പെട്ട ഭൂമി അനധികൃതമായി കയ്യേറിയ സ്വകാര്യ വ്യക്തികളിൽനിന്നും തിരിച്ചെടുക്കുന്നതിന് കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് സാധിച്ചിട്ടില്ലെങ്കിലും ആയത് പൂർണ്ണമായും ഒഴിപ്പിച്ചെടുക്കാൻ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

തലസ്ഥാന നഗരിയിലെ കിഴക്കേകോട്ടയിലെ നോർത്ത് ബസ് സ്റ്റാന്റിനു പുറകിലായി കോട്ടമതിലിന് ചുറ്റുമുള്ള സർക്കാർ സ്ഥാപനത്തിന് അധികാരപ്പെട്ട ഭൂമി അനധികൃതമായി കയ്യേറിയ സ്വകാര്യ വ്യക്തികളിൽ നിന്നും തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## തൃപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലങ്ങളുടെ നിർമ്മാണം

214 (963) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് **റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നിർമ്മാണം ആരംഭിച്ച തൃപ്പാറ, മാത്തൂർ, ചിറ്റൂർകടവ് പാലങ്ങളുടെ തുടർ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനത്തിന് ഡിസൈൻ സ്ലാബിന്റെ ചേഞ്ച് സംബന്ധിച്ച് സാങ്കേതിക പഠനം നടത്തുന്നതിന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിനെയും മേൽനോട്ടം നിർവ്വഹിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണറെയും 22-10-2020-ന് ബഹു. റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചുമതലപ്പെടുത്തിയിരുന്ന സാഹചര്യത്തിൽ ആയതിന്റെ തുടർ നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

22-10-2020-ൽ റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്ഥാന ഉന്നതതല സമിതി യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാ കളക്ടർ തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് അധികാരികളുമായി ബന്ധപ്പെടുകയും സാങ്കേതിക പഠനത്തിന് ആവശ്യപ്പെട്ട രേഖകൾ കൈമാറുകയുമുണ്ടായി. നിലവിൽ സാങ്കേതിക പഠനം ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല എന്ന വിവരമാണ് കോളേജ് പ്രിൻസിപ്പലിൽ നിന്നും അറിയുവാൻ സാധിച്ചിട്ടുള്ളത് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട്

നൽകിയിട്ടുണ്ട്. കൂടുതൽ സാങ്കേതിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കോളേജ് ഓഫ് എഞ്ചിനീയറിംഗ് അധികാരികൾ കത്ത് നൽകുകയും ടി വിവരങ്ങൾ നൽകുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിനും കൺസൾട്ടിംഗ് ഏജൻസിക്കും പത്തനംതിട്ട ജില്ലാ കളക്ടർ കത്ത് നൽകിയിട്ടുള്ളതുമാണ്. അതോടൊപ്പം സാങ്കേതിക പഠനം പൂർത്തീകരിച്ച് അടിയന്തരമായി റിപ്പോർട്ട് നൽകുന്നതിന് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗ് പ്രിൻസിപ്പാളിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി

215 (964) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സംസ്ഥനത്ത് വ്യപകമായി സർക്കാർ ഭൂമി കയ്യേറ്റങ്ങൾ നടക്കുന്നുവെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് വ്യാപകമായി സർക്കാർ ഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സർക്കാർ ഭൂമിയുടെ അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടവയെല്ലാം തന്നെ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ബി) എങ്കിൽ സംസ്ഥാനത്ത് നാളിതുവരെയായി എത്ര ഹെക്ടർ സർക്കാർ ഭൂമിയാണ് കയ്യേറ്റ ഭൂമിയായി കണ്ടെത്തിയതെന്നറിയിക്കുമോ; ഏതെല്ലാം ജില്ലകളിലാണ് വ്യാപകമായി കയ്യേറ്റങ്ങൾ നടന്നിട്ടുള്ളതെന്നും ആരെല്ലാമാണ് കയ്യേറിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നാളിതുവരെയായി കയ്യേറിയ ഭൂമിയുടെ വിസ്തീർണ്ണം ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കിയത് അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി കേരള ഭൂസംരക്ഷണ നിയമം 1957 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 8-11-2008-ന ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009-ലെ കേരള ഭൂസംരക്ഷണ (ഭേദഗതി) നിയമ പ്രകാരം കയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കയ്യേറ്റ കേസുകളിന്മേലുണ്ടാകുന്ന അപ്പീൽ/റിവിഷൻ ഹർജികളിൽ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീരുമാനമെടുക്കുന്നതിനുള്ള അധികാരം ഒഴികെ KLC പ്രകാരം ജില്ലാ കളക്ടർക്കുള്ള അധികാരങ്ങൾ സിദ്ധിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത്, വനം വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കയ്യേറ്റം KLC നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാരം ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കയ്യേറ്റം ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് കയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് KLC പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറി വരുന്നു. KLC നിയമപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമിയിലെ കയ്യേറ്റം റവന്യൂ വകുപ്പ് മുഖാന്തരവും ഒഴിപ്പിച്ച് ഏറ്റെടുത്ത് കൈമാറിവരുന്നു. ഇതിനുപുറമേ കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനുമായി ജില്ലാതലത്തിലും താലൂക്കതലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(ഡി) കോടതി വ്യവഹാരങ്ങളിൽപ്പെട്ട കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

കോടതി വ്യവഹാരങ്ങളിൽപ്പെട്ട കയ്യേറ്റങ്ങളിൽ അതത് കോടതികളുടേയോ മേൽ കോടതികളുടേയോ ഉത്തരവുകൾക്കനുസൃതമായി മാത്രമേ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. കോടതി വ്യവഹാരത്തിലുള്ള കേസുകൾ തീർപ്പാക്കുന്നതിനായി യഥാസമയം കാര്യവിവര പത്രിക സമർപ്പിച്ചുവരുന്നതും ഗവൺമെന്റ് പ്ലീഡർമാരുമായി ബന്ധപ്പെട്ട് എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതുൾപ്പെടെ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. കൂടാതെ KLC നിയമത്തിലെ സെക്ഷൻ 20 A പ്രകാരം സർക്കാർ ഭൂമികളിലെ കയ്യേറ്റത്തിനെതിരെ KLC പ്രകാരം സ്വീകരിക്കുന്ന നിയമനടപടികൾക്കെതിരെ കീഴ്കോടതികൾക്ക് ഇടപെടാൻ അധികാരമില്ലെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. അത്തരം കേസുകൾ തള്ളുന്നതിന് ഗവൺമെന്റ് പ്ലീഡർമാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേസിന്റെ സ്ഥിതി വിവരം അറിയുന്നതിനായി എല്ലാ മാസവും സ്യൂട്ട് കോൺഫറൻസ് ഉൾപ്പെടെ നടത്തി കേസിന്റെ പുരോഗതി വിലയിരുത്തി വരികയും ചെയ്യുന്നുണ്ട്.

(ഇ)പാട്ടഭൂമിയായി ഏറ്റെടുക്കുന്ന ഭൂമി പാട്ട കുടിശ്ശിക നൽകാതെ പിന്നീട് മറിച്ചു വിൽക്കുന്നതായുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാട്ടഭൂമിയായി ഏറ്റെടുക്കുന്ന ഭൂമി പാട്ട കുടിശ്ശിക നൽകാതെ പിന്നീട് മറിച്ചു വിൽക്കുന്നതായി പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ഇത്തരത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പാട്ടഭൂമി മറിച്ചു വിറ്റതായി കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

1. പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ പെരുനാട് വില്ലേജിൽ സർവ്വെ നമ്പർ 869/1 ബിയിൽപ്പെട്ട 4.44 ഏക്കർ പുറമ്പോക്ക് സ്ഥലം യോനാമെന്റ്സ്, ജോളിഹോം തങ്കശ്ശേരിൽ എന്നയാൾക്ക് പാട്ടത്തിന് നൽകിയിരുന്നതാണ്. ടി പാട്ട സ്ഥലത്തിൽ 0.8608 ഹെക്ടർ അന്നമ്മ വർഗ്ഗീസ്, മൂലമണ്ണിൽ എന്നയാൾക്കും 0.9360 ഹെക്ടർ സ്ഥലം ജയിംസ് ഗോമസ് പുതുപ്പറമ്പിൽ എന്നയാൾക്കും ആധാരപ്രകാരം കൈമാറിയിരുന്നു. അതിൽ അന്നമ്മ വർഗ്ഗീസ് എന്നയാളുടെ കൈവശമുള്ള സ്ഥലം സർക്കാരിലേയ്ക്ക് തിരികെ എടുത്തിട്ടുള്ളതും പാട്ടക്കുടിശ്ശികയും പലിശയും സഹിതം 4,53,480 രൂപ കക്ഷിയിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തിയിട്ടുള്ളതാണ്. ജയിംസ് ഗോമസ് പുതുപ്പറമ്പിൽ എന്നയാളുടെ കൈവശമിരിക്കുന്ന സ്ഥലം സംബന്ധിച്ച് ബഹുമാനപ്പെട്ട റാന്നി മുൻസിഫ് കോടതിയിൽ OS 245/03 നമ്പർ കേസ് നിലവിലുണ്ട്.

2. വടശ്ശേരിക്കര വില്ലേജിലെ പഴയ സർവ്വെ നമ്പർ 923/1-ൽപ്പെട്ട 1 ഏക്കർ 85 സെന്റ് പുറമ്പോക്ക് സ്ഥലം ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് പേരിൽ വടശ്ശേരിക്കര പേഴുംപാറ തിരുഹൃദയ കത്തോലിക്കാ പള്ളിക്ക് 1963 മുതൽ കുത്തക പ്പാട്ടത്തിന് നൽകിയിരുന്നതും അതിൽ 0.52 ച.മീറ്റർ സ്ഥലം തിരുഹൃദയ പള്ളി വികാരിയായിരുന്ന ഫാ.പീറ്റർ മേസ്തിരി പറമ്പിൽ 2002 ജനുവരി മാസം 16-ാം തീയതി കൊല്ലം പറമ്പിൽ ദേവസ്യ എന്നയാൾക്ക് 20,000 രൂപ കൈപ്പറ്റിക്കൊണ്ട് കൈമാറിയിട്ടുള്ളതാണ്.

3. ഇടുക്കി പീരുമേട് താലൂക്കിൽ മഞ്ചുമല വില്ലേജിൽ സർവ്വെ നമ്പർ 972-ൽപ്പെട്ട 28.1586 ഹെക്ടർ സ്ഥലം മറിച്ചു വിറ്റിട്ടുള്ളതാണ്.

4. തൃശ്ശൂർ തൃശ്ശൂർ താലൂക്കിൽ ഒല്ലൂർ വില്ലേജിൽ പൊറത്തൂർ ലില്ലി ഫ്രാൻസിസ് മുതൽ പേർക്ക് പാട്ടത്തിന് നൽകിയ സർവ്വെ 560/4-ൽപ്പെട്ട 0.1090 ഹെക്ടർ ഭൂമിയും കൊടുങ്ങല്ലൂർ താലൂക്കിൽ ലോകമലേശ്വരം വില്ലേജിൽ 02 സെന്റ് ഭൂമിയും മറിച്ച് വിറ്റിട്ടുണ്ട്.

(ജി) കാലാവധി കഴിഞ്ഞതും പാട്ടവ്യവസ്ഥകൾ ലംഘിച്ചതുമായ പാട്ടഭൂമികൾ തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

കാലാവധി കഴിഞ്ഞ കേസുകളിൽ പാട്ടക്കുടിശ്ശിക ഈടാക്കിയതിനുശേഷം പാട്ടം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാട്ട വ്യവസ്ഥകൾ ലംഘിച്ചിട്ടുള്ള കേസുകളിൽ പാട്ടം റദ്ദ് ചെയ്ത് 1957-ലെ കേരള ഭൂസംരക്ഷണ നിയമം പ്രകാരം സ്ഥലം സർക്കാർ അധീനതയിൽ ഏറ്റെടുത്ത് കുടിശ്ശിക തുക റവന്യൂ റിക്കവറി നിയമ പ്രകാരമുള്ള നടപടികളിലൂടെ ഈടാക്കുന്നതാണ്.

### കയ്യേറ്റ ഭൂമി തിരിച്ച് പിടിക്കൽ

216 (965) <u>ശ്രീ. കെ. ജെ. മാക്സി</u>: **താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്തെ തോട്ടഭൂമി ഉൾപ്പെടെയുള്ള കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി തിരികെ പിടിക്കുന്നതിനും ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാർ 5 വർഷത്തിനിടെ ഇപ്രകാരം എത്ര ഹെക്ടർ ഭൂമി തിരിച്ചുപിടിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞും പാട്ടവ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കുന്നതിന് ഈ സർക്കാർ സ്വീകരിക്കുവാൻ പോകുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്ത് വിദേശ കമ്പനികളും അവരിൽനിന്ന് ഭൂമി നേടിയവരും അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നിയമിതനായ സ്പെഷ്യൽ ഓഫീസർ, M/s ഹാരിസൺ മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശം വച്ചിരിക്കുന്ന 38171 ഏക്കർ തോട്ട ഭൂമി ഏറ്റെടുത്തുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവുകൾക്കെതിരെ ടി കമ്പനികൾ ഫയൽ ചെയ്ത WP(C)33122/14 & ORS കേസുകളിലെ 11-4-2018-ലെ ബഹു.ഹൈക്കോടതി വിധിയിൽ KLC Act പ്രകാരം സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ ഓഫീസർക്ക് ഭൂമിയുടെ ഉടമസ്ഥത (titile) ഏകപക്ഷീയമായി തീരുമാനിക്കുന്നതിനുള്ള അധികാരമില്ല എന്ന് നിരീക്ഷിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച ഉത്തരവുകൾ റദ്ദു ചെയ്യുകയുണ്ടായി. ഉടമസ്ഥത സംബന്ധിച്ച തർക്കമുണ്ടെങ്കിൽ സർക്കാർ സിവിൽ കോടതിയിൽ കേസ് ഫയൽ

ചെയ്യുന്നതിനും കോടതി നിർദ്ദേശിച്ചിരുന്നു. മേൽ വിധിന്യായത്തിനെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകളിൽ വിശദമായ വാദം കേൾക്കാതെ തന്നെ ബഹു.സുപ്രീം കോടതി തള്ളുകയുണ്ടായി. തുടർന്ന് തർക്ക ഭൂമിയിൽ സംസ്ഥാനത്തിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി അത്തരം ഭൂമി സ്ഥിതി ചെയ്യുന്ന മേഖലയിലെ സിവിൽ കോടതിയിൽ ടൈറ്റിൽ കേസുകൾ ഫയൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിൻ പ്രകാരം ഉടമസ്ഥത സംബന്ധിച്ച തർക്കം നിലനിൽക്കുന്ന ഭൂമിക്കെതിരെ സിവിൽ കേസുകൾ ഫയൽ ചെയ്യുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിൽ HML കമ്പനിയും അവരിൽ നിന്ന് ഭൂമി നേടിയവരും സമാനമായ മറ്റു കമ്പനികളും കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി കൈവശം വച്ചിരിക്കുന്ന 19138 ഏക്കർ ഭൂമിയുടെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി 4 സിവിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. സമാനമായ മറ്റു ഭൂമിക്കെതിരെയും കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാർ ഇത്തരത്തിൽ പാട്ടക്കാലാവധി കഴിഞ്ഞ എത്ര ഹെക്ടർ ഭൂമിയും പാട്ടവ്യവസ്ഥകൾ ലംഘിച്ച എത്ര ഹെക്ടർ ഭൂമിയും പിടിച്ചെടുത്തു; വിശദാംശം വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**പട്ടയം വിതരണം**

217 (966) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2020 വരെയുള്ള കാലയളവിൽ ആലത്തൂർ മണ്ഡലത്തിലെ അർഹരായ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ?

75 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഗുണഭോക്താക്കളുടെ വില്ലേജ് അടിസ്ഥാനത്തിലുള്ള പട്ടിക ലഭ്യമാക്കാമോ?

| | | |
|---|---|---|
| ആലത്തൂർ | - | 9 പട്ടയം |
| എരിമയൂർ 1 | - | 11 പട്ടയം |
| വണ്ടാഴി 1 | - | 34 പട്ടയം |
| വണ്ടാഴി 2 | - | 5 പട്ടയം |
| മംഗലംഡാം | - | 14 പട്ടയം |
| കിഴക്കഞ്ചേരി 1 | - | 2 പട്ടയം |

## തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം

218 (967) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ ഏവയെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടയം ലഭിക്കാത്ത മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) തീരദേശങ്ങളിലെ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന മത്സ്യതൊഴിലാളികൾക്ക് 1964-ലെ കേരള ഭൂമി പതിവ് ചട്ടപ്രകാരവും മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് താമസിക്കുന്നവർക്ക് 1995-ലെ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടപ്രകാരവും കോസ്റ്റൽ സോൺ റഗുലേഷൻ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പട്ടയം നല്കി വരുന്നു.

## അർഹരായ എല്ലാവർക്കും പട്ടയം

219 (968) ശ്രീ. എം. എം. മണി:
ശ്രീ. പി. പി. സുമോദ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായ മുഴുവൻ പേർക്കും പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

അർഹരായ മുഴുവൻ പേർക്കും നിയമത്തിനകത്തുനിന്നുകൊണ്ട് പട്ടയം നൽകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. സർക്കാർ ഭൂമി കയ്യേറി താമസിച്ചു വരുന്നവരും പട്ടയം ലഭിച്ചിട്ടില്ലാത്തവരുമായ അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ടി ഭൂമിയിലെ പ്രതിഷേധമില്ലാത്ത കയ്യേറ്റങ്ങളും സർക്കാരിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമില്ലാത്ത കയ്യേറ്റങ്ങളും ബന്ധപ്പെട്ട് പതിവ് കമ്മിറ്റികളുടെ ശിപാർശപ്രകാരം അർഹരായ എല്ലാവർക്കും നിയമപ്രകാരം പതിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അർഹരായ എല്ലാവർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിന് താലൂക്കുതലത്തിൽ പ്രത്യേക അവലോകനം നടത്തി തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) അനധികൃതമായി കയ്യേറിയ സർക്കാർ ഭൂമി ഏറ്റെടുത്ത് സംരക്ഷിക്കാനും അത് അർഹരായ ഭൂരഹിതർക്ക് വിതരണം ചെയ്യാനുമുള്ള നടപടി ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ?

1957-ലെ കേരള ഭൂസംരക്ഷണ നിയമവും അനുബന്ധമായുള്ള 1958-ലെ ഭൂസംരക്ഷണ ചട്ടത്തിന്റെയും 2009-ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു വരുന്നു. പതിവിന് യോഗ്യമായിട്ടുള്ള ഭൂമി 1960-ലെ കേരള ഭൂമി പതിവ് നിയമത്തിനു കീഴിലുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പതിച്ചു നൽകുന്നുണ്ട്.

(സി) ഇതിനായി താലൂക്ക് ലാൻഡ് ബോർഡുകളുടെയും ലാൻഡ് ട്രിബ്യൂണലുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിലുള്ള ലാൻഡ് ട്രിബ്യൂണലുകളിൽ തീർപ്പാക്കാനുള്ള കേസുകൾ തീർപ്പാക്കുന്നതിന് എല്ലാ ലാൻഡ് ട്രിബ്യൂണൽ ഓഫീസുകൾക്കും ടാർജറ്റ് നിശ്ചയിച്ചു നൽകിയിട്ടുണ്ട്. നടപ്പു കുടിയാൻമാരുടെ കൈവശഭൂമി അവർക്ക് പതിച്ചു കൊടുക്കുന്നതിന് സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിനായി ലാൻഡ് ബോർഡിൽ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. താലൂക്ക് ലാൻഡ് ബോർഡുകളിൽ തീർപ്പാക്കാനുള്ള കേസുകളിൽ വിചാരണ നീണ്ടുപോകുന്ന തരത്തിൽ മാറ്റിവയ്ക്കാതെ നിയമാനുസൃതം തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മലയോരകർഷകർക്ക് പട്ടയം**

220 (969) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ മലയോര കർഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള അനുമതി ലഭിച്ചിട്ടുണ്ടോ; അറിയിക്കാമോ?

കോന്നി നിയോജകമണ്ഡലത്തിലെ മലയോര കർഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല.

(ബി) നിലവിലുള്ള സ്ഥിതി വിശദമാക്കാമോ?

പത്തനംതിട്ട ജില്ലയിൽ 1-1-1977-നുമുമ്പ് വനഭൂമി കുടിയേറി വച്ചുവരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനം വകുപ്പുമായി ചേർന്നു നടത്തിയ സംയുക്ത പരിശോധനയിൽ വനഭൂമി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള

1970.04 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ വനം വകുപ്പിന്റെ സഹായത്തോടുകൂടി Proposal No. FP/KL/ENCRH/8556/2012 ആയി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി ഓൺലൈനായി സമർപ്പിച്ചിട്ടുണ്ട്. അതിൽ കോന്നി നിയോജക മണ്ഡലത്തിലെ മലയോര കർഷകർക്ക് പട്ടയം നൽകുന്നതും ഉൾപ്പെട്ടുവരുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ കോന്നി നിയോജക മണ്ഡലത്തിലെ മലയോര കർഷകർക്ക് പട്ടയം നൽകുന്ന വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**പട്ടയവിതരണം**

221 (970) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷക്കാലം പട്ടയത്തിനുവേണ്ടി കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകളിൽ പട്ടയം അനുവദിച്ചു; വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

കുന്നത്തുനാട് താലൂക്കിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ പട്ടയം ലഭിക്കുന്നതിന് 218 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 106 അപേക്ഷകളിൽ പട്ടയം അനുവദിച്ചു. ആയതിന്റെ വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. ഐക്കരനാട് സൗത്ത് | - | 2 |
| 2. ഐരാപുരം | - | 12 |
| 3. പുത്തൻകുരിശ് | - | 27 |
| 4. തിരുവാണിയൂർ | - | 2 |
| 5. മഴുവന്നൂർ | - | 9 |
| 6. കിഴക്കമ്പലം | - | 4 |
| 7. വടവുകോട് | - | 8 |
| 8. കുന്നത്തുനാട് | - | 4 |
| 9. ഐക്കരനാട് നോർത്ത് | - | 4 |
| 10. മാറമ്പിള്ളി | - | 25 |
| 11. വാഴക്കുളം | - | 3 |
| 12. പട്ടിമറ്റം | - | 6 |

(ബി) ഇനി എത്ര അപേക്ഷകളിൽ പട്ടയം നല്കുവാനുണ്ടെന്നും പട്ടയ വിതരണം വൈകുന്നതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ;

(സി) മുഴുവൻ അപേക്ഷകളിലും വേഗത്തിൽ പട്ടയം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) നിയമാനുസൃതം പരിഗണനാർഹമായ 12 അപേക്ഷകളിൽ ഭൂമി പതിവ് നിയമപ്രകാരമുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് താലൂക്ക് ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. നിലവിൽ ഭൂമി പതിവ് കമ്മിറ്റി ഇല്ലാത്തതിനാൽ താലൂക്കുതലത്തിൽ ഭൂമി പതിവ് കമ്മിറ്റി രൂപീകരിച്ചതിനുശേഷം കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് അപേക്ഷകളിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

## പ്രകൃതിക്ഷോഭങ്ങളിൽ നഷ്ടപരിഹാരം

222 (971) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും കാറ്റിലും ഉരുൾപൊട്ടലിലും മറ്റു പ്രകൃതിക്ഷോഭങ്ങളിലും വീട് നഷ്ടപ്പെടുന്നവരെ യഥാസമയം പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ദുരന്തഘട്ടങ്ങളിൽ ജനങ്ങളെ താൽക്കാലികമായി മാറ്റിപാർപ്പിക്കുന്നതിന് ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ സാധിക്കുന്ന കെട്ടിടങ്ങൾ മുൻകൂട്ടി കണ്ടെത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മനുഷ്യരുടെ ആത്മാഭിമാനത്തെ മുൻഗണനയായി കാണുന്ന സർക്കാർ എന്ന നിലയ്ക്ക് രാജ്യത്തെതന്നെ ഏറ്റവും നിലവാരത്തിലുള്ള ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിനായി ഒരു മിനിമം റിലീഫ് കോഡ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ പ്രതിരോധ പ്രോജക്ട് (NCRMP) ഉപയോഗപ്പെടുത്തി കേരളത്തിൽ 17 മൾട്ടി പർപ്പസ് സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിച്ചുവരികയാണ്. അതിൽ 7 എണ്ണം പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. 3 എണ്ണം പൂർത്തിയായി വരുന്നു. ദുരന്ത സാഹചര്യത്തിൽ ശരാശരി

ആയിരത്തോളം ആളുകൾക്ക് താമസിക്കാനുള്ള സാഹചര്യത്തോടുകൂടിയാണ് ഷെൽട്ടർ ഒരുങ്ങുന്നത്. വലിയ ഹാളുകൾ, ശൗചാലയ സമുച്ചയങ്ങൾ, അടുക്കള, ഭിന്നശേഷിക്കാർക്കുള്ള പ്രത്യേക സൗകര്യങ്ങൾ തുടങ്ങിയവയടങ്ങിയതാണ് ഷെൽട്ടറുകൾ. ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിലുള്ള കെട്ടിടത്തിന്റെ പരിപാലന ചുമതല പഞ്ചായത്തുകൾക്കായിരിക്കും. NCRMP ഉപയോഗപ്പെടുത്തിക്കൊണ്ട് ഏറ്റവും സമഗ്രമായ മുന്നറിയിപ്പ് സംവിധാനമൊരുക്കി (Early Warning Dissemination System) വരികയാണ്. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലുമെല്ലാം കൃത്യസമയത്ത് മുന്നറിയിപ്പ് അതിവേഗം എത്തിക്കുവാനുള്ള സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കുന്നത്. ഇവയുടെ ഉപയോഗക്രമം, സുരക്ഷ തുടങ്ങിയവ സംബന്ധിച്ച പരിശീലന പരിപാടികളും ഇതോടൊപ്പം നടക്കുന്നുണ്ട്. ദുരിതാശ്വാസ സഹായമായി രാജ്യത്തെ ഏറ്റവും ഉയർന്ന നഷ്ടപരിഹാര തുകയാണ് കേരളത്തിൽ നൽകിവരുന്നത്. ഇതിനുപുറമെ 2018-ലെ പ്രളയശേഷം നടപ്പാക്കിയ ഉജ്ജീവന വായ്പാ പദ്ധതി മാതൃകാപരമായ പദ്ധതിയാണെന്ന് ഈ രംഗത്തെ പ്രമുഖർ വിലയിരുത്തിയിട്ടുണ്ട്. കൂടാതെ പ്രളയത്തെ അതിജീവിക്കുന്ന നിർമ്മാണ രീതികൾ പ്രോത്സാഹിപ്പിക്കുന്ന നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിക്കുന്നവർക്കുള്ള നഷ്ട പരിഹാരം കാലതാമസം കൂടാതെ അനുവദിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കാലവർഷക്കെടുതിയിൽ വിളനാശം സംഭവിക്കുന്ന കർഷകർക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം ലഭിക്കുന്നതിന് കൃഷി വകുപ്പിന്റെ AIMS പോർട്ടൽ സംവിധാനം നിലവിലുണ്ട്. പ്രകൃതിക്ഷോഭം സംഭവിച്ച് 24 മണിക്കൂറിനുള്ളിൽ കൃഷി ഉദ്യോഗസ്ഥർ FIR സമർപ്പിക്കും. പ്രകൃതി ക്ഷോഭം സംഭവിച്ച് 10 ദിവസത്തിനുള്ളിലും ഇൻഷ്വർ ചെയ്ത വിളകൾക്ക് നാശനഷ്ടം സംഭവിച്ചാൽ 15 ദിവസത്തിനുള്ളിലും കർഷകർക്ക് അപേക്ഷ സമർപ്പിക്കാം. അപേക്ഷകരുടെ കൃഷിയിടങ്ങളിൽ ഫീൽഡുതല പരിശോധന നടത്തി വിളനാശം തിട്ടപ്പെടുത്തി ആനുകൂല്യത്തിന് ശിപാർശ ചെയ്യുകയും ചെയ്യുന്നു. ഇത്തരത്തിൽ ശിപാർശ ചെയ്ത ക്ലെയിമുകളുടെ അടിസ്ഥാനത്തിലുള്ള തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് അനുവദിക്കുകയാണ് ചെയ്യുന്നത്.

## റോഡ് പുനരുദ്ധാരണം

223 (972) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018, 2019 വർഷങ്ങളിലെ പ്രളയത്തെ തുടർന്ന് തകർന്ന കോന്നി നിയോജക മണ്ഡലത്തിലെ പ്രമാടം, കോന്നി, വള്ളിക്കോട്, തണ്ണിതോട് പഞ്ചായത്തുകളിലെ ഗ്രാമീണ റോഡുകൾ, പൊതുമരാമത്ത് റോഡുകൾ എന്നിവയും മണ്ണിടിച്ചിലുണ്ടായതിന്റെ ഫലമായി അപകടങ്ങൾ തുടരുന്ന അച്ചൻകോവിലാറിന്റെ ഇരുകരകളും പ്രളയാനന്തര പുനർ നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി പുനർനിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

കോന്നി നിയോജകമണ്ഡലത്തിലെ പ്രമാടം, കോന്നി, വള്ളിക്കോട്, തണ്ണിത്തോട് പഞ്ചായത്തുകളിലെ ഗ്രാമീണ റോഡുകൾ, പൊതുമരാമത്ത് റോഡുകൾ എന്നിവയുടെ പ്രളയാനന്തര പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. കോന്നി ഗ്രാമപഞ്ചായത്തിൽ 3 റോഡുകൾ പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിച്ചതിൽ 1 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.
2. പ്രമാടം ഗ്രാമപഞ്ചായത്തിൽ 5 റോഡുകൾ പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിച്ചതിൽ 2 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.
3. വള്ളിക്കോട് ഗ്രാമപഞ്ചായത്തിൽ 3 റോഡുകൾ പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിച്ചതിൽ 2 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.
4. തണ്ണിത്തോട് ഗ്രാമപഞ്ചായത്തിൽ 3 റോഡുകൾ പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിച്ചതിൽ 2 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

അച്ചൻകോവിലാറിന്റെ ഇരുകരകളും പ്രളയാനന്തര പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കുവാൻ നടപടി സ്വീകരിച്ചവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. വള്ളിക്കോട് ഗ്രാമപഞ്ചായത്തിൽ കൈപ്പട്ടൂർ പാലത്തിന് താഴെ വശത്തും കാവുംപാട്ട് ഭാഗത്തും അച്ചൻകോവിൽ ആറിന്റെ ഇടതുകര സംരക്ഷണം.
2. പ്രമാടം പഞ്ചായത്തിൽ കുമ്പഴ പാലത്തിന് സമീപവും സ്വാമിപ്പടി കടവിനു സമീപവും അച്ചൻ കോവിലാറിന്റെ ഇടതുകര സംരക്ഷണം.

3. കോന്നി പഞ്ചായത്തിൽ ഐത്തലക്കടവ് മുതൽ മണ്ണാറത്തം കടവ് വരെ അച്ചൻകോവിലാറിന്റെ ഇടതുകര സംരക്ഷണം. അതേ പഞ്ചായത്തിലെ ലീഗൽ മെട്രോളജി ഓഫീസിനുസമീപം അച്ചൻകോവിലാറിന്റെ വലതുകര സംരക്ഷണം.

## ടൗട്ടെ ചുഴലിക്കാറ്റ്

224 (973) ശ്രീ. സി. ആർ. മഹേഷ് :
ശ്രീ. ടി. ജെ. വിനോദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) ടൗട്ടെ ചുഴലിക്കാറ്റുമൂലം സംസ്ഥാനത്തുണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ തീരദേശത്തുണ്ടായ നാശനഷ്ടങ്ങളും തീരശോഷണവും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ടൗട്ടെ ചുഴലിക്കാറ്റുമൂലം സംസ്ഥാനത്തുണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ തീരദേശത്തുണ്ടായ നാശനഷ്ടങ്ങളും തീരശോഷണവും വിലയിരുത്തിയിട്ടുണ്ട്. 29 മത്സ്യബന്ധന ബോട്ടുകൾ പൂർണ്ണമായും 96 ബോട്ടുകൾ ഭാഗികമായും തകർന്നു. 235 മത്സ്യബന്ധന വലകൾ പൂർണ്ണമായും 47 എണ്ണം ഭാഗികമായും നശിച്ചു. ടൗട്ടെ ചുഴലിക്കാറ്റിനെ തുടർന്ന് സംസ്ഥാനത്ത് തീരപ്രദേശത്തെ 191 വീടുകൾക്ക് പൂർണ്ണമായും 1561 വീടുകൾക്ക് ഭാഗികമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. കേരളത്തിൽ ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ള പ്രദേശങ്ങളാണ് തീരപ്രദേശങ്ങൾ. ദേശീയതലത്തിൽ തീരശോഷണം ഒരു അംഗീകൃത ദുരന്തമായി കണക്കാക്കുന്നില്ലെങ്കിലും കേരളത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ സവിശേഷ അധികാരമുപയോഗിച്ച് തീരശോഷണം ഒരു സംസ്ഥാന സവിശേഷ ദുരന്തമായി 2015 ജൂലൈ 23-ലെ സ.ഉ.(കൈ)നമ്പർ 343/2015/ഡി.എം.ഡി. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കടലാക്രമണത്തിൽ എല്ലാം നഷ്ടപ്പെട്ട് നിരാലംബരായ തീരദേശവാസികൾക്ക് ആശ്വാസം നൽകുന്നതിന് ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ടൗട്ടെ ചുഴലിക്കാറ്റ് മൂലമുണ്ടായ കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ തീരദേശനിവാസികളെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറ്റി പാർപ്പിച്ചിട്ടുള്ളതാണ്. അടിയന്തര സാഹചര്യത്തിൽ ജിയോബാഗുകൾ, മണൽച്ചാക്കുകൾ തുടങ്ങിയ താൽക്കാലിക പരിഹാര മാർഗ്ഗങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണനിധി

ഉപയോഗിക്കാൻ സാധിക്കും എന്ന സാധ്യത ഉപയോഗപ്പെടുത്തി ഒരു പഞ്ചായത്തിന് പരമാവധി 4 ലക്ഷം, മുനിസിപ്പാലിറ്റിക്ക് 5 ലക്ഷം, കോർപ്പറേഷന് 7 ലക്ഷം എന്നിങ്ങനെ ഉപയോഗിച്ചുകൊണ്ട് കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നിലവിൽ തീര സംരക്ഷണത്തിനായി ടെട്രാപോഡുകൾ ഉപയോഗിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 3-6-2021-ലെ സ.ഉ(സാധാ) നമ്പർ 454/2021/ഡിഎംഡി പ്രകാരം രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ആശ്വാസ ധനസഹായമായി 18,36,48,000 രൂപ (പതിനെട്ട് കോടി മുപ്പത്തി ആറ് ലക്ഷത്തി നാൽപ്പത്തി എണ്ണായിരം രൂപ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിച്ചു നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ലോക്ഡൗണും ചുഴലിക്കാറ്റും കാരണം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി ഉപയോഗിച്ച് സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യാൻ 20-5-2021-ലെ സ.ഉ(സാധാ)നം. 429/2021/ഡി.എം.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്.

## പ്രകൃതിദുരന്തത്തിൽ ധനസഹായം

225 (974) ശ്രീ. മുഹമ്മദ് മുഹസിൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദുരന്തംമൂലം ഭാഗികമായോ പൂർണ്ണമായോ വീട് തകർന്നിട്ടുള്ളവർക്ക് ലഭിക്കുന്ന ധനസഹായത്തിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

ദുരന്ത നിവാരണ വകുപ്പിന്റെ 23-8-2019 തീയതിയിലെ സ.ഉ.(കൈ)നമ്പർ 25/2019-ദുനിവ ഉത്തരവിന്റെ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*) അടിസ്ഥാനത്തിൽ പ്രകൃതി ദുരന്തങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും മിനിമം റിലീഫ് കോഡ് പ്രകാരമുള്ള ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

(ബി) പട്ടാമ്പി മണ്ഡലത്തിൽ 2016 മുതൽ ഇതുവരെയുള്ള കാലഘട്ടത്തിൽ ഈ ആവശ്യത്തിനായി സമർപ്പിച്ചിട്ടുള്ള എത്ര അപേക്ഷകളിൽ ധനസഹായം ലഭിച്ചിട്ടില്ല എന്നുള്ളത് വ്യക്തമാക്കാമോ?

14 കേസുകളിൽ നാശനഷ്ടത്തോത് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിക്കാത്തതിനാലും 3 കേസുകളിൽ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് ലഭ്യമാക്കാത്തതിനാലും ധനസഹായം അനുവദിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സാങ്കേതികപ്പിഴവ് കാരണം അർഹരായവർക്ക് ധനസഹായം ലഭിക്കാത്ത സാഹചര്യമുണ്ടെങ്കിൽ അത് പരിഹരിച്ചുകൊണ്ട് അടിയന്തരമായി ധനസഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സാങ്കേതികപ്പിഴവ് സംഭവിച്ചിട്ടുള്ള കേസുകളിൽ ആയത് പരിഹരിച്ച് ധനസഹായം അനുവദിക്കാൻ കഴിയുന്നതാണ്.

### ഫ്ലഡ് പദ്ധതി

226 (975) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻസർക്കാരിന്റെ കാലത്ത് ഫ്ളഡ് പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡല പരിധിയിൽ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയെന്നും ഇവയിൽ പൂർത്തിയായവ ഏതൊക്കെയെന്നും ഇനിയും പൂർത്തിയാകാനുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതിയും വർഷം തിരിച്ച് വിശദമാക്കാമോ?

സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന പ്രവൃത്തികൾക്ക് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതിയോ ഫണ്ടോ അനുവദിക്കാറില്ല. ആയതിനാൽ മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ലഭ്യമല്ല.

### പ്രകൃതി ദുരന്തങ്ങളിലെ നാശനഷ്ടം

227 (976) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മേയ് 2-ന് ശേഷമുണ്ടായ പ്രകൃതി ദുരന്തങ്ങളിൽ സംസ്ഥാന ത്തുണ്ടായ നാശനഷ്ടങ്ങൾ, മരണങ്ങൾ, വീട് നഷ്ടപ്പെട്ടവർ, കൃഷിനാശം തുടങ്ങിയവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവമൂലം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക ബാധ്യത എത്രയെന്ന് വ്യക്തമാക്കുമോ?

(എ&ബി) മേയ് രണ്ടിനുശേഷം കേരളത്തെ ബാധിച്ച പ്രകൃതി ദുരന്തം ആയ ടൗട്ടെ ചുഴലിക്കാറ്റ് വ്യാപകമായ നാശനഷ്ടങ്ങളുണ്ടാക്കിയിട്ടുണ്ട്.11 പേർ മരണപ്പെടുകയും 22 പേർക്ക് സാരമായി പരിക്കേൽക്കുകയും ചെയ്തു. 24433 ഹെക്ടർ പ്രദേശത്ത് കൃഷി നാശം സംഭവിച്ചു. 4392 വളർത്തു മൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചു. 29 മൽസ്യബന്ധന ബോട്ടുകൾ പൂർണ്ണമായും 96 ബോട്ടുകൾ

ഭാഗികമായും തകർന്നു. 235 മൽസ്യബന്ധന വലകൾ പൂർണ്ണമായും 47 എണ്ണം ഭാഗികമായും നശിച്ചു. 261 വീടുകൾ പൂർണ്ണമായും 4776 വീടുകൾ ഭാഗികമായും തകർന്നു. 531 കാലിത്തൊഴുത്തുകൾക്ക് നാശം സംഭവിച്ചു. വൈദ്യുതി പോസ്റ്റുകൾ, ട്രാൻസ്ഫോർമറുകൾ, റോഡുകൾ, കുടിവെള്ള വിതരണ ശൃംഖല തുടങ്ങി അടിസ്ഥാന സൗകര്യങ്ങളിൽ 9306.41 ലക്ഷം രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട് .

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയുടെ കേന്ദ്രസഹായം അഭ്യർത്ഥിച്ചു; എത്ര ലഭ്യമായി; വ്യക്തമാക്കുമോ?

ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടില്ല.

(ഡി) പ്രസ്തുത പ്രകൃതി ദുരന്തങ്ങളിൽപ്പെട്ട എത്ര പേർക്ക് ധനസഹായം നൽകി; എത്ര പേർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു; എന്തൊക്കെ പുനർനിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു; ഇതിനായി നാളിതുവരെ ചെലവാക്കിയ തുക എത്ര; വിശദാംശം ലഭ്യമാക്കാമോ?

പ്രകൃതി ദുരന്തത്തിൽപ്പെട്ടവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ മാനദണ്ഡം അനുസരിച്ചുള്ള ദുരിതാശ്വാസം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രളയ ദുരിതാശ്വാസ ഫണ്ട്

228 (977) ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ ഫണ്ടിൽനിന്നും 80 ലക്ഷത്തോളം രൂപ തട്ടിയെടുത്ത സംഭവത്തിൽ റവന്യൂ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ എന്നറിയിക്കുമോ?

എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ തുക വിതരണത്തിൽ ക്രമക്കേട് നടത്തിയ വിവരം അറിവായതിനെ തുടർന്ന് കളക്ടറേറ്റ് ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു അന്വേഷണ സംഘത്തെ ജില്ലാ കളക്ടർ നിയമിച്ചിരുന്നതും അന്വേഷണ റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രളയ ദുരിതാശ്വാസ വിതരണത്തിലെ ക്രമക്കേട് വിശദമായി അന്വേഷിക്കുന്നതിന് ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതും അന്വേഷണം നടത്തിയിട്ടുള്ളതുമാണ്.

(ബി) ഇതിൽ കുറ്റക്കാരായവർക്കെതിരെ എന്തു നടപടിയാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന വെളിപ്പെടുത്തുമോ?

പ്രളയ ദുരിതാശ്വാസ തുക വിതരണത്തിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയതിനെ തുടർന്ന് സെക്ഷൻ ക്ലർക്കായിരുന്ന ശ്രീ.വിഷ്ണു പ്രസാദിനെ സേവനത്തിൽ നിന്നും ജില്ലാ കളക്ടർ സസ്പെൻഡ് ചെയ്തിട്ടുള്ളതും ലാൻഡ് റവന്യൂ കമ്മീഷണർ ടിയാനെതിരെ കുറ്റപത്രം നൽകി അച്ചടക്കനടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

(സി) പ്രസ്തുത തുക തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

പ്രളയ ദുതിതാശ്വാസ തുക വിതരണത്തിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പോലീസ് ക്രൈം നമ്പർ 83/20, ക്രൈം നമ്പർ 382/20 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

## പ്രകൃതി ദുരന്തങ്ങൾ

229 (978) ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതി ദുരന്തങ്ങൾ കൂടിവരുന്നതിന്റെ കാരണങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ സർക്കാർ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ?

2018-ലെ മഹാപ്രളയത്തോടനുബന്ധിച്ച് ശാസ്ത്ര സാങ്കേതിക വകുപ്പ് പഠനം നടത്തുകയും റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വരുംകാലങ്ങളിൽ പ്രകൃതിദുരന്തങ്ങളുണ്ടായാൽ അവയെ നേരിടുന്നതിനും ദുരന്തലഘൂകരണത്തിനുമായി എന്തൊക്കെ സജ്ജീകരണങ്ങളും സംവിധാനങ്ങളുമാണ് ഒരുക്കിയിട്ടുള്ളതെന്നും ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) പ്രളയവും കടൽക്ഷോഭവും കൂടിവരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ദുരന്ത നിവാരണ സംവിധാനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) കേരളം കഴിഞ്ഞ കുറെ വർഷങ്ങളായി പലവിധ പ്രകൃതി ദുരന്തങ്ങളും മഹാമാരികളും അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. 2018-ലെ മഹാപ്രളയവും 2019-ലെ പ്രളയവും നിപ പോലുള്ള മഹാമാരികളും കോവിഡ് 19-ന്റെ അതിരൂക്ഷമായ വ്യാപനവും കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളിൽ കനത്ത ആഘാതം ചെലുത്തിയിട്ടുണ്ട്. എന്നിരുന്നാലും ഇത്തരം ദുരന്തങ്ങളെ ഫലപ്രദമായി ചെറുക്കുവാൻ സംസ്ഥാനത്തെ ദുരന്ത നിവാരണ സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട്. പല വിധത്തിലുള്ള ദുരന്ത പ്രതികരണ പ്രവർത്തനങ്ങളും പദ്ധതികളും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഓഖി ദുരന്താനന്തരം കേരളത്തിലെ ചുഴലിക്കാറ്റ് പ്രതിരോധ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ സർക്കാർ തീരുമാനിക്കുകയും ശ്രമകരമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ-പ്രതിരോധ പ്രോജക്ട് (NCRMP) ഉപയോഗപ്പെടുത്തി കേരളത്തിൽ 17 മൾട്ടി പർപ്പസ് സൈക്ലോൺ ഷെൽട്ടറുകൾ നിർമിച്ചു വരികയാണ്. അതിൽ 7 എണ്ണം പൂർത്തീകരിച്ചു കഴിഞ്ഞു. 3 എണ്ണം കൂടി പൂർത്തിയായിവരുന്നു. ഒരു ദുരന്ത സാഹചര്യത്തിൽ ശരാശരി ആയിരത്തോളം ആളുകൾക്ക് താമസിക്കാനുള്ള സൗകര്യത്തോടുകൂടിയാണ് ഷെൽട്ടർ ഒരുങ്ങുന്നത്. ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിലുള്ള കെട്ടിടത്തിന്റെ പരിപാലന ചുമതല പഞ്ചായത്തുകൾക്കായിരിക്കും. NCRMP ഉപയോഗപ്പെടുത്തിക്കൊണ്ട് ഏറ്റവും സമഗ്രമായ മുന്നറിയിപ്പ് സംവിധാനമൊരുക്കി (Early Warning Dissemination System) വരികയാണ്. കരയിൽനിന്ന് ആഴക്കടലിൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ഉപഗ്രഹ സഹായത്തോടെ മുന്നറിയിപ്പ് എത്തിക്കാൻ സഹായിക്കുന്ന 'നാവിക്' ഉപകരണം ISRO-യുടെ സാങ്കേതിക സഹായത്തോടെ വികസിപ്പിച്ചെടുത്തു. മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകമായ പരിശീലനത്തിനുപുറമെ ലൈഫ് ജാക്കറ്റുകളും ഉപഗ്രഹ ഫോണുകളും നൽകുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ കാലാവസ്ഥാ പ്രവചനങ്ങൾ (weather forecast) കൂടുതൽ കൃത്യവും കാര്യക്ഷമവുമാക്കുന്നതിനു വേണ്ടിയുള്ള ഇടപെടലുകളും നടത്തി വരുന്നു. കേരളത്തിൽ റിയൽ ടൈം മോണിറ്ററിംഗ് സാധ്യമാക്കുവാൻ പ്രാപ്തിയുള്ള 100 ഓട്ടോമേറ്റഡ് വെതർ സ്റ്റേഷനുകൾ (AWS) കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിന് കേരളം ആവശ്യമായ സ്ഥലമേറ്റെടുത്ത് നൽകിക്കഴിഞ്ഞു. കേന്ദ്ര കാലാവസ്ഥാ വകുപ്പ് കേരളത്തിൽ പ്രാദേശിക ചുഴലിക്കാറ്റ് മുന്നറിയിപ്പ് കേന്ദ്രം സ്ഥാപിച്ചിട്ടുണ്ട്. ചൂടുമൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സമഗ്രമായ ഒരു Heat Action Plan തയ്യാറാക്കിയിട്ടുണ്ട്. 14 ജില്ലകളിലും UV index sensors

സ്ഥാപിക്കാനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. വെള്ളപ്പൊക്ക മുന്നൊരുക്ക സംവിധാനങ്ങളും മെച്ചപ്പെടുത്തുകയാണ്. സ്കൂൾ സേഫ്റ്റി, ഹോസ്പിറ്റൽ സേഫ്റ്റി, ഉദ്യോഗസ്ഥ സംവിധാനം കാര്യക്ഷമവും ഏകോപനം സുഗമവുമാക്കാൻ മുഴുവൻ സർക്കാർ വകുപ്പുകളിലും ദുരന്ത നിവാരണ സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി തുടങ്ങി നിരവധി ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ദുരന്ത നിവാരണ അതോറിറ്റിവഴി നടപ്പിലാക്കി വരികയാണ്. അതിതീവ്ര മഴ മുമ്പെങ്ങുമില്ലാത്തവിധം കേരളത്തിൽ പ്രതിസന്ധികൾ സൃഷ്ടിക്കുകയാണ്. കാലാവസ്ഥാ വ്യതിയാനം അതിതീവ്ര മഴ ദിനങ്ങളുടെ എണ്ണത്തിലും പെയ്യുന്ന മഴയുടെ തോതിലും വലിയ വർദ്ധനവ് സൃഷ്ടിച്ചിട്ടുണ്ട്. ഇത് നമ്മുടെ താഴ്ന്ന പ്രദേശങ്ങളിലും നഗരങ്ങളിലും വെള്ളക്കെട്ടുകളും പ്രളയങ്ങളും മലയോര മേഖലകളിൽ ഉരുൾപ്പൊട്ടലുകളും സൃഷ്ടിക്കുന്ന സാഹചര്യമാണ് സൃഷ്ടിക്കുക. അതിതീവ്ര മഴയെ നിയന്ത്രിക്കുക അസാധ്യമായ തിനാൽ അതുമൂലമുണ്ടാകുന്ന ദുരന്ത സാധ്യതകളെ നേരിടാൻ വിവിധങ്ങളായ ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്.

തയ്യാറെടുപ്പുകൾ

മഴക്കാല തയ്യാറെടുപ്പുകൾ ശാസ്ത്രീയമായും ഗൗരവമായുമാണ് സർക്കാർ കൈകാര്യം ചെയ്യുന്നത്. മഴക്കാലമുന്നോടിയായി തന്നെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ The State Relief Commissioner (SRC)-ഉടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ മുഴുവൻ വകുപ്പുകളുടെയും ദേശീയ-സംസ്ഥാന രക്ഷാസേനകളുടെയും യോഗം വിളിച്ചുചേർത്ത് സ്ഥിതിഗതികൾ അവലോകനം ചെയ്യും. മുഴുവൻ വകുപ്പുകൾക്കും ദുരന്ത ലഘൂകരണ, പ്രതിരോധ, പ്രതികരണ പ്രവർത്ത നങ്ങൾക്കായി സുവ്യക്തമായ ഒരു മാർഗ്ഗരേഖ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി പ്രസിദ്ധീകരിച്ചു. സംസ്ഥാനത്തെ ഓരോ സർക്കാർ വകുപ്പുകളും രക്ഷാസേനകളും പൊതുജനങ്ങളും എങ്ങനെയാണ് മഴക്കാലത്തിന് തയ്യാറെടുക്കേണ്ടതെന്നും ഒരു ദുരന്ത സാഹചര്യമുണ്ടായാൽ ഏതു വിധേനയാണ് പ്രവർത്തിക്കേണ്ടതെന്നും സൂക്ഷ്മമായി മാർഗ്ഗനിർദ്ദേശം നൽകുന്ന കൈപുസ്തകമാണ് ഓറഞ്ച് ബുക്ക്. കാലാവസ്ഥാ മുന്നറിയിപ്പുകൾ മനസ്സിലാക്കേണ്ടവിധവും ഓരോ മുന്നറിയിപ്പനുസരിച്ചും ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികളും ലളിതമായി വിശദീകരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലെ പ്രായോഗിക അനുഭവങ്ങളും നിലവിലെ സംസ്ഥാനത്തെ കോവിഡ് സാഹചര്യവും കണക്കിലെടുത്ത് ആവശ്യമായ പുതുക്കൽ വരുത്തിക്കൊണ്ടാണ് 2021-ലെ പുതിയ പതിപ്പ് തയ്യാറാക്കിയിട്ടുള്ളത്.

ദുരന്തനിവാരണ പ്ലാനുകൾ-പ്രളയ സാധ്യതാ ഭൂപടങ്ങൾ

സംസ്ഥാന-ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾക്കുപുറമെ കേരളത്തിൽ പ്രാദേശികാടിസ്ഥാത്തിൽ തദ്ദേശസ്ഥാപനതല പ്ലാനുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രളയം മാത്രമല്ല മറ്റു ദുരന്തങ്ങളെയും നേരിടുന്നതിന് തയ്യാറെടുക്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ പ്ലാനുകൾക്ക് സുപ്രധാനമായ പങ്ക് നിർവഹിക്കുവാൻ സാധിക്കും.

നദികളിലെ എക്കലും മണലും നീക്കൽ

നദികളിൽ വന്നടിഞ്ഞിട്ടുള്ള എക്കലും മണലും നീക്കം ചെയ്യലും നദികളെയും മറ്റ് ജലാശയങ്ങളെയും പുനരുജ്ജീവിപ്പിക്കലും ചെയ്യുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകിവരുന്നത്. റിവർ മൗത്തുകളുടെ വീതി വർദ്ധിപ്പിക്കലും പൊഴിമുറിക്കലുമെല്ലാം മഴക്കാല മുന്നൊരുക്കങ്ങളുടെ ഭാഗമായി പൂർത്തീകരിക്കും. നെതർലൻഡ്സ് മാതൃകയിൽ റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. നഗരങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

മുന്നറിയിപ്പ് സംവിധാനം

രാജ്യത്ത് പ്രളയ മുന്നറിയിപ്പ് സംവിധാനം സ്ഥാപിക്കുന്നതിന് ഉത്തരവാദിത്വപ്പെട്ട ഏജൻസി കേന്ദ്ര ജലകമ്മീഷനാണ്. സംസ്ഥാന സർക്കാരുമായി സഹകരിച്ചുകൊണ്ട് 30 നദികളിലായി കേന്ദ്ര ജല കമ്മീഷന്റെ 39 സ്റ്റേഷനുകളിലെ വിവരങ്ങൾ നമുക്കിന്ന് ലഭ്യമാണ്. കേരളത്തിലെ കാലാവസ്ഥാ പ്രവചനം മെച്ചപ്പെടുത്താൻ 100 ഓട്ടോമേറ്റഡ് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പിന് 10x10 മീറ്റർ സ്ഥലം സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്. ഇവിടങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. കാലാവസ്ഥാ വകുപ്പിന്റെ സേവനങ്ങളോടൊപ്പം മറ്റു സ്വകാര്യ ഏജൻസി കളുടെയും ഈ മേഖലയിലുള്ള സേവനങ്ങൾ സംസ്ഥാനത്ത് ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. ഇത് ഒരു വിദഗ്ധ സമിതി പഠനവിധേയമാക്കി വരികയാണ്. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർ നടപടികൾ സ്വീകരിക്കുന്നത്. കൂടാതെ അന്താരാഷ്ട്ര ഏജൻസികളുടെ സഹകരണത്തോടെ നമ്മുടെ നദികളുടെ പ്രളയ സാധ്യത പ്രളയ മോഡലിംഗ് പ്രവർത്തനങ്ങളിലൂടെ കണ്ടെത്താനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. NCRMP ഉപയോഗ പ്പെടുത്തികൊണ്ട് ഏറ്റവും സമഗ്രമായ മുന്നറിയിപ്പ് സംവിധാനമൊരുക്കി

(Early Warning System) വരികയാണ്. മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിലുമെല്ലാം കൃത്യസമയത്ത് മുന്നറിയിപ്പ് അതിവേഗമെത്തിക്കാനുള്ള സാങ്കേതിക സൗകര്യങ്ങളാണ് ഒരുക്കുന്നത്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കുന്ന സുരക്ഷയാനം മൊബൈൽ ആപ്ലിക്കേഷനും ദുരന്ത മുന്നറിയിപ്പ് ജനങ്ങളിലെത്തിക്കുന്നതിന് നിർണ്ണായകമാകും.

<u>രക്ഷാപ്രവർത്തനം</u>

ദുരന്തങ്ങൾ സംഭവിക്കുന്ന ഘട്ടത്തിൽ ഏറ്റവും മികച്ച രീതിയിലുള്ള രക്ഷാപ്രവർത്തനത്തിനായി ആവശ്യമായ കേന്ദ്ര സേനകൾ മുൻകൂറായി വിന്യസിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. സംസ്ഥാനത്ത് ഹെലികോപ്റ്റർ ഇറക്കാൻ സാധിക്കുന്ന 194 സ്ഥലങ്ങൾ കണ്ടെത്തുകയും അവ വ്യോമസേനയ്ക്ക് കൈമാറുകയും ചെയ്തു. കേരളത്തിലെ പോലീസ്, ഫയർ ആൻഡ് റസ്ക്യൂ സർവ്വീസസ് എന്നിവയെ സജ്ജമാക്കി. കൂടാതെ 3.5 ലക്ഷം സന്നദ്ധപ്രവർത്തകരുടെ സന്നദ്ധസേന ഉണ്ടാക്കി. കേന്ദ്ര പദ്ധതിയായ ആപ്തമിത്ര രാജ്യത്താദ്യമായി മാതൃകാപരമായി നടപ്പിലാക്കി. ഫയർ ആൻഡ് റസ്ക്യൂ സർവ്വീസസിന്റെ നേതൃത്വത്തിൽ ശക്തമായ സിവിൽ ഡിഫൻസ് സംവിധാനവും രൂപീകരിച്ചു.

<u>പുനരധിവാസം</u>

ദുരന്തഘട്ടങ്ങളിൽ ജനങ്ങളെ മാറ്റുന്നതിനായി ഏറ്റവും നിലവാരമുള്ള ദുരന്താശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കാൻ ഒരു മിനിമം റിലീഫ് കോഡ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ദുരന്തങ്ങളിൽ അപകടം സംഭവിച്ചവരെ പുനരധിവസിപ്പിക്കുന്നതിനായി രാജ്യത്തെ ഏറ്റവും ഉയർന്ന നഷ്ടപരിഹാര തുകയാണ് കേരളത്തിൽ നൽകി വരുന്നത്. ഇതിനുപുറമെ 2018-ലെ പ്രളയശേഷം നടപ്പിലാക്കിയ പുനരുജ്ജീവന വായ്പാ പദ്ധതി പോലെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>കടലാക്രമണം</u>

കേരളത്തിൽ ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ള പ്രദേശങ്ങളാണ് തീരപ്രദേശങ്ങൾ. ദേശീയതലത്തിൽ തീരശോഷണം ഒരു അംഗീകൃത ദുരന്തമായി കണക്കാക്കുന്നില്ലെങ്കിലും ദുരന്ത നിവാരണ അതോറിറ്റിയുടെ സവിശേഷ അധികാരം ഉപയോഗിച്ച് തീരശോഷണം ഒരു സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം കടലാക്രമണം

രൂക്ഷമാകുന്ന ഘട്ടങ്ങളിൽ ജിയോബാഗുകൾ, മണൽ ചാക്കുകൾ തുടങ്ങിയ താൽക്കാലിക പരിഹാര മാർഗ്ഗങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണനിധി ഉപയോഗപ്പെടുത്തി ഒരു പഞ്ചായത്തിന് പരമാവധി 4 ലക്ഷം, മുനിസിപ്പാലിറ്റിക്ക് 5 ലക്ഷം, കോർപ്പറേഷന് 7 ലക്ഷം, എന്നിങ്ങനെ തുക ഉപയോഗിച്ചുകൊണ്ട് കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നിലവിൽ തീരസംരക്ഷണത്തിനായി ടെട്രാപോഡുകൾ ഉപയോഗിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ ഇടങ്ങളിൽ കടൽ ഭിത്തി നിർമ്മിച്ചും 50 മീറ്റർ വേലിയേറ്റ പരിധിയുടെ അകത്തുവരുന്ന ദുരന്ത സാധ്യതയുള്ള വീടുകളിൽ താമസിക്കുന്നവരെ അപകടങ്ങൾ സംഭവിക്കുന്നതിനു മുൻപായി തന്നെ പുനരധിവസിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇതിനായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതി കൂടുതൽ വിപുലമാക്കുകയും വേണം. മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികളെ ബാധിക്കാത്ത തരത്തിലും അവരുടെ കൂടി പങ്കാളിത്തത്തോടെയും പ്രസ്തുത പദ്ധതി ജനകീയമായി നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

### പ്രകൃതിക്ഷോഭത്തിൽ തകരുന്ന ഗ്രാമീണ റോഡുകൾ

230 (979) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ തകരുന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിനായി ഫ്ളഡ് പദ്ധതി പ്രകാരം അനുവദിക്കുന്ന പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കുവാൻ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്; പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തര സ്വഭാവത്തിലുള്ള പുനരുദ്ധാരണത്തിന് (Immediate repair/ restoration) മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ഭരണാനുമതി നൽകുന്നത്. ഇത്തരം പ്രവൃത്തികളുടെ നിർവ്വഹണത്തിനായി, ഭരണാനുമതി ഉത്തരവ് തീയതി മുതൽ ആറ് മാസത്തിനകം കരാറിലേർപ്പെടേണ്ടതും ഭരണാനുമതി ഉത്തരവ് തീയതി മുതൽ ഒന്നര വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. ടി പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസോ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് പാർട്ട് ബിൽപേയ്മെന്റോ അനുവദനീയമല്ല. പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ ബിൽത്തുക അനുവദിക്കാനാകൂ. കൂടാതെ പ്രസ്തുത പ്രവൃത്തികൾ ലാഭകരമല്ല എന്ന

കാഴ്ചപ്പാടും എസ്റ്റിമേറ്റ് അംഗീകരിച്ചശേഷവും ഇടയ്ക്കിടെ നിർമ്മാണ സാമഗ്രികളുടെ വിലയിലുണ്ടാകുന്ന വർദ്ധനവും പ്രതികൂല കാലാവസ്ഥയും നിലവിൽ കോവിഡ്-19-നെ ത്തുടർന്നുള്ള പ്രതികൂല സാഹചര്യങ്ങളുംമൂലം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാനാകില്ലെന്ന ധാരണമൂലമാണ് ചില കരാറുകാർ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽനിന്നും പിന്മാറുന്നത്.

(ബി) ആയത് പരിഹരിക്കുന്നതിനായി എന്തു നടപടി സ്വീകരിക്കുവാനാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രതികൂലമായ സാഹചര്യങ്ങളാൽ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാനാകാത്ത സാഹചര്യം ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്യുമ്പോൾ ആയത് പരിശോധിച്ച് പ്രവൃത്തികൾക്ക് ആവശ്യമെങ്കിൽ കാലാവധി നീട്ടി നൽകാറുണ്ട്. 2019-ലെ പ്രളയം, അതേ വർഷം നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി നിലനിന്നിരുന്ന പെരുമാറ്റച്ചട്ടം, കോവിഡ് മഹാമാരി എന്നിവമൂലം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നിരവധി ദിവസങ്ങൾ നഷ്ടപ്പെട്ട സാഹചര്യത്തിൽ 2019 ഏപ്രിൽ 1 മുതൽ 2020 ജൂൺ 18 വരെ ഭരണാനുമതി നല്കിയിരുന്ന പ്രവൃത്തികൾക്ക് കരാറിലേർപ്പെടുന്നതിന് 2021 മാർച്ച് 31 വരെ സമയമനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിരുന്നു. ടെണ്ടർ നടത്തുമ്പോൾ കരാറുകാർ ആരും പങ്കെടുക്കാത്ത സാഹചര്യം ഉണ്ടായാൽ റീ ടെണ്ടർ, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നിർവ്വഹിക്കുന്ന നടപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിച്ചുവരുന്നത്. ഇത്തരം പ്രവൃത്തികൾ പ്രദേശവാസികളായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗുണഭോക്തൃ കമ്മിറ്റികൾ വഴിയും നടപ്പാക്കാവുന്നതാണ്.

(സി) പ്രസ്തുത ഫ്ളഡ് പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞാൽ കരാറുകാർക്ക് യഥാസമയം തുക ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രവൃത്തികൾ പൂർത്തിയാക്കി ബില്ല് സമർപ്പിക്കുന്നമുറയ്ക്ക് ബില്ല് സമർപ്പണത്തിന്റെ മുൻഗണനാ ക്രമത്തിൽ സമയബന്ധിതമായിത്തന്നെ ബിൽതുക അനുവദിക്കുകയാണ് ചെയ്യുന്നത്.

**ഭൂമി തരംമാറ്റുന്നതിനുള്ള ഫീസ് ഏകീകരണം**

231 (980) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-നു മുൻപ് നികത്തിയ നിലം 25 സെന്റിന് താഴെയെങ്കിൽ സൗജന്യമായി തരംമാറ്റുന്നതിനും അതിന് മുകളിലുള്ള ഭൂമി തരംമാറ്റുന്നതിനുള്ള തദ്ദേശ സ്ഥാപനങ്ങളുടെ ഫീസ് ഏകീകരിച്ചും സർക്കാർ ഉത്തരവാകുകയുണ്ടായോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

2008-ന മുൻപ് നികത്തിയതും "നിലം" തരമായി അടിസ്ഥാന രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതും ഡാറ്റാബാങ്കിൽ നിലം/തണ്ണീർത്തടമായി ഉൾപ്പെടാത്തതുമായ 25 സെന്റ് വരെയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് ഫീസ് സൗജന്യം നൽകിയും ഫീസ് ഏകീകരിച്ചും 25-2-2021-ലെ സ.ഉ. (സാധാ) നമ്പർ 1166/2021/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയത് 21-4-2021-ലെ എസ്.ആർ.ഒ 369/2021 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. ആയവയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭൂമി തരംമാറ്റി നൽകുന്ന പ്രക്രിയ ഇതിനോടകം ആരംഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത് ഇനിയും ആരംഭിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

(ബി&സി) മേൽ ഉത്തരവുപ്രകാരം ലഭിക്കുന്ന അപേക്ഷകൾ വിവിധ റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ സ്വീകരിച്ച് നടപടി ആരംഭിച്ചിട്ടുള്ളതാണ്. എന്നാൽ ഇതുസംബന്ധിച്ച് ചില മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യമായതിനാൽ ആയത് പരിശോധിച്ചുവരികയാണ്.

## നെയ്യാറ്റിൻകര മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

232 (981) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കന്നിപ്പുറം - നെയ്യാറ്റിൻകര പാലം, മുള്ളറവിള - ആയയിൽ പാലം, പാഞ്ചികാട്ട് കടവ് - പാലം എന്നിവ നിർമ്മിക്കുന്നതിന്റെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കന്നിപ്പുറം - നെയ്യാറ്റിൻകര പാലം നെയ്യാറ്റിൻകര താലൂക്കിൽ നെയ്യാറ്റിൻകര വില്ലേജിൽ കന്നിപ്പുറം പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി പി.ഡബ്ള്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബ്രിഡ്ജസ്) 1-2-2018-ൽ അർത്ഥന നല്കിയതനുസരിച്ച് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) അഡീഷണൽ യൂണിറ്റ്, തിരുവനന്തപുരത്തിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി 26-2-2018-ൽ നിയമിച്ചിട്ടുള്ളതാണ്. സംയുക്ത സ്ഥല പരിശോധന നടത്തിയതിൽ ലഭ്യമായ റിക്വിസിഷനിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് റിക്വിസിഷൻ അതോറിറ്റിയെ വിവരം അറിയിച്ചതനുസരിച്ച് പുതുക്കിയ റിക്വിസിഷൻ 3-11-2020-ൽ ലഭ്യമാക്കുക

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യുണ്ടായി. പ്രസ്തുത കാലയളവിനുള്ളിൽ സാമൂഹിക ആഘാത പഠനം പൂർത്തീകരിച്ചിട്ടുള്ളതും തുടർന്ന് ഭൂമിയേറ്റെടുക്കുന്നതിനായുള്ള 11(1) വിജ്ഞാപനം 18-11-2020-ലെ 2836 നമ്പർ അസാധാരണ ഗസറ്റ് പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ഇക്കാര്യത്തിലുള്ള തുടർനടപടികളുടെ ഭാഗമായുള്ള പുനരധിവാസ പാക്കേജ് തയ്യാറാക്കുന്ന നടപടിയും ഏറ്റെടുക്കുന്ന ഭൂമിയുടെ സ്കെച്ച് തയ്യാറാക്കുന്ന നടപടിയും പുരോഗമിക്കുന്നു. പാഞ്ചിക്കാട്ട് കടവ് - പാലം നെയ്യാറ്റിൻകര താലൂക്കിൽ തിരുപുറം വില്ലേജിൽ പാഞ്ചിക്കാട് പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി പി.ഡബ്ള്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബ്രിഡ്ജസ്) 16-1-2018-ൽ അർത്ഥന നല്കിയതനുസരിച്ച് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) അഡീഷണൽ യൂണിറ്റ്, തിരുവനന്തപുരത്തിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി 5-9-2018-ൽ നിയമിച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കുന്നതിനായി അർത്ഥനാധികാരി ആനുഷാംഗിക ചെലവുകൾ ലഭ്യമാക്കിയതിൻപ്രകാരം പദ്ധതിയുടെ ഭാഗമായുള്ള സാമൂഹികാഘാത പഠനം നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആയയിൽ- മുള്ളറവിള പാലം നെയ്യാറ്റിൻകര താലൂക്കിൽ പെരുങ്കടവിള, പെരുംമ്പഴുതൂർ എന്നീ വില്ലേജുകളിലായി ആയയിൽ മുള്ളറവിള പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനായി പി.ഡബ്ള്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബ്രിഡ്ജസ്) 14-3-2018-ൽ അർത്ഥന നല്കിയതനുസരിച്ച് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) പി.ഡബ്ള്യൂ.ഡി സതേൺ സർക്കിൾ തിരുവനന്തപുരത്തിനെ ലാൻഡ് അക്വിസിഷൻ ഓഫീസറായി 28-5-2018-ൽ നിയമിച്ചിട്ടുള്ളതാണ്. ഭൂമിയേറ്റെടുക്കുന്നതിനായി അർത്ഥനാധികാരി ആനുഷാംഗിക ചെലവുകൾ ലഭ്യമാക്കിയതിൻപ്രകാരം പദ്ധതിയുടെ ഭാഗമായുള്ള സാമൂഹികാഘാത പഠനം നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പാലങ്ങളുടെ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ട് നാല് വർഷമായി ഇതുവരെ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദീകരിക്കാമോ?

ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട റവന്യൂ ജീവനക്കാരിൽ ഭൂരിഭാഗംപേർക്കും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലും തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിലും തുടർന്ന് നടന്ന നിയമസഭാ തെരഞ്ഞെടുപ്പിലും പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കേണ്ടി വന്നതിനാൽ ലാൻഡ് അക്വിസിഷൻ നടപടികളിൽ ചെറിയ കാലതാമസം നേരിട്ടിട്ടുണ്ട്. എന്നിരുന്നാലും ഭൂമിയേറ്റെടുക്കൽ നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഓരോ പദ്ധതിയും പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നല്കിയിട്ടുള്ളതും ആയതിന്റെ പുരോഗതി പ്രത്യേകം നിരീക്ഷിക്കുന്നതുമാണ്.

## പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ്

233 (982) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണത്തിനുവേണ്ടി മൂന്നാംഘട്ട സ്ഥലം ഏറ്റെടുക്കുന്നതിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ?

30-5-2018-ലെ സ.ഉ. (സാധാ) 1984/2018/റവ നമ്പർ ഉത്തരവുപ്രകാരം കോട്ടക്കൽ വില്ലേജിലെ പുത്തൂർ - ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട റോഡ് നിർമ്മാണത്തിനായി 2.3276 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവായിരുന്നു. 26-10-2018-ലെ സ.ഉ.(അച്ചടി) 67/2018/റവ പ്രകാരം രാജഗിരി ഔട്ട് റീച്ച് സർവ്വീസ് സൊസൈറ്റി എന്ന ഏജൻസി സാമൂഹ്യാഘാത പഠനം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത റിപ്പോർട്ട് വിദഗ്ദ്ധ സമിതി വിലയിരുത്തി സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 6-8-2019-ലെ സ.ഉ.(കൈ) 256/2019/റവ പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്. തുടർന്ന് 11(1) വിജ്ഞാപനം 26-11-2019-ലെ സ.ഉ. (അച്ചടി) 82/2019/റവ പ്രകാരം ഉത്തരവായിട്ടുള്ളതും 27-11-2019-ലെ 2896 അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പദ്ധതിക്ക് കണ്ടിൻജൻസി ചാർജ്ജിനത്തിൽ അടവാക്കേണ്ടിയിരുന്ന 50,00,000 രൂപയിൽ 50,000 രൂപ മാത്രമേ അർത്ഥനാധികാരി അടവാക്കിയിട്ടുള്ളൂ. കണ്ടിൻജൻസി ചാർജ്ജിനത്തിൽ അടവാക്കേണ്ട 49,50,000 രൂപയും നഷ്ടപരിഹാരമായി നല്കേണ്ട മുഴുവൻ തുകയും അടവാക്കാത്തതിനാൽ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിനായി വേണ്ട സ്ഥലത്തിന്റെ വില കണക്കാക്കിയിട്ടുണ്ടോ; പ്രസ്തുത തുക റവന്യൂ വകുപ്പിന്റെ കൈവശം ലഭ്യമാണോ?

പ്രസ്തുത റോഡ് നിർമ്മാണത്തിനുവേണ്ട ഏകദേശ തുക 15,81,85,731 രൂപ (പതിനഞ്ച് കോടി എൺപത്തൊന്ന് ലക്ഷത്തി എൺപത്തയ്യായിരത്തി എഴുന്നൂറ്റി മുപ്പത്തി ഒന്ന് രൂപ മാത്രം) ആണ്. കണ്ടിൻജൻസി ചാർജ്ജിനത്തിൽ 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) റവന്യൂ വകുപ്പിന്റെ കൈവശം (എൽ.എ.ഒ.യുടെ കൈവശം) ലഭ്യമായിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

11(1) വിജ്ഞാപനം 26-11-2019-ലെ സ.ഉ. (അച്ചടി) 82/2019/റവ പ്രകാരം ഉത്തരവായിട്ടുള്ളതും 27-11-2019-ലെ 2896 അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. LARR Act സെക്ഷൻ 19(7) പ്രകാരം പ്രാഥമിക വിജ്ഞാപനം (11(1) വിജ്ഞാപനം) പ്രസിദ്ധപ്പെടുത്തി ഒരു വർഷത്തിനുള്ളിൽ 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തേണ്ടതാണ്. LARR Rules സെക്ഷൻ 4(6) പ്രകാരം നഷ്ടപരിഹാര തുക മുഴുവൻ അർത്ഥനാധികാരി ബന്ധപ്പെട്ട ശീർഷകത്തിൽ കെട്ടിവെച്ചാൽ മാത്രമേ 19(1) പ്രഖ്യാപനം പുറപ്പെടുവിക്കുവാൻ നിർവ്വാഹമുള്ളൂ. എന്നാൽ പ്രസ്തുത പദ്ധതിക്ക് കണ്ടിൻജൻസി ചാർജ്ജിനത്തിൽ അടവാക്കേണ്ടിയിരുന്ന 49,50,000 രൂപയിൽ 50,000 രൂപ മാത്രമേ അർത്ഥനാധികാരി അടവാക്കിയിട്ടുള്ളൂ. കണ്ടിൻജൻസി ചാർജ്ജിനത്തിൽ അടവാക്കേണ്ട 49,50,000 രൂപയും നഷ്ടപരിഹാരമായി നൽകേണ്ട മുഴുവൻ തുകയും അടവാക്കിയാൽ മാത്രമേ 19(1) പ്രഖ്യാപനം പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയുള്ളൂ. 11(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി ഒരു വർഷത്തിനുള്ളിൽ 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലമെടുപ്പ് നടപടികൾ ഡിനോവ ആയിട്ടുള്ളതാണ്.

**ചീമേനിയിൽ ബസ് സ്റ്റാന്റ് കം-കംഫർട്ട്-സ്റ്റേഷൻ നിർമ്മാണം**

234 (983) ശ്രീ. എം. രാജഗോപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിൽ കയ്യൂർ-ചീമേനി പഞ്ചായത്തിലെ ചീമേനിയിൽ ബസ് സ്റ്റാന്റ് കം കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന്റെ അധീനതയിൽ ഉള്ളതും പ്ലാന്റേഷന് ലീസ്/പാട്ടം നൽകിയതുമായ 2 ഏക്കർ ഭൂമി, പഞ്ചായത്തിന് ലീസ് ആയി അനുവദിക്കാൻ മുൻ റവന്യൂ മന്ത്രി, കൃഷിമന്ത്രി എന്നിവരുടെ സാന്നിദ്ധ്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടും ലീസ് ഉത്തരവ് വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തീരുമാനം നടപ്പിൽ വരുത്താൻ 21/2 വർഷത്തിലധികം വൈകുന്നതിന്റെ കാരണം കൂടി വ്യക്തമാക്കാമോ?

(എ&ബി) നിലവിലെ പാട്ടക്കാരായ പ്ലാന്റേഷൻ കോർപ്പറേഷന് നിയമപ്രകാരമുള്ള നോട്ടീസ് നൽകിയ ശേഷം പ്രസ്തുത ഭൂമിയിൽനിന്നും ഒരു ഹെക്ടർ ഭൂമിയുടെ പാട്ടം റദ്ദുചെയ്ത് പ്രസ്തുത ഭൂമി ചീമേനി ഗ്രാമ പഞ്ചായത്തിന് പാട്ടത്തിനനുവദിക്കുന്നതിനായി ഏറ്റെടുക്കുന്ന തിനും പ്രസ്തുത ഭൂമി ജി.ഒ. (എം.എസ്) നമ്പർ 96/2016/റവ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നിബന്ധനകൾക്ക് വിധേയമായി ചീമേനി ഗ്രാമപഞ്ചായത്തിന് പാട്ടത്തിനനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

## ഭൂമി ഏറ്റെടുക്കൽ നടപടികൾ

235 (984) ശ്രീ. ജോബ് മൈക്കിൾ :
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന കിഫ്ബി പദ്ധതികളിൽ ഭൂമി ഏറ്റെടുക്കുന്നതിലുള്ള കാലതാമസംമൂലം പദ്ധതികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ?

കിഫ്ബി പദ്ധതികൾക്കുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ RFCTLARR Act 2013 പ്രകാരമാണ് നടന്നുവരുന്നത്. പ്രസ്തുത പദ്ധതികളെല്ലാം സമയബന്ധിതമായി കൈകാര്യം ചെയ്തുവരുന്നുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസംമൂലം പദ്ധതികൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം പദ്ധതികൾക്ക് വേണ്ടി പ്രത്യേക ലാൻഡ് അക്വിസിഷൻ സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതികൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി പ്രത്യേക ലാൻഡ് അക്വിസിഷൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 28-2-2019-ലെ സ.ഉ.(സാധാ)നമ്പർ 693/19/ആർ.ഡി പ്രകാരം 4 കിഫ്ബി യൂണിറ്റുകളും 7-5-2020-ലെ സ.ഉ.(സാധാ)നമ്പർ 1 716/20/ആർ.ഡി. പ്രകാരം 11 കിഫ്ബി യൂണിറ്റുകളുമുൾപ്പെടെ ആകെ 15 യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു.

(സി) ഇത്തരം പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ പ്രവർത്തന പുരോഗതി ആനുകാലികമായി അവലോകനം നടത്തി വരുന്നതും നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകി വരുന്നതുമാണ്.

## കൊതറത്തോട് പാലത്തിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി

236 (985) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിൽ ചമ്പക്കുളം-നെടുമുടി വില്ലേജുകളെ ബന്ധിപ്പിക്കുന്ന കോതറത്തോട് പാലത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ കാലതാമസം ഒഴിവാക്കി ഭൂമി ഏറ്റെടുത്ത് പാലം നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ നെടുമുടി, ചമ്പക്കുളം എന്നീ വില്ലേജുകളിലായി കോതറത്തോട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റടുക്കുന്നതിനായി അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം) ആലപ്പുഴ സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥനത്തിൽ 14-8-2020-ലെ സ.ഉ.(സാധാ) നമ്പർ 2611/2020/ റവന്യൂ ഉത്തരവുപ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുന്നതിനായി ലാൻഡ് അക്വിസിഷൻ ഓഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ എ) ആലപ്പുഴയ്ക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണ്. തുടർന്ന് 1961-ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1)-ാം വകുപ്പ് പ്രകാരമുള്ള വിജ്ഞാപനം 21-10-2020-ലെ ബി1-1425/2020 പ്രകാരം പുറപ്പെടുവിക്കുകയും 20-1-2021-ലെ 225-ാം നമ്പർ കേരള അസാധാരണ ഗസ്റ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 5 ശതമാനം കണ്ടിജൻസി ചാർജ്ജ് അർത്ഥനാധികാരി ലഭ്യമാക്കുന്നമുറയ്ക്ക് എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

(സി) പ്രസ്തുത പാലം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട റവന്യൂ (ബി) വകുപ്പിന്റെ 14-8-2020-ലെ ജി.ഒ.(ആർടി.) നമ്പർ 2611/2020/ ആർ.ഡി. ഉത്തരവിൽ പിഴവുകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്ത് പിഴവാണ് ഉണ്ടായിട്ടുള്ളത്, ഏതൊക്കെ തലങ്ങളിലാണ് പിഴവ് സംഭവിച്ചത്, ഇത് തിരുത്തി ഉത്തരവ് ഇറക്കാൻ വൈകുന്നതിന്റെ കാരണം എന്നിവ വ്യക്തമാക്കുമോ?

കോതറത്തോട് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കുന്നതിന് അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനയിൽ ഏറ്റെടുക്കേണ്ട ഭൂമി ഏത് ബ്ലോക്കിൽ ഉൾപ്പെട്ടുവരുന്ന എന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. പ്രസ്തുത വില്ലേജുകളിൽ ഒന്നിലധികം ബ്ലോക്കുകൾ ഉൾപ്പെട്ടുവരുന്നതിനാൽ ഏറ്റെടുക്കേണ്ട ഭൂമി ബന്ധപ്പെട്ട വില്ലേജുകളിൽ ഏത് സർവ്വേ ബ്ലോക്കിൽ ഉൾപ്പെട്ടുവരുന്ന എന്നത് വ്യക്തമാക്കി പുതുക്കിയ അർത്ഥനയും ഭരണാനുമതിയും സമർപ്പിക്കുന്നതിനായി ലാൻഡ് അക്വിസിഷൻ ഓഫീസർ അർത്ഥനാധികാരിക്ക് 20-1-2021, 22-04-2021 എന്നീ തീയതികളിൽ കത്ത് നൽകിയിട്ടുള്ളതുമാണ്. പുതുക്കിയ അർത്ഥന ജില്ലാ കളക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് 14-8-2020-ലെ സ.ഉ(സാധാ) നമ്പർ 2611/2020/റവന്യൂ പ്രകാരം പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവ് ഭേദഗതി ചെയ്ത് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടു പോകുന്നതാണ്.

## പേരാമ്പ്ര റെഗുലേറ്റർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഭൂമി

237 (986) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നഗരമധ്യത്തിലുള്ള റെഗുലേറ്റർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ ഭൂമി റവന്യൂ വകുപ്പ് ഏറ്റെടുത്തുകൊണ്ട് ഇറക്കിയ സർക്കാർ ഉത്തരവ് നടപ്പാക്കിയിരുന്നോ?

നടപ്പിലാക്കിയിരുന്നു.

(ബി) ഈ ഉത്തരവിനെതിരെ ആരെങ്കിലും കോടതിയെ സമീപിച്ചിരുന്നോ; എങ്കിൽ അതാരെന്നും ഇങ്ങനെ കോടതിയെ സമീപിക്കാനുണ്ടായ കാരണം എന്തെന്നും വ്യക്തമാക്കുമോ?

പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. കെ.മാധവൻ നായർ മുതൽ 5 പേർ ബഹു. ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. കൊയിലാണ്ടി താലൂക്ക് മേഞ്ഞാണ്യം വില്ലേജിൽ മലബാർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രവർത്തനം അവസാനിച്ചതിനെ തുടർന്ന് മുൻ ഭൂവുടമകളിൽ നിന്ന് മാർക്കറ്റ് വിലയും പലിശയും ഈടാക്കി സൊസൈറ്റിക്ക് വേണ്ടി ഏറ്റെടുത്ത 1.36 ഏക്കർ ഭൂമി മുൻ ഭൂഉടമയായ ശ്രീമതി കല്ല്യാണി അമ്മയ്ക്ക് തിരികെ നൽകുന്നതിന് 29-7-2003-ലെ സ.ഉ. (സാധാ) 2219/03/റവ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ മാർക്കറ്റ് വില ഒടുക്കി ഭൂമി പോക്കുവരവ് ചെയ്ത് നികുതി ഒടുക്കാത്തതിനാൽ 16-9-2019-ലെ സ.ഉ. (സാധാ) 2539/2019/റവ പ്രകാരം മുൻ ഭൂഉടമയായ ശ്രീമതി കല്ല്യാണി അമ്മയ്ക്ക് ഭൂമി തിരിച്ച് നൽകിയ ഉത്തരവ് റദ്ദുചെയ്ത് ഭൂമി സർക്കാർ ഏറ്റെടുത്ത് നടപടികൾ പൂർത്തീകരിച്ചതിനെതിരെ മുൻഭൂവുടമയുടെ അനന്തരാവകാശികൾ WP(C)26933/2019 പ്രകാരം ബഹു. ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

(സി) കോടികൾ വില വരുന്ന ഈ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഭൂമി തിരികെ ഏറ്റെടുക്കുന്നതിന് മുൻ ഭൂവുടമ മാർക്കറ്റ് വിലയും പലിശയും ഒടുക്കാതിരിക്കുകയും പോക്കുവരവ് ചെയ്ത് നികുതി ഒടുക്കാത്തതിനാലും 16-9-2019-ലെ സ.ഉ. (സാധാ) 2539/2019/റവ നമ്പർ പ്രകാരം പ്രസ്തുത ഭൂമി തിരികെ ഏറ്റെടുത്ത് കയ്യേറ്റങ്ങളൊന്നും ഇല്ലാതെ സംരക്ഷിക്കുന്നതിനുള്ള അടിയന്തര തുടർനടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

## ഭൂരഹിതരും ഭവനരഹിതരുമായവർക്കുള്ള ഫ്ലാറ്റ് സമുച്ചയ നിർമ്മാണം

238 (987) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി പഞ്ചായത്തിൽ കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂരഹിതരും ഭവനരഹിതരുമായവർക്ക് ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിനു വേണ്ടിയുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇത് സംബന്ധിച്ച് റവന്യൂ എ 3/144/20 നമ്പർ ഫയലിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(സി) ഈ പദ്ധതിക്കായി കോതമംഗലം താലൂക്കിൽ വാരപ്പെട്ടി വില്ലേജിൽ 125/1A/8/28 സർവ്വേ നമ്പറിൽപ്പെട്ട പ്രസ്തുത സ്ഥലം വിട്ടുകിട്ടുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) വാരപ്പെട്ടി വില്ലേജ് സർവ്വേ 125/1 എ/8/28 നമ്പറിൽപ്പെട്ട ഒരേക്കർ വസ്തു പ്രളയബാധിതരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി മാറ്റി വച്ചിരുന്നതാണ്. എന്നാൽ ആരും വീട് വച്ച് താമസിക്കുന്നതിന് തയ്യാറാകാതിരുന്ന സാഹചര്യത്തിൽ ടി ഒരേക്കർ സ്ഥലം കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന് കൈമാറാവുന്നതാണെന്ന് തഹസിൽദാർ റിപ്പോർട്ട് ചെയ്തതിനാൽ 144/എ 3/2020 എന്ന ഫയലിൽ സഹകരണം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, ധനകാര്യം എന്നീ വകുപ്പുകളുടെ അഭിപ്രായം ആരായുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയുമാണ്. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

## വിദേശ കമ്പനികളുടെ കൈവശമുള്ള ഭൂമി

239 (988) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കണയന്നൂർ വില്ലേജിൽ കൊച്ചി രാജാവ് പാട്ടത്തിന് നൽകിയ എത്ര ഏക്കർ ഭൂമിയാണ് 1947-ന് ടാറ്റ കൈവശം വച്ചിരുന്നതെന്നും അത് സംബന്ധിച്ച താലൂക്ക് ലാൻഡ് ബോർഡിന്റെ ഉത്തരവ് എന്തായിരുന്നുവെന്നും അറിയിക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

എറണാകുളം ജില്ലയിൽ കണയന്നൂർ താലൂക്ക് കണയന്നൂർ വില്ലേജിൽ 1947-ൽ കൊച്ചി രാജാവ് പാട്ടത്തിന് കൊടുത്ത 54.33825 ഏക്കർ ഭൂമിയാണ് ടാറ്റാ കമ്പനി കൈവശംവച്ചിരുന്നത്. ബോംബെ ഹൈക്കോടതിയുടെ 333/93-ാം നമ്പർ കേസിലെ വിധിപ്രകാരം ടാറ്റ ഓയിൽ മിൽ കമ്പനിയുടെ സ്വത്തുക്കൾ M/s ഹിന്ദുസ്ഥാൻ ലിവർ കമ്പനിയിൽ അമാൽഗമേറ്റ് ചെയ്യാൻ ഉത്തരവായതിനെ തുടർന്ന് പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ഹിന്ദുസ്ഥാൻ ലിവർ കമ്പനിക്ക് ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത കമ്പനിക്കെതിരെ ആരംഭിച്ച മിച്ചഭൂമി കേസിൽ കണയന്നൂർ താലൂക്ക് ലാൻഡ് ബോർഡിന്റെ 22-9-2020-ലെ എൽ-12445/75 നമ്പർ ഉത്തരവുപ്രകാരം 53.21.825 ഏക്കർ ഭൂമി മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 1971-ൽ സർക്കാർ വിദേശ തോട്ടങ്ങൾ ദേശസാൽക്കരിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് എത്ര ഏക്കർ ഭൂമിയാണ് വിദേശ കമ്പനികളുടെ കൈവശമുള്ളത് എന്ന് വിശദമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## പാറക്കാട് അംഗൻവാടി

240 (989) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറക്കാട് അംഗൻവാടിക്ക് പെരിയാർവാലിയുടെ ഭൂമി ലഭ്യമാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ റവന്യൂ വകുപ്പിലെ A3/6/2021 നമ്പർ ഫയലിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി കൈമാറ്റം എത്രയും വേഗം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) പാറക്കാട് അംഗൻവാടിക്ക് പെരിയാർവാലിയുടെ ഭൂമി ലഭ്യമാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ വിശദമായ പ്രപ്പോസൽ ലഭ്യമാക്കുന്നതിനായി എ 3/6/2021 നമ്പർ കത്തുപ്രകാരം എറണാകുളം ജില്ലാ കളക്ടർക്ക് നൽകുകയുണ്ടായി. പഞ്ചായത്തിന് ഭൂമി ലഭ്യമാക്കുന്നതിനായി നിലവിലുള്ള നിയമപ്രകാരം നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ സമർപ്പിക്കുന്നതിന് പാറക്കടവ് ശിശു വികസന പദ്ധതി ഓഫീസർക്ക് എറണാകുളം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കുന്നമുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും .

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**റോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ**

241 (990) ശ്രീ. ഐ. ബി സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന-വെള്ളറട റോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കരമന-വെള്ളറട റോഡ് വികസനം മൂന്ന് റീച്ചുകളായാണ് നടത്തുന്നത്. അവ താഴെ ചേർക്കുന്നു :

റീച്ച് -1 കരമന മുതൽ കുണ്ടമൺ കടവ് പാലം വരെ - കരമന മുതൽ കുണ്ടമൺ കടവ് പാലം വരെയുള്ള റോഡ് വികസനത്തിനായി (റീച്ച്-1) തിരുവനന്തപുരം ജില്ലയിലെ തൈക്കാട്, തിരുമല, ശാസ്തമംഗലം, വട്ടിയൂർക്കാവ് വില്ലേജുകളിൽ നിന്നായി 1.1356 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി 28-11-2019-ലെ G.O. (Rt) 3569/2019/RD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് 2013 എൽ.എ. ആർ.ആർ. നിയമപ്രകാരമുള്ള 11(1) വിജ്ഞാപനം 23-12-2020-ലെ കെ6-18842/14 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയും 30-12-2020-ലെ 3149 കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

റീച്ച് - 2- കുണ്ടമൺ കടവ് പാലം മുതൽ ഞാറവിള വരെ - കുണ്ടമൺ കടവ് പാലം മുതൽ ഞാറവിള വരെ റോഡ് വികസനത്തിനായി (റീച്ച്- 2) തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ്, കുളത്തുമ്മൽ, വീരൺകാവ്, വിളവൂർക്കൽ, മാറനല്ലൂർ വില്ലേജുകളിൽ നിന്നായി 4.5670 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 28-9-2019 ലെ G.O. (Rt)2723/2019/RD പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പൊന്നും വില നടപടികളുടെ ഭാഗമായുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി ഔട്ട് റീച്ച് എന്ന സ്ഥാപനത്തെ 30-12-2019 -ലെ G.O. (P)No. 98/2019/RD പ്രകാരം ചുമതലപ്പെടുത്തുകയും ആയതിന്റെ അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ദ്ധ ഗ്രൂപ്പിനെ ചുമതലപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

റീച്ച് - 3 ഞാറവിള മുതൽ വെള്ളറ വരെ - ഞാറവിള മുതൽ വെള്ളറട വരെയുള്ള റോഡ് വികസനത്തിനായി (റീച്ച്-3) തിരുവനന്തപുരം ജില്ലയിലെ കുളത്തുമ്മൽ, ഒറ്റശേഖരമംഗലം, കീഴാറൂർ, വെള്ളറട വില്ലേജുകളിൽ നിന്നായി 4.549 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2013-ലെ എൽ.എ.ആർ.ആർ. നിയമപ്രകാരമുള്ള 4(1) വിജ്ഞാപനം 3-5-2020-ലെ G.O. (P)No. 35/2020/RD പ്രകാരം പുറപ്പെടു

വിക്കുകയും 4-5-2020-ലെ 1116-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊന്നംവില നടപടികളുടെ ഭാഗമായുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള വോളണ്ടറി ഹെൽത്ത് സർവ്വീസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ആയതിന്റെ അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ദ്ധ ഗ്രൂപ്പിനെ ചുമതലപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആയതിന്റെ തുടർ നടപടിക്രമങ്ങൾ വിശദമാക്കാമോ; റവന്യൂ നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിന് എത്ര നാളുകൾകൂടി വേണമെന്ന് വ്യക്തമാക്കാമോ?

റീച്ച് 1 -കരമന മുതൽ കുണ്ടമൺ കടവ് പാലം വരെ വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് 1 വർഷത്തിനുള്ളിൽ വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. (നിയമാനുസൃത കാലാവധിക്കുള്ളിൽ ലഭിക്കുന്ന 11(1) വിജ്ഞാപനത്തിൻമേലുള്ള ആക്ഷേപങ്ങളിൽ പൊന്നംവില ഓഫീസർ ആക്ഷേപകക്ഷികളെ നേരിൽ കേൾക്കേണ്ടതും സമുചിത സർക്കാർ അന്തിമ തീരുമാനം കൈകൊള്ളേണ്ടതുമാണ്. കൂടാതെ പുനരധിവാസ പുനസ്ഥാപന അന്തിമ പാക്കേജ് ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിക്കേണ്ടതും സർവ്വേ നടപടികൾ പൂർത്തിയാക്കി ജില്ലാ സർവ്വേ സൂപ്രണ്ട് സ്കെച്ച് അംഗീകരിക്കേണ്ടതുമാണ്). വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി 1 വർഷത്തിനുള്ളിൽ അവാർഡ് പാസാക്കേണ്ടതുണ്ട്. (പ്രസ്തുത കാലയളവിനുള്ളിൽ ഏറ്റെടുക്കേണ്ട ഭൂമിയുടെ അടിസ്ഥാന വില, ഭൂമിയിലെ ചമയങ്ങളുടെയും കുഴിക്കൂറുകളുടെയും വില എന്നിവ കണക്കാക്കേണ്ടതുമുണ്ട്). റീച്ച് - 2- കുണ്ടമൺ കടവ് പാലം മുതൽ ഞാറവിള പാലം വരെ, റീച്ച് - 3 ഞാറവിള മുതൽ വെള്ളറട വരെ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിന് വിദഗ്ദ്ധ ഗ്രൂപ്പ് രൂപീകരിച്ച് 2 മാസത്തിനുള്ളിൽ ശിപാർശ നൽകേണ്ടതും സമുചിത സർക്കാർ വകുപ്പ് 8 പ്രകാരം ഏറ്റെടുക്കൽ സംബന്ധിച്ച തീരുമാനം കൈക്കൊള്ളേണ്ടതുമാണ്. തുടർന്ന് 11(1) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. വകുപ്പ് 11(1)പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് 1 വർഷത്തിനുള്ളിൽ 19(1) പ്രകാരമുള്ള പ്രഖ്യാപനം സർക്കാർ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. വകുപ്പ് 19(1) പ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി 1 വർഷത്തിനുള്ളിൽ അവാർഡ് പാസാക്കേണ്ടതുമാണ്.

## 2019-ലെ പ്രളയത്തിൽ വീടിന് കേടുപാടുകൾ സംഭവിച്ചവർക്ക് നഷ്ടപരിഹാരം

242 (991) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ വീടിന് കേടുപാടുകൾ സംഭവിച്ചവർക്കുള്ള നഷ്ടപരിഹാര ധനസഹായം ലഭിക്കാത്തവർ വയനാട് ജില്ലയിൽ ഉണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണവും എത്ര പേർക്ക് ഇനിയും തുക വിതരണം ചെയ്യാനുണ്ടെന്നും അറിയിക്കാമോ?

(എ&ബി) 2019-ലെ പ്രളയത്തിൽ വയനാട് ജില്ലയിൽ വീടിന് കേടുപാടുകൾ സംഭവിച്ചിട്ടുള്ളവരിൽ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുള്ളതാണ്. എന്നാൽ ബാങ്ക് അക്കൗണ്ടിലെ പിശക് കാരണമോ സാങ്കേതിക പോരായ്മ കാരണമോ തുക ലഭ്യമാകാത്ത ഗുണഭോക്താക്കളുടെ അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

243 (992) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കി ആധുനികവത്കരിക്കുന്നതിന് ഏതെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് വില്ലേജോഫീസുകൾ സ്മാർട്ടാക്കി ആധുനികവത്കരിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജാഫീസിൽനിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കിയിട്ടുണ്ടെന്നും അവിടെ എന്തെല്ലാം സൗകര്യങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുകയെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഇതുവരെ പ്ലാൻ സ്കീം മുഖേന 220 വില്ലേജാഫീസുകൾക്കും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 255 വില്ലേജോഫീസുകൾക്കുമാണ് സ്മാർട്ട് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുള്ളത്. പ്ലാൻ സ്കീമിൽ ഉൾപ്പെട്ട 126 സ്മാർട്ട് വില്ലേജാഫീസുകളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിച്ചുവരുന്നു. മറ്റു വില്ലേജോഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ വിവിധഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. സ്മാർട്ട് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇ-ഡിസ്ട്രിക്ട്

   വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജോഫീസുകളിൽ വരാതെതന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

2. ആർ.ആർ. ഓൺലൈൻ

   റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

3. സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation)

   ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ

വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

4. ഇ-പേയ്മെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻവഴി ഒടുക്കുന്നതിനുള്ള ഇ പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസിൽ നേരിട്ടെത്തുന്നതിനുപകരം ഓൺലൈൻ സംവിധാനം ഏർപ്പാടാക്കിയിട്ടുണ്ട്.

5. ഇ-പോസ്

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇ-പോസ് വഴി സ്വീകരിക്കുന്ന തുക ഉടനടിതന്നെ സർക്കാർ ഖജനാവിലേയ്ക്കെത്തുന്നു എന്നതാണ് ഈപദ്ധതിയുടെ ഏറ്റവും വലിയ നേട്ടം.

(സി) ഇ-ഗവേർണൻസും ഇ-ഓഫീസും ശക്തിപ്പെടുത്തിക്കൊണ്ട് സ്മാർട്ട് ഓഫീസ് സംവിധാനം എല്ലാ വില്ലേജ് ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

എല്ലാ വില്ലേജ് ഓഫീസുകളിലും വ്യാപിപ്പിക്കും.

## കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ വെളിയന്നൂർ, ഇലയ്ക്കാട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം

244 (993) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ വെളിയന്നൂർ, ഇലയ്ക്കാട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം സംബന്ധിച്ച് ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; പ്രസ്തുത ഡി.പി.ആർ. സർക്കാർ അംഗീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഇലയ്ക്കാട്, വെളിയന്നൂർ എന്നീ വില്ലേജ് ഓഫീസുകൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം പുതിയ കെട്ടിടം പണിയുന്നതിനുള്ള ഡി.പി.ആർ. സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വില്ലേജ് ഓഫീസുകൾ പണിയുന്നതിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

വില്ലേജ് ഓഫീസ് ഒന്നിന് 44,00,000 രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(സി) ഡി.പി.ആർ. ലഭിച്ചിട്ടുള്ള പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും അവ ടെണ്ടർ ചെയ്യുന്നതിനുമുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ?

ഇലയ്ക്കാട്, വെളിയന്നൂർ എന്നീ രണ്ട് വില്ലേജാഫീസുകൾക്കും പുതിയ കെട്ടിടം പണിയുന്നതിന് സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടുള്ളതും ടെണ്ടർ നടപടികളുടെ പ്രാരംഭ ജോലികൾ പൂർത്തിയായി വരുന്നതുമാണ്.

## ശിവപുരം വില്ലേജ് ഓഫീസ് കെട്ടിടം

245 (994) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ശിവപുരം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ഓഫീസ് കെട്ടിടം പുതുക്കി പണിയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ?

ശിവപുരം വില്ലേജാഫീസിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. എന്നാൽ പ്രസ്തുത വില്ലേജ് ഓഫീസ് പുറമ്പോക്കിലുൾപ്പെടുന്നതിനാലും സ്ഥലപരിമിതി കാരണവും നിലവിലെ കെട്ടിട നിർമ്മാണ ചട്ടമനുസരിച്ച് ടി സ്ഥലത്ത് അനുയോജ്യമായ രീതിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്തുവാൻ സാധ്യമല്ലായെന്ന് കണ്ടെത്തിയതിനെ തുടർന്ന് ടി വില്ലേജ് ഓഫീസിന്റെ നിർമ്മാണം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽനിന്നും

ഒഴിവാക്കിയിട്ടുണ്ട്. പരിസരവാസികളിലൊരാൾ വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി വിട്ടു നൽകുന്നതിന് തയ്യാറായിട്ടുള്ളതും ആയതിന്മേലുള്ള നിയമപരമായ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പ്ലാൻ സ്കീമിലുൾപ്പെടുത്തി ശിവപുരം വില്ലേജോഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നകാര്യം പരിശോധിക്കുന്നതുമാണ്.

## പുതിയ താലൂക്കുകളുടെ രൂപീകരണം

246 (995) ശ്രീ. ജി. എസ്. ജയലാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ താലൂക്കുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് താലൂക്ക് പുനഃസംഘടന സംബന്ധിച്ച് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ നിയോഗിച്ച ടീം ഇതിനകം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ?

(എ&ബി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായി ട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ഇതു സംബന്ധിച്ച് എല്ലാ ജില്ലകളിൽനിന്നും ശേഖരിച്ച വിവരങ്ങൾ പ്രസ്തുത ടീം പരിശോധിച്ചുവരികയാണ്.

(സി) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ജനങ്ങളുടെ ആവശ്യം (ഫയൽ നമ്പർ എഫ്1/38/2016/റവ, ഇ-1267758) പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

പ്രസ്തുത വിഷയം ഉൾപ്പെടെ സംസ്ഥാനത്തെ പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട വിഷയം നിലവിൽ REV-F1/178/2017-REV നമ്പർ ഫയലിൽ പരിശോധിച്ചു വരികയാണ്.

## സ്മാർട്ട് വില്ലേജ് ഓഫീസുകൾ

247 (996) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായ എല്ലാവർക്കും പട്ടയം സമയബന്ധിതമായി നൽകുവാൻ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സർക്കാർ ഭൂമിയിൽ കുടിയേറി താമസിച്ചു വരുന്നവരും പട്ടയം ലഭിച്ചിട്ടില്ലാത്തവരുമായ അപേക്ഷകളിൽ സ്ഥല പരിശോധന നടത്തി ടി ഭൂമി സർക്കാരിന്റെ ഭാവി വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്നതല്ലായെന്നു കാണുകയും ടി കേസുകളിൽ ബന്ധപ്പെട്ട പതിവു കമ്മിറ്റികൾ ശിപാർശ ചെയ്യുകയും ചെയ്യുന്നപക്ഷം അർഹരായ എല്ലാവർക്കും നിയമപ്രകാരം പതിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. കൂടാതെ അർഹരായ എല്ലാവർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിലേയ്ക്ക് താലൂക്കുതലത്തിൽ പ്രത്യേക അവലോകനം നടത്തി തീർപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(ബി) കഴിഞ്ഞ സർക്കാർ എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകി; വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1,63,691 പട്ടയങ്ങൾ നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആകെ വില്ലേജാഫീസുകളുടെ എണ്ണം എത്ര; ഇതിൽ എത്രയെണ്ണം സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി; വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് എത്ര മാസത്തിനകം അപേക്ഷിക്കണമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്താകെ 1542 വില്ലേജാഫീസുകളാണുള്ളത്. പ്ലാൻ ഫണ്ടുപയോഗിച്ച് സംസ്ഥാനത്തൊട്ടാകെ 220 വില്ലേജാഫീസുകളെയാണ് നാളിതുവരെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി പുനർ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുള്ളത്. ആയവയിൽ 126 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുള്ളതും ബാക്കിയുള്ളവയുടെ നിർമ്മാണം ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളതുമാണ്. കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് വില്ലേജാഫീസുകൾ നിർമ്മിക്കുന്നതിനായി 255 വില്ലേജാഫീസുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി വില്ലേജോഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾ വിവിധഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ടനുവദിക്കുന്നത്.

(ഡി) റവന്യൂ രേഖകളുടെ ഡിജിറ്റലൈസേഷൻ എപ്പോൾ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്നും ഇതുവഴി എന്തെല്ലാം സേവനങ്ങൾ പൊതുജനങ്ങൾക്ക് ഇ-പ്ലാറ്റ് ഫോമിലൂടെ ലഭ്യമാക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ?

വില്ലേജ് ഓഫീസുകളിലെ ബി.ടി.ആർ., തണ്ടപ്പേർ രജിസ്റ്ററുകളുടെ ഡിജിറ്റലൈസേഷൻ എന്നിവ ജൂലൈ മാസത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം ജില്ലകൾക്ക് നൽകിക്കഴിഞ്ഞു. മറ്റ് രജിസ്റ്ററുകളുടെ ഡിജിറ്റലൈസേഷൻ ഘട്ടം ഘട്ടമായി പൂർത്തീകരിക്കുന്നതാണ്. നിലവിൽ വില്ലേജ് ഓഫീസുകളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന സേവനങ്ങളായ ഭൂനികുതി, പോക്കുവരവ്, തണ്ടപ്പേർ പകർപ്പ് മുതലായ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

## വിരമിക്കുന്ന ഡെപ്യൂട്ടി കളക്ടർമാരുടെ എണ്ണം

248 (997) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽനിന്ന് 2021, 2022 വർഷങ്ങളിൽ എത്ര ഡെപ്യൂട്ടി കളക്ടർമാരാണ് വിരമിക്കുന്നതെന്ന് വ്യക്തമാക്കുമോ?

68 പേർ.

(ബി) ഇവരുടെ പേര് വിവരവും വിരമിക്കുന്ന തീയതിയും ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## കണ്ണൻദേവൻ ഭൂമി സംബന്ധിച്ച 1971-ലെ സുപ്രീം കോടതിവിധി

249 (998) ശ്രീ. പി. ടി. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൻ ദേവൻ ഭൂമി സംബന്ധിച്ച 1971-ലെ സുപ്രീംകോടതി വിധിയിൽ എന്തെല്ലാം കാര്യങ്ങളാണ് ചൂണ്ടിക്കാട്ടിയത്?

പൂഞ്ഞാർ രാജാവിൽനിന്ന് കേണൽ മൺറോയിലൂടെ കണ്ണൻ ദേവൻ കമ്പനിക്ക് പാട്ടത്തിന് കിട്ടിയതും കൈവശാവകാശം വച്ചനുഭവിക്കുന്നതുമായ ഭൂമിയിൽ തോട്ടത്തിന്റെ ആവശ്യങ്ങൾക്ക് കമ്പനി ഉപയോഗിക്കാത്ത ഭൂമി ഗവൺമെന്റിലേയ്ക്ക് തിരിച്ചെടുക്കുന്നതിനായാണ് 1971-ലെ കെ.ഡി.എച്ച്. ആക്റ്റ് പാസ്സാക്കിയത്. ഇത്തരത്തിൽ ഒരു നിയമം പാസ്സാക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ലെന്നും ഭരണഘടനയുടെ 31 എ വകുപ്പ് തോട്ടങ്ങൾക്ക് ബാധകമല്ലെന്നും മറ്റുമുള്ള പ്രശ്നങ്ങൾ ഉന്നയിച്ച് കണ്ണൻ ദേവൻ ഹിൽസ് പ്രൊഡ്യൂസസ്സ് കമ്പനി ലിമിറ്റഡ് കേരള സംസ്ഥാന സർക്കാരിനെതിരെ ബഹു.സുപ്രീം കോടതിയിൽ കേസ് ഫയൽ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്തിരുന്നു. ഈ കേസിലെ (1972 AIR 2301,1973SCR(1)356) 27-4-1972-ലെ ഭരണഘടന ബഞ്ചിന്റെ വിധിയിൽ ഈ കേസ് ബഹു. സുപ്രീംകോടതി ഡിസ്മിസ്സ് ചെയ്തു. കെ.ഡി.എച്ച്. വില്ലേജിലെ മുഴുവൻ ഭൂമിയും തിരുവിതാംകൂർ സർക്കാരിന്റെ വകയായിരുന്നെന്നും ആയത് കൃഷിക്കായി പാട്ടത്തിന് നൽകിയിട്ടുള്ളതും കൂടാതെ കണ്ണൻ ദേവൻ ഹിൽസ് (റിസംപ്ഷൻ ഓഫ് ലാൻഡ്സ്) ആക്ട്, 1971 നടപ്പിലാക്കിയത് കാർഷികസംബന്ധമായ പരിഷ്കരണത്തിനുവേണ്ടിയാണെന്നും കോടതി വിലയിരുത്തി. പൊതുതാൽപ്പര്യം മുൻനിർത്തി ഏത് ഭൂമി ഏറ്റെടുക്കണമെന്ന് നിശ്ചയിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരം ചോദ്യം ചെയ്യാവുന്നതല്ലെന്നും വിധിയിൽ പരാമർശിച്ചിരുന്നു. ഇതനുസരിച്ച് കെ.ഡി.എച്ച്. നിയമത്തിന് പ്രാബല്യമുണ്ടാകുകയും ചെയ്തിട്ടുണ്ട്.

(ബി) കോടതിവിധിക്കുശേഷം ലാൻഡ് ബോർഡ് എന്തെല്ലാം വ്യവസ്ഥകളോടെ എത്ര ഏക്കർ ഭൂമിയാണ് കണ്ണൻ ദേവൻ കമ്പനിക്ക് പാട്ടത്തിന് നൽകിയത്?

ലാൻഡ് ബോർഡ് അവാർഡ് പ്രകാരം കെ.ഡി.എച്ച്.പി. കമ്പനി വിവിധ ആവശ്യങ്ങൾക്കായി കൈവശം വച്ചുവരുന്നതായി കണക്കാക്കിയിട്ടുള്ള വസ്തുവകകളെ തേയില കൃഷിക്കായുള്ള ഭൂമി, വിറകിന് മരം വളർത്തുന്നവ, മേച്ചിൽപ്പുറങ്ങൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ, തൊഴിലാളികൾക്ക് അലോട്ട് ചെയ്തിട്ടുള്ള ചെറിയ കൃഷിയിടങ്ങൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലാക്കി തരംതിരിച്ച് പട്ടികപ്പെടുത്തിയിട്ടുള്ളതാണ്. തേയില കൃഷിക്കായുള്ള സ്ഥലം നിക്ഷിപ്തമാക്കലിൽനിന്ന് ഒഴിവാക്കി നൽകുകയും കെട്ടിടങ്ങൾ, റോഡുകൾ, തൊഴിലാളികൾക്ക് അലോട്ട് ചെയ്തിട്ടുള്ള ചെറിയ കൃഷിയിടങ്ങൾ എന്നിവ ഉൾപ്പെടുന്ന സ്ഥലങ്ങൾ കമ്പനിക്ക് കൈവശം പുന:സ്ഥാപിച്ച് നൽകി. ചതുപ്പുനിലങ്ങളും നീർച്ചാലുകളും, കൃഷിക്ക് ഉപയുക്തമല്ലാത്ത പാറക്കെട്ടുകളും തരിശുഭൂമികളും മുതലായവ ഉൾപ്പെടുന്ന സ്ഥലങ്ങളും കമ്പനിക്ക് വിട്ടു നൽകി. നിശ്ചിത പ്രദേശങ്ങളിൽ കമ്പനിക്ക് വിറകിനുള്ള മരങ്ങൾ വളർത്തുന്നതിന് അനുമതിനൽകി. തേയില, കാപ്പി, കൊക്കോ, റബ്ബർ, ഏലം മുതലായ തോട്ടവിളകളുടെ കൃഷി ചെയ്യുന്നതിനും അവയെ വിപണനത്തിന് തയ്യാറാക്കുന്നതിനും തോട്ടങ്ങളുടെ സംരക്ഷണം, മാനേജ്മെന്റ് , നിലവിലെ ഫലപ്രദമായ നടത്തിപ്പ് എന്നിങ്ങനെയുള്ള കെ.ഡി.എച്ച്. നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി മേൽപ്രകാരം പട്ടികപ്പെടുത്തിയിട്ടുള്ള ആവശ്യങ്ങൾക്ക് ലാൻഡ് ബോർഡ് അവാർഡ് പ്രകാരം 57192.655 ഏക്കർ ഉൾപ്പടെ ടി വ്യവസ്ഥകളോടെ 58275.57615 ഏക്കർ ഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളതാണ്.

(സി) ലാൻഡ് ബോർഡ് ഭൂമി നൽകിയശേഷം കമ്പനി ഓരോ വർഷവും എത്ര ഏക്കർ ഭൂമിക്ക് പാട്ടം അടയ്ക്കുന്നുണ്ടെന്നും നിലവിൽ ഒരേക്കറിന് അടയ്ക്കുന്ന പാട്ടത്തുക എത്രയാണെന്നും വെളിപ്പെടുത്താമോ?

നിലവിൽ 58275.57615 ഏക്കർ ഭൂമിക്ക് പാട്ടം ഒടുക്കി വരുന്നു. ആർ ഒന്നിന് അഞ്ച് രൂപ നിരക്കിലാണ് പാട്ടം ഒടുക്കുന്നത്.

(ഡി) കമ്പനി പാട്ടം അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ കുടിശ്ശികയുണ്ടെന്നും ആയത് ഈടാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

മേൽ പ്രകാരമുള്ള പാട്ടതുക അടച്ചുവരുന്നു.

## ചാലിയാർ നദിയിലെ മണൽ ഓഡിറ്റ്

250 (999) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ നദിയിൽ മണൽ ഓഡിറ്റ് നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ചാലിയാർ നദിയിൽ മണൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ കവണക്കല്ല് റഗുലേറ്റർ കം ബ്രിഡ്ജുവരെ മാത്രം ഓഡിറ്റ് നടത്താനാണോ ഏജൻസിയെ ഏൽപ്പിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മുഴുവനായും ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ ബാക്കി ഭാഗം എന്ന് നടത്തുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) അല്ല. വനമേഖലയിലും കോസ്റ്റൽ റെഗുലേറ്ററി സോൺ മേഖലയിലും മണൽ ഖനനം നടത്തുന്നത് അനുവദനീയമല്ലാത്തതിനാൽ ചാലിയാർ നദിയുടെ മൈലാടി പാലം (നിലമ്പൂർ) മുതൽ കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ് വരെയുള്ള 53 കിലോമീറ്റർ ഭാഗത്തിന്റെ മാത്രം സാൻഡ് ഓഡിറ്റിംഗാണ് നടത്തിയിട്ടുള്ളത്. കവണക്കല്ല് ബ്രിഡ്ജിന് താഴോട്ടുള്ള ഭാഗം കോസ്റ്റൽ റെഗുലേറ്ററി സോൺ മേഖലയിൽ വരുന്നതാണ്.

## ചൂർണിക്കര വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് ഭൂമി കൈമാറ്റം

251 (1000) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽനിന്നും ആലുവ ഐ.ഐ.ടി.-ക്ക് ലീസിന് കൊടുത്തിട്ടുള്ള ഭൂമിയിൽനിന്നും പത്ത് സെന്റ് ഭൂമി ചൂർണിക്കര വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനുവേണ്ടി കൈമാറി നൽകുവാൻ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ആലുവ താലൂക്ക്, ചൂർണ്ണിക്കര വില്ലേജ്, ബ്ലോക്ക്-34, റീസർവ്വെ 196/4-ൽപ്പെട്ട 3.16.00 ഹെക്ടർ സ്ഥലം Forest Industries Travancore Ltd (FIT) -ന്റെ പേരിൽ പാട്ടത്തിന് കൊടുത്തിട്ടുള്ളതും പ്രസ്തുത ഭൂമിയുടെ തെക്ക് ഭാഗത്തായി നാഷണൽ ഹൈവേയിൽനിന്നും ഏകദേശം 50 മീറ്റർ പടിഞ്ഞാറ് മാറി 8.10 ആർ സ്ഥലം ചൂർണിക്കര വില്ലേജോഫീസിന് പുതിയ കെട്ടിടം പണിയുന്നതിലേയ്ക്കായി കണ്ടെത്തിയിട്ടുള്ളതാണെങ്കിലും ആയതിന്റെ സ്ഥലപരിശോധന മാത്രമാണ് നടന്നിട്ടുള്ളത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ റിപ്പോർട്ടുകളൊന്നും സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടില്ല.

## പാട്ടഭൂമിയും പാട്ടക്കുടിശ്ശികയും

252 (1001) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങളും വ്യക്തികളും പാട്ടത്തിന് കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ പാട്ടവ്യവസ്ഥ ലംഘിച്ചതും പാട്ടക്കാലാവധി കഴിഞ്ഞതുമായ ഭൂമി തിരിച്ചുപിടിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

സംസ്ഥാനത്ത് വിവിധ സ്ഥാപനങ്ങളും വ്യക്തികളും പാട്ടത്തിന് കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ പാട്ടവ്യവസ്ഥകൾ ലംഘിച്ചിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞതുമായ കേസുകളിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 31-3-2021-ലെ കണക്കുപ്രകാരം പാട്ടക്കുടിശ്ശികയായി പിരിഞ്ഞു കിട്ടുവാനുള്ള തുക എത്രയാണ്; പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഏറ്റവും കൂടുതൽ പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തി/സ്ഥാപനം ഏതാണ്?

വിവരം ശേഖരിച്ചുവരുന്നു.

(സി) മുൻ സർക്കാരിന്റെ കാലയളവിൽ പാട്ടക്കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കുന്നതിനായി ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതി വിജയപ്രദമായിരുന്നോ; ആയത് പ്രകാരം എത്ര ലക്ഷം രൂപ പിരിഞ്ഞ് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വിജയകരമായിരുന്നു. ആയതുപ്രകാരം 1,94,35,908 രൂപ (ഒരു കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി മുപ്പത്തയ്യായിരത്തി തൊള്ളായിരത്തി എട്ട് രൂപ മാത്രം) പിരിഞ്ഞ് കിട്ടിയിട്ടുണ്ട്.

**റീസർവ്വെ നടപടികൾ**

253 (1002) <u>ശ്രീ. മുരളി പെരുനെല്ലി:</u>
<u>ശ്രീ. പി. പി. സുമോദ്:</u>
<u>ശ്രീമതി ഒ. എസ്. അംബിക:</u>
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്നതിന്റെ കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ?

സംസ്ഥാനത്ത് ആകെയുള്ള 1665 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും ശേഷിക്കുന്ന 756 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ നിലവിൽ പുരോഗതിയിലുമാണ്.

(ബി) റീസർവ്വെ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളുടെയും റീസർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ജീവനക്കാരുടെയും സർവ്വെ ഉപകരണങ്ങളുടെയും കുറവ് റീസർവ്വെ പ്രവർത്തനങ്ങളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. സർവ്വെ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ Continuously Operating Reference Station (CORS) നെറ്റ്‌വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതികവിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാരുടെ കുറവിന് പരിഹാരമായി വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയർമാരുടെ സേവനം വിനിയോഗിച്ച് റീസർവ്വെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതിയും പരിഗണനയിലുണ്ട്.

(സി) റീസർവ്വെ നടപടികളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തി നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാനു ദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

റീസർവ്വെ പ്രവർത്തനം ആരംഭിക്കുന്നതിനുമുൻപായി വില്ലേജ്, പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളെയും റസിഡൻസ് അസോസിയേഷനുകളെയും പൊതുജനങ്ങളെയും ഉൾപ്പെടുത്തി മീറ്റിംഗുകൾ സംഘടിപ്പിക്കുകയും വിവിധ മാധ്യമങ്ങൾവഴി അറിയിപ്പ് നൽകുകയും കൂടാതെ റീസർവ്വെ സംബന്ധിച്ച് സർവ്വെ ബൗണ്ടറീസ് ആക്ട് ആൻഡ് റൂൾ പ്രകാരമുള്ള വിവിധ ഘട്ടങ്ങളിൽ [6(1), 9(2), 13 എന്നീ നോട്ടിഫിക്കേഷനുകൾ] വിവിധ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ അറിയിച്ചും നിലവിൽ റീസർവ്വെ പ്രവർത്തനത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്.

**റീസർവ്വേ**

254 (1003) <u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. കെ. പി. എ. മജീദ്:</u>
<u>ശ്രീ. എ. കെ. എം. അഷ്റഫ്:</u>
<u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്താകെയുള്ള 1665 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും ശേഷിക്കുന്ന 756 വില്ലേജുകളിൽ 29 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനങ്ങൾ നിലവിൽ പുരോഗതിയിലുമാണ്.

(ബി) പ്രസ്തുത നടപടികൾ എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

സംസ്ഥാനത്താകെയുള്ള 1665 വില്ലേജുകളിൽ 909 വില്ലേജുകളുടെ റീസർവ്വെ പൂർത്തിയാക്കിയെങ്കിലും 87 വില്ലേജുകൾ ഒഴികെ ബാക്കിയുള്ള വില്ലേജുകളെല്ലാം പരമ്പരാഗത സർവ്വെ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ ചെയ്തിട്ടുള്ളതും റിക്കാർഡുകൾ പേപ്പർ ഫോർമാറ്റിലുമാണ്. ടി മാപ്പുകളൊന്നും കാലഘട്ടത്തിനനു സൃതമായി ഡിജിറ്റൽ ഫോർമാറ്റിൽ മാറ്റുന്നതിനോ ഡിജിറ്റൽ സംവിധാനത്തിലൂ ടെയുള്ള സേവനം നൽകുന്നതിനോ സാധിക്കാത്തതാണ്. പ്രസ്തുത സാഹചര്യത്തിൽ 87 വില്ലേജുകൾ ഒഴികെയുള്ള 1578 വില്ലേജുകളും നൂതന സാങ്കേതികവിദ്യയുടെ

സഹായത്താൽ സർവ്വെ നടത്തി മാപ്പുകൾ ഡിജിറ്റലായി തയ്യാറാക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ജീവനക്കാരുടെയും സർവ്വെ ഉപകരണങ്ങളുടെയും കുറവ് റീസർവ്വെ പ്രവർത്തനങ്ങളുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. സർവ്വെ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് ആധുനിക സർവ്വെ സാങ്കേതിക വിദ്യയായ Continuously Operating Reference Station (CORS) നെറ്റ്‌വർക്ക് സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും Real-time kinematic positioning (RTK) ഉപകരണങ്ങളുടെ സഹായത്താൽ സർവ്വെ ജോലികൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. ടി സാങ്കേതികവിദ്യയിൽ കൂടുതൽ പരിജ്ഞാനമുള്ള സർവ്വെ ഓഫ് ഇന്ത്യ മുഖേന ഇത് സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ ജീവനക്കാരുടെ കുറവിന് പരിഹാരമായി വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ലൈസൻസ്ഡ് സർവ്വെയർമാരുടെ സേവനം വിനിയോഗിച്ച് റീസർവ്വെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതിയും പരിഗണിച്ചുവരുന്നു.

## മാരിയിൽകലുങ്ക് പാലം അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി

255 (1004) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) തൊടുപുഴ നിയോജകമണ്ഡലത്തിലെ മാരിയിൽക്കലുങ്ക് പാലം അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ഏതുഘട്ടം വരെയായിയെന്ന് വിശദമാക്കുമോ?

ഇടുക്കി ജില്ലയിലെ തൊടുപുഴ വില്ലേജിൽ മാരിയിൽ കലുങ്ക് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കുന്നതിന് 7-4-2017-ലെ സ.ഉ(സാധാ) നമ്പർ 1691/2017/റവന്യൂ നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും തുടർന്ന് 11-12-2020-ലെ സി7-16097/10 പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ച്, 19-12-2020-ലെ 3024-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. എൽ.എ.ആർ.ആർ ആക്ട്, 2013 പ്രകാരമുള്ള ആർ.ആർ പാക്കേജ് നിർണ്ണയിച്ച് 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി അവാർഡ് പാസ്സാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നഷ്ട പരിഹാര തുക നൽകുന്നതിനും അക്വിസിഷൻ പൂർത്തിയാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

മാരിയിൽ കലുങ്ക് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കുന്നതിന് നഷ്ടപരിഹാര തുകയായ 3.5 കോടി രൂപ അർത്ഥനാധികാരിയായ പി.ഡബ്ല്യൂ.ഡി.-യിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് എൽ.എ.ആർ.ആർ ആക്ട്, 2013 പ്രകാരമുള്ള 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി അവാർഡ് പാസ്സാക്കുന്നതുമാണ്.

## മങ്കട മണ്ഡലത്തിലെ പനമ്പറ്റ പാലം അപ്രോച്ച് റോഡ്

256 (1005) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പടിഞ്ഞാറ്റുംമുറി പനമ്പറ്റ പാലം അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം വിട്ടുനൽകിയവർക്ക് ആകെ എത്ര തുകയുടെ നഷ്ടപരിഹാരം നൽകാൻ നിശ്ചയിച്ചിട്ടുണ്ട്?

മലപ്പുറം ജില്ലയിൽ ആനക്കയം, കൂട്ടിലങ്ങാടി വില്ലേജുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പനമ്പറ്റ കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയ 23 ഭൂഉടമകൾക്ക് 67,55,459 രൂപ (അറുപത്തിയേഴ് ലക്ഷത്തി അൻപത്തി അയ്യായിരത്തി നാനൂറ്റി അൻപത്തി ഒമ്പത് രൂപ മാത്രം) നഷ്ടപരിഹാരം നൽകുവാൻ നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഇവർക്ക് നാളിതുവരെയായി നഷ്ടപരിഹാരം നൽകിയിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ഭൂവുടമകൾ വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ; യഥാസമയം നഷ്ടപരിഹാരം വിതരണം ചെയ്യാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2-7-2019 തീയതിയിലെ LA2-76114/12 നമ്പർ നടപടിക്രമം പ്രകാരം 67,55,459 രൂപയുടെ വിശദ വിലവിവര പട്ടിക ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതാണ്. അതുപ്രകാരം ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ ഫണ്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനായി അർത്ഥനാധികാരിക്ക് യഥാസമയം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിൽനിന്ന് ഫണ്ട് ലഭ്യമാകാത്തതിനാലാണ് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുവാൻ കഴിയാത്തത്.

(സി) സ്ഥലം വിട്ടുനൽകിയവർക്കുള്ള നഷ്ടപരിഹാരം അടിയന്തരമായി വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിൽനിന്നും ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വാസയോഗ്യമല്ലാത്ത വീടുകൾ

257 (1006) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-ലെ സുനാമിമൂലം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഭവനം നഷ്ടപ്പെട്ടവർക്ക് സർക്കാരും സന്നദ്ധ സംഘടനകളും ചേർന്ന് നിർമ്മിച്ചു നൽകിയ വീടുകളിൽ വാസയോഗ്യമല്ലാത്തവ എത്രയെണ്ണമെന്ന് വ്യക്തമാക്കാമോ?

2004-ലെ സുനാമിമൂലം കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് നിർമ്മിച്ചുനൽകിയ വീടുകൾ പലതിലും അപാകതകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ഇവയിൽ വാസയോഗ്യമല്ലാത്തവ എത്രയെണ്ണമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ഇവരുടെ ദയനീയ അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യുന്നതെന്നും ഇവർക്കായി ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുമോയെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി 8762 സുനാമി ഫ്ലാറ്റുകൾ/വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ള സുനാമി ഫ്ലാറ്റുകൾ/വീടുകളിൽ തുടർന്നുവരുന്ന അറ്റകുറ്റപ്പണികൾ ഗുണഭോക്താക്കൾതന്നെയാണ് നിർവ്വഹിക്കുന്നത്. കൊല്ലം ജില്ലയിൽ വില്ലേജ് ഓഫീസർ കൺവീനറായുള്ള റസിഡൻസ് അസോസിയേഷൻ ഫ്ലാറ്റുകളുടെ നടത്തിപ്പും മേൽനോട്ടവും നിർവ്വഹിക്കുന്നുണ്ട്. സുനാമി ഫ്ലാറ്റുകൾ/വീടുകൾ എന്നിവിടങ്ങളിലെ മാലിന്യപ്രശ്നവും സംസ്കരണവും കുടിവെള്ള വിതരണം, റോഡുകളുടെ അറ്റകുറ്റപ്പണി തുടങ്ങിയ വിഷയങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടാണ് നിർവ്വഹിച്ചു വരുന്നത്. ടി പദ്ധതി പ്രകാരം നിർമ്മിച്ച കോളനികളിലെ മാലിന്യ നിർമ്മാർജ്ജനം, സെപ്റ്റിക് ടാങ്ക് നിറഞ്ഞ് കവിയുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ, കുടിവെള്ള പ്രശ്നം, ചുറ്റുമതിൽ നിർമ്മാണം എന്നിവ നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനെയും ജലവിഭവ വകുപ്പിനെയും ചുമതലപ്പെടുത്തി 12-2-2019-ലെ സ.ഉ(സാധാ)നമ്പർ 97/2019/ഡിഎംഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതിപ്രകാരം നിർമ്മിച്ച വിവിധ ജില്ലകളിലെ ഫ്ലാറ്റ് സമുച്ചയങ്ങളുടെ പരിപാലന ചുമതല അതാത് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊണ്ട് 3-7-2020-ലെ സ.ഉ.(സാധാ)നമ്പർ 592/2020/ ഡി.എം.ഡി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**മഞ്ചേശ്വരം താലൂക്ക് ഓഫീസ്**

258 (1007) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്ക് രൂപീകൃതമായി എട്ട് വർഷം പൂർത്തിയായിട്ടും താലൂക്ക് ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മഞ്ചേശ്വരം താലൂക്ക് മിനി സിവിൽ സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉപ്പള വില്ലേജിലെ റീസർവ്വെ നമ്പർ 186/2-ൽപ്പെട്ടതും മംഗൽവാടി ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ 0.6071 ഏക്കർ ഭൂമി (ഐല മൈതാനം) മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ളതും ടി സ്ഥലം റവന്യൂ വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തദ്ദേശ സ്വയംഭരണ വകുപ്പിന് സമർപ്പിച്ചിട്ടുള്ളതുമാണ്.

**ആശ്വാസ് റെൻഡൽ സ്കീം**

259 (1008) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിനടുത്ത് രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും വാടകയ്ക്ക് താമസിക്കുന്നതിനായി ആശ്വാസ് റെൻഡൽ സ്കീം ആരംഭിക്കുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം പ്രവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ?

തൃശ്ശൂർ മെഡിക്കൽ കോളേജിനടുത്ത് രോഗികൾക്കും അവരുടെ കൂട്ടിരുപ്പുകാർക്കും വാടകയ്ക്ക് താമസിക്കുന്നതിന് ആശ്വാസ് റെൻഡൽ സ്കീം ആരംഭിക്കുന്നതിനായി 2020-21 സാമ്പത്തികവർഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് 4 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആദ്യഗഡുവായി 1 കോടി രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിരുന്നത്?

2020-21 സാമ്പത്തികവർഷത്തെ ബജറ്റിൽ പ്രസ്തുത പദ്ധതിക്ക് 4 കോടി രൂപ വകയിരുത്തിയിരുന്നു.

(സി) ഇത്തരം പദ്ധതികൾ സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകൾക്ക് സമീപവും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഇത്തരം പദ്ധതികൾ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകൾക്ക് സമീപവും ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിന് സമീപത്തും തൃശ്ശൂർ മെഡിക്കൽ കോളേജിന് സമീപത്തും പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ളതനുസരിച്ച് കണ്ണൂർ മെഡിക്കൽ കോളേജിനടുത്ത് പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. ബാക്കിയുള്ള മെഡിക്കൽ കോളേജുകൾക്കടുത്ത് സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ പാർപ്പിട സമുച്ചയങ്ങൾ**

260 (1009) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് പാർപ്പിട സമുച്ചയങ്ങൾ പണിയുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ലൈഫ് മിഷന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ ചെമ്മനാട് പഞ്ചായത്തിൽ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള ഒരു ഭവന സമുച്ചയമാണ് (44 യൂണിറ്റുകൾ) നിർമ്മാണത്തിലുള്ളത്. ജി+3 നിലകളുള്ള ടി ഭവന സമുച്ചയത്തിന്റെ രണ്ടാം നിലയുടെ അസംബ്ലിംഗ് വർക്കുകൾ നടന്നുവരുന്നു. 6 കോടി 46 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക.

(ബി) ഇതിൽ ഏതെങ്കിലും സമുച്ചയത്തിന്റെ പണി നിർത്തിവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കോവിഡ്-19 മൂലം തൊഴിലാളികളുടെ അഭാവത്താൽ നിലവിൽ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്.

(സി) സമയബന്ധിതമായി പൂർത്തിയാക്കേണ്ട ഇതിന്റെ നിർമ്മാണ പ്രവൃത്തി എത്രയുംവേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

2021 ഒക്ടോബർ 31-നുമുമ്പ് നിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രീഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള പ്രവൃത്തിയായതിനാലും മറ്റ് തടസ്സങ്ങൾ ഇല്ലാത്തതിനാലും നിലവിലുള്ള സാഹചര്യം (കോവിഡ്) മാറുന്നമുറയ്ക്ക് നിർമ്മാണം പുനരാരംഭിച്ച് ഒക്ടോബർ 31-നുമുമ്പുതന്നെ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വുമൺ-മെൻ ഹോസ്റ്റലുകൾ

261 (1010) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പോലെയുള്ള മെട്രോ നഗരങ്ങളിൽ കൂടുതൽ ഫ്ലാറ്റ് സമുച്ചയങ്ങൾ ഭവന നിർമ്മാണ ബോർഡിനുകീഴിൽ ആരംഭിക്കുന്നതിന് നടപടി ഉണ്ടാകുമോ; അറിയിക്കാമോ?

തിരുവനന്തപുരത്ത് അമ്പലനഗറിൽ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 63.75 സെന്റ് സ്ഥലത്ത് ഉപഭോക്താക്കളിൽ നിന്നും മുൻകൂർ പണം വാങ്ങി പാരസ്പര്യം മാതൃകയിൽ 13 നിലകളിലായി ആകെ 88 ഫ്ലാറ്റ് നിർമ്മിക്കുന്ന പദ്ധതിക്ക് സ.ഉ.(കൈ)നമ്പർ 8/2020/ഭവനം തീയതി 11-9-2020 പ്രകാരവും നെട്ടയത്ത് ബോർഡിന്റെ ഭവനപദ്ധതിയിൽ alternate land ആയി കിടക്കുന്ന 63.66 സെന്റ് ഭൂമിയിൽ 8 നിലകളിലായി ആകെ 66 ഫ്ലാറ്റുകൾ ഉപഭോക്താക്കളിൽ നിന്നും മുൻകൂർ പണം വാങ്ങി പാരസ്പര്യം മാതൃകയിൽ നിർമ്മിക്കുന്ന പദ്ധതിക്ക് സ.ഉ.(കൈ)നമ്പർ 7/2020/ഭവനം തീയതി 11-9-2020 പ്രകാരവും ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഭവന നിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ ആധുനിക രീതിയിൽ സർക്കാർ ഉദ്യോഗസ്ഥർക്കായി വുമൺ-മെൻ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

ഭവന നിർമ്മാണ ബോർഡ് കേന്ദ്ര/സംസ്ഥാന സർക്കാർ സഹായത്തോടെ വിവിധ ജില്ലകളിൽ വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ നിർമ്മിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

I. നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിക്കുന്നവ :

| കിടക്കകളുടെ എണ്ണം | | |
|---|---|---|
| 1. മുട്ടം - ഇടുക്കി | - | 180 |
| 2. മുട്ടം, അഡീഷണൽ ബ്ലോക്ക്-ഇടുക്കി | - | 74 |
| 3. ഗാന്ധിനഗർ-കോട്ടയം | - | 186 |
| 4. പുല്ലഴി-തൃശ്ശൂർ | - | 122 |
| 5. കാക്കനാട് -എറണാകുളം | - | 121 |

| | | |
|---|---|---|
| 6. കിഴക്കേ ചാലക്കുടി-തൃശ്ശൂർ | - | 71 |
| 7. ചോയൂർ-കോഴിക്കോട് | - | 151 |
| 8. ഇടപ്പള്ളി-എറണാകുളം | - | 92 |
| 9. മുളങ്കുന്നത്തുകാവ്-തൃശ്ശൂർ | - | 142 |
| 10. കട്ടപ്പന-ഇടുക്കി | - | 125 |
| 11. എൻ.സി.സി. നഗർ-തിരുവനന്തപുരം | - | 73 |
| 12. മാനന്തവാടി-വയനാട് | - | 169 |

II നിർമ്മാണം ആരംഭിച്ചത് മാഥൂർ - കാസറഗോഡ് 109

III ഉടൻ നിർമ്മാണം ആരംഭിക്കുന്നത് - ഗാന്ധിനഗർ കോട്ടയം-അഡീഷണൽ ബ്ലോക്ക് 64

മെൻസ് ഹോസ്റ്റലുകൾ നിലവിൽ പരിഗണനയിലില്ല.

**ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ**

262(1011) ശ്രീ. പി. വി. അൻവർ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ സ്വീകരിച്ച ഊർജ്ജിത നടപടികളുടെ ഫലമായി ഭവനരഹിതരില്ലാത്ത കേരളം എന്ന സ്വപ്നം യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നതെന്നറിയിക്കാമോ?

മുൻ സർക്കാർ സ്വീകരിച്ച ഊർജ്ജിത നടപടികളുടെ ഫലമായി ഭവന രഹിതരില്ലാത്ത കേരളം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുവാനായി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ദുർബ്ബല/താഴ്ന്ന വിഭാഗക്കാർക്കായി കോഴിക്കോട് ജില്ലയിൽ മുക്കത്തും (36 ഫ്ലാറ്റുകൾ) കണ്ണൂർ ജില്ലയിലെ പട്ടുവത്തും (36 ഫ്ലാറ്റുകൾ) വയനാട് ജില്ലയിലെ തുക്കൈപ്പെറ്റയിലും (18 വീടുകൾ) കൊല്ലം ജില്ലയിലെ കരീപ്രയിലും (36 ഫ്ലാറ്റുകൾ) ഇടുക്കി ജില്ലയിലെ പീരുമേടും (36 ഫ്ലാറ്റുകൾ) കെട്ടിട സമുച്ചയ നിർമ്മാണ പദ്ധതികൾ, പ്രവാസികളായ തൊഴിലാളികൾക്കും സമാനമായവർക്കും

വേണ്ടി ചെലവുകുറഞ്ഞ രീതിയിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ഭവന പദ്ധതി സ്റ്റേജ് 2-ൽ 1.47 ഏക്കർ ഭൂമിയിൽ 72 ഫ്ലാറ്റുകളടങ്ങുന്ന കെട്ടിട സമുച്ചയ നിർമ്മാണ പദ്ധതി, സൗഹൃദം വായ്പാ പദ്ധതി, പാരസ്പര്യം മാതൃകയിലുള്ള ഫ്ലാറ്റ് നിർമ്മാണ പദ്ധതി, വിവിധ ജില്ലകളിൽ വനിതാ ജീവനക്കാർക്കായി വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി, മെഡിക്കൽ കോളേജുകളിൽ ആശ്വാസ് വാടക വീട് പദ്ധതി, വിവിധ കൺസൾട്ടൻസി വർക്കുകൾ തുടങ്ങിയവയാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(ബി) ചെലവ് കുറഞ്ഞ വീട് എന്ന ആശയത്തിലൂന്നി ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ചെലവ് കുറഞ്ഞ വീട് എന്ന ആശയത്തിലൂന്നി ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളാണ് ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം, സാഫല്യം ഭവന പദ്ധതി, ദുർബ്ബല/താഴ്ന്ന വിഭാഗക്കാർക്കായുള്ള ഭവന പദ്ധതി എന്നിവ.

(സി) ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതികവിദ്യ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി വ്യാപകമായ രീതിയിൽ ബോധവൽക്കരണം നടത്തുവാൻ ഭവന നിർമ്മാണ ബോർഡ് ഉദ്ദേശിക്കുന്നുണ്ട്. കേരള സംസ്ഥാന നിർമ്മിതികേന്ദ്രത്തിന്റെ വിവിധ ജില്ലകളിലുള്ള റീജിയണൽ കേന്ദ്രങ്ങളിൽ ഹൗസിംഗ് ഗൈഡൻസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികൾ, സാങ്കേതിക വിദഗ്ധർ, പൊതുജനങ്ങൾ എന്നിവരിൽ Cost Effective Energy Efficient and Environment Friendly (CEEF) സാങ്കേതിക വിദ്യയെപ്പറ്റിയുള്ള അവബോധം ഉണ്ടാക്കുന്നതിനുവേണ്ടി വിവിധ പരിശീലന പരിപാടികൾ നടത്തി വരുന്നു. ബദൽ സാങ്കേതികവിദ്യ ഉപയോഗിച്ച് പി.ടി.പി. നഗറിലുള്ള കെസ്നിക്ക് കാമ്പസിൽ നിർമ്മിച്ചിരിക്കുന്ന മാതൃകാ ഭവനങ്ങൾ കണ്ടുമനസ്സിലാക്കുന്നതിനുള്ള അവസരം ഒരുക്കിയിട്ടുണ്ട്. CEEF - നൂതന സാങ്കേതിക വിദ്യയിൽ ഗവേഷണം നടത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച കെസ്നിക്കിന്റെ അക്കാദമിക വിഭാഗമായ ലാബിഷാസ് വഴി വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ നടത്തിവരുന്നു. നൂതന സാങ്കേതിക വിദ്യയായ പ്രീഫാബ് ടെക്നോളജി പ്രചരിപ്പിക്കുക, അതിൽ അവബോധം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ പൊതുജനങ്ങൾക്കും സാങ്കേതിക വിദഗ്ധർക്കും കണ്ടുമനസ്സിലാക്കാൻവേണ്ടി പ്രീഫാബ് ടെക്നോളജി ഉപയോഗിച്ച് ഒരു മാതൃകാഭവനം കെസ്നിക്കിൽ നിർമ്മിച്ചിട്ടുണ്ട്. പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണത്തിനാവശ്യമായ ഘടകങ്ങളുടെ ഒരു നിർമ്മാണ യൂണിറ്റ് കോഴിക്കോട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭവന നിർമ്മാണം

263 (1012) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാരന് പ്രാമുഖ്യം ലഭിക്കത്തക്ക രീതിയിൽ ഭവനനിർമ്മാണ ബോർഡുവഴി ലോൺ വിതരണം പുനരാരംഭിക്കുമോ;

സാധാരണക്കാർക്ക് ഭവന നിർമ്മാണത്തിന് സഹായകരമാകുന്ന രീതിയിൽ സൗഹൃദം എന്ന വായ്പ പദ്ധതി നടപ്പിലാക്കാൻ 22-2-2021 തീയതിയിലെ സ.ഉ. (കൈ)2/2021/ഭവനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി പ്രകാരം 1 ലക്ഷം ഭവന ഗുണഭോക്താക്കൾക്ക് അവർ എപ്പോഴാണോ വീട് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നതനുസരിച്ച് പരമാവധി 10 വർഷം വരെയുള്ള കാലയളവിൽ ഭവന/ഹയർ പർച്ചേയ്സ് വായ്പ ആവശ്യക്കാരെ മുൻകൂട്ടി രജിസ്റ്റർ ചെയ്യുകയും അവർ ഉദ്ദേശിക്കുന്ന വായ്പാ തുകയുടെ ചുരുങ്ങിയത് 10 ശതമാനം പ്രാരംഭ നിക്ഷേപം പ്രതിമാസ തവണയിൽ സമാഹരിച്ച് നിശ്ചയിച്ച കാലാവധി എത്തുമ്പോൾ വീട് നിർമ്മാണത്തിന് അപേക്ഷിച്ച മൊത്തം വായ്പാ തുക അനുവദിക്കുകയും ചെയ്യുന്നു. ഇതുപ്രകാരം ഗുണഭോക്താക്കളുടെ അഭിരുചിക്കും വരുമാനത്തിനുമനുസൃതമായി വീട്/ഫ്ലാറ്റ് സ്വന്തം സ്ഥലത്തോ ബോർഡിന്റെ കൈവശമുള്ള സ്ഥലത്തോ നിർമ്മിക്കുന്നതിനും വീട്/ഫ്ലാറ്റ്/പ്ലോട്ട് എന്നിവ വാങ്ങുന്നതിനും 6 ശതമാനം പലിശ നിരക്കിൽ വായ്പയും നൽകുന്നു.

(ബി) പ്രവാസികൾക്കും പ്രവാസികളെ ആശ്രയിച്ച് കഴിയുന്ന കുടുംബങ്ങൾക്കും വേണ്ടി പ്രത്യേക ഭവന പദ്ധതി രൂപവൽക്കരിക്കുമോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

കോഴിക്കോട് മെഡിക്കൽ കോളേജ് ഭവന പദ്ധതി, സ്റ്റേജ്-2 ൽ 1.47 ഏക്കർ ഭൂമിയിൽ പ്രവാസികളായ തൊഴിലാളികൾക്കും സമാനമായവർക്കും വേണ്ടി ചെലവ് കുറഞ്ഞ രീതിയിൽ ആകെ 72 ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന ഒരു പദ്ധതി 3 ഘട്ടങ്ങളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഭവന നിർമ്മാണ അടിസ്ഥാന വികസന മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ സ്ഥാപനങ്ങളെ ഏകോപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല

## ആദിവാസികൾക്കായുള്ള ഭവന പദ്ധതികൾ

264 (1013) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആദിവാസികൾക്കുള്ള ഭവന നിർമ്മാണത്തിനായി കഴിഞ്ഞ അഞ്ച് വർഷം സർക്കാർ എത്ര തുകയാണ് ചെലവഴിച്ചത് എന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഭവന രഹിതരായ ആദിവാസി കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിനു വേണ്ടി സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

നവകേരള മിഷന്റെ ഭാഗമായി ഭവനരഹിതരായ മുഴുവൻ ആളുകൾക്കും വീട് അനുവദിക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാർ ആവിഷ്കരിച്ച ലൈഫ് മിഷൻ പദ്ധതിയിലൂടെയാണ് നിലവിൽ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിച്ചുവരുന്നത്.

(സി) വയനാട് ജില്ലയിലെ ഭവനരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര ഭവനം നിർമ്മിച്ചു നൽകിയെന്നും ഇതിനായി എത്ര തുക വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ?

വയനാട് ജില്ലയിലെ ഭവനരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് ജനറൽ ഹൗസിംഗ്, ഹഡ്കോ ഭവന നിർമ്മാണം, വനബന്ധു കല്യാൺ യോജന, ലൈഫ് മിഷൻ എന്നീ പദ്ധതികളിലായി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 1865 വീടുകൾ നിർമ്മിച്ചു നൽകി. ഇതിലേയ്ക്കായി വകുപ്പ് മുഖേന ആകെ 206,52,30,514 രൂപ (ഇരുന്നൂറ്റി ആറ് കോടി അമ്പത്തിരണ്ട് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റി പതിനാല് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

## ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതികൾ

265 (1014) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി താഴെപ്പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് :

1. സുവർണ്ണ ജൂബിലി ബിൽഡിംഗ്, തിരുവനന്തപുരം
2. പ്രവാസി ഭവന പദ്ധതി, കോഴിക്കോട്
3. സൗഹൃദം പാർപ്പിട പദ്ധതി
4. EWS/LIG പാർപ്പിട പദ്ധതികൾ (മുക്കം, കോഴിക്കോട് - 36 വീടുകൾ, പട്ടുവം, കണ്ണൂർ - 36 വീടുകൾ, തൃക്കൈപ്പറ്റ - 18 വീടുകൾ)
5. തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ ആശ്വാസ് വാടക വീട് പദ്ധതി.
6. മിനി എക്സിബിഷൻ ഹാൾ - മറൈൻ ഡ്രൈവ്.

**ഭവന നിർമ്മാണ പദ്ധതികൾ**

266 (1015) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഭവന നിർമ്മാണ വകുപ്പ് എത്ര വീടുകൾ നിർമ്മിച്ച് നൽകിയെന്ന് വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലത്ത് കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇന്നവേറ്റീവ് ഭവന പദ്ധതി പ്രകാരം 48 വീടുകളും സാഫല്യം പദ്ധതി പ്രകാരം 120 വീടുകളും ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 1900 വീടുകളും നിർമ്മിച്ചുനൽകിയിട്ടുണ്ട്.

(ബി) ഭവന നിർമ്മാണ വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുകൊണ്ടിരിക്കുന്ന മറ്റു പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

പ്ലാൻ പദ്ധതികൾ

1. ഗൃഹശ്രീ ഭവന പദ്ധതി
2. ആശ്വാസ് ഭവന പദ്ധതി

(a)തൃശ്ശൂർ മെഡിക്കൽ കോളേജ്

(b)ആലപ്പുഴ മെഡിക്കൽ കോളേജ്

3. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

(a) മാഥൂർ - കാസർഗോഡ്

(b) ഗാന്ധിനഗർ- അഡീഷണൽ ബ്ലോക്ക്

4. താഴ്ന്ന വരുമാനക്കാർക്കുള്ള ഭവന പദ്ധതി

(a) മുക്കം - കോഴിക്കോട്

(b) പട്ടുവം - കണ്ണൂർ

(c) തൃക്കൈപ്പറ്റ – വയനാട്

5. സർക്കാർ ജീവനക്കാർക്കുള്ള ഫ്ലാറ്റ്/ക്വാർട്ടേഴ്സ് നിർമ്മാണം - കോഴിക്കോട്

6. റവന്യൂ ടവർ കടകംപള്ളി.

(II) ഭവന നിർമ്മാണ ബോർഡിന്റെ തനത് പ്രോജക്ടുകൾ താഴെപ്പറയുന്നവയാണ്.

1. പട്ടം കൊമേഴ്സ്യൽ കോംപ്ലക്സ്

2. പി.റ്റി. ചാക്കോ നഗർ കൊമേഴ്സ്യൽ കോംപ്ലക്സ്

3. പാരസ്പര്യം പ്രോജക്ടുകൾ

(a)അമ്പലനഗർ തിരുവനന്തപുരം

(b)നെട്ടയം - തിരുവനന്തപുരം

4. കൊച്ചി മറൈൻ ഡ്രൈവിലുള്ള 17.9 ഏക്കർ വികസനം

5. പ്രവാസികൾക്കായുള്ള അഫോർഡബിൾ ഫ്ലാറ്റുകൾ - കോഴിക്കോട്.

(III) 2016-17 പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും തുടർന്നുള്ള മറുപടി പ്രസംഗത്തിലുമായി പ്രഖ്യാപിച്ച പദ്ധതികൾ

(i) റവന്യൂ ടവർ പദ്ധതി - മട്ടന്നൂർ

(ii) മിനി സിവിൽ സ്റ്റേഷൻ- വെള്ളരിക്കുണ്ട്.

22-2-2021 തീയതിയിലെ സ.ഉ.(കൈ)നമ്പർ 2/2021/ഭവനം നമ്പർ ഉത്തരവു പ്രകാരം ഭരണാനുമതി നൽകിയ സൗഹൃദം പാർപ്പിട പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് അതിഥി മന്ദിരങ്ങൾ ഉള്ളതെന്ന് അറിയിക്കാമോ?

ഭവന നിർമ്മാണ ബോർഡിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലും കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ തിരുവനന്തപുരം, അടൂർ എന്നിവിടങ്ങളിലും അതിഥി മന്ദിരങ്ങളുണ്ട്.

**ഭവന നിർമ്മാണ ആവശ്യങ്ങൾ**

267 (1016) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) താഴ്ന്ന വരുമാനക്കാരായ പ്രവാസിവിഭാഗങ്ങളുടെ ഭവന നിർമ്മാണ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രവാസി വിഭാഗങ്ങളുടെ ഭവന നിർമ്മാണ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ചെലവു കുറഞ്ഞ രീതിയിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ഭവന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സ്റ്റേജ് 2-ൽ ഒഴിഞ്ഞുകിടക്കുന്ന 1.47 ഏക്കർ ഭൂമിയിൽ അഞ്ച് ബ്ലോക്കുകളിൽ 3 BHK ഫ്ളാറ്റുകളും ഒരു ബ്ലോക്കിൽ 2 BHK ഫ്ലാറ്റുകളുമായി ആകെ 72 ഫ്ളാറ്റുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ 24 ഫ്ലാറ്റുകൾ ഉൾപ്പെട്ട 2 ബ്ലോക്കുകൾ വീതം നിർമ്മിക്കാനാണുദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഇതിനകം എത്ര പേർക്ക് ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ?

പ്രവാസികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതികളൊന്നും സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ നിലവിലില്ല.

(സി) പദ്ധതി കൂടുതൽ ആകർഷകമാക്കി കൂടുതൽ പ്രവാസികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ടി പദ്ധതി കൂടുതൽ ആകർഷകമായ രീതിയിൽ കൂടുതൽ പ്രവാസികൾക്ക് പ്രയോജനം ലഭിക്കുന്നതിനുവേണ്ടി സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപടി സ്വീകരിക്കുന്നതാണ്.

## വാസയോഗ്യമല്ലാത്ത ഇരട്ട വീടുകൾ

268 (1017) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ചില കോളനികളിൽ വാസയോഗ്യമല്ലാത്ത ഇരട്ട വീടുകളാണ് ഇപ്പോഴും നിലവിലുള്ളത് എന്നത് പരിഗണിച്ച് ഇത്തരക്കാർക്ക് വാസയോഗ്യമായ ഒറ്റ വീട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

എം.എൻ. ലക്ഷം വീട് പദ്ധതിക്കുവേണ്ടി, ഭവന നിർമ്മാണ ബോർഡ് സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260 രൂപ ഉപയോഗിച്ച് എം.എൻ. ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ പുനർ നിർമ്മാണത്തിനും ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമായി 4 ലക്ഷം രൂപ വീതം 4 ഗഡുക്കളായി അനുവദിക്കുന്ന പദ്ധതിക്കായി വിവിധ ജില്ലകളിലായി 154 വീടുകൾ നൽകുവാൻ തിരഞ്ഞെടുത്തിട്ടുണ്ട്. അനുവദിച്ച വീടുകളുടെ പട്ടിക ചുവടെ ചേർക്കുന്നു :

| നമ്പർ | ജില്ല | നിയമസഭാമണ്ഡലം | തദ്ദേശഭരണ സ്ഥാപനം | ഉപഭോക്താക്കളുടെ/ വീടുകളുടെ എണ്ണം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കാസർകോട് | മഞ്ചേശ്വരം | എൻമകജെ | 12 |
| | | " | കുമ്പള | 10 |
| | | ഉദുമ | ഉദുമ | 9 |
| | | " | പുല്ലൂർ പെരിയ" | 10 |
| | | തൃക്കരിപ്പൂർ | തൃക്കരിപ്പൂർ | 6 |
| 2 | കണ്ണൂർ | കൂത്തുപറമ്പ് | പാനൂർ മുനിസിപ്പാലിറ്റി | 26 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | മലപ്പുറം | തവനൂർ | എടപ്പാൾ ഗ്രാമപഞ്ചായത്ത് | 11 |
| | | പൊന്നാനി | മാറാഞ്ചേരി " | 12 |
| 4 | തൃശ്ശൂർ | കൈപ്പമംഗലം | എടവിലങ്ങ് " | 19 |
| 5 | പാലക്കാട് | ഷൊർണ്ണൂർ | വെള്ളിനേഴി " | 16 |
| 6 | പത്തനംതിട്ട | അടൂർ | കടമ്പനാട് " | 21 |
| | | | ആകെ | 152 |
| | | | | അനുവദിച്ച വീടുകളുടെ എണ്ണം |
| 7 | മലപ്പുറം | എടപ്പാൾ | പൊൻകുന്ന് | 2 |
| | | | ആകെ | 154 |

ഈ അംഗീകരിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്ത്/ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ടിട്ടുള്ള വീടുകൾ മാത്രമേ നിലവിൽ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. ഭവന നിർമ്മാണ ബോർഡ് എം.എൻ. ലക്ഷം വീട് പദ്ധതിക്കുവേണ്ടി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260 രൂപയിൽനിന്നും സ.ഉ.(കൈ)നമ്പർ 12/2018/ഭവനം തീയതി 30-11-2018 ഉത്തരവുപ്രകാരം 1.5 കോടി രൂപയും, സ.ഉ.(സാധാ)നമ്പർ 23/2020/ഭവനം തീയതി 21-7-2020 ഉത്തരവുപ്രകാരം 1.5 കോടി രൂപയും എം.എൻ ലക്ഷം വീട് പദ്ധതിക്കുവേണ്ടി അനുവദിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡിൽനിന്നും പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ബാക്കി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കായംകുളം മണ്ഡലത്തിലെ ഭൂരഹിതർ, ഭവനരഹിതർ എന്നിവരുടെ എണ്ണം

269 (1018) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ നിലവിലുള്ള ഭൂരഹിതർ, ഭവനരഹിതർ എന്നിവരുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കായംകുളം നിയമസഭാ നിയോജക മണ്ഡല പരിധിയിൽ ലൈഫ് മിഷൻ 2017-ൽ തയ്യാറാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരം 766 ഭൂരഹിത ഭവനരഹിതരും 736 ഭവനരഹിതരും അർഹതയുള്ളവരായി കണ്ടെത്തിയിരുന്നു. ഭവനരഹിതരിൽ 673 പേർ കരാർ വയ്ക്കുകയും 655 ഭവനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭൂരഹിതരിൽ 127 പേർക്ക് ഭൂമി ലഭ്യമാക്കി കരാർ വച്ചു. 38 വീട് പൂർത്തീകരിച്ചു. 2020-ൽ ക്ഷണിച്ച പുതിയ അപേക്ഷ പ്രകാരം 3020 കുടുംബങ്ങൾ ഭൂരഹിതരുടെ വിഭാഗത്തിലും 3629 പേർ ഭവന രഹിതരുടെ വിഭാഗത്തിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## തുറമുഖ മേഖലയുടെ പ്രാധാന്യം

270 (1019) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികപുരോഗതിയിൽ തുറമുഖ മേഖലയ്ക്കുള്ള അനിഷേധ്യ പ്രാധാന്യം സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) അതിന്റെ അടിസ്ഥാനത്തിൽ മുൻസർക്കാരിന്റെ കാലത്ത് ഈ മേഖലയുടെ വളർച്ചക്കായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്?

(എ&ബി) ഉണ്ട്. കേരളത്തിൽ മാരിടൈം മേഖലയുടെ ഏകോപനത്തിനായി കേരള മാരിടൈം ബോർഡ് രൂപീകരിച്ചു. കൊല്ലം നീണ്ടകരയിൽ മാരിടൈം മേഖലയിലെ പരിശീലന പരിപാടികൾക്കായി മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം പുരോഗമിക്കുന്നു. കേരളത്തിലെ നോൺ മേജർ തുറമുഖങ്ങളുമായി ബന്ധപ്പെട്ട കപ്പൽ ഗതാഗതം പ്രോൽസാഹിപ്പിക്കുന്നതിനായി ഇൻസെന്റീവ് നൽകുന്നത് തുടരുന്നു. കോവിഡ് സാഹചര്യത്തിൽ മാരിടൈം മേഖലയിൽ ഇൻഡ്യൻ ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചേഞ്ച് പദ്ധതി ആരംഭിച്ചു. പരമാവധി ചരക്കുനീക്കം ജലമാർഗ്ഗം നടത്തുന്നത്

സംബന്ധിച്ച് വിവിധ ഏജൻസികളുമായി ചർച്ച നടത്തിയിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്ത് തുറമുഖമേഖലയുടെ വളർച്ചയ്ക്കായി ആവിഷ്ക്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു :

അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്ക് ശുദ്ധജല വിതരണത്തിന് വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 2 കോടി രൂപയുടെ പദ്ധതി ആരംഭിച്ചു. വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖത്ത് 3.24 കോടി രൂപ ചെലവിൽ ടഗ്ഗ് ലഭ്യമാക്കി. അഴീക്കൽ തുറമുഖ ചാനലിൽ മെക്കാനിക്കൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് 4.9 കോടി രൂപയുടെ പദ്ധതി അനുവദിച്ചു. അഴീക്കലിൽ തൊഴിലാളികൾക്കുള്ള വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിന് 34 ലക്ഷം രൂപയുടെ പ്രോജക്ട്. അഴീക്കലിൽ കസ്റ്റംസ് ഇ.ഡി.ഐ ടെർമിനൽ നിർമ്മാണത്തിന് 27.30 ലക്ഷം രൂപയുടെ പ്രോജക്ട്. ബേപ്പൂർ തുറമുഖ വികസനത്തിന്റെ ഭാഗമായി 300 HP ടഗ്ഗ് വാങ്ങി. 3.19 ഏക്കർ കോവിലകം ഭൂമി ബേപ്പൂർ തുറമുഖവികസനത്തിനായി ഏറ്റെടുക്കുകയുണ്ടായി. ബേപ്പൂർ തുറമുഖത്ത് കയറ്റിറക്കുമതിക്കാവശ്യമായ ഫോർക്ക് ലിഫ്റ്റ് ക്രെയിൻ, പിക് & ക്യാരി ക്രെയിൻ എന്നിവ വാങ്ങി. ബേപ്പൂർ തുറമുഖത്ത് കപ്പലുകളുടെ സുഗമമായ പോക്കുവരവിനായി തുറമുഖ ചാനലിൽ ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിച്ചു. ബേപ്പൂർ തുറമുഖത്ത് വലിയ കപ്പലുകൾ വരുന്നതിനാവശ്യമായി പോർട്ട് ചാനലിന്റെ ആഴം 8 മീറ്ററായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി. ബേപ്പൂർ തുറമുഖത്തേയ്ക്ക് റെയിൽ റോഡ് കണക്ടിവിറ്റിക്കുള്ള പ്രൊപ്പോസൽ TEFR തയ്യാറാക്കി അംഗീകാരം നൽകി. ആലപ്പുഴ തുറമുഖ ഗോഡൗണുകൾ പൈതൃക മ്യൂസിയമായി മാറ്റുന്നതിന് മെസേഴ്സ്. മുസിരീസ് പ്രൈവറ്റ് ലിമിറ്റഡ് മുഖേന നടപടി സ്വീകരിച്ചുവരുന്നു.

(സി) അഴീക്കൽ തുറമുഖം വഴി കണ്ടെയ്നറുകളിൽ കൂടിയുള്ള ചരക്ക് നീക്കം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കണ്ടെയ്നർ ചരക്കാണ് പ്രസ്തുത തുറമുഖം കൈകാര്യം ചെയ്തത് എന്ന് അറിയിക്കാമോ?

അഴീക്കൽ തുറമുഖത്ത് 2014-15 സാമ്പത്തിക വർഷത്തിലും 2018-19 സാമ്പത്തിക വർഷത്തിലും കണ്ടെയ്നറുകൾ വഴിയുള്ള ചരക്കുനീക്കം നടന്നിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം (2020-21) കണ്ടെയ്നർ വഴിയുള്ള ചർക്കുനീക്കം നടന്നിട്ടില്ല.

(ഡി) അഴീക്കൽ തുറമുഖം ഘട്ടംഘട്ടമായി വികസിപ്പിക്കുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വികസനപ്രവർത്തനങ്ങളാണ് ഉദ്ദേശിച്ചിരുന്നത്; വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു പുതിയ തുറമുഖം നിർമ്മിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ചെയർമാനായി Malabar International Port & SEZ Ltd. എന്ന കമ്പനി രൂപീകരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് M/s.Howe Engineering Projects India Pvt. Ltd. എന്ന കമ്പനിയെ കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. അവർ സമർപ്പിച്ച പ്രാഥമിക റിപ്പോർട്ട് പ്രകാരം മൂന്ന് ഘട്ടങ്ങളിലായി തുറമുഖ വികസനം നടത്തുവാനാണുദ്ദേശിക്കുന്നത്. Feasibility Report സർക്കാർ അംഗീകരിക്കുകയും geo-technical studies നടത്തുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പഠനങ്ങൾ നടന്നു വരുന്നു.

### വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കരാറിലെ വ്യവസ്ഥകൾ

271 (1020) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കരാറിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം പൂർത്തിയാക്കേണ്ട കാലാവധി എന്നായിരുന്നു; അറിയിക്കുമോ?

കരാർ വ്യവസ്ഥ പ്രകാരം 2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ 1460 ദിവസങ്ങൾക്കുള്ളിൽ (അതായത് 2019 ഡിസംബർ 3-നുള്ളിൽ) പൂർത്തീകരിക്കേണ്ടതായിരുന്നു.

(ബി) കൺസ്ട്രക്ഷൻ കരാർ വ്യവസ്ഥപ്രകാരം നിശ്ചിത സമയത്ത് പദ്ധതി പൂർത്തിയാക്കിയില്ലെങ്കിൽ കമ്പനിയിൽനിന്നും പിഴ ഈടാക്കുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതിനകം കമ്പനിയിൽനിന്നും പിഴ ഇനത്തിൽ എന്ത് തുകയാണ് ഈടാക്കിയത്; പിഴ ഈടാക്കിയില്ലെങ്കിൽ അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

പദ്ധതി പൂർത്തീകരിക്കുന്നതിനായി 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോടുകൂടിയും ക്യുറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. ഓഖി, വെള്ളപ്പൊക്കം, കോവിഡ് തുടങ്ങിയ പ്രശ്നങ്ങൾ Force Majeure events ആയി കണക്കാക്കി കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന കരാർ കമ്പനിയുടെ ആവശ്യം അംഗീകരിക്കാത്തതിനാൽ ഈ തർക്കങ്ങൾ പരിഹരിക്കുന്നതിനായി കൺസഷൻ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ തുറമുഖ നിർമ്മാണ കമ്പനി ആർബിട്രേഷൻ ട്രൈബ്യൂണലിനെ സമീപിച്ചിരിക്കുകയാണ്. ട്രിബ്യൂണലിന്റെ തീരുമാനം അനുസരിച്ച് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## വിഴിഞ്ഞം തുറമുഖ പദ്ധതി

272 (1021) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണം 2019 ഡിസംബർ മൂന്നിനുള്ളിൽ പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പാറ ലഭ്യമാക്കുന്നതിന് കരാർ കമ്പനിക്ക് കഴിയാത്തതിനാൽ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കാനായില്ല. പുലിമുട്ടിന്റെ നിർമ്മാണം പൂർത്തിയായാൽ മാത്രമേ ഡ്രഡ്ജിംഗ്, റിക്ലമേഷൻ, കണ്ടെയ്നർ ബർത്ത്, യാർഡ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കുമോ?

3-11-2020-ൽ അദാനി പോർട്ട്സ് & സെസ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി ചീഫ് സെക്രട്ടറി നടത്തിയ യോഗത്തിൽ തുറമുഖ പദ്ധതി എത്രയുംവേഗത്തിൽ പൂർത്തീകരിക്കാമെന്ന് അറിയിച്ചിരുന്നു. എന്നാൽ പാറയുടെ ക്ഷാമവും കോവിഡ് മഹാമാരിയും നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയിരിക്കുകയാണ്.

## വിഴിഞ്ഞം തുറമുഖ പദ്ധതി

273 (1022) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്ത വിഴിഞ്ഞം തുറമുഖ പദ്ധതി അഞ്ച് വർഷം കഴിഞ്ഞിട്ടും കമ്മീഷൻ ചെയ്യുവാൻ സാധിച്ചിട്ടില്ലായെന്നത് ഗൗരവമായി വിലയിരുത്തുമോ;

(ബി) പദ്ധതിയുടെ പുരോഗതി വിലയിരുത്തി സർക്കാരിന് റിപ്പോർട്ട് ചെയ്യുന്നതിന് നിയുക്തരായിട്ടുള്ള സ്പെഷ്യൽ പ്രോജക്ട് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം നിലവിലെ സ്ഥിതിയിൽ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) 2015 ഡിസംബർ 5-ന് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2019 ഡിസംബർ 3-ന് പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ സമയബന്ധിതമായി തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുവാൻ കരാർ കമ്പനിക്ക് കഴിയാതെവന്ന സാഹചര്യത്തിൽ നിശ്ചിതസമയത്ത് പദ്ധതി പൂർത്തിയാക്കുവാൻ സാധിച്ചില്ല. ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (NGT) 21-7-2020-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതിയ ക്വാറികൾ സ്ഥാപിക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണുള്ളത്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ തലങ്ങളിലുള്ള ചർച്ചകളിലൂടെ സർക്കാർ ശ്രമിച്ചു വരുന്നു. ചീഫ് സെക്രട്ടറി 3-11-2020-ൽ അദാനി പോർട്ട്സ് & സെസ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി നടത്തിയ യോഗത്തിൽ തുറമുഖ പദ്ധതി എത്രയുംവേഗത്തിൽ പൂർത്തീകരിക്കാമെന്ന് അറിയിച്ചിരുന്നു. എന്നാൽ പാറയ്ക്കുള്ള ക്ഷാമവും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളുംമൂലം പ്രവൃത്തി ത്വരിതഗതിയിൽ നടത്തുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്.

(സി) പദ്ധതിയുടെ പ്രധാന ഭാഗമായ പുലിമുട്ടിന്റെ ആകെ നീളം എത്ര മീറ്ററാണെന്ന് അറിയിക്കുമോ ; അതിൽ ഇതിനകം എത്ര മീറ്റർ പുലിമുട്ട് നിർമ്മാണം പൂർത്തിയാക്കിയെന്ന് അറിയിക്കുമോ?

പദ്ധതിയുടെ പ്രധാന ഭാഗമായ പുലിമുട്ടിന്റെ ആകെ നീളം 3102 മീറ്ററാണ്. നാളിതുവരെ പുലിമുട്ടിന്റെ 810 മീറ്റർ നീളം പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) മേയ് മാസത്തിലുണ്ടായ ടൗട്ടെ ചുഴലിക്കാറ്റിന്റെ ഭാഗമായി ഉണ്ടായ കടൽക്ഷോഭത്തിൽ പുലിമുട്ടിന് നാശനഷ്ടം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

2021 മേയ് 13-ന് കേരള തീരത്ത് ആഞ്ഞടിച്ച ടൗട്ടേ ചുഴലിക്കാറ്റുമൂലമുണ്ടായ കടൽക്ഷോഭം വിഴിഞ്ഞം തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണത്തെ ബാധിച്ചിട്ടുണ്ട്. പുലിമുട്ടിന്റെ Core Layer, താത്കാലിക സംരക്ഷണ ആവരണം തുടങ്ങിയവയ്ക്കായി നിക്ഷേപിച്ച വിവിധ വലിപ്പത്തിലുള്ള പാറകൾക്ക് സ്ഥാനഭ്രംശം സംഭവിച്ചിട്ടുണ്ടെന്ന് കരാർ കമ്പനി സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുലിമുട്ടിന് സംഭവിച്ച കേടുപാടുകളുടെ യഥാർത്ഥ തോത് മനസ്സിലാക്കുന്നതിനുള്ള നടപടികൾ കരാർ കമ്പനി നടത്തി വരികയാണ്.

(ഇ) നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായുള്ള ഡ്രെഡ്ജിംഗ് ആന്റ് റിക്ലമേഷൻ പ്രവൃത്തികൾ മന്ദഗതിയിലാണോ മുന്നോട്ട് പോകുന്നതെന്ന് അറിയിക്കുമോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ; നിലവിൽ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തിയായെന്ന് അറിയിക്കുമോ?

ഒന്നാം ഘട്ടത്തിൽ തുറമുഖ ബേസിനിൽനിന്നും കപ്പൽച്ചാലിൽനിന്നും ഏകദേശം 7 ദശലക്ഷം ഘന മീറ്റർ മണ്ണ് ഡ്രെഡ്ജ് ചെയ്ത് 53 ഹെക്ടർ കടൽ നികത്തിയെടുക്കേണ്ടതുണ്ട്. 2017 നവംബറിൽ ടി പ്രവൃത്തിയുടെ 33 ശതമാനത്തോളം പൂർത്തിയാക്കിയെങ്കിലും പുലിമുട്ടും റോക്ക് ബണ്ടും പൂർത്തിയാക്കാത്തതിനാൽ ഡ്രെഡ്ജിംഗ് & റിക്ലമേഷൻ പ്രവൃത്തികൾ നടത്താനാവാത്ത സ്ഥിതിയാണ്.

## കൊല്ലം തുറമുഖത്തിന്റെ വികസനം

274 (1023) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത തുറമുഖത്തിന്റെ വികസനത്തിനായി സർക്കാർ ഭാവിയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

(എ&ബി) കൊല്ലം തുറമുഖത്തിന്റെ വികസനത്തിന്റെ ഭാഗമായുള്ള 105 മീറ്റർ പാസഞ്ചർ ടെർമിനൽ ബെർത്ത് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൊച്ചുപിലാമൂട് മുതൽ വാടി വരെയുള്ള റോഡ് നിർമ്മാണം പൂർത്തീകരിച്ചു. വാടി മുതൽ കൊല്ലം കളക്ടറേറ്റ് വരെയുള്ള റോഡിന്റെ വികസനത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു. തുറമുഖത്തിന്റെ വാണിജ്യ സാധ്യത പ്രയോജനപ്പെടുത്തുന്നതിന് അഗ്രിമ സിമന്റ്സുമായി സഹകരിച്ച് ഒരു സിമന്റ് ടെർമിനൽ ആരംഭിക്കുന്നതിനുള്ള പദ്ധതി പരിഗണിച്ചുവരുന്നു. കൊല്ലം തുറമുഖത്തിന്റെ ആഴം ഘട്ടംഘട്ടമായി 12 മീ. വരെ ഉയർത്തുന്നതിന് കിറ്റ്കോ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. കൂടാതെ നിലവിലെ പാസഞ്ചർ ബർത്തും കാർഗോ ബർത്തും തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള ഒരു പ്രോജക്ടും പരിഗണനയിലുണ്ട്. തുറമുഖത്ത് ഇമിഗ്രേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് 1.67 കോടി രൂപ ചെലവിൽ ഗേറ്റ്ഹൗസിന്റെ നിർമ്മാണം 60 ശതമാനം പൂർത്തീകരിച്ചു. 2.11 കോടി രൂപ ചെലവിൽ തുറമുഖത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം 75 ശതമാനം പൂർത്തിയായി. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധപ്പെടുത്തി ഒരു കണ്ടെയ്നർ ഷിപ്പ്മെന്റ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടത്തിവരുന്നു

(സി) നിലവിൽ കൊല്ലം തുറഖത്തുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നിലവിൽ കൊല്ലം തുറമുഖത്ത് 178 മീറ്റർ നീളമുള്ള കാർഗോ ബർത്തും 105 മീറ്റർ നീളമുള്ള പാസഞ്ചർ ബർത്തുമുണ്ട്. കപ്പൽ ചാനലിന്റെയും ബേസിന്റെയും ആഴം 7.2 മീറ്ററാണ്. ചാനൽ ബോയകൾ ഉപയോഗിച്ച് അടയാളപ്പെടുത്തിയിട്ടുണ്ട്. തുറമുഖത്ത് കണ്ടെയ്നർ കൈകാര്യം ചെയ്യുന്നതിന് ക്രെയിൻ, ഫോർക്ക് ലിഫ്റ്റ്, റീച്ച് സ്റ്റാക്കർ, ചരക്ക് കൈകാര്യം ചെയ്യുന്നതിന് 10 ടൺ ശേഷിയുള്ള മൊബൈൽ ക്രെയിൻ തുടങ്ങിയ സൗകര്യങ്ങളുണ്ട്. തുറമുഖത്തേയ്ക്ക് വരുന്ന കപ്പലുകളെ സഹായിക്കാൻ ടഗ്ഗുകളും ഗോഡൗൺ, സ്റ്റാക്ക് യാർഡ്, റഡാർ സൗകര്യങ്ങളും തുറമുഖത്ത് ലഭ്യമാണ്.

(ബി) പ്രസ്തുത തുറമുഖത്തേയ്ക്ക് കൂടുതൽ കപ്പലുകളെ ആകർഷിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധപ്പെടുത്തി ഒരു കണ്ടെയ്നർ ഷിപ്പ്മെന്റ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള ചർച്ചകൾ നടത്തിവരുന്നു. സിമന്റ് ടെർമിനൽ ആരംഭിച്ചാൽ തുറമുഖത്തിന്റെ വാണിജ്യസാധ്യത പ്രയോജനപ്പെടുത്താൻ കഴിയും.

## കുര്യാടിയിലെ ഫിഷിംഗ് ഹാർബർ നിർമ്മാണം

275 (1024) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് **തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) കോഴിക്കോട് ജില്ലയിൽ വടകര നിയോജകമണ്ഡലത്തിലെ കുര്യാടിയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്.

(ബി) ഇതിനായുള്ള പ്രൊപ്പോസൽ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കുര്യാടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള അന്വേഷണഗവേഷണ പ്രവൃത്തികൾക്കായി 59 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. കുര്യാടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം സംബന്ധിച്ച പ്രാഥമിക പഠനങ്ങൾ പൂർത്തീകരിച്ചതിനുശേഷം മാതൃകാപഠനവും പാരിസ്ഥിതിക പഠനവും പൂർത്തിയാക്കി പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണ്.

(സി) ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് ഇതിനായി ചെലവ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

കുര്യാടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കുള്ള അന്വേഷണഗവേഷണ പ്രവൃത്തികൾക്കായി 59 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയതനുസരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. കുര്യാടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം സംബന്ധിച്ച പ്രാഥമിക പഠനങ്ങൾ പൂർത്തീകരിച്ചതിനുശേഷം മാതൃകാപഠനവും പാരിസ്ഥിതിക പഠനവും പൂർത്തിയാക്കി പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണ്.

## യാത്രായാനങ്ങളുടെ സർവ്വീസ്

276 (1025) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിന്റെ തീരക്കടൽവഴി യാത്രായാനങ്ങളുടെ സർവ്വീസ് ആരംഭിക്കുമെന്ന മുൻസർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥലങ്ങളെ ബന്ധിപ്പിച്ചാണ് പ്രസ്തുത യാനങ്ങൾ സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് അതിവേഗ യാത്രാകപ്പൽ സർവ്വീസ് നടത്തുന്നതിന് താല്പര്യപത്രം ക്ഷണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 29-3-2016-ൽ പ്രൈവറ്റ് പാർട്ടിയായ മെസേഴ്സ്. സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡുമായി എഗ്രിമെന്റിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരം കപ്പൽ വാങ്ങുന്നതും നിയമപരമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി കപ്പൽ സർവ്വീസ് നടത്തേണ്ട ചുമതലയും സ്വകാര്യ പങ്കാളിക്കാണ്. സർവ്വീസ് നടത്തുന്നതിന് കപ്പലുകൾക്ക് മുംബൈ ആസ്ഥാനമായ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. സ്വകാര്യ പങ്കാളിക്ക് ഇതുവരെ പ്രസ്തുത അനുമതി ലഭിച്ചിട്ടില്ല.

## സ്റ്റാഫ് പാറ്റേൺ പരിഷ്കരണം

277 (1027) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നത്/ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയതിൽ ഉൾപ്പെട്ട തസ്തികകളുടെ വിവരങ്ങളും ബന്ധപ്പെട്ട ഫയലുകളുടെ നമ്പറും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രൊപ്പോസലുകളുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ?

(എ-സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട എ 1/227/2020/എഫ്&പിഡി നമ്പർ ഫയലിൽ പരിശോധനയിലാണ്. തസ്തിക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിലെ കോഴ്സുകൾ

278 (1028) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ നീണ്ടകരയിൽ പ്രവർത്തിച്ചിരുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിൽ ഏതെങ്കിലും കോഴ്സുകൾ നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നതെന്ന് അറിയിക്കുമോ?

നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ പണി പൂർത്തിയായിട്ടില്ല. നിലവിൽ നാല് ദിവസത്തെ ബോട്ട് ക്രൂ ട്രെയിനിംഗ് പ്രോഗ്രാമാണ് നടന്നുവരുന്നത്. ഫസ്റ്റ് ക്ലാസ് മാസ്റ്റർ/എഞ്ചിനീയർ സർട്ടിഫിക്കറ്റുകൾക്കായുള്ള ട്രെയിനിംഗ് പ്രോഗ്രാം നടത്തുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പുതിയ കെട്ടിടം പൂർത്തീകരണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെട്ടിടം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണം സംബന്ധിച്ച് കരാറുകാരായ മെ.സൗത്ത് ഇൻഡ്യൻ കൺസ്ട്രക്ഷൻസും കൺസൾട്ടന്റായ മെ. അജിത് അസോസിയേറ്റ്സും ബഹു. ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. ടി കേസുകളുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## തിരൂർ മണ്ഡലത്തിൽ തുറമുഖ വകുപ്പിന് കീഴിലെ പ്രവർത്തനങ്ങൾ

279 (1029) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) തുറമുഖ വകുപ്പ് സർക്കാരിന്റെ അനുമതിക്കായി നൽകിയ മണ്ഡലത്തിലെ പദ്ധതികളുടെ വിശദവിവരം അറിയിക്കുമോ?

(എ&ബി) തിരൂർ നിയോജകമണ്ഡലത്തിൽ തുറമുഖ വകുപ്പിന്റെ കീഴിൽ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല.

## ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണം

280 (1030) <u>ശ്രീ. എ. എൻ. ഷംസീർ:</u>

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u>

<u>ശ്രീ. എ. പ്രഭാകരൻ:</u>

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം കൂടുതൽ ചരിത്ര സ്മാരകങ്ങളെ കണ്ടെത്തുന്നതിനും അവയെ സംരക്ഷിത സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനുമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ദേശീയ പ്രാധാന്യമില്ലാത്തതും നൂറു വർഷത്തിലേറെ പഴക്കമുള്ളതും ചരിത്രപരമായും കലാപരമായും പുരാവസ്തുപരമായും പ്രാധാന്യമുള്ളതുമായ സ്മാരകങ്ങളെയാണ് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം സംരക്ഷിത സ്മാരകങ്ങൾ (പ്രാചീന സ്മാരകങ്ങൾ) ആയി സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. ഇത്തരത്തിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ 185 പ്രാചീന സ്മാരകങ്ങൾ നിലവിലുണ്ട്. പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥരുടെ പരിശോധനയിൽ കണ്ടെത്തുന്നതോ, വ്യക്തികൾ/സ്ഥാപനം/സംഘടന എന്നിവയിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങളിൽ നടത്തുന്ന പരിശോധനയിലൂടെ ശ്രദ്ധയിൽപ്പെടുന്നതോ ആയ സംരക്ഷണയോഗ്യമായ സ്മാരകങ്ങൾ പ്രാചീന സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സമഗ്രമായ ഫീൽഡ് പരിശോധന നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ് .

(ബി) പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണം നിലവിൽ ഏതെല്ലാം ജില്ലകളിലാണ് പുരോഗമിക്കുന്നതെന്ന് അറിയിക്കാമോ?

മലപ്പുറം, തിരുവനന്തപുരം, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിലാണ് പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണത്തിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങൾ നിലവിൽ പുരോഗമിക്കുന്നത്.

(സി) പുരാവസ്തുവകുപ്പിന്റെ കീഴിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ഉദ്ഖനന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഉത്ഖനന പ്രവർത്തനങ്ങൾ കൂട്ടം ചേർന്നുള്ള ഫീൽഡ് ജോലികളായതിനാൽ കോവിഡ് മഹാമാരിയുടെ വെളിച്ചത്തിൽ നിലവിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ ഉത്ഖനന പ്രവർത്തനങ്ങൾ നടക്കുന്നില്ല. 2020-21 ഫീൽഡ് വർഷം ആലപ്പുഴ ജില്ലയിലെ പുറക്കാട്, പത്തനംതിട്ട ജില്ലയിലെ ആറന്മുള എന്നിവിടങ്ങളിൽ ഉത്ഖനന പ്രവർത്തനത്തിന് കേന്ദ്ര പുരാവസ്തു വകുപ്പിന്റെ അനുമതി ലഭിച്ചെങ്കിലും കോവിഡ് സാഹചര്യം കാരണം ഉത്ഖനന പ്രവർത്തനങ്ങൾ നടക്കുകയുണ്ടായില്ല. മേൽ പ്രവർത്തനങ്ങൾക്ക് വീണ്ടും ലൈസൻസ് അനുവദിക്കുന്നതിന് കേന്ദ്ര പുരാവസ്തു വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ട് .

## തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി പൈതൃക മ്യൂസിയം

281 (1031) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി പൈതൃക മ്യൂസിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നഗരസഭയിലെ ചെമ്മാട്ടുള്ള ഹജൂർ കച്ചേരി കെട്ടിടത്തിലാണ് മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. മ്യൂസിയം സജ്ജീകരിക്കുന്നതിന് മുന്നോടിയായി ജീർണ്ണത ബാധിച്ച കെട്ടിടത്തിന്റെ ശാസ്ത്രീയ സംരക്ഷണ ജോലികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് പുരോഗമിച്ചു വരുന്നത്. 54 ലക്ഷം രൂപ അടങ്കൽ ചെലവ് പ്രതീക്ഷിക്കുന്ന ഘടനാ സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും 17-1-2021-ന് കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തിയുടെ ഔപചാരിക ഉദ്ഘാടനം 11-2-2021-ന് നടത്തുകയുണ്ടായെങ്കിലും കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ജോലികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. സ്ഥിതി സാധാരണ നിലയിലാകുന്നമുറയ്ക്ക് സ്മാരകത്തിന്റെ ഘടനാ സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതും തുടർന്ന് മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്.

## ചന്തപ്പുരയിലെ തെയ്യം മ്യൂസിയം

282 (1032) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമ പഞ്ചായത്തിലെ ചന്തപ്പുരയിൽ 7.96 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച തെയ്യം മ്യൂസിയത്തിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമ പഞ്ചായത്തിലെ ചന്തപ്പുരയിൽ പുതുതായി സ്ഥാപിക്കുന്ന തെയ്യം മ്യൂസിയത്തിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനായി ഒരു ഏജൻസിയെ നിയമപ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത ഏജൻസിക്ക് വർക്ക് ഓർഡർ നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ് ലോക്ഡൗൺ കഴിയുന്ന മുറയ്ക്ക്, തെയ്യം മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

## ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണം

283 (1033) ഡോ. കെ. ടി. ജലീൽ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉത്തരവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചരിത്രപ്രാധാന്യമുള്ള പൈതൃക സ്മാരകങ്ങളെയും പുരാവസ്തുക്കളെയും സംരക്ഷിക്കുന്നതിന് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ദേശീയ പ്രാധാന്യമില്ലാത്തതും നൂറു വർഷത്തിലേറെ പഴക്കമുള്ളതും ചരിത്രപരമായും കലാപരമായും പുരാവസ്തുപരമായും പ്രാധാന്യമുള്ളതുമായ സ്മാരകങ്ങളെയാണ് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം സംരക്ഷിത സ്മാരകങ്ങൾ (പ്രാചീന സ്മാരകങ്ങൾ) ആയി സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. ഇത്തരത്തിൽ പുരാവസ്തു വകുപ്പിന്റെ കീഴിൽ 185 സംരക്ഷിത സ്മാരകങ്ങൾ നിലവിലുണ്ട്. പുരാവസ്തു വകുപ്പിലെ ഉദ്യോഗസ്ഥരുടെ പരിശോധനയിൽ കണ്ടെത്തുന്നതോ, വ്യക്തികളിൽനിന്നോ ഏതെങ്കിലും സ്ഥാപനം, സംഘടന എന്നിവയിൽനിന്നോ ലഭിക്കുന്ന നിവേദനങ്ങളിൽ പരാമർശിക്കുന്നവ പരിശോധിച്ച് യോഗ്യമാണെന്ന് കണ്ടെത്തുന്നവയോ ആയ സ്മാരകങ്ങളെയാണ് നിലവിൽ പ്രാചീന സ്മാരകങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പുരാവസ്തു വകുപ്പ് നടപടികൾ സ്വീകരിക്കുന്നത്. ഫീൽഡ് പരിശോധനകൾ, ഉത്ഖനനങ്ങൾ എന്നിവയിലൂടെ വെളിപ്പെടുന്നതും കണ്ടെത്തുന്നതുമായ പുരാവസ്തുക്കൾ വകുപ്പ് ഏറ്റെടുക്കുകയും സംരക്ഷിക്കുകയും ചെയ്തുവരുന്നു. ചരിത്രപരവും പുരാവസ്തുപരവുമായി പ്രാധാന്യമുള്ള സ്മാരകങ്ങൾ പരിശോധിക്കുന്നതിനും സംരക്ഷിക്കുന്നതിനും പുരാതത്വപരമായി പ്രാധാന്യമുള്ള പ്രദേശങ്ങളിൽ പരിശോധനകളും ഉത്ഖനനങ്ങളും നടത്തി പുരാവസ്തുക്കൾ കണ്ടെത്തി സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ പുരാവസ്തു വകുപ്പ് ശക്തിപ്പെടുത്തുന്നതാണ്.

(ബി) ചരിത്രസ്മാരകങ്ങളെ സംരക്ഷിക്കുന്നതിനും അവയിൽ കാലികമായ പരിശോധന നടത്തി ജീർണ്ണതയും കേടുപാടുകളും ബാധിച്ചവയെ പൂർവ്വസ്ഥിതിയിലാക്കുന്നതിനും അവലംബിക്കുന്ന ശാസ്ത്രീയ മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കേരള പുരാവസ്തു വകുപ്പിന് കീഴിൽ ഒരു ഘടന സംരക്ഷണ വിഭാഗവും ഒരു രാസ സംരക്ഷണ വിഭാഗവും പ്രവർത്തിച്ചു വരുന്നു. മേൽ വിഭാഗങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥർ സമയാസമയങ്ങളിൽ സ്മാരകങ്ങൾ പരിശോധിക്കുകയും ജീർണ്ണതകൾ തിട്ടപ്പെടുത്തിയശേഷം ആവശ്യമായ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിപ്പോരുകയും ചെയ്യുന്നു. സ്മാരകങ്ങളുടെ പൗരാണികതയ്ക്ക് ഒട്ടും കോട്ടം തട്ടാതെയുള്ള സംരക്ഷണ പ്രവർത്തനങ്ങളാണ് വകുപ്പ് നടത്തുന്നത്. സ്മാരകങ്ങളുടെയും പുരാവസ്തുക്കളുടെയും സംരക്ഷണത്തിന്റെ കാര്യത്തിൽ പ്രിവന്റീവായ സമീപനമാണ് പ്രാഥമികമായി പുരാവസ്തു വകുപ്പ് കൈക്കൊണ്ടുവരുന്നത്.

(സി) നാടിന്റെ ചരിത്രം, ചരിത്ര സൂക്ഷിപ്പുകൾ എന്നിവയുടെ പ്രാധാന്യം സംബന്ധിച്ച് യുവതലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നാടിന്റെ ചരിത്രം, ചരിത്ര ശേഷിപ്പുകൾ എന്നിവ സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് യുവതലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിന് പുരാവസ്തു പ്രദർശനങ്ങൾ, സെമിനാറുകൾ, പുരാവസ്തു പ്രസിദ്ധീകരണങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വകുപ്പിന്റെ കീഴിലുള്ള 15 മ്യൂസിയങ്ങൾ പൈതൃക അവബോധം സൃഷ്ടിക്കുന്ന കാര്യത്തിൽ ഏറ്റവും വലിയ ജനകീയ വിദ്യാഭ്യാസ ശൃംഖലയായി പ്രവർത്തിക്കുന്നു. ഇതുകൂടാതെ വകുപ്പ് ഒരു വെബ്സൈറ്റും ഒരു യൂട്യൂബ് ചാനലും ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ, പുതിയ സങ്കേത ങ്ങൾകൂടി ഉപയോഗപ്പെടുത്തി വിപുലപ്പെടുത്തുന്നതിന് പുരാവസ്തു വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്. നാടിന്റെ ചരിത്രം, ചരിത്ര സൂക്ഷിപ്പുകൾ എന്നിവയുടെ പ്രാധാന്യം സംബന്ധിച്ച് യുവതലമുറയിൽ അവബോധം സൃഷ്ടിക്കുന്നതിനായി പുരാരേഖാ വകുപ്പിൽ സൂക്ഷിച്ചുപോരുന്ന അമൂല്യങ്ങളായ ചരിത്ര രേഖകൾ ഉപയോഗപ്പെടുത്തി ഗവേഷണത്തിനായി എത്തുന്ന വിദ്യാർത്ഥികൾക്ക് വകുപ്പ് ആധുനിക സൗകര്യ ങ്ങളോടുകൂടിയ ഒരു പഠന ഗവേഷണ സ്ഥാപനമായി നിലകൊള്ളുന്നു. പൊതുവി ദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഹെറിറ്റേജ് ക്ലബ്ബുകൾ സ്ഥാപിച്ചിട്ടുണ്ട്. ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഹെറിറ്റേജ് ക്ലബ്ബുകൾക്ക് ഹെറിറ്റേജ് ഗ്രാന്റ്, അവാർഡ് എന്നിവ നൽകി വരുന്നു. കൂടാതെ ടി ഹെറിറ്റേജ് ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും ചരിത്ര ക്വിസ് സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. ചരിത്ര ക്വിസിൽ പങ്കെടുത്തു വിജയിക്കുന്ന കുട്ടികളെയും അവരുടെ രക്ഷിതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് ചരിത്ര പഠനയാത്ര, ചരിത്ര പഠന ക്യാമ്പ് എന്നിവയും പുരാരേഖാവകുപ്പ് സംഘടിപ്പിച്ചുവരുന്നു. പുരാരേഖാ വകുപ്പിന്റെ പ്രാധാന്യവും

പ്രവർത്തനങ്ങളും അടുത്തറിയുന്നതിനായി സ്കൂൾ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് "കുട്ടികൾ-ആർക്കൈവ്സിന്റെ കൂട്ടുകാർ" എന്ന പേരിൽ ദ്വിദിന സെമിനാർ സംഘടിപ്പിച്ചുപോരുന്നു. കൂടാതെ യുവാക്കളിലും വിദ്യാർത്ഥികളിലും ചരിത്രാവബോധം വളർത്തുന്നതിനായി ചരിത്ര സെമിനാറുകൾ. ചർച്ചകൾ, എക്സിബിഷനുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു.

## വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള വിജ്ഞാപനം

284 (1034) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ.(ആർ.റ്റി.) 101/2020/സി.എ.ഡി. പ്രകാരം ആലുവ നിയോജക മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം 2-2-2021-ൽ അഞ്ചാം നമ്പറായുള്ള സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചതിനുശേഷം അന്തിമ വിജ്ഞാപനത്തിനുള്ള എന്തെല്ലാം നടപടികളാണ് പുരാവസ്തു വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അന്തിമ വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) എറണാകുളം ജില്ലയിലെ ആലുവ കിഴക്കുംഭാഗം വില്ലേജിലെ വലിയ തമ്പുരാൻ കോവിലകം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചുകൊണ്ടുള്ള പ്രാഥമിക വിജ്ഞാപനം (Kerala Gazette No. 5 dated 2nd February, 2021) പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയെത്തുടർന്നുള്ള നിയന്ത്രണങ്ങൾ/അടച്ചിടൽ അവസാനിച്ചാൽ ഉടൻതന്നെ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) അന്തിമ വിജ്ഞാപനത്തിനായി എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല.

(നക്ഷത്രചിഹ്നമിടാത്ത 1026-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം എഡിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 am]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 1419-ാം നമ്പർ ചോദ്യത്തിന്റെ
തിരുത്തിയ ഉത്തരം

റവന്യൂം ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിൽ 31-10-2019-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1419-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*.

## III അടിയന്തരപ്രമേയം

വിദൂര വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അംഗീകാരം

മി. സ്പീക്കർ: ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് കോഴ്സുകൾ നൽകുവാൻ യു.ജി.സി.-യുടെ വിദൂര വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അംഗീകാരം ലഭിക്കാത്തതുകൊണ്ട് ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്തതായി പറയപ്പെടുന്ന സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): സർ, സംസ്ഥാനത്ത് നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായി ആധുനിക ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി എല്ലാ വൈജ്ഞാനിക മേഖലകളിലും വിവിധതലത്തിലുള്ള ഉന്നതവിദ്യാഭ്യാസം വിദൂര വിദ്യാഭ്യാസത്തിലൂടെ പ്രദാനം ചെയ്യുന്നതിനും നൈപുണ്യവികസനത്തിനും ലക്ഷ്യം വച്ചുകൊണ്ടാണ് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് സ്ഥാപിതമായത്. കേരളത്തിലെ നവോത്ഥാന നായകനും സാമൂഹ്യപരിഷ്കർത്താവുമായ മഹാനായ ശ്രീനാരായണഗുരുവിന്റെ പേരിൽ കൊല്ലം ആസ്ഥാനമായി 2020 ഒക്ടോബർ 2-നാണ് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല സ്ഥാപിതമായത്. തുടർന്ന് സർവ്വകലാശാലയ്ക്ക് യു.ജി.സി.-യിൽ നിന്നും ലഭ്യമാക്കേണ്ട 2(f) അംഗീകാരം ലഭിക്കുന്നതിനായി ആവശ്യമായ രേഖകൾ സമർപ്പിക്കുകയുണ്ടായി. സർവ്വകലാശാലയുമായി ബന്ധപ്പെട്ട ആക്ടിന്റേയും വൈസ് ചാൻസലർ,

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്

പ്രോ-വൈസ് ചാൻസലർ, രജിസ്ട്രാർ എന്നിവരുടെ നിയമന ഉത്തരവുകളുമാണ് 2(f) അംഗീകാരം ലഭിക്കുന്നതിന് സമർപ്പിക്കേണ്ടത്. ആയവ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ യു.ജി.സി. അംഗീകാരം ലഭ്യമാവുകയും രാജ്യത്തെ സർവ്വകലാ ശാലകളുടെ പട്ടികയിൽ യൂണിവേഴ്സിറ്റിയുടെ പേര് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് യു.ജി.സി. അംഗീകാരമില്ല എന്ന തരത്തിലുള്ള പ്രചരണം വസ്തുതാവിരുദ്ധമാണ്. 29-01-2021-ലെ F.No.9-17/2020 (CPP-I/PU) കത്ത് മുഖാന്തരം ഇടക്കാല അംഗീകാരവും 7-5-2021-ലെ F.No.9-17/2020(CPP-I/PU) കത്ത് മുഖാന്തരം യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷന്റെ സ്ഥിരമായ അംഗീകാരവും സർവ്വകലാശാലയ്ക്ക് ലഭ്യമായിട്ടുണ്ട്. ഇതുപ്രകാരം ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയെ രാജ്യത്ത് ഒരു അംഗീകൃത സർവ്വകലാശാലയായി പ്രഖ്യാപിക്കുകയും യു.ജി.സി.-യുടെ വെബ്സൈറ്റിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ യു.ജി.സി. നിയമപ്രകാരം ഒരംഗീകൃത യൂണിവേഴ്സിറ്റിക്ക് വിദൂര വിദ്യാഭ്യാസ മാതൃകയിൽ കോഴ്സുകൾ തുടങ്ങുന്നതിന് യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ഇതിനുവേണ്ടിയുള്ള അപേക്ഷകൾ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോ രാജ്യത്തെ എല്ലാ സർവ്വകലാ ശാലകളിൽനിന്നും രണ്ടുതവണ സ്വീകരിക്കാറുണ്ട്. യൂണിവേഴ്സിറ്റി തുടങ്ങാനുദ്ദേശിക്കുന്ന പ്രോഗ്രാമുകളുടെ സിലബസും സർവ്വകലാശാലയെ സംബന്ധിച്ച മറ്റ് വിശദാംശ ങ്ങളുമാണ് പോർട്ടൽവഴി സമർപ്പിക്കേണ്ടത്. 2020-ലെ യു.ജി.സി.-യുടെ വിദൂര വിദ്യാഭ്യാസ പഠനത്തിന്റെ റെഗുലേഷനനുസൃതമായി നേരിട്ടുള്ള പരിശോധനകൾക്കു ശേഷമാണ് പ്രോഗ്രാമുകൾ തുടങ്ങാനുള്ള അനുമതി ലഭിക്കുന്നത്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ഇരുപത് ബിരുദ കോഴ്സുകളും ഏഴ് ബിരുദാനന്തര ബിരുദ കോഴ്സുകളും ആദ്യഘട്ടത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. യു.ജി.സി. നിബന്ധന കൾക്കനുസൃതമായി ഭാഷാ വിഷയങ്ങളിലും സയൻസ് വിഷയങ്ങളിലും വിവിധ കോഴ്സുകൾ വിഭാവനം ചെയ്തു കഴിഞ്ഞിട്ടുണ്ട്. മുന്നൂറോളം സർവ്വകലാശാല കോളേജ് അദ്ധ്യാപകർ പങ്കെടുത്ത നിരവധി വർക്ക്ഷോപ്പുകളിലൂടെ ബിരുദകോഴ്സുകളുടെ കരിക്കുലവും സിലബസും പ്രോഗ്രാം പ്രോജക്ട് റിപ്പോർട്ടുകളും തയ്യാറാക്കിയിട്ടുണ്ട്. ഗുണമേന്മയുള്ള വിദൂരവിദ്യാഭ്യാസം ഉറപ്പുവരുത്താനായി സർവ്വകലാശാല വികസിപ്പിച്ച രൂപരേഖയുടെ അടിസ്ഥാനത്തിലുള്ള സ്വയംപഠന വസ്തുക്കളുടെ നിർമ്മാണം പൂർത്തിയായിവരുന്നു. സ്വയംപഠന വസ്തുക്കൾ പുസ്തക രൂപത്തിലും ഓൺലൈൻ രീതിയിലും വെർച്വൽ വിദ്യാഭ്യാസ മാതൃകയിലും നൽകാനാണുദ്ദേശിക്കുന്നത്. സാമ്പ്രദായിക വിദൂര വിദ്യാഭ്യാസ മാതൃകയും ഓൺലൈൻ വിദ്യാഭ്യാസ രീതികളും സംയോജിപ്പിക്കുന്ന രീതിയാണ് സർവ്വകലാശാല പിന്തുടരാനുദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും സർവ്വകലാശാല തയ്യാറാക്കി

വച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ നിലവിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനുപുറമേ അക്കാദമിക പ്രവർത്തനങ്ങൾക്കുവേണ്ടി പടിഞ്ഞാറെക്കൊല്ലം ഹയർ സെക്കൻഡറി സ്കൂളിൽ കേന്ദ്രീയ വിദ്യാലയം പ്രവർത്തിച്ചിരുന്ന കെട്ടിടങ്ങളും മറ്റും വിട്ടുനൽകുന്നതിനുവേണ്ടിയുള്ള സർവ്വകലാശാലയുടെ ആവശ്യം സർക്കാർ പരിഗണിച്ചുവരികയാണ്. അതുകൂടാതെ സർവ്വകലാശാലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി ബഡ്ജറ്റിൽ പത്തുകോടി രൂപ അധികമായും വകയിരുത്തി യിട്ടുണ്ട്. ഡിസ്റ്റൻസ് എജ്യുക്കേഷൻ ബ്യൂറോയുടെ പോർട്ടൽ അവസാനമായി തുറന്നത് 2020 നവംബർ മാസത്തിലാണ്. കോവിഡ് മഹാമാരിയെ തുടർന്ന് പോർട്ടൽ തുറക്കുന്ന തീയതി യു.ജി.സി. ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. പോർട്ടലിൽ സമർപ്പിക്കുവാനായി ഇരുപത് ബിരുദ കോഴ്സുകളുടേയും ഏഴ് ബിരുദാനന്തര ബിരുദ കോഴ്സുകളുടേയും കരിക്കുലവും സിലബസും പ്രോഗ്രാം പ്രോജക്ട് റിപ്പോർട്ടുകളും സർവ്വകലാശാല തയ്യാറാക്കി കാത്തിരിക്കുകയാണ്. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ പോർട്ടൽ തുറക്കുന്നമുറയ്ക്ക് ആയവ സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കി അഡ്മിഷൻ ആരംഭിക്കാവുന്നതാണ്. സാധാരണയായി പ്ലസ് ടു, യു.ജി. പരീക്ഷാ ഫലങ്ങൾ വരുന്നമുറയ്ക്ക് മാത്രമേ അഡ്മിഷനുകൾ ആരംഭിക്കാൻ കഴിയൂ. ഒക്ടോബർ മാസത്തോടെയാണ് മുൻകാലങ്ങളിൽ വിദൂര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട അഡ്മിഷൻ പ്രക്രിയകൾ നടക്കാറുള്ളത്. അതിനുമുൻപായി പോർട്ടൽ തുറക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഏതെങ്കിലും വിധത്തിൽ അതിന് പ്രതിബന്ധങ്ങളുണ്ടാകുന്നപക്ഷം നിലവിലുള്ള സാഹചര്യങ്ങളിൽ കുട്ടികൾക്ക് വിദ്യാഭ്യാസ സാഹചര്യങ്ങളൊരുക്കാൻ സാധ്യതകളുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, യു.ജി.സി. അംഗീകാരം കിട്ടിയിട്ടില്ലായെന്നല്ല നോട്ടീസ് നൽകിയിട്ടുള്ളത്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് കോഴ്സുകൾ നടത്തുവാൻ യു.ജി.സി.-യുടെ വിദൂര വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ അംഗീകാരം ലഭിക്കാത്തതുകൊണ്ട് കഴിയുന്നില്ല എന്നാണ് എഴുതിയിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയും അതുതന്നെയാണ് പറഞ്ഞത്. 'ഓപ്പറേഷൻ സക്സസ്, പേഷ്യന്റ് ഡൈഡ്' എന്നാണ് മന്ത്രി പറഞ്ഞപ്പോൾ തോന്നിയത്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് കോഴ്സുകൾ നടത്താൻ യു.ജി.സി.-യുടെ ഡിസ്റ്റൻസ് എജ്യുക്കേഷൻ ഡയറക്ടറേറ്റിന്റെ അംഗീകാരം ഇതുവരെ ലഭിക്കാത്തതുകൊണ്ട് ഈ വർഷവും വിദ്യാർത്ഥികൾക്ക് കോഴ്സുകളിൽ പ്രവേശനം നൽകാനാവില്ല. നിരവധി നൂതന കോഴ്സുകൾ ആരംഭിക്കുമെന്ന് കഴിഞ്ഞവർഷം യൂണിവേഴ്സിറ്റി അധികൃതർ പ്രഖ്യാപിച്ചുവെങ്കിലും ഈ കോഴ്സുകൾ നടത്തുവാനുള്ള പ്രാഥമിക സൗകര്യങ്ങൾപോലും സർവ്വകലാശാലയ്ക്കില്ല. വിദ്യകൊണ്ട് പ്രബുദ്ധരാകാൻ ഉപദേശിച്ച ശ്രീനാരായണ ഗുരുദേവന്റെ നാമധേയത്തിലുള്ള ഈ സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം ചെയ്യാൻ സൗകര്യമില്ലാതെ

അത് നിഷേധിക്കുന്നു എന്നതാണ് യഥാർത്ഥ വസ്തുത. സംസ്ഥാനത്തെ പ്ലസ് ടു പാസ്സാകുന്ന വിദ്യാർത്ഥികളിൽ ഒന്നര ലക്ഷത്തോളം കുട്ടികൾ വിദ്യാഭ്യാസത്തിന് സമാന്തരപഠനത്തെയാണ് ആശ്രയിക്കുന്നത്. ഇവിടെ അനിശ്ചിതത്വം നില നിൽക്കുന്നതുകൊണ്ട് നല്ലൊരു പങ്ക് വിദ്യാർത്ഥികൾക്ക് തുടർപഠനത്തിന് അന്യ സംസ്ഥാനങ്ങളിലെ സർവ്വകലാശാലകളെ ആശ്രയിക്കേണ്ടിവന്നിരിക്കുകയാണ്. കോഴ്സുകൾക്ക് യു.ജി.സി. അനുമതി ലഭിച്ചതിനുശേഷം മാത്രമേ ഓപ്പൺ യൂണിവേഴ്സിറ്റി പ്രവർത്തനം ആരംഭിക്കുവാൻ പാടുള്ളൂവെന്ന സർക്കാർ നിയമിച്ച സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് നിരാകരിച്ചുകൊണ്ടാണ് കഴിഞ്ഞവർഷം ഓപ്പൺ യൂണിവേഴ്സിറ്റി തിരക്കുപിടിച്ച് ആരംഭിച്ചത്. യാതൊരു അടിസ്ഥാന സൗകര്യങ്ങളുമൊരുക്കാതെ തിരക്കുപിടിച്ച് ഈ യൂണിവേഴ്സിറ്റി ആരംഭിച്ചതിനുകാരണം തെരഞ്ഞെടുപ്പായിരുന്നു. ശ്രീനാരായണീയരുടെ വൈകാരികത മുതലാക്കുക എന്നുള്ള ലക്ഷ്യം മാത്രമായിരുന്നു അതിന്റെ പിന്നിലുള്ളത്. കേരള, കോഴിക്കോട്, എം.ജി., കണ്ണൂർ സർവ്വകലാശാ ലകളിലുള്ള സമാന്തര ബിരുദ പഠനവും വിദൂരപഠനവും നിയമഭേദഗതിയോടൊപ്പം വേർപ്പെടുത്തിയതായി നിയമസഭ അംഗീകരിക്കുകയുണ്ടായി. ഈ നിയമം വന്നപ്പോൾ ഈ സർവ്വകലാശാലകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ മുഖേനയോ വിദൂര പഠനത്തിലൂടെയോ ഉള്ള കോഴ്സുകൾ മേലിൽ നടത്താനാകില്ല. 'അമ്മാത്തുനിന്ന് പുറപ്പെടുകയും ചെയ്തു, ഇല്ലത്തൊട്ട് എത്തിയതുമില്ല' എന്നതാണ് വിദൂര വിദ്യാഭ്യാസ ത്തിന്റെ ഇപ്പോഴത്തെ സ്ഥിതി. കഴിഞ്ഞ വർഷം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് കേരള, കാലിക്കറ്റ് സർവ്വകലാശാലകൾ സമാന്തര കോഴ്സുകൾ നടത്തിയത്. എന്നാൽ ഈ വർഷം വിദൂര കോഴ്സുകൾ നടത്താൻ അനുമതിക്കുള്ള അപേക്ഷ കേരള, കോഴിക്കോട് സർവ്വകലാശാലകൾ യു.ജി.സി.-ക്ക് സമർപ്പിച്ചിട്ടി ല്ലാത്തതുകൊണ്ട് വിദൂര വിദ്യാഭ്യാസ പഠനം തുടരാൻ അവിടെ തടസമുണ്ട്. ഓപ്പൺ യൂണിവേഴ്സിറ്റികൾ ആരംഭിച്ച തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ അവിടെയുള്ള ജനറൽ യൂണിവേഴ്സിറ്റികൾ സമാന്തര വിദ്യാഭ്യാസം നടത്തുന്നതിനെ തടഞ്ഞിട്ടില്ല. റെഗുലർ കോളേജ് പഠനത്തിന് പ്രവേശനം ലഭിക്കാത്ത ആയിരക്കണക്കിന് വിദ്യാർത്ഥികൾ അഫിലിയേറ്റഡ് സർവ്വകലാശാലകളിൽ സമാന്തര പഠനം തുടരാൻ താൽപ്പര്യപ്പെടുന്നതുകൊണ്ട് സംസ്ഥാനത്തെ അഫിലിയേറ്റഡ് സർവ്വകലാശാലകൾക്ക് സമാന്തര വിദ്യാഭ്യാസവും വിദൂര വിദ്യാഭ്യാസവും നടത്താനുള്ള അധികാരം സ്ഥിരമായി നൽകണം. അതിനനുസൃതമായി സർവ്വകലാശാലാ നിയമങ്ങൾ അടിയന്തരമായി ഭേദഗതി ചെയ്ത് നിലവിലുള്ള അനിശ്ചിതത്വത്തിന് വിരാമമിടാൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി എന്നുപറയുന്നത് ശരിയല്ല. ഇവിടെ നിയമനങ്ങളെല്ലാം വന്നു. ഗവൺമെന്റ് ആഗ്രഹിക്കുന്ന ആളുകളെയെല്ലാം നിയമിച്ചു. വിദ്യാർത്ഥികൾക്ക്

പഠിക്കാൻ സൗകര്യമുണ്ടായില്ലെങ്കിലും എല്ലാ നിയമനങ്ങളും ഭംഗിയായി നടത്തിയിട്ടുണ്ട്. അതിന്റെ പിന്നിലെ കഥകളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കോവിഡ് കാലത്ത് തിരക്കിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രോ-ചാൻസലറായി ഡിജിറ്റൽ യൂണിവേഴ്സിറ്റി ആരംഭിച്ചതും തുടർന്ന് ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിച്ചതും അക്കാദമിക് സമൂഹത്തിന്റെ ആവശ്യങ്ങളോ നിർദ്ദേശങ്ങളോ പരിഗണിച്ചായിരുന്നില്ല. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ഉൾപ്പെടെ കേരളത്തിലെ ഒരു യൂണിവേഴ്സിറ്റിയിലെയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാനുള്ള പ്രഖ്യാപനം ഇപ്പോഴും നടപ്പായിട്ടില്ല. ഈ സന്ദർഭത്തിൽ ഒരു കാര്യംകൂടി ഞാൻ ചൂണ്ടിക്കാണിക്കട്ടെ. ഫിഷറീസ് സർവ്വകലാശാല എന്റെ നിയോജകമണ്ഡലത്തിലാണ്. അതുകൊണ്ട് പറഞ്ഞതാണ്. ഞാൻ ഫിഷറീസ് മന്ത്രിയായിരുന്നു.

മി. സ്പീക്കർ: അങ്ങയുടെ അടിയന്തരപ്രമേയ നോട്ടീസിന്റെ പരിധിയിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ വഴുതിപ്പോകുന്നില്ല. ഫിഷറീസ് സർവ്വകലാശാലയിൽ.....

മി. സ്പീക്കർ: ശ്രീ. കെ. ബാബു, അങ്ങ് നോട്ടീസിന്റെ പരിധിയിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അനുമതിയോ? ഗൗരവമുള്ള പ്രശ്നമാണിത്.

മി. സ്പീക്കർ: അത് വേറെ ഉന്നയിക്കാം. അങ്ങ് വളരെ പരിചയസമ്പന്നനാണ്. നോട്ടീസിന്റെ പരിധിയിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അവിടെ വൈസ് ചാൻസലർ അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് നിയമനം നൽകി. രജിസ്ട്രാർ അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് നിയമനം നൽകി. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രിക്കും ഗവർണർക്കും നിവേദനം നൽകിയിട്ടുണ്ട്. അവിടെ നടന്ന ചില കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്. ഞാൻ കൂടുതലൊന്നും സംസാരിക്കുന്നില്ല. സൗത്ത് ആഫ്രിക്കൻ യൂണിവേഴ്സിറ്റിയുടെ കവാടത്തിൽ ചിന്തോദ്ദീപകമായ ഒരു സന്ദേശം എഴുതിവച്ചിട്ടുണ്ട്. 'ഒരു രാജ്യത്തെ തകർക്കാൻ ആറ്റം ബോംബോ മിസൈലോകൊണ്ട് ആക്രമിക്കേണ്ടതില്ല, ആ രാജ്യത്തെ വിദ്യാഭ്യാസ നിലവാരം തകർക്കുകയും പരീക്ഷാ നടത്തിപ്പ് അലമ്പാക്കുകയും ചെയ്താൽ മതി' എന്നാണത്. അത് കേരളത്തിലെ പല സർവ്വകലാശാലകൾക്കും ബാധകമാണോ എന്ന് എനിക്ക് സംശയം തോന്നിപ്പോകുകയാണ്.

മി. സ്പീക്കർ: ദക്ഷിണാഫ്രിക്കയിൽനിന്ന് അങ്ങ് ഇങ്ങോട്ട് വരൂ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ നിർത്തുകയാണ്. സമയമായിട്ടില്ല. (....ബഹളം....) ഇങ്ങനെ ബഹളമുണ്ടാക്കുന്നതെന്തിനാണ്?

മി. സ്പീക്കർ: അങ്ങ് ചെയറിനെ അഡ്രസ്സ് ചെയ്യൂ. (....ബഹളം....) അദ്ദേഹം സംസാരിക്കട്ടെ. അങ്ങ് ചുരുക്കി സംസാരിക്കൂ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ ഒന്നും പറഞ്ഞില്ലല്ലോ. ഇവർ എന്നെ ഭയപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. സംസാരിക്കാൻ സമ്മതിക്കണ്ടേ?

മി. സ്പീക്കർ: അങ്ങ് വിഷയം അവതരിപ്പിച്ച് കഴിഞ്ഞല്ലോ. ദയവായി ഉപസംഹരിക്കൂ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഒരു മിനിറ്റുകൂടി. 'ഒരു പീഡയെറുമ്പിനും വരുത്തരുതെന്നുള്ളനുകമ്പയും സദാ കരുണാകര!' എന്നുപറഞ്ഞ മഹാമനീഷിയാണ് ഗുരുദേവൻ. ആ ഗുരുദേവന്റെ നാമത്തിൽ തുടങ്ങിയ സർവ്വകലാശാല ലക്ഷക്കണക്കിന് വിദ്യാർത്ഥികളെ മാനസികമായി പീഡിപ്പിച്ചുകൊണ്ടിരിക്കുകയാണ്. രക്ഷിതാക്കളും ആശങ്കയിലാണ്. ഇവിടെ അഡ്മിഷൻ എന്ന് തുടങ്ങുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടില്ല. മറ്റ് സർവ്വകലാശാലകളിൽ അഡ്മിഷൻ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുമോയെന്നും പറഞ്ഞിട്ടില്ല. xxxxxxxxxxxxx* എന്ന് അഭ്യർത്ഥിക്കുന്നു. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, ഇത്തരം പരാമർശങ്ങൾ സഭാരേഖയിൽ ഉണ്ടാകാൻ പാടില്ല.

മി. സ്പീക്കർ: അത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കും.

ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): സർ, വിദൂര വിദ്യാഭ്യാസ മേഖലയിൽ പഠനാവസരം തേടുന്നവരിൽ ബഹുഭൂരിപക്ഷം പേരും സാമൂഹ്യ, സാമ്പത്തിക സാഹചര്യങ്ങൾകൊണ്ട് പിന്നാക്കാവസ്ഥകളിൽ നിൽക്കുന്നതും ജീവിത പ്രയാസങ്ങൾ അനുഭവിക്കുകയും ചെയ്യുന്ന വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളാണ്. അവർക്ക് റെഗുലർ മോഡിൽ കോളേജിൽ പോയി ക്ലാസ് അറ്റൻഡ് ചെയ്യാൻ കഴിയാത്തതുകൊണ്ടാണ് വിദൂര രീതിയിൽ വിദ്യാഭ്യാസം തേടുന്നത്. അത്തരം കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകണമെന്ന

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ 9401/ഇ.ബി/2021/നി.സെ തീയതി 11-6-2021) സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

നിശ്ചയദാർഢ്യത്തോടും സാമൂഹ്യ പ്രതിബദ്ധതയോടും കൂടിയുള്ള ഇച്ഛാശക്തിയുള്ള തീരുമാനത്തിന്റെ ഭാഗമായിത്തന്നെയാണ് കഴിഞ്ഞ സർക്കാർ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല സ്ഥാപിച്ചിട്ടുള്ളത്. അത് നൽകുകതന്നെ ചെയ്യും. അതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. നിയമനങ്ങൾ നടത്തിയെന്നൊക്കെ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. സർവ്വകലാശാല സ്ഥാപിക്കപ്പെട്ടതിനുശേഷം സർവ്വകലാശാലയുടെ ആക്ടും വൈസ് ചാൻസലറെയും പ്രോവൈസ് ചാൻസലറെയും രജിസ്ട്രാറെയും നിയമിച്ചതിന്റെ ഉത്തരവുമടക്കം സമർപ്പിച്ചാലാണ് സർവ്വകലാശാലയ്ക്ക് യു.ജി.സി.-യുടെ പ്രാഥമികമായ 2(f) അംഗീകാരം ലഭിക്കുന്നത്. അതുകൊണ്ട് നിയമനങ്ങൾ നടത്താതെ മുന്നോട്ടുപോകാൻ കഴിയില്ല. സർവ്വകലാശാല സ്ഥാപിച്ചതിനുശേഷം മാത്രം നിയമനം നടത്തുക എന്ന് ഇവിടെ വ്യാഖ്യാനിച്ചത് കുട്ടി ജനിക്കുന്നതിനുമുമ്പ് മാമോദീസ മുക്കണം എന്ന് ആവശ്യപ്പെടുന്നതുപോലുള്ള ഒരു കാര്യമാണ്. ഇതുവരെ എല്ലാ നടപടിക്രമങ്ങളും കൃത്യമായി പൂർത്തീകരിച്ചിട്ടുള്ള സർവ്വകലാശാല നമ്മുടേതല്ലാത്ത കാരണങ്ങളാൽ അതായത്, യു.ജി.സി.-യുടെ പോർട്ടൽ കോവിഡ് മഹാമാരിമൂലം തുറക്കാത്തത് നിമിത്തമാണ് സാങ്കേതികമായി താൽക്കാലികമായ ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുള്ളത്. പോർട്ടൽ തുറക്കുന്നതുമായും സർവ്വകലാശാലയ്ക്ക് അംഗീകാരം ലഭ്യമാക്കുന്നതുമായും ബന്ധപ്പെട്ട കാര്യങ്ങൾ യു.ജി.സി.-യുടെ അധികാരികളുമായി ബന്ധപ്പെട്ട് നീക്കിക്കൊണ്ടിരിക്കുകയാണ്. ഒക്ടോബർ മാസത്തിലാണ് സ്വാഭാവി കമായും വിദൂര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട അഡ്മിഷനുകൾ നടക്കാറുള്ളത്. അതിനുമുമ്പ് ഈ രീതിയിലുള്ള അനുമതി ലഭ്യമാകാൻ ഏതെങ്കിലും തരത്തിലുള്ള പ്രതിബന്ധങ്ങൾ ഉണ്ടാകുന്നപക്ഷം കേരള യൂണിവേഴ്സിറ്റിയിലും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലുമൊക്കെ കഴിഞ്ഞ വർഷം നടന്നുപോന്നിരുന്നതുപോലെയുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് യാതൊരു തടസ്സവുമില്ല എന്ന് അറിയിക്കുകയാണ്. ഒരു കാരണവശാലും ഈ വിഭാഗം വിദ്യാർത്ഥികളെ പ്രയാസത്തിലാക്കുന്ന നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുകയില്ലെന്ന് മാത്രമല്ല, അവർക്ക് ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രതിജ്ഞാബദ്ധമായ പ്രവർത്തനങ്ങളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ യു.ജി.സി.-യുടെ പോർട്ടൽ തുറപ്പിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും അതുമായി ബന്ധപ്പെട്ട എല്ലാ ക്രമീകരണങ്ങളും ഇതിനകം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട് എന്ന് ഒരിക്കൽക്കൂടി ഞാൻ അടിവരയിട്ട് സൂചിപ്പി ക്കുകയാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം ഈ പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗ ങ്ങളിലുള്ള കുട്ടികൾക്ക് ലഭ്യമാക്കാനുള്ള പ്രതിജ്ഞാബദ്ധമായ പ്രവർത്തനം സർക്കാരിന്റെ ഭാഗമായി ഉണ്ടാകുമെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു സാഹചര്യവും ഇപ്പോഴില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയ ത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, വിദ്യാർത്ഥികളുടെ ഉന്നമനത്തിനോ അവരുടെ ഭാവിയോ ലക്ഷ്യമാക്കാതെ ക്രമവിരുദ്ധമായ നിയമ നങ്ങൾക്കും സ്വജനപക്ഷപാതത്തിനുംവേണ്ടി സർവ്വകലാശാലകളെ എങ്ങനെ ഉപയോഗിക്കാം എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) നൽകിയ നോട്ടീസിലൂടെ വ്യക്തമായ കാര്യം. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ആദ്യം പറഞ്ഞു, യു.ജി.സി.-യുടെ അംഗീകാരമുണ്ട് എന്ന്. യു.ജി.സി.യുടെ അംഗീകാരം എന്നുപറഞ്ഞ് നിങ്ങളുടെ കയ്യിലിരിക്കുന്ന പേപ്പർകൊണ്ട് ഇവിടെ കോഴ്സുകൾ ആരംഭിക്കാൻ സാധിക്കുമോ? പറ്റില്ല. യു.ജി.സി.യുടെ കീഴിലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതിയോടുകൂടിമാത്രമേ കോഴ്സുകൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. ഇവിടെ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻവേണ്ടി സർക്കാർ സ്പെഷ്യൽ ഓഫീസറായി ഡോ. ജെ. പ്രഭാഷിനെ നിയമിച്ചു. അദ്ദേഹം സർവ്വകലാശാല വിദ്യാഭ്യാസ രംഗത്ത് വളരെ പരിചയ സമ്പന്നനായ ഒരാളാണ്. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി വാങ്ങുക എന്നുള്ളതാണ് ഏറ്റവും പ്രധാനം എന്നാണ് അദ്ദേഹം വ്യക്തമാക്കിയത്. ഒക്ടോബറിൽ യൂണിവേഴ്സിറ്റി നിലവിൽ വന്നു, നവംബറിൽ ഇത് പുതിയതായി പോയി. ഇതിനിടയിൽ അംഗീകാരം തേടാൻവേണ്ടിയുള്ള ശ്രമങ്ങൾ നടത്തിയിട്ടില്ല, അവരുടെ പോർട്ടൽ അടച്ചുപോയി എന്നാണ് പറഞ്ഞത്. (...ബഹളം...) ഡോ. കെ. ടി. ജലീൽ, അങ്ങ് ഇപ്പോൾ മന്ത്രിയല്ലല്ലോ. ബഹുമാനപ്പെട്ട മന്ത്രി ഇവിടെയുണ്ടല്ലോ. (...ബഹളം...) ഞാൻ പറയുകയല്ലേ, അതിനിടയിൽ അങ്ങനെ പറയാൻ പാടില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എ. എൻ. ഷംസീർ, പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ. (...ബഹളം...)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ശ്രീ. എ. എൻ. ഷംസീർ എന്നുമുതലാണ് സ്പീക്കറായത്? (...ബഹളം...)

<u>മി. സ്പീക്കർ</u>: ശ്രീ. എ. എൻ. ഷംസീർ, ഇരിക്കൂ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കൂ. (...ബഹളം...)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, എന്താണിത്; എന്താണ് അപമാനിക്കുന്നത്; ഞാൻ ഇവിടെ സംസാരിക്കുകയല്ലേ? (...ബഹളം...)

ശ്രീ. പി. ടി. തോമസ്: സർ, ......... (മൈക്ക് ഓഫ്) (...ബഹളം...)

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എല്ലാ കമന്റുകളോടും പ്രതികരിക്കേണ്ട ആവശ്യമില്ല. (...ബഹളം...)

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങനെ അല്ലല്ലോ. ഇവിടെ അങ്ങ് ഇരിക്കുന്ന ചെയറിൽനിന്നും പറയേണ്ട കാര്യങ്ങൾ ചിലർ സീറ്റിൽനിന്നും പറയുകയാണ്. അത് ശരിയാണോ? അങ്ങയുടെ അധികാരം ബഹുമാനപ്പെട്ട തലശ്ശേരി അംഗത്തിനുൾപ്പെടെയുള്ള ആളുകൾക്ക് അങ്ങ് കൊടുത്തിട്ടുണ്ടോ?(...ബഹളം...) സീറ്റിൽ ഇരുന്ന് എന്തും പറയുകയാണ്. ശ്രീ. എ. എൻ. ഷംസീറിന്റെ ക്ലാസ്സ് എനിക്കുവേണ്ട. (...ബഹളം...) എങ്ങനെ നിയമസഭയിൽ സംസാരിക്കണമെന്ന് എനിക്ക് ക്ലാസ്സ് എടുക്കേണ്ട ആവശ്യമില്ല. ഞാൻ എന്തായാലും ശ്രീ. എ. എൻ. ഷംസീറിനെ മാതൃകയാക്കാൻ ഉദ്ദേശിക്കുന്നില്ല.

മി. സ്പീക്കർ: അങ്ങ് ദയവായി ഇരിക്കൂ. (...ബഹളം...) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചെയർ പറയുന്നത് ശ്രദ്ധിച്ചാൽ മതി.

ശ്രീ. വി. ഡി. സതീശൻ: സർ, എന്നെ തടസ്സപ്പെടുത്തിയാൽ എന്നെ സംരക്ഷിക്കേണ്ടത് അങ്ങയുടെ ചുമതലയല്ലേ?

മി. സ്പീക്കർ: അതാണ് പറഞ്ഞത്, ചെയർ പറയുന്നത് ശ്രദ്ധിക്കുക, ചെയറിനെമാത്രം അഡ്രസ്സ് ചെയ്താൽ മതി എന്ന്. (...ബഹളം...) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ.

ശ്രീ. വി. ഡി. സതീശൻ: സർ, സ്പെഷ്യൽ ഓഫീസർ കൊടുത്ത റിപ്പോർട്ടിൽ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി വാങ്ങണമെന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് വളരെ വ്യക്തമായി പറയുന്നുണ്ട്. ഈ നിയമം കൊണ്ടുവന്നപ്പോൾ ഒരു കാര്യംകൂടി എഴുതിയിരുന്നു, ഈ സർവ്വകലാശാല വരുന്നതിനുമുൻപുതന്നെ കേരളത്തിലെ ബാക്കിയുള്ള യൂണിവേഴ്സിറ്റികളിൽ ഈ കോഴ്സുകൾ നടത്തിയിരുന്നു. സെക്ഷൻ 72 പറയുന്നത് "ഈ ആക്റ്റിലോ സംസ്ഥാനത്തെ മറ്റ് യൂണിവേഴ്സിറ്റി നിയമനങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാബല്യ തീയതിയിലും അന്ന് മുതൽക്കും വിദൂരവിദ്യാഭ്യാസത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ ഒരു പഠന കോഴ്സിലേയ്ക്ക് പ്രവേശനം നേടുവാൻ ഉദ്ദേശിക്കുന്ന ഒരു വിദ്യാർത്ഥിയുടെ സംഗതിയിൽ, ഈ ആക്റ്റ് മൂലം സ്ഥാപിക്കപ്പെട്ട യൂണിവേഴ്സിറ്റി അല്ലാത്ത സംസ്ഥാന നിയമംമൂലം സ്ഥാപിക്കപ്പെട്ട മറ്റേതൊരു സർവ്വകലാശാലയും അങ്ങനെയുള്ള വിദ്യാർത്ഥിക്ക് അത്തരം പഠന കോഴ്സുകളിലേയ്ക്ക് പ്രവേശനം നൽകാൻ പാടുള്ളതല്ല" എന്നാണ്. കേരളത്തിലെ നിലവിലുള്ള യൂണിവേഴ്സിറ്റികളിൽ

ഈ കോഴ്സ് നടത്തുന്നതിന് നിയമംമൂലം നിരോധിച്ചിട്ട് കേരള, കാലിക്കറ്റ് യൂണിവേഴ്സിറ്റികളിൽ തുടങ്ങാം എന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, നിയമംമൂലം കുട്ടിയെ കഴുത്ത് ഞെരിച്ച് കൊന്നതിനു ശേഷം അതിനെ മാമോദീസ മുക്കാൻ പറ്റുമോ? ഈ നിയമംമൂലം കേരള, കാലിക്കറ്റ് യൂണിവേഴ്സിറ്റികളിൽ കുട്ടികൾക്ക് പഠനസൗകര്യം ഒരുക്കാൻ സാധിക്കുമോ? എന്തിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ സഭയിൽനിന്നുകൊണ്ട് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയിൽനിന്നും ഈ അംഗീകാരം കിട്ടിയില്ലെങ്കിൽ ഞങ്ങൾ കേരള യൂണിവേഴ്സിറ്റിയിലോ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലോ തുടങ്ങുമെന്ന് പറയുന്നത്? നിയമംമൂലം ഈ സഭ അത് നിരോധിച്ചിരിക്കുകയാണ്. അപ്പോൾ പറയും, കഴിഞ്ഞ വർഷം ശരിയായില്ലേ? എന്നാൽ കഴിഞ്ഞ വർഷം ആളുകൾ കോടതിയിൽപ്പോയിട്ടാണ് ആ യൂണിവേഴ്സിറ്റികളിൽ കുട്ടികൾക്ക് പഠനസൗകര്യം ലഭിച്ചത്. ഇപ്രാവശ്യം ഈ യൂണിവേഴ്സിറ്റികൾ ഈ കാര്യത്തിനുവേണ്ടി അപേക്ഷപോലും കൊടുത്തിട്ടില്ല. അതുകൊണ്ടാണ് ഞങ്ങൾ ഈ പ്രശ്നം സഭയിൽ കൊണ്ടുവന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതു പോലെ കേരളത്തിൽ സാധാരണക്കാരായ പാവങ്ങളായ ഒന്നര ലക്ഷം വിദ്യാർത്ഥികൾ വഴിയാധാരമാകുകയാണ്. അവർക്ക് ഓൺലൈൻ കോഴ്സിനോ ഡിസ്റ്റൻസ് എഡ്യൂക്കേഷനോ പോകാൻ സാധിക്കുന്നില്ല, നിങ്ങൾ പോർട്ടൽ തുറന്നിട്ടില്ല, ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയിൽനിന്നും നിങ്ങൾക്ക് ഈ കോഴ്സ് തുടങ്ങാൻ അനുമതി ലഭിച്ചിട്ടില്ല, കേരള, കാലിക്കറ്റ് സർവ്വകലാശാലകളിലോ മറ്റേതെങ്കിലും യൂണിവേഴ്സിറ്റിയിലോ ഇത് തുടങ്ങാൻ കഴിയില്ല. അപ്പോൾ ഈ കുട്ടികൾ എവിടെപ്പോകും? അതാണ് ഞങ്ങൾ ഇവിടെ ചോദിക്കുന്നത്. ഞങ്ങൾ എവിടെപ്പോയാണ് ഈ വിഷയം അവതരിപ്പിക്കേണ്ടത്? ഞങ്ങൾ സർക്കാരിന്റെ മുൻപിലാണ് ഇത് പറയുന്നത്.

വൈസ് ചാൻസലറെ നിയമിച്ചു, പ്രോ-വൈസ് ചാൻസലറെ നിയമിച്ചു, രജിസ്ട്രാറെ നിയമിച്ചു എന്നൊക്കെ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. വൈസ് ചാൻസലറാകാൻ പ്രൊഫസറായിട്ട് പത്ത് വർഷത്തെ എക്സ്പീരിയൻസ് വേണം, അത് ഇല്ലാത്ത ഒരാളെ നിയമിച്ചു. പ്രോ-വൈസ് ചാൻസലറിന്റെ പ്രായപരിധി 60 വയസ്സാണെന്നാണ് ഈ നിയമത്തിൽ പാസ്സാക്കിയിരിക്കുന്നത്. ഈ നിയമത്തിന് വിരുദ്ധമായി 63 വയസ്സുകാരനെ നിയമിച്ചു. രജിസ്ട്രാർക്ക് സൂപ്പർവൈസറി എക്സ്പീരിയൻസ് വേണം. ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നു, അതാണ് സൂപ്പർവൈസറി എക്സ്പീരിയൻസ്. ഈ സർവ്വകലാശാലയിൽ നടത്തിയ ഈ മൂന്ന് നിയമനങ്ങളും irregular ആണ്, illegal ആണ്. (...ബഹളം...) ഞാൻ വഴങ്ങുന്നില്ല. അതുകൊണ്ടാണ് ഞങ്ങൾ പറഞ്ഞത്, ഈ irregular ആയിട്ടുള്ള... (...ബഹളം...) no, no ഞാൻ വഴങ്ങുന്നില്ല. (...ബഹളം...)

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ല എന്നുപറഞ്ഞല്ലോ. ഡോ. കെ. ടി. ജലീൽ, അദ്ദേഹം വഴങ്ങുന്നില്ല എന്നുപറഞ്ഞു, അങ്ങ് ഇരിക്കു. (...ബഹളം...) ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കു.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിന് മറുപടിയാണ് ഞാൻ പറഞ്ഞത്. മന്ത്രി പറഞ്ഞു, ഈ മൂന്ന് നിയമനങ്ങൾ നടത്തി, അത് കാണിച്ച് അപേക്ഷ കൊടുത്താൽ മാത്രമേ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയിൽനിന്നും അനുമതി കിട്ടുള്ളൂവെന്ന്. ഈ മൂന്ന് നിയമനങ്ങളും യു.ജി.സി. മാർഗ്ഗനിർദ്ദേശത്തിനും സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്കും എതിരായിട്ടുള്ളതാണ്. ഞാൻ വേണമെങ്കിൽ യു.ജി.സി. guidelines വായിക്കാം. വൈസ് ചാൻസലറിന്റെ നിയമനം ഞാൻ വായിക്കാം. പ്രോ-വൈസ് ചാൻസലറിന്റെ നിയമനവുമായി ബന്ധപ്പെട്ട് 60 വയസ്സിന് മുകളിലുള്ള ആൾ പാടില്ല എന്ന് ഈ നിയമത്തിൽ പറയുന്നുണ്ട്. രജിസ്ട്രാറുടെ നിയമനത്തിന് സൂപ്പർവൈസറി എക്സ്പീരിയൻസ് വേണം. 60 വയസ്സിനുമുകളിലുള്ള ഒരാളെ പ്രോ-വൈസ് ചാൻസലറായി നിയമിക്കാൻ പാടില്ല എന്ന് ഈ സഭ നിയമം പാസ്സാക്കുക, ഓർഡിനൻസിൽ അങ്ങനെ കൊണ്ടുവരിക, എന്നിട്ട് 63 വയസ്സുള്ള ആളെ നിയമിക്കുക, എവിടെ കേട്ടിട്ടുണ്ട് ഇതുപോലുള്ള നിയമനം? യു.ജി.സി. guidelines ലംഘിച്ചുകൊണ്ടുള്ളതാണ് ഈ irregular നിയമനം. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോ പരിശോധിച്ചാൽ നിങ്ങൾക്ക് ഈ കോഴ്സിനുള്ള അംഗീകാരം ലഭിക്കുമോ? ലഭിക്കില്ല. ഞങ്ങൾ കുട്ടികൾക്കുവേണ്ടിയാണ് പറയുന്നത്. നിങ്ങൾ ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല. ഈ സംസ്ഥാനത്തെ ഒന്നര ലക്ഷം കുട്ടികളെ ബാധിക്കുന്ന വിഷയമാണ്. (...ബഹളം...) അങ്ങയോട് ഞാൻ പറഞ്ഞല്ലോ വഴങ്ങില്ലെന്ന്. മന്ത്രിസ്ഥാനത്തിരുന്ന അങ്ങയെപ്പോലൊരാൾ ഇങ്ങനെ പതിനഞ്ച് പ്രാവശ്യം സംസാരിക്കാമോ? ഞാൻ അങ്ങേയ്ക്ക് വഴങ്ങുന്നില്ല. (...ബഹളം...)

മി. സ്പീക്കർ: ദയവായി അങ്ങ് സംസാരിക്കു.

ശ്രീ. വി. ഡി. സതീശൻ: സർ, എന്നെ തടസ്സപ്പെടുത്തിയാൽ എങ്ങനെ സംസാരിക്കും?

മി. സ്പീക്കർ: മൈക്ക് അങ്ങേയ്ക്ക് മാത്രമാണുള്ളത്. (...ബഹളം...)

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട ചെയറിനോട് ഞാൻ വളരെ വിനീതനായി പറയുന്നു, അങ്ങ് എന്നെയല്ല നിയന്ത്രിക്കേണ്ടത്, എന്നെ തടസ്സപ്പെടുത്തുന്ന ആളുകളെയാണ് അങ്ങ് നിയന്ത്രിക്കേണ്ടത്. I am on my legs. (...ബഹളം...)

മി. സ്പീക്കർ: അങ്ങ് ചുറ്റും കേൾക്കുന്ന എല്ലാ ശബ്ദങ്ങൾക്കും ചെവി കൊടുക്കേണ്ട ആവശ്യമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് സംസാരിക്കണ്ടേ? എന്നാൽ ഇവിടെ മന്ത്രിമാർ സംസാരിക്കുമ്പോൾ ഞങ്ങൾ 41 പേർ ബഹളമുണ്ടാക്കാം. അങ്ങനെ ഇവിടെ ആരെങ്കിലും സംസാരിക്കുന്നുണ്ടോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇത്രയും പ്രകോപിതനാകരുത്. ദയവായി അങ്ങ് ചെയറിനെ അഡ്രസ്സ് ചെയ്ത് സംസാരിക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് ശരിയല്ല. ഇവിടെ ഏത് പ്രതിപക്ഷ നേതാവും സംസാരിക്കുമ്പോൾ വളരെ മര്യാദപൂർവ്വമാണ് എല്ലാവരും കേട്ടുകൊണ്ടിരുന്നത്. ഒരു മര്യാദ വേണ്ടേ? മന്ത്രിയായിരുന്ന ഒരാൾ എഴുന്നേറ്റുനിന്ന് ബഹളമുണ്ടാക്കുകയാണ്. (...ബഹളം...)

മി. സ്പീക്കർ: ഡോ. കെ. ടി. ജലീൽ, ദയവായി അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം കിട്ടിയിട്ടില്ല. മറ്റ് യൂണിവേഴ്സിറ്റികളിൽ ഈ കുട്ടികൾക്ക് ഓൺലൈൻ വിദ്യാഭ്യാസം നടത്താനുള്ള അവരുടെ അവകാശത്തെയാണ് നിയമത്തിലൂടെ ഹനിച്ചിരിക്കുന്നത്. അവർക്ക് ഇഷ്ടമുള്ള സ്ഥാപനങ്ങളിൽപ്പോയി പഠിക്കാനുള്ള അവകാശമുണ്ട്. സെക്ഷൻ 72-ലൂടെ ആ അവകാശം നിഷേധിച്ചു, അവർക്ക് മറ്റ് യൂണിവേഴ്സിറ്റികളിൽപ്പോയി പഠിക്കാനുള്ള അവകാശമില്ല. ഇനി യു.ജി.സി.യുടെ അംഗീകാരം ലഭിക്കണമെങ്കിൽപ്പോലും irregular ആയിട്ടുള്ള ഈ മൂന്ന് നിയമനങ്ങൾ നടത്തിയതുകൊണ്ട് കിട്ടാനുള്ള സാധ്യത വളരെ കുറവാണ്. അതുകൊണ്ട് ഞങ്ങൾക്ക് സർക്കാരിന്റെ മുൻപാകെ മൂന്ന് നിർദ്ദേശങ്ങളാണ് വയ്ക്കാനുള്ളത്. ഒന്ന്, ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി ലഭിക്കാനുള്ള നടപടി സ്വീകരിക്കണം. രണ്ട്, വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ, രജിസ്ട്രാർ എന്നിവരെ നിയമവിരുദ്ധമായി നിയമിച്ചതുകൊണ്ട് അവരെ പിരിച്ചുവിട്ട് യു.ജി.സി. നിബന്ധനകൾക്കും സഭ പാസ്സാക്കിയ നിയമത്തിനുമനുസൃതമായി, അതിൽ പ്രതിപാദിക്കുന്ന യോഗ്യത അനുസരിച്ചുള്ള മൂന്നുപേരെ നിയമിക്കണം. മൂന്ന്, സെക്ഷൻ 72 ഒരു ഓർഡിനൻസിലൂടെ അടിയന്തരമായി ഭേദഗതി ചെയ്ത് എല്ലാ യൂണിവേഴ്സിറ്റികളിലും കുട്ടികൾക്ക് പഠിക്കാനുള്ള അനുവാദം കൊടുക്കണം. ശ്രീനാരായണഗുരുവിന്റെ പേരുകൊണ്ട് ഒരു യൂണിവേഴ്സിറ്റിയുണ്ടാക്കിയിട്ട് ആ മഹാനായ ഗുരുദേവന്റെ പേരിന് നിങ്ങൾ കളങ്കംചാർത്തരുത്. (...ബഹളം...)

പ്രൊഫ. ആർ. ബിന്ദു : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സൂചിപ്പിച്ചു, ചത്ത കുട്ടിയാണെന്ന്. (......ബഹളം.....)

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കട്ടെ. (....ബഹളം....) ഇരിക്കു.... ഇരിക്കു.... എന്താണ് പ്രശ്നം? (....ബഹളം....) മന്ത്രി സംസാരിക്കുകയല്ലേ? (....ബഹളം....) ഇരിക്കു.....ഇരിക്കു.... (.....ബഹളം....)

ഡോ. കെ. ടി. ജലീൽ: സർ, പോയിന്റ് ഓഫ് ഓർഡർ, പ്രതിപക്ഷ നേതാവ് അടിയന്തരപ്രമേയ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് തന്റെ സമാപന പ്രസംഗം നടത്തുമ്പോൾ ഈ ഭാഗത്തുനിന്ന് ആരെങ്കിലും ഒരു ക്ലാരിഫിക്കേഷനുവേണ്ടി എഴുന്നേറ്റാൽ വഴങ്ങിക്കൊടുക്കാറുണ്ട്. മുൻ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല ആരൊക്കെ എഴുന്നേറ്റിട്ടുണ്ടോ അവർക്കൊക്കെ വഴങ്ങിക്കൊടുക്കുന്ന പതിവുണ്ടായിരുന്നു. നമ്മുടെ പുതിയ പ്രതിപക്ഷ നേതാവ് ഇന്നുവരെ തന്റെ ഒരു പ്രസംഗത്തിലും ഇപ്പുറത്തുനിന്ന് ഒരാൾ ഇടപെടാൻവേണ്ടി ശ്രമിച്ചിട്ട് വഴങ്ങി ക്കൊടുത്തിട്ടില്ലായെന്നുള്ള കാര്യം ഞാൻ പ്രത്യേകം സൂചിപ്പിക്കുകയാണ്.

മി. സ്പീക്കർ: ഇതിലെ പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ഡോ. കെ. ടി. ജലീൽ: സർ, പ്രതിപക്ഷ നേതാവിന്റെ കസേരയിൽ ഇരുന്നുകൊണ്ട് അദ്ദേഹം എന്നെ ചൂണ്ടിപ്പറഞ്ഞത് എന്താണെന്ന് എല്ലാവരും കണ്ടതാണ്. അത് അദ്ദേഹത്തിന് യോജിച്ചതാണോ അല്ലയോ എന്നുള്ളത് അദ്ദേഹം വ്യക്തമാക്കിയാൽ മതി.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രതിപക്ഷ നേതാവെന്നുള്ള നിലയിൽ വാക്ക്ഔട്ട് പ്രസംഗം നടത്തുമ്പോഴും അല്ലാത്ത പ്രസംഗം നടത്തുമ്പോഴും ഇവിടെ പല മന്ത്രിമാർക്കും മെമ്പർമാർക്കും വഴങ്ങിക്കൊടുത്തിട്ടുണ്ട്. അങ്ങ് ഈ സഭയിൽ ഇരിക്കാത്തതുകൊണ്ടാണ് അതറിയാതെ പോയത്. അതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം, എന്റെ പ്രസംഗത്തെ തുടരെത്തുടരെ തടസ്സപ്പെടുത്തുകയാണ്. ഇവിടെ ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ സംസാരിച്ചപ്പോൾ അദ്ദേഹം ആദ്യം ആർക്കും വഴങ്ങിക്കൊടുത്തില്ല. അദ്ദേഹത്തിന്റെ പോയിന്റ് എല്ലാം പറഞ്ഞുതീർത്തതിനുശേഷം അവസാനമാണ് വഴങ്ങിക്കൊടുത്തത്. എന്നാൽ ഞാൻ ഇവിടെ സംസാരിക്കുമ്പോൾ, ഏതോ ഒരു നിയോഗം കിട്ടിയതു പോലെ ബഹുമാനപ്പെട്ട തലശ്ശേരി അംഗം എന്നെ നിരന്തരമായി തടസ്സപ്പെടു ത്തുകയാണ്. നേരത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ഡോ. കെ.ടി. ജലീലിന് ഞാൻ വഴങ്ങിക്കൊടുക്കും. എനിക്ക് എന്റെ ഒരു പോയിന്റ് പറഞ്ഞു തീർക്കണ്ടേ? നേരത്തെയിരുന്ന പദവിക്ക് യോജിക്കാത്തതരത്തിൽ നിരന്തരമായി സീറ്റിൽ ഇരുന്ന് അദ്ദേഹം ബഹളമുണ്ടാക്കിയപ്പോഴാണ് ഞാൻ അങ്ങേയ്ക്ക് വഴങ്ങുന്ന പ്രശ്നമില്ലായെന്ന് പറഞ്ഞത്. അല്ലെങ്കിൽ ഞങ്ങൾ വഴങ്ങിക്കൊടുക്കുന്നതല്ലേ; ഞങ്ങളെല്ലാവരും ഈ സഭയിൽ എത്രപ്രാവശ്യം വഴങ്ങിക്കൊടുത്തിട്ടുണ്ട്? ഒന്നര

ലക്ഷത്തോളം കുട്ടികളെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയം അവതരിപ്പിക്കുമ്പോൾ ഇങ്ങനെ തടസ്സപ്പെടുത്തുന്നതെന്തിനാണ്; ഞങ്ങൾ ഇവിടെ കലാപം ഉണ്ടാക്കാൻ വന്നതാണോ? ഞങ്ങൾ ഗവൺമെന്റിന്റെ നിയമത്തിൽ വന്ന പാളിച്ചകൾ, കുട്ടികൾക്ക് പഠിക്കാൻ പറ്റാത്ത ഒരു ഗൗരവതരമായ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അതിന് പരിഹാരമുണ്ടാക്കാൻ നോക്കുമ്പോൾ എന്തൊക്കെയാണ് അദ്ദേഹം സീറ്റിലിരുന്ന് വിളിച്ചുപറഞ്ഞത്. അതിൽ ശക്തിയായ പ്രതിഷേധമുണ്ട്. ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോടാണ് പരാതിപ്പെട്ടത്. അല്ലാതെ അവരോടല്ല പരാതിപ്പെട്ടത്. ഒരാൾ എഴുന്നേറ്റുനിന്ന് സഭയിൽ സംസാരിക്കുമ്പോൾ അയാളെ സംരക്ഷിക്കേണ്ടത് ബഹുമാനപ്പെട്ട ചെയറാണ്, ഞാൻ അങ്ങയോടാണ് എന്റെ സംരക്ഷണം ആവശ്യപ്പെട്ടത്. എല്ലാ മര്യാദകളുടെയും സീമയെ ലംഘിച്ചു കൊണ്ട് പ്രസംഗം തടസ്സപ്പെടുത്തുക എന്നുള്ള ഉദ്ദേശ്യത്തോടെ നിന്നാൽ ഇതുവരെ സ്വീകരിച്ച സമീപനത്തിൽനിന്ന് ഞങ്ങൾക്കും മാറേണ്ടി വരും.

മി. സ്പീക്കർ: അങ്ങേയ്ക്ക് മതിയായ സമയവും സംരക്ഷണവും ചെയർ അനുവദിച്ചിട്ടുണ്ട്.

ശ്രീ. എ. എൻ. ഷംസീർ: സർ, ഇവിടെ എന്നെക്കുറിച്ച് ഒരു പരാമർശം നടത്തി. മുൻമന്ത്രി ഒരു അഭിപ്രായ പ്രകടനം നടത്താൻ ശ്രമിച്ചപ്പോൾ അദ്ദേഹത്തെപ്പറ്റി വളരെ പുച്ഛത്തിന്റെ സ്വരത്തിൽ സംസാരിച്ചപ്പോഴാണ് ഞാൻ ഇടപെട്ടത്. ..... (മൈക്ക് ഓഫ്).......

പ്രൊഫ. ആർ. ബിന്ദു: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്........(ബഹളം)...

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുകയാണ്. പ്രതിപക്ഷ നേതാവ് സംസാരിച്ച കാര്യങ്ങളോടാണ് പ്രതികരിക്കുന്നത്. ...(ബഹളം)... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വാക്ക്ഔട്ട് പ്രസംഗമല്ലല്ലോ നടത്തിയത്.

പ്രൊഫ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഈ കുട്ടി ചത്തകുട്ടിയാണെന്ന് പറയുകയുണ്ടായി. ഞങ്ങൾ ഈ കുട്ടിയെ വളരെ ആരോഗ്യമുള്ള ഊർജ്ജസ്വലനായ കുട്ടിയായിത്തന്നെ മുന്നോട്ടുകൊണ്ടു പോകാനാണ് ഉദ്ദേശിക്കുന്നത്. ഞങ്ങൾ പോർട്ടൽ തുറന്നിട്ടില്ലായെന്നൊരു പരാമർശം അദ്ദേഹം നടത്തുകയുണ്ടായി. പോർട്ടൽ തുറക്കേണ്ടത് നമ്മളല്ലായെന്ന് സവിനയം ഞാൻ അദ്ദേഹത്തെ അറിയിക്കുകയാണ്. പോർട്ടൽ തുറക്കേണ്ടത് യു.ജി.സി. ആണ്. യു.ജി.സി. നവംബറിലും മാർച്ചിലുമാണ് പോർട്ടൽ തുറക്കാറുള്ളത്. ഡൽഹി നഗരത്തിൽ കോവിഡ് മഹാമാരി അതിതീവ്രമായ രീതിയിലുണ്ടായിരുന്നതുകൊണ്ട് മാർച്ചിൽ തുറക്കാനായിട്ടില്ല. ഉടനെതന്നെ തുറക്കുമെന്നാണ് അറിയാൻ കഴിയുന്നത്.

സാധാരണഗതിയിൽ കേരളത്തിൽ റെഗുലർ മോഡിലുള്ള വിദ്യാർത്ഥികളുടെ അഡ്മിഷൻ പൂർത്തീകരിച്ചശേഷമാണ് ഡിസ്റ്റൻസ് മോഡിലുള്ള അഡ്മിഷൻ പ്രക്രിയകളൊക്കെ നടന്നുവരാറുള്ളത്. അതുകൊണ്ട് നമുക്ക് സമയമുണ്ട്. അതിനു മുമ്പുതന്നെ ആവശ്യമായ അനുമതി ലഭ്യമാക്കാൻ കഴിയുമെന്നുള്ള കാര്യം ഞാൻ അറിയിക്കുകയാണ്. കേരള യൂണിവേഴ്സിറ്റി കഴിഞ്ഞ വർഷം ഡിസ്റ്റൻസ് മോഡിൽ അഡ്മിഷൻ നടത്തിയിരുന്നു. അത് തുടർന്നും നടത്താൻ ഒക്ടോബർ മാസത്തിൽ യു.ജി.സി.-ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. കണ്ണൂർ, കോഴിക്കോട് സർവ്വകലാശാലകൾ പ്രൈവറ്റ് മോഡിൽ കുട്ടികൾക്ക് വിദ്യാഭ്യാസ അവസരം നൽകിയിരുന്നു. തീർച്ചയായും യു.ജി.സി.-യുടെ പോർട്ടൽ അക്കാഡമിക് വർഷം ആരംഭിക്കുന്നതിനുമുമ്പായിത്തന്നെ തുറക്കും എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. യാതൊരു കാരണവശാലും കേരളത്തിലെ വിദ്യാഭ്യാസ അവസരങ്ങൾ തേടുന്ന, ഡിസ്റ്റൻസ് മോഡിൽ പഠിക്കാൻ ആഗ്രഹിക്കുന്ന ഒരു വിദ്യാർത്ഥിക്കും പഠനാവസരം നിഷേധിക്കില്ലായെന്ന് മാത്രമല്ല ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസ സാഹചര്യങ്ങൾ ആ കുട്ടികൾക്കുണ്ടാക്കി കൊടുക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ഒരിക്കൽക്കൂടി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് സവിനയം സൂചിപ്പിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതിൽ ഒരു പ്രശ്നമേയുള്ളു. കഴിഞ്ഞ പ്രാവശ്യം നടത്തിയതുപോലെയെന്നുപറഞ്ഞാൽ, കഴിഞ്ഞ പ്രാവശ്യം വിദ്യാർത്ഥികൾ ഹൈക്കോടതിയിൽനിന്ന് പ്രത്യേകം അനുമതി വാങ്ങിച്ചിട്ടാണ് കേരള, കാലിക്കറ്റ് യൂണിവേഴ്സിറ്റികൾ ഡിസ്റ്റൻസ് എഡ്യൂക്കേഷന് അഡ്മിഷൻ നടത്തിയത്. എന്നാൽ ഇപ്പോൾ ഇതനുസരിച്ച് ഇവർക്ക് അപേക്ഷ കൊടുക്കാൻ കഴിയില്ല. കാരണം നമ്മുടെ നിയമസഭ പാസ്സാക്കിയ നിയമത്തിലെ സെക്ഷൻ 72-ൽ പറയുന്നത് വേറെ ഒരു യൂണിവേഴ്സിറ്റിയും ഈ കോഴ്സ് നടത്താൻ പാടില്ലായെന്നാണ്. ഈ നിയമം പ്രാബല്യത്തിൽ വന്നാൽ കേരളത്തിലെ വേറെ ഒരു യൂണിവേഴ്സിറ്റിയും ഡിസ്റ്റൻസ് എഡ്യുക്കേഷൻ നടത്താൻ പാടില്ലായെന്നുവരും. നമ്മൾ ഇങ്ങനെയൊരു നിയമം പാസ്സാക്കിയാൽ കേരള യൂണിവേഴ്സിറ്റിക്കും കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കും ആപ്ലിക്കേഷൻ ക്ഷണിക്കാൻ പറ്റുമോ? അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഡിസ്റ്റൻസ് എഡ്യുക്കേഷന് അനുമതി ലഭിക്കാൻ വൈകിയാൽ അല്ലെങ്കിൽ ലഭിക്കില്ലായെന്ന് ഉറപ്പായാൽ, തൽക്കാലം ഒരു മൂന്ന് വർഷക്കാലത്തേയ്ക്കെങ്കിലും സെക്ഷൻ 72 ഭേദഗതി ചെയ്തുകൊണ്ടുള്ള ഒരു ഓർഡിനൻസ് അടിയന്തരമായി ഇറക്കണമെന്ന്. കേരള, കാലിക്കറ്റ്, എം.ജി., കണ്ണൂർ തുടങ്ങിയ യൂണിവേഴ്സിറ്റികൾക്കും ഈ കോഴ്സ് തുടങ്ങാനുള്ള അനുമതി ലഭിച്ചില്ലെങ്കിൽ അവർക്ക് ആപ്ലിക്കേഷൻ കൊടുക്കാൻ കഴിയില്ല. അവർക്ക് ഇപ്പോൾ അതിനുള്ള അവകാശമില്ല. അവർ ആപ്ലിക്കേഷൻ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് സംസ്ഥാന നിയമസഭ പാസ്സാക്കിയ നിയമത്തിന്

വിരുദ്ധമാണ്. അത് നിയമപരമായി നിലനിൽക്കില്ല. കഴിഞ്ഞ പ്രാവശ്യം പ്രത്യേക അംഗീകാരം ഹൈക്കോടതി നൽകി. അതാണ് ഇവിടെ പറഞ്ഞ വിഷയം, അത് മനസ്സിലാക്കണം.

<u>പ്രൊഫ. ആർ. ബിന്ദു:</u> സർ, അത്തരം ഒരു അവസ്ഥ ഇപ്പോൾ നിലവിലില്ല. അതുണ്ടാകുന്ന സന്ദർഭത്തിൽ നമുക്ക് ആലോചിക്കാം.

## IV ശ്രദ്ധ ക്ഷണിക്കൽ

(1) <u>മോട്ടോർ വാഹനത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. കെ. ബാബു (നെന്മാറ):</u> സർ, ചരിത്രത്തിലാദ്യമായി മോട്ടോർ വാഹന തൊഴിലാളികളോട് ആ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് നേരിട്ടന്വേഷിക്കുകയും അവ പരിഹരിക്കാമെന്ന് ഉറപ്പുനൽകുകയും ചെയ്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. സംസ്ഥാനത്ത് നിർമ്മാണ മേഖല കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണ് മോട്ടോർ മേഖല. ഓട്ടോ, ടാക്സി, ലൈറ്റ് മോട്ടോർ വാഹനം, സ്റ്റേജ് ക്യാരിയർ, ഗുഡ്സ് ക്യാരിയർ, ടൂറിസ്റ്റ് വാഹനങ്ങൾ, വർക്ക്ഷോപ്പുകൾ, സ്പെയർ പാർട്സ് കടകൾ, ഡ്രൈവിംഗ് സ്കൂളുകൾ, ട്രാവൽ ഏജൻസികൾ, ടൂർ പാക്കേജ് ഓപ്പറേറ്റർമാർ എന്നിവരുൾപ്പെടെ ഏകദേശം 20 ലക്ഷത്തിലധികം വരുന്ന തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ഈ മേഖലയിലുണ്ട്. സർക്കാരിന് ഒരു രൂപപോലും മുതൽമുടക്കില്ലാതെ, കെട്ടുതാലി പണയപ്പെടുത്തിയും കിടപ്പാടം വിറ്റും വാങ്ങുന്ന വാഹനത്തിന്റെ ആർ.സി. ബുക്ക് പണയപ്പെടുത്തിയും വാഹനം വാങ്ങിച്ച് പൊതുഗതാഗത രംഗത്ത് സേവനം നടത്തുന്ന 80 ശതമാനത്തോളം വരുന്ന ഉടമസ്ഥരായ തൊഴിലാളികളാണ് ഈ മേഖലയിലുള്ളത്. മോട്ടോർ മേഖലയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും സ്ഥിതി ഇതുതന്നെയാണ്. മോട്ടോർ മേഖലയെ കോർപ്പറേറ്റ്വത്കരിക്കുന്നതിനുവേണ്ടി രണ്ടാം യു.പി.എ. ഗവൺമെന്റ് എടുക്കാനിരുന്ന തീരുമാനമാണ് ഇപ്പോൾ എൻ.ഡി.എ. ഗവൺമെന്റ് അംഗീകരിച്ച മോട്ടോർ ആക്ട്. നൂറ് രൂപയിൽ എത്തിനിൽക്കുന്ന പെട്രോളിന്റെയും ഡീസലിന്റെയും വില, അനുദിനം വർദ്ധിക്കുന്ന പെട്രോളിയം ഉല്പന്നങ്ങളുടെ വിലക്കയറ്റം, ഇൻഷ്വറസ് പ്രീമിയത്തിന്റെ കുത്തനെയുള്ള വർദ്ധനവ്, സർവ്വീസ് ചാർജ്ജുകളുടെയും സർചാർജ്ജുകളുടെയും വർദ്ധനവ്, പാർക്കിംഗ് നിരോധനം, വാഹനത്തിന്റെയും സ്പെയർ പാർട്സുകളുടെയും വില വർദ്ധനവ് തുടങ്ങിയവ ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളാണ്. കഴിഞ്ഞ ബഡ്ജറ്റിലാണ് കേന്ദ്രഗവൺമെന്റ് പൊതുഗതാഗത രംഗത്ത് സർവ്വീസ് നടത്തുന്ന പതിനഞ്ച് വർഷം പഴക്കമുള്ള വാഹനങ്ങളെ 'പൊളിച്ചടുക്കൽ നയ'ത്തിന്റെ ഭാഗമായി

നിരോധിക്കാൻ തീരുമാനിച്ചത്. മോട്ടോർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിലെടുത്ത് ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. അതിനിടയിലാണ് കുനിൻ മേൽ കുരുവെന്ന നിലയിൽ കോവിഡ് 19-ന്റെ വരവ്. കഴിഞ്ഞ പതിനഞ്ച് മാസത്തോളമായി രണ്ട് ഘട്ടങ്ങളിലായുള്ള കോവിഡ് വ്യാപനവും ലോക്ഡൗണും കാരണം വാഹനങ്ങൾ നിരത്തിലിറക്കാനോ അനുബന്ധ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാനോ സാധിക്കാത്തതുമൂലം മോട്ടോർ മേഖലയിലെ തൊഴിലാളികൾക്കുണ്ടായിട്ടുള്ള വിഷമതകളാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. അതിന്റെ ഭാഗമായി തൊഴിലും വരുമാനവും നഷ്ടപ്പെട്ട തൊഴിലാളികളും കുടുംബാംഗങ്ങളും വളരെ പ്രയാസത്തിലാണ്. എന്നാൽ കേന്ദ്രസർക്കാർ ഒരു നയാപൈസയുടെ പ്രഖ്യാപനമോ ആനുകൂല്യമോ ഈ മേഖലയിലുള്ള തൊഴിലാളികൾക്കോ തൊഴിൽ മേഖലയ്ക്കോ അനുവദിച്ചില്ല. സംസ്ഥാനത്തെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് മൂന്ന് തവണകളായി നൽകിയ ചെറിയൊരു സംഖ്യയും സംസ്ഥാന ഗവൺമെന്റ് നൽകുന്ന ഭക്ഷ്യകിറ്റുമാണ് ഈ തൊഴിലാളികൾക്കുള്ള ഏക ആശ്രയം. ടാക്സ് ഇനത്തിലും ഇന്ധന തീരുവയിലും സംസ്ഥാന സർക്കാരിന് ലഭിക്കുന്ന വരുമാനത്തിൽ വലിയ ഇടിവുണ്ടായിട്ടും ഇടക്കാലത്തെ ടാക്സ് എക്സംഷനും ക്ഷേമനിധിയിലേയ്ക്ക് ഒരു വർഷത്തേയ്ക്ക് തൊഴിലാളി-ഉടമസ്ഥരുടെ വിഹിതം അടയ്ക്കേണ്ടതില്ലെന്ന തീരുമാനവും ഏറെ ആശ്വാസകരംതന്നെയാണ്. പതിനാറ് മാസങ്ങളായി ഓടാതിരിക്കുന്ന വാഹനങ്ങൾ ഇനി നിരത്തിലിറക്കണമെങ്കിൽ വലിയ സാമ്പത്തിക ബാദ്ധ്യതയാണ് തൊഴിലാളികൾക്കും ചെറുകിട വാഹന ഉടമസ്ഥർക്കും ഉണ്ടാകാൻ പോകുന്നത്. എടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. പലിശ രഹിത വായ്പയും വായ്പ മൊറട്ടോറിയവും പലിശയിളവും തൊഴിലാളികൾക്കാവശ്യമായ മറ്റ് സഹായവും ലഭ്യമാക്കാതിരുന്നാൽ മോട്ടോർ മേഖലയിലെ തൊഴിലാളികൾക്ക് ഇപ്പോഴത്തെ പ്രതിസന്ധി രൂക്ഷമാകുന്ന അവസ്ഥയിലേയ്ക്കെത്തും. മോട്ടോർ മേഖലയിലെ സർവ്വീസ് പുനഃസ്ഥാപിച്ച് തൊഴിലാളികൾക്ക് തൊഴിലും വരുമാനവും മറ്റുസാമ്പത്തിക സഹായവും ലഭിക്കാനാവശ്യമായ ഇടപെടലുകൾ സർക്കാർ നടത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. ബാബു (നെന്മാറ) ശ്രദ്ധ ക്ഷണിക്കൽ നോട്ടീസു പ്രകാരം ഇവിടെ ഉന്നയിച്ച കാര്യങ്ങൾ പലതും ശരിയാണ്. കേന്ദ്രഗവൺമെന്റ് പെട്രോളിന്റെയും ഡീസലിന്റെയും വില യാതൊരു നിയന്ത്രണവുമില്ലാതെ വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്. സ്പെയർ പാർട്സിന്റെ കാര്യം അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. എന്നാൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേതൃത്വത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന മോട്ടോർ വാഹനത്തൊഴിലാളികളെ

സംരക്ഷിക്കുന്നതിനുവേണ്ടി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നേതൃത്വത്തിലും സംസ്ഥാന ഗവൺമെന്റിന്റെ കോവിഡ് പാക്കേജ് പ്രകാരവു മൊക്കെത്തന്നെ നടപടികൾ സ്വീകരിച്ചുവരികയാണ്. ലോക്ഡൗൺമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ വാഹനത്തൊഴിലാളികൾക്ക് സമാശ്വാസമെന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 2020-ൽ ഒട്ടേറെ ധനസഹായങ്ങൾ അനുവദിച്ചു നൽകിയിരുന്നു. ആദ്യഘട്ടത്തിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ ടേബിൾ ഒന്നാം വിഭാഗത്തിൽപ്പെട്ട സ്റ്റേജ് ക്യാരേജ്, കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 5,000 രൂപ വീതവും ടേബിൾ രണ്ട് വിഭാഗത്തിൽപ്പെട്ട ഗുഡ്സ് വാഹനങ്ങളിലെ തൊഴിലാളികൾക്ക് 3,500 രൂപ വീതവും ടേബിൾ മൂന്ന് വിഭാഗത്തിൽപ്പെട്ട ടാക്സി കാർ, ഒമ്നി വാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2,500 രൂപ വീതവും ടേബിൾ നാല് വിഭാഗത്തിൽപ്പെട്ട ഓട്ടോറിക്ഷ, ട്രാക്ടർ തൊഴിലാളികൾക്ക് 2,000 രൂപ വീതവും ബോർഡിന്റെ തനതുഫണ്ടിൽനിന്നും അനുവദിച്ച് നൽകിയിരുന്നു. ഇത് കേരളത്തിൽ മാത്രമുള്ള ഒരു രീതിയാണ്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഈ നിലയിലുള്ള സഹായം മോട്ടോർ വാഹന രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് നൽകുന്നില്ല. കൂടാതെ, സർക്കാർ അനുമതിക്ക് വിധേയമായി കേരള മോട്ടോർ വാഹനത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തു, മോട്ടോർ മേഖലയിൽ പണിയെടുക്കുന്ന സ്കാറ്റേർഡ് തൊഴിലാളികൾക്ക് 1,000 രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു. കൂടാതെ ഈ കാലയളവിലെ ആനുകൂല്യവും പെൻഷനും ഇനത്തിൽ തൊഴിലാളി കൾക്ക് 36,38,68,451 രൂപ വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ വ്യാപനം അതിരൂക്ഷമാകുകയും ലോക്ഡൗൺ നീട്ടുകയും ചെയ്ത സാഹചര്യത്തിൽ മേൽവിഭാഗത്തിലെ എല്ലാ തൊഴിലാളികൾക്കും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. തൊഴിലാളികളുടെ സാമ്പത്തിക അരക്ഷിതാവസ്ഥ കണക്കിലെടുത്ത് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള ഒരു വർഷക്കാലയളവിലെ ഉടമ-തൊഴിലാളി അംശദായം ഏകദേശം 200 കോടി രൂപ സർക്കാർ ഉത്തരവിൻപ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. 2021-ൽ കോവിഡിന്റെ രണ്ടാംതരംഗത്തെ തുടർന്നുണ്ടായ ലോക്ഡൗൺമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ കേരളത്തിലെ മോട്ടോർ തൊഴിലാളികൾക്ക് ആശ്വാസമെന്ന നിലയിൽ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്കാറ്റേർഡുൾപ്പെടെ എല്ലാ വിഭാഗത്തിലെ തൊഴിലാളികൾക്കും 1,000 രൂപ വീതം അടിയന്തര ധനസഹായമായി ബോർഡിന്റെ തനതുഫണ്ടിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ 1,31,069 തൊഴിലാളികൾക്ക് 3,10,69,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2021 ഏപ്രിൽ മുതൽ

സെപ്റ്റംബർ വരെയുള്ള ഉടമ-തൊഴിലാളി അംശദായമായ ഏകദേശം 100 കോടി രൂപ ഒഴിവാക്കി നൽകാൻ സാധിക്കുമോ എന്ന വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട ലോക്ഡൗൺ കാലയളവിൽ കോൺട്രാക്ട് ക്യാരേജ്, സ്റ്റേജ് ക്യാരേജ് വാഹനങ്ങൾക്ക് 1-4-2020 മുതൽ 31-5-2021 വരെയുള്ള വാഹന നികുതി വിവിധ കാലയളവുകളിലായി ഗതാഗത വകുപ്പ് ഒഴിവാക്കി നൽകുകയോ വാഹന നികുതി ഒടുക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടുണ്ട്. ചരക്ക് വാഹനങ്ങളുടെ നികുതി ഒടുക്കുന്നതിന് 31-5-2021 വരെ സമയം ദീർഘിപ്പിച്ച് നൽകുകയും സ്കൂൾ ബസുകളെ 1-4-2020 മുതൽ 3-9-2020 വരെ നികുതി അടയ്ക്കുന്നതിൽനിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. വാഹന സംബന്ധമായ എല്ലാത്തരം രേഖകളുടെയും കാലാവധി ഗതാഗത വകുപ്പ് 30-6-2021 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. എല്ലാ വിഭാഗം തൊഴിലാളികൾക്കും കഴിയുന്നത്ര ആശ്വാസം ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ നയം. മേൽ നടപടി ഗതാഗത മേഖലയിലെ തൊഴിലാളികൾക്ക് വലിയൊരളവുവരെ ആശ്വാസം പകർന്നിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, യഥാർത്ഥത്തിൽ ഇപ്പോൾ ഒൻപതര ലക്ഷത്തോളം വരുന്ന മോട്ടോർ തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗത്വമുണ്ടെങ്കിലും ആനുകൂല്യം ലഭിച്ചവർ രണ്ടര ലക്ഷത്തിന് താഴെയാണ്. നിരത്തിൽ ഗതാഗതം പുനഃസ്ഥാപിക്കപ്പെടുമ്പോൾ മറ്റുള്ളവർക്കുകൂടി വാഹനം ഓടിക്കാനാവശ്യമായ സാമ്പത്തിക സഹായവും ക്ഷേമനിധി ആനുകൂല്യവും നൽകാൻ കഴിയുമോയെന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഇപ്പോൾ മോട്ടോർ തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡുണ്ട്. ബോർഡ് നടപ്പിലാക്കിയ ക്ഷേമ പദ്ധതികളെ സംബന്ധിച്ചാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇത്രയധികം ആനുകൂല്യങ്ങൾ നൽകുകയോ പാവപ്പെട്ട മോട്ടോർ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മാത്രമാണ് അത്തരത്തിലുള്ള ശക്തമായൊരു നടപടി സ്വീകരിച്ചിട്ടുള്ളത്. എല്ലാ തൊഴിലാളി സംഘടനകളും ചെയ്യേണ്ടത് മോട്ടോർ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളെ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കണം. അംഗങ്ങളാകുന്നവർക്കെല്ലാം ഈ സഹായം ലഭിക്കുന്നുണ്ട്. അതല്ലാതെ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള 1,000 രൂപ വീതവും നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് ബോർഡ് ചെയർമാൻമാരുടെ യോഗം വിളിച്ചുകൂട്ടുന്നതിനു വേണ്ടി ആലോചിക്കുന്നുണ്ട്. അവരെ ഏത് നിലയിൽ സഹായിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്.

(2) പി.എസ്.സി.-യുടെ പ്രവർത്തനം ത്വരിതപ്പെടുത്തൽ

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഒരു സർക്കാർ ജോലിക്കായി വർഷങ്ങളോളം പഠിച്ച് പരീക്ഷയെഴുതി അതിൽ വിജയിച്ചിട്ടും നിയമന ഉത്തരവിനുവേണ്ടി അനിശ്ചിതമായി കാത്തിരിക്കേണ്ടിവരുന്ന ഉദ്യോഗാർത്ഥികളുടെ സങ്കടങ്ങളാണ് ഈ ശ്രദ്ധക്ഷണിക്കലിൽക്കൂടി ഞാൻ സഭയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നത്. കാലാവധി അവസാനിക്കാൻ രണ്ടുമാസത്തിൽത്താഴെ മാത്രമുള്ളപ്പോഴും നിരവധി ലിസ്റ്റുകളിൽ പത്ത് ശതമാനത്തിൽത്താഴെ മാത്രമാണ് നിയമനങ്ങൾ നടന്നിട്ടുള്ളത്. പ്രളയം, കോവിഡിന്റെ വ്യാപനം, പഞ്ചായത്ത്, നിയമസഭാ തെരഞ്ഞെടുപ്പുകളുടെ പെരുമാറ്റച്ചട്ടം, ലോക്ഡൗൺ ഇതൊക്കെയാണ് ഉദ്യോഗാർത്ഥികൾക്ക് തിരിച്ചടിയായത്. എൽ.ഡി.സി., എൽ.ജി.എസ്., ഡ്രൈവർ, സ്റ്റാഫ് നഴ്സ് തുടങ്ങിയ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിയത് ഓഗസ്റ്റ് 3-ന് അവസാനിക്കുകയാണ്. രണ്ടാമത് ലോക്ഡൗൺ വന്നതും തെരഞ്ഞെടുപ്പുകളുടെ വിജ്ഞാപനങ്ങൾ വന്നതുമൂലം പെരുമാറ്റച്ചട്ടം നിലവിൽവന്നതും കാരണം കാലാവധി നീട്ടി നൽകിയെങ്കിലും അതിന്റെ പ്രയോജനം റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കാത്ത സാഹചര്യമുണ്ടായി. ഒഴിവ് വരുന്നത് റിട്ടയർമെന്റ് വഴിയും പ്രൊമോഷൻ വഴിയുമാണ്. റിട്ടയർമെന്റ് യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാത്തതുകാരണം ഒഴിവുകളുണ്ടാകുന്നില്ല. ഓഫീസുകൾ ശരിയായവിധം പ്രവർത്തിക്കാത്തതുകാരണം പ്രൊമോഷന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുമില്ല. അതുകൊണ്ട് യഥാർത്ഥത്തിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാതെ, നിയമനം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. പുതിയ ലിസ്റ്റ് വരുന്നതിനുള്ള പ്രിലിമിനറി പരീക്ഷ കഴിഞ്ഞിട്ടേയുള്ളൂ, മെയിൻ പരീക്ഷ നടന്നിട്ടില്ല. മെയിൻ പരീക്ഷ നടന്ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടക്കാൻ ഇനിയും കാലതാമസമെടുക്കും. ഒരു ഉദ്യോഗാർത്ഥിയുടെയും അവസരം നഷ്ടപ്പെടാതെതന്നെ ഈ റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം കൊടുക്കുന്നതിന് സർക്കാരിന് കഴിയും. ഓഗസ്റ്റ് 3-ന് അവസാനിക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടാൻ സർക്കാർ മനുഷ്യത്വപരമായ ഒരു സമീപനം ഈ ഉദ്യോഗാർത്ഥികളോട് സ്വീകരിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. അതുമാത്രമല്ല, റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്നാവശ്യപ്പെട്ട് ഉദ്യോഗാർത്ഥികൾ സമരം ചെയ്ത സമയത്ത് ശ്രീ. ഷാഫി പറമ്പിലും ഈ സഭയിലുണ്ടായിരുന്ന ശ്രീ. ശബരീനാഥനുമൊക്കെ അനിശ്ചിതകാല നിരാഹാരം അനുഷ്ഠിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതനുസരിച്ച് അന്നത്തെ നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ റാങ്ക് ഹോൾഡേഴ്സുമായി ചർച്ച നടത്തി ചില തീരുമാനങ്ങളെടുത്തിരുന്നു. അതുപ്രകാരം നൈറ്റ് വാച്ച്മാന്റെ ഡ്യൂട്ടി സമയം 8 മണിക്കൂറായി ക്രമീകരിച്ച് കൂടുതൽ തസ്തികയുണ്ടാക്കും, ഹയർ സെക്കൻഡറിയിലെ ഒ.എ. നിയമനങ്ങൾ, സർവ്വകലാശാലകളുടെ ലാസ്റ്റ്

ഗ്രേഡ് നിയമനങ്ങൾ തുടങ്ങിയവ ഇതിലേയ്ക്ക് മാറ്റിക്കൊടുക്കും തുടങ്ങിയ കാര്യങ്ങളൊക്കെ ചർച്ച ചെയ്തെങ്കിലും അതിന്മേൽ ഈ കാലയളവിനുള്ളിൽ ഒരു നടപടിയുമുണ്ടായിട്ടില്ല. ഒന്നുകിൽ സൂപ്പർന്യൂമററി ഒഴിവുകൾ സൃഷ്ടിക്കുകയോ അല്ലെങ്കിൽ കാലാവധി നീട്ടിക്കൊടുക്കുകയോ ചെയ്യുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സ്കൂളുകൾ ഹൈടെക് ആക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. അദ്ധ്യാപകരില്ലാത്ത സ്കൂളുകൾ ഹൈടെക് ആണെന്ന് എങ്ങനെ പറയാൻ സാധിക്കും? സംസ്ഥാനത്തെ നിരവധി സ്കൂളുകളിൽ ഒരദ്ധ്യാപകൻപോലും ഇല്ലാതെയാണ് ഓൺലൈൻ പഠനം നടത്താൻ പോകുന്നത്. നിയമന ഉത്തരവ് കിട്ടിയ എൽ.പി.എസ്. മുതൽ എച്ച്.എസ്.എസ്. വരെയുള്ള റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുടെ നിയമനമടക്കമുള്ള കാര്യങ്ങളിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിനാവശ്യമായ സത്വരനടപടികൾ സർക്കാരും നിയമനാധികാരികളും പബ്ലിക് സർവ്വീസ് കമ്മീഷനും സ്വീകരിക്കുന്നുണ്ട്. കോവിഡ് വ്യാപനത്തെത്തുടർന്ന് യഥാസമയം മത്സര പരീക്ഷകൾ നടത്താൻ പി.എസ്.സി.-ക്ക് കഴിയാത്ത സാഹചര്യമുണ്ടായിരുന്നു. എന്നാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനെയും നിയമന ശിപാർശ നൽകുന്നതിനെയും ഇത് ബാധിക്കുന്നില്ല. മാത്രമല്ല, 5-2-2021-ലും 3-8-2021-നുമിടയിൽ കാലാവധി പൂർത്തിയാക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 4-8-2021 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. എല്ലാ ഒഴിവുകളും കൃത്യതയോടെ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ്, വിജിലൻസ് തുടങ്ങിയ വിഭാഗങ്ങൾ വിവിധ ഓഫീസുകളിൽ പരിശോധന നടത്തുന്നുണ്ട്. ഇതിനുപുറമേ, ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ മേൽനോട്ട ചുമതലയും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരുൾപ്പെട്ട ഒരു സമിതി 13-2-2021-ൽ രൂപീകരിച്ചിരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടിയുണ്ടാകും. മുൻ സർക്കാരിന്റെ കാലത്ത് ആരോഗ്യം, പോലീസ് തുടങ്ങി വിവിധ വകുപ്പുകളിലായി 20,000-ത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. 25-5-2016-മുതൽ 19-5-2021 വരെ 4223 റാങ്ക് ലിസ്റ്റുകളാണ് പി.എസ്.സി. പ്രസിദ്ധീകരിച്ചത്. മുൻ യു.ഡി.എഫ്. ഭരണകാലത്ത് 3418 റാങ്ക് ലിസ്റ്റുകൾ മാത്രമാണ് പ്രസിദ്ധപ്പെടുത്തിയത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 1,61,361 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. മുൻ

യു.ഡി.എഫ്. സർക്കാർ 1,54,384 നിയമന ശിപാർശ നൽകിയെങ്കിലും അതിലുൾപ്പെട്ട 4,031 പേർക്ക് എൽ.ഡി.എഫ്. സർക്കാരാണ് നിയമനം നൽകിയത്. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുക എന്നതാണ് സർക്കാർ നയം. പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സീനിയോറിറ്റി തർക്കം, പ്രൊമോഷന് യോഗ്യരായവരുടെ അഭാവം എന്നിവമൂലം റെഗുലർ പ്രൊമോഷനുകൾ തടസ്സപ്പെടുന്ന കേസ്സുകൾ കണ്ടെത്തി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പദ്ധ്യക്ഷന്മാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇത്തരത്തിൽ റെഗുലർ പ്രൊമോഷൻ നടത്താൻ തടസ്സമുള്ള തസ്തികകളെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള കേഡറിലേയ്ക്ക് താൽക്കാലികമായി തരംതാഴ്ത്തി അപ്രകാരമുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമനങ്ങൾ പരമാവധി പി.എസ്.സി. മുഖേന നടത്തണമെന്നതാണ് സർക്കാരിന്റെ നയം. നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടും വിശേഷാൽ ചട്ടങ്ങളോ റിക്രൂട്ട്മെന്റ് ചട്ടങ്ങളോ രൂപീകരിക്കാത്ത പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിൽ ഇവ രൂപീകരിക്കുന്നതിന് വിവിധ വകുപ്പ് സെക്രട്ടറിമാരെ ഉൾപ്പെടുത്തി 20-10-2020-ൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കോവിഡ് വ്യാപനം കാരണം മാറ്റിവച്ചിട്ടുള്ള പി.എസ്.സി. പരീക്ഷകളും ഇന്റർവ്യൂകളും കോവിഡ് വ്യാപനത്തിന്റെ തീവ്രത കുറഞ്ഞാലുടനെ പുനരാരംഭിക്കാൻ പി.എസ്.സി. നടപടി സ്വീകരിക്കുന്നതാണ്. പി.എസ്.സി. മുഖേനയുള്ള നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ തുടർന്നും സ്വീകരിക്കും.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, റാങ്ക് ലിസ്റ്റുകൾ നിലനിൽക്കുമ്പോൾ, അപ്പോയിന്റ്മെന്റ് ഓർഡർ ലഭിച്ച അദ്ധ്യാപകർ നിയമനം ലഭിക്കാതെ നിൽക്കുമ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജില്ലയിലും കാസർഗോഡ് ജില്ലയിലും ബി.എഡ്.-ന് പഠിക്കുന്ന കുട്ടികളെക്കൊണ്ട് ഓൺലൈൻ ക്ലാസ്സുകൾ എടുപ്പിക്കുന്നകാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെ ചെയ്യിക്കാതെ അപ്പോയിന്റ്മെന്റ് ഓർഡർ ലഭിച്ച അദ്ധ്യാപകരെത്തന്നെ അവിടെ നിയമിച്ച് കാര്യങ്ങൾ ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിന് മനുഷ്യത്വപരമായ ഒരു സമീപനം അങ്ങയുടെ സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അദ്ധ്യാപകരുടേത് പ്രത്യേകമായിട്ടുള്ള ഒരു പ്രശ്നമാണ്. പി.എസ്.സി. അഡ്വൈസ് ലഭിച്ച അദ്ധ്യാപകരുടെ നിയമനം തടസ്സപ്പെടില്ല. സ്കൂളുകൾ തുറക്കാത്ത സാഹചര്യത്തിൽ കഴിഞ്ഞ തവണ എടുത്ത നിലപാട്, സ്കൂളുകൾ തുറക്കുമ്പോൾ നിയമനം നൽകാമെന്നായിരുന്നു. പക്ഷെ, കോവിഡ് നമ്മുടെ കൂടെത്തന്നെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് അക്കാര്യത്തിലും ഒരു പുനഃപരിശോധന വേണ്ടിവരും. അക്കാര്യം പരിശോധിക്കാൻ നടപടികളെടുത്തുവരികയാണ്.

# V അറിയിപ്പ്

## നിയമസഭാംഗങ്ങളുടെ ഫോട്ടോ എടുക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: നിയമസഭാ സാമാജികരുടെ ഹൈ റെസൊല്യൂഷനിലുള്ള പ്രൊഫൈൽ ചിത്രങ്ങൾ ലഭ്യമല്ലാത്തതിനാൽ അത് പുതുതായി എടുക്കുന്നതിന് അസംബ്ലി ബ്ലോക്കിലെ ഗ്രൗണ്ട് ഫ്ലോറിൽ 426-ാം നമ്പർ മുറിയിൽവച്ച് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിലെ ജീവനക്കാർ മുഖേന ഫോട്ടോ എടുക്കുന്നതിനുള്ള സൗകര്യം 8-ാം തീയതി മുതൽ ഉണ്ടായിരുന്നു. ഇതുവരെ ഈ സൗകര്യം പ്രയോജനപ്പെടുത്താത്ത അംഗങ്ങൾ ഇക്കാര്യത്തിൽ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇന്ന് കൂടുതൽ അംഗങ്ങൾക്ക് സബ്മിഷൻ അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് ഒരു മിനിറ്റിൽ വിഷയം അവതരിപ്പിക്കുക. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് വളരെ പ്രധാനപ്പെട്ടതല്ലാത്ത മറുപടികൾ മേശപ്പുറത്തു വയ്ക്കാവുന്നതാണ്.

# VI സബ്മിഷൻ

## (1) അഗ്നിസുരക്ഷാ നിലയത്തിന് പുതിയ കെട്ടിടം

ഡോ. എം. കെ. മുനീർ: സർ, 2010 ഡിസംബർ മാസത്തിൽ ആരംഭിച്ച നരിക്കുനിയിലെ അഗ്നിസുരക്ഷാ നിലയത്തിന്റെ പരിധിയിൽ ഏകദേശം 15 തദ്ദേശ ഭരണ സ്ഥാപനങ്ങളാണുള്ളത്. വാടക കെട്ടിടത്തിലാണ് ഫയർ സ്റ്റേഷന്റെ പ്രവർത്തനം നടത്തുന്നത്. 2017-ൽ നരിക്കുനി പഞ്ചായത്ത് അഗ്നിസുരക്ഷാ നിലയത്തിനുവേണ്ടി സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്. ഉരുൾപൊട്ടലുണ്ടായ കട്ടിപ്പാറയും കിനാലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റും ഈ ഭാഗത്താണ് സ്ഥിതിചെയ്യുന്നത്. ഫയർ സ്റ്റേഷനുവേണ്ടി ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഉരുൾപൊട്ടലുണ്ടായാൽ ജീവൻരക്ഷാ പ്രവർത്തനം നടത്തുന്നതിന് സാധിക്കുന്ന രീതിയിൽ ആധുനികവൽക്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ ഈ സബ്മിഷന്റെ മറുപടി മേശപ്പുറത്തുവയ്ക്കാം*. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച, സൗജന്യമായി ഭൂമി ലഭ്യമാക്കിയതിന്റെ ബിൽഡിംഗ് പ്ലാൻ കോഴിക്കോട് പൊതു മരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷന്റെ പരിശോധനയിലാണ്. അത് വേഗത്തിൽ പൂർത്തിയാക്കി കെട്ടിട നിർമ്മാണം ആരംഭിക്കുന്നകാര്യം പരിശോധിക്കാവുന്നതാണ്.

*അനുബന്ധമായി ചേർത്തിരിക്കുന്നു

11.00 am]

(2) കായലുകളിൽ എക്കൽ അടിയുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിലെ പനങ്ങാട്, കുമ്പളം, ഇടക്കൊച്ചി, പെരുമ്പടപ്പ്, കോണം പ്രദേശങ്ങളിലെ വീടുകളിലും പുരയിടങ്ങളിലും റോഡിലും നിരന്തരം വെള്ളം കയറി ആയിരക്കണക്കിന് കുടുംബങ്ങൾ വീടുകളിൽ താമസിക്കാൻ സാധിക്കാതെ കണ്ണീരിലാണ്. ഇവരുടെ പുരയിടങ്ങളിലൊരു പുല്ലുപോലും മുളയ്ക്കാത്ത സ്ഥിതിയാണുള്ളത്. 2018, 2019 വർഷങ്ങളിലെ പ്രളയത്തിനുശേഷം കൈതപ്പുഴക്കായലിലും വേമ്പനാട് കായൽപ്രദേശങ്ങളിലും എക്കൽ അടിഞ്ഞുകൂടി കായൽ നികന്നുപോയതുകൊണ്ടാണ് ഇത് സംഭവിച്ചിട്ടുള്ളത്. ഈ മേഖലയിൽ മത്സ്യബന്ധനവും ജലഗതാഗതവും അസാദ്ധ്യമായിരിക്കുകയാണ്. ഈ മേഖലയിൽ അടിയന്തരമായി കായൽ ഡ്രഡ്ജ് ചെയ്യാനും അത്യാവശ്യ സ്ഥലങ്ങളിൽ കായൽ ഭിത്തികെട്ടി സംരക്ഷിക്കാനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മറുപടി മേശപ്പുറത്തുവയ്ക്കാം*. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രീതിയിലുള്ള മാലിന്യം, മണ്ണ്, എക്കൽ, മണൽ, പാറ, മരങ്ങൾ എന്നിവയുടെയൊക്കെ മിശ്രിതം മാറ്റുവാനുള്ള പൊതു നിർദ്ദേശം നൽകിയിട്ടുണ്ട്. എക്കൽ മാറ്റി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കാൻ ഇതുവഴി കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ തുക കണക്കാക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ ശിപാർശയോടുകൂടി ദുരിതാശ്വാസ കമ്മീഷണർക്ക് സമർപ്പിക്കുന്നമുറയ്ക്ക് അനുമതി ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കാൻ സാധിക്കും. മാറ്റുന്ന മാലിന്യങ്ങൾ നിക്ഷേപിക്കാനായി പ്രത്യേകം സ്ഥലം കണ്ടെത്തി എത്രയും വേഗം ഈ പ്രവൃത്തി നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(3) പുതിയ കെട്ടിടനിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കൽ

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, മാവേലിക്കരയിൽ പ്രവർത്തിക്കുന്ന രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് എന്ന ചിത്രകലാ വിദ്യാകേന്ദ്രം അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതകൾമൂലം വീർപ്പുമുട്ടുകയാണ്. ചിത്രകലയുടെ കുലപതിയും ഭാരതത്തിന്റെ അഭിമാനവുമായ മഹാനായ രാജാരവിവർമ്മയുടെ നാമധേയത്തിൽ 2010-ലാണ് എൽ.ഡി.എഫ്.

---

*അനുബന്ധമായി ചേർത്തിട്ടുണ്ട്.

സർക്കാർ ഈ സ്ഥാപനം ആരംഭിച്ചത്. സ്ഥലസൗകര്യം ലഭ്യമാകുന്നമുറയ്ക്ക് മ്യൂറൽ പെയിന്റിംഗ്, ഗ്രാഫിക് ആൻഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ, 3 ഡയമെൻഷണൽ ആൻഡ് സെറാമിക് ഡിസൈൻ, എൻവയോൺമെന്റൽ ഇന്റീരിയർ ആൻഡ് സീനിക് ഡിസൈൻ എന്നീ കോഴ്സുകൾ ആരംഭിക്കാമെന്ന് ഡോ. രത്തൻ പരമുവിന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ കോഴ്സുകൾ ആരംഭി ക്കുന്നതിന് പ്രത്യേക പ്രകാശ സംവിധാനത്തിലുള്ള ക്ലാസ് മുറികൾ, സ്റ്റുഡിയോകൾ, വിവര സാങ്കേതിക സംവിധാനങ്ങൾ, വിഷ്വൽ ആർക്കൈവ്സ്, പ്രദർശനശാലകൾ എന്നിവ പ്രവർത്തിക്കാനുള്ള കെട്ടിട സമുച്ചയങ്ങൾ വേണം. ഈ പഠനകേന്ദ്രം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി സ്വന്തമായി സ്ഥലമില്ലായെന്നുള്ളതാണ്. ഈ കാര്യങ്ങൾ വിശദമായി ഒന്നാം പിണറായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി പമ്പാ ജലസേചന പദ്ധതിയുടെ ഉടമസ്ഥതയിലുള്ള മാവേലിക്കര വില്ലേജിലുൾപ്പെട്ട 66 സെന്റ് സ്ഥലം ഈ സ്ഥാപനത്തിന് നൽകുവാൻ അനുമതിയായി. അനുമതിരേഖയുൾപ്പെടെ റവന്യൂ വകുപ്പിന് കൈമാറുകയും റവന്യൂ വകുപ്പ് സ്ഥലം കൈമാറ്റത്തിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തുവെങ്കിലും നാളിതുവരെയായി സ്ഥലം കൈമാറ്റം നടന്നിട്ടില്ല. വിദേശരാജ്യങ്ങളിൽ നിന്നടക്കം പഠനത്തിനായി നിരവധിയാളുകൾ എത്തിച്ചേരുന്ന ഈ സ്ഥാപനത്തിന്റെ ഉന്നതിക്കാവശ്യമായ നിലയിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇടപെട്ട് സ്ഥലം കൈമാറുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിനുവേണ്ടി മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 83 റീസർവ്വേ 8/2-ൽപ്പെട്ട 66 സെന്റ് ഭൂമി പമ്പാ ജലസേചന പദ്ധതിയുടെ കൈവശമുള്ളതായിരുന്നു. ജലവിഭവ വകുപ്പിന്റെ കീഴിലാണ് പമ്പാ ജലസേചന പദ്ധതി. പ്രസ്തുത ഭൂമി വിട്ടുനൽകാൻ തയ്യാറാണെന്ന് ജലവിഭവ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 83 റീസർവ്വേ 8/2-ൽപ്പെട്ട 66 സെന്റ് ഭൂമി രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന്റെ വികസനത്തിനുവേണ്ടി ലഭ്യമാക്കു ന്നതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തി അടിയന്തര അനന്തര നടപടികൾ സ്വീകരിക്കും. അടിയന്തരമായി ഒരു യോഗംകൂടി നടത്തി ഇക്കാര്യത്തിന്റെ വേഗത വർദ്ധിപ്പിക്കാം.

## (4) കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം

ശ്രീ. ഷാഫി പറമ്പിൽ: സർ, നൂറ് തലമുറകൾക്ക് അക്ഷരസുകൃതം പകർന്ന കേരളത്തിന്റെ അഭിമാനമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നാണ് പാലക്കാട് മോയൻ മോഡൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ. സ്ഥലപരിമിതികൊണ്ട് ശ്വാസംമുട്ടുന്ന അവസ്ഥയിലുള്ള ഈ സ്കൂളിൽ രണ്ട് ഷിഫ്റ്റായിട്ടാണ് ക്ലാസ്സുകൾ പ്രവർത്തിക്കുന്നത്. മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് സ്കൂളിലെത്തിയപ്പോൾ ഷിഫ്റ്റ് സമ്പ്രദായത്തിന് അന്ത്യം കുറിക്കുമെന്നും അവിടെ മറ്റ് സ്കൂളുകളെപ്പോലെ അദ്ധ്യയനം നടത്താനുള്ള അവസരമൊരുക്കുമെന്നും ഒരു പൊതുവേദിയിൽ പ്രഖ്യാപിക്കുകയുണ്ടായി. അതിനുവേണ്ടി റവന്യൂ വകുപ്പിന്റെ സ്ഥലമേറ്റെടുക്കുന്നതുസംബന്ധിച്ച ചർച്ചകൾ ആരംഭിക്കുകയും കളക്ടറുടെ റിപ്പോർട്ടുകളുൾപ്പെടെ റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസിലേയ്ക്ക് എത്തുകയും ചെയ്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നാലായിരത്തിലധികം വിദ്യാർത്ഥിനികളാണ് ആ സ്ഥാപനത്തിൽ പഠിക്കുന്നതെന്ന് പറയുമ്പോൾ അതിന്റെ പ്രാധാന്യം നമുക്കെല്ലാവർക്കും ബോദ്ധ്യപ്പെടുന്നുണ്ട്. അവിടത്തെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനായി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയെ നേരിട്ടുകണ്ട് നൽകിയ നിവേദനത്തിൽ പൂർണ്ണപിന്തുണ അദ്ദേഹം അറിയിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്ന് ഭൂമി ലഭിച്ചാൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിച്ച് അവിടെ റെഗുലർ അദ്ധ്യയനം നടത്താൻ കഴിയും. തൊട്ടുമുന്നിൽത്തന്നെയുള്ള മോയൻസ് എൽ.പി. സ്കൂളിന്റെ വികസനത്തിനും ഈ സ്ഥലം ലഭ്യമാകുന്നത് വലിയ ഗുണം ചെയ്യുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അടിയന്തര ഇടപെടൽ നടത്തി കാബിനറ്റിന്റെ അംഗീകാരത്തോടെ എത്രയുംപെട്ടെന്ന് ഈ ഭൂമി അനുവദിച്ച് നൽകണമെന്നും അനുവദിക്കപ്പെട്ട ഫണ്ട് ബിൽഡിംഗ് നിർമ്മിക്കാൻപോലും ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യത്തിന് മാറ്റമുണ്ടാക്കിത്തരാൻ അങ്ങയുടെ ഇടപെടലുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു. ഡിജിറ്റലൈസേഷൻ നടപ്പാക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അഭിപ്രായം അറിയാൻ ആഗ്രഹമുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം വളരെ ശ്രദ്ധാപൂർവ്വമായ ഇടപെടൽ നടത്തിയിട്ടുണ്ടെന്നാണ് രേഖകളിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. അതനുസരിച്ച് സംസ്ഥാന സർക്കാരും ഈ പ്രശ്നത്തിന് പരിഹാരം കാണാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. സംസ്ഥാനത്ത് ഏറ്റവുമധികം വിദ്യാർത്ഥിനികൾ പഠിച്ചുവരുന്ന സ്കൂളുകളിലൊന്നാണ് പാലക്കാട് ഗവൺമെന്റ് മോയൻ മോഡൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ. സ്ഥലപരിമിതിമൂലം യു.പി. വിഭാഗം ഷിഫ്റ്റ് സമ്പ്രദായത്തിലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കാമെന്ന സർക്കാരിന്റെ വാഗ്ദാനം നടപ്പിലാക്കിയേ

മതിയാകു. അതിനുവേണ്ടി കൂടുതൽ ക്ലാസ് മുറികൾ ആവശ്യമുണ്ട്. സ്ഥലദൗർലഭ്യമായിരുന്നു പ്രധാന പ്രശ്നം. പാലക്കാട് ഗവൺമെന്റ് മോയൻ എൽ.പി. സ്കൂളിനോട് ചേർന്നു കിടക്കുന്ന പാലക്കാട് - ഒന്ന് വില്ലേജ്, ബ്ലോക്ക് നമ്പർ 79-ൽ റീസർവ്വെ 12-ൽപ്പെട്ട 0.4372 ഹെക്ടർ റവന്യൂ പുറമ്പോക്ക് ഭൂമിയിൽനിന്ന് 0.1214 ഹെക്ടർ ഭൂമി വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള അപേക്ഷ സർക്കാർ വളരെ അനുഭാവപൂർവ്വം പരിഗണിച്ചിട്ടുണ്ട്. രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന്റെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനാവശ്യമായ നടപടികൾ നടന്നുവരികയാണ്. അതുകൊണ്ട് അതിനാവശ്യമായ സ്ഥലം നൽകുന്നതിൽ വളരെ അനുഭാവപൂർവ്വമായ പരിഗണനയാണ് സർക്കാർ സ്വീകരിക്കുന്നത്. കാബിനറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണ്. അടിയന്തര ശ്രദ്ധയോടെ ഇത് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, പ്രസ്തുത സ്കൂളിൽ ഡിജിറ്റലൈസേഷൻ നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ. ഒരു നിവേദനം നൽകിയിട്ടുണ്ട്. സ്കൂളിന്റെ സ്ഥലം സംബന്ധിച്ചുള്ള പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മറുപടി പറയുകയുണ്ടായി. ശ്രീ. ഷാഫി പറമ്പിൽ ആഗ്രഹിക്കുന്ന രൂപത്തിൽ ആ വിദ്യാലയത്തെ വികസിപ്പിച്ച് കൊണ്ടുവരാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

### (5) കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ സ്ഥാപിക്കണമെന്നുള്ള ആവശ്യം 2013 മുതൽ ഈ സഭയിൽ ഉന്നയിക്കുകയാണ്. കൊണ്ടോട്ടി മുനിസിപ്പാലിറ്റിയും മൂന്ന് നിയോജകമണ്ഡലങ്ങളിലായി പരന്നുകിടക്കുന്ന പത്ത് പഞ്ചായത്തുകളും ഉൾക്കൊള്ളുന്ന കൊണ്ടോട്ടി താലൂക്കിലെ എല്ലാ സർക്കാർ ഓഫീസുകളും പലയിടത്തായി ചിതറിക്കിടക്കുകയാണ്. കൊണ്ടോട്ടി താലൂക്ക് ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് മുനിസിപ്പാലിറ്റിയാക്കുന്നതിന് മുമ്പുണ്ടായിരുന്ന നെടിയിരുപ്പ് പഞ്ചായത്തിന്റെ ഇടുങ്ങിയ കെട്ടിടത്തിലാണ്. അതുപോലെ ആർ.ടി.ഒ., ലീഗൽ മെട്രോളജി, സപ്ലൈ ഓഫീസ്, ഫുഡ് സേഫ്റ്റി ഓഫീസ് തുടങ്ങിയ ഓഫീസുകൾ പലപ്രദേശങ്ങളിലായാണ് പ്രവർത്തിക്കുന്നത്. ഇത് പൊതുജനങ്ങൾക്ക് വലിയതോതിലുള്ള ബുദ്ധിമുട്ടാണുണ്ടാക്കുന്നത്. അതുകൊണ്ട് ഈ ഓഫീസുകളെല്ലാം ഒരു മിനി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലേയ്ക്ക് കൊണ്ടുവന്നാൽ ജനങ്ങൾക്ക് വളരെ

സൗകര്യപ്രദമാകും. ഇതിനായി മലപ്പുറം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നാല് യോഗങ്ങൾ ചേർന്നു. ഞാൻ കഴിഞ്ഞ സഭയിൽപ്പോലും രണ്ട് തവണ സബ്മിഷൻ അവതരിപ്പിച്ചു. പക്ഷേ, ഇതുവരെ തീരുമാനമുണ്ടായിട്ടില്ല. അതിനുവേണ്ടി നിർദ്ദേശിക്കപ്പെട്ട പല സ്ഥലങ്ങളും അനുയോജ്യമല്ലെന്ന് പറഞ്ഞുകൊണ്ട് മാറ്റിവച്ചിരിക്കുകയാണ്. ഒന്ന്, മുനിസിപ്പാലിറ്റി നൽകിയ 90.00 സെന്റ് വെറ്റ് ലാൻഡാണെന്ന് പറഞ്ഞ് ഒഴിവാക്കി. പൊതു ആവശ്യങ്ങൾക്കായി ഉപയോഗിക്കാമെന്ന് പറഞ്ഞ് നിയമം പാസ്സാക്കിയിട്ടുപോലും അത് ഉപയോഗിച്ചിട്ടില്ല. മറ്റൊന്ന് മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമിയാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പ്രത്യേക യോഗം വിളിച്ചുചേർത്ത് ഈ വിഷയത്തിന് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കഴിഞ്ഞ ഗവൺമെന്റും ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അങ്ങുതന്നെ വ്യക്തമാക്കി. ആദ്യഘട്ടത്തിൽ കൊണ്ടോട്ടി മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമിയും കൊണ്ടോട്ടി വില്ലേജിലെ കൊളത്തൂർ എന്ന സ്ഥലത്തെ ടിഗർ ലോജിസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള ഭൂമിയും കണ്ടെത്തി. കൊണ്ടോട്ടി മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമി സർവ്വെ ചെയ്ത് ശരിയായ വിസ്തീർണ്ണം കണക്കാക്കുന്നതിനും ടിഗർ ലോജിസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ കൈവശത്തിലുള്ള വിവിധ സർവ്വെ നമ്പറുകളിലുള്ള ഭൂമിയുടെ ഫെയർ വാല്യൂ നോക്കി എൽ.എ.ആർ.ആർ. (ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ്) ആക്ട് പ്രകാരം ഒരു സെന്റ് ഭൂമിക്ക് എത്ര വിലവരുന്നുണ്ടെന്നും നെഗോസിയേഷൻ പ്രകാരം സെന്റിന് എത്ര രൂപ നൽകാവുന്നതാണെന്നും മിനി സിവിൽ സ്റ്റേഷന് എത്ര നില കെട്ടിടം നിർമ്മിക്കാൻ കഴിയുമെന്നും കണ്ടെത്തി കൊണ്ടോട്ടി തഹസീൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുകയാണ്*.

രണ്ട് തവണയായി ബഹുമാനപ്പെട്ട അംഗമുൾപ്പെടെ നടത്തിയ ചർച്ചകളിൽ സ്ഥലത്തിന്റെ സാങ്കേതിക പ്രശ്നമുള്ളതുകൊണ്ട് മറ്റൊരു ഭൂമിയായിട്ടുള്ള കൊണ്ടോട്ടി വില്ലേജിലെ കൊളത്തൂർ എന്ന സ്ഥലത്ത് ടിഗർ ലോജിസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെതന്നെ കൈവശമുള്ള ഭൂമിയുടെ രേഖകളും സ്കെച്ചും ഹാജരാക്കുന്നതിന് ഈ സ്ഥാപന ഉടമകൾ കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെയും നിയമസഭാ തെരഞ്ഞെടുപ്പിന്റെയും കോവിഡ്-19-ന്റെയും പശ്ചാത്തലത്തിലാണ് സമയബന്ധിതമായി ഈ നടപടികൾ

*അനുബന്ധമായി ചേർത്തിട്ടുണ്ട്.

നടക്കാതിരുന്നത്. ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം ഈ മാസംതന്നെ വിളിച്ചുചേർത്ത് പ്രശ്നപരിഹാരത്തിന് റവന്യൂ വകുപ്പ് നേതൃത്വം നൽകുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് 35 സബ്മിഷനുകളുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ പരമാവധി ഒരു മിനിട്ടുകൊണ്ട് അവസാനിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രിമാർ പ്രധാനപ്പെട്ട മറുപടിമാത്രം പറഞ്ഞുകൊണ്ട് ബാക്കിയുള്ളവ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

(6) കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം

ശ്രീ. തോമസ് കെ. തോമസ്: സർ, ഏറെ പ്രതീക്ഷയോടുകൂടിയാണ് കുട്ടനാട്ടിൽനിന്നും ഞാനിങ്ങോട്ടുവന്നത്. കുട്ടനാട്ടിലെ പ്രിയപ്പെട്ടവർക്ക് വെള്ളം കൊടുക്കുക എന്ന ഒറ്റ അജണ്ടമാത്രമേ ഉണ്ടായിരുന്നുള്ളൂ. മുഖ്യമന്ത്രിയായിരുന്നുകൊണ്ട് വീണ്ടും മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത സഖാവ് പിണറായി വിജയൻ എന്ന എന്റെ ആരാധ്യനായ മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ കഴിഞ്ഞപ്പോൾ കുട്ടനാട്ടുകാരായ ഞങ്ങളെല്ലാവരും പ്രതീക്ഷയോടെയാണ് അദ്ദേഹത്തെ നോക്കിക്കാണുന്നതും കണ്ടുകൊണ്ടിരിക്കുന്നതും. കുട്ടനാട്ടിൽ 13 പഞ്ചായത്തുകളുണ്ട്. കഴിഞ്ഞതവണ ആ വിഷയം വളരെ വിശദമായി പറഞ്ഞു. ബഹുമാനപ്പെട്ട സ്പീക്കർ എനിക്ക് അനുവദിച്ചിട്ടുള്ള ഒരുമിനിട്ട് സമയംകൊണ്ട് എന്ത് പറയാൻ സാധിക്കുമെന്ന് അറിയില്ല. എന്റെ സഹപ്രവർത്തകൻ ശ്രീ. റോഷി അഗസ്റ്റിനാണല്ലോ വകുപ്പുമന്ത്രി. അദ്ദേഹത്തിനോട് പറയാനുള്ളത് ഒരു മീറ്റിംഗ് വിളിച്ചുചേർത്ത് കുട്ടനാട്ടുകാരുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ്. 291 കോടി രൂപ അനുവദിച്ചിരിക്കുന്ന കുട്ടനാട്ടുകാരുടെ കുടിവെള്ള പദ്ധതിയിൽ എല്ലാ പഞ്ചായത്തുകളും തനത് ഫണ്ടിൽനിന്നും പദ്ധതിക്കുവേണ്ട സ്ഥലമേറ്റെടുക്കണമെന്ന് പറഞ്ഞിരിക്കുന്നത് ഒഴിവാക്കണം. കാരണം കുട്ടനാട്ടിലെ ഒരു പഞ്ചായത്തിനും തനത് ഫണ്ടില്ല. ഇത്രയും കഷ്ടത അനുഭവിക്കുന്ന ഒരു പഞ്ചായത്തും കേരളത്തിൽ വേറെയുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതുകൊണ്ട് 291 കോടി രൂപയിൽ അതുകൂടി ഉൾക്കൊള്ളിച്ച് ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു അടിയന്തര യോഗത്തിന് ബഹുമാനപ്പെട്ട മന്ത്രി നേതൃത്വം നൽകണമെന്നുമാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കുട്ടനാട്ടിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് രണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഒന്നാം ഘട്ടം 28-12-2013-ൽ 70 കോടി രൂപയുടെ ഭരണാനുമതിയും രണ്ടാം ഘട്ടം 25-6-2019-ൽ 289.54 കോടി രൂപയുടെ പദ്ധതിയുമാണ് തയ്യാറാക്കപ്പെട്ടി

രിക്കുന്നത്. അതിൽ 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കുവേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളുടെയും നില ഇവിടെ വിശദീകരിക്കുന്നുണ്ട്. ഉത്തരം മേശപ്പുറത്തുവയ്ക്കുകയാണ്*. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇന്നുതന്നെ ഇതിനായി അടിയന്തര യോഗം ചേർന്നതിനുശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

### (7) മീനച്ചിലാർ കരകവിയുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എല്ലാ വർഷവും മീനച്ചിലാർ കരകവിഞ്ഞൊഴുകുന്നത് ബഹുമാനപ്പെട്ട മന്ത്രിക്ക് നേരിട്ടറിയാവുന്ന കാര്യമാണ്. തന്മൂലം ഒരു ആവാസ പ്രദേശത്തെ ജനങ്ങളുടെ ജീവിതം ഓരോ വർഷവും പ്രയാസകരമാകുകയാണ്. പഴയ സെമിനാരി, താഴത്തങ്ങാടി, വേളൂരിന്റെ മുഴുവൻ പ്രദേശങ്ങളടക്കം കോട്ടയം പട്ടണത്തിന്റെ താഴ്ന്ന പ്രദേശങ്ങളെല്ലാം കാലവർഷത്തിലും തുലാവർഷത്തിലും പ്രളയബാധിതമാകുന്നതുമൂലം ഈ പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഒരു വർഷത്തിനിടയിൽ രണ്ട് പ്രാവശ്യം വീട് മാറേണ്ടി വരികയാണ്. അതിന്റെ പ്രധാന കാരണം മീനച്ചിലാറിലെ നീരൊഴുക്ക് സുഗമമാകുന്നില്ലെന്നുള്ളതാണ്. മീനച്ചിലാറിലെ നീരൊഴുക്ക് മെച്ചപ്പെടുത്തുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്വം മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിനാണെന്ന കാര്യം ഞാൻ അങ്ങയെ ഓർമ്മിപ്പിക്കേണ്ടതില്ല. അതുകൊണ്ട് മീനച്ചിലാറിലെ ചെളിമാറ്റി നീരൊഴുക്ക് ഉറപ്പാക്കി ആവശ്യമുള്ളിടത്ത് റീടെയിനിംഗ് വാൾ കെട്ടി സൈഡിലൂടെയുള്ള കനാലുകൾവഴി കൃത്യമായി വെള്ളം ഒഴുക്കിയെങ്കിൽ മാത്രമേ കോട്ടയത്തെ പ്രളയത്തിൽനിന്ന് രക്ഷിക്കാൻ കഴിയൂ. അതിനായി അടിയന്തര പ്രാധാന്യത്തോടെയുള്ള നടപടി സ്വീകരിക്കണം. അങ്ങേയ്ക്ക് നേരിട്ടറിയാമെന്നുള്ള കാര്യമായതുകൊണ്ട് ഞാൻ മറ്റ് വിശദമായ കാര്യത്തിലേയ്ക്ക് കടക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഉന്നത ഉദ്യോഗസ്ഥരുടെയും എക്സ്പെർട്ടുകളുടെയും ബന്ധപ്പെട്ട എല്ലാവരുടെയും ഒരു യോഗം അടിയന്തരമായി വിളിച്ചുചേർത്ത് ഒരു പട്ടണം മുങ്ങിപ്പോകുന്ന നിലയിലേയ്ക്ക് പോകാതിരിക്കാൻ വേണ്ടിയുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. അതിന് അടിയന്തര പ്രാധാന്യവും നൽകേണ്ടതുണ്ട്. കോട്ടയം നിയോജക മണ്ഡലത്തിലുൾപ്പെട്ട ചുങ്കം മുതൽ കാഞ്ഞിരം വരെയുള്ള മീനച്ചിൽ നദിയുടെ വിവിധ ഭാഗങ്ങളിൽ അടിഞ്ഞു

*അനുബന്ധമായി ചേർത്തിട്ടുണ്ട്.

കൂടിയിരിക്കുന്ന എക്കൽ, ചെളി തുടങ്ങിയവ നീക്കംചെയ്യുന്നതിനും സോഷ്യൽ ഫോറസ്ട്രിയുടെ അനുവാദം ലഭിച്ചതിനുശേഷം ഒഴുക്കിന് തടസ്സമായി നദിയിലേയ്ക്ക് ചാഞ്ഞുകിടക്കുന്ന മുളക്കൂട്ടങ്ങളും മരച്ചില്ലകളും മാറ്റുന്നതിനും വീണുകിടക്കുന്ന മരങ്ങൾ നീക്കം ചെയ്യുന്നതിനുമുള്ള ഘടകങ്ങളുൾപ്പെടെ 45 ലക്ഷം രൂപയുടെ അടങ്കൽ പ്രവർത്തനം ജലസേചന വകുപ്പിനുകീഴിൽ നടന്നുവരികയാണ്. കൂടാതെ കാഞ്ഞിരം മുതൽ വെട്ടിക്കാട് വരെയുള്ള മീനച്ചിലാറിലെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയായിട്ടുമുണ്ട്. എക്കൽ നീക്കം ചെയ്ത് നദിയുടെ വീതി പുനഃസ്ഥാപിച്ചും ആഴം കൂട്ടിയും ഒഴുക്കിന് തടസ്സമായി നിൽക്കുന്ന മരച്ചില്ലകൾ മുറിച്ചുനീക്കിയും സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിനും തീരസംരക്ഷണത്തിനുമായി വിവിധ ഭാഗങ്ങളിൽ ആറ്റുവഞ്ചി, രാമച്ചം, ഒട്ടൽ തുടങ്ങിയ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് 2021 ഫെബ്രുവരി മാസം ഭരണാനുമതി നൽകിയതാണ്. പക്ഷേ പരിസ്ഥിതി സംഘടനകളുടെ ഇടപെടൽമൂലം ഇതുമായി മുന്നോട്ടുപോകാൻ ചില ബുദ്ധിമുട്ടുകൾ നേരിട്ടിട്ടുണ്ട്. ദുരന്തനിവാരണവുമായി ബന്ധപ്പെട്ട മീറ്റിംഗിൽ കളക്ടറുടെ നിർദ്ദേശ പ്രകാരം വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി ടി പ്രവൃത്തികളിൽ ചിലതിന് കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ പ്രവൃത്തി ആരംഭിച്ചതിനുപിന്നാലെ കോട്ടയം നേച്ചർ സൊസൈറ്റിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ദേശീയ ഹരിത ട്രൈബ്യൂണൽ 25-5-2021-ലെ ഉത്തരവുപ്രകാരം മേൽപ്രവൃത്തികളുടെ നടത്തിപ്പിൽ ഇടപെട്ടിരിക്കുകയാണ്. ആറ്റുതീരത്തുള്ള ജൈവവൈവിധ്യം വെട്ടിമാറ്റുന്നുവെന്നും ദുരന്ത നിവാരണത്തിന്റെ മറവിൽ മണൽ ഖനനം നടത്തുന്നുവെന്നുമുള്ള അപേക്ഷയിന്മേൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് നോഡൽ ഏജൻസിയായി ഒരു കമ്മിറ്റി രൂപീകരിച്ച് പരിസ്ഥിതി ആഘാതപഠനം നടത്താനും ദുരന്ത നിവാരണം മുൻനിർത്തി മണൽ ഖനനം നടത്തുകയാണോ എന്നുള്ള കാര്യങ്ങൾ പരിശോധിക്കാനും ആവശ്യമെങ്കിൽ നടപടി കൈക്കൊള്ളാനും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ദുരന്ത നിവാരണത്തിന് അത്യാവശ്യമെങ്കിൽ ഏതുരീതിയിൽ എത്രവരെ ചെയ്യാമെന്നുള്ള കാര്യങ്ങൾകൂടി ഉൾപ്പെടുത്തി 29-6-2021-നുമുമ്പ് റിപ്പോർട്ട് സമർപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്മിറ്റി രൂപീകരിച്ച് എത്രയുംപെട്ടെന്ന് റിപ്പോർട്ട് സമർപ്പിക്കാനായി ആവശ്യപ്പെടാം. നദിയിലെ ചെളിയും എക്കലും മാറ്റി ഒഴുക്കിന് തടസ്സമായി നിൽക്കുന്നതെല്ലാം മാറ്റേണ്ടത് വളരെ അത്യാവശ്യമാണ്. സൈഡ് ഇടിഞ്ഞ് വീതി കുറഞ്ഞിട്ടുണ്ടെങ്കിൽ അതൊഴിവാക്കുകയും അനധികൃത കയ്യേറ്റമുണ്ടെങ്കിൽ അത് പരിശോധിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ കാര്യങ്ങളെല്ലാം പരിശോധിച്ച് ദേശീയ ഹരിത ട്രൈബ്യൂണൽ പറഞ്ഞിരിക്കുന്നതിന്റെ പശ്ചാത്തലത്തിൽ വസ്തുതകൾ ബോദ്ധ്യപ്പെടുത്തി കാര്യങ്ങൾ നടത്താൻ കഴിയും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. ആവശ്യമെങ്കിൽ അത്തരം കാര്യങ്ങൾക്കുവേണ്ടി ഒരു മീറ്റിംഗ് വിളിച്ചുകൂട്ടുകയും ചെയ്യാം.

## (8) കാട്ടുപന്നിയെ വെർമിൻ ആയി പ്രഖ്യാപിക്കൽ

ശ്രീ. ലിന്റോ ജോസഫ്: സർ, സംസ്ഥാനത്തെ 106 വില്ലേജുകളിൽ കാട്ടുപന്നി ശല്യം കാരണം കർഷകരും സാധാരണ ജനങ്ങളും വലിയ വിഷമാവസ്ഥയിലാണ്. കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം, വയനാട്, ഇടുക്കി, പത്തനംതിട്ട തുടങ്ങിയ ജില്ലകളിലാണ് കാട്ടുപന്നി ശല്യം വളരെ രൂക്ഷമായിരിക്കുന്നത്. തിരുവമ്പാടി മണ്ഡലത്തിലെ 11 വില്ലേജുകളിലും കാട്ടുപന്നിശല്യം അതിരൂക്ഷമാണ്. വിളയിറക്കാനോ വിളവെടുക്കാനോ കഴിയാത്ത വലിയ പ്രതിസന്ധിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. ജീവനോപാധികൾ മാത്രമല്ല പലപ്പോഴും ജീവനുതന്നെ ഭീഷണിയാകുന്ന സ്ഥിതിയും ഇതുമൂലമുണ്ട്. നിരന്തരശ്രമത്തിന്റെ ഭാഗമായി അൽപ്പം ചില ഇളവുകൾ നൽകിയിട്ടുണ്ടെങ്കിലും അത് പര്യാപ്തമായിട്ടില്ല. സംരക്ഷിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കാട്ടുപന്നികളുടെ വംശവർദ്ധനവും വിളനശിപ്പിക്കലും ഗ്രാമപ്രദേശങ്ങളിൽനിന്നും പട്ടണപ്രദേശങ്ങളിലേയ്ക്കുകൂടി വ്യാപിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. ശല്യമൃഗമായി പ്രഖ്യാപിച്ച് കാട്ടുപന്നികളെ അമർച്ച ചെയ്യുന്നതിന് കഴിഞ്ഞ വർഷം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നെങ്കിലും അനുമതി ലഭിച്ചിട്ടില്ല. ഷെഡ്യൂൾ ഒന്നിലും രണ്ടിലും ഉൾപ്പെടാത്ത, ജനജീവിതത്തെ സാരമായി ബാധിക്കുന്ന വന്യമൃഗങ്ങളെ ഷെഡ്യൂൾ അഞ്ചിലേയ്ക്ക് മാറ്റി വെർമിനായി പ്രഖ്യാപിച്ച് അമർച്ച ചെയ്യുന്നതിന് കേന്ദ്ര നിയമത്തിൽ വ്യവസ്ഥയുണ്ട്. ഹിമാചൽ പ്രദേശിലെ റീസസ് കുരങ്ങ്, ബീഹാറിലെ നിൽഗായ് കാട്ടുപന്നികൾ എന്നിവയെ നിശ്ചിത കാലയളവിൽ വെർമിനായി പ്രഖ്യാപിച്ച് മുൻകാലങ്ങളിൽ നടപടികളെടുത്തിട്ടുണ്ട്. കേന്ദ്രാനുമതി നേടിയെടുക്കുന്നതിന് ശക്തമായ നിർദ്ദേശങ്ങളും ഇടപെടലുകളും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നും അനുമതി ലഭിക്കുന്നപക്ഷം കർശന വ്യവസ്ഥകളിൽ ഇളവുവരുത്തി കർഷകർക്കുതന്നെ ഇവയെ അമർച്ച ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള നടപടികളുണ്ടാകണമെന്നും അഭ്യർത്ഥിക്കുകയാണ്. കൂടാതെ കാട്ടാനശല്യവും അതിരൂക്ഷമാണ്. കഴിഞ്ഞ മാസമാണ് എന്റെ മണ്ഡലത്തോട് ചേർന്നുള്ള ഊർങ്ങാട്ടിരി പഞ്ചായത്തിൽ 54 വയസ്സുള്ള സെബാസ്റ്റ്യൻ വടക്കേത്തടത്തിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. ഫെൻസിംഗും കിടങ്ങുകളും സംരക്ഷണ ഭിത്തികളും അടിയന്തര പ്രാധാന്യത്തോടുകൂടി നിർമ്മിച്ച് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തണം. അവിടത്തെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ തുഷാരഗിരിയിലെ കൗണ്ടറും റിസപ്ഷനും കാട്ടാന തകർത്തിരിക്കുകയാണെന്നാണ് രാവിലെ വന്നിരിക്കുന്ന വാർത്ത. അതിനാൽ രണ്ട് പ്രശ്നങ്ങളും അടിയന്തര പ്രാധാന്യത്തോടെ എടുക്കണമെന്നും കാട്ടുപന്നിയെ വെർമിനായി പ്രഖ്യാപിക്കണമെന്നും ആവശ്യപ്പെടുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട തിരുവമ്പാടി എം.എൽ.എ. ആ പ്രദേശത്തെ ജനങ്ങൾ നേരിടുന്ന വലിയ ദുരന്തത്തെയാണ് സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളത്. കാട്ടുപന്നി

ശല്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാട്ടുപന്നികളെ വന്യജീവി സംരക്ഷണ നിയമത്തിലെ അഞ്ചാം പട്ടികയിലുൾപ്പെടുത്തി വെർമിനായി പ്രഖ്യാപിക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നത്. കേന്ദ്ര നിയമത്തിൽ മാറ്റംവരുത്തുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിച്ചുവെങ്കിലും ഇപ്പോഴത്തെ നിയമം അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചാൽ മതിയെന്നാണ് മറുപടി ലഭിച്ചിട്ടുള്ളത്. വീണ്ടും കേരളത്തിലെ സവിശേഷ സാഹചര്യം കേന്ദ്ര ഗവൺമെന്റിനെ ബോധ്യപ്പെടുത്തി അനുവാദം നൽകുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിക്കുന്നതാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തെ സംബന്ധിച്ച കാട്ടാനകളുമായി ബന്ധപ്പെട്ട വിഷയം സൂചിപ്പിക്കുകയുണ്ടായി. മണ്ഡലത്തിൽ ഇപ്പോൾ 9.50 കി.മീ. ദൂരത്തിൽ സോളാർ ഫെൻസിംഗ് പ്രവർത്തനക്ഷമമാണ്. ഇതിൽ 6 കി. മീ. 2020-21-ൽ സ്ഥാപിച്ചതാണ്. നിലവിൽ തടസ്സപ്പെട്ടുകിടക്കുന്ന 4.5 കി. മീ. സോളാർ ഫെൻസിംഗിന്റെ പ്രവർത്തനങ്ങൾ പുനഃരാരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. പുതുതായി 1.6 കി. മീ. കൂടി സോളാർ ഫെൻസിംഗ് ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഇതോടെ തുഷാരഗിരി, പൊന്നാംകയം, കാടോത്തിക്കുന്ന്, മരുതിലാവ്, ചിപ്പിലിത്തോട്, വട്ടച്ചിറ എന്നീ ഭാഗങ്ങളിൽ കാട്ടാന ഇറങ്ങുന്നത് തടയാൻ കഴിയുമെന്നാണ് കരുതുന്നത്. മറ്റു വിശദാംശങ്ങൾ മേശപ്പുറത്തുവയ്ക്കുന്നു*.

## (9) ലയൺ സഫാരി പാർക്ക്

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ലോക ടൂറിസം ഭൂപടത്തിൽ ഇടം നേടിയ കേരളത്തിലെ ഏക ലയൺ സഫാരി പാർക്കാണ് നെയ്യാർഡാമിൽ സ്ഥിതി ചെയ്യുന്നത്. ഏഷ്യയിലെ രണ്ടാമത്തെ ലയൺ സഫാരി പാർക്കാണിത്. കേരളത്തിൽ കൂടുകളി ലല്ലാതെ സിംഹത്തെ കാണാൻ കഴിയുന്ന ഏക സ്ഥലമാണ് നെയ്യാർ ലയൺ സഫാരി പാർക്ക്. 1984-ൽ നെയ്യാർ ജലസംഭരണിയാൽ ചുറ്റപ്പെട്ട മരക്കുന്നം ദ്വീപിൽ നാല് സിംഹങ്ങളോടെ പ്രവർത്തനം തുടങ്ങിയതാണ്. 18 സിംഹങ്ങൾ ഉണ്ടായിരുന്ന അവിടെയിപ്പോൾ ഒരു സിംഹംപോലുമില്ല. 2005-ൽ സിംഹങ്ങളിൽ വന്ധ്യംകരണം നടത്തിയതുമൂലമുണ്ടായ അണുബാധയാലും വാർദ്ധക്യത്താലും സിംഹങ്ങളെല്ലാം മരണപ്പെട്ടു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാൻ ഈ കാര്യം വനം വകുപ്പുമന്ത്രി ബഹുമാന്യനായ കെ. രാജുവിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഗുജറാത്തിലെ സക്കർബാഗ് മൃഗശാലയിൽനിന്ന് നാഗരാജൻ, രാധ എന്നീ രണ്ട് സിംഹങ്ങളെ കൊണ്ടുവരികയും ചെയ്തു. സിംഹങ്ങളെ കൊണ്ടുവന്ന യാത്രയിലെ അശാസ്ത്രീയത കാരണം (ട്രക്കിൽ കയറ്റി കൊണ്ടുവന്നതിന്റെ പേരിൽ) അവ മരണപ്പെട്ടു. അവശേഷിക്കുന്ന ബിന്ദു എന്ന് പേരുള്ള സിംഹവും ഇപ്പോൾ മരണപ്പെട്ടു. വയനാട്ടിൽനിന്ന് ചികിത്സയ്ക്കായി കൊണ്ടുവന്ന രണ്ട് കടുവകളാണ്

*അനുബന്ധമായി ചേർത്തിട്ടുണ്ട്.

അവിടെയുള്ളത്; അതിൽ ഒരു കടുവ അടുത്തകാലത്ത് കൂട് പൊളിച്ച് പുറത്തിറങ്ങിയത് വലിയ പരിഭ്രാന്തിയാണ് പരത്തിയത്. 11 ഏക്കർ സ്ഥലമുള്ള ഒരു ദ്വീപായതിനാൽ സിംഹത്തെ കൊണ്ടുവരാനുള്ള പരിശ്രമം നടത്തണം. തുച്ഛമായ ദിവസവേതനത്തിൽ ജീവിക്കുന്ന കുറേയധികം തൊഴിലാളികളുടെ ഉപജീവനവും വഴിമുട്ടി നിൽക്കുകയാണ്. വലിയ വരുമാനമുണ്ടാക്കുന്ന ഒരു പ്രദേശമാണിത്. ഇപ്പോൾ സഞ്ചാരികൾ സഫാരി പാർക്കിൽ വന്നാൽ അവർക്ക് ഒരു സിംഹത്തെയും കാണാൻ കഴിയുന്നില്ല. അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പാർക്കുകൾ നടത്തുന്നത് സംബന്ധിച്ച പ്രശ്നമാണ് ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. നെയ്യാർ ലയൺ സഫാരി പാർക്കിൽ ഇപ്പോൾ സിംഹങ്ങളൊന്നുമില്ല. അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ പല ഘട്ടങ്ങളിലായാണ് സിംഹങ്ങൾ മരണപ്പെട്ടത്. ഒരു കടുവയും ഇതിനകം മരിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി ആ പാർക്ക് ഇപ്പോൾ പ്രവർത്തനക്ഷമമല്ല. എന്നാൽ കേന്ദ്ര മൃഗശാല അതോറിറ്റി (Central Zoo Authority) സഫാരി പാർക്കായി നിഷ്കർഷിക്കുന്ന സ്ഥല വിസ്തൃതി ഈ സഫാരി പാർക്കിൽ ലഭ്യമല്ല. വിസ്തൃതി ഇളവ് വരുത്തുന്നതിനുള്ള അപേക്ഷയിൽ കേന്ദ്ര മൃഗശാലാ അതോറിറ്റിയിൽനിന്നും അനുകൂല തീരുമാനം ലഭിക്കുന്നമുറയ്ക്ക് പാർക്ക് പ്രവർത്തനക്ഷമമാക്കാവുന്നതാണ്. മൃഗങ്ങളെല്ലാം ഇല്ലാതായതോടുകൂടി അവിടെ ജോലി നോക്കിയിരുന്ന തൊഴിലാളികളിൽ നാലുപേരെ മാൻ പാർക്കിലേയ്ക്കും മറ്റുള്ളവരെ മുതല പാർക്കിലേയ്ക്കും പുനർവിന്യസിച്ചിട്ടുണ്ട്. മറുപടിയുടെ ബാക്കി ഭാഗങ്ങൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*.

(10) വികസന പ്രവർത്തനങ്ങൾ

ശ്രീ. സണ്ണി ജോസഫ്: സർ, ആറളം ആദിവാസി പുനരധിവാസ മേഖല എന്റെ നിയോജകമണ്ഡലത്തിലാണ് സ്ഥിതിചെയ്യുന്നത്. മൂവായിരത്തോളം കുടുംബങ്ങൾക്ക് അവിടെ ഭൂമി നൽകി. എന്നാൽ വീടുകളുടെ നിർമ്മാണം, ഗതാഗത സൗകര്യം, കുടിവെള്ളം മുതലായ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കാതെ ബാക്കി നിൽക്കുകയാണ്. 154 കോളനികൾ മറ്റ് പഞ്ചായത്തുകളിലായിട്ടുണ്ട്. കോളനികളുടെയെല്ലാം അടിസ്ഥാന സൗകര്യങ്ങളിൽ പ്രധാനപ്പെട്ടത് ഭവനവും കുടിവെള്ളവുമാണ്. കോളനികളിൽ കോവിഡ് പരിശോധന നടത്തിയപ്പോൾ ടി.പി.ആർ. കൂടുതലാണ്. അവർ നേരിട്ട് പരിശോധനയ്ക്ക് പോകില്ല, വാക്സിനേഷനും അവർ നേരിട്ട് അപേക്ഷിക്കണമെന്നില്ല. അതുകൊണ്ട് ഇന്നത്തെ അടിയന്തരഘട്ടത്തിൽ

*അനുബന്ധമായി ചേർത്തിട്ടുണ്ട്.

മെഡിക്കൽ മൊബൈൽ യൂണിറ്റുകൾ കോളനികളിൽ പോയി ടെസ്റ്റ് നടത്താനും ആവശ്യമായ വാക്സിനേഷൻ കൊടുക്കാനുമുള്ള സംവിധാനമുണ്ടാക്കണം. ആയിരക്കണക്കിന് കുടുംബങ്ങളും ആദിവാസികളുമുള്ള മേഖല എന്നുള്ള നിലയിൽ കുടിവെള്ളം, ഭവന നിർമ്മാണം, വഴി എന്നിവയുൾപ്പെടെ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക പരിഗണന നൽകി നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, പേരാവൂർ നിയോജക മണ്ഡലത്തിലെ ഇരിട്ടി, പേരാവൂർ എന്നീ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളുടെ കീഴിലായി 8 ഗ്രാമപഞ്ചായത്തുകളും ഇരിട്ടി നഗരസഭയുമാണ് ഉൾപ്പെടുന്നത്. ആകെ 158 കോളനികളിലായി 3167 കുടുംബങ്ങളാണുള്ളത്. ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഏകദേശം 1512 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അംബേദ്കർ സെഗ്മെന്റ് കോളനി വികസന പദ്ധതിയിലുൾപ്പെടുത്തി അയ്യൻകുന്ന്, പായം, കൊട്ടിയൂർ, കണിച്ചാർ, മുഴക്കുന്ന് എന്നീ പഞ്ചായത്തുകളിലെ കോളനികളിൽ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി ആറളം പഞ്ചായത്തിൽ വിയറ്റ്നാം-കമ്പോഡിയ റോഡിന്റെ പ്രവൃത്തിയും പൂർത്തീകരിച്ചു. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആറളം വെളിമാനത്ത് 60 പെൺകുട്ടികൾക്കും ഇരിട്ടിയിൽ 40 പെൺകുട്ടികൾക്കും താമസിച്ച് പഠിക്കാനായി രണ്ട് പ്രീമെട്രിക് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നുണ്ട്. ആറളം ഗ്രാമപഞ്ചായത്തിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-ലുൾപ്പെടുത്തി 42 കോടി രൂപയോളം വിനിയോഗിച്ച് നടപ്പിലാക്കുന്ന വികസന പ്രവർത്തനങ്ങൾ വിവിധഘട്ടങ്ങളിലാണ്. വനമേഖലയുമായി അതിർത്തി പങ്കിടുന്ന 10.5 കി.മീ. ദൂരത്തിൽ കോൺക്രീറ്റ് മതിലും 3 കിലോമീറ്റർ ദൂരം വരുന്ന ചീങ്കണ്ണി പുഴയോരത്ത് റെയിൽ ഫെൻസിംഗും സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്, അതിന്റെ ഭരണാനുമതി നൽകുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫാം റിവൈവൽ പാക്കേജ് പ്രകാരം പുനരുദ്ധാരണ പ്രവൃത്തികളും ആറളം ഫാമിൽ നടന്നുവരുന്നുണ്ട്. ഇത്തരത്തിൽ ആറളം ആദിവാസി മേഖലയിൽ മറ്റു പട്ടികവർഗ്ഗ കോളനികളുടെയും വികസനത്തിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളും സർക്കാർ ചെയ്യുന്നതാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ പ്രത്യേകം മെഡിക്കൽ മൊബൈൽ യൂണിറ്റുകൾ ആദിവാസി മേഖലയിൽ പോയി വാക്സിനേഷൻ നടത്താനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

## (11) മലബാർ ദേവസ്വം പരിഷ്കരണ നിയമം

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കോവിഡിന്റെ പശ്ചാത്തലത്തിൽ ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്ന വിഭാഗമായി ക്ഷേത്ര ജീവനക്കാർ മാറിയിട്ടുണ്ട് എന്നാണ് ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരത്തെ ഇവിടെ സൂചിപ്പിച്ചത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ശമ്പളപരിഷ്കരണം നടപ്പിലാക്കിയിരുന്നുവെങ്കിലും പുതുക്കിയ ശമ്പളം അതാത് മാസം കുടിശ്ശികയില്ലാതെ നൽകുന്നതിനുള്ള സംവിധാനങ്ങളിൽ ചില നീക്കങ്ങൾ നടന്നിട്ടുണ്ടെങ്കിലും അത് പൂർണ്ണമായും ശരിയായി വന്നിട്ടില്ലെന്നുള്ളതാണ് അനുഭവം. 1951-ലെ HR&CE (Hindu Religious and Charitable Endowment) നിയമമാണ് ഇപ്പോഴും മലബാർ ദേവസ്വം ബോർഡിൽ നിലനിൽക്കുന്നത്. ഈ മദ്രാസ് നിയമം മാറ്റുന്നതിനുവേണ്ടിയുള്ള ശ്രമം തുടങ്ങിയിരുന്നു. സമഗ്രമായ മലബാർ ദേവസ്വം പരിഷ്കരണ നിയമം നടപ്പിലാക്കിയാൽ മാത്രമേ ഈ രംഗത്തുള്ള കാര്യങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്. ഇതോടൊപ്പം സ്വകാര്യ ക്ഷേത്ര ജീവനക്കാർ നേരിടുന്നത് കുറേക്കൂടി ഗൗരവമുള്ള വിഷയമാണ്. ഈ രംഗത്തുള്ള ക്ഷേമനിധി വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ് ഇന്ന് നിൽക്കുന്നത്. ഗവൺമെന്റ് ചില ഇടപെടലുകൾ നടത്തിയിട്ടുണ്ട്. അതിലുപരി ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഉത്തരകേരളത്തിലെ ആചാരസ്ഥാനികർ-കോമരം, വെളിച്ചപ്പാട്, അന്തിത്തിരിയൻ തുടങ്ങിയ ആചാരങ്ങൾ വഹിക്കുന്നവർക്ക് കേരളത്തിലെ ഗവൺമെന്റ് പ്രതിമാസ ധനസഹായം നേരത്തെ ഏർപ്പെടുത്തിയിരുന്നു. എന്നാൽ 2016 ഒക്ടോബർ മുതൽ അപേക്ഷ വാങ്ങാത്തൊരു സ്ഥിതി നിലനിൽക്കുന്നുണ്ട്. സർക്കാർ നിർദ്ദേശം നൽകിയാൽ മാത്രമേ അപേക്ഷ സ്വീകരിക്കാനാകൂ. ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, കോവിഡിന്റെ ഫലമായി പ്രത്യേകമായും ക്ഷേത്രങ്ങളിൽ വലിയ ദുരിതമാണെന്ന് അദ്ദേഹം പറഞ്ഞു. കോവിഡിന്റെ ഫലമായി എല്ലാ വിഭാഗം ജനങ്ങളും ദുരിതമനുഭവിക്കുന്നുണ്ട്. നമ്മളൊക്കെ ദുരിതമനുഭവിക്കുകയാണ്; മുഖത്ത് മാസ്കുവച്ച് സംസാരിക്കുക എന്നു പറഞ്ഞാൽത്തന്നെ ഏറ്റവും വലിയ ദുരിതമാണ്. മലബാർ ദേവസ്വം ബോർഡിന്റെ പ്രത്യേക അപേക്ഷ പരിഗണിച്ച് ശമ്പള കുടിശ്ശികയുൾപ്പെടെയുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം 22 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ ആദ്യ ഗഡുവായി 5.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിനുമുമ്പാകെ ക്ഷേത്ര ഭരണാധികാരികൾ സമർപ്പിക്കുന്ന വാർഷിക വരവുചെലവ് കണക്കിലെ വരവും ചെലവും വിലയിരുത്തിയാണ് ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും

നൽകുന്നത്. ഇത് ചട്ടത്തിൽ വ്യവസ്ഥ ചെയ്തതിൻപ്രകാരമാണ്. മലബാർ ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്ര ജീവനക്കാർക്ക് 12 വർഷമായി ശമ്പള പരിഷ്കരണം നടപ്പിലാക്കിയിരുന്നില്ല. 12-2-2021-ലാണ് ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ചത്. പ്രസ്തുത ഉത്തരവിലെ ഫിക്സേഷൻ റൂൾ, ഡി.എ. എന്നിവയിൽ കൂടുതൽ വ്യക്തതവരുത്തി നൽകണമെന്ന ബോർഡ് കമ്മീഷണറുടെ ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ മറുപടി ലഭ്യമായാലുടൻ മേൽവിഷയത്തിൽ തീരുമാനമെടുക്കുന്നതാണ്. 1951-ലെ Hindu Religious and Charitable Endowment Act പരിഷ്കരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഇതുസംബന്ധിച്ച സാമ്പത്തിക ബാദ്ധ്യതകൂടി പരിശോധിച്ചു വരികയാണ്. കോവിഡ് മഹാമാരിമൂലം ക്ഷേത്രങ്ങൾക്കുണ്ടായ സാമ്പത്തിക പരാധീനത പരിഹരിക്കുന്നതിന് മലബാർ ദേവസ്വം ബോർഡിന് 20 കോടി രൂപ പ്രത്യേക പാക്കേജായി അനുവദിച്ചിട്ടുണ്ട്. അതിൽ ഒരു കോടി രൂപ ക്ഷേമനിധിക്കുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനായിമാത്രം മാറ്റി നൽകിയിട്ടുണ്ട്. കൂടുതൽ സഹായങ്ങൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### (12) എം.ഇ.എസ്. കോളേജ്-പയ്യനടം-മൈലാമ്പടം റോഡ് നിർമ്മാണം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ രണ്ട് റോഡുകളാണ് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയത്. ഒന്ന്, മണ്ണാർക്കാട് എം.ഇ.എസ്. കോളേജ് -പയ്യനടം-മൈലാമ്പാടം റോഡ്. ഈ റോഡിന്റെ നിർമ്മാണോദ്ഘാടനം അന്നത്തെ വകുപ്പുമന്ത്രി നടത്തിയിരുന്നു. എന്നാൽ കിഫ്ബിയും പൊതുമരാമത്ത് വകുപ്പും അതിൽ എസ്.പി.വി. ആയിട്ടുള്ള കെ.ആർ.എഫ്.ബി.-യും തമ്മിലുള്ള തർക്കം കാരണം റോഡുപണി മുടങ്ങി. നാട്ടുകാർ കോടതിയിൽ സമർപ്പിച്ച പരാതിയിന്മേൽ എത്രയുംപെട്ടെന്ന് പണി പുനരാരംഭിക്കാൻ കോടതി ഉത്തരവിട്ടെങ്കിലും ഇപ്പോഴും കിഫ്ബി അതിൽ മെല്ലെപ്പോക്കുനയമാണ് സ്വീകരിക്കുന്നത്. റോഡിന്റെ പ്രവൃത്തി വളരെ മന്ദഗതിയിലാണ് നീങ്ങുന്നത്. നിലവിലുള്ള റോഡ് പൊളിച്ചിട്ടു, ജനങ്ങൾക്ക് പഴയ റോഡ് നഷ്ടപ്പെടുകയും ചെയ്തു. വേനൽക്കാലത്ത് പൊടികൊണ്ടും മഴക്കാലത്ത് വെള്ളക്കെട്ടുകൊണ്ടും ആ പ്രദേശത്തുള്ള ജനങ്ങൾ കഷ്ടപ്പെടുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കിഫ്ബിയുമായി ഇടപെട്ട് ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം. രണ്ടാമത്തേത്, അട്ടപ്പാടി ആദിവാസി മേഖലയിലേയ്ക്കുള്ള വളരെ പ്രധാനപ്പെട്ട റോഡാണ്. കിഫ്ബിയിലുൾപ്പെടുത്തി, ഇന്നുവരും നാളെവരും എന്നു പറഞ്ഞിട്ട് അഞ്ചുകൊല്ലം കഴിഞ്ഞു. മൂന്ന് റീച്ചായി പ്രവൃത്തി നടത്തുമെന്നുപറഞ്ഞെങ്കിലും ഇതുവരെ ഒരനക്കവുമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകമായി ഇടപെട്ട് ഈ രണ്ടു റോഡുകളുടെയും അടിയന്തര പ്രാധാന്യമുൾക്കൊണ്ട് കിഫ്ബിയെക്കൊണ്ട് അതിന്റെ പ്രവൃത്തികൾ നടപ്പാക്കാനുള്ള ഒരു പരിശ്രമമുണ്ടാക്കണം.

ഇവിടെ ഒരാക്ഷേപം പറയാനുള്ളത്, കിഫ്ബി സി.ഇ.ഒ.-യ്ക്ക് ഇതെല്ലാമറിയാവുന്നതാണ്. സി.ഇ.ഒ.-യോട് എം.എൽ.എ.-മാർ പറഞ്ഞിട്ടുപോലും യാതൊരു അനക്കവുമില്ല. ഇതിനുവേണ്ടി ഒരു മീറ്റിംഗ് വിളിക്കുന്നില്ല. പ്രസ്തുത പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തിയതിനാൽ മറ്റൊരു സ്കീമിലും അത് ഏറ്റെടുക്കില്ല. പക്ഷേ ഇപ്പോൾ റോഡുപണി നടക്കുന്നില്ല. അടിയന്തരമായി മന്ത്രി ഈ കാര്യത്തിലിടപെടുകയും കഴിയുമെങ്കിൽ കിഫ്ബി സി.ഇ.ഒ.-യെ മാറ്റുകയും വേണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, എം.ഇ.എസ്. കോളേജ്-പയ്യനടം റോഡ് പദ്ധതി 2016-17 പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ സർക്കാർ പ്രഖ്യാപിക്കുകയും 1-11-2016-ലെ ഉത്തരവുപ്രകാരം ഭരണാനുമതി നൽകുകയും ചെയ്തു. പദ്ധതി ഏജൻസിയായ എസ്.പി.വി. (കേരളാ റോഡ് ഫണ്ട് ബോർഡ്) കിഫ്ബിയിൽ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ച് 21.57 കോടി രൂപയ്ക്ക് കിഫ്ബി 16-3-2018-ൽ ധനാനുമതി നൽകി. ഇതേത്തുടർന്ന് ഈ പദ്ധതിക്ക് കെ.ആർ.എഫ്.ബി. 16.42 കോടി രൂപയ്ക്ക് കരാർ നൽകി. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ., കേരള വാട്ടർ അതോറിറ്റി, തദ്ദേശസ്വയം ഭരണ വകുപ്പ് എന്നിവയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിനാവശ്യമായ തുകകളും ഇതിനോടൊപ്പം കിഫ്ബി നൽകിയിട്ടുണ്ട്. 1-12-2018-ൽ തുടങ്ങിയ പദ്ധതിയുടെ കാലയളവ് 16 മാസമാണ്. അത് 4-10-2021 വരെ നീട്ടിനൽകിയിട്ടുണ്ട്. ഈ പദ്ധതി തുടങ്ങി രണ്ടുമാസങ്ങൾക്കുള്ളിൽ കിഫ്ബിയുടെ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനയിൽ ഫിനിഷ്ഡ് റോഡ് ലെവലിലും നിർമ്മാണ പ്രവൃത്തികളിലും ചില അപാകതകൾ കണ്ടെത്തിയിരുന്നു. ഇക്കാര്യം എസ്.പി.വി.-യായ കെ.ആർ.എഫ്.ബി.-യെ അറിയിച്ചിരുന്നു. എന്നാൽ നിർമ്മാണ പ്രവൃത്തികളിലെ അപാകതകൾ പരിഹരിക്കാൻ കെ.ആർ.എഫ്.ബി.-യുടെ ഭാഗത്തുനിന്നും യാതൊരു തരത്തിലുള്ള നടപടികളുമുണ്ടാകാത്തതിനാൽ 28-11-2019-ൽ നിർമ്മാണപ്രവൃത്തികൾ നിർത്തിവയ്ക്കുന്നതിന് കിഫ്ബിക്ക് നടപടികൾ സ്വീകരിക്കേണ്ടിവന്നു. നിർമ്മാണപ്രവൃത്തികൾ പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിരവധി യോഗങ്ങളുടെ ഫലമായി കിഫ്ബി അനുശാസിക്കുന്ന സ്റ്റാൻഡേർഡ് പ്രകാരമല്ലാതെയുള്ള അശാസ്ത്രീയ നിർമ്മിതികൾ നീക്കം ചെയ്യാനും പുനർനിർമ്മാണം നടത്താനും കിഫ്ബി നിർദ്ദേശിച്ചതനുസരിച്ച് പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റും ഡിസൈനും എസ്.പി.വി. ലഭ്യമാക്കി. ഇതിൻപ്രകാരം നിർമ്മാണപ്രവൃത്തികൾ പുനരാരംഭിക്കാനുള്ള അനുമതി 23-11-2020-ൽ നൽകി. തുടർന്ന്ഏപ്രിൽ 2021-ൽ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ സർക്കാർ പ്രഖ്യാപിച്ച മറ്റൊരു പദ്ധതിയായ മണ്ണാർക്കാട്-ചിന്നത്തടാകം റോഡിന് 10-7-2017-ലെ ഉത്തരവുപ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. മൂന്നുഘട്ടങ്ങ

ളായാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. അതിൻപ്രകാരം ചുമതല പ്പെടുത്തപ്പെട്ട എസ്.പി.വി.-യായ കെ.ആർ.എഫ്.ബി. കിഫ്ബിയിൽ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ച് പ്രസ്തുത പദ്ധതിയിലെ ഘട്ടം ഒന്നായ നെല്ലിപ്പുഴ മുതൽ ആലുംമൂലി വരെയുള്ള റീച്ചിന് 29.53 കോടി രൂപയ്ക്ക് അംഗീകാരം നൽകി. ടെണ്ടർ ചെയ്യുന്നതിന് മുന്നോടിയായി സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നാണ് എസ്.പി.വി. അറിയിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ രണ്ടാംഘട്ടം അനുമതിക്കായി എസ്.പി.വി. കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്നും അവലോകന റിപ്പോർട്ട് അനന്തര നടപടി കൾക്കായി എസ്.പി.വി.-ക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പുതുക്കിയ എസ്റ്റിമേറ്റ്, ഡ്രോയിംഗ് എന്നിവ കിഫ്ബിയിൽ ലഭ്യമായിട്ടില്ല. ഈ പദ്ധതിയുടെ മൂന്നാംഘട്ടം സംബന്ധിച്ച ഡി.പി.ആർ. ഉൾപ്പെടെയുള്ള റിപ്പോർട്ടുകൾ കിഫ്ബിയിൽ നാളിതുവരെ എസ്.പി.വി. സമർപ്പിച്ചിട്ടില്ല. 30-12-2020-ൽ ബഹുമാനപ്പെട്ട എം.എൽ.എ. പ്രസ്തുത പദ്ധതി എത്രയുംവേഗം നിർമ്മാണമാരംഭിക്കണമെന്ന് അഭ്യർത്ഥിച്ചതിനെത്തുടർന്ന് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം അടിയന്തരമായി നടപ്പിലാക്കാൻ എസ്.പി.വി.-ക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവാരം സംബന്ധിച്ചുള്ള കാര്യത്തിൽ കർശനമായ നിലപാട് സ്വീകരിച്ചത് ക്വാളിറ്റിയെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ കാരണമാണ്. അതുസംബന്ധിച്ച് നേരിട്ട് എനിക്കറിയില്ല; അത്തരം പരിശോധനയ്ക്ക് സാധിച്ചിട്ടില്ല. പക്ഷേ നിലവാരത്തിന്റെയും ഡിസൈനിന്റെയും കാര്യത്തിൽ ഒത്തുതീർപ്പുണ്ടാക്കി ക്കൊണ്ട് ഇത്രയും വലിയ തുക ചെലവഴിക്കുന്ന പണികൾ ചെയ്യാൻ സാധിക്കില്ല. അതുകൊണ്ട് ഇവിടെ സബ്മിഷൻ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റലായിട്ടുള്ള കാര്യങ്ങൾ പരിശോധിച്ച് വളരെ വേഗത്തിൽ അത്തരം കാര്യങ്ങൾ പരിഹരിക്കാനും ചെയ്യാനുമുള്ള നിർദ്ദേശം നൽകും.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി]

(13) <u>കയറുൽപ്പന്നങ്ങളുടെ സംഭരണം</u>

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, സംസ്ഥാനത്തെ 800-ൽപ്പരം കയർ സഹകരണ സംഘങ്ങളിലും അൻപതോളം ചെറുകിട ഫാക്ടറികളിലും സംഘങ്ങളിലും തൊഴിലാ ളികൾ ഉത്പാദിപ്പിച്ച് ശേഖരിച്ചുവച്ചിട്ടുള്ള കയറും കയർ ഉല്പന്നങ്ങളും കയർ ഫെഡും കയർ കോർപ്പറേഷനും സംഭരിക്കാൻ തയ്യാറാകാത്തതിനാൽ കയർ മേഖലയിലെ സഹകരണ സംഘങ്ങൾ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. കയറും കയറു ല്പന്നങ്ങളും ഗോഡൗണിൽ കെട്ടിക്കിടക്കുകയാണ്. ചെയ്ത ജോലിക്കുള്ള കൂലി ലഭിക്കാത്തതിനാൽ തൊഴിലാളികളും പ്രതിസന്ധിയിലാണ്. അടിക്കടിയുണ്ടായ പ്രളയവും രൂക്ഷമായ കടലാക്രമണവും കാരണം മത്സ്യമേഖലയിലെ തൊഴിലാളികൾ

ഇപ്പോൾത്തന്നെ പ്രതിസന്ധി നേരിടുന്നുണ്ട്. പരമ്പരാഗത വ്യവസായങ്ങളിൽ ഏറ്റവും കൂടുതൽ സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്നത് കയർപിരി മേഖലയിലാണ്. ഇവരുടെ കൂലി വർദ്ധിപ്പിക്കുന്നതിന് യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. 50 രൂപയുടെ നാമമാത്രമായ വർദ്ധനവ് വരുത്തിയെങ്കിലും ഈ തുക സംഘങ്ങളുടെ ഫണ്ടിൽനിന്നാണ് നൽകുന്നത്. സംഘങ്ങളുടെ പ്രവർത്തനശേഷി മാനദണ്ഡമായി സ്വീകരിച്ച് മൂലധനം, ആസ്തി ബാദ്ധ്യതാ ഫണ്ട് എന്നിവ നൽകാൻ തയ്യാറായിട്ടില്ല. കയർഫെഡിൽ ഇറക്കിയ കയറിന്റെ വിലയായി 5 ലക്ഷം രൂപ മുതൽ 20 ലക്ഷം രൂപ വരെ പല സംഘങ്ങൾക്കും ലഭിക്കാനുണ്ട്. സംഘങ്ങൾ കൊടുക്കുന്ന കയറിന്റെ റണ്ണേജ് കുറവ് വരുത്തി സംഘങ്ങളെ സാമ്പത്തികമായി തകർക്കുന്ന നടപടികൾ പിൻവലിക്കണം. കയർഫെഡ് കയർ വില വർദ്ധിപ്പിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും ഇക്കാര്യത്തിൽ ചർച്ചകളല്ലാതെ ഒരു നടപടിയും ഉണ്ടായിട്ടില്ല. അസംസ്കൃതവസ്തുക്കളായ തൊണ്ടിന്റെ വിലയും ചകിരിയുടെ വിലയും ഉല്പാദനച്ചെലവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഉല്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ കയറിന്റെ വാങ്ങൽവില വർദ്ധിപ്പിച്ച് നൽകണം. നിലവിൽ ഒരു ക്വിന്റൽ കയർ ഉല്പാദിപ്പിക്കുമ്പോൾ അടിസ്ഥാന സൗകര്യമുള്ള സംഘങ്ങൾക്ക് 600 രൂപയ്ക്കുമുകളിലും അടിസ്ഥാന സൗകര്യമില്ലാത്ത സംഘങ്ങൾക്ക് 1000 രൂപയ്ക്കുമുകളിലും നഷ്ടം നേരിടുന്നുണ്ട്. വളരെ ഗുരുതരമായ ഒരു പ്രതിസന്ധിയാണ് നേരിടുന്നത്. പ്രത്യേകിച്ച് ഈ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ കയർ തൊഴിലാളികൾ പട്ടിണിയിലും പരിവട്ടത്തിലുമാണ്. അവർക്കുവേണ്ടി പ്രത്യേകമായി ഒരു പാക്കേജുകൂടി വേണം.

കാർത്തികപ്പള്ളി, ആറാട്ടുപുഴ, ചിറയൻകീഴ് എന്നിവ കയർ പിരിമേഖലയാണ്. ചേർത്തല, ആലപ്പുഴ മേഖലകളിൽ കൂടുതലായും ചെറുകിട ഫാക്ടറികളാണുള്ളത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ കടുത്ത പട്ടിണിയിലും പ്രയാസ ത്തിലുമാണ്. അടിയന്തരമായി അവരെ സഹായിക്കാനും സംഘങ്ങളിൽ കെട്ടിക്കി ടക്കുന്ന കയർ, കയർഫെഡും കയർ കോർപ്പറേഷനും എടുക്കാനുമുള്ള നടപടികൾക്ക് നിർദ്ദേശമുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

വ്യവസായവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, കയർ വ്യവസായ മേഖലയിൽ കയർ യാൺ സംഭരിക്കുന്നതിന്, കയർ സഹകരണ സംഘങ്ങളുടെ അപക്സ് സംഘമായ കയർഫെഡിനെയും ഉല്പന്ന സംഭരണത്തിനായി കയർ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഈ രണ്ട് ഏജൻസികളും കയറിന്റേയും കയർ ഉല്പന്നങ്ങളുടേയും സംഭരണം കാര്യക്ഷമമായി നടത്തുന്നു. 2021 ഏപ്രിൽ മാസത്തിൽ

കയർഫെഡ് 12,825 ക്വിന്റൽ കയർ സഹകരണ സംഘങ്ങളിൽനിന്നും സംഭരിച്ചിട്ടുണ്ട്. മുൻവർഷം ഇത് 3496.65 ക്വിന്റലായിരുന്നു. അതായത് 266.79 ശതമാനം അധിക സംഭരണമാണ് നടത്തിയിരിക്കുന്നത്. 2021-ൽ ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ഡൗൺമൂലം കയർ, ചകിരി ഉൽപ്പന്നങ്ങൾ കൊണ്ടുപോകുന്നതിനും കൊണ്ടു വരുന്നതിനും തടസ്സം നേരിട്ടു. കൂടാതെ കയർ യാൺ, അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്ന അനുബന്ധ വ്യവസായ രംഗങ്ങളിലെല്ലാം ലോക്ഡൗൺ ബാധിച്ച തിനാൽ കയർ ഉല്പാദനം മന്ദഗതിയിലായി. എന്നാൽ ഇത് തൊഴിലാളികളെയും കയർ സംഘങ്ങളെയും ബാധിക്കാതിരിക്കാൻ സംഭരണ ഗോഡൗണുകൾ നിറഞ്ഞ സാഹചര്യത്തിൽ കൂടുതൽ ഗോഡൗണുകൾ ലഭ്യമാക്കി കയർ സംഭരിക്കുകയാണ് കയർഫെഡ് ചെയ്തത്. 2019-20-ൽ 1,76,947 ക്വിന്റൽ കയറാണ് കയർഫെഡ് സംഘങ്ങളിൽനിന്ന് സംഭരിച്ചത്. 2020-21-ൽ സംഭരണം 2,17,907 ക്വിന്റലായി ഉയർത്തിയിട്ടുണ്ട്. 23 ശതമാനത്തിന്റെ വർദ്ധനവാണുണ്ടായിട്ടുള്ളത്. കയർ സംഭര ണത്തിൽ മുൻവർഷത്തേക്കാൾ കൂടുതൽ ശേഖരിക്കാൻ സാധിച്ചിട്ടുണ്ട്. കയർ മേഖലയിലെ രണ്ടാം പുനഃസംഘടനയിൽ യന്ത്രവൽക്കരണം നടപ്പാക്കുന്നത് പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ മുഴുവൻ കയർഫെഡ് സംഭരിക്കുമെന്ന നയത്തിൽ ഉറച്ചുനിന്നാണ്. ഇത് പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിന് സ്വീകരിച്ച നയമാണ്. കയർഫെഡിന്റെ കൊല്ലം, കൊച്ചി, കോഴിക്കോട് റീജിയണൽ ഓഫീസുകളിലെ പ്രവർത്തനത്തെ കോവിഡ് മഹാമാരി പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കയർ ഉല്പാദനത്തിൽ മുന്നിൽ നിൽക്കുന്ന ആലപ്പുഴ, കായംകുളം, വൈക്കം എന്നിവിടങ്ങളിൽനിന്നും കയർ ഇറക്കുന്നത് ആലപ്പുഴ റീജിയണൽ ഓഫീസറുടെ കീഴിലാണ്. ലോക്ഡൗണിൽ ഇളവ് അനുവദിച്ചുകൊണ്ട് ഉത്തരവ് ലഭിച്ചതോടുകൂടി ഇവിടെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സംഭരണം കാര്യക്ഷമമായി പുരോഗമിക്കുന്നുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ നിയന്ത്രണത്തിൽ ഇളവ് വരുന്നതോടുകൂടി കയർ, കയറുല്പന്നങ്ങൾ എന്നിവയുടെ സുഗമമായ നീക്കം ഉറപ്പാക്കി സംഭരണം സാധാരണ നിലയിലാക്കും. കയർ രണ്ടാംഘട്ട പുനഃസംഘടനയുടെ ഭാഗമായി പരമ്പരാഗത കയർ തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയർ മുഴുവൻ കയർഫെഡ്‌വഴി സർക്കാർ സംഭരിക്കുമ്പോൾ അതിന്റെ വിപണി സുഗമമാക്കുന്നതിനും അതുവഴി സംഭരണം തടസ്സംകൂടാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. തീർച്ചയായും അങ്ങിവിടെ ചൂണ്ടിക്കാണിച്ച കയർ തൊഴിലാളികൾ അനുഭവിക്കുന്ന എല്ലാ പ്രയാസങ്ങൾക്കും സാധ്യമായ പരിഹാരം കാണാൻ സർക്കാർ ശ്രമിക്കുന്നതാണ്.

### (14) നിർമ്മാണ സാമഗ്രികളുടെ വില വർദ്ധന

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഈ ലോക്ഡൗൺ കാലത്ത് കെട്ടിടനിർമ്മാണ മേഖലയിലെ സാധനസാമഗ്രികൾക്ക് വില വർദ്ധിപ്പിക്കുന്ന സാഹചര്യം സംജാതമായിട്ടുണ്ട്. ഇത് സ്വന്തമായൊരു വീട് സ്വപ്നം കാണുന്ന കുടുംബങ്ങൾ, പുനർഗേഹം/ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ട വീടുകൾ നിർമ്മിക്കുന്ന ഇടത്തരം/പാവപ്പെട്ടവരായിട്ടുള്ള കുടുംബങ്ങൾ എന്നിവരെ വല്ലാതെ പ്രയാസത്തിലാക്കുകയാണ്. ചെറുകിട കരാറുകാരും ഇതുമൂലം വലിയ സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ടിരിക്കുകയാണ്. ഈ വർഷം ജനുവരിയിൽ കിലോഗ്രാമിന് 56 രൂപയുണ്ടായിരുന്ന കമ്പി ഇപ്പോൾ 102 രൂപയായിരിക്കുകയാണ്. ഒരു ചാക്ക് സിമന്റിന് 350 രൂപയുണ്ടായിരുന്നത് 500 രൂപയിലേയ്ക്ക് ഉയർന്നിരിക്കുന്നു. കൂടാതെ ഇലക്ട്രിക്, പ്ലംബിംഗ്, സാനിറ്ററി, പെയിന്റിംഗ്, ടൈൽസ് തുടങ്ങിയ മറ്റു വസ്തുക്കളുടെയും വിലയിൽ 20 മുതൽ 40 ശതമാനംവരെ വിലവർദ്ധനവ് കൃത്രിമമായി സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. സർക്കാർ ഈ മേഖലയിൽ അടിയന്തരമായി ഇടപെട്ട് വില വർദ്ധനവ് ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വ്യവസായവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വില കൂടുന്നത് നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് വ്യാപനം ഈ പ്രതിസന്ധി വളരെയേറെ രൂക്ഷമാക്കുകയും ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവിതം കൂടുതൽ ദുരിതത്തിലാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന് ആവശ്യമുള്ള സിമന്റിന്റെ 10 ശതമാനം മാത്രമേ ഇപ്പോൾ ഉല്പാദിപ്പിക്കുന്നുള്ളൂ. ബാക്കിയുള്ള സിമന്റ് ഫാക്ടറികൾ ഭൂരിഭാഗവും സംസ്ഥാനത്തിന് പുറത്താണ്. ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ തയ്യാറാക്കും. അധിക ഉല്പാദനം വരുമ്പോൾ വിലനിർണ്ണയത്തിൽ ഇടപെടാൻ സംസ്ഥാന സർക്കാരിന് സാധിക്കും. എന്നിരുന്നാലും സിമന്റ്, സ്റ്റീൽ ഉല്പാദകരോടും വിപണനക്കാരോടും വിലയുടെ തോത് വിലയിരുത്തി വിലയിൽ ഗണ്യമായ കുറവ് വരുത്തണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾ വലിയ ദുരിതത്തിലാണ്. അവരെ പരമാവധി സഹായിക്കാൻവേണ്ടിയുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നു. ഇനിയും ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

(15) കശുവണ്ടി തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. പി. എസ്. സുപാൽ: സർ, സംസ്ഥാനത്ത് കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരമുണ്ടാകേണ്ടതുണ്ട്. സംസ്ഥാനത്ത് നിരവധി കശുവണ്ടി ഫാക്ടറികൾ പ്രത്യേകിച്ച്, സ്വകാര്യ മേഖലയിലെ ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതുകൊണ്ട് ആയിരക്കണക്കിന് തൊഴിലാളികൾ വളരെ പ്രയാസകരമായ അവസ്ഥയിലാണ്. അതുപോലെ തുറന്ന് പ്രവർത്തിക്കുന്ന സ്വകാര്യ ഫാക്ടറികളിൽ വലിയ തോതിലുള്ള നിയമ നിഷേധമുണ്ടാകുന്നു. തൊഴിലാളികളുടെ അർഹമായ ആനുകൂല്യങ്ങൾ നിഷേധിക്കുന്നു. അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കിട്ടാത്ത സാഹചര്യവുമുണ്ട്. അതുകൊണ്ട് തുറന്നുപ്രവർത്തിക്കുന്ന ഫാക്ടറികളിലെ നിയമനിഷേധം അവസാനിപ്പിക്കുന്നതിനും അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറക്കാനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം. കയർ മേഖലയുമായി ബന്ധപ്പെട്ട് പ്രത്യേക പാക്കേജുണ്ട്. കശുവണ്ടി വ്യവസായമെന്ന് പറയുന്നത് ഒരു പരമ്പരാഗത വ്യവസായമാണ്. ഗവൺമെന്റിന്റെ പ്രത്യേക സഹായമില്ലാതെ ഈ വ്യവസായം ഇനി മുന്നോട്ടുപോകുന്ന സാഹചര്യമുണ്ടാകില്ല. അതിനാൽ സ്വകാര്യ മേഖലയെ അടക്കം ഈ പാക്കേജിന്റെ പരിധിയിൽകൊണ്ടുവന്ന് കശുവണ്ടി തൊഴിലാളികളെ സംരക്ഷിക്കാനാവശ്യമായ നടപടികളുണ്ടാകണം. അതുപോലെ കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പെക്സ് എന്നീ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ മുൻകാലങ്ങളിൽ സമാനമായ സാഹചര്യത്തിൽ ഗവൺമെന്റ് ഏറ്റെടുത്തിട്ടുള്ളവയാണ്. അവിടെ തൊഴിലാളികൾക്ക് ഇപ്പോൾ ജോലി നൽകുന്നുണ്ടെങ്കിലും കോവിഡിന്റെ സാഹചര്യത്തിൽ പരമാവധി തൊഴിലവസരങ്ങൾ ഒരുക്കാൻ കഴിയുന്നില്ല. അതിനാൽ കശുവണ്ടി വികസന കോർപ്പറേഷന്റെ പരിധിയിലുള്ളതും കാപ്പെക്സിന്റെ പരിധിയിലുള്ളതുമായ ഫാക്ടറികളിൽ തൊഴിലാളികൾക്ക് പരമാവധി തൊഴിലവസരങ്ങൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിരുന്ന ഡി.എ. കുടിശ്ശിക കൊടുത്തു തീർത്തത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ്. ഇനി ബാക്കിയുള്ള ഡി.എ. കുടിശ്ശിക, ഗ്രാറ്റുവിറ്റിയടക്കം കൊടുത്തുതീർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. പ്രത്യേക പാക്കേജ് അനുവദിച്ച് കശുവണ്ടി മേഖലയെ സംരക്ഷിക്കാനുള്ള നടപടികളുണ്ടാകണം.

വ്യവസായവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമായ സ്ഥാനമാണ് കശുവണ്ടി വ്യവസായത്തിനുള്ളത്. സ്വകാര്യ കശുവണ്ടി മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും കടക്കെണിയിലായ സ്വകാര്യ കശുവണ്ടി ഫാക്ടറി ഉടമകളെയും

തൊഴിലാളികളെയും സഹായിക്കുന്നതിനുമായി സ്വകാര്യ കശുവണ്ടി മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 21-12-2020-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതി ബാങ്ക് പ്രതിനിധികളും വ്യവസായ പ്രതിനിധികളുമായി നടത്തിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വായ്പ പുനഃക്രമീകരിച്ച് നൽകാനും വായ്പ പുനഃക്രമീകരിച്ച് അനുവദിക്കാൻ കഴിയാത്ത യൂണിറ്റുകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് കൃത്യമായ ഫോർമുല രൂപീകരിക്കുന്നതിനും ബാങ്കിന് ശിപാർശ നൽകുകയുണ്ടായി.

ബാങ്ക് പ്രതിനിധി, വ്യവസായികളുടെ പ്രതിനിധി, സർക്കാർ പ്രതിനിധി എന്നിവരെയുൾപ്പെടുത്തി മൂന്നംഗസമിതി രൂപീകരിച്ചു. പ്രസ്തുത സമിതി ഇതിനകം രണ്ടുപ്രാവശ്യം ചർച്ചകൾ നടത്തിയിട്ടുണ്ട്. ഈ കാര്യത്തിൽ അന്തിമതീരുമാനമുണ്ടാകുന്നതുവരെ കശുവണ്ടി വ്യവസായ സ്ഥാപനങ്ങളുടെ വായ്പയിലെ ജപ്തി നടപടികൾക്ക് സാവകാശം അനുവദിക്കുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം നൽകാൻ സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രവർത്തന മൂലധനത്തിനായി ബാങ്കുകൾ നൽകുന്ന പുതിയ വായ്പയുടെ പലിശ സർക്കാർ ഏറ്റെടുക്കുന്നതാണെന്നുള്ള തീരുമാനത്തെത്തുടർന്ന് ഇതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 25 കോടി രൂപ പ്രഖ്യാപിക്കുകയും ഓരോ കശുവണ്ടി യൂണിറ്റും പലിശയിനത്തിൽ ബാങ്കുകൾക്ക് നൽകാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റ് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ കൺവീനർക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഏകദേശം 304.44 ലക്ഷം രൂപ എസ്.എൽ.ബി.സി.-ക്ക് റിലീസ് ചെയ്ത് നൽകിയിട്ടുമുണ്ട്.

സംസ്ഥാനത്ത് സർക്കാർ നിയന്ത്രണത്തിലുള്ള കശുവണ്ടി വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ പരിധിയിലുള്ള 30 ഫാക്ടറികളിലും കാപ്പെക്സിന്റെ പരിധിയിലുള്ള 10 ഫാക്ടറികളിലുമായി ഏകദേശം 16,509 തൊഴിലാളികളും ജീവനക്കാരും ജോലി ചെയ്തുവരുന്നു. പ്രസ്തുത ഫാക്ടറികൾ തടസ്സമില്ലാതെ തുടർച്ചയായി പ്രവർത്തിക്കുന്നതിനാവശ്യമായ തോട്ടണ്ടി ഉറപ്പുവരുത്തുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള കാഷ്യൂ ബോർഡ് സർക്കാർ രൂപീകരിച്ചിരുന്നു. കൂടാതെ, സംസ്ഥാനത്തിനകത്ത് വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിലും പൊതുമേഖലാ പ്ലാന്റേഷനുകളിലും ഉല്പാദിപ്പിക്കുന്ന തോട്ടണ്ടിയും സർക്കാർ മുൻകൂട്ടി നിശ്ചയിക്കുന്ന വിലയ്ക്ക് സംഭരിച്ച് തൊഴിലാളികൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ പക്കൽ സ്റ്റോക്കുണ്ടായിരുന്ന 1600 മെട്രിക് ടണ്ണും കാപ്പെക്സിന്റെ പക്കലുണ്ടായിരുന്ന 1275 മെട്രിക് ടണ്ണും തോട്ടണ്ടി ഉപയോഗിച്ച്

നിലവിലെ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് 1-6-2021 മുതൽ കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ തുറന്ന് പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2020 വർഷത്തെ അർഹമായ ബാലൻസ് ബോണസ്, ലീവ് വിത്ത് വേജസ്, ഹോളിഡേ വേജസ് എന്നിവയും നിലവിലെ ലോക്ക്ഡൗൺ കാലയളവിൽ നൽകിയിട്ടുണ്ട്. കേരള കാഷ്യു ബോർഡ് 4000 മെട്രിക് ടൺ ഐവറി കോസ്റ്റ് ഒറിജിൻ തോട്ടണ്ടി വാങ്ങുന്നതിനുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. അതിന്റെ ഓർഡറും നൽകിയിട്ടുണ്ട്. കാഷ്യൂ ബോർഡ് മുഖേന ഗിനിബിസാവോ ഒറിജിൻ തോട്ടണ്ടി വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇപ്രകാരം കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും തൊഴിലാളികൾക്ക് ആവശ്യത്തിന് തോട്ടണ്ടി ലഭ്യമാക്കി തുടർച്ചയായി തൊഴിൽ ലഭിക്കാനുള്ള നടപടികൾ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും കൈക്കൊണ്ടിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, തൊഴിലാളികൾക്ക് കിട്ടാനുള്ള ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി ഗവൺമെന്റ് സ്വകാര്യ കമ്പനികളുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(16) <u>പുതിയ കെട്ടിടങ്ങളിലേയ്ക്കുള്ള മാറ്റം</u>

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മഞ്ചേശ്വരം മണ്ഡലത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളാണ് മഞ്ചേശ്വരം ഗോവിന്ദപൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജും IHRD College of Applied Science, Manjeswaram-വും. 1950-ൽ സ്ഥാപിതമായ ഗോവിന്ദപൈ ഗവൺമെന്റ് കോളേജിൽ നാല് ബിരുദ കോഴ്സുകളും മൂന്ന് പി.ജി. കോഴ്സുകളുമാണ് നിലവിലുള്ളത്. 470 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങണമെന്നുള്ളത് വർഷങ്ങളായുള്ള ആവശ്യമാണ്. മതിയായ കോഴ്സുകളില്ലാത്തതിനാൽ ഇവിടത്തെ വിദ്യാർത്ഥികൾ കർണ്ണാടകയെ ആശ്രയിക്കേണ്ട അവസ്ഥയാണ്. ഇവിടെ പഠനകേന്ദ്രം സ്ഥാപിക്കാനായി അഞ്ചുവർഷം മുൻപ് കണ്ണൂർ യൂണിവേഴ്സിറ്റി നിർമ്മിച്ച കെട്ടിടം നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. ഈ കെട്ടിടം ഇപ്പോൾ കാട് പിടിച്ചുകിടക്കുകയാണ്. പ്രസ്തുത കെട്ടിടത്തിൽ ബി.എഡ്. സെന്റർ, നിയമ പഠന കേന്ദ്രം, ആധുനിക കോഴ്സുകൾ എന്നിവ തുടങ്ങിയാൽ വളരെയധികം ഗുണകരമാകും. പുതിയ കോഴ്സുകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളും ഇവിടെയുണ്ട്. കോളേജിന് സ്വന്തമായി 35 ഏക്കർ ഭൂമിയുണ്ട്. ബി.എസ്.സി. മാത്തമാറ്റിക്സ്, ബി.എ. ഇംഗ്ലീഷ്, ബി.എസ്.സി. ജ്യോഗ്രഫി, ബി.എ. ഉറുദു, എം.എ. കന്നഡ എന്നീ കോഴ്സുകൾ ഇവിടെ പുതുതായി തുടങ്ങേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിൽനിന്നും അനുകൂല തീരുമാനമുണ്ടാകേണ്ടത് അത്യന്താപേക്ഷിതമാണ്.

13 വർഷംമുമ്പ് ആരംഭിച്ച IHRD College of Applied Science ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. സർക്കാരിൽനിന്നും 5 ഏക്കർ ഭൂമി ലഭ്യമായിട്ടുണ്ട്. എം.എൽ.എ. ഫണ്ടും പ്ലാൻ ഫണ്ടും ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും പുതിയ ക്യാമ്പസിലേയ്ക്ക് കോളേജ് മാറിയിട്ടില്ല. ഇവിടെ ഇനിയും കെട്ടിടത്തിന്റെ ആവശ്യകതയുണ്ട്. പുതിയ കോഴ്സുകളും തുടങ്ങേണ്ടതായിട്ടുണ്ട്. അതിന് സർക്കാരിന്റെ അനുകൂല തീരുമാനമുണ്ടാകേണ്ടതായിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): സർ, മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഗോവിന്ദപൈ മെമ്മോറിയൽ സർക്കാർ കോളേജ് ക്യാമ്പസിനോട് ചേർന്നുകിടക്കുന്ന ഭൂമിയിൽ സ്ഥിതി ചെയ്യുന്ന ഉപയോഗിക്കാത്ത കെട്ടിടം പൂർണ്ണമായും കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ളതാണ്. കണ്ണൂർ സർവ്വകലാശാലയുടെതന്നെ പഠനകേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ആ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ഈ കെട്ടിടം കോളേജ് ആവശ്യത്തിനായി ഉപയോഗിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നുംതന്നെ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ പ്രൊപ്പോസലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 5-11-2020-ലെ സർക്കാർ ഉത്തരവുപ്രകാരം കോളേജിന് മാസ്റ്റർ ഓഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ് കോഴ്സ് അനുവദിച്ചിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.-ക്കുകീഴിൽ പ്രവർത്തിക്കുന്ന മഞ്ചേശ്വരം കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ പ്രധാന കെട്ടിടത്തിന്റെ ഒന്നാംഘട്ട സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ ഇലക്ട്രിക്കൽ പ്രവൃത്തിക്കുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇതുകൂടാതെ ആസ്തിവികസന ഫണ്ടുപയോഗിച്ച് മൂന്ന് ക്ലാസ് മുറികളുള്ള ഒരു അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. പ്രധാന കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി 110 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആ തുക പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിർമ്മാണം ആരംഭിക്കാനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു. പ്രസ്തുത നിർമ്മാണങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് കോളേജിന്റെ പ്രവർത്തനം പുതിയ കെട്ടിടങ്ങളിലേയ്ക്ക് മാറ്റാവുന്നതാണ്.

2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ കോളേജിൽ ക്ലാസ് മുറികളും മറ്റും നിർമ്മിക്കുന്നതിനായി 300 ലക്ഷം രൂപ എസ്റ്റിമേറ്റ് തുകയുള്ള ഒരു പ്രൊപ്പോസൽ ഉൾപ്പെടുത്തിയിരുന്നു. ഇതിന് ടോക്കൺ തുകയും ഉൾക്കൊള്ളിച്ചിരുന്നു. അതുപ്രകാരം ആ തുകയ്ക്കുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ഭരണാനുമതി ലഭ്യമാക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്. മഞ്ചേശ്വരം കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ബി.എ. ഇംഗ്ലീഷ് വിത്ത് ജേർണലിസം- 30 സീറ്റുകളും എം.കോം. ഫിനാൻസ്- 15 സീറ്റുകളും പുതിയ

കോഴ്സുകൾ എന്നുള്ള രീതിയിൽ 2020-21 അദ്ധ്യയനവർഷത്തിൽ ആരംഭിക്കുന്നതിന് കണ്ണൂർ സർവ്വകലാശാല അനുമതി നൽകിയിരുന്നു. പ്രസ്തുത കോഴ്സുകൾക്ക് ഭരണാനുമതി നൽകുന്നതിനായി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിക്കുകയും cadre strength, additional staff requirement എന്നിവയുൾപ്പെടുത്തി വ്യക്തമായ പ്രൊപ്പോസൽ സഹിതം വീണ്ടും സമർപ്പിക്കാനായി ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

12.00 Noon]

(17) <u>മത്സ്യബന്ധന യാനങ്ങൾക്കാവശ്യമായ മണ്ണെണ്ണ</u>

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണയുടെ ലഭ്യതക്കുറവ് ഈ രംഗത്തെ തൊഴിലാളികൾക്ക് ഏറെ പ്രയാസമുണ്ടാക്കുകയാണ്. കാലാവസ്ഥാ മുന്നറിയിപ്പിനെത്തുടർന്ന് പല ദിവസങ്ങളിലും മത്സ്യബന്ധനത്തിന് പോകാൻ സാധിക്കുന്നില്ല. മത്സ്യബന്ധനത്തിന് പോകണമെങ്കിൽ മണ്ണെണ്ണ അനിവാര്യമാണ്. മത്സ്യബന്ധനത്തിനുവേണ്ടി കേന്ദ്രഗവൺമെന്റിൽനിന്നും ലഭിച്ചു കൊണ്ടിരുന്ന മണ്ണെണ്ണയുടെ അളവ് ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. ഇപ്പോൾ 10 HP മോട്ടോറിന് കേവലം 130 ലിറ്റർ മണ്ണെണ്ണ മാത്രമാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. പൊതുമാർക്കറ്റിൽ മണ്ണെണ്ണയുടെ വില ഒരു ലിറ്ററിന് 95 രൂപ മുതൽ 100 രൂപവരെയാണ്. ഈ വിലയ്ക്ക് മണ്ണെണ്ണ വാങ്ങാൻ കഴിയുന്ന സ്ഥിതിയല്ല നിലവിലുള്ളത്. ഒന്നാം പിണറായി സർക്കാരിന്റെ അവസാനവർഷം മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ കൊടുക്കുന്നതിന് ചില തീരുമാനങ്ങളെടുത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് മുഖാന്തരമുള്ള പി.ഡി.എസ്.-ന്റെ മണ്ണെണ്ണ ഒരു ലിറ്ററിന് 25 രൂപ നിരക്കിൽ കൊടുക്കുന്നതിന് തീരുമാനമാകുകയും ഇതുസംബന്ധിച്ച് ഫിഷറീസ്, സിവിൽ സപ്ലൈസ് വകുപ്പുകളൊന്നിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയുമുണ്ടായി. പക്ഷേ ആ യോഗ തീരുമാനം നിയമസഭാ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം വന്നതിനെത്തുടർന്ന് നടപ്പിലാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ ന്യായമായ വിലയ്ക്ക് നൽകുന്നതിന് അടിയന്തര ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വിഷയം വളരെ ഗൗരവമേറിയതാണ്. കോവിഡും കടൽക്ഷോഭവുംമൂലം തീരദേശത്തെ ജനങ്ങൾ വലിയ പ്രതിസന്ധി നേരിടുകയാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു*.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഒൻപത് ജില്ലകളിലായി മത്സ്യഫെഡിന്റെ 13 മണ്ണെണ്ണ ബങ്കറുകൾവഴി 20000 കിലോ ലിറ്റർ മണ്ണെണ്ണ ഗവൺമെന്റ് ഇപ്പോൾ നൽകുന്നുണ്ട്. ആ മണ്ണെണ്ണയ്ക്ക് 25 രൂപ സബ്സിഡിയാണ്. ഏതാണ്ട് 15000 മുതൽ 20000 വരെ തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. ഇപ്പോൾ മണ്ണെണ്ണയ്ക്ക് 95 രൂപ മുതൽ 100 രൂപവരെ വിലയുണ്ട്. കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നയങ്ങളുടെ ഭാഗമായാണ് നമുക്ക് ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണയുടെ അളവിൽ കുറവ് സംഭവിച്ചതെന്ന് ഞാൻ പറയാതെതന്നെ നിങ്ങൾക്കെല്ലാമറിയാം. മത്സ്യത്തൊഴിലാളികളുടെ ഫിഷിംഗിന്റെ ചെലവ് കൂടിയ ഘട്ടത്തിലാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ മുൻ പിണറായി ഗവൺമെന്റ് 25 രൂപ നിരക്കിൽ മണ്ണെണ്ണ കൊടുക്കാമെന്ന് പ്രഖ്യാപിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതുസംബന്ധിച്ച അനുരഞ്ജന യോഗങ്ങളും നടന്നു. നിരവധി സന്ദർഭത്തിൽ എണ്ണക്കമ്പനികളും കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ടു, പക്ഷേ എണ്ണക്കമ്പനികൾ മത്സ്യഫെഡിനെ ഒരു അംഗീകൃത മൊത്തവിതരണ ഏജൻസിയായി അംഗീകരിക്കാൻ തയ്യാറായില്ല. അതുകൊണ്ടുതന്നെ മത്സ്യഫെഡിനെ കേന്ദ്രസർക്കാരും ഒരു അംഗീകൃത മൊത്തവിതരണ ഏജൻസിയായി അംഗീകരിക്കാൻ തയ്യാറായില്ല. ഇപ്പോൾ സിവിൽ സപ്ലൈസ് വകുപ്പുമായി ഒരാലോചന നടത്തി, ഒരു റീട്ടെയിലറായി മത്സ്യഫെഡിനെ അംഗീകരിക്കാൻ കഴിയുമെന്ന സ്ഥിതിയിലേയ്ക്ക് എത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുടെ യോഗം ഉടൻതന്നെ വിളിച്ചുകൂട്ടി പാവപ്പെട്ട മത്സ്യത്തൊഴിലാളി കൾക്ക് ഒരു ലിറ്റർ മണ്ണെണ്ണ 25 രൂപ നിരക്കിൽ കൊടുക്കുക എന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രഖ്യാപിത നയം അടിയന്തര സ്വഭാവത്തിൽ നടപ്പാക്കുമെന്ന് സഭയിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

## (18) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ റോഡ് നിർമ്മാണം

ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ മൂന്ന് പി.ഡബ്ല്യൂ.ഡി. വർക്കുകൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയതാണ്. അതിൽ കാഞ്ഞിരപ്പള്ളി ബൈപ്പാസിന്റെ സ്ഥലമേറ്റെടുക്കൽ നടപടി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇടപെട്ട് ത്വരിതഗതിയിൽ മുന്നോട്ടുപോകുകയാണ്. മറ്റ് രണ്ട് വർക്കുകൾ സംബന്ധിച്ചാണ് പ്രധാനമായും ഉന്നയിക്കാനുള്ളത്. ഒന്ന്, കർഷക സൗഹൃദ ലിങ്ക് റോഡ്-കാഞ്ഞിരപ്പള്ളി-മണിമല-കുളത്തൂർമൂഴി റോഡ്, ഈ റോഡുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ, ഡി.പി.ആർ. തയ്യാറാക്കി ടെക്നിക്കൽ അപ്രൂവൽ റിപ്പോർട്ടിനു വേണ്ടി പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിലേയ്ക്ക് പോയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ ആ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. കഴിഞ്ഞ ജനുവരി മുതൽ കെ.ആർ.എഫ്.ബി.-യുടെ ഓഫീസിലാണ് ഈ ഫയൽ പെൻഡിംഗായിട്ടുള്ളത്. ഫയൽ എത്രയുംവേഗം പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിലേയ്ക്ക് നൽകി അടുത്ത

ബോർഡ് മീറ്റിംഗിലെങ്കിലും വയ്ക്കാനുള്ള നടപടിയുണ്ടാകണമെന്നതാണ് എന്റെ ഒന്നാമത്തെ ആവശ്യം. രണ്ടാമത്തേത്, കെ.ആർ.എഫ്.ബി.-യുടെ കോട്ടയം-പത്തനംതിട്ടയ്ക്കുവേണ്ടിയുള്ള പുതിയ ഡിവിഷന്റെ കീഴിലാണ് ഇടയിരിക്കപ്പുഴ റോഡുമായി ബന്ധപ്പെട്ട വർക്കുകൾ ഇപ്പോൾ നിൽക്കുന്നത്. ഇതിന്റെ പ്രവർത്തനങ്ങളും കാര്യമായി മുന്നോട്ടുപോകുന്നില്ല. അങ്ങ് ഇടപെട്ട് ഈ രണ്ട് വർക്കുകളും അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കിഫ്ബി പദ്ധതിയിലുൾപ്പെട്ട റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. കാഞ്ഞിരപ്പള്ളി-മണിമല-കുളത്തൂർമൂഴി-കർഷക സൗഹൃദ ലിങ്ക് റോഡ് പ്രവൃത്തിയുടെ വിശദമായ റിപ്പോർട്ടിന്റെ രൂപരേഖ 78.39 കോടി രൂപയ്ക്ക് സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി നൽകുന്നതിനുള്ള പരിശോധനയുടെ ഭാഗമായി സാങ്കേതിക അവലോകന റിപ്പോർട്ട് കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. സാങ്കേതിക അവലോകന റിപ്പോർട്ടിന്മേലുള്ള മറുപടി കിഫ്ബിക്ക് നൽകി സാമ്പത്തികാനുമതി നൽകുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു. പാത്തനാട്-ഇടയിരിക്കപ്പുഴ റോഡ് നിർമ്മാണ പ്രവൃത്തിക്ക് 29.20 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചു. കിഫ്ബി മാനദണ്ഡപ്രകാരം 10 മീറ്റർ വീതി RoW-യിലാണ് റോഡ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി 254.17 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് 96.40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടി പുരോഗമിച്ചുവരുന്നു.

### (19) തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് പുനരുദ്ധാരണം

ശ്രീ. മാത്യു ടി. തോമസ്: സർ, രണ്ട് താലൂക്ക് ആസ്ഥാനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതും ഏറെ ഗതാഗതത്തിരക്കുള്ളതുമായ തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡ് പുനരുദ്ധരിക്കുന്നത് സംബന്ധിച്ച് 2016-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും കിഫ്ബിയെ ചുമതലപ്പെടുത്തുകയും ചെയ്തതാണ്. എസ്.പി.വി.-യായ RICK (Road Infrastructure Company Kerala Ltd.) 83 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ആദ്യം തയ്യാറാക്കിയ ഡിസൈൻ റോഡ് എന്നത് മാറ്റി കെട്ടിടങ്ങൾ പൊളിച്ചുകളയേണ്ടാത്ത വിധത്തിൽ റീഡിസൈൻ ചെയ്ത് 83 കോടി രൂപയുടെ ഭരണാനുമതിയും നൽകി. 12 മീറ്റർ വീതിയിൽ പുനരുദ്ധാരണത്തിനുവേണ്ട സ്ഥലം മാർക്ക് ചെയ്ത് കല്ലുകളും സ്ഥാപിച്ചുകഴിഞ്ഞു. ആ സ്ഥലത്തെ മരങ്ങളൊക്കെ വസ്തു ഉടമസ്ഥർ വെട്ടിമാറ്റി കാത്തുനിൽക്കുകയാണ്. 12 മീറ്റർ വീതി പത്ത് മീറ്ററായി കുറയ്ക്കണമെന്ന സമ്മർദ്ദം ചില കേന്ദ്രങ്ങളിൽനിന്ന് അനാവശ്യ

താല്പര്യങ്ങളുടെ പേരിലുണ്ടായി. ഇപ്പോൾ RICK ആ പദ്ധതിയിൽനിന്ന് പിൻമാറാൻ ആലോചിക്കുന്നതായി അറിയാൻ കഴിഞ്ഞു. ഒരു കാരണവശാലും റോഡിന്റെ വീതി കുറയ്ക്കാൻ പാടില്ല. RICK അത് ചെയ്യുന്നില്ലെങ്കിൽ കെ.ആർ.എഫ്.ബി-യേയോ പുതിയ എസ്.പി.വി.-യേയോ ഏൽപ്പിച്ച് പണി എത്രയുംവേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. ഇക്കാര്യത്തിൽ RICK-ന്റെയും പി.ഡബ്ല്യൂ.ഡി.-യുടെയും കിഫ്ബിയുടെയും സ്ഥലം ഏറ്റെടുക്കേണ്ട റവന്യൂ അധികാരികളുടെയും യോഗം അടിയന്തരമായി വിളിക്കണം. ഏകദേശം മൂന്നര കിലോമീറ്ററോളം നീളത്തിൽ കാഞ്ഞിരപ്പള്ളിയിലൂടെ റോഡ് പണിതാൽ നെടുങ്കുന്നത്തെത്തി കോട്ടയത്തേയ്ക്ക് പോകാനുള്ള എളുപ്പവഴിയാകും. അതുകൂടി പരിഗണിക്കുകയും അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടുകയും ചെയ്യണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 81.57 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. ഭൂമി ഏറ്റെടുക്കുന്നതിന് 10.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡ് വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്കുവേണ്ടി അതിർത്തി കല്ലുകൾ സ്ഥാപിച്ച് ഫൈനൽ അലൈൻമെന്റ് സ്കെച്ച് 14-2-2020-ന് റവന്യൂ വകുപ്പിൽ സമർപ്പിച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 50 ലക്ഷം രൂപ 4-8-2020-ന് സ്പെഷ്യൽ തഹസീൽദാർ, പത്തനംതിട്ടയ്ക്ക് നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിനായി 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതിനും സോഷ്യൽ ഇംപാക്ട് അസസ്മെന്റിനുമുള്ള നടപടികൾ റവന്യൂ വകുപ്പിൽനിന്നും ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ എസ്.പി.വി.-യായ RICK പ്രസ്തുത പ്രവൃത്തിയിൽനിന്നും പിൻമാറാൻ തീരുമാനിച്ചിട്ടില്ല. റവന്യൂ വകുപ്പിൽനിന്നും റോഡ് വികസനത്തിനുള്ള സ്ഥലം ഏറ്റെടുത്ത് നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾക്കുള്ള തുടർനടപടികൾ RICK Limited സ്വീകരിക്കുന്നതാണ്.

## (20) പെരിയാറിന് കുറുകെ സമാന്തരപാലം

ശ്രീ. റോജി എം. ജോൺ: സർ, എം.സി. റോഡിൽ പെരിയാറിന് കുറുകെ കാലടി സമാന്തരപാലവും ബൈപ്പാസ് റോഡും അടിയന്തരമായി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇത് കാലടി പ്രദേശത്തെ ജനങ്ങളുടെ വർഷങ്ങളായുള്ള ഒരാവശ്യമാണ്. ഇതൊരു പ്രാദേശിക വിഷയം മാത്രമല്ല, എം.സി. റോഡിലൂടെ യാത്ര ചെയ്യുന്ന ആയിരക്കണക്കിന് ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. അവർ മണിക്കൂറുകളോളം ഗതാഗതക്കുരുക്കിൽപ്പെട്ട്

വലിയ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. ഇവിടത്തെ ഗതാഗതക്കുരുക്കുമൂലം കൊച്ചി വിമാനത്താവളത്തിലേയ്ക്ക് പോയവർക്ക് വിമാനം കിട്ടാതായ സാഹചര്യം പോലുമുണ്ടായിട്ടുണ്ട്. 115 കോടി രൂപയുടെ വിശദമായ പദ്ധതിരേഖയും ഡിസൈനും ഉൾപ്പെടെ സർക്കാരിന്റെ പരിഗണനയിലാണ്. ഇതോടൊപ്പം മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം എഞ്ചിനീയറിംഗ് വിഭാഗം ഇതുസംബന്ധിച്ച പ്രത്യേക റിപ്പോർട്ടും സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഇത് മൂന്ന് നിയോജകമണ്ഡലങ്ങളുൾപ്പെടുന്ന പദ്ധതിയാണ്. ടി വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്ത് മൂന്ന് നിയോജക മണ്ഡലങ്ങളിലെയും എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ യോഗം വിളിച്ച് പ്രസ്തുത പ്രവൃത്തിക്ക് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടെങ്കിൽ ആയതിന് പരിഹാരം കണ്ടുകൊണ്ട് എത്രയുംവേഗം പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി ഈ പാലം അടിയന്തരമായി നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കാലടിയിൽ പെരിയാറിന് കുറുകെയുള്ള സമാന്തര പാലവുമായി ബന്ധപ്പെട്ട വിഷയമാണ് ഉന്നയിച്ചിരിക്കുന്നത്. എറണാകുളം ജില്ലയിലെ അങ്കമാലി നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട പാതയായ എം.സി. റോഡിൽ, കാലടിയിൽ സ്ഥിതി ചെയ്യുന്ന പാലമാണ് ശ്രീശങ്കരാചാര്യ പാലം. നിലവിലുള്ള പാലത്തിന്റെ കാലപ്പഴക്കം കണക്കിലെടുത്ത് ഈ പാലത്തിന് സമാന്തരമായി പുതിയൊരു പാലം നിർമ്മിക്കുന്നതിന് നേരത്തെതന്നെ നിർദ്ദേശങ്ങളുയർന്നിരുന്നു. ഗതാഗതക്കുരുക്ക് പരിഹരിക്കാൻ സമാന്തര പാലത്തോടൊപ്പം ബൈപ്പാസ് റോഡും ഫ്ലൈഓവറും വേണമെന്ന ആവശ്യം ജനപ്രതിനിധികളുൾപ്പെടെ മുന്നോട്ടുവച്ചു. ഇക്കാര്യം പൊതുമരാമത്ത് വകുപ്പിനുകീഴിൽ വരുന്ന കെ.എച്ച്.ആർ.ഐ. (കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്)-യെക്കൊണ്ട് പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എച്ച്.ആർ.ഐ. ടീം ഇവിടെ പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്. ഇതിന്റെ വിശദമായ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, എം.എൽ.എ.-മാരെയും മറ്റ് ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കാവുന്നതാണ്.

(21) വൈന്തോട് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പുനർനിർമ്മാണം

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, കൊടുങ്ങല്ലൂർ നിയോജക മണ്ഡലത്തിലെ, മാള പഞ്ചായത്തിൽ 2018-ലെ മഹാപ്രളയത്തിൽ തകർന്ന വൈന്തോട് പാലവും അതിന്റെ അപ്രോച്ച് റോഡും നാളിതുവരെ ഗതാഗത

യോഗ്യമാക്കിയിട്ടില്ല. 22-12-2018-ലെ G.O. (Rt) No.1978/2018/PWD. പ്രകാരം പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചതാണ്. 25-6-2019-ൽ ടി.എസ്. ലഭിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരൻ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. എന്നാൽ പ്രളയം കഴിഞ്ഞ് മൂന്നുവർഷം കഴിഞ്ഞിട്ടും പ്രവൃത്തിയുടെ പുനർ നിർമ്മാണം അനുവദിച്ചിട്ടില്ല. ഇതുമൂലം പ്രദേശത്ത് വലിയ ബുദ്ധിമുട്ടുകൾ നിലനിൽക്കുകയാണ്. നിർമ്മാണം ആരംഭിക്കാൻ കഴിയാത്തത് ആരുടെ ഭാഗത്തുനിന്നുള്ള അനാസ്ഥ യാണെന്ന് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തൃശ്ശൂർ ജില്ലയിൽ അമ്പഴക്കാട്, കോട്ടവാതിൽ, വടമ, കോട്ടമുറി റോഡിലെ വൈന്തോട് പഴയ പാലവും അനുബന്ധ റോഡും 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയത്തിൽ നാശനഷ്ടങ്ങളുണ്ടായ പാലങ്ങളിൽ ഉൾപ്പെടുന്നവയാണ്. നിലവിലുള്ള മൂന്നര മീറ്റർ വീതിയും പത്തര മീറ്റർ നീളവുമുള്ള പഴയ പാലം പൊളിച്ച് 7.5 മീറ്റർ വീതിയും 15.75 മീറ്റർ നീളവുമുള്ള പുതിയ പാലം നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. ഈ പദ്ധതിയിൽ ഇരുവശങ്ങളിലുമായി ആകെ 105 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡും നിർമ്മിക്കുന്നുണ്ട്. ഇതിനായി 300 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി. പഴയ പാലത്തിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന വാട്ടർ അതോറിറ്റി പൈപ്പ്ലൈൻ മാറ്റി സ്ഥാപി ക്കുന്നതിനും അപ്രോച്ച് റോഡിൽ സ്ഥിതി ചെയ്യുന്ന കെ.എസ്.ഇ.ബി. പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ഇനത്തിൽ പദ്ധതിയിൽ തുക ഉൾപ്പെടുത്തിയിട്ടുണ്ട്. വാട്ടർ അതോറിറ്റി സ്ഥാപിച്ച പൈപ്പ്ലൈനാണ് ഷിഫ്റ്റ് ചെയ്യാനുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ പ്രവൃത്തി ആരംഭിക്കുകയും അപ്രോച്ച് റോഡിന്റെ സംരക്ഷണഭിത്തി ഒരു ഭാഗത്ത് നിർമ്മാണം നടത്തുകയും ചെയ്തു. ബാക്കി പ്രവൃത്തികൾ പൈപ്പ്ലൈൻ ഷിഫ്റ്റ് ചെയ്തതിനുശേഷം മാത്രമേ സാധിക്കുകയുള്ളൂ. പ്രസ്തുത പൈപ്പ്ലൈൻ ഷിഫ്റ്റിംഗ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ കേരള വാട്ടർ അതോറിറ്റി പൂർത്തിയാക്കിയിട്ടുണ്ട്. അതിന്മേലുള്ള തുടർനടപടികൾ ഉടൻ സ്വീകരിക്കും.

### (22) മുതിയം പാലം നിർമ്മാണം

ശ്രീ. പി. അബ്ദുൽ ഹമീദ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ തീരദേശ പാതയുടെ ഭാഗമായ വള്ളിക്കുന്ന്-മുതിയം ബീച്ചിലെ, മുതിയം പാലം നിർമ്മാണത്തിന്റെ ഡി.പി.ആർ. നടപടികൾ വേഗത്തിലാക്കി പാലം നിർമ്മാ ണത്തിന് ഭരണാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. തിരൂരങ്ങാടി താലൂക്കിലെ വള്ളിക്കുന്ന് വില്ലേജിനേയും അരിയല്ലൂർ വില്ലേജിനെയും ബന്ധിപ്പിക്കുന്ന മുതിയം തോടിനുകുറുകെയുള്ള പാലം നിർമ്മിക്ക

ണമെന്ന ആവശ്യത്തിന് ഒരു പതിറ്റാണ്ടിന്റെ പഴക്കമുണ്ട്. ആനങ്ങാടിയിലേയ്ക്കും കടലുണ്ടി നഗരത്തിലേയ്ക്കും ശാല്യത്തിലേയ്ക്കും വരുന്ന മത്സ്യത്തൊഴിലാളികളുടെ പ്രധാന ആശ്രയമാണ് തീരദേശ റോഡിന്റെ ഭാഗമായ ടിപ്പുസുൽത്താൻ റോഡ്. പ്രസ്തുത റോഡിന്റെ ഭാഗമായ മുതിയം തോടിന് കുറുകെ പാലമില്ലാത്തതിനാൽ തോട്ടിൽ വെള്ളം കയറിയാൽ, അരിയല്ലൂർ വില്ലേജിൽനിന്നും വള്ളിക്കുന്ന് വില്ലേജിലേയ്ക്ക് തീരദേശത്തുനിന്നും വരുന്ന മത്സ്യത്തൊഴിലാളികൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും തോട് മുറിച്ചുകടക്കുന്നതിന് മാർഗ്ഗമില്ലാത്ത അവസ്ഥയാണ്. ഇത് തീരദേശവാസികൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. തീരദേശ പാതയുടെ ഭാഗമായ മുതിയം ബീച്ചിലെ പാലം നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കിയെങ്കിലും ഡി.പി.ആർ. ഭരണാനുമതിക്കായി സമർപ്പിച്ചിട്ടില്ല. ആയതിനാൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തീരദേശ റോഡിന്റെ ഭാഗമായ മുതിയം ബീച്ചിലെ മുതിയം പാലം നിർമ്മാണത്തിന്റെ ഡി.പി.ആർ. നടപടികൾ വേഗത്തിലാക്കി പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തീരദേശ ഹൈവേയുടെ മലപ്പുറം ജില്ലയിലെ കെട്ടുങ്ങൽ-കടലുണ്ടി റീച്ചിലുൾപ്പെടുന്ന വള്ളിക്കുന്ന് വില്ലേജിനേയും അരിയല്ലൂർ വില്ലേജിനേയും ബന്ധിപ്പിക്കുന്ന മുതിയം തോടിന് കുറുകെയുള്ള മുതിയം പാലം നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ പ്രവൃത്തികൾ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി 3040 ചതുരശ്ര മീറ്റർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. പാലത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറായിവരുന്നു.

(23) കരുവഞ്ചാൽ പാലം നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: സർ, ഇരിക്കൂർ നിയോജകമണ്ഡലത്തിലെ അടിയന്തര പ്രാധാന്യമുള്ള ആവശ്യങ്ങളിലൊന്നായ കരുവഞ്ചാൽ പാലത്തിന്റെ നിർമ്മാണം ഉടൻ യാഥാർത്ഥ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ. മലയോര ഹൈവേയിലേയും തളിപ്പറമ്പ്-കൂർഗ് റോഡിലേയും ഏറ്റവും പ്രധാനപ്പെട്ട പാലമാണ് കരുവഞ്ചാൽ പാലം. 70 വർഷം കാലപ്പഴക്കമുള്ള ഈ പാലം ഇന്ന് അപകടാവസ്ഥയിലാണുള്ളത്. ആയിരക്കണക്കിന് വാഹനങ്ങളാണ് ദിവസേന ഇതുവഴി കടന്നുപോകുന്നത്. തന്മൂലം ട്രാഫിക് ബ്ലോക്കും വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. വിവിധ മലയോര പഞ്ചായത്തുകളെ ജില്ലാ/ താലൂക്ക്/ ബ്ലോക്ക്/ പഞ്ചായത്ത് ആസ്ഥാനങ്ങളുമായും അതുപോലെ വിവിധ പഞ്ചായത്തുകളെ

കാസർഗോഡ് ജില്ലയുമായും ബന്ധിപ്പിക്കുന്ന, പുറംലോകവുമായി ബന്ധപ്പെടുന്ന ഏക മാർഗ്ഗമാണ് ഈ പാലം. മാത്രമല്ല കൂർഗുമായി ബന്ധപ്പെടുത്തുന്ന മറ്റൊരു പ്രധാന മാർഗ്ഗമാണ് ഈ പാലം. അടുത്തകാലത്ത് ഉദ്ഘാടനം ചെയ്ത മലയോര ഹൈവേ പദ്ധതിയിൽ ഈ പാലവും ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും അത് അനുവദിക്കപ്പെട്ടിട്ടില്ല. തുടർന്ന് 2021-22 ബഡ്ജറ്റിൽ 6 കോടി രൂപ എസ്റ്റിമേറ്റ് കണക്കാക്കി അതിന്റെ 20 ശതമാനം തുകയായ 1.2 കോടി രൂപ ക്രമനമ്പർ 2620 ആയി വകയിരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഈ പ്രതിസന്ധി പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇരിക്കൂർ നിയോജകമണ്ഡലത്തിൽ മലയോര ഹൈവേയുടെ ഭാഗമായി വരുന്ന കരുവഞ്ചാൽ പാലത്തിനായി 600 ലക്ഷം രൂപയുടെ അടങ്കൽ തുക കണക്കാക്കി 2021-22 ബഡ്ജറ്റിൽ 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതുപ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് ലഭിച്ചാൽ ഭരണാനുമതിയുൾപ്പെടെയുള്ള മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രസ്തുത പാലത്തിന്റെ പണി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(24) അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾ വർഷങ്ങളായി ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന താഴേപ്പാലം പാരലൽ ബ്രിഡ്ജ്, തിരൂർ ടൗൺ പാരലൽ ആർ.ഒ.ബി, തിരൂർ-പൊൻമുണ്ടം ആർ.ഒ.ബി. എന്നീ പാലങ്ങളുടെ അപ്രോച്ച് റോഡുകളുടെ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യമാണ് ആദ്യ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്. തിരൂർ ടൗണിലെ നിരന്തരമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് തിരൂർ പുഴയ്ക്കുകുറുകെ താഴേപ്പാലം ബൈപ്പാസ് റോഡിൽ ഒരു പുതിയ പാലം നിർമ്മിക്കുന്നതിന് മുൻ എം.എൽ.എ., ശ്രീ. സി. മമ്മൂട്ടി സാഹിബിന്റെ കഠിന ശ്രമത്തിന്റെ ഫലമായി 2017 മാർച്ച് മാസത്തിൽ താഴേപ്പാലം പാരലൽ ബ്രിഡ്ജിന്റെ പണി പൂർത്തീകരിച്ചു. പ്രസ്തുത പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണി ചില സാങ്കേതിക കാരണങ്ങളാൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ തിരൂർ ടൗൺ പാരലൽ ആർ.ഒ.ബി.-യുടെ അപ്രോച്ച് റോഡിന് 2018-19-ൽ 3.30 കോടി രൂപയുടെ എസ്റ്റിമേറ്റ്

തയ്യാറാക്കി സമർപ്പിച്ചതാണ്. ഇതിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ട്. 2021-22-ലെ ബഡ്ജറ്റിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്. തിരൂർ-പൊൻമുണ്ടം ആർ.ഒ.ബി.-യുടെ അപ്രോച്ച് റോഡിന് 23.30 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ റോഡ് പൂർത്തീകരിക്കുന്നതോടുകൂടി ഇതുവഴിയുള്ള യാത്രക്കാർക്ക് 5 കിലോമീറ്റർ ദൈർഘ്യം കുറഞ്ഞുകിട്ടും. ഈ പാലങ്ങൾ എത്രമാത്രം പ്രാധാന്യമർഹിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് നന്നായി അറിയാവുന്നതാണ്. തിരൂരിൽ ഒരുപാട് വ്യക്തിബന്ധങ്ങളും കുടുംബ ബന്ധങ്ങളുമുള്ള വ്യക്തികൂടിയാണ് ബഹുമാനപ്പെട്ട മന്ത്രിയെന്ന കാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ഈ മൂന്ന് അപ്രോച്ച് റോഡുകളുടെയും അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ച്, പാലങ്ങൾ ഗതാഗത യോഗ്യമാക്കുന്നതിന് പ്രത്യേക പരിഗണന നൽകി അടിയന്തര നടപടി സ്വീകരിക്കണമെന്ന് വളരെ താഴ്മയോടുകൂടി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, 14-7-2009-ൽ 300 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ തിരൂർ താഴേപ്പാലത്തിന്റെ നിർമ്മാണം 25-3-2017-ന് അപ്രോച്ച് റോഡില്ലാതെ പൂർത്തീകരിച്ചു. അപ്രോച്ച് റോഡിന് നദിയുടെ താനൂർ ഭാഗത്ത് യഥാസമയം ഭൂമി വിട്ടുകിട്ടാത്തതിന്റെ പ്രശ്നവുമായി ബന്ധപ്പെട്ട് പൂർത്തീകരണ കാലയളവ് 31-12-2018 വരെ കരാറുകാരന്റെ അപേക്ഷപ്രകാരം നീട്ടിനൽകി. കോടതി വ്യവഹാരങ്ങൾക്കും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള നിരവധി ചർച്ചകൾക്കുംശേഷം ആവശ്യമായ സ്ഥലം 26-6-2020-ൽ ലഭ്യമാക്കിയിട്ടുണ്ട്. തിരൂർ ടൗണിൽ തിരൂർ-മലപ്പുറം സംസ്ഥാന പാതയിൽ നിലവിലുള്ള റെയിൽവേ ഓവർ ബ്രിഡ്ജിന് സമാന്തരമായി നിർമ്മിച്ച ആർ.ഒ.ബി.-യുടെ റെയിൽവേ ലൈനിന് മുകളിലുള്ള ഭാഗം 2018-ൽ ഇന്ത്യൻ റെയിൽവേ കേരള സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചതാണ്. ഇതിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനും നടപ്പുവർഷത്തെ ബഡ്ജറ്റിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. തിരൂർ-പൊൻമുണ്ടം ബൈപ്പാസിൽ വിഭാവനം ചെയ്ത പൊൻമുണ്ടം ആർ.ഒ.ബി.-യുടെ റെയിൽവേ ലൈനിനുമുകളിലുള്ള ഭാഗം 2018-ൽ ഇന്ത്യൻ റെയിൽവേ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചതാണ്. അപ്രോച്ച് റോഡ് ലാൻഡ്സ്പാൻ മാതൃകയിൽ നിർമ്മിക്കുന്നതിന് 24 കോടി രൂപയുള്ള പ്രൊപ്പോസൽ 2021-22-ലെ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

## (25) കിടങ്ങറ ചർച്ച് പാലം പുനർ നിർമ്മാണം

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി-ആലപ്പുഴ ബോട്ട് റൂട്ടിലെ കനാലിൽ കിടങ്ങറയിൽ നിർമ്മിച്ചിട്ടുള്ള കിടങ്ങറ ചർച്ച് പാലത്തിന്റെ ഉയരക്കുറവു കാരണം ഈ റൂട്ടിലുള്ള ജലഗതാഗതം ചങ്ങനാശ്ശേരിയിലേയ്ക്കും അവിടെനിന്ന് തിരിച്ചുമുള്ളത് അസാധ്യമാണ്. 2018-ലെയും 2019-ലെയും പ്രളയകാലത്ത് ജനങ്ങൾക്ക് അതിലൂടെ യാത്ര ചെയ്ത് സുരക്ഷിതമായ സ്ഥലത്ത് എത്താൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് ഈ പാലംമൂലമുണ്ടായത്. അന്നുതന്നെ ഈ പാലത്തിന്റെ കാര്യം സംസാരിക്കുകയും അത് പൊളിച്ച് പുതിയ പാലം നിർമ്മിക്കാൻവേണ്ട നടപടി സ്വീകരിക്കാമെന്ന് ഉറപ്പ് നൽകിയിരുന്നതുമാണ്. ഇപ്പോൾ 39.99 കോടി രൂപയുടെ എസ്റ്റിമേറ്റ് ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. ഈ പാലം പൊളിച്ച് ഗതാഗത സൗകര്യത്തോടുകൂടിയ പുതിയൊരു പാലം നിർമ്മിക്കുക എന്നത് ജനങ്ങളുടെ ഏറെ നാളായുള്ള ആഗ്രഹമാണ്. അതുകൊണ്ട് ഈ പാലത്തിന്റെ പണി 'റീബിൽഡ് കേരള ഇനീഷ്യേറ്റീവ് '-ൽ ഉൾപ്പെടുത്തി 39.99 കോടി രൂപയുടെ വർക്കിന് എ.എസ്. നൽകണമെന്ന് ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കുന്നു, പാലത്തിന്റെ ഡിസൈൻ ആർച്ച് ആകൃതിയിൽ നൽകണമെന്നും ആവശ്യപ്പെടുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ആലപ്പുഴ-ചങ്ങനാശ്ശേരി ബോട്ട് റൂട്ട് കനാലിൽ കിടങ്ങറയിൽ നിർമ്മിച്ചിട്ടുള്ള കിടങ്ങറ ചർച്ച് പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള പദ്ധതി നിർദ്ദേശമാണ് ഇവിടെ ഉന്നയിച്ചത്. പാലം നിർമ്മാണത്തിനും ലാൻഡ് അക്വിസിഷനുംവേണ്ടി 39.99 കോടി രൂപയുടെ എസ്റ്റിമേറ്റ് 14-10-2020-ൽ റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ സമർപ്പിച്ചിട്ടുണ്ട്. അവിടെനിന്നുള്ള മറുപടിക്കായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ഇതിന്റെ ഗൗരവം കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (26) കീഴില്ലം-പാണിയേലിപ്പോര് റോഡ് നിർമ്മാണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പെരുമ്പാവൂരിൽ കിഫ്ബിയിലൂടെ അനുവദിച്ചുകിട്ടിയ രണ്ട് റോഡുകളാണ് മണ്ണൂർ-പോഞ്ഞാശ്ശേരി റോഡ്, കീഴില്ലം-പാണിയേലിപ്പോര് റോഡ് എന്നിവ. ഇതിൽ മണ്ണൂർ-പോഞ്ഞാശ്ശേരി റോഡ് നിർമ്മാണം പാതിവഴിയിൽ നിലച്ചിരിക്കുകയാണ്. കിഫ്ബിയിലൂടെ ഒരു റോഡ് ഏറ്റെടുത്തുകഴിഞ്ഞാൽ അത് പൂർത്തീകരിക്കുന്നതിന് ഒരുപാട് കാലതാമസമുണ്ടാകുന്നു. ഈ വർക്കുതന്നെ പൊതുമരാമത്ത് വകുപ്പ് നേരിട്ട് നടത്തുകയാണെങ്കിൽ ഒന്നര വർഷംകൊണ്ട് തീരും. 2017-ൽ അനുമതി കിട്ടിയ വർക്ക് ഇപ്പോഴും

തുടരാൻ കഴിഞ്ഞിട്ടില്ല. പാണിയേലിപ്പോര് വിനോദസഞ്ചാര കേന്ദ്രത്തിലേയ്ക്ക് പോകുന്ന ഈ റോഡ് 17 കിലോമീറ്ററാണ്. കിഫ്ബി ഏറ്റെടുത്ത വർക്കായതു കൊണ്ട് പൊതുമരാമത്ത് വകുപ്പ് ഈ റോഡ് നിർമ്മിക്കുന്നില്ല. ഇൻവെസ്റ്റിഗേഷനും ടെണ്ടറും മണ്ണ് പരിശോധനയും നടത്തി. 5 വർഷമായി പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്ന ഈ റോഡ് ഇതുവരെ നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. ഈ റോഡ് നിർമ്മിക്കാൻ ചില സ്ഥലങ്ങളിൽ 10 മീറ്റർ വീതി ഇല്ലാത്തതുകൊണ്ട് സ്ഥലം ഏറ്റെടുക്കണ മെന്നാണ് കിഫ്ബി പറയുന്നത്. സ്ഥലം ഏറ്റെടുക്കാൻ പോയാൽ ഇനിയും 10-15 വർഷമെടുക്കും. നിലവിലുള്ള വീതി വച്ച് കിഫ്ബിയിലൂടെയോ അല്ലെങ്കിൽ പൊതുമരാമത്ത് വകുപ്പിലൂടെയോ ഇക്കാര്യം ചെയ്യാനുള്ള നടപടികളുണ്ടാകണം. ഏറ്റവും വലിയ വിനോദസഞ്ചാര കേന്ദ്രമാണ് പാണിയേലിപ്പോര്. ഒരു യുവാവ് എന്ന രീതിയിലും മികച്ച രീതിയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കുന്നുവെന്നുള്ളതുകൊണ്ടും അങ്ങയെ ഞാൻ അങ്ങോട്ട് ക്ഷണിക്കുന്നു. പെരുമ്പാവൂരിൽ നിരവധി ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ട്. എത്രയുംവേഗം പ്രസ്തുത റോഡ് നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പൊതുമരാമത്ത് വകുപ്പ് മൂവാറ്റുപുഴ ഡിവിഷന് കീഴിലുള്ള കീഴില്ലം-പാണിയേലിപ്പോര് റോഡിന് 2017-18 കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. കുറുപ്പംപടി മുതൽ പാണിയേലിപ്പോര് വരെയുള്ള പ്രദേശത്ത് കിഫ്ബി മാനദണ്ഡപ്രകാരം റോഡ് വികസിപ്പിക്കാൻ ഭൂമി ലഭ്യമാകുന്നതിന് തടസ്സങ്ങളുണ്ടായിരുന്നു. റോഡിന്റെ ആദ്യഭാഗമായ കീഴില്ലം മുതൽ കുറുപ്പംപടി വരെയുള്ള 6.4 കിലോമീറ്റർ ഭാഗത്ത് കുറച്ച് സ്ഥലങ്ങളിൽ മാത്രമേ സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതായി വരുന്നുള്ളൂ. ഇവിടെ ജനങ്ങൾ free surrender ആയി ഭൂമി വിട്ടുനൽകാൻ തയ്യാറാണെന്ന് അറിയിച്ചിരുന്നു. അതിനാൽ ഈ പ്രവൃത്തി കീഴില്ലം മുതൽ കുറുപ്പംപടിവരെ മാത്രം ആദ്യഘട്ടമായി പരിഗണിക്കാൻ ബഹുമാനപ്പെട്ട പെരുമ്പാവൂർ എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തിയുടെ പേര് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. കീഴില്ലം മുതൽ കുറുപ്പംപടി വരെയുള്ള 6.4 കിലോമീറ്റർ ഭാഗത്ത് നടത്തിയ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പരിശോധിച്ചുവരുന്നു. കിഫ്ബി പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള കെ.ആർ. എഫ്.ബി. വിംഗിലേയ്ക്ക് പ്രവൃത്തി കൈമാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ അതിന്റേതായ ഗൗരവത്തിൽ ഇടപെടുന്നതാണ്.

## (27) പുലാമന്തോൾ-മേലാറ്റൂർ റോഡ് നിർമ്മാണം

ശ്രീ. നജീബ് കാന്തപുരം: സർ, മലപ്പുറം ജില്ലയിലെ പ്രധാന സംസ്ഥാന പാതയാണ് പെരുമ്പിലാവ്-നിലമ്പൂർ റോഡ്. ഈ റോഡിലെ പുലാമന്തോൾ-മേലാറ്റൂർ റീച്ചിന് ഏകദേശം 30.88 കിലോമീറ്റർ ദൈർഘ്യമുണ്ട്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി നവീകരണം നടത്തുന്നതിന് 139.4 കോടി രൂപയുടെ എ.എസ്.-ഉം ടി.എസ്.-ഉം ലഭിച്ചിരിക്കുകയാണ്. ലോകബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന കെ.എസ്.ടി.പി. വഴിയാണ് നവീകരണ പ്രവൃത്തി നടത്തുന്നത്. 2020 സെപ്റ്റംബർ 29-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്തുത പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. 7-10-2020-ൽ കെ.എം.സി. കൺസ്ട്രക്ഷൻസ്, ഹൈദരാബാദ് എന്ന കമ്പനിയാണ് ഈ കരാർ ഏറ്റെടുത്തിരിക്കുന്നത്. 18 മാസംകൊണ്ട് പ്രവൃത്തി പൂർത്തീകരിക്കണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഉദ്ഘാടനം കഴിഞ്ഞ് 9 മാസം പിന്നിട്ടിട്ടും പ്രവൃത്തി എങ്ങുമെത്താത്ത സ്ഥിതിയാണ്. പെരിന്തൽമണ്ണ മുതൽ പട്ടാമ്പി റോഡ് ജംഗ്ഷൻ വരെയുള്ള ഒരു കിലോമീറ്റർ ദൂരം ഇപ്പോൾ തകർന്ന് തരിപ്പണമായിരിക്കുകയാണ്. ആശുപത്രി സിറ്റിയായ പെരിന്തൽമണ്ണയിലൂടെ ആയിരക്കണക്കിന് രോഗികൾക്കാണ് യാത്ര ചെയ്യേണ്ടിവരുന്നത്. ഈ ഭാഗത്തെ റോഡ് തകർന്നതുമൂലം രൂക്ഷമായ ഗതാഗതക്കുരുക്കും പ്രയാസവുമാണ് ജനങ്ങൾ അനുഭവിക്കുന്നത്. യാത്രക്കാരുടെ നടുവൊടിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്. ഈ പ്രവൃത്തിക്ക് ഒച്ചിന്റെ വേഗതപോലുമില്ല. ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രി പല സ്ഥലങ്ങളിലും മിന്നൽ പര്യടനം നടത്തി പ്രവൃത്തികളുടെ വേഗത കൂട്ടുന്നതിനുവേണ്ടി പരിശ്രമിക്കുന്ന വാർത്തകൾ ഞാൻ വളരെ സന്തോഷത്തോടുകൂടിയാണ് കണ്ടിട്ടുള്ളത്. അതുകൊണ്ട് ബഹുമാന്യനായ വകുപ്പുമന്ത്രി ഈ സ്ഥലം സന്ദർശിക്കുകയോ അല്ലെങ്കിൽ ഉദ്യോഗസ്ഥരുടെ ഒരു യോഗം അടിയന്തരമായി വിളിച്ചുചേർക്കുകയോ ചെയ്ത് ഈ റോഡിന്റെ പ്രവൃത്തി ഉടൻ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മൂന്ന് ജില്ലകളുമായി ബന്ധപ്പെട്ട ഒരു റോഡിന്റെ വിഷയം കൂടിയാണ് ഇവിടെ ഉന്നയിച്ചത്. ഈ റോഡ് ആരംഭിക്കുന്ന പെരുമ്പിലാവ് തൃശ്ശൂർ ജില്ലയിലാണ്. മറ്റ് ഭാഗങ്ങൾ വരുന്നത് പാലക്കാട്, മലപ്പുറം ജില്ലകളിലാണ്. റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിലുൾപ്പെട്ടിട്ടുള്ള മലപ്പുറം ജില്ലയിലെ പെരുമ്പിലാവ്-നിലമ്പൂർ റോഡ് സംസ്ഥാന പാതയുടെ പുനർ നിർമ്മാണ പ്രവൃത്തി 31 കിലോമീറ്ററോളം ദൈർഘ്യത്തിൽ ലോകബാങ്കിന്റെ ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്. ഈ പ്രവൃത്തിയുടെ കരാർ തുക 150.48 കോടി രൂപയാണ്. 20-1-2021-ന് പണി ആരംഭിച്ചിട്ടുണ്ട്. നിലവിൽ പുലാമന്തോൾ ഭാഗത്തുനിന്നും

മേലാറ്റൂർ ഭാഗത്തേയ്ക്കുള്ള പ്രവൃത്തികളാണ് നടന്നുവരുന്നത്. റോഡ് പുനരുദ്ധാരണ പ്രവൃത്തിയുടെ ഭാഗമായി കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക് പോസ്റ്റുകളും ട്രാൻസ്ഫോർ മറുകളും മാറ്റി സ്ഥാപിക്കേണ്ടതും ജല അതോറിറ്റിയുടെ ജലവിതരണ പൈപ്പുകൾ വശങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കേണ്ടതും നിർമ്മാണത്തിന് തടസ്സം നിൽക്കുന്ന മരങ്ങൾ മുറിച്ച് ലേലം ചെയ്യേണ്ടതുമുണ്ട്. മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള വനം വകുപ്പിന്റെ പരിശോധന പൂർത്തിയായിട്ടുണ്ട്. വനം വകുപ്പിൽനിന്നും അനുമതി ലഭ്യമാക്കി മരങ്ങൾ മുറിച്ചുനീക്കിയതിനുശേഷം മാത്രമേ ഈ ഭാഗത്ത് പണികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. 16 കിലോമീറ്റർ റോഡ്, രണ്ട് കൾവർട്ട് എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 4.6 കിലോമീറ്റർ കോൺക്രീറ്റ് ഓട നിർമ്മാണം പൂർത്തീകരിക്കുകയും ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗവും മറ്റ് രണ്ട് ജനപ്രതിനിധികളും ഈ വിഷയം നേരത്തെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ ഈ പ്രവൃത്തി നടക്കുന്ന സ്ഥലം സന്ദർശിക്കുകയോ ഇതുമായി ബന്ധപ്പെട്ട യോഗം നടത്താനുള്ള നിലപാട് കൈക്കൊള്ളുകയോ ചെയ്യാം.

### (28) മൂന്നാറിന് പ്രത്യേക പാക്കേജ്

ശ്രീ. എ. രാജ: സർ, ലോക ടൂറിസം ഭൂപടത്തിൽ സ്ഥാനം ലഭിച്ചിട്ടുള്ള ദേവികുളം നിയോജകമണ്ഡലത്തിലെ പ്രദേശമാണ് മൂന്നാർ. 2018-ലെ മഹാപ്രളയത്തിനുശേഷം തുടർന്നിങ്ങോട്ട് ഓരോ വർഷവും തെക്കിന്റെ കാശ്മീർ കടന്നുപോകുന്നത് അതിഗുരുതരമായ ദുരവസ്ഥയിലൂടെയാണ്. മഹാപ്രളയവും ഗജ സൈക്ലോണും നിപയും പെട്ടിമുടി ദുരന്തവും അതിജീവിച്ച മൂന്നാറിന്റെ ടൂറിസം മേഖല 2020 നവംബർ മുതലാണ് വീണ്ടും സജീവമായി തുടങ്ങിയത്. അതിനുശേഷം കോവിഡിന്റെ രണ്ടാം തരംഗം അക്ഷരാർത്ഥത്തിൽ മൂന്നാറിനെ പരിപൂർണ്ണമായും നിശ്ചലമാക്കി. ടൂറിസം കൊണ്ടു മാത്രം ജീവിതം നടത്തിയിരുന്ന ഓട്ടോ-ടാക്സി തൊഴിലാളികൾ, ഗൈഡുകൾ, കച്ചവടക്കാർ, ഹോംസ്റ്റേ, കോട്ടേജ്, ലോഡ്ജ്, റിസോർട്ട്, ഹോട്ടൽ ജീവനക്കാർ, ഉടമകൾ മുതലായ എല്ലാ ജനവിഭാഗങ്ങളും വളരെ ദുരിതത്തിലാണ്. കോവിഡിന്റെ രണ്ടാംതരംഗം അവസാനിച്ചാലുടൻ ടൂറിസം രംഗത്താകെ ആവശ്യമായ സർക്കാർ ഇടപെടലും ടൂറിസം പാക്കേജും പ്രതീക്ഷിച്ചിരിക്കുകയാണ്. ദുരിതമനുഭവിക്കുന്നവർക്ക് തൽക്കാല ആശ്വാസമെന്നനിലയിൽ ലൈസൻസ് പുതുക്കൽ ഒഴിവാക്കുകയോ നീട്ടി വയ്ക്കുകയോ എടുത്തിരിക്കുന്ന ലോണുകൾക്ക് പലിശരഹിത മൊറട്ടോറിയം അനുവദിക്കുകയോ വൈദ്യുതി ബിൽ കുറവ് ചെയ്യുകയോ ചെയ്യുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുകളുണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷ നിലൂടെ ആവശ്യപ്പെടുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളരെ പ്രാധാന്യത്തോടുകൂടി ഇടപെടേണ്ട ഒരു വിഷയമാണിത്. ലോകത്തെമ്പാടുമുള്ള ടൂറിസം മേഖലയെ സാരമായി ബാധിച്ച കോവിഡ് മഹാമാരി കേരളത്തിലെ ടൂറിസം മേഖലയിലും വലിയ പ്രത്യാഘാതങ്ങളുണ്ടാക്കി. സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പദ്ധതികളിലൂടെ ഒന്നാം തരംഗത്തെ മറികടക്കുമ്പോഴാണ് രണ്ടാം തരംഗമുണ്ടായത്. ഇടുക്കി ഉൾപ്പെടെയുള്ള എല്ലാ ജില്ലകളിലേയും വിനോദ സഞ്ചാര മേഖലയിലെ നിരവധിയാളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. ഈ മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പാക്കേജിനായി 2021-2022-ലെ പുതുക്കിയ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പാക്കേജ് തയ്യാറാക്കി വിനോദസഞ്ചാര മേഖലയിൽ നടപ്പിലാക്കുന്നതാണ്. സർക്കാരിനെ സംബന്ധിച്ചിടത്തോളം കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഒന്നാണ് മൂന്നാർ. ബഹുമാനപ്പെട്ട അംഗം രാജ ഇവിടെ ഉന്നയിച്ച മൂന്നാറിലെ വിഷയം വളരെ പ്രാധാന്യത്തോടുകൂടി സർക്കാർ പരിഗണിക്കും.

## (29) യാത്രാക്ലേശം

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, വൈപ്പിൻ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള ബസ്സുകൾക്കുപുറമേ നിശ്ചിതയെണ്ണം സ്വകാര്യ ബസ്സുകൾക്കും ഗോശ്രീ ദ്വീപുകളിൽനിന്നും പറവൂർ, മുനമ്പം തുടങ്ങിയ പ്രദേശങ്ങളിൽനിന്നും എറണാകുളം നഗരത്തിലേയ്ക്ക് പ്രവേശനം അനുവദിക്കണമെന്നും കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര ബസ്സുകൾ, വോൾവോ സർവ്വീസുകളുൾപ്പെടെ ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്. 13-ാം നൂറ്റാണ്ടിലെ ഒരു വെള്ളപ്പൊക്കത്തെ തുടർന്നാണ് വൈപ്പിൻകര ദ്വീപുകൾ ജന്മമെടുത്തത്. ഏഷ്യയിലെ ഏറ്റവും ജനസാന്ദ്രതകൂടിയ ഒരു സ്ഥലമാണ് ഇന്ന് വൈപ്പിൻകര. ജനിക്കാനും മരിക്കാനുംമാത്രം സ്വാതന്ത്ര്യമുണ്ടായിരുന്ന ഒരു ജനതയാണ് ഈ ദ്വീപുകളിലുണ്ടായിരുന്നത്. സാമൂഹ്യപരിഷ്കർത്താവും 104 വർഷങ്ങൾക്കുമുൻപ് മിശ്രഭോജനത്തിന് നേതൃത്വം നൽകിയ, അതുവഴി ജാതി വിവേചനത്തിനെതിരെ സമൂഹത്തെ നേർദിശയിലേയ്ക്ക് നയിച്ച വിപ്ലവപ്രകാശമായ സഹോദരൻ അയ്യപ്പന്റെ ജന്മനാടുകൂടിയാണ് വൈപ്പിൻകര. അദ്ദേഹം തിരു-കൊച്ചി മന്ത്രിസഭയിലെ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്വപ്നമായിരുന്ന വൈപ്പിൻ പാലവും ജനങ്ങളുടെ യാത്രാസൗകര്യം മെച്ചപ്പെടുത്തലും. 2004 ജൂൺ 5-ാം തീയതിയോടെ വൈപ്പിൻ പാലം യാഥാർത്ഥ്യമായി. ആധുനിക വൈപ്പിൻകരയുടെ ചരിത്രം അവിടെനിന്ന് ആരംഭിക്കുകയാണ്. എറണാകുളം ജില്ലാ കളക്ടറേറ്റ്, കൊച്ചി താലൂക്ക് ഓഫീസ്, ജില്ലാ ആശുപത്രി, ആധുനിക

സൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രികൾ, പ്രധാനപ്പെട്ട ആരാധനാ കേന്ദ്രങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, വിവിധ ഓഫീസുകൾ എന്നിവിടങ്ങളിൽ എത്തിച്ചേരുന്നതിന് രണ്ടുംമൂന്നും ബസ്സുകൾ മാറിക്കയറിയെങ്കിൽ മാത്രമേ ലക്ഷ്യസ്ഥാനത്ത് എത്താനാകൂ. മണ്ഡലത്തിലെ, പ്രത്യേകിച്ച് വൈപ്പിൻകരയിലെ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും നിശ്ചിത സ്വകാര്യ ബസുകൾക്കും നഗരപ്രവേശം അനുവദിച്ചാൽ മാത്രമേ ജനങ്ങൾക്കുണ്ടാകുന്ന സമയനഷ്ടവും ധനനഷ്ടവും യാത്രാക്ലേശവും പരിഹരിക്കാനാകൂ. ഏകദേശം 200-ഓളം ബസ്സുകളാണ് ഹൈക്കോടതി ജംഗ്ഷനിൽ വന്ന് ട്രിപ്പ് അവസാനിപ്പിച്ച് മടങ്ങുന്നത്. കഴിഞ്ഞ 17 വർഷമായി വൈപ്പിൻ ജനത നേരിടുന്ന ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് ജനങ്ങൾ നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, എൽ.എൻ.ജി. പദ്ധതി, വല്ലാർപാടം അന്താരാഷ്ട്ര തീർത്ഥാടന കേന്ദ്രം, ലുലു ഗ്രൂപ്പ് ഇന്റർനാഷണലിന്റെ ഹോട്ടൽ ഹയാത്ത്, കെ.ടി.ഡി.സി.-യുടെ ബോൾഗാട്ടി പാലസ് എന്നിവിടങ്ങളിലേയ്ക്ക് എത്തിച്ചേരേണ്ട നിരവധി ജീവനക്കാരേയും ബാധിക്കുന്ന പൊതുവായ ഒരു പ്രശ്നമാണിത്. ഇത്തരമൊരു പശ്ചാത്തലത്തിൽ കെ.എസ്.ആർ.ടി.സി. ബസുകൾ കൂടുതൽ അനുവദിച്ചും ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന സ്വകാര്യ ബസുകളിൽ നിശ്ചിതയെണ്ണം ബസുകൾക്ക് താൽക്കാലികമായ നഗരപ്രവേശം അനുവദിച്ചും ദീർഘദൂര ബസുകൾ, കെ.എസ്.ആർ.ടി.സി.-യുടെ വോൾവോ ബസുകൾ എന്നിവ അനുവദിച്ചും യാത്രാക്ലേശം പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, ഗോശ്രീ ദ്വീപുകളിൽ നിന്നുള്ള ബസുകൾക്ക് കൊച്ചി നഗരത്തിലേയ്ക്ക് പ്രവേശനാനുമതി ആവശ്യപ്പെട്ടാണ് ഈ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. വിവിധ ദേശസാൽകൃത സ്കീമുകൾ നിലവിലുള്ളതിനാൽ ഗോശ്രീ ദ്വീപുകളിൽനിന്നും എറണാകുളം നഗരത്തിലേയ്ക്ക് സ്വകാര്യ ബസുകൾക്ക് കടന്നുവരുന്നതിന് നിയന്ത്രണങ്ങൾ നിലവിലുണ്ട്. സ്വകാര്യ ബസുകൾക്ക് എറണാകുളം ടൗണിലേയ്ക്ക് പുതിയ പെർമിറ്റുകൾ നൽകുന്നതിനോ നിലവിലുള്ള പെർമിറ്റുകൾക്ക് റൂട്ട് വേരിയേഷൻ നൽകുന്നതിനോ നിയമപരമായി കഴിയില്ല. കോവിഡ് രണ്ടാം തരംഗത്തിനോടനുബന്ധിച്ചുള്ള നിയന്ത്രണങ്ങൾ അവസാനിക്കുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ യാത്രക്കാർക്ക് പ്രയോജനകരമായ രീതിയിൽ ക്രമീകരിച്ച്, പുനരാരംഭിച്ച് യാത്രാക്ലേശം പരിഹരിക്കുന്നതാണ്. വിശദമായ മറുപടി സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു.*

*അനുബന്ധമായി ചേർത്തിട്ടുണ്ട്.

## (30) ജീവനക്കാരെ തിരിച്ചെത്തിക്കൽ

ശ്രീമതി ഒ. എസ്. അംബിക: സർ, ജനിതകമാറ്റം വന്ന കോവിഡ് മഹാമാരിയുടെ വ്യാപനത്തെത്തുടർന്ന് രാജ്യം ലോക്ഡൗണിലേയ്ക്കും കർശന നിയന്ത്രണങ്ങളിലേയ്ക്കും പോകുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന നിരവധി അതിഥി തൊഴിലാളികൾ അവരുടെ നാട്ടുകളിലേയ്ക്ക് തിരിച്ചുപോയി. ഇതിനായി കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾ വാടകയ്ക്കെടുത്താണ് പോയത്. ഇവരെ നാട്ടിലെത്തിച്ച ധാരാളം വാഹനങ്ങൾ പശ്ചിമ ബംഗാൾ, ആസാം, ഒഡീഷ, സിക്കിം എന്നീ വിവിധ സംസ്ഥാനങ്ങളിൽ ഇപ്പോഴും കുടുങ്ങിക്കിടക്കുകയാണ്. ജീവനക്കാർക്ക് മതിയായ ഭക്ഷണമോ, ആരോഗ്യപരിരക്ഷയോ, കുടിവെള്ളമോപോലും കിട്ടാത്ത സാഹചര്യമുണ്ട്. ഈ ജീവനക്കാരേയും വാഹനങ്ങളേയും കഴിയുന്നത്രവേഗം നാട്ടിലെത്തിക്കാനുള്ള സത്വര നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, സാമൂഹ്യ മാധ്യമങ്ങളിലും മറ്റും ഏറെ ചർച്ചയായ വിഷയമാണ് ഇവിടെ ഉന്നയിച്ചത്. കോവിഡ് കാലത്ത് അതിഥി തൊഴിലാളികളുമായി പോയ വാഹനങ്ങൾ വിവിധ സംസ്ഥാനങ്ങളിൽനിന്ന് മടങ്ങി വരാൻ കഴിയാതെ കിടക്കുന്നതുസംബന്ധിച്ച് അറിവ് ലഭിച്ചതിനെത്തുടർന്ന് നടത്തിയ അന്വേഷണത്തിൽ പശ്ചിമ ബംഗാൾ-302, ആസാം-169, ജാർഖണ്ഡ്-17, മറ്റ് രണ്ട് സംസ്ഥാനങ്ങളിൽ ഓരോന്നുവീതം ഉൾപ്പെടെ 490 വാഹനങ്ങൾ കുടുങ്ങിക്കിടക്കുന്നതായി വിവരം ലഭിച്ചു. ഗതാഗത സെക്രട്ടറിയുടെയും ട്രാൻസ്പോർട്ട് കമ്മീഷണറുടെയും നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാ സംസ്ഥാനങ്ങളിലേയും ഗതാഗത വകുപ്പുമായി നിരന്തരമായി ബന്ധപ്പെട്ട് ജീവനക്കാരുടെ സുരക്ഷയ്ക്കും ആരോഗ്യ സംരക്ഷണത്തിനുംവേണ്ട നടപടികൾ അടിയന്തരമായി കൈക്കൊണ്ടിട്ടുണ്ട്. വാഹനങ്ങൾക്കും ജീവനക്കാർക്കും ആവശ്യമായ സുരക്ഷയും ഭക്ഷണവും വൈദ്യ സഹായവും ലഭ്യമാക്കണമെന്നും അവർക്ക് തിരികെ വരുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണമെന്നും ഫീസ്, ടോൾ ഫീസ്, നികുതി എന്നീ ഇനങ്ങളിൽ ഇളവുനൽകണമെന്നും ആവശ്യപ്പെട്ട് ചീഫ് സെക്രട്ടറി 21-5-2021-ൽ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരോട് ആവശ്യപ്പെടുകയും ചെയ്തു. അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ നേതൃത്വത്തിൽ മോട്ടോർ വാഹന വകുപ്പിലെ 22 മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ വിവിധ മേഖലകളിലെ നോഡൽ ഓഫീസർമാരായും ചുമതലപ്പെടുത്തി വാഹനങ്ങളേയും ജീവനക്കാരേയും തിരികെ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നിരന്തരമായി നടത്തുകയും ചെയ്തു. ഓൺലൈനായി അപേക്ഷിക്കുന്നവർക്ക് സ്പെഷ്യൽ പെർമിറ്റ് അനുവദിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ആർ.ടി.ഒ.-മാർക്കും ചെക്ക് പോസ്റ്റ് ഉദ്യോഗസ്ഥർക്കും

നിർദ്ദേശം നൽകിയിരുന്നു. 183 വാഹനങ്ങൾ സംസ്ഥാനത്ത് തിരികെ എത്തിയിട്ടുണ്ട്. 38 വാഹനങ്ങൾ മടക്കയാത്രയിലാണ്. കൂടാതെ വാഹനങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ പാർക്കുചെയ്തശേഷം 39 ജീവനക്കാരും തിരികെ എത്തിയിട്ടുണ്ട്. ലോക്ഡൗൺ നിലനിൽക്കുന്നതിനാൽ പലരും ഇപ്പോൾ മടങ്ങിവരാൻ താൽപ്പര്യപ്പെടുന്നില്ല. ലോക്ഡൗൺ പിൻവലിക്കുന്നമുറയ്ക്ക് യാത്രക്കാരുമായി മടങ്ങിവരാനായി ഇവർ കാത്തുനിൽക്കുന്നതായാണ് അറിയാൻ കഴിയുന്നത്. മടങ്ങിവരാൻ താൽപ്പര്യമുള്ളവർക്ക് സാധ്യമായ എല്ലാ സഹായങ്ങളും ഒരുക്കുന്നതിന് തുടർന്നും ഗതാഗത വകുപ്പ് സന്നദ്ധമാണ്.

(31) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിൽ വ്യാപകമായി കോവിഡ് പടർന്നുപിടിച്ചു കൊണ്ടിരിക്കുകയാണ്. നിലവിലുള്ള കണക്കനുസരിച്ച് 1379 കോവിഡ് പോസിറ്റീവായ ആളുകളുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളും അർബൻ സെന്ററുകളുമടക്കം പതിനൊന്നോളം ഹെൽത്ത് സെന്ററുകൾ നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുകയും കഴിയുന്ന എല്ലാ സൗകര്യങ്ങളും ചെയ്യുന്നുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് എം.എൽ.എ.-യുടെ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. ശവസംസ്കാരമടക്കമുള്ള കാര്യങ്ങൾക്കും കോവിഡ് രോഗികൾ ക്കാവശ്യമായ കാര്യങ്ങൾക്കുമൊക്കെ ഞങ്ങളുടെ വോളന്റിയേഴ്സ് പോകുന്നുണ്ട്. എന്നാൽ ആവശ്യത്തിനുള്ള വാക്സിനേഷൻ അവിടെ കൊടുക്കാൻ കഴിയുന്നില്ല. ഇൻഫോപാർക്ക്, സ്മാർട്ട് സിറ്റി, എൻ.പി. ഓയിൽ, കളക്ടറേറ്റ് അടക്കമുള്ള സ്ഥാപനങ്ങളിൽ കേരളത്തിൽനിന്നും കേരളത്തിനുപുറത്തുനിന്നും ഇന്ത്യയ്ക്കുപുറത്തു നിന്നും ജനങ്ങൾ നിരന്തരമായി വരുന്ന ഒരു പ്രധാന കേന്ദ്രമാണ് പ്രസ്തുത പ്രദേശം. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്കും ആ കാര്യം നല്ല ബോദ്ധ്യമുള്ളതാണ്. ഇത്തരത്തിലുള്ള ആ സ്ഥലത്തിന് പ്രത്യേക പരിഗണന നൽകി വാക്സിനേഷൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? ഒരു ഉദാഹരണം പറയുകയാണെങ്കിൽ, അവിടെയുള്ള ഹോളിക്രോസ് കോൺവെന്റിൽ വളരെയേറെ പ്രായംചെന്ന കന്യാസ്ത്രീകൾ താമസിക്കുന്നുണ്ട്. അവർക്ക് അടിയന്തരമായി വാക്സിനേഷൻ നൽകേണ്ടതുണ്ട്. അതുപോലെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ താമസിക്കുന്ന സ്നേഹ നിലയത്തിലടക്കം വാക്സിനേഷൻ നൽകാൻ സാധിച്ചിട്ടില്ല. തൃക്കാക്കര എൻ.ജി.ഒ. ക്വാർട്ടേഴ്സിലുള്ള പി.എച്ച്.സി. ഒരു വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഗവൺമെന്റിന്റെതന്നെ തൊട്ടടുത്തുള്ള സൗകര്യപ്രദമായ കെട്ടിടത്തിലേയ്ക്ക് മാറ്റുന്ന തിനുള്ള തീരുമാനമെല്ലാമായിട്ടും കഴിഞ്ഞ 6 മാസമായി ആ തീരുമാനം നടന്നിട്ടില്ല. ഇതെല്ലാം വാക്സിനേഷനടക്കം കോവിഡിനെ നേരിടാനുള്ള പ്രവർത്തനങ്ങളിൽ സഹായിക്കുന്നതാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും അടിയന്തര ശ്രദ്ധയുണ്ടാകണമെന്നതാണ് എന്റെ വിനീതമായ അഭ്യർത്ഥന.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാന്യനായ അംഗത്തിന്റെ മണ്ഡലമായ തൃക്കാക്കരയിലെ കോവിഡ് ചികിത്സ, വാക്സിനേഷൻ എന്നിവയുമായി ബന്ധപ്പെട്ട വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുകയാണ്*. ഒന്നുരണ്ട് കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കാം. നിലവിൽ 11 സെന്ററുകളിലായാണ് അവിടെ വാക്സിനേഷൻ നൽകുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇൻഫോപാർക്ക് പോലെ പ്രധാനപ്പെട്ട മേഖലകൾ ഉൾപ്പെടുന്ന മണ്ഡലം കൂടിയാണിത്. അതുകൊണ്ട് ജൂൺ 21-നുശേഷം സാർവ്വത്രികമായി സൗജന്യ വാക്സിൻ ലഭ്യമാകുന്നമുറയ്ക്ക് ഇൻഫോപാർക്കിനോടനുബന്ധിച്ച് ഒരു വാക്സിനേഷൻ സെന്റർ ഓപ്പൺ ചെയ്യാവുന്നതാണ്. ഇവിടെ സൂചിപ്പിച്ച ഓൾഡ് ഏജ് ഹോമിൽ ഇപ്പോൾത്തന്നെ വാക്സിനേഷൻ നൽകാവുന്നതാണ്. തൃക്കാക്കര മണ്ഡലത്തിലെ രണ്ട് സി.എഫ്.എൽ.ടി.സി.-കളുമായി ബന്ധപ്പെട്ട സൗകര്യങ്ങളെപ്പറ്റിയും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. ആദ്യത്തേതിൽ 175 ബെഡ്ഡുകളാണുള്ളത്, ഇതുവരെ 83 രോഗികൾ അവിടെ ചികിത്സ തേടിയിട്ടുണ്ട്. അതുപോലെത്തന്നെ കാക്കനാട് ഇൻഫോപാർക്കുമായി ബന്ധപ്പെട്ട സ്ഥാപനത്തിൽ ഉണ്ടായേക്കാവുന്ന പോസിറ്റീവ് കേസുകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി സർക്കാരിന്റെ സഹകരണത്തോടെയുള്ള സി.എഫ്.എൽ.ടി.സി.-യിൽ 24 ബെഡ്ഡുകളാണുള്ളത്. ഇതുവരെ 9 രോഗികളാണ് അവിടെ ചികിത്സ തേടിയിട്ടുള്ളത്. ഇതുസംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ടും മേശപ്പുറത്തുവയ്ക്കുന്നു.*

(32) ഒ. പി. വിഭാഗത്തിന്റെ പ്രവർത്തനം

ശ്രീ. യു. എ. ലത്തീഫ്: സർ, മഞ്ചേരി മെഡിക്കൽ കോളേജിൽ ഒരു വർഷമായി കോവിഡ് ചികിത്സ മാത്രമാണുള്ളത്. മറ്റു മെഡിക്കൽ കോളേജുകളിൽ കോവിഡ്, നോൺ കോവിഡ് ചികിത്സകൾ ഒരുമിച്ച് നടക്കുന്നുണ്ട്. മലപ്പുറം ജില്ലയിൽ ഏറ്റവുമധികം പ്രസവം നടന്നിരുന്നത് മഞ്ചേരി ജനറൽ ആശുപത്രിയിലായിരുന്നു. ഗർഭസംബന്ധമായ രോഗങ്ങൾ, അപസ്മാരം, ഹൈടെക് പ്രെഗ്നൻസി ചികിത്സ, കീമോതെറാപ്പി ലഭിക്കേണ്ട കാൻസർ രോഗികൾ, ആൻജിയോപ്ലാസ്റ്റി ചെയ്യേണ്ട ഹൃദ്രോഗികൾ തുടങ്ങിയവരെല്ലാം അയൽ ജില്ലകളായ കോഴിക്കോട്, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലേയ്ക്കാണ് പോകുന്നത്. മെഡിക്കൽ കോളേജുകളെ റഫറൽ ആശുപത്രികളാക്കിയതിനാൽ മഞ്ചേരി മുനിസിപ്പാലിറ്റിയിലെ ഒരു ലക്ഷം വരുന്ന ജനങ്ങൾക്കും സമീപപ്രദേശങ്ങളിലെ ഒന്നരലക്ഷം വരുന്ന ജനങ്ങൾക്കുമുണ്ടായിരുന്ന ഏക സൗകര്യമായിരുന്നു ജനറൽ ആശുപത്രി. പ്രസ്തുത ആശുപത്രി പ്രവർത്തിക്കാത്തതുകൊണ്ട് രോഗികൾക്കുണ്ടാകുന്ന വിഷമം ഗുരുതരമാണ്. കോവിഡിനുമുമ്പ് രണ്ടായിരത്തിലധികം രോഗികൾ ഒ.പി. വിഭാഗത്തിൽ ദിവസവുമുണ്ടായിരുന്നു, അതും മുടങ്ങിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇതിനെല്ലാം പരിഹാരമായി മൂന്ന് നിർദ്ദേശങ്ങൾ ഞാൻ വയ്ക്കുകയാണ്.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

1. മെഡിക്കൽ കോളേജുകളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി. ആരംഭിക്കുക, ജനറൽ മെഡിസിൻ, ഇ.എൻ.ടി., ഓർത്തോ, മെന്റൽ, കാൻസർ, കാർഡിയോളജി, ഫിസിക്കൽ മെഡിസിൻ, സ്കിൻ എന്നീ വിഭാഗങ്ങളിലെ ഒ.പി. അടിയന്തരമായി ആരംഭിക്കുക.

2. കോവിഡ് രണ്ടാം തരംഗത്തിന് കുറവ് വന്നുകൊണ്ടിരിക്കുന്നു. കോവിഡ് ചികിത്സയ്ക്കായുള്ള 620 കിടക്കകളിൽ ഇപ്പോൾ രോഗികൾ മുന്നൂറിന് താഴെയാണ്. അതുകൊണ്ട് ഒഴിഞ്ഞ് കിടക്കുന്ന ബെഡ്ഡുകളിൽ 250 എണ്ണം കോവിഡ് ഇതര രോഗികൾക്കായി നീക്കി വയ്ക്കുക.

3. 2014 മുതൽ 'ചെരടി' എന്ന സ്ഥലത്ത് ജനറൽ ആശുപത്രി നിർമ്മിക്കാൻ 10-11 കോടി രൂപയോളം ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നുണ്ട്. കെട്ടിടം പണിയാൻ 'INKEL'-നെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതുവരെ എ.എസ്. ലഭിച്ചിട്ടില്ല. ആയതിനാൽ ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ നീക്കിവച്ച് ജനറൽ ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, 2020 ജനുവരിയിൽ കോവിഡ് മഹാമാരി തുടങ്ങിയതിനുശേഷം 2020 മാർച്ച് 23-നാണ് മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് കോവിഡ് ആശുപത്രിയാക്കി മാറ്റിയത്, 2021 ജനുവരി മാസം വരെ തൽസ്ഥിതി തുടർന്നു.

മി. സ്പീക്കർ: വിശദമായ മറുപടി മേശപ്പുറത്തുവച്ചാൽമതി.

ശ്രീമതി വീണാ ജോർജ്ജ്: സർ, ശരി. മറുപടിയുടെ സംക്ഷിപ്തം പറയാം. കാഷ്വാലിറ്റിയിൽ വരുന്നവർക്ക് കോവിഡേതര ചികിത്സയും ലഭ്യമാക്കുന്നുണ്ട്. കൂടാതെ കോവിഡ് തീവ്രത കുറഞ്ഞപ്പോൾ നോൺ കോവിഡ് ചികിത്സയും ലഭ്യമാക്കിയിരുന്നു. തീർത്തും പാവപ്പെട്ടവരും സാധാരണക്കാരുമായ ആളുകളാണ് അവിടെ ചികിത്സയ്ക്കായി എത്തുന്നത്. അതുകൊണ്ടുതന്നെ കോവിഡ് കേസുകൾ കുറയുന്നമുറയ്ക്ക് മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ കോവിഡേതര ബെഡ്ഡുകളുടെ എണ്ണം മുൻകാലങ്ങളിലെപ്പോലെ വർദ്ധിപ്പിച്ച് ചികിത്സാ സൗകര്യം ഒരുക്കാവുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.*

(33) വടകര ജില്ലാ ആശുപത്രിയുടെ വികസനം

ശ്രീമതി കെ. കെ. രമ: സർ, വടകര താലൂക്കിലെ ഏക ജില്ലാ ആശുപത്രിയായ വടകര ജില്ലാ ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന രോഗികൾ കടുത്ത ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെങ്കിലും സ്റ്റാഫ് പാറ്റേണിൽ ഇപ്പോഴും മാറ്റം വരുത്തിയിട്ടില്ല. പ്രസ്തുത ആശുപത്രിയിലെ ഒ.പി. വിഭാഗത്തിൽ ദിവസേന രണ്ടായിരത്തോളം രോഗികളും ഐ.പി. വിഭാഗത്തിൽ ഇരുനൂറിലധികം രോഗികളും വരുന്നുണ്ടെങ്കിലും അവർക്കാവശ്യമായ ഭൗതിക സാഹചര്യം അവിടെയുണ്ടാകുന്നില്ല. ഒ.പി. വിഭാഗവും ഫാർമസിയും വളരെ ദൂരെയാകുന്നതിന്റെ ബുദ്ധിമുട്ടും അനുഭവപ്പെടുന്നതിനാൽ ഈ സൗകര്യങ്ങളെല്ലാം ഒരു കെട്ടിടത്തിലേയ്ക്ക് മാറ്റേണ്ടതിന്റെ ആവശ്യമുണ്ട്. ഗൈനക്കോളജി വിഭാഗം ഫലപ്രദമായി പ്രവർത്തിക്കാത്തതുകൊണ്ട് പലപ്പോഴും ആദ്യപ്രസവം അവിടെ എടുക്കുന്നില്ല. അതുപോലെതന്നെ ഗുരുതരമായ കേസുകളെല്ലാം കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോകേണ്ട സാഹചര്യവുമുണ്ട്. കാർഡിയോളജിസ്റ്റും ന്യൂറോളജിസ്റ്റും ഇല്ലാത്തതിന്റെ ബുദ്ധിമുട്ടും അനുഭവപ്പെടുന്നുണ്ട്. അതുപോലെ പ്രസ്തുത ആശുപത്രിയിൽ നിലവിൽ മൂന്ന് ആംബുലൻസുകളുണ്ടെങ്കിലും രണ്ടെണ്ണം പലപ്പോഴും കട്ടപ്പുറത്താകുന്നതിന്റെ ബുദ്ധിമുട്ടുകളും അവിടെയുണ്ട്. ഇതിനും പരിഹാരം ആവശ്യമാണ്. വടക്കൻ മേഖലയിലെ ധാരാളം ആളുകൾ ആശ്രയിക്കുന്ന ഈ ജില്ലാ ആശുപത്രിയിൽ ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഇല്ലാത്തതു കൊണ്ട് രോഗികൾ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ആയതിനാൽ ഇക്കാര്യങ്ങളിലെല്ലാം പരിഹാരം കാണുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുന്നതിന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവരുടെ അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്ജ്</u>): സർ, വടകര ജില്ലാ ആശുപത്രിക്കായി 13.70 കോടി രൂപ അനുവദിക്കുകയും ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ പുതുക്കിയ പ്ലാൻപ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന പുരോഗമിക്കുകയുമാണ്. അറുപത് ശതമാനം പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ആശുപത്രിയിലെ ഇപ്പോഴുള്ള സ്പെഷ്യാലിറ്റി വിഭാഗങ്ങളെക്കുറിച്ചും സ്വീകരിക്കുന്ന തുടർനടപടികളെക്കുറിച്ചുമുള്ള റിപ്പോർട്ട് ഞാൻ മേശപ്പുറത്തുവയ്ക്കുകയാണ്. *

### (34) <u>ആശാവർക്കർമാരുടെ ഓണറേറിയം</u>

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഒരു യുദ്ധത്തിൽ വിവിധ തലങ്ങളിലാണ് പോരാട്ടം നടത്തുന്നത്. സർവ്വസൈന്യാധിപൻ മുതൽ അക്ഷൗഹിണിപ്പട വരെ അതല്ലെങ്കിൽ കമാൻഡന്റ്-ഇൻ-ചീഫ്, യുദ്ധക്കോപ്പുകൾ എല്ലാമുണ്ടാകും. പക്ഷേ പോർക്കളത്തിൽ അടരാടുന്നത് കാലാൾപ്പടയാണ്. കഴിഞ്ഞ രണ്ടുവർഷമായി നമ്മൾ കോവിഡ് എന്ന മഹാമാരിക്കെതിരെ പോരാടുകയാണ്. ഇവിടെയിരിക്കുന്ന

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ബഹുമാന്യരായ ആരോഗ്യ വകുപ്പുമന്ത്രിയും മുൻ ആരോഗ്യ വകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ നൂറ് ശതമാനവും എന്നോട് യോജിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു, യഥാർത്ഥത്തിൽ എനിക്ക് അങ്ങനെയാണ് തോന്നുന്നത്. ഈ പോരാട്ടത്തിൽ ഏറ്റവും സ്തുത്യർഹമായ സേവനം നടത്തിയത് ഈ സംവിധാനത്തിന്റെ ഏറ്റവും താഴെത്തട്ടിലുള്ള ആശാവർക്കർമാരാണ്. ഞാൻ എം.എൽ.എ. ആയശേഷം പല ഘട്ടങ്ങളിലും അവരുമായി മീറ്റിംഗ് നടത്തിയിട്ടുണ്ട്. സാധാരണക്കാരായ ആ സ്ത്രീകളുടെ പ്രതിബദ്ധതയും ആത്മാർത്ഥതയും യഥാർത്ഥത്തിൽ എന്നെ അതിശയിപ്പിച്ചിട്ടുണ്ട്. ഏത് സമയത്തും വിളിക്കുന്നതും കോവിഡ് രോഗികളുടെ അടുത്തേയ്ക്ക് പോകാൻ നമ്മൾ പറഞ്ഞയയ്ക്കുന്നതും ആശാവർക്കർമാരെയാണ്. എനിക്ക് പ്രയാസം തോന്നിയ ഒരു കാര്യം പറയാം, അവരോട് നിങ്ങൾക്ക് എന്താണാവശ്യമെന്ന് ചോദിച്ചപ്പോൾ, കുറച്ച് പി.പി.ഇ. കിറ്റും ഗ്ലൗസും കിട്ടാൻ മാർഗ്ഗമുണ്ടാകുമോ എന്നാണവർ ചോദിച്ചത്. അവർക്ക് കോവിഡ് രോഗികളുടെയടുത്തേയ്ക്ക് പോകാനുള്ള മിനിമം സാധനങ്ങൾപോലും പ്രൊവൈഡ് ചെയ്യുന്നില്ല എന്നൊരു ഭയം എനിക്ക് തോന്നിയതുകൊണ്ടാണ് ഇവിടെ ഈ വിഷയം ഉന്നയിക്കണമെന്ന് ഞാൻ വിചാരിച്ചത്. മാത്രമല്ല അവർക്ക് ലഭ്യമാകുന്ന ഓണറേറിയം ഈ സർക്കാരിന്റേതായിട്ടുള്ള 6000 രൂപയും കേന്ദ്ര സർക്കാരിന്റെ 2000 രൂപയുമടക്കം വളരെ തുച്ഛമായ തുകയാണ്. നമ്മൾ ഒന്നാലോ ചിച്ചാൽ മതിയാകും, അവർ ചെയ്യുന്ന സേവനവും അവർക്ക് കൊടുക്കുന്ന വേതനവും താരതമ്യപ്പെടുത്താവുന്നതല്ല. ഞാൻ അധികം സമയമെടുക്കുന്നില്ല, ആശാവർക്കർ മാരുടെ ഓണറേറിയം വർദ്ധിപ്പിക്കാനുള്ള ഒരു തീരുമാനം ഏറ്റവും അടിയന്തരമായി കൈക്കൊള്ളണമെന്ന് വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, നമ്മുടെ ആരോഗ്യ പ്രവർത്തനങ്ങളിൽ, പ്രത്യേകിച്ച് കോവിഡ് പ്രതിരോധത്തിൽ ഗ്രാസ്റൂട്ട് ലെവലിൽ ഏറ്റവും ശക്തമായ പ്രവർത്തനം നടത്തുന്ന പടയാളികളാണ് ആശാപ്രവർത്തകർ എന്നതിൽ ഒരു തർക്കവുമില്ല. കഴിഞ്ഞ സർക്കാർ അധികാര ത്തിലെത്തുമ്പോൾ ആശാവർക്കർമാരുടെ ഓണറേറിയം 500 രൂപ ആയിരുന്നു, അതിൽനിന്നും 10,000 രൂപ ലഭിക്കത്തക്ക രീതിയിലുള്ള ഒരു മാറ്റവും ഇടപെടലും കഴിഞ്ഞ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. ആശാവർക്കർമാരുടെ പ്രതിമാസ ഓണറേറിയം 2016-17-ൽ 1500 രൂപയായിരുന്നത് വർഷംതോറും വർദ്ധനവുവരുത്തി 2021-22-ൽ ഓണറേറിയം 6,000 രൂപയായി വർദ്ധിപ്പിച്ച് നൽകിവരുന്നുണ്ട്. ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ച കാര്യം മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ഓണറേറിയം നൽകുന്നതുമായി ബന്ധപ്പെട്ടാണ്. 14-5-2021-ലെ ഉത്തരവുപ്രകാരം ഇരുപത്തിയെട്ട് കോടി നാൽപ്പത്തിനാല് ലക്ഷത്തി ഇരുപത്തിനാലായരിത്തി രണ്ട് രൂപ (28,44,24,002) അനുവദിച്ചുകൊണ്ട് ആശമാർക്ക് നൽകുന്നതിനായി

കൈമാറിയിട്ടുണ്ട്. അത് ആശാവർക്കർമാർക്ക് വിതരണം ചെയ്യുതായിട്ടാണ് ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. മേയ്, ജൂൺ മാസങ്ങളിലെ ഓണറേറിയം അനുവദിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു *

(35) സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തൽ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ തെക്കിൽ വില്ലേജിൽ ടാറ്റ ഗ്രൂപ്പ് 540 ബെഡ്ഡുകളോടുകൂടിയ പ്രീഫാബ്രിക്കേറ്റഡ് കണ്ടെയ്നർ മാതൃകയിൽ ഒരു ആശുപത്രി കെട്ടിടം പണിത് സർക്കാരിന് കൈമാറിയിട്ടുണ്ട്. ഈ ആശുപത്രിക്കായി സർക്കാർ 191 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ അത് കോവിഡ് ആശുപത്രിയായി പ്രവർത്തിക്കുകയാണ്. ഇപ്പോൾ അതിനൊരു സ്റ്റാറ്റസില്ല, ഏത് കാറ്റഗറിയിൽപ്പെടുന്നു എന്ന് വ്യക്തമല്ല. അതുകൊണ്ട് ടാറ്റ ആശുപത്രിയെ അടിയന്തരമായി ഒരു സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തുകയോ അല്ലെങ്കിൽ മഞ്ചേരി മോഡൽ മെഡിക്കൽ കോളേജായി ഉയർത്തുകയോ ചെയ്യണമെന്നാണ് എന്റെ ആവശ്യം. കൂടാതെ ആരാണ് അത് നോക്കി നടത്തേണ്ടത്, എന്താണ് ചെയ്യേണ്ടത് എന്നതുസംബന്ധിച്ച് ഒരു ധാരണയുമില്ല. അതുകൊണ്ട് ഇതിനൊരു ഭരണച്ചുമതല വേണം. അത് കാസർഗോഡ് ജില്ലാ പഞ്ചായത്തിനെ ഏൽപ്പിക്കുന്നതാണ് ഏറ്റവും ഉചിതം. കൂടാതെ എച്ച്.എം.സി. (Hospital Management Committee) രൂപീകരിക്കാനും നടപടിയുണ്ടാകണം. അതോടൊപ്പംതന്നെ ഇപ്പോൾ അവിടെ ഉയർന്നുവന്ന രണ്ടുമൂന്ന് പ്രശ്നങ്ങളുണ്ട്. അത് ഞാൻ നേരിട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഒന്ന്, കണ്ടെയ്നറുകൾ ചോർന്നൊലിക്കുന്നതുകൊണ്ട് അതിന്റെ റിപ്പെയറിംഗ് അടിയന്തരമായി നടത്തേണ്ടതുണ്ട്. രണ്ട്, അവിടത്തെ സെപ്റ്റിക് ടാങ്ക് ലീക്കേജായി തൊട്ടടുത്ത വീട്ടുകാർക്കെല്ലാം വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതിന് അടിയന്തര പരിഹാരം കാണണം. മൂന്ന്, ട്രീറ്റ്മെന്റ് പ്ലാന്റ് ഇതുവരെ അനുവദിക്കാത്തതിന്റെ ഫലമായി വേസ്റ്റും മറ്റുപ്രശ്നങ്ങളും സങ്കീർണ്ണമായിട്ടുണ്ട്. അതുകൊണ്ട് അവിടെ ഒരു ട്രീറ്റ്മെന്റ് പ്ലാന്റുകൂടി അനുവദിക്കണം. ആ നിലയിൽ ഈ ടാറ്റാ ആശുപത്രിയെ നവീകരിക്കുന്നതിനാവശ്യമായ അടിയന്തരശ്രദ്ധ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കാസർഗോഡ് ജില്ലയിൽ ടാറ്റാ ഗ്രൂപ്പ് നിർമ്മിച്ച 540 കിടക്കകളോടുകൂടി പ്രത്യേകമായി രൂപപ്പെടുത്തിയ ആശുപത്രി കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിലാണ് (2020 സെപ്റ്റംബർ മാസത്തിൽ) സർക്കാരിന് കൈമാറിയത്.

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

അതുകൊണ്ടുതന്നെ ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ സംബന്ധിച്ച് തീരുമാനങ്ങൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. നിലവിൽ ഇത് കാസർഗോഡ് ജനറൽ ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായാണ് പ്രവർത്തിച്ചുവരുന്നത്. ഈ ആശുപത്രിയുടെ നിലവിലുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ബഹുമാന്യനായ എം.എൽ.എ.-യുടെകൂടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ യോഗങ്ങൾ വിളിച്ച് ഉചിതമായ ചർച്ചകൾ നടത്തി ആശുപത്രിയുടെ ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതായിരിക്കും. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു*.

## VII മേശപ്പുറത്തുവച്ച കടലാസ്സുകൾ

ലിസ്റ്റ് 1 പ്രകാരമുള്ള (ചട്ടം 166 (1) അനുസരിച്ചുള്ളത്) കടലാസ്സുകൾ

I. തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 514/2020 | ജി.ഒ.(എംഎസ്) നമ്പർ 145/2020/ഹോം | 6-8-2020 | അതെ |
| 2 | 909/2020 | ജി.ഒ.(പി) നമ്പർ 73/2020/ഹോം | 24-12-2020 | അതെ |
| 3 | 376/2021 | ജി.ഒ.(ആർറ്റി) നമ്പർ 1207/2021/ഹോം | 22-4-2021 | അല്ല |
| 4 | - | 3366/ഇഎൽ3/ 2020/ഇലക് | 4-5-2021 | അല്ല |

II. തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 664/2019 | ജി.ഒ.(പി) നമ്പർ 55/2019/എൽഎസ്ജിഡി | 5-9-2019 | അതെ |
| 2 | 767/2019 | ജി.ഒ.(പി) നമ്പർ 61/2019/എൽഎസ്ജിഡി | 27-9-2019 | അതെ |
| 3 | 978/2019 | ജി.ഒ.(പി) നമ്പർ 85/2019/എൽഎസ്ജിഡി | 26-11-2019 | അതെ |
| 4 | 405/2020 | ജി.ഒ.(പി) നമ്പർ 43/2020/ എൽഎസ്ജിഡി | 1-6-2020 | അതെ |

III. പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 426/2021 | ജി.ഒ.(പി) നമ്പർ 1/2021/പിഎഡി | 31-5-2021 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ശ്രീ കൂടൽമാണിക്യം ദേവസ്വം | 2014<br>2017 | ഭരണ റിപ്പോർട്ട് | അതെ |

IV. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 356/2021 | ജി.ഒ.(പി) നമ്പർ 61/2021/ഫിൻ | 9-4-2021 | അല്ല |

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2018-19 | കേരള സർക്കാരിന്റെ ഇക്കണോമിക്ക് സെക്ടറിനെ സംബന്ധിച്ച് | ബാധകമല്ല |
| 2 | കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2018-19 | കേരള സർക്കാരിന്റെ റവന്യൂ സെക്ടറിനെ സംബന്ധിച്ച് | ബാധകമല്ല |
| 3 | കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2018-19 | കേരള സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് | ബാധകമല്ല |

V. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ വ്യവസായവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ | 2016-17 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് | 2019-20 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

VI. സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 794/2020 | ജി.ഒ.(പി) നമ്പർ 135/2020/കോ-ഓപ്പ് | 24-10-2020 | അതെ |
| 2 | 795/2020 | ജി.ഒ.(പി) നമ്പർ 138/2020/കോ-ഓപ്പ് | 28-10-2020 | അതെ |
| 3 | 797/2020 | ജി.ഒ.(പി)നമ്പർ 140/2020/കോ-ഓപ്പ് | 28-10-2020 | അതെ |
| 4 | 803/2020 | ജി.ഒ.(പി) നമ്പർ 112/2020/കോ-ഓപ്പ് | 8-10-2020 | അതെ |

VII. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 516/2019 | ജി.ഒ.(പി) നമ്പർ 15/2019/എഫ്&സിഎസ്ഡി | 17-7-2019 | അതെ |
| 2 | 719/2019 | ജി.ഒ.(പി)നമ്പർ 27/2019/എഫ്&സിഎസ് | 16-9-2019 | അതെ |

VIII. നിയമസഭാ സെക്രട്ടറി (ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പരിസ്ഥിതി സംബന്ധിച്ച സമിതി(2019-21)-യുടെ ഇരുപത്തി ഏഴാമത് റിപ്പോർട്ട്.

(2) ലിസ്റ്റ് 2 പ്രകാരമുള്ള (ചട്ടം 47(2)അനുസരിച്ചുള്ളത്) കടലാസ്സുകൾ

1. തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 97, 3101, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4178, നാലാം സമ്മേളനത്തിലെ 51, 3429, ഏഴാം സമ്മേളനത്തിലെ 79, 1682, 1794 ഒൻപതാം സമ്മേളനത്തിലെ 172, പത്താം സമ്മേളനത്തിലെ 129, 1649, 5755, പതിമൂന്നാം സമ്മേളനത്തിലെ 18, 197, 3926, പതിനാലാം സമ്മേളനത്തിലെ 136, 185, 186, 1939, 1945, 1950, 1999, 2057 പതിനഞ്ചാം സമ്മേളനത്തിലെ 89, 105, 3517, 3529, 5035, പതിനാറാം സമ്മേളനത്തിലെ 6, 82, 101, 191, 1906, 1987, 1990, 2010, 2029, 3691, 3715, 3721, 3750, 3788, 3792, 4172, 5385, 5406, 5459 പതിനെട്ടാം സമ്മേളനത്തിലെ 5, 22, 42, 52, 72, 105, 112, 159, 173, 1855, 1858, 1860, 1867, 1877, 1883, 1922, 1939, 1948, 2007, 2019, പത്തൊൻപതാം സമ്മേളനത്തിലെ 30, 52, 76, 96, 100, 106, 120, 163, 477,

1627, 1643, 1694, 1724, 1725, 1776, 3387, ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 8, 18, 37, 40, 41, 45, 61, 64, 81, 82, 83, 84, 96, 146, 150, 152, 159, 207, 208, 210, 223, 224, 226, 778, 916, 1881, 1882, 1888, 1892, 1895, 1896, 1897, 1898, 1899, 1900, 1901, 1902, 1908, 1911, 1914, 1915, 1918, 1920, 1921, 1923, 1924, 1925, 1926, 1927, 1928, 1929, 1934, 1937, 1946, 1947, 1949, 1950, 1952, 1953, 1956, 1957, 1961, 1965, 1969, 1974, 1975, 1976, 1977, 1978, 1979, 1981, 1984, 1985, 1986, 1987, 1988, 1991, 1992, 1994, 1995, 1997, 2002, 2003, 2004, 2007, 2008, 2009, 2010, 2011, 2012, 2013, 2015, 2016, 2017, 2018, 2021, 2024, 2025, 2026, 2027, 2028, 2029, 2030, 2031, 2032, 2034, 2035, 2036, 2038, 2039, 2040, 2043, 2044, 2045, 2048, 2050, 2056, 2061, 2064, 2065, 2067, 2076, 2078, 2080, 2081, 2082, 2083, 2084, 2085, 2665, 2694 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 1240, പതിനാറാം സമ്മേളനത്തിലെ 1636, 3437, പതിനെട്ടാം സമ്മേളനത്തിലെ 1555, പത്തൊൻപതാം സമ്മേളനത്തിലെ 1402, 1406, 1431, 1446 എന്നീ നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 1189, പതിനാലാം കേരള നിയമസഭയുടെ പത്തൊൻപതാം സമ്മേളനത്തിലെ 2813 എന്നീ നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 2746 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

5. പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 2581, പതിനൊന്നാം സമ്മേളനത്തിലെ 2567, പതിനാലാം സമ്മേളനത്തിലെ 5032, പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 2680, പതിനാറാം സമ്മേളനത്തിലെ 836, പത്തൊൻപതാം സമ്മേളനത്തിലെ 712 എന്നീ നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

6. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 464, പത്താം സമ്മേളനത്തിലെ 6024, പതിനൊന്നാം സമ്മേളനത്തിലെ 570 പതിനാലാം സമ്മേളനത്തിലെ 426, പതിനെട്ടാം സമ്മേളനത്തിലെ 484, 497, 500, 2320, പത്തൊൻപതാം സമ്മേളനത്തിലെ 328, 389, 418, 2048, 2050, 2056, ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 396, 405, 417, 419, 422, 423, 424, 431, 432, 433, 435, 440, 479, 483, 484, 485, 490, 2293, 2310, 2311, 2312, 2318, 2322, 2336, 2339, 2356, 2362, 2364, 2367, 2373, 2378 എന്നീ നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

7. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ വ്യവസായവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2452, 4195 എന്നീ നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

8. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 2981 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

9. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളനത്തിലെ 1760 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

10. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പത്തൊൻപതാം സമ്മേളനത്തിലെ 1069, 2769 എന്നീ നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

11. ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 2121 പതിനെട്ടാം സമ്മേളനത്തിലെ 251, 277, 2095, 2103, ഇരുപത്തിരണ്ടാം സമ്മേളനത്തിലെ 2087, 2091, 2096, 2102, 2103, 2120, 2170, 2182 എന്നീ നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

(3) ലിസ്റ്റ് 3 പ്രകാരമുള്ള (ചട്ടം 236(5) അനുസരിച്ചുള്ളത്) കടലാസ്സുകൾ

1. തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VIII- സാമ്പത്തിക കാര്യങ്ങൾ | 2018-19 | 3 | 27 |
| XIV - ആഭ്യന്തരകാര്യങ്ങൾ | 2018- 19 | 3 | 12 |
| | 2019-20 | 4 | 9,13,14,96,97, 104-113 |

2. തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX-തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2018- 19 | 3 | 21-38, 48-57 |

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II-ഭൂനികുതിയും ദേവസ്വവും | 2015- 16 | 5 | 12 |
| | 2016-17 | 1 | 13, 14, 16, 17 |
| | 2018-19 | 3 | 8 |
| IX- തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2017-18 | 2 | പൊതു ശിപാർശ III |
| | 2019-20 | 4 | 4,5,6,11 |

4. വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VIII- സാമ്പത്തിക കാര്യങ്ങൾ | 2019-20 | 4 | 14, 58 |

5. പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II- ഭൂനികുതിയും ദേവസ്വവും | 2016-17 | 1 | 5, 15 |
| | 2019-20 | 4 | 21, 22 |
| XIII - സാമൂഹ്യസേവനം | 2019-20 | 4 | 12-15 |

6. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI - വിദ്യാഭ്യാസം | 2018-19 | 3 | 49, 60, 63-66, 68, 69, 90-92 |
| | 2019-20 | 4 | 43 |

7. മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

| സബ്ജക്റ്റ് കമ്മിറ്റി | കാലതാമസപത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡികനമ്പർ |
| I- കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2019-20 | 4 | 66, 72-75, 81-87, 89, 93-96 |

8. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX - തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2016-17 | 1 | 73 |

9. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V- മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2019-20 | 4 | 123 |

10. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XI - ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും | 2019-20 | 4 | 25, 32, 33 |

(4) ലിസ്റ്റ് 4 പ്രകാരമുള്ള (ചട്ടം 236(6) അനുസരിച്ചുള്ളത്) കടലാസ്സുകൾ

1. തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| (1) | (2) | (3) |
| II – സംസ്ഥാന ഭരണ തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2018-19 (കാലതാമസ പത്രിക സഹിതം) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ് (ഭരണപരിഷ്കാര കമ്മീഷൻ) |
| XVI -പെൻഷനും പലവകയും | 2018-19 (കാലതാമസ പത്രിക സഹിതം) | കായിക യുവജനകാര്യ വകുപ്പ് (രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി |
| XLI - ഗതാഗതം | 2018-19 (കാലതാമസ പത്രിക സഹിതം) | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ |
| II – സംസ്ഥാനഭരണ തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2019-20 (കാലതാമസ പത്രിക സഹിതം) | പൊതുഭരണ (അക്കൗണ്ട്സ് ബഡ്ജറ്റ് വിംഗ്) വകുപ്പ് |
| II – സംസ്ഥാനഭരണ തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2019-20 (കാലതാമസ പത്രിക സഹിതം) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ് (ഭരണപരിഷ്കാര കമ്മീഷൻ) |

| (1) | (2) | (3) |
|---|---|---|
| XII – പോലീസ് | 2019-20 (കാലതാമസ പത്രിക സഹിതം) | ആഭ്യന്തര (ഇ) വകുപ്പ് |
| XVI – പെൻഷനും പലവകയും | 2019-20 (കാലതാമസ പത്രിക സഹിതം) | കായിക യുവജനകാര്യ വകുപ്പ് (രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി |
| XVIII – വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 2019-20 (കാലതാമസ പത്രിക സഹിതം) | ആഭ്യന്തര (ഇ) വകുപ്പ് (കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി) |
| XXV- പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നോക്കവിഭാഗങ്ങൾ/ ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2019-20 (കാലതാമസ പത്രിക സഹിതം) | ന്യൂനപക്ഷക്ഷേമ വകുപ്പ് |
| XLI - ഗതാഗതം | 2019-20 (കാലതാമസ പത്രിക സഹിതം) | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ |
| XIII – ജയിലുകൾ | 2020 -21 | ആഭ്യന്തര (ബി) വകുപ്പ് (ജയിലുകൾ) |
| XIV – സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | " | ആഭ്യന്തര (എഫ്) വകുപ്പ് (ഫയർ ആൻഡ് റസ്ക്യൂ സർവ്വീസസ്) |
| XLVI - സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | " | ആഭ്യന്തര വകുപ്പ് |

2. തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVI – ഗ്രാമവികസനം | 2018-19 (കാലതാമസ പത്രിക സഹിതം) | തദ്ദേശസ്വയംഭരണ വകുപ്പ് |
| VIII - എക്സൈസ് | 2019-20 (കാലതാമസ പത്രിക സഹിതം) | നികുതി വകുപ്പ് (എക്സൈസ്) |

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XI – ജില്ലാഭരണവും പലവകയും | 2017-18 | കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി |
| VI – ഭൂനികുതി XI - ജില്ലാ ഭരണവും പലവകയും | 2019-20 (കാലതാമസ പത്രിക സഹിതം) | റവന്യൂ വകുപ്പ് |
| XI – ജില്ലാഭരണവും പലവകയും<br>XVI – പെൻഷനും പലവകയും | 2019-20 (കാലതാമസ പത്രിക സഹിതം) | റവന്യൂ വകുപ്പ് (ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്) |

4. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XX - ശുദ്ധജലവിതരണവും ശുചീകരണവും | 2017-18 | കേരള വാട്ടർ അതോറിറ്റി. |
| XX - ശുദ്ധജലവിതരണവും ശുചീകരണവും | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി (KRWSA) |
| XXIX -കൃഷി | 2019-20 (കാലതാമസ പത്രിക സഹിതം) | ജലവിഭവ വകുപ്പ് |
| XXXVIII - ജലസേചനം | | ജലവിഭവ വകുപ്പ്, കുട്ടനാട് പാക്കേജ്, പ്രോജക്ട്സ് വിഭാഗം I, ഇറിഗേഷൻ പ്രോജക്ട്സ് II. |

5. വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| V - ചരക്ക് സേവന നികുതിയുംകാർഷികാദായ നികുതിയും വില്പന നികുതിയും | 2019-20 (കാലതാമസ പത്രിക സഹിതം) | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| XXXIX - വൈദ്യുത പദ്ധതികൾ | 2019-20 (കാലതാമസ പത്രിക സഹിതം) | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |

6. പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXV-പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2018-19 (കാലതാമസ പത്രിക സഹിതം) | പട്ടികവർഗ്ഗ വികസന വകുപ്പ് |

7. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| V- ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും | 2019-20 (കാലതാമസ പത്രിക സഹിതം) | നികുതി വകുപ്പ് (ചരക്കുസേവന നികുതി) |
| X – ട്രഷറികളും അക്കൗണ്ടുകളും | 2019-20 (കാലതാമസ പത്രിക സഹിതം) | ധനകാര്യ വകുപ്പ് |

8. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ വ്യവസായവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII - വ്യവസായങ്ങൾ | 2014-15 | വ്യവസായ വാണിജ്യ വകുപ്പ് |
| ,, | ,, | കേരള ദിനേശ്ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം. |
| ,, | 2015-16 | വ്യവസായ വാണിജ്യ വകുപ്പ് |
| ,, | 2017-18 | വ്യവസായ(സി)വകുപ്പ് (കൈത്തറി-യന്ത്രത്തറി വ്യവസായങ്ങൾ) |
| ,, | 2018-19 (കാലതാമസ പത്രിക സഹിതം) | കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ) |
| ,, | ,, | കൈത്തറി ആൻഡ് ടെക്സ്റ്റൈൽസ് വകുപ്പ് |
| II - സംസ്ഥാന ഭരണ തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ | 2019-2020 (കാലതാമസ പത്രിക സഹിതം) | നിയമ (പാർലമെന്ററികാര്യ) വകുപ്പ് |
| XXXVII - വ്യവസായങ്ങൾ | 2019-2020 (കാലതാമസ പത്രിക സഹിതം) | സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് |

9. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX - കൃഷി | 2015-16 | സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ |
| XXIX - കൃഷി | 2019-20 (കാലതാമസപത്രിക സഹിതം) | വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ) |

10. തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XL - തുറമുഖങ്ങൾ | 2019-20 (കാലതാമസപത്രിക സഹിതം). | തുറമുഖ വകുപ്പ് |

11. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIV – തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2018-19 (കാലതാമസ പത്രിക സഹിതം) | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്. |
| ,, | 2019-20 (കാലതാമസ പത്രിക സഹിതം). | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, വ്യവസായിക പരിശീലന വകുപ്പ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്. |
| XXIV തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2020-21 | കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡ് |
| ,, | ,, | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് |

12. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXI – ഭവനനിർമ്മാണം | 2018-19 (കാലതാമസപത്രിക സഹിതം) | പൊതുമരാമത്ത് വകുപ്പ് |
| XV- പൊതുമരാമത്ത് | 2019-20 (കാലതാമസപത്രിക സഹിതം) | ,, |
| XXI – ഭവനനിർമ്മാണം | ,, | ,, |

13. മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXII – ക്ഷീര വികസനം | 2018-19 (കാലതാമസ പത്രിക സഹിതം) | ക്ഷീരവികസന വകുപ്പ് |
| XXXI - മൃഗസംരക്ഷണം | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ലിമിറ്റഡ് , മൃഗസംരക്ഷണ വകുപ്പ് |

14. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ | 2019-20 (കാലതാമസ പത്രിക സഹിതം) | ലീഗൽ മെട്രോളജി വകുപ്പ് |
| XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ. | 2019-20 (കാലതാമസ പത്രിക സഹിതം) | ലീഗൽ മെട്രോളജി വകുപ്പ് |
| XXX - ഭക്ഷ്യം | ,, | ഭക്ഷ്യ പൊതു-വിതരണ ഉപഭോക്തൃകാര്യ വകുപ്പ് |

## VIII ചട്ടത്തിനുള്ള ഭേദഗതിയുടെ പരിഗണന

### 2020-ലെ കേരള പോലീസ് ചട്ടങ്ങൾക്കുള്ള ഭേദഗതി

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2020 ഏപ്രിൽ 16-ാം തീയതിയിലെ സ.ഉ (അച്ചടി) നമ്പർ 18/2020/ആഭ്യന്തരം (എസ്.ആർ.ഒ. നമ്പർ 275/2020) മുഖേന പുറപ്പെടുവിച്ചിട്ടുള്ള കേരള പോലീസ് ചട്ടങ്ങൾ 2020-നുള്ള ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്. 2010-ൽ അന്ന് നിലവിലുണ്ടായിരുന്ന ഭരണകക്ഷിയും പ്രതിപക്ഷവും യോജിച്ച്, നാട്ടിലെ സാധാരണക്കാരുമായും പോലീസ് സേനയുമായും ബന്ധപ്പെട്ട് ഈ നിയമം വളരെ അനിവാര്യമായതുകൊണ്ടും ഒരുപാട് പഴക്കമുള്ള നിയമമാകയാലും കാലാനുസൃതമായ പരിഷ്കാരം ആവശ്യമുള്ളതുകൊണ്ടുമാണ് കേരള പോലീസ് ആക്ടിന് ഭേദഗതി വേണമെന്ന് തീരുമാനിച്ചത്. അന്ന് ഇതിനുവേണ്ടി ഒരു നിയമസഭാ കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റി കേരളാ പോലീസ് ആക്ടിന് വലിയതോതിലുള്ള ഭേദഗതികൾ നിർദ്ദേശിക്കുകയും പോലീസ് ആക്ട് നിലവിൽവരികയും ചെയ്തു. ആ ആക്ട് പ്രാവർത്തികമാകണമെങ്കിൽ അതിന്റെ ചട്ടങ്ങൾകൂടി വരണം. കഴിഞ്ഞ നിയമസഭകളുടെ കാലത്ത് പോലീസ് ആക്ടിന്

ചട്ടങ്ങൾ രൂപീകരിക്കണമെന്നാവശ്യപ്പെട്ട് പല സന്ദർഭങ്ങളിലും ക്രമപ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. പക്ഷേ പോലീസ് ആക്ടിന് ഇതുവരെ ചട്ടങ്ങളുണ്ടായിരുന്നില്ല. 1-6-2021-നാണ് SRO No. 275/2020 ആയി കേരള പോലീസ് ആക്ടിനുള്ള ചട്ടങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയുടെ മേശപ്പുറത്തുവച്ചത്. പോലീസ് സേനയുടെ കാര്യക്ഷമതയ്ക്കും ചെറിയ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷയ്ക്കുമൊക്കെയായി ട്രാഫിക് ഒഫൻസുകളുൾപ്പെടെയുള്ള കാര്യങ്ങൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. പോലീസ് സേനയുടെ കാര്യക്ഷമത, ചെറിയ കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ, ട്രാഫിക് ഒഫൻസുകൾക്കുള്ള ശിക്ഷ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്.

1.00 pm]

ഇതിൽ 9-ാം ചട്ടത്തിൽ പോലീസ് അസോസിയേഷനുകളുടെ പ്രവർത്തനത്തെ സംബന്ധിച്ചാണ് പറയുന്നത്. അതിലെ ഭേദഗതികൾ വളരെ സ്വാഗതാർഹമാണ്. പോലീസിന് അസോസിയേഷൻ വേണ്ട എന്ന് വ്യക്തിപരമായി അഭിപ്രായമുള്ള ആളാണ് ഞാൻ. മിലിട്ടറിപോലെ, പോലീസിൽ സംഘടനയും സംഘടനാ സ്വാതന്ത്ര്യവുമൊന്നും വേണ്ട. കാലങ്ങളായി പോലീസ് അസോസിയേഷൻ ഉള്ളതാണ്.

മി. സ്പീക്കർ: അങ്ങ് ഭേദഗതി ചുരുക്കി അവതരിപ്പിക്കൂ.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ചുരുക്കി പറയാം. അതിന്റെ ഒരു പൂർത്തീകരണത്തിനുവേണ്ടിയുള്ള ഭേദഗതി മാത്രമേ പറയുന്നുള്ളൂ. 9(1)ൽ പറയുന്നത് 'പോലീസ് അസോസിയേഷനുകൾ രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്' എന്നാണ്. 9(2)-ൽ പറയുന്നത് 'യാതൊരു രാഷ്ട്രീയ പ്രവർത്തനങ്ങളിലും പോലീസ് അസോസിയേഷനുകൾ പ്രത്യക്ഷമായോ പരോക്ഷമായോ പങ്കെടുക്കുവാൻ പാടില്ല' എന്നാണ്. 'പോലീസ് അസോസിയേഷനിലെ അംഗങ്ങളുടെയും ഭാരവാഹികളുടെയും പ്രവർത്തനം ഔദ്യോഗിക കൃത്യനിർവ്വഹണങ്ങൾക്കും ചുമതലകൾക്കും യാതൊരു തരത്തിലുള്ള വീഴ്ചകളും വരുത്താൻ പാടില്ല'. 'രണ്ട് വർഷത്തിൽ കൂടുതൽ തുടർച്ചയായി ഒരു അംഗം ജില്ലാതലത്തിലോ സംസ്ഥാനതലത്തിലോ പോലീസ് അസോസി യേഷന്റെ ഭാരവാഹിയാകാൻ പാടില്ല'. പിന്നീട് മൂന്ന് വർഷത്തെ ഇടവേളയ്ക്കുശേഷം ഇയാൾക്ക് വേണമെങ്കിൽ ഭാരവാഹിയാകാം എന്നാണ് പറയുന്നത്. 'പോലീസ് അസോസിയേഷന്റെ യാതൊരു ഭാരവാഹിയും സംസ്ഥാന പോലീസ് മേധാവിയുടെ മുൻകൂർ അനുമതി കൂടാതെ പത്ര, ദൃശ്യ, സാമൂഹ്യ മാധ്യമങ്ങളുമായി ആശയ വിനിമയം നടത്തുകയോ ഏതെങ്കിലും വിവരം പ്രസിദ്ധപ്പെടുത്തുകയോ ചെയ്യാൻ പാടില്ല' എന്നതാണ്. ഇതെല്ലാം വളരെ സ്വാഗതാർഹമാണ്.

മി. സ്പീക്കർ: അങ്ങയുടെ ഭേദഗതി അവതരിപ്പിക്കു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പോലീസ് സേനാംഗങ്ങളിൽനിന്നും നിർബന്ധിത പണപ്പിരിവ് നടത്താൻ പാടില്ല എന്നതും വളരെ സ്വാഗതാർഹമാണ്.

മി. സ്പീക്കർ: അത് മുഴുവൻ വായിക്കണമെന്നില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതെല്ലാം നല്ലതാണ്. സ്വകാര്യ വ്യക്തികളിൽ നിന്ന് പണം സ്വീകരിക്കാൻ പാടില്ല, പോലീസ് അസോസിയേഷനുകളുടെ സമ്മേളനങ്ങൾ ഒരു ദിവസത്തിൽ കൂടുതൽ നീണ്ടുനിൽക്കാൻ പാടില്ല തുടങ്ങിയ കാര്യങ്ങളും ഏറെ സ്വാഗതാർഹമാണ്. നിലവിൽ പോലീസ് അല്ലാത്ത ആൾ ഇതിന്റെ ഭാരവാഹിയാകാനും പാടില്ല എന്ന് പറയുന്നുണ്ട്. ഒരു ട്രേഡ് യൂണിയൻ സ്വഭാവം വരേണ്ട എന്നുള്ള നിലയ്ക്കാണിത്. പോലീസ് അസോസിയേഷന് ഒരു അടുക്കും ചിട്ടയും പെരുമാറ്റച്ചട്ടവുമൊക്കെ കൊണ്ടുവരാനുള്ള ഇതിലെ ചട്ടം 9-ലെ ക്ലോസ് 1 മുതൽ 9 വരെയുള്ള നിർദ്ദേശങ്ങൾ ഏറെ സ്വാഗതാർഹമാണ്. ഇതിന് ലംഘനമുണ്ടായാൽ എന്ത് വേണമെന്നുകൂടി പത്താമത്തെ ക്ലോസായി പറഞ്ഞില്ലെങ്കിൽ ഈ നിയമനിർമ്മാണം പൂർത്തിയാകില്ല. അതുകൊണ്ട് 9-ാം ചട്ടത്തിൽ ക്ലോസ് 1 മുതൽ 9 വരെയുള്ളവയുടെ ലംഘനമുണ്ടായാൽ സംസ്ഥാന പോലീസ് മേധാവിക്ക് അപ്രകാരം ലംഘനം നടത്തിയവർക്കെതിരെ വകുപ്പ് തലത്തിലുള്ള ശക്തമായ ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് ക്ലോസ് 10 ആയി ഇതിന്റെകൂടെ കൂട്ടിച്ചേർക്കണം എന്നുള്ളതാണ് എന്റെ ഭേദഗതി.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, കേരള പോലീസ് ആക്ട്, 2011-ലെ 114(എ) മുതൽ (ഇ) വരെയുള്ള ഉപശീർഷകത്തിലെ വ്യവസ്ഥകളനുസരിച്ചുതന്നെ പോലീസ് സേനയിലെ അംഗങ്ങൾക്ക് ബാധകമായിട്ടുള്ള ഏതെങ്കിലും നിയമ വ്യവസ്ഥയോ നടപടിക്രമമോ ചട്ടങ്ങളോ റെഗുലേഷനുകളോ ലംഘിക്കുകയോ ഉപേക്ഷ കാണിക്കുകയോ ചെയ്താൽ ക്രിമിനൽ നിയമനടപടിയും വകുപ്പുതല അച്ചടക്കനടപടിയും എടുക്കുന്നതിന് കഴിയും. അതിനാൽ നോട്ടീസിൽ പറയുന്ന പ്രകാരമുള്ള ഭേദഗതി ആവശ്യമായി വരുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

# IX ക്രമപ്രശ്നം

## (1) വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 1-6-2021-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയുടെ മേശപ്പുറത്തുവച്ച മൂന്ന് റിപ്പോർട്ടുകളെ സംബന്ധിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 1-6-2021-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മേശപ്പുറത്തുവച്ച വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളിൽ ക്രമ നമ്പർ 1 ആയി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും ക്രമ നമ്പർ 2 ആയി അക്കാദമി ഓഫ് പ്രിസൻസ് ആൻഡ് കറക്ഷണൽ അഡ്മിനിസ്ട്രേഷന്റെയും ക്രമ നമ്പർ 3 ആയി കേരള പബ്ലിക് സർവീസ് കമ്മീഷന്റെയും റിപ്പോർട്ടുകൾ വച്ചിട്ടുണ്ട്. ഇതൊക്കെ 2014-15, 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലുള്ളതാണ്. നമ്മുടെ ചട്ടങ്ങളിൽ വളരെ കൃത്യമായി പറയുന്നുണ്ട്. 166B, "The Annual Report/Audit Report of Companies/ Autonomous bodies/Board/Corporation etc. shall be laid on the Table of the House within the time specified in the appropriate Acts or Rules". അതിൽ 166B-യിൽ clause 3-യിൽ പറയുന്നത്, "The Annual Report/Audit Report of all Companies/Autonomous bodies/Board/Corporation etc. unless otherwise specified in any Act or Rules in this regard, shall be laid on the Table of the House within nine months after the completion of the financial year" എന്നാണ്. ഒരു സാമ്പത്തിക വർഷം കഴിഞ്ഞ് ഒൻപത് മാസത്തിനുള്ളിൽ, "In case, any department fails to lay the Annual Report/Audit Report within the specified time, the reason thereof shall be laid along with Annual Report/Audit Report on the Table of the House by the Minister concerned not later than thirty days after the expiry of the time so specified or at the commencement of next session of the Assembly whichever comes later." 166(B)(4)-ൽ ഒരു കാര്യം കൂടി പറയുന്നുണ്ട്. "The Autonomous bodies which are bound to lay annual reports alone shall lay the same on the Table of the House within six months after the expiry of the financial year". ഇതാണ് നമ്മുടെ നടപടി ചട്ടങ്ങളിലെ നിബന്ധനകൾ എന്നിരിക്കെ 2014-15, 2015-16, 2016-17 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകളാണ് ഇപ്പോൾ വച്ചിട്ടുള്ളത്. വർഷങ്ങൾ കഴിഞ്ഞാണ് ഈ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നത്. ഇതിന് മുമ്പും ഞാൻ ഈ സഭയിലുണ്ടായിട്ടുണ്ട്. അന്ന് ഇത്തരം കാര്യങ്ങൾ അംഗങ്ങൾ ചൂണ്ടിക്കാണിച്ചപ്പോൾ അതിൽ ബഹുമാനപ്പെട്ട സ്പീക്കർമാരുടെ റൂളിംഗുകൾ ഉണ്ടായിട്ടുള്ളതായി കഴിഞ്ഞ രണ്ട് സഭകളിലും എനിക്ക് കാണാൻ സാധിച്ചിട്ടുണ്ട്. പക്ഷേ ആ റൂളിംഗുകളൊന്നും

പാലിക്കപ്പെടുന്നില്ല. ഇത് ആരുടെയെങ്കിലും കുറ്റമായി ചൂണ്ടിക്കാണിച്ചതല്ല. പക്ഷേ ഈയൊരു പ്രവണത ശരിയല്ല. ഇവിടെ അവതരിപ്പിക്കപ്പെട്ട മൂന്ന് റിപ്പോർട്ടുകളും കാലഹരണപ്പെട്ടതാണ്. ഇതിൽവന്ന പരാമർശങ്ങൾ പരിശോധിച്ച് നമ്മുടെ നാട്ടിൽ മാറ്റങ്ങൾ വരുത്താനാണ് ഈ റിപ്പോർട്ടുകൾ അവതരിപ്പിക്കുന്നത്. അത് ഈയൊരു നിയമനിർമ്മാണ പ്രക്രിയയുടെ ഭാഗം കൂടിയാണ്. 2014-15 വർഷത്തെ റിപ്പോർട്ട് 2021-ൽ വായിച്ചിട്ട് എന്താണ് കാര്യം? 2015-16-ഉം 2016-17-ഉം അതുതന്നെയാണ് സ്ഥിതി. അതുകൊണ്ട് ഇത്തരം റിപ്പോർട്ടുകൾ സമയോചിതമായി മേശപ്പുറത്തുവയ്ക്കാനും അനന്തര നടപടി സ്വീകരിക്കാനുമുള്ള കർശന റൂളിംഗ് ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്നുമുണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയം ഭരണവും എക്സൈസും വകുപ്പുമന്ത്രി മറുപടി പറയുന്നതിനുമുമ്പ് ഒരു അറിയിപ്പുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്ര, മാധ്യമ പ്രവർത്തകർക്കുമായി ഉച്ചഭക്ഷണം ഒരുക്കിയിട്ടുണ്ട്. അവരവരുടെ സൗകര്യമനുസരിച്ച് എല്ലാവർക്കും ഡൈനിംഗ് ഹാളിൽ പോയി ഉച്ചഭക്ഷണം കഴിക്കാവുന്നതാണ്.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തിയാക്കുന്നതിലുൾപ്പെടെയുണ്ടാകുന്ന സാങ്കേതിക കാരണങ്ങളാണ് വാർഷിക റിപ്പോർട്ടുകൾ യഥാസമയം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിന് കാലതാമസമുണ്ടാക്കുന്നത്. ഇക്കാര്യത്തിൽ ഏതെങ്കിലും സ്ഥാപനങ്ങൾ ബോധപൂർവ്വമായ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും വാർഷിക റിപ്പോർട്ട് കാലതാമസം കൂടാതെ നിയമസഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

(2) വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2021 ജനുവരി 22-ന് 2021 വർഷത്തെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് സഭ ചർച്ച ചെയ്ത് പാസ്സാക്കിയതാണ്. എന്നാൽ ആ സമയത്ത് 2021 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള നാല് മാസത്തേയ്ക്കാണ് വോട്ട് ഓൺ അക്കൗണ്ട് കൊണ്ടുവന്ന് പാസ്സാക്കിയത്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിലെ ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളത്. ഒരു സാമ്പത്തിക വർഷത്തെ ആദ്യത്തെ ഏഴ് മാസം വോട്ട് ഓൺ അക്കൗണ്ട് അനുവദിക്കുന്നതുവഴി നമ്മുടെ വകുപ്പുകളുടെ ധനവിനിയോഗത്തെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയുടെ ഫിനാൻഷ്യൽ സ്ക്രൂട്ടിനി ഇതിൽ ഉണ്ടാകാതെ പോകുകയാണ് ചെയ്യുന്നത്. ശക്ധർ

& കൗളിൽ കൃത്യമായി പറയുന്നത്, "Normally the vote on account is taken for two months only. But during an election year or when it is anticipated that the main demands and the Appropriation Bill will take longer than two months to be passed by the House, the vote on account may be for a period exceeding two months and may extend to three or four months" എന്നാണ്. പക്ഷേ ഇവിടെ ഇത് ഏഴ് മാസത്തേയ്ക്ക് വരികയാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഞങ്ങൾക്ക് ഇന്ന് തന്ന കവറിൽ ജൂൺ 6 മുതൽ ജൂലൈ 5-നകം സബ്ജക്ട് കമ്മിറ്റി കൂടുന്നതിനെ സംബന്ധിച്ചുള്ള യോഗ സമയവിവര പട്ടികയുണ്ട്. ജൂലൈ 5-നുള്ളിൽ സബ്ജക്ട് കമ്മിറ്റികളുടെയെല്ലാം യോഗം കൂടി തീരുകയാണ്. ഇതുസംബന്ധിച്ച് 236(2) പ്രകാരം ഇന്നലെ ഒരു പ്രമേയം കൊണ്ടുവരേണ്ടതായിരുന്നു. 236(2) ഞാൻ വായിക്കാം, 'The Subject Committees shall complete the scrutiny of all the demands for grants within a period not exceeding four weeks from the date of completion of the discussion refered to in rule 141'. നാല് ആഴ്ചയ്ക്കുള്ളിൽത്തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന പൂർത്തിയാകും എന്നതുസംബന്ധിച്ച് ഗവൺമെന്റിന് കൃത്യതയുണ്ട്. ഈ സമയവിവര പട്ടിക നോക്കുമ്പോഴും നമുക്ക് മനസ്സിലാകും ജൂലൈ 5-ന് സബ്ജക്ട് കമ്മിറ്റി പരിശോധന പൂർത്തിയാകുകയാണെന്ന്. ജൂലൈ 5-ന് സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന പൂർത്തിയായാൽ ജൂലൈ മധ്യത്തോടെ നിയമസഭകൂടി ഇത് പാസ്സാക്കാൻ കഴിയും. എങ്കിൽപ്പിന്നെ ഒക്ടോബർ വരെ വോട്ട് ഓൺ അക്കൗണ്ട് നീട്ടേണ്ട ആവശ്യമുണ്ടോ എന്നുള്ളതാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. അടുത്ത സഭാ സമ്മേളനത്തിൽ വകുപ്പ് തിരിച്ച് ധനവിനിയോഗം ചർച്ച ചെയ്യുമ്പോൾ, ഇന്ന് ഇത് പാസ്സാകുന്നതോടുകൂടി ഒക്ടോബർ വരെ നമ്മൾ അനുവദിച്ചുകൊടുത്ത ധനവിനിയോഗത്തെ സംബന്ധിച്ചാണ് ചർച്ച ചെയ്യുന്നത്. എന്റെ പോയിന്റ്, ജൂലൈ മധ്യത്തോടുകൂടി പരമാവധി ആഗസ്റ്റ് മാസംവരെയുള്ള വോട്ട് ഓൺ അക്കൗണ്ട് കൊണ്ടുവന്നാൽ മതിയായിരുന്നു. ഒക്ടോബർ മാസംവരെ നീട്ടേണ്ട കാര്യമുണ്ടോ? സബ്ജക്ട് കമ്മിറ്റിയുടെ പ്രാധാന്യത്തെ കുറയ്ക്കുന്നതാണ് ഈ നടപടി. ഇതിന്മേൽ അങ്ങയുടെ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ജൂലൈ 31-നുമുമ്പ് നിയമസഭ ചേർന്ന് ബഡ്ജറ്റ് പാസ്സാക്കാൻ കഴിയുമെങ്കിൽപ്പിന്നെ ഒക്ടോബർ വരെ വോട്ട് ഓൺ അക്കൗണ്ട് നീട്ടേണ്ട ആവശ്യമുണ്ടോ എന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. സബ്ജക്ട് കമ്മിറ്റിയുടെ ബഡ്ജറ്റ് സ്ക്രൂട്ടിനിക്കുശേഷം ജൂലൈ മാസത്തിൽത്തന്നെ നിയമസഭ ചേരാനാണ് ഇപ്പോൾ നമ്മൾ തീരുമാനി ച്ചിരിക്കുന്നത്. പക്ഷെ നിലവിലെ കോവിഡിന്റെ സാഹചര്യത്തിൽ യോഗങ്ങൾ

ചേരാനുള്ള പ്രശ്നങ്ങൾകാരണം ജൂലൈ 31-നുമുമ്പ് ബഡ്ജറ്റ് പാസ്സാക്കാൻ കഴിഞ്ഞില്ലെങ്കിൽ ആഗസ്റ്റ് 1 മുതൽ ഭരണപരമായ പ്രശ്നങ്ങൾ നേരിടേണ്ടിവരും. അതേസമയം നേരത്തെ ഇത് പാസ്സാക്കാൻ കഴിഞ്ഞാൽ അതോടുകൂടി ഇപ്പോൾ ഈ പാസ്സാക്കുന്ന വോട്ട് ഓൺ അക്കൗണ്ടിന്റെ പ്രസക്തി നഷ്ടപ്പെട്ട് ജൂലൈ 31-നുമുമ്പ് നമ്മൾ പാസ്സാക്കുന്ന ബഡ്ജറ്റാകും നിലവിൽ വരിക. അതുകൊണ്ട് ഈ ആവശ്യകതകൾകൂടി കണ്ടുകൊണ്ടാണ് വോട്ട് ഓൺ അക്കൗണ്ട് ഒക്ടോബർവരെ നീട്ടിയത്. സബ്ജക്ട് കമ്മിറ്റികളുടെകൂടി ചർച്ചയുടെ അടിസ്ഥാനത്തിൽ ജൂലൈ 31-നുമുമ്പുതന്നെ ബഡ്ജറ്റ് പാസ്സാക്കുന്നതായിരിക്കും.

(3) ധനകാര്യ ബില്ലിന്റെ അവതരണം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഡ്ജറ്റ് പ്രസംഗത്തിലെ 112-ാമത്തെ പാരഗ്രാഫിൽ 'നികുതി' എന്ന ശീർഷകത്തിൽ പറയുന്നത് 'കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പുതിയ നികുതി നിർദ്ദേശങ്ങൾ പ്രഖ്യാപിക്കുന്നില്ല' എന്നാണ്. ബഡ്ജറ്റിലെ നിർദ്ദേശങ്ങളെല്ലാം നടപ്പിലാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ പുതിയ നികുതി നിർദ്ദേശങ്ങൾ ഇല്ലാത്തതിനാലും ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ വർഷത്തെ ആദ്യ ബഡ്ജറ്റ് നിർദ്ദേശങ്ങൾ എല്ലാംതന്നെ നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ പ്രഖ്യാപിച്ചിട്ടുള്ളതിനാലും ഇന്നത്തെ കാര്യവിവരപ്പട്ടികയിൽപ്പെടുത്തിയിട്ടുള്ള നിയമസഭാ ചട്ടം 151(a) Clause 1 പ്രകാരമുള്ള 2021-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം ക്രമവിരുദ്ധമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ ഇത് ഇപ്പോഴാണോ ധനകാര്യ ബിൽ എടുക്കുന്ന സമയത്താണോ വിശദീകരിക്കേണ്ടത്? ഇപ്പോൾ നമ്മൾ വോട്ട് ഓൺ അക്കൗണ്ടാണ് എടുക്കുന്നത്, രണ്ടാമതായാണ് ബിൽ വരുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗത്തിന് ക്രമപ്രശ്നം ഇപ്പോൾ അവതരിപ്പിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി ബില്ലിന്റെ ചർച്ചയുടെ സമയത്ത് വിശദീകരണം നൽകിയാൽ മതിയാകും. റൂളിംഗ് അപ്പോൾ നൽകാം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്റ്റിലെ സെക്ഷൻ 3 പ്രകാരമുള്ള ഒരു ഡിക്ലറേഷൻ ഉൾപ്പെടുത്തി നിയമസഭയിൽ അവതരിപ്പിക്കുന്ന ധനകാര്യ ബില്ലിലെ വ്യവസ്ഥകൾക്ക് സെക്ഷൻ 4 പ്രകാരം അത് അവതരിപ്പിക്കുന്ന തീയതി മുതൽ, അഥവാ ഏപ്രിൽ 1 മുതൽ 180 ദിവസത്തെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. നേരത്തെ അത്

120 ദിവസമേ ഉണ്ടായിരുന്നുള്ളൂ, കഴിഞ്ഞ ഗവൺമെന്റ് ഒരു ഓർഡിനൻസ് കൊണ്ടു വന്നാണ് അത് 180 ദിവസമാക്കിയത്. അതനുസരിച്ച് മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഈ വർഷം ജനുവരി 22-ന് സഭയിൽ അവതരിപ്പിച്ച 2021-ലെ ധനകാര്യ ബില്ലിലെ നികുതി, സെസ്സ് വരുമാനം സമാഹരിക്കൽ എന്നീ വ്യവസ്ഥകൾക്ക് 180 ദിവസത്തെ അതായത് ഈ വർഷം സെപ്റ്റംബർ 30 വരെ പ്രാബല്യമുണ്ട്. അതുപ്രകാരം ഈ വ്യവസ്ഥകൾക്ക് മൂന്നര മാസം കൂടി പ്രാബല്യമുണ്ട്. 2021-ലെ ബഡ്ജറ്റ് ധനാഭ്യർത്ഥന ചർച്ച ഈ വരുന്ന മൂന്ന് മാസത്തിനുള്ളിൽ പൂർത്തീകരിക്കാം, അത് നേരത്തെ ഇവിടെ പറഞ്ഞ കാര്യമാണ്. ഈ സാഹചര്യത്തിൽ 2021-ലെ ധനകാര്യ ബില്ലിന്റെ ഈ വർഷത്തെ രണ്ടാം അവതരണം ഒഴിവാക്കേണ്ടതാണ്.

ധനകാര്യ ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ട് മറ്റൊരു പ്രശ്നം, പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 113-ലെ പരാമർശമാണ്. 'പതിനാലാം കേരള നിയമസഭയുടെ കാലാവധി കഴിഞ്ഞപ്പോൾ 2021-ലെ ധനകാര്യ ബില്ലിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടു. ടി ബില്ലിലെ എല്ലാ ഖണ്ഡങ്ങളും പുനഃസ്ഥാപിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു' എന്നതാണത്. 'വ്യവസ്ഥകൾ കാലഹരണപ്പെട്ടു' എന്നാണ് അങ്ങ് പറഞ്ഞിട്ടുള്ളത്. കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ട് 1985 പ്രകാരം വ്യവസ്ഥകൾ കാലഹരണപ്പെടില്ല. എന്നാൽ 'വ്യവസ്ഥകൾ കാലഹരണപ്പെടുന്നു' എന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിലെ പ്രസ്താവന ആശയക്കുഴപ്പം സൃഷ്ടിക്കുന്നതാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ ഈ പ്രസ്താവന അംഗീകരിക്കുന്നപക്ഷം പതിനാലാം കേരള നിയമസഭ പിരിച്ചുവിട്ട 3-5-2021 മുതൽ 9-6-2021 വരെ അതായത് ഇന്നലെ വരെയുള്ള 38 ദിവസങ്ങളിൽ ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച മുൻബഡ്ജറ്റിലെ നികുതി, ധനപരമായ നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള എല്ലാ നിർദ്ദേശങ്ങൾക്കും പ്രാബല്യം ഇല്ലാതായിരിക്കുന്നു എന്നും ഈ കാലയളവിൽ നികുതി പിരിവ് മരവിക്കപ്പെട്ടു എന്നും കണക്കാക്കേണ്ടിവരും. അങ്ങയുടെ വാദം അംഗീകരിക്കാം. എന്നാൽ 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ടിലെ വ്യവസ്ഥകളുടെ പശ്ചാത്തലത്തിൽ 2021 ജനുവരി 22-ന് സഭയിൽ അവതരിപ്പിച്ച 2021-ലെ കേരള ധനകാര്യ ബില്ലിലെ നികുതി, ധനപരമായ മറ്റ് നിർദ്ദേശങ്ങൾ എന്നിവ അടങ്ങുന്ന വ്യവസ്ഥകൾക്ക് ബില്ലിൽ ഒരു ഡിക്ലറേഷൻ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ 2021 ഏപ്രിൽ 1 മുതൽ 180 ദിവസത്തെ പ്രാബല്യമുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ നിയമപരമായി പിശക് വന്നിട്ടുള്ള ഖണ്ഡിക 113-ലെ ഒന്നാം ഭാഗം നീക്കം ചെയ്യേണ്ടതാണ്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞാൽ മതിയാകും. അതിനുശേഷം റൂളിംഗ് നൽകുന്നതാണ്.

## (4) നിയമസഭാ ചോദ്യത്തിനുള്ള മറുപടി സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചത് സംബന്ധിച്ച്

ശ്രീ. മഞ്ഞളാംകുഴി അലി: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 303 പ്രകാരം താഴെപ്പറയുന്ന ക്രമപ്രശ്നം ഞാൻ ഉന്നയിക്കുകയാണ്.

നിയമസഭയിലെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 47(3) പ്രകാരം 'മന്ത്രിമാർ ചോദ്യങ്ങൾക്ക് സഭയിൽ നൽകുവാനുദ്ദേശിക്കുന്ന മറുപടികൾ യഥാർത്ഥത്തിൽ സഭാതലത്തിൽ നൽകിക്കഴിയുന്നതുവരെയോ മേശപ്പുറത്ത് വയ്ക്കുന്നതുവരെയോ പ്രസിദ്ധീകരണത്തിന് നൽകാൻ പാടില്ലാത്തതാകുന്നു' എന്നാണ് വ്യവസ്ഥ. പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ 7-6-2021-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ച 99-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം, 'മദ്രസ്സ അദ്ധ്യാപകർക്ക് പൊതുഖജനാവിൽനിന്നും ശമ്പളവും അലവൻസുകളും നൽകുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ഇത്തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നതിനെതിരെ സർക്കാർ എന്ത് നടപടി സ്വീകരിച്ചു' എന്നത് സംബന്ധിച്ച് ഞാനും അംഗങ്ങളായ സർവ്വശ്രീ പി. കെ. ബഷീർ, എൻ. ഷംസുദ്ദീൻ, കെ. പി. എ. മജീദ് എന്നിവരും ചോദ്യം ഉന്നയിച്ചിരുന്നു. ഇതിന്റെ മറുപടി ഞാൻ ഈ നോട്ടീസ് നൽകിയതിനുശേഷം നിയമസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. എന്നാൽ ഉത്തരം ലഭിക്കേണ്ട 7-6-2021-നുമുൻപുതന്നെ ഇതിന്റെ ഉത്തരം ബന്ധപ്പെട്ടവർ തയ്യാറാക്കിയത് സമൂഹമാധ്യമങ്ങളിലൂൾപ്പെടെ പ്രചരിച്ചിരുന്നു. ഇതുസംബന്ധിച്ച പത്രവാർത്തകളും കഴിഞ്ഞ ദിവസം റിപ്പോർട്ട് ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ നിയമസഭയിൽ ചോദിച്ച ചോദ്യത്തിന് സഭാതലത്തിൽ മറുപടി നൽകാതെ അതിനുമുൻപ് മറ്റ് മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കാൻ ഇടയായത് ചട്ടം 47(3)-ന്റെ ലംഘനമാണ്. ഇത് സഭയോടുള്ള അനാദരവും എക്സിക്യൂട്ടീവിന് നിയമസഭയോടുള്ള അക്കൗണ്ടബിലിറ്റിയുടെ ലംഘനവുമാണ്. ഇത് ആശാസ്യകരമല്ല. ആയതിനാൽ നിയമസഭയ്ക്ക് മുൻപാകെ മറുപടി ലഭ്യമാക്കുന്നതിനുമുൻപ് മറ്റ് മാധ്യമങ്ങളിൽ ഇത്തരത്തിൽ പ്രസിദ്ധീകരിക്കാൻ ഇടയായതിനെതിരെ റൂളിംഗ് നൽകുവാൻ താൽപ്പര്യപ്പെടുന്നു.

(5) ആക്ടിന് വിരുദ്ധമായ വ്യവസ്ഥ ബില്ലിൽ
ഉൾപ്പെടുത്തിയത് സംബന്ധിച്ച്

ഡോ. മാത്യു കുഴൽനാടൻ: സർ, കേരള ഫിനാൻസ് ബില്ലിൽ പറഞ്ഞിരിക്കുന്നത് " Save as otherwise provided in this Act, Section 8 shall come into force on such date as the Government may, by notification in the official Gazette, appoint:

Provided that different dates may be appointed for different provisions of this section and any reference in any such provision to the commencement of this Act shall be construed as a reference to the coming into force of that provision" എന്നാണ്. അതായത് ഈ കൊണ്ടുവരുന്ന ബില്ലിൽ സെക്ഷൻ (8) ഗവൺമെന്റ് തീരുമാനിക്കുന്ന ഡേറ്റുകളിൽ പ്രാബല്യത്തിൽ വരുമെന്നാണ്. ഇത് കൊണ്ടുവന്നിരിക്കുന്നത് കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ട് 1985 പ്രകാരമാണ്. അതിന്റെ Section 3 -ലും 4-ലും പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്.

Section 3. - Power to make declarations under this Act: Where a Bill to be introduced in the Legislative Assembly on behalf of the Government provides for the imposition or increase of any tax, duty, cess, fee or other revenue, the Government may cause to be inserted in the Bill a declaration that it is expedient in the public interest that any provision of the Bill relating to such imposition or increase shall have effect from the 1st day of April following the date of introduction of the Bill or shall have immediate effect from the date of introduction of the Bill.

Section 4. - Effect of declarations under this Act and duration thereof: A declared provision shall have the force of law on the **1st** day of April following the date on which the Bill containing it is introduced in the Legislative Assembly or on the date on which the Bill containing it is introduced in the Legislative Assembly, as the case may be.

ഇങ്ങനെയായിരിക്കെ സെക്ഷൻ (8)-ന് ഏത് ദിവസം വേണമെങ്കിലും നിയമസാധുതയുണ്ടാകാമെന്നുള്ള നിലയ്ക്ക് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത് ആക്ടിന് വിരുദ്ധമാണ്. ആക്ടിന് വിരുദ്ധമായിട്ടുള്ള ഒരു പ്രൊവിഷൻ ആ ബില്ലിൽ കൊണ്ടുവന്നാൽ അത് നിലനിൽക്കില്ലെന്നുള്ളതു കൊണ്ട് ബില്ലിന്റെ അവതരണാനുമതി

നിഷേധിക്കണം അല്ലെങ്കിൽ അത് ശരിയാക്കണമെന്നതിനെ സംബന്ധിച്ച് റൂളിംഗ് നൽകണം. പേജ് 12-ൽ ഇതിന്റെ ഡിക്ലറേഷനിലും, It is hereby declared that it is expedient in the public interest that all the provisions of this Bill except the provisions of clause 8 shall have effect on and from the date of introduction of the Bill in the Kerala Legislative Assembly under the Kerala Provisional Collection of Revenues Act, 1985 എന്ന് പറയുന്നുണ്ട്. അതായത് ഒന്നുകിൽ ഇന്ന് മുതൽ അല്ലെങ്കിൽ അടുത്ത ഏപ്രിൽ ഒന്ന് മുതൽ എന്നാണ് പറയുന്നത്. ആക്ടിന്റെ വ്യവസ്ഥ അതാണെന്നിരിക്കെ clause 8-ന് സർക്കാർ തീരുമാനിക്കുന്ന ദിനങ്ങളിൽ പ്രാബല്യമുണ്ടാകുമെന്ന് പറയുന്നത് ആക്ടിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ്, അങ്ങയുടേത് ക്രമപ്രശ്നമല്ല ചട്ടം 258 പ്രകാരമുള്ളതാണ്. ഇന്നലെ അങ്ങയുടെ കത്ത് കണ്ടു. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങയുടെ സാന്നിദ്ധ്യത്തിൽ പറഞ്ഞതാണ്. അതോടുകൂടി അത് തീർന്നു. ......(ബഹളം)...... ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിയുടെ കത്തും പരിശോധിച്ചു, അതിൽ ക്രമപ്രശ്നമില്ല. ഇന്നലെ ശ്രീ. പി. ടി. തോമസിന് അവസരമുണ്ടായിരുന്നു, അത് ഇന്ന് എടുക്കാൻ പറ്റില്ല.

## റൂളിംഗ്

മി. സ്പീക്കർ: 2021 ജൂൺ 1-ാം തീയതി സഭയുടെ മേശപ്പുറത്തുവച്ച വിവിധ സ്ഥാപനങ്ങളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ വളരെ കാലതാമസം വരുത്തിയാണ് വച്ചതെന്നും അപ്രകാരം വച്ച റിപ്പോർട്ടുകൾക്കൊപ്പം ചട്ടം 166 (സി)-യിൽ അനുശാസിക്കും പ്രകാരമുള്ള കാലതാമസപത്രിക സമർപ്പിച്ചിട്ടില്ലെന്നും ഈ നടപടി സഭാ ചട്ടങ്ങളുടെയും മുൻ റൂളിംഗുകളുടെയും ലംഘനമാണെന്നും ഇക്കാര്യത്തിൽ ചെയറിൽനിന്നും റൂളിംഗ് ആവശ്യമാണെന്നുമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ തന്റെ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്.

ശ്രീ. പി. ടി. തോമസ്, അങ്ങ് ദയവായി ഇരിക്കൂ. വളരെ പ്രധാനപ്പെട്ട പ്രശ്നത്തിനുള്ള ഒരു റൂളിംഗാണ്.

ഇക്കാര്യത്തിൽ കാലതാമസമുണ്ടാകാനിടയായ സാഹചര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. കമ്പനികൾ, സ്വയംഭരണാധികാര സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ മുതലായവയുടെ വാർഷിക റിപ്പോർട്ടുകളും ആഡിറ്റ് റിപ്പോർട്ടുകളും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന

ചട്ടം 166(സി)-യും ഇക്കാര്യത്തിൽ മുൻ സ്പീക്കർമാരിൽനിന്നുമുണ്ടായിട്ടുള്ള റൂളിംഗുകളും ചെയർ വിശദമായി പരിശോധിച്ചു. അതിൻപ്രകാരം വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട സ്ഥാപനങ്ങളുടെ അപ്രകാരമുള്ള റിപ്പോർട്ടുകൾ അതാത് സാമ്പത്തിക വർഷം പൂർത്തിയാക്കിയതിനുശേഷം ഒൻപത് മാസത്തിനുള്ളിലും വാർഷിക റിപ്പോർട്ടുകൾ മാത്രം സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ട സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ ആറ് മാസത്തിനുള്ളിലും സഭയുടെ മേശപ്പുറത്തു വയ്ക്കേണ്ടതാണ്. അതിന് കഴിയാതെ വരുന്ന സന്ദർഭങ്ങളിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കുന്ന ഒരു സ്റ്റേറ്റ്മെന്റുകൂടി റിപ്പോർട്ടുകളോടൊപ്പം സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതാണെന്നും ചട്ടം 166 (സി)-യിൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. ഇക്കാര്യത്തിൽ എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും ജാഗ്രത പുലർത്തേണ്ട ആവശ്യകത സംബന്ധിച്ച് 1-7-2019-ന് ചെയറിൽനിന്നും റൂളിംഗ് ഉണ്ടായിട്ടുള്ളതുമാണ്. പ്രസ്തുത റൂളിംഗിന്റെ അടിസ്ഥാനത്തിൽ പാർലമെന്ററികാര്യവകുപ്പ് ഇക്കാര്യത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു.

വാർഷിക റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിൽ കാലതാമസം വരുത്തുന്നുവെന്ന പരാതി വീണ്ടും വീണ്ടും ഉയർന്നുവരുന്ന സാഹചര്യത്തിൽ ഇനി മുതൽ കാലതാമസം വരുത്തി ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം മാത്രമേ നിയമസഭാ സെക്രട്ടേറിയറ്റിൽ സ്വീകരിക്കാൻ പാടുള്ളൂവെന്ന് ചെയർ റൂൾ ചെയ്യുന്നു. അതോടൊപ്പം അപ്രകാരം ലഭിക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ച് യുക്തമായ ശിപാർശകൾ സമർപ്പിക്കുവാൻ മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി തയ്യാറാകേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ (directions) ഉടൻതന്നെ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നെക്കുറിച്ച് ഒരു പരാമർശം നടത്തിയിരുന്നു. അതിനുള്ള വിശദീകരണം നൽകാൻ എന്നെ അനുവദിക്കണം.

<u>മി. സ്പീക്കർ</u>: ശ്രീ. പി. ടി. തോമസ്, അങ്ങയുടേത് ക്രമപ്രശ്നമല്ല വ്യക്തിപരമായ വിശദീകരണമാണ്. അതിപ്പോൾ പ്രസക്തമല്ല. ഇപ്പോൾ അത് ഉയർന്നുവരുന്നില്ല. അങ്ങ് ദയവായി ഇരിക്കൂ. അങ്ങ് പരിചയ സമ്പന്നനായ മുതിർന്ന അംഗമാണ്. സഭയുടെ സമയം കളയണ്ട. ദയവായി ഇരിക്കൂ.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, നമുക്കെല്ലാവർക്കും അറിയാം, ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മെമ്പർ ശ്രീ. പി. ടി. തോമസിനെ പേരെടുത്ത് പരാമർശിച്ചു, അതുസംബന്ധിച്ച് മുഖ്യമന്ത്രിക്ക് ഒരു നിലപാടുണ്ടായിരുന്നു. ആ വിഷയത്തിൽ ശ്രീ. പി. ടി. തോമസ് മാപ്പ് പറയണമെന്നും പറഞ്ഞിരുന്നു.

അതുസംബന്ധിച്ച് മറുപടി പറയാൻവേണ്ടിയുള്ള തെളിവുകളോ മറ്റ് കാര്യങ്ങളോ അദ്ദേഹത്തിന്റെ കയ്യിലില്ലായിരുന്നതുകൊണ്ടാകാം ഇന്ന് അദ്ദേഹം അതിന്റെ personal explanation നമ്മുടെ Rules of Procedure അനുസരിച്ച് ആവശ്യപ്പെട്ടത്. അത് അങ്ങ് അനുവദിക്കേണ്ടതാണ് എന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പി. ടി. തോമസിന്റെ സാന്നിദ്ധ്യത്തിൽ മുഖ്യമന്ത്രി പറഞ്ഞതിന് അദ്ദേഹം പ്രതികരിക്കാതിരുന്നതാണ്. പിന്നീട് വിശദീകരിക്കാമെന്നൊന്നും അദ്ദേഹം പറഞ്ഞിട്ടില്ല. അത് ഇന്നലെ തീർന്ന വിഷയമാണ്. നമുക്ക് സഭയുടെ സമയം നഷ്ടപ്പെടുത്തേണ്ട കാര്യമില്ല.

## റൂളിംഗ് (തുടർച്ച)

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റികൾ 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന ജൂലൈ ആദ്യവാരത്തോടെ പൂർത്തീകരിക്കുമെന്നും അതിനുശേഷം സഭയ്ക്ക് പ്രസ്തുത ധനാഭ്യർത്ഥനകൾ ജൂലൈ മദ്ധ്യത്തോടെ പാസ്സാക്കാൻ കഴിയുമെന്നും ആയതിനാൽ ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള വോട്ട് ഓൺ അക്കൗണ്ട് സഭ ഇന്ന് പരിഗണിക്കേണ്ടതുണ്ടോയെന്നുമാണ് ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ക്രമപ്രശ്നം.

സഭ മുമ്പാകെ വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കപ്പെടുന്നത് ഭരണഘടനയുടെ അനുച്ഛേദം 206 പ്രകാരമാണ്. ഏതെങ്കിലും സാമ്പത്തിക വർഷത്തിന്റെ ഒരു ഭാഗത്തിനുള്ള അടങ്കൽ ചെലവ് സംബന്ധിച്ച് ഏതെങ്കിലും സഹായ ധനത്തിനുള്ള വോട്ട് ചെയ്യലിന് 203, 204 അനുച്ഛേദങ്ങളിലെ വ്യവസ്ഥകളുടെ പാലനത്തിന് വിധേയമായി സഭയ്ക്ക് അധികാരമുണ്ട് എന്ന് അനുച്ഛേദം 206 വ്യവസ്ഥ ചെയ്യുന്നു. പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ 2021 ജൂൺ 4-നാണ് 2021 ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ മൂന്ന് മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് നേടുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവച്ചത്. വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിക്കപ്പെട്ടത് ഭരണഘടനാപരമായ അധികാരങ്ങൾ വിനിയോഗിച്ചാണെന്നുള്ളത് മനസ്സിലാക്കാവുന്നതാണ്.

സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മ പരിശോധന പൂർത്തിയാക്കി ജൂലൈ മാസത്തോടെ സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കുന്നതിനുതകുന്ന രീതിയിലാണ് സമയപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. എങ്കിലും കോവിഡ് മഹാമാരിയുടെ ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ സഭാ സമ്മേളനം ചേരുന്നതിലെ അനിശ്ചിതത്വം കണക്കിലെടുത്ത് ഉണ്ടായേക്കാവുന്ന ഏതെങ്കിലും തരത്തിലുള്ള ഒരു ഭരണഘടനാ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള ഒരു മുൻകരുതലായിട്ടാണ് ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള മൂന്ന് മാസത്തേയ്ക്ക് വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പി

ക്കുന്നതും പാസ്സാക്കുന്നതും. ഇതിൽ യാതൊരുവിധ ചട്ട വിരുദ്ധതയും അനൗചിത്യവും ഇല്ലെന്നാണ് കാണുന്നത്. കൂടാതെ പതിമൂന്നാം കേരള നിയമസഭയിലും പതിനാലാം കേരള നിയമസഭയിലും യഥാക്രമം 2011-12 സാമ്പത്തിക വർഷത്തിലും 2016-17 സാമ്പത്തിക വർഷത്തിലും ആദ്യത്തെ ഏഴ് മാസത്തെ കാലയളവിലേയ്ക്കുള്ള സർക്കാർ ചെലവുകൾ നേരിടുന്നതിനായി രണ്ട് വോട്ട് ഓൺ അക്കൗണ്ടുകൾ പാസ്സാക്കിയിട്ടുള്ള കീഴ്‌വഴക്കം നമ്മുടെ സഭയിൽ ഉണ്ടായിട്ടുണ്ടെന്ന കാര്യവും ഇത്തരുണത്തിൽ ചെയർ സഭയെ അറിയിക്കുന്നു. അതിനാൽ ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

സഭയുടെ നടപ്പുസമ്മേളനത്തിൽ 2021 ജൂൺ 7-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് താനും ബഹുമാന്യരായ ശ്രീ. പി. കെ. ബഷീർ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. കെ. പി. എ. മജീദ് എന്നീ അംഗങ്ങളും ചേർന്ന് നോട്ടീസ് നൽകിയ നക്ഷത്ര ച്ചിഹ്നമിടാത്ത 99-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി സഭാതലത്തിൽ വരുന്നതിനു മുമ്പായി സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചതായും ഇത് സഭാ നടപടി ചട്ടം 47(3) ന്റെ ലംഘനവും അംഗങ്ങളോടും സഭയോടുമുള്ള അനാദരവും ആകയാൽ ഇക്കാര്യത്തിൽ ശക്തമായ റൂളിംഗ് നൽകണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം മഞ്ഞളാംകുഴി അലി ചട്ടം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിച്ചത്.

ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലൊരു ആക്ഷേപം ഉയർന്നുവരാനുണ്ടായ സാഹചര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എഴുതി നൽകിയ മറുപടിയുടെകൂടി അടിസ്ഥാനത്തിൽ ചെയർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.

സഭയുടെ ഓരോ സമ്മേളന ദിനങ്ങളിലേയ്ക്കും ഷെഡ്യൂൾ ചെയ്തിട്ടുള്ള നിയമസഭാ ചോദ്യങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും തലേദിവസം വൈകുന്നേരം 5.00 മണിവരെ ലഭ്യമാക്കുന്ന ഉത്തരങ്ങൾ ചോദ്യ ദിവസം ചോദ്യോത്തരവേള അവസാ നിച്ചാലുടൻ നിയമസഭാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുവരുന്നു. എന്നാൽ അപ്രകാരം തലേദിവസം വൈകുന്നേരം 5.00 മണിക്കുശേഷവും ചോദ്യ ദിവസം വൈകുന്നേരം 4.00 മണിവരേയും ലഭ്യമാകുന്ന ഉത്തരങ്ങൾ ലേറ്റ് ആൻസർ ബുള്ളറ്റിൻ വഴി പ്രസിദ്ധീകരിക്കുകയും തൊട്ടടുത്ത ദിവസം നിയമസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. ഇതാണ് ചോദ്യങ്ങൾക്കുള്ള മറുപടികൾ ലഭ്യമാക്കുന്ന കാര്യത്തിൽ പൊതുവായി സ്വീകരിച്ചുവരുന്ന നടപടിക്രമം.

മദ്രസാ അദ്ധ്യാപകരുടെ ശമ്പളം സംബന്ധിച്ച 2021 ജൂൺ 7-ാം തീയതിയിലെ നക്ഷത്രച്ചിഹ്നമിടാത്ത 99-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം ബന്ധപ്പെട്ട സർക്കാർ വകുപ്പ് ഇ-നിയമസഭാ പോർട്ടലിൽ ലഭ്യമാക്കിയത് 7-ാം തീയതി

വൈകുന്നേരം 4.00 മണിക്കുശേഷമായിരുന്നു. ഈ ഉത്തരം 8-ാം തീയതിയിലെ 33-ാം നമ്പർ ലേറ്റ് ആൻസർ ബുള്ളറ്റിനിൽ ഉൾപ്പെടുത്തുകയും 9-ാം തീയതി ഉച്ചയോടെ നിയമസഭയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ ഉന്നയിച്ച പത്ര വാർത്തയിലെ പ്രസക്തഭാഗം ഇനിപ്പറയും പ്രകാരമായിരുന്നു. "നിയമസഭയിൽ ഹാജരാക്കാനായി ന്യൂനപക്ഷക്ഷേമ വകുപ്പിൽനിന്ന് മുഖ്യമന്ത്രിക്ക് നൽകിയ മറുപടി ചോർന്നു. എം.എൽ.എ.-മാരുടെ ചോദ്യവും വകുപ്പിന്റെ മറുപടിയും അതേപടി സമൂഹമാധ്യമങ്ങളിൽ പങ്കുവയ്ക്കപ്പെട്ടു". എന്നാൽ യഥാർത്ഥത്തിൽ മേൽപ്പറഞ്ഞ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അംഗീകരിച്ച് നിയമസഭയ്ക്ക് ലഭ്യമാക്കിയ ഉത്തരമല്ല സമൂഹ മാധ്യമങ്ങളിൽ പ്രചരിച്ചതെന്നും നിയമസഭാ ചോദ്യത്തിന് മറുപടി തയ്യാറാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കി ഗവൺമെന്റിലേയ്ക്ക് അയച്ചുകൊടുത്ത വിവരണം മാത്രമാണ് സമൂഹമാധ്യമങ്ങളിലൂടെ പുറത്തുവന്നതെന്നുമാണ് പരിശോധനയിൽ വെളിവായിരിക്കുന്നത്.

ഏറെ ഗൃഹപാഠം നടത്തി എഴുതി സമർപ്പിക്കുന്ന നിയമസഭാ ചോദ്യങ്ങൾക്ക് നിയമസഭാതലത്തിൽത്തന്നെ ഉത്തരം ലഭിക്കുവാനുള്ള ബഹുമാനപ്പെട്ട അംഗങ്ങളുടെ പ്രത്യേക അവകാശത്തിന് പ്രത്യക്ഷത്തിൽ ലംഘനം ഉണ്ടായിട്ടില്ലെങ്കിൽക്കൂടി അങ്ങേയറ്റം അനുചിതമായ ഒരു നടപടി ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായതായി ചെയർ നിരീക്ഷിക്കുന്നു. സർക്കാർ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഒരിക്കലുമുണ്ടാകാൻ പാടില്ലാത്ത ഇത്തരം പ്രവണതകൾ ഇനിമേൽ ആവർത്തിക്കപ്പെടാതിരിക്കുവാനായി സർക്കാർ ഇതുസംബന്ധിച്ച് സമഗ്രമായ ഒരു വകുപ്പുതല അന്വേഷണം നടത്തണമെന്നും വീഴ്ചവരുത്തിയവർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.

## X ധനകാര്യം

### <u>വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും</u>

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാൻഡ് ഹെഡ്ഡുകൾ സംബന്ധിച്ച് 2021-2022 സാമ്പത്തിക വർഷത്തിലെ ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്ന തിലേയ്ക്കോ ആയി ഗവർണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു".

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഉപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 198,24,90,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭരണരംഗത്തുള്ള ചെലവ് ചുരുക്കലിനുള്ള പദ്ധതികളൊന്നും ആസൂത്രണം ചെയ്യാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

8. നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 241,20,72,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നീതിന്യായ നിർവ്വഹണം കാര്യക്ഷമമാക്കുവാൻ ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

12. നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 241,20,72,000 രൂപയിൽനിന്ന് 100 രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

14. ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,99,34,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് പ്രത്യേക നടപടികളൊന്നും സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

22. ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 224,00,46,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂനികുതി പിരിച്ചെടുക്കുന്നതിന് ക്രിയാത്മക പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

29. മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,65,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുദ്രപത്രങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

31. മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,65,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തുടനീളം കുറഞ്ഞ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾ ലഭ്യമല്ല എന്ന് പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

52. വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 52,91,36,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

63. പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 1139,92,45,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ പോലീസ് സേനയെ നവീകരിക്കുന്നതിന് പ്രത്യേക നിർദ്ദേശങ്ങൾ പ്രതിപാദിക്കുന്ന നയങ്ങൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

74. ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 44,99,35,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

85. പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1366,48,55,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മഹാപ്രളയങ്ങളിൽ തകർന്ന പി.ഡബ്ല്യൂ.ഡി. റോഡുകളുടേയും പാലങ്ങളുടേയും പുനരുദ്ധാരണത്തിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

95. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5980,84,69,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഓൺലൈൻ വിദ്യാഭ്യാസത്തിലെ പ്രതിസന്ധി പരിഹരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

98. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5980,84,69,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഓൺലൈൻ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

105. വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2983,53,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ കോവിഡ് വാക്സിൻ, വെന്റിലേറ്റർ, ഓക്സിജൻ എന്നിവയുടെ ക്ഷാമം പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

115. കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 131,31,43,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

118. ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 381,23,71,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സമ്പൂർണ്ണ കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

130. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 521,11,06,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പുതിയ നഗരവികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

136. നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 521,11,06,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

143. തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 322,43,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അന്യസംസ്ഥാന തൊഴിലാളികളുടെ സുരക്ഷിതത്വം സംബന്ധിച്ച് പ്രത്യേക പദ്ധതികൾ നടപ്പാക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

144. തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 322,43,41,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്

(കോവിഡുമൂലം ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിന് പ്രത്യേക പാക്കേജുകൾ പ്രഖ്യാപിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

152. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 800,51,15,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

155. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 800,51,15,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

165. സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 154,09,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സഹകരണ മേഖല പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

173. കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 950,18,06,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ് തടയുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

180. ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1070,46,66,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭക്ഷ്യ കിറ്റ് വകയിൽ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

187. മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 208,43,12,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

201. മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 156,38,50,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

212. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 313,34,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്

(പഞ്ചായത്തുകൾക്കുള്ള പദ്ധതി വിഹിതം കൃത്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

223. ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1410,12,37,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

225. വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 403,33,87,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

241. ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,62,60,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

243. വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 113,26,00,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

255. ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 381,32,85,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേ ണ്ടതാണ് (പൊതുഗതാഗതം സംരക്ഷിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

275. സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2710,26,36,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

15. ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 103,99,34,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ഇന്ധനവില വർദ്ധനയിൽ ഉപ ഭോക്താക്കളിൽനിന്ന് ഈടാക്കുന്ന വിലയുടെ ടാക്സ് ഇനത്തിലെ സംസ്ഥാന വിഹിതം ഒഴിവാക്കാൻ തയ്യാറാകാത്തതായി പറയപ്പെ ടുന്നത് ചർച്ച ചെയ്യുന്നതിന്).

36. മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥ നയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 72,39,65,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

61. ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 209,68,27,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെവിടെയായാലും ഒരിഞ്ച് സർക്കാർ ഭൂമിയാണെങ്കിലും കയ്യേറിയാൽ കയ്യേറ്റക്കാരന്റെ പദവി നോക്കാതെ അത് ഉറപ്പായും ഒഴിപ്പിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം, കഴിഞ്ഞ 5 വർഷമായി നടപ്പിലാക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

106. വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2983,53,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൊറോണയുടെ പേരിൽ രോഗി ഉൾപ്പെടെയുള്ളവർക്ക് ഭക്ഷണവും മറ്റ് കിറ്റ് സൗകര്യങ്ങളും വിതരണം നടത്തുന്നതായി പറയപ്പെടുന്നുണ്ടെങ്കിലും വിതരണത്തിലെ വിവേചനം തടയാൻ ക്രിയാത്മക നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

234. ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,62,60,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കടലാക്രമണത്തിൽനിന്നും കടൽത്തീരത്തെ സംരക്ഷിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്).

257. ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 381,32,85,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്

(കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള പൊതുഗതാഗത സർവ്വീസുകളിൽ കൊറോണയുടെ പേരിൽ ടിക്കറ്റ് ചാർജ്ജ് വർദ്ധിപ്പിച്ചുവെങ്കിലും ട്രിപ്പുകളിൽ 100% സാമൂഹ്യ അകലമെന്ന കർശന നിബന്ധന അവഗണിക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

16. ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 103,99,34,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

40. എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 93,76,38,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് മദ്യ ഉപഭോഗം കുറയ്ക്കുന്നതിനും മദ്യനിരോധനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്)

57. ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 96,25,98,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

91. പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1366,48,55,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

111. വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2983,53,73,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

129. ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 36,81,89,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

146. തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 322,43,41,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

166. സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 154,09,61,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

176. കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 950,18,06,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

209. വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 199,19,67,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

229. വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 403,33,87,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

268. വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 97,02,33,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

23. ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 224,00,46,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

65. പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1139,92,45,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

216. പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 313,34,33,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

262. ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 381,32,85,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

80. സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 165,74,10,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

121. ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 381,23,71,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

182. ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1070,46,66,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

99. വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 5980,84,69,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്).

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

256. ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 381,32,85,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് നിലവിലുള്ള സർവ്വ ഗതാഗത സംവിധാനങ്ങളിലും യാത്രക്കാർ തമ്മിൽ സാമൂഹ്യ അകലം നിർബന്ധമാണെങ്കിലും ഗവൺമെന്റ് ഗതാഗത സംവിധാനത്തിൽ മാത്രം, ഇത് ലംഘിക്കപ്പെടുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്).

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കുകയാണ്. പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ വന്ന പുതിയ അംഗങ്ങൾ, കഴിഞ്ഞ ദിവസങ്ങളിലെ നമ്മുടെ പ്രതിപക്ഷത്തിന്റെ വർത്തമാനം കേട്ട് സ്തംഭിച്ചിരിക്കുകയാണ്. എന്താണ് ഇവിടെ നടക്കുന്നതെന്ന് അവരിൽ പലരും എന്നോട് ചോദിച്ചു. ഞാൻ അവർക്ക് എന്റെ നാട്ടിൽ നടന്ന ഒരു സംഭവ കഥയെക്കുറിച്ച് പറഞ്ഞുകൊടുത്തു. ഒരു ഓണക്കാലത്തെ തീറ്റ മത്സരമാണ് കഥയ്ക്കാധാരമായ സംഭവം. അതിൽ ഒന്നാം സമ്മാനം നേടിയ വിദ്വാൻ 41 കുറ്റി പുട്ടാണ് അന്ന് കഴിച്ചത്. 4 ലിറ്റർ വെള്ളവും കുടിച്ചു. അന്ന് വൈകുന്നേരം അദ്ദേഹം വീട്ടിലേയ്ക്ക് തിരിച്ചുപോകുമ്പോൾ കൂട്ടുകാരനോട് പറഞ്ഞു, "എടാ നീ വീട്ടിലെത്തിയാൽ എന്റെ അമ്മയോട് സമ്മാനം കിട്ടിയ കഥ പറയരുത് കേട്ടോ." എന്താണ് കാരണമെന്ന് കൂട്ടുകാരൻ ചോദിച്ചപ്പോൾ മറുപടി പറഞ്ഞത്, "അമ്മ രാത്രിയിലെ ചോറ് എനിക്ക് തരില്ല" എന്നാണ്. അതുപോലെ, കഴിഞ്ഞ അഞ്ചുകൊല്ലക്കാലം ഈ സർക്കാരിൽ നിന്ന് കിട്ടിയ കാര്യമൊന്നും അവിടെ ചെന്ന് പറയേണ്ടെന്ന് പ്രതിപക്ഷാംഗങ്ങളോട് ഈ സഭയിലേയ്ക്ക് വരുന്നതിനുമുമ്പ് അവരുടെ ഏതോ നേതാക്കന്മാർ വിളിച്ചുപറഞ്ഞു. ഒന്നും കിട്ടിയില്ല, കിട്ടിയില്ല എന്ന് പറഞ്ഞാൽ വീണ്ടും കിട്ടുമെന്ന് അവരെ ആരോ തെറ്റിദ്ധരിപ്പിച്ചിട്ടുണ്ട്. അവർ മനസ്സിലാക്കേണ്ട കാര്യം, ഇത് എൽ.ഡി.എഫ്. ആണ്. അഞ്ചുവർഷക്കാലം നിങ്ങളുടെ നാട്ടിലെല്ലാം തന്നത് അവിടെത്തന്നെ ഉണ്ട്. അതിനപ്പുറം ഇനി തരാനിരിക്കുകയാണ്. അതുകൊണ്ട് കിട്ടിയില്ലായെന്ന് നുണ പറയേണ്ട. പഴയ കാലമല്ല, നാട്ടുകാരും ഇതെല്ലാം കാണുന്നുണ്ട്. അതുകൊണ്ടാണ് നിങ്ങൾക്ക് വോട്ട് കിട്ടാതെപോയത്, നിങ്ങൾ തോറ്റത്. എനിക്ക് ഒരു കാര്യം ഓർമ്മപ്പെടുത്താനുള്ളത്, നമ്മുടെ നാട്ടിലെ ഒരു സംസ്കാരമെന്ന് പറഞ്ഞാൽ, മക്കൾ എന്ത് കുറ്റം ചെയ്താലും മാപ്പ് കൊടുക്കുന്നവരാണ് അമ്മമാർ. എന്നാൽ അവർക്കുപോലും സഹിക്കാത്ത കുറ്റം ചെയ്താൽ എന്റെ നാട്ടിലെ കാരണവന്മാർ പറയുന്ന ഒരു ഡയലോഗുണ്ട്, 'പെറ്റതള്ള പൊറുക്കില്ല മക്കളെ'യെന്ന്. പിണറായി സർക്കാരിനെ കുറ്റപ്പെടുത്തിയാൽ, പുലഭ്യം പറഞ്ഞാൽ പെറ്റതള്ള പൊറുക്കില്ല മക്കളെ എന്നാണ് വലതുപക്ഷത്തോട് എനിക്ക് പറയാനുള്ളത്. ശ്രീ. പിണറായി വിജയനും എൽ.ഡി.എഫ്.-നും ഇപ്പോൾ നാട്ടിലും നവമാധ്യമങ്ങളിലുമെല്ലാം വൻ പിന്തുണയാണ് ലഭിക്കുന്നത്. എന്തുകൊണ്ടാണ് ആ സ്വീകാര്യത എന്ന് എല്ലാവർക്കും അറിയാം. പാവങ്ങളുടെ ലൈഫ് ഇല്ലാതാക്കാൻ നോക്കിയ യു.ഡി.എഫ്.-ന്റെ ലൈഫ് ഇല്ലാതാക്കിയ എൽ.ഡി.എഫ്.-നാണ് ആ പിന്തുണ. അതുപോലെതന്നെ നവമാധ്യമങ്ങളിൽ വളരെയധികം കമന്റുകൾ വന്നുകൊണ്ടിരിക്കുകയാണ്. അതിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട, ഞാൻ അറിഞ്ഞ

ഒരു കമന്റ് വടക്കാഞ്ചേരി എം.എൽ.എ. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളിക്ക് വന്നതാണ്. അദ്ദേഹം അതിസുന്ദരനാണല്ലോ, വോട്ടെണ്ണൽ കഴിഞ്ഞതിന്റെ അടുത്തദിവസം അദ്ദേഹം വീട്ടിലിരിക്കുമ്പോൾ ഫോണിൽ മെസ്സേജ് വന്നുകൊണ്ടിരിക്കുകയാണ്. അദ്ദേഹം വാട്ട്സ് ആപ്പ് മെസ്സേജ് വന്നത് നോക്കിയിരിക്കുമ്പോഴാണ് ഭാര്യ ചായയുമായി പിന്നിൽ വന്നത്. ചായകൊണ്ടുവന്ന ഭാര്യ ഫോണിലേയ്ക്ക് നോക്കുമ്പോൾ വാട്ട്സ് ആപ്പിലേയ്ക്ക് വന്ന ഒരു സന്ദേശത്തിന്റെ അവസാന ഭാഗമാണ് കണ്ടത്. അത് "ഉമ്മ... ഉമ്മ.. ചക്കരയുമ്മ" എന്നാണ്. ഭാര്യ ആ ഫോൺ തട്ടിപ്പറിച്ച് മെസ്സേജ് തുറന്നുനോക്കി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗത്തിനുണ്ടായ അനുഭവമാണോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, എനിക്കുണ്ടായ അനുഭവമല്ല. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളിക്കുണ്ടായ അനുഭവമാണ്. അതിലെ കാര്യം ഇത്രയേയുള്ളൂ. വടക്കാഞ്ചേരിക്കാരെ ഫ്ലാറ്റാക്കാൻ ഓടിനടന്ന പഹയനെ, കേരളീയരുടെ ജീവിതത്തിന്റെ ഫ്ലാറ്റിന്റെ മുകളിൽനിന്ന് തള്ളിയിട്ട് അക്കരെ അക്കരെ കാണുന്ന അറബിക്കടലിലേയ്ക്ക് വലിച്ചെറിഞ്ഞ താങ്കൾക്ക് ആയിരം ഉമ്മ... ഉമ്മ... ചക്കരയുമ്മ ഇതായിരുന്നു ആ മെസ്സേജ്. അതുകൊണ്ട് കുടുംബ കലഹത്തിൽനിന്നും അദ്ദേഹം ഒഴിവായി. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി ഇപ്പോഴിവിടെ സന്നിഹിതനാണ്. പ്രതിപക്ഷത്തിന്റെ പൊതുസ്വഭാവം അങ്ങനെയാണ്. പാവപ്പെട്ടവരോടുള്ള അവജ്ഞയാണ് അവരുടെ മുഖമുദ്ര. പാവപ്പെട്ടവരെ സഹായിക്കുന്നവരെ കണ്ടാലും അവർക്ക് വെറുപ്പാണ്. അതുകൊണ്ടാണ് ശ്രീ. പിണറായി വിജയനെ ഇവർ ലക്ഷ്യംവച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ടാണല്ലോ പാവങ്ങളുടെ പടത്തലവനായ സഖാവ് എ.കെ.ജി.-യെപ്പോലും നിങ്ങൾ വെറുതെ വിടാതിരുന്നത്. കോൺഗ്രസ്സിന്റെ ഫെയ്സ് ബുക്ക് കൊട്ടാരത്തിലെ രാജകുമാരനായ ഒരു ദുർബ്ബലൻ ഇവിടെ ഉണ്ടായിരുന്നു. ആ ദുർബ്ബലൻ എ.കെ.ജി.-യെ പുലഭ്യം പറഞ്ഞ ഒരു ഘട്ടമുണ്ടായിരുന്നു. അദ്ദേഹം ഇപ്പോൾ എവിടെ? പൊടി പോലുമില്ല കാണാൻ. തൃത്താലയെന്ന സാംസ്കാരിക സ്ഫടികത്തിൽ പറ്റിപ്പിടിച്ചിരുന്ന ആ അശനിപാതപ്പൊടിയെ തട്ടിക്കളഞ്ഞുകൊണ്ടാണ് ഈ സഭയുടെ നാഥൻ ഇവിടെ വന്നിട്ടുള്ളത്. ആ സഭാനാഥനെ ആലത്തൂരിലെ ജനതയ്ക്കുവേണ്ടി ഞാൻ റെഡ് സല്യൂട്ട് ചെയ്യുന്നു. മഹാത്മാഗാന്ധിയുടെയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും മതനിരപേക്ഷ പാരമ്പര്യം പുറത്തുപറയുകയും നാല് വോട്ടിനു വേണ്ടി ഏത് മതവർഗ്ഗീയവാദികളുമായി സന്ധിയിലേർപ്പെടുകയും ചെയ്യുന്ന യു.ഡി.എഫ്.-ന്റെ അസംബന്ധത്തിനെതിരായ വോട്ടാണ് എൽ.ഡി.എഫ്.-ന്റെ ഇത്തവണത്തെ അധികവോട്ടുകൾ എന്നുപറയുന്നത്. നിങ്ങൾ പരിശോധിച്ചാൽ അക്കാര്യം മനസ്സിലാക്കാൻ കഴിയും. എവിടെപ്പോയി നിങ്ങളുടെ വോട്ട്? ബി.ജെ. പി.-യുടെ

വോട്ടൊന്നുമല്ല ഇങ്ങോട്ട് വന്നത്, നിങ്ങളുടെ വോട്ടുതന്നെയാണ്. മതനിരപേക്ഷ കേരളത്തിന്റെ വോട്ടാണ് എൽ.ഡി.എഫ്.-ലേയ്ക്ക് കൂടുതലായി കടന്നുവന്നത്. സഭാനാഥൻ അത്ര സൂക്ഷ്മമായി വിശകലനം ചെയ്തിട്ടുണ്ടോയെന്ന് എനിക്കറിയില്ല, അങ്ങ് മത്സരിച്ച തൃത്താല മണ്ഡലത്തിൽ ബി.ജെ.പി. വോട്ടിലെ വേലിയിറക്കങ്ങൾ യു.ഡി.എഫ്.-ന്റെ ഒരു പ്രത്യേക സ്ഥാനാർത്ഥി ആ മണ്ഡലത്തിൽ മത്സരിക്കുമ്പോൾ മാത്രം ഉണ്ടാകുന്നതാണ്. ആ സമയത്ത് യു.ഡി.എഫ്.-ന്റെ വോട്ടിൽ ഒരു വേലിയേറ്റമുണ്ടായി. അതിൽ ചില വോട്ടുകളുടെ കണക്ക് പറയാം. 2016-ൽ അസംബ്ലി ഇലക്ഷൻ വന്നപ്പോൾ ഞാൻ നേരത്തെ സൂചിപ്പിച്ച ആ പ്രത്യേക സ്ഥാനാർത്ഥി മത്സരിച്ചപ്പോൾ ബി.ജെ.പി.-ക്ക് കിട്ടിയത് 14510 വോട്ടാണ്. മൂന്ന് വർഷത്തിനകം 2019-ൽ ലോക്സഭാ തെരഞ്ഞെടുപ്പ് വന്നപ്പോൾ ബി.ജെ.പി.-യുടെ വോട്ട് 21838 ആയി വർദ്ധിച്ചു. 2021-ലെ അസംബ്ലി തെരഞ്ഞെടുപ്പ് വന്നപ്പോൾ വീണ്ടും യു.ഡി.എഫ്.-ന്റെ ആ പ്രത്യേക സ്ഥാനാർത്ഥി മത്സരിച്ചു. അപ്പോൾ ബി.ജെ.പി.-യുടെ വോട്ട് 12851 ആയി കുറഞ്ഞു. ഒന്നരക്കൊല്ലംകൊണ്ട് എങ്ങനെയാണ് ബി.ജെ.പി.-യുടെ 9000 വോട്ട് കുറഞ്ഞത്? ആ വോട്ട് ബി.ജെ.പി. നിങ്ങൾക്ക് മറിച്ചുനൽകി. അതിനെ സംബന്ധിച്ച് നിങ്ങൾക്ക് എന്താണ് മറുപടി പറയാനുള്ളത്? നിങ്ങൾക്ക് എൽ.ഡി.എഫ്.-ന്റെ സ്ഥാനാർത്ഥിയെ, നമ്മുടെ സഭാനാഥനെ തോൽപ്പിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട്, എന്ത് ബഡായിയും പറഞ്ഞ് നാട്ടുകാരെ പറ്റിച്ച് മതനിരപേക്ഷതയ്ക്കെതിരെ നിലപാടെടുക്കുന്ന നിങ്ങളുടെ ഈ ഏർപ്പാട് നിർത്തണം. എനിക്ക് പ്രതിപക്ഷത്തോട് സൂചിപ്പിക്കാനുള്ളത്, നിങ്ങൾ ഏത് ചെകുത്താന്മാരുടെകൂടെ കൂടിയാലും രക്ഷപ്പെടാൻ പോകുന്നില്ല എന്നാണ്. നിങ്ങൾ ഞങ്ങളെ തോൽപ്പിക്കാമെന്ന് കരുതി എന്ത് കുതന്ത്രം ഒപ്പിച്ചാലും നടക്കാൻ പോകുന്നില്ല. കാരണം, കേരളത്തിൽ കൊച്ചുകുട്ടികൾ മുതൽ പ്രാണൻപോകാൻ പ്രായത്തിലെത്തിയ മുതുമുത്തശ്ശിമാരും മുതുമുത്തച്ഛൻമാരും വരെ ശ്രീ. പിണറായി വിജയന് സിന്ദാബാദ് വിളിക്കുകയാണ്. ഇത് ഞാൻ പറയുന്നതല്ല. കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന് സഭയിൽ പറഞ്ഞത് നിങ്ങൾ കേട്ടതല്ലേ? അദ്ദേഹത്തിന്റെ പേരക്കുട്ടി ടി.വി. വയ്ക്കുമ്പോഴൊക്കെ ഓടി വരികയാണ്, ശ്രീ. പിണറായി വിജയന്റെ ഫാനായി മാറിയിരിക്കുന്നു എന്ന് ശ്രീ. എൻ. എ. നെല്ലിക്കുന്ന് വളരെ നിഷ്കളങ്കതയോടുകൂടി പറഞ്ഞിട്ടും, 'തല്ലിക്കൊന്നാലും നന്നാവില്ല' എന്ന് കോൺഗ്രസ് പറയുന്നതാണ് എനിക്ക് മനസ്സിലാവാത്തത്. അതിന്റെയെല്ലാം ഉദാഹരണമല്ലേ ഇപ്പോൾ നാട് നന്നാക്കാൻ പുറപ്പെട്ട യു.ഡി.എഫ്.-നോട്, നിങ്ങൾ ആദ്യം നന്നായതിനുശേഷം, നിങ്ങളുടെ എല്ലാ വേസ്റ്റും കളഞ്ഞിട്ടു വാ എന്ന് ജനങ്ങൾ പറഞ്ഞത്. താമര പാർട്ടിക്കാരെ ഇഷ്ടമില്ലാത്ത നാട്ടുകാരാണ് ഇത് അവരോട് പറഞ്ഞത്. ഏറ്റവും മോശപ്പെട്ട വേസ്റ്റ് പ്ലാസ്റ്റിക്കാണ്. വേസ്റ്റായ പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ താമര

അദ്ധ്യക്ഷവേദിയിൽ അലങ്കാരത്തിന് വച്ചാൽ വല്ല ഗുണവും ഉണ്ടാകുമോ; അതുകൊണ്ടാണല്ലോ നന്നാക്കി കൊണ്ടുവരാൻ നാട്ടുകാർ പറയുന്നത്. ഇപ്പോൾ കോൺഗ്രസ്സിന്റെ കാര്യം അങ്ങനെയാണ്. എനിക്ക് ഇതിന്റെ കൂടെ പറയാനുള്ളത്, താമരക്കർഷകർ പട്ടിണിയിലാണ്. ബി.ജെ.പി.-യുടെ ചിഹ്നമായതോടുകൂടി താമരയ്ക്ക് ഒരു ഡിമാൻഡുമില്ല. അതുകൊണ്ട് അവർക്ക് എന്തെങ്കിലുമൊരു പാക്കേജ് പ്രഖ്യാപിക്കേണ്ടിവരുമെന്നാണ് തോന്നുന്നത്. സംഘ്പരിവാറിനെ സന്തോഷിപ്പിക്കാനാണ് ഇവരുടെ ഈ പുറപ്പാടെല്ലാം. യു.ഡി.എഫ്.-ന്റെ പിന്തുണയോടുകൂടി നമ്മുടെ സഭയിൽ കഴിഞ്ഞതവണ സംഘപരിവാറിന്റെ ഒരു പ്രതിനിധിയുണ്ടായിരുന്നു, ശ്രീമാൻ ഒ. രാജഗോപാൽ. എന്താണ് അദ്ദേഹത്തിന് സംഭവിച്ചത്? 5 കൊല്ലത്തെ പിണറായി ഭരണം കണ്ടപ്പോൾ അദ്ദേഹത്തിന് കാര്യം ബോദ്ധ്യപ്പെട്ടു. അദ്ദേഹത്തിന്റെ പേരിന്റെ 'രാജ്'കീയ വിജയം സഖാവ് പിണറായി വിജയനും ഇനിഷ്യലിന്റെ ഗണിത പരിഭാഷ '0' ബി.ജെ.പി.-ക്കും നേർന്നിട്ടാണ് അദ്ദേഹം ഇവിടെനിന്നും പടിയിറങ്ങിയത്. ഞാൻ പറയുന്നത്, മതനിരപേക്ഷ രാഷ്ട്രീയം ശക്തിപ്പെട്ടുവരുന്ന ഒരു സമൂഹമാണ് കേരളം. ആ സമൂഹത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുക എന്നതാണ് എല്ലാവരും ഈ സമയത്ത് ചെയ്യേണ്ടത്. പക്ഷെ പ്രതിപക്ഷം അങ്ങനെയാണോ? വളരെ നീചമായ നിലപാടാണ് അവർ സഭയിൽപ്പോലും എടുക്കുന്നത്. സഭയിൽ നടന്ന നന്ദിപ്രമേയ ചർച്ചയ്ക്കിടയിലാണ് ഒരു പ്രതിപക്ഷ അംഗം ഭരണകക്ഷി എം.എൽ.എ.-മാരുടെ പേരുകളിലെ മതചിഹ്നങ്ങളെ എണ്ണാൻ ഒരുമ്പെട്ടത്. അത് കേട്ടപ്പോൾ എനിക്ക് ഓർമ്മ വരുന്നത്, ശ്രീ. കെ. ബാബു (നെന്മാറ)-യുടെ നാട്ടുകാരനായ ശ്രീ. എൻ. കെ. വെങ്കിടേഷ് എഴുതിയ ഒരു കുഞ്ഞിക്കവിതയാണ്. അതിനാധാരമായ ഒരു പത്രവാർത്തയുണ്ടായിരുന്നു. ആനയെ വാങ്ങിയ ഒരാൾ അയാളുടെ മതത്തിന്റെ ആരാധനാലയത്തിൽ ആനയെ എത്തിച്ച് ആചാരമെല്ലാം നടത്തി പേര് മാറ്റുന്നത് സംബന്ധിച്ച വാർത്തയാണ്. അത് കണ്ടിട്ടാണ് ഈ കവിത രചിക്കുന്നത്. കവിത ഇങ്ങനെയാണ്.

" മൃഗമായ ആനയിൽപ്പോലും ജാതിമത

ചിന്തതൻ മുദ്രകുത്തുന്ന കലികാല ദൈവമേ,

കാലനെ വേഗമയച്ച് എന്നയീ

ലോകത്തിൽനിന്നെടുത്തുപോകാൻ ഉത്തരവുണ്ടാകണമേ..."

എന്നായിരുന്നു ആ കവിത. അതിന് ഞാനൊരു ചെറിയ ഭേദഗതി അവതരിപ്പിക്കുകയാണ്.

"എം.എൽ.എ.-മാരുടെ പേരിൽപ്പോലും ജാതിമത

ചിന്തതൻ മുദ്ര കുത്തുന്ന കലികാല ദൈവമേ,

കാലനെ വേഗമയച്ച് ഈ യു.ഡി.എഫ്.-നെ

ലോകത്തിൽനിന്നെടുത്തുപോകാൻ ഉത്തരവുണ്ടാകണമേ"

എന്നാണ് എന്റെ കവിത. ആ ഉത്തരവ് അടുത്ത അഞ്ച് വർഷത്തിനകം കേരളത്തിൽ കാണാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി]

ജാതി, മത വേർതിരിവുകളൊന്നുമില്ലാതെ ദേശ, ഭാഷാ വ്യത്യസ്തതകളില്ലാതെ പ്രായഭേദമോ ലിംഗഭേദമോ നോക്കാതെ മലയാള മണ്ണിന്റെ മാനം കാക്കാൻ നിലപാടെടുത്ത എൽ.ഡി.എഫ്.-ഉം അതിന്റെ ക്യാപ്റ്റൻ സാക്ഷാൽ പിണറായി വിജയനും കഴിഞ്ഞ നാളുകളിൽ ചെയ്ത കാര്യങ്ങൾ മനുഷ്യരായ ആർക്കെങ്കിലും മറക്കാൻ കഴിയുമോ? കടലിളക്കിമറിച്ച ഓഖിയും മലയും മണ്ണും തകർത്തെറിഞ്ഞ രണ്ട് പ്രളയവും ജീവശ്വാസത്തെപ്പോലും മാരകമാക്കിയ മഹാമാരികളും മലയാള ക്കരയിലേയ്ക്ക് ഇരമ്പിയാർത്ത് വന്നപ്പോൾ ഇരട്ടച്ചങ്കിന്റെ ഇരുമ്പ് കവചം തീർത്ത് ഈ കേരളത്തെ രക്ഷിച്ച ചരിത്രമാണ് ഈ സർക്കാരിനുള്ളത്. കേരള ചരിത്രത്തിൽ ഒരിക്കലും വിസ്മരിക്കാൻ കഴിയാത്ത വിവരണാതീതമായ വിപത്തുകളെ മറികടന്ന വീരപുത്രന്റെ ഭരണകാലം. വരാനിരിക്കുന്ന തലമുറ വിധിയെഴുതുന്ന ഭരണകാലമായി സഖാവ് പിണറായി സർക്കാരിന്റെ ഈ ഭരണകാലവും മാറിത്തീരുമെന്ന് അർത്ഥശങ്കയ്ക്കിടയില്ലാതെ പറഞ്ഞുവച്ചുകൊണ്ട് വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഞാൻ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ശ്രീ. കെ. ഡി. പ്രസേനന്റെ പ്രസംഗം ഞാനിവിടെ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം കാവ്യഭംഗിയോടുകൂടി സാഹിത്യവും കവിതകളുമൊക്കെ അവതരിപ്പിച്ചു. പ്രിയപ്പെട്ട സഖാവെ, ഒരു കവിതയുടെ രണ്ട് വരികൾ മാത്രമാണ് നിങ്ങളോടെനിക്ക് സൂചിപ്പിക്കാനുള്ളത്.

'സ്മാരകം തുറന്നുവരും, വീറുകൊണ്ട വാക്കുകൾ

ചോദ്യമായി വന്നലച്ചു, നിങ്ങൾ കാലിടറിയോ?

എത്രമാത്രം അപചയമാണ് സി.പി.ഐ.(എം)-ന്റെ നേതാക്കന്മാർക്ക് പറ്റിയതെന്ന് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ മനസ്സിലായി.ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളിക്ക് വന്ന മെസ്സേജ് 'ഉമ്മ, ചക്കരയുമ്മ, ഉമ്മ, ഉമ്മ' എന്നാണെന്ന് അദ്ദേഹം പറയുകയുണ്ടായി. എന്നെങ്കിലുമൊരു സി.പി.ഐ.(എം) നേതാവിനിതു പോലൊരു മെസ്സേജ് വരാറുണ്ടോ? ഞങ്ങളൊക്കെ ജയിച്ചപ്പോൾ, വിപ്ലവാഭിവാദ്യങ്ങൾ, ജയിച്ച എം.എൽ.എ.-യ്ക്ക് അഭിവാദ്യങ്ങൾ, സ്നേഹാദരവുകൾ, ഇങ്ക്വിലാബ് സിന്ദാബാദ്, റെഡ് സല്യൂട്ട് എന്നൊക്കെയാണ് കേട്ടിട്ടുള്ളത്. ഒരു കാര്യം ഞാൻ ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളിയോട് പറയാം, ഭാര്യയെ അധികം വാട്ട്സ് ആപ്പ് നോക്കാൻ സമ്മതിക്കേണ്ട, ഉമ്മ ഒത്തിരിവരാൻ സാധ്യതയുണ്ട്. സഭയിലില്ലാത്ത രണ്ട് അംഗങ്ങളെക്കുറിച്ചിവിടെ അദ്ദേഹം പറഞ്ഞതെന്താണ്? അതിനുമുമ്പ് അദ്ദേഹം പറഞ്ഞ രസകരമായ ഒരു കാര്യം, 'പെറ്റതള്ള പൊറുക്കില്ല മക്കളെ' എന്നാണ്. ശരിയാണ്, അങ്ങനെയൊരു വാചകമുണ്ട്. പക്ഷെ അഞ്ച് വർഷം പൂർത്തിയാകുന്നതിനു മുമ്പേ ഈ സമൂഹത്തോട് ഞങ്ങൾക്ക് പറയുവാനുള്ളത്, 'അറിയാത്ത പിള്ള ചൊറിയുമ്പോളറിയും' എന്നുള്ളതാണ്. അധികം താമസിക്കാതെ അറിയാൻ പോവുകയാണ്.

ശ്രീ. അനിൽ അക്കര എന്ന മുൻ അംഗം സൂചിപ്പിച്ചത് ഫ്ലാറ്റ് പണിയിലെ അഴിമതിയെക്കുറിച്ചാണ്. ലൈഫ് പദ്ധതിയുടെ അഴിമതി ചൂണ്ടിക്കാണിച്ച അനിൽ അക്കരയ്ക്കെതിരെ വീട് പണിയാൻ സമ്മതിക്കില്ലായെന്ന് പറഞ്ഞുകൊണ്ട് നുണ പ്രചരണം നടത്തിയവരാണിവർ. ആ അംഗം ഈ സമൂഹത്തോടുള്ള കടമ നിറവേറ്റുകയല്ലേ ചെയ്തത്? എന്നും നുണ പറയാൻ സമർത്ഥരാണിവർ. ഇപ്പോഴുമിവിടെ വന്ന് നുണപ്രയോഗം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ സഭയുടെ നാഥൻ സ്പീക്കറാണ്. അദ്ദേഹത്തിന് ഇനി രാഷ്ട്രീയമില്ല. അദ്ദേഹം ജയിച്ചുവന്നു, ഞങ്ങൾ അംഗീകരിക്കുന്നു. അദ്ദേഹം തോൽപ്പിച്ച നമ്മുടെ പ്രിയപ്പെട്ട സുഹൃത്ത് വി. ടി. ബൽറാമിനെക്കുറിച്ച് എഫ്. ബി. കൊട്ടാരത്തിലെ രാജകുമാരൻ എന്നാണ് ശ്രീ. പ്രസേനൻ പറഞ്ഞത്. രാജകുമാരൻ എന്ന് വിളിച്ചതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഒരു സംശയവും വേണ്ട, പല രാജകുമാരന്മാരും ഈ നിയമസഭയിലേയ്ക്ക് തിരിച്ചുവരുമെന്ന് ഞങ്ങൾ സൂചിപ്പിക്കുകയാണ്. ഇവിടെയിതൊന്നും പറയണമെന്ന് ഞാൻ ആഗ്രഹിച്ചതല്ല, പക്ഷെ പറയിപ്പിച്ചതാണ്.

ആദരണീയനായ കേരളത്തിന്റെ മുഖ്യമന്ത്രിയോട് ഞങ്ങൾക്ക് ബഹുമാനമുണ്ട്. അദ്ദേഹമിരിക്കുന്ന സ്ഥാനത്തെ എന്നും ഞങ്ങൾ ബഹുമാനിക്കുന്നുണ്ട്. ഈ നിയമസഭാ ഇലക്ഷനിൽ പെരുമ്പാവൂരിൽനിന്നും എളിയവനായ ഞാൻ ജയിക്കാനുണ്ടായ കാരണം ബി. ജെ. പി.-യുടെ വോട്ട് വാങ്ങിച്ചിട്ടാണെന്ന് അദ്ദേഹം പറയുകയുണ്ടായി. ഒരു മതേതര വിശ്വാസിയായ, സത്യസന്ധമായി രാഷ്ട്രീയം പറയുന്ന എന്നെക്കുറിച്ച്

ഒരറിവുമില്ലാതെ, ആലോചിക്കാതെ ഇത്തരം കാര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയാമോ? എനിക്ക് ഈ വർഷം കിട്ടിയത് 37% വോട്ടാണ്. എൽ.ഡി.എഫ്.-ന് ലഭിച്ചത് 35% വോട്ടാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും എൽ.ഡി.എഫ്.-ന്റെയും പിന്തുണയോടെ ട്വന്റി ട്വന്റിയെന്ന പേരിൽ ഒരു രാഷ്ട്രീയ പ്രസ്ഥാനം, ഒരു കോർപ്പറേറ്റ് സ്ഥാപനം അവിടെ മത്സരിച്ചു. ഞങ്ങളെ തോൽപ്പിക്കാൻ വേണ്ടി 8 മണ്ഡലങ്ങളിലവർ മത്സരിച്ചു. പെരുമ്പാവൂരിൽ 'ബി' ടീമായവർ മത്സരിച്ചു.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ചെയർമാൻ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ട്വന്റി ട്വന്റിയെ എൽ.ഡി.എഫ്. പിന്തുണച്ചുവെന്ന രൂപത്തിലാണിവിടെ ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്. തോറ്റെങ്കിലും ശക്തനായ ഒരു എൽ.ഡി.എഫ്. സ്ഥാനാർത്ഥി അവിടെയുണ്ടായിരുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഇവിടെ ട്വന്റി ട്വന്റിയെന്ന രാഷ്ട്രീയ പ്രസ്ഥാനം എൽ.ഡി.എഫ്.-ന്റെ 'ബി' ടീമായിരുന്നു. ഞങ്ങളെ തോൽപ്പിക്കാൻവേണ്ടി പണമൊഴുക്കിയവരാണവർ. പക്ഷേ പ്രബുദ്ധരായ അവിടത്തെ ജനത എളിയവനായ എന്നെ വിജയിപ്പിച്ചു. അവിടെ ട്വന്റി ട്വന്റി 14 ശതമാനവും ബി.ജെ.പി. 11 ശതമാനവും വോട്ടാണ് പിടിച്ചത്. ബി.ജെ.പി. നേടിയത് 11% ശതമാനം വോട്ടാണ്. കഴിഞ്ഞ തവണ യു.ഡി.എഫ്.-ന് 44% വോട്ടുണ്ടായിരുന്നു. ഇത്തവണ എനിക്കവിടെ പതിനായിരത്തോളം വോട്ട് കുറവായിരുന്നു. വോട്ടെന്ന് പറയുന്നത് എല്ലാവരുടെയും കയ്യിലിരിക്കുന്ന സമ്പത്താണോ? ജനങ്ങൾ ചെയ്തപ്പോൾ, എനിക്ക് പതിനായിരം വോട്ടിന്റെ കുറവുണ്ടായി. എൽ.ഡി.എഫ്.-ന് ആറായിരവും ബി.ജെ.പി.-ക്ക് അയ്യായിരവും വോട്ട് കുറഞ്ഞു. അങ്ങനെ കുറവുവന്ന വോട്ട് എനിക്കാണ് കിട്ടിയതെങ്കിൽ എൽ.ഡി.എഫ്.-ന് കുറഞ്ഞ വോട്ടും എനിക്കാണോ കിട്ടിയതെന്നുള്ളത് ഇവർ പറയണം. ഈ നുണപ്രചരണങ്ങൾ ജനങ്ങൾ മുഖവിലയ്ക്കെടുക്കില്ലെന്ന കാര്യം ഞാനിവിടെ സൂചിപ്പിക്കുകയാണ്. അവിടെ യു.ഡി.എഫ്.-ന് നഷ്ടപ്പെട്ട വോട്ടും എൽ.ഡി.എഫ്.-ന് നഷ്ടപ്പെട്ട വോട്ടും ബി.ജെ.പി.-ക്ക് നഷ്ടപ്പെട്ട വോട്ടും പോയത് ട്വന്റി ട്വന്റിയിലേയ്ക്കാണ്. അങ്ങനെയാണ് ട്വന്റി ട്വന്റി ഇത്രയും വോട്ട് പിടിച്ചത്. എത്രയോ സ്ഥലങ്ങളിൽ ബി.ജെ.പി.-യുടെ വോട്ട് കുറഞ്ഞു. അത്തരത്തിൽ വോട്ട് കുറഞ്ഞ സ്ഥലങ്ങളിലൊക്കെത്തന്നെ വോട്ട് കൂടിയിട്ടുള്ളത് എൽ.ഡി.എഫ്.-നാണ്. അതുകൊണ്ടുതന്നെ കാര്യം സ്പഷ്ടമാണ്. താമര കർഷകർക്ക് സഹായം ചെയ്യണമെന്ന് ഇവിടെ ഒരംഗം പറഞ്ഞല്ലോ; അങ്ങനെ താമരയുടെ വോട്ട് വാങ്ങി ജയിച്ചു വന്നതാണെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. പി. ടി. തോമസ്: സർ, സഭയെയും ജനങ്ങളെയും മുഖ്യമന്ത്രി തെറ്റിദ്ധരിപ്പിക്കുന്നതിനെപ്പറ്റിയാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. കഴിഞ്ഞ ദിവസം വയനാട്ടിലെ വിവാദമായ മരം മുറിയുമായി ബന്ധപ്പെട്ട് ഇവിടെയൊരു അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ഇന്നലെ അദ്ദേഹമതിന് പറഞ്ഞ മറുപടിയും ഇതുപോലെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ബഹുമാനപ്പെട്ട അംഗത്തിന്റെ അറിവിനുവേണ്ടി പറയുകയാണ്, തീയതിയോ സ്ഥലമോ ഒന്നും ഞാൻ പറഞ്ഞിരുന്നില്ല. എന്നാൽ 2017 ജനുവരി 22-ാം തീയതി എറണാകുളത്തെ ഗവൺമെന്റ് ഗസ്റ്റ് ഹൗസിന്റെ ബാങ്ക്വറ്റ് ഹാളിൽ ഇവിടിരിക്കുന്ന ബഹുമാനപ്പെട്ട കൊല്ലം അംഗം എം. മുകേഷിന്റെകൂടി സാന്നിദ്ധ്യത്തിൽ ഉദ്ഘാടനം ചെയ്യാനാണ് .....(മൈക്ക് ഓഫ്).... ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കേസിലെ പ്രതിയോടൊപ്പം കൈകൊടുത്തുനിൽക്കുന്ന ചിത്രമാണ് (ചിത്രം സഭയിൽ ഉയർത്തിക്കാട്ടി). ഞാൻ ഈ സഭയെ തെറ്റിദ്ധരിപ്പിച്ചിട്ടില്ല. ഇതിന്റെയെല്ലാ വിവരങ്ങളുമെനിക്ക് പറയാനുണ്ട്. പേഴ്സണൽ എക്സ്പ്ലനേഷൻ നൽകുന്നതിന് എനിക്ക് അവസരം തന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറോട് ഞാൻ ചോദിക്കുന്നു സഭയെയും ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കുന്ന മുഖ്യമന്ത്രിയുടെ ഇത്തരം നടപടി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങ് ബി.ജെ.പി.-യുടെ വോട്ട് പിടിച്ചുകൊണ്ടാണ് ജയിച്ചതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞതും അത്തരമൊരു നടപടി തന്നെയല്ലേ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഇതെല്ലാം നവമാധ്യമങ്ങളിലൂടെ നമ്മൾ കാണുന്ന കാര്യങ്ങളാണ്. എല്ലാവർക്കും അറിയാവുന്ന കാര്യങ്ങൾ തന്നെയാണ്. സമയക്കുറവുകൊണ്ട് ഞാൻ ചുരുക്കുകയാണ്. നീൽസ് ബോർ എന്ന ഡാനിഷ് ഊർജ്ജതന്ത്രജ്ഞൻ പറഞ്ഞിട്ടുള്ളത്, ശരിയായ ഒരു പ്രസ്താവനയുടെ എതിർവശം തെറ്റായ ഒരു പ്രസ്താവനയെന്നാണ്. അതായത്, തെറ്റായ ഒരു പ്രസ്താവനയുടെ എതിർവശം ശരിയായ ഒരു പ്രസ്താവനയെന്നാണ്. പക്ഷേ പരമമായ സത്യത്തിന്റെ എതിർവശം പരമമായ സത്യംതന്നെയാണ്. നിങ്ങൾ ഈ കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ജയിച്ചു, ഞങ്ങളത് അംഗീകരിക്കുന്നു. ക്രിയാത്മകമായി ഞങ്ങൾ പ്രവർത്തിക്കുമെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞു. പക്ഷെ കഴിഞ്ഞ ദിവസം ബഹുമാന്യനായ എം. എം. മണി, 'ഇതാണോ ക്രിയാത്മകം, ഇത് നിഷ്ക്രിയാത്മകമാണ്' എന്ന് പറയുകയുണ്ടായി. ക്രിയാത്മകമെന്ന് പറഞ്ഞാൽ നിശബ്ദമായിരിക്കുമെന്നല്ല. ഞങ്ങൾ പ്രതികരിക്കും, ചോദ്യം ചെയ്യും. കഴിഞ്ഞ കാലഘട്ടങ്ങളിലത് ചെയ്തിട്ടുണ്ട്. ആദരണീയനായ ശ്രീ. രമേശ് ചെന്നിത്തല ചോദ്യം ചെയ്തതുകൊണ്ടല്ലേ പല അഴിമതിക്കേസുകളിൽനിന്നും നിങ്ങൾ പിന്നോട്ടുപോയത്? സ്പ്രിംഗ്ലർ അഴിമതി, ബെവ് ക്യൂ, പമ്പാ മണൽക്കടത്ത്, ഇ-മൊബിലിറ്റി, പ്രൈസ് വാട്ടർ കൂപ്പർ, കെ-ഫോൺ, ഇ.എം.സി.സി., ജലീലിന്റെ

മാർക്ക് ദാനം, ജയരാജന്റെ ബന്ധുനിയമനം, ബ്രൂവറി ഡിസ്റ്റിലറി, പ്രളയത്തട്ടിപ്പ്, പി.എസ്.സി. നിയമനത്തട്ടിപ്പ്, അനധികൃത നിയമനങ്ങൾ, സ്വർണ്ണക്കള്ളക്കടത്ത് തുടങ്ങി നിരവധി കാര്യങ്ങളിൽ ഞങ്ങൾക്ക് നിങ്ങളെ തിരുത്താൻ കഴിഞ്ഞിട്ടുണ്ട്. ഞങ്ങളിത് സൂചിപ്പിച്ചില്ലായിരുന്നെങ്കിൽ നിങ്ങൾ വലിയ കള്ളത്തരത്തിൽ പെട്ടുപോകുമായിരുന്നു. ഇവിടെയിരിക്കുന്ന ഇടതുപക്ഷക്കാരെല്ലാം ഒരുപക്ഷെ നിത്യനരകത്തിൽ പോകുമായിരുന്നു. നരകത്തിൽ പോകാതെ നിങ്ങളെ സംരക്ഷി ച്ചവരാണ് ഇവിടത്തെ പ്രതിപക്ഷമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഒരുപാട് രാഷ്ട്രീയമൊന്നും പറയുന്നില്ല, ആദ്യ പ്രസംഗത്തിലെ രാഷ്ട്രീയമാണ് എന്നെക്കൊണ്ടിത് പറയിപ്പിച്ചത്. അല്ലെങ്കിൽ ഇതുപോലും ഞാൻ പറയുമായിരുന്നില്ല.

ഇവിടെ കോവിഡ് മരണങ്ങൾ എത്രമാത്രമാണ്? 42 കൊച്ചുകുട്ടികൾ മരണപ്പെട്ടുപോയെന്നാണ് കണക്ക്. പക്ഷേ കേന്ദ്രസർക്കാർ പറയുന്നത് 82-ഓളം കുട്ടികൾ മരണപ്പെട്ടുവെന്നാണ്. എന്റെ മണ്ഡലത്തിൽ സ്വകാര്യ ആശുപത്രിയിൽ ജോലി ചെയ്യുന്ന സിനിയെന്ന നഴ്സിന് കോവിഡ് ബാധിച്ചു. അവരിൽനിന്ന് ഭർത്താവ് ഉല്ലാസിന് ബാധിക്കുകയും അദ്ദേഹം മരണപ്പെടുകയും ചെയ്തു. ഉല്ലാസ് മാത്രമല്ല, അദ്ദേഹത്തിന്റെ പിതാവ് ജോണി, മാതാവ് സിസിലി എന്നിവരുൾപ്പെടെ മൂന്ന് പേരാണ് ഒരുമാസത്തിനുള്ളിൽ കോവിഡ് ബാധിച്ച് മരണപ്പെട്ടത്. ആ കുടുംബത്തിൽ ഞാൻ പോയി. പറക്കമുറ്റാത്ത രണ്ട് കുഞ്ഞുങ്ങൾ, അവർ എങ്ങനെ ജീവിക്കും? ആതുരസേവന രംഗത്ത് കോവിഡ് രോഗികളെ ചികിത്സിച്ചതിന്റെ ഫലമായി അവർക്ക് ഭർത്താവും മാതാപിതാക്കളും നഷ്ടപ്പെട്ടു. ബഹുമാനപ്പെട്ട ഗവൺമെന്റിനോട് എനിക്കഭ്യർത്ഥിക്കാനുള്ളത് കോവിഡുമായി ബന്ധപ്പെട്ട് ആതുരസേവനരംഗത്ത് സേവനം വിനിയോഗിച്ചതുമൂലം ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് ആരോഗ്യ വകുപ്പിൽ ജോലി നൽകുവാൻ ഗവൺമെന്റ് തയ്യാറാകണ മെന്നാണ്.

ഈ കാലഘട്ടത്തിൽ നമുക്ക് ഏറ്റവും കൂടുതൽ പ്രതിസന്ധി എന്താണ്? ഇവിടെയിരിക്കുന്ന 140 എം.എൽ.എ.-മാരുടെയും ആസ്തി വികസന ഫണ്ടിൽനിന്നും 4 കോടി രൂപ ആരോഗ്യ മേഖലയ്ക്കുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. അത് ഞങ്ങൾ അംഗീകരിക്കുന്നു, ഞങ്ങൾക്ക് ബുദ്ധിമുട്ടില്ല. അടുത്തതവണ ഞങ്ങൾക്കത് തിരിച്ചു ലഭിക്കുമെന്ന് അറിയാം. ഗവൺമെന്റ് അരിയും കിറ്റും നൽകുന്നുണ്ട്; അതുമാത്രം മതിയോ? ഒന്നേകാൽ കോടി രൂപയുടെ വാഹനത്തിൽ പോകുന്നവർക്കും അരിയും കിറ്റും ലഭിക്കുന്നുണ്ട്. ഇവിടെ കിറ്റുകൾ എല്ലാവർക്കും കിട്ടുന്നു. പക്ഷേ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും അർഹതപ്പെട്ടവർക്കും മാത്രം അതുകൊടുക്കുമ്പോൾത്തന്നെ അവനാവശ്യമുള്ള സാമ്പത്തിക സഹായംകൂടി കൊടുക്കണം. ഇന്ന് ജോലി യില്ലാത്തതും പാവപ്പെട്ടതുമായ എത്രയാളുകൾ നമ്മളെ വിളിക്കുന്നു. മൂന്നൂറിലധികം

കുട്ടികളാണ് ഫോണിനുവേണ്ടി എന്നെ വിളിച്ചിട്ടുള്ളത്. ടെലിവിഷനുവേണ്ടി വിളിച്ചിട്ടുള്ളത് നൂറിലധികം പേരാണ്. കാർഷിക വായ്പയെടുത്ത ധാരാളം കർഷകർ വിളിച്ചിരുന്നു. ശ്രീ. ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ. കഴിഞ്ഞ ദിവസത്തെ പ്രസംഗത്തിൽ പറഞ്ഞത് ഈ കാലഘട്ടത്തിൽ കോവിഡ് ബാധിച്ചെങ്കിലും മരണപ്പെട്ടുപോകണമെന്ന് ആഗ്രഹിക്കുന്ന ഒരുപാടുപേരുണ്ടെന്നാണ്. നമ്മളത് ശ്രദ്ധിച്ചുകാണും. ഗവൺമെന്റിനോട് എനിക്ക് സൂചിപ്പിക്കാനുള്ളത് ഈ രീതിയിൽ മുന്നോട്ടുപോകുമ്പോൾ സാമൂഹികനീതി നടപ്പിലാക്കാൻ കഴിയണം. അതുകൊണ്ട് കിറ്റുകൾ മാത്രംപോര, ഭിന്നശേഷിക്കാരെയും കിടപ്പുരോഗികളെയും അനാഥാലയ ങ്ങളെയും അഗതിമന്ദിരങ്ങളെയും മഠങ്ങളെയും സംരക്ഷിക്കണം. മഠങ്ങൾക്ക് ലഭിക്കേണ്ട അരിപോലും ഇപ്പോൾ റേഷൻ കടയിൽനിന്ന് ലഭിക്കുന്നില്ല. എന്റെ മണ്ഡലത്തിലെ ബെത്‌ലഹേം അഭയ ഭവന് രണ്ട് വർഷമായി ഗ്രാന്റ് കിട്ടുന്നില്ല. ശ്രീ. കെ. ജെ. മാക്സിയുടെ മണ്ഡലത്തിൽനിന്ന് ജോണി എന്ന മനോരോഗിയെ ആ സ്ഥാപനത്തിൽ കൊണ്ടുവന്ന് കിടത്തിയതിനുശേഷം അതുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങളുണ്ടായപ്പോൾ രണ്ട് വർഷമായി ഗ്രാന്റുപോലും ലഭിക്കാത്ത അനുഭവമുണ്ടായി എന്നത് ഞാൻ പങ്കുവയ്ക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ഞാൻ ദീർഘമായി മറ്റ് കാര്യങ്ങളി ലേയ്ക്കൊന്നും കടന്നുപോകുന്നില്ല. നമ്മുടെ വിദ്യാലയങ്ങൾക്ക് മാറ്റങ്ങളുണ്ടാകണം. സ്കൂളുകൾ അടഞ്ഞുകിടക്കുന്നു. ഒരു കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്തി ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ഇപ്പോൾ ക്ലബ് ഹൗസ് എന്നൊരു പുതിയ ആപ്പുണ്ട്. അതിൽ കുറച്ച് ദിവസങ്ങൾക്കകം ധാരാളംപേർ ജോയിൻ ചെയ്തു. നമ്മുടെ കുട്ടികളും സുഹൃത്തുക്കളുമെല്ലാം അതിൽ അംഗങ്ങളാകുകയാണ്. ഏത് രീതിയിലുള്ള ചാറ്റിംഗും സംസാരവുമാണ് അതിൽ നടക്കുന്നതെന്ന് നമുക്കറിയാമോ? നമ്മുടെ കുട്ടികളുടെ സ്വഭാവം മോശമാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് കുട്ടികൾക്കാവശ്യമുള്ള കൗൺസിലർമാരെ കൂടുതലായി നിയമിക്കുകയും എല്ലാ രീതിയിലും അവർക്കാവശ്യമുള്ള പിന്തുണയും നൽകണമെന്ന കാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. എന്നെ ജയിപ്പിച്ച പെരുമ്പാവൂരിലെ ജനങ്ങൾക്ക് ഈ സന്ദർഭത്തിൽ പ്രത്യേക നന്ദി പറഞ്ഞുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു.

2.00 pm]

ശ്രീ. വാഴൂർ സോമൻ: സർ, രണ്ടാം പിണറായി സർക്കാരിന്റെ ഈ സഭയിൽ പങ്കെടുക്കുവാൻ തൊഴിലാളി പ്രവർത്തകനായ എനിക്ക് അവസരമൊരുക്കിയതിന് തോട്ടങ്ങളും കാർഷിക മേഖലയും ചേർന്നുകിടക്കുന്ന പീരുമേട്ടിലെ നല്ലവരായ

ജനങ്ങൾക്ക് എന്റെ നന്ദി ആദ്യംതന്നെ പ്രകാശിപ്പിക്കുന്നു. മന്ത്രിസഭ അധികാരമേറ്റ് ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽത്തന്നെ നാടിനും ജനങ്ങൾക്കും പുത്തൻ ഉണർവ്വും ഊർജ്ജവും ദിശാബോധവും പകരുന്ന ബഡ്ജറ്റാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. അതുകൊണ്ടുതന്നെ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പരിപൂർണ്ണമായും ഞാൻ പിന്തുണയ്ക്കുകയാണ്.

ഇടുക്കി ജില്ലയ്ക്കും പ്രത്യേകിച്ച് ഞാൻ പ്രതിനിധാനം ചെയ്യുന്ന പീരുമേട് നിയോജകമണ്ഡലത്തിലെ ഭൂരിഭാഗം വരുന്ന തോട്ടം തൊഴിലാളികൾക്കും ആശ്വാസം പകരുന്ന ചില തീരുമാനങ്ങളാണ് ഒന്നാം പിണറായി സർക്കാർ സ്വീകരിച്ചത്. അതിലെ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ബഹുമാന്യനായ ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച പ്ലാന്റേഷൻ നയം തോട്ടം മേഖലയിൽ ഒരു രജതരേഖയാണെന്ന് പറയുവാൻ അഭിമാനമുണ്ട്. ഈ സർക്കാർ ആ നയം ശക്തമായി നടപ്പാക്കാൻ പരിശ്രമിച്ചു വരുന്നുവെന്നാണ് ബഡ്ജറ്റിലൂടെ തെളിഞ്ഞിട്ടുള്ളത്. സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ കുടിയേറ്റങ്ങളുടെ ചരിത്രമുള്ള നാടാണ് ഇടുക്കി. മണ്ണിനോട് മല്ലടിക്കുന്ന മലയോര കർഷകരുടേയും കർഷകത്തൊഴിലാളികളുടേയും തോട്ടം തൊഴിലാളികളുടേയും അവകാശങ്ങൾ സംരക്ഷിക്കുവാൻ എന്നും മുന്നിൽ നിന്നിട്ടുള്ളത് എൽ.ഡി.എഫ്. ആണ്. മറ്റേത് കാലഘട്ടത്തേക്കാളും തികഞ്ഞ ആത്മവിശ്വാസവുമായാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി തോട്ടം മേഖലയ്ക്ക് 54 കോടി രൂപ അനുവദിച്ചിട്ടുള്ളത്. സമാനതകളില്ലാത്ത ആഘാതമേൽപ്പിച്ച രണ്ട് മഹാ പ്രളയങ്ങൾ, ഓഖി എന്നീ പ്രകൃതി ദുരന്തങ്ങളും നിപ, കൊവിഡ്-19 തുടങ്ങിയ മഹാമാരികളും കണ്ട് പകച്ചു നിൽക്കാതെ നെഞ്ചുറപ്പോടെയും ദിശാബോധത്തോടെയും നാടിനെ വികസന വഴിയിലേയ്ക്ക് നയിക്കാൻ പിണറായി സർക്കാരിന് നൂറ് ശതമാനം സാധിച്ചെന്ന് നിസ്സംശയം പറയാം. കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനുമുമ്പുണ്ടായിരുന്ന യു.ഡി.എഫ്. ഭരണകാലത്തിന് സമാനമാണോ എൽ.ഡി.എഫ്. ഭരണം? അല്ല. കുടിയേറ്റ കർഷകരുടെ അവകാശ സംരക്ഷണത്തിന്റെ കാര്യത്തിൽ ധാരാളം ആശങ്കകൾ അഞ്ച് വർഷം മുമ്പുണ്ടായിരുന്നു. ജനങ്ങളുടെ ജീവൽപ്രശ്നമായ പട്ടയം നൽകുന്ന കാര്യത്തിൽ പിണറായി സർക്കാർ സ്വീകരിച്ച സമീപനം എന്തായിരുന്നു? ഈ സർക്കാർ ആദ്യ രണ്ട് വർഷത്തിനുള്ളിൽത്തന്നെ 15000-ലധികം പട്ടയങ്ങൾ വിതരണം ചെയ്യുകയും അതുവരെ പട്ടയം ലഭിക്കാത്തവർക്ക് പുതിയതായി അപേക്ഷ നൽകുവാൻ അവസരം നൽകുകയും ചെയ്തു. ആ അപേക്ഷകളിന്മേൽ അർഹരായവർക്കെല്ലാം പട്ടയം നൽകി. അർഹതയുള്ള ശേഷിച്ച മുഴുവൻ ആളുകൾക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ജില്ലയിൽ അർഹരായവർക്ക് വീടുകൾ നിർമ്മിച്ച് നൽകാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ ഭാഗമായി ജില്ലയിൽ 15000-ഓളം വീടുകളാണ് പൂർത്തീകരിച്ചത്. ഇതെല്ലാം ഈ സർക്കാർ

ആർക്കൊപ്പമാണെന്നതിന്റെ മകുടോദാഹരണങ്ങളാണ്. ആഗോളവത്കരണ നയങ്ങൾ ഏൽപ്പിച്ച ആഘാതങ്ങൾമൂലം തോട്ടം മേഖല അതീവ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ മണ്ഡലത്തിലെ 28-ഓളം തോട്ടങ്ങളും 18-ഓളം ഫാക്ടറികളും അടച്ചുപൂട്ടി. തോട്ടങ്ങൾ അടച്ചുപൂട്ടിയതോടെ തൊഴിലാളികൾക്ക് ജോലിയും കൂലിയും ആനുകൂല്യങ്ങളും ഇല്ലാതായെന്ന് മാത്രമല്ല എസ്റ്റേറ്റ് ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയുമെല്ലാം പ്രവർത്തനം നിലയ്ക്കുകയും ചെയ്തു. കുടിവെള്ള വിതരണംപോലും നിലച്ചു. യു.ഡി.എഫ്. ഭരണകാലത്ത് നൂറിലധികം തൊഴിലാളികൾ പട്ടിണിമൂലവും ചികിത്സ ലഭിക്കാതെയും പിടഞ്ഞുവീണ് മരിച്ചു. അന്ന് എന്റെ മണ്ഡലത്തിൽ അടച്ചുപൂട്ടിയതിൽ നാല് തോട്ടങ്ങളും എട്ട് ഫാക്ടറികളും ഇപ്പോഴും അടഞ്ഞുതന്നെ കിടക്കുകയാണ്. അതിനോടനുബന്ധിച്ചുള്ള ആശുപത്രികളിൽ ഒന്നൊഴികെ മറ്റെല്ലാ ഗ്രൂപ്പ് ആശുപത്രികളും ഇപ്പോഴും പ്രവർത്തിക്കുന്നില്ല. തോട്ടം മേഖലയിലെ വിദ്യാർത്ഥികളുടെ ഭാവിയും ദുരിതപൂർണ്ണമായിരുന്നു. യൂണിഫോമും പുസ്തകവും വാങ്ങുവാൻ നിവൃത്തിയില്ലാതെ വണ്ടിപ്പെരിയാർ പഞ്ചായത്ത് ഹൈസ്കൂളിലെ വിദ്യാർത്ഥിനിയും പശുമലത്തോട്ടത്തിലെ ജ്ഞാനപ്രകാശത്തിന്റെയും മേരിയുടെയും മകളുമായ വേളാംകണ്ണിയുടെ ആത്മഹത്യ നമ്മളെയെല്ലാം നടുക്കിയ സംഭവമാണ്. ഇതേത്തുടർന്ന് AITUC, CITU, INTUC എന്നിവർ കക്ഷി രാഷ്ട്രീയം മാറ്റിവച്ച് സംയുക്തമായി ശക്തമായ പ്രക്ഷോഭം നടത്തിയതിന്റെ ഫലമായിട്ടാണ് പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിക്ക് അന്ന് സർക്കാർ രൂപം നൽകിയത്. ജില്ലാ കളക്ടർ ചെയർമാനായുള്ള ആ കമ്മിറ്റിയുടെ പ്രവർത്തനം ഇപ്പോഴും തുടരുകയാണ്. തോട്ടം മേഖലയുടെ പ്രതിസന്ധി പരിഹരിക്കുന്നതിനും എന്റെ മണ്ഡലത്തിലെ ടൂറിസം മേഖലയുടെയും കാർഷിക മേഖലയുടെയും മുഖച്ഛായ മാറ്റുന്നതിനും തോട്ടം നയവും ഇടുക്കി പാക്കേജും സഹായകമാകും. ജില്ലയിലെ മുഴുവൻ തോട്ടം തൊഴിലാളി കുടുംബങ്ങൾക്കും ബ്രിട്ടീഷുകാരുടെ കാലത്ത് പണിത നൂറ്റാണ്ടുകൾ പഴക്കമുള്ള, ജീർണ്ണിച്ച് തകർന്നുവീഴാറായ ലയങ്ങൾക്കുപകരം പുതിയ വീടുകൾ നിർമ്മിച്ച് നൽകുവാനുള്ള പദ്ധതിയുണ്ടാകുമെന്ന് പ്രത്യാശിക്കുകയാണ്. ഇന്ത്യാ രാജ്യത്ത് 1923-ൽ രൂപീകൃതമായ ടീ ആക്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴും തോട്ടം മേഖലയുടെ നിയന്ത്രണം. കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിനുമുൻപ് നിയമസഭയുടെ മുൻ ഡെപ്യൂട്ടി സ്പീക്കറായിരുന്ന ശ്രീ. സി. എ. കുര്യന്റെ നേതൃത്വത്തിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീമതി നിർമ്മലാ സീതാരാമനെ അവരുടെ സ്വദേശമായ മധുരയിൽപ്പോയി ഞങ്ങൾ കാണുകയുണ്ടായി. ഇടുക്കി, വയനാട്, കൊല്ലം എന്നീ ജില്ലകളിലെ തോട്ടം മേഖലകളിൽ ജോലിചെയ്യുന്നവരിൽ ബഹുഭൂരിപക്ഷവും പട്ടിണിപ്പാവങ്ങളും പിന്നാക്ക വിഭാഗത്തിൽപ്പെട്ട തമിഴ് തൊഴിലാളികളുമാണ്. മധുര, തേനി, തിരുനെൽവേലി എന്നീ ജില്ലകളിൽനിന്ന് വന്ന് ദീർഘകാലങ്ങളായി ജോലി ചെയ്യുന്നവരാണ്. അവരുടെ വിഷമങ്ങൾ ഞങ്ങൾ ബഹുമാ

നപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തീരുമാനമുണ്ടാക്കാമെന്നും ബഡ്ജറ്റിൽ കുറഞ്ഞത് 1000 കോടി രൂപ വീതം കേരളത്തിനും തമിഴ്നാടിനും നൽകണമെന്നാണ് ഉദ്ദേശിക്കുന്നതെന്നും ഞങ്ങളോട് അവർ തുറന്ന് സംസാരിച്ചു. നിർഭാഗ്യമെന്ന് പറയട്ടെ തെരഞ്ഞെടുപ്പ് അടുത്തതുകൊണ്ട് അവർ പ്രഖ്യാപിച്ച ബഡ്ജറ്റിൽ കേരളത്തിനും തമിഴ്നാടിനും ഒരു രൂപപോലും അനുവദിച്ചില്ല. എന്നാൽ, ആസാമിനും ബംഗാളിനും 1000 കോടി രൂപവീതം നൽകുകയുണ്ടായി. ബി.ജെ.പി.-യുടെയും ഹിന്ദു വർഗ്ഗീയ സംഘടനകളുടെയും ഫാസിസ്റ്റ് നയങ്ങൾക്ക് അനുകൂലമായി കേരളവും തമിഴ്നാടും നിൽക്കാത്തതുകൊണ്ടുമാത്രമാണ് കേന്ദ്ര സർക്കാർ ആനുകൂല്യങ്ങൾ നിഷേധിച്ചത്. ഓഖിയും പ്രളയവും അടുത്തകാലത്തുണ്ടായ പ്രതിസന്ധിഘട്ടത്തിലെല്ലാം കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ തോട്ടം തൊഴിലാളികളെ പട്ടിണിക്കിടാതെ അവർക്കാവശ്യമായ സാമ്പത്തിക സഹായവും ഭക്ഷ്യകിറ്റും നൽകിയെന്നത് അഭിമാന പുരസ്സരം പറയുകയാണ്. നമ്മുടെ തൊഴിലാളികൾക്ക് മാത്രമല്ല, ബംഗാളിലെയും ആസാമിലെയും ജാർഖണ്ഡിലെയും തൊഴിലാളികളുൾപ്പെടുന്ന ജില്ലയിലെ 6556 കുടുംബങ്ങൾക്ക് അരിയും കിറ്റും നൽകുവാൻ എൽ.ഡി.എഫ്. സർക്കാർ തയ്യാറായി. അതുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാരിനെ നെഞ്ചിലേറ്റുവാനും വമ്പിച്ച ഭൂരിപക്ഷത്തോടെ വീണ്ടും അധികാരത്തിലേറ്റുവാനും ജനങ്ങൾ തയ്യാറായതെന്ന് അഭിമാനപുരസ്സരം ഞാൻ പറയുകയാണ്. സമയക്കുറവുമൂലം എന്റെ വാക്കുകൾ ചുരുക്കുന്നു, നന്ദി.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. വമ്പിച്ച വിജയം നേടി, യു.ഡി.എഫ്. പരാജയപ്പെട്ടു. നിങ്ങളുടെ വിജയം ശരിക്കും പറഞ്ഞാൽ വളരെ ഗംഭീരമായിരുന്നു. ഭരിച്ച ഒരു മുന്നണിക്ക് മുമ്പെങ്ങും ഇല്ലാത്തവിധം തുടർഭരണം ലഭിച്ചത് എങ്ങനെയാണ്; കഴിഞ്ഞ ഭരണത്തിന്റെ മഹത്വം കൊണ്ടാണോ; മേന്മ കൊണ്ടാണോ; നാട്ടിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ കൊണ്ടാണോ; അതോ മന്ത്രിമാരുടെ മിടുക്ക് കൊണ്ടാണോ? ഇതിനുമുൻപുള്ള യു.ഡി.എഫ്. സർക്കാരിന്റെയും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെയും വികസന പ്രവർത്തനങ്ങൾ നോക്കുകയാണെങ്കിൽ യു.ഡി.എഫ്. എത്രയോ മുന്നിലായിരുന്നു. എൽ.ഡി.എഫ്.-ന് ഈ വിജയം എങ്ങനെ ലഭിച്ചുവെന്നതിന് പല കാരണങ്ങളുണ്ട്. ഏറ്റവും പ്രധാനം, മാർക്കറ്റിംഗിൽ എക്സ്പെർട്ടായ ഒരു കമ്പനിയെ ഇലക്ഷൻ ക്യാമ്പയിൻ ഏൽപ്പിച്ചു. കുറ്റം പറയാൻ പറ്റില്ലല്ലോ; കോടികൾ ചെലവഴിച്ച നിങ്ങളുടെ ഇലക്ഷൻ ക്യാമ്പയിൻ അതിഗംഭീരമായിരുന്നു. യു.ഡി.എഫ്.-മായി തട്ടിച്ചുനോക്കാൻപോലും കഴിയാത്ത തരത്തിലായിരുന്നു നിങ്ങളുടെ ക്യാമ്പയിൻ. സോഷ്യൽ മീഡിയയിൽ

ഒരു എക്സ്പെർട്ട് ടീം നിങ്ങൾക്കുണ്ടായിരുന്നു. പരസ്യങ്ങൾ കൃത്യമായി ചെയ്യാൻ ആളുകളുണ്ടായിരുന്നതിന്റെ വിജയം മാത്രമാണ് നിങ്ങൾക്കുണ്ടായത്. അല്ലാതെ അഞ്ച് വർഷത്തെ ഭരണത്തിന്റെ മികവുകാരണമല്ല നിങ്ങൾ വീണ്ടും അധികാരത്തിൽ വന്നത്. നിങ്ങൾ കൃത്യമായി മാർക്കറ്റ് ചെയ്തു. ഓരോ പരസ്യവും കൊടുക്കേണ്ട സമയത്ത് കൊടുത്തു. ജനങ്ങളെ മുഴുവൻ നിങ്ങൾ തെറ്റിദ്ധരിപ്പിച്ച് വശത്താക്കി. കഴിഞ്ഞ ഭരണത്തിന്റെ മാഹാത്മ്യം കാരണമല്ല നിങ്ങൾ വീണ്ടും ഇവിടെ കയറിയിരിക്കുന്നത്. ഭരണത്തിന്റെ അവസാന വർഷം എന്റെ സ്നേഹിതനും പ്രിയങ്കരനുമായ മുൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കടം കയറി മുടിഞ്ഞ ഒരു തറവാട്ടു കാരണവരുടെ മുഖമായിരുന്നു. കേരളപ്പിറവിക്കുശേഷം 13 സർക്കാരുകൾ വാങ്ങിയ കടത്തിനെക്കാൾ വലിയ സംഖ്യയാണ് കഴിഞ്ഞ സർക്കാർ മാത്രം വാങ്ങിയത്. ഒന്നരലക്ഷം കോടി രൂപയിൽനിന്ന് അത് മൂന്നുലക്ഷം കോടി രൂപയായി. ചാടിയതിലും വലുതാണ് മടയിൽ കിടക്കുന്നതെന്ന് ഒരു ചൊല്ലുണ്ട്, ലക്ഷണം കണ്ടിട്ട് ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രിയെ കടത്തിവെട്ടുമെന്നാണ് തോന്നുന്നത്. കുറച്ചുകാലത്തിനിടയിൽ അങ്ങ് എത്രയാണ് കടം വാങ്ങിയത്; എവിടേയ്ക്കാണ് നമ്മുടെ സാമ്പത്തികാവസ്ഥ പോകുന്നത്? കേന്ദ്ര നികുതികളും ഗ്രാന്റുകളും സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനവും കുറഞ്ഞ് കേരളം വളരെ വലിയ ഒരു കടക്കെണിയിലേയ്ക്കാണ് പോകുന്നത്. കഴിഞ്ഞ സർക്കാർ ചെലവുചുരുക്കി മാറിനിൽക്കാതെ കടമെടുത്ത് നാടിനെ രക്ഷിച്ചുവെന്നും അതേ സമീപനം തുടരണമെന്നുമാണ് പുതിയ ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. കടമെടുക്കുന്നത് ആസ്തി വികസനത്തിനുവേണ്ടി മാത്രമാണെങ്കിൽ വലിയ കുഴപ്പമില്ല. പക്ഷെ, നിത്യചെലവിനും പരസ്യങ്ങൾക്കും ഹെലികോപ്റ്റർ വാടകയ്ക്കും വക്കീലന്മാർക്കും ഉപദേശകന്മാർക്കും നൽകാനാണെങ്കിൽ അത് തീർച്ചയായും ധൂർത്ത് തന്നെയാണ്. കിഫ്ബിയിൽ 7,000 കോടി രൂപയുടെ പദ്ധതി മാത്രമേ ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളൂ. എ.എസ്. കൊടുത്ത വകയിൽ സ്ഥലം ഏറ്റെടുത്തതുൾപ്പെടെ 45,000 കോടി രൂപ വേണം. ആഭ്യന്തര വായ്പ ഇനത്തിൽ 64,500 കോടി രൂപ, വിദേശ സഹായ വായ്പ ഇനത്തിൽ 2,860 കോടി രൂപ തിരിച്ചടയ്ക്കണം. ആകെ ഏകദേശം ഒന്നേകാൽ ലക്ഷം കോടി രൂപ ഈ സർക്കാർ 5 വർഷത്തിനിടയിൽ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. എവിടെ നിന്നാണ് അങ്ങ് കൊടുക്കുന്നത്; എങ്ങനെയാണ് തിരിച്ചടയ്ക്കുന്നത്? പെട്രോളിയം പ്രോഡക്ട്സ് ജി.എസ്.ടി.-യിൽ വരുന്നതിനുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്, അതുകൂടി വന്നാൽ നമ്മുടെ സ്ഥിതി എന്താകും? വട്ടപ്പൂജ്യം. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വെട്ടിക്കുറയ്ക്കുമെന്നാണ് ഇപ്പോൾ പറയുന്നത്. ഈ ഫണ്ടുകൊണ്ടാണ് എം.എൽ.എ.-മാർ അത്യാവശ്യ വർക്കുകളൊക്കെ ചെയ്തിരുന്നത്. സ്കൂൾ കെട്ടിടങ്ങൾ, കുടിവെള്ള പദ്ധതി, റോഡുകൾ എന്നിവയൊക്കെയാണ് എം.എൽ.എ. ഫണ്ടുകൊണ്ട്

നിർമ്മിക്കുന്നത്. വെട്ടിക്കുറച്ച 500 കോടി രൂപകൊണ്ട് നമ്മുടെ പ്രശ്നങ്ങളെല്ലാം തീരുമെങ്കിൽ കുഴപ്പമില്ലായിരുന്നു. ഞങ്ങൾ സമ്മതിക്കുന്നു. 63,000 കോടി രൂപയുടെ അതിവേഗ റെയിലിനെപ്പറ്റിയാണ് നമ്മൾ എപ്പോഴും സംസാരിക്കുന്നത്. ഇതൊരു വിരോധാഭാസമാണ്. ഇപ്പോഴത്തെ റിയാലിറ്റി എന്താണെന്ന് ധനകാര്യ വകുപ്പുമന്ത്രി മനസ്സിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തെ പട്ടിണിക്കിടാതെ നോക്കിയിരുന്നത് പ്രവാസി മലയാളികളാണ്. അങ്ങ് വളരെ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. 28 ലക്ഷത്തോളം വരുന്ന പ്രവാസികൾ നാട്ടിലേയ്ക്ക് അയച്ചിരുന്നത് 1,50,000 കോടി രൂപയാണ്. കോവിഡ് സാഹചര്യത്തിൽ പതിനാല് ലക്ഷത്തോളം പ്രവാസികൾ തിരികെവന്നു. ഏകദേശം അത്രയും പ്രവാസികൾ ജോലിയും ശമ്പളവും ഇല്ലാതെ വിദേശത്തുണ്ട്. ഇപ്പോൾ അവരുടെ സ്ഥിതി വളരെ വിഷമകരമാണ്. 1,50,000 കോടി രൂപ ഒരു വർഷം അയച്ചിരുന്നത് നേരെ മാർക്കറ്റിലേയ്ക്കാണ് പോയിരുന്നത്. മാർക്കറ്റിലെ ഇന്നത്തെ അവസ്ഥയും വളരെ മോശമാണ്.

അടുത്ത കാലത്ത് പത്രമാധ്യമങ്ങളിലും നാട്ടിലുമുണ്ടായ വലിയൊരു ചർച്ച ന്യൂനപക്ഷ വകുപ്പിനെപ്പറ്റിയാണ്. അമിതമായി മുസ്ലീം ജനവിഭാഗം എന്തൊക്കെയോ സർക്കാരിൽനിന്ന് നേടിയെടുക്കുകയും തട്ടിയെടുക്കുകയും ചെയ്യുന്നു, മറ്റുള്ളവർക്ക് കിട്ടുന്നതിനേക്കാൾ കൂടുതൽ കിട്ടുന്നു എന്നൊക്കെയാണ് ചർച്ച ചെയ്യപ്പെടുന്നത്. മദ്രസ്സാദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിന് 5000 കോടി രൂപയോളം സർക്കാർ ചെലവഴിക്കുന്നുവെന്നുള്ള കള്ളപ്രചരണങ്ങൾ നടക്കുകയാണ്. ഇതുസംബന്ധിച്ച് കേസ്, കോടതിവിധി എന്നിങ്ങനെ എന്തെല്ലാം പുകിലുകളാണുണ്ടായത്? കേരളത്തിലെ മുസ്ലീം ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം ക്രിസ്ത്യാനികളുടെയും പരമ്പരാഗത ജാതിശ്രേണിയിൽ മുഖ്യസ്ഥാനത്തുണ്ടായിരുന്ന ജാതികളുടെയും നിലവാരത്തിന് വളരെ താഴെയാണെന്നാണ് പാലോളി കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുള്ളത്. മുസ്ലീങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ സാഹചര്യത്തിൽ കാര്യമായ യാതൊരു മാറ്റവുമുണ്ടാകാത്ത സ്ഥിതിക്ക് അവരുടെ പേരിലുള്ള യാതൊരു ആനുകൂല്യവും നഷ്ടപ്പെടാൻ പാടില്ല. ഇത് കോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിന് സർക്കാരിന് വീഴ്ച പറ്റിയിട്ടുണ്ട്. സച്ചാർ കമ്മീഷൻ നിർദ്ദേശിച്ച തരത്തിലുള്ള ക്ഷേമപദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നില്ലെങ്കിൽ മുസ്ലീങ്ങൾ ഇതുവരെ കൈവരിച്ച പുരോഗതിയെപ്പോലും പിന്നോട്ട് നയിക്കും. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അഞ്ച് വർഷംകൊണ്ട് ന്യൂനപക്ഷക്ഷേമ വകുപ്പിന് 517 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചു. എൽ.ഡി.എഫ്. അഞ്ച് വർഷംകൊണ്ട് 351 കോടി രൂപ മാത്രമാണ് നീക്കിവച്ചത്. അതുതന്നെ മുഴുവൻ ചെലവാക്കിയില്ല.

ഈ വർഷം അങ്ങ് നീക്കിവച്ചത് വെറും 42 കോടി രൂപ മാത്രമാണ്. ബി.ജെ.പി. ഭരിക്കുന്ന അയൽ സംസ്ഥാനമായ കർണ്ണാടകയിൽ ഒരു വർഷം 1700 കോടി രൂപയാണ് ന്യൂനപക്ഷത്തിനുവേണ്ടി ചെലവഴിക്കുന്നത്. തമിഴ്നാട്ടിൽ 900 കോടി രൂപയും ബംഗാളിൽ 3470 കോടി രൂപയും നീക്കിവയ്ക്കുന്ന സ്ഥാനത്താണ് കേരളം 42 കോടി രൂപ നീക്കിവച്ചത്. ഇതുകൊണ്ട് എന്ത് ചെയ്യാനാണ്? എൽ.ഡി.എഫ്. സർക്കാർ കഴിഞ്ഞ അഞ്ചുവർഷം മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമനിധിയിലേയ്ക്ക് അഞ്ച് നയാപൈസ പോലും അടച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽനിന്നും ഏതെങ്കിലും ഒരു പദ്ധതി നിങ്ങൾ നേടിയെടുത്തോ? MsDP, SPQEM, IDMI തുടങ്ങിയ പദ്ധതികളൊക്കെ പൂട്ടിപ്പോയി. കേരളത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചത് സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻവേണ്ടി മാത്രമാണ്. മറ്റു സംസ്ഥാനങ്ങളെല്ലാം സച്ചാർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം വളരെപ്പെട്ടെന്ന് ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചപ്പോൾ കേന്ദ്ര സർക്കാർ നിരന്തരം ആവശ്യപ്പെട്ടതിനെത്തുടർന്ന് ഏറ്റവുമൊടുവിലാണ് കേരളത്തിലൊരു ന്യൂനപക്ഷ സെല്ലുണ്ടാക്കിയതും പിന്നീട് വകുപ്പ് രൂപീകരിച്ചതും. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്ത് വാസ്തവവിരുദ്ധമായ പലതും പറഞ്ഞു പ്രചരിപ്പിച്ചു. എന്നാൽ പ്രചരണങ്ങളുടെ യാഥാർത്ഥ്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്താനോ അവ നിഷേധിക്കാനോ അന്നത്തെ സർക്കാർ തയ്യാറായില്ല. ഇനിയെങ്കിലും വസ്തുതകൾ പൊതുസമൂഹത്തെ ധരിപ്പിക്കാൻ സർക്കാർ തയ്യാറാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഒരിക്കൽ കൂടി ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു.

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഇവിടെ കോവിഡ് എന്ന മഹാമാരിയെ തുടച്ചുനീക്കി നാടിന്റെ വികസനത്തുടർച്ചയ്ക്ക് കൂടുതൽ വേഗത പകരാനുള്ള ശ്രമത്തിലാണ് രണ്ടാം പിണറായി സർക്കാർ. സമാനതകളില്ലാത്ത പ്രതിസന്ധികളെ നേരിട്ടുകൊണ്ടാണ് ഒന്നാം പിണറായി സർക്കാർ കാലാവധി പൂർത്തിയാക്കിയിട്ടുള്ളത്. പ്രകൃതി ദുരന്തങ്ങൾ മുതൽ ഒടുവിലെത്തിയ കോവിഡ് വരെ ഈ സഭയിൽ ഒരുപാട് ചർച്ച ചെയ്തതാണ്. ആ പ്രതിസന്ധികളൊക്കെ അവഗണിച്ചുകൊണ്ട് സമാനതകളില്ലാത്ത വികസന ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കിയ ഒന്നാം പിണറായി സർക്കാരിനെ അട്ടിമറിക്കുന്നതിനുവേണ്ടിയുള്ള വലിയശ്രമം നമ്മുടെ നാട്ടിൽ നടന്നിട്ടുണ്ട്. ഒരുപാട് നന്മ ചെയ്ത ഒരു ഗവൺമെന്റായിരുന്നു ഒന്നാം പിണറായി ഗവൺമെന്റ്. ആ നന്മകൾ കെട്ടുപോകാൻ പാടില്ല. ആ നന്മകൾ കൂടുതൽ ജ്വലിക്കണമെന്നാണ് കേരളത്തിലെ ജനങ്ങൾ തീരുമാനിച്ചത്. ആ നന്മകൾ പലപ്പോഴും ഊതിക്കെടുത്താൻ ശ്രമിച്ചവരാണ് കേരളത്തിലെ പ്രതിപക്ഷം. ആ ശ്രമങ്ങളെയെല്ലാം അവഗണിച്ചുകൊണ്ടാണ് പ്രബുദ്ധരായ ജനങ്ങൾ വലിയ ഭൂരിപക്ഷത്തോടുകൂടി വീണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ

തെരഞ്ഞെടുത്തിട്ടുള്ളത്. ഒരു വശത്ത് ജനകീയ സർക്കാരിനെ അട്ടിമറിക്കാൻ ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യുമെല്ലാം നടത്തിയിട്ടുള്ള ശ്രമങ്ങൾ. സമയക്കുറവുമൂലം ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്കും പോകുന്നില്ല. കേന്ദ്ര ഏജൻസികൾ കേരളത്തിൽ വട്ടമിട്ട് പറക്കുകയായിരുന്നില്ലേ? ആ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും ഒത്താശയും ചെയ്തുകൊടുത്തവരായിരുന്നില്ലേ കേരളത്തിലെ പ്രതിപക്ഷം. അതിനെയെല്ലാം പരാജയപ്പെടുത്തിക്കൊണ്ടല്ലേ വർദ്ധിതവീര്യത്തോടുകൂടി വീണ്ടും കേരളത്തിൽ ഇടതുപക്ഷം അധികാരത്തിൽ വന്നിട്ടുള്ളത്. ഇവിടെ തെരഞ്ഞെടുപ്പിനുശേഷം ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത് ഇത് ജനങ്ങളുടെ വിജയമാണെന്നാണ്. അതെ; യഥാർത്ഥത്തിൽ ഇത് നാട്ടിലെ ജനങ്ങളുടെ വിജയം തന്നെയാണ്. ഇന്ത്യയുടെ തെക്കേയറ്റത്തു കിടക്കുന്ന ഈ കൊച്ചു കേരളം എന്നും രാജ്യത്തിന് പ്രതീക്ഷ നൽകുന്ന ഒരു തുരുത്തായി അവശേഷിക്കുകയാണ്. ഈ കൊച്ചു കേരളമാണ് ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും വർഗ്ഗീയ ഫാസിസത്തെ നിവർന്നുനിന്നുകൊണ്ട് എതിർക്കാൻ തയ്യാറായിട്ടുള്ളത്. ഇവിടെ ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം നടപ്പിലാക്കാൻ ശ്രമിച്ചിട്ടുള്ള ദേശവിരുദ്ധ നിയമങ്ങൾ, ജനവിരുദ്ധ നിയമങ്ങൾ കേരളത്തിൽ നടപ്പിലാക്കില്ലായെന്ന് ആദ്യമായി രാജ്യത്ത് പ്രഖ്യാപിച്ചത് ഈ കൊച്ചു കേരളത്തിലാണ്. രാജ്യത്തെ അത്തരം നീക്കങ്ങൾക്കെതിരെ മുന്നിൽനിന്ന് തേര് നയിക്കുന്നതിന് തയ്യാറായി മുന്നോട്ടുവന്നിട്ടുള്ളത് ഈ കൊച്ചു കേരളവും കേരളത്തിലെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയനുമാണ്. അതുകൊണ്ടുതന്നെയാണ് കേരളം രാജ്യത്ത് വ്യത്യസ്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് സധൈര്യം മുന്നോട്ടുപോകുന്ന ഒരു സംസ്ഥാനമായി മാറിയിട്ടുള്ളത്.

പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. കഴിഞ്ഞ ദിവസങ്ങളിലൊക്കെ നടന്നിട്ടുള്ള ചർച്ചകൾ, ഏറ്റവുമൊടുവിൽ എനിക്കുമുമ്പ് സംസാരിച്ച ബഹുമാന്യനായ അംഗമുൾപ്പെടെയുള്ള ആളുകൾ ഇവിടെ നടത്തിയിട്ടുള്ള ആക്ഷേപങ്ങൾ അല്ലെങ്കിൽ അവരുന്നയിച്ച വാദഗതികൾ, എങ്ങനെയാണ് ഇവർക്ക് ഇങ്ങനെ പറയാൻ കഴിയുന്നത്? ചരിത്രത്തിലെ ഏറ്റവും വലിയ തോൽവി ഏറ്റുവാങ്ങിയതിനുശേഷമല്ലേ അവർ ഈ സഭയിലേയ്ക്ക് വന്നിട്ടുള്ളത്. ഇവരുടെ മുമ്പിൽ കാണ്ടാമൃഗം പോലും തോറ്റുപോകുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. എന്തും വിളിച്ചു പറയാൻ കഴിയുന്ന മാനസികാവസ്ഥയിലേയ്ക്ക് ആളുകൾ മാറിയിരിക്കുകയാണ്. ശ്രീ. മഞ്ഞളാംകുഴി അലിയുൾപ്പെടെയുള്ള ബഹുമാന്യരായ അംഗങ്ങൾ എനിക്കുമുമ്പേ സംസാരിച്ചു. ഇവർ ഇനിയും യാഥാർത്ഥ്യത്തെ മനസ്സിലാക്കാൻ തയ്യാറാകുന്നില്ല. പലരുടെയും ചർച്ചകൾ കേൾക്കുമ്പോൾ ഞങ്ങളാണോ ജയിച്ചത്; അതോ അവരാണോ ജയിച്ചതെന്ന് ഞങ്ങൾക്കുതന്നെ സംശയമാണ്. അതുപോലുള്ള ചർച്ചകളല്ലേ ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്? യാഥാർത്ഥ്യത്തിന് നിരക്കാത്ത

തരത്തിലുള്ള നിലപാട് വീണ്ടും അവർ സ്വീകരിക്കുന്നു. നിങ്ങളിത് തിരുത്താൻ തയ്യാറാകണം. നിങ്ങളുടേത് അടിത്തറയിളകിയ പരാജയം തന്നെയാണ്. തിരിച്ചു വരാനാകാത്ത പരാജയത്തിലാണ് നിങ്ങളകപ്പെട്ടിട്ടുള്ളത്. നേതാവ് മാറിയതു കൊണ്ട് നിങ്ങൾ നന്നാവാൻ പോകുന്നില്ലെന്നറിയാം. നേതാവല്ല മാറേണ്ടത്, നിങ്ങളുടെ നിലപാടുകളും നയങ്ങളും പ്രവർത്തന രീതികളും ഇനിയെങ്കിലും മാറ്റാൻ തയ്യാറാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്. പതിവ് രീതികളവസാനിപ്പിച്ചുകൊണ്ട് തുടർഭരണം എന്നുള്ളതാണ് ഈ തെരഞ്ഞെടുപ്പിന്റെ പ്രത്യേകത. ചരിത്രം പരിശോധിക്കുമ്പോൾ പതിവ് രീതികളവസാനിപ്പിച്ചുകൊണ്ടുള്ള തുടർഭരണമാണ് ഇപ്പോൾ കേരളത്തിലുണ്ടായിട്ടുള്ളത്. ഞാൻ ചർച്ചയെ സംബന്ധിച്ച് സൂചിപ്പിച്ചു. മുൻ പ്രതിപക്ഷ നേതാവുൾപ്പെടെ ബഹുമാന്യരായ അംഗങ്ങൾ നടത്തിയിട്ടുള്ള ചർച്ചകളിൽ കോവിഡ് സമ്മാനിച്ചതാണ് ഈ തുടർഭരണമെന്നാണ് പറഞ്ഞിട്ടുള്ളത്. എന്ത് വസ്തുതാ വിരുദ്ധ പ്രസ്താവനകളാണ് നടത്തുന്നത്? യഥാർത്ഥത്തിൽ കോവിഡെന്ന മഹാമാരി ഉണ്ടായിട്ടില്ലെങ്കിൽ ഞങ്ങൾ ഇതിൽ കൂടുതൽ സീറ്റുകൾ കേരളത്തിൽ നേടുമായിരുന്നു. അവസാന ഒരുവർഷക്കാലം പൂർണ്ണമായും നഷ്ടപ്പെട്ട ഒരു ഗവൺമെന്റാണ് ഒന്നാം പിണറായി സർക്കാർ. ഏതൊരു ഗവൺമെന്റിന്റെയും അവസാന ഒരു വർഷക്കാലത്താണ് വികസന പ്രവർത്തനങ്ങൾ ഏറ്റവും വേഗത്തിൽ നടപ്പിലാക്കാൻ സാധിക്കുന്നത്. എന്നാൽ ഈ ഗവൺമെന്റിന്റെ അവസാന ഒരു വർഷക്കാലം പൂർണ്ണമായും നഷ്ടപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത് യഥാർത്ഥത്തിൽ കോവിഡ് വന്നില്ലായിരുന്നെങ്കിൽ ഞങ്ങൾ ഇതിൽ കൂടുതൽ സീറ്റ് നേടി അധികാരത്തിൽ വന്നേനെയെന്ന്. യഥാർത്ഥത്തിൽ വസ്തുത അതല്ലേ; അതിനെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ അവതരിപ്പിക്കുന്നതിനല്ലേ നിങ്ങൾ ശ്രമിച്ചത്; കഴിഞ്ഞ അഞ്ചു വർഷക്കാലം എന്തായിരുന്നു സ്ഥിതി? ഇവിടെ നാട് വലിയ പ്രതിസന്ധികളെ നേരിടുമ്പോൾ ഒരുമിച്ചു നിൽക്കേണ്ടതിനുപകരം ഒറ്റുകാരന്റെ റോളിലായിരുന്നില്ലേ കേരളത്തിലെ പ്രതിപക്ഷം? അതിനുള്ള തിരിച്ചടിയല്ലേ ജനങ്ങൾ ഈ തെരഞ്ഞെടുപ്പിൽ നൽകിയിട്ടുള്ളത്? നിങ്ങൾ കിഫ്ബിയെയും ലൈഫ് ഭവന പദ്ധതിയെയും തകർക്കാൻവേണ്ടി ശ്രമിച്ചില്ലേ; അതിന്റെ വിശദാംശങ്ങൾ മുൻപ് സംസാരിച്ച അംഗങ്ങൾ സൂചിപ്പിച്ചതിനാൽ അത്തരം കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അങ്ങനെ ദുരിതക്കയത്തിൽ മുങ്ങുമ്പോൾ കൈത്താങ്ങായി ഒരു സർക്കാർ ഇവിടെ ഒപ്പമുണ്ടായിരുന്നു. ആ സർക്കാരിനോടൊപ്പംനിന്ന് പ്രവർത്തിക്കേണ്ട പ്രതിപക്ഷം അതിനുവേണ്ടി ശ്രമിച്ചില്ല എന്നുള്ളതാണ് വസ്തുത. നിങ്ങൾ എങ്ങനെയാണ് നാല്പത്തിയൊന്നിലേയ്ക്കെങ്കിലും എത്തിയിട്ടുള്ളതെന്ന് ഇവിടെ ഒട്ടേറെപ്പേർ ചർച്ച ചെയ്തതാണ്. യഥാർത്ഥത്തിൽ ബി.ജെ.പി.-യും ജമാഅത്തെ ഇസ്ലാമിയുമുൾപ്പെടെയുള്ള വർഗ്ഗീയശക്തികൾ നൽകിയിട്ടുള്ള

പ്രാണവായുവിലാണ് കേരളത്തിൽ ഇന്ന് യു.ഡി.എഫ്. ജീവിച്ചിരിക്കുന്നത്. ജമാഅത്തെ ഇസ്ലാമിയും ആർ.എസ്.എസ്.-ഉം നൽകിയിട്ടുള്ള പ്രാണവായുവിലാണ് നിങ്ങളിന്ന് ജീവൻ നിലനിർത്തിക്കൊണ്ടിരിക്കുന്നത്. ആ നിലപാട് തിരുത്താൻ നിങ്ങൾ തയ്യാറാകണം. ഇവിടെ കഴിഞ്ഞദിവസം ബഹുമാന്യനായ മുഖ്യമന്ത്രി സൂചിപ്പിച്ചു. കേരളത്തിൽ 90 മണ്ഡലങ്ങളിൽ ബി.ജെ.പി.-യുൾപ്പെടെയുള്ള വർഗ്ഗീയ കക്ഷികളുടെ വോട്ട് നിങ്ങൾ വാങ്ങിയിട്ടുണ്ട് എന്ന്. ബഹുമാന്യനായ മുഖ്യമന്ത്രി കണക്ക് സഭയിൽ അവതരിപ്പിച്ചതാണ്. എറണാകുളം ജില്ലയിൽ പന്ത്രണ്ട് മണ്ഡലങ്ങളിലാണ് വോട്ട് മറിച്ചിട്ടുള്ളത്; ഏതാണ്ട് 74000 വോട്ട്. എന്റെ മണ്ഡലത്തിലുൾപ്പെടെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ കണക്ക് പരിശോധിക്കുമ്പോൾ 12000 ബി.ജെ.പി. വോട്ടുകൾ യു.ഡി.എഫ്.-ന് പോയിട്ടുണ്ട്. എന്നിട്ടും പരാജയപ്പെടുത്താൻ സാധിച്ചിട്ടില്ല. തൃപ്പൂണിത്തുറയിലെ ജനാധിപത്യ അട്ടിമറിയുൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്തതാണ്. സമയക്കുറവുമൂലം അത്തരം കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാനുദ്ദേശിക്കുന്നില്ല. യഥാർത്ഥത്തിൽ ഫാസിസത്തിനെതിരെ യുദ്ധം ചെയ്യാൻപോയ ബഹുമാന്യനായ വ്യക്തി യുദ്ധം അവസാനിപ്പിച്ചുകൊണ്ട് വളരെ വേഗത്തിൽ ഈ സഭയിലേയ്ക്ക് തിരിച്ചെത്തിയിരിക്കുകയാണ്. കേരളത്തിലെ ജനങ്ങൾക്കുവേണ്ടത് കടലിൽ ചാടുന്ന രാഹുൽ ഗാന്ധിയെയല്ല; കാറ്റിലും കോളിലും നൗകയെ ഭയരഹിതമായും സുരക്ഷിതമായും നയിക്കുന്ന ശ്രീ. പിണറായി വിജയനെന്ന കപ്പിത്താനെയാണ് എന്ന് ഈ തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾ തീരുമാനിച്ചിട്ടുണ്ട്. നവകേരള സൃഷ്ടിയുമായി കൂടുതൽ വേഗത്തിൽത്തന്നെ ഞങ്ങൾ മുന്നോട്ടു പോവുകയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽ കൂടി സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. കേരളത്തിൽ ഒരു ഭരണത്തുടർച്ച നേടുന്ന ആദ്യത്തെ മുഖ്യമന്ത്രിയാണ് ബഹുമാനപ്പെട്ട പിണറായി വിജയൻ. അദ്ദേഹം ഭരണം തുടങ്ങിക്കഴിഞ്ഞു. ഈ തെരഞ്ഞെടുപ്പിലേയ്ക്ക് പോകുമ്പോൾത്തന്നെ 'ഉറപ്പാണ് എൽ.ഡി.എഫ്.' എന്നുള്ള ഉറച്ച മുദ്രാവാക്യം ഉയർത്തിക്കൊണ്ടാണ് മത്സരരംഗത്തേയ്ക്ക് വന്നത്. അങ്ങനെ പറയാൻ കാരണമുണ്ട്. പ്രകടനപത്രികയിൽ പറഞ്ഞിരുന്ന 676 കാര്യങ്ങളും നടപ്പാക്കിയ ഗവൺമെന്റാണ് കഴിഞ്ഞ സർക്കാർ. അതുകൊണ്ടുതന്നെയാണ് കേരളത്തിലെ ജനങ്ങൾ വീണ്ടും ഈ സർക്കാരിനെ തെരഞ്ഞെടുത്തത്. സമൂഹത്തിൽ പ്രയാസം അനുഭവിക്കുന്ന സാധാരണക്കാർക്ക് സഹായം നൽകുകയെന്നതായിരുന്നു ലക്ഷ്യം. അതിനായി സർക്കാർ സ്വീകരിച്ച നടപടികളും സർക്കാർ ആവിഷ്കരിച്ച പദ്ധതികളും ജനങ്ങൾ ഇരുകൈകളും നീട്ടി സ്വീകരിച്ചു. അതുകൊണ്ടാണ് ജനങ്ങൾ തുടർഭരണം നൽകിയത്. ഈ പുതിയ സർക്കാരിൽനിന്ന് ജനങ്ങൾ ഒത്തിരി

കാര്യങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. കഴിഞ്ഞ ഇടതുപക്ഷ സർക്കാർ നിരവധി പ്രതിസന്ധി ഘട്ടങ്ങളിൽക്കൂടിയാണ് കടന്നുപോയത്. എത്ര ദുരന്തങ്ങളെയാണ് നാം നേരിട്ടത്? രണ്ട് പ്രളയം, നിപ, ഓഖി, പിന്നെ ഇപ്പോഴും തുടരുന്ന കോവിഡ് പ്രതിസന്ധി. ഈ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം ജനങ്ങളോടൊപ്പംനിന്ന് പ്രവർത്തിക്കുന്ന സർക്കാരാണെന്ന ഉത്തമബോദ്ധ്യം കേരളത്തിലെ ജനങ്ങൾക്കുണ്ട്. അതു തന്നെയാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ പ്രത്യേകത. ഓരോ പ്രതിസന്ധിഘട്ടത്തിലും ജനങ്ങളോടൊപ്പംനിന്ന് അവരുടെ വിശ്വാസം നേടിയെടുത്ത് സർക്കാർ ഒപ്പമുണ്ടെന്ന് അവരെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചു. കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ നോട്ട് നിരോധനത്തിന്റെ ഭാഗമായി സാമ്പത്തിക മേഖലയിലുണ്ടായ തകർച്ചയെ അതിജീവിക്കാൻ കഴിഞ്ഞ സർക്കാരിന് സാധിച്ചു. ഇവയൊന്നും നമ്മുടെ വികസന മാർഗ്ഗത്തിന് തടസ്സം സൃഷ്ടിച്ചില്ല. മികച്ച ധനകാര്യ മാനേജ്മെന്റിലൂടെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സർക്കാരിന് സാധിച്ചു. മത്സ്യ ത്തൊഴിലാളികൾ, ചെറുപ്പക്കാർ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ എന്നിവരെയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് പ്രളയകാലത്ത് സർക്കാർ നടത്തിയ രക്ഷാപ്രവർത്തനങ്ങൾ ഇന്നും ആരും മറന്നിട്ടില്ല. പ്രളയത്തിൽ വീടും ജീവനോപാധിയും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം നൽകി. പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും പുനർനിർമ്മിച്ച് നൽകി. റീബിൽഡ് കേരള പദ്ധതിയിലൂടെ തകർന്ന റോഡുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിച്ചു. കോവിഡ് ഇന്ത്യയിൽ ആദ്യമായി റിപ്പോർട്ട് ചെയ്തത് കേരളത്തിലാണ്. അതിനെ പ്രതിരോധിക്കാൻ നമ്മുടെ സർക്കാർ സ്വീകരിച്ച നടപടികൾ രാജ്യത്തുമാത്രമല്ല, ലോകത്തെല്ലായിടത്തും പ്രശംസ നേടി. അതോടൊപ്പം തന്നെ കോവിഡിന്റെ രണ്ടാം തരംഗം ആഞ്ഞടിക്കുമ്പോഴും സംസ്ഥാനത്തെ കോവിഡിന്റെ മരണനിരക്ക് 0.4 ശതമാനം മാത്രമാണ്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ആരോഗ്യ മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് സർക്കാർ ആദ്യത്തെ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ഞാൻ ഒരുകാര്യം പറയാൻ ആഗ്രഹിക്കുന്നു. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്ന് നാലുകോടി രൂപയെടുക്കുമ്പോൾ അതാത് നിയോജകമണ്ഡലത്തിലെ താലൂക്കാശുപത്രികളും പി.എച്ച്.സി.-കളും പുനഃക്രമീകരിക്കാൻ ഈ തുക എം.എൽ.എ.-മാർക്ക് നൽകണമെന്ന് ഞാൻ വിനീതമായി അപേക്ഷിക്കുകയാണ്. ആരോഗ്യ പ്രവർത്തനങ്ങൾക്കുവേണ്ടിയും കോവിഡ് രംഗത്തെ പ്രവർത്തനങ്ങൾക്കുവേണ്ടിയും ഈ തുക വിനിയോഗിക്കാൻ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പദ്ധതികൾ ക്രമീകരിക്കണം. ആരോഗ്യ മേഖലയ്ക്ക് 20,000 കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചിരിക്കുന്നത്. കോവിഡിന്റെ മൂന്നാം തരംഗമുണ്ടാകുമെന്നുള്ള മുന്നറിയിപ്പ് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ അതിനെ പ്രതിരോധിക്കാനുള്ള നടപടികളുടെ ഭാഗമായി 18 വയസ്സിനുമുകളിലുള്ള എല്ലാവർക്കും സൗജന്യമായി വാക്സിൻ നൽകുന്നതിനുപരിയായി എല്ലാവർക്കും വാക്സിനേഷൻ

സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം. അതോടൊപ്പം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിലുള്ള വ്യത്യാസം നാം കാണേണ്ടതാണ്. കേന്ദ്ര സർക്കാർ എല്ലാവർക്കും സൗജന്യമായി വാക്സിൻ നൽകുമെന്ന് പറഞ്ഞിട്ട് പിന്നോട്ടുപോയി. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇടപെട്ടതിനു ശേഷമാണ് അതിന് മാറ്റം വരുത്തിയത്. ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ ആരോഗ്യ മേഖലയിൽ നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ കാണാതെ പോകാൻ സാധിക്കുകയില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും മുഴുവൻ സമയവും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും ചെയ്തു. അതിന്റെ തുടർച്ചയായി ഈ ബഡ്ജറ്റിൽ ജില്ലാ, ജനറൽ ആശുപത്രികളിൽ പകർച്ചവ്യാധിക്കായി പത്ത് ബെഡ്ഡുകളുള്ള ഐസൊലേഷൻ വാർഡുകൾ, പൂർണ്ണമായും വെന്റിലേറ്റർ സഹായത്തോടുകൂടിയ ഐസൊലേഷൻ വാർഡുകൾ എന്നിവ നടപ്പാക്കുമെന്നുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന വളരെ വലിയൊരുനേട്ടമാണ്.

അതോടൊപ്പംതന്നെ കഴിഞ്ഞ അഞ്ചുവർഷം കാർഷിക മേഖലയിൽ ഉണ്ടാക്കിയിരിക്കുന്ന മാറ്റം നാം കണ്ടു. ഹരിത കേരളം മിഷന്റെ ഭാഗമായി നടപ്പാക്കിയ പ്രവർത്തനത്തിലൂടെ നമ്മുടെ ആഭ്യന്തര കാർഷിക ഉത്പാദനത്തിൽ വൻ വർദ്ധനവുണ്ടായി. കാർഷിക മേഖലയ്ക്ക് രണ്ടായിരം കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. ഇന്ത്യയുടെ അവസാനത്തെ ഗവർണർ ജനറലായിരുന്ന സർ സി. രാജഗോപാലാചാരി പറഞ്ഞ വാക്കുകൾ ഇവിടെ പ്രസക്തമാണ്. 'മനസ്സാണ് ഏറ്റവും വലിയ കോട്ട, മനസ്സ് തകർന്നാൽ ജീവിത യുദ്ധത്തിൽ തോറ്റുപോകും' എന്ന അദ്ദേഹത്തിന്റെ വാക്കുകളെ അന്വർത്ഥമാക്കിക്കൊണ്ടാണ് നമ്മുടെ പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിലെ ഒരു മനുഷ്യജീവിയുടെയും മനസ് തകർന്നുപോകാതിരിക്കാൻ അവരുടെ മനസ്സിനെ ഉത്തേജിപ്പിച്ചുകൊണ്ട് അവർക്ക് എല്ലാ രീതിയിലും സംരക്ഷണം കൊടുക്കുന്നൊരു ബഡ്ജറ്റാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്. ഒരിക്കൽക്കൂടി ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, സഭയിൽ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുന്നു. മണ്ണുകൊണ്ട് നിർമ്മിച്ച വാഴാനി ഡാമും പൂമല ഡാമും പത്താഴക്കുണ്ട് ഡാമും ചാത്തൻചിറയും പേരെപ്പാറ ഡാമും ഏക്കറുകണക്കിന് പാറക്കെട്ടുകളും നിറഞ്ഞ ചപ്പാറയും തൃശ്ശൂർ പട്ടണത്തോട് ചേർന്നുകിടക്കുന്ന വെലങ്ങൻകുന്നും വിശാലമായ കോൾപ്പാടങ്ങളുംകൊണ്ട് പ്രകൃതിരമണീയമാണ് വടക്കാഞ്ചേരി മണ്ഡലം. മലനാട്, ഇടനാട്, സമുദ്രനിരപ്പിന് താഴെക്കിടക്കുന്ന കോൾപ്പാടങ്ങൾ എന്നിങ്ങനെ ഒരു വിനോദസഞ്ചാരിക്ക് ഒരു ദിവസം മുഴുവൻ

നടന്നുകാണാൻ കഴിയുന്ന സൈറ്റ് സീനുകളുള്ള മനോഹരമായ വടക്കാഞ്ചേരിയിൽ നിന്നാണ് ഞാൻ ഈ സഭയിൽ എത്തിയിട്ടുള്ളത്. നവകേരള നിർമ്മിതിയെ ഒറ്റിക്കൊടുത്തവർക്ക്, വീട്ടുമുടക്കികൾക്ക് ചുട്ടമറുപടി കൊടുത്ത് രണ്ടാം പിണറായി സർക്കാരിന്റെ ഭാഗമാകാൻ എന്നെ തെരഞ്ഞെടുത്ത വടക്കാഞ്ചേരി മണ്ഡലത്തിലെ വോട്ടർമാരോട് ഞാൻ നന്ദി പറയുന്നു. ഈ ഗവൺമെന്റ് അതിന്റെ നയപ്രഖ്യാപനത്തിലും ബഡ്ജറ്റിലും നവകേരളം പടുത്തുയർത്താൻ മുന്നോട്ടുവച്ച എല്ലാ നിർദ്ദേശങ്ങളെയും ഞാൻ പിന്തുണയ്ക്കുന്നു. എന്റെ മണ്ഡലത്തിലുള്ള തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജുൾപ്പെടെ തെരഞ്ഞെടുക്കപ്പെട്ട മറ്റ് ആശുപത്രികളിലേയ്ക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രത്യേകം ഐസൊലേഷൻ വാർഡുകൾക്കും പീഡിയാട്രിക് ഐ.സി.യു. ബ്ലോക്കുകൾക്കും നന്ദി പറയുന്നു. കോവിഡ് 19-ന്റെ പ്രത്യേക തരത്തിലുള്ള വിവിധ തരംഗങ്ങളെ മുന്നിൽക്കണ്ടുകൊണ്ട് കോവിഡാനന്തര കേരളത്തെ മുൻനിർത്തി ഭാവനാപൂർണ്ണമായ നയപ്രഖ്യാപനവും ബഡ്ജറ്റുമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. ഒന്നാം പിണറായി സർക്കാർ കോവിഡിന്റെ ഒന്നാം തരംഗത്തിൽ പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ പാക്കേജിനുപുറമെ രണ്ടാം പിണറായി സർക്കാർ രണ്ടാം തരംഗത്തിൽ പ്രഖ്യാപിച്ച 20,000 കോടി രൂപ ഭാവികേരളത്തിന്റെ കരുതലാണ്. കോവിഡിന്റെ ഒന്നാം തരംഗത്തിൽ വാക്സിൻ കണ്ടുപിടിക്കുന്നതുവരെ മോചനമില്ലെന്ന് നാം പറഞ്ഞു. എന്നാൽ വാക്സിൻ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു, അത് യാഥാർത്ഥ്യ മായിരിക്കുന്നു. വാക്സിൻ വാക്സിൻ സർവ്വത്ര, ഇന്ത്യക്കാർക്ക് എന്നാൽ തുള്ളികുടി ക്കാനില്ലത്രേ എന്നതാണ് സ്ഥിതി. ഭരണഘടന വിഭാവന ചെയ്യുന്ന പൗരന്റെ ആരോഗ്യത്തെ, ജീവിക്കാനുള്ള അവകാശത്തെ നിഷേധിക്കലാണ് ബി.ജെ.പി. ഗവൺമെന്റ് ചെയ്യുന്നത്. ബി.ജെ.പി.-ക്കാർ മാത്രമാണോ ഇതിനുത്തരവാദികൾ? നമ്മുടെ പ്രതിപക്ഷത്തിന്റെ ഇക്കാര്യത്തിലെ പങ്ക് ആരൊക്കെ നിഷേധിച്ചാലും ന്യായീകരിച്ചാലും ഐസുകട്ടയിൽ പെയിന്റ് അടിച്ചതുപോലെയാണ്. നമ്മുടെ പ്രതിപക്ഷം വാക്സിൻ സ്വകാര്യവൽക്കരണത്തിന്റെ പിന്നാമ്പുറം ഒന്നുപഠിക്കുന്നത് നല്ലതാണ്. കെട്ടിടത്തിന് വിസ്താരം പോര, പൊക്കമില്ല, സ്റ്റാഫില്ല എന്നൊക്കെപ്പറഞ്ഞ് രാജ്യത്തെ പ്രധാനപ്പെട്ട മൂന്ന് പൊതുമേഖല വാക്സിൻ നിർമ്മാണ കമ്പനികളായിരുന്ന ഹിമാചൽപ്രദേശിലെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട്, തമിഴ്നാട്ടിലെ പാസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ട്, ചെന്നൈയിലെ ബി.സി.ജി. ലബോറട്ടറി എന്നിവ ഉദ്പാദനവും വിതരണവും നിർത്തിവച്ചത് താടിയും തലപ്പാവുമിട്ട ധനകാര്യ വകുപ്പുമന്ത്രിയെന്ന് ഈ സഭയിൽ വിശേഷിപ്പിച്ച സാക്ഷാൽ ബഹുമാനപ്പെട്ട മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായി രുന്നപ്പോഴാണ്. നമ്മുടെ പ്രതിപക്ഷം ഇന്ത്യ ഭരിക്കുമ്പോൾ സ്വകാര്യവൽക്കരണത്തിന് ടോർച്ചടിച്ച് വഴികാട്ടിക്കൊടുത്തു. ബി.ജെ.പി. പൂർവ്വാധികം ഭംഗിയായി അത് നടപ്പിലാക്കി. അവർ തീവെട്ടിക്കൊള്ള നടത്തുന്നു. ഈ നയം തെറ്റാണെന്ന് തുറന്നുപറയാൻ കോൺഗ്രസ്സേ നിങ്ങൾ തയ്യാറുണ്ടോ? വാക്സിൻ ഒരുതുള്ളി കിട്ടണമെങ്കിൽ പണം കൊടുക്കേണ്ടി വന്നത് നിങ്ങളുടെ നയത്തിന്റെ കൂടി ഭാഗമല്ലേ? കഴിഞ്ഞ രണ്ടുമൂന്ന്

ദിവസമായി പ്രതിപക്ഷനിരയിൽനിന്ന് പ്രസംഗിച്ചവർ പറഞ്ഞത് കേന്ദ്രത്തിനെതിരെയോ നരേന്ദ്ര മോദിയേയോ പറയുന്നില്ലെന്നാണ്. നരേന്ദ്ര മോദിയെ പറയാനല്ലേ പ്രതിപക്ഷ ഉപനേതാവ് പാർലമെന്റിലേയ്ക്ക് പോയി പന്തടിച്ചപോലെ തിരിച്ചുവന്ന് ഇവിടെ ഇരിക്കുന്നത്. മുൻ പ്രതിപക്ഷ നേതാവിനോട് പാർട്ടി പറഞ്ഞു ഒന്ന് ദില്ലിക്ക് പോകൂ, ഹിന്ദിയൊക്കെ അറിയാവുന്ന ആളല്ലേയെന്ന്, ഞാൻ പോകില്ലെന്ന മട്ടാണ്. എന്നിട്ട് യുടേൺ അടിപ്പിച്ചു, യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷ നേതാവല്ലേ എബൗട്ടേൺ അടിച്ച് നേരെ പിന്നിൽ പോയി ഇരിക്കുന്നത്. ഞാൻ പറഞ്ഞുവരുന്നത് കേരളത്തിലെ യു.ഡി.എഫ്.-ന് പാർലമെന്റിൽ 17 അംഗങ്ങളുണ്ട്. രണ്ടെണ്ണം കുറച്ചാണ് ഞാൻ പറഞ്ഞത്. ഈ 17-ൽ വയനാട്ടിലെ പ്രധാന മന്ത്രിയുമുണ്ട്. അദ്ദേഹം കടലിൽ ചാടിനോക്കി. നരേന്ദ്ര മോദിയെ കെട്ടിപ്പിടിച്ചുനോക്കി. പ്രസിഡന്റ് സ്ഥാനം രാജിവച്ച് പിന്നീട് കാണാതായി. ബഹുമാനപ്പെട്ട വണ്ടൂർ അംഗം, ഈ പ്രോഡക്ട് ചെലവാകില്ലെടോ, ഈ പ്രോഡക്ട് ഇനി വിറ്റഴിക്കപ്പെടില്ലെന്ന് കോൺഗ്രസ്സിന്റെ ഒരു വിഭാഗം ദേശീയ നേതാക്കൾതന്നെ പറയുന്നു.

സഖാവ് പിണറായി വിജയൻ കേരളത്തിൽ തുടർച്ചയായി രണ്ടാമത്തെ ഗവൺമെന്റിന് നേതൃത്വം നൽകുമ്പോൾ ഒരുകാര്യം പ്രതിപക്ഷം ഓർക്കണം. ഇന്ത്യയിൽ ആർ.എസ്.എസ്. തലയ്ക്ക് ഇനാം പറഞ്ഞ ഏക മുഖ്യമന്ത്രി പിണറായി വിജയനാണെന്ന് ഓർക്കണം. സഖാവ് പിണറായി വിജയന്റെ പാർട്ടിയുടെ കേന്ദ്ര കമ്മിറ്റിയുടെ ഓഫീസിന് നേരെയാണ്, കേന്ദ്രഗവൺമെന്റിന്റെ കാബിനറ്റ് മന്ത്രിമാരടക്കം മാർച്ച് നടത്തി സഖാവ് പിണറായി വിജയന്റെ കോലം കത്തിച്ചത്. ആർ.എസ്.എസ്.-ഉം സംഘപരിവാറും നടത്തുന്ന സമരം സി.പി.ഐ.(എം)-ന് എതിരായിട്ടാണ്, കോൺഗ്രസ്സിനെ അവർക്ക് പേടിയില്ല. 120 വർഷം പഴക്കമുള്ള എ.ഐ.സി.സി. ഓഫീസിൽ ആരും ചെല്ലില്ല. ആരും അവിടെ പ്രക്ഷോഭം നടത്തില്ല. കാരണമെന്താണ്; നിങ്ങൾ നരേന്ദ്ര മോദിയെ പറയുന്നില്ല, നിങ്ങൾ വർഗ്ഗീയതയ്ക്കെതിരായി പറയുന്നില്ല, നിങ്ങൾ മത നിരപേക്ഷതയെക്കുറിച്ച് പറയുന്നില്ല. നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ്, എം.പി., 'ഞാൻ ബി.ജെ.പി.-യിൽ പോയാൽ എന്താ' എന്ന് ചോദിക്കുന്നയാളാണ്. നിങ്ങളുടെ നൂറുകണക്കിന് എം.എൽ.എ.-മാരും ഡസൺ കണക്കിന് എം.പി.-മാരും കുഴൽവഴിയും ഹവാല വഴിയും ജനാധിപത്യത്തെ വിലയ്ക്ക് വാങ്ങാനും അട്ടിമറിക്കാനും ശ്രമിക്കുന്ന സംഘപരിവാർ പാളയത്തിലേയ്ക്ക് ചേക്കേറുകയാണ്. നിങ്ങൾ ആഗോളവത്കരണ നയത്തിന്റെ പ്രയോക്താക്കളാണ്, ഗുണഭോക്താക്കളാണ്. അപ്പോൾപ്പിന്നെ എ.ഐ.സി.സി. ഓഫീസിലേയ്ക്ക് ബി.ജെ.പി. മാർച്ച് നടത്തില്ല; അത് ഉറപ്പാണ്. നിങ്ങൾ തുടങ്ങിവച്ച ആഗോളവത്കരണ നയങ്ങൾതന്നെയാണ് സംഘപരിവാറിന്റെ ഗവൺമെന്റും പൂർവ്വാധികം ശക്തിയോടെ നടപ്പാക്കുന്നത്.

കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇൻഡ്യയിലെ ജനങ്ങളുടെ സമരായുധമാണ്. ഇൻഡ്യയിലെ ജനങ്ങളുടെ സമരായുധമെന്ന് പറയുമ്പോൾ, ഇപ്പോൾ കർഷകസമരം നടക്കുന്നുണ്ടല്ലോ; കേരളത്തിലെ ഗവൺമെന്റ് നൽകുന്നതു പോലെ ആശ്വാസം നൽകണമെന്നാണ് കർഷകർ പറയുന്നത്. കൃഷിക്കാരന് കേരളത്തിലേതുപോലെ താങ്ങുവില നൽകണമെന്നാണ് പറയുന്നത്. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും ജനങ്ങൾ കേരളത്തിലേതുപോലെ സൗജന്യ വാക്സിൻ വേണം, സൗജന്യ ചികിത്സ വേണം, കേരളത്തിലേതുപോലെ വിവര സാങ്കേതികവിദ്യ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികളുടെ അദ്ധ്യയനവർഷം നഷ്ടപ്പെടാതെ ക്ലാസ്സുകൾ കൊണ്ടുപോകണം പരീക്ഷകൾ നടത്തിക്കൊണ്ടുപോകണം എന്നൊക്കെയാണ് പറയുന്നത്. ഇവിടെ പ്രതിപക്ഷം ബംഗാളിനെക്കുറിച്ചും ത്രിപുരയെക്കുറിച്ചും പറയുന്നതുകേട്ടു. കേരളത്തിലും ഈ ഗവൺമെന്റിന്റെ തുടക്കത്തിൽ നടത്തിയ ഇത്തരം പരിശ്രമങ്ങൾ ഓർമ്മിപ്പിക്കുകയാണ്. കണ്ണൂരിൽ കീഴാറ്റൂർ ബൈപ്പാസ് സമരം നടന്നല്ലോ; ആ സമരത്തിന് നേതൃത്വം കൊടുത്തവർ, കേരളത്തിലെ മാധ്യമ തമ്പുരാക്കന്മാർ ആ സമരത്തിന് 'വയൽക്കിളി പ്രക്ഷോഭം' എന്ന് പേരുകൊടുത്തു. വയൽക്കിളി പ്രക്ഷോഭത്തിൽ ആരായിരുന്നു? സോളിഡാരിറ്റി-അതിന്റെ ഇപ്പോഴത്തെ രൂപമാണ് വെൽഫെയർ പാർട്ടി. പിന്നെ ആരായിരുന്നു? എസ്.ഡി.പി.ഐ.; അതിന്റെ പഴയരൂപം എൻ.ഡി.എഫ്. പോപ്പുലർ ഫ്രണ്ട്, ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ്, പിന്നെ സാക്ഷാൽ ഇന്ദിരാ കോൺഗ്രസ്സ്, സംഘപരിവാർ ഇവർക്കെല്ലാം കൂട്ടായി മഹാവിപ്ലവകാരികളും. ഇങ്ങനെയൊരു മുന്നണി കേരളത്തിലുണ്ട്. അവർ ഗെയിൽ പൈപ്പ്ലൈൻ നിർമ്മാണ പദ്ധതിക്കെതിരായി സമരം ചെയ്തു. ദേശീയപാത സ്ഥലമെടുപ്പിനെതിരായി സമരം നടത്തുകയും കേരളത്തിന്റെ വികസന സ്വപ്നങ്ങളെ അട്ടിമറിക്കാൻ ഈ തെരഞ്ഞെടുപ്പിൽ ഒത്തുചേർന്ന് ഒരു കുറുമുന്നണിയാകുകയും ചെയ്തു. അതാണ് ഗുരുവായൂരിലും തലശ്ശേരിയിലും കേരളത്തിലെ പല മണ്ഡലങ്ങളിലും കണ്ടത്.

'കൈപ്പത്തി തൻ ധർമ്മയോഗത്താൽ

താമര തന്നെയല്ലയോ ഏണി'

എന്ന യോജിപ്പാണ് കേരളത്തിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നമ്മൾ കണ്ടത്. കേരള രാഷ്ട്രീയത്തിൽ ലെവൽ പ്ലേയിംഗ് ഗ്രൗണ്ട് കിട്ടിയില്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ പറഞ്ഞത്. അന്നം മുടക്കാൻ, വീട് മുടക്കാൻ, പരീക്ഷ മുടക്കാൻ, കോടതിയിൽപോകാൻ, സി.ബി.ഐ.-ക്ക് കത്ത് കൊടുക്കാൻ, എന്തിനേറെ ഉദ്യോഗാർത്ഥികളെക്കൊണ്ട് മണ്ണെണ്ണ കന്നാസ് തലയിൽ ഒഴിപ്പിച്ച് ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കാൻ, കെ.എസ്.ആർ.ടി.സി. ബസ്സിന് കല്ലെറിഞ്ഞില്ലെന്നാണ് പറയുന്നത്, 'നഞ്ച് എന്തിന് നാനാഴി'. വിവാദങ്ങളുടെ കലാപത്തിന് തിരികൊളുത്തുകയാണ് കഴിഞ്ഞ വർഷങ്ങളിൽ പ്രതിപക്ഷം ചെയ്തത്. എല്ലാം നനഞ്ഞ പടക്കങ്ങളായി

കെട്ടടങ്ങിയില്ലേ? പി.എസ്.സി നിയമനം നടന്നില്ല, ബന്ധുനിയമനം നടന്നുവെന്നൊക്കെ പറഞ്ഞ് പാവം ഉദ്യോഗാർത്ഥികളെ തെറ്റിദ്ധരിപ്പിച്ച് തെരുവിലിറക്കിയത് നിങ്ങളല്ലേ; എന്തായിരുന്നു സത്യം; 5 വർഷംകൊണ്ട് റെക്കോർഡ് നിയമനങ്ങൾ നടത്തിയ പിണറായി വിജയൻ സർക്കാരിനെ കരിവാരിത്തേയ്ക്കാൻ നിങ്ങൾ ശ്രമിച്ചില്ലേ?

ബന്ധുനിയമനങ്ങളെക്കുറിച്ച് പറയാം. ആരാണ് ബന്ധുനിയമനങ്ങൾ നടത്തിയത്. യു.ഡി.എഫ്.-ലെ മുൻമുഖ്യമന്ത്രിയുടെ അമ്മായിയുടെ മകനെ സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ ചെയർമാനായി നിയമിച്ചു. മുൻ പ്രതിപക്ഷനേതാവിന്റെ അനിയനെ കേരള ഫീഡ്സിൽ എം.ഡി. ആക്കി. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ദേവസ്വം വകുപ്പുമന്ത്രിയുടെ അനുജൻ ശബരിമലയിൽ എക്സിക്യൂട്ടീവ് ഓഫീസറായി. അദ്ദേഹത്തിന്റെ പി.എ.-യുടെ ഭാര്യയ്ക്ക് സി-ഡിറ്റിൽ അനധികൃത നിയമനം നൽകി. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെ ഭാര്യ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറായി. ഈ ലിസ്റ്റ് ഇങ്ങനെ നീണ്ടുപോകുന്നു. ഡൽഹിയിൽ കേരള ഹൗസിലും സെക്രട്ടേറിയറ്റിലും എണ്ണിയാലൊടുങ്ങാത്ത അനധികൃത നിയമനങ്ങൾ നടന്നിട്ടുണ്ട്. യഥാർത്ഥത്തിൽ ഉദ്യോഗാർത്ഥികളെ ആരാണ് വഞ്ചിച്ചതെന്ന് മനസ്സിലാക്കണം. രണ്ടാം പിണറായി സർക്കാരിന്റെ നയപ്രഖ്യാപനത്തിലും ബഡ്ജറ്റിലും മുഴങ്ങിക്കേട്ടത് അരഡസൻ വാക്കുകളാണ്. കരുതൽ, ക്ഷേമം, വികസനം, അതിജീവനം, ഉപജീവനം, പുനർജീവനം ഇതൊക്കെയാണ്. നമ്മൾ അതിജീവിക്കും, മാന്യമായ ഒരു ജീവിതം നയിക്കും. ഭാവനാപൂർണ്ണമായ നയപ്രഖ്യാപനത്തിനും ബഡ്ജറ്റിനും നന്ദിപറയുന്നു. ഈ വോട്ട് ഓൺ അക്കൗണ്ടിന് പരിപൂർണ്ണ പിന്തുണ നൽകുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു. ജനജീവിതം കടുത്ത പ്രതിസന്ധിയിൽ നിൽക്കുന്ന സമയത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് തീർച്ചയായും നിരാശാജനകമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. സംസ്ഥാനത്തിന്റെ വരവ്-ചെലവ് സംബന്ധിച്ച അടിസ്ഥാന കണക്കുകൾപോലും വിശ്വസനീയമായ രീതിയിൽ ഈ സഭയ്ക്ക് മുമ്പിൽ അവതരിപ്പിക്കാൻ ഈ ബഡ്ജറ്റിന് കഴിഞ്ഞിട്ടില്ലായെന്നതാണ് വാസ്തവം. ബഡ്ജറ്റ് കണക്കുകൾ പരിശോധിച്ചാൽ റവന്യൂ വരവ് 2018-19 വർഷത്തിൽ 92,854.47 കോടി രൂപയും 2019-20 വർഷത്തിൽ 90,224.67 കോടി രൂപയുമായിരുന്നുവെന്ന് കാണാം. 2020-21 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 1,14,635.9 കോടി രൂപയായിരുന്ന റിവൈസ്ഡ് എസ്റ്റിമേറ്റ് 93,115.11 കോടി രൂപയായി മാറിയിരിക്കുകയാണ്. ഇപ്പോൾ സംസ്ഥാനത്തിന്റെ ആഭ്യന്തര വളർച്ചാനിരക്ക് മൈനസിൽ നിൽക്കുകയാണല്ലോ. അത് മൈനസ് 3.5 ആണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ വ്യക്തമാക്കിയത്.

പുതുതായി ഒരു വരുമാന നികുതി നിർദ്ദേശവും നികുതിയേതര വരുമാന നിർദ്ദേശവും ഈ ബഡ്ജറ്റിൽ ഇല്ലെന്നിരിക്കെ എവിടെനിന്നാണ് 1,30,981.06 കോടി രൂപയുടെ റവന്യൂ വരവ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്? 20,000 കോടി രൂപയുടെ കോവിഡ് പാക്കേജിൽനിന്ന് ജനങ്ങൾക്ക് നിലവിൽ കിട്ടുന്നതും ഈ ബഡ്ജറ്റിനെത്തുടർന്ന് പുതുതായി അധികം ലഭിക്കുന്നതുമായ സാമ്പത്തികസഹായം വേർതിരിച്ചുപറയാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. കോവിഡ് കാലത്ത് ആളുകളുടെ കയ്യിൽ നേരിട്ട് പണമെത്തിക്കുന്ന ബഡ്ജറ്റ് വാഗ്ദാനത്തിൽനിന്ന് ബഡ്ജറ്റ് ചർച്ച തുടങ്ങുന്നതിനുമുൻപുതന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പുറകോട്ടുപോയിരിക്കുകയാണ്. നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമ പെൻഷനുകളാണ് ഉദ്ദേശിച്ചതെന്ന് പറഞ്ഞ് തിരുത്തുകയാണ് അദ്ദേഹം ചെയ്തത്. നേരത്തെ നൽകിവരുന്ന പെൻഷൻകൊണ്ടോ കിറ്റുകൾകൊണ്ടോ മറികടക്കാൻ കഴിയാത്തവിധത്തിലുള്ള ഗുരുതരമായ പ്രതിസന്ധിയിലൂടെ കേരളത്തിലെ ഏതാണ്ട് എല്ലാ മേഖലകളും കടന്നുപോയിക്കൊണ്ടിരിക്കുന്ന കാലത്ത് ഇതുപോലെ കണ്ണിൽ പൊടിയിടൽ വിദ്യകളല്ല ഒരു ജനാധിപത്യ സർക്കാരിൽനിന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. ചെറുകിട കച്ചവടക്കാർ, നിർമ്മാണത്തൊഴിലാളികൾ, മോട്ടോർ വാഹനത്തൊഴിലാളികൾ തുടങ്ങി ഏതാണ്ട് എല്ലാ തൊഴിലാളി വിഭാഗങ്ങളും ചെറുകിട കച്ചവടക്കാരും ചെറുകിട സംരംഭകരും ഭൂരഹിത കർഷകരും ആദിവാസികളും ദളിതരുമുൾപ്പെടെയുള്ള വലിയൊരു വിഭാഗം ആളുകൾ ഇന്നോളമില്ലാത്ത ജീവിത പ്രതിസന്ധിയുടെ മുന്നിൽ നിൽക്കുമ്പോൾ പണമായിത്തന്നെ സഹായമെത്തിക്കാനുള്ള നടപടികളാണുണ്ടാകേണ്ടത്.

ഓൺലൈൻ വിദ്യാഭ്യാസവും കോവിഡ് ചികിത്സയുമെല്ലാം ഓരോ കുടുംബത്തിനും വൻബാദ്ധ്യതയാണ് വരുത്തിവച്ചിരിക്കുന്നത്. എല്ലാ കുടുംബങ്ങൾക്കും കോവിഡ് കാലത്ത് പ്രതിമാസം 10,000 രൂപയെങ്കിലും നൽകാനുള്ള പദ്ധതി ബഡ്ജറ്റിലുൾക്കൊള്ളിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഈ ബഡ്ജറ്റിൽ കോവിഡ് വാക്സിനായി 1,000 കോടിരൂപ സർക്കാർ നീക്കിവച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ കേന്ദ്രസർക്കാർ ഈ വാക്സിൻ സൗജന്യമാക്കിയിരിക്കുകയാണ്. എം.എൽ.എ. ഫണ്ടിൽനിന്ന് 4 കോടിരൂപ വകമാറ്റിയിരിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അപ്പോൾ എം.എൽ.എ. ഫണ്ടിൽനിന്ന് ഈ മേഖലയിലേയ്ക്കായി നീക്കിവച്ച തുക പ്രാദേശിക വികസനത്തിനായിത്തന്നെ ഉപയോഗിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? അതോടൊപ്പം എം.എൽ.എ. ഫണ്ട് നിർദ്ദിഷ്ട പദ്ധതികളിൽ മാത്രം ഒതുങ്ങിനിൽക്കാതെ പ്രാദേശിക വികസനങ്ങൾക്കുകൂടി ഉപയോഗപ്രദമാകുന്ന രൂപത്തിലേയ്ക്ക് മാറ്റേണ്ടതായിട്ടുണ്ട്. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും 4 കോടി രൂപ മാറ്റിവച്ചത്,

അതാത് മണ്ഡലങ്ങളിലെതന്നെ ആരോഗ്യമേഖലയിൽ വിനിയോഗിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം, ബി.ജെ.പി. ഭരിക്കുന്ന കേന്ദ്ര ഗവൺമെന്റ് എം.പി. ഫണ്ട് വകമാറ്റി വിനിയോഗിച്ചപ്പോൾ ശക്തമായി എതിർത്തവരാണ് ഇടതുപക്ഷ ജനാധിത്യ മുന്നണിയുടെ ആളുകളെന്നതുകൂടി ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. 2021 ജനുവരിയിൽ അവതരിപ്പിച്ച ബഡ്ജറ്റിന്റെ തുടർച്ചയാണ് ഈ ബഡ്ജറ്റെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദീകരിക്കുന്നത്. ജനുവരിയിലെ ബഡ്ജറ്റിൽ 20 ലക്ഷം ആളുകൾക്ക് തൊഴിൽ നൽകാൻ ഒരു വെബ് പോർട്ടൽ തുടങ്ങുമെന്ന് പ്രഖ്യാപിക്കുകയും അതിനായി 200 കോടി രൂപ കെ-ഡിസ്കിന് വകയിരുത്തുകയുമുണ്ടായി. ആ പോർട്ടൽ പ്രായോഗികമല്ലെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാട്ടിയെന്നാണ് ഇപ്പോൾ പറയുന്നത്. നമ്മുടെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ എവിടെ നിന്നാണ് വരുന്നത്; കൊട്ടിഘോഷിക്കപ്പെട്ട പദ്ധതികൾ എത്ര നിരുത്തരവാദപരമായാണ് സർക്കാർ ആവിഷ്കരിക്കുന്നത്? ഇപ്പോൾ മോൺസ്റ്റർ എന്ന സ്വകാര്യ ആഗോള റിക്രൂട്ട്മെന്റ് പോർട്ടലാണ് ആളെ സംഘടിപ്പിച്ചുകൊടുക്കുന്നത്. ഇതാണ് സർക്കാരിന്റെ കൊട്ടിഘോഷിക്കപ്പെട്ട തൊഴിൽദാന പദ്ധതിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ, കെ-ഡിസ്കിനുള്ള പണം 200 കോടി രൂപയിൽനിന്ന് 300 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. സർക്കാരിന് ഇതിൽ എന്ത് റോളാണുള്ളതെന്ന് ഇനിയും വിശദീകരിക്കപ്പെട്ടിട്ടില്ല. അതിദാരിദ്ര്യം ഇപ്പോഴുമുണ്ടെന്ന് ബഡ്ജറ്റിലൂടെ സർക്കാർ തുറന്ന് സമ്മതിക്കുന്നത് നല്ല കാര്യംതന്നെ. ഇത്തരത്തിൽ കേരളത്തിലുള്ള നാലഞ്ച് ലക്ഷം കുടുംബങ്ങളിലെ ഓരോരുത്തർക്കും പതിനഞ്ച് ലക്ഷം രൂപയുടെ സഹായമാണ് കഴിഞ്ഞ ജനുവരിയിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നത്. 700 കോടി രൂപയുടെ പ്രസ്തുത പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തെ വിഹിതമായി 140 കോടി രൂപ ജനുവരിയിലെ ബഡ്ജറ്റിൽ വകയിരുത്തുകയുണ്ടായി. പുതുക്കിയ ബഡ്ജറ്റിൽ ഈയിനത്തിൽ പ്രാഥമികമായി 10 കോടി രൂപയാണ് വകയിരുത്തി യിരിക്കുന്നത്. 140 കോടി രൂപ 10 കോടി രൂപയാക്കി കുറച്ചതാണോ, 10 കോടി രൂപ അധികമായി വർദ്ധിപ്പിച്ച് ടി വിഹിതം 150 കോടി രൂപയാക്കിയതാണോയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിശദീകരണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ജി.എസ്.ടി.-യിലെ നികുതി ഘടന സംസ്ഥാനത്തിന് വലിയ ബാദ്ധ്യതയായി മാറിയിരിക്കുകയാണ്. നമ്മുടെ തല കേന്ദ്ര ബി.ജെ.പി. സർക്കാരിന്റെ കക്ഷത്തു വച്ചുകൊടുക്കുന്ന നടപടിയാണ് ജി.എസ്.ടി. എന്ന് ബഡ്ജറ്റിനുശേഷമുള്ള പത്ര സമ്മേളനത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തുറന്ന് പറഞ്ഞിരിക്കുന്നു. ആരാണ് നമ്മുടെ തല കേന്ദ്ര ബി.ജെ.പി. സർക്കാരിന്റെ കക്ഷത്ത് വച്ചുകൊടുത്തത്; അന്ന് കേരളത്തിന്റെ മുഖ്യമന്ത്രി ആരായിരുന്നു? ജി.എസ്.ടി.-യിൽ തലവച്ച

കൊടുത്ത് സംസ്ഥാനത്തിനെ പ്രതിസന്ധിയിൽ തള്ളിയതിന് മറുപടി പറയേണ്ടതും മാപ്പുപറയേണ്ടതും തീർച്ചയായും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയല്ലേ? കോവിഡിനെ ചെറുക്കാൻ സമർപ്പിതമായി പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തകരുടെയും മറ്റ് തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെയും ശമ്പളം വർദ്ധിപ്പിച്ച തമിഴ്നാട് സർക്കാരിന്റെ മാതൃക കേരള സർക്കാരും സ്വീകരിക്കേണ്ടതാണ്. തീർച്ചയായും പ്രശംസയല്ല, കഠിനാധ്വാനത്തിന്റെ പ്രതിഫലമാണ് കോവിഡിനെ പ്രതിരോധിക്കുന്ന പടയാളികൾക്ക് ആവശ്യമുള്ളത്.

മറ്റൊരു വിഷയം സൂചിപ്പിക്കാനുള്ളത്, തീരദേശത്തെക്കുറിച്ചാണ്. ഇതുമായി ബന്ധപ്പെട്ട് നേരത്തെ നിരവധിപേർ സംസാരിച്ചുകഴിഞ്ഞു. ഓരോവർഷവും തീരദേശം വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. അതിന് പരിഗണന കിട്ടേണ്ട തായിട്ടുണ്ട്. ഇന്ത്യൻ മഹാസമുദ്രത്തിന്റെ ചൂട് വർദ്ധിക്കുന്നതുമൂലം അടിക്കടി ചുഴലിക്കാറ്റുകൾ രൂപപ്പെടുന്നത് കാലാവസ്ഥയിൽ വലിയ വ്യതിയാനങ്ങളുണ്ടാക്കുകയാണ്. ഇത് ഗൗരവമായി കണ്ട് കടലിനോട് ചേർന്നുകിടക്കുന്ന ജൈവ ആവാസ വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിന്, കടലാക്രമണ പ്രതിരോധത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമെന്ന ഈ മേഖലയിലെ വിദഗ്ദ്ധരുടെ അഭിപ്രായം തീർച്ചയായും പരിഗണിക്കേണ്ടതുണ്ട്. നമ്മുടെ തീരത്തിന്റെയും തീരദേശ ജനതയുടെയും സംരക്ഷണത്തിന് കണ്ടൽപോലുള്ള ജൈവഭിത്തികൾക്ക് വലിയ പരിഗണന കൊടുക്കേണ്ടതുണ്ട്. കഴിഞ്ഞ സുനാമി സമയത്ത് ആൻഡമാൻ ദ്വീപുകളിൽ കണ്ടൽക്കാടുകൾ വലിയ പ്രതിരോധം സൃഷ്ടിച്ചിട്ടുണ്ടെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു. കേരളത്തിന്റെ മുഴുവൻ തീരദേശവും ഇതിനനുയോജ്യമല്ലെന്നറിയാം. എങ്കിലും പ്രായോഗികമാകുന്ന പരമാവധി സ്ഥലത്ത് തീരദേശത്തിന്റെ ജൈവ ആവാസ വ്യവസ്ഥയെ ശക്തിപ്പെടുത്തുന്ന കണ്ടൽക്കാടുകൾ ജനകീയ കൂട്ടായ്മയുടെ സഹകരണത്തോടെ നട്ടുപിടിപ്പിക്കുന്നതിൽ സജീവപങ്കാളിത്തമുണ്ടാകണം.

മറ്റൊരു വിഷയം, ഭൂപരിഷ്കണ നിയമങ്ങൾ അട്ടിമറിക്കാനുള്ള ഗൂഢാലോചനകൾ നടക്കുകയാണ് എന്നതാണ്. തോട്ടങ്ങൾ മറ്റ് കൃഷികൾക്കായി മാറ്റുന്നത് ഭൂപരിഷ്കരണ നിയമത്തെ അട്ടിമറിച്ച് കോർപ്പറേറ്റുകൾക്ക് നൽകാനുള്ള നീക്കത്തിന്റെ തുടക്കമാണ്. യഥാർത്ഥത്തിൽ കൃഷിഭൂമി ലഭിക്കാതെ കോളനികളിൽ ഒതുക്കപ്പെട്ട ആദിവാസികളും ദളിതരും തോട്ടം തൊഴിലാളികളുമുൾപ്പെടുന്ന യഥാർത്ഥ കർഷക ജനതയ്ക്ക് ഈ ഭൂമി വിതരണം ചെയ്യുകയാണ് വേണ്ടത്. കോർപ്പറേറ്റ് കൃഷിക്കുപകരം ഇനി കേരളത്തിനാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കാൻ ഇത്തരമൊരു തീരുമാനം സഹായിക്കും. വൻകിട കോർപ്പറേറ്റുകളുടെ നിക്ഷിപ്ത താല്പര്യങ്ങൾക്കുവേണ്ടി ഭൂപരിഷ്കരണ നിയമത്തെ അട്ടിമറിക്കാനുള്ള നീക്കത്തിൽനിന്ന് സർക്കാർ പിന്തിരിഞ്ഞേ മതിയാകൂ. സമാനത

കളില്ലാത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ സംസ്ഥാനം കടന്നുപോകുമ്പോഴാണ് സ്മാരകങ്ങൾക്കുവേണ്ടി കോടിക്കണക്കിന് രൂപ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വാക്സിൻ വാങ്ങാൻ സർക്കാർ ആളുകളോട് പിരിവെടുക്കുന്ന കാലത്ത് ഇന്നാട്ടിലെ ദരിദ്രരായവർ അവരുടെ ജീവിത സമ്പാദ്യമത്രയും വിറ്റുപെറുക്കി സർക്കാരിന് കയ്യയച്ച് നൽകുന്നൊരു കാലത്ത് പൊതുഖജനാവിലെ പണം ചെലവഴിക്കുന്നതിൽ കാണിക്കേണ്ട കരുതലും ഔചിത്യവും എത്ര പ്രധാനമാണെന്ന് സർക്കാർ ആലോചിക്കേണ്ടതല്ലേ? സംസ്ഥാനം കൊടുംപ്രതിസന്ധിയിൽ നട്ടംതിരിയുന്ന ഈ സന്ദർഭത്തിൽ ഒട്ടും ഔചിത്യമില്ലാത്ത ഈ തീരുമാനം സ്മാരകത്താൽ ആദരിക്കപ്പെടാൻ ഉദ്ദേശിക്കുന്നവർക്കുള്ള അനാദരവായി തീരുമെന്ന് വളരെ വിനയത്തോടെ സർക്കാരിനെ ഓർമ്മപ്പെടുത്തുകയാണ്. രാഷ്ട്രീയ സാമൂഹ്യനേതൃത്വങ്ങൾക്ക് പൊതുഖജനാവിൽ നിന്ന് കോടികൾ മുടക്കി പ്രതിമകളും സ്മാരകങ്ങളുമുണ്ടാക്കുന്ന കീഴ്വഴക്കം സർക്കാർ ഉപേക്ഷിക്കണം.

കോവിഡ്-19 മഹാമാരിമൂലം വലിയ പ്രതിസന്ധി നേരിടുന്ന ഒരു മേഖലയാണ് ട്രാൻസ്പോർട്ട് മേഖല. നിരുത്തരവാദപരമായ മാനേജിംഗ് സംവിധാനത്തിന്റെ ഭാഗമായി ഈ പൊതുമേഖലാ സംവിധാനം വളരെ കാലമായി വലിയ നഷ്ടത്തിലേയ്ക്ക് കൂപ്പു കുത്തിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ തൊട്ടടുത്ത സംസ്ഥാനങ്ങളായ തമിഴ്നാട്ടിലെയും കർണ്ണാടകത്തിലെയും പൊതുമേഖലാ ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ വലിയ ലാഭത്തിൽ പോകുമ്പോൾ കേരളത്തിൽ വൻ നഷ്ടമാണ് ഈ മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വർഷംതോറും കോടിക്കണക്കിന് രൂപയാണ് കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്താൻ നാം കൊടുത്തുകൊണ്ടിരിക്കുന്നത്. ഈ മേഖല ലാഭകരമാക്കാൻ ശാസ്ത്രീയമായ എന്ത് നിർദ്ദേശമാണ് ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടുള്ളത്? 3000 ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. കെ.എസ്.ആർ.ടി.സി. നേരത്തെ ഒരു അവശ്യസർവ്വീസായിരുന്നു, അത് ഗ്രാമീണമേഖലയിലെ ജനങ്ങൾക്ക് വലിയ ഉപകാരപ്രദമായിരുന്നു. എന്നാൽ പല മേഖലകളിലും ഇപ്പോൾ സർവ്വീസ് റദ്ദ് ചെയ്തിരിക്കുകയാണ്. നിരവധി ഡിപ്പോകൾ പൂട്ടിക്കിടക്കുകയാണ്. ഉദാഹരണത്തിന്, എന്റെ മണ്ഡലമായ വടകരയിലുണ്ടായിരുന്ന കെ.എസ്.ആർ.ടി.സി. ഡിപ്പോ വർഷങ്ങളായി കട്ടപ്പുറത്താണ്. വടകരയിൽ നിന്നുള്ള ബസ് ഓപ്പറേറ്റിംഗ് സെന്ററുകൾ പേരിനുമാത്രമാണ് പ്രവർത്തിക്കുന്നത്. ഈ ബഡ്ജറ്റിലെങ്കിലും വടകരയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോ പ്രവർത്തന ക്ഷമമാക്കാൻ ഫണ്ട് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കോവിഡിന്റെ ഭാഗമായി സ്വകാര്യ ബസ് സർവ്വീസുൾപ്പെടെ വലിയ തകർച്ച നേരിട്ടുകൊണ്ടി രിക്കുന്നു. നിരവധി ബസ് സർവ്വീസുകൾ റദ്ദ് ചെയ്യപ്പെട്ടിരിക്കുകയാണ്. ഇതുകാരണം വിദ്യാർത്ഥികളും തൊഴിലാളികളുമുൾപ്പെടെ സമൂഹത്തിന്റെ സമസ്ത മേഖലയിലുള്ള

ജനങ്ങൾക്കും അങ്ങേയറ്റം പ്രയാസം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കാൻ ശാസ്ത്രീയമായ ഇടപെടലുണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. നാളിതുവരെ കടന്നുപോയ കടുത്ത പ്രതിസന്ധിയിലൂടെ മുഴുവൻ ജനതയും കടന്നുപോകുന്ന വർത്തമാനകാലത്ത്, കേവലം വാഗ്ദാനങ്ങളല്ല, ജീവത്പ്രശ്നങ്ങൾക്കുള്ള സമൂർത്തമായ പരിഹാരമാണ് ഒരു ബഡ്ജറ്റിൽനിന്നും ജനം പ്രതീക്ഷിക്കുന്നത്. മുതലാളിത്ത ലോകത്ത് ഇടതുപക്ഷ ഗവൺമെന്റ് രൂപീകരിച്ചാലും ഭരണകൂടത്തിന്റെ അടിസ്ഥാന സ്വഭാവം മാറുകയില്ലെന്ന് എല്ലാവർക്കുമറിയാം. പിന്നെ എന്തിനാണ് ഇടതുപക്ഷം ഭരണത്തിലേറുന്നതെന്ന ഒരു ചോദ്യമുയരും. മൗലികമായ മാറ്റമില്ലെങ്കിലും ഇടതുപക്ഷം സ്വപ്നം കാണുന്ന ഭാവി ലോക രാഷ്ട്രീയത്തിന്റെ അടയാളമെങ്കിലും സാക്ഷാത്കരിക്കാനും അതിനുവേണ്ടി തങ്ങൾ നടത്തുന്ന സമരങ്ങളുടെ അനുബന്ധമെന്ന നിലയിലെങ്കിലും ഇടതുപക്ഷ സർക്കാർ രൂപീകരണത്തിലടക്കമുള്ള പാർലമെന്റിന്റെ പ്രവർത്തനങ്ങളെ കാണേണ്ടതുണ്ട്. തീർച്ചയായും ഇത് നിരാശാജനകമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്.

ശ്രീ. എ. രാജ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി തുടർഭരണം നൽകിയ കേരള ജനതയെ ഞാൻ അഭിവാദ്യം ചെയ്യുന്നു. കേരളത്തിൽ മതേതര നിലപാടിനെ ഉയർത്തിപ്പിടിച്ച സർക്കാരിന് നൽകിയ അംഗീകാരമായിരുന്നു ഈ തുടർഭരണം. സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കും ജനക്ഷേമ പ്രവർത്തനങ്ങൾക്കും ജനങ്ങൾ നൽകിയ ഒരംഗീകാരമായിരുന്നു ഈ തുടർഭരണം. സൗത്ത് ഇന്ത്യയുടെ കാശ്മീർ എന്നറിയപ്പെടുന്ന മൂന്നാർ ഉൾപ്പെടുന്ന ദേവികുളം മണ്ഡലത്തെ പ്രതിനിധാനം ചെയ്തുകൊണ്ടാണ് ഞാനിവിടെ സംസാരിക്കുന്നത്. തമിഴനും മലയാളിയും സഹോദരതുല്യരായി ജീവിക്കുന്ന, തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന, തേയില ത്തോട്ടങ്ങളിൽ പണിയെടുക്കുന്നവരും കൃഷിക്കാരും ആദിവാസി സഹോദരങ്ങൾ താമസിക്കുന്ന നിരവധി ആദിവാസി കുടികളും ഉൾപ്പെടുന്നതാണ് ദേവികുളം നിയോജകമണ്ഡലം. പറഞ്ഞുറപ്പിച്ച അജണ്ടയുടെ ഭാഗമായി വോട്ടുകച്ചവടം മുൻനിർത്തി എൻ.ഡി.എ. സ്ഥാനാർത്ഥിയുടെ പത്രിക തള്ളിപ്പോകുന്നതിന് സാക്ഷ്യം വഹിച്ചൊരു മണ്ഡലമായിരുന്നു ദേവികുളം. വർഗ്ഗീയ അജണ്ടകൾക്കുമുന്നിൽ മുട്ടുമടക്കാതെ കഴിഞ്ഞ തവണത്തേക്കാൾ ഇരട്ടി ഭൂരിപക്ഷത്തിലാണ് ദേവികുളത്തെ ജനങ്ങൾ എന്നെ വിജയിപ്പിച്ചത്. ഈ സമയത്ത് ഞാനവരെ നന്ദിയോടെ സ്മരിക്കുന്നു. തിരുക്കുറലിൽ ഒരു വാചകമുണ്ട്. "സൊല്ലുതൽ യാരുക്കും എളിയ അറിയവാം സൊല്ലിയ വണ്ണം സെയൽ" അതിന്റെ അർത്ഥം വാഗ്ദാനങ്ങൾ കൊടുക്കുന്നതുമാത്രമല്ല, അത് നടപ്പിലാക്കാനുള്ളതുമാണ് എന്നാണ്. അത് കാണിച്ചുതന്ന ഒരു സർക്കാരാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്. കഴിഞ്ഞ അഞ്ചുവർഷംമുമ്പ്

തെരഞ്ഞെടുപ്പിനെ നേരിടുമ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിൽ 600 വാഗ്ദാനങ്ങളുണ്ടായിരുന്നു. ആ വാഗ്ദാനങ്ങളെല്ലാം കഴിഞ്ഞ അഞ്ചുവർഷങ്ങൾകൊണ്ട് നടപ്പിലാക്കിയ സർക്കാരാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ. അതുകൊണ്ടുതന്നെ കേരളത്തിലെ ജനങ്ങൾ നൽകിയ അംഗീകാരമാണ് ഈ തുടർഭരണം. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളം വലിയ പ്രതിസന്ധി യിലൂടെയാണ് കടന്നുപോയത്. നിപയും ഓഖിയും പ്രളയവും കോവിഡുമൊക്കെ വന്നപ്പോഴും പ്രതിസന്ധികളിൽ അടിപതറാതെ മുന്നിൽനിന്ന് നയിച്ച, ജനങ്ങൾക്ക് ധൈര്യവും ആത്മവിശ്വാസവും പകർന്ന ഒരു സർക്കാരായിരുന്നു ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിലുള്ള സർക്കാർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് പറഞ്ഞ ഒരു വാചകമുണ്ടായിരുന്നു, സർക്കാർ ഒപ്പമല്ല മുന്നിലാണെന്ന്. ആ വാചകം ജനങ്ങൾ ആവേശത്തോടെയാണ് ഏറ്റെടുത്തത്.

3.00 pm]

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. എസ്. സുപാൽ]

കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് അത്ഭുതപൂർവ്വമായ വികസന പ്രവർത്തനങ്ങളാണ് കാഴ്ചവച്ചിട്ടുള്ളത്. നവകേരള സൃഷ്ടിക്കായി രൂപംകൊടുത്ത നാല് മിഷനുകളുടെ പ്രവർത്തനഫലമായി കേരളം ഇന്ന് ലോകത്തിനുതന്നെ മാതൃകയായിത്തീർന്നിട്ടുണ്ട്. കേരളത്തിലെ ക്ഷേമ പെൻഷൻ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 600 രൂപയായിരുന്നു, ആ തുകപോലും പതിനെട്ട് മാസമായി കൃത്യമായി കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം, ക്ഷേമ പെൻഷൻ 1,600 രൂപയായി വർദ്ധിപ്പിച്ചുവെന്ന് മാത്രമല്ല, ആ തുക കൃത്യമായി ജനങ്ങളുടെ കൈകളിൽ എത്തിച്ചു കൊടുക്കുന്ന ഗവൺമെന്റാണ് എൽ.ഡി.എഫ്. ഗവൺമെന്റ്. യു.ഡി.എഫ്. ഗവൺ മെന്റിന്റെ കാലത്ത്, ശമ്പള വർദ്ധനവിനുവേണ്ടി 'പൊമ്പിളൈ ഒരുമൈ' എന്നൊരു സമരത്തിന് സാക്ഷ്യം വഹിച്ച മണ്ഡലമായിരുന്നു ദേവികുളം മണ്ഡലം. തൊഴിലാ ളികളുടെ ശമ്പള വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ടുള്ള സമരത്തിൽ നാമെല്ലാം സാക്ഷികളായിരുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ കഴിഞ്ഞ ഭരണ കാലഘട്ടത്തിൽ യാതൊരു സമരമോ പ്രതിഷേധങ്ങളോ കൂടാതെതന്നെ തൊഴിലാളികൾക്ക് ശമ്പളം വർദ്ധിപ്പിച്ച് നൽകാൻ തീരുമാനിച്ചു. അങ്ങനെ സമരങ്ങളില്ലാത്ത ഒരു തോട്ടം മേഖലയ്ക്കുകൂടി കഴിഞ്ഞ എൽ.ഡി.എഫ്.-ന്റെ ഭരണകാലഘട്ടത്തിൽ നാം സാക്ഷ്യം വഹിച്ചു. ഈ സർക്കാർ മിനിമം വേതനം വർദ്ധിപ്പിച്ചു. തോട്ടം മേഖലയിൽ പണിയെടുക്കുന്നവർക്ക് ഈ സർക്കാർ ഒരു പ്രതീക്ഷയാണ്. തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പ്ലാന്റേഷൻ ഡയറക്ടറേറ്റ് ശക്തിപ്പെടുത്താൻ പുതുക്കിയ ബഡ്ജറ്റിൽ

2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഞാൻ ആ തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. കാർഷികോൽപ്പന്നങ്ങൾ ഇപ്പോൾ വിലത്തകർച്ച നേരിടുകയാണ്. നേരത്തെ യു.പി.എ.-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ആസിയാൻ കരാറിൽ ഒപ്പിട്ടതോടു കൂടിയാണ് ഈ വിലത്തകർച്ചയ്ക്ക് തുടക്കം കുറിച്ചത്. ഇവിടെ യു.ഡി.എഫ്.-ന്റെ ഒരംഗം ഡോ. മൻമോഹൻ സിംഗ് ഒരു സാമ്പത്തിക വിദഗ്ദ്ധനാണെന്ന് പറഞ്ഞു കൊണ്ട് സംസാരിക്കുകയുണ്ടായി. ആ കാര്യങ്ങളിലൊന്നും തർക്കമില്ല. എന്നാൽ അവരെടുത്ത തീരുമാനം ഇന്ന് കാർഷികോൽപ്പന്നങ്ങളുടെ വിലത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തോട്ടം മേഖല കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോയത്. തോട്ടം വ്യവസായത്തെ പിടിച്ചുനിർത്തുന്നതിനായി തോട്ടമുടമകൾക്ക് നികുതിയിളവ് നൽകിയ, ജനങ്ങളെ സംരക്ഷിച്ച ഒരു സർക്കാരായിരുന്നു കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ. ജനങ്ങൾക്ക് ഈ സർക്കാരിൽ വിശ്വാസമുണ്ട്.

ഇടുക്കി പാക്കേജിൽ ലയങ്ങളുടെ നവീകരണത്തിനുവേണ്ടി 1200 കോടിയോളം രൂപ മാറ്റിവച്ച സർക്കാരാണ് ഇന്ന് കേരളത്തിലുള്ളത്. കേരളത്തിൽ അടച്ചുറപ്പുള്ള വീടെന്നത് പാവങ്ങളുടെ ഒരു സ്വപ്നമായിരുന്നു. ആ സ്വപ്നം യാഥാർത്ഥ്യമാക്കിയത് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റായിരുന്നു. ഫ്ലാറ്റ് സമുച്ചയങ്ങൾ ഇല്ലാതാക്കുന്നതിനായി ഹൈക്കോടതിയിൽ കേസ് കൊടുത്ത് സി.ബി.ഐ. പോലുള്ള ഏജൻസികളെ കൊണ്ടുവന്ന് അഴിമതി ആരോപണങ്ങൾ ഉന്നയിച്ചു. ഞാൻ ഈ സഭയിൽ സംസാരിക്കുന്ന സന്ദർഭത്തിൽ എന്റെ മണ്ഡലമായ ദേവികുളത്ത്, 204 കുടുംബങ്ങൾ 'ലൈഫ് മിഷൻ' പദ്ധതിയിലുൾപ്പെട്ട് ലഭിച്ച ഫ്ലാറ്റ് സമുച്ചയങ്ങളിൽ താമസിക്കുകയാണ്. അതിൽ എനിക്ക് അഭിമാനമാണുള്ളത്. എന്റെ മണ്ഡലത്തിൽ മാത്രം 3609 വീടുകളാണ് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി പണി പൂർത്തിയാക്കിയിട്ടുള്ളത്. തോട്ടം മേഖലയിൽ തൊഴിലാളികൾക്ക് ഒരു സെന്റ് ഭൂമിയും അതിലൊരു വീടും എന്നുള്ളത് സ്വപ്നമായിരുന്നു. ആ സ്വപ്നം യാഥാർത്ഥ്യമാക്കിയ ഗവൺമെന്റ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ്. ഇനിയും അർഹതപ്പെട്ടവർക്കും വീടില്ലാത്തവർക്കും വീട് നൽകുമെന്ന് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികളായ 3400 കുടുംബങ്ങൾക്കാണ് കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് വീട് നിർമ്മിച്ച് നൽകാൻ ഈ സർക്കാർ ഇടപെടൽ നടത്തിയിട്ടുള്ളത്. കോവിഡ് കാലത്ത് ജനങ്ങളുടെ പട്ടിണി മാറ്റുന്നതിനുവേണ്ടി ഭക്ഷ്യധാന്യങ്ങളടക്കം കിറ്റുകളാക്കി ജനങ്ങൾക്ക് കൊടുത്തു കൊണ്ടിരിക്കുന്നു. തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ടുകൊണ്ട് ജനങ്ങളെ സ്വാധീനിക്കാൻവേണ്ടിയാണെന്ന് പറഞ്ഞ് മുൻ പ്രതിപക്ഷ നേതാവടക്കം ഹൈക്കോടതിയിൽ കേസ് കൊടുത്തു. തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷവും ഈ സർക്കാർ കരുതലോടെ കിറ്റുകൾ

വീട്ടുകളിൽ എത്തിച്ചുകൊണ്ടിരിക്കുന്നു. അതാണ് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ. മറ്റൊന്ന്, വിദ്യാഭ്യാസ മേഖലയിൽ നടന്നിട്ടുള്ള മാറ്റമാണ്. മുൻകാലത്ത് ഓണക്കാലമെത്തിയിട്ടുപോലും സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിരുന്നു. ഇന്ന് ആ സ്ഥിതിമാറി, സ്കൂളുകൾ തുറക്കുമ്പോൾതന്നെ പാഠപുസ്തകങ്ങളും വിതരണം ചെയ്യാൻ സാധിക്കുന്നു. മാത്രമല്ല, ഇന്ന് കേരളത്തിൽ 45000 സ്കൂളുകൾ ഹൈടെക് സ്കൂളുകളായി മാറിയിട്ടുണ്ട്. എനിക്ക് അഭിമാനമുണ്ട്, കേരളത്തിലെ ആദ്യത്തെ ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽപ്പോലും സ്മാർട്ട് ക്ലാസ്സ് റൂമുകൾ ആരംഭിക്കാൻ കഴിഞ്ഞത് ഇന്നത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്.

കിഫ്ബിയെ സംബന്ധിച്ച് ഇവിടെ കുറെ ആരോപണങ്ങൾ ഉന്നയിച്ചു. അടിസ്ഥാന സൗകര്യ വികസനമെന്ന ലക്ഷ്യത്തിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടി തുടങ്ങിയ ഒരു പദ്ധതിയാണിത്. കേരളത്തിൽ ഇടതുപക്ഷത്തിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം എത്രയെത്ര വികസനപ്രവർത്തനങ്ങളാണ് നമ്മുടെ നാട്ടിൽ നടപ്പിലാക്കിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസ, ആരോഗ്യ, പൊതുമരാമത്ത് മേഖലകളിലടക്കം ഇന്ന് വികസനപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിന്റെ മുന്നിൽ കർണ്ണാടകം കെട്ടിയടച്ച വഴികളിലൂടെയാണ് ഇന്ന് സംസ്ഥാനം അവർക്ക് ഓക്സിജൻ എത്തിച്ചുകൊടുത്ത് മാതൃക കാണിച്ചുകൊണ്ടിരിക്കുന്നത്. കേരള സർക്കാർ കോവിഡ്-19 രോഗവ്യാപനം പിടിച്ചുനിർത്തിയ രീതിയെ കേന്ദ്ര സർക്കാർ പ്രശംസിച്ചു. കോവിഡ് വാക്സിൻ ഒരു തുള്ളിപോലും നഷ്ടപ്പെടുത്താതെ ഉപയോഗിച്ചുകൊണ്ടാണ് കേരളം ഇന്ത്യയ്ക്കുതന്നെ മാതൃകയായിത്തീർന്നത്. കോവിഡ് ആദ്യം റിപ്പോർട്ട് ചെയ്തത് കേരളത്തിലാണ്. ഇന്ന് ഞാൻ സഭയിൽ സംസാരിക്കുമ്പോഴും എനിക്ക് പറയാനുള്ളത് ഇന്ത്യയിൽ ഇന്നുവരെ ഒരു കേസ്സുപോലും റിപ്പോർട്ട് ചെയ്യാത്ത പഞ്ചായത്തുള്ളതും കേരളത്തിലാണ്. അത് ഇടതുപക്ഷം ഭരിക്കുന്ന സമയത്താണ്, അത് ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയാണ്. കഴിഞ്ഞ അഞ്ചുവർഷത്തെ ഈ സർക്കാരിന്റെ ഭരണ കാലത്ത് യു.ഡി.എഫ്. സർക്കാർ നൽകിയതിനേക്കാൾ കൂടുതൽ പേർക്ക് പി.എസ്.സി. വഴി നിയമനം നൽകി. ലക്ഷക്കണക്കിന് തൊഴിലവസരങ്ങളാണ് കഴിഞ്ഞ സർക്കാർ സൃഷ്ടിച്ചത്. യുവജനങ്ങളോട് അനുഭാവപൂർണ്ണമായ നിലപാട് സ്വീകരിച്ച മറ്റൊരു സർക്കാർ ഇതിനുമുമ്പുണ്ടായിട്ടില്ല. വർഗ്ഗീയതയ്ക്കെതിരെ ആർജ്ജവമുള്ള നിലപാടുകളെടുക്കാനും ബി.ജെ.പി.-യെ കേരളത്തിൽനിന്നും അകറ്റിനിർത്താനും ഇടതുപക്ഷം കാണിച്ചത് നിതാന്ത ജാഗ്രതയാണ്. മതഭ്രാന്തൻമാരെ ചെറുത്തുതോൽപ്പിക്കാൻ കേരളത്തിൽ മറ്റൊരു രാഷ്ട്രീയ പ്രസ്ഥാനത്തിനും സാധിക്കില്ലെന്ന നേരറിവും സന്ദേശവുമാണ് നമ്മുടെ നാടിന് ഈ വിജയം സമ്മാനിച്ചത്. ഒരിക്കൽക്കൂടി ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഏറെ പ്രത്യേകതകൾ നിറഞ്ഞ ഒരു ദുർഘട കാലഘട്ടത്തിൽ നിരവധി വെല്ലുവിളികൾ സമൂഹം നേരിട്ടുകൊണ്ടിരിക്കുമ്പോൾ, ജനങ്ങൾക്ക് അധിക ഭാരമേൽപ്പിക്കാതെ ഒരു ബഡ്ജറ്റ് അവതരിപ്പിക്കുകയെന്ന ശ്രമകരമായ ദൗത്യമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിർവ്വഹിച്ചിരിക്കുന്നത്. വെല്ലുവിളികൾക്കുമുമ്പിൽ പകച്ചുനിൽക്കാതെ, അവയെ അഭിമുഖീകരിക്കാനും അതിജീവിക്കാനും ഒരു ജനതയെ സജ്ജമാക്കുന്നതിനുള്ള നിശ്ചയദാർഢ്യം ഈ ബഡ്ജറ്റിലുടനീളമുണ്ട്. ഈ കോവിഡ് കാലഘട്ടത്തിൽ, രോഗപ്രതിരോധത്തിലും വ്യാപനം തടയുന്നതിലും മാത്രം അവസാനിക്കുന്നതല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാഴ്ചപ്പാട്. കോവിഡ് മഹാമാരി സമ്പദ്ഘടനയിൽ ഏൽപ്പിച്ചിരിക്കുന്ന ആഘാതത്തെ ലഘൂകരിക്കാനുള്ള ഫലപ്രദമായ നടപടികൾകൂടി ചേർത്താണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ഒന്നാം തരംഗം കഴിഞ്ഞ് രണ്ടാം തരംഗത്തിന്റെ നടുവിലാണ് നമ്മൾ നിൽക്കുന്നത്. നമ്മുടെ നാട്ടിൽ ഒന്നാം തരംഗത്തേക്കാൾ കൂടുതൽ മരണങ്ങൾക്കിടയാക്കിയതും കൂടുതൽ വ്യാപന ശേഷിയുള്ളതുമായ variant വൈറസ് വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അതിനെ ലോക്ഡൗണിലൂടെ കുറയ്ക്കുവാൻ കഴിയുന്നുണ്ട്. എന്നിരുന്നാലും ലോക്ഡൗൺ നീക്കം ചെയ്യുമ്പോൾ മൂന്നാം തരംഗം എത്തിച്ചേരുമോയെന്ന ആശങ്കയും നാട്ടിലുണ്ട്. ഇതുവരെ വാക്സിനേഷന് വിധേയരാകാത്ത കുട്ടികളിലേയ്ക്ക് കൂടുതൽ രോഗ വ്യാപനമുണ്ടാകുമോയെന്ന ആശങ്കയുമുണ്ട്. ഈ ബഡ്ജറ്റിലൂടെ മെഡിക്കൽ എമർജൻസിക്കുവേണ്ടി 2,800 കോടിയോളം രൂപ നീക്കിവയ്ക്കാൻ സർക്കാർ തയ്യാറായി. അതുവഴി രോഗവ്യാപനം തടയുകയെന്നുള്ള ഒന്നാമത്തെ ലക്ഷ്യത്തിലേയ്ക്ക് നീങ്ങുകയാണ്. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഇക്കാര്യത്തിനായി വിനിയോഗിക്കുന്നതിൽ ആരും എതിർപ്പ് അറിയിച്ചിട്ടില്ല. 2020-21-ലെ ആസ്തി വികസന ഫണ്ടിൽനിന്നും നല്ലൊരു ഭാഗം എന്റെ മണ്ഡലത്തിലെ രണ്ട് താലൂക്കാശുപത്രികളിൽ വെന്റിലേറ്റർ വാങ്ങുന്നതിനടക്കം നേരത്തെതന്നെ നീക്കിവച്ചതുകൊണ്ട് ഈ വർഷം എടുത്തു കൂടായെന്ന് നിർബന്ധമൊന്നുമില്ല. ഇപ്പോൾ നമ്മുടെ അടിയന്തര ആവശ്യം ഈ കാലഘട്ടത്തെ അതിജീവിക്കുകയെന്നതാണ്. രോഗവ്യാപനം തടയുന്നതോടൊപ്പം സമ്പദ് ഘടനയിലുണ്ടായിരിക്കുന്ന ആഘാതം കാരണം ഇപ്പോഴത്തെ ബഡ്ജറ്റിലെ എസ്റ്റിമേറ്റനുസരിച്ച് ഉൽപ്പാദനം 3.82 ശതമാനവും റവന്യൂ വരുമാനം 18.75 ശതമാനവും താഴേയ്ക്ക് പോകുന്നു. വരുമാനവും ഉൽപ്പാദനവും കുറയുമ്പോഴും നമ്മുടെ റവന്യൂ ചെലവുകൾ വർദ്ധിക്കുകയാണ് ചെയ്യുന്നത്. നമ്മുടെ മൂലധന ചെലവുകൾ വർദ്ധിപ്പിക്കാതിരിക്കാൻ കഴിയുമോ? ഇതൊക്കെ നിർവ്വഹിക്കുവാൻ ഒരു അധിക

ടാക്സേഷൻ ഇല്ലാതെയാണ് ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. 'കെട്ട' കാലമെന്ന് ഈ കാലഘട്ടത്തെ ചിലർ വിശേഷിപ്പിക്കുന്നുണ്ട്. അങ്ങനെ വിശേഷിപ്പിക്കാൻ പാടില്ല. നമ്മുടെ നാടൊരു ദുർഘട കാലഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ ഈ പ്രതിസന്ധിയെ അതിജീവിക്കാൻ നേതൃത്വം നൽകാൻ നിയോഗം ലഭിച്ചവരാണ് സഭയിലെത്തിയിരിക്കുന്ന 140 പേരുമെന്ന ദർശനത്തോടെ നമുക്കിതിനെ നേരിടാൻ കഴിയും. 2018-ലെ മഹാപ്രളയത്തിന്റെ കെടുതികളിൽനിന്നും നമ്മളിന്നും മുക്തരല്ല. വെള്ളം താഴ്ന്നപോയിട്ടുണ്ടാകാം. പക്ഷേ ആ മഹാപ്രളയം നമ്മുടെ സമ്പദ്ഘടനയിൽ ഏൽപ്പിച്ച ആഘാതങ്ങളിൽനിന്നും മുക്തിനേടാൻ ഇന്നും കഴിഞ്ഞിട്ടില്ല. റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ പ്രവൃത്തികൾക്ക് പല തടസ്സവും നേരിടുന്നു. കോവിഡ് തന്നെയാണ് പ്രധാന തടസ്സം. കോവിഡ് മാത്രമല്ല. പല പ്രവൃത്തികൾക്കും ടെണ്ടർ റെസ്പോൺസില്ല. മഹാപ്രളയത്തിന്റെ കെടുതികളിൽ നിന്ന് മുക്തിനേടിയിട്ട് നാം ഇന്ന് അഭിമുഖീകരിക്കുന്ന ഈ കെടുതിയെയും അതിജീവിക്കാൻ തക്കവണ്ണം ഈ നാടിനെ സജ്ജമാക്കുക എന്ന വലിയ നിയോഗം നമ്മൾ എല്ലാവരുംകൂടി ഏറ്റെടുക്കുകയാണ്.

കടമെടുക്കുന്നതിനെക്കുറിച്ചാണ് ഇവിടെ ആക്ഷേപം ഉയർന്നുവന്നത്. കടമെടുക്കാതിരിക്കാൻ കഴിയുമോ; വീട്ടിൽ ഒരാൾക്ക് കടുത്ത രോഗം വന്നാൽ, ഭക്ഷണത്തിനും ചികിത്സയ്ക്കും പണമില്ലാത്തൊരു അവസ്ഥ വന്നാൽ, നമ്മുടെ പ്രിയപ്പെട്ടവരെ മരണത്തിന് വിട്ടുകൊടുക്കുമോ; എവിടെനിന്ന് പണമെടുത്താണെങ്കിലും അതിനെ അതിജീവിക്കാനുള്ള ഇച്ഛാശക്തിയോടെയുള്ള പ്രവർത്തനമല്ലേ നമ്മൾ കാഴ്ചവയ്ക്കുന്നത്? കേരളത്തിലെ ഗവൺമെന്റ് അതുതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയ വിഷയങ്ങളിലേയ്ക്ക് ഞാൻ അധികം കടക്കുന്നില്ല. പക്ഷേ ഈ കഴിഞ്ഞ നാളുകളിലും മഹാപ്രളയത്തിന്റെ നാളുകളിലും കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലും ഉടനീളം കണ്ടത് ഇവിടത്തെ പ്രതിപക്ഷവും ബി.ജെ.പി.-യും പല കാര്യങ്ങളിൽ ഒരേ സമീപനം സ്വീകരിക്കുന്നു എന്നതാണ്. അത് യാദൃശ്ചികമായിരിക്കും, പക്ഷേ ഇന്നിപ്പോൾ ബി.ജെ.പി.-യുടെ പ്രസിഡന്റും കെ.പി.സി.സി.-യുടെ പ്രസിഡന്റും കെ.എസ്. എന്നറിയപ്പെടുന്നവരാണ്. പല വിഷയങ്ങളിലും യോജിപ്പായതുകൊണ്ടായിരിക്കും ഈ രണ്ട് പാർട്ടികൾക്കും ഒരേ പേരുള്ള അദ്ധ്യക്ഷൻമാരെ കിട്ടിയിരിക്കുന്നത്. പല മേഖലകളിലും ഈ വ്യക്തികൾ യോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്; ശ്രീ. പിണറായി വിജയന്റെ പിതാവിന്റെ തൊഴിൽ സംബന്ധിച്ച് ഒരേ അഭിപ്രായം പറഞ്ഞവരാണ് ഇവർ. അന്തസ്സോടുകൂടിത്തന്നെ അദ്ദേഹം അതേറ്റെടുത്തു. അതിൽ ഞാൻ അഭിമാനിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പറഞ്ഞു. ദേവഗണങ്ങൾ സർക്കാരിനോടൊപ്പമെന്ന് തെരഞ്ഞെടുപ്പ് ദിവസം സഖാവ് പിണറായി വിജയൻ

പറഞ്ഞപ്പോൾ അസുരന്മാർക്കൊപ്പം എങ്ങനെ ദേവന്മാർ നിൽക്കുമെന്ന് ഒരുപോലെ പറഞ്ഞ കെ.എസ്.-മാരാണ് കെ.പി.സി.സി.-യുടെയും ബി.ജെ.പി.-യുടെയും അദ്ധ്യക്ഷന്മാർ. മാവേലി നാടുവാണിരുന്ന കാലത്തെപ്പറ്റി നമ്മൾ പറയാറുണ്ട്. കള്ളവും ചതിയുമില്ലാത്ത കാലം, എല്ലാവർക്കും ഓണം പിറന്നൊരു കാലം, 'മാവേലി നാടുവാണീടുന്ന കാലം എന്നൊക്കെ വന്നാലും അന്നൊക്കെ അസുരൻ ദേവന്റെ ശത്രു' എന്ന് അലറുകയാണ് വാമനനും കൂട്ടകാരും. അതുതന്നെയാണ് കേരളത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. മേയ് 2-ലെ തെരഞ്ഞെടുപ്പ് ഫലംകൂടി കണ്ടിട്ടാണ് എന്റെ നാട്ടിലെ ഒരു ആദ്ധ്യാത്മികാചാര്യൻ വിട പറഞ്ഞത്. ആദ്ധ്യാത്മികാചാര്യൻ ആയിരിക്കുമ്പോൾത്തന്നെ മതേതരനായി എങ്ങനെ ജീവിക്കാൻ കഴിയുമെന്ന് ചിന്തകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും തെളിയിച്ചുകൊടുത്ത, പത്മഭൂഷൺ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി മേയ് 5-നാണ് കാലം ചെയ്തത്. അദ്ദേഹം കാലം ചെയ്യുന്നതിനുമുൻപ് പറഞ്ഞത് ഇങ്ങനെയാണ്. "കമ്മ്യൂണിസ്റ്റുകാർക്ക് ദൈവത്തിൽ വിശ്വാസമുണ്ടോ എന്നെനിക്കറിയില്ല. എന്നാൽ ദൈവത്തിന് കമ്മ്യൂണിസ്റ്റുകാരെ വലിയ വിശ്വാസമാണ്. അതുകൊണ്ടാണ് ഈ കഠിനകാലത്ത് നാടിനെ നയിക്കാൻ കമ്മ്യൂണിസ്റ്റുകാരെത്തന്നെ നിയോഗിച്ചി രിക്കുന്നത്" . ഈ കാലത്തെയും നമുക്ക് അതിജീവിക്കണം. തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. ജയിച്ചു, യു.ഡി.എഫ്. തോറ്റു. എന്നാൽ നമ്മുടെ നാട് തോൽക്കാൻ പാടില്ല. പ്രതിസന്ധിഘട്ടങ്ങളിൽ നാടിനെ തോൽവിക്ക് വിട്ടുകൊടുക്കാതെ ഒരുമിച്ച് നിന്നുകൊണ്ട് നേരിടാൻ കഴിയണം. സഹകരണത്തിന്റെ ചില സൂചനകൾ പ്രതിപക്ഷ ഭാഗത്തുനിന്ന് കാണുന്നത് ശുഭോദർക്കമാണ്, അത് തുടരണം. പ്രളയ കാലത്ത് അതുണ്ടായില്ല. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാനിപ്പോൾ കടക്കുന്നില്ല. പല വിഷയങ്ങളിലും നമുക്ക് ഒരുമിച്ച് നിൽക്കാൻ കഴിയണം. വലിയ പ്രതിസന്ധികൾ കഴിഞ്ഞ നാളുകളിൽ നമ്മൾ അഭിമുഖീകരിച്ചതാണ്. തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്.-നുണ്ടായ വിജയത്തിന്റെ കാരണങ്ങളിലേയ്ക്കൊന്നും വിശദമായി കടക്കാൻ ഇപ്പോൾ സമയമില്ല. അടിസ്ഥാനപരമായി ജനങ്ങളുടെ അനുഭവങ്ങളാണ് തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കപ്പെട്ടത്. അതിൽ ഒരു സംശയവും ആർക്കും ഉണ്ടാകേണ്ട കാര്യമില്ല. തെരഞ്ഞെടുപ്പിനുമുൻപായി യു.ഡി.എഫ്.-ന്റെ ഐശ്വര്യ കേരള യാത്ര കാസർഗോഡ് ജില്ലയിൽനിന്നും ആരംഭിക്കുമ്പോൾ അന്നൊരു പുതിയ നിയോഗം ലഭിച്ച മുൻ മുഖ്യമന്ത്രി ബഹുമാന്യനായ ഉമ്മൻ ചാണ്ടി സാർ ആ ജാഥ ഉദ്ഘാടനം ചെയ്തുകൊണ്ട് രണ്ട് രണ്ടര കൊല്ലമായി ഈ സംസ്ഥാനത്ത് ചർച്ച ചെയ്യപ്പെടാതിരുന്ന ശബരിമല വിഷയം എടുത്തിട്ടു. അതിനുശേഷം കുറേനാൾ കഴിഞ്ഞപ്പോൾ പ്രളയം man made disaster ആണെന്നുള്ള പ്രചരണം എടുത്തിട്ടു. ജനങ്ങളുടെ അനുഭവങ്ങളുടെ മുൻപിൽ ഈ ദുഷ്പ്രചരണങ്ങളൊന്നും ഏശിയില്ല. ജനങ്ങൾ ഇടതുപക്ഷത്തോടൊപ്പംതന്നെ നിൽക്കുകയുണ്ടായി. രാഷ്ട്രീയ വിഷയങ്ങളിൽ

നമുക്ക് വിയോജിക്കാം. നിലപാടുകളിലെ വ്യത്യസ്തതകൾ നമുക്ക് നിലനിർത്താം. എന്നാൽ നിലനിൽപ്പിനായുള്ള ഇന്നത്തെ ആവശ്യങ്ങളിൽ നമുക്ക് ഭിന്നത മറക്കാം. അത് നാടിന്റെ അതിജീവനത്തിന് അനിവാര്യമാണ്. ഒരുമിച്ചുനിന്ന് ഈ കാല ഘട്ടത്തിന്റെ പ്രത്യേകതകളെ അഭിമുഖീകരിക്കാൻ നമുക്ക് ഈ നാട്ടിലെ ജനങ്ങളെ സജ്ജരാക്കാം. അതിന് പ്രതിപക്ഷത്തിന്റെ പിന്തുണയുണ്ടാകണം. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു. ഇടതുപക്ഷത്തിന് തുടർ ഭരണം ലഭിച്ച പതിനഞ്ചാം കേരള നിയമസഭയിൽ രണ്ടാം പിണറായി സർക്കാരിന്റെ ഭാഗമായി മാറാൻ എന്നെ തെരഞ്ഞെടുത്ത ഒറ്റപ്പാലം മണ്ഡലത്തിലെ ജനങ്ങൾക്ക് ഹൃദയാഭിവാദ്യങ്ങൾ നേരുകയാണ്. രണ്ട് പ്രധാനപ്പെട്ട നടപടികൾക്കാണ് പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനംസാക്ഷ്യം വഹിച്ചത്. അതിലൊന്ന്, ബഹുമാനപ്പെട്ട ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗവും അതിന്മേൽ നടന്ന നന്ദിപ്രമേയ ചർച്ചയും അതിന്റെ അംഗീകാരവുമായിരുന്നു. രണ്ടാമത്തെ നടപടി പുതുക്കിയ ബഡ്ജറ്റ് പ്രസംഗവും അതിനെത്തുടർന്നുള്ള ചർച്ചയുമായിരുന്നു. കന്നിയങ്കമെന്ന നിലയിൽ, ഈ നടപടികളെ പൂർണ്ണസമയം നിരീക്ഷിക്കാൻ കഴിഞ്ഞ ഒരാളെന്ന നിലയിൽ ഈ രണ്ട് നടപടികളിലും ജനാധി പത്യത്തിന്റെ ഭാഗമായ വിയോജിപ്പല്ല, സമ്പൂർണ്ണമായ എതിർപ്പാണ് 'ക്രിയാത്മക പ്രതിപക്ഷം' എന്ന് അവകാശപ്പെടുന്നവർ ഇവിടെ നിർവ്വഹിച്ചത് എന്ന് കാണാൻ സാധിക്കും. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന് കൗതുകം' എന്ന നിലപാടാണ് പ്രതിപക്ഷത്തിന്റേത് എന്നതാണ്. മുൻപ്രതിപക്ഷ നേതാവ് ബഹുമാനപ്പെട്ട ഹരിപ്പാട് അംഗം ചർച്ച ആരംഭിച്ചുതന്നെ ബഡ്ജറ്റിനെ എതിർക്കുന്നു എന്നുപറഞ്ഞുകൊണ്ടാണ്. ഒരു പുതിയ നിർദ്ദേശവും അദ്ദേഹം മുന്നോട്ട് വയ്ക്കുകയുണ്ടായില്ല. അദ്ദേഹം പറഞ്ഞത്, കോവിഡ് നൽകിയ സമ്മാനമാണ് ശ്രീ. പിണറായി സർക്കാർ എന്നാണ്. ആണോ എന്ന് നമ്മുടെ നാട് പരിശോധിക്കുന്നുണ്ട്. ആ പരിശോധനയുടെ ഫലമാണ് നാം കണ്ടത്. അവർ മിറ്റിഗേഷൻ മെത്തേഡ് നടപ്പിലാക്കണമെന്ന് പറഞ്ഞവരാണ്. മുൻ കെ.പി.സി.സി. പ്രസിഡന്റ്, നിലവിലുള്ള എം. പി. പറഞ്ഞത് 30 ഡിഗ്രി സെൽഷ്യസിൽ കൊറോണ വൈറസ് നശിച്ചുപോകുമെന്നാണ്. ബഹുമാന്യനായ കൊടുവള്ളി അംഗം പറഞ്ഞത് മാലിന്യത്തിൽ വളർന്ന കേരളീയർക്ക് കൊറോണ പ്രശ്നമാകില്ല എന്നാണ്. ആ രീതിയല്ല കേരളം സ്വീകരിച്ചത്. അതുകൊണ്ടാണ് ഇന്ന് കേരളം നിലനിൽക്കുന്നതെന്ന് നമുക്ക് പറയാൻ സാധിക്കും. ഹരിപ്പാട് അംഗം പറഞ്ഞത്, താമരയിൽ വിരിഞ്ഞ വിജയത്തുടർച്ച എന്നാണ്. എന്നാൽ താമരയുടെ തണ്ടൊടിച്ച വിജയത്തുടർച്ചയ്ക്കാണ് കേരളം സാക്ഷ്യം വഹിച്ചത്. എൽ.ഡി.എഫ്.

സർക്കാരിനെ വലിച്ച് താഴെയിടുമെന്ന് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി പ്രസ്താവിച്ചപ്പോൾ അതിനൊന്നുമുള്ള ശക്തി ആ തടിക്കുണ്ടെന്ന് തോന്നുന്നില്ല എന്നുപറഞ്ഞത് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണെന്ന് നമ്മുടെ നാടിന് നല്ല ഓർമ്മയുണ്ട്. സംഘപരിവാറിനെ ഭയക്കുന്നതും അവർക്ക് മുന്നിൽ മുട്ടുവിറയ്ക്കുന്നതും കോൺഗ്രസിനാണ്, യു.ഡി.എഫ്.-നാണ് എന്ന് നമുക്ക് കാണാൻ സാധിക്കും. കുഴൽപ്പണമിടപാട് സംബന്ധിച്ച് പാലക്കാട് അംഗം ഇവിടെ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകുകയുണ്ടായി. ഏത് രാഷ്ട്രീയ പാർട്ടിയാണ് കുഴൽപ്പണ ഇടപാടിലെന്ന് ആ നോട്ടീസിൽ പലകുറി നോക്കിയിട്ടും എനിക്ക് കാണാൻ കഴിഞ്ഞില്ല. ഇതെല്ലാം നമ്മുടെ നാട് കാണുന്നുണ്ട്. എ.ഐ.സി.സി.-യുടെ ജനറൽ സെക്രട്ടറി ശ്രീ. ജിതിൻ പ്രസാദ ബി.ജെ.പി.-യിൽ ചേർന്നതാണ് ഇന്നലെയും ഇന്നും മാധ്യമങ്ങളിൽ പ്രധാന വാർത്തയായി കാണുന്നത്. യു.പി.-യിലെ കോൺഗ്രസിന്റെ തലവൻ ശ്രീ. ജിതേന്ദ്ര പ്രസാദയുടെ മകനാണ് എ.ഐ.സി.സി. ജനറൽ സെക്രട്ടറി ജിതിൻ പ്രസാദ. 2008 മുതൽ 2012 വരെയുള്ള ഡോ. മൻമോഹൻ സിംഗ് സർക്കാരിൽ ഏറ്റവും പ്രായംകുറഞ്ഞ സഹമന്ത്രിയായിരുന്നു. ശ്രീ. രാഹുൽ ഗാന്ധിയുടെ അടുപ്പക്കാരൻ കൂടിയാണ് ശ്രീ. ജിതിൻ പ്രസാദ എന്ന് നമുക്ക് കാണാൻ സാധിക്കും. കോൺഗ്രസ് കപ്പലിലെ ക്യാപ്റ്റൻ, കപ്പിത്താൻ കൊല്ലത്ത് കടലിൽ ചാടിയെങ്കിൽ ഓരോരുത്തരായി മുങ്ങുന്ന കപ്പലിൽനിന്ന് ചാടുന്ന കാഴ്ചയാണ് നമുക്കിന്ന് രാജ്യത്താകെ കാണാൻ സാധിക്കുന്നത്. കേരളത്തിൽ കെ.പി.സി.സി.-യുടെ പുതിയ പ്രസിഡന്റ് ഇന്നലെ പറഞ്ഞതായി അറിഞ്ഞത്, 'എനിക്ക് ബി.ജെ.പി.-യിൽ ചേരാൻ അഴീക്കോടൻ രാഘവൻ മന്ദിരത്തിൽനിന്നുള്ള എൻ.ഒ.സി. വേണ്ട' എന്നാണ്. ഏതാനും മാസംമുൻപ് അദ്ദേഹം പറഞ്ഞത്, 'പല പ്രമുഖ ബി.ജെ.പി. നേതാക്കളും എന്നെ ബന്ധപ്പെടുകയും കാണുകയും ചെയ്തിട്ടുണ്ട്. എനിക്ക് ആ പാർട്ടിയിൽ ചേരണമെന്ന് തോന്നുകയും ഞാൻ ചേരുകയും ചെയ്താൽ നിങ്ങൾക്ക് എന്താണ് പ്രശ്നം' എന്നാണ്. ഇതെല്ലാം കേരളം കാണുന്നുണ്ട്. ഇക്കഴിഞ്ഞ തദ്ദേശഭരണ തെരഞ്ഞെടുപ്പിൽ ഞാൻ താമസിക്കുന്ന വെള്ളിനേഴി പഞ്ചായത്തിൽ ആകെയുള്ള 13 വാർഡിൽ രണ്ടിടത്ത് മാത്രമാണ് കോൺഗ്രസ് കൈപ്പത്തിയിൽ സ്ഥാനാർത്ഥിയെ നിർത്തിയത്. ബാക്കിയുള്ള എല്ലാ വാർഡുകളിലും കോൺഗ്രസ്-ബി.ജെ.പി. സംയുക്ത സ്ഥാനാർത്ഥിയും അവർക്കെതിരായ ഇടത് സ്ഥാനാർത്ഥിയുമായിരുന്നു. 50 ശതമാനത്തിലധികം വോട്ടുവാങ്ങി അവിടെ ഇടതുപക്ഷത്തിന്റെ നേതൃത്വത്തിലുള്ള ഭരണസമിതി അധികാരത്തിൽവന്നു. വെള്ളിനേഴിയിൽ മാത്രമല്ല, പൂക്കോട്ടുകാവിലും ഇതാണുണ്ടായത് എന്ന് നമുക്ക് കാണാൻ സാധിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സംശയമുണ്ടെങ്കിൽ ബഹുമാനപ്പെട്ട പാലക്കാട് അംഗത്തെ അതിന് ചുമതലപ്പെടുത്താവുന്നതാണ് എന്നുകൂടി ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയാണ്.

കോവിഡിന്റെ രണ്ടാം തരംഗത്തിൽ ഒരു നയാപൈസയുടെ പാക്കേജ് കോൺഗ്രസ് ഭരിക്കുന്ന ഏതെങ്കിലും സംസ്ഥാനങ്ങൾ പ്രഖ്യാപിച്ചോ; ഇവിടെ വിശദീകരിക്കാൻ തയ്യാറാകേണ്ടതുണ്ട്. അറിയാൻ അതിയായ ആഗ്രഹമുണ്ട് എന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിലക്കയറ്റം പിടിച്ചുനിർത്താൻ സംസ്ഥാന സർക്കാരുകൾ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും അതിൽ ദേശീയ പാർട്ടിയായ കോൺഗ്രസും ആ പാർട്ടിയുടെ പ്രധാനപ്പെട്ട നേതാവായ ശ്രീമതി സോണിയ ഗാന്ധിയും കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് സംസ്ഥാനങ്ങളുടെ നികുതി കുറയ്ക്കാനുള്ള നിർദ്ദേശം നൽകിയ തിനെക്കുറിച്ചും ഇവിടെ സവിസ്തരം പ്രതിപാദിക്കുകയുണ്ടായി. കേരളത്തിൽ 30.8 ശതമാനമാണ് സംസ്ഥാന സർക്കാരിന്റെ നികുതിയെങ്കിൽ കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിൽ അത് 36 ശതമാനമാണ്. 30.8 ശതമാനമാണോ 36 ശതമാനമാണോ വലുതെന്ന് നമ്മുടെ നാട് വിലയിരുത്തുകയാണ്. ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം ചർച്ചയുടെ ഭാഗമായി ഇവിടെ സൂചിപ്പിച്ചത് പ്രത്യയശാസ്ത്ര പിടിവാശി വിടണമെന്നാണ്. ഞങ്ങളുടെ നിലപാടും പ്രത്യയശാസ്ത്രവുമാണ് ഭരണത്തുടർച്ചയിലേയ്ക്ക് ഞങ്ങളെ നയിച്ചതെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. അങ്കമാലി അംഗം പറഞ്ഞത് പണം കൊടുക്കാനുള്ളത് കൊടുക്കാനുള്ള പാക്കേജാണെന്നാണ്. ബഹുമാനപ്പെട്ട കുണ്ടറ അംഗം ഈ ബഡ്ജറ്റ് തട്ടിപ്പാണെന്ന് പറയുന്നു. 67 പേജുള്ള 124 പോയിന്റുള്ള ഈ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം കേരളത്തിലെ രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങളെ ചൂണ്ടിക്കാണിക്കുന്നു. ഒന്ന്, ഇന്ന് കേരളം നേരിടുന്ന പ്രധാനപ്പെട്ട വെല്ലുവിളി കുറഞ്ഞ മൂലധന നിക്ഷേപ സമാഹരണമാണ്. രണ്ടാമത്തെ പ്രശ്നം, തൊഴിലില്ലായ്മയും തൊഴിലിന്റെ ദൗർലഭ്യവുമാണ്, Unemployment and Under employment. ഇത്രമാത്രം വസ്തുതാപരമായി ഒരു നാടിന്റെ വെല്ലുവിളിയെ വിലയിരുത്തിയ മറ്റൊരു ബഡ്ജറ്റുണ്ടോ? ഒന്നാമത്തെ പ്രശ്നത്തിന്റെ പരിഹാരമായി കിഫ്ബിയെ കാണുന്നു. രണ്ടാമത്തെ പ്രശ്നത്തിന്റെ പരിഹാരമായി ഉന്നതവിദ്യാഭ്യാസ മേഖലയും വിവര സാങ്കേതിക മേഖലയുമായി ബന്ധിപ്പിച്ച് മികവിന്റെ കേന്ദ്രങ്ങളുണ്ടാക്കി കുടുംബശ്രീ യെക്കൂടി സഹകരിപ്പിച്ച് കേരളത്തിൽ തൊഴിൽ നൽകാനുള്ള പദ്ധതി മുന്നോട്ടു വയ്ക്കുന്നു. ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരി ക്കുകയാണ്, നേരിട്ട് പണം കയ്യിലെത്തിക്കാൻ 8900 കോടി രൂപ, എതിർപ്പാണ് യു.ഡി.എഫ്.-ന്. ബഡ്ജറ്റിലെ പേജ് 15-ൽ പാരഗ്രാഫ് 21-ൽ മൂന്ന് കോടി രൂപ ചെലവിൽ എല്ലാ സി.എച്ച്.സി., താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും 10 ബെഡ്ഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന

എന്ന് പറഞ്ഞിരിക്കുന്നു, എതിർപ്പാണ് യു.ഡി.എഫ്.-ന്. മൂന്നാം തരംഗം പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ പീഡിയാട്രിക് ഐ.സി.യു. വാർഡ് നിർമ്മിക്കാൻ പ്രാരംഭഘട്ടമായി 25 കോടി രൂപ വകയിരുത്തിയിരിക്കുന്നു, എതിർപ്പാണ് യു.ഡി.എഫ്.-ന്. ഗുരുതര കോവിഡ് രോഗികളുടെ ചികിത്സയ്ക്ക് ഏറ്റവും അത്യാവശ്യമുള്ള ഓക്സിജൻ ലഭ്യമാക്കാൻ 150 മെട്രിക് ടൺ ശേഷിയുള്ള ഒരു ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. അതും എതിർപ്പാണ് യു.ഡി.എഫ്.-ന്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്, 3 കോടി രൂപ ചെലവിൽ 10 ബെഡ്ഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ കൊണ്ടുവരുന്നതിൽ യു.ഡി.എഫ്.-ന് എതിർപ്പാണെന്നാണ്. പ്രതിപക്ഷ നേതാവിനോട് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഇക്കാര്യം പറഞ്ഞപ്പോൾ ഞങ്ങളുടെ സമ്മതം അറിയിക്കുകയും എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 4 കോടി രൂപ എടുക്കുന്നതിന് പ്രതിപക്ഷ നേതാവ് സമ്മതം പറഞ്ഞതിനുശേഷം എതിർപ്പാണെന്ന് പച്ചക്കള്ളം പറയുന്നത് സെക്ഷൻ 307 പ്രകാരം എക്സ്പഞ്ച് ചെയ്യണം.

മി. ചെയർമാൻ: അത് പരിശോധിക്കാം*.

ശ്രീ. കെ. പ്രേംകുമാർ: സർ, നിങ്ങൾ ബഡ്ജറ്റിനെ എതിർക്കുന്നുവെന്നാണ് പറയുന്നത്. ഈ ബഡ്ജറ്റിനെ ഭാഗികമായി എതിർക്കുന്നുവെന്നല്ല, ഈ ബഡ്ജറ്റിലെ ഇന്ന നിർദ്ദേശത്തോട് വിയോജിപ്പുണ്ടെന്നല്ല. സൗജന്യ വാക്സിൻ വാങ്ങി നൽകുന്നതിന് 1,000 കോടി രൂപയും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് 500 കോടി രൂപയും വകയിരുത്തിയിരിക്കുന്നു, അതിന് എതിർപ്പ്. ആതുര ശുശ്രൂഷയുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളും ഉപകരണങ്ങളും നിർമ്മിക്കുന്നതിന് 10 കോടി രൂപ; അതിന് എതിർപ്പ്. തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പാ പദ്ധതിക്ക് 1600 കോടി രൂപ; അതിന് എതിർപ്പ്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകാൻ 1000 കോടി രൂപ; അതിന് എതിർപ്പ്. ഇതെല്ലാമാണ് ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ. ഈ നിർദ്ദേശങ്ങളെ അംഗീകരിക്കുകയല്ല, ഭാഗികമായി പിന്തുണയ്ക്കുകയല്ല. ഇവിടെ സുഭിക്ഷ കേരളത്തിന്റെ ഭാഗമായി വലിയ തോതിൽ ഉൽപ്പാദന വർദ്ധനവുണ്ടായി. എന്നാൽ ഈ ഉൽപ്പന്നങ്ങൾ വാങ്ങാനും വിപണനം നടത്താനും കഴിയാത്ത സ്ഥിതി, കേടുകൂടാതെ സൂക്ഷിക്കാവുന്ന ഗോഡൗണുകളുടെ കുറവ്, മാർക്കറ്റിംഗ് ശൃംഖലകളുടെ കുറവ് ഇവ പരിഹരിക്കാൻ 10 കോടിരൂപ; അതിന് എതിർപ്പ്. തൊഴിലുറപ്പ് പദ്ധതിക്ക് 7.5 കോടി രൂപയുടെ ലേബർ ബഡ്ജറ്റിന് കേന്ദ്രം അനുമതി

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.9402/ഇ.ബി./2021/നി.സെ. തീയതി 11-6-2021) സഭാരേഖകളിൽ നിലനിർത്തി.

നൽകി. 12 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കും; അതിനും എതിർപ്പ്. കുട്ടികളുടെ മാനസിക സംഘർഷം ലഘൂകരിക്കാനുള്ള പരിപാടിക്ക് വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതിന് എതിർപ്പ്. കുട്ടികൾക്കും രക്ഷകർത്താക്കൾക്കും മാനസിക പ്രശ്നങ്ങളുള്ളവർക്കുമുള്ള ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്ന ഓൺലൈൻ കൗൺസിലിംഗിന് എതിർപ്പ്. ഉന്നതവിദ്യാഭ്യാസ സംവിധാനത്തെ പരിശോധിച്ച് പുനഃസംഘാടനത്തിനുള്ള റിപ്പോർട്ട് സമർപ്പിക്കാൻ ഉന്നതാധികാരമുള്ള കമ്മീഷനെ നിയോഗിക്കുന്നതിന് എതിർപ്പ്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 10 കോടി രൂപ, നിങ്ങൾ സൂചിപ്പിച്ചോ? ഇതാണ് ഈ ബഡ്ജറ്റ്. നോളജ് ഇക്കോണമി മിഷന്റെ ഭാഗമായുള്ള നോളജ് ഇക്കോണമി ഫണ്ട് 200 കോടി രൂപയിൽനിന്നും 300 കോടി രൂപയാക്കി ഉയർത്തുന്നതിന് എതിർപ്പ്. ഇവിടെ പ്രധാനമായും പറഞ്ഞത് അലോപ്പതി ചികിത്സ മാത്രമാണെന്നാണല്ലോ? ആയുഷ് വകുപ്പ് മുഖേന പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും കോവിഡാനന്തര ചികിത്സകൾക്കുള്ള ഔഷധങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള പാക്കേജിന് 20 കോടി രൂപയാണ് മാറ്റി വച്ചിട്ടുള്ളത്; അതിനും എതിർപ്പ്. ടൂറിസം മേഖലയ്ക്ക് ശക്തമായ ഊന്നൽ നൽകുന്നതിനായുള്ള പുനരുജ്ജീവന പാക്കേജിന് 30 കോടി രൂപ; അതിന് എതിർപ്പ്. നോർക്ക സെൽഫ് എംപ്ലോയ്മെന്റ് സ്കീം പ്രകാരം 1000 കോടി രൂപയുടെ വായ്പ; അതിനും എതിർപ്പ്. ഗാർഹിക ജോലികളിലെ കാഠിന്യം കുറയ്ക്കാനുള്ള സ്മാർട്ട് കിച്ചൺ പദ്ധതിക്ക് 5 കോടി രൂപ; അതിന് എതിർപ്പ്. കോവിഡ് മഹാമാരിമൂലം അച്ഛനും അമ്മയും നഷ്ടപ്പെട്ട കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള പാക്കേജിന് എതിർപ്പ്. പ്രിയമുള്ള സഭാംഗങ്ങളേ, ഈ ബഡ്ജറ്റിന്റെ യാഥാർത്ഥ്യബോധത്തെ കാലാനുസൃതവും സമയോചിതവുമായിട്ടുള്ള, നമ്മുടെ നാടിന് മുന്നോട്ടുനീങ്ങാനുള്ള, എല്ലാ അർത്ഥത്തിലുമുള്ള ദിശാപൂർണ്ണമായ വോട്ട് ഓൺ അക്കൗണ്ടിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ഡോ. സുജിത് വിജയൻപിള്ള:</u> സർ, കരിമണ്ണിന്റേയും കയറിന്റേയും നാടായ ചവറയുടെ പ്രതിനിധിയാണ് ഞാൻ. അഴകത്ത് പത്മനാഭക്കുറുപ്പും പുളിമാന പരമേശ്വരൻ പിള്ളയും സി. എൻ. ശ്രീകണ്ഠൻ നായരും ഒ.എൻ.വി.-യും വി. സാംബശിവനും എഴുതിയും പാടിയും കഥപറഞ്ഞും പുകഴ്പെറ്റ നാട്, കഥകളിയിൽ പെൺപെരുമ ആടിത്തീർത്ത ചവറ പാറുക്കുട്ടിയുടെ നാട്, കെ.പി.എ.സി.-യുടെ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന നാടകം ആയിരങ്ങളുടെ മുന്നിൽ ആദ്യമായി അരങ്ങേറിയ നാട്, എൻ. ശ്രീകണ്ഠൻ നായരും കണ്ണന്തോട്ടത്ത് ജനാർദ്ദനൻ നായരും ബേബി ജോണും തൊഴിലെടുത്തവന്റെ സംഘഗാനം പാടിയ നാട്, സ്വാതന്ത്ര്യ സമരസേനാനി കുമ്പളത്ത് ശങ്കുപ്പിള്ളയുടെ നാട്, ആ ചവറയിൽനിന്നാണ് എന്റെ അച്ഛൻ എൻ. വിജയൻപിള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രതിനിധിയായി 14-ാം

കേരള നിയമസഭയിൽ എത്തിയത്. നവകേരള വികസന സങ്കൽപ്പങ്ങളെ ചേർത്തു പിടിച്ച് വല്ലാത്ത തിടുക്കത്തോടെ ഇടതുപക്ഷ ഗവൺമെന്റിനോടൊപ്പം നിന്നുകൊണ്ട് നിരവധി വികസന പ്രവർത്തനങ്ങൾ ചെയ്തുതീർത്തു. അവസാന നിശ്വാസത്തിന് മുൻപും വികസന പുരോഗതി മുറിഞ്ഞവാക്കുകളിൽ അന്വേഷിച്ച് നമ്മെവിട്ട് പിരിഞ്ഞുപോയ എന്റെ അച്ഛന്റെ ഓർമ്മകളെ സാക്ഷി നിർത്തി ഈ ജനകീയ ബഡ്ജറ്റിനെ ഞാൻ സ്വാഗതം ചെയ്യുന്നു, വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ജനാധിപത്യത്തിന്റെ ഈ ശ്രീകോവിലിൽ എത്താൻ എനിക്ക് അവസരം തന്ന ചവറയിലെ പ്രിയപ്പെട്ട ജനങ്ങളോട് ഒരായിരം നന്ദി അറിയിക്കുകയാണ്. 1957 ഏപ്രിൽ 5-ന് ലോകത്ത് ആദ്യമായി ബാലറ്റിലൂടെ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലെത്തിയ നാടാണ് കേരളം. നവോത്ഥാന മൂല്യങ്ങൾ അടിത്തറയാക്കി അഭിമാനബോധമുള്ള ജനതയായി വളർന്ന ചരിത്രമാണ് നമുക്കുള്ളത്. ഇതുവരെ നാം ആർജ്ജിച്ച എല്ലാ പുരോഗതിക്കും നിദാനം ഇടവേളകളിൽ അധികാരത്തിലെത്തിയ ഇടതുപക്ഷ ഗവൺമെന്റിന്റെ നയങ്ങളാണെന്നുള്ളത് ചരിത്രം പഠിക്കുന്ന ഒരു രാഷ്ട്രീയ വിദ്യാർത്ഥിയായ എന്റേയും പാഠങ്ങളാണ്. 1957-ലെ ഗവൺമെന്റിന്റെ ആദ്യ ഉത്തരവ് എല്ലാ മരണശിക്ഷകളും ഇളവ് ചെയ്തുകൊണ്ടായിരുന്നു. അങ്ങനെ വധശിക്ഷയിൽ നിന്നും ഇളവ് ലഭിച്ച ആളായിരുന്നു കെ.പി.എ.സി.-യുടെ അമരക്കാരൻ കൂടിയായ എന്റെ അയൽവീട്ടിലെ കോടാകുളങ്ങര വാസുപിള്ള. ഏപ്രിൽ 27-ന് ആദ്യ നിയമസഭാ സമ്മേളനം ആരംഭിക്കാനിരിക്കെ ഏപ്രിൽ 11-ന് കുടിയൊഴിപ്പിക്കൽ നിരോധനം ഓർഡിനൻസായി ഇറക്കിയാണ് ഭൂപരിഷ്കരണ നിയമ നടപടികൾക്ക് തുടക്കം കുറിച്ചത്. എല്ലാത്തരം ഒഴിപ്പിക്കലും നിരോധിച്ച ഉത്തരവനുസരിച്ച് തലേന്നു വരെ കിടന്നുറങ്ങിയ ഭൂമിയിൽനിന്നും ആർക്കും ആരേയും ഇറക്കിവിടാൻ സാധിക്കുകയില്ലെന്ന വിപ്ലവകരമായ മാറ്റമാണ് വന്നത്. ചരിത്രം സൃഷ്ടിച്ച വിദ്യാഭ്യാസ ബിൽ കൂടിയായപ്പോൾ നവകേരളത്തിന്റെ അടിസ്ഥാനശിലയും പാകി. പിന്നീട് 1967-ൽ വന്ന ഇ.എം.എസ്. ഗവൺമെന്റ് 1957-ന്റെ തുടർച്ചയായി നടപ്പിലാക്കിയ പുരോഗമന നയങ്ങൾ, നായനാർ സർക്കാരിന്റെ 1987-ലെ സാക്ഷരതാ പ്രസ്ഥാനം, 1996-ലെ ജനകീയാസൂത്രണം, 2006-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കുടുംബശ്രീ ശാക്തീകരണം, അധികാര വികേന്ദ്രീകരണത്തിൽ 50 ശതമാനം സ്ത്രീ സംവരണം തുടങ്ങി എത്രയോ പുരോഗമന നയങ്ങൾ മികച്ച ഉദാഹരണങ്ങളായി നമ്മുടെ മുൻപിലുണ്ട്. എന്നാൽ ദൗർഭാഗ്യവശാൽ ഇടയ്ക്കിടെയുണ്ടാകുന്ന ഭരണമാറ്റം, ഇടതുപക്ഷം മുന്നോട്ടുവച്ച ജനപക്ഷ ബദലിന്റെ സുഗമമായ ഒഴുക്കിനെ തടസ്സപ്പെടുത്തിക്കൊണ്ടേയിരുന്നു. ചരിത്രത്തിലെ ആ ദശാസന്ധിയാണ് ഈ കഴിഞ്ഞ മേയ്

2-ന് നാം മറികടന്നത്. ഇടതുപക്ഷ ഭരണത്തിന് തുടർച്ചയാകുന്ന, ആ അപൂർവ്വതയുണ്ടാക്കുന്ന ഈ നിയമസഭയിൽ എനിക്ക് അംഗമാകാൻ കഴിഞ്ഞതിലുള്ള അഭിമാനം ഒട്ടും മറച്ചു വയ്ക്കുന്നില്ല. പ്രതിസന്ധികളെ സാധ്യതകളാക്കിക്കൊണ്ടാണ് കഴിഞ്ഞ ഇടതുപക്ഷ ഭരണം മുന്നോട്ടുകുതിച്ചത്. കേരളത്തിന്റെ അടിസ്ഥാന വികസന മേഖലകളിലെല്ലാം വമ്പിച്ച മാറ്റങ്ങൾ നേരിട്ടറിഞ്ഞു. ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കുവാൻ ഏറ്റവും അനിവാര്യം ആരോഗ്യവും വിദ്യാഭ്യാസവുമാണെന്ന അടിസ്ഥാനതത്വം മനസ്സിലാക്കാൻ ശ്രമിച്ചത് ജനങ്ങൾ അഭിമാനപൂർവ്വം സ്വീകരിക്കുകയുണ്ടായി. ഒരു പാൻഡമിക് എമർജൻസിയിൽ ലോകമെമ്പാടും വിറങ്ങലിച്ചുനിന്നപ്പോൾ അക്ഷോഭ്യമായ നേതൃത്വത്തിനുകീഴിൽ കേരള ജനത ഒന്നായിമാറിയ കാഴ്ചയാണ് നാം കണ്ടത്. സ്വന്തം ജീവൻകൊണ്ട് തൊട്ടറിഞ്ഞ ക്ഷേമപ്രവർത്തനങ്ങൾ ജനതയെ ഒന്നാകെ, ഇടതുപക്ഷ ബോധത്തിന്റെ കുടക്കീഴിലാക്കി. ഏറ്റവും വലിയ നേട്ടം പോസിറ്റീവായ രാഷ്ട്രീയ വികസന സംസ്കാരം കേരളത്തിൽ രൂപപ്പെടുത്താനായി എന്നതാണ്. വർഗ്ഗീയതയ്ക്കെതിരെയുള്ള കേരളത്തിന്റെ മുന്നറിയിപ്പാണ് ഈ തെരഞ്ഞെടുപ്പുഫലം. മറ്റെന്തിനേക്കാളും ജാതി-മത-വർഗ്ഗീയതയെ പരിപോഷിപ്പിക്കുന്ന നാടല്ല കേരളമെന്ന് ഒരിക്കൽക്കൂടി തെളിയിച്ചു, ഇതൊരു പി.ആർ. വർക്ക് തന്നെയാണ്. ജനങ്ങൾ സ്വന്തം നാടിന്റെ മാറ്റം തിരിച്ചറിഞ്ഞ്, ജനങ്ങളാൽ ജനങ്ങളെക്കൊണ്ട് ജനങ്ങൾക്കുവേണ്ടി ചെയ്ത അത്യുഗ്രൻ പി.ആർ. വർക്ക്. കേരളം തുടർഭരണത്തിന് വഴങ്ങിക്കൊടുത്ത ശീലമില്ല, എല്ലാ പ്രവചനങ്ങളേയും അട്ടിമറിച്ചാണ് ഇടതുപക്ഷം 99 സീറ്റിലെത്തിയത്. കേരളത്തിന്റെ കടുത്ത പ്രതിസന്ധികളും പരിമിതികളും മറികടക്കുവാനുള്ള ധനതത്വ ശാസ്ത്രത്തിന്റെ പുതിയ സാധ്യതകളെ പരീക്ഷിക്കുന്നതാണ് ഈ ബഡ്ജറ്റ്. കേരളത്തിന്റെ പ്രതീക്ഷകൾക്ക് പ്രത്യാശനിറയ്ക്കുന്ന സമ്പൂർണ്ണ ബഡ്ജറ്റിന്റെ അനുബന്ധമായി അവതരിപ്പിച്ച ഈ ബഡ്ജറ്റ് ഭാവനാപൂർണ്ണവും യാഥാർത്ഥ്യവുമായി ഏറ്റവും അടുത്തുനിൽക്കുന്നതുമാണ്.

കോവിഡ് 19-ന്റെ രണ്ടാം തരംഗത്തിന്റെ തീവ്രത കുറയ്ക്കുവാൻ കേരളം ഒറ്റക്കെട്ടായാണ് നീങ്ങുന്നത്. ആരോഗ്യപ്രവർത്തകർക്കൊപ്പം പോലീസും എത്രയോ സന്നദ്ധ സംഘടനകളുമാണുമുള്ളത്. ചവറ കെ.എം.എം.എൽ. 5 കോടി രൂപ ചെലവഴിച്ച് 1000 ഓക്സിജൻ ബെഡ്ഡുകളാണ് തയ്യാറാക്കിയിരിക്കുന്നത്. നിരവധി ജീവനുകളാണ് ഇവിടെ സംരക്ഷിക്കപ്പെട്ടത്. നാട്ടുമുഴുവൻ ഇതുപോലെ എത്രയോ മാതൃകകൾ നമുക്ക് കാണിക്കാം. ഈ ബഡ്ജറ്റിൽ ആരോഗ്യ സംവിധാനം സജ്ജമാക്കാൻ ആറിന പരിപാടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എല്ലാ സി.എച്ച്.സി., ജില്ലാ, ജനറൽ ആശുപത്രികളും 10 കിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ ഒരുക്കുകയാണ്. എല്ലാ ആശുപത്രികളും അണുബാധ നിയന്ത്രിക്കുന്ന ഓട്ടോക്ലേവ് മെഷീനുകളുള്ള CSSD (Central Sterile Supply Department) ആയി മാറുന്നു.

അപകടകരമായ പകർച്ചവ്യാധികളെ നിയന്ത്രിക്കാൻ മെഡിക്കൽ കോളേജുകളിലെല്ലാം ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്നു. ആരോഗ്യ വിദഗ്ദ്ധർ പറയുന്ന മൂന്നാം തരംഗം പ്രതീക്ഷിച്ച് പീഡിയാട്രിക് ഐ.സി.യു. കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുകയാണ്. എല്ലാവർക്കും വാക്സിൻ സൗജന്യമായി നൽകുവാൻ തീരുമാനിച്ചു. കോവിഡ് ചികിത്സയ്ക്കായി 150 മെട്രിക് ടൺ ശേഷിയുള്ള ഓക്സിജൻ പ്ലാന്റും അനുബന്ധ സൗകര്യങ്ങളും ഒരുക്കുകയാണ്. ആരോഗ്യ മേഖലയിലെ മികവ് നിലനിർത്താൻ സെന്റർ ഫോർ ഡിസീസ് കൺട്രോൾ മാതൃകയിൽ ഒരു സ്ഥാപനം നിലവിൽ വരുന്നു. എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്, നമ്മുടെ ആരോഗ്യ പ്രവർത്തകർക്കുനേരെയും സ്ഥാപനങ്ങൾക്കുനേരെയും അടിക്കടിയുണ്ടാകുന്ന അക്രമങ്ങൾക്കെതിരെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് പോലീസ് കേസ്സെടുക്കാൻ പലപ്പോഴും വിമുഖത കാണിക്കുന്നതായി കണ്ടുവരുന്നു. ഇതിന് ഇവിടെയുള്ള എല്ലാവരുടേയും ശ്രദ്ധക്ഷണിക്കുകയാണ്. പറ്റുമെങ്കിൽ ആശുപത്രികളെ സ്പെഷ്യൽ സോണുകളായി പ്രഖ്യാപിച്ചുകൊണ്ട്, സി.ഐ.എസ്.എഫ്. മാതൃകയിലുള്ള സെക്യൂരിറ്റി സിസ്റ്റം പരിഗണിക്കാവുന്നതാണ്. നമ്മുടെ ആരോഗ്യ പ്രവർത്തകരെല്ലാം നിരവധി പ്രശ്നങ്ങൾ നേരിട്ടുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. കൊറോണക്കാലത്ത് ജീവൻ നഷ്ടപ്പെട്ട നിരവധിപേരുടെ കാര്യം പ്രത്യേകം പരിഗണിക്കണമെന്ന് നേരത്തെ ബഹുമാനപ്പെട്ട പെരുമ്പാവൂർ അംഗം സൂചിപ്പിക്കുകയുണ്ടായി. ബഡ്ജറ്റിലെ ഖണ്ഡിക 28-ൽ ഇത് സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. അതനുസരിച്ച് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണ്. ഏറ്റവും ആശ്വാസമായി തോന്നുന്ന മറ്റൊരു കാര്യം തീരദേശ സംരക്ഷണത്തിന് നൽകുന്ന പ്രാമുഖ്യമാണ്. 11,000 കോടി രൂപയാണ് ഇതിനായി മാറ്റിവച്ചിരിക്കുന്നത്. എന്റെ മണ്ഡലത്തിന്റെ ഒരു വശം മുഴുവൻ തീരപ്രദേശമാണ്, ദുർബലവുമാണ്. കടലാക്രമണമൂലം ശക്തികുളങ്ങര മുതൽ വെള്ളനാതുരുത്തുവരെ വമ്പിച്ച നാശനഷ്ടമാണുണ്ടാകുന്നത്. ദുർബലമായ ഇത്തരം പ്രദേശങ്ങളുടെ ഘടനയ്ക്കനുസൃതമായി സാങ്കേതിക മാർഗ്ഗങ്ങളുടെ സഹായത്തോടെ ടെട്രാപോഡുകളും ഡയഫ്രം മതിലുകളും നിർമ്മിക്കാനുള്ള പദ്ധതി ആശ്വാസകരമാണ്. തീരദേശ പാതയുടെ നിർമ്മാണം വേഗത്തിലാക്കണം.

കൃഷിക്ക് നൽകിയിരിക്കുന്ന പരിഗണന, പഴവർഗ്ഗങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വ്യാവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കുമെന്ന പ്രഖ്യാപനം, പ്രളയത്തെ നേരിടാൻ നദികളും ജലാശയങ്ങളും സജ്ജമാക്കുമെന്ന പ്രഖ്യാപനം, തദ്ദേശഭരണ സ്ഥാപനങ്ങൾക്കും കുടുംബശ്രീകൾക്കും നൽകുന്ന പ്രാധാന്യം തുടങ്ങിയവയെല്ലാം വലിയ മാറ്റങ്ങളാണ് സാധാരണക്കാർക്കിടയിൽ സൃഷ്ടിക്കാൻ പോകുന്നത്. പൊതുവിദ്യാഭ്യാസ രംഗത്തും ഉന്നതവിദ്യാഭ്യാസ രംഗത്തും തൊഴിൽ സാധ്യതാ രംഗത്തും നൈപുണ്യം വികസിപ്പിക്കാനുള്ള സാധ്യതകളെക്കുറിച്ച് സൂചിപ്പിക്കുന്നത്

അഭ്യസ്തവിദ്യരായവരുടെ പ്രതീക്ഷകൾ വാനോളമുയർത്തുന്നു. കേരള മോഡൽ ലോകം ശ്രദ്ധിക്കുന്നതായി മാറിയിരിക്കുന്നു. അതിനുതകുന്ന സ്റ്റാറ്റജി കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് ദിശാബോധം നേടിയിട്ടുണ്ട്. കെ-റെയിൽ, കെ-ഫോൺ തുടങ്ങിയ വൻകിട പദ്ധതികളെല്ലാം വരുംതലമുറയുടെ പ്രതീക്ഷകളാണ്, സ്വപ്നങ്ങളാണ്. പിണറായി സർക്കാർ, അത് ജനങ്ങളുടേതാണ്. ജനങ്ങൾക്ക് ഈ സർക്കാരിനെയാണ് വിശ്വാസം, സർക്കാരിന് ജനങ്ങളേയും. ഞങ്ങൾക്ക് ഒരു നിലപാടുണ്ട്, അത് ഇങ്ങനെയാണ്, ഞങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഈ നാടിന്റെ പ്രശ്നങ്ങളാണ്. ആത്മധൈര്യത്തോടെതന്നെ പറയാൻ കഴിയും, അത് ഞങ്ങൾ നിറവേറ്റുകതന്നെ ചെയ്യും. ഏകശിലാബിംബം പോലെയുള്ള ഒരു ഉറച്ച നിലപാട്, ഈ നിലപാടിന് ഒരു പേരുണ്ട്, ആ പേരാണ് സഖാവ് പിണറായി വിജയൻ. ഇത് രണ്ടാമൂഴമാണ്, നിരവധി ഊഴങ്ങൾക്ക് തുടക്കമാണ് ഈ രണ്ടാമൂഴം. പതിറ്റാണ്ടുകൾ നീളാൻപോകുന്ന ഇടതുപക്ഷ തുടർഭരണത്തിനുള്ള തുടക്കമാണിതെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

<u>ശ്രീ. സി. സി. മുകുന്ദൻ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്തുണയ്ക്കുന്നു. ലോക ചരിത്രത്തിൽത്തന്നെ സമാനതകളില്ലാത്ത ഒരു മഹാമാരിയെ നമ്മൾ നേരിട്ടുകൊണ്ടിരിക്കുന്ന കാലമാണിത്. കോവിഡ് 19-ന്റെ രണ്ടാം തരംഗത്തെയും ഫലപ്രദമായി ചെറുക്കാൻ കേരളം വലിയ പരിശ്രമം നടത്തുകയാണ്. കേരളത്തിലെ ജനങ്ങളുടെ മഹനീയമായ സഭ ഈ സമ്മേളനത്തിൽ ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. കേന്ദ്ര സർക്കാർ കോവിഡ് വാക്സിൻ സൗജന്യമായി സംസ്ഥാനങ്ങൾക്ക് നൽകണമെന്ന് പ്രമേയത്തിലൂടെ കേരളം ആവശ്യപ്പെട്ടു. ഒന്നാം പിണറായി സർക്കാരും ഇതേ ആവശ്യം കത്തുകൾ മുഖേന കേന്ദ്രത്തെ അറിയിച്ചിരുന്നു. പിന്നീട് ബഹുമാനപ്പെട്ട സുപ്രീംകോടതിയും സമാനമായ അഭിപ്രായം പ്രകടിപ്പിച്ചു. വലിയ ജനപിന്തുണയാണ് ഈ ആവശ്യത്തിന് കിട്ടിയത്. സമ്മർദ്ദങ്ങൾക്കൊടുവിൽ മോദി സർക്കാർ ഇപ്പോൾ മുട്ടുമടക്കിയിരിക്കുകയാണ്. 45 വയസിന് താഴെയുള്ളവർക്ക് വാക്സിൻ സൗജന്യമായി നൽകില്ലെന്ന കേന്ദ്ര തീരുമാനം തിരുത്തി പ്രഖ്യാപിക്കാൻ പ്രധാനമന്ത്രി നിർബന്ധിതനായി. കൊത്തിയ പാമ്പിനെക്കൊണ്ടുതന്നെ വിഷമിറക്കിക്കുവാൻ നമുക്കായി. ഇത് ജനാധിപത്യത്തിന്റെ വിജയമാണ്. ഈ വിജയത്തിൽ കേരളത്തിനും വിശിഷ്യാ നിയമസഭയ്ക്കും അഭിമാനിക്കാം. കോവിഡ് വാക്സിൻ വാങ്ങാനായി കേരള സർക്കാരിന് ജനങ്ങൾ സംഭാവന നൽകിയ പണം ജനങ്ങൾക്ക് തിരിച്ചുകൊടുക്കുമോ എന്ന് ഏതോ നിരീക്ഷകൻ ചോദിക്കുന്നതുകേട്ടു. ഈ കോവിഡ് കാലത്ത് പാവപ്പെട്ടവരെ സഹായിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റാണിത്. കേരള സർക്കാരിന് എവിടെ നിന്നും കുഴൽപ്പണമൊന്നും കിട്ടുകയില്ലെന്ന കാര്യം ജനങ്ങൾക്കറിയാം. അവർ കൊടുത്തത്

തിരിച്ച് ചോദിക്കുന്നവരല്ലെന്ന് ബി.ജെ.പി.-ക്കാർ അറിഞ്ഞിരിക്കുന്നത് നല്ലതാണ്. സൗജന്യ വാക്സിൻ പൗരന്റെ അവകാശമാണെന്ന് അംഗീകരിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണ് ഈ സഭയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. 1000 കോടി രൂപ അതിനായി വകയിരുത്തിയിരിക്കുന്നു. കോവിഡ് വാക്സിൻ ഒരു ഡോസിന് 400 രൂപ വച്ച് കണക്കാക്കിയാൽത്തന്നെ 1000 കോടി രൂപ സൗജന്യ വാക്സിനുവേണ്ടി സംസ്ഥാന സർക്കാർ ചെലവാക്കേണ്ടി വരുമെന്നാണ് നാം കണക്കുകൂട്ടിയിരിക്കുന്നത്. ആ തുക മറ്റ് കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാനാകും. കേന്ദ്ര സർക്കാരിന്റെ തിരുത്തിയ വാക്സിൻ നയംവഴി 1000 കോടി രൂപ ലാഭിക്കാനായെന്ന് ഒറ്റനോട്ടത്തിൽ തോന്നാം. ഈ സമയത്ത് നമ്മൾ മലയാളികൾ മനസ്സിലാക്കേണ്ട മറ്റൊരു കണക്കുണ്ട്. 2017-ൽ മോദി സർക്കാർ നിയോഗിച്ച 15-ാം ധനകാര്യ കമ്മീഷന്റെ തെറ്റായ നയംമൂലം കേരളത്തിന് ലഭിക്കേണ്ട നികുതി വരുമാനത്തിലുണ്ടായ കുറവ് 1164 കോടി രൂപയാണ്. വാക്സിൻ സൗജന്യമാക്കിയ വകയിൽ ഇപ്പോൾ കേരളത്തിന് 1000 കോടി രൂപ ലാഭിക്കാനായെന്ന് പറയുമ്പോൾ, കേന്ദ്ര ധനകാര്യ കമ്മീഷൻവഴി ആയിരത്തിലധികം കോടി രൂപ നമുക്ക് മുമ്പേ നഷ്ടപ്പെട്ടിരിക്കുന്നുവെന്നതാണ് വസ്തുത. ഈ കഥ നാം മറന്നുപോകരുത്. 2019-20 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോഴുള്ള കുറവ് മാത്രമാണിത്. യഥാർത്ഥ നഷ്ടം അതിനേക്കാൾ എത്രയോ വലുതാണ്. ഈ കാര്യം ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിന്റെ തുടക്കത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. 1980-1985-ൽ 3.95% ആയിരുന്ന കേരളത്തിന്റെ വിഹിതം 2000-2005 ആയപ്പോഴേയ്ക്കും 3.057 ശതമാനമായി കുറച്ചു. 2021-2026-ൽ അത് വീണ്ടും 1.925 ശതമാനമായി കുറച്ചു. ഇപ്പോൾ 1980-1985-ലെ അതേ തോതിൽ കേന്ദ്രം പണം അനുവദിച്ചിരുന്നെങ്കിൽ എത്ര കോടി രൂപ കേന്ദ്രം കേരളത്തിന് തരേണ്ടിവരുമായിരുന്നെന്നുള്ള കാര്യം നാം ചിന്തിക്കേണ്ടതാണ്. ജനസംഖ്യാ നിയന്ത്രണം ഉൾപ്പെടെയുള്ള നയങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയതിന് കേരളത്തെ ഇങ്ങനെ ശിക്ഷിക്കണമോയെന്ന ചോദ്യം നമ്മൾ ഉയർത്തണം. മെച്ചപ്പെട്ട ഭരണംമൂലം സാമൂഹ്യസുരക്ഷയിലും ജീവിതനിലവാരത്തിലും ഉത്തരേന്ത്യയെ അപേക്ഷിച്ച് കേരളം ബഹുദൂരം മുമ്പിലായത് നമ്മുടെ കുറ്റമാണോയെന്ന് ചോദിക്കുകതന്നെ വേണം. സമാന വിഷമങ്ങൾ അനുഭവിക്കുന്ന സംസ്ഥാനങ്ങളുമായി ഈ വിഷയത്തിൽ നാം ആശയവിനിമയം നടത്തുകയും പരിഹാരമുണ്ടാക്കുകയും വേണം. കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. കേരളത്തിന് അവകാശപ്പെട്ട നികുതി വിഹിതം കേന്ദ്രം വെട്ടിക്കുറച്ചു. ഇതിനുപുറമെ ജി.എസ്.ടി. കുടിശ്ശിക യഥാസമയം നൽകാതെ പിടിച്ചുവയ്ക്കുന്ന ക്രൂരത ചെയ്യുന്നു. ഇത്രയൊക്കെ ദ്രോഹിച്ചിട്ടും അവർക്ക് മതിയാകുന്നില്ല. വസ്തുത ഇതായിരിക്കെ കേരള സർക്കാർ ജനങ്ങൾക്ക് നൽകുന്ന സൗജന്യ കിറ്റിൽപ്പോലും

അവകാശവാദം ഉന്നയിക്കുകയാണ് ഇവിടുത്തെ ബി.ജെ.പി.-ക്കാർ. ഈ കോവിഡ് കാലത്ത് പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് വിപുലമായ പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനം വളരെ പ്രതീക്ഷ നൽകുന്ന ഒന്നാണ്.

വായ്പാ പദ്ധതികളെക്കുറിച്ച് പറയുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെയും മത്സ്യത്തൊഴിലാളികളുടെയും ജീവിതവുമായി ബന്ധപ്പെട്ട് പലകാര്യങ്ങളും പ്രത്യേകമായി ശ്രദ്ധിക്കേണ്ടതുണ്ടെന്ന് കരുതുന്നു. ബഡ്ജറ്റിൽ പട്ടികജാതി/ പട്ടികവർഗ്ഗ വികസനം എന്ന ഭാഗത്ത് ഈ വിഭാഗങ്ങളുടെ രണ്ടാംതലമുറ വികസന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനുള്ള ശ്രമം തുടങ്ങിവച്ചതായി കാണുന്നതിൽ വലിയ സന്തോഷമുണ്ട്. ഈ സന്ദർഭത്തിൽ ഇതുമായി ബന്ധപ്പെട്ട ഒരു സുപ്രധാന കാര്യം സൂചിപ്പിക്കാനുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി പ്രഖ്യാപിക്കുന്ന ഇത്തരം വായ്പാ പദ്ധതികൾ പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്നവർക്ക് പലപ്പോഴും അതിന് സാധിക്കാതെ വരുന്നുണ്ട്. പലിശയിളവും മറ്റും പദ്ധതികളിലുണ്ടാകുമെങ്കിലും വായ്പയ്ക്കുള്ള ജാമ്യവ്യവസ്ഥകൾ പൊതുവിഭാഗത്തിന്റേതിന് സമാനമാകുന്ന സാഹചര്യം കണ്ടുവരുന്നുണ്ട്. മിക്ക വായ്പകൾക്കും സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യമോ ഭൂമിയോ ആണ് ഈടായി ചോദിക്കുന്നത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഒന്നാം തലമുറ വികസനപ്രശ്നങ്ങൾ ഇനിയും പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല എന്നുള്ള വസ്തുത ഈ രണ്ടായിരത്തി ഇരുപത്തിയൊന്നാമാണ്ടിലെ ബഡ്ജറ്റിലും പറയേണ്ടിവരുന്ന സാഹചര്യമുണ്ട്. രണ്ടാംതലമുറ വികസന പ്രവർത്തനങ്ങളിലേയ്ക്ക് കടക്കാനാവശ്യമായ മൂലധനം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും മത്സ്യത്തൊഴിലാളി സമൂഹത്തിനും ഇപ്പോഴില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. അതിനായി സർക്കാർ സംവിധാനങ്ങളെ സമീപിക്കുമ്പോൾ പൊതു വിഭാഗങ്ങൾക്ക് സമാനമായി ഭൂമിയോ സർക്കാർ ഉദ്യോഗസ്ഥ ജാമ്യമോ ചോദിക്കുമ്പോൾ, ഇവരണ്ടും ഈ വിഭാഗങ്ങളുടെ പക്കൽ വളരെ കുറവാണ്. തുല്യതയുള്ളവർ തമ്മിലേ തുല്യനീതി ഉറപ്പാക്കാനാകൂ. പട്ടികവിഭാഗങ്ങളുടെ കയ്യിലുള്ള വിഭവങ്ങൾ മറ്റുള്ളവർക്ക് തുല്യമല്ല എന്നതുകൊണ്ടുതന്നെ പട്ടിക വിഭാഗങ്ങളിൽപ്പെട്ടവർക്കായുള്ള വായ്പാ പദ്ധതികൾ രൂപകൽപ്പന ചെയ്യുമ്പോൾ ജാമ്യവ്യവസ്ഥകളിൽ സാമൂഹ്യ യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള ഇളവുകൾ ഉണ്ടാകണമെന്ന് ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുന്നു.

കോവിഡുമൂലം മാതാപിതാക്കൾ മരണപ്പെട്ട വിദ്യാർത്ഥികളെ സംരക്ഷിക്കാനുള്ള പദ്ധതികൾ കേരള സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. 3 ലക്ഷം രൂപ ഒറ്റത്തവണയായി കുട്ടികൾക്ക് നൽകും. കൂടാതെ 18 വയസ്സുവരെ പ്രതിമാസം 2,000 രൂപ നൽകുകയും ബിരുദതലം വരെയുള്ള വിദ്യാഭ്യാസ ചെലവ് സർക്കാർ വഹിക്കുകയും

ചെയ്യും. ഇതിനായി 5 കോടി രൂപ വകയിരുത്തിയതിനെ സ്വാഗതം ചെയ്യുന്നു. ഇതിനോടൊപ്പം ശ്രദ്ധിക്കേണ്ട ഒരു കാര്യംകൂടിയുണ്ട്. സാമ്പത്തിക സുരക്ഷിതത്വമില്ലാത്ത കുടുംബങ്ങളിലേയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലേയും ഏകവരുമാനക്കാരനോ, വരുമാനക്കാരിയോ ആയ അംഗം മരിച്ച സംഭവങ്ങളും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം കുടുംബങ്ങളിലെ കുട്ടികളിൽ 18 വയസ്സിന് മുകളിൽ പ്രായമുള്ളവരും പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന കുട്ടികളടക്കമുള്ളവരുമുണ്ട്. പ്രൊഫഷണൽ കോഴ്സുകളിൽ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവരുമുണ്ടാകാം. അവരുടെ  വിദ്യാഭ്യാസം മുടങ്ങാതിരിക്കാൻ സാമ്പത്തിക സഹായം നൽകുന്നതിൽ പ്രത്യേക ശ്രദ്ധയുണ്ടാകണം. ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ വകയിരുത്തിയ 2800 കോടി രൂപയടക്കം 20,000 കോടി രൂപ ആരോഗ്യരംഗത്തിന് വകയിരുത്തിക്കൊണ്ട് ഈ കാലഘട്ടത്തിന്റെ ആവശ്യമറിഞ്ഞുകൊണ്ടുള്ള കൃത്യമായ പ്രഖ്യാപനമാണ് ബഡ്ജറ്റിലുള്ളത്. വിദ്യാഭ്യാസ രംഗത്തും ആവശ്യമായ ജാഗ്രത വച്ചുപുലർത്തിയിട്ടുണ്ട്. പൊതു ഓൺലൈൻ അദ്ധ്യയന സംവിധാനത്തിന് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കുട്ടികൾക്ക് ടെലി കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് നല്ല തീരുമാനമാണ്. 'നോളജ് ഇക്കോണമി ഫണ്ട്' എന്ന നിലയിൽ വകയിരുത്തിയിരുന്ന തുക 200 കോടി രൂപയിൽനിന്നും 300 കോടി രൂപയായി വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളിൽ പലർക്കും പഠനത്തിനാവശ്യമായ മൊബൈൽ ഫോൺ അടക്കമുള്ള ഉപകരണങ്ങളില്ല എന്നുള്ള പരാതി പലയിടങ്ങളിൽനിന്നും ഉയർന്നുവരുന്നുണ്ട്. ചില സ്ഥലങ്ങളിൽ ഇന്റർനെറ്റ് ലഭ്യതയും പ്രശ്നമാണ്. ഇത്തരം കാര്യങ്ങളിൽ അടിയന്തര പരിഹാരം കാണാനുള്ള നടപടിയുണ്ടാകുമെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകിയിട്ടുണ്ട്. കോവിഡ് ഒന്നാം തരംഗത്തിന്റെ കാലത്ത് ഈ പ്രശ്നം ജനകീയമായി മറികടന്ന് പാവപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിലെടുത്ത ജാഗ്രത ഒത്തൊരുമയോടെ തുടരണം. നമ്മുടെ സമ്പദ് വ്യവസ്ഥയുടെ പ്രധാന ഘടകങ്ങൾ സുഗന്ധവ്യഞ്ജനങ്ങളും സമുദ്രോൽപ്പന്നങ്ങളും ടൂറിസവും പ്രവാസിമേഖലയുമാണ്. ഈ മേഖലകളെയെല്ലാം കോവിഡ് സാരമായി ബാധിച്ചുവെന്നാണ് വിദഗ്ദ്ധർ പറയുന്നത്. അവയെ നല്ല നിലയിലേയ്ക്ക് തിരികെ കൊണ്ടുവരാനുള്ള ശ്രമം സർക്കാർ നടത്തുന്നതായി ഏവർക്കുമറിയാം. മത്സ്യസംസ്കരണത്തിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനുമുള്ള പശ്ചാത്തല സൗകര്യമൊരുക്കുന്നതിനുള്ള പ്രഖ്യാപനത്തെ എന്റെ മണ്ഡലത്തിലെയടക്കമുള്ള തീരദേശ ജനത വളരെ പ്രതീക്ഷയോടെയാണ് കാണുന്നത്. എല്ലാ സർക്കാർ സേവനങ്ങളും ഓൺലൈനായി പൗരന്മാർക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്ക് വേണ്ടത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് കാണുന്നതിൽ സന്തോഷമുണ്ട്. ഇ-ഓഫീസ്, ഇ-ഫയൽ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിലൂടെ സർക്കാർ വകുപ്പുകളുടെ പ്രവർത്തനം സുതാര്യമാക്കുകയും അഴിമതി ഒരളവുവരെ തുടച്ചുനീക്കുകയും ചെയ്യുമെന്നാണ് ന്യായമായി കരുതുന്നത്. കോവിഡ് മഹാമാരി പ്രവാസി ലോകത്തിൽ വലിയ

പ്രതിസന്ധിയാണുണ്ടാക്കിയിരിക്കുന്നത്. ഏറെ പ്രവാസികളുള്ള ഒരു മണ്ഡലമാണ് ഞാൻ പ്രതിനിധാനം ചെയ്യുന്ന നാട്ടിക. കഴിഞ്ഞ പ്രളയകാലത്ത് കേരളം കണ്ണീരണിഞ്ഞപ്പോൾ നമ്മുടെ കണ്ണീർ തുടച്ചത് പ്രവാസികളാണ്. ഈ കോവിഡ് കാലത്ത് അവരിൽ പലരും കണ്ണീരിലാണ്. നമുക്കത് കണ്ടുനിൽക്കാനാവില്ല. നാലര ലക്ഷത്തോളംപേർ തൊഴിൽ നഷ്ടപ്പെട്ട് തിരികെ നാട്ടിലെത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു. അവർക്കായി പുനരധിവാസ പദ്ധതി ആസൂത്രണം ചെയ്തകാര്യം ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...........

ശ്രീ. സി. സി. മുകുന്ദൻ: സർ, 1000 കോടി രൂപയുടെ വായ്പാ പദ്ധതിയും 170 കോടി രൂപയുടെ ക്ഷേമപദ്ധതികളും അതിലുണ്ട് എന്നത് വലിയ ആശ്വാസം നൽകുന്നു. ഇത് നിരവധി കുടുംബങ്ങൾക്ക് പ്രതീക്ഷയാകുന്നു. കോവിഡിൽ തകർന്ന ടൂറിസത്തെ പുനരുജ്ജീവിപ്പിക്കാൻ 30 കോടി രൂപയുടെ ടൂറിസം പാക്കേജ് പ്രഖ്യാപിച്ചതും ജനം വളരെ പ്രതീക്ഷയോടെയാണ് കാണുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്..... അങ്ങ് പ്രസംഗം അവസാനിപ്പിക്കണം, സമയം കഴിഞ്ഞു.

ശ്രീ. സി. സി. മുകുന്ദൻ: സർ, കേരളത്തിലെ ജനങ്ങൾ വീണ്ടും തെരഞ്ഞെടുത്ത പിണറായി വിജയൻ സർക്കാർ ഇനിയുള്ള അഞ്ചുവർഷക്കാലം നമ്മുടെ നാടിനെ നയിക്കും. കേരളത്തെ കോവിഡ് പ്രതിസന്ധിയിൽനിന്നും കരകയറ്റുന്നതിനും സമഗ്ര വികസനത്തിനുമുള്ള ശക്തമായ അടിത്തറയാണ് ഈ ബഡ്ജറ്റ്. ഈ സഭയിൽ അവതരിപ്പിക്കപ്പെട്ട വോട്ട് ഓൺ അക്കൗണ്ടിനെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു, നന്ദി.

ശ്രീമതി ദെലീമ: സർ, സമസ്തമേഖലകളെയും സ്പർശിച്ചുകൊണ്ടും പാവപ്പെട്ടവന്റെ കണ്ണീരൊപ്പുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടും അവതരിപ്പിച്ച ഈ ബഡ്ജറ്റിന്മേലുള്ള വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുന്നു. ചരിത്രമുറങ്ങുന്ന വയലാറും മേനാശ്ശേരിയുമുൾക്കൊള്ളുന്ന ചേർത്തല താലൂക്കിലെ അരൂർ മണ്ഡലത്തെയാണ് ഞാൻ പ്രതിനിധീകരിക്കുന്നത്. കേരളചരിത്രത്തിൽ മഹത്തായ ഏടുകൾ എഴുതിച്ചേർത്ത വിപ്ലവനായിക സഖാവ് കെ. ആർ. ഗൗരിയമ്മ പ്രതിനിധീകരിച്ച മണ്ഡലമാണിത്. ആ മണ്ണിൽ ചവിട്ടി ഉറച്ച കാൽവയ്പ്പോടെ മുന്നോട്ടുനീങ്ങി ജനങ്ങളെ സ്നേഹിക്കാനും സേവിക്കാനുമുള്ള ചങ്കുറപ്പ് നൽകിയത് ആ ശക്തയായ കെ. ആർ. ഗൗരിയമ്മയുടെ സ്മരണയും പിണറായി സർക്കാരുമാണ്. ഈ നാട്ടിലെ മുഴുവൻ ജനങ്ങളിലേയ്ക്കും നീതിയുടെയും സമൃദ്ധിയുടെയും കരുതലിന്റെയും ക്ഷേമ പദ്ധതിയിലൂടെ പുരോഗതിയുടെയും ഭരണനേട്ടങ്ങളുടെയും വാഗ്ദാന പൂർത്തീകരണ

ങ്ങളുടെയും ഭാവി പ്രതീക്ഷയുടെയും വികസനത്തിന്റെയുമൊക്കെ സത്ഫലങ്ങൾ എത്തിച്ചേരുന്നതാണ് നമ്മുടെ പിണറായി സർക്കാരിന്റെ പ്രവർത്തനങ്ങൾ. അങ്ങനെ സർക്കാരിനെ വിശ്വസിച്ച ജനതയ്ക്ക് ഈ സർക്കാർ നൽകുന്ന സമ്മാനമാണ് ഈ ജനകീയ ബഡ്ജറ്റ്. മുൻ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ജനക്ഷേമ ബഡ്ജറ്റിന്റെ ഏറ്റവും മികച്ച പിന്തുടർച്ചയാണ് ഈ ബഡ്ജറ്റ്. കൃത്യമായ ആസൂത്രണത്തിലൂടെ അടിസ്ഥാന വികസന കാര്യങ്ങളിൽ ശ്രദ്ധയൂന്നിക്കൊണ്ട് നടപ്പിലാക്കിയ പദ്ധതികളിലൂടെ സാധാരണ ജനങ്ങളുടെ ഹൃദയത്തിലേയ്ക്കാണ് ഈ സർക്കാർ നടന്നുകയറിയത്. കേരള ചരിത്രത്തിൽ ഇതുവരെ ഒരു ഗവൺമെന്റിനും നേരിടേണ്ടി വന്നിട്ടില്ലാത്തത്ര ഭീകരമായ വെല്ലുവിളികളെയാണ് കഴിഞ്ഞ അഞ്ചു വർഷം നമുക്ക് നേരിടേണ്ടിവന്നത്. കേരളം കണ്ട മഹാപ്രളയങ്ങളും നിപയും കോവിഡും തകർത്താടിയ ഈ കാലയളവിൽ കേരള ജനതയെ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മറ്റ് വകുപ്പുമന്ത്രിമാർക്കും അവർക്ക് ഊർജ്ജം പകർന്ന് കൂടെനിന്ന ഇടതുപക്ഷ നേതാക്കൾക്കും അഭിവാദ്യമർപ്പിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ആരോഗ്യരംഗത്ത് ലോകംതന്നെ കോവിഡിന് മുന്നിൽ പകച്ചുനിന്നപ്പോൾ ഈ കൊച്ചുകേരളം ലോകത്തിനുതന്നെ മാതൃകയായി. പ്രാണവായു ലഭിക്കാതെ പിഞ്ചുകുട്ടികളും കോവിഡ് രോഗികളും പിടഞ്ഞുവീണ് മരിച്ച ഉത്തരേന്ത്യൻ മോഡലല്ല നമ്മുടെ നാട്. മരിച്ചുവീണ മനുഷ്യന് ചിതയൊരുക്കാൻ ഇടംപോലും കൊടുക്കാതെ പുണ്യനദികളിൽ എണ്ണമറ്റ ശവശരീരങ്ങൾ ഒഴുക്കിവിടുന്ന ഭരണകൂട ഭീകരതയുള്ള ഇടമല്ല നമ്മുടെ നാട്. ഗംഗയും യമുനയും വേദനിച്ചുപിടഞ്ഞ് നീതി നിഷേധിക്കപ്പെട്ട് പ്രാണൻ വെടിഞ്ഞ ഭാരതപുത്രന്മാരുടെ ശവശരീരങ്ങളുംപേറി നിശബ്ദമായി കരഞ്ഞൊഴുകിയപ്പോൾ നമ്മുടെ പമ്പയും കബനിയും മീനച്ചിലാറും മണിമലയാറും മറ്റ് നദികളും സ്വച്ഛമായി ഒഴുകി. സ്വച്ഛ് ഭാരതം എന്താണെന്നറിയണമെങ്കിൽ നമ്മുടെ നാട്ടിൽ വരണം. കടപ്പുറത്ത് കുപ്പി പെറുക്കി ഇവന്റ് മാനേജർമാരെക്കൊണ്ട് ഫോട്ടോഷൂട്ട് നടത്തി ലോകത്തിന് മുന്നിൽ നാടിന്റെ മാനാഭിമാനം പണയം വച്ച മാതൃകയല്ല നമ്മുടെ നാട്. വൃത്തിയുള്ളവരാണ് മലയാളികൾ. ഏറെ വൃത്തിയുള്ളതാണ് ഇവിടത്തെ ഗവൺമെന്റ്.

കൃഷിക്കാരന് ആത്മവിശ്വാസം പകർന്നുകൊണ്ട് കർഷകൻതന്നെയാകണം കാർഷികരംഗത്തെ നയിക്കേണ്ടതെന്ന് പ്രഖ്യാപിച്ച് ഹരിതസമൃദ്ധി പദ്ധതിയിലൂടെ ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദന രംഗത്ത് സ്വയംപര്യാപ്തതയിലേയ്ക്ക് ചുവടുവയ്ക്കാൻ കഴിഞ്ഞതിനും ഹരിതാഭമായ നമ്മുടെ പരിസ്ഥിതിയെ കൂടുതൽ മനോഹരമാക്കിയതിനും ജലസ്രോതസ്സുകൾ, നദികൾ, നീർച്ചാലുകൾ എന്നിവ ആഴംകൂട്ടി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിച്ച് ശുദ്ധമത്സ്യ ലഭ്യത വർദ്ധിപ്പിച്ചതിനും മാതൃകയാണ് നമ്മുടെ സർക്കാർ. പൊതുവിദ്യാഭ്യാസ മേഖലയെ

മികവിന്റെ മാതൃകയാക്കി മാറ്റിയത് വിസ്മയത്തോടെയാണ് ലോകം നോക്കിക്കണ്ടത്. ഹൈടെക് സ്കൂളുകളിൽ വിഭവസമൃദ്ധമായ ഉച്ചഭക്ഷണ പദ്ധതി തുടങ്ങിയതിലൂടെ ഈ നാട്ടിലെ സാധാരണക്കാരുടെ കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രാപ്തമാക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കിയത്. ഓരോ വർഷവും പൊതുവിദ്യാലയങ്ങളിലേയ്ക്കുള്ള കുട്ടികളുടെ റെക്കോർഡ് കടന്നുവരവ് ഈ സർക്കാരിന്റെ ഭരണത്തിലുള്ള പൊൻതൂവലാണ്. കിടപ്പാടവും ഒരുതുണ്ട് ഭൂമിയും ഇല്ലാതെ കണ്ണീരും കയ്യുമായി ജീവിക്കേണ്ടിവന്ന മനുഷ്യരുടെ നെടുവീർപ്പിന് ഉത്തരം കണ്ടെത്തിയ സർക്കാരാണിത്. സ്വന്തമായി ഒരു കിടപ്പാടം എന്ന സ്വപ്നം ഉള്ളിൽ സൂക്ഷിച്ച ലക്ഷക്കണക്കിന് കുടുംബങ്ങളുടെ സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കിയപ്പോൾ, സുരക്ഷിതരായി അവർ തങ്ങളുടെ വീടുകളിൽ അന്തിയുറങ്ങിയപ്പോൾ അവരുടെ നന്ദി പ്രകടനംകൂടിയായി ഈ മികച്ച ഭൂരിപക്ഷം. ഇവിടെയൊരു സർക്കാരുണ്ടെന്ന് ഈ നാട്ടിലെ പാർശ്വവത്ക്കരിക്കപ്പെട്ടവനും നീതിനിഷേധിക്കപ്പെട്ടവനും തോന്നിയിട്ടുള്ളത് ഇടതുപക്ഷ സർക്കാരുകൾ അധികാരത്തിലെത്തിയപ്പോൾ മാത്രമാണ്. മഹാമാരിക്കുമുന്നിൽ ലോകം പകച്ചുനിന്നപ്പോൾ ഒരു നേരത്തെ ആഹാരത്തിനുവേണ്ടി എന്തുചെയ്യുമെന്ന് വേവലാതിപൂണ്ട ഈ നാട്ടിലെ പാവപ്പെട്ട അമ്മമാരുടെ അടുക്കളയിൽ സമൃദ്ധിയുടെ പൊന്നോണം തീർത്ത് ഒരു ജനകീയ സർക്കാരിന്റെ കരുതൽ എന്തെന്ന് കാണിച്ചുകൊടുത്തതിനുള്ള മറുപടി കൂടിയാണ് ഈ സർക്കാരിന്റെ ചരിത്രവിജയം. മത്സ്യ സംസ്കരണമേഖല ചില പ്രതിസന്ധികളെ അഭിമുഖീകരിക്കുന്നുണ്ട്. പാരിസ്ഥിതിക പ്രശ്നങ്ങളും ജനങ്ങളെ വേട്ടയാടുന്നുണ്ട്. കോവിഡിന്റെ ഫലമായി മത്സ്യക്കയറ്റുമതി, സംസ്കരണ മേഖലകളെ വലിയതോതിൽ പ്രതിസന്ധിയിലാഴ്ത്തിയിട്ടുണ്ട്. ഈ മേഖലയെ സംരക്ഷിക്കുന്നതിന് നമ്മുടെ ഗവൺമെന്റ് കഴിഞ്ഞകാലയളവിൽ ഒട്ടേറെ ഇടപെടലുകൾ നടത്തിയിട്ടുണ്ട് എന്നുള്ളത് നന്ദിപൂർവ്വം സ്മരിക്കുകയാണ്. തുടർന്നും അങ്ങയുടെ ശ്രദ്ധയും കരുതലും ഈ മേഖലയിൽ പ്രത്യേകമുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

എന്റെ നാവിലൂടെ കലാകാരന്മാർക്ക് നീതി എന്ന ശബ്ദം മുഴങ്ങികേൾക്കാൻ കാതോർത്ത് എന്റെ പിന്നിൽ അനേകം കലാകാരന്മാർ നിലകൊള്ളുന്നു. ഈ കോവിഡ് മഹാമാരി ഏറ്റവും കൂടുതൽ വേദനിപ്പിക്കുന്നത് അവരെയാണ്. ജീവനോപാധി നഷ്ടപ്പെട്ട് ഒരു സ്റ്റേജ് പ്രോഗ്രാംപോലുമില്ലാതെ ആരോടും സ്വന്തം ദുഃഖം പറയാതെ സ്വാഭിമാനത്തെ മുറുകെപിടിച്ച് വേദനയോടെ അവർ പിന്നിലൊതുങ്ങുന്നു. എന്റെ സർക്കാർ അവരുടെ പ്രയാസങ്ങൾ കാണുന്നുണ്ടെന്ന് എനിക്ക് ഉറച്ച ബോദ്ധ്യമുണ്ട്. ഒരാളെയും ഒഴിവാക്കാതെ എല്ലാവരെയും ഉൾക്കൊള്ളാൻ ശ്രമിക്കുന്ന ഭരണം ഉറപ്പാക്കാനാണ് എന്റെ സർക്കാർ മാതൃകയാകാൻ ശ്രമിക്കുന്നതെന്നുള്ളതിൽ ഞാൻ അഭിമാനിക്കുന്നു. 'ലോകം മുഴുവൻ സുഖം പകരാൻ സ്നേഹദീപമേ മിഴി തുറക്കൂ'; ലോകം മുഴുവൻ സുഖം പകരണമെന്നതാണ് എന്റെ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഈ ബോദ്ധ്യമാണ് എന്നെ ഈ പ്രസ്ഥാനത്തിലേയ്ക്ക് അടുപ്പിക്കുകയും ഇപ്പോൾ നിയമസഭയിലെത്തിക്കുകയും ചെയ്തത്. എല്ലാവർക്കും സുഖം വരട്ടെയെന്ന് ഒരിക്കൽകൂടി ആശംസിക്കുന്നു.

'ലോകം മുഴുവൻ സുഖം പകരാനായ്

സ്നേഹദീപമേ മിഴി തുറക്കൂ'

ഈ വോട്ട് ഓൺ അക്കൗണ്ടിന് എന്റെയും എന്റെ മണ്ഡലത്തിന്റെയും പൂർണ്ണ പിന്തുണ അറിയിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ദെലീമയ്ക്ക് പ്രത്യേകം നന്ദി.

ശ്രീ. പി. അബ്ദുൽ ഹമീദ് : സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ മൂന്ന് ദിവസമായി സഭയിൽ ബഡ്ജറ്റ് ചർച്ചകൾ നടക്കുകയാണ്. നാൽപ്പതോളം സാമാജികർ ബഡ്ജറ്റുമായി ബന്ധപ്പെട്ട വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ബഡ്ജറ്റിലെ പോരായ്മകൾ ഓരോന്നായി ചൂണ്ടിക്കാണിക്കുകയും സംസ്ഥാനത്തിന്റെ വിശാലമായ താൽപ്പര്യം മുന്നിൽ കണ്ടുകൊണ്ട് നിരവധി വിലപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തുകൊണ്ട് ഒരു ക്രിയാത്മക പ്രതിപക്ഷത്തിന്റെ റോൾ പ്രതിപക്ഷം ഭംഗിയായി നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. കോവിഡ് മഹാമാരി വരുത്തിവച്ച ദുരന്തത്തിന്റെ ഭാഗമായി ജനജീവിതം ഒരു ചോദ്യചിഹ്നമായി മാറിയിരിക്കുകയാണ്. നോട്ട് നിരോധനത്തിന്റെ ഭാഗമായുള്ള ബുദ്ധിമുട്ടുകളിൽനിന്നും കരകയറുംമുമ്പ് വന്ന രണ്ട് പ്രളയം, നിപ, കോവിഡ്, ടൗട്ടേ ചുഴലിക്കാറ്റ് എന്നിവ കാരണം ജനജീവിതം താറുമാറായിരിക്കുകയാണ്. നിത്യതൊഴിലെടുത്ത് ജീവിക്കുന്ന സാധാരണക്കാരുടെ ജീവിതം വഴിമുട്ടി നിൽക്കുകയാണ്. വിവിധ മേഖലകളിൽ തൊഴിലെടുത്ത് ജീവിക്കുന്ന തൊഴിലാളികൾ, കർഷകർ, കച്ചവടക്കാർ, പ്രവാസികൾ തുടങ്ങി സമസ്ത മേഖലകളിലും പ്രയാസങ്ങളുടെ നേർക്കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. ഈ പ്രതിസന്ധി എങ്ങനെ അതിജീവിക്കുമെന്നാണ് അവർ ചോദിക്കുന്നത്. ഈ ജനവിഭാഗങ്ങളെ സാധാരണ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാനും അവർക്ക് ആത്മവീര്യം നൽകാനുമുതകുന്ന പദ്ധതികൾക്കും പരിപാടികൾക്കും ഊന്നൽ നൽകുന്ന തീരുമാനങ്ങൾ ബഡ്ജറ്റിന്റെ ഭാഗമായുണ്ടാകണമെന്ന് ഞാൻ ആമുഖമായി ആവശ്യപ്പെടുകയാണ്. വളരെ സജീവമായി രാഷ്ട്രീയ വിഷയങ്ങൾ സഭയിൽ ചർച്ച ചെയ്യുകയുണ്ടായി. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഇത് കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ തുടർച്ചയാണ്. എന്റെ നിയമസഭാ മണ്ഡലവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട, അടിയന്തര പ്രാധാന്യമുള്ള പല വിഷയങ്ങളും ഞാൻ കഴിഞ്ഞ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിൽ ചില വിഷയങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജകമണ്ഡലമായ വള്ളിക്കുന്ന് നിയമസഭാ മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും

ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരെയും ഞാൻ സമീപിക്കുകയുണ്ടായി. കോഴിക്കോട് സർവ്വകലാശാല, കോഴിക്കോട് വിമാനത്താവളം, IOCL Bottling plant, വ്യവസായ പാർക്ക്, കിൻഫ്ര തുടങ്ങി അതീവ സുരക്ഷ ആവശ്യമുള്ള നിരവധി സ്ഥാപനങ്ങൾ നിലവിലുള്ള ഒരു നിയമസഭാ മണ്ഡലമാണ് വള്ളിക്കുന്ന്. അവിടെ ഒരു ഫയർ സ്റ്റേഷന്റെ അനിവാര്യത എത്രത്തോളമാണെന്ന് ഞാൻ പറയേണ്ട ആവശ്യമില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും ഞാൻ ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. മാത്രമല്ല, അതുമായി ബന്ധപ്പെട്ട് കോഴിക്കോട് സർവ്വകലാശാല കോമ്പൗണ്ടിൽ 50 സെന്റ് സ്ഥലം സർവ്വകലാശാല സിൻഡിക്കേറ്റ് അനുവദിക്കുകയും അതിന്റെ MoU ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് പ്രസ്തുത ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്.

140 നിയമസഭാ മണ്ഡലങ്ങളിൽ ജൂനിയർ ആർട്സ് ആൻഡ് സയൻസ് കോളേജ് ഇല്ലാത്ത ചുരുക്കം ചില നിയമസഭാ മണ്ഡലങ്ങളിലൊന്നാണ് വള്ളിക്കുന്ന് നിയമസഭാ മണ്ഡലം. കോഴിക്കോട് സർവ്വകലാശാലയ്ക്ക് ആവശ്യമുള്ള സ്ഥലം നൽകിയത് അവിടത്തെ നാട്ടുകാരാണ്. സർവ്വകലാശാല ആരംഭിക്കുന്നതിനുവേണ്ടി ഏക്കർ കണക്കിന് ഭൂമി ദാനമായി കൊടുത്തതാണ്. പക്ഷേ ആ പ്രദേശത്തെ കുട്ടികൾക്ക് പഠിക്കാൻ ഒരു ജൂനിയർ ആർട്സ് ആൻഡ് സയൻസ് കോളേജ് അവിടെയില്ല. കഴിഞ്ഞ പ്രാവശ്യം ഞാൻ ഈ സഭയിൽ സബ്മിഷനിലൂടെ ഇക്കാര്യം ആവശ്യപ്പെട്ടതാണ്. അവിടെ ഒരു ജൂനിയർ ആർട്സ് ആൻഡ് സയൻസ് കോളേജ് ഇല്ലാത്തതുകാരണം ഹയർ സെക്കണ്ടറി പരീക്ഷ പാസ്സായ കുട്ടികൾ ഡിഗ്രി കോഴ്സ് പഠിക്കുന്നതിനുവേണ്ടി നെട്ടോട്ടമോടുകയാണ്. വിദ്യാഭ്യാസപരമായി ഉയർന്ന നിലവാരം പുലർത്തുന്ന നിയമസഭാ മണ്ഡലമായ വള്ളിക്കുന്നിൽ കുട്ടികൾക്ക് പഠിക്കാനാവശ്യമായ ഒരു ജൂനിയർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അപര്യാപ്തതയുണ്ട്. ഈ സന്ദർഭത്തിൽ അത് ഒരിക്കൽക്കൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ പ്രത്യേകം താൽപ്പര്യമെടുക്കണമെന്നുകൂടി ഞാൻ അപേക്ഷിക്കുകയാണ്.

ഏകദേശം 285 ലക്ഷം രൂപ അനുവദിച്ച ചേളാരി ഹയർ സെക്കണ്ടറി സ്കൂൾ കെട്ടിടത്തിന് ഫണ്ടുണ്ടായിട്ടും നിർമ്മാണം നടത്താൻ സാധിക്കാതെ പ്രയാസപ്പെടുകയാണ്. അവിടെ 285 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഒരു കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചു. അതിന്റെ ബേസ്മെന്റ് പണി ഏകദേശം പൂർത്തിയായി. അപ്പോഴാണ് കളിസ്ഥലം നഷ്ടപ്പെടുന്നുവെന്ന് പറഞ്ഞ് ഒരു വിഭാഗം ആളുകൾ ആ കെട്ടിട നിർമ്മാണം തടസ്സപ്പെടുത്തിയത്. മൂന്ന് വർഷമായിട്ടും ആ തടസ്സം നീക്കി

കെട്ടിട നിർമ്മാണം പുനരാരംഭിക്കാനുള്ള ഒരു നടപടിയും സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും അടക്കമുള്ള ബന്ധപ്പെട്ട എല്ലാ മന്ത്രിമാരുടെയും ശ്രദ്ധയിലുള്ള ഒരു വിഷയമാണിത്. അതുവഴി മൂന്ന് കോടി രൂപയുടെ കിഫ്ബി കെട്ടിടത്തിന്റെ നിർമ്മാണംവരെ തടസ്സപ്പെട്ടുനിൽക്കുകയാണ്. ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കുട്ടികൾ പഠിക്കുന്ന സ്കൂൾ കെട്ടിടം പൊളിക്കാൻ പോകുകയാണ്. അവിടെ ഹയർ സെക്കണ്ടറി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

മൂന്നിയൂർ-പള്ളിക്കൽ വില്ലേജുകൾ ഭൂമിശാസ്ത്രപരമായി വിഭജിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് റവന്യൂ വകുപ്പ് റിപ്പോർട്ട് നൽകിയതാണ്. ഒരു മുനിസിപ്പാലിറ്റിയേക്കാളും ജനസംഖ്യയുള്ള രണ്ട് വില്ലേജുകൾ വിഭജിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. ഈ വിഷയം ഇപ്പോൾ പുതിയ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. റവന്യൂ വകുപ്പുദ്യോഗസ്ഥർ അത് വിഭജിക്കേണ്ടതിന്റെ അനിവാര്യത ചൂണ്ടിക്കാണിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പക്ഷേ അതിനും ഇതുവരെ ഒരു തീരുമാനമായിട്ടില്ല. എന്റെ നിയമസഭാ മണ്ഡലം ഒരു തീരദേശമണ്ഡലമാണ്. കടലുണ്ടി നഗരം, ആനങ്ങാടി, അരിയല്ലൂർ, പരപ്പാൽ തുടങ്ങിയ സ്ഥലങ്ങളിൽ ടൗട്ടേ ചുഴലിക്കാറ്റിന്റെ ഭാഗമായി വീടുകൾ കടലെടുത്ത് നശിച്ച് ജനങ്ങളാകെ ബുദ്ധിമുട്ടുകയാണ്. അവിടെ കടൽ ഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

മലബാറിന്റെ പ്രധാനപ്പെട്ട കേന്ദ്രമായ കോഴിക്കോട് സർവ്വകലാശാലാ കാമ്പസിനകത്ത് സ്പോർട്സ് ഹബ്ബ് നിർമ്മിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനവും അതിന്റെ മാസ്റ്റർ പ്ലാനും ഗവൺമെന്റിന്റെ മുമ്പിലിരിക്കുകയാണ്. അന്തർദേശീയ നിലവാരമുള്ള മത്സരങ്ങൾ നടത്താൻ എല്ലാംകൊണ്ടും സാധ്യതയുള്ള ഒരു സ്റ്റേഡിയമാണ് കോഴിക്കോട് സർവ്വകലാശാലയിലെ സി.എച്ച്. മുഹമ്മദ്കോയ സ്റ്റേഡിയം. അവിടെ ആ സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ മാസ്റ്റർ പ്ലാൻ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അതൊരു സ്പോർട്സ് ഹബ്ബാക്കി മാറ്റുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കണം. ജലനിധി പദ്ധതിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പൈപ്പ്ലൈൻ പോയതോടുകൂടി ഒരു പഞ്ചായത്തിലെ മുഴുവൻ റോഡുകളും പൊളിഞ്ഞ് താറുമാറായിക്കിടക്കുകയാണ്. അവിടെ നടക്കാൻപോലും കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. അതുകൊണ്ട് അത് നവീകരിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൂടി സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ ആവശ്യപ്പെടുന്നു. ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

4.00 pm]

ശ്രീ. വി. ജോയി: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കുകയാണ്. 'എല്ലാത്തിനും മുൻപേ ആരോഗ്യം, അഥവാ ഒന്നാമത് ആരോഗ്യം', കോവിഡിനെ കീഴടക്കുന്ന ആദ്യ നാടായി നമുക്ക് മാറാൻ സാധിച്ചു. എല്ലാവരും സൂചിപ്പിച്ചതുപോലെ കേരള ജനത ഒരു പുതിയ ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. പുതിയ ചരിത്രം ചിലരെ ഭയവിഹ്വലരാക്കുന്നുണ്ട്, ചിലർക്ക് അത് നിദ്രാഹീന രാത്രികൾ സമ്മാനിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാവുന്ന പ്രദേശമാണ് വർക്കല. കടലും കായലും തമ്മിൽ സന്ധിക്കുന്ന കാപ്പിൽ പോലുള്ള പ്രദേശത്ത് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നതുപോലെ ഒരു ആംഫി ബിയൻ വാഹന സൗകര്യം നൽകുകയാണെങ്കിൽ അത് കൂടുതൽ ഉപയോഗപ്പെടും. വർക്കലയിലെ മലഞ്ചരിവ് ലോകപ്രസിദ്ധമാണ്. ലോക ഭൂപടത്തിൽത്തന്നെ വർക്കലയുടെ സ്ഥാനം വളരെ വലുതാണ്. ആ മലഞ്ചരിവ് കുറേശ്ശെയായി നശിച്ചു കൊണ്ടിരിക്കുന്ന ഒരു പ്രത്യേക സാഹചര്യമുണ്ട്. അത് ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യമാണ്, നമുക്കത് സംരക്ഷിക്കണം. ശിവഗിരി മഠത്തിന് ഒരു അന്താരാഷ്ട്ര കൺവെൻഷൻ സെന്റർ ആരംഭിക്കുന്നതിനുവേണ്ടി ആദ്യഗഡു പണം നൽകിയിരുന്നു. അത് പൂർത്തീകരിക്കുന്നതിനാവശ്യമായ ഫണ്ട് നൽകേണ്ടതുണ്ട്. അതുപോലെ തീരപ്രദേശവുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന ഈ സാഹചര്യത്തിൽ ബഡ്ജറ്റിന്റെ ഭാഗമായിട്ടുതന്നെ, മത്സ്യമേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകണം. ഈ വിഷയം പ്രത്യേകമായി കാണാനും അവിടത്തെ ജനങ്ങളുടെ ജീവിത സുരക്ഷാമാർഗ്ഗങ്ങൾ നന്നാക്കാനുംവേണ്ടിയുള്ള പാക്കേജുകൾ അനിവാര്യമാണ്. ഇതിന്റെ ഭാഗമായി അത് ചർച്ച ചെയ്യപ്പെടേണ്ടതും ആവശ്യമായ ഫണ്ട് ഉൾപ്പെടുത്തേണ്ടതുമാണ്.

ബഡ്ജറ്റ് പ്രസംഗത്തിന്റെ ചർച്ചയിൽ എനിക്ക് അവസരം ലഭിച്ചില്ല, വോട്ട് ഓൺ അക്കൗണ്ടാണ് ലഭിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ ബഡ്ജറ്റിനെ 'പുത്തരിക്കണ്ടം മൈതാനത്തെ പ്രസംഗം' എന്നാണ് സൂചിപ്പിച്ചത്. എന്നാൽ കേരളത്തിലെ എല്ലാ പത്രങ്ങളും പ്രതിപക്ഷത്തിന് ആവശ്യമായിട്ടുള്ള വിത്തും വളവും നൽകുന്ന മലയാള മനോരമയടക്കം ഈ ബഡ്ജറ്റിനെ സംബന്ധിച്ച് നല്ല അഭിപ്രായമാണ് രേഖപ്പെടുത്തിയത്. മലയാള മനോരമ '140-ാം ദിവസം രണ്ടാം ഡോസ്' എന്നാണ് ബഡ്ജറ്റിനെപ്പറ്റി തലക്കെട്ട് കൊടുത്തത്. 'കോവിഡ് നിഴലിലെ കരുതൽ ബഡ്ജറ്റ്' എന്നാണ് അന്നത്തെ മുഖപ്രസംഗം മലയാള മനോരമ എഴുതിയത്. 'ആശ്വാസ ഡോസ്'-കേരള കൗമുദി, 'രണ്ടാം ഡോസ്'- മാതൃഭൂമി, 'ആരോഗ്യ തീരം'- ദേശാഭിമാനി ഇങ്ങനെ തുടങ്ങിയ പുകഴ്ത്തലുകൾ ഇതുമായി ബന്ധപ്പെട്ട് വരുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പുത്തരിക്കണ്ടത്തെ മൈതാന പ്രസംഗമായിട്ടാണ് ഇതിനെ ഉപമിച്ചത്. എന്താണ് അതിന്റെ കാരണം? അതിനകത്ത് രണ്ട് രാഷ്ട്രീയ

കാര്യങ്ങൾ പരാമർശിച്ചിരുന്നു. ഒന്ന്, ആസിയൻ കരാറിനെയും രണ്ട്, നവഉദാര വത്കരണ സമീപനത്തെയും കുറിച്ച് വിമർശിച്ചു. ഇത് രണ്ടും വന്നപ്പോൾ അദ്ദേഹം അതിനെ രാഷ്ട്രീയമായി കണക്കാക്കി ഈ നിലയിലാണ് അഡ്രസ്സ് ചെയ്തത്. ഞാൻ എന്റെ സാമാന്യ ബുദ്ധിയിൽ ഒരു ചോദ്യം ചോദിക്കുകയാണ്. 41 പേരായി ചുരുങ്ങിയതു സംബന്ധിച്ച പരാജയം ഒരിക്കൽപ്പോലും ഈ സഭയിൽ നിങ്ങൾ അംഗീകരിക്കുന്നില്ല. പക്ഷേ ഉള്ളിൽ നിങ്ങൾ പരാജയം സമ്മതിക്കുന്നു. അതുകൊണ്ടാണ് മുൻവശത്തെ സീറ്റിലിരുന്ന ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവിന് പുറകു വശത്തേയ്ക്ക് മാറേണ്ടിവന്നത് എന്നുള്ളത് നിങ്ങൾ കാണുന്നില്ല. ഇപ്പോൾ കെ.പി.സി.സി.യുടെ പുതിയ അദ്ധ്യക്ഷനെ കൊണ്ടുവന്നതും യഥാർത്ഥത്തിൽ നിങ്ങളുടെ പരാജയം സമ്മതിക്കുന്നതിന് തുല്യമാണ് എന്നുള്ളത് നിങ്ങൾ കാണുന്നില്ല. ഇവിടെ ഇപ്പോഴത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചില പ്രത്യേക തന്ത്രങ്ങൾ ഉപയോഗപ്പെടുത്തുകയാണ്. 'വ്യത്യസ്തനാം ഒരു ബാർബറാം ബാലൻ' എന്നുപറഞ്ഞതുപോലെ മുൻ പ്രതിപക്ഷനേതാവിൽനിന്നും വ്യത്യസ്തനാണ് ഞാൻ, എന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടിയുള്ള ചില ഗിമ്മിക്കുകൾ അദ്ദേഹം ഉപയോഗപ്പെടുത്തുന്നുണ്ട്. ഉദാഹരണത്തിന് എൽ.ഡി.എഫ്.-ന്റെ തീരുമാനങ്ങളിൽ ഏതെങ്കിലും ഒരു കാര്യത്തെ അഭിനന്ദിച്ച്, 99 കാര്യങ്ങളെ വിമർശിക്കുകയാണ്, പൂർണ്ണമായി എതിർക്കുകയാണ്, ഇത് ജനങ്ങളുടെ ഇടയിലുള്ള ആദ്യ അഭിപ്രായം വരുമ്പോൾ 'കൊള്ളാം പ്രതിപക്ഷനേതാവ്, തെറ്റില്ല' എന്ന് മാധ്യമങ്ങളുടെ സഹായത്തോടുകൂടി ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുകയാണ്. രാഷ്ട്രീയമായി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയാണ് അദ്ദേഹം ഇപ്പോൾ ഇങ്ങനെ ചെയ്തു കൊണ്ടിരിക്കുന്നത്. അദ്ദേഹം പ്രതിപക്ഷനേതാവായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ എറണാകുളത്താണ് ആദ്യം പത്രസമ്മേളനം നടത്തിയതെന്നാണ് എനിക്ക് തോന്നുന്നത്. അതിൽ അദ്ദേഹം പറഞ്ഞത്, 'സാമുദായിക സംഘടനകളുടെ വീട്ടു പടിക്കലേയ്ക്ക് പോകാൻ ഞങ്ങൾ ഇനി ആഗ്രഹിക്കുന്നില്ല, സാമുദായിക സംഘടന കളുമായി ഞങ്ങൾക്ക് ബന്ധമില്ല' എന്നാണ്. കാരണമെന്താണ്? ഇടതുപക്ഷം എടുക്കുന്ന തത്വാധിഷ്ഠിതമായിട്ടുള്ള നിലപാടുകളെ സ്വാംശീകരിച്ചുകൊണ്ടാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ അദ്ദേഹം അത് പറഞ്ഞതിന്റെ പിറ്റേദിവസംതന്നെ പ്രബലമായ ഒരു സാമുദായിക സംഘടനയുടെ സംസ്ഥാന ജനറൽ സെക്രട്ടറി പറഞ്ഞു, 'എന്റെ വീട്ടിൽവന്ന് ഒന്നര മണിക്കൂർ ഇരുന്ന് സംസാരിച്ച് പോയിട്ടാണ് ഇത് ചെയ്തത്' എന്ന്. പക്ഷേ യാതൊരു വിധത്തിലും അദ്ദേഹം മറുപടി പറഞ്ഞില്ല. ഇവിടെ അസഹിഷ്ണുത അദ്ദേഹം ആദ്യംതന്നെ പ്രകടിപ്പിക്കുകയാണ്. കോൺഗ്രസ് എന്നുപറയുന്നത് ആർക്കും രക്ഷിക്കാൻ പറ്റാത്ത രൂപത്തിലേയ്ക്ക് മാറി. ഇവിടെ ഇന്നലെ ശ്രീ. രാഹുൽ ഗാന്ധിയുടെ ബ്രിഗേഡിയറിൽപ്പെട്ട ജിതിൻ പ്രസാദ എന്നുപറയുന്ന എ.ഐ.സി.സി.-യുടെ ജനറൽ സെക്രട്ടറി ബി.ജെ.പി.-യിലേയ്ക്ക് പോയി. ഏറ്റവും അവസാനമായി കെ.പി.സി.സി. പ്രസിഡന്റായി ശ്രീ. മുല്ലപ്പള്ളി

രാമചന്ദ്രനെ മാറ്റി ശ്രീ. കെ. സുധാകരനെ തെരഞ്ഞെടുക്കുന്ന തീരുമാനത്തിൽപ്പോലും പങ്കെടുത്ത ആളായിരുന്നു അദ്ദേഹം. ആരും നിങ്ങളെ വിശ്വസിക്കുന്നില്ല എന്നുള്ളത് ഈ അവസരത്തിൽ നിങ്ങൾ കാണണം. ഇങ്ങനെ ഓരോരുത്തരായി പോയിക്കൊണ്ടിരിക്കുകയാണ്. ബി.ജെ.പി.-യുടെ നിലപാടിനെ നിങ്ങൾ എത്രത്തോളം എതിർക്കുന്നു? ഇതുസംബന്ധിച്ച് ധാരാളംപേർ ഇവിടെ സൂചിപ്പിച്ചതാണ്. ഇവിടെ കുഴൽപ്പണം വന്നു. 400 കോടി രൂപയാണ് കുഴൽപ്പണവുമായി ബന്ധപ്പെട്ട് ആരോപണം വന്നത്. നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം ഈ 400 കോടി രൂപ ഇവിടെ ഉപയോഗപ്പെടുത്തി തെരഞ്ഞെടുപ്പിനെ അട്ടിമറിക്കുന്നതിനുവേണ്ടിയുള്ള വലിയ പരിശ്രമങ്ങൾ നടന്നു. അത് ഇപ്പോൾ പിടിക്കപ്പെട്ടു. എന്തുകൊണ്ട് കോൺഗ്രസ് ഈ വിഷയം ഏറ്റെടുത്ത് രാജ്യവ്യാപകമായ ഒരു പ്രചരണത്തിലേയ്ക്ക് വരുന്നില്ല? കോടാനുകോടി രൂപ ഉപയോഗപ്പെടുത്തിയല്ലേ തെരഞ്ഞെടുപ്പിൽ അവർ ജയിച്ചത്? കോടാനുകോടി രൂപ ഉപയോഗപ്പെടുത്തിയല്ലേ അവർ നിങ്ങളെ വിലയ്ക്ക് വാങ്ങിയത്? ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നൂറുകണക്കിന് എം.എൽ.എ.-മാരേയും എം.പി.-മാരേയും വിലയ്ക്കുവാങ്ങിയത് ഇതുപോലുള്ള കുഴൽപ്പണം കൊണ്ടല്ലേ? രാജ്യത്തെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങളുണ്ട്, അതിലൊന്നും കോൺഗ്രസ് കോൺഗ്രസിന്റേതായ നിലപാട് സ്വീകരിക്കുന്നില്ല. ഇപ്പോൾ നിയമസഭ ചേരുന്നതുകൊണ്ട് പെട്രോളിയം ഉത്പന്നങ്ങളുടെ വില വർദ്ധനവിനെ സംബന്ധിച്ച് ഒരു അടിയന്തരപ്രമേയം കൊണ്ടുവന്നു എന്നുള്ളതൊഴിച്ചാൽ രാജ്യത്താകമാനം അതിനെതിരായിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നില്ല. നിങ്ങൾ നന്നാവണം എന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് എനിക്ക് കുഞ്ഞുണ്ണിമാഷിന്റെ ഒരു ചെറിയ കവിതയാണ് നിങ്ങളോട് ഉപദേശിക്കാനുള്ളത്, " വലിയൊരു ലോകം മുഴുവൻ നന്നാവാൻ ചെറിയൊരു സൂത്രം ചെവിയിലോതാം ഞാൻ "സ്വയം നന്നാവുക." സമയം ദീർഘിക്കുന്നതുകൊണ്ട് മറ്റുകാര്യങ്ങൾ, അതായത് ബി.ജെ.പി.-യുടെ വോട്ട് വാങ്ങി ജയിച്ചതും മറ്റും ഞാൻ പറയുന്നില്ല. ഒന്നുരണ്ട് കാര്യങ്ങൾ പറയാം, ഇവിടെ മുസ്ലീം ലീഗ് വളരെ ഉയർന്ന ഒരു സമീപനം സ്വീകരിക്കുന്നു എന്നാണ് അവർ അവകാശപ്പെടുന്നത്. പ്രതിപക്ഷത്തിരുന്ന് അഴിമതി നടത്താമെന്ന് ജനങ്ങളെ പഠിപ്പിച്ച പാർട്ടിയാണ് മുസ്ലീം ലീഗ്. എന്തെങ്കിലും സംശയമുണ്ടോ നിങ്ങൾക്ക്? ഞാൻ ഓരോന്നോരോന്നായി പറഞ്ഞുതരാം. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പാർലമെന്റിലേയ്ക്ക് പോയപ്പോൾ ഒരു പ്രസംഗം നടത്തി. എന്താണ്? 'ഫാസിസത്തെ എതിർക്കണം. ശ്രീ. നരേന്ദ്ര മോദിയുടെ നയങ്ങളെ തള്ളിക്കളഞ്ഞുകൊണ്ടുള്ള വലിയ പോരാട്ടം നടത്തണം' എന്ന്. എന്നിട്ട് അദ്ദേഹം അവിടെപ്പോയി. കുറച്ചുകഴിഞ്ഞപ്പോൾ അദ്ദേഹം തിരിച്ച് നമ്മുടെ സഭയിൽത്തന്നെ വന്ന് പ്രതിപക്ഷ ഉപനേതാവായി. നമ്മുടെ നാട്ടിൽ സ്കൂളിൽ പഠിക്കുന്ന ചെറിയ കുട്ടികളുണ്ട്, പരീക്ഷ എന്നു കേൾക്കുമ്പോൾ വലിയ പേടിയാണ്. പരീക്ഷയുടെ അന്ന് രാവിലെ കുട്ടി ഉറക്കമെഴുന്നേൽക്കില്ല, അപ്പോൾ അച്ഛനും അമ്മയും പോയി വിളിക്കും 'എടാ, എണീക്ക് എണീക്ക്', അപ്പോൾ കുട്ടി

'അയ്യോ എന്റെ വയറുവേദനിക്കുന്നേ, അയ്യോ എന്റെ വയറുവേദനിക്കുന്നേ' എന്നു പറയും. എന്താണ് കാരണം? പേടിയാണ്. അതുപോലെ ഇദ്ദേഹത്തിന് പാർലമെന്റിൽ വലിയ ബില്ല് വരുമ്പോൾ അല്ലെങ്കിൽ രാജ്യത്തെ ബാധിക്കുന്ന ബില്ല് വരുമ്പോൾ 'ഫ്ലൈറ്റ് വൈകിപ്പോയി' എന്നുപറയും. ഇതാണ് സ്ഥിതി. അല്ലെങ്കിൽ ഏതെങ്കിലും ബന്ധുവിന്റെ നിക്കാഹാണെന്ന് പറയും. അദ്ദേഹം മനസ്സിലാക്കാൻവേണ്ടി ഞാൻ പറയുകയാണ്, മലപ്പുറം ജില്ലയിൽ ഏറ്റവും കുറവ് വോട്ട് കിട്ടിയ ഒരാളാണ് അങ്ങ്. 21000, 18000, 15000 എന്നിങ്ങനെ നിങ്ങൾക്ക് വോട്ട് കുറഞ്ഞു. കഴിഞ്ഞ നിയമസഭയിൽ അഴീക്കോടുനിന്നും ഒരു എം.എൽ.എ. ഉണ്ടായിരുന്നു, വീരശൂരപരാക്രമിയാണ്, ഇപ്പോൾ ഈ സഭയിലില്ല. അവിടെനിന്നും ഇപ്പോൾ സുമുഖനായ ഒരു ചെറുപ്പക്കാരനാണ് വന്നിട്ടുള്ളത്. ഇവിടെ അദ്ദേഹം പൗരത്വ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട്.....

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, എന്റെ പാർട്ടി ലീഡർ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് വളരെ തുച്ഛമായ വോട്ടിനാണ് ജയിച്ചതെന്നാണ് ശ്രീ. വി. ജോയി പറഞ്ഞത്. 31262 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് അദ്ദേഹം ജയിച്ചത്, ജനങ്ങൾ തെരഞ്ഞെടുത്തതാണ്. ഇവിടെ അദ്ദേഹം കോൺഗ്രസിനെ സംബന്ധിച്ച് കുറേ കാര്യങ്ങൾ പറഞ്ഞു, എം.എൽ.എ. സ്ഥാനംപോലും രാജിവയ്ക്കാതെ ബി.ജെ.പി.-യിലേയ്ക്ക് പോയത് ഇടതുപക്ഷത്തെ ഒരു എം.എൽ.എ.-യായിരുന്ന അൽഫോൺസ് കണ്ണന്താനമാണ്. അതാണ് എന്റെ പോയിന്റ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഒരു പോയിന്റുമില്ല. ശ്രീ. വി. ജോയിക്ക് സംസാരിക്കാം.

<u>ശ്രീ. വി. ജോയി</u>: സർ, വീരശൂരപരാക്രമിയായ അഴീക്കോട് എം.എൽ.എ. അന്ന് പൗരത്വ ഭേദഗതി ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞത് ഈ പൗരത്വഭേദഗതി ബിൽ ഇവിടെ നടപ്പിലാക്കാൻ ഞാൻ അനുവദിക്കില്ലായെന്നാണ്. കോൺസെൻട്രേഷൻ ക്യാമ്പ് നിർമ്മിക്കാൻവേണ്ടി കേരളത്തിന്റെ മുഖ്യമന്ത്രി തറക്കല്ലിട്ടാൽ അതെടുത്ത് ഞാൻ അറബിക്കടലിലേയ്ക്ക് വലിച്ചെറിയുമെന്ന് ഈ സഭ പൊട്ടുമാറ് ഉച്ചത്തിൽ അഴീക്കോട് എം.എൽ.എ. പറഞ്ഞു. പിന്നെ സ്ഥിതിയെന്തായി? ഇട്ട കല്ലെടുത്ത് തോളിൽവച്ച് കൊണ്ടുപോയി രണ്ട് നിലയുള്ള വലിയ കെട്ടിടം നിർമ്മിച്ചു. ചോദിച്ചപ്പോൾ അത് ഇഞ്ചി കൃഷി നടത്തിക്കൊണ്ടുവന്നതാണെന്ന് പിന്നെ പറയുകയും ചെയ്തു. വീടിനകത്ത് നോക്കിയപ്പോൾ കട്ടിലിന്റെ അടിയിൽ പണം, പഴയ ടി.വി.-ക്കകത്ത് പണം. ആ പണം പാവപ്പെട്ട ബൂത്ത് കമ്മിറ്റി ഭാരവാഹികൾ പിരിച്ചുതന്നതാണെന്ന് പറഞ്ഞു. ഞാൻ ചോദിക്കട്ടേ, ശരിയായ

മാർഗ്ഗത്തിലുള്ള തുകയാണെങ്കിൽ ഈ പണം അലമാരയിൽ വയ്ക്കും. ഇതിന് മുസ്ലീം ലീഗ് എന്ത് നടപടിയെടുത്തു? അതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. ഇതാണ് ലീഗിനെ സംബന്ധിച്ച് നമ്മൾ മനസ്സിലാക്കേണ്ട കാര്യം. ആനപ്പുറത്തിരുന്ന് ചന്തിയിലുണ്ടായ തഴമ്പ് വിറ്റാൽ ആനയെ വാങ്ങാൻ പറ്റില്ലായെന്ന് ഓർക്കണമെന്ന് ശ്രീ. കെ. എം. ഷാജി ഇന്നലെ പറഞ്ഞു. ഇത് ആരെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്? നിങ്ങളെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. നിങ്ങൾ മനസ്സി ലാക്കേണ്ട കാര്യമുണ്ട്. ബഹുമാന്യനായ പി. ടി. തോമസ് ഒരു മാർക്സിസ്റ്റ് വിരുദ്ധ നാണെന്നുള്ളത് ഞങ്ങൾക്ക് നന്നായി അറിയാം. ഏത് സമയത്തും അദ്ദേഹം ഒരു മൂന്ന് വരി പറഞ്ഞാൽ അതിൽ ഒരു വരി മാർക്സിസ്റ്റുകാർക്ക് എതിരായിരിക്കും. മിനിഞ്ഞാന്ന് അദ്ദേഹം ഏറ്റവും അവസാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെടുത്തി പറഞ്ഞു. ഇന്നലെ തിരിച്ച് മറുപടി പറയാൻ അദ്ദേഹത്തിനൊന്നു മുണ്ടായിരുന്നില്ല. അങ്ങ് കരുണാകരന്റെ സമയത്ത് മൂത്രമൊഴിക്കുന്ന കാര്യമെല്ലാം ഇവിടെ പറഞ്ഞു. ഞാൻ വിനീതമായി ഒരു ചോദ്യം ചോദിക്കട്ടേ, നിങ്ങൾ ഇപ്പോൾ ജയിച്ച് ഭരണപക്ഷത്തേയ്ക്ക് വന്നു, നിങ്ങളുടെ കൂടെ യൂത്ത് കോൺഗ്രസ്സിന്റെ ഒരു അഖിലേന്ത്യാ പ്രസിഡന്റ് ജയിച്ച് എം.എൽ.എ. ആയി വന്നു, നിങ്ങൾ മന്ത്രിയാക്കുമോ ഇല്ലയോ? നിങ്ങൾ പറഞ്ഞില്ലേ ശ്രീ. രമേശ് ചെന്നിത്തലയെ ചെറിയ പ്രായത്തിൽ ഞങ്ങൾ ഗ്രാമവികസന വകുപ്പുമന്ത്രിയാക്കിയെന്ന്. എന്തിനാണ് ഈ ആക്ഷേപം പറയുന്നത്; എന്ത് നേടാനാണ് നിങ്ങൾ ഇങ്ങനെ പറയുന്നത്? നിങ്ങൾ സൂചിപ്പി ച്ചതുപോലെ കേരളത്തിന്റെ മുഖ്യമന്ത്രിക്ക് അല്ലെങ്കിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് ഒരു ബി.ജെ.പി.-യേയും ഒരു നരേന്ദ്ര മോദിയേയും പേടിയില്ല. അങ്ങനെയുള്ള വലിയ പോരാട്ടം നടത്തിയാണ് ഈ പ്രസ്ഥാനം പ്രവർത്തിച്ചു വന്നിട്ടുള്ളത് എന്നത് നിങ്ങൾ മനസ്സിലാക്കണം. ഇവിടെ നേരത്തെ ആരോ പറഞ്ഞല്ലോ, എന്തേ നിങ്ങളുടെ നേതാക്കന്മാരുടെ തലയ്ക്ക് വില പറയാത്തത്. അവിടെ ഒന്നാം നമ്പർ സീറ്റിലിരിക്കുന്ന കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തലയ്ക്കല്ലേ വില പറഞ്ഞത്. എന്തേ ശ്രീ. എ. കെ. ആന്റണിയുടെ തലയ്ക്ക് വില പറഞ്ഞില്ല? അദ്ദേഹവും മുഖ്യമന്ത്രിയായിരുന്നല്ലോ. എന്തേ ബാക്കിയുള്ളവരുടെ പേര് പറഞ്ഞില്ല..... (മൈക്ക് ഓഫ്).....

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. ടി. ജെ. വിനോദ്: സർ, വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. ഭരണപക്ഷത്തെ അംഗങ്ങൾ പ്രസംഗിക്കുന്നത് കഴിഞ്ഞ രണ്ടുമൂന്ന് ദിവസങ്ങളായി സ്ഥിരം കാണാനിടയായ ഒരംഗമാണ് ഞാൻ. അവരെല്ലാം ബഡ്ജറ്റുമായി ബന്ധപ്പെട്ട വിഷയങ്ങളേക്കാളുപരി കോൺഗ്രസ്സിനെയും ശ്രീ. രാഹുൽ ഗാന്ധിയെയും എങ്ങനെ ഇടിച്ചുതാഴ്ത്തിക്കളയാമെന്നതിനെ സംബന്ധിച്ചാണ് പ്രസംഗിക്കുന്നത്.

കോൺഗ്രസ് മുക്ത ഭാരതമെന്ന മുദ്രാവാക്യം നടപ്പാക്കാനായി ദേശീയതലത്തിൽ ബി.ജെ.പി. ശക്തമായ നിലപാടെടുത്ത് മുന്നോട്ടുപോകുന്ന ഒരു രാഷ്ട്രീയ സാഹചര്യമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. എന്റെ പ്രിയപ്പെട്ട ഭരണപക്ഷത്തെ സുഹൃത്തുക്കളുടെ പ്രസംഗം കേൾക്കുമ്പോൾ ശ്രീ. രാഹുൽ ഗാന്ധിയെ ഇല്ലാതാക്കാനുള്ള ബി.ജെ.പി.-യുടെ വക്കാലത്തുമായി കേരളത്തിലെ ഇടതുപക്ഷ മുന്നണിയുടെ നേതാക്കന്മാർ കടന്നു വരികയാണോയെന്ന സംശയം പ്രകടിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതിന്റെ കരാർ കുത്തക ഏറ്റെടുത്ത് വന്നിരിക്കുന്നവരായിട്ടാണ് ഏറ്റവും അവസാനം പ്രസംഗിച്ച ശ്രീ. വി. ജോയിയുടെ പ്രസംഗംപോലും കടന്നു വരുന്നത്. നമുക്കറിയാം രാജ്യത്തെ ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കാൻ കഴിയുന്ന ഒരു പാർട്ടിയാണ് കോൺഗ്രസ്. അതുകൊണ്ടാണ് സി.പി.ഐ.(എം.)-ന്റെ അഖിലേന്ത്യാ ജനറൽ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരിപോലും ശ്രീ. രാഹുൽ ഗാന്ധിയുമായി കൈകോർത്ത് മുന്നോട്ടുപോകാനുള്ള സാഹചര്യം രാജ്യത്തുണ്ടാക്കാൻ ശ്രമിക്കുന്നത്. ആ തിരിച്ചറിവ് കേരളത്തിലെ ഇടതുപക്ഷ മുന്നണിയുടെ പ്രത്യേകിച്ച് സി.പി.ഐ.(എം.)-ന്റെ അംഗങ്ങൾക്ക് ഇല്ലാതെപോകുന്നുവെന്നുള്ള ദു:ഖകരമായ സത്യം ഞാൻ ഈ സഭയിൽ തുറന്നുപറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പ്രതിപക്ഷനേതാവായി ശ്രീ. വി. ഡി. സതീശൻ ചുമതലയേറ്റശേഷം അദ്ദേഹം പറഞ്ഞു ക്രിയാത്മകമായ ഒരു പ്രതിപക്ഷമായി ഞങ്ങൾ പ്രവർത്തിക്കുമെന്ന്. അങ്ങനെ പറഞ്ഞതിനെക്കുറിച്ചാണ് ഇപ്പോൾ ആക്ഷേപം. ക്രിയാത്മകമായ പ്രതിപക്ഷമെന്ന് പറയുന്നത് ഭരണകക്ഷിക്ക് കുടപിടിക്കുന്ന പണിയാണോ? ഭരണകക്ഷി നടത്തുന്ന തെറ്റായ സമീപനങ്ങളെ ചൂണ്ടിക്കാണിക്കുകയും അവരെ തിരുത്താനായി പ്രാപ്തമാക്കുകയും ചെയ്യുകയെന്നുള്ളതാണ് പ്രതിപക്ഷ ധർമ്മം. കഴിഞ്ഞ ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിലും അന്നത്തെ പ്രതിപക്ഷനേതാവ് ചെയ്തതും അതുതന്നെയാണ്. അന്നുണ്ടായ അഴിമതി ആക്ഷേപങ്ങൾ ഒന്നൊന്നായി ഈ സഭയുടെ മുമ്പിൽ കൊണ്ടുവരാനും അത് തിരുത്തിക്കാനും കഴിഞ്ഞുവെന്നുള്ളത് വിസ്മരിക്കാനാകാത്ത സത്യമാണ്. അല്ലാതെ ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ യശഃശ്ശരീരനായ കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ച വേളയിൽ സ്പീക്കറുടെ ചേമ്പറിൽ കടന്നുകയറി അദ്ദേഹത്തിന്റെ കസേര വലിച്ച് താഴെയിട്ട് കമ്പ്യൂട്ടർ തല്ലിപ്പൊട്ടിക്കുന്നതല്ല ക്രിയാത്മകമായ പ്രതിപക്ഷത്തിന്റെ പണിയെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. മറ്റ് രാഷ്ട്രീയ കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കാൻ കാരണം വസ്തുതകൾക്ക് കണക്കുമായി യാതൊരു പൊരുത്തവും ഇല്ലാതെ മുന്നോട്ടുപോകുന്നുവെന്നുള്ളതുകൊണ്ടാണ്. 2021 ജനുവരി മാസം 15-ാം തീയതി ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് മൂന്നര മണിക്കൂർ സമയമെടുത്ത് 194 പേജുള്ള ഒരു സമ്പൂർണ്ണ ബഡ്ജറ്റ് ഈ സഭയുടെ മുമ്പാകെ

വയ്ക്കുകയുണ്ടായി. അതിനുശേഷം 2021 ജൂൺ 4-ാം തീയതി ബഹുമാന്യനായ ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 67 പേജുള്ള ഒരു മണിക്കൂർ നീണ്ടുനിന്ന പ്രസംഗം ഈ സഭയിൽ നടത്തുകയുണ്ടായി. കാലാകാലങ്ങളിൽ സംസ്ഥാനവും ജനസമൂഹവും നേരിടുന്ന പ്രയാസങ്ങളും വെല്ലുവിളികളും ലഘൂകരിക്കുന്നതിനും വികസന ലക്ഷ്യങ്ങൾ നേടുന്നതിനുംവേണ്ടിയുള്ള ക്രിയാത്മകമായ ഉപകരണമാണ് ബഡ്ജറ്റ് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആയതുകൊണ്ടുതന്നെ ഈ നിർദ്ദേശങ്ങളിൽ വ്യക്തതയില്ലായെന്ന ആക്ഷേപം ഈ സന്ദർഭത്തിൽ ഞാൻ ഉന്നയിക്കാൻ ആഗ്രഹിക്കുകയാണ്. 2021-2022-ലെ പുതുക്കിയ ബഡ്ജറ്റിൽ കൊട്ടിഘോഷിച്ചിരിക്കുന്നത് 20,000 കോടി രൂപയുടെ സാമ്പത്തിക പാക്കേജാണ്. അതിൽ രണ്ടാം കോവിഡ് പാക്കേജുമായി ബന്ധപ്പെട്ട് യാതൊരു വിശദാംശങ്ങളും ലഭ്യമല്ല. ബഡ്ജറ്റ് പ്രസംഗത്തിൽ പാരഗ്രാഫ് 15-ൽ ആരോഗ്യ അടിയന്തരാവസ്ഥയ്ക്ക് 2,800 കോടി രൂപയും ഉപജീവന പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കൈമാറുന്നതിനുവേണ്ടി 8900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി 8300 കോടി രൂപയുമുൾപ്പെടെ 20,000 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നാണ് പറയുന്നത്. ആരോഗ്യ അടിയന്തരാവസ്ഥയുമായി ബന്ധപ്പെട്ട് ബഡ്ജറ്റിന്റെ താളുകൾ മറിച്ചു നോക്കുമ്പോൾ 2800 കോടി രൂപയിൽ 1000 കോടി രൂപയാണ് വാക്സിനുവേണ്ടി വച്ചിട്ടുള്ളത്. 500 കോടി രൂപയാണ് അതുമായി ബന്ധപ്പെട്ട മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിന് വച്ചിട്ടുള്ളത്. 1000 കോടി രൂപ ഭക്ഷ്യകിറ്റുകൾക്കുവേണ്ടി വച്ചിട്ടുണ്ട്. അതെല്ലാമുൾപ്പെടെ കൂട്ടിനോക്കുമ്പോൾ 2500 കോടി രൂപയാണ് ആൾട്ടറേഷൻ മെമ്മോറാണ്ടത്തിൽ കാണാൻ കഴിയുന്നത്. 26 കോടി രൂപ ഈ സഭയ്ക്ക് വച്ചതായി കാണുന്നു. ബാക്കിയുള്ള 274 കോടി രൂപ എന്ത് ചെയ്തുവെന്നതിനെ സംബന്ധിച്ച് ഈ ബഡ്ജറ്റിൽ പറയുന്നില്ലായെന്നുള്ളതാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഉപജീവനം പ്രതിസന്ധിയിലായ ജനങ്ങൾക്ക് നേരിട്ട് 8,900 കോടി രൂപയുടെ സഹായമെത്തിക്കുമെന്ന് പറയുന്ന കാര്യത്തിലും വ്യക്തതയില്ല. രണ്ടാം കോവിഡ് പാക്കേജിന്റെ ഭാഗമായി സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ വായ്പകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി 8,300 കോടി രൂപ ലഭ്യമാക്കുമെന്നുള്ളതാണ്. ഇതിനായി മൂന്ന് വായ്പാ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ സ്വകാര്യ മൂലധനം ആകർഷിക്കുന്നതിനും സംഭരണം, സംസ്കരണ വിപണന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുമായി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നബാർഡ്/കേരള ബാങ്ക് വഴി 2,000 കോടി രൂപയുടെ വായ്പയെ സംബന്ധിച്ചും ബഡ്ജറ്റിൽ പറയുന്നുണ്ട്. കാർഷിക-വ്യാവസായിക-സേവന മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ

പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും വാണിജ്യാവശ്യങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ 1,600 കോടി രൂപയുടെ വായ്പ ലഭ്യമാക്കുമെന്നും അതിൽ പറയുന്നുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 1,000 കോടി രൂപയുടെ ബാങ്ക് വായ്പ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പറയുന്നുണ്ട്. 5 ലക്ഷം രൂപ വരെയുള്ള വായ്പയെല്ലാം 4 ശതമാനം പലിശ നിരക്കിലും ലഭ്യമാക്കുമെന്നും ഈ പലിശ സബ്സിഡി വഹിക്കുന്നതിനായി 100 കോടി രൂപയും വകയിരുത്തുന്നുവെന്നും പറഞ്ഞിട്ടുണ്ട്. അതിനെ സംബന്ധിച്ച കാര്യങ്ങളും അവ്യക്തമാണ്. പ്രഖ്യാപനവും പദ്ധതിയും തമ്മിൽ വലിയൊരു വിടവ് വ്യക്തമാണ്. 8,300 കോടി രൂപയുടെ പ്രഖ്യാപനത്തിൽ വിശദാംശങ്ങൾ ലഭ്യമായിട്ടുള്ളത് 4,800 കോടി രൂപയ്ക്ക് മാത്രമാണ്. ബാക്കി 3,500 കോടി രൂപയ്ക്ക് എവിടെനിന്ന്, എന്ത് ആവശ്യത്തിനുവേണ്ടി വായ്പകൾ ലഭ്യമാക്കുമെന്നതിനെ സംബന്ധിച്ച് വ്യക്തതയില്ലായെന്ന വസ്തുതകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 4,800 കോടി രൂപയുടെ വായ്പയ്ക്ക് സംസ്ഥാന ഖജനാവിൽനിന്ന് ഒരു രൂപപോലും ചെലവില്ല. ആകെ വകയിരുത്തിയിരിക്കുന്നത് പലിശ സബ്സിഡിയുടെ 100 കോടി രൂപ മാത്രമെന്നുള്ളതാണ്. ബഡ്ജറ്റ് പ്രസംഗത്തിന്റെ അവസാനമായി 2021-2022-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അധിക ചെലവ് 1,715.10 കോടി രൂപയാണ്. എന്നാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ 67 പേജുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതികളെല്ലാം കൂട്ടിനോക്കുമ്പോൾ ആകെയുള്ളത് 814.10 കോടി രൂപയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജുകൾ ഒന്നുംതന്നെ അധിക ചെലവിൽ വന്നിട്ടില്ലായെന്നുള്ളത് പ്രധാനപ്പെട്ട ന്യൂനതയായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ഈ വസ്തുതകളെല്ലാം നിലനിൽക്കുമ്പോൾത്തന്നെ കോവിഡുമായി ബന്ധപ്പെട്ട് വളരെയേറെ ബുദ്ധിമുട്ട് നേരിട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഒന്നര ആഴ്ചക്കാലംമുമ്പ് നമ്മുടെ സംസ്ഥാനത്ത് ഒരു ഐ.സി.യു. ബെഡ്ഡിനുവേണ്ടി ജനപ്രതിനിധികളായ നമ്മളെയെല്ലാം വിളിക്കാത്ത ആളുകളില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. സ്വകാര്യ ആശുപത്രികളുടെ 25 ശതമാനം ബെഡ്ഡുകൾ കോവിഡ് രോഗികൾക്കുവേണ്ടി നീക്കിവയ്ക്കുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ആ പ്രഖ്യാപനം പല ആശുപത്രികളും പാലിച്ചില്ലായെന്നുള്ളതാണ് യാഥാർത്ഥ്യം. ഇതുമായി ബന്ധപ്പെട്ട് കോവിഡ് രോഗികൾക്ക് KASP (Karunya Arogya Suraksha Padhathi)-ന്റെ സൗകര്യമുണ്ടാകുമെന്ന് പറഞ്ഞു. പല സ്വകാര്യ ആശുപത്രികളും KASP-ന്റെ സൗകര്യം പ്രയോജനപ്പെടുത്താൻ തയ്യാറായില്ല എന്നുള്ളതാണ് സത്യം. സ്വകാര്യ ആശുപത്രിയിൽ ഒരു കോവിഡ് രോഗി ചികിത്സ കഴിഞ്ഞ് പുറത്തുപോകുമ്പോൾ ലക്ഷക്കണക്കിന് രൂപയാണ് ചെലവാക്കേണ്ടതായി വരുന്നതെന്ന വസ്തുത നാം വിസ്മരിക്കരുത്.

കോവിഡ് രോഗി ആശുപത്രിയിൽ ചികിത്സതേടി കോവിഡ് നെഗറ്റീവ് ആകുകയും പിന്നീട് കോവിഡാനന്തര രോഗമുണ്ടാകുകയും ചെയ്താൽ ആ രോഗിക്ക് KASP-ന്റെ പ്രയോജനം ലഭിക്കുന്നില്ലെന്നുള്ളതാണ് വസ്തുത. അതുകൊണ്ട് കോവിഡിന്റെ മൂന്നാം തരംഗത്തെ കാത്ത് നിൽക്കുന്ന നമ്മൾ തീർച്ചയായും ഇത്തരം ന്യൂനതകൾ സംബന്ധിച്ച് മനസ്സിലാക്കുകയും പഠിക്കുകയും അതിന് പരിഹാരമുണ്ടാക്കുകയും ചെയ്യുന്നതിന് നടപടിയുണ്ടാകണമെന്ന് വളരെ വിനയത്തോടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇപ്പോൾ വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസ്സുകളാണ് നടക്കുന്നത്. എല്ലാ ദിവസവും വിദ്യാർത്ഥികൾ ഫോണിനുവേണ്ടി നമ്മളെ വിളിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് എറണാകുളം നിയോജകമണ്ഡലത്തിൽനിന്നും 340 പേരുടെ ലിസ്റ്റാണ് എ.ഇ.ഒ.-യും ഡി.ഇ.ഒ.-യും എനിക്ക് നൽകിയിട്ടുള്ളത്. ഈ സൗകര്യങ്ങളെ സംബന്ധിച്ചും ഗൗരവമായി നമ്മൾ ആലോചിക്കണം. ഇതുമായി ബന്ധപ്പെട്ടുള്ള പ്ലാൻ തയ്യാറാക്കാൻ ആഗ്രഹിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സൂചിപ്പിക്കുകയുണ്ടായി. ഇത്തരം പ്ലാനുകൾ തീർച്ചയായും തയ്യാറാക്കണം. ഈ വിഷയത്തെ സംബന്ധിച്ച്, ഇന്ന് ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്ന രീതിയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകണമെന്ന് മാത്രം ഈ സന്ദർഭത്തിൽ പറഞ്ഞുകൊണ്ട് വോട്ട് ഓൺ അക്കൗണ്ടിനെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഡ്ജറ്റിന്റെ പ്രാഥമികമായിട്ടുള്ള അവതരണമെല്ലാം കഴിഞ്ഞു. അതിനെ സംബന്ധിച്ച് മൂന്നുദിവസം നീണ്ട ചർച്ചയും നടത്തിക്കഴിഞ്ഞു. അടുത്ത മൂന്ന് മാസത്തെ ചെലവിനുവേണ്ടിയിട്ടുള്ള അനുമതി നിയമസഭയിൽനിന്നും വാങ്ങുന്നതിനുവേണ്ടിയാണ് വോട്ട് ഓൺ അക്കൗണ്ട് അവതരിപ്പിച്ചത്. അതിനുതന്നെ ചില സാങ്കേതിക പ്രശ്നങ്ങളും ക്രമപ്രശ്നമായി ഉന്നയിച്ചിരുന്നു. ഇത്രയും നാൾ നീട്ടണോ; ജൂലൈ മാസം അവസാനം വരെയുള്ളതിന് നേരത്തെ കൊടുത്ത വോട്ട് ഓൺ അക്കൗണ്ട് ഉണ്ട്; അതിനുശേഷം ഒരു മൂന്ന് മാസത്തേയ്ക്കുകൂടി ഇപ്പോഴേ അനുമതി വാങ്ങേണ്ടതുണ്ടോ എന്നൊക്കെ സൂചിപ്പിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് ഇന്ന് രാവിലെ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗും ഉണ്ടായിരുന്നു. അത് ഇപ്പോൾ തീരുമാനിക്കുന്നു. സബ്ജക്ട് കമ്മിറ്റികളുടെ സ്ക്രൂട്ടിനിക്കു ശേഷം നിയമസഭ സമ്മേളിച്ച് ഈ ബഡ്ജറ്റ് അംഗീകരിച്ചുകഴിഞ്ഞാൽ, വോട്ട് ഓൺ അക്കൗണ്ട് ഇപ്പോൾ പാസ്സാക്കിയാലും അത് പൊതുവിൽ സബ്ജക്ട് കമ്മിറ്റി പരിശോധിക്കുന്നതനുസരിച്ച് വരും. അതുകൊണ്ട് യഥാർത്ഥത്തിൽ അവിടെ ചർച്ച ചെയ്യുന്നത് അധിക ധനാഭ്യർത്ഥന, അതിൽ സാങ്കേതികമായി ഇത്രയും വേണോ ഏതെങ്കിലും മാറ്റണോ തുടങ്ങിയ കാര്യങ്ങളാണ്. ഈ സന്ദർഭത്തിൽ നേരത്തെ ബഡ്ജറ്റിനെ സംബന്ധിച്ചും അതിനുമുമ്പുള്ള വിഷയത്തിലും സംസാരിക്കാൻ സമയം

ലഭിക്കാത്ത ബഹുമാനപ്പെട്ട അംഗങ്ങൾ ഈ സമയത്ത് ബഡ്ജറ്റിന്റെ കാര്യംകൂടി ചേർത്ത് പറയുന്നുവെന്നേയുള്ളൂ. ബഡ്ജറ്റിലുള്ള പൊതുവായ കാര്യങ്ങൾ ഇന്നലെ വിശദമായി ചർച്ച ചെയ്യുകയും മറുപടി പറയുകയും ചെയ്തതുകൊണ്ട് ദീർഘമായി പറയേണ്ടതില്ല. സാധാരണഗതിയിൽ മറ്റ് വകുപ്പുമന്ത്രിമാരും വിഷയങ്ങളുടെ അടിസ്ഥാനത്തിൽ സംസാരിക്കുന്നതാണ്. അതിന് മന്ത്രിമാർക്കെല്ലാംകൂടിയാണ് സമയം അനുവദിച്ചിരിക്കുന്നത്. ഇതുകഴിഞ്ഞ് ധനകാര്യ ബില്ലിന്റെ കാര്യംകൂടി ചർച്ച ചെയ്യേണ്ടതുണ്ട്. ഗവൺമെന്റിനെ സംബന്ധിച്ച് രാഷ്ട്രീയമായൊരു കാര്യംകൂടി പറയാതിരിക്കാൻ കഴിയില്ല. കഴിഞ്ഞ അഞ്ച് വർഷക്കാലം ഏറ്റവും ജനകീയമായി ജനങ്ങൾക്കൊപ്പം നിന്ന് പ്രവർത്തിച്ചതുകൊണ്ടുതന്നെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും ഉജ്ജ്വലമായ ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽവന്നത്. ഏറ്റവും ഒടുവിൽ വന്നത് നമ്മുടെ സസ്റ്റെയിനബിൾ ഡെവലപ്മെന്റ് ഇൻഡക്സിനെ സംബന്ധിച്ചാണ്. യു.എൻ.ഡി.പി. (യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം)-യുമായി ചേർന്നാണ് ഇന്ത്യാ ഗവൺമെന്റ് ഇന്ത്യയിലെ ഓരോ സംസ്ഥാനത്തെയും ജീവിതത്തിന്റെ വിവിധ മേഖലകളിലെ പോയിന്റുകൾ വച്ച് വിലയിരുത്തുന്നത്. അതിൽ ഒന്നാം സ്ഥാനമാണ് കേരളത്തിന്. ഒന്നാം സ്ഥാനം ലഭിച്ചത് നമ്മുടെ ഹ്യൂമൻ ക്യാപിറ്റൽ, സമൂഹത്തിനും മനുഷ്യനും കൊടുക്കുന്ന പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിലാണ്. അത് കേരളീയർ എന്ന നിലയിൽ നമുക്കെല്ലാവർക്കും അഭിമാനമുണ്ടാകേണ്ട കാര്യമാണ്. ഭരണപക്ഷത്തിന് മാത്രമാണെന്ന് ഞാൻ കരുതുന്നില്ല. അത് കേരളത്തിന്റെ അഭിമാനമാണ്. അത് ലഭിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടുതൽ ശക്തമായി നമ്മൾ നടത്തിക്കൊണ്ടുമുന്നോട്ടുപോകുകയാണ്. ഇന്ത്യയിൽ കോവിഡിനെ നേരിടാൻ ഇത്രയും ശക്തമായ നിലപാടെടുത്ത മറ്റൊരു സർക്കാർ ഉണ്ടാകില്ല. മറ്റ് സർക്കാരുകളെ വിമർശിക്കുന്നത് ഔചിത്യമല്ല. എങ്കിൽപ്പോലും മുഴുവൻ ആളുകൾക്കും സൗജന്യമായി കോവിഡ് വാക്സിൻ നൽകുകയും ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി ഒരു പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തത് നമ്മുടെ സംസ്ഥാനമാണ്. അതിനായി ബഹുമാനപ്പെട്ട മെമ്പർമാർ 2800 കോടി രൂപ അവിടെയുണ്ടെന്ന് സമ്മതിച്ചതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ആ 2800 കോടി രൂപ നേരത്തെ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനുപുറമെയാണ്. അന്ന് ആയിരക്കണക്കിന് പുതിയ തസ്തികകളും ആയിരക്കണക്കിന് കോടി രൂപയും ആ ബഡ്ജറ്റിൽ വകയിരുത്തിയതിനു പുറമെയാണ് ഇപ്പോൾ പുതിയതായി വന്നിരിക്കുന്ന മൂന്നാം തരംഗത്തെ നേരിടാൻ നമ്മളെല്ലാവരുംകൂടി ഒരുമിച്ച് ചർച്ചചെയ്ത് എല്ലാവരുടെയുംകൂടി അഭിപ്രായം കേട്ട് ഇങ്ങനെയൊരു ബഡ്ജറ്റ് ഇവിടെ വച്ചത്. ഇപ്പോൾ വച്ച 2,800 കോടി രൂപ മാത്രമല്ല. അതുകൊണ്ടാണ് ഇന്ത്യയ്ക്ക് അല്ലെങ്കിൽ ലോകത്തിനുതന്നെ മാതൃകയായി മരണ നിരക്ക് കുറയ്ക്കാൻ കേരളത്തിന് സാധിച്ചത്. മരണം എന്നത് ഏറ്റവും

ദൗർഭാഗ്യകരമാണ്. മറ്റ് പല സ്ഥലങ്ങളിലും മരണ നിരക്ക് കൂടുമ്പോൾ, step by step ആയി എല്ലാവരുംകൂടി ശ്രമിച്ചതുകൊണ്ടാണ് അതിനെ പിടിച്ചുനിർത്താൻ നമുക്ക് സാധിച്ചത്. അതുകൊണ്ടാണ് കേരളത്തിൽ ഈ ഗവൺമെന്റിന് അത്രയും അംഗീകാരം ലഭിച്ചത്. ലെവൽ പ്ലേയിംഗ് ഗ്രൗണ്ട് ഇല്ലായെന്ന് ഇവിടെ പറഞ്ഞല്ലോ. കയറ്റത്തുനിന്ന് ഇറക്കത്തേയ്ക്ക് പന്ത് അടിക്കുന്ന തരത്തിലല്ലേ മാധ്യമങ്ങളേയും കേന്ദ്രഗവൺമെന്റിനേയും ഉപയോഗിച്ചുകൊണ്ട് ഇടതുപക്ഷത്തിനുനേരെ കളി നടത്തിയത്. ലെവൽ പ്ലേയിംഗ് ഗ്രൗണ്ട് ആയിരുന്നില്ല, കയറ്റത്തുനിന്ന് താഴേയ്ക്ക് അടിക്കുക യായിരുന്നു. എന്നിട്ടും ജനങ്ങൾ സംരക്ഷിച്ചതുകൊണ്ടാണ് ഈ ഗവൺമെന്റ് വീണ്ടും അധികാരത്തിലേയ്ക്കുവന്നത്. പ്രളയം വന്നതുകൊണ്ടും കോവിഡ് വന്നതുകൊണ്ടുമാണ് ഈ ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നതെന്നുള്ള പ്രചരണം ഇവിടെ നടത്തിയല്ലോ. ജനങ്ങൾ അവരുടെ യഥാർത്ഥ നേതാക്കളെയും നേതൃത്വത്തെയും തിരിച്ചറിയുന്നത് ഏറ്റവും കൂടുതൽ പ്രതിസന്ധിഘട്ടത്തിൽ തന്റേടത്തോടുകൂടി ആര് നേതൃത്വം വഹിക്കുമെന്ന് നോക്കിയിട്ടാണ്. അങ്ങനെ നേതൃത്വം കൊടുക്കാൻ കഴിഞ്ഞുവെന്ന് അഭിമാനത്തോടുകൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് പറയാൻ കഴിയും. വീണ്ടും വീണ്ടും രാഷ്ട്രീയം പറയുന്നതുകൊണ്ട്, ഈ വിഷയം സംബന്ധിച്ചുള്ള ഇന്നത്തെ ചർച്ചയിലും ഇതുതന്നെ പറഞ്ഞതുകൊണ്ടാണ് ഞാൻ ആമുഖമായി പറഞ്ഞത്. ജൂലൈ കഴിഞ്ഞുള്ള മൂന്ന് മാസക്കാലത്തേയ്ക്കുള്ള ചെലവിന്റെ കാര്യമാണ് തീരുമാനി ക്കേണ്ടത്.

സാമ്പത്തിക രംഗത്തെക്കുറിച്ച് ഇവിടെ ചർച്ച വന്നു. നമുക്ക് വേണ്ടത്ര പൈസയില്ല, പണത്തിന്റെ പ്രശ്നമുണ്ടെന്നത് ഞാൻ മറച്ചുവച്ചിട്ടില്ല. ഞാൻ മാത്രമല്ല, എന്റെ മുൻഗാമിയായ ഡോ. ടി. എം. തോമസ് ഐസക്കും സാമ്പത്തിക കാര്യത്തെ ക്കുറിച്ചൊന്നും മറച്ചുവച്ചിട്ടില്ല. മൂന്നോ നാലോ വർഷംമുമ്പ് കേന്ദ്ര ടാക്സും സംസ്ഥാന ടാക്സുംകൂടി 90,000 കോടി രൂപയ്ക്കുമേൽ ഉണ്ടായിരുന്നു. സാധാരണഗതിയിൽ ഇന്ത്യയിൽ ഏറ്റവുംകൂടുതൽ വാർഷിക വരുമാനം/ജി.ഡി.പി. വർദ്ധനവ് ഉണ്ടായിരുന്ന സംസ്ഥാനമാണ് കേരളം. ടാക്സ് 13 ശതമാനത്തിൽനിന്നും 14 ശതമാനത്തിലേയ്ക്കു പോയി. അങ്ങനെ വരികയാണെങ്കിൽ 3 വർഷംകൊണ്ട് 90,000 കോടി രൂപയിൽ നിന്ന് എത്രയാകുമെന്ന് കൂട്ടിനോക്കു. ഒരു വർഷം കഴിയുമ്പോൾ 11,000 കോടി രൂപ വർദ്ധിക്കും. സാധാരണഗതിയിൽ 3 വർഷം കഴിയുമ്പോൾ 35,000 കോടി രൂപയുടെ വർദ്ധനവുണ്ടാകേണ്ടതാണ്. 1,25,000, 1,30,000 എന്ന കണക്കിൽ നാച്വറലായി എക്കണോമിക്ക് ഗ്രോത്തിൽ വരേണ്ടതാണ്. അത് ആരായാലും എങ്ങനെയായാലും വരേണ്ടതാണ്, അതാണ് കണക്ക്. അവിടെയാണ് ഈ കോവിഡിന്റെ പ്രശ്നം വന്നത്. ഞാൻ ഇന്നലെ ഒരു കണക്ക് പറഞ്ഞിരുന്നു. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ഇന്ത്യയിലെ ഏറ്റവും വലിയ ജി.എസ്.ടി. വരുമാനം നമുക്ക് ലഭിച്ചു, ഒരു കോടി

നാൽപ്പതുലക്ഷമാണ് ഒരു മാസത്തിൽ ലഭിച്ചത്. പക്ഷേ, കോവിഡുകാരണം ലോക്ക്ഡൗണായി വീണ്ടും എല്ലാം താഴോട്ടുപോയി. നമ്മളും മറ്റ് സംസ്ഥാനങ്ങളു മായിട്ടുള്ള താരതമ്യം ഇന്നലെ പറഞ്ഞല്ലോ. പഞ്ചാബാണ് ഏറ്റവും കൂടുതൽ ഫ്ലറിഷ് ചെയ്യുന്ന, കൃഷിയും വ്യവസായവുമുള്ള സ്ഥലം. അവിടെയും വലിയ കടബാദ്ധ്യത യാണുള്ളത്, അവിടത്തെ മുഖ്യമന്ത്രി സ്ഥിരമായി അക്കാര്യം പറയാറുണ്ട്. കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയായതുകൊണ്ട് ഞാൻ എടുത്തുപറഞ്ഞതല്ല. അത്തരത്തിൽ സാമ്പത്തിക പ്രശ്നം സംസ്ഥാനങ്ങൾ നേരിടുന്നുണ്ട്. അങ്ങനെയുള്ള സാമ്പത്തിക പ്രശ്നത്തിൽ നിന്നുകൊണ്ടാണ് ഈ സർക്കാർ കാര്യങ്ങൾ ചെയ്യുന്നത്. സാമ്പത്തിക മേഖലയിൽ ഏറ്റവും വലിയ പ്രശ്നമായി വരുന്ന ഒരു കാര്യം ധനകാര്യ കമ്മിഷന്റെ ഡിവിസിബിൾ പൂളിൽനിന്ന് സംസ്ഥാനങ്ങൾക്ക് നൽകുന്ന വിഹിതത്തെ സംബന്ധിച്ചുള്ള തീരുമാനമാണ്. ആ കാര്യത്തെ എല്ലാവരും ഒരുമിച്ച് എതിർത്തിട്ടുണ്ട്. എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും അക്കാര്യത്തിൽ കേന്ദ്രനയത്തോട് യോജിക്കുമെന്ന് ഞാൻ കരുതുന്നില്ല. 1970-ലെ ജനസംഖ്യവച്ചായിരുന്നു നേരത്തെ സംസ്ഥാനങ്ങൾക്ക് വരുമാനം വീതിച്ചിരുന്ന ഇക്വേഷൻ. ഇന്ത്യയിലുണ്ടാകുന്ന 100 രൂപ വരുമാനത്തിൽ 3.91 രൂപ കേരളത്തിന് കിട്ടുമായിരുന്നു. അത് കുറഞ്ഞുവന്ന്, ഏറ്റവുമൊടുവിലത്തെ ധനകാര്യ കമ്മിഷനുമുമ്പ് അത് 2.45 രൂപയും ഇപ്പോഴത് 1.921 രൂപയുമായി കുറഞ്ഞു. 1980-കളിൽ കിട്ടിക്കൊണ്ടിരുന്നതിന്റെ പകുതി മാത്രമേ ഇപ്പോൾ സെൻട്രൽ ഡിവിസിബിൾ പൂളിൽനിന്നും കിട്ടുന്നുള്ളൂ. 2011-ലെ ജനസംഖ്യയാണ് ഇപ്പോൾ അടിസ്ഥാനമായി എടുക്കുന്നത്. നേരത്തെ ജനസംഖ്യ മാത്രമായിരുന്നു മാനദണ്ഡം. ഇപ്പോൾ മറ്റ് ഡെവലപ്മെന്റുകളുംകൂടി അടിസ്ഥാനത്തിലാണ്, അതായത് നല്ല വിദ്യാഭ്യാസമുണ്ടോ, ആരോഗ്യരംഗം മെച്ചമാണോ, കുറച്ചുകൂടി വരുമാനമുണ്ടോ തുടങ്ങിയ കാര്യങ്ങൾകൂടി കണക്കിലെടുക്കും. നമുക്ക് അടിസ്ഥാന വിദ്യാഭ്യാസവും സൗകര്യങ്ങളും ശുചിമുറികളുമൊക്കെയായി, അതുകൊണ്ട് ഇനി അധികം കൊടുക്കേണ്ടതില്ലെന്ന് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചു. ആ imbalance സംസ്ഥാനത്തിന്റെ വരുമാനത്തെ ബാധിക്കുകയാണ്. ഇതൊക്കെയാണ് നമ്മൾ നേരിടുന്ന സെക്കൻഡ് ജനറേഷൻ പ്രോബ്ലം. ഇപ്രാവശ്യം റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി കുറച്ച് ഫണ്ട് വന്നിട്ടുണ്ട്. ഈ വർഷവും അടുത്ത വർഷവും കുറച്ച് പണം കിട്ടും. അതുകഴിഞ്ഞാൽ അതുമില്ല. ഗുരുതരമായ പ്രതിസന്ധിയിലേയ്ക്കാണ് സംസ്ഥാനങ്ങൾ പോകുന്നത്. ഇത് ഒരു സംസ്ഥാനം മാത്രം നേരിടുന്ന പ്രശ്നമല്ല. ഈയൊരു പ്രശ്നം നിലനിൽക്കുന്നതിനൊപ്പമാണ് ഇനി പെട്രോളുംകൂടി ജി.എസ്.ടി.-യിൽ ഉൾപ്പെടു ത്തണമെന്ന് ഇവിടെ നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. പെട്രോൾകൂടി ഉൾപ്പെടുത്തി കേരളം മര്യാദ പഠിക്കണമെന്നാണോ; കേരളമെന്നല്ല ഏത് സംസ്ഥാനവും അങ്ങനെ മര്യാദ പഠിക്കാൻ പാടില്ല. പെട്രോളിയത്തിന്റെയും

ആൽക്കഹോളിന്റെയും നികുതി കൂടി ഉൾപ്പെട്ടതാണ് സംസ്ഥാനത്തിന്റെ നികുതി വരുമാനം. അതുകൂടി ഇല്ലാതായാൽ നമ്മൾ ഗുരുതര പ്രതിസന്ധിയിലേയ്ക്കുപോകും. നേരത്തെ ഇത്തരം കാര്യത്തിൽ എതിരഭിപ്രായം പറഞ്ഞിരുന്നത് വളരെക്കുറച്ച് പാർട്ടികളായിരുന്നെങ്കിൽ ഇന്നിപ്പോൾ ജി.എസ്.ടി. കൗൺസിൽ കൂടുമ്പോഴുള്ള സ്ഥിതി മാറി. കഴിഞ്ഞ ദിവസം പരസ്യമായിത്തന്നെയാണ് ജി.എസ്.ടി.-യെ സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കുന്നതിനായി ബി.ജെ.പി. വിരുദ്ധ ധനകാര്യ വകുപ്പുമന്ത്രിമാരുടെ യോഗം ചേർന്നത്. ധനകാര്യ വകുപ്പുമന്ത്രിയായി ചുമതലയേറ്റെടുത്തതിനുശേഷം ബഡ്ജറ്റിന് മുമ്പുള്ള ദിവസങ്ങളിൽ ഞാനും ആ മീറ്റിംഗിൽ പങ്കെടുത്തു. വാക്സിന്റെ ടാക്സ് നിരക്ക് സീറോ ആക്കണമെന്നും കോവിഡുമായി ബന്ധപ്പെട്ട മരുന്നുകൾക്കെല്ലാം ടാക്സ് കുറയ്ക്കണമെന്നും ഞങ്ങൾ ആവശ്യപ്പെട്ടു. ഇപ്പോൾ കിട്ടുന്ന നഷ്ടപരിഹാരത്തിന്റെ തോത് ഈ വർഷംകൊണ്ട് തീരും. ഇപ്പോൾ ടാക്സിൽ കുറവ് വന്നിരിക്കുകയാണ്. വാർഷിക വർദ്ധന 14 ശതമാനം ലഭിക്കേണ്ടിയിരുന്നത് 7 ശതമാനമായി കുറഞ്ഞു, അതിന്റെയൊരു കോമ്പൻസേഷൻ കിട്ടും. ആ കോമ്പൻസേഷൻ അടുത്ത വർഷം തീരും. കേന്ദ്ര ധനകാര്യ കമ്മീഷൻ തരുന്ന ഫണ്ടും കോമ്പൻസേഷനുംകൂടി നഷ്ടപ്പെട്ടാൽ ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നതിനേക്കാൾ വലിയൊരു ഇടിവ് കേരളത്തിന് മാത്രമല്ല മറ്റ് സംസ്ഥാനങ്ങൾക്കും വരും. അങ്ങനെ ചെയ്യാൻ പാടില്ലെന്ന് പഞ്ചാബിലെയും രാജസ്ഥാനിലെയും ധനകാര്യ വകുപ്പുമന്ത്രിമാരുൾപ്പെടെ ഏഴ് സംസ്ഥാനങ്ങളിലെ ധനകാര്യ വകുപ്പുമന്ത്രിമാർ പറഞ്ഞു. കോൺഗ്രസ് സംസ്ഥാനങ്ങളായതുകൊണ്ട് ആ സംസ്ഥാനങ്ങളെ ഞാൻ പ്രത്യേകം എടുത്തുപറഞ്ഞതാണ്. അതുകൊണ്ട് ഈ കോവിഡിന്റെ സാഹചര്യത്തിൽ നമുക്കുതരുന്ന കോമ്പൻസേഷന്റെ കാലാവധി അഞ്ചുവർഷംകൂടി കൂട്ടണം. സാമ്പത്തിക സ്ഥിതിയിലെ വല്ലാത്ത തകർച്ചയുടെ ഈ പ്രത്യേക സാഹചര്യത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും മേൽ സൂചിപ്പിച്ച രീതിയിൽ ആവശ്യപ്പെടുകയാണ്. ഇത്തരത്തിൽ ചർച്ച നടക്കുകയാണ്. ഞാൻ സൂചിപ്പിച്ചത്, ഇത്തരം സാമ്പത്തിക പ്രശ്നങ്ങൾ വളരെ ഗുരുതരമായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നിലനിൽക്കുന്നുണ്ട്. ആ ഒരു സ്ഥിതിയിലാണ് നമ്മൾ നിൽക്കുന്നത്. അവിടെനിന്നുകൊണ്ടാണ് സംസ്ഥാനം കോവിഡിനെ നേരിടാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതെന്ന പശ്ചാത്തലമാണ് ഞാൻ പറഞ്ഞത്. സാമ്പത്തികരംഗത്ത് പ്രശ്നമുണ്ടെന്നത് ശരിയാണ്. അത് ആരുടെയെങ്കിലും വ്യക്തിപരമായിട്ടുള്ളതോ അല്ലെങ്കിൽ ഒരു ഗവൺമെന്റിന്റെ നിലപാട് കാരണമോ അല്ല. ഇന്ത്യയിൽ ഒരു സംസ്ഥാനത്തും ഇങ്ങനെ ക്ഷേമ പെൻഷനുകളും സഹായവും കൊടുക്കുന്നില്ലെന്ന് നമുക്കറിയാം. 8,000-10,000 കോടി രൂപ മാറ്റി വച്ചുകൊണ്ട് എല്ലാ വിഭാഗങ്ങളിലെയും 50 ലക്ഷം ആളുകൾക്കായി മാസാമാസം കൊടുക്കുന്ന സാമൂഹികക്ഷേമ പെൻഷനടക്കമുള്ള കാര്യങ്ങൾ മറ്റുസംസ്ഥാനങ്ങളിലില്ല.

യൂണിവേഴ്സൽ ഇൻകം സ്കീമിന്റെ കാര്യമൊക്കെ പറഞ്ഞല്ലോ, ഇപ്പോൾ അത് ചർച്ച ചെയ്യാനുള്ള സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. യൂണിവേഴ്സൽ ഇൻകം സ്കീം ലോകത്താകെ വരണമെന്നൊക്കെ ചർച്ച നടക്കുകയാണ്. മുതലാളിത്ത സാമ്പത്തിക നയങ്ങൾ ആളുകളെ അത്രയേറെ പാപ്പരാക്കുന്നതിന്റെ ഭാഗമായി വരുന്ന ധാരാളം പ്രശ്നങ്ങളുണ്ട്. ഇവിടെ നമ്മൾ ധാരാളം സാമൂഹികക്ഷേമ പരിപാടികളൊക്കെ നടത്തുന്നുണ്ട്. അതൊക്കെ മോശപ്പെട്ട ചെലവാണെന്ന് പറയുന്നവരല്ല ബഹുഭൂരിപക്ഷം വരുന്ന കേരളീയർ. അങ്ങനെയെല്ലാം ചെയ്ത് ജനങ്ങളെ സംരക്ഷിക്കുന്ന നിലപാട് എടുക്കുന്നതുകൊണ്ടുതന്നെയാണ് വിദ്യാഭ്യാസം മുതൽ ആരോഗ്യം വരെ എല്ലാ കാര്യത്തിലും നമുക്ക് നന്നായി ഇടപെടാൻ സാധിക്കുന്നത്. ഇത്തരം ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടല്ലാതെ സാമ്പത്തിക കാര്യത്തിൽ അച്ചടക്കം കാണിക്കാതിരുന്നിട്ടില്ല. അതുകൊണ്ടുതന്നെയാണ് ഞാൻ ഇവിടെ ചില കണക്കുകൾ പറഞ്ഞത്. വിവിധ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചും ജി.എസ്.ഡി.പി.-യെ സംബന്ധിച്ചുള്ള റിസർവ് ബാങ്കിന്റെ കണക്കുകളെക്കുറിച്ചും ഇന്നലെ ഞാനിവിടെ പറഞ്ഞുകഴിഞ്ഞു. ഈ കോവിഡ് കാലഘട്ടത്തിൽ അത്തരത്തിലുള്ള പ്രശ്നങ്ങൾ നേരിട്ടുകൊണ്ട് നമ്മൾ മുമ്പോട്ടുപോകണം. അതുകൊണ്ട് ഈ പ്രതിസന്ധിയെ നേരിടാൻ കഴിയുന്നതരത്തിലുള്ള സമീപനങ്ങളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

ഓൺലൈൻ വിദ്യാഭ്യാസത്തിന്റേതുൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്തു. കേരളത്തിലല്ലാതെ മറ്റൊരിടത്തും ഇത്തരം സ്കീമുകൾ പോലുമില്ല. അതൊക്കെ നമ്മുടെ ഒരു പൊതുനേട്ടമായി കാണണം. സാധാരണ ചർച്ചയല്ലാതെ ഒന്നുരണ്ട് കാര്യങ്ങൾ ഇവിടെ പറഞ്ഞു. അതിൽ മൈനോരിറ്റി വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള ഫണ്ട് കുറയുന്നുവെന്ന് പറഞ്ഞു. അക്കാര്യത്തിൽ യു.ഡി.എഫ്. ഭരിച്ചപ്പോഴും എൽ.ഡി.എഫ്. ഭരിച്ചപ്പോഴുമുള്ള സമയത്തെ കണക്കുകൾ താരതമ്യം ചെയ്തപ്പോൾ പ്രൊപ്പോഷണലായിട്ടുള്ള പങ്കുതന്നെയുണ്ടെന്ന് മനസ്സിലായി. ഇതുമായി ബന്ധപ്പെട്ട് മറ്റൊരുകാര്യം സൂചിപ്പിക്കാനുള്ളത്, കേന്ദ്ര ഗവൺമെന്റ് ചില സ്കീമുകൾ വെട്ടിക്കുറച്ചിട്ടുണ്ട് എന്നതാണ്. വെട്ടിക്കുറയ്ക്കുന്ന സ്കീമുകൾക്ക് മാച്ചിംഗ് ഗ്രാന്റായി വയ്ക്കുന്ന തുകയിൽ കുറവുവരും. കാരണം, കേന്ദ്രം 50 രൂപ വയ്ക്കുമ്പോൾ സംസ്ഥാനത്തിന്റെ വിഹിതം 10 രൂപയാണെങ്കിൽ, കേന്ദ്രവിഹിതം 25 രൂപയായി കുറച്ചാൽ അതനുസരിച്ച് സംസ്ഥാനത്തിന്റെ മാച്ചിംഗ് ഗ്രാന്റും കുറയും. മറ്റൊന്ന്, മൈനോരിറ്റി വിഭാഗങ്ങൾക്കുള്ള ഹൗസിംഗ് സ്കീം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ, ലൈഫ് പദ്ധതിയിലേയ്ക്ക് പ്രസ്തുത തുക മാറിപ്പോകുന്നതിന്റെ ഭാഗമായി കുറവുവരും. അതല്ലാതെ താരതമ്യം ചെയ്യുമ്പോൾ മുമ്പുണ്ടായിരുന്ന പെർസന്റേജും ഗ്രോത്തും നിലവിലുമുണ്ടെന്നാണ് ആ മേഖലയെപ്പറ്റി പറയാനുള്ളത്. ഈ ഗവൺമെന്റ് കോർപ്പറേറ്റുകളെ

സഹായിക്കാനായി ഭൂപരിഷ്കരണ നയത്തെയൊക്കെ അട്ടിമറിക്കുന്ന തീരുമാനങ്ങളെടുക്കുന്നുവെന്ന രീതിയിൽ ചർച്ച വന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങൾ കഴിഞ്ഞാൽ, ഏറ്റവും മെച്ചപ്പെട്ട കാര്യങ്ങൾ ചെയ്യുന്ന ഒരു ഗവൺമെന്റാണിതെന്ന് ഇന്ത്യയിലും ലോകത്തുമാകെ അംഗീകരിക്കുന്ന കാര്യമാണ്. കൃഷിക്കാരുടെ കാര്യത്തെ സംബന്ധിച്ച്, ബഡ്ജറ്റ് പ്രസംഗത്തിന്റെ ഭാഗമായി പഴവർഗ്ഗങ്ങളെപ്പറ്റിയും മറ്റും പറഞ്ഞതിനെക്കുറിച്ചാണെങ്കിൽ, ഞാൻ പറഞ്ഞ വാക്ക് 'തോട്ടവിളകൾ' എന്നാണ്, 'തോട്ടങ്ങൾ' എന്നല്ല. തോട്ടവിളകൾ എന്താണെന്നും പ്ലാന്റേഷനുകളുടെ സ്വഭാവം എന്താണെന്നും മനസ്സിലാക്കിക്കഴിഞ്ഞാൽ ആ പ്രശ്നം തീരും. 5 ഏക്കറും 2 ഏക്കറും ഭൂമിയുള്ള ആളുകൾ കൃഷി ചെയ്യുന്നത് റബ്ബറും കാപ്പിയുമാണ്. നിലവിൽ റബ്ബർ കൃഷിക്കാരും കാപ്പി കൃഷിക്കാരും മറ്റ് കൃഷി ചെയ്യുന്ന ആളുകളുമൊക്കെ അനുഭവിക്കുന്ന പ്രശ്നങ്ങളുണ്ട്. കാർഷികമേഖലയിൽ വരുമാനം വർദ്ധിപ്പിക്കാനായി വിവിധ കാര്യങ്ങൾ ചർച്ച ചെയ്യണമെന്നാണ് പറഞ്ഞത്. എന്നുപറഞ്ഞാൽ, വരുമാനം കിട്ടുന്നതിനായി ഭൂമി ദുരുപയോഗപ്പെടുത്താതെയുള്ള കാര്യങ്ങൾ ഉൾപ്പെടെ ഭാവിയിൽ കേരളത്തിൽ ചർച്ചചെയ്യേണ്ടിവരും. പക്ഷേ തോട്ടവിളകൾ എവിടെയും വയ്ക്കാവുന്നതാണ്, ചെറിയ സ്ഥലമുള്ളിടത്തും തോട്ടവിളകൾ വയ്ക്കാം. അതിന് ലാഭം കിട്ടണം, കൃഷിക്കാർക്ക് വരുമാനം കിട്ടണം. അതല്ലാതെ ഈ ഗവൺമെന്റ് കോർപ്പറേറ്റുകളെ സഹായിക്കുകയാണെന്ന തരത്തിൽ പറയുന്നത് കാര്യങ്ങൾ മുഴുവനും മനസ്സിലാക്കാത്തതുകൊണ്ടാണ്.

കണ്ണിൽപ്പൊടിയിടുന്ന തരത്തിലുള്ള കാര്യങ്ങളാണ് നമ്മുടെ ബഡ്ജറ്റിലെന്നിവിടെ പറഞ്ഞു. ഇന്നും ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കുമ്പോൾ 20,000 കോടി രൂപ എന്താണെന്ന സംശയം ഉന്നയിച്ചു. ഇന്നലെ ഞാനത് വളരെ കൃത്യമായി പറഞ്ഞതാണ്, ഞാനതിന് സമയമെടുക്കുന്നില്ല. 2800 കോടി രൂപയുടെ കാര്യവും ഞാനിന്നലെ വളരെ കൃത്യമായിപ്പറഞ്ഞു. എം.എൽ.എ. ഫണ്ടിന്റെ കാര്യവും പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെ ഇന്നലെ അതിനെസംബന്ധിച്ച് പറഞ്ഞതാണ്. കോവിഡിന്റെ മൂന്നാം തരംഗമുണ്ടാകുമെങ്കിൽ അതിനെ നേരിടാനുള്ള തയ്യാറെടുപ്പെന്ന രീതിയിലാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്. രോഗം നമ്മൾ പറയുന്ന സമയം അനുസരിച്ചും കോൺട്രാക്ടർമാർ പണിയുന്ന സമയം അനുസരിച്ചുമൊന്നും നിൽക്കില്ല. അതുകൊണ്ട് വളരെ പെട്ടെന്ന് പൂർത്തിയാക്കണമെന്ന താത്പര്യത്തോടുകൂടിയാണ് ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് പറയുന്നത്. ബന്ധപ്പെട്ട വകുപ്പുകൾ ആ സ്പീഡിൽത്തന്നെ കാര്യങ്ങൾ ചെയ്യണമെന്നാണ് പറയുന്നത്. ആശുപത്രികൾക്കാവശ്യമായ മെഷിനറിയും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതുൾപ്പെടെയുള്ള ഏകദേശം കോസ്റ്റാണ് വച്ചിരിക്കുന്നത്. അതനുസരിച്ച് വളരെ വേഗത്തിൽ കാര്യങ്ങൾ ചെയ്യുകയാണ്. ഇന്നലെയിവിടെ സംസാരിച്ച ഭരണ-പ്രതിപക്ഷ അംഗങ്ങൾ പറഞ്ഞതനുസരിച്ചുതന്നെ മോട്ടോർ

വാഹന രംഗത്തും ചെറുകിട വ്യാപാരികളുടെ കാര്യത്തിലുമൊക്കെ വ്യവസായ വകുപ്പുമായും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായും ആലോചിച്ച് കുറച്ചുകൂടി ലോൺ/ സഹായം അവർക്കെത്തിക്കാനായി ഇടപെടാമെന്ന് പറഞ്ഞിട്ടുണ്ട്. അഡീഷണൽ പലിശയുടെ കണക്കും ഞാൻ പറഞ്ഞിട്ടുണ്ട്, അതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. ഏകദേശം 9,000 കോടി രൂപ വളരെ കുറഞ്ഞ പലിശ നിരക്കിലാണ് നൽകുന്നത്. അത് കിട്ടിയാലവർക്ക് സഹായമാണ്. ഇന്നും ബഹുമാനപ്പെട്ട അംഗങ്ങൾ കച്ചവടക്കാരുടെ കാര്യങ്ങൾ പറഞ്ഞു. ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുള്ള വിഭാഗമാണ് ചെറുകിട കച്ചവടക്കാർ. അവരെ സഹായിക്കുന്നതിന് സ്കീമുണ്ടാക്കണം. നമ്മുടെ പരിമിതിക്കകത്ത് നിന്നുകൊണ്ടുതന്നെ പലിശപോലെയുള്ള കാര്യങ്ങളിൽ സഹായം ചെയ്യാനാണ് സാധിക്കുക. ചെറുകിട വ്യവസായങ്ങളുടെ കാര്യവും ഞാനിവിടെ പറഞ്ഞു. അതുപോലെയുള്ള കാര്യങ്ങൾ നമുക്ക് ചെയ്യാൻ കഴിയും. സാംസ്കാരിക നായകന്മാരുടെ കാര്യമിവിടെ സൂചിപ്പിച്ചു, ചെറുതായൊരു ഗാനമാലപിച്ചുകൊണ്ടാണ് ഗായിക കൂടിയായ അരൂർ അംഗം അക്കാര്യം അവതരിപ്പിച്ചത്. സാംസ്കാരിക നായകന്മാരുടെ കാര്യത്തിലും സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരുടെ കാര്യത്തിലും നേരത്തേയും ഗവൺമെന്റ് കുറേകാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചു. സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവരുടെ ബുദ്ധിമുട്ട് പരിഹരിക്കാനായി കുറച്ചുകാര്യങ്ങൾകൂടി ചെയ്യുമെന്നുള്ള കാര്യം ഈ സഭയ്ക്കുമുമ്പിൽ ഞാൻ പറയുകയാണ്. എല്ലാവരെയും ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുപോകാൻ തന്നെയാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

സാമ്പത്തിക പാക്കേജിന്റെ കാര്യത്തിൽ സംശയം വേണ്ട, ഞാനിന്നലെ വിശദമായി പറഞ്ഞതാണ്, ഞാനിനി ആവർത്തിക്കുന്നില്ല. ഇന്നലത്തെ പ്രസംഗം നോക്കിയാൽ ആ കണക്കുകളെല്ലാം അതിൽ കാണാൻ സാധിക്കും, അത് വെറുതെയല്ല. കണ്ണിൽപ്പൊടിയിടാനായി ഒരു കാര്യവും ചെയ്യാൻ ആഗ്രഹിക്കുന്നില്ല. 2800 കോടി രൂപ എന്നുപറയുന്നത് എം.എൽ.എ.-മാരുടെ ഫണ്ടിൽനിന്നുള്ളതും കേന്ദ്ര ഗവൺ മെന്റിൽനിന്ന് പുതിയ സ്കീം തയ്യാറാക്കി വാങ്ങിക്കുന്ന പണവുമുൾപ്പെടെയുള്ളതാണ്. തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടൊരു സ്കീം വരുന്നുണ്ട്. ആ സ്കീമിൽ പരമാവധി ജോലി ചെയ്യിക്കുക. കഴിഞ്ഞ പ്രാവശ്യം ഇരുപതിനായിരം കോടിയെന്ന് നമ്മൾ പറഞ്ഞതിലപ്പുറം നമുക്ക് അച്ചീവ് ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഇപ്രാവശ്യവും നമുക്കത് ചെയ്യാൻ കഴിയും. ഒറ്റക്കാര്യം മാത്രമേയുള്ളൂ, ഹോട്ടലിൽ റൂമെടുക്കാൻ പോയ ആളുടെ പൈസ എങ്ങനെയാണ് റൊട്ടേറ്റ് ചെയ്യുന്നതെന്ന് ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ ഒരു കാര്യമുണ്ട്, അത് ആവർത്തിക്കുകയാണ്. ഈ സ്കീമുകൾ നന്നായി നടത്തിയാൽ അതനുസരിച്ച് നമ്മുടെ നാട്ടിൽ പുതിയ തൊഴിലും അവസരവുമെല്ലാം വരും. അത് നമ്മുടെ എക്കോണമിയെ സജീവമാക്കും. അതുതന്നെയാണ് നമുക്ക് ഈ ഘട്ടത്തിൽ

ചെയ്യാനുള്ളത്. അത് നമുക്കൊരുമിച്ച് ചെയ്യാം. ബഹുമാന്യനായ മുഖ്യമന്ത്രി ഇക്കാര്യത്തെ സംബന്ധിച്ചും മറ്റ് മേഖലകളെ സംബന്ധിച്ചും എന്താണ് കേരളത്തിൽ ഈ ഘട്ടത്തിൽ ചെയ്യാൻ പോകുന്നതെന്ന് നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് അധികാരമേറ്റതിന് തൊട്ടടുത്ത ദിവസംതന്നെ കാബിനറ്റ് കൂടി തീരുമാനിച്ച കാര്യങ്ങൾ, അടുത്ത ദിവസങ്ങളിൽ ചെയ്യാൻ പോകുന്ന കാര്യങ്ങളെല്ലാം പറഞ്ഞിട്ടുണ്ട്. ആ ലക്ഷ്യം വച്ചുകൊണ്ടുതന്നെ കാര്യങ്ങൾ ചെയ്യാൻ പണം വിനിയോഗിക്കുന്നതിനുള്ള ഉപധനാഭ്യർത്ഥനയാണിവിടെ വച്ചിരിക്കുന്നത്. ആ ധനാഭ്യർത്ഥനയിൽ നിങ്ങളുടെയെല്ലാം പൊതുകാര്യങ്ങൾ കാണും. ബഹുമാനപ്പെട്ട വർക്കല അംഗം ശിവഗിരിയുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞു. എല്ലാവരും അത്തരത്തിൽ പഴയ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന ഓരോ സ്കീമിനെപ്പറ്റിയും ചോദിച്ചു. കഴിഞ്ഞ പ്രാവശ്യം അംഗീകരിച്ച കാര്യങ്ങളെല്ലാം അതുപോലെ തുടരും. അതെല്ലാം അതിശക്തമായി മുന്നോട്ടുകൊണ്ടുപോകും. വോട്ട് ഓൺ അക്കൗണ്ടിന് അനുകൂലമായി വോട്ട് രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാനൊരു സംശയം ചോദിക്കുകയാണ്. ഞാനിന്നലെ ചോദിച്ച ചോദ്യം തന്നെയാണ്. വാക്സിനുവേണ്ടി 1,000 കോടി രൂപയുടെ അലോക്കേഷൻ ബഡ്ജറ്റിൽ ഉണ്ടായിരുന്നു. ആ ബാദ്ധ്യത കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കുന്നതിനാൽ അതിപ്പോൾ ഉപയോഗിക്കേണ്ടിവരില്ല. മാത്രമല്ല സംസ്ഥാനത്ത് മുഖ്യമന്ത്രി തന്നെ പ്രഖ്യാപിച്ച വാക്സിൻ ചലഞ്ചുണ്ടായിരുന്നു. അതിൽ നമുക്കിതുവരെ എത്ര കോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് കൃത്യമായി അറിയില്ല. ഈ രണ്ട് തുകകൾ എന്ത് കാര്യങ്ങൾക്കാണ് ഉപയോഗിക്കാൻ പോകുന്നതെന്നുകൂടി വ്യക്തമാക്കണം. റീ-അലോക്കേഷനുണ്ടോ അല്ലെങ്കിൽ വേറെയേതെങ്കിലും ഫണ്ടിലേയ്ക്ക് ഡൈവർട്ട് ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കണം. കാരണം എസ്റ്റിമേറ്റ് ഫൈനലൈസ് ചെയ്യുമ്പോൾ, നമ്മളിപ്പോൾ അടുത്ത മൂന്ന് മാസക്കാലത്തേയ്ക്കുള്ള പണംകൂടി പാസ്സാക്കിത്തരുമ്പോൾ ഈ അലോക്കേഷൻ എങ്ങനെയാണ് പോകുന്നതെന്ന് അറിയാൻ താത്പര്യമുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അധികമായി കുറേ പൈസ നമ്മുടെ കയ്യിൽ കെട്ടിവച്ചിരിക്കുന്നു, അത് വേറെവഴിക്ക് ചെലവാക്കിക്കൂടെയെന്ന് അങ്ങ് മാത്രമല്ല, വേറെ ചില അംഗങ്ങളും ചോദിച്ചു. നമുക്കൊരു മിച്ച ബഡ്ജറ്റായി ബാക്കി പൈസയിരിക്കുകയല്ല. അങ്ങനെ വന്നാൽ, വാസ്തവത്തിൽ അതിനുകൂടി എടുക്കുന്ന കടത്തിൽ അല്പം കുറവ് വരുമെന്നുമാത്രമേയുള്ളൂ. ആ പണം മാത്രമല്ല അതിനപ്പുറം പണം വേണ്ടിവന്നാലും വാക്സിൻ പോലെയുള്ള കാര്യത്തിന് ചെലവാക്കും. ഇവിടെ കേന്ദ്രഗവൺമെന്റ് പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എങ്ങനെയാണ് അവർ ചെയ്യുന്ന തെന്നുകൂടി അറിഞ്ഞിട്ടുമാത്രമേ ഒരു തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ. ഈ

കാര്യങ്ങളെല്ലാം സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്യുമ്പോഴേയ്ക്കും ഒരു ക്ലാരിറ്റി വരും. കേരളത്തിന്റെ താത്പര്യത്തിന് വേണ്ടിയുള്ള ഒരു നയാപൈസപോലും അനാവശ്യമായി കളയുന്ന സർക്കാരല്ല ഇതെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. നമുക്ക് ഈ കാര്യങ്ങൾ പിന്നീട് വിശദമായി ആലോചിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, വാക്സിൻ ചലഞ്ചിന്റെ പണം എന്താണ് ചെയ്യാൻ പോകുന്നതെന്ന് ആളുകൾ ചോദിക്കുന്നുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ എം.എൽ.എ. ഫണ്ടുമായി ബന്ധപ്പെട്ട കാര്യമിവിടെപ്പറഞ്ഞു. എം.എൽ.എ. ഫണ്ടിൽ നിന്ന് പണം കൊടുക്കുന്നതിന് പ്രതിപക്ഷ നേതാവ് എതിർപ്പ് പറഞ്ഞില്ല. പക്ഷേ ക്ലാരിറ്റിയുടെ പ്രശ്നമുണ്ട്. എം.എൽ.എ.-മാർക്ക് അവരുടെ നിയോജകമണ്ഡലങ്ങളിലെ ആസ്തി വികസന ഫണ്ടായി 5 കോടി രൂപ കഴിഞ്ഞ കുറേക്കാലങ്ങളായി കൊടുത്തു കൊണ്ടിരുന്നതാണ്. എം.എൽ.എ.-മാർ പറയുന്ന വർക്കുകളാണ് അതുപയോഗിച്ച് ചെയ്തുകൊണ്ടിരുന്നത്. ഇപ്പോൾ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് എം.എൽ.എ.-മാർ സജസ്റ്റ് ചെയ്ത വർക്കുകളാണോ എടുക്കുന്നത്; അതോ ഈ 4 കോടി രൂപ ഗവൺമെന്റ് പിടിക്കുകയാണോ, കോമൺ പൂളിലേയ്ക്ക് വരികയാണോ എന്നുള്ള കാര്യത്തിൽ ക്ലാരിറ്റി വേണം. കാരണം, ഇപ്പോഴുള്ള എം.എൽ.എ.-മാരും നേരത്തെയുണ്ടായിരുന്നവരുമൊക്കെ ഒരുപാട് വർക്കുകൾ ചെയ്തുകൊടുക്കാമെന്ന് ജനങ്ങളോട് പ്രോമിസ് ചെയ്തിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഈ തുക ചെലവഴിക്കുന്നതിൽ പ്രതിപക്ഷത്തിന് ഒരു ബുദ്ധിമുട്ടുമില്ല. പക്ഷേ അത് സംബന്ധിച്ചൊരു ക്ലാരിറ്റി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകാമോ എന്നുള്ളതാണെന്റെ ചോദ്യം. അല്ലെങ്കിൽ മുഖ്യമന്ത്രി പറഞ്ഞാലും മതി.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങ് പറഞ്ഞതുപോലെ നമ്മൾ തമ്മിലൊരു തർക്കമില്ലാത്ത കാര്യമാണിത്. കോവിഡ് മൂന്നാം തരംഗം നേരിടുന്നതിനാവശ്യമായ ഒരുക്കങ്ങൾ നടത്തേണ്ടതുണ്ട്. ഒരു മണ്ഡലമെടുത്താൽ, അതിലൊരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുണ്ടാകാം, താലൂക്കാശുപത്രിയുണ്ടാകാം ചിലപ്പോൾ ജില്ലാ ആശുപത്രിയുണ്ടാകാം ചിലപ്പോളൊരു മെഡിക്കൽ കോളേജ് ആശുപത്രിയുമുണ്ടാകാം. മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചെയ്യേണ്ടതും ജില്ലാ ആശുപത്രിയിൽ ചെയ്യേണ്ടതും താലൂക്ക് ആശുപത്രിയിൽ ചെയ്യേണ്ടതും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ചെയ്യേണ്ടതുമായ കാര്യങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ടാകും. അപ്പോൾ ചെലവിടുന്ന തുകയ്ക്കും അതിന്റേതായ വ്യത്യാസങ്ങൾ കാണും. ഈ തുക പൊതുപൂളിൽ നമുക്ക് ചെലവഴിക്കേണ്ടതായി വരും. എല്ലാ കാര്യങ്ങൾക്കുംവേണ്ടി ഇതുപയോഗിക്കുകയെന്നതുതന്നെയാണ് ഉദ്ദേശിക്കുന്നത്.

<u>മി. സ്പീക്കർ</u>: ശ്രീ. പി. ഉബൈദുള്ള, അങ്ങയുടെ 1, 8, 12, 14, 22, 29, 31, 52, 63, 74, 85, 95, 98, 105, 115, 118, 130, 136, 143, 144, 152, 155, 165, 173, 180, 187, 201, 212, 223, 225, 241, 243, 255, 275 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. ഉബൈദുള്ള</u> : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ 15, 36, 61, 106, 234, 257 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം, അങ്ങയുടെ 16, 40, 57, 91, 111, 129, 146, 166, 176, 209, 229, 268 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. നജീബ് കാന്തപുരം</u> : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ, അങ്ങയുടെ 23, 65, 216, 262 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ഡോ. എം. കെ. മുനീർ</u> : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങയുടെ 80, 121, 182, എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ, അങ്ങയുടെ 99-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി നിരാകരിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ട്സ് സംബന്ധിച്ച ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.......................

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. അഹമ്മദ് ദേവർകോവിൽ
2. ശ്രീ. എൻ. കെ. അക്ബർ
3. ശ്രീമതി ഒ. എസ്. അംബിക
4. ശ്രീ. ജി. ആർ. അനിൽ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി ജോൺ
7. ശ്രീ. ആന്റണി രാജു
8. ശ്രീ. എം. എസ്. അരുൺ കുമാർ
9. ശ്രീമതി സി. കെ. ആശ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. പി. ബാലചന്ദ്രൻ
12. ശ്രീ. കെ. എൻ. ബാലഗോപാൽ
13. പ്രൊഫ. ആർ. ബിന്ദു
14. ശ്രീമതി ജെ. ചിഞ്ചുറാണി
15. ശ്രീ. പി. പി. ചിത്തരഞ്ജൻ
16. ശ്രീമതി ദെലീമ
17. ശ്രീ. കെ. ബി. ഗണേഷ് കുമാർ
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

20. ശ്രീ. സി. കെ. ഹരീന്ദ്രൻ
21. ഡോ. കെ. ടി. ജലീൽ
22. ശ്രീമതി കാനത്തിൽ ജമീല
23. ശ്രീ. ജി. എസ്. ജയലാൽ
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ. യു. ജനീഷ് കുമാർ
26. ശ്രീ. ജോബ് മൈക്കിൾ
27. ശ്രീ. വി. ജോയി
28. ശ്രീ. ഒ. ആർ. കേളു
29. ശ്രീ. കെ. കൃഷ്ണൻകുട്ടി
30. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
31. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
32. ശ്രീ. കോവൂർ കുഞ്ഞുമോൻ
33. ശ്രീ. ലിന്റോ ജോസഫ്
34. ശ്രീ. ടി. ഐ. മധുസൂദനൻ
35. ശ്രീ. പി. മമ്മിക്കുട്ടി
36. ശ്രീ. എം. എം. മണി
37. ശ്രീ. മാത്യു ടി. തോമസ്
38. ശ്രീ. കെ. ജെ. മാക്സി
39. ശ്രീ. പി. എ. മുഹമ്മദ് റിയാസ്
40. ശ്രീ. കെ. പി. മോഹനൻ
41. ശ്രീ. എ. സി. മൊയ്തീൻ
42. ശ്രീ. എം. മുകേഷ്
43. ശ്രീ. സി. സി. മുകുന്ദൻ

44. ശ്രീ. ഡി. കെ. മുരളി

45. ശ്രീ. മുരളി പെരുനെല്ലി

46. ശ്രീ. പി. നന്ദകുമാർ

47. ശ്രീ. എം. നൗഷാദ്

48. ശ്രീ. എ. പ്രഭാകരൻ

49. ശ്രീ. പ്രമോദ് നാരായൺ

50. ശ്രീ. വി. കെ. പ്രശാന്ത്

51. ശ്രീ. പി. പ്രസാദ്

52. ശ്രീ. കെ. ഡി. പ്രസേനൻ

53. ശ്രീമതി യു. പ്രതിഭ

54. ശ്രീ. കെ. പ്രേംകുമാർ

55. ശ്രീ. കെ. രാധാകൃഷ്ണൻ

56. ശ്രീ. പി. ടി. എ. റഹീം

57. ശ്രീ. എ. രാജ

58. ശ്രീ. എം. രാജഗോപാലൻ

59. ശ്രീ. കെ. രാജൻ

60. ശ്രീ. കെ. കെ. രാമചന്ദ്രൻ

61. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

62. ശ്രീ. റോഷി അഗസ്റ്റിൻ

63. ശ്രീ. കെ. എം. സച്ചിൻദേവ്

64. ശ്രീ. സജി ചെറിയാൻ
65. ശ്രീ. എച്ച്. സലാം
66. ശ്രീമതി ശാന്തകുമാരി കെ.
67. ശ്രീ. വി. ശശി
68. ശ്രീ. എ. കെ. ശശീന്ദ്രൻ
69. ശ്രീ. ഐ. ബി. സതീഷ്
70. ശ്രീ. സെബാസ്റ്റ്യൻ കുളത്തിങ്കൽ
71. ശ്രീ. എ. എൻ. ഷംസീർ
72. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
73. ശ്രീ. വി. ശിവൻകുട്ടി
74. ശ്രീ. വാഴൂർ സോമൻ
75. ശ്രീ. പി. എസ്. സുപാൽ
76. ശ്രീ. ജി. സ്റ്റീഫൻ
77. ഡോ. സുജിത് വിജയൻപിള്ള
78. ശ്രീ. കെ. വി. സുമേഷ്
79. ശ്രീ. പി. പി. സുമോദ്
80. ശ്രീ. വി. ആർ. സുനിൽ കുമാർ
81. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
82. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
83. ശ്രീ. തോമസ് കെ. തോമസ്

84. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ

85. ശ്രീ. വി. എൻ. വാസവൻ

86. ശ്രീമതി വീണാ ജോർജ്ജ്

87. ശ്രീ. ഇ. കെ. വിജയൻ

88. ശ്രീ. പിണറായി വിജയൻ

89. ശ്രീ. എം. വിജിൻ

90. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

പ്രതികൂലിക്കുന്നവർ :

1. ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അനൂപ് ജേക്കബ്

6. ശ്രീ. അൻവർ സാദത്ത്

7. ശ്രീ. എ. കെ. എം. അഷ്റഫ്

8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

9. ശ്രീ. പി. കെ. ബഷീർ

10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

12. ശ്രീ. ടി. വി. ഇബ്രാഹിം

13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

14. ശ്രീ. യു. എ. ലത്തീഫ്

15. ശ്രീ. സി. ആർ. മഹേഷ്
16. ശ്രീ. കെ. പി. എ. മജീദ്
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. രമേശ് ചെന്നിത്തല
25. ശ്രീമതി കെ. കെ. രമ
26. ശ്രീ. റോജി എം. ജോൺ
27. ശ്രീ. എൻ. ഷംസുദ്ദീൻ
28. ശ്രീ. സനീഷ്കുമാർ ജോസഫ്
29. ശ്രീ. വി. ഡി. സതീശൻ
30. ശ്രീ. ഷാഫി പറമ്പിൽ
31. ശ്രീ. ടി. സിദ്ദിഖ്
32. ശ്രീ. സണ്ണി ജോസഫ്
33. ശ്രീ. പി. ടി. തോമസ്
34. ശ്രീ. ടി. ജെ. വിനോദ്
35. ശ്രീ. പി. ഉബൈദുള്ള

<u>മി. സ്പീക്കർ</u>:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 90 |
| പ്രതികൂലിക്കുന്നവർ | - | 35 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല |

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. വോട്ട് ഓൺ അക്കൗണ്ട് അനുവദിച്ചിരിക്കുന്നു.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ഡോ. മാത്യു കുഴൽനാടൻ എന്നിവർ ഉന്നയിച്ച ക്രമപ്രശ്നത്തിനുള്ള മറുപടി</u>

<u>മി. സ്പീക്കർ</u>: 2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവയെ സംബന്ധിച്ച് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ഡോ. മാത്യു കുഴൽനാടൻ എന്നിവർ ഉന്നയിച്ച ക്രമപ്രശ്നങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് മറുപടി നൽകാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, കേരള ധനകാര്യ ബില്ലിന്റെ ഡിക്ലറേഷനിൽ 8-ാം വകുപ്പ് സർക്കാർ നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ പ്രാബല്യത്തിൽ വരുമെന്നാണ് കാണിച്ചിട്ടുള്ളത്. 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിന്റെ സെക്ഷൻ 3-ന് വിരുദ്ധമാണെന്നതാണ് ആദ്യത്തെ ക്രമപ്രശ്നം. 2021-ലെ കേരള ധനകാര്യ ബില്ലിന്റെ ഡിക്ലറേഷൻ താഴെപ്പറയുന്ന പ്രകാരമാണ് :

" It is hereby declared that it is expedient in the public interest that all the provisions of this Bill except the provisions of clause 8 shall have effect on and from the date of introduction of the Bill in the Kerala Legislative Assembly under the Kerala Provisional Collection of Revenues Act, 1985.

മേൽപ്പറഞ്ഞ പ്രഖ്യാപനപ്രകാരം ബില്ലിലെ ഖണ്ഡം 8 ഒഴികെയുള്ള വ്യവസ്ഥകൾക്കാണ് 1985-ലെ ആക്ട് പ്രകാരം പ്രാബല്യം നൽകിയിട്ടുള്ളത്. ബില്ലിന്റെ ഒന്നാം ഖണ്ഡത്തിൽ പ്രാബല്യ തീയതി സംബന്ധിച്ചും 8-ാം ഖണ്ഡത്തിൽ സർക്കാർ വിജ്ഞാപനം വഴി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതലും പ്രാബല്യമുണ്ടാകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ബില്ലിലെ 8-ാം ഖണ്ഡത്തിന് Kerala Provisional Collection of Revenues Act-ലെ വ്യവസ്ഥകൾ ബാധകമാകുന്നില്ല. അതിനാൽ ബില്ലിലെ പ്രാരംഭ തീയതി സംബന്ധിച്ച വ്യവസ്ഥ 1985-ലെ Kerala Provisional Collection of Revenues Act-ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമല്ല. 1985-ലെ ആക്ടിലെ 3-ാം വകുപ്പ് താഴെപ്പറയും പ്രകാരമാണ് വ്യവസ്ഥ ചെയ്യുന്നത് :

" Where a Bill to be introduced in the Legislative Assembly on behalf of the Government provides for the imposition or increase of any tax, duty, cess, fee or other revenue, the Government may cause to be inserted in the Bill a declaration that it is expedient in the public interest that any provision of the Bill relating to such imposition or increase shall have effect from the 1st day of April following the date of introduction of the Bill, or shall have immediate effect from the date of introduction of the Bill."

മേൽപ്പറഞ്ഞ വസ്തുതകളിൽനിന്നും ബില്ലിലെ 8-ാം വകുപ്പ് സർക്കാർ നിശ്ച യിക്കുന്ന ദിവസത്തിൽ പ്രാബല്യത്തിൽ വരുമെന്നത് 1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. 2009-ലെ കേരള ധനകാര്യ ബില്ലിലും 2020-ലെ കേരള ധനകാര്യ ബില്ലിലും സമാനമായ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. സമാനമായി 2020-ലെ കേന്ദ്ര ധനകാര്യ ബില്ലിലും ഇപ്രകാരമുള്ള വ്യവസ്ഥകളുൾപ്പെടുത്തിയിട്ടുണ്ട്.

കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ 3-ാം വകുപ്പ് പ്രകാരമുള്ള ഡിക്ലറേഷനിലുൾപ്പെടുത്തിയ, 14-ാം കേരള നിയമസഭയിൽ അവതരിപ്പിച്ച 2021-ലെ ധനകാര്യ ബില്ലിന് സെപ്റ്റംബർ 30-ാം തീയതിവരെ പ്രാബല്യമുണ്ടെന്നും അതുകൊണ്ട് പുതിയൊരു ബിൽ ആവശ്യമില്ലെന്നുമാണ് ക്രമപ്രശ്നത്തിൽ അടുത്തതായി ഉന്നയിച്ചിരിക്കുന്നത്. ഭരണഘടനയുടെ 190-ാം അനുച്ഛേദം 5-ാം ഖണ്ഡം താഴെ പ്പറയുന്ന പ്രകാരമാണ്.

" A bill, which is pending in the Legislative Assembly of a State or which having been passed by the Legislative Assembly is pending in the legislative council shall lapse on a dissolution of the Assembly."

അസംബ്ലിയുടെ കാലാവധി കഴിയുന്നതോടുകൂടി ബില്ലിന്റെ കാലാവധി കഴിയും. അതുകൊണ്ട് നിലവിലുള്ള ബില്ലുകൾ ലാപ്സാവുന്നതാണ്. അതിനാൽ ലാപ്സായ ബില്ലിലെ വ്യവസ്ഥകൾക്ക് 1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല. തന്മൂലം 2021 ജനുവരിയിൽ അവതരിപ്പിച്ച കേരള ധനകാര്യ ബില്ലിന് 14-ാം കേരള നിയമസഭ ഡിസോൾവ് ചെയ്ത 3-5-2021 തീയതിക്കുശേഷം പ്രാബല്യമില്ലാത്തതാണ്.

പതിനാലാം കേരള നിയമസഭയുടെ കാലാവധി കഴിഞ്ഞപ്പോൾ 2021-ലെ കേരള ധനകാര്യ ബില്ലിലെ വ്യവസ്ഥകൾ കാലഹരണപ്പെട്ടുവെന്ന ബഡ്ജറ്റ് പ്രസംഗത്തിലെ പ്രസ്താവന ആശയക്കുഴപ്പം സൃഷ്ടിക്കുന്നുവെന്നാണ് ക്രമപ്രശ്നത്തിൽ

അടുത്തതായി ഉന്നയിച്ചിരിക്കുന്നത്. ഭരണഘടനയുടെ 190 (എ), 196 (5) അനുച്ഛേദ പ്രകാരം നിയമസഭ ഡിസോൾവ് ചെയ്യുമ്പോൾ സഭയിൽ നിലവിലുണ്ടായിരുന്ന ബില്ലുകൾ ലാപ്സാവുന്നതാണ്. അതനുസരിച്ച് ജനവരിയിൽ അവതരിപ്പിച്ച കേരള ധനകാര്യ ബിൽ ലാപ്സായിട്ടുള്ളതാണ്. അതിനാൽ ബിൽ ലാപ്സായ ദിവസം മുതൽ പുതുക്കിയ കേരള ധനകാര്യ ബില്ലിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്ന തീയതിവരെയുള്ള കാലയളവിലെ നടപടികൾക്ക് നിയമസാധുത നൽകിക്കൊണ്ടുള്ള വ്യവസ്ഥ ബിൽ പാസ്സാക്കുന്ന സമയത്ത് ഔദ്യോഗിക ഭേദഗതിയായി വാലിഡേഷൻ ക്ലോസ് കൊണ്ടുവന്ന് പ്രസ്തുത നടപടികൾ സാധൂകരിക്കുകയെന്നുള്ളതാണ് നടപടി ക്രമം. പ്രസംഗത്തിലെ 113-ാമത്തെ ഖണ്ഡിക മാറ്റണമെന്ന് പറയുന്നുണ്ട്. അതു സംബന്ധിച്ച രണ്ടുമൂന്ന് കാര്യങ്ങൾ ഞാൻ ഇപ്പോൾ പറഞ്ഞതിലുണ്ട്. മെയ് മാസം 3-ാം തീയതി മുതൽ ഇത് പാസ്സാകുന്ന ഇന്നുവരെയുള്ള ദിവസങ്ങളിലെ ടാക്സ് കളക്ഷന് നിയമപരമായി വിധേയത്വമില്ല, കാരണം പഴയ ബിൽ ലാപ്സായിപ്പോയി, ഇന്നാണ് പുതിയ ബിൽ വരുന്നതെന്നുള്ള പ്രശ്നമാണ് ഉന്നയിച്ചത്. അതിനായി നിയമം പാസ്സാക്കുന്ന സമയത്ത് ഒരു ഭേദഗതികൊണ്ടുവന്ന് അതിനെക്കൂടി വാലിഡേറ്റ് ചെയ്യുന്നരീതിയിലുള്ള ഒരു പ്രൊവിഷനാണ് സാധാരണഗതിയിൽ ഈ സഭയിൽ പാലിക്കാറുള്ളത്.

മറ്റൊന്ന്, ഇന്നലെ ഇവിടെ സംസാരിച്ചപ്പോൾ മൂന്ന് കാര്യങ്ങൾ പറഞ്ഞു. നികുതി വകുപ്പിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പൊതു ആംനെസ്റ്റി സ്കീമിൽ ഓപ്ഷൻ സമർപ്പിക്കാനുള്ള അവസാന തീയതി 2021 ആഗസ്റ്റ് 21-ൽനിന്നും നവംബർ 30-ലേയ്ക്ക് നീട്ടുന്നതാണ്. കുടിശ്ശികയുള്ള ടേൺ ഓവർ ടാക്സ് അടയ്ക്കുന്നതിനുള്ള ഓപ്ഷൻ ഫയൽ ചെയ്യുന്ന തീയതി 2021 ജൂൺ 30-ൽനിന്നും 2021 സെപ്റ്റംബർ 30 ആയും നികുതി ഒടുക്കുന്നതിനുള്ള തീയതി ജൂലൈ 31-ൽനിന്ന് ഒക്ടോബർ 31 ആയും നീട്ടുന്നതാണ്. ലോക്ഡൗൺ സമയത്ത് ഓട്ടോറിക്ഷ, ടാക്സികൾ ഉൾപ്പെടെയുള്ള സ്റ്റേറ്റ് കോൺട്രാക്ട് ക്യാരേജുകൾക്ക് ഒന്നാം ക്വാർട്ടർ നികുതി അടയ്ക്കാനുള്ള കാലാവധി 2021 ആഗസ്റ്റ് 31 വരെ നീട്ടി നൽകുന്നതായിരിക്കും. ഈ മൂന്ന് കാര്യങ്ങളും പറഞ്ഞു. അത് ഈ ബില്ലിൽ വന്നിട്ടില്ല. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തതിനുശേഷം വരുമ്പോഴാണ് അക്കാര്യം ബില്ലിൽ വരേണ്ടതെന്നുകൂടി പറയുകയാണ്. ഇതാണ് ഇതുസംബന്ധിച്ച് നൽകാനുള്ള വിശദീകരണം.

## റൂളിംഗ്

മി. സ്പീക്കർ: ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഉന്നയിച്ചത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2021 ജൂൺ 4-ാം തീയതി സഭയിൽ നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിലെ 113-ാം നമ്പർ ഖണ്ഡിക ആശയക്കുഴപ്പം ഉണ്ടാക്കുന്നതാണെന്നും ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന 2021-ലെ ധനകാര്യ ബില്ലുകൾ ക്രമപ്രകാരമല്ലെന്നുമാണ്.

ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കഴിഞ്ഞ നിയമസഭയിൽ 2021 ജനുവരി 21-ാം തീയതി സഭയിൽ അവതരിപ്പിച്ച ധനകാര്യ ബില്ലുകൾ 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ ഡിക്ലറേഷനോടു കൂടിയാണ് സഭയിൽ അവതരിപ്പിക്കപ്പെട്ടതെങ്കിലും 14-ാം കേരള നിയമസഭ പിരിച്ചുവിട്ടതോടുകൂടി ബിൽ ലാപ്സാകുകയും അന്നുമുതൽ ബില്ലിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നഷ്ടമാവുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് 15-ാം കേരള നിയമസഭ നിലവിൽ വന്നതോടുകൂടി പുതിയ ധനകാര്യ ബില്ലുകൾ അവതരിപ്പിക്കേണ്ടിവന്നത്. അതിനാൽ ബഡ്ജറ്റ് പ്രസംഗത്തിലെ 113-ാം ഖണ്ഡികയിൽ പിശകില്ലെന്ന് കാണുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചതുപോലെ പഴയ ബില്ലുകൾ ലാപ്സായതിനും പുതിയ ബില്ലിലെ വ്യവസ്ഥകൾ നിലവിൽ വരുന്നതിനും ഇടയിൽ വരുന്ന കാലഘട്ടത്തിൽ നടത്തുന്ന ടാക്സ് കളക്ഷൻ നടപടികൾ ഉൾപ്പെടെയുള്ള വ്യവസ്ഥകൾക്ക് പുതിയ ബില്ലിൽ വാലിഡേഷൻ ക്ലെയിം ഉൾപ്പെടുത്തി അപ്രകാരമുള്ള അപാകതകൾ പരിഹരിക്കാവുന്നതേയുള്ളൂ. അതാണ് നമ്മുടെ സഭയിൽ പൊതുവെ സ്വീകരിച്ചുവരുന്ന നടപടിക്രമം. ആകയാൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ സെക്ഷൻ 3-ന് വിരുദ്ധമായിട്ടാണ് 2021-ലെ കേരള ധനകാര്യ ബില്ലിലെ ഖണ്ഡം 8-ന് പ്രാബല്യം കൊടുത്തിരിക്കുന്നതെന്നും ഇത് നിയമവിരുദ്ധമാണെന്നുമാണ് ഡോ. മാത്യു കുഴൽനാടൻ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമവശങ്ങൾ വിശദീകരിക്കുകയുണ്ടായി.

1985-ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ടിലെ വ്യവസ്ഥ അനുസരിച്ച് ആ നിയമത്തിൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരമുള്ള പ്രസ്താവനയോടു കൂടി സഭയിൽ സമർപ്പിച്ച ബില്ലുകളിലെ വ്യവസ്ഥകൾക്ക് തൊട്ടടുത്തുവരുന്ന ഏപ്രിൽ 1 മുതലോ ബിൽ അവതരിപ്പിക്കുന്ന തീയതി മുതലോ 180 ദിവസം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽപ്പോലും അവതരിപ്പിക്കുന്ന ബില്ലിൽ പ്രത്യേകമായി പ്രാബല്യം നിഷ്കർഷിച്ചിട്ടുണ്ടെങ്കിൽ അപ്രകാരം ബില്ലിൽ പരാമർശിച്ചിരിക്കുന്ന തീയതികളിലാണ് അവ നിലവിൽ വരുന്നതെന്ന് ഡിക്ലറേഷൻ പ്രസ്താവിച്ചാൽ മതിയാകുന്നതാണ്. ഇതാണ് ഈ സഭയിലെ കീഴ്വഴക്കം. അതിൽ അപാകതകൾ ഒന്നും കാണുന്നില്ല. ഇവിടെ അവതരിപ്പിക്കുന്ന ബില്ലിന്റെ ഖണ്ഡം 8-ന്റെ പ്രാബല്യം സംബന്ധിച്ച പരാമർശം ഡിക്ലറേഷനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ബിൽ ക്രമപ്രകാരമാണെന്നും ബില്ലിന്റെ അവതരണത്തിൽ യാതൊരുവിധ ക്രമരാഹിത്യവും ഉണ്ടായിരിക്കുന്നതല്ലെന്നും ചെയർ റൂൾ ചെയ്യുന്നു.

5.00 pm]

## XI നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണം:

(i) 2021-ലെ കേരള ധനകാര്യ ബിൽ

(ii) 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

(2) 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, എത്രയും പെട്ടെന്ന് ചർച്ച ചെയ്ത് പാസ്സാക്കി തരണമെന്നാണ് പറയാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. എസ്. സുപാൽ]

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്തുണയ്ക്കുകയാണ്. ബഡ്ജറ്റിൽ മനോഹരമായ എന്റെ കോന്നിയിലെ ആനക്കൂട്ടും അടവിയുമെല്ലാം ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി നിശ്ചയിച്ച് പ്രഖ്യാപിച്ച

ധനകാര്യ വകുപ്പുമന്ത്രിയെയും ഗവൺമെന്റിനെയും എന്റെ നാടിന്റെ നന്ദി അറിയിക്കുകയാണ്. അയ്യപ്പന്റെ മണ്ണായ കോന്നിയിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇന്ത്യയുടെ പ്രധാനമന്ത്രി സാക്ഷാൽ ശ്രീ. നരേന്ദ്ര മോദിയെത്തി അഞ്ച് തവണ ശരണം വിളിച്ച് ബി.ജെ.പി.-യെ ജയിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. തിരുവാഭരണ പരുന്ത് വട്ടമിട്ടുപറക്കുന്നതുപോലെ ശ്രീ. രാഹുൽ ഗാന്ധി കോന്നി നിയമസഭാ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ വിട്ടമിട്ട് പറന്നു. പക്ഷേ കോന്നിയിൽ അയ്യപ്പനും സകല ദേവഗണങ്ങളും എൽ.ഡി.എഫ്.-നൊപ്പമായിരുന്നു. എന്നു മാത്രമല്ല, കേരളത്തിൽ തന്റെ പേരിൽ രാഷ്ട്രീയവും ജാതിപരവും വർഗ്ഗീയവുമായ ധ്രുവീകരണത്തിന് ശ്രമിച്ച കോൺഗ്രസ്സിനെയും ബി.ജെ.പി.-യെയും തന്റെ പൂങ്കാവനത്തിൽ കയറ്റരുതെന്ന് അയ്യപ്പൻ തീരുമാനിച്ചു. അതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിലുള്ള ജനങ്ങൾ പൂർണ്ണമായും കോൺഗ്രസ്സിനെ നിഷ്കാസനം ചെയ്തു. വളരെ പ്രതീക്ഷയോടുകൂടിയാണ് ഞാൻ സഭാസമ്മേളനത്തിൽ എത്തിയത്. പ്രതീക്ഷ മറ്റൊന്നും കൊണ്ടായിരുന്നില്ല, ഇങ്ങോട്ട് വരുന്നതിന്റെ തലേദിവസം കേരളത്തിന്റെ പ്രതിപക്ഷനേതാവിന്റെ പത്രസമ്മേളനമായിരുന്നു. സർക്കാരിനോടുള്ള പ്രതിപക്ഷത്തിന്റെ സമീപനം മാറുമെന്ന് അദ്ദേഹം പറഞ്ഞത് കേട്ടപ്പോൾ വളരെ പ്രതീക്ഷയായിരുന്നു. ഇന്ന് സഭ തീർന്ന് വീട്ടിലേയ്ക്ക് മടങ്ങുന്ന ദിവസം അദ്ദേഹത്തിന്റെ പ്രഖ്യാപനം നനഞ്ഞ പടക്കത്തിന്റെ അവസ്ഥയിലായിപ്പോയി എന്ന് പരിശോധിച്ചാൽ മനസ്സിലാകും. ഈ സഭയ്ക്ക് ഒരു കീഴ്വഴക്കമില്ലേ? അദ്ദേഹം എന്തൊക്കെയോ നുണകൾ വിളിച്ചു പറയുകയും പ്രചരിപ്പിക്കുകയുമാണ്. സഭയുടെ കീഴ്വഴക്കം അനുസരിച്ച് 'ഒന്നുവഴങ്ങുമോ സർ' എന്ന് ചോദിച്ചാൽ മര്യാദകേട് എന്നാണ് പറയുന്നത്. രാവിലെ മുൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ. ടി ജലീൽ 'ഒന്നു വഴങ്ങുമോ' എന്ന് ചോദിച്ചപ്പോൾ 'കാണിച്ചു തരാം' എന്നാണ് പറഞ്ഞത്. എന്ത് കാണിക്കാനാണ്; എന്ത് സംസ്കാരമാണ് പ്രതിപക്ഷനേതാവിന്റേത്? ഒരു കാര്യം മാത്രം ആദ്യഘട്ടത്തിൽ പറയുവാൻ ആഗ്രഹിക്കുകയാണ്, ഇത് ഫെയ്സ്ബുക്ക് അല്ല.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ?

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഞാൻ സഭയിൽ പരാമർശിച്ച കാര്യങ്ങളെല്ലാം ഇവിടത്തെ റെക്കോർഡിലുണ്ട്. 'ഞാൻ കാണിച്ചുതരാം' എന്ന് സഭയിൽ പറയാത്ത കാര്യങ്ങൾ പറഞ്ഞതായി ഒരു അംഗം സംസാരിക്കുകയാണ്. ഞാൻ അങ്ങനെയൊരു വാക്ക് ഇവിടെ പറഞ്ഞിട്ടില്ല. അങ്ങേയ്ക്ക് റെക്കോർഡ് പരിശോധിക്കാം. അത് സഭാ രേഖയിൽനിന്ന് നീക്കം ചെയ്യണം.

കാരണം, ഞാൻ പറയാത്ത കാര്യം ഞാൻ പറഞ്ഞുവെന്ന് ഒരംഗം ഇവിടെ സംസാരിക്കുകയാണ്. ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. 'ഞാൻ വഴങ്ങില്ല, വഴങ്ങുന്ന പ്രശ്നമില്ല' എന്ന് പറഞ്ഞു. അത് സത്യമാണ്. പിന്നീട് പറഞ്ഞ കാര്യങ്ങൾ ഇവിടെ എല്ലാവർക്കും അറിയാവുന്നതല്ലേ; 'ഞാൻ കാണിച്ച് തരാം' എന്ന വാക്ക് ഇവിടെ ഉപയോഗിച്ചോ? ഇതല്ലേ പറയുന്നത്. 'വഴങ്ങുമോ' എന്ന് ചോദിച്ചപ്പോൾ മര്യാദകേടാണെന്ന് ഞാൻ പറഞ്ഞോ; പ്രതിപക്ഷനേതാവും മറ്റ് ഏത് അംഗവും സംസാരിക്കുമ്പോൾ തടസ്സപ്പെടുത്തുന്നത് ശരിയല്ലെന്ന് പറഞ്ഞു. ഇവിടെ എത്രയോ അംഗങ്ങൾ വഴങ്ങില്ലെന്ന് പറഞ്ഞിട്ടുണ്ട്. വഴങ്ങുന്നത് സംസാരിക്കുന്ന ഒരു അംഗത്തിന്റെ ഇഷ്ടമാണ്. ധനകാര്യ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ അദ്ദേഹത്തോട് ഞാൻ ചോദിച്ചപ്പോൾ മന്ത്രി വഴങ്ങിയില്ലല്ലോ; അദ്ദേഹം പോയിന്റ് പറഞ്ഞ് തീർന്നശേഷം അവസാനം നോക്കാമെന്നാണ് പറഞ്ഞത്. തീർന്നിട്ടാണ് അദ്ദേഹം വഴങ്ങിയത്, ഞാൻ കേട്ടിരുന്നു. ഞാൻ ശരിയെന്ന് പറഞ്ഞു. അതിനുപകരം 'ഞാൻ കാണിച്ചു തരാം' എന്നൊക്കെ പറഞ്ഞാൽ, എന്താണ് സംസാരിക്കുന്നത്, അങ്ങ് ഇത് റെക്കോഡിൽനിന്ന് മാറ്റണം.

മി. ചെയർമാൻ: പരിശോധിക്കാം*

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, മുൻ പ്രതിപക്ഷനേതാവിന്റെ അതേ ശൈലിതന്നെ. മുൻ പ്രതിപക്ഷനേതാവെന്താ ചെയ്തത്? രാവിലെ ശ്രീ. കെ. സുരേന്ദ്രൻ പത്രസമ്മേളനം നടത്തി കാള പെറ്റു എന്നു പറയും അപ്പോൾത്തന്നെ കയറെടുത്തു ചാടും. അതേശൈലി തന്നെയല്ലേ; കൊടകര കേസിൽ തലേദിവസം രാത്രി ബി.ജെ.പി. നേതാക്കൾ കേരള പോലീസിനെക്കുറിച്ചും കേരളത്തിന്റെ ഗവൺമെന്റിനെക്കുറിച്ചും പറഞ്ഞ എല്ലാ കാര്യങ്ങളുമല്ലേ ഇവിടെ സഭയിലെത്തി പ്രതിപക്ഷനോതാവ് പറഞ്ഞത്. അതുമാത്രമോ പെട്രോളിന്റെയും ഡീസലിന്റെയും വില കൂട്ടിയ കേന്ദ്ര ഗവൺമെന്റിന്റെ നയത്തെ എങ്ങനെയാണോ ബി.ജെ.പി. നേതാക്കന്മാർ ന്യായീകരിക്കുന്നത് അതേ ഭാഷയിൽ ഈ സഭയിൽ കോൺഗ്രസിന്റെ നേതാക്കളും ന്യായീകരിക്കുകയാണ്. വെന്റിലേറ്ററിലല്ലേ സത്യത്തിൽ കേരളത്തിലെ കോൺഗ്രസ്? തെറ്റ് അംഗീകരിക്കാതെ, പൂർവ്വസൂരികളുടെ രാഷ്ട്രീയ നൈതികതയെ അംഗീകരിക്കാതെ മുട്ടറ്റം ജീർണ്ണിച്ച അഹങ്കാരികളുടെ ആൾക്കൂട്ടമായി കേരളത്തിലെ കോൺഗ്രസ് മാറിയില്ലേ ? എന്തായിരുന്നു ഇവിടെ ശ്രീ. പി. ടി. തോമസ് പറഞ്ഞത്? ഈ സഭയിൽ മാത്രമല്ല, പതിനാലാം കേരള നിയമസഭയുടെ അവസാന സമ്മേളനത്തിൽ എന്തോ പിടിച്ചെടുക്കാൻ പോകുന്ന വലിയ ആവേശത്തിൽ അദ്ദേഹം പ്രസംഗിച്ചത് ഇപ്പോഴും ഞാനോർക്കുന്നു. അദ്ദേഹം പറഞ്ഞത് പിണറായിക്ക് മുകളിൽ

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നമ്പർ 9467/ഇ.ബി./2021/നി.സെ. തീയതി 14-6-2021) നിലനിർത്താൻ തീരുമാനിച്ചു.

സി.ബി.ഐ., താഴെ എൻ.ഐ.എ., വലത്ത് കസ്റ്റംസ്, ഇടത്ത് ഇ.ഡി. എന്നായിരുന്നു. എന്തായി ശ്രീ. പി. ടി. തോമസ്? ഇപ്പോൾ ശ്രീ. പിണറായി വിജയന്റെ മുകളിൽ ആകാശവും താഴെ ഭൂമിയും വലത്തുമിടത്തും കേരളത്തിലെ ജനങ്ങളും മാത്രമാണുള്ളത്. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) സ്ഥലകാല വിഭ്രാന്തി ബാധിച്ചയാളെപ്പോലെയല്ലേ ഇടപെടുന്നത്? അദ്ദേഹം പട്ടികജാതി ക്ഷേമ വകുപ്പിനെ സംബന്ധിച്ച് പറഞ്ഞു. അതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറഞ്ഞു. ഞാനതിലേയ്ക്ക് കടക്കുന്നില്ല. കുറുക്കൻ ചത്താലും കണ്ണ് കോഴിക്കൂട്ടിൽ തന്നെയാണ്. അദ്ദേഹത്തിനിപ്പോഴും എക്സൈസ് വകുപ്പിലാണ് നോട്ടം. ആ വകുപ്പാണ് ഏറ്റവും വലിയ വകുപ്പെന്നാണ് അദ്ദേഹത്തിന്റെ ധാരണ. എന്നാൽ അടിസ്ഥാന വർഗ്ഗത്തിന്റെ ക്ഷേമമുറപ്പിക്കുന്ന പിന്നാക്കക്കാരനൊപ്പം നിൽക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പാണ് കമ്മ്യൂണിസ്റ്റുകാർക്ക് മെച്ചമെന്ന് നിങ്ങൾ മനസ്സിലാക്കിക്കൊള്ളണം. പിന്നെ ഇവിടെ പറഞ്ഞത് ശ്രീ. പിണറായി വിജയൻ മരുമകനെ മന്ത്രിയാക്കി എന്നുള്ളതാണ്. സത്യത്തിൽ ഇതിനെല്ലാം മറുപടി ഇങ്ങനെ ഈ ഭാഷയിലല്ല പറയേണ്ടിയിരിക്കുന്നത്. എന്ത് മര്യാദകെട്ട വർത്തമാനമാണ് പറഞ്ഞത്? ആരാണ് ശ്രീ. പി. എ. മുഹമ്മദ് റിയാസ്? ഡി.വൈ.എഫ്.ഐ.-യുടെ എട്ടാമത്തെ അഖിലേന്ത്യാ പ്രസിഡന്റാണ്. അതിനുമുമ്പ് ഏഴുപേർ. സഖാവ് എം. ബി. രാജേഷ്, സഖാവ് പി. ശ്രീരാമകൃഷ്ണൻ, സഖാവ്. കെ. എൻ. ബാലഗോപാൽ, സഖാവ് എൻ. എൻ. കൃഷ്ണദാസ്, സഖാവ് എം. എ. ബേബി, സഖാവ് എം. വിജയകുമാർ, സഖാവ് ഇ. പി. ജയരാജൻ, എട്ടാമത്തെയാൾ ആരുടെയെങ്കിലും പെട്ടിതാങ്ങി അഖിലേന്ത്യാ പ്രസിഡന്റായ ആളല്ല. പോലീസ് കമ്മീഷണറുടെ മകനായി പിറന്ന, എസ്.എഫ്.ഐ.-യുടെ യൂണിറ്റ് സെക്രട്ടറിയായ, എട്ടാം ക്ലാസിൽ വിദ്യാർത്ഥി സമരമുഖത്ത് എടുത്തുചാടി കോൺഗ്രസുകാരുടെ പോലീസ് നിഷ്ഠൂരമായി മർദ്ദിച്ച് നിരവധിതവണ ജയിലിലാക്കി ഇല്ലാതാക്കാൻ ശ്രമിച്ചവൻ. ഡി.വൈ.എഫ്.ഐ.-യുടെ യൂണിറ്റ് സെക്രട്ടറിയായി, മേഖലാ സെക്രട്ടറിയായി, ജില്ലാ ഭാരവാഹിയായി, സംസ്ഥാന ഭാരവാഹിയായി, അഖിലേന്ത്യാ ഭാരവാഹിയായ ആൾ. ഞാൻ തൃപ്പൂണിത്തുറ അംഗം ശ്രീ. കെ. ബാബുവിനോട് ഒരു കാര്യം മാത്രം പറയുകയാണ്. ശ്രീ. പി. എ. മുഹമ്മദ് റിയാസ് ചിലപ്പോൾ സഭയിൽക്കാണും; ചിലപ്പോൾ തോൽക്കും; ചിലപ്പോൾ മന്ത്രിയാകും; ഒന്നുമായില്ലെങ്കിലും ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ മനോനിലയ്ക്ക് ഒരു കോട്ടവുമുണ്ടാകില്ല. അത്രമാത്രം ഇപ്പോൾ പറയുവാൻ ആഗ്രഹിക്കുകയാണ്. ഇവർ ഇവിടെ എന്തെല്ലാമാണ് കാണിക്കുന്നത്? കാലി മെലിഞ്ഞാൽ തൊഴുത്തു മാറ്റിയിട്ട് കാര്യമുണ്ടോ? ഇവരുടെ അനുഭവം തന്നെയെടുത്താൽ മതി. ഇപ്പോൾ ശ്രീ. രമേശ് ചെന്നിത്തല മാറി ശ്രീ. വി. ഡി. സതീശൻ പ്രതിപക്ഷനേതാവായി. ആയിക്കോട്ടെ; നല്ല കാര്യം. പക്ഷേ ഇവരുടെ ചരിത്രമെങ്കിലും ഇവർ പരിശോധിക്കേണ്ടേ? 1995-ൽ മുൻ മുഖ്യമന്ത്രി കെ. കരുണാകരൻ പരാജയമേറ്റുവാങ്ങിയപ്പോൾ രാജകീയ

പ്രൗഢിയിൽ താരപരിവേഷത്തിൽ ശ്രീ. എ. കെ. ആന്റണിയെ കൊണ്ടുവന്നു. 1996-ൽ നിങ്ങൾ പരാജയപ്പെട്ടില്ലേ; 2004-ൽ ശ്രീ. എ. കെ. ആന്റണിയെ മാറ്റി ശ്രീ. ഉമ്മൻ ചാണ്ടിയെ കൊണ്ടുവന്നു; 2006-ൽ നിങ്ങൾ പരാജയപ്പെട്ടില്ലേ? 2016-ൽ ശ്രീ. രമേശ് ചെന്നിത്തലയെ കൊണ്ടുവന്നു; 2021-ൽ നിങ്ങൾ പരാജയപ്പെട്ടില്ലേ? നിങ്ങളുടെ മുഖമല്ല, നിങ്ങളുടെ നയമാണ് മാറേണ്ടത്. നിങ്ങളുടെ ശൈലി മാറണം. ഇപ്പോൾ ഒരാൾ കെ.പി.സി.സി. ഓഫീസിൽനിന്നും നിറകണ്ണുകളോടെ ഇറങ്ങിപ്പോയിട്ടുണ്ട്. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ. അദ്ദേഹം എന്തു പിഴച്ചിട്ടാണ്? അഞ്ചു വർഷത്തിനിടയിൽ നാലാമത്തെ കെ.പി.സി.സി. പ്രസിഡന്റ്. എന്തായാലും നല്ല ഒരു അഹിംസാവാദിയും സമാധാനത്തിന്റെ വെള്ളരിപ്രാവുകൾക്ക് എന്തുകൊണ്ടും നയിക്കാൻ യോഗ്യനുമായ ഒരു മനുഷ്യനെ നിങ്ങൾ കെ.പി.സി.സി.-യുടെ അദ്ധ്യക്ഷനായി തീരുമാനിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞത്, ബി.ജെ.പി.-യിലേയ്ക്ക് പോകുവാൻ ഞാൻ തീരുമാനിച്ചാൽ ഞാനങ്ങ് പോകും എന്നാണ്. 'I will go with B.J.P.' എന്ന് പരസ്യമായി പറഞ്ഞ മനുഷ്യൻ ഇന്നലെയും പറഞ്ഞത് കേരളത്തിൽ ബി.ജെ.പി. അല്ല ശത്രു സി.പി.ഐ.(എം) ആണെന്നാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കെ.പി.സി.സി.-യുടെ ധനവിനിയോഗം ചർച്ചചെയ്യുന്ന ഒരു ബിൽ അല്ല ഇത്. അത് അദ്ദേഹത്തിനൊന്ന് പറഞ്ഞു കൊടുക്കണം. മറ്റൊരുകാര്യം, ശ്രീ. കെ. സുധാകരൻ ബി.ജെ.പി.-യിലേയ്ക്ക് പോകാൻ തയ്യാറാണെന്ന് എവിടെയാണ് പറഞ്ഞത്?

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ പറഞ്ഞതിൽ വസ്തുതാ വിരുദ്ധമായിട്ടെന്തെങ്കിലുമുണ്ടെങ്കിൽ പറഞ്ഞാൽ മതി. എനിക്ക് പ്രശ്നമില്ല. ഇടയ്ക്കിടയ്ക്ക് ഇങ്ങനെ ഇടപെട്ടാൽ ഞാൻ വഴങ്ങാം, പക്ഷേ എനിക്ക് സമയം തരണം. അദ്ദേഹത്തിന് നമ്മൾ വൈകിട്ട് ഡ്രസ്സ് മാറുന്നതുപോലെയുള്ള രാഷ്ട്രീയം മാറുന്നത്. എത്ര രാഷ്ട്രീയ പാർട്ടികളിലും എത്ര ഗ്രൂപ്പുകളിലും പോയി. ആദ്യം കെ.എസ്.യു. ആയിരുന്നു. അതിനുശേഷം സംഘടനാ കോൺഗ്രസിന്റെ ഭാഗമായി, എൻ.എസ്.യു.ഐ.-യുടെ സ്റ്റേറ്റ് സെക്രട്ടറിയായി, യൂത്ത് കോൺഗ്രസ് (ഒ) യുടെ സ്റ്റേറ്റ് പ്രസിഡന്റായി. പിന്നീട് 1978-ൽ ജനതാ പാർട്ടിയിൽ ചെന്നു, യുവ ജനതാദളിന്റെ സംസ്ഥാന പ്രസിഡന്റായി.

മി. ചെയർമാൻ: ഇതെല്ലാം സഭാനടപടികളുടെ ഭാഗമാണ്. അങ്ങ് സമയത്തിനുള്ളിൽ അവസാനിപ്പിക്കണം.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, എനിക്ക് സമയം തരണം. അതിനുശേഷം ജനതാപാർട്ടി (ജി) യിൽ ചെന്നു. പിന്നീട് കമലാ ജനതാ പാർട്ടിയിൽ ചെന്നു. ഇടയ്ക്ക് ഞങ്ങളുടെ കൂടെ വരാനും ശ്രമിച്ചുവെന്ന് മുൻമന്ത്രി ശ്രീ. എ. കെ. ബാലന്റെ ലേഖനത്തിൽ വായിക്കുകയുണ്ടായി. എന്തായാലും വരാത്തത് കാര്യമായി. ബ്രണ്ണൻ

കോളേജിലെ അവസാനത്തെ കെ.എസ്.യു. നേതാവാരാണെന്ന് ചോദിച്ചാൽ പേരു പറയാം, ശ്രീ. കെ. സുധാകരൻ. അതുപോലെ കേരളത്തിലെ അവസാന കെ.പി.സി.സി. പ്രസിഡന്റായി ശ്രീ. കെ. സുധാകരൻ മാറാൻ പോവുകയാണ്. ഒറ്റയ്ക്കാണോ അതോ കെ.പി.സി.സി.-യെ മൊത്തത്തിൽ കൂട്ടിയാണോ ബി.ജെ.പി.-യിൽ പോകുന്നത് എന്നുമാത്രം ചിന്തിച്ചാൽ മതി. ഞാനൊരു കാര്യം ചോദിക്കട്ടെ. പത്ത് വനിതാ സാമാജികർ ഈ സഭയിലുണ്ട്. ഒരു വനിതാ അംഗത്തെ നിങ്ങൾക്ക് ഈ സഭയിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ? നിങ്ങളുടെ മഹിളാ കോൺഗ്രസ് അദ്ധ്യക്ഷ കെ.പി.സി.സി.-യുടെ ആഫീസിനുമുമ്പിൽവന്ന് തലമൊട്ടയടിച്ചു. ലോകത്തൊരു രാഷ്ട്രീയ നേതാവിന് ആ ഗതികേട് വന്നിട്ടുണ്ടോ; ലീഗിൽ നിന്ന് നിങ്ങൾക്ക് ഒരാളെ കൊണ്ടുവരാൻ കഴിഞ്ഞോ? തലയിൽ തട്ടവുമിട്ട്, സഖാവ് കാനത്തിൽ ജമീല ഇവിടെയിരിക്കുന്നു, മുസ്ലീം ലീഗിന്റെ പ്രതിനിധിയല്ല. സി.പി.ഐ.(എം)-ന്റെ കോഴിക്കോട് ജില്ലാ കമ്മിറ്റിയംഗംകൂടിയാണ്. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. 1964 പോലെ, 1978 പോലെ, 2005 പോലെ ഇനിയും ഒരിക്കൽക്കൂടി പിളരാനുള്ളൊരു ആരോഗ്യം കേരളത്തിലെ കോൺഗ്രസിനില്ല; ലക്ഷണങ്ങൾ അതാണ് കാണിക്കുന്നത്. ഞാനെന്ന ഭാവം വെടിഞ്ഞ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പുറകിലിരിക്കുന്ന ആളുകളെയെല്ലാം അഞ്ചുവർഷവും ഒന്നിച്ചിരുത്തണം എന്നുമാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു. ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ സംസ്ഥാനം കടന്നുപോകുമ്പോൾ അത് പരിഗണിക്കാതെയുള്ള ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. രണ്ടാം കോവിഡ് പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച 20,000 കോടി രൂപ എങ്ങനെ സമാഹരിക്കുമെന്ന് ബഡ്ജറ്റിൽ പറയുന്നില്ല. വിഭവ സ്രോതസിന്റെ അടിസ്ഥാനമില്ലാതെ പ്രഖ്യാപിച്ച ഈ പാക്കേജും മുമ്പ് പ്രഖ്യാപിക്കപ്പെട്ട പല പാക്കേജുകൾ പോലെ ജലരേഖയായി മാറുമെന്ന കാര്യം തീർച്ചയാണ്. ഈ ബഡ്ജറ്റ് സമ്പന്നരെ സന്തോഷിപ്പിക്കുന്നതും പാവപ്പെട്ടവരെ കണ്ണീരുകുടിപ്പിക്കുന്നതുമായ ബഡ്ജറ്റാണ്. ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുവരുടെ ലിസ്റ്റ് പരിശോധിച്ചാൽ അത് നമുക്ക് ബോദ്ധ്യമാകും. പെട്രോൾ, ഡീസൽ വില വർദ്ധനവ് ഏറ്റവും കൂടുതൽ ബാധിക്കുന്നത് സാധാരണക്കാരെയാണ്. ജനജീവിതം ഏറെ ദുഃസഹമായിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽപ്പോലും അനുദിനം ഇന്ധനവില വർദ്ധിപ്പിക്കുന്ന കേന്ദ്ര സർക്കാരും സംസ്ഥാന നികുതി പിൻവലിക്കില്ലെന്ന് ശാഠ്യം പിടിക്കുന്ന എൽ.ഡി.എഫ്. സർക്കാരും ജനങ്ങളെ കൊള്ളയടിക്കുന്നതിൽ സയാമീസ് ഇരട്ടകളാണ്. ഒരു വർഷമായി ഓൺലൈൻ പഠനം ആരംഭിച്ചെങ്കിലും ഇപ്പോഴും വൈദ്യുതിയെത്താത്തതും ഇന്റർനെറ്റ് സൗകര്യമില്ലാത്തതുമായ എത്രയോ

ഗ്രാമങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഓൺലൈൻ പഠനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ജനപ്രതിനിധികളുടെയും വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെയും യോഗം അനുദിനം സൂം കോൺഫറൻസായി നടന്നുകൊണ്ടിരിക്കുകയാണ്. ആ കോൺഫറൻസിൽ നമുക്ക് ലഭിക്കുന്ന വിവരമനുസരിച്ച് ഒരു ടി.വി.യോ, ലാപ് ടോപ്പോ, മൊബൈൽ ഫോണോ ഇല്ലാത്ത ധാരാളം കുട്ടികൾ ഇനിയും നമ്മുടെ സംസ്ഥാനത്തുണ്ട്. എന്റെ മണ്ഡലത്തിൽമാത്രം ഇലക്ട്രോണിക് ഡിവൈസ് ഇല്ലാത്ത 351 വീടുകളുണ്ട്. മൂന്നുനാല് കുട്ടികൾ പഠിക്കുന്ന വീടുകളിൽ ഒരു ഫോൺ മാത്രമുള്ള വീടുകളുടെ കണക്ക് ഇതിന് പുറത്താണ്. എല്ലാ കുട്ടികൾക്കും ഓൺലൈൻ പഠന സൗകര്യം ഏർപ്പെടുത്തുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പറഞ്ഞെങ്കിലും അത് എന്നത്തേയ്ക്ക് കൊടുക്കുമെന്ന് വ്യക്തതയില്ല. ഇന്റർനെറ്റ് കണക്ഷൻ ഇല്ലാത്തവർക്ക് ഇന്റർനെറ്റ് കണക്ഷനും ലാപ് ടോപ്പോ, ടി.വി.-യോ, മൊബൈൽ ഫോണോ ഇല്ലാത്ത കുട്ടികൾക്ക് ഇവ എന്നത്തേയ്ക്ക് എത്തിച്ച് കൊടുക്കുമെന്നെങ്കിലും ഗവൺമെന്റ് പറയണ്ടേ? ഇന്ന് ജൂൺ 10 ആയി. ഒരാഴ്ചയ്ക്കുള്ളിലെങ്കിലും ഇതെല്ലാം എത്തിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. ഈ ബഡ്ജറ്റിൽ അതുമായി ബന്ധപ്പെട്ട് ഒരു നിർദ്ദേശവും കാണാൻ കഴിഞ്ഞില്ല.

കോവിഡ് ബാധിച്ച് മരണപ്പെടുന്നവരിൽ ഭൂരിഭാഗവും കിഡ്നി രോഗം ബാധിച്ചവരോ കാൻസർ രോഗം ബാധിച്ചവരോ ആണ്. കിഡ്നി, കാൻസർ തുടങ്ങിയ മറ്റ് മാരകരോഗങ്ങൾ ബാധിച്ചവർക്ക് താങ്ങാനാകാത്ത സാമ്പത്തിക ബാദ്ധ്യതയാണ് വന്നുകൊണ്ടിരിക്കുന്നത്. സ്വകാര്യ ആശുപത്രിയിൽ പോയി ചികിത്സിക്കാൻ ഇടത്തരക്കാരനുപോലും കഴിയാത്ത സ്ഥിതിയാണ്. അങ്ങനെയുള്ളവർക്ക് ആശ്വാസം പകരുന്നതായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന കാരുണ്യ ബെനവലന്റ് ഫണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ കാരുണ്യ ബെനവലന്റ് ഫണ്ടിന് ഒരു പൈസയും വകയിരുത്തിയിട്ടില്ല. കെ. എം. മാണി സാറിന് സ്മാരകമുണ്ടാക്കുന്നുവെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ വീട്ടിൽ നോട്ടെണ്ണുന്ന മെഷീനുണ്ടെന്ന് ആക്ഷേപിച്ച് ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയുടെ പവിത്രത കളങ്കപ്പെടുത്തിയവർ അതിന്റെ പശ്ചാത്താപമെന്നൊണം ഇപ്പോൾ സ്മാരകം പണിയുന്നത് നല്ലതുതന്നെയാണ്. പാവപ്പെട്ടവന്റെ കണ്ണീരൊപ്പുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് പുനഃസ്ഥാപിച്ചിട്ടായിരിക്കണം അത് ചെയ്യേണ്ടത്. അതായിരിക്കും കെ. എം. മാണി സാറിന് നൽകുന്ന ഏറ്റവും വലിയ സ്മാരകം. അതിന് സർക്കാർ തയ്യാറാകണം. രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന രാജ്യത്തിന്റെ നട്ടെല്ലെന്ന് വിശേഷിപ്പിക്കുന്ന ലക്ഷക്കണക്കിന് പ്രവാസി സഹോദരന്മാർ നാട്ടിലേയ്ക്ക് തിരിച്ചുവന്നുകൊണ്ടിരിക്കുന്നു. കോവിഡ് പശ്ചാത്തലത്തിൽ ആ വരവ് കൂടുതൽ വർദ്ധിച്ചിരിക്കുകയാണ്. അഞ്ചു

വർഷത്തിന്റെ തുടർച്ചയാണ് ഈ ഭരണമെന്ന് പറഞ്ഞല്ലോ? ഭരണത്തുടർച്ചയാണെങ്കിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയ്ക്ക് പ്രവാസികളുടെ പുനരധിവാസത്തിനുവേണ്ടി എന്തെങ്കിലും ഒരു പദ്ധതി നടപ്പിലാക്കിയെന്ന് പറയാൻ പറ്റുമോ; ഈ ബഡ്ജറ്റിൽ അത്തരം എന്തെങ്കിലും നിർദേശങ്ങൾ കൊണ്ടുവരാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ?

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയിൽ നിന്നാണ് ഞാൻ വരുന്നത്. അവിടത്തെ ജനപ്രതിനിധികളെല്ലാം ചേർന്ന് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ നേതൃത്വത്തിൽ മുഖ്യമന്ത്രിയെ കണ്ട് മലപ്പുറം ജില്ലയിൽ കൂടുതൽ വാക്സിനേഷൻ സൗകര്യം ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടു. അതിനെക്കുറിച്ച് ഇന്നലെ കുന്നമംഗലം അംഗം പറഞ്ഞത് അത് വർഗ്ഗീയ ധ്രുവീകരണത്തിന് ഇടയാക്കുന്നുവെന്നാണ്. ഒരു ജില്ലയിലുള്ള ജനങ്ങൾക്ക് വാക്സിനേഷൻ സൗകര്യം ഏർപ്പെടുത്തണമെന്ന് പറഞ്ഞാൽ എങ്ങനെയാണ് വർഗ്ഗീയ ധ്രുവീകരണത്തിന് ഇടയാക്കുക? സൗഹൃദത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം ജനങ്ങളിലേയ്ക്ക് പകർന്ന് നൽകിയ പാണക്കാട് മുഹമ്മദ് അലി ശിഹാബ് തങ്ങളെപ്പോലെയുള്ള മഹാരഥന്മാർ ജീവിച്ച മലപ്പുറത്തിന്റെ മണ്ണിൽ രാഷ്ട്രീയ ലക്ഷ്യംവച്ച് വിഭാഗീയതയുണ്ടാക്കാൻ നിങ്ങൾ എത്ര ശ്രമിച്ചാലും നടക്കാൻ പോകുന്നില്ല. ഞങ്ങളെ തെരഞ്ഞെടുത്തയച്ച മണ്ഡലത്തിലെ വികസന പ്രശ്നങ്ങളും ജനങ്ങളുടെ ജീവൽ പ്രധാനമായ വിഷയങ്ങളും ആരെതിർത്താലും ഈ സഭയിൽ ഞങ്ങൾ അവതരിപ്പിക്കുകതന്നെ ചെയ്യും. എൽ.ഡി.എഫ്. സർക്കാർ 48 ലക്ഷം ജനസംഖ്യയുള്ള മലപ്പുറം ജില്ലയോട് കാണിക്കുന്ന കടുത്ത വിവേചനത്തിലും ജനസംഖ്യാനുപാതികമായ പരിഗണന നൽകാത്തതിലും പ്രതിഷേധിച്ച് മുസ്ലീം ലീഗ് ജില്ലാ പ്രസിഡന്റ് പാണക്കാട് സാദിഖ് അലി ശിഹാബ് തങ്ങളുടെ നേതൃത്വത്തിൽ ജില്ലയിലുടനീളം ഇന്ന് മുസ്ലീം ലീഗിന്റെ പ്രക്ഷോഭം നടക്കുകയാണ്. നേരത്തെ സംസാരിച്ച വർക്കല അംഗം ഇവിടെ പറഞ്ഞത് ഏറ്റവും കുറഞ്ഞ വോട്ടിന് ജയിച്ചത് ഞങ്ങളുടെ നിയമസഭാ പാർട്ടി ലീഡർ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബാണെന്നാണ്. ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതും വാസ്തവ വിരുദ്ധവുമായ പ്രസ്താവനയാണത്. 2017-ൽ വേങ്ങര ഉപതെരഞ്ഞെടുപ്പിൽ ഞങ്ങളുടെ ഭൂരിപക്ഷമെന്ന് പറയുന്നത് 23000 വോട്ടാണ്. ഈ തെരഞ്ഞെടുപ്പിൽ ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടി സാഹിബ് ജയിച്ചത് 31,000 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ്. 8,000 വോട്ടിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ വോട്ട് കുറഞ്ഞത് ആർക്കാണെന്ന് പരിശോധിക്കണം. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 17,000 വോട്ടിന് ജയിച്ച മുൻ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീലിന്റെ ഭൂരിപക്ഷം 2500 ആയി കുറഞ്ഞു. നിലമ്പൂരിന്റെ മണ്ണ് ഏതാണെന്ന് അറിയാമോ? മലപ്പുറത്തെ സഖാക്കന്മാരുടെ വീട്ടിൽ ചെന്നാൽ സഖാവ് കുഞ്ഞാലിയുടെ ഫോട്ടോ ഉണ്ടായിരിക്കും. സഖാവ് കുഞ്ഞാലി ജീവൻ കൊടുത്ത് കെട്ടിപ്പടുത്ത

പാർട്ടി നിലമ്പൂരിലുണ്ടോ? അരിവാൾ ചുറ്റിക പണയപ്പെടുത്തി പണക്കാരന് സീറ്റ് കൊടുത്ത് അവിടെ മത്സരിച്ചിട്ട് 2016-ലെ ഭൂരിപക്ഷം 10500 ആയിരുന്നെങ്കിൽ ഇത്തവണ 2,700 ആയി. താനൂരിലെ ഭൂരിപക്ഷം 5,000-ൽനിന്ന് 900 ആയി കുറഞ്ഞു. യഥാർത്ഥത്തിൽ ഭൂരിപക്ഷം കുറഞ്ഞത് മുസ്ലീം ലീഗിനല്ല, ഇടതുപക്ഷത്തിനാണ്. തുടർഭരണത്തിന്റെ ഹുങ്കിൽ പലതും പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇവിടെ രണ്ടാമത്തെ ടേൺ ആയിട്ടേയുള്ളൂ. മൂന്നര പതിറ്റാണ്ട് ഭരിച്ച പശ്ചിമബംഗാളിൽ സി.പി.ഐ.(എം)-ന്റെ സ്ഥിതിയെന്താണ്? ഒരു തരിപോലുമില്ല കണ്ടുപിടിക്കാനെന്നൊരു പാലിന്റെ പരസ്യമുണ്ടായിരുന്നു. അതല്ലേ സി.പി.ഐ.(എം)-ന്റെ അവസ്ഥ. വട്ടപൂജ്യമായില്ലേ; സി.പി.ഐ.(എം)-ന് ബംഗാളിൽ 117 സീറ്റിൽ കെട്ടിവച്ച കാശുപോയി.

<u>മി. ചെയർമാൻ</u>: ദയവായി അങ്ങ് അവസാനിപ്പിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഭരണപക്ഷത്തിന് രണ്ട് മിനിട്ട് കൂടുതൽ കൊടുക്കാമെങ്കിൽ പ്രതിപക്ഷത്തിന് നാല് മിനിട്ട് തരണം.

<u>മി. ചെയർമാൻ</u>: ആർക്കും അധികസമയം കൊടുത്തിട്ടില്ല. ദയവായി അവസാനിപ്പിക്കൂ.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ബംഗാളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) അല്ല കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മർഹൂം) എന്നാണ്. മർഹൂമിന്റെ അർത്ഥം ഡോ. കെ. ടി. ജലീലിനോട് ചോദിച്ചാൽ അറിയാം. ഈ രീതിയിലാണ് പോകുന്നതെങ്കിൽ ഇവിടെ വ്യക്തികൾക്ക് മാത്രം സ്മാരകം മതിയാകില്ല സി.പി.ഐ.(എം.)-നുതന്നെ ഒരു ദേശീയ സ്മാരകം പണി യേണ്ടിവരും. അതിനുകൂടി ബഡ്ജറ്റിൽ തുക വകയിരുത്തിയാൽ നന്നായിരിക്കുമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: സർ, അറബിക്കടലിന് രണ്ട് ബക്കറ്റ് ഉപ്പുകൊടുത്തു, ഹിമാലയത്തിന് രണ്ട് കിലോ മഞ്ഞ് കൊടുത്തു എന്നൊക്കെ പറയുന്നതു പോലെയാകും ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് സാമ്പത്തിക ശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംസാരിക്കുന്നത്. അദ്ദേഹം ഇക്കാര്യത്തിൽ പരിണിത പ്രജ്ഞനാണ്. പക്ഷേ അദ്ദേഹത്തിനോട് വിനീതമായി ഒരു കാര്യം ഓർമ്മിപ്പിക്കാനുള്ളത് ഇന്ത്യയിൽനിന്ന് ഇക്കാര്യത്തിൽ നോബൽ സമ്മാനം കിട്ടിയ രണ്ടുപേരുണ്ട്. ശ്രീ. അമർത്യാസെന്നും ശ്രീ. അഭിജിത്ത് ബാനർജിയും. കഴിഞ്ഞ ദിവസം അവർ പത്രക്കാരോട് പറഞ്ഞത് കേരളത്തിലെ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന എക്കണോമിക് പ്ലാനിംഗ് കേരളത്തിലെ അടിയന്തരമായ സാഹചര്യങ്ങളെ നേരിടാനുള്ളതാണ്, നരസിംഹ റാവു ആവിഷ്കരിച്ച പുത്തൻ സാമ്പത്തിക നയം മുതൽ അവരുടെ എക്കണോമിക് പ്ലാനിംഗ് ലോകത്തിന്റെ ശ്രദ്ധയർഹിക്കുന്ന ഒന്നാണെന്നാണ്. അവരേക്കാളും വിവരമുള്ളവർ ഇവിടെ കാണും. എതിർത്തോട്ടെ,

പക്ഷേ ലോകത്തിന് മുഴുവൻ മാതൃകയായി കൊച്ചുകേരളത്തെ അവർ ചൂണ്ടിക്കാണിച്ച ചില വിഷയങ്ങൾ ഇവിടെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ വിശദീകരിച്ചു. കുട്ടികളുടെ ഏറ്റവും കുറഞ്ഞ മരണ നിരക്ക്, ഉയർന്ന വിദ്യാഭ്യാസം, സാക്ഷരതയുടെ കാര്യത്തിലുള്ള മുൻഗണന, ഗർഭിണികളുടെ മരണ നിരക്കിലുള്ള കുറവ് ഇത്തരം സാമൂഹിക, സുരക്ഷാ മേഖലകളിലും വികസന മാതൃകകളിലും കേരളം ഇന്ത്യയ്ക്ക് മാതൃകയായി, ലോകത്തിന് മാതൃകയായി മുന്നേറുകയാണ്. ആ സന്ദർഭത്തിലാണ് ഈ ബഡ്ജറ്റിലെ ധനകാര്യ ബില്ലുകളെ നാം നോക്കിക്കാണേണ്ടത്. ധനകാര്യ ബിൽ എന്നുവച്ചാൽ എന്താണ്; ആ ബിൽ എന്തുകൊണ്ട് പാസ്സാക്കണം? ഇരു മുന്നണികളും തെരഞ്ഞെടുപ്പ് കാലത്ത് പ്രകടന പത്രികയായി ജനസമക്ഷം സമർപ്പിച്ച കാര്യങ്ങൾ വച്ച് ആർക്കാണോ അംഗീകാരം കിട്ടിയത് അവർ ഭരണാധികാരത്തിൽ വരുന്നു. അവരുടെ പ്രകടന പത്രിക നയപ്രഖ്യാപന രേഖയായി ഗവർണർ അവതരിപ്പിക്കുന്നു. നയപ്രഖ്യാപന രേഖയുടെ വിശദാംശങ്ങളുൾക്കൊള്ളുന്ന വികസന രേഖയായി ബഡ്ജറ്റ് നിയമസഭയിൽ അവതരിപ്പിക്കുന്നു. ആ ബഡ്ജറ്റ് ജനങ്ങളിലേയ്ക്കെത്തുന്നത് ധനവിനിയോഗ ബില്ലുകളിലൂടെയാണ്. ധനവിനിയോഗ ബില്ലിന്റെ ഏറ്റവും സൂക്ഷ്മാംശമാണ് ധനകാര്യ ബില്ലുകൾ. അതിൽ വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് 2020-21 സാമ്പത്തിക വർഷത്തിൽ ഇവിടെ അവതരിപ്പിക്കപ്പെട്ട സാമ്പത്തിക പരാമർശങ്ങൾ അടങ്ങുന്ന മൂന്നാം നമ്പർ ബില്ലും നാലാം നമ്പർ ബില്ലും. 1994-ലെ പഞ്ചായത്തീരാജ് ആക്ടും മുനിസിപ്പാലിറ്റി ആക്ടും ഭേദഗതി ചെയ്തെങ്കിൽ മാത്രമേ ഈ ബഡ്ജറ്റിലെ ധനകാര്യ ബില്ലിലെ എല്ലാ പ്രൊവിഷൻസും ജനകീയമേഖലയിലെ പദ്ധതികളാക്കി മാറ്റാൻ കഴിയൂ എന്നാണ് ഇവിടെ അവതരിപ്പിച്ച ധനകാര്യ ബില്ലിന്റെ ഉള്ളടക്കമായി ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അതുകൊണ്ട് ഈ ധനകാര്യ ബിൽവഴി നമ്മുടെ സഞ്ചിതനിധിയിൽനിന്ന് യാതൊരുവിധത്തിലുമുള്ള സാമ്പത്തികച്ചെലവുകളും അധികരിച്ച് വരാത്തതുകൊണ്ട് പരിപൂർണ്ണമായ പിന്തുണയോടുകൂടി ഈ ബിൽ പാസ്സാക്കാവുന്നതാണ്. ഈ ബിൽ പാസ്സാക്കുന്നതുകൊണ്ട് യാതൊരു വിധത്തിലുള്ള ദോഷങ്ങളുണ്ടാകുന്നില്ല. ബഡ്ജറ്റിനെ ജന മധ്യത്തിലേയ്ക്കുകൊണ്ടുവരുന്നത് ഇതുപോലുള്ള ബില്ലുകളുടെ രൂപത്തിലാണ്. അതുകൊണ്ട് ഇത്തരം ബില്ലുകളുടെ ചർച്ചയിൽ അതിസൂക്ഷ്മമായ നിർവ്വഹണ ശേഷിയും ശ്രദ്ധയുമാണ് ഒരു നിയമസഭാ സംവിധാനം പുലർത്തേണ്ടത് എന്ന് വിശ്വസിക്കുന്ന ഒരു സാമാജികൻ എന്നുള്ള നിലയ്ക്ക് ഈ ബിൽ 1994-ലെ പഞ്ചായത്തീരാജ് ആക്ടും 1994-ലെ മുനിസിപ്പാലിറ്റി ആക്ടും ഭേദഗതി ചെയ്യുകവഴി കെട്ടിടനിർമ്മാണത്തിലും പുതിയ ചില മാതൃകകൾ സ്വീകരിക്കാൻ കഴിയുമെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. പരിസ്ഥിതിസൗഹൃദമായ കെട്ടിടനിർമ്മാണവും പരിസ്ഥിതിസൗഹൃദമായ ഒരു കേരള മോഡലും മുന്നോട്ടുവയ്ക്കാൻ ഇത്തരം ബില്ലിന്റെ നിർവ്വഹണത്തിലൂടെ സാധിക്കുന്നുവെന്നുള്ളതുകൊണ്ട് സർവ്വാത്മനാ ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഏറ്റവും കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കുക എന്ന സുപ്രധാനമായ കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ആവർത്തിച്ച് വ്യക്തമാക്കുകയുണ്ടായി. എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, കർശനമായ സാമ്പത്തിക അച്ചടക്കം എന്നുള്ളത് ഇന്ന് കേരളത്തിന്റെ അനിവാര്യതയാണ്. എന്നാൽ വികസന സ്തംഭനം ഉണ്ടാകാതിരിക്കുക എന്നുള്ളതും അതുപോലെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഈ കാലഘട്ടത്തെ അതിജീവിക്കുകയെന്നുള്ളതും പരമപ്രധാനമായ ഒന്നാണ്. കിഫ്ബിയുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത് വളരെ വലിയ തുക കരാറുകാരുടെ കുടിശ്ശികയായി കിടക്കുകയാണ് എന്നതാണ്. എങ്ങനെ വികസന കാര്യങ്ങൾ മുന്നോട്ടുപോകും? ഇറിഗേഷനിലും പി.ഡബ്ല്യു.ഡി.-യിലുമുള്ള കരാറുകാരുടെ കുടിശ്ശിക നൽകുന്നതിന് പണം മാറ്റി വച്ചിട്ടുണ്ടെന്ന് പറഞ്ഞു. സമയബന്ധിതമായി ഇക്കാര്യങ്ങൾ നടപ്പാക്കാൻ കഴിയുന്ന വിധത്തിലുള്ള ആത്മാർത്ഥമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകേണ്ടതുണ്ട് എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

ഇവിടെ ഒരു ഉദാഹരണം ഞാൻ പറയാം, പൊതുമേഖലയിൽ ഗവൺമെന്റ് ചെയ്ത നല്ലകാര്യങ്ങളിൽ ഒന്നാണ് വെള്ളൂർ എച്ച്.എൻ.എൽ. ഏറ്റെടുക്കാനുള്ള തീരുമാനം. കാരണം അത് പ്രൈവറ്റൈസ് ചെയ്ത് കേരളത്തിന് നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായിരുന്നു. 700 ഏക്കറോളം വരുന്ന ഭൂമി, കോടാനുകോടി രൂപയുടെ സമ്പത്ത് എന്നിവ നഷ്ടപ്പെടാതെ സംരക്ഷിച്ചുവെന്നത് നല്ല കാര്യമാണ്. അതിന് 146 കോടി രൂപ ഗവൺമെന്റ് അടയ്ക്കുകയും ചെയ്തു. ശ്രീമതി സി. കെ. ആശ, ശ്രീ. അനൂപ് ജേക്കബ്, ഞാൻ അടങ്ങുന്ന എം.എൽ.എ.-മാർ വെള്ളൂർ എച്ച്.എൻ.എൽ.-ന്റെ ചുറ്റുവട്ടത്തുള്ളവരാണ്. നാഷണൽ കമ്പനി ലോ ട്രിബ്യൂണലുമായി (എൻ.സി.എൽ.ടി.) ബന്ധപ്പെട്ടുള്ള എഗ്രിമെന്റ് നാലുമാസം പിന്നിടുന്നു. ഈ നാലുമാസത്തിനുള്ളിൽ ഒന്നും സംഭവിച്ചിട്ടില്ല. ഇപ്പോൾ അവിടെ കൺസൾട്ടിംഗ് ഏജൻസികൾ എന്ന നിലയിൽ കിൻഫ്രയടക്കമുള്ളവർ രംഗത്തുവരികയും എച്ച്.എൻ.എൽ.-ലുള്ള ജീവനക്കാർക്ക് തൽക്കാലം ജോലി നഷ്ടപ്പെടേണ്ടതായും വരുന്നു. റബ്ബർ പാർക്കുൾപ്പെടെ പുതിയ സംവിധാനം അവിടെ പ്ലാൻ ചെയ്തിട്ടുണ്ട്. റബ്ബർ പാർക്ക് വരട്ടെ; അത് നല്ല കാര്യമാണ്. പക്ഷെ, അത് 700 ഏക്കറിൽ വരുന്നതിലല്ല കാര്യം. വെള്ളൂർ എച്ച്.എൻ.എൽ. സംരക്ഷിക്കുക എന്ന അടിസ്ഥാന നിലപാട് നഷ്ടപ്പെടുത്തിക്കൊണ്ട് മറ്റ് പദ്ധതികളിലേയ്ക്ക് പോകുന്നതിനോട് യോജിക്കാൻ കഴിയില്ല. ഇത് ഗവൺമെന്റ് ഗൗരവമായി പരിഗണിക്കേണ്ട വിഷയമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ വിഷയം പരിശോധിക്കണം. കേരളത്തിന്റെ ഏറ്റവും വലിയ പൊതുസമ്പത്താണ്, അത് നിലനിർത്താൻ

ഗവൺമെന്റ് എടുത്ത തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. ടെക്സ്റ്റൈൽ ഇൻഡസ്ട്രിയിലും പേപ്പർ ഇൻഡസ്ട്രിയിലുമെല്ലാം പരിചയസമ്പന്നരായവർ കേരളത്തിലുണ്ട്. പേപ്പർ ഇൻഡസ്ട്രിയിൽ ഇന്ന് ഏറ്റവുമധികം എക്സ്പെർട്ടൈസ് ഉള്ള വെള്ളൂർ എച്ച്.എൻ.എൽ.-ലെ ജീവനക്കാരെ നിലനിർത്തിക്കൊണ്ട് കമ്പനി നടത്താൻ കഴിയുന്ന വിധത്തിലുള്ള കാര്യങ്ങൾ ചെയ്യണം. അതിനുവേണ്ടി 50 കോടി രൂപ അടിയന്തരമായി റിലീസ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികളിലേയ്ക്ക് ഗവൺമെന്റ് വരണം. അതിന് അനുബന്ധമായി റബ്ബർ പാർക്കും മറ്റ് കാര്യങ്ങളും വരട്ടെ, തീർച്ചയായും അത് നല്ല കാര്യം തന്നെയാണ്. എച്ച്.എൻ.എൽ. അടച്ചുപൂട്ടുന്ന നടപടിയിലേയ്ക്ക് പോകരുത് എന്നുകൂടി സൂചിപ്പിക്കുകയാണ്. സമയപരിമിതികൊണ്ട് ഞാൻ ചുരുക്കുന്നു. ഒരു കാര്യംകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ കാലിത്തീറ്റയുടെ വില വർദ്ധിച്ചതുകാരണം ക്ഷീരകർഷകർ വളരെ ബുദ്ധിമുട്ടിലാണ്. ക്ഷീരകർഷകർക്കുവേണ്ടി കാലിത്തീറ്റയുടെ വിലയിൽ സബ്സിഡി കൊടുക്കാനുള്ള നടപടി ഉണ്ടാകണം. അതുപോലെതന്നെ കോഴിത്തീറ്റയ്ക്ക് വിലകൂടിയതുകാരണം കോഴി കർഷകരും വളരെ കഷ്ടപ്പെടുന്നു. ഇങ്ങനെ കൃഷിക്കാരെ ബാധിക്കുന്ന കാര്യങ്ങളിൽ സബ്സിഡി നൽകി അവരെ സംരക്ഷിക്കാനുള്ള ഇടപെടൽകൂടി അങ്ങയുടെ പരിഗണനയിലുണ്ടാകണം എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഒരു ദുരന്തകാലത്ത് ഒരു ഭരണകൂടം എങ്ങനെ ജനങ്ങളെ സംരക്ഷിക്കണമെന്ന് വരച്ചുകാട്ടുന്ന യുക്തിഭദ്രമായ ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. ആ ബഡ്ജറ്റിൽ ഈ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ള കോവിഡ് പ്രതിരോധ പാക്കേജടക്കം നമ്മുടെ നാട്ടിലെ നാനാവിഭാഗം ജനങ്ങളെയും സംരക്ഷിക്കുന്ന നയസമീപനങ്ങൾ നിഴലിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ സർവ്വാത്മനാ സ്വാഗതം ചെയ്യപ്പെട്ടിരിക്കുന്ന ഈ ബഡ്ജറ്റിനോട് അനുബന്ധിച്ചുള്ള ധനവിനിയോഗ ബില്ലും ധനാഭ്യർത്ഥനയും പാസ്സാക്കുക ഈ സഭയുടെ കടമയും ഉത്തരവാദിത്വവുമാണെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്, നമ്മൾ ഇപ്പോൾ ഏറ്റവുമധികം ചർച്ച ചെയ്യുന്നതും ശ്രദ്ധ ഊന്നിയിട്ടുള്ളതും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലാണ്. കോവിഡ് വാക്സിനേഷനുമായി ബന്ധപ്പെട്ട് നിലവിലുള്ള നിബന്ധനകളും മാനദണ്ഡങ്ങളും ഏകീകരിക്കുന്നത് ഉചിതമായിരിക്കുമെന്നുള്ള നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം വാക്സിനേഷനുമായി ബന്ധപ്പെട്ട് പലവിധത്തിലുള്ള ആശയക്കുഴപ്പങ്ങൾ നിലനിൽക്കുകയാണ്. ഒരു

ഉദാഹരണം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്, വിദേശത്ത് പോകാൻ ആഗ്രഹിക്കുന്നവരെ വാക്സിനേഷന്റെ പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷെ, രണ്ടുതവണയും വാക്സിനേഷൻ എടുത്തുവെന്നുള്ള സർട്ടിഫിക്കറ്റ് കിട്ടാൻ നാല് പേപ്പറുകൾ സമർപ്പിക്കേണ്ട ഒരവസ്ഥയുണ്ട്. അത്തരം കാര്യങ്ങളിലൊക്കെ ഒരു സുതാര്യതയും ലളിതവൽക്കരണവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന്, കുട്ടികൾ ഇപ്പോഴും വാക്സിനേഷന്റെ പരിധിയിൽ വന്നിട്ടില്ല. കോവിഡിന്റെ മൂന്നാംതരംഗം പ്രധാനമായും കുട്ടികൾക്കായിരിക്കും കൂടുതൽ മാരകമാകുകയെന്നാണ് ആരോഗ്യവിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ട് 5 വയസ്സിനുതാഴെയുള്ള കുട്ടികളുടെ അമ്മമാരെ വാക്സിനേഷന്റെ പ്രയോറിറ്റി ലിസ്റ്റിലുൾപ്പെടുത്താൻ തീരുമാനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒന്നുരണ്ട് ചെറിയ കാര്യങ്ങൾകൂടി സൂചിപ്പിക്കാനുള്ളത്, എല്ലാ വിഭാഗം ജനങ്ങൾക്കുംവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ ഏറ്റവും അത്യന്താപേക്ഷിതമായ ഒരു സമയമാണിത്. ഈ ഘട്ടത്തിൽ ഞാൻ അഭിഭാഷകരുടെ ഒരു വിഷയം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ സഭയിൽ നല്ലൊരു പങ്ക് അഭിഭാഷകരാണ്. കഴിഞ്ഞ ഒന്നരവർഷമായി നമ്മുടെ നാട്ടിൽ കോടതികൾ യഥാവിധി പ്രവർത്തിക്കുന്നില്ല. വളരെ അടിയന്തരമായ കാര്യങ്ങൾമാത്രം ഓൺലൈനായി എടുക്കുന്നു. അതുകൊണ്ടുതന്നെ നമ്മുടെ നാട്ടിലെ അഭിഭാഷകസമൂഹം വലിയ ദുരിതത്തിലാണ്. അവരെക്കൂടി സംരക്ഷിക്കുന്ന സമീപനമുണ്ടാകണമെന്ന അഭ്യർത്ഥന ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

ഒരു കാര്യംകൂടി, റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട് ആവർത്തന കൃഷി ചെയ്യുമ്പോൾ റബ്ബർ ബോർഡ് മുൻകാലങ്ങളിൽ നൽകുമായിരുന്ന സബ്സിഡി ഏതാനും വർഷങ്ങളായി നിലച്ചുപോയിരിക്കുകയാണ്. ഇതുസംബന്ധിച്ച് 2017 വരെ അപേക്ഷ സ്വീകരിക്കുന്നുണ്ടായിരുന്നു. പക്ഷെ, ആവർത്തന കൃഷിക്ക് സബ്സിഡിയില്ല. റബ്ബർ ബോർഡിലും കേന്ദ്രഗവൺമെന്റിലും സർക്കാർ ഇതുസംബന്ധിച്ച് സമ്മർദ്ദം ചെലുത്തുകയും അതിന് ഉചിതമായ മറുപടി ലഭിക്കാതെ വരുന്നപക്ഷം കൃഷി വകുപ്പുമായി ബന്ധപ്പെട്ട് റബ്ബർ കൃഷിയുടെ ആവർത്തന കൃഷിക്ക് ധനസഹായം നൽകുന്ന ഒരു പാക്കേജ് പ്രത്യേകിച്ച് ഈ കോവിഡ് കാലത്ത് പ്രഖ്യാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒരു കാര്യം മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇത് കഴിഞ്ഞ ദിവസം സഭയിൽ ഒരംഗം ഉന്നയിച്ചതാണ്. മൈക്രോഫിനാൻസുമായി ബന്ധപ്പെട്ട പിരിവുകൾ ആളുകളെ ബുദ്ധിമുട്ടിക്കുന്ന രീതിയിൽ ഇപ്പോൾ നടക്കുകയാണ്. അത് ഈ ലോക്ഡൗൺ കാലത്തും കോവിഡ് കാലത്തും നിർത്തിവയ്ക്കാനുള്ള ഉത്തരവ് ഏകീകരിച്ച സ്വഭാവത്തിൽ കൃത്യമായി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരു കാര്യത്തിന് മറുപടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. എനിക്ക് തൊട്ടുമുൻപ് സംസാരിച്ച മലപ്പുറം അംഗം മാണിസാറിനെ പരാമർശിച്ച്

ഒരു കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം ഇപ്പോൾ സഭയിലില്ല. എങ്കിലും എനിക്ക് അദ്ദേഹത്തോട് വിനയപൂരസ്സരം ഓർമ്മിപ്പിക്കാനുള്ള ഒരു കാര്യം, മാണിസാറിനെ തെരുവിൽ കൊട്ടുന്ന ചെണ്ടയാക്കി മാറ്റുന്ന രീതിയിലുള്ള ഒരു സമീപനത്തിന് തുടക്കം കുറിച്ചത് സ്വന്തം മന്ത്രിസഭയിൽ ഇരിക്കുമ്പോൾ ത്തന്നെ കേവലം ഒരു ചാനൽ ചർച്ചയിൽ ഉയർന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ യാതൊരു വസ്തുതയും പരിശോധിക്കാതെ Lalita Kumari v/s State of U.P കേസ് ഉദ്ധരിച്ചുകൊണ്ട് ത്വരിതാന്വേഷണത്തിന് ഉത്തരവിട്ടത് ആരാണെന്നും അതിന് തുടക്കം കുറിച്ചത് ആരാണെന്നും അന്വേഷിച്ചിട്ടുവേണം ബഹുമാനപ്പെട്ട മലപ്പുറം അംഗം ആ കാര്യം ഉന്നയിക്കാൻ എന്നുമാത്രം ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, കഴിഞ്ഞ അഞ്ചുവർഷക്കാലം ധാരാളം വെല്ലുവിളികളെയും പ്രതിസന്ധികളെയും നേരിട്ട് ഫലപ്രദമായ ധനവിനിയോഗ ബില്ലിലൂടെ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി കഴിഞ്ഞ അഞ്ചുവർഷം ഭരിച്ചതിന്റെ ഫലമായാണ് വീണ്ടും അധികാരത്തിൽ വന്നത്. എന്റെ നിയോജകമണ്ഡലമായ കൂത്തുപറമ്പിലെ എം.എൽ.എ. ആയിരുന്ന ശ്രീമതി ശൈലജ ടീച്ചർ, കേരളത്തിന്റെ മുൻആരോഗ്യ വകുപ്പുമന്ത്രി, കേരളത്തിനും ഇന്ത്യയ്ക്കുംമാത്രമല്ല, ലോകത്തിനുതന്നെ മാതൃകയായി. അങ്ങനെ ഓരോരുത്തരും അവരവരുടെ ചുമതലകൾ നിർവ്വഹിച്ചുകൊണ്ട് മുന്നോട്ടു പോയപ്പോൾ ഫലപ്രദമായ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞു. അതോടൊപ്പം ഓരോ വകുപ്പിന്റെയും ഇടപെടലുകളിലൂടെ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് മുന്നോട്ടു പോയി. അതിന്റെ ഫലമായി വിദ്യാഭ്യാസം, പൊതുമരാമത്ത്, കാർഷികം, ആരോഗ്യം തുടങ്ങിയ മേഖലകളിലൊക്കെ വലിയ മുന്നേറ്റമുണ്ടായി. അതെല്ലാം നൂറ് ശതമാനവും പൂർത്തീകരിക്കാൻ സാധിച്ചില്ല. അവയൊക്കെ പൂർത്തീകരിക്കുന്നതിനുള്ള നല്ല പ്രവർത്തനങ്ങൾ നടത്താൻ സാധിക്കണം. ഈ ധനവിനിയോഗ ബില്ലിലൂടെ അത് കൂടുതൽ ശക്തമാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാർഷികരംഗത്ത് ധാരാളം നേട്ടങ്ങളുണ്ടാക്കണമെന്ന ലക്ഷ്യം മുന്നോട്ടുവച്ചുകൊണ്ടാണ് കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചത്. കാർഷിക മേഖലയെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കാർഷിക മേഖലയാക്കി മാറ്റണം. യുവാക്കൾക്കായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള പ്രത്യേക ഇടപെടലുണ്ടാക്കി മുന്നോട്ടുപോകണം. അതോടൊപ്പം കേരളത്തിന്റെ തനതായ കാർഷിക ഉല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി കൂടുതൽ സമ്പത്ത് ലഭ്യമാക്കുന്നവിധത്തിൽ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലേയ്ക്കും കയറ്റി അയയ്ക്കുന്ന രൂപത്തിലുള്ള സാധ്യതകൾ ശക്തമാക്കണം. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങളെല്ലാംതന്നെ ശക്തമാക്കി മുന്നോട്ടുപോകാൻ

സാധിക്കണം. ഇന്നത്തെ വിദ്യാർത്ഥികൾ ഇന്റർനെറ്റിലൂടെ ഓൺലൈൻ വിദ്യാഭ്യാസവുമായി മുന്നോട്ടുപോകുന്നു. ഓൺലൈൻ വിദ്യാഭ്യാസം സാധ്യമാകണമെങ്കിൽ അവർക്കെല്ലാം ഇന്റർനെറ്റ് സൗകര്യം വേണം. പല മലയോര പ്രദേശങ്ങളിലും ഇന്റർനെറ്റ് സൗകര്യമില്ല. അതുപോലെ മൊബൈലും ടി.വി.-യുമില്ലാത്ത വീടുകളിലും പ്രദേശങ്ങളിലും അവ ലഭ്യമാക്കാൻ നടപടിയുണ്ടാകണം. ഇത്തരത്തിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്കും ജനങ്ങൾക്കും ആരോഗ്യ മേഖലയിലുള്ളവർക്കും എന്തൊക്കെ ആവശ്യങ്ങളുണ്ടോ അവ നേടിക്കൊടുക്കാൻ നല്ല ധനവിനിയോഗത്തിലൂടെ നമുക്ക് സാധിച്ചാൽ കൂടുതൽ ശക്തിയോടുകൂടി വീണ്ടും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞങ്ങൾക്ക് ഇന്നതുവേണമെന്ന് പ്രതിപക്ഷം ആവശ്യപ്പെടുമ്പോഴും അവസാനം എതിർത്തുകൊണ്ടാണ് പറയുന്നത്. അങ്ങാടിയിലൂടെ പോകണം, ആനപ്പുറത്തു കയറണം, പക്ഷേ ആരും കാണരുത് എന്ന സ്വഭാവമാണ് പ്രതിപക്ഷത്തിനുള്ളത്. അവർക്ക് ആവശ്യമുള്ളത് വേണം, പക്ഷേ എതിർക്കുകയും വേണം. എനിക്ക് പ്രതിപക്ഷത്തോട് പറയാനുള്ളത് നല്ല കാര്യങ്ങളെ അനുകൂലിച്ചുകൊണ്ട്, ഈ ഭരണത്തിന് ശക്തി പകർന്നുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കട്ടെയെന്ന് ആശംസിക്കുകയാണ് വേണ്ടതെന്നാണ്. ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി]

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബില്ലിനെ പിന്തുണയ്ക്കുകയാണ്. ലോകമെമ്പാടുമുള്ള മനുഷ്യ ജീവിതത്തെ കോവിഡ് മഹാമാരി തകിടംമറിച്ചിരിക്കുകയാണ്. മനുഷ്യന്റെ ജീവിത ക്രമത്തിലും ജീവിതരീതികളിലും വലിയ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. സ്വാഭാവികമായും ലോകരാഷ്ട്രീയ സമവാക്യങ്ങളും മുദ്രാവാക്യങ്ങളും മാറിമറിയുകയാണ്. സ്വാതന്ത്ര്യാനന്തരകാലത്ത് ദാരിദ്ര്യവും പട്ടിണിയും തുടച്ചുനീക്കലും സാമൂഹ്യനീതിയും സാക്ഷരതയുമൊക്കെയായിരുന്നു രാഷ്ട്രീയ പാർട്ടികൾ ഉയർത്തിയ പ്രധാന മുദ്രാവാക്യങ്ങൾ. അതിനുദാഹരണമാണ്, 1971-ൽ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി ഉയർത്തിയ 'ഗരീബി ഹഠാവോ' എന്ന മുദ്രാവാക്യം. എന്നാൽ 1970-കളിൽ നവ ഉദാരവത്കരണനയത്തിന് തുടക്കംകുറിച്ചതോടുകൂടി വികസനമെന്ന മുദ്രാവാക്യം മുന്നോട്ടുവരികയായി. കോർപ്പറേറ്റ് താൽപ്പര്യംകൂടി അതിൽ ഉള്ളടക്കം ചെയ്തിരുന്നു. ഇക്കാലയളവിലാണ് നാലുവരിപ്പാത, ആറുവരിപ്പാത, എക്സ്പ്രസ് ഹൈവേ തുടങ്ങിയ ആശയങ്ങൾ രൂപപ്പെട്ടത്. അതിനോടൊപ്പം റോഡുകൾ, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ ജനങ്ങളുടെ ജീവിതാവശ്യങ്ങളും മുന്നോട്ടുവയ്ക്കുകയുണ്ടായി. പക്ഷേ ഇന്നത്തെ പ്രധാന വികസന നയമെന്ത് എന്നതാണ് നമ്മുടെ മുന്നിൽ ഉയർന്നുവന്നിരിക്കുന്നത്. ജനങ്ങളുടെ ജീവൻ സംരക്ഷിക്കുകയാണ് മഹാമാരിക്കാലത്ത്

ഏതൊരു സർക്കാരിന്റെയും ഏറ്റവും പ്രധാന ദൗത്യം. ആശുപത്രികളിൽ കിടക്കയും ഓക്സിജനും മരുന്നുകളും ലഭിക്കാതെ മരിക്കുന്നവരുടെയും നദികളിലേയ്ക്ക് ഒഴുക്കപ്പെടുന്ന മൃതദേഹങ്ങളുടെയും ദൃശ്യങ്ങൾ മനുഷ്യമനസ്സാക്ഷിയെ പിടിച്ചുലയ്ക്കുന്നതാണ്. അതുകൊണ്ടുതന്നെ ഈ മഹാമാരിയിൽനിന്നും മറികടക്കാനുള്ള സംവിധാനങ്ങൾ വികസന അജണ്ടയ്ക്കൊപ്പം ചേർക്കേണ്ടുന്ന ഒരു കാലമാണിത്. ജീവൻ നഷ്ടപ്പെടുമോയെന്ന ഭീതി നിറഞ്ഞുനിൽക്കുന്ന കാലത്ത് ജനങ്ങൾ ആഗ്രഹിക്കുന്നത് ജീവൻ സംരക്ഷിക്കാനുതകുന്ന മെച്ചപ്പെട്ട ആരോഗ്യസംവിധാനങ്ങൾ വേണമെന്നതാണ്. ജനങ്ങളുടെ ഈ ആവശ്യത്തെ അവഗണിച്ചുകൊണ്ട് ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിനും മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതി ലോകമെങ്ങും ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. ഇക്കാലത്ത് സാമൂഹ്യനീതി, പൗരാവകാശ സംരക്ഷണം എന്നിവയോടൊപ്പം മനുഷ്യശരീരത്തിന്റെ സംരക്ഷണവും പ്രധാന രാഷ്ട്രീയ അജണ്ടയുടെ ഭാഗമാകുകയാണ്. സൗജന്യ റേഷൻ പോലെതന്നെ ജനങ്ങൾക്ക് പ്രധാനമാണ് സൗജന്യ ചികിത്സയെന്നത് മഹാമാരിക്കാലംവരെയും വലതുപക്ഷ രാഷ്ട്രീയ സംഘടനകൾ വേണ്ടത്ര ഗൗരവത്തിലെടുത്തിരുന്നില്ല. പൊതുവായതെന്തും നഷ്ടമാണെന്നും അതിനാൽ അവ സ്വകാര്യവത്കരിക്കേണ്ടതാണെന്നുമായിരുന്നു പുതിയ ലിബറൽ മുതലാളിത്തത്തിന്റെ യുക്തി, അവരുടെ വാദം. എന്നാൽ ഈ സ്വകാര്യമേഖല സാധാരണക്കാർക്ക് താങ്ങാൻ കഴിയുന്നതല്ലെന്ന ഉത്തമ ബോദ്ധ്യമാണ് മഹാമാരിക്കാലം ജനങ്ങളെ പഠിപ്പിച്ചത്. ചികിത്സ പൊതുസേവനത്തിന്റെ ഭാഗമാകണമെന്ന പുതുബോധം ശക്തമായിക്കൊണ്ടിരിക്കുന്ന കാലമാണിത്. പൊതുയിടങ്ങളിലെ ചർച്ചയും സംവാദവും സമൂഹമാധ്യമങ്ങളും നിരീക്ഷിച്ചാൽ മാത്രം നമുക്ക് ഇക്കാര്യം ബോദ്ധ്യമാകും. കോവിഡ് വൈറസിൽനിന്ന് രക്ഷനേടുകയെന്നത് സമൂഹത്തിന്റെ ഏറ്റവും പ്രധാന ലക്ഷ്യമായി മാറിക്കഴിഞ്ഞിരിക്കുന്നു. രോഗം വന്നാൽ ചികിത്സ ഉറപ്പുവരുത്തേണ്ടത് ഭരണാധികാരികളുടെ കടമയാണെന്ന ബോധവും ശക്തിപ്പെട്ടുവരികയാണ്. ജാതി, മത, പ്രാദേശിക ചിന്തകൾക്കപ്പുറം മനുഷ്യന്റെ ജീവനാണ് പ്രധാനമെന്ന ചിന്തയിലേയ്ക്ക് സമൂഹം മാറിക്കൊണ്ടിരിക്കുന്നു. നിത്യജീവിതത്തിലെ സംഭാഷണത്തിലും ആശയവിനിമയത്തിലും ഏറ്റവും കൂടുതൽ കടന്നുവരുന്ന വിഷയം മഹാമാരിതന്നെയാണ്. വൈറസ്, വാക്സിൻ, ഓക്സിജൻ, ടി.പി.ആർ., ആർ.ടി.പി.സി.ആർ., ആന്റിജൻ ടെസ്റ്റ്, ലോക്ഡൗൺ, ട്രിപ്പിൾ ലോക്ഡൗൺ, കണ്ടെയിൻമെന്റ് സോൺ, സമൂഹ അടുക്കള തുടങ്ങി സാമൂഹ്യ സംവാദത്തിൽ ആരോഗ്യമേഖല ഒഴിച്ചുകൂടാനാകാത്ത ഒന്നായി മാറിയിരിക്കുന്നു. രോഗബാധിതരുടെ സുരക്ഷ, ചികിത്സ, കോവിഡാനന്തര പരിചരണം എന്നിവ രാഷ്ട്രീയപാർട്ടികളുടെ അജണ്ടയായി മാറുകയാണ്. ഏത് രാഷ്ട്രീയ കക്ഷിയാണോ ഈ വിഷയം നന്നായി കൈകാര്യം ചെയ്യുന്നത് അവരെയാകും ജനങ്ങൾ പിന്തുണയ്ക്കുകയും തെരഞ്ഞെടുക്കുകയും ചെയ്യുന്നത്. കേരളത്തിലെ പിണറായി വിജയൻ സർക്കാരിന് തുടർഭരണം ലഭിച്ചതിന് പ്രധാനഘടകം മഹാമാരിയെയും

പ്രകൃതിദുരന്തങ്ങളെയും നേരിട്ടതിൽ സർക്കാർ വഹിച്ച ക്രിയാത്മകവും കാര്യക്ഷമവുമായ പങ്കാളിത്തമായിരുന്നു. പ്രതിപക്ഷത്തിന്റെ നിലപാടെന്തായിരുന്നു? പ്രതിപക്ഷം സ്വയം മനസിലാക്കേണ്ട വിഷയമാണത്.

ബഹുമാനപ്പെട്ട ഒരംഗം ആദ്യപ്രസംഗത്തിൽ ഇവിടെ സൂചിപ്പിച്ചതുപോലെ, ക്യാപ്റ്റൻ രാജു, മോഹൻലാൽ, ശ്രീനിവാസൻ തുടങ്ങിയവർ അഭിനയിച്ച നാടോടിക്കാറ്റ് എന്ന സിനിമയിൽ ക്യാപ്റ്റൻ രാജു അവതരിപ്പിച്ച കഥാപാത്രം ബാഗ് തുറന്നുവച്ച് മലപ്പുറം കത്തി, കഠാര, പിച്ചാത്തി, കുറുവടി ഇതിൽ ഏത് വേണമെന്ന് മോഹൻലാലും ശ്രീനിവാസനും അവതരിപ്പിക്കുന്ന കഥാപാത്രങ്ങളോട് ചോദിക്കുകയാണ്. മൂർച്ച അറ്റുപോയ, മൂർച്ച കുറഞ്ഞുവരുന്ന കത്തിയാണ് മലപ്പുറം കത്തിയെന്ന് എല്ലാവർക്കുമറിയാം. മൂർച്ച കുറഞ്ഞ മലപ്പുറം കത്തി ഉപയോഗിച്ചാണ് അവസാനം ക്യാപ്റ്റൻ രാജു മോഹൻലാലിനെയും ശ്രീനിവാസനെയും നേരിടുന്നത്. അവിടെ എന്താണ് സംഭവിച്ചതെന്ന് സിനിമ കണ്ടിരിക്കുന്ന ഏവർക്കും ബോദ്ധ്യമാകും. അതാണ് ഇവിടത്തെ പ്രതിപക്ഷത്തിനും സംഭവിച്ചത്. ഞാൻ അവരെ ആക്ഷേപിക്കുകയല്ല. ആ സിനിമയിൽ ക്യാപ്റ്റൻ രാജുവിനെ കോമാളിയായി ആരെങ്കിലും കാണുമോ? ഒരിക്കലുമില്ല. പക്ഷേ ആ കോമാളി വേഷംകെട്ടിച്ച കോൺഗ്രസ്സിന്റെ നയം തിരുത്താതെ എങ്ങനെയാണ് നല്ലൊരു പൊതുപ്രവർത്തകനും നല്ല രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ഉടമയുമായിമാറാൻ കഴിയുന്നതെന്ന് അവരാണ് ആലോചിക്കേണ്ടത്. ക്യാപ്റ്റൻ രാജുവിനെ കോമാളിയായി കാണുന്നവരല്ല ഞങ്ങൾ. എന്തെല്ലാം വാദമുഖങ്ങളാണ് നിങ്ങൾ നിരത്തിയത്? എന്നിട്ടും ജനങ്ങൾ അവയൊന്നും അംഗീകരിച്ചില്ല. അംഗീകരിച്ചില്ലെങ്കിലും ഇപ്പോഴും, എങ്ങനെയായാലും മലർന്നുകിടന്നായാലും കാൽ മുകളിലിരിക്കട്ടെ എന്ന മനോഭാവത്തിലാണ് പ്രതിപക്ഷം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ പിണറായി സർക്കാർ നടത്തിയ, മനുഷ്യനന്മയുളവാക്കുന്ന പ്രവൃത്തികളെ എന്തുകൊണ്ട് നിങ്ങൾക്ക് കാണാൻ കഴിയുന്നില്ല? ഇതാണ് പ്രധാനമായും പ്രതിപക്ഷം ആലോചിക്കേണ്ടത്. എൽ.ഡി.എഫ്. സർക്കാരിന്റെ ആരോഗ്യ രംഗത്തെ ഈ കരുതൽ നയം ബഹുദൂരം മുന്നോട്ടുകൊണ്ടുപോകുന്നതാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റും ഇന്ന് അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടുമെന്ന് ഞാൻ മനസ്സിലാക്കുകയാണ്. ആറിന കർമ്മ പരിപാടിയാണ് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. 'എല്ലാത്തിനും മുൻപേ ആരോഗ്യം', 'ഒന്നാമത് ആരോഗ്യം' എന്ന മുദ്രാവാക്യമാണ് യഥാർത്ഥത്തിൽ ഉയർത്തിപ്പിടിക്കുന്നത്. ആരോഗ്യ പ്രതിസന്ധി കാലഘട്ടത്തിലെ ആരോഗ്യ ബഡ്ജറ്റെന്ന് ഇതിനെ ഒറ്റവാക്കിൽ വിശേഷിപ്പിക്കാൻ കഴിയും. കോവിഡ്, എബോള, നിപ തുടങ്ങിയ പകർച്ചവ്യാധികൾ കൈകാര്യം ചെയ്യുന്നതിന് മെഡിക്കൽ കോളേജുകളിൽ പ്രത്യേക ബ്ലോക്ക് നിർമ്മാണം, എല്ലാ കമ്മ്യൂണിറ്റി

ഹെൽത്ത് സെന്ററുകളിലും താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും പകർച്ചവ്യാധി നേരിടാൻ പത്തുകിടക്കകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ, പീഡിയാട്രിക് ഐ.സി.യു., കിടക്കകളുടെ വർദ്ധനവ്, 150 ടൺ ദ്രവീകൃത മെഡിക്കൽ ഓക്സിജൻ പ്ലാന്റ് തുടങ്ങിയ പ്രഖ്യാപനങ്ങളെല്ലാംതന്നെ ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെയുള്ളവയാണ്. കേന്ദ്ര സർക്കാരിന്റെ നയമില്ലായ്മയുടെ ഫലമായി വാക്സിൻക്ഷാമം നേരിടുന്ന ഈ ഘട്ടത്തിൽ, അമേരിക്കയുടെ സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ എന്ന സ്ഥാപനത്തിന്റെ മാതൃകയിൽ പകർച്ചവ്യാധി നിവാരണ ഗവേഷണ കേന്ദ്രം തുറക്കാനുള്ള തീരുമാനത്തെ ചരിത്ര പരമെന്നുമാത്രമേ വിശേഷിപ്പിക്കാനാകൂ. ഒരു സംസ്ഥാനവും ഇത്തരമൊരു പദ്ധതി ഇന്ത്യയിൽ വിഭാവന ചെയ്തിട്ടില്ല. ഓക്സിജൻ ലഭ്യമാക്കുന്നതിൽ എൽ.ഡി.എഫ്. സർക്കാർ കൈക്കൊണ്ട കാര്യക്ഷമമായ നടപടികൾ വാക്സിൻ ലഭ്യതയിലും കൊണ്ടുവരുമെന്ന പ്രഖ്യാപനമാണിത്. പതിനെട്ട് വയസ്സിനും നാൽപ്പത്തിനാല് വയസ്സിനുമിടയിലുള്ളവർക്ക് സൗജന്യമായി വാക്സിൻ നൽകുന്നതിൽനിന്നും മോദി സർക്കാർ ഒഴിഞ്ഞുമാറിയപ്പോൾ, അവർക്ക് സൗജന്യ വാക്സിൻ ഉറപ്പുവരുത്താനായി ആയിരം കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. എല്ലാവരും സുരക്ഷിതരായിരിക്കുന്നതുവരെ ആരും സുരക്ഷിതമല്ലെന്ന ബോദ്ധ്യത്തിൽ നിന്നുണ്ടായ നടപടിയാണിത്. എൽ.ഡി.എഫ്. സർക്കാരിന്റെ ആരോഗ്യ ബഡ്ജറ്റിനുപിന്നിൽ ഒരു സാമ്പത്തിക ശാസ്ത്രമുണ്ട്. ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ എല്ലാവരേയും വാക്സിനേറ്റ് ചെയ്ത്, കോവിഡ് 19-നെ നിയന്ത്രണവിധേയമാക്കുന്ന ആദ്യ സംസ്ഥാനം കേരളമായാൽ സ്വാഭാവികമായും സാമ്പത്തികരംഗം ശക്തമാക്കാൻ കഴിയും. കൂടുതൽ സംരംഭങ്ങളും നിക്ഷേപങ്ങളും കേരളത്തിലേയ്ക്ക് ആകർഷിക്കപ്പെടും. അതോടൊപ്പം സംസ്ഥാനത്ത് ജനങ്ങളിൽ വലിയ ആത്മവിശ്വാസം സൃഷ്ടിക്കാൻ ഈ നടപടി ഉപകരിക്കുമെന്ന പ്രതീക്ഷയാണുള്ളത്.

കൂടാതെ ധനകാര്യ വകുപ്പുമന്ത്രിയെ ഒരുകാര്യം ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം കേന്ദ്ര ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്ന വിഹിതം വർദ്ധിപ്പിക്കുകയും സംസ്ഥാനം ഒരു വിഹിതം വയ്ക്കുകയും 100 ദിവസമെന്നുള്ള തൊഴിൽ ദിനങ്ങൾ 200 ദിവസമായി വർദ്ധിപ്പിക്കുകയും ചെയ്താൽ ഗ്രാമീണ മേഖലയിലെ പാവപ്പെട്ടവരുടെ ജീവിതം കുറച്ചുകൂടി മെച്ചപ്പെടുത്താനാകും. അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന അഭിപ്രായമാണ് എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. സംസ്ഥാനത്തെ ജനസാമാന്യത്തിന് പ്രതീക്ഷയും ആത്മവിശ്വാസവും പകർന്ന ബഡ്ജറ്റിന്റെ കേന്ദ്ര ബിന്ദുവായി മാറുന്നത് 20,000 കോടി രൂപയുടെ കോവിഡ് പാക്കേജാണ്. ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി

2,800 കോടി രൂപ, ഉപജീവന പ്രതിസന്ധി മറികടക്കാൻ നേരിട്ട് പണം നൽകുന്ന പദ്ധതികളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനായി 8,900 കോടി രൂപ, സാമ്പത്തിക പുനരുജ്ജീവനത്തിന് ഉതകുന്ന ലോണുകൾ, പലിശ, സബ്സിഡികൾ എന്നിവയ്ക്കായി 8,300 കോടി രൂപ എന്നിവയുൾപ്പെടുന്നതാണ് കോവിഡ് പാക്കേജ്. അരക്കോടിയിലധികം വരുന്ന കുടുംബങ്ങൾക്ക് താങ്ങും തണലുമാകുന്ന ക്ഷേമപെൻഷനുകൾ മുടങ്ങാതിരിക്കാനുള്ള മുൻകരുതലുകൾ എൽ.ഡി.എഫ്. സർക്കാരിന് സംസ്ഥാനത്തെ ജനങ്ങളോടുള്ള കരുതലിന്റെ സാക്ഷ്യപത്രംകൂടിയാണ്. കോവിഡ് പ്രതിരോധ വാക്സിനും അനുബന്ധ ചെലവുകൾക്കുമായി 1,500 കോടി രൂപ വകയിരുത്തിയിരിക്കുന്നു. അവിടെയും വിമർശനങ്ങൾക്കുള്ള പഴുതുകൾ കണ്ടെത്താനുള്ള പരിശ്രമമാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോരതന്നെ കൊതുകിന്നു കൗതുകം' എന്നതുപോലെയാണ് ആ കാര്യത്തിൽ പ്രതിപക്ഷത്തിന്റെ നിലപാട്.

കേരളത്തിന്റെ തീരദേശ മേഖലയിലെ ജനങ്ങളുടെ ജീവനും പാർപ്പിടവും ജീവനോപാധികളും എക്കാലത്തും അരക്ഷിതമായിരുന്നു. നിരന്തരമായ കാലാവസ്ഥാ വ്യതിയാനം കഴിഞ്ഞ അഞ്ചുവർഷം അവിടെ കനത്ത നാശമാണ് സൃഷ്ടിച്ചത്. അഞ്ചുവർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന ഏറെ പ്രതീക്ഷാനിർഭരവും പരിസ്ഥിതി സൗഹൃദപരവും കാലാനുവർത്തിയുമായ തീരസംരക്ഷണ പദ്ധതി ബഡ്ജറ്റിൽ വിഭാവന ചെയ്യുന്നു. 5,300 കോടി രൂപ ചെലവുവരുന്ന പദ്ധതിയിൽ, ഏറ്റവും ദുർബലപ്രദേശങ്ങൾ സംരക്ഷിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 1,500 കോടി രൂപ കിഫ്ബി നൽകും. ജൂലൈ മാസത്തിൽത്തന്നെ ഈ പ്രവൃത്തി ടെണ്ടർ ചെയ്യാനാകുമെന്ന് ബഡ്ജറ്റിൽ പറയുന്നു. ഇതിനുപുറമെയാണ് 6,500 കോടി രൂപയുടെ തീരദേശ ഹൈവേയും അനുബന്ധ പദ്ധതികളും പൂർത്തിയാക്കുമെന്ന് വ്യക്തമാക്കിയിരിക്കുന്നത്. സംഹാര താണ്ഡവമാടുന്ന ഈ മഹാമാരിയുടെ കാലത്ത്, കേരളത്തിലുടനീളം, പ്രത്യേകിച്ച് തീരപ്രദേശത്ത് തീവ്രമായ മഴയും പ്രകൃതിക്ഷോഭങ്ങളും കാരണം വൻനാശനഷ്ടങ്ങളാണുണ്ടായിട്ടുള്ളത്. പ്രകൃതി പ്രതിഭാസങ്ങളെ ശാസ്ത്രീയമായി മനസ്സിലാക്കി, ദീർഘകാല പരിഹാരമാർഗ്ഗങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. തീരദേശ സംരക്ഷണവും തീരത്തെ അടിസ്ഥാന സൗകര്യ വികസനവുമാണ് അതിൽ അതിപ്രധാനം. കടലാക്രമണം തടയാനും അടിസ്ഥാന മേഖലയ്ക്ക് ഊർജ്ജസ്വലമായ പിന്തുണയും സഹായവും നൽകാനും ബഡ്ജറ്റിലൂടെ സർക്കാർ സന്നദ്ധമായിട്ടുണ്ട്. പലരൂപത്തിൽ ഇരമ്പിയെത്തുന്ന പ്രതിസന്ധികളെ അഭിമുഖീകരിച്ച് മുന്നേറാനുള്ള സമൂഹത്തിന്റെ ശേഷിയാണ് ലോകത്തെ എക്കാലവും മുന്നോട്ടു നയിച്ചത്. പതിറ്റാണ്ടുകളിലൂടെ സ്വായത്തമാക്കിയ അതിജീവനക്കുതിപ്പ് ഈ കഷ്ടകാലത്തും സാമൂഹിക ഇന്ധനമാകും.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....

ശ്രീ. സി. കെ. ഹരീന്ദ്രൻ: 2021-ലെ കേരള ബഡ്ജറ്റ് എല്ലാ വിഭാഗം ജനങ്ങൾക്കും താങ്ങും തണലുമായി മാറുമെന്നുള്ളതാണ് എൽ.ഡി.എഫ് ജനങ്ങൾക്ക് നൽകിയ ഉറപ്പ്. ആ ഉറപ്പ് പരിപാലിക്കാനുള്ള ചെലവിനാണ് ധനവിനിയോഗ ബിൽ ധനകാര്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ചത്. അതിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, പനമ്പിള്ളി ഗോവിന്ദമേനോനെ പോലെ, രാജ്യംകണ്ട മികച്ച പാർലമെന്റേറിയന് ജന്മം നൽകിയ രാഷ്ട്രീയ പ്രബുദ്ധതയുള്ള ചാലക്കുടിയുടെ പ്രതിനിധിയാകാൻ കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. അതിന് അവസരംതന്ന ചാലക്കുടിയിലെ നല്ലവരായ ജനങ്ങളോടും എന്റെ സഹപ്രവർത്ത കരോടും നേതാക്കൻമാരോടും നന്ദിപറയുന്നു. ശ്രീ. നരേന്ദ്ര മോദിയേയും ശ്രീ. അമിത് ഷായേയും വിമർശിക്കാൻ മടിക്കുന്ന ഭരണപക്ഷാംഗങ്ങൾ, ശ്രീ. രാഹുൽ ഗാന്ധിയേയും കോൺഗ്രസിനേയും വിമർശിക്കാൻ ധാരാളം സമയം കണ്ടെത്തുന്നു. കെ.പി.സി.സി. പ്രസിഡന്റിനേയും കോൺഗ്രസിനേയും നന്നാക്കാൻ ശ്രമിക്കുന്നതിനു മുമ്പ്, കോന്നി എം.എൽ.എ.-യോട് 'സ്വയം ചികിത്സിക്കുക വൈദ്യാ' എന്നാണ് പറയാനുള്ളത്. സ്വന്തം ഭാര്യയുടെ നിയമനത്തിനായി അങ്ങ് എന്തോ കൃത്രിമം നടത്തിയെന്ന് പറയപ്പെടുന്നത് ശരിയാണോ? ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുകയാണ്. തൃശ്ശൂർ ജില്ലയിൽനിന്നുള്ള ഏക പ്രതിപക്ഷ എം.എൽ.എ.-യാണ് ഞാൻ. മൂന്ന് മന്ത്രിമാരുൾപ്പെടെ പന്ത്രണ്ട് ഭരണപക്ഷ എം.എൽ.എ.-മാരുള്ള തൃശ്ശൂർ ജില്ലയെ പാടെ അവഗണിച്ച ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. എടുത്ത് പറയാവുന്ന ഒരു പദ്ധതിപോലും തൃശ്ശൂർ ജില്ലയ്ക്കില്ല. ഈ വർഷം തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകൾക്ക് ഐസൊലേഷൻ ബ്ലോക്കുകൾ സ്ഥാപിക്കാൻ 50 കോടി രൂപ നീക്കിവച്ചപ്പോൾ, കേരളത്തിൽ ആദ്യമായി കോവിഡ് റിപ്പോർട്ട് ചെയ്ത മദ്ധ്യ കേരളത്തിലെ ജനങ്ങളുടെ ഏക ആശ്രയമായ തൃശ്ശൂർ മെഡിക്കൽ കോളേജിനെ അവഗണിച്ചു. ടൂറിസം സർക്യൂട്ട് പ്രഖ്യാപിച്ചപ്പോൾ വർഷത്തിൽ പതിനഞ്ച് ലക്ഷത്തിലധികം സഞ്ചാരികളെത്തുന്ന അതിരപ്പിള്ളി ടൂറിസം മേഖലയെ അവഗണിച്ചു. ഈ സഭയിലെ കന്നിയംഗമായ ഞാൻ, ഒന്നാം പിണറായി സർക്കാർ 2016-17 സാമ്പത്തിക വർഷത്തിൽ ധനകാര്യ വകുപ്പുമന്ത്രി യായിരുന്ന ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗ ത്തിലേയ്ക്ക് കണ്ണോടിച്ചപ്പോൾ കോടിക്കണക്കിന് രൂപയുടെ പ്രഖ്യാപനങ്ങളാണ് കണ്ടത്. 2016-17-ൽ തൃശ്ശൂർ ജില്ലയ്ക്കായി പ്രഖ്യാപിച്ച സ്വപ്ന പദ്ധതികളെല്ലാം അഞ്ചുവർഷത്തിനുശേഷവും പ്രഖ്യാപനങ്ങളായി മാത്രം നിലനിൽക്കുകയാണ്. തൃശ്ശൂർ ജില്ലയ്ക്കായി അന്ന് പ്രഖ്യാപിച്ച ചില കാര്യങ്ങൾമാത്രം സൂചിപ്പിക്കട്ടെ.

തൃശ്ശൂർ നഗരത്തിൽ കിഴക്കേക്കോട്ടയിലും കൊക്കാല ജംഗ്ഷനിലും ഫ്ലൈഓവർ നിർമ്മിക്കുന്നതിന് 75 കോടി രൂപ, ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിന് 10 കോടി രൂപ, പീച്ചി-വാഴാനി ടൂറിസം കോറിഡോർ റോഡിന് 20 കോടി രൂപ, പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന് 40 കോടി രൂപ, കൊച്ചി-കോയമ്പത്തൂർ ഹൈടെക് വ്യവസായ ഇടനാഴിക്കായി എറണാകുളം, തൃശ്ശൂർ ജില്ലകളിലും പാലക്കാട് ജില്ലയിലെ ഒഴലപ്പതി, കണ്ണമ്പ്രയിലും 500 ഏക്കർ ഭൂമി വീതം ഏറ്റെടുക്കും, ചാലക്കുടിയിൽ പുതിയ കോടതി കെട്ടിട സമുച്ചയം, പുഴയ്ക്കലിൽ വ്യവസായ പാർക്ക് ഇതൊക്കെയാണ് പറഞ്ഞിരുന്നത്. അഞ്ചുവർഷം കഴിഞ്ഞിട്ടും ഒന്നും യാഥാർത്ഥ്യമായില്ല.

6.00 pm]

2018-ലെ പ്രളയത്തിന് കാരണം ഡാം മാനേജ്മെന്റിലെ വീഴ്ചയാണെന്നും ഡാമുകൾ തുറന്നത് മാനദണ്ഡങ്ങൾ പാലിച്ചല്ലെന്നും ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും കോടതി നിയോഗിച്ച അമിക്കസ്ക്യൂറി ജേക്കബ് പി. അലക്സ് ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിലുണ്ട്. ദേശീയ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ റിപ്പോർട്ട് ഗൗരവത്തിലെടുത്തില്ലെന്നും കനത്ത മഴയെ നേരിടാൻ തയ്യാറെടുപ്പുകൾ വേണ്ടവിധം കൈക്കൊണ്ടില്ലെന്നും ആ റിപ്പോർട്ടിലുണ്ട്. ഒരു മുന്നറിയിപ്പും ഇല്ലാതെയാണ് ചാലക്കുടിപ്പുഴയിലേയ്ക്ക് ഡാമുകൾ തുറന്നുവിട്ടത്. സർക്കാരിന്റെ പിടിപ്പുകേടുകൊണ്ടുണ്ടായ പ്രളയത്തിന്റെ ദുരന്തം ഏറെ അനുഭവിച്ച സ്ഥലമാണ് ചാലക്കുടി. ചാലക്കുടിപ്പുഴയുടെ തീരത്തുള്ള ചാലക്കുടി പട്ടണത്തിലും പരിയാരം പഞ്ചായത്തിലും കാടുകുറ്റി പഞ്ചായത്തിലെ കച്ചവടക്കാർക്കും കൃഷിക്കാർക്കുമുണ്ടായ നഷ്ടം കോടികളുടേതാണ്. പ്രളയക്കെടുതിയിൽ വലയുന്ന കേരളത്തെ പുനർ നിർമ്മിക്കാൻ ലോകബാങ്ക് നൽകിയ 1779 കോടി രൂപയുടെ സഹായം എവിടെപ്പോയി? പ്രളയകാലത്ത് നൽകിയ ഒരു വാഗ്ദാനവും പിണറായി സർക്കാർ നടപ്പിലാക്കിയിട്ടില്ല. പ്രളയത്തിൽ സകലതും നഷ്ടപ്പെട്ടവർക്ക് എന്തെങ്കിലും ആശ്വാസമോ നഷ്ടപരിഹാരമോ നൽകാനുള്ള ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിലില്ല. മാത്രമല്ല, ഇനിയൊരു പ്രളയം ആവർത്തിക്കാതിരിക്കാനുള്ള യാതൊരു പദ്ധതിയും ഈ ബഡ്ജറ്റിൽ മുന്നോട്ടുവയ്ക്കുന്നില്ല. പ്രളയത്തിനുശേഷം കോവിഡുകൂടി വന്നതോടെ ഈ മേഖല ആകെ തകർന്ന് തരിപ്പണമായിരിക്കുകയാണ്. ചാലക്കുടി മണ്ഡലത്തിലെ ഭൂരിഭാഗം പ്രദേശവും കാർഷിക മേഖലയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ജാതിക്ക ഉൽപ്പാദിപ്പിക്കുന്ന, മംഗോസ്റ്റിനും റമ്പൂട്ടാനും നേന്ത്രവാഴയും റബ്ബറും മരച്ചീനിയുമൊക്കെയുള്ള പ്രദേശമാണ്. കാർഷിക വിളകൾക്ക് സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവില കടലാസിലൊതുങ്ങുന്നു. നെല്ലൊഴികെ മറ്റൊരു കാർഷിക വിളകളും സംഭരിക്കാൻ കൃത്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താതെ താങ്ങുവില

പ്രഖ്യാപനം കർഷകരെ കബളിപ്പിക്കലാണ്, വഞ്ചനയാണ്; നേന്ത്രവാഴ കർഷകരും മരച്ചീനി കർഷകരും ദയനീയാവസ്ഥയിലാണ്. കുട്ടനാട്ടിലെയും പാലക്കാട്ടെയും തൃശ്ശൂരിലെയും കോൾ പാടശേഖരങ്ങളിലെ നെൽകർഷകരുടെ അവസ്ഥ ദയനീയമാണ്. നെല്ല് സംഭരിക്കാതെ, പാടശേഖരങ്ങളിൽ രണ്ടുമാസം നെല്ല് മുളച്ച് നശിച്ചപ്പോൾ ഈ സർക്കാർ എവിടെയായിരുന്നു; റബ്ബർ കർഷകരുടെ ഉന്നമനത്തിന് 2016-17 ബഡ്ജറ്റിൽ പ്രഖ്യാപിച്ച സിയാൽ മോഡൽ കമ്പനി അഞ്ച് വർഷം കഴിഞ്ഞിട്ടും എവിടെയാണ്? തെരഞ്ഞെടുപ്പുകാലത്ത് കാർഷിക മേഖലയ്ക്ക് പാക്കേജുകൾ പ്രഖ്യാപിച്ച് ബഡ്ജറ്റിൽ ഫണ്ട് നീക്കിവയ്ക്കാതെ ജനങ്ങളെ പറ്റിക്കുന്നത് ഇനിയെങ്കിലും തിരുത്തണം. കാർഷിക വിളകൾ നശിച്ച് ആത്മഹത്യയിലേയ്ക്ക് പോകുന്ന കർഷകരുടെ കാർഷിക കടം എഴുതിത്തള്ളാൻ ഈ ബഡ്ജറ്റിൽ ഒരു പദ്ധതിയുമില്ല. കേരളം രൂപീകൃതമായശേഷം 2016 വരെയുള്ള മൊത്തം കടബാദ്ധ്യത 1,57,000 കോടി രൂപയാണ്. അഞ്ച് വർഷംകൊണ്ട് അത് 3,27,654 കോടി രൂപയായി. 108 ശതമാനം വർദ്ധനവാണ് അഞ്ചുവർഷംകൊണ്ടുണ്ടായത്. 60,000 കോടി രൂപയുടെ കിഫ്ബി കടം വേറെയാണ്. അഞ്ച് വർഷംകൊണ്ട് എടുത്ത് പറയാവുന്ന എന്ത് വികസനമാണ് ഇവിടെ ഉണ്ടായത്? വരുമാനവും ചെലവും തമ്മിൽ പൊരുത്ത പ്പെടാത്ത രീതിയിൽ കടമെടുത്തുകൊണ്ടുള്ള ഈ പ്രയാണം കേരളത്തെ എവിടെ കൊണ്ടെത്തിക്കും?

യുവതലമുറയുടെ പ്രതിനിധി എന്നനിലയിൽ എനിക്ക് വലിയ ആശങ്കയുണ്ട്. രാജ്യത്തിനുള്ളിൽനിന്ന് കുറഞ്ഞ പലിശയ്ക്ക് വായ്പയെടുക്കാൻ അവസരമുള്ളപ്പോൾ കിഫ്ബി ഉയർന്ന പലിശനിരക്കിൽ കടമെടുക്കുകയാണ് ചെയ്തത്. കടമെടുപ്പിന്റെ കാര്യത്തിൽ ഒരു പുനർവിചിന്തനം വേണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷവും കോടികളുടെ ധൂർത്തല്ലേ പിണറായി സർക്കാർ നടത്തിയത്? കേന്ദ്രമന്ത്രിമാർക്ക് 16 പേഴ്സണൽ സ്റ്റാഫുള്ളപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 35 പേഴ്സണൽ സ്റ്റാഫ്. ക്യാബിനറ്റ് റാങ്കുള്ള ഉപദേശകർ വേറെയാണ്. നടപ്പിലാക്കാത്ത ഭരണപരിഷ്കാര റിപ്പോർട്ടിന് കോടികളാണ് ചെലവായത്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ തോറ്റ എം.പി.-യെ എന്തിനാണ് ക്യാബിനറ്റ് റാങ്കോടുകൂടി ഡൽഹിയിൽ നിയമിച്ചത്? ഇനിയെങ്കിലും ക്യാബിനറ്റിന് പുറത്തുള്ള ഈ ധൂർത്ത് കുറയ്ക്കണം. 2020 ഡിസംബർ വരെ 153.5 കോടി രൂപയാണ് പരസ്യത്തിനായി ചെലവഴിച്ചത്. 2021 ജനുവരിയിലും ഫെബ്രുവരിയിലും പരസ്യത്തിനായി ചെലവഴിച്ച കോടികൾ വേറെയാണ്. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് മുൻനിരയിൽ നിൽക്കുന്ന പോലീസുകാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ സാമ്പത്തിക പ്രതിസന്ധിമൂലം കഴിയുന്നില്ലെന്ന് പറയുമ്പോൾ പോലീസ് നവീകരണത്തിന് മാറ്റിവച്ച തുകയിൽനിന്ന് ഹെലികോപ്റ്റർ വാടകയായി പവൻ ഹാൻസ് എന്ന കമ്പനിക്ക് നൽകുന്നത് 1.70 കോടി രൂപ.

ഛത്തീസ്ഗഡ് സർക്കാർ കേവലം 85 ലക്ഷം രൂപ വാടക നൽകുമ്പോൾ കേരളം 1.70 കോടി രൂപയാണ് നൽകുന്നത്. ആർക്കാണ് ഇതിന്റെ നേട്ടം? കടമെടുപ്പിന്റെ കാര്യത്തിൽ ഒരു പുനർവിചിന്തനം വേണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു. കോവിഡ് പാക്കേജിന്റെ ഭാഗമായി മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ ഗുണം ആർക്കാണ് കിട്ടിയത്; 14,000 കോടി രൂപ കോൺട്രാക്ടർമാർക്കുള്ള കുടിശ്ശിക ഒടുക്കുന്നതിനല്ലേ ഉപയോഗിച്ചത്; സർക്കാരിൽ ഉന്നത സ്വാധീനമുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ലഭിച്ച നേട്ടം എത്രയാണ്? ഇതുവരെ കോവിഡ് ബാധിച്ചവരുടെ എണ്ണം പരിശോധിച്ചാൽ കേരളം ഇന്ത്യയിൽ മൂന്നാമതാണ്. വാക്സിനേഷനിൽ പത്താമതാണ്. കൊട്ടിഘോഷിച്ച കേരള മോഡൽ കോവിഡ് പ്രതിരോധം എവിടെയാണ് പാളിപ്പോയത്; കഴിഞ്ഞ സർക്കാരിന്റെ പിടിപ്പുകേടല്ലേ ഇത്?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഞാൻ യുവാക്കളുടെ പ്രതിനിധിയാണ്. യുവാക്കളുടെ ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് പി.എസ്.സി. റാങ്ക് ലിസ്റ്റിലുൾപ്പെട്ടിട്ടും ജോലി ലഭിക്കാതെ ജീവനൊടുക്കേണ്ടിവന്ന തിരുവനന്തപുരം കുന്നത്തുകാൽ സ്വദേശി അനുവിനെ ഞാൻ അനുസ്മരിക്കുകയാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുള്ള യാതൊരു നിർദ്ദേശങ്ങളും ഈ ബഡ്ജറ്റിലില്ല. തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുള്ള ഐ.ടി., ഭക്ഷ്യസംസ്കരണം തുടങ്ങിയ മേഖലകളെ അവഗണിച്ചിരിക്കുകയാണ്. വാഗ്ദാനങ്ങൾ നടപ്പിലാക്കുവാനുള്ള ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിലില്ല. ഈ ധനവിനിയോഗ ബില്ലിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ധനവിനിയോഗ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇനി പ്രസംഗിക്കുന്നത് ആവർത്തനവിരസമാകും. പക്ഷേ ആവർത്തനവിരസമായ ചർച്ചയിലാണ് അവസാനിച്ചത്. കാരണം, കഴിഞ്ഞ അഞ്ച് വർഷമായി പറയുന്ന അതേ കാര്യങ്ങൾ സഭയിൽവന്ന് വീണ്ടും ആവർത്തിക്കുകയാണ്. പ്രളയംതൊട്ടെല്ലാം ആവർത്തന വിരസമായ വിഷയങ്ങളാണ്. പറയുമ്പോൾ ചില കാര്യങ്ങൾ പറയേണ്ടതാണ്. (...ബഹളം...) ചർച്ചയിൽ എന്തും പറയാം.

ശ്രീ. ഷാഫി പറമ്പിൽ: സർ, കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി എം.എൽ.എ. ആസ്തി വികസന ഫണ്ട് നാല് കോടി രൂപ പൊതുപൂളിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചു. ആസ്തി വികസന ഫണ്ടിൽ ബാക്കി വരുന്നത് ഒരു കോടി രൂപയാണ്. ആ ഒരു കോടി രൂപ നോർമൽ എം.എൽ.എ. ഫണ്ടിന്റെ ഗൈഡ്ലൈനിൽ

എം.എൽ.എ.-മാർക്ക് ഉപയോഗപ്പെടുത്താനുള്ള ഒരു തീരുമാനമുണ്ടാകുന്നത് 140 എം.എൽ.എ.-മാരെയും സഹായിക്കുമെന്നുള്ള കാര്യത്തിൽ സംശയംവേണ്ട. അതിന്റെ വിനിയോഗത്തിന് അത് കൂടുതൽ സഹായകരമാകും. അങ്ങനെയൊരു തീരുമാനം ഈ സാഹചര്യത്തിലെടുക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുസംബന്ധിച്ച കാര്യങ്ങൾ നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ഉൾപ്പെടെയുള്ള അഭിപ്രായങ്ങൾ കേട്ടതാണ്. ആസ്തി വികസന ഫണ്ടിനെക്കുറിച്ചുള്ള കാര്യങ്ങൾ സംബന്ധിച്ച് മറ്റ് തലത്തിൽ ആലോചിക്കേണ്ടതാണ്. അതിനെക്കുറിച്ച് പരിശോധിക്കാം.

ഇന്നലെയും ഇന്നുമായി നടക്കുന്ന ബഡ്ജറ്റ്, ഉപധനാഭ്യർത്ഥന, ധനവിനിയോഗ ബില്ലിന്റെ വോട്ട് ഓൺ അക്കൗണ്ട് തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് അംഗങ്ങൾ കുറച്ച് കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവ പരിശോധിച്ച് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യാം. വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. വെള്ളൂർ ന്യൂസ് പ്രിന്റ് ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് ചില കാര്യങ്ങൾ ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ അവരുടെ പൊതുമേഖലാ നയത്തിന്റെ അടിസ്ഥാനത്തിൽ ഇത് വിൽക്കാൻ തീരുമാനിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റ് ഇടപെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇടപെട്ട് പല യോഗങ്ങളും ഇതുമായി ബന്ധപ്പെട്ട് വിളിച്ചിരുന്നു. വെള്ളൂർ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, ഗവൺമെന്റ് ഓഫ് ഇന്ത്യയിൽനിന്നും ഏറ്റെടുക്കുന്നതിനും വിവിധ കുടിശ്ശികകൾ തീർക്കുന്നതിന് 145 കോടി രൂപ അനുവദിക്കുന്നതിനും ധനകാര്യ വകുപ്പ് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആ പൊതുമേഖലാ സ്ഥാപനം സ്വകാര്യമേഖലയ്ക്ക് പോകുകയില്ലെന്ന കാര്യം ഉറപ്പാക്കിയിട്ടുണ്ട്. ഈ കമ്പനിയുമായി ബന്ധപ്പെട്ട് നാഷണൽ കമ്പനി ലാ ട്രിബ്യൂണലിന്റെ പരിധിയിലുള്ള വിവിധ കേസ്സുകളിൽ അന്തിമവിധി വരുന്നമുറയ്ക്ക് തുക നൽകാൻ നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം കുറച്ചുകാര്യങ്ങൾ അതിനെക്കുറിച്ച് പറഞ്ഞു, അത് പിന്നീട് ആലോചിക്കാം. ഇവിടെ വിവിധ നിർദ്ദേശങ്ങളാണ് വന്നത്, അതിൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ തൊഴിൽ ദിനങ്ങൾ 200 ആക്കുകയെന്ന് പറയുന്നതിൽ നിയമപരമായ കാര്യങ്ങൾ കൂടിയുണ്ടെന്ന് ആ രംഗത്തെതന്നെ തൊഴിലാളികളുടെ പ്രധാനപ്പെട്ട നേതാവായ ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. പരമാവധി ആളുകൾക്ക് തൊഴിലവസരങ്ങൾ കൊടുത്ത് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പൂർണ്ണമായും നടത്താം. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്കും സ്റ്റേറ്റ് ബഡ്ജറ്റിൽനിന്നും പണം നീക്കിവച്ചിട്ടുണ്ട്, അത് കേന്ദ്ര ഗവൺമെന്റിൽനിന്ന് കിട്ടുന്നതല്ല. നഗരപ്രദേശങ്ങളിലേതാണെന്ന് നമുക്കറിയാവുന്നതാണ്. പരമാവധി തൊഴിലവസരങ്ങളുണ്ടാക്കുന്നതിനുള്ള

കാര്യങ്ങൾ ചെയ്യാം. ഇവിടെ പ്രഖ്യാപനങ്ങൾ മാത്രമേയുള്ളൂ, കിഫ്ബി ഒന്നും ചെയ്യുന്നില്ലെന്ന് പറഞ്ഞു. എല്ലാ എം.എൽ.എ.-മാരും ഏറ്റവും പ്രധാനമായി പറയുന്നത് കിഫ്ബി ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നതിനെക്കുറിച്ചാണ്. ചെയ്ത കാര്യങ്ങൾ ചെയ്തതാണെന്ന് പറഞ്ഞ് ചർച്ചയിൽ പങ്കെടുക്കുന്നതായിരിക്കും പൊതുവിൽ വിശ്വാസ്യതയുണ്ടാക്കുക, അതാണ് നല്ലത്. ഇത്രയും കാര്യങ്ങൾ നമ്മുടെ നാട്ടിൽ നടന്നിട്ടുണ്ട്. പോരായ്മകളുണ്ടെങ്കിൽ പറയണം. 12,000 കോടി രൂപയുടെ ബിൽ കൊടുത്തിട്ടുണ്ട്, 17,000 കോടി രൂപയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്, 63,000 കോടി രൂപ അതിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്. അത്രയും നമുക്ക് ചെയ്യാൻ സാധിക്കുകയില്ല. ഇതൊക്കെ നേരത്തെ ഡോ. ടി. എം. തോമസ് ഐസക് ഇവിടെ പറഞ്ഞിട്ടുള്ളതും ഇപ്പോഴത്തെ സ്ഥിതിയുമാണ്. ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്, കേരളത്തിൽ അതിന്റെ മാറ്റമുണ്ട്. കൂടുതൽ മാറ്റത്തിനായി നമുക്ക് ഒരുമിച്ച് കാര്യങ്ങൾ ചെയ്യാം. ഇവിടെ പറഞ്ഞ കാര്യങ്ങളിൽ പരിശോധിക്കേണ്ട ചില കാര്യങ്ങളുണ്ട്, അത് ഗൗരവമായി പരിശോധിക്കാം. അതിന് സഹായകരമായി ഇക്കാര്യങ്ങളെല്ലാം ചെയ്യാമെന്നുമാത്രം പറഞ്ഞുകൊണ്ട് ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടും മൂന്നും വകുപ്പ്

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

<u>മി. സ്പീക്കർ</u>: 2021-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നം

## XII അവകാശലംഘന പ്രശ്നം

മി. സ്പീക്കർ: ചട്ടം 62 പ്രകാരം താൻ സഭയിൽ 2021 ജൂൺ 1-ന് നടത്തിയ ശ്രദ്ധക്ഷണിക്കലിൽ കടമ്പ്രയാർ നദിയുടെ മലിനീകരണത്തിന് കാരണമായ വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് പരാമർശിക്കുകയും അത് അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നതിൽ പ്രകോപിതനായി ശ്രീ. ബെന്നി ജോസഫ് എന്ന വ്യക്തി, അദ്ദേഹത്തിന്റെ യു-ട്യൂബ് ചാനലിലൂടെ തന്നെ ആക്ഷേപിച്ചെന്നും ഇത് ഭരണഘടനയുടെ അനുച്ഛേദം 194 സാമാജികർക്ക് നൽകുന്ന വിശേഷാ വകാശത്തെ നിഷേധിക്കുന്നതിനുള്ള ശ്രമമാണെന്നും തന്നെ ജനമദ്ധ്യത്തിൽ മോശക്കാരനാക്കാനുള്ള ശ്രമമാണെന്നും ആയതിനാൽ ശ്രീ. ബെന്നി ജോസഫി നെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. പി. ടി. തോമസ്, എം.എൽ.എ. നൽകിയ നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

## XIII പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 'സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്' എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## XIV അവലോകനം

മി. സ്പീക്കർ: 15-ാം കേരള നിയമസഭയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കപ്പെട്ട സാഹചര്യത്തിൽ 2021 മേയ് മാസം 3-ാം തീയതി 14-ാം കേരള നിയമസഭ പിരിച്ചുവിടുകയും അന്നുതന്നെ 15-ാം കേരള നിയമസഭ നിലവിൽ വരികയും ചെയ്തു. പ്രോട്ടെം സ്പീക്കറായി നിയോഗിക്കപ്പെട്ട മുതിർന്ന അംഗം ശ്രീ. പി. ടി. എ. റഹീം മേയ് 21-ാം തീയതി ബഹുമാനപ്പെട്ട ഗവർണർ മുൻപാകെ നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്യുകയുണ്ടായി. 15-ാം കേരള നിയമസഭയുടെ ആദ്യസമ്മേളനം പ്രോട്ടെം സ്പീക്കറുടെ അദ്ധ്യക്ഷതയിൽ മേയ് 24-ാം തീയതി ചേരുകയും

136 ബഹുമാനപ്പെട്ട അംഗങ്ങൾ അന്നേദിവസം സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്തു. ശേഷിച്ച മൂന്ന് അംഗങ്ങളിൽ രണ്ടുപേർ മെയ് 28-ാം തീയതിയും ഒരംഗം ജൂൺ 9-ാം തീയതിയും സ്പീക്കറുടെ ചേംബറിൽ വച്ചാണ് സത്യപ്രതിജ്ഞ ചെയ്തത്. മേയ് 24-ാം തീയതി സത്യപ്രതിജ്ഞ ചെയ്ത ഒരു ബഹുമാനപ്പെട്ട അംഗത്തിന്റെ സത്യപ്രതിജ്ഞാ വാചകത്തിൽ അപാകത കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ജൂൺ 2-ാം തീയതി ഒരിക്കൽക്കൂടി ശരിയായ രീതിയിൽ സത്യപ്രതിജ്ഞ ചെയ്യേണ്ട സാഹചര്യം ഉണ്ടായി. ഇന്ത്യൻ പാർലമെന്റിലേയ്ക്കും സംസ്ഥാന നിയമ സഭകളിലേയ്ക്കുമുള്ള ആംഗ്ലോ ഇന്ത്യൻ പ്രാതിനിധ്യം ഉറപ്പാക്കുന്ന ഭരണഘടനാ വ്യവസ്ഥ ഭേദഗതി ചെയ്യപ്പെട്ട സാഹചര്യത്തിൽ 15-ാം കേരള നിയമസഭയുടെ അംഗസംഖ്യ 141-ൽ നിന്നും 140 ആയി പരിമിതപ്പെട്ടിരിക്കുകയാണ്. 2021 മേയ് 25-ാം തീയതി ചേർന്ന സഭായോഗം പുതിയ അദ്ധ്യക്ഷനെ വോട്ടെടുപ്പിലൂടെ തെരഞ്ഞെടുക്കുകയുണ്ടായി. മേയ് 28-ാം തീയതി ബഹുമാനപ്പെട്ട ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ സഭയിൽ നയപ്രഖ്യാപന പ്രസംഗം നടത്തുകയും മേയ് 31, ജൂൺ 1, 2 തീയതികളിലായി ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിൻമേൽ സഭ വിശദമായ ചർച്ച നടത്തുകയും തുടർന്ന് നന്ദിപ്രമേയം പാസ്സാക്കുകയും ചെയ്തു. ജൂൺ 1-ാം തീയതി സഭ പുതിയ ഡെപ്യൂട്ടി സ്പീക്കറെ എതിരില്ലാതെ തെരഞ്ഞെടുത്തു. ആകെ 12 ദിവസം യോഗം ചേർന്ന ഒന്നാം സമ്മേളന കാലയളവിൽ 7 അടിയന്തരപ്രമേയ നോട്ടീസുകളും 14 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളും 89 സബ്മിഷനുകളും സഭ മുൻപാകെ പരിഗണിക്കുകയുണ്ടായി. എല്ലാവർക്കും സൗജന്യമായി കോവിഡ്-19 വാക്സിൻ നൽകേണ്ട ആവശ്യകത സംബന്ധിച്ചും കേരളീയർക്ക് ഏറ്റവും ആത്മബന്ധമുള്ള കേന്ദ്ര ഭരണപ്രദേശമായ ലക്ഷദ്വീപിൽ നടക്കുന്ന ജനാധിപത്യവിരുദ്ധമായ പ്രവർത്തനങ്ങൾക്കെതിരെയും രണ്ട് ഗവൺമെന്റ് പ്രമേയങ്ങൾ ചട്ടം 118 പ്രകാരം ഈ സമ്മേളന കാലയളവിൽ സഭ പരിഗണിക്കുകയും ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. സമ്മേളന കാലഘട്ടത്തിൽ ആകെ 1458 രേഖകളാണ് സഭയുടെ മേശപ്പുറത്തുവയ്ക്കപ്പെട്ടത്. ഈ സമ്മേളനവുമായി ബന്ധപ്പെട്ട് 120 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 1034 നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 14 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. സഭാതലത്തിൽ 109 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും മന്ത്രിമാർ അവയ്ക്ക് മറുപടി നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി എന്നിവർ ഈ സമ്മേളന കാലത്തുതന്നെ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ എല്ലാ മന്ത്രിമാരും ഈ മാതൃക സ്വീകരിക്കേണ്ടതാണെന്നും ഇനിയും മറുപടി

നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും പൂർണ്ണമായ മറുപടി ചട്ടം അനുശാസിക്കുന്നവിധം യഥാസമയം ലഭ്യമാക്കുവാൻ ശ്രദ്ധിക്കണമെന്നും ചെയർ ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം ഇ-നിയമസഭാ പദ്ധതിയുടെ പൂർണ്ണതയ്ക്കായി എല്ലാ അംഗങ്ങളും ചോദ്യ നോട്ടീസുകൾ ഓൺലൈനായി നൽകണമെന്ന് ചെയർ ഓർമ്മിപ്പിക്കുന്നു. 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 2021 ജൂൺ 4-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും ജൂൺ 7, 8, 9 തീയതികളിലായി ബഡ്ജറ്റിനെ സംബന്ധിച്ച പൊതു ചർച്ച നടത്തുകയും ചെയ്തു. 2021-22 വർഷത്തെ ആദ്യ നാലുമാസത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായുള്ള വോട്ട് ഓൺ അക്കൗണ്ട് 14-ാം കേരള നിയമസഭതന്നെ പാസ്സാക്കിയിരുന്ന സാഹചര്യത്തിൽ തുടർന്നുവരുന്ന മൂന്ന് മാസത്തെ ചെലവുകൾക്കുടി നിർവ്വഹിക്കുന്നതിലേയ്ക്കായുള്ള രണ്ടാമത്തെ വോട്ട് ഓൺ അക്കൗണ്ട് ഇന്ന് സഭ ചർച്ച ചെയ്ത് പാസ്സാക്കുകയും അതുസംബന്ധിച്ച ധനവിനിയോഗ ബില്ലിന് അംഗീകാരം നൽകുകയും ചെയ്തു.

ഈ സമ്മേളന കാലയളവിൽ നിയമനിർമ്മാണത്തിനായി ലഭ്യമായ സമയം ഉപയോഗപ്പെടുത്തിക്കൊണ്ട് കാലികപ്രാധാന്യമുള്ള 2021-ലെ കേരള സാംക്രമിക രോഗ ബിൽ സഭയിൽ അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെതന്നെ വിശദമായി ചർച്ചചെയ്ത് ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. 2021-ലെ കേരള ധനകാര്യബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ ഇന്ന് സഭയിൽ അവതരിപ്പിക്കുകയും ചെയ്തു. ചട്ടം 167 പ്രകാരം 2020 -ലെ കേരള പോലീസ് ചട്ടങ്ങൾക്കുള്ള ഒരു ഭേദഗതി നോട്ടീസും സഭ ഇന്ന് പരിഗണിക്കുകയുണ്ടായി. ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്കായി ഈ മാസം 16-ാം തീയതി മുതൽ സബ്ജക്ട് കമ്മിറ്റികൾ യോഗം ചേരേണ്ടതുണ്ട്. അതിനായി അംഗീകരിച്ച് വിതരണം നടത്തിയിട്ടുള്ള സബ്ജക്ട് കമ്മിറ്റികളുടെ യോഗവിവര സമയ പട്ടികപ്രകാരം എല്ലാ കമ്മിറ്റികളുടേയും സൂക്ഷ്മ പരിശോധനാ നടപടിക്രമങ്ങൾ ജൂലൈ 5-ാം തീയതിക്കുമുൻപായി പൂർത്തീകരിക്കേണ്ടതുണ്ട്. പ്രസ്തുത കാലയളവിനുള്ളിൽ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയാ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (K-LAMPS)-ന്റെ ആഭിമുഖ്യത്തിൽ അംഗങ്ങൾക്കുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. അതുസംബന്ധിച്ച വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്. എല്ലാ അംഗങ്ങളും പ്രത്യേകിച്ച് പുതിയതായി നിയമസഭാംഗമായവർ നിർബന്ധമായും പരിശീലന പരിപാടികളിൽ പങ്കെടുക്കേണ്ടതാണ്.

12 ദിവസം നീണ്ടുനിന്ന ഈ ഒന്നാം സമ്മേളനം ഇന്ന് സമാപിക്കുമ്പോൾ സമ്മേളന നടപടികളുമായി അങ്ങേയറ്റം സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, മറ്റ് സഭാംഗങ്ങൾ എന്നിവരോട്

ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടപടികൾ റിപ്പോർട്ട് ചെയ്യാൻ എത്തിച്ചേർന്നിട്ടുള്ള മാധ്യമ പ്രവർത്തകരോടും സമ്മേളന നടപടികളുമായി ബന്ധപ്പെട്ട ഔദ്യോഗികവും അനൗദ്യോഗികവുമായ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സഹകരിച്ച നിയമസഭാ സെക്രട്ടേറിയറ്റുൾപ്പെടെ എല്ലാ വകുപ്പ് ജീവനക്കാരോടുമുള്ള നന്ദിയും ചെയർ രേഖപ്പെടുത്തുന്നു.

ഓർഡർ.....ഓർഡർ....സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ സഭ വൈകുന്നേരം 6.23-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

## SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.8019/Table-1/2021/Leg. Dated,Thiruvananthapuram, 11th June, 2021

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the First Session of the Fifteenth Kerala Legislative Assembly with effect from June 10, 2021 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം 2021 ജൂൺ 10-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചത് മുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

S. V. Unnikrishnan Nair,

Secretary, Legislative Assembly.

## അനുബന്ധം - I

പതിനാലാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ

31-10-2019-ലെ നക്ഷത്ര ചിഹ്നമിടാത്ത 1419-ാം നമ്പർ ചോദ്യത്തിന്റെ

തിരുത്തിയ ഉത്തരം

(എ) ഹരിപ്പാട് മെഡിക്കൽ കോളേജിനുവേണ്ടി 05.5574 ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തിരുന്നത്.

(ബി) നഷ്ടപരിഹാരത്തുകയായി ഓരോരുത്തർക്കും നൽകിയ നഷ്ടപരിഹാര ത്തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉഭയകക്ഷി സമ്മതപ്രകാരം ഏറ്റെടുത്ത വസ്തുക്കൾ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയുടെ പേർക്കാണ് ആധാരം ചെയ്തിട്ടുള്ളത്. ഏറ്റെടുത്ത സ്ഥലം കയ്യേറ്റക്കാരിൽനിന്നും സംരക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഹരിപ്പാട് മെഡിക്കൽ കോളേജിനായി ഏറ്റെടുത്തിരുന്ന ഭൂമിക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ആവശ്യപ്പെട്ടതിനെതുടർന്ന് പ്രസ്തുത എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ ആലപ്പുഴ പൊതുമരാമത്ത് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 29-11-2017, 7-5-2018 എന്നീ തീയതികളിൽ ആലപ്പുഴ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 26-6-2019-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് ആലപ്പുഴ പൊതുമരാമത്ത് (കെട്ടിട വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 14-10-2020, 15-10-2020 എന്നീ തീയതികളിലെ എ 7-272/2018 നമ്പർ കത്ത് പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയുണ്ടായി.

(ഇ) വസ്തുവിന് നഷ്ടപരിഹാരത്തുക ലഭിച്ച 6 കുടുംബങ്ങൾ ഇപ്പോഴും വസ്തു മെഡിക്കൽ കോളേജിന് നൽകാതെ കൈവശം വച്ച് താമസിച്ചുവരുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അനുബന്ധം - II

(1) അഗ്നിസുരക്ഷാ നിലയത്തിന് പുതിയ കെട്ടിടം എന്ന വിഷയം സംബന്ധിച്ച് ഡോ. എം. കെ. മുനീർ, എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

നരിക്കുനി അഗ്നിരക്ഷാനിലയം താൽക്കാലികമായി ചെമ്പക്കുന്ന് എന്ന സ്ഥലത്ത് വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്ക് 18 സെന്റ് സ്ഥലം നരിക്കുനി ഗ്രാമപഞ്ചായത്ത് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. ബിൽഡിംഗ് പ്ലാൻ കോഴിക്കോട് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷന്റെ പരിശോധനയിലാണ്. അത് വേഗത്തിൽ പൂർത്തിയാക്കി കെട്ടിടനിർമ്മാണം ആരംഭിക്കുന്നകാര്യം പരിശോധിക്കാവുന്നതാണ്.

(2) കായലുകളിൽ എക്കൽ അടിയുന്നതുമൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), എം.എൽ.എ.-യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

2021-ലെ കാലവർഷ-തുലാവർഷ മുന്നൊരുക്കത്തിന്റെ ഭാഗമായുള്ള ദുരന്ത പ്രതികരണ മാർഗ്ഗരേഖയിൽ പ്രളയത്തിൽ വന്ന് അടിഞ്ഞിട്ടുള്ള മാലിന്യം, മണ്ണ്, എക്കൽ, മണൽ, പാറ, മരങ്ങൾ എന്നിവയുടെ മിശ്രിതം മാറ്റുവാനുള്ള പൊതുനിർദേശം നൽകിയിട്ടുണ്ട്. എല്ലാ ജില്ലാ അതോറിറ്റികൾക്കും മുൻ വർഷങ്ങളിലുണ്ടായ പ്രളയങ്ങളിലും ഉരുൾപൊട്ടലിലും അടിഞ്ഞുകൂടിയ എക്കൽ മാറ്റി വെള്ളത്തിന്റെ ഒഴുക്ക് സുഗമമാക്കുവാൻ ഇതുവഴി കഴിയും. ഇതിനാവശ്യമായ തുക കണക്കാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ശിപാർശയോടെ ദുരിതാശ്വാസ കമ്മീഷണർക്ക് സമർപ്പിക്കുന്നമുറയ്ക്ക് അനുമതി ലഭ്യമാക്കി പ്രവർത്തനം ആരംഭിക്കാൻ കഴിയും. ഇതോടൊപ്പം വന്നടിഞ്ഞിട്ടുള്ള മാലിന്യങ്ങൾ മാറ്റി ജലഗതാഗതം സുഗമമാക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. മാറ്റുന്ന മാലിന്യങ്ങൾ ഇടാനായി പ്രത്യേകം സ്ഥലം കണ്ടെത്തി എത്രയുംവേഗം ഈ പ്രവൃത്തി നടത്തുവാനാണ് സർക്കാർ ശ്രമിക്കുന്നത്.

(3) കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ സംബന്ധിച്ച ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. രാജൻ നൽകിയ മറുപടി

കൊണ്ടോട്ടി താലൂക്കിന് മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് കണ്ടെത്തിയ റീസർവ്വേ 376/1-ൽപ്പെട്ട 50 സെന്റ് സ്ഥലം നെൽവയൽ ആയതിനാൽ മറ്റൊരു കരഭൂമി കണ്ടെത്തുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമിയും കൊണ്ടോട്ടി

വില്ലേജിലെ കൊളത്തൂർ എന്ന സ്ഥലത്ത് ടിഗർ ലോജിസ്റ്റിക് എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള ഭൂമി കണ്ടെത്തുകയും കൊണ്ടോട്ടി മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമി സർവ്വേ ചെയ്ത് ശരിയായ വിസ്തീർണ്ണം കണക്കാക്കുന്നതിനും ടിഗർ ലോജിസ്റ്റിക് പ്രൈവറ്റ് ലിമിറ്റഡിന്റെ കൈവശത്തിലുള്ള വിവിധ സർവ്വേ നമ്പറുകളിലുള്ള ഭൂമിയുടെ ഫെയർ വാല്യൂ നോക്കി എൽ.എ.ആർ.ആർ. ആക്ട് (ലാൻഡ് അക്വിസിഷൻ റീഹാബിലിറ്റേഷൻ ആൻഡ് റീ സെറ്റിൽമെന്റ്) പ്രകാരം ഒരു സെന്റ് ഭൂമിക്ക് എത്ര വില വരുന്നുണ്ടെന്നും ലൊക്കേഷൻപ്രകാരം സെന്റിന് എത്ര രൂപ നൽകാമെന്നും മിനി സിവിൽ സ്റ്റേഷന് എത്ര നില വരെയുള്ള കെട്ടിടം പണിയാൻ കഴിയുമെന്ന് കണ്ടെത്തുന്നതിനും കൊണ്ടോട്ടി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു.

കൊണ്ടോട്ടി മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന ഭൂമിയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി 0.9803 ഹെക്ടർ ഭൂമികൂടി ഏറ്റെടുക്കേണ്ടിവരുമെന്നും ടി ഭൂമിയിൽ രണ്ട് നിലകളോടുകൂടിയ കെട്ടിടം മാത്രമേ നിർമ്മിക്കുവാൻ സാധിക്കുകയുള്ളൂവെന്നത് ഭാവിയിൽ കൂടുതൽ ഓഫീസുകളെ ഉൾക്കൊള്ളിക്കുന്നതിന് പരിമിതിയാണെന്നും ആയതിനാൽ പ്രസ്തുത ഭൂമി മിനി സിവിൽ സ്റ്റേഷനുവേണ്ടി പരിഗണിക്കേണ്ടതില്ലെന്നും കൊണ്ടോട്ടി തഹസിൽദാർ റിപ്പോർട്ട് സമർപ്പിച്ചു.

മറ്റൊരു ഭൂമിയായ കൊണ്ടോട്ടി വില്ലേജിലെ കൊളത്തൂർ എന്ന സ്ഥലത്ത് ടിഗർ ലോജിസ്റ്റിക് എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള ഭൂമിയുടെ രേഖകളും സ്കെച്ചും ഹാജരാക്കുന്നതിന് ടി സ്ഥാപന ഉടമകൾ കൂടുതൽ സമയം ആവശ്യപ്പെട്ടതിനാലും തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിന്റേയും നിയമസഭാ തെരഞ്ഞെടുപ്പിന്റെയും കോവിഡ് മഹാമാരിയുടേയും പശ്ചാത്തലത്തിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യം ചർച്ചചെയ്യാനായി ബന്ധപ്പെട്ടവരുടെ ഒരു പ്രത്യേക യോഗം അടിയന്തരമായി വിളിച്ചു ചേർക്കുന്നതാണ്.

(4) കുട്ടനാട് കുടിവെള്ള പദ്ധതി സംബന്ധിച്ച ശ്രീ. തോമസ് കെ. തോമസ്, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ നൽകിയ മറുപടി

കുട്ടനാട്ടിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് രണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 13-ാം ധനകാര്യ കമ്മീഷനിൽ ഘട്ടം 1-ൽ ഉൾപ്പെടുത്തി 28-12-2013-ൽ 70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഘട്ടം 2-ൽ കിഫ്ബിയുടെ ധനസഹായത്തോടുകൂടി 25-6-2019-ൽ 289.54 കോടി രൂപയുടെ പദ്ധതിക്ക് കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കുവേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ രണ്ട് പദ്ധതികളുടേയും നിലവിലെ സ്ഥിതി താഴെ ചേർക്കുന്നു :

## കുട്ടനാട് കുടിവെള്ള പദ്ധതി - ഘട്ടം 1

13-ാം ധനകാര്യ കമ്മീഷനിൽ 28-12-2013-ൽ 70 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തി 3 പാക്കേജുകളിലായാണ് ക്രമീകരിച്ചിരിക്കുന്നത്. ഇതിൽ ഒന്നാം പാക്കേജായ നീരേറ്റുപുറം ജലശുദ്ധീകരണ ശാലയിൽനിന്നും മാമ്പഴക്കരി വരെയുള്ള 800 എം.എം.എച്ച്.ഡി.പി.ഇ. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്ത് നിലവിൽ രാമങ്കരി, പുളിങ്കുന്ന്, പഞ്ചായത്തുകളിലേയ്ക്ക് ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പാക്കേജ് 1-ൽ തന്നെയുൾപ്പെടുത്തി പള്ളിക്കൂട്ടുമ്മ മുതൽ കാവാലം വരെ സ്ഥാപിച്ചിട്ടുള്ള 315 എം.എം., 225 എം.എം. പൈപ്പ്ലൈനുകൾ കമ്മീഷൻ ചെയ്ത് ജലവിതരണം നടത്തുന്നുണ്ട്. എന്നാൽ കിഫ്ബി പദ്ധതി പൂർത്തീകരിച്ചാൽ മാത്രമേ പൂർണ്ണതോതിൽ ജലവിതരണം സാധിക്കുകയുള്ളൂ.

പാക്കേജ് 2-ന്റെ ഭാഗമായി കിടങ്ങറയിൽനിന്നും നീലംപേരൂർ വരെ 500 എം.എം 200 എം.എം. എച്ച്.ഡി.പി.ഇ. പൈപ്പ്ലൈനുകളും എടത്വായിൽനിന്നും വീയപുരം വരെ 355 എം.എം. 2000 എം.എം. എന്നീ പൈപ്പ്ലൈനുകളും സ്ഥാപിച്ചിട്ടുള്ളതാണ്. 25-6-2019-ൽ കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ച കുട്ടനാട് പ്രോജക്ടിന്റെ ശുദ്ധീകരണശാലയും ട്രാൻസ്മിഷൻ ലൈനും പൂർത്തിയായാൽ മാത്രമേ ഈ ലൈനുകളിലേയ്ക്കും പൂർണ്ണതോതിൽ പമ്പ് ചെയ്യാൻ ആവശ്യമായ ശുദ്ധജലം ലഭിക്കുകയുള്ളൂ.

പാക്കേജ് 3-ന്റെ ഭാഗമായി 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി തകഴിയിൽ നിർമ്മിക്കുകയും തകഴി 62 എം.എൽ.ഡി. ശുദ്ധീകരണശാലയിൽ പമ്പ് ഹൗസ് നിർമ്മിച്ച് പമ്പ് സെറ്റുകൾ സ്ഥാപിച്ച് ടി ജലസംഭരണി കമ്മീഷൻ ചെയ്യുകയും നിലവിൽ തകഴിയിലുള്ള വിതരണ ശൃംഖലയുമായി കൂട്ടിയോജിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആറ് പഞ്ചായത്തുകളിലായി 46 കി.മീ. വിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 36 കി.മീ. പൂർത്തീകരിച്ചു. സ്ഥാപിച്ച പൈപ്പ്ലൈനുകളുടെ ട്രയൽ റണ്ണിംഗും കമ്മീഷണിംഗ് പ്രവൃത്തികളും നടന്നുവരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ പൈപ്പ്ലൈനുകൾ സ്ഥാപിക്കുന്നതിനും പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ട 68,15,186 രൂപ 5-3-2021-ൽ അടച്ചെങ്കിലും റോഡ് മുറിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടില്ല. ഈ ആവശ്യത്തിലേയ്ക്കായി പൊതുമരാമത്ത് വകുപ്പുമായി നിരന്തരം ബന്ധപ്പെടുകയും 20-5-2021-ൽ വീണ്ടും കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. തകഴി റെയിൽവേ ലൈൻ ക്രോസ്സ്ചെയ്ത് പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള ജോയിന്റ് ഇൻസ്പെക്ഷൻ 24-4-2021-ൽ പൂർത്തിയാക്കിയെങ്കിലും റെയിൽ അനുമതി ലഭിച്ചിട്ടില്ല. അനുമതികൾ ലഭ്യമായാൽ ഒരു മാസം കൊണ്ട് പൈപ്പ്ലൈനുകൾ സ്ഥാപിച്ച് കമ്മീഷണിംഗ് പൂർത്തീകരിക്കുന്നതാണ്. വെളിയനാട്, വീയപുരം എന്നീ

പഞ്ചായത്തുകളിൽ സ്ഥാപിച്ച വിതരണ ശൃംഖല ചാർജ്ജ് ചെയ്ത് കമ്മീഷൻ ചെയ്തു വരുന്നു. തകഴി പഞ്ചായത്തിലെ പൈപ്പ്ലൈനുകൾ പൂർണ്ണമായും ചാർജ് ചെയ്യാൻ റെയിൽവെ ട്രാക്ക് ക്രോസ് ചെയ്ത് പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കിഫ്ബിയുടെ പുതിയ ജലശുദ്ധീകരണശാലയും അനുബന്ധ ട്രാൻസ്മിഷൻ ലൈനുകളും സ്ഥാപിച്ചാൽ മാത്രമേ തലവടി, മുട്ടാർ, നീലംപേരൂർ പഞ്ചായത്തുകളിൽ സ്ഥാപിച്ച പൈപ്പ്ലൈനുകൾ ചാർജ്ജ് ചെയ്യാനാവശ്യമായ ശുദ്ധജലം ലഭിക്കുകയുള്ളൂ.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ 55.70 കോടി രൂപ ചെലവായിട്ടുണ്ട്.

<u>കുട്ടനാട് കുടിവെള്ള പദ്ധതി ഘട്ടം -2</u>

കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കുവേണ്ടി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 25-6-2019-ൽ 289.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 13 പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 30 ദശലക്ഷം ലിറ്റർ ജലശുദ്ധീകരണശേഷിയുള്ള ഒരു ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. പമ്പാനദി സ്രോതസ്സായുള്ള ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ നീരേറ്റുപുറത്ത് ഇൻടേക്ക് സ്ട്രക്ചർ, റോവാട്ടർ പമ്പിംഗ് മെയിൻ, 30 ദശലക്ഷം പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണശാലയും 13 ഉന്നതതല ജലസംഭരണികളും 46.02 കിലോമീറ്റർ ട്രാൻസ്മിഷൻ മെയിനും 895 കിലോമീറ്റർ വിതരണ ശൃംഖലയുമാണ്.

ജലശുദ്ധീകരണശാലയും ഉന്നതതല ജലസംഭരണികളും നിർമ്മിക്കുന്നതിനാവശ്യമായ തുക ടി പദ്ധതിയിൽത്തന്നെ വകയിരുത്തിയിട്ടുണ്ട്. അതായത് പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ പണം പഞ്ചായത്തുകൾ നൽകേണ്ടതില്ല. തകഴി, എടത്വാ, തലവടി, മുട്ടാർ, രാമങ്കരി, കാവാലം പഞ്ചായത്തുകളിൽ കേരള വാട്ടർ അതോറിറ്റിക്ക് സ്വന്തമായുള്ള സ്ഥലത്തുതന്നെയാണ് ഉന്നതതല ജലസംഭരണികൾ നിർമ്മിക്കുന്നത്. നീലംപേരൂർ പഞ്ചായത്ത് ജലസംഭരണി നിർമ്മിക്കുന്നതിനായുള്ള സ്ഥലം ഏറ്റെടുത്ത് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് ശുദ്ധീകരണശാല സ്ഥാപിക്കുന്നതിന് കേരള ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിനോട് ചേർന്ന് 125 സെന്റ് സ്ഥലം ആവശ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവായിട്ടുണ്ട്. വെളിയനാട് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി

20 സെന്റ് സ്ഥലവും പുളിങ്കുന്ന് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെന്റ് സ്ഥലവും ഏറ്റെടുക്കുന്നതിനുള്ള സർക്കാർ ഉത്തരവുമായിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരമുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കേണ്ടത് തഹസിൽദാർ, കിഫ്ബി ലാൻഡ് അക്വിസിഷൻ, കായംകുളമാണ്. പ്രസ്തുത ആവശ്യത്തിലേയ്ക്കായുള്ള പണം കിഫ്ബിയിൽനിന്നാണ് ലഭ്യമാക്കുന്നത്. കൂടാതെ ടി സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് വെറ്റ് ലാൻഡ് കൺവേർഷൻ അനുമതി ലഭ്യമാക്കേണ്ടതിനുള്ള അപേക്ഷകളും രേഖകളും കൃഷി ഭവനിൽ സമർപ്പിച്ചിട്ടുണ്ട്.

ഉന്നതതല ജലസംഭരണികൾ നിർമ്മിക്കുന്നതിനുവേണ്ടി നെടുമുടി പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് സ്ഥലവും വീയപുരം പഞ്ചായത്തിന്റെ അധീനതയിലുള്ള പുറമ്പോക്ക് സ്ഥലവും ചമ്പക്കുളം പഞ്ചായത്തിലെ ആരോഗ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലവുമാണ് കേരള ജല അതോറിറ്റിക്ക് വിട്ടുകിട്ടേണ്ടത്. കൈനകരി പഞ്ചായത്തിന് സ്വകാര്യ വ്യക്തി വിട്ടുനൽകിയ സ്ഥലമാണ് കേരള ജല അതോറിറ്റിക്ക് നൽകേണ്ടത്. സ്ഥലം കൈമാറുന്നതിനായുള്ള കത്തുകൾ നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ട സ്ഥലങ്ങൾ പഞ്ചായത്തുകൾ പണം മുടക്കി വാങ്ങേണ്ടതില്ല.

ഈ പദ്ധതിയുടെ നടത്തിപ്പിന് പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കട്ടിംഗ് അനുവാദത്തിനായി റൈറ്റ് വെ ഓഫ് പോർട്ടലിൽ 1-5-2021, 3-5-2021, 6-5-2021 എന്നീ തീയതികളിൽ 31.35 കി.മീ.-ന്റെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 12.01 കി.മീ. റോഡിന്റെ ജോയിന്റ് ഇൻസ്പെക്ഷൻ 25-5-2021, 28-5-2021 എന്നീ തീയതികളിലായി നടന്നിട്ടുണ്ട്. കുട്ടനാട് കിഫ്ബി പദ്ധതിയുൾപ്പെടെ ആലപ്പുഴ ജില്ലയിലെ കിഫ്ബി ധനസഹായത്തോടുകൂടിയുള്ള എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി 29-9-2020 മുതൽ ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ആലപ്പുഴ പഴവങ്ങാടിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ പദ്ധതിയുടെ മോണിറ്ററിംഗ് കൃത്യമായ ഇടവേളകളിൽ വിവിധ തലങ്ങളിൽ നടത്തി വരുന്നുണ്ട്.

ത്രിതല പഞ്ചായത്ത് പ്രതിനിധികളും മറ്റ് ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന മീറ്റിംഗ് വിളിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. പദ്ധതിക്കാവശ്യമായ സ്ഥലങ്ങൾ ലഭ്യമാകുന്നമുറയ്ക്കും വിവിധ ഏജൻസികളിൽനിന്നും പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുവാദം ലഭ്യമാകുന്നമുറയ്ക്കും സാങ്കേതികാനുമതി നൽകി പ്രവൃത്തി ക്രമീകരിക്കുന്നതാണ്.

(5) കാട്ടുപന്നിയെ വെർമിൻ ആയി പ്രഖ്യാപിക്കൽ എന്ന വിഷയം സംബന്ധിച്ച ശ്രീ. ലിന്റോ ജോസഫ്, എം.എൽ.എ.-യുടെ സബ്മിഷന് വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ നൽകിയ മറുപടി

മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ഈയടുത്ത കാലത്തായി വർദ്ധിച്ചുവരുന്നതായി കണ്ടുവരുന്നുണ്ട്. വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും കടന്നുകയറി കാർഷിക വിളകൾക്കും ജീവനുതന്നെയും ഭീഷണിയാകുന്നതായ നിരവധി പരാതികൾ ലഭിക്കുന്നുണ്ട്. പ്രധാനമായും കാട്ടാന, കാട്ടുപന്നി, മാൻ, കുരങ്ങ് എന്നീ വന്യമൃഗങ്ങളാണ് കാർഷിക വിളകൾ നശിപ്പിക്കുന്നതായി കണ്ടുവരുന്നത്. വനാതിർത്തികളിൽ പൊതുവെ ഉണ്ടെങ്കിലും മനുഷ്യ-വന്യജീവി സംഘർഷം ഗണ്യമായി അനുഭവപ്പെടുന്നത് പാലക്കാട്, വയനാട്, കോഴിക്കോട്, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിലാണ്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലികളും ആന പ്രതിരോധ മതിലുകളും കിടങ്ങുകളും ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗും ആവശ്യാനുസരണം നിർമ്മിച്ചുവരുന്നു. നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ ജില്ലകളിൽ 13 റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ കാട്ടാനപ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമെ വന്യജീവികൾമൂലം കൃഷിനാശം, സ്വത്ത് നാശം, പരിക്ക്, ജീവഹാനി എന്നിവയുണ്ടാകുമ്പോൾ നഷ്ടപരിഹാരം നൽകുന്നതിനായി 1980-ൽ നിയമനിർമ്മാണം നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിള നാശത്തിന് 8-1-2015-ലെ സ.ഉ.നമ്പർ (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയുന്നപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. ജീവഹാനി, പരിക്ക്, സ്വത്ത് നാശം, അംഗവൈകല്യം എന്നിവയുണ്ടാകുന്നവർക്ക് 5-4-2018-ലെ സ.ഉ.(കൈ)നമ്പർ 17/2018/വനം ഉത്തരവുപ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. എല്ലാവർഷവും 10 കോടിയോളം രൂപ ഈ ഇനത്തിൽ വനം വകുപ്പ് നൽകിവരുന്നുണ്ട്. ഇന്ത്യയിൽത്തന്നെ ഇപ്രകാരം ഉയർന്ന നിരക്കിലുള്ള നഷ്ടപരിഹാരം നൽകുന്ന സംസ്ഥാനമാണ് കേരളം.

കാട്ടുപന്നികൾ ജനവാസ മേഖലയിലും കൃഷിയിടങ്ങളിലും ഇറങ്ങി നാശം വരുത്തുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18-5-2020-ലെ സ.ഉ.111/2020/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതുപ്രകാരം അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർ ജനജാഗ്രതാ സമിതികളുമായി ചർച്ചചെയ്ത് ലൈസൻസുള്ള തോക്ക് കൈവശമുള്ളവരുടെ പാനൽ തയ്യാറാക്കി ശല്യക്കാരായ കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നുണ്ട്. നാളിതുവരെയായി വിവിധ

സർക്കിളുകളുടെ അധികാരപരിധിയിൽ വരുന്ന സ്ഥലങ്ങളിൽനിന്നും ശല്യക്കാരായ 123 കാട്ടുപന്നികളെ വെടിവച്ച് കൊന്നിട്ടുണ്ട്. ഈ ഉത്തരവിന്റെ കാലാവധി 29-5-2021-ലെ സ.ഉ.(സാധാ).നമ്പർ 159/2021/വനം ഉത്തരവുപ്രകാരം 17-5-2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കാട്ടുപന്നി ശല്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കാട്ടുപന്നികളെ വന്യജീവി സംരക്ഷണ നിയമത്തിലെ അഞ്ചാം പട്ടികയിലുൾപ്പെടുത്തി വെർമിൻ ആയി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിച്ചുവെങ്കിലും വന്യജീവി സംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതിനാണ് നിർദ്ദേശിച്ചത്. ഇതുമായി ബന്ധപ്പെട്ട് വീണ്ടും കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

തിരുവമ്പാടി നിയോജകമണ്ഡലത്തിൽ 9.50 കി.മീ ദൂരത്തിൽ ഇപ്പോൾ സോളാർ ഫെൻസിംഗ് പ്രവർത്തനക്ഷമമാണ്. ഇതിൽ 6 കി.മീ. 2020-21-ൽ സ്ഥാപിച്ചതാണ്. നിലവിൽ തടസ്സപ്പെട്ടുകിടക്കുന്ന 4.5 കി. മീ. സോളാർ ഫെൻസിംഗിന്റെ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. പുതുതായി 1.6 കി. മീ. കൂടി സോളാർ ഫെൻസിംഗ് ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഇതോടെ തുഷാരഗിരി, പൊന്നാംകയം, കാടോത്തിക്കുന്ന്, മരുതിലാവ്, ചിപ്പിലിത്തോട്, വട്ടച്ചിറ എന്നീ ഭാഗങ്ങളിൽ കാട്ടാന ഇറങ്ങുന്നത് തടയാൻ കഴിയുമെന്നാണ് കരുതുന്നത്.

## (6) ലയൺ സഫാരി പാർക്ക് സംബന്ധിച്ച ശ്രീ. സി. കെ. ഹരീന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ നൽകിയ മറുപടി

1984-ൽ, നെയ്യാർ വന്യജീവി സങ്കേതത്തിൽ, തൃശ്ശൂർ മൃഗശാലയിൽ നിന്നും കൊണ്ടുവന്ന സങ്കരയിനത്തിൽപ്പെട്ട ഒരാണും മൂന്നു പെൺസിംഹങ്ങളുമായാണ് ലയൺ സഫാരി പാർക്ക് നെയ്യാർ വന്യജീവി സങ്കേതത്തിൽ ആരംഭിച്ചത്. റിസർവ്വോയറിനാൽ ചുറ്റപ്പെട്ട 10 ഏക്കർ വിസ്തീർണ്ണമുള്ള സ്ഥലത്താണ് പാർക്ക് സ്ഥിതിചെയ്യുന്നത്. കാടിനുള്ളിൽ സ്വതന്ത്രരായി വിഹരിക്കുന്ന സിംഹങ്ങളെ ബസ്സുകളിലിരുന്ന് വീക്ഷിക്കുന്ന ടൂറിസ്റ്റുകൾക്ക് മൃഗശാലകളിൽനിന്നും വേറിട്ട ഒരനുഭവം കാഴ്ചവയ്ക്കുന്ന തരത്തിലാണ് സഫാരി പാർക്കായി വിഭാവനം ചെയ്തത്. 1985 ജനുവരി മാസം വിനോദ സഞ്ചാരികൾക്കായി തുറന്നുകൊടുത്ത ഈ പാർക്ക് സാങ്കേതിക കാരണങ്ങളാൽ പൂട്ടിപ്പോയെങ്കിലും 1992-ൽ പുനരാരംഭിക്കുകയുണ്ടായി.

പ്രായാധിക്യത്താലും മറ്റും പാർക്കിലുണ്ടായിരുന്ന സിംഹങ്ങൾ മരണപ്പെട്ടതിനെത്തുടർന്ന് 2019-ൽ ഗുജറാത്തിലെ ജുനഗഡ് ജില്ലയിലെ സക്കർബാഗ് (Zakkerbag) മൃഗശാലയിൽനിന്നും ഏഷ്യൻ ഇനത്തിൽപ്പെട്ട (Asiatic lion) ഒരാൺ

സിംഹത്തെയും ഒരു പെൺ സിംഹത്തെയും കൊണ്ടുവരികയുണ്ടായി. നിരീക്ഷണത്തിൽ കഴിയുമ്പോൾത്തന്നെ ഒരു മാസത്തിനകം പെൺസിംഹം മരണപ്പെട്ടു. തുടർന്ന് ആൺസിംഹത്തെ നെയ്യാറിലെ ലയൺ സഫാരി പാർക്കിലേയ്ക്ക് കൊണ്ടുവന്നെങ്കിലും 2021 മേയ് 18-ാം തീയതി ആയതും മരണപ്പെടുകയുണ്ടായി. നെയ്യാറിലെ ലയൺ സഫാരിയിൽ തന്നെ ജനിച്ചുവളർന്ന പെൺ സിംഹം 2-6-2021-ൽ മരണപ്പെട്ടതോടെ പാർക്കിൽ ഇപ്പോൾ സിംഹങ്ങളൊന്നും അവശേഷിക്കുന്നില്ല. ടി പാർക്കിൽ ജോലി നോക്കിയിരുന്ന നാലുപേരെ മാൻ പാർക്കിലേയ്ക്കും മുതല പാർക്കിലേയ്ക്കും പുനർവിന്യസിച്ചിട്ടുണ്ട്.

കേന്ദ്ര മൃഗശാല അതോറിറ്റി (CZA) സഫാരി പാർക്കായി നിഷ്കർഷിക്കുന്ന സ്ഥല വിസ്തൃതി ഈ സഫാരി പാർക്കിൽ ലഭ്യമല്ല. ഇതിൽ ഇളവ് വരുത്തുന്നതിനുള്ള അപേക്ഷയിൽ കേന്ദ്ര മൃഗശാലാ അതോറിറ്റിയിൽനിന്നും അനുകൂലമായ തീരുമാനം ലഭിക്കുന്നമുറയ്ക്ക് പാർക്ക് പ്രവർത്തനക്ഷമമാക്കാവുന്നതാണ്.

(7) മത്സ്യബന്ധന യാനങ്ങൾക്കാവശ്യമായ മണ്ണെണ്ണ സംബന്ധിച്ച ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.-യുടെ സബ്മിഷന് മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാൻ നൽകിയ മറുപടി

I സബ്സിഡി മണ്ണെണ്ണയുടെ വിതരണം (PDS)

കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷത്തിലെ രണ്ടാം പാദം മുതൽ സബ്സിഡി മണ്ണെണ്ണയുടെ പാദവിഹിതം 9264 KL ആയി വെട്ടിക്കുറച്ചാണ് നൽകിവരുന്നത്. ആയതിനാൽ സ്റ്റോക്കിന്റെ അപര്യാപ്തതമൂലം സബ്സിഡി മണ്ണെണ്ണയുടെ വിതരണത്തിൽ പ്രതിസന്ധിയുണ്ടാകുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

2021-2022 സാമ്പത്തികവർഷം ആദ്യം മുതൽ മൂന്ന് മാസം വീതമുള്ള ഓരോ പാദത്തിലും നിലവിൽ ലഭിക്കുന്ന മണ്ണെണ്ണ വീണ്ടും വെട്ടിക്കുറച്ചത് 6480 KL ആണ്. യഥാർത്ഥത്തിൽ വേണ്ടത് 13900.344 KL ആണ്. യഥാർത്ഥ ആവശ്യകതയിൽ നിന്നും 7420.344 KL കുറവ്. ആയതിനാൽ കിട്ടുന്ന മണ്ണെണ്ണ AAY, PHH എന്നീ രണ്ട് വിഭാഗക്കാർക്ക് മാത്രമായി വിതരണം ചെയ്തുവരികയാണ്. ടി സാഹചര്യം കണക്കിലെടുത്ത് സബ്സിഡി മണ്ണെണ്ണയുടെ വിതരണം ത്രൈമാസമായി മാറ്റി നിശ്ചയിച്ചാണ് വിതരണം നടത്തിവരുന്നത്.

<u>ത്രൈമാസ വിതരണ ക്രമം ചുവടെ ചേർക്കുന്നു</u> :

എ.എ.വൈ., പി.എച്ച്.എച്ച്. - 1 ലിറ്റർ മൂന്ന് മാസത്തിലൊരിക്കൽ

എൻ.പി.എസ്., എൻ.പി.എൻ.എസ്. - ½ ലിറ്റർ മൂന്ന് മാസത്തിലൊരിക്കൽ

എൻ.ഇ. കാർഡ് - 8 ലിറ്റർ മൂന്ന് മാസത്തിലൊരിക്കൽ

ഇങ്ങനെയാണ് നിലവിൽ സബ്സിഡി മണ്ണെണ്ണയുടെ വിതരണം നടത്തുന്നത്. ആയതിനാൽ സബ്സിഡി മണ്ണെണ്ണ (PDS) നിലവിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നില്ല.

II <u>സബ്സിഡി രഹിത മണ്ണെണ്ണ (Non subsidy PDS)</u>

കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന സബ്സിഡി രഹിത മണ്ണെണ്ണ സംസ്ഥാനത്ത് മത്സ്യബന്ധന മേഖല, കാർഷികമേഖലയുൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനായി വിനിയോഗിക്കുന്നു. ടി മണ്ണെണ്ണ ജില്ലകൾക്ക് പ്രതിമാസ അലോട്ട്മെന്റുകളായി നൽകിവരുന്നു. നിലവിലുള്ള ഫിഷിംഗ് പെർമിറ്റുകളുടെയും കാർഷിക പെർമിറ്റുകളുടെയും മറ്റ് പെർമിറ്റുകളുടെയും അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷത്തിലേയ്ക്ക് വേണ്ടിവരുന്ന സബ്സിഡി രഹിത മണ്ണെണ്ണയുടെ ആവശ്യകത 25344 KL ആണ്. കേന്ദ്രസർക്കാരിൽനിന്നും ഒരു മാസ ക്വാട്ടയായി 3084 KL മാർച്ച് ആദ്യം ലഭ്യമായിരിന്നു. ഇത് കഴിഞ്ഞുള്ള 22260 KL ലഭിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

- 2020-21 സാമ്പത്തിക വർഷത്തിൽ 11640 KL മണ്ണെണ്ണയാണ് കേന്ദ്ര സർക്കാർ സബ്സിഡി രഹിത മണ്ണെണ്ണയായി അനുവദിച്ചത്. ഇത് ജില്ലകൾക്ക് അനുവദിച്ച് നൽകിയിരുന്നു.
- മണ്ണെണ്ണ മൊത്തവിതരണക്കാർ (KWD) മുഖേനയാണ് മത്സ്യബന്ധനത്തി നാവശ്യമായ മണ്ണെണ്ണ പെർമിറ്റ് ഉടമകൾക്ക് ലഭിക്കുന്നത്. നിലവിലെ വില അടിസ്ഥാനത്തിൽ 44 രൂപയാണ് ഒരു ലിറ്റർ മണ്ണെണ്ണയുടെ വില. നിലവിലുള്ള ഫിഷിംഗ് പെർമിറ്റുകളുടെ എഞ്ചിനുകളുടെ HP അനുസരിച്ചാണ് പ്രതിമാസം മണ്ണെണ്ണയുടെ അളവ് നൽകുന്നത്. ടി അളവ് ചുവടെ ചേർക്കുന്നു :

| | |
|---|---|
| 10 HP | 129 Ltr |
| 10 HP to 15 HP | 136 Ltr |
| 15 HP-യ്ക്ക് മുകളിൽ | 180 Ltr |

15582 പെർമിറ്റുകൾക്കാണ് ഇപ്പോൾ സബ്സിഡി രഹിത മണ്ണെണ്ണ നൽകിവരുന്നത്.

III. മത്സ്യഫെഡ് വഴി നൽകുന്ന നോൺ പി.ഡി.എസ്. മണ്ണെണ്ണ

2015-16 മുതൽ മത്സ്യഫെഡ്, പൊതുമേഖല എണ്ണ കമ്പനികളായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ (IOC), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ (HPCL), ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (BPCL) എന്നിവരുടെ സഹകരണത്താൽ 9 തീരദേശ ജില്ലകളിലായി 13 മണ്ണെണ്ണ ബങ്കുകൾ (Underground tanks) സ്ഥാപിച്ച് വെള്ള മണ്ണെണ്ണ (Non-PDS) വിതരണം ആരംഭിച്ചു. ഒരു ലിറ്ററിന് 25 രൂപ സബ്സിഡിയായി സംസ്ഥാന സർക്കാർ നൽകുന്നു. 15000 പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് (പെർമിറ്റ് ഉടമകൾ) ഇതിന്റെ പ്രയോജനം ലഭിക്കുന്നു. സബ്സിഡി തുക DBT ആയി പെർമിറ്റ് ഉടമകളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നൽകുന്നത്. മണ്ണെണ്ണ വിതരണം മത്സ്യഫെഡ് ആരംഭിച്ച സമയത്ത് മണ്ണെണ്ണയുടെ വില ലിറ്ററിന് 50-60 രൂപ നിരക്കിലായിരുന്നു. നിലവിൽ മണ്ണെണ്ണയുടെ വില 92.84 രൂപയാണ്. ഒരു പെർമിറ്റിന് എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് ലിറ്ററിന് 25 രൂപ സബ്സിഡിയിൽ 140 മുതൽ 190 വരെ ലിറ്റർ മണ്ണെണ്ണയാണ് ഒരു മാസം അനുവദിച്ചിട്ടുള്ളത്. ഇതോടൊപ്പം സബ്സിഡിയില്ലാത്ത മണ്ണെണ്ണ, എഞ്ചിൻ കുതിരശക്തിക്കനുസരിച്ച് ഒരു മാസം 230 ലിറ്റർ മുതൽ 630 ലിറ്റർ വരെ പെർമിറ്റ് ഉടമയ്ക്ക് ആവശ്യമെങ്കിൽ ലഭ്യമാക്കുന്നുണ്ട്. ഒരു വർഷം മത്സ്യഫെഡ് ബങ്കുകളിൽകൂടി 15000 മുതൽ 20000 കിലോ ലിറ്റർ വരെ മണ്ണെണ്ണ വിതരണം ചെയ്യുന്നുണ്ട്. മണ്ണെണ്ണയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും അമിത വിലമൂലമുള്ള ചൂഷണവും ഒരു പരിധിവരെ കുറയ്ക്കുന്നതിനും മത്സ്യഫെഡ് വഴിയുള്ള വെള്ള മണ്ണെണ്ണ വിതരണം സഹായിച്ചിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് Non-subsidised PDS മണ്ണെണ്ണയുടെ വിതരണം മത്സ്യഫെഡ് വഴി നടത്തുന്നതിനും ലിറ്ററിന് 25 രൂപ നിരക്കിൽ മണ്ണെണ്ണ മത്സ്യഫെഡ് വഴി ലഭ്യമാക്കുന്നതിനും തീരുമാനിച്ചിരുന്നു. ഇതുസംബന്ധിച്ച് വിവിധ തലങ്ങളിൽ (എണ്ണ കമ്പനികൾ, സിവിൽ സപ്ലൈസ്, ഫിഷറീസ്) ചർച്ചകൾ നടത്തിയിരുന്നു. എന്നാൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഓയിൽ കമ്പനികൾ, സിവിൽ സപ്ലൈസ് എന്നിവർ സൂചിപ്പിച്ചിട്ടുണ്ട്.

1. എണ്ണ കമ്പനികൾക്ക് അംഗീകൃത മണ്ണെണ്ണ മൊത്ത വിതരണക്കാർക്ക് (KWD) മാത്രമേ നൽകുന്നതിന് കഴിയുകയുള്ളൂ.

2. മത്സ്യഫെഡിനെ നേരിട്ട് മണ്ണെണ്ണ മൊത്ത വിതരണക്കാർ (KWD) ആക്കുന്ന അപേക്ഷ നൽകിയെങ്കിലും കേന്ദ്ര സർക്കാർ അനുമതി നൽകിയില്ല. (നിലവിൽ പുതുതായി ആർക്കും KWD നൽകുന്നില്ല. )

3. ഇതുസംബന്ധിച്ച് മുൻ ഫിഷറീസ് വകുപ്പുമന്ത്രി കേന്ദ്ര പെട്രോളിയം മന്ത്രിയെ പല പ്രാവശ്യം സന്ദർശിച്ച് ചർച്ച നടത്തിയിരുന്നു. ആവശ്യത്തിന് Non-subsidised PDS മണ്ണെണ്ണ നൽകാമെന്ന് കേന്ദ്രം അറിയിച്ചിരുന്നെങ്കിലും KWD-യായി മത്സ്യഫെഡിനെ നിശ്ചയിക്കുന്നതിന് അനുമതി ലഭിച്ചില്ല. റീട്ടെയിലറായി മത്സ്യഫെഡിനെ നിശ്ചയിക്കുന്നതിന് സിവിൽ സപ്ലൈസിന് തടസ്സമില്ല. എന്നാൽ നിലവിലുള്ള മണ്ണെണ്ണ മൊത്തവിതരണക്കാരിൽ (KWD) നിന്നുമാത്രമേ മണ്ണെണ്ണ വാങ്ങി മത്സ്യഫെഡിന് വിതരണം ചെയ്യുന്നതിന് സാധിക്കുകയുള്ളൂവെന്നും അറിയിച്ചു. 65 മൊത്ത വിതരണക്കാരിൽ (KWD) കൂടി വിതരണം ചെയ്യുന്ന മണ്ണെണ്ണ 13 മത്സ്യഫെഡ് ബങ്കുകൾവഴി വിതരണം നടത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. മാത്രമല്ല, അലോട്ട്മെന്റ് ലഭിക്കുന്ന KWD-യുടെ എണ്ണക്കമ്പനികളും മത്സ്യഫെഡിന്റെ ബങ്കുകൾ സ്ഥാപിച്ചിരിക്കുന്ന എണ്ണക്കമ്പനികളും പല ജില്ലകളിലും വ്യത്യസ്തമായിരിക്കും.

മേൽ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി, ഓയിൽ കമ്പനി, ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം അടിയന്തരമായി ചേരുന്നതും ബഡ്ജറ്റിൽ പ്രഖ്യാപിച്ച ലിറ്ററിന് 25 രൂപ നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കുന്ന പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനും നടപടി കൈക്കൊള്ളുന്നതാണ്.

(8) യാത്രാക്ലേശം സംബന്ധിച്ച ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു നൽകിയ മറുപടി

വിവിധ ദേശസാൽകൃത സ്കീമുകൾ നിലവിലുള്ളതിനാൽ ഗോശ്രീ ദ്വീപുകളിൽ നിന്നും എറണാകുളം നഗരത്തിലേയ്ക്ക് സ്വകാര്യ ബസ്സുകൾക്ക് കടന്നുവരുന്നതിന് നിയന്ത്രണങ്ങൾ നിലവിലുണ്ട്. 14-7-2009-ലെ 42/2009/Trans നമ്പർ ദേശസാൽകൃത സ്കീം പ്രകാരം പുതിയ പെർമിറ്റുകൾ നൽകുന്നതിനോ നിലവിലുള്ള പെർമിറ്റുകൾക്ക് ദേശസാൽകൃത റൂട്ടുകളിലേയ്ക്ക് വേരിയേഷൻ നടത്തി നൽകുന്നതിനോ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. ആയതിനാൽ സ്വകാര്യ ബസുകൾക്ക് എറണാകുളം ടൗണിലേയ്ക്ക് പുതിയ പെർമിറ്റുകൾ നൽകുന്നതിനോ നിലവിലുള്ള പെർമിറ്റുകൾക്ക് റൂട്ട് വേരിയേഷൻ നൽകുന്നതിനോ നിയമപരമായി കഴിയാത്ത സാഹചര്യമാണുള്ളത്.

നിലവിൽ എറണാകുളം ടൗണിൽനിന്നും ഗോശ്രീപാലം വഴിയും കണ്ടെയ്നർ റോഡ് വഴിയും പറവൂർ, ഗുരുവായൂർ ഭാഗത്തേയ്ക്ക് സർവ്വീസുകൾ നടത്തുന്നതിനായി മാത്രം എറണാകുളം ജെട്ടി സ്റ്റാൻഡ്, എറണാകുളം നഗരത്തെ ഗോശ്രീപാലം വഴി വൈപ്പിൻ, പറവൂർ എന്നിവിടങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനായി തുറന്നുകൊടുത്ത കാലംമുതൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തിവരികയാണ്.

2020-ൽ ലോക്ഡൗൺ നിയന്ത്രണങ്ങൾക്കുശേഷം സർവ്വീസുകൾ പുനരാരംഭിച്ചപ്പോൾ എറണാകുളം ഡിപ്പോയിൽനിന്നും ഗോശ്രീ, ചെറായി വഴി മുനമ്പം വരെയും തിരിച്ച് കളമശ്ശേരി മെഡിക്കൽ കോളേജിലേയ്ക്ക് ഒരു ബസ് ഉപയോഗിച്ച് 4 ട്രിപ്പുകളും കൊടുങ്ങല്ലൂർ ഡിപ്പോയിൽനിന്നും മൂത്തകുന്നം, ചെറായി, ഞാറയ്ക്കൽ, ഗോശ്രീപാലം വഴി എറണാകുളത്തേയ്ക്ക് 3 സർവ്വീസുകളിലായി 12 ട്രിപ്പുകളും കൊടുങ്ങല്ലൂർ, ഗോശ്രീപാലം വഴി കാക്കനാട്ടേയ്ക്കും ഒരു ബസ് ഉപയോഗിച്ച് രണ്ട് ട്രിപ്പുകളും കൊടുങ്ങല്ലൂർ നിന്നും ഗോശ്രീപാലം വഴി ചേർത്തലയിലേയ്ക്ക് ഒരു ബസ് ഉപയോഗിച്ച് രണ്ട് ട്രിപ്പുകളും പറവൂർ ഡിപ്പോയിൽനിന്നും ചെറായി, ഞാറയ്ക്കൽ വഴി എറണാകുളം ജെട്ടിയിലേയ്ക്ക് നാല് ബസ്സുകൾ ഉപയോഗിച്ച് 8 ട്രിപ്പുകളും നടത്തിവന്നിരുന്നു.

നിലവിലുള്ള സ്വകാര്യ ബസ്സുകൾക്ക് ഗോശ്രീ ദ്വീപുകളിൽനിന്ന് എറണാകുളം നഗരത്തിലേയ്ക്ക് പ്രവേശനം അനുവദിക്കുന്നതും റൂട്ടുകൾ ദീർഘിപ്പിച്ച് വേരിയേഷൻ അനുവദിക്കുന്നതും നിലവിലുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസുകൾക്ക് വരുമാന നഷ്ടം ഉണ്ടാകുകയും ക്രമാനുഗതമായി കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ പൂർണ്ണമായും നിന്ന് പോകുന്ന സാഹചര്യം വന്നുചേരുന്നതാണ്.

കോവിഡ് രണ്ടാം തരംഗത്തിനോടനുബന്ധിച്ച നിയന്ത്രണങ്ങൾ അവസാനിക്കുന്നമുറയ്ക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ യാത്രക്കാർക്ക് പ്രയോജനകരമായ രീതിയിൽ ക്രമീകരിച്ച് പുനരാരംഭിച്ച് യാത്രാക്ലേശം പരിഹരിക്കുന്നതാണ്.

(9) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച ശ്രീ. പി. ടി. തോമസ്, എം.എൽ.എ-യുടെ സബ്മിഷന് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് നൽകിയ മറുപടി

എറണാകുളം ജില്ലയിലെ തൃക്കാക്കര നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റേതായുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലാണ് കോവിഡ് ചികിത്സയും വാക്സിനേഷനുമായി ബന്ധപ്പെട്ട സേവനങ്ങളും നൽകിവരുന്നത് :

| ക്രമ നമ്പർ | സ്ഥാപനം | അധികാര പരിധി വരുന്ന തദ്ദേശഭരണ സ്ഥാപനം |
|---|---|---|
| 1 | പ്രാഥമികാരോഗ്യകേന്ദ്രം, തൃക്കാക്കര | തൃക്കാക്കര മുനിസിപ്പാലിറ്റി |
| 2 | കുടുംബാരോഗ്യകേന്ദ്രം, കാക്കനാട് | തൃക്കാക്കര മുനിസിപ്പാലിറ്റി |
| 3 | കുടുംബാരോഗ്യകേന്ദ്രം, ഇടപ്പള്ളി | കൊച്ചി കോർപ്പറേഷൻ |
| 4 | ചളിക്കവട്ടം യു.പി.എച്ച്.സി. | കൊച്ചി കോർപ്പറേഷൻ |
| 5 | പൊന്നുരുന്നി യു.പി.എച്ച്.സി. | കൊച്ചി കോർപ്പറേഷൻ |
| 6 | വെണ്ണല യു.പി.എച്ച്.സി. | കൊച്ചി കോർപ്പറേഷൻ |
| 7 | തൃക്കാക്കര യു.പി.എച്ച്.സി. | തൃക്കാക്കര മുനിസിപ്പാലിറ്റി |
| 8 | ചമ്പക്കര യു.പി.എച്ച്.സി. | തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി |

മേൽ സൂചിപ്പിച്ച എല്ലാ സ്ഥാപനങ്ങളിൽനിന്നും വാക്സിനേഷൻ സേവനം ലഭ്യമാക്കിവരുന്നു. കൂടാതെ അധികമായി 3 സ്ഥലങ്ങളിൽ കൂടി വാക്സിനേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

1. എസ്.എൻ.ഡി.പി. മാമംഗലം ഹാൾ
2. എസ്.ഡി.വൈ.എൽ.പി. സ്കൂൾ, വൈറ്റില
3. മേരി ക്യൂൻ ചർച്ച് പാരിഷ് ഹാൾ, തോപ്പിൽ

തൃക്കാക്കര നിയോജകമണ്ഡലത്തിൽ കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് രണ്ട് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളാണ് പ്രവർത്തിച്ചുവരുന്നത് :

1. തെങ്ങോട് വനിതാ വികസന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന എഫ്.എൽ.റ്റി.സി.-യിൽ 15 ഓക്സിജൻ ബെഡ് ഉൾപ്പെടെ 175 ബെഡ്ഡുകളാണുള്ളത്. ഇവിടെ 2 ഡോക്ടർമാർ, 7 സ്റ്റാഫ് നഴ്സ്, 1 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, 7 വോളന്റിയേഴ്സ് എന്നിവരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. 83 രോഗികളാണ് നിലവിൽ ടി സ്ഥാപനത്തിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുള്ളത്.

2. കാക്കനാട് ഇൻഫോപാർക്കുമായി ബന്ധപ്പെട്ടുള്ള സ്ഥാപനങ്ങളിൽ ഉണ്ടാവുന്ന പോസിറ്റീവ് കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി സർക്കാർ സഹകരണത്തോടെ രണ്ടാമത്തെ എഫ്.എൽ.റ്റി.സി. ഇൻഫോപാർക്കിനകത്ത് പ്രവർത്തിക്കുന്നു. 24 ബെഡ്ഡുള്ള ഈ സ്ഥാപനത്തിൽ ഒരു ഡോക്ടറുടേയും 2 സ്റ്റാഫ് നഴ്സുമാരുടേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ 9 രോഗികളെയാണ് ഇവിടെ ചികിത്സിച്ചിട്ടുള്ളത്.

കൂടാതെ തൃക്കാക്കര നിയോജകമണ്ഡലത്തിന്റെ പരിധിയോടടുത്തു തന്നെ എല്ലാ സജ്ജീകരണങ്ങളോടുംകൂടിയ കോവിഡ് ചികിത്സാ കേന്ദ്രങ്ങളായ എറണാകുളം ജനറൽ ആശുപത്രിയും പി.വി.എസ്. കോവിഡ് അപെക്സ് സെന്ററും കളമശ്ശേരി മെഡിക്കൽ കോളേജും കൂടാതെ 418 ബെഡ്ഡുകളോടുകൂടിയ ബി.പി.സി.എൽ.-ന്റെ എഫ്.എൽ.ടി.സി.-യും സജ്ജീകരിച്ചിട്ടുണ്ട്. ഇതിൽ ആരോഗ്യ വകുപ്പ് 90 ബെഡ്ഡും, എം.ഇ.എസ്. 83 ബെഡ്ഡും ആസ്റ്റർ മെഡിസിറ്റി 54 ബെഡ്ഡും സൺറൈസ് ആശുപത്രി 105 ബെഡ്ഡും സുധീന്ദ്ര ആശുപത്രി 56 ബെഡ്ഡും ക്യാമ്പസിൽ സജ്ജീകരിച്ചിട്ടുണ്ട്.

### (10) ഒ.പി. വിഭാഗത്തിന്റെ പ്രവർത്തനം സംബന്ധിച്ച ശ്രീ. യു.എ. ലത്തീഫ്, എം.എൽ.എ-യുടെ സബ്മിഷന് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് നൽകിയ മറുപടി

2020 ജനുവരിയിൽ കോവിഡ് മഹാമാരി തുടങ്ങിയതിനുശേഷം 2020 മാർച്ച് 23 മുതൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി കോവിഡ് ആശുപത്രിയാക്കി മാറ്റുകയും 2021 ജനുവരി വരെ തൽസ്ഥിതി തുടരുകയും ചെയ്തു. ഈ കാലയളവിൽ കോവിഡ്, കോവിഡ് അനുബന്ധ രോഗികളെ മാത്രമാണ് ഈ സ്ഥാപനത്തിൽ ചികിത്സിച്ചിരുന്നത്. 34970 പേർ ഒ.പി.-യിലും 17730 പേർ കിടത്തി ചികിത്സ വഴിയും ചികിത്സ തേടിയിരുന്നു. കോവിഡ് കേസ്സുകൾ കുറഞ്ഞതിനെത്തുടർന്ന് 2021 ജനുവരി 11 മുതൽ കാഷ്വാലിറ്റിവഴിയും ജനുവരി 18

മുതൽ ഒ.പി. വഴിയും കോവിഡേതര ചികിത്സ പുനരാരംഭിച്ചിരുന്നു. ആശുപത്രിയിലെ 98 ബെഡ്ഡുകൾ ഒഴികെയുള്ളവ കോവിഡേതര ചികിത്സയ്ക്കായി മാറ്റിവച്ചിരുന്നു. അതിനുശേഷം കോവിഡ് രോഗികളുടെ എണ്ണം കൂടിയതിനെത്തുടർന്ന് കോവിഡ് ബെഡ്ഡുകളുടെ എണ്ണം 168 ആയും പിന്നീട് 183 ആയും തുടർന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ അഭിപ്രായം പരിഗണിച്ച് 330 ആയും ഉയർത്തുകയുണ്ടായി. കോവിഡ് കേസ്സുകളുടെ എണ്ണം വീണ്ടും വർദ്ധിച്ചതിനെതുടർന്ന് 428 ബെഡ്ഡുകൾ കോവിഡ് ചികിത്സയ്ക്കും 150 ബെഡ്ഡുകൾ കോവിഡേതര ചികിത്സയ്ക്കുമായി മാറ്റിവയ്ക്കുകയുണ്ടായി. 94 ഐ.സി.യു.-കളിൽ 87 എണ്ണവും 74 വെന്റിലേറ്ററുകളിൽ 65 എണ്ണവും കോവിഡ് ചികിത്സയ്ക്കായി ഉപയോഗിക്കുകയുണ്ടായി. തുടർന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവിൻപ്രകാരം സ്ഥാപനത്തെ വീണ്ടും കോവിഡ് ആശുപത്രി യാക്കുകയും 21-5-2021 മുതൽ കോവിഡേതര ഒ.പി.-കൾ നിർത്തിവയ്ക്കുകയും ചെയ്തു.

2021 ജനവരി 18 മുതൽ മേയ് 20 വരെ ഈ സ്ഥാപനത്തിൽ 18512 കോവിഡ് അനുബന്ധ രോഗികൾ ഒ.പി.-യിലും 4090 കോവിഡ് രോഗികൾ അഡ്മിറ്റായും ചികിത്സ തേടിയിരുന്നു. കൂടാതെ 9464 കോവിഡേതര രോഗികൾ ഒ.പി.-യിലും 2206 രോഗികൾ അഡ്മിറ്റായും ചികിത്സ തേടിയിരുന്നു. നിർത്തിവച്ചിരുന്ന ഇലക്ടീവ് സർജറികളും തുടങ്ങിയിരുന്നു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് വിവിധ ദിവസങ്ങളിലായാണ് ഒ.പി.-കൾ നടന്നുവന്നിരുന്നത്. ലോക്ഡൗൺ തുടങ്ങുന്നതു വരെ 350-450 രോഗികൾ ഒരു ദിവസം വിവിധ വിഭാഗങ്ങളിലായി ഒ.പി.-യിൽ എത്തി തുടങ്ങിയിരുന്നു. 21-5-2021 മുതൽ 1-6-2021 വരെ 5148 രോഗികൾ കോവിഡ് അനുബന്ധ അസുഖങ്ങൾക്കായി ഒ.പി.-യിലും 460 രോഗികൾ അഡ്മിറ്റായും ചികിത്സ തേടിയിരുന്നു.

കഴിഞ്ഞ ഒരാഴ്ചയായി അഡ്മിറ്റായി കിടക്കുന്ന കോവിഡ് രോഗികളുടെ എണ്ണത്തിൽ ചെറിയ കുറവ് വന്നിട്ടുണ്ട്. നിലവിൽ 292 രോഗികളാണ് അഡ്മിറ്റ് ആയിട്ടുള്ളത്. 94 ഐ.സി.യു. ബെഡ്ഡുകളിൽ 82 രോഗികളും 201 ഓക്സിജൻ ബെഡ്ഡുകളിൽ 134 രോഗികളുമുണ്ട്. താൽക്കാലികമായി മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയെ കോവിഡ് ആശുപത്രിയാക്കിയിട്ടുണ്ടെങ്കിലും കോവിഡേതര ചികിത്സ പൂർണ്ണമായും നിർത്തി വച്ചിട്ടില്ല. കാഷ്വാലിറ്റിവഴി വരുന്ന രോഗികളുടെ ചികിത്സ ഉറപ്പാക്കിവരുന്നുണ്ട്. കൂടാതെ ചെരണി ആശുപത്രി, വെട്ടേക്കോട്, മംഗലശ്ശേരി അർബൻ പി.എച്ച്.സി.-കൾ എന്നിവയിൽ രാവിലെ മുതൽ വൈകുന്നേരം വരെ ഒ.പി.-കൾ പ്രവർത്തിപ്പിച്ച് ചികിത്സ നൽകിവരുന്നുണ്ട്. കോവിഡ് രോഗികളുടെ എണ്ണം കുറയുന്നമുറയ്ക്ക് മഞ്ചേരി മെഡിക്കൽ കോളേജിൽ കോവിഡേതര ബെഡ്ഡുകളുടെ എണ്ണം മുൻകാലങ്ങളിലെപോലെ വർദ്ധിപ്പിച്ച് ചികിത്സാ സൗകര്യം ഒരുക്കുന്നതാണ്.

(11) <u>വടകര ജില്ലാ ആശുപത്രിയുടെ വികസനം സംബന്ധിച്ച് ശ്രീമതി കെ. കെ. രമ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് നൽകിയ മറുപടി</u>

വടകര നിയോജകമണ്ഡലത്തിലെ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്ന ആശുപത്രിയാണ് വടകര ജില്ലാ ആശുപത്രി. 210 കിടക്കകളുള്ള ടി ആശുപത്രിയിൽ കോവിഡിനുമുൻപുള്ള പ്രതിദിന ശരാശരി ഒ.പി. 2000-വും ഐ.പി. 150-മാണ്. 24-1-2011-ലെ ജി.ഒ.(എം.എസ്.) 43/11/ആ.കു.വ. എന്ന ഉത്തരവ് പ്രകാരമാണ് ഈ ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയത്. എന്നാൽ 22-4-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 58/2017/ആ.കു.വ. എന്ന ഉത്തരവുപ്രകാരം ആർദ്രം മാനദണ്ഡമനുസരിച്ച് ടി ആശുപത്രി താലൂക്കുതല ആശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ഒരു ജില്ലയിൽ ഒരു ജില്ലാതല ആശുപത്രി, ഒരു താലൂക്കിൽ ഒരു താലൂക്കുതല ആശുപത്രി, ഒരു ബ്ലോക്കിൽ ഒരു ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രം എന്നിവ തെരഞ്ഞെടുത്ത് നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കി മാനവ വിഭവശേഷി വർദ്ധിപ്പിക്കുക എന്നതാണ് ആർദ്രം പദ്ധതിപ്രകാരം സർക്കാർ വിഭാവന ചെയ്യുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ ജില്ലാതല ആശുപത്രിയായി തെരഞ്ഞെടുത്തിട്ടുള്ളത് കോഴിക്കോട് ജനറൽ ആശുപത്രിയാണ്.

24 മണിക്കൂറും അത്യാഹിത സേവനം നൽകി വരുന്ന ടി ആശുപത്രിയിൽ മെഡിസിൻ, സർജറി, പീഡിയാട്രിക്സ്, ഓർത്തോ, ഇ.എൻ.ടി., ഒഫ്ത്താൽമോളജി, ഡെർമറ്റോളജി, ഗൈനക്, അനസ്തേഷ്യ, പൾമനോളജി, ഫിസിക്കൽ മെഡിസിൻ, സൈക്യാട്രി, ദന്തൽ എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളും ലഭ്യമാണ്. കൂടാതെ ഡയാലിസിസ്, ബ്ലഡ് ബാങ്ക്, എക്സ്റേ, പോസ്റ്റ്മോർട്ടം മുതലായ സൗകര്യങ്ങളും ലഭ്യമാണ്.

വടകര ജില്ലാ ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 13 കോടി രൂപ അനുവദിക്കുകയും ടി പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന പുതുക്കിയ പ്ലാൻപ്രകാരം നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നു. നാല് നിലകളുള്ള കെട്ടിടത്തിന്റെ മുഴുവൻ നിലകളിലെയും സ്ട്രക്ചറൽ, പ്ലാസ്റ്ററിംഗ്, പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ അനുമതി ലഭിക്കുന്നമുറയ്ക്ക് വൈദ്യുതീകരണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കും. വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ഫ്ലോറിംഗും മറ്റ് അനുബന്ധ പ്രവൃത്തികളും ആരംഭിക്കുവാൻ സാധിക്കുന്നതാണ്. 60 ശതമാനം പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലാ പഞ്ചായത്ത് മുഖേന

ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി മുഴുവൻ സേവനങ്ങളും ഒരു കെട്ടിടത്തിലേയ്ക്ക് കേന്ദ്രീകരിക്കുന്നതിന് പ്രധാനമന്ത്രിയുടെ ജൻവികാസ് കാര്യക്രം പദ്ധതിയിലുൾപ്പെടുത്തുന്നതിന് 98 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയായാൽ രോഗികളുടേയും കൂട്ടിരിപ്പു കാരുടെയും ബുദ്ധിമുട്ട് പരിഹരിക്കാൻ സാധിക്കും.

കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തോടനുബന്ധിച്ച് ജില്ലാ ഭരണ കൂടത്തിന്റെ നിർദ്ദേശപ്രകാരം നിലവിലുള്ള സ്ത്രീകളുടെ വാർഡ് കോഴിക്കോട് ജില്ലാ പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി അടിയന്തര നവീകരണ പ്രവർത്തനങ്ങൾ നടത്തി 50 കിടക്കകളോടുകൂടിയ, കേന്ദ്രീകൃത ഓക്സിജൻ സംവിധാനത്തോടുകൂടിയ കോവിഡ്-19 വാർഡ് സജ്ജീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ സേവനമുൾപ്പെടെയുള്ള ഹെൽപ്പ് ഡെസ്കും കോവിഡ് സ്വാബ് കളക്ഷൻ സെന്ററും എല്ലാ ദിവസവും പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനത്തിലെ പി.പി. യൂണിറ്റ് കേന്ദ്രീകരിച്ച് കോവിഡ് വാക്സിനേഷനും നടത്തിവരുന്നു.

ജില്ലതോറും ഡയാലിസിസ് യൂണിറ്റ് സജ്ജമാക്കുക എന്ന ഗവൺമെന്റ് നയത്തിന്റെ ഭാഗമായി വടകര ജില്ലാ ആശുപത്രിയിൽ എൻ.എച്ച്.എം. ഗ്രാന്റായി അനുവദിച്ച 25 ലക്ഷം രൂപയും ആർ.എസ്.ബി.വൈ. ഫണ്ടിൽനിന്നും അനുവദിച്ച 10 ലക്ഷം രൂപയും വിനിയോഗിച്ച് ഡയാലിസിസ് മെഷീനുകൾ പ്രവർത്തന സജ്ജമാക്കി. തുടർന്ന് മാനേജ്മെന്റ് കമ്മിറ്റി നടത്തിയ ധനസമാഹരണ യജ്ഞത്തിൽ മൂന്നര കോടി രൂപ സമാഹരിക്കുകയും ഡയാലിസിസ് പൂർണ്ണമായും സൗജന്യമായും ചെയ്തുവരുന്നു. ഡയാലിസിസ് യൂണിറ്റിനായി ജില്ലാ പഞ്ചായത്തിന്റെ പദ്ധതി ഫണ്ട് ഉപയോഗിച്ച് ഒന്നര കോടി രൂപയുടെ കെട്ടിടം പണി പൂർത്തീകരിച്ചു വരുന്നു. ഇത് പൂർത്തിയാകുന്നമുറയ്ക്ക് 40 മെഷീനുകളിലായി കൂടുതൽ രോഗികളിലേയ്ക്ക് സേവനം എത്തിക്കാൻ കഴിയുന്നതാണ്.

## (12) ആശാവർക്കർമാരുടെ ഓണറേറിയം സംബന്ധിച്ച ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് നൽകിയ മറുപടി

കേരളത്തിൽ ആശാ പദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. കേരളത്തിൽ അംഗീകൃത സാമൂഹ്യ ആരോഗ്യ പ്രവർത്തകരായി സംസ്ഥാനത്തുടനീളം ആശാ പ്രവർത്തകരെ തെരഞ്ഞെടുക്കുകയും വിവിധ ഘട്ടങ്ങളിലായി പരിശീലനം നൽകി വരികയും ചെയ്യുന്നു. എട്ടു ഘട്ടങ്ങളിലായി (8 മൊഡ്യൂൾ) 40 ദിവസത്തെ പരിശീലനം ഇതിനോടകം ആശാപ്രവർത്തകർക്ക് നൽകിക്കഴിഞ്ഞു. 14 ജില്ലകളിലായി നിലവിൽ 21641 പേർ ഗ്രാമ പ്രദേശങ്ങളിലും 4104 പേർ നഗര പ്രദേശങ്ങളിലും 476 പേർ ട്രൈബൽ മേഖലയിലുമായി ആകെ 26221 പേർ ആശാ പ്രവർത്ത കരായി പ്രവർത്തിച്ചുവരുന്നു.

വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ മാസംതോറും നൽകുന്ന ഓണറേറിയവും പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മാസംതോറും 1,000 രൂപ കോവിഡ് ഇൻസെന്റീവായും 2020 ഫെബ്രുവരി മുതൽ നൽകിവരുന്നുണ്ട്. 2016-17-ൽ 1500 രൂപ ആയിരുന്ന ആശമാരുടെ പ്രതിമാസ ഓണറേറിയം വർഷംതോറും വർദ്ധനവ് വരുത്തി 2021-22-ൽ പ്രതിമാസം 6000 രൂപയായി വർദ്ധിപ്പിച്ച് നൽകി വരുന്നുണ്ട്.

ആശാപ്രവർത്തകർക്ക് 2021 മാർച്ച്, ഏപ്രിൽ മാസങ്ങളിലെ ഓണറേറിയം നൽകുന്നതിനായി 14-5-2021-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1079/2021/ ആരോഗ്യം പ്രകാരം 28,44,24,002 (ഇരുപത്തിയെട്ട് കോടി നാൽപത്തിനാല് ലക്ഷത്തി ഇരുപത്തിനാലായിരത്തിരണ്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ആശമാരുടെ ഓണറേറിയം 6000 രൂപയായി ഏപ്രിലിൽ ഉയർത്തിയിട്ടുണ്ട്. ആയത് ആശമാർക്ക് വിതരണം ചെയ്തതായി ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2021 മേയ്, ജൂൺ മാസങ്ങളിലേയ്ക്കുള്ള ഓണറേറിയം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(13) സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തൽ എന്ന വിഷയം സംബന്ധിച്ച ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് നൽകിയ മറുപടി

കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിൽ തെക്കിൽ വില്ലേജിൽ 540 കിടക്കകളോടുകൂടിയ ഒരു ആശുപത്രി ടാറ്റാ ഗ്രൂപ്പ് നിർമ്മിക്കുകയും 2020 സെപ്റ്റംബർ മാസം 10-ാം തീയതി കെട്ടിടം സർക്കാരിന് കൈമാറുകയുമുണ്ടായി. തുടർന്ന് 1-10-2020-ലെ സർക്കാർ ഉത്തരവ് നമ്പർ 129/2020/ആ.കു.വ. എന്ന ഉത്തരവുപ്രകാരം പ്രസ്തുത ആശുപത്രിയിൽ സ്പെഷ്യാലിറ്റി വിഭാഗത്തിലെ ഡോക്ടർമാരുടെ തസ്തികകൾ ഉൾപ്പെടെ 191 തസ്തികകൾ അനുവദിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 2020 ഒക്ടോബർ 26-ാം തീയതി ആശുപത്രി പ്രവർത്തനം ആരംഭിച്ചു. നിലവിൽ കോവിഡ്-19 രോഗികളെ മാത്രമാണ് ടി ആശുപത്രിയിൽ ചികിത്സിച്ചുവരുന്നത്.

പുതുതായി അനുവദിച്ച 39 ഡോക്ടർമാരുടെ തസ്തികകളിൽ 16 എണ്ണം സ്പെഷ്യാലിറ്റി വിഭാഗം തസ്തികകളാണ്. ജനറൽ മെഡിസിൻ, പൾമനോളജി, അനസ്തേഷ്യ, പീഡിയാട്രീഷ്യൻ എന്നീ വിഭാഗങ്ങളിലാണ് പ്രസ്തുത തസ്തികകൾ അനുവദിച്ചിട്ടുള്ളത്. ഈ വിഭാഗങ്ങളിലായി 9 ഡോക്ടർമാർ നിലവിൽ സേവനമനുഷ്ഠിക്കുന്നു.

അസിസ്റ്റന്റ് സർജൻ, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ, ആർ.എം.ഒ. എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരെയും പി.എസ്.സി. മുഖേന നിയമിച്ചിട്ടുണ്ട്. ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫ് നഴ്സുമാരുടെ സേവനവും ലഭ്യമാണ്. അധികമായി ആവശ്യം വരുന്ന തസ്തികകൾ എൻ.എച്ച്.എം. മുഖേന ലഭ്യമാക്കിവരുന്നു. നിലവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബും എക്സ്റേ സൗകര്യവും ലഭ്യമാണ്. 2020 ഒക്ടോബർ 26-ന് പ്രവർത്തനമാരംഭിച്ച ആശുപത്രിയിൽ ഇതുവരെ രണ്ടായിരത്തോളം രോഗികൾ കോവിഡ് ചികിത്സ തേടിയിട്ടുണ്ട്. നിലവിൽ അത്യാസന്ന അവസ്ഥയിലുള്ള രോഗികൾക്കായുള്ള റഫറൽ ആശുപത്രിയായാണ് (സി കാറ്റഗറി) ഇത് പ്രവർത്തിച്ചുവരുന്നത്.

ആശുപത്രിയിൽ ഒരു ക്യാബിനിൽ 5 കിടക്കകൾ വീതം ആകെ 540 കിടക്കകൾ സജ്ജീകരിച്ചിട്ടുണ്ട്. ഇതിൽ 90 കിടക്കകളിൽ സെൻട്രലൈസ്ഡ് ഓക്സിജൻ വിതരണ സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ 9 കിടക്കകൾ ക്രിട്ടിക്കൽ ഐ.സി.യു. വെന്റിലേറ്ററുകളോടുകൂടി സജ്ജമാക്കിയിട്ടുണ്ട്.

നിലവിൽ ആശുപത്രിയായി പ്രവർത്തിച്ചുവരുന്ന ക്യാബിനുകളിൽ ചിലതിൽ മഴ പെയ്യുമ്പോൾ ചോർച്ച അനുഭവപ്പെടുന്നുണ്ട്. അവയിൽ ചിലതിലെ ചോർച്ച ടാറ്റ കമ്പനി പരിഹരിക്കുകയും മറ്റുള്ളവയുടെ ലീക്കേജ് പരിഹരിക്കുന്നതിനുള്ള നടപടികൾ ടാറ്റാ കമ്പനി അധികൃതർ ചെയ്തുവരികയുമാണ്.

ടി സ്ഥാപനത്തെ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തണമെങ്കിൽ ഒരു ബഹുനില കെട്ടിടം പുതുതായി നിർമ്മിക്കേണ്ടത് അനിവാര്യമാണ്. ഈ കോവിഡ് ആശുപത്രി നിലവിൽ കാസർഗോഡ് ജനറൽ ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായാണ് പ്രവർത്തിച്ചുവരുന്നത്. ആശുപത്രി ഏതെങ്കിലും ഒരു തദ്ദേശഭരണ സ്ഥാപനത്തിന് കീഴിൽ വന്നാൽ മാത്രമേ ടി സ്ഥാപനത്തിൽ എച്ച്.എം.സി. രൂപീകരിക്കാൻ സാധിക്കുകയുള്ളൂ. 13-2-2021-ലെ ജി.ഒ. (ആർ.ടി.) നമ്പർ 422/2021/ആ.കു.വ. എന്ന ഉത്തരവുപ്രകാരം ടാറ്റാ ആശുപത്രിയിലെ ജീവനക്കാരെ കാസർഗോഡ് ജനറൽ ആശുപത്രിയിൽ അറ്റാച്ച് ചെയ്ത് ജനറൽ ആശുപത്രിയിലെ ശീർഷകത്തിൽനിന്നും ശമ്പളവും മറ്റാനുകൂല്യങ്ങളും മാറി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ കാസർഗോഡ് ജില്ലയിൽ പ്രത്യേകമായി രൂപപ്പെടുത്തിയ ആശുപത്രിയാണിത്. ഈ ആശുപത്രിയുടെ നിലവിലുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇതിന്റെ ഭാവി കാര്യങ്ങൾ സംബന്ധിച്ച് വിശദമായി പരിശോധിച്ച് ആവശ്യമായ ചർച്ചകൾ നടത്തി ഉചിതമായ തീരുമാനം പിന്നീട് കൈക്കൊള്ളുന്നതായിരിക്കും.